ഉപനിഷദ്ദീപിക

ഫാദർ.

ഫഠൻ.

ക്രം ൨. ചിങ്ങമാസം. ലക്കം ൫.

മംഗളം.

——:o:——

നിന്നിക്കുപ്പേ നിഗമതരുവിൽപ്പൂത്തപൂന്തേൻകഴമ്പേ!
വന്ദിക്കിപ്പേ വലയുമടിയൻ നിന്പദം കന്പമെന്യേ
കന്നിക്കിപ്പേ കരുണകരുണാപാംഗ മൊന്നേറുപോയാൽ
മന്നേല്ക്കിപ്പേ വലരിപുപദം വിശ്രുതം വിശ്വനാഥേ!

നട്ടുവത്ത് മഹൻനമ്പൂരി

പ്രസ്താവന:

——:o:——

രസികരഞ്ജിനിയുടെ ഒന്നാമത്തെ ജന്മനക്ഷത്രം ഒരുവി
ധമായിത്തീർന്നു രണ്ടാമത്തെ സംവത്സരമാരംഭിച്ചിരിക്കുന്നു. ഈ
വർഷത്തിൽ ഒരു കൊല്ലത്തെ ഞങ്ങളുടെ അനുഭവത്തെ അടി
സ്ഥാനമാക്കി മാസികയേ സംബന്ധിച്ച് വളരെ വിസ്തരിച്ച യാ
തൊന്നും പറവാൻ ന്യായം കാണുന്നില്ല. അല്പസ്വല്പം വല്ലതും പ
റയുന്നതിനെ മൌനാംഗീകാരമായും മനസ്സുവരുന്നില്ല. മാസികയുടെ
അസ്തിത്വസ്നേഹംനിമിത്തമുള്ള അപായശങ്കയും അതിനേ

നിവ്യാജം സഹായിച്ചിട്ടുള്ളവരുടെ പേരിൽ കൃതജ്ഞതാ
ടിയ വിശ്വാസവും ഒരുപോലെ നിറഞ്ഞിട്ടുള്ള ഞങ്ങളെ
സ്സിൽ സന്താപമോ സന്തോഷമോ തള്ളിനിൽക്കുന്നതു
വാസ്തവത്തിൽ അറിഞ്ഞുകൂടാ.

ഭാരതിവിനയംനടിച്ച് "രഞ്ജിനിയെക്കൊണ്ടു യാതൊ
യോജനവും ഉണ്ടായിട്ടില്ല" എന്ന് പറയുന്നതായാൽ ഭൂരി
ക്കുറവും ധൃതഗതിയും ഉള്ള ചില വായനക്കാർ ഞങ്ങളുടെ
അങ്ങിനെതന്നെ വിശ്വസിച്ചുപോയേക്കാം. "ഒരൊറ്റ
കൊണ്ട് സർവ്വജ്ഞത്വം സമ്പാദിക്കണമെങ്കിൽ രസികര
വാങ്ങിവായിപ്പിൻ" എന്നോ മറ്റോ പുസ്തകവ്യാപാരിക
ലെ ഉൽഘോഷിച്ചുകൊണ്ട് ആത്മപ്രശംസ ചെയ്യുന്നു
തായാൽ രഞ്ജിപ്പിച്ചാൽ കൊള്ളാമെന്ന് ഞങ്ങൾ വിചാരിക്കുന്നി
രസികന്മാർ മുഖം ചുളിച്ച് പിന്തിരിഞ്ഞാൽ ആവലാതിപറയു
നം തരമില്ല. ഇവയുടെ മദ്ധ്യം നിർണ്ണയിക്കുന്നത് അതു എടുപ്പു
ത്തിൽ സാധിക്കാവുന്ന ഒരു കാര്യവുമല്ല. ഈ സ്ഥിതിക്ക് സ്വഭിപ്രാ
ത്ഥം മനസ്സിലാവാത്ത വിധത്തിൽ കെട്ടിവളച്ചോ ഒതുക്കിയോ
ചോ വല്ലതും പറഞ്ഞുകൂട്ടി പ്രസ്താവനയുടെ ഭാരം നിവർത്തിച്ചി
രേ എന്നാണെങ്കിൽ ആയതിനും ഞങ്ങൾ ഒരുക്കമില്ല. ഉദ്ദേശത്തെ
ടുകൂടി രഞ്ജിനി ക്രമത്തിനു വായിച്ചിട്ടുള്ള സഹൃദയാഭിപ്രായങ്ങളു
ൽ ഭൂരിപക്ഷം രഞ്ജിനിക്ക് അധോഗതിയല്ലെന്ന് വിചാരിക്കുന്നു
തായാൽ ഞങ്ങൾക്ക് ഉത്സാഹക്കുറവിനവകാശമില്ല. ഞങ്ങളുടെ
ഉദ്ദേശസിദ്ധിക്ക് അനേകായിരം പതനങ്ങൾ ഉള്ളതിൽ ഒരു
ല്ലുംകൊണ്ട് ഒരു പതനമെങ്കിലും കയറുവാൻ സാധിച്ചതിൽ
വർ അഭിപ്രായപ്പെട്ടാൽ കഴിഞ്ഞേടത്തൊണ്ട് ഞങ്ങൾ
ന്നാശമായി.

മലയാള ഭാഷയുടെ ഇപ്പഴത്തെ നില തിരുവനന്തപുരം
ണെന്നോ ചരിത്രകാരകാലത്തിന്റെ പടിവാതുക്കൽ
ങ്ങിനെ
ല്ലത്തുനിന്ന് പുറപ്പെടുകയും ചെയ്ത
ആദിത്യവർമ്മമഹാരാജാവ്, ശങ്കരൻ സാമൂതിരിപ്പാ
ട്ടാരക്കരത്തമ്പുരാൻ, കടത്തനാട്ടുമ്പുരാൻ, കോഴിക്കോ

ർ, മുതലായ വിദ്വച്ചിരോമണികളും കവിസാർവ്വഭൌമന്മാരും
തുടർന്നുവന്ന തമ്പുരാക്കന്മാരുടെ കാലം കഴിഞ്ഞതോടുകൂടി മലയാ
ളത്തിന്റെ രക്ഷാരക്ഷകത്വം അസ്തമിച്ചു. ഇനി മാതൃഭാഷ
യെപ്പോഷിപ്പിക്കേണ്ടഭാരം ഐകമത്യത്തോടുകൂടി നാട്ടുകാരാ
വഹിക്കേണ്ടത്. ഇങ്ങിനെ ഒരു ചുമതല ഉള്ളതായിട്ട് ധരിച്ചു
ള്ള നാട്ടുകാർ ഇപ്പോൾ എന്തുചെയ്യണമെന്ന് വിരലുമടക്കുന്നതായ
വളരെനേരം ബുദ്ധിമുട്ടേണ്ടിവരുമെന്നു തോന്നുന്നില്ല. ഗ്രന്ഥ
കർത്താക്കന്മാരും പത്രപ്രവർത്തകന്മാരും കേവലം യാചകന്മാരെ
ന്നു വിചാരിക്കുന്നവരല്ലേ അധികമെന്നുകൂടി സംശയിക്കുന്നു. ആ
ദ്യമായിട്ടു മലയാള ലേഖനങ്ങൾ എഴുതുന്നത് നിഷ്പ്രയാ
സമാണെന്നുകൂടി ചിലർ ഉറച്ചിട്ടുണ്ട്. സക്കാരുദ്യോഗസ്ഥന്മാർക്കും വ
ക്കീലന്മാർക്കും വൈദ്യൻമാർക്കും അവരവരുടെ അറിവിനെ ഉപയോ
ഗിച്ചു ഉപജീവനം കഴിക്കാമെങ്കിൽ ലേഖകന്മാരും വിദ്യകൊണ്ടു
വയറുനിറക്കുന്നതിൽ എന്തൊരൌചിത്യമാണുള്ളതെന്ന് ഞങ്ങൾ
ക്കു മനസ്സിലാവുന്നില്ല. മലയാളഭാഷയുടെ താൽക്കാലികസ്ഥിതി
യെപ്പറ്റി ഒരു ഉപന്യാസം മാത്രമെ ഞങ്ങൾക്ക് കിട്ടീട്ടുള്ളൂ.
ഇതിനുവേണ്ടുവോളം മലയാളത്തിൽ ഉപന്യാസമെഴുതി സമ്മാനം
വാങ്ങുന്നതിൽ അപമാനമോ അദൃഷ്ടമോ ഉണ്ടായിരിക്കാമെന്നു
കൂടി ശങ്കിക്കേണ്ടിയിരിക്കുന്നു. ഇതെങ്ങിനെയിരുന്നാലും ഉപ
ന്യാസകനായ സി. ഡി. ഡേവിഡ് അവർകളുടെ പേരിൽ ഞങ്ങ
ൾക്കുള്ള കൃതജ്ഞതക്ക് ഹാനിവരുന്നതല്ല. മിഥുനത്തിലേ പുസ്ത
കത്തിൽ സംഭാവനോപന്യാസത്തിനു വേറേ ഒരു വിഷയംകൂടി
കൊടുത്തിട്ടുള്ളത പ്രഥമവിഷയത്തിന്റെ പിൻഗാമിയായിത്തീരാ
നിരുന്നാൽ അല്പമെങ്കിലും സമാധാനമുണ്ട.

അപരിചിതനായ ഒരുവൻ ഒരു ജനസംഘത്തിൽ പ്രവേശിച്ചു
അവരുടെ ദൃഷ്ടികൾക്ക് പാത്രമായിത്തീരുമ്പോൾ ഓരോരുത്തർ
അവരവരുടെ സരസപ്രതീവിലാസംപോലെ അവനേ സ്തുതിക്കുവാ
നും പുകഴ്ത്തുവാനും തുടങ്ങുന്നത് ലോകസ്വഭാവമാണ്. ഇങ്ങിനെ
തന്നെ മെഴുക്കുകൊണ്ടിരിക്കുന്നതിനിടക്ക് കേട്ടുകേൾപ്പിച്ചു ഈ ആ
ളിൽ ആ പ്രസിദ്ധപുരുഷനാണെന്ന് പരക്കേ അറിവാൻ സംഗതി

വരുമ്പോൾ ആദ്യംദോഷങ്ങളെന്നു തോന്നിയതൊക്കെ ഇണങ്ങുക
യിട്ടു പരിണമിക്കും. പേരുവെച്ചെഴുതാത്തവരോ അപരിചിതന്മാ
രോ ആയ ലേഖകന്മാരെയും ഈ വിദ്വാനേയും തമ്മിൽ സാമ്യ
പ്പെടുത്തുന്നതിൽ വലുതായ അബദ്ധമൊന്നും വരുവാൻ വഴിയില്ല
പരുക്കാത്തവൻ പ്രശസ്തനാണെന്നറികയോ അപരിചിതൻ
വാസ്തവത്തിൽ പരിചിതനാണെന്ന് വരികയോ ചെയ്യുമ്പോൾ
വാചകന്തോറും വരിതോറും സാരോപദേശങ്ങളും അത്ഥഗർഭിത
ങ്ങളായ പദങ്ങളുംനിരന്തരമായി ഉദിച്ചുതുടങ്ങും. സൂക്ഷ്മത്തിന്റെ
ഇതിന്നുള്ള കാരണം ലേഖനങ്ങൾ ആദ്യന്തം ക്ഷമയോടുകൂടി ശ്ര
ദ്ധവെച്ചു വായിക്കുന്നതിൽ വായനക്കാർക്കുള്ള വൈമനസ്യമാണെ
ങ്കിലും ലോകസ്വഭാവമിങ്ങിനെയിരിക്കെ സാധുസമ്മതന്മാരായ കേ
ളോപന്യാസകന്മാരിൽ പലരും രഞ്ജിനിയുടെ പേരിൽ ദയ
ണിക്കാത്തത് ഞങ്ങൾക്ക് അതിയായ കുണ്ഠിതത്തിന്നും ന്യൂനപ്പേ
ഖകന്മാർക്ക് അധൈര്യത്തിന്നും മാർഗ്ഗമായിത്തീരുന്നതാണ്. അ
തുകൊണ്ട് മേലിലെങ്കിലും ഈ മഹാന്മാർ ഞങ്ങളുടെ അപേക്ഷയെ
കൈക്കൊണ്ട് ഞങ്ങൾക്കവേണ്ട സഹായങ്ങൾ ചെയ്യുന്നതുമെന്നു
വിശ്വസിക്കുന്നു.

ഇക്കൊല്ലം മുതൽ രഞ്ജിനിക്ക് ചില പരിഷ്കാരങ്ങൾ വരു
ത്തിയാൽ കൊള്ളാമെന്നാഗ്രഹമുണ്ട്. ഉദ്ദേശം നാല്പത്തെട്ട
ഭാഗങ്ങൾ ഉണ്ടായിരുന്നത ഈ പുസ്തകം മുതൽ അമ്പത്താറാക്കു
വാൻ നിശ്ചയിച്ചിരിക്കുന്നു.

പിന്നെയും ചില ഭേദഗതികൾ വരുത്തണമെന്നുള്ള മോ
ഹം സാധിക്കാമെന്ന വാഗ്ദത്തംചെയ്യുവാൻധൈര്യം വരുന്നില്ല.
അതുരസികരഞ്ജിനിയുടെ ഭാഗ്യം പോലെയിരിക്കട്ടേ! മനു
ഷ്യരുടെ അധീനത്തിൽപെട്ട താൻപാതിയിലുള്ള ഭാരത്തിൽ ഞ
ങ്ങളുടെ ഓഹരി ഏല്പുകയല്ലേ ഞങ്ങൾ വിചാരിച്ചാൽ നിവൃ
ത്തിയുള്ളൂ.

ര. ര. പ.



1- ആര്യ്യചൂരാതനസ്ഥാനം.

2- പേര്ഷ്യാരാജ്യസ്ഥാനം.

3- യവനരാജ്യസ്ഥാനം.

4- ഇറാലിരാജ്യസ്ഥാനം.

5- ജർമ്മനിരാജ്യസ്ഥാനം.

6- ~~ഇ~~ ഇണ്ടിച്.

ഹി- ഹിമവാൻ പർവ്വതം.
വി- വിന്ധ്യൻ പർവ്വതം.
സി- സിന്ധുനദി
ഗ- ഗംഗാനദി.
ഭാ- ഭാരതവർഷം.
ബ്ര- ബ്രഹ്മവർത്തം.
ഉ- ഉത്തരാബ്ധി.
പൂ- പൂർവ്വാബ്ധി.
ദ- ദക്ഷിണാബ്ധി.

ആര്യപുരാതനന്മാർ.

———:o:———

ആര്യന്മാർ എന്ന ശബ്ദം കൊണ്ട വായനക്കാർ മുമ്പിൽ മനസ്സിലാക്കുന്നത ഹിന്തുക്കളിൽ ഉയന്ന ജാതിക്കാരെയാകുന്നു. എന്നാൽ ഈ ശബ്ദം ഹിന്തുക്കളെയും ഇൻഡ്യയേയും ഇപ്പോൾ ഭരിക്കുന്നവരും ഹിന്തുക്കളാൽ ംലേഛന്മാർ എന്ന പറയപ്പെടുന്നവരും ആയ ഇംഗ്ലീഷുകാരെയും കൂടി ഉൾപ്പെടുത്തും എന്ന പറഞ്ഞാൽ ഒരു വട്ടരെ ആളുകളും ംവചവിക പുത്തരിയായി തോന്നുകയില്ലയോ എന്ന ഞാൻ സംശയിക്കുന്നു. വിശേഷിച്ച ഇംഗ്ലീഷുകാർ മാത്രമല്ല ഏഷ്യയിൽ ഇപ്പോഴുള്ള പേർഷ്യൻ ജാതിക്കാർ, യൂറോപ്പിൽ ഇപ്പോഴുള്ള ജർമ്മൻജാതിക്കാർ, ഗ്രീക്ക എന്ന പറയുന്ന യവനജാതിക്കാർ ലാറിൻ ജാതിക്കാർ, ചില്ലറയായി വേറെയും ചിലജാതിക്കാർ ഇവർ എല്ലാവരും ആര്യപുരാതന വൃക്ഷത്തിന്റെ ഓരോ ശാഖകളാകുന്നു എന്നും ഇവരും ഹിന്തുക്കളും എല്ലാം പുരാതനമായ ഒരു കാലത്ത് ഒരുദിക്കിൽ ഒരു യോഗമായി താമസിച്ചവന്നിരുന്നു എന്നും മറേപ്രകാരമുള്ള സാമൂഹ്യാചാരങ്ങളോടും മതാചാരങ്ങളോടും അനുഷ്ഠാനങ്ങളോടും കൂടി കാലം കഴിച്ചവന്നിരുന്നു എന്നും ഇപ്പോൾ നിസ്സംശയമായി തീർച്ചവന്നിട്ടുള്ളതാകുന്നു.

ഇങ്ങിനെ തീർച്ചപ്പെടുത്തുവാൻ ഇവർ ഒരുമിച്ച താമസിച്ച വന്നിരുന്ന കാലത്തെ വല്ല ശിലാരേഖകളോ വല്ല ഗ്രന്ഥവരികളോ മറു വല്ലറിക്കാട്ടുകളോ വല്ലവരുടെയും കൈവശം കിട്ടിട്ടുണ്ടായിരിക്കുമോ? അങ്ങിനെയൊന്നുമല്ല. ആകാലം മനുഷ്യരുടെ അഭിപ്രായം എഴുത്തുമൂലം അറിയിപ്പാനുള്ള ലിപികളും തന്നെകണ്ടുപിടിച്ചിട്ടില്ലാത്ത ഒരു കാലമായിട്ടാണ വിചാരിപ്പാൻ ന്യായം ഉള്ളത. എന്നാൽ, പിന്നീട ഈ വൃക്ഷക്കാർ ഓരോ ശാഖകളായി പിരിഞ്ഞതിന്റെ ശേഷം ലിപികളും കണ്ടുപിടിച്ച എഴുതിവെച്ചിട്ടുള്ള അവരുടെ പുരാതന ഗ്രന്ഥപരമ്പരകളിൽനിന്നും ഏതൽകാലങ്ങളിൽ അവർ ഉപയോഗിക്കുന്ന ഭാഷകളിൽ നിന്നും കിട്ടുന്ന പല അഭിപ്രായങ്ങളും വാക്കുകളും തമ്മിൽ താരതമ്യപ്പെടുത്തി നോക്കി ഉണ്ടാക്കീട്ടുള്ള ഊഹമാണ ഈ സിദ്ധാന്തത്തിന്ന അടിസ്ഥാനമായിരിക്കുന്നത.

ഭാരതഖണ്ഡത്തിന്റെ വടക്കേ അറ്റത്തിക്ക് ഒരു മാനദണ്ഡമായി ഉടൽ നീളം കിഴക്കു പടിഞ്ഞാറായി കിടക്കുന്ന ഹിമവാൻ പർവ്വതത്തിന്റെ വടക്കു പടിഞ്ഞാറു മദ്ധ്യ ഏഷ്യാഖണ്ഡത്തിൽ ഒരു ഉയർന്ന പ്രദേശമുള്ളതാണ ആര്യപുരാതനന്മാരുടെ മൂലസങ്കേതസ്ഥാനം എന്ന ഇപ്പോൾ ഊഹിക്കപ്പെട്ടിട്ടുള്ളത. അവിടെ ജനങ്ങൾ വർദ്ധിച്ചപ്പോൾ അവരിൽ നിന്നും ഓരോരോ ശാഖകൾ പലവഴിക്കും പിരിഞ്ഞുപോയിത്തുടങ്ങി. തെക്കു പടിഞ്ഞാട്ടുപോയ ഒരു ശാഖ പേർഷ്യാരാജ്യത്ത കുടിയേറിപാർത്ത് ആരാജ്യത്തിന്ന് അധികൃതന്മാരായിരുന്നു. അവിടെ വെച്ച് അവർ എഴുതിവെച്ച ഗ്രന്ഥങ്ങളിലെ ഭാഷക്ക് 'സൊർഡ്' എന്നാണ പേര. ഈ സൊർഡ് ഭാഷയിൽ നിന്ന പരിണമിച്ചുണ്ടായതാകുന്നു ഇപ്പോഴുള്ള പേർഷ്യൻജാതിക്കാർ ഉപയോഗിക്കുന്ന പേർഷ്യൻ ഭാഷ. ആര്യ മൂലവർഗ്ഗത്തിൽ നിന്നോ, അല്ലെങ്കിൽ പേർഷ്യക്കുപോയ ശാഖയിൽ നിന്നോ ഓരോകാലങ്ങളിൽ പിരിഞ്ഞുപോയ മൂന്ന ശാഖകളിൽ ഒരോന്നായി വിചാരിക്കപ്പെടാവുന്നതാകുന്നു. (1) ഗ്രീക്കുരാജ്യത്തെ കുടിയേറി പാർത്ത് അവിടെ അധികൃതന്മാരായി ഗ്രീക്കുഭാഷ ഉപയോഗിച്ചു വന്നതും, (2) ഇറാലി രാജ്യത്തെന്ന റോമസാമ്രാജ്യത്തെ സ്ഥാപിച്ച ലാറ്റിൻഭാഷ ഉപയോഗിച്ചുവന്നതും, (3) ജർമ്മനിരാജ്യത്തെന്നഗോത്തിക്ക് ഭാഷഉപയോഗിച്ചുവന്നതും, ആയജാതിക്കാർ. മദ്ധ്യഏഷ്യയിൽനിന്ന തെക്കുകിഴക്കായിപിരിഞ്ഞുപോന്ന ഒരു ശാഖയാകുന്ന ഹിമവാന്റെ പശ്ചിമോത്തരഭാഗങ്ങളിലുള്ള ഇടവഴികളിൽകൂടി കടന്ന ബ്രഹ്മവർത്തമെന്ന അവർ പേർവിളിച്ചുവന്നിരുന്ന സിന്ധുനദീതീരപ്രദേശങ്ങളിൽ കുറെകാലം താമസിച്ചു ജനിങ്ങനും അവിടെയും വർദ്ധിച്ചപ്പോൾ ഹിമവാന്റെ താഴ്വരപിടിച്ചു കിഴക്കോട്ട നീങ്ങി ഭാരതവർഷം എന്നപറയുന്നതും ഹിമവാന്റെയും വിന്ധ്യന്റെയും മദ്ധ്യേകിടക്കുന്നതും ആര്യ ഗംഗാതീര പ്രദേശങ്ങളിലും മറും പാർത്ത് പാശ്ചാത്യ പണ്ഡിതന്മാർക്കുകൂടി അത്യാശ്ചര്യ ബഹുമാനാദികളേ ജനിപ്പിക്കുന്ന അനേക ഗ്രന്ഥപരമ്പരകളേ സർവ്വപ്രകാരേണയും സംസ്കൃതം എന്ന പേരിന്ന യോഗ്യമായ ഒരു ഭാഷയിൽ നിർമ്മിച്ചു ഐഹിക പാരത്രിക വ്യവഹാരങ്ങളെപ്പറ്റിയുള്ള അനേക സൂക്ഷ്മതത്വങ്ങളേയും കണ്ടുപിടിച്ചു ചതുർവ്വർ

ണ്ണുള്ളായ ജാതി വ്യവസ്ഥകളോടു കൂടി സവ്വ്ഥാ ആയ്യന്മാർ എ ന്നശബ്ദത്തിനു അഹ്ത സമ്പാദിച്ചവരായ ഹിന്തുക്കൾ.

ആയ്യപുരാതന വഗ്ഗങ്ങളിൽ മേല്പറഞ്ഞ പ്രകാരമുള്ള ശാഖ കൾഎല്ലാം പിരിഞ്ഞുപോയ്ക ഹിന്തുക്കൾ അനാദി എന്ന പറയുന്ന അവരുടെ വേദങ്ങൾ തന്നെ ഉണ്ടാകുന്നതിനും എത്രയോ മുമ്പാ യിരിക്കണം. എന്തുകൊണ്ടെന്നാൽ അവരുടെ വേദങ്ങളിൽ ഏറ വും പുരാതനമായ 'ഋഗ്വേദം' തന്നെ അവർ ബ്രഹ്മവർത്തത്തിൽ പാർത്തിരുന്ന കാലത്തു ഉണ്ടായതാണ്ടി വിചാരിപ്പാൻ ആവേദത്തി ൽ തന്നെ തെളിവുകൾ ഉള്ളതാകുന്നു. 'ഋഗ്വേദം' ഉണ്ടാക്കിയത കുവിവഷ്ടാരംഭത്തിനും മുമ്പായ (5000 കൊല്ലങ്ങൾക്കും മുമ്പ) ഒരു കാലത്തായിരിക്കും എന്നപറഞ്ഞാൽ അധികം തെറ്റിപോകുവാ നൊള്ളപ്പു മുള്ളതല്ല.

വളരെക്കാലം മുമ്പ മുതൽക്കു തന്നെ, ഈ അഞ്ചുശാഖകളും ഉ പയോഗിച്ചു വന്നിരുന്ന സൈൻസ്ക്രിത്ത്, ഗ്രീക്ക്, ലാററിൻ, ഗാതിക്ക്, സംസ്കൃതം എന്നഭാഷകളും മൃതഭാഷകളായി തിന്നിരിക്കുന്നു. അതാ യത, യാതൊരു ജനസമൂഹവും വളരെ കാലം മുമ്പതൊട്ട ഈ ഭാ ഷകളെ നിത്യത സംസാരത്തിൽ ഉപയോഗിക്കാറില്ല. എന്നാൽ മേല്പടി ഭാഷകളും ഇപ്പോൾ മൃതഭാഷകളാണെങ്കിലും, സംസ്കൃത ത്തിൽ നിന്ന ജനിച്ചതായ ഗുജറാട്ടി' 'മറാത്തി' പാലി, മുതലായ ചില താണതരം ഭാഷകളും ഇൻഡ്യയിൽ ഓരോ ജനസമൂഹങ്ങളും അവിടവിടെ സംസാരഭാഷയായി ഉപയോഗിക്കാറുള്ളതു പൊലെ തന്നെ യൂറോപ്പിലും മറു ഭാഷകളിൽ നിന്നുണ്ടാവിച്ച അവാന്തര ഭാഷകളും ഉപയോഗിച്ചുവരാറുണ്ട.

മുൻപറഞ്ഞ ആയ്യശാഖകളിൽ ഒന്നായിപറയപ്പെട്ടുന്ന ജ മ്മൻ അല്ലെങ്കിൽ 'ട്യൂട്ടൺ' എന്ന ജാതിക്കാരാകുന്നു പിന്നി ട വളരെ ബലവീര്യ പരാക്രമികളായിതീന്ന കൃസ്താബ്ദത്തിന്റെ ആദികാലമായ ഏകദേശം 2000 കൊല്ലങ്ങൾക്കു മുമ്പ റോമസാ മ്രാജ്യത്തെ ആക്രമിച്ചു അതിന്റെ യൂറോപ്പിലുള്ള സാമാന്യം ഭാ ഗങ്ങൾക്കും അധികൃതന്മാരായിതീന്നതു എന്നും, ഈ ജർമ്മൻ ശാ ഖയിൽനിന്ന പിരിഞ്ഞു പോയി ഇംഗ്ലാണ്ടിൽചെന്ന കുടിയേറി പ്പാർത്തവരുടെ സന്തതികളാകുന്ന ഇപ്പോൾ നമ്മെ ഭരിക്കുന്ന ഇം

ഗ്രീക്കുകാർ എന്നുംഉള്ള സംഗതികളും ചരിത്ര പ്രസിദ്ധങ്ങളാ
ണല്ലൊ.

മേൽവിവരിച്ചവയിൽ സാരമായി പുറപ്പെടുവിച്ചിട്ടുള്ള സി
ദ്ധാന്തത്തിന്റെ അടിസ്ഥാനം മേൽചേർത്ത പലവർഗ്ഗക്കാരും പ
ണ്ടുകാലങ്ങളിൽ ഉപയോഗിച്ചുവന്നിരുന്നതും ഇപ്പോൾ ഉപയോഗി
ച്ചുവരുന്നതും അന്യ ഭാഷകളെ താരതമ്യപ്പെടുത്തി നോക്കി ഉണ്ടാ
കിട്ടിയുള്ള ഊഹമാണ എന്ന അഭിപ്രായത്തെ പ്രസ്താവിച്ചിട്ടുണ്ടെല്ലൊ.
എന്നാൽ അതു കേവലം ഒരു ഊഹമെന്നമാത്രം വിചാരിപ്പാൻ
പാടില്ലാതെയും, ആ ഭാഷകളിലെ അനേകവാക്കുകൊക്കുള്ള ശ
ബ്ദാവ്യത്യാസങ്ങൾ കേവലം ആകസ്മികമായി സംഭവിച്ചതാണെ
ന്ന വിചാരിപ്പാൻ വളരെ പ്രയാസമുള്ളതായും കാണുന്നതിനാൽ
ആ വക ജാതിക്കാരെല്ലാം മദ്ധ്യ ഏഷ്യയിലാകട്ടെ അല്ലെങ്കിൽ
വേറൊരു ദിക്കിലാകട്ടെ ഏതെങ്കിലും ഒരു കാലത്ത ഒരുമിച്ച താ
മസിച്ച ഒരേ ഭാഷ സംസാരിച്ചുവന്നിരുന്ന എന്ന നിസ്സംശയമാ
യും പറയാവുന്നതാകുന്നു. ഇവർ സംസാരിച്ചിരുന്ന ഭാഷകളും റി
ക്കാട്ടിലായിത്തുടങ്ങിയതിനു മുമ്പ മുതല്ക്കുതന്നെ ഒരുമിച്ച താമസി
ച്ചുവന്നകാലങ്ങളിൽ ഓരോ അഭിപ്രായങ്ങളും കാണിപ്പാൻ ഉപ
യോഗിച്ചുവന്നിരുന്ന വളരെ വാക്കുകളും കാലക്രമംകൊണ്ടു അല്പമ
ല്പമായി ഭേദപ്പെട്ടു പരസ്പരം സംബന്ധം അറിവാൻ പാടില്ലാത്ത
വിധത്തിൽ ആകുകയും, ആ അഭിപ്രായങ്ങളും കാണിപ്പാനായി ത
ന്നെ മറുവാക്കുകളും ഉണ്ടാകുകയും ഇതരഭാഷകളും സംസാരി
ച്ചുവന്നിരുന്ന ജാതിക്കാരോടുകൂടി യോഗം ഉണ്ടായതുമൂലം ആ ഭാ
ഷകളിലുള്ള വാക്കുകളും കൂടി ഉപയോഗിച്ചുതുടങ്ങുകയും കാലക്ര
മെണ രണ്ടാമത പറഞ്ഞകൂട്ടത്തിലുള്ള വാക്കുകളും സാധാരണമാ
യി ഉപയോഗിച്ചുവന്ന ആദികാലങ്ങളിൽ ഉപയോഗിച്ചുവന്നി
രുന്ന വാക്കുകളും ചിലപ്പോളും വെറും പയ്യായ ശബ്ദങ്ങളും മാത്ര
മായി കലാശിക്കുകയും, അവയിൽ തന്നെ ചിലത ഉപയോഗി
ക്കാതെ നശിച്ചുപോകയും എല്ലാം ഉണ്ടായിരിക്കും എന്നത നി
ശ്ചയം തന്നെ. എന്നാൽ ഈ വകയിൽ നിത്യത അധികം സാധാ
രണമായി ഉപയോഗിക്കാതെ നിവൃത്തിയില്ലാത്ത വളരെ വാക്കു
കളും അല്പമാത്രമായ ശബ്ദവ്യത്യാസങ്ങളോടുകൂടിയെങ്കിലും ഈ വ
ർഗ്ഗക്കാരുടെ ഭാഷകളിൽ ഇന്നും കാണപ്പെടുന്നതാണെന്നുള്ളതും നിശ്ച

യംതന്നെ. ആയ്മൂലഭാഷയിൽ നിന്ന ജനിച്ചതായി പറയപ്പെടുന്ന എല്ലാഭാഷകളിലും പ്രത്യേകം പ്രത്യേകമായി സംബന്ധപ്പെട്ട വാക്കുകളെ ചൂണ്ടിക്കാണിക്കുകയോ ഉള്ള വാക്കുകളേ മുഴുവൻ എടുത്തുകാണിക്കുകയോ ചെയ്യുന്നത ഈലേഖനത്തിൽ പ്രയാസമായിരിക്കും. അതുകൊണ്ട ഈ സിദ്ധാന്തത്തിന്റെ സമഷ്ടിയായ ഒരു ബോധം അതില്ലാത്ത വായനക്കാക്ക് ഉണ്ടാകുവാൻ വേണ്ടി മാത്രം ചില ഉദാഹരണങ്ങളെ ഒരു പട്ടികയായി കാണിക്കാം.

ഇംഗ്ലീഷ്-	ലാറ്റിൻ-	ഗ്രീക്ക്.	ഗോത്തിക്ക് (ജർമ്മൻ)	സെൻസ്ക്രിട് (പേർഷ്യൻ)	സംസ്കൃതം.
അമ്മൻ-	മാതർ-	മേറ്റർ-	മഹ്ത്ർ-	പിദർ-	പിതൃ
അമ്മ-	മദർ-	മാറ്റർ-	മത്ർ-	മാദർ-	മാതൃ
സഹോദരൻ-	ഫ്രാതർ-	ഫ്രാറ്റർ-	ബ്രൂതർ-	ബ്രാതർ-	ഭ്രാതൃ
സഹോദരി-	സോസർ, (ഉസാറ്റ)	...	സ്വിസ്തർ-	...	കാന്ത
മകൻ-	സൺ-	...	സൂനുസ്-	...	സൂനു
മകൾ-	ഡൗട്ടർ-	ഥുഗാതർ-	ദൌഹ്തർ, ഡാക്തർ	...	ദുഹിതൃ
ദിക-	നോബ-	നാബസ്-	നാബി-	...	നഭസ്
കണ്ണ-	ഒക്-	ഓക്കസ്-	ഔഗാ	...	ക്ഷുക്ഷ
പുരിയം-	ലിവർ-	...	...	ജിഗർ	...
പല്ല-	ടൂത്-	ഡെൻസ്-	...	ദന്ത-	ദന്ത
കയ്യ-	മാൻസ്-	...	ഗിബൽസ്-	...(ബാസു)	ഹസ്ത(സാമ്യം)
കാല-	പെഡ്-	പൌസ്-	ഫദ്സ്-	...	പാദ
ഭൂമി-	ടെറ-	...	...	...(സൂമി)	ഭൂമി, (ഭൂമി)
പൂട-	...	തർമാസ്	...	ടർമാ-	ത്വക്
ഉന്ന-	(ഗൺ), ഗി	...	...	...	ഗ
രക്ത-	ട, (ടെസ്തിൻ)	ഏറ-	ഐവാ	...	...
മൃന-	സ്ത്രീ-	ഗൈനേ	കൊന്യാ	...	...
നാല-	(ക്വാറ്റ്വർ) കാറ്റ്ർ	ടെട്രാസ്-	ഫെഡ്വർ	...	ചതുർ
അഞ്ച-	(പെന്റ) പെംപ്	പെന്റെ	ഫിംഫ്	...	പഞ്ച
ഏഴ-	സെവൻ	ഹെപ്റ്റെ	സിബുൻ	...	സപ്ത
എട്ട-	ഒക്ടോ-	ഓക്ടോ-	അഹ്ത്-	...	അഷ്ട
ഒമ്പത-	നൊൻ-	നവിം-	നിയു	...	നവ
പത്ത-	ടെൻ-	ഡെക്കാ	ടൈഹുൻ	...	ദശ

	ഇംഗ്ലീഷ്	ലാറ്റിൻ	ഗ്രീക്ക്	ഗാത്തിക് (ജർമ്മൻ)	സെൻഡ് (പേർഷ്യൻ)	സംസ്കൃതം
പശു	കൌ	...	...	കൂ	...	ഗോ
അകിട്	അഡ്ഡർ	യൂബർ	ഔടർ	ഇയൂടർ	...	ഊധ്
കരി	പ്ലൌ	...	...	പ്ലഗ്	...	ഫാല
നുകം	യോക്ക്	ഇയുഗം	യുഗാൺ	ജൂക്	...	യുഗം
ആട്	യു	മൌയിസ്	ഓയിസ്	ഔവി	...	ആവി
കുള	ആസ്	...	...	...	...	ഉക്ഷ
കുതിര	ഫാഷ് സ	...	ഇക്കാസ, (ഹ്കാസ)	...	...	അശ്വ; (ഹെങ്കിൻ)
തീ	...	ഇഗ്നിയസ്	...	...	...	അഗ്നി
വെള്ളം	വാട്ടർ	ഉദ	...	...	...	ഉദകം
പകൽ	ഡെ	...	...	...	...	ദിവ
രാത്രി	നൈറ്റ്	നക്സ്	...	നക്ട	...	നക്ത
കിഴക്ക്	ഈസ്റ്റ്	...	ഔസ്	ആസ്റ്റ്	...	ഉഷ
വലത്ത്	...	ഡെക്സ്റ്റർ	ഡെക്സിഅസ	...	...	ദക്ഷിണ
അച്ചതണ്ട	ആക്സിസ്	ആക്സിസ്	ആക്സോസ	ആഹ്സ	...	അക്ഷ
ഇരുമ്പ്	അയറൺ	...	...	എയിസൻ	...	അയസ്സ
പൊന്ന്	...	...	...	...	സരണ	സ-ർണ്ണ
പീട	ഹൌസ്	...	...	ഹൂസ	...	കൊശ
വാതൽ	ഡോർ	ഫൊർ	തുര	താർ	...	ദ്വാര
വണ്ടി	വാഗൺ	...	വാജൻ	...	...	വാഹന
ചുവന്ന	റെഡ്	...	...	റാത്ത്	...	രക്ത
കറുക്കൻ	ജാക്കാൾ	...	...	...	ന്യഗാൽ	സ്യഗാല
എലി	മൌസ്	മസ്	മൂസ്	മാവൂസ്	മൂഹ്	മൂഷ
കുട്ടകം	കാമെൽ	കമലാസ്	കാമിലാസ്	...	...	ക്രമേള

ഇംഗ്ലീഷ്	ചൗറിനോ-	ഗ്രീക്ക്	ഗാനിക് (ജർമ്മൻ)	സെൻസ്കൃ (പേർഷ്യൻ)	സംസ്കൃതം
കൊല-	മസ്സിൈറോ-	...	...	...	മാരക
വക്കേര-	ക്യൂർ-	ശകലോണ്-	...	ശക്ത്-	ശക്തം
മധുരം-	സ്വീറ്റ-	...	...	...	സ്വാദു
പ്രതിയ-	സ്പ്-	സ്പൊയ്ക-	സ്പ്-	...	സ്പാ
ഏട്ടക്കക-	ബോയ്-	ബൊഡാ-	ബോലെയിൻ-	...	ള
തിന്നുക-	ഈറ്റ്-	ഏദോ-	ഇടാൻ-	...	അല്പ്
ഷെൻ-	ഐ-	ഇശോ-	ഇച്ച	...	അഹം
എന്നെ-	മി	മി-	മിഷ-	...	മെ-
നീ-	ഡൂ, (യൂ)	ഇ	ഉ, (യൂമെയി)	ഉ, (ഡ്യൂ)	ത്വം, (യുഷ്മ)
ഇല്ല-	നോ-	നി-	...	നി-	ന
ആകന്നു.	ഇസ്സം-	ഈമി-	എയ്മി-	ഹ്യസ്തി	അസ്മി
	പ്രഥമ പുരുഷൻ	പ്രഥമ പുരുഷൻ			

ഈ പട്ടികയിൽ ഓരോ വാക്കുകാംക്ക ഓരൊ ഭാഷകളിൽ സാമ്യമുള്ള വാക്കുകാം കൊടുത്തിട്ടുള്ളതു എന്റെ അറിവിൽ വന്നേടത്തോളം മാത്രമുള്ളതാകുന്നു. അതകൊണ്ട ചില ദിക്കുകളിൽ സമാനശബ്ദങ്ങാം കൊടുക്കാത്തതിനാൽ ആ ശബ്ദങ്ങാം ആ ഭാഷയിൽ ഇല്ലെന്ന എന്റെ വായനക്കാർ തീച്ചയായി വിശ്വസിച്ചുപോകയും അരുത. വേറെയും അനേകവാക്കുകളെടുത്ത പട്ടിക ഇ

നിയും ദീക്ഷിപ്പിക്കാവുന്നതാണ. അത എങ്ങിനെയെങ്കിലുമാവട്ടെ. മേൽ കാണിച്ച പട്ടിക നോക്കുന്നവക്ക അതിൽ പറയുന്ന ഭാഷകാംക്കെല്ലാററിന്നും പൊതുവായ ഒരു മാതൃഭാഷയുണ്ടായിരുന്നു എന്ന ബലമായ ഒരു അഭിപ്രായം എങ്ങിനെ ജനിക്കാതിരിക്കും? അപ്പോൾ ആ മാതൃഭാഷ ഉപയോഗിച്ചുവന്നിരുന്നവർ മററുഭാഷക്കാരുടെ പൂർവ്വികന്മാരായിരിക്കണമെന്നും അവർ എല്ലാവരും ഒരു കാലത്ത ഒരു ദിക്കിൽ ഒരുമിച്ചുവസിച്ചിരിക്കണമെന്നും എല്ലാം സാധിക്കുന്നുണ്ടെന്ന പ്രത്യേകിച്ച പറയേണ്ടതില്ലെല്ലൊ. അവരെയാകുന്ന ഈ ലേഖനത്തിന്റെ തലവാചകത്തിൽ ആര്യപുരാതനന്മാർ എന്ന പറഞ്ഞിട്ടുള്ളത. അവരുടെ അന്നത്തെ സാമൂഹ്യാചാരങ്ങളെയും മതവിശ്വാസങ്ങളെയും മററും കുറിച്ച ഇനി ഒരു ലേഖനത്തിൽ പ്രസ്താവിക്കുന്നതാകുന്നു.

സി. എസ്. ഗോപാലപണിക്കർ.

കുജൻ.

———:o:———

സൂര്യവ്യൂഹത്തിൽ ചേർന്ന ഗ്രഹങ്ങളിൽ ഏററവും പ്രകാശമുള്ളവ ശുക്രനും, കുജനും, ബൃഹസ്പതിയുമാണെന്ന മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇവരം മൂന്നിലും വെച്ച് ശോഭകുറഞ്ഞതും, ചെറിയതും കുജനാണ. കുജങ്കൽ നിന്ന സൂര്യനിലേക്കുള്ള ദൂരം ശുക്രനിൽ നിന്നുള്ളതിലും തുലോം അധികമാണ. അതുകൊണ്ട അവിടെ സൂര്യപ്രകാശം ശുക്രനിൽ ഉള്ളതിലും നന്നെ കുറവേയുള്ളൂ. ചന്ദ്രനെ ഒഴിവാക്കിയാൽ, സൂര്യവ്യൂഹത്തിൽ കുജനെപ്പോലെ സൂക്ഷ്മദൃഷ്ടിക്ക തരമുള്ളതായി മറെറാരു ഗ്രഹമില്ല. ബുധനും, ശുക്രനും, ഭൂമിയുടെ നടവഴിക്കകത്തും, കുജനും ബൃഹസ്പതിയും പുറത്തും ആയി സൂര്യനെ ചുററി ചരിക്കുന്ന ഗ്രഹങ്ങളാകുന്നു. ഇവയിൽ കുജന്റെ ഉപരിഭാഗത്തെ കുറിച്ച നമുക്ക അറിവുള്ളതുപോലെ മറെറാന്നിന്റെതിനെയും പററി അറിവില്ല. എന്തെന്നാൽ, ബുധൻ സൂര്യനു വളരെ അടുത്തിരിക്കുന്നതുകൊണ്ട്, സൂര്യപ്രകാശാധിക്യം നിമിത്തം ദൂർനിരീക്ഷ്യമായിരിക്കുന്നു. ശുക്രനോ കനം

ത്ത മേഘപടലത്താൽ മൂടപ്പെട്ടിരിക്കുന്നു. ഉപഗ്രഹങ്ങൾ വളരെ ചെറിയവയാകകൊണ്ട് അവയേ കണ്ടറിവാനും പ്രയാസം. എന്നാൽ, വലിയഗ്രഹങ്ങൾ കുജനെക്കാൾ അതിദൂരത്തും, മേഘപടലങ്ങളാൽ മൂടപ്പെട്ടും ഇരിക്കുന്നതുകൊണ്ട അവയും രക്തവർണ്ണാഭയുള്ള കുജനെപ്പോലെ സൂക്ഷ്മദർശനത്തിനു സൌകര്യപ്രദങ്ങളായിത്തീരുന്നില്ല.

ശുക്രനും, കുജനും കൂടക്കൂടെ ഭൂമിയെ സമീപിക്കുന്നുണ്ട്. എന്നാൽ ഭൂമിയിൽനിന്ന ആ ഗ്രഹങ്ങളിലക്കുള്ള അകലം എപ്പോഴും വ്യത്യാസപ്പെട്ട കൊണ്ടിരിക്കുന്നു. ചിലപ്പോൾ ശുക്രൻ സൂര്യന്റെ ഒരു ഭാഗത്തും, ഭൂമി സൂര്യന്റെ മറേഭാഗത്തായി കുജന സമീപിച്ചും വരുന്നു. കുജൻ സൂര്യന്റെ ഒരുഭാഗത്തും നേരേമറുഭാഗത്ത ശുക്രനും ഭൂമിയും ആയും, ചിലസമയങ്ങളിൽ കാണുന്നുണ്ട. എന്നാൽ മറു ചില സമയങ്ങളിൽ ഭൂമിയും കുജനും സൂര്യന്റെ ഇരുഭാഗങ്ങളിലും ശുക്രൻ മദ്ധ്യത്തിലായിട്ടും, അല്ലെങ്കിൽ കുജനും ശുക്രനും സൂര്യന്റെ ഇരുഭാഗങ്ങളിലും ഭൂമി അവയുടെ മദ്ധ്യത്തിലായിട്ടും വരാറുണ്ട. ഒരു മൂന്ന ഗ്രഹങ്ങളുടെ ഗതിയിൽ വരുന്നതായ മുൻപറഞ്ഞ സ്ഥാനഭേദങ്ങളെ വായനക്കാക്ക് എളുപ്പത്തിൽ മനസ്സിലാക്കുവാൻ ഒരു ഉദാഹരണം പറയാം. ഒരു വൃക്ഷത്തിന്നുചിറും വൃത്താകാരത്തിലായി മൂന്നവഴികൾ ഉണ്ടെന്നു വിചാരിക്കുക. വൃക്ഷത്തിന്നടുത്ത ഒന്നാമത്തെ വഴി രണ്ടാമത്തേതിലും, രണ്ടാമത്തേത മൂന്നാമത്തേതിലും ചുററളവിൽ കുറഞ്ഞിരിക്കുമെന്ന പറയെണ്ടതില്ലല്ലോ. ഒരു വഴികളിൽ കൂടി മൂന്നുകുട്ടികൾ വട്ടത്തിൽഓടുന്നതായാൽ അവർ മൂന്നു പേരും സമാചി അടുത്തിരിക്കയില്ല. ചിലപ്പോൾ അവർ വൃക്ഷത്തിന്റെ ഒരേഭാഗത്തും, മറുചിലപ്പോൾ രണ്ടുപേർ ഇരുഭാഗത്തും ഒരാൾ മദ്ധ്യത്തിലും, വേറെ ചിലസമയങ്ങളിൽ രണ്ടുപേർ ഒരു ഭാഗത്തും മൂന്നാമൻ മറുഭാഗത്തും ഇങ്ങിനെ പലപ്രകാരത്തിലുമായി വരാവുന്നതാണല്ലൊ. ഇപ്രകാരം തന്നെയാണ മേൽപറഞ്ഞ ഗ്രഹങ്ങൾക്കും സ്ഥാനഭേദങ്ങൾ വരുന്നത്.

സൂര്യന്റെ ഏതെങ്കിലും ഒരു വശത്ത് ശുക്രനും, ഭൂമിയും, കുജനും ഒരുവരിയായി വരുമ്പോളാകുന്നു അവ അന്യോന്യം ഏറവും

സമീപിക്കുന്നത്. ഇങ്ങിനെ വരുമ്പോൾ തന്നെ ശുക്രനും ഭൂമിയുമായി ഏകദേശം രണ്ടുകോടി അറുപത്‌ലക്ഷം നാഴികയും, ഭൂമിയും കുജനും തമ്മിൽ ഏകദേശം മൂന്നുകോടി അമ്പതലക്ഷം നാഴികയും അകലം ഉണ്ടായിരിക്കും. നല്ല അടുപ്പം തന്നെ! എന്നാൽ ശുക്രനും ഭൂമിയുമോ, കുജനും ഭൂമിയുമൊ ആയി പലപ്പോഴും അടുക്കുന്നുണ്ടെങ്കിലും ഒരു മൂന്നു ഗ്രഹങ്ങളും സമീപിച്ച് ഒരുനിരയായി ഒല്പമായിട്ടെ വരുന്നുള്ളൂ. ഇങ്ങിനെ വരുമ്പോൾ ശുക്രനെക്കാൾ കുജനെ അധികം സ്പഷ്ടമായി നോക്കി മനസ്സിലാക്കാവുന്നതാണ്. എന്തെന്നാൽ ശുക്രൻ നമുക്കും സൂര്യനും മദ്ധ്യേയായി വരുന്നതുകൊണ്ട്, നമുക്ക് അഭിമുഖമായി വരുന്ന അതിന്റെ അല്പാംശത്തിൽ ഒട്ടും പ്രകാശമില്ലാതിരിക്കുന്നതിനാൽ അതിനെ ആക്കം കണ്ട് മനസ്സിലാക്കുവാൻ കഴിയുന്നില്ല. എന്നാൽ കുജൻ ഭൂമിയുടെ പശ്ചാത്തിക്ക് പുറമെയായി ചരിക്കുന്നതുകൊണ്ട് സൂര്യപ്രകാശത്താൽ അരുണനിറമായി ശോഭിക്കുന്ന അതിന്റെ അംശം നമുക്ക് നേരെയായി വരുകയും, അപ്പോൾ അതിനെ നമുക്ക സ്പഷ്ടമായി കാണുവാൻ കഴിയുകയും ചെയ്യുന്നു. ദൂരത്തിന്റെ അവസ്ഥ വിചാരിച്ച സ്പഷ്ടമെന്ന പറഞ്ഞുപോയതാണ.

ഇതുകൊണ്ട് വളരെ ശക്തിയുള്ള ഒരു ദൂരദർശനിയിൽ കൂടി നോക്കിയാൽ കുജനിൽ വയലുകാം, വീടുകാം, ജീവികാം തുടങ്ങിയുള്ളവയെ നമുക്ക കാണുവാൻ കഴിയുമെന്ന വിചാരിച്ചുപോകരുത. ഭൂഖണ്ഡങ്ങളെയും, സമുദ്രങ്ങളെയും കൂടി വ്യക്തമായി കാണുവാൻ സാധിക്കുന്നില്ല. സാധാരണയായി നമ്മുടെ കണ്ണുകാംക്ക ഗോചരമായി വരുന്നത് പച്ചനിറത്തിലും, ചുമപ്പുനിറത്തിലും ഉള്ള അവ്യക്ത കളങ്കങ്ങളാകുന്നു. ഇതിൽ പച്ചനിറത്തിൽ കാണുന്നത് സമുദ്രവും, ചുമപ്പ കരയുമാണെന്നാണ് വിശ്വസിച്ചുവരുന്നത്. ഇതു കൂടാതെ ഈഗ്രഹത്തിന്റെദക്ഷിണൊത്തര ധ്രുവങ്ങളോടടുത്ത ചില ധാവള്യ ശകലങ്ങളും കാണുന്നത് മഞ്ഞ്സഞ്ചയിച്ചുള്ളകുന്നുകളാണെന്ന ഊഹിച്ചു വരുന്നു. മേൽപറഞ്ഞ അവ്യക്ത കളങ്കങ്ങൾ എല്ലാക്കാലത്തിലും യാതൊരുമാറ്റവും കൂടാതെ ഒരേസ്ഥലത്തായിത്തന്നെ കാണപ്പെടുന്നതിനാൽ, ഭൂഖണ്ഡങ്ങളും സമുദ്ര

ങ്ങളും ആയിരിക്കുമെന്ന വിചാരിച്ച അതുകാരണം പ്രത്യേകപ്പേരുകളും ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കൊടുത്തിട്ടുണ്ട്. നിശ്ചയമില്ലാതെ അവിടവിടെയായി കാണുന്ന ചില കളങ്കങ്ങളെ മേഘങ്ങളായിട്ടാണ ഗണിച്ചു വരുന്നത്. കുജനിൽ വ്യക്തമായികാണാവുന്ന ഒരു കളങ്കത്തെ ഒരു ഗ്രഹത്തിന്റെ "കണ്ണ്" എന്ന വിളിച്ചു വരുന്നു. അധികം ശക്തിയില്ലാത്ത ഒരു ദൂരദർശനിയിൽ കൂടി ഒരു ഗ്രഹത്തെ നോക്കുമ്പോൾ അതിന്റെ ഉപരിതാഗത്ത് പ്രകാശമുള്ള ഒരു പ്രദേശത്തിന്റെ നടുവിൽ ഒരു പുള്ളിയായി ഒരു കണ്ണ് കാണപ്പെടുന്നു. ആപ്രദേശത്തിന്റെ ഏകദേശം 1200 നാഴികയും കണ്ണിനു 500നാഴികയും മദ്ധ്യളവുണ്ടത്രേ!

ക്രിസ്താബ്ദം 1877-വരെ കുജന്റെ സമിചം യാതൊരു ചന്ദ്രനും * മില്ലെന്നാണ് വിചാരിച്ചു വന്നിരുന്നത്. എന്നാൽ പിന്നീടുണ്ടായിട്ടുള്ള പരീക്ഷകാരംകൊണ്ട ആ ഗ്രഹത്തിനു ചുറ്റും രണ്ടു ചെറിയ ഉപഗ്രഹങ്ങളും ചരിക്കുന്നതായി കണ്ടറിഞ്ഞിരിക്കുന്നു. കുജനെ പറ്റി വേറെ ചിലസംഗതികളും കൂടി അറിവുണ്ട.

കുജന്റെ ഒരു പരിഭ്രമണത്തിന് ഏകദേശം 24½ മണിക്കൂർ വേണ്ടിവരുന്നു എന്നും, സൂര്യനെ ഒന്നു ചുറ്റിവരുന്നതിനു ഒരു ഗ്രഹത്തിനു 687ദിവസങ്ങളോളം വേണമെന്നും ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കണ്ടു പിടിച്ചിരിക്കുന്നു. ഭൂമിക്കും ഒരു പരിഭ്രമണത്തിനു 24മണിക്കൂറ വേണമെന്നുള്ള സംഗതി എല്ലാവർക്കും അറിയാമല്ലോ. ഇതിനുംപുറമേ ഒരു രണ്ടുഗ്രഹങ്ങളുടെയും ധ്രുവങ്ങളും അവയുടെ ഗ്രഹപഥങ്ങളിലെക്ക് ഒരുപോലെചാഞ്ഞിരിക്കുന്നതുകൊണ്ട് ഋതുക്കളുടെ മാറ്റങ്ങളും രണ്ടു ഗ്രഹങ്ങളിൽ ഒരേകാലത്തായിരിക്കണമെന്നുകൂടി നമുക്ക് ഊഹിക്കാം.

ഭൂമിയിൽ ഉള്ളതുപോലെ കുജനിലും ഒരു വായുമണ്ഡലമുണ്ടെന്നും, അത ധാരാളം നീരാവിയാൽ സമ്മിശ്രമായിരിക്കുന്നുഎന്നും, ഒരു നീരാവി പലപ്പോഴും മേഘങ്ങളായി പരിണമിച്ച് മഴയായിട്ടോ, മഞ്ഞായിട്ടോ വീഴുന്നുഎന്നും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇ

---

* 'ചന്ദ്രൻ' എന്ന പദത്തിനു സാമാന്യമായിട്ട ഒരു ഗോളത്തെ ചുറ്റുന്ന 'ഉപഗ്രഹ'മെന്നേ ഇതര ജ്യോതിശ്ശാസ്ത്രജ്ഞന്മാർ അർത്ഥം വിവക്ഷിച്ചിട്ടുള്ളൂ.

ങ്ങിനെ മഴയുള്ളതായി അറിയുന്നതുകൊണ്ട് ആ ഗ്രഹത്തിൽ തടാകങ്ങളോ, സമുദ്രങ്ങളോ ഉണ്ടെന്നുള്ള ഊഹം മുക്കാലും ശരിയായിരിക്കണം.

ഒരു ഗ്രഹത്തിൽ ജീവജാലങ്ങൾ വസിക്കുന്നുണ്ടോ എന്നുള്ള സംഗതിയെപ്പറ്റി നമുക്ക് യാതൊരു അറിവും ഇല്ല. വായുമണ്ഡലം, മേഘം, മഞ്ഞ്, മഴ, കാറ്റ്, സൂര്യപ്രകാശം എന്നിവയുള്ളതുകൊണ്ട് ആ പ്രദേശം ഭൂമിയിൽ കാണുന്നതുപോലെയുള്ള ജീവികൾക്കു നിവാസയോഗ്യമായിരിക്കണമെന്ന തീർച്ചപറവാൻ വയ്യാ. കുജനിലെ വായുമണ്ഡലം നമ്മുടെ വായുമണ്ഡലത്തിൽനിന്നു വളരെ വ്യത്യാസപ്പെട്ടിട്ടുള്ളതാണെന്നു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ എല്ലാവരും സമ്മതിക്കുന്നു. ഭൂമിയേക്കാൾ കുജൻ വളരെ ചെറിയ ഗോളമാണെന്നുള്ള വസ്തുതകൊണ്ടുതന്നെ ഒരു അഭിപ്രായം ശരിയാണെന്നു തീർച്ചയാക്കാം. നാം വസിക്കുന്ന ഭൂമിക്ക് 8000 നാഴികയോളം വ്യാസമുണ്ട്. എന്നാൽ കുജന് 4000 നാഴികയേയുള്ളൂ. എല്ലാ ഗോളങ്ങൾക്കും അന്യവസ്തുക്കളെ ആകർഷിക്കുന്നതിനു ഒരു വിശേഷശക്തിയുണ്ട്. ആ ശക്തി അവയുടെ വലിപ്പത്തിന്റെ ഏറ്റക്കുറച്ചലിനെ അനുസരിച്ചിരിക്കുന്നു. വലിയ ഗോളങ്ങൾക്ക് ആകർഷണശക്തി അധികവും, ചെറിയവക്ക് കുറച്ചും ആയിരിക്കും. ഭൂമിയിലെ ആകർഷണശക്തി വായുവിനെ നിലത്തോട് സംബന്ധിപ്പിച്ച്, ജീവികൾക്കു ശ്വസിപ്പാൻ യോഗ്യമാംവണ്ണം അതിനെ ഘനമുള്ളതാക്കിതീർക്കുന്നു. എന്നാൽ കുജൻ ഭൂമിയേക്കാൾ ചെറിയതാകകൊണ്ട് അവിടെ ഒരു ശക്തി കുറഞ്ഞിരിപ്പാനേ വഴിയുള്ളൂ എന്ന പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലൊ. ഇതുകൊണ്ട് അവിടെയുള്ള വായു എത്രതന്നെ നിലത്തോടടുത്തിട്ടുള്ളതായാലും, വളരെ ഘനം കുറഞ്ഞതായിരിക്കും എന്ന ഊഹിക്കാവുന്നതാണ്. ഭൂമി വിട്ട മേല്പോട്ട് പോകുംതോറും വായുവിന്റെ ഘനം കുറഞ്ഞ് കുറഞ്ഞ് വരുന്നു എന്നുള്ള സംഗതി എല്ലാവർക്കും അറിയാവുന്നതാണല്ലൊ. വായുമണ്ഡലത്തിന്റെ സ്വഭാവം എല്ലാ ഗ്രഹങ്ങളിലും ഇങ്ങിനെതന്നെയാണ്. വളരെ ഉയരമുള്ള ഒരു കുന്ന് കയറുമ്പോൾ ശ്വസിപ്പാൻ ഉണ്ടാവുന്ന ബുദ്ധിമുട്ട്

വായു വളരെ നേർമ്മയുള്ളതായിത്തീരുന്നതുകൊണ്ടാകുന്നു. ഒരു ഗ്രഹത്തിലെ ജീവികൾക്കും, വസ്തുക്കൾക്കും എല്ലാംഘനം ഉണ്ടാകുന്നതിന കാരണം ആ ഗ്രഹത്തിലെ ആകർഷണശക്തിയാണ്. ഒരു വസ്തുവിന്റെ ഘനം' എന്നുപറയുന്നത ഭൂമിക്ക അതിനെ നിലത്തേക്ക് വീഴ്ത്തുവാൻ വേണ്ടിവരുന്നതായ ആകർഷണശക്തിയുടെ ഫലമാകുന്നു. എന്നാൽ ഒരേ ശക്തി എല്ലാവസ്തുക്കളിലും ഒരുപോലെ പ്രയോഗിക്കേണ്ടിവരുന്നില്ല. അതിനാലാണ് വസ്തുക്കൾക്ക ഘനവ്യത്യാസമുണ്ടാകുന്നത്. കുറഞ്ഞ ആകർഷണശക്തി ഭൂമിയുടേതിലും കുറവായുള്ളകൊണ്ട ആ ഗ്രഹത്തിൽ ജീവജാലങ്ങൾ ഉണ്ടെങ്കിൽതന്നെ അവ ആ നേർമ്മയുള്ള വായു ശ്വസിച്ച ജീവിക്കത്തക്കവയും, ഭൂമിയിലെ ജീവികളേക്കാൾ വളരെ ഘനംകുറഞ്ഞവയും ആയിരിക്കണം.

നമ്മുടെ ഭൂമിയെപ്പോലെതന്നെ സകല ഗ്രഹങ്ങളും ജീവികളുടെ അധിവാസത്തിനായി സൃഷ്ടിക്കപ്പെട്ടവയാണെന്നാകുന്നു ചിലരുടെ അഭിപ്രായം. അങ്ങിനെയല്ലെങ്കിൽ ആ സൃഷ്ടികൊണ്ട പ്രയോജനമില്ലെന്നും, നിഷ്പ്രയോജനമായ ഒരു പ്രവൃത്തിക്ക് ഈശ്വരൻ ഒരുമ്പെടുകയില്ലെന്നും അവർ വാദിക്കുന്നു. സൃഷ്ടാവിന്റെ ഉദ്ദേശങ്ങളെ മുഴുവനും മനുഷ്യനു മനസ്സിലാക്കുവാൻ സാധിക്കാത്ത സ്ഥിതിക്ക് ഒരു സിദ്ധാന്തം ശരിയാണെന്നോ, അല്ലെന്നോ സ്ഥാപിക്കുവാൻ ഞങ്ങൾ തയ്യാറില്ല. ഭൂമിയെ പോലെതന്നെ മറ്റു ഗ്രഹങ്ങളും ജീവികൾക്ക താമസിക്കുവാൻവേണ്ടി സൃഷ്ടിക്കപ്പെട്ടവയായിരിക്കാം. അല്ലെന്നു ഞങ്ങൾ പ്രതിവാദിക്കുന്നില്ല. പക്ഷേ ഇതിൽ സാരമായ ഒരു സംഗതികൂടി ആലോചിപ്പാനുണ്ട്. ഭൂമി ഇങ്ങിനെ ജീവികൾക്ക നിവാസയോഗ്യമായിത്തീർന്നിട്ടുള്ളതു വളരെ വളരെ കാലംകൊണ്ടുമാത്രമാണ. എന്തെന്നാൽ ആദിയിൽ ഭൂമി ഒരു ദീപ്തിമത്തായ ഗ്രഹമായിരുന്നിരിക്കണമെന്നും, വളരെ കാലംകൊണ്ട് അതിന്റെ താപശക്തി നശിച്ചതിനുശേഷമാത്രമേ താണതരം ജീവികൾ അതിൽ ഉണ്ടായിത്തുടങ്ങിയുള്ളു എന്നും, ഇതിനുശേഷം അനേകായിരം കൊല്ലം കഴിഞ്ഞിട്ടേ മനുഷ്യർക്ക നിവാസയോഗ്യമായിത്തീർന്നിട്ടുള്ളു എന്നും ഭൂപ്രകൃതിശാസ്ത്രജ്ഞ

മാർ ഒത്തൊരുമിച്ചഭിപ്രായപ്പെടുന്നുണ്ട്. ചെറിയ ഒരു ഗോളത്തിന്റെ താപശക്തി വേഗത്തിൽ നശിച്ചുപോകുന്നതാണ്. എന്നാൽ ഗോളം വലുതാകുന്തോറും തണുക്കുന്നതിനു അധികം താമസം വേണ്ടിവരുന്നു. ഇങ്ങിനെ തണുത്തതിനുശേഷം വളരെ കാലം കഴിഞ്ഞാൽ മാത്രമേ അത് അധിവാസത്തിന്നു യോഗ്യമായിത്തീരുന്നുള്ളൂ. ഭൂമിയിലെ ചൂട് നശിക്കുന്നതിന് കുറഞ്ഞ തണുപ്പാൻ വേണ്ടിവരുന്നതിലും രണ്ടര ഇരട്ടികാലതാമസം വേണ്ടിവരുന്നു എന്നാകണ്ടുപിടിച്ചിരിക്കുന്നു. ഭൂമിയും കുറഞ്ഞും ഒരേകാലത്തുതന്നെ തണുപ്പാൻ തുടങ്ങിഎന്നും, ആ കാലം ഒരുകോടിഎൺപതുലക്ഷം വർഷങ്ങൾക്ക് മുമ്പാണെന്നും വിചാരിക്കുന്നതായാൽ ഭൂമിയുടെ ഇപ്പോഴത്തെ സ്ഥിതി, കുറഞ്ഞ് ഒരുകോടി പത്തുലക്ഷം കൊല്ലങ്ങൾക്കു മുമ്പുതന്നെപ്രാപിച്ചിരിക്കണമെന്നും, ഓരോ ഒരുകോടി പത്തുലക്ഷം കൊല്ലങ്ങൾകൊണ്ട് ഭൂമി ഇനി രണ്ടുകോടി എൺപതുലക്ഷം സംവത്സരങ്ങൾ കഴിഞ്ഞാൽ പ്രാപിക്കുന്ന സ്ഥിതിയെ കുറഞ്ഞ് ഇപ്പോൾ പ്രാപിച്ചിരിക്കുന്നുഎന്നും കണക്കാക്കീട്ടുണ്ട്. ഓരോ സംഗതികൊണ്ട് ഭൂമിയിൽ ഇപ്പോൾ കണ്ടുവരുന്നതായ ജീവജാലങ്ങൾ കുറഞ്ഞിൽ ഉണ്ടായിരിപ്പാൻ തരമില്ലെന്നും അഥവാ ഉണ്ടായിട്ടുണ്ടെങ്കിൽതന്നെ അത് എത്രയൊ കാലം മുമ്പായിരിക്കണമെന്നും ഊഹിക്കാവുന്നതാണ്. എന്നാൽ ആ ഗ്രഹത്തിലെ നൈമിഷമായ വായുമണ്ഡലത്തിന്നനുസരിച്ച് പ്രത്യേകതരം ജീവികൾ അവിടെ ഇല്ലെന്നൊ, ഇനി ഉണ്ടാവുകയില്ലെന്നൊ ഖണ്ഡിച്ചു പറവാനും ഞങ്ങൾ ഒരുങ്ങുന്നില്ല. വിസ്മയകരമായ ജഗൽസൃഷ്ടിയിൽ നമ്മുടെ അറിവിൽപെടാത്തതായി എന്തെല്ലാം രഹസ്യങ്ങളുണ്ട്?

എസ്സ്. വി. ആർ.

സുനീതി.*

———:o:———

വിശാലപുരം എന്നരാജ്യം ധനസമൃദ്ധികൊണ്ടും ബുദ്ധിമത്തുക്കളായ ജനങ്ങളെക്കൊണ്ടും പുരാതനമായ കീർത്തിയോടു കൂടിയതായിരുന്നു. ഇതുപ്രാബല്യവും അഭ്യുദയവുമുള്ള വേറേ ഒരു രാജ്യം

* ഷേക്സ്പിയർ എന്ന മഹാകവിയുടെ 'ഒതല്ലോ' എന്ന കഥയാകുന്നു ഇതിന്റെ മൂലം.

ഉണ്ടായിരുന്നില്ല. രാജ്യത്തിന്റെ ക്ഷേമത്തിൽ അയൽരാജ്യക്കാർക്കുണ്ടായ അസൂയയുണ്ടായിരുന്നു. എന്നാൽ ശത്രുക്കളുടെ ആക്രമണത്തിൽ നിന്നു രാജ്യത്തെ രക്ഷിക്കേണ്ടതിന്ന് അവിടെ സ്ഥിരമായി നിൽക്കുന്ന സൈന്യത്തെ ഭയപ്പെട്ട് ഒരുത്തക്കും അതിന്റെ നേരെ തിരിഞ്ഞു നോക്കുവാൻ കൂടി ധൈര്യമുണ്ടായില്ല.

ഈ സൈന്യത്തിൽ മാർത്താണ്ഡൻ എന്നപേരായ ഒരു പടയാളിയുണ്ടായിരുന്നു. മാർത്താണ്ഡൻ വലിയശൂരനും ബുദ്ധിമാനുമായിരുന്നു. അദ്ദേഹത്തിന്റെ ധൈര്യം, നടവടി, യുദ്ധസമയങ്ങളിൽ കാട്ടിയ ബുദ്ധിശക്തി മുതലായ സൽഗുണങ്ങളും വിശാപുരത്തിലേ ഭരണകർത്താക്കന്മാരുടെ ശ്രദ്ധയിൽപെട്ട മുതൽക്ക് അദ്ദേഹം ആരാജ്യത്തിലുള്ള എല്ലാവരുടെയും ഭക്തി ബഹുമാനാദികൾക്കു പാത്രമായിത്തീർന്നതിനു പുറമെ അല്പകാലത്തിനുള്ളിൽ സൈന്യത്തിന്റെ നായകനായിത്തീരുകയും ചെയ്തു.

വിശാപുരത്തിലെ ഒരു പ്രഭുവിന്റെ മകളായിട്ട സുനീതിയെന്നു പേരായ ഒരു സ്ത്രീരത്നമുണ്ടായിരുന്നു. സൌന്ദര്യം, ദയ, വിനയം ബുദ്ധി മുതലായ പലേ സൽഗുണങ്ങളുടെയും വിളനിലമായ ഈ യുവതിയെ ലഭിച്ചാൽ ജന്മസാഫല്യമായിയെന്നു വിചാരിച്ചുകൊണ്ടു വിശാപുരത്തിലേ അനേകം ചെറുപ്പക്കാർ കാര്യസാദ്ധ്യത്തിന്ന് യത്നം ചെയ്യുവന്നു. കുലശ്രേഷ്ഠത, സൌന്ദര്യം, ദ്രവ്യം മുതലായി സാധാരണ യുവതികളുടെ മനസ്സിനെ ആകർഷിപ്പാൻ മതിയായ ഗുണങ്ങളും ഉള്ളവർ ഈ ചെറുപ്പക്കാരിലുമുണ്ടായിരുന്നുവെങ്കിലും ഒരു ഭർത്താവിന്ന് അവശ്യം വേണ്ടവയിൽ മിക്ക ഗുണങ്ങളും ഇവരിൽ ശൂന്യമായിട്ടാണ നമ്മുടെ സുനീതി കണ്ടത.

മാർത്താണ്ഡൻ സുനീതിയുടെ അച്ഛന്റെ ഒരു സ്നേഹിതനായിരുന്നതിനാൽ അദ്ദേഹം കൂടക്കൂടെ ആപ്രഭുവിന്റെ അടുക്കെ പോയി ആസ്ത്രീയുടെ അച്ഛൻചെയ്തസല്ക്കാരം സ്വീകരിക്കുകയും ഒരു യോദ്ധാവായ തനിക്ക് സംഭവിച്ച പലവിധമായ അപകടങ്ങളെയും അവയിൽ നിന്ന രക്ഷപ്പെടുവാൻ താൻ ചെയ്ത ഉപായങ്ങളെയും പറഞ്ഞു പ്രസ്താവിക്കുകയും ചെയ്തു. രസകരങ്ങളായ പല കഥകളും ഈ സന്ദർഭങ്ങളിൽ മാർത്താണ്ഡൻ പറക പതിവായിരു

ന്നു. കഥപറയുമ്പോഴും അദ്ദേഹം അനുഭവിച്ച കഷ്ടതകളെ പ
റഞ്ഞു കേൾപ്പിക്കുമ്പോഴും സുനീതി ശ്രദ്ധയൊടുകൂടി എല്ലാം
കേൾക്കുക പതിവായിരുന്നു. അദ്ദേഹത്തിന്റെ ഓരോ ശൂരകൃ
ത്യങ്ങളെപ്പറ്റി കേട്ടമുതൽക്കു സുനീതിക്കു മാത്താണ്ഡനെ ഭ
ർത്താവായിട്ട് കിട്ടിയാൽ കൊള്ളാമെന്ന് ആഗ്രഹം തോന്നിത്തു
ടങ്ങി. അന്നു മുതല്ക്ക് അദ്ദേഹത്തെ വിട്ടിരിപ്പാൻ കൂടി മന
സ്സില്ലാതാവത്തക്കവണ്ണം പ്രേമം ദിവസന്തോറും വർദ്ധിച്ചുവന്നു.
ആദിക്കിലേ ആചാരപ്രകാരം വിരോധമില്ലായിരുന്നുവെങ്കിൽ അച്ഛ
നെ വിവരം അറിയിച്ച വിവാഹം നടത്തിക്കേണമെന്നു സുനീതി
ക്കാഗ്രഹമുണ്ടായിരുന്നു. എന്നാൽ അതിനു അച്ഛൻ ഒരിക്കലും സ
മ്മതിക്കുന്നതല്ലെന്ന ദൃഢമായി ഉറപ്പുണ്ടായിരുന്നതിനാൽ അങ്ങി
നെ ശ്രമിക്കേണ്ടന്നു തീർച്ചയാക്കി. അതുവരെ തന്നെ പ്രേമഭാജന
മായി വിചാരിച്ച വളർത്തിക്കൊണ്ടുവന്ന അച്ഛനെ ഒരുവിധത്തിലും
മുഷിപ്പിക്കാതെ കഴിക്കേണമെന്നുവെച്ച സുനീതി പലപ്രാവശ്യം മ
നസ്സിലാലോചിച്ചുവെങ്കിലും യാതൊന്നും ആഗ്രഹനിവൃത്തി വരു
ത്തത്തക്കവണ്ണമുള്ളതായി തോന്നാഞ്ഞതിനാലും ആഗ്രഹത്തെ അ
ടക്കാൻ അശക്തയായി തീർന്നതിനാലും മാത്താണ്ഡന് വിരോധ
മില്ലാത്ത പക്ഷം അദ്ദേഹത്തോടൊരുമിച്ച ചാടിപ്പോകുവാൻ ഉറ
ച്ചു. വിവരം മാത്താണ്ഡനെ അറിയിച്ചു. മാത്താണ്ഡനും കൂടെടി
വസമായിട്ട് സുനീതിയിൽ പ്രേമംജനിച്ചിരിക്കുന്നു. എന്നാൽ ത
നിക്ക് ആസ്ത്രീരത്നത്തിന്റെ ഭർത്താവാകുവാൻ തരമാവുകയില്ലെന്നു
വിചാരിച്ച ആഗ്രഹം പുറത്തു പറയാതിരുന്നതാണ. സുനീതിയു
ടെ ആഗ്രഹം മനസ്സിലായപ്പോൾ അദ്ദേഹത്തിന്നു വലുതായ ഒരു
നിധികിട്ടിയതു പോലെയുള്ള സന്തോഷമുണ്ടായി. ഒരു ദിവസം
രണ്ടുപേരും കൂടി തക്കം നോക്കി അവിടെനിന്നു ചാടി.

ജാതികൊണ്ടും പദവികൊണ്ടും മാത്താണ്ഡനു സുനീതിയുടെ
ഭർത്താവാകുവാൻ പാടില്ലായിരുന്നു. പുത്രിയെ വിട്ടിൽ കാണ്മാനി
ല്ലെന്നറിഞ്ഞപ്പോൾ പ്രഭു വളരേ വ്യസനത്തിൽപെട്ടു. അന്വേഷ
ണംചെയ്തപ്പോൾ വാസ്തവം മനസ്സിലായി.

തന്റെ ഏകപുത്രിയായ സുനീതി ജാതികൊണ്ടു താഴ്മയുള്ള
ഒരാളെ വിവാഹം കഴിച്ചുവെന്ന വിവരം ആരാജ്യക്കാർ അറിഞ്ഞാ

ൽ താൻ പരിഹാസത്തിനു പാത്രമാവുമെല്ലോഎന്ന് ഓർത്തിട്ടപ്പോ
ശവത്തിനുസമനായിത്തീർന്നു. എന്നുതന്നെയല്ല പുത്രിയുടെനേരേയു
ണ്ടായിരുന്ന സ്നേഹവും ഉടനേ അസ്തമിച്ചു, ഏതായാലും ധൂർത്തനാ
യമാർത്താണ്ഡനെ വെറുതെ വിടാൻ പാടില്ലെന്നു തീർച്ചയാക്കി ത
ന്റെ ഏകപുത്രിയായ സുനീതിയെ മാർത്താണ്ഡൻ മന്ത്രവാദം പ്ര
യോഗിച്ചു പാട്ടിലാക്കിയിരിക്കുന്നുവെന്ന പ്രബല ന്യായാധിപന്മാ
രോടു സങ്കടം പറഞ്ഞു. ന്യായാധിപന്മാർ ഉടനെ മാർത്താണ്ഡ
നെ വരുത്തി വിസ്തരിച്ചപ്പോൾ താൻ കുറ്റക്കാരനല്ലെന്നും സുനീ
തിയെവരുത്തിച്ചോദിച്ച താൻ ന്യായവിരോധമായി എന്തെങ്കിലും
പ്രവൃത്തിച്ചിട്ടുണ്ടെന്നു അവൾ പറയുന്നപക്ഷം തന്നെ എന്തുശി
ക്ഷക്കും പാത്രമാകുന്നതസമ്മതമാണെന്നും അദ്ദേഹം പറഞ്ഞതു
കേട്ട് അവർ സുനീതിയെവരുത്തി. ആകാര്യത്തിൽമാർത്താണ്ഡൻ
തെറ്റുകാരനല്ലെന്നും അവളുടെ അഗ്രഹപ്രകാരം അദ്ദേഹം
വിവാഹം ചെയ്തതാണെന്നും സുനീതി പറഞ്ഞതിനാൽ ന്യായാ
ധിപന്മാക്ക് യാതൊന്നും ചെയ്വാൻ തരമുണ്ടായില്ല.

മാർത്താണ്ഡനും സുനീതിയും ഐകമത്യത്തോടു കൂടി വിശാ
പുരത്തിൽ താമസിച്ചു. അന്യോന്യം രസിക്കാത്തതും പ്രേമമുച
കമല്ലാത്തതുമായ ഒരു വാക്കുപോലും അവർക്ക് പറവാൻ സംഗതി
യുണ്ടായിട്ടില്ല.

വിശാപുരം രാജ്യത്തിനു കീഴിൽ സുപ്രതീക്ഷം എന്നുപേരാ
യ ഒരു ദ്വീപുണ്ടായിരുന്നു.

രാജ്യക്കാരുടെ കലഹമുണ്ടായാൽ നിർത്തൽ ചെയ്യുണ്ടതി
നും രാജ്യരക്ഷക്കുമായി ഒരു സൈന്യത്തെ അവിടെ പാർപ്പിച്ചിട്ടു
ണ്ടായിരുന്നു. സംഗതിവശാൽ ആസൈന്യത്തെ മാറ്റി മറ്റൊരു
സൈന്യത്തെ അങ്ങോട്ടയപ്പാൻ വിശാപുരക്കാർ തീർച്ചയാക്കി. ഈ
സൈന്യത്തിനധിപനായിട്ട തല്ക്കാലംമാർത്താണ്ഡനെത്തന്നെ അ
യക്കേണ്ടിവന്നു. സുപ്രതീക്ഷമെന്ന ദ്വീപിനെ കൈവശപ്പെടുത്താ
ൻ മറ്റു ചില രാജ്യക്കാർ ശ്രമിക്കുന്നുണ്ടെന്നുള്ള ഒരു ധ്വനിയുണ്ടാ
യിരുന്നു. അതുകൊണ്ട അവിടെയുള്ള സൈന്യത്തിന്റെ നായക
നായിരിക്കുന്നത തങ്ങൾക്ക ഏറ്റവും വിശ്വാസയോഗ്യനായ ഒ

രാം വെണമെന്നു തോന്നിയതിനാലും മാത്താണ്ഡനെപ്പോലെ
ആണ്ടിനെയുള്ള വെറെ ഒരാളില്ലാത്തതിനാലു മാണ
ഭരണകർത്താക്കന്മാർ അദ്ദേഹത്തെ അയപ്പാൻ തീർച്ചയാക്കിയത. ബുദ്ധിയും, ശ്രേഷ്ഠതയും, വിശ്വാസയോഗ്യത മുതലായ സൽഗുണങ്ങളുള്ളവർക്ക് മാത്രമെ ഇങ്ങിനെയുള്ള യോഗ്യത കൊടുക്കാവുള്ളുവെന്ന സംഗതി കൊണ്ട് ആ പദവി ലഭിച്ചതിൽ മാത്താണ്ഡനും വളരെ സന്തോഷമുണ്ടായെങ്കിലും യാത്രയുടെ ദൂരതയും അസൌകര്യവും ഓർത്തതിന്റെപ്രിയപത്നിയായ സുനീതിക്കു വിരോധമായിരിക്കുമോ യെന്ന് ആലോചിച്ചപ്പോൾ ക്രമേണ അദ്ദേഹം ഉന്മേഷരഹിതനായിതീർന്നു.

ഭർത്താവിന്ന് അഭ്യുദയം വന്നുകാണ്മാൻ എല്ലാപ്പോഴും ആശിച്ച കൊണ്ടിരുന്ന സുനീതിക്ക വിവരം കേട്ടപ്പോൾ അളവറ്റ സന്തോഷമുണ്ടായി. ശക്തിയും പ്രാബല്യവുമുള്ള ആ വിശ്വാസപാത്രകർത്താക്കന്മാക്ക് തന്റെ ഭർത്താവിന്റെ ആന്തരമായ സഹോദ്യസ്നേഹവും സദ്ഭാവഗുണവും കാണിച്ചുവാൻ സാധിച്ചതിൽ ആനന്ദിക്കവളരെ തൃപ്തിയായി. അവരുടെ ബുദ്ധിസാമർത്ഥ്യത്തെ ആത്മനാ അഭിനന്ദിച്ചു. മാന്യനായ ഭർത്താവിന്റെ ഒരുമിച്ചു പുറപ്പെടാമെല്ലൊ എന്നവിചാരിച്ചു പുറപ്പാടിന്നുള്ള ദിവസം കാത്തിരിപ്പായി. ഒരു ദിവസം മാത്താണ്ഡൻ ഒരു വിജനപ്രദേശത്തിരുന്ന് എന്തൊ ആലോചിച്ചു കൊണ്ടിരിക്കുന്നതു സുനീതി കണ്ടു. എന്തൊകുണ്ഠിത മുണ്ടെന്ന മുഖത്തനോക്കിയപ്പോൾ മനസ്സിലായിയെങ്കിലും കാരണം അപ്പോൾ ചോദിപ്പാൻ നല്ലസമയമല്ലെന്നു തീർച്ചയാക്കി. അല്പനേരം കഴിഞ്ഞ് അദ്ദേഹം ഭക്ഷണം കഴിപ്പാനിരിക്കുമ്പോൾ സുനീതി അരികെചെന്ന് ഒരു മാന്യപദവി ലഭിച്ചതോർത്ത സന്തോഷിക്കേണ്ട കാലത്തു തീരെ ഉന്മേഷമില്ലാതെയായിതീർന്നതിന്ന കാരണമെന്താണന്ന് അറിയാത്തതിനാൽ വ്യസനമുണ്ടെന്നു പറഞ്ഞു. മാത്താണ്ഡൻ കുറേനേരം സംസാരിക്കാതെ ഇരുന്നതിന്നു ശേഷം ഇങ്ങിനെ മൂവടി പറഞ്ഞു.

മാത്താണ്ഡൻ— എന്റെ പ്രിയതമെ, എനിക്ക് ലഭിച്ച മാന്യപദവിയോർത്ത സന്തോഷിക്കേണ്ടതിന്ന നിന്നേക്കാനേരെ എനിക്കുള്ള ഗാഢപ്രേമം ഒരു പ്രതിബന്ധമായിത്തീർന്നിരിക്കുന്നു. എ

ങ്ങിനെയെന്നാൽ രണ്ടിലൊരുവിധം ഞാനിപ്പോൾ പ്രവൃത്തിക്കേണ്ടിയിരിക്കുന്നു. അപായകരമായ ഒരു കപ്പൽയാത്രക്ക് നിന്നെ സന്നദ്ധയാക്കുകയോ അല്ലാത്തപക്ഷം നിന്നെ വിശ്വപുരത്തിൽ വിട്ടുപോവുകയോ ചെയ്യണം. ഇത രണ്ടും ഒരുപോലെ ദുസ്സഹമായിട്ടാണ് എനിക്കു തോന്നുന്നത. നിന്നെ കൊണ്ടുപോവുന്നതായാൽ വല്ല അപായവും സംഭവിക്കുമോയെന്നാലോചിച്ച് ഒരു നോരത്തും മനസ്സിന്ന സ്വസ്ഥത വരുന്നതല്ല. നിന്നെപിരിഞ്ഞു പോവുന്നത മരിക്കുന്നതിന്ന സമവുമാണ.

സുനീതി— ഇങ്ങിനെയുള്ള ആലോചനകളേകൊണ്ടിവരെ മനസ്സിനെ ബുദ്ധിമുട്ടിച്ചുവല്ലോ. കപ്പൽ യാത്ര ചെയ്യുകയെന്നുള്ള തിയ്യിൽ നടക്കണമെന്നുവന്നാൽ കൂടി ഞാൻ അങ്ങയെ വിട്ടിരിക്കുമെന്ന തോന്നിയത് ഭാഗ്യക്കേടായിപ്പോയി? അപകടങ്ങളുണ്ടായാൽ അവയിൽ ഒരു പങ്ക ഞാനും അനുഭവിക്കേണ്ടവളല്ലേ? കപ്പൽയാത്രയിലുണ്ടാവുന്ന ബുദ്ധിമുട്ടുകളാലോചിച്ച് എന്നെ ഇവിടെത്തന്നെ ക്കിപ്പോയേക്കാമെന്നും അപകടങ്ങളും ബുദ്ധിമുട്ടുകളും സഹിച്ച് ഒരുമിച്ച വരുന്നതിനെക്കാൾ ഇവിടെ സുഖമായിരിക്കുന്നതിനാലാണു എനിക്കു സന്തോഷമുണ്ടാവുകയെന്നും ധരിച്ച പോകുന്നുണ്ടെങ്കിൽ എന്റെ നിശ്ചലമായ സ്നേഹശക്തി അറിയുന്നില്ലെന്ന വെളിവാകുന്നുണ്ട്. അങ്ങയെയാന്നിച്ചു പുറപ്പെടുവാൻ കാത്തിരിക്കുന്ന ഞാൻ നിമിത്തം ഇനിയെങ്കിലും മനസ്സിനെ ബുദ്ധിമുട്ടിക്കാതെ വേഗത്തിൽ പുറപ്പെടാൻ ശ്രമിക്കുമോ.

"ഇപ്പോഴുള്ള പരസ്പരാനുരാഗത്തോടുകൂടി വളരെക്കാലം ജീവിച്ചിരിപ്പാൻ ദൈവം നമ്മെ സംഗതി വരുത്തട്ടെ" എന്നു പറഞ്ഞു മാത്താണ്ഡൻ പ്രിയപത്നിയെ ഗാഢമായി തഴുകി. വേഗത്തിൽ പുറപ്പാടിന്നുള്ള ഒരുക്കങ്ങൾ കൂട്ടി ശുഭമായ സമയംനോക്കി അവർ പരിവാരങ്ങളോടുകൂടി കപ്പലിൽ കയറി.

മാത്താണ്ഡന്റെ കീഴിൽ കർമ്മകണ്ഠൻ എന്നു പേരായ ഒരു പടയാളിയുണ്ടായിരുന്നു. വാസ്തവത്തിൽ ധൂർത്തനും ചതിയനുമായ കർമ്മകണ്ഠൻ തന്റെ സൂത്രങ്ങൾ കൊണ്ട് താൻ വളരെ വിശ്വാസയോഗ്യനും മുതലാക്കാരനുമാണെന്ന മറ്റുള്ളവരെ എളുപ്പ

ത്തിൽ ധരിപ്പിച്ചു. മാത്താണ്ഡൻ ക്രുദ്ധനായതുകൊണ്ട് ഈ ചതിയന്റെ വാസ്തവസ്ഥിതി മനസ്സിലാക്കാതെ അയാളെ സ്നേഹിച്ചു. ഭിത്തുക്കളിൽ വെച്ച് അഗ്രഗണ്യനായ കമ്മുകണ്ണന്റെ നാട്ടുവും നിലയും കണ്ടാൽ അയാൾ വലിയ ശൂരനാണെന്ന ആരും തെറ്റിധരിക്കും. അന്യന്മാരെ കൂട്ടുകിൽ ചാടിപ്പാൻ മാത്രം ആലോചിക്കുകയാണ അയാൾക്ക് എപ്പോഴും പ്രവൃത്തി. കമ്മുകണ്ണനൊന്നിച്ച അയാളുടെ ഭാര്യയുമുണ്ടായിരുന്നു. സുനീതിക്ക് ഈ സ്ത്രീയുടെനേരെ വളരെ സ്നേഹം തോന്നി. മാത്താണ്ഡൻ കാര്യാലോചനയിൽ പ്രവേശിക്കുന്ന സമയങ്ങളിൽ ഈ സ്ത്രീയുമായി വിനോദങ്ങൾ പറഞ്ഞുകൊണ്ടാണ സുനീതി സമയം കഴിച്ചുകൂട്ടിയത.

ശൈനേയൻ എന്നപേരായി വേറെ ഒരു കീഴുദ്യോഗസ്ഥൻ മാത്താണ്ഡനൊരുമിച്ചുണ്ടായിരുന്നു. ശൈനേയൻ മാത്താണ്ഡന്റെ ജീവനായിരുന്നു. നിർദ്ദോഷിയും ക്രുദ്ധനുമായ ശൈനേയനെപ്പോലെ സ്വാമിദ്രോഹിയുള്ള മറ്റൊരാൾ ഇല്ലെന്ന അയാളുടെ വൈരികൾപോലും സമ്മതിക്കാതെ നിവൃത്തിയില്ല. ശൈനേയൻ മിക്കസമയങ്ങളിലും മാത്താണ്ഡന്റെ വീട്ടിൽ പോവുക പതിവായിരുന്നു. ഭദ്രാവിന്റെ ആശ്രിതനും സത്സ്വഭാവിയുമായതുകൊണ്ട സുനീതിക്ക ശൈനേയന്റെ നേരെ പ്രീതിതോന്നി. നിന്ദ്യനായ കമ്മുകണ്ണന് ഇതിൽ അസൂയതോന്നിയതിനാൽ മേലധികാരിയായ മാത്താണ്ഡന്റെ നേരെ കാണിക്കേണ്ട സ്നേഹം, ബഹുമാനം, നന്ദി, വണക്കം എന്നിവയെ മറന്ന പതിവ്രതയും സുശീലയുമായ സുനീതിയെ പാപകരങ്ങളും ലജ്ജാവഹങ്ങളുമായ ആഗ്രഹങ്ങൾക്ക കീഴടക്കുവാനുള്ള ശ്രമം തുടങ്ങി. ശ്രമങ്ങളെപ്പറ്റി മാത്താണ്ഡന് അല്പമെങ്കിലും അറിവുകിട്ടിയാൽ മരണമാണ അതിന്റെ ഫലമെന്ന നിശ്ചയമുണ്ടായിരുന്നതിനാൽ ആഗ്രഹങ്ങൾ സ്പഷ്ടമായി ആ സ്ത്രീയെ അറിയിപ്പാൻ അയാൾക്ക ധൈര്യമുണ്ടായില്ല. എങ്കിലും താൻ ആ സ്ത്രീ നിമിത്തം കാമാതുരനായിരിക്കുന്നുവെന്ന ഒരുവിധത്തിൽ സുനീതിയെ അറിയിച്ചു. സുനീതിയുടെ ഭർത്തൃസ്നേഹം ഗാഢമായിരുന്നതിനാൽ കമ്മുകണ്ണന്റെ പിടകൾഫലിച്ചില്ല. നാഗരീകത്വംപരിപൂർണ്ണമുള്ള സ്ത്രീകൾക്കുസാൽ

കൂടാതെ അന്യപുരുഷന്മാരോടു സംസാരിക്കുന്നതുകൊണ്ട് അവരുടെ ആന്തരമായ സ്വഭാവത്തെ എളുപ്പത്തിൽ തെറ്റിധരിക്കുന്നത് ഇപ്പോഴുള്ള ചില നാട്ടുവിടന്മാരുടെ പതിവാണ. സുനീതി ഗുണദോഷിച്ചിരിക്കാതെ ഭർത്താവിന്റെ താല്പര്യക്കാരോട് യഥേഷ്ടം സംസാരിക്കുകയും അവരെ ബഹുമാനിക്കുകയും ചെയ്തിരുന്നതു കണ്ടപ്പോൾ ആ സ്ത്രീയെ തന്റെ ആഗ്രഹങ്ങൾക്ക് എളുപ്പത്തിൽ സ്വാധീനപ്പെടുത്താമെന്നാണ ധൂർത്തനും മൂട്ടാളനുമായ കമ്രകണ്ണൻ ധരിച്ചതു. തന്റെ നേരെ സുനീതി കാണിച്ച വിമുഖതക്കു കാരണം ശൈനേയനാണെന്നാണ പിന്നെ അയാൾക്കു തോന്നിയതു. അതുകൊണ്ട് അയാളെ വേർപെടുത്തിക്കളയണമെന്നും അതിനുശേഷവും തന്റെ ആഗ്രഹം സാധിക്കാതെവന്നാൽ അന്നുമുതൽ ആ സ്ത്രീരത്നത്തെ ഭർത്താവൊന്നിച്ച് ഐക്യത്തോടുകൂടിയിരിപ്പാൻ സംഗതി വരുത്തരുതെന്നും ഉറച്ചു. ഒരുപോലെ പാപകരങ്ങളും നിന്ദാവഹങ്ങളുമായ അനേകമാശ്ചര്യങ്ങൾ ആലോചിച്ചതിന്നുശേഷം സുനീതി ശൈനേയനെ അതിരുവിട്ടു സ്നേഹിക്കുന്നുണ്ടെന്ന മാത്രാണ്ഡനെ അറിയിക്കണമെന്ന തീർച്ചയാക്കി. മാത്രാണ്ഡനു ഭാര്യയുടെനേരെ ശുദ്ധപ്രേമവും ശൈനേയന്റെ നേരെ നിഷ്കളങ്കമായ സ്നേഹവുമുണ്ടെന്ന അയാൾക്കു ബോദ്ധ്യമുണ്ടായിരുന്നതിനാൽ അദ്ദേഹത്തെ എളുപ്പത്തിൽ ഇളക്കിത്തീർപ്പാൻ സാധിക്കയില്ലെന്നറിഞ്ഞ ചതിപ്രയോഗം തുടങ്ങുവാൻ തക്കസമയവും കാത്തിരുന്നു. കമ്രകണ്ണന്റെ ഭാഗ്യംകൊണ്ടോ സുനീതിയുടെ നിർഭാഗ്യംകൊണ്ടോ അതിനു തക്കസമയമുണ്ടാവാൻ അധികം താമസംവേണ്ടിവന്നില്ല. കമ്രകണ്ണൻ ശൈനേയനേയും മറെറാരുടനെയും തമ്മിൽ തല്ലിച്ച് അതുനിമിത്തം ജനങ്ങളുടെ ഇടയിൽ വലിയ ക്ഷോഭമുണ്ടാക്കിത്തീർത്തു. കമ്രകണ്ണന്റെ സാമർത്ഥ്യംനിമിത്തം ശൈനേയൻ തെറ്റുകാരനാണെന്നും ആക്കിത്തീർത്തു. ജനങ്ങളുടെ പ്രീതിക്കുവേണ്ടി മാത്രാണ്ഡനു ശൈനേയനേ ഉദ്യോഗത്തിൽനിന്നു പിരിച്ചുനിർത്തേണ്ടിവന്നു. തന്റെ വാക്കുൽ ഒന്നാമതായിവന്ന തെറ്റിനെ മാപ്പുകൊടുപ്പിച്ച് ഉദ്യോഗം തിരിയെ വാങ്ങിക്കൊടുപ്പാൻ സുനീതി വിചാരിച്ചാൽ സാധിക്കുമെന്നും ആ സ്ത്രീ

യോട്ട ചെന്നപേക്ഷിച്ചാൽ സംശയംകൂടാതെ കായ്യം സാധിക്കുമെന്നും കമ്രകണ്ണൻ ശൈനേയനേ ധരിപ്പിച്ചു. ശൈനേയൻ ഉടനെ സുനീതിയുടെ അടുക്കൽ പോയി സങ്കടം പറഞ്ഞു. പ്രകൃത്യാ പരസങ്കടത്തിൽ അനുകമ്പയോടുകൂടിയ സുനീതി ശൈനേയനെ സമാധാനിപ്പിച്ചു മടക്കി അയച്ച ഉടനെ ഭർത്താവിനോട്ട വിവരം പറഞ്ഞ് ശൈനേയനേ തിരിച്ചു വിളിക്കണമെന്നപേക്ഷിച്ചു. ഭാര്യയുടെ നിർബ്ബന്ധംനിമിത്തം അങ്ങിനെ ചെയ്യാമെറച്ചിട്ട വിവരം കമ്രകണ്ണനോടപറഞ്ഞു. തന്റെ ചതിപ്രയോഗങ്ങൾ പ്രയോഗിപ്പാനുള്ള സമയം അതുതന്നെയാണെന്നുറച്ച "സുനീതിക്കുശൈനേയന്റെ സാഹചര്യം വളരെ സുഖപ്രദമായി തോന്നുന്നുണ്ടായിരിക്കാം" എന്ന കമ്രകണ്ണൻ പറഞ്ഞു.

മാത്താണ്ഡൻ— അതിനെന്താണ കാരണം?

കമ്രകണ്ണൻ— ഭാര്യാഭർത്താക്കന്മാരനുദിവസ്സേന സുഖത്തിന്ന വിഘ്നംവരുത്താൻ ഞാനൊരുക്കമില്ല. അങ്ങയുടെ ഭാര്യയുടെ നടവടി തൃപ്തികരമാണോയെന്ന സൂക്ഷ്മമായി പരിശോധിച്ചാൽ ഞാൻ പറഞ്ഞതിന്റെ അർത്ഥം മനസ്സിലാവും.

മനസ്സിലുള്ളത വ്യക്തമായിപറവാൻ മാത്താണ്ഡൻ വളരെ പ്രാവശ്യം അപേക്ഷിച്ചിട്ടും കമ്രകണ്ണൻ ഒരക്ഷരംപോലും പറഞ്ഞില്ല. അയാൾ പറഞ്ഞ വാക്കുകൾ മാത്താണ്ഡനു ശല്യങ്ങളായിതീർന്നു. വാക്കുകളുടെ അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കുന്തോറും കുണ്ഠിതം വർദ്ധിച്ചുവരികയാണ ചെയ്തത. അങ്ങിനെ ബുദ്ധിമുട്ടുന്നതിന്നിടക്ക് ഒരുദിവസം സുനീതിതന്റെ പൂർവ്വാപേക്ഷയെ ഭർത്താവിനെ ഓർമ്മപ്പെടുത്തിയതിന്നശേഷം അനേകകാലം യാതൊരു തെറ്റും കൂടാതെ പ്രവൃത്തിയെടുത്തതിനെ സാമ്പ്രമായ സംഗതിനിമിത്തം മറക്കുന്നത കഷ്ടമാണെന്ന പറഞ്ഞപ്പോൾ മാത്താണ്ഡൻ കൊപിഷ്ടനായിത്തീർന്നു.

മാത്താണ്ഡൻ— ശൈനേയന്റെ കായ്യത്തിൽ നീ ഇത്ര ബുദ്ധിമുട്ടുന്നതിൽ ഞാനാശ്ചര്യപ്പെടുന്നു. അയാൾ നിന്റെ സഹോദരനോ ചാർച്ചക്കാരനോ അല്ലാതിരുന്നിട്ടും നിനക്കയാളുടെ നേരെ

ഇത്ര അധികം സ്നേഹം തോന്നാൻ ഞാൻ യാതൊരു സംഗതിയും കാണുന്നില്ല.

സുനീതി— ശൈനേയൻ വിശ്വാസയോഗ്യനായ ഒരാശ്രിതനാണെന്ന് അങ്ങുന്ന പലപ്പോഴും എന്നോട പറഞ്ഞിട്ടില്ലേ? അങ്ങിനെയുള്ള ഒരാൾ അങ്ങയുടെ കീഴിൽനിന്ന പോവുന്നതിനാലുണ്ടായ വ്യസനംകൊണ്ടു ഞാനിത്ര ബുദ്ധിമുട്ടിയതാണം. ഇതല്ലാതെ മറ്റുകാരണമൊന്നുമില്ല. ഇത്ര ഈഷ്യത തോന്നിക്കത്തക്കവണ്ണമുള്ള ഒരു തെറ്റ ശൈനേയൻ ചെയ്തിട്ടുണ്ടെന്ന് എനിക്ക വിശ്വാസമില്ല. തുച്ഛഹേതുക്കൾകൊണ്ടു കോപിഷ്ടന്മാരായിതീർന്ന് പ്രതികിയക്കൊരുങ്ങുന്നത് അങ്ങയുടെ കുടുംബത്തിൽ ജനിച്ചവരുടെ പതിവാണെന്നുള്ളതിന്ന് ഇതൊരു ദൃഷ്ടാന്തമാകുന്നം.

മാത്താണ്ഡൻ— അത പരിചയത്താൽ ഉടനെ അറിവാൻ സാധിക്കും. എന്നെ ദ്രോഹിക്കുന്നവക്ക ഞാൻ കഠിനമായ ശിക്ഷ കൊടുക്കുമെന്നുള്ളതിന്ന വാദമില്ല.

ഈ വാക്കുകാം സുനീതിയെ നന്നെ പേടിപ്പിച്ചു. ഭർത്താവിനെ കോപിഷ്ടനായിട്ട ആ സാധുസ്ത്രീ ഒന്നാമതായിട്ടിപ്പോഴാണ കണ്ടത. അദ്ദേഹത്തിന്റെ കോപം ശമിപ്പിക്കേണ്ടതിന്ന വേണ്ടി ഉടനെ ഇങ്ങിനെ പറഞ്ഞു.

സുനീതി— പ്രാണനാഥാ, ശൈനേയന്റെ കായ്ത്തെപ്പററി സംസാരിപ്പാൻ നിസ്സാരകമായ കാരണങ്ങാം മാത്രമാണെന്നെ ഉത്സാഹിപ്പിച്ചിട്ടുള്ളത. എന്നാൽ ആ കായ്ം അങ്ങക്ക നീരസഹേതുവായിക്കണ്ടതുകൊണ്ട മേലിൽ അതിനെപ്പററിപറകയില്ല. ആലോചനയില്ലാതെ വല്ലതെറ്റും ഞാൻ ചെയ്തിട്ടുണ്ടെങ്കിൽ അതിനെ ക്ഷമിച്ച എന്നെ രക്ഷിക്കണെ.

തന്റെ പേരിൽ നീരസം തോന്നാതിരിപ്പാൻ ചെയ്ത അപേക്ഷയിൽകൂടി സുനീതി ശൈനേയന്റെ തെററിനെ മാപ്പകൊടുക്കേണമെന്ന സൂചിപ്പിച്ചിട്ടുണ്ടെന്ന ധരിച്ച മാത്താണ്ഡൻ കമ്രകണ്ണന്റെ വാക്കുകളെ വ്യാഖ്യാനിപ്പാൻ തുടങ്ങി. സുനീതി ശൈനേയനിൽ പ്രേമത്തോട കൂടിയവളാണെന്നായിരിക്കുമോ കമ്രക

ണ്ണൻ പറഞ്ഞതിന്റെ സാരം എന്നാലോചിച്ച ഉടനെ അയാളുടെ അടുക്കലേക്ക് ഓടി. കായ്ത്തിന്റെ വാസ്തവം വ്യക്തമായി പറയേണമെന്ന് അയാളോടപേക്ഷിച്ചു. സുനീതിയെ തിരെ വെറുത്തുകൊണ്ടിരുന്ന കമ്രകണ്ണൻ ആ സ്ത്രീക്ക വിരോധമായി വല്ലതും പറയേണ്ടിവരുന്നതിൽ വളരെ സുഖക്കേടുണ്ടെന്നും മേലധികാരിയായ അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം ചെയ്യാതിരിപ്പാൻ തന്റെ സ്നേഹം സമ്മതിക്കാത്തതുകൊണ്ടു പറയുന്നതാണെന്നുമുള്ള നാട്യത്തോടുകൂടി ഞാങ്ങക്ക വളരെ കണ്ണിനുമുണ്ടാക്കിത്തീർക്കുന്ന കായ്യം വെളിവായി പറയേണ്ടിവരുന്നതിൽ എനിക്ക വ്യസനമുണ്ട. എന്നാൽ അങ്ങുന്ന എന്നെ നിബ്ബന്ധിക്കുന്നതുകൊണ്ടും അങ്ങയുടെ നേരെ ഞാൻ കാണിക്കേണ്ടതായ ആദരവിനെ ഓർത്തും മാത്രം പറയുന്നതാണ. സുഭഗനായ ശൈനേയനേപ്പോലെയുള്ള പുരുഷന്മാർ വിശ്വപുരത്തുണ്ടായിരിക്കെ അന്യനാട്ടുകാരനും വിത്രപനുമായ അങ്ങയെ വിവാഹംകഴിപ്പാൻ സംഗതി വന്നതിനാൽ സുനീതി ഇപ്പോൾ പരിതപിക്കുന്നുണ്ട. സുനീതിയും ശൈനേയനും തമ്മിൽ ഗൂഢസല്ലാപം ഇടവിടാതെ നടന്നുവരുന്നു. ശൈനേയന് ഇപ്പോൾ അങ്ങയുടെ ഗൃഹത്തിൽ വരുവാൻ തരമില്ലാത്തതുകൊണ്ട സുനീതിയുടെ ആഗ്രഹങ്ങൾ അനായാസേന സാധിപ്പാൻ പ്രയാസമുണ്ട. ഇതുയും പറഞ്ഞതുകൊണ്ട സുനീതിയേ ശൈനേയന്റെ കായ്ത്തിൽ ചെയ്ത യത്നത്തിന്റെ കാരണം വ്യക്തമാവുന്നുണ്ടല്ലൊ", എന്നുപറഞ്ഞു. ഈ വാക്കുകൾ മാത്രാണ്ഡന്റെ ഹൃദയത്തെ പിളർന്നു. അദ്ദേഹത്തിന്ന കമ്രകണ്ണന്റെ വാക്കിൽ വിശ്വാസം തോന്നി. അധികം വിവരം കിട്ടേണ്ടതിന്ന കമ്രകണ്ണനെ ഭയപ്പെടുത്തുവാൻ തീച്ചപ്പെടുത്തീട്ട നിർദ്ദോഷിയായ എന്റെ പ്രിയപത്നിയെപ്പറ്റി വൃഥാ ദോഷാരോപണംചെയ്ത നിന്റെ നാവുമൂത്താൽഎന്താണ വരുവാൻ പോകുന്നത? എന്നുചോദിച്ചു.

കമ്രകണ്ണൻ— സ്നേഹാധിക്യം നിമിത്തം ഞാൻ ചെയ്ത ഉപകാരത്തിന്ന് ഇതിലും വലിയ പ്രത്യുപകാരമൊന്നും ഞാൻ ആഗ്രഹിച്ചിട്ടില്ല. എന്നാൽ ഇതുയും അങ്ങക്ക ചെയ്യേണ്ടത എന്റെ പ്രവൃ

ത്തിയാണ്. എനിക്ക് അങ്ങയുടെ നേരെയുള്ള ബഹുമാനത്തിനും സ്നേഹത്തിനും കുറവു വന്നിട്ടില്ലാത്തതിനാൽ കായ്യം വാസ്തവമാണെന്ന ഞാൻ വീണ്ടും പറയുന്നു. വാസ്തവത്തിൽ പ്രേമം മറ്റൊരാളുടെ നേരെയാണെങ്കിലും അങ്ങയുടെ നേരെ ശുദ്ധപ്രേമമുണ്ടെന്ന് ആ സ്ത്രീ നടിക്കുന്നു. സുനീതിയുടെ ചിത്തിൽ മയങ്ങിക്കിടക്കുന്ന അങ്ങേക്ക കായ്യങ്ങളുടെ സൂക്ഷ്മസ്ഥിതി അറിവാൻ സാധിക്കാത്തതിൽ എനിക്കു ശേഷംപോലും അത്ഭുതമില്ല. ആളുകൾ എല്ലാവരും ഒരേ സ്വഭാവക്കാരല്ല. ചിലർക്ക് തങ്ങളുടെ ശുദ്ധവൃത്തമാനങ്ങൾ മറ്റാരെയും അറിയിക്കുന്നതിൽ രസമില്ല. ശുദ്ധവൃത്തമാനങ്ങൾ മറ്റുള്ളവർക്കുടി അറിഞ്ഞാൽ മാത്രമെ തങ്ങളുടെ സുഖത്തിന്ന പരിപൂർണ്ണത വരികയുള്ളുവെന്ന മറ്റു ചിലർക്ക് തോന്നുന്നു. ശൈനേയൻ രണ്ടാമത്തെ വകക്കാരിൽ ഒരാളായതുകൊണ്ട വൃത്തമാനങ്ങൾ എന്നോടു പറയുകയുണ്ടായിട്ടുണ്ട. അങ്ങയുടെ വൈരം സമ്പാദിപ്പാൻ മാത്രമായിട്ട് ഈ വൃത്തമാനങ്ങൾ പറവാൻ തോന്നിയതിന്ന ഞാനിപ്പോൾ പശ്ചാത്തപിക്കുന്നുണ്ട. നിഷ്കളങ്കമായ സ്നേഹത്തിന്റെ ഫലം ഇതാണെന്ന് ഇനിമേലിലെങ്കിലും അറിഞ്ഞിരിക്കാമല്ലൊ.

മാത്താണ്ഡൻ— നിങ്ങൾ പറഞ്ഞതിന്റെ പരമാർത്ഥം ഉടനെ എന്നെക്കൊണ്ടു പ്രത്യക്ഷപ്പെടുത്താതിരുന്നാൽ അതുകൊണ്ടുള്ള ഫലം അനുഭവിക്കേണ്ടിവരും. എന്റെ കണ്ണിൽ കണ്ടാൽ മാത്രമെ എനിക്ക വിശ്വസിപ്പാൻ തരമുള്ളു.

കമ്രകണ്ഠൻ— ശൈനേയൻ പരസ്യമായി അങ്ങയുടെ വീട്ടിൽ വസിക്കുന്ന കാലത്തായിരുന്നുവെങ്കിൽ തെളിവിന്ന പ്രയാസമില്ലായിരുന്നു. അയാളെ ആട്ടിക്കളഞ്ഞതുകൊണ്ട കണ്ണിൽ കാണുന്നതിന്ന പ്രയാസമുണ്ട. ഇപ്പോഴും തരംകിട്ടുമ്പോഴൊക്കെയും അവർ തമ്മിൽ കാണുന്നുണ്ടെങ്കിലും അങ്ങയുടെ നീരസം സമ്പാദിച്ചതിന്നശേഷം ശൈനേയൻ വളരെ സൂക്ഷിക്കുന്നുണ്ട. ഇങ്ങിനെയൊക്കെയാണെങ്കിലും അങ്ങയുടെ കണ്ണിൽതന്നെ പെടില്ലെന്ന ഞാൻ വിശ്വസിക്കുന്നില്ല.

ഇങ്ങിനെ പറഞ്ഞ അവർ തമ്മിൽ പിരിഞ്ഞു. ഹൃദയത്തിൽ, ഏറ്റവും കൂർത്തായ ഒരമ്പു തറച്ചാലുണ്ടാവുന്ന വേദനയോടുകൂ

ടിയാണ മാത്താണ്ഡൻ മടങ്ങിപ്പോന്നത. ഇങ്ങിനെയുള്ള അപ
മാനത്തിനു തന്നെ പാത്രമാക്കിതീർത്ത സുനീതിയുടെ നേരെ ഇ
നി യാതൊരു ദയക്ഷം അവകാശമില്ലാ എന്നൊക്കെ രീച്ചയാക്ക
പ്പോഴക്ക സുനിതിയുടെ ഭക്ഷിവാസപ്പാടികളും ഓമ്മ വരികയും
അങ്ങിനെതന്നോട പ്രിയപത്നിചെയ്യുമോഎന്നു സംശയിക്കയും
ചെയ്തകൊണ്ടാണ വീട്ടിലേക്ക പോയത. ജീവച്ചവ്വന്തംതന്നെ ക
ഷ്ടസ്ഥിതിയിൽ ആക്കിതീർക്കുന്ന കാഴ്ചക്ക എന്നാണ സംഗതിവി
രുന്നത് എന്നും ആലോചിച്ചുകൊണ്ടിരുന്നു.

സുനിതിയുടെ സ്വഭാവഗുണത്തെപ്പറ്റിക്കുകണ്ടുന നല്ല വി
വരമുണ്ടായിരുന്നതിനാൽ മാത്താണ്ഡന്റെറ കോപത്തിൽനിന്ന ര
ക്ഷപ്പെടുവാൻ താൻ എന്താണ ചെയ്യേണ്ടത് എന്നുള്ളതിനെപ്പ
റ്റി അയാൾ ഉത്സാഹത്തമായി ആലോചിപ്പാൻ തുടങ്ങി. ഏതാ
യാലും ചിൻവവിപ്പാൻ തരമില്ലാത്ത നിലയായതുകൊണ്ട എന്തു
ചെയ്യും തന്നെ രക്ഷിക്കണമെന്ന തീർച്ചപ്പെടുത്തി. ദൈവഭക്തി,
സമസ്തജീവികളോടുള്ള ദയ മുതലായവ ചിലപ്പോൾ ധൂർത്തന്മാരെ
കൂടി ഉർവ്വത്തികളിൽ പ്രവേശിപ്പിക്കാതിരിപ്പാൻ ഉപകരിച്ചുകാ
ണുന്നുണ്ട. എന്നാൽ ഈ വക ഗുണങ്ങളും കുമുകണുനിൽ തീരെ
ശൂന്യമായിരുന്നതുകൊണ്ട് അയാൾക്ക യഥേഷ്ടം എന്തും പ്രവൃ
ത്തിക്കുന്നതിന്ന തടസ്ഥമുണ്ടായിരുന്നില്ല. കാര്യസാദ്ധ്യത്തിന്നുവേ
ണ്ടി മാതാപിതാക്കന്മാരെ ഹനിക്കുന്നതിന്നുകൂടി അയാൾ എ
പ്പോഴും സന്നദ്ധനായിരുന്നു.

കെ. അപ്പുനമ്പ്യാർ. ബി. എ.

തുടരും.

മൈത്രി.

———— :o: ————

ഉത്തമം മദ്ധ്യമം അധമം എന്നിങ്ങനെ എല്ലാറ്റിനെയും
മൂന്നായി ഭാഗിയ്ക്കാവുന്ന കൂട്ടത്തിൽ ലോകത്തിലുള്ള ഈശ്വര സൃ
ഷ്ടികളെ ഭാഗിയ്ക്കുന്നതായാൽ, മറ്റുള്ള ജന്തുക്കൾക്കില്ലാത്തതാ
യ 'വിശേഷബുദ്ധി' എന്ന മഹാഗുണത്തോടു കൂടിയ മനുഷ്യരേയാ

ണ ഉത്തമ ബന്ധത്തിൽ ചേക്കേണ്ടത് എന്നുള്ളതിനു സംശയമില്ലാ. ഇങ്ങിനെയുള്ള മനുഷ്യജന്മം, മറ്റുജന്തുക്കളെപ്പോലെ ആഹാരനിദ്രാ മൈഥുനങ്ങളെക്കൊണ്ട കാലക്ഷേപം ചെയ്യുവാനുള്ളതല്ലെന്നും ജന്മം പ്രയോജനപ്പെടുത്തുവാനുള്ള പല കാര്യങ്ങളേയും സമ്പാദിക്കുവാനുള്ളതാണെന്നും സർവ്വസമ്മതമായിട്ടുള്ളതാണല്ലോ.

ഇതുകൊണ്ട മനുഷ്യരുടെ ലോകയാത്രക്കു മറ്റുള്ള ജന്തുക്കൾക്ക ആവിശ്യമില്ലാത്ത പലേ സാമഗ്രികളും വെണ്ടിവന്നിരിക്കുന്നു.

ഉത്സാഹം, ധൈര്യം, മൈത്രി, മുതലായവകൾതന്നെയാണ് ഇവിടെ സാമഗ്രികളായിരിക്കുന്നത. ഇവകളിൽ മൈത്രി പ്രാധാന്യമേറിയതാകുന്നു. ഉത്സാഹം ധൈര്യം മുതലായവ വേണ്ടുവോളമുണ്ടെങ്കിലും ഒരുവൻ തനിയെ യത്നിച്ചിട്ട് ഒരു കാര്യം വഴിപോലെസാധിച്ചു എന്നവരുന്നതും പലരുംകൂടി ശ്രമിച്ചിട്ട് ഒരുകാര്യം അസാദ്ധ്യമായി എന്നവരുന്നതും ലോകത്തിൽ ഉള്ളതുതന്നെയാണു.

"അല്പാനാമപിവസ്തൂനാം സംഹതിഃ കാര്യസാധികാ".

ഏതുകാര്യം സിദ്ധിക്കായിക്കൊണ്ട പലരും കൂടി പ്രയത്നിക്കുമെങ്കിൽ അവർ പരസ്പരം മിത്രത്വമുള്ളവരായിരിക്കേണം. സുഖദുഃഖങ്ങളിൽ പരസ്പരംനിർവ്യാജമായിപങ്കുകൊള്ളുന്ന ഒരു സദ്ഭാവമാണമിത്രത്വം, മൈത്രി, സ്നേഹം, എന്നെല്ലാം പറയപ്പെടുന്നത. പ്രായേണ സമന്മാരായിട്ടുള്ളവരാണ മിത്രങ്ങളായി ഭവിക്കുക. സമന്മാരെന്ന പറഞ്ഞതു, ജാതികൊണ്ടോ, വയസ്സുകൊണ്ടോ ധനംകൊണ്ടോ, സ്ഥാനംകൊണ്ടോ സമന്മാരെന്നല്ലാ. ഒരുപോലെയുള്ള മനോഗതികൊണ്ട സമന്മാരായിട്ടുള്ളവർ എന്നു മാത്രമേയുള്ളൂ. ജാതി, വയസ്സു, ധനം, മുതലായവകളേക്കൊണ്ടു സമന്മാരാണെങ്കിലും വിരോധമായ മനോഗതിയോടു കൂടിയവർ സൂക്ഷ്മത്തിൽ ഒരിക്കലും മിത്രങ്ങളായി ഭവിക്കയില്ലെന്നു മാത്രമല്ലാ ചിലപ്പോൾ ശത്രുക്കളായി ഭവിക്കുകയും ചെയ്യും. അതുപോലെതന്നെ ജാത്യാദികളെക്കൊണ്ട ലേശവും സമത്വമില്ലാത്തവരാണെങ്കിലും ഒരേ വിധമായ മനോഗതിയോടുകൂടിയവർ ഏതുവിധത്തിലിരുന്നാലും മിത്രങ്ങളായും ഭവിക്കും.

രാവണനെപ്പോലെ തമോഗുണപ്രധാനനായിട്ടുള്ളവന്റെയും വിഭീഷണനെപ്പോലെ സത്വഗുണനായിട്ടുള്ളവന്റെയും മ

നോഗതികളും വിരുദ്ധങ്ങളായിട്ടേ ഭവിക്കൂ എന്നുള്ളത സൂക്ഷ്മമായിട്ടുള്ളതാണല്ലൊ. സത്വഗുണപ്രധാനനൊ രജസ്സിനെ ആശ്രയിച്ച് തമൊഗുണപ്രധാനനോ തമൊഗുണ പ്രധാനനെ ആശ്രയിച്ച സത്വഗുണപ്രധാനനോ വസിക്കേണ്ടതായി വരുമ്പോൾ കാഴ്ചയിൽ അവർ മിത്രങ്ങളാണെന്ന തൊന്നിപ്പോകുമെങ്കിലും സൂക്ഷ്മത്തിൽ അവർ വിരോധികളാതന്നെയാണ. ''ശത്രുക്കളില്ല ശത്രുക്കളാകുന്നു മിത്രഭാവത്തോടരികെ വസിക്കുന്ന ശത്രുക്കൾ ശത്രുക്കളാകുന്നതേ വണം'' എന്നും ''ഉപകർത്താരിണാ സന്ധിന്നമിത്രേണാപകാരിണാ'' എന്നും പറഞ്ഞിട്ടുള്ളതിന്റെ തത്വം ഇതുതന്നെയാണ. ഒരേ ആഹാരം ഒരേ അമ്മക്കും ജനിച്ചിട്ടുള്ള മക്കൾ പരസ്പരം സ്നേഹമില്ലാതെയും വിരോധികളായും ഭവിക്കുന്നതിനുള്ള കാരണം സൂക്ഷ്മത്തിൽ മനോഗതിയുടെ വൈചിത്ര്യമാണന്നല്ലെ പറയെണ്ടതു.

കായ്യം ഇങ്ങിനെയായിരിക്കയ്യാ ലോകത്തിൽ പലരും ജാത്യാദികളെക്കൊണ്ടു മാത്രം സമന്മാരായിട്ടുള്ളവരെയാണ് മിത്രതേന സ്വീകരിച്ചുവരുന്നത്. ഇതുനിമിത്തം പലപ്പൊഴും വലിയ ദോഷങ്ങളാണ് നേരിട്ടിട്ടുണ്ട്. സൽസ്വഭാവിയായ ഒരാൾ ഇതര സംഗതികളെക്കൊണ്ട സമനും, ദുസ്സ്വഭാവിയും ആയ ഒരാളെ മിത്രതേന സ്വീകരിക്കുന്നതുകൊണ്ട് സൽസ്വഭാവി ദുസ്വഭാവിയായിത്തീന്ന ലോകനിന്ദയ്യ പാത്രമായിത്തീരുന്നതും ചിലപ്പോൾ ദുസ്സ്വഭാവിയാൽ സൽസ്വഭാവി വഞ്ചിതനായി ഭവിക്കുന്നതും പലപ്പൊഴും അനുഭവമുള്ള ഒരു കായ്യമാണ. ''ആയാളെ ഒരു തരക്കാരനാണെന്ന ഞാൻ ആദ്യം വിചാരിച്ചില്ലാ. ഇപ്പോളല്ലെസ്വഭാവം മനസ്സിലായ്യു'', എന്ന പലപ്പൊഴും പശ്ചാത്താപത്തോടുകൂടി പറയുവാനിടവന്നിട്ടുണ്ട്. ഇത സ്വാർത്ഥതല്പരന്മാരായവരുടെ മനോഗതിയെ മനസ്സിലാക്കാതെ അവരുടെ പിരട്ടിൽ അകപ്പെട്ട അവരെ മിത്രതേന സ്വീകരിക്കുകയോ വിശ്വസിക്കുകയോ ചെയ്തിട്ടുള്ളതിന്റെ ഫലമാണെന്നുള്ളതിന്ന സംശയമുണ്ടോ? ''വചസ്യന്യന്മനസ്യന്യൽകർമ്മണ്യന്യൽദുരാത്മനാം'' എന്നുള്ളത ഒരിക്കലും മറന്നുകൂടാത്തതാകുന്നു. ലോകമയ്യാദയെ അനുസരിച്ച മിത്രമാണെന്ന വിചാരിക്കപ്പെടുന്നവൻ ചിലപ്പോൾ ശത്രുവായും

ശത്രുവാണെന്നു വിചാരിക്കപ്പെടുന്നവൻ മിത്രമായും ഭവിക്കുന്നതു ണെന്ന് പറഞ്ഞുവല്ലൊ. അതുകൊണ്ട ഒരാളെ ശത്രുവെന്നൊ മിത്ര മെന്നൊ തീർച്ചപ്പെടുത്തുന്നത വളരെ ആലോചിച്ചു വേണ്ടതാണ്.

ശത്രുവിനെ മിത്രമാണെന്നൊ മിത്രത്തെ ശത്രുവാണെന്നൊ ധരിച്ചുപോയാൽ അവസാനം വ്യസനിക്കുവാനിടവരുന്നതാണെ ന്ന് പലക്കും അനുഭവമുള്ളതായിരിക്കും.

പുറത്ത പീയൂഷഭാവവും ഉള്ളിൽ കാളകൂടഭാവവും വഹിച്ചു കൊണ്ടിരിക്കുന്ന കാഞ്ഞിരപ്പഴംപോലെയുള്ള ചില വകക്കാരുണ്ട്. ''മുൻഭാഗത്തെ പല്ലുകൊണ്ട ചിരിച്ച് അണയ്ക്കലെ പല്ലുകൊണ്ട ആമക്കുന്നവർ'' എന്നുപറയുന്നത ഈ വകക്കാരെക്കുറിച്ചാണ്.

''പരോക്ഷേകാര്യഹന്താരംപ്രത്യക്ഷേപ്രിയവാദിനം-
വർജ്ജയേൽതാദൃശംമിത്രംവിഷകുംഭംപയോമുഖം॥

കാണുമ്പോൾ ഭംഗിപറകയും കാണാതിരിക്കുമ്പോൾ ദോഷംചെ യ്യുകയും ചെയ്യുന്നവൻ അടിയിൽ വിഷവും മേലെ പാലും ഉള്ള കു ടംപോലെയാണെന്നും അങ്ങിനെയുള്ള മിത്രത്തെ ഉപേക്ഷിയ്ക്ക ണമെന്നുമാണ ഇതിന്റെ താല്പര്യം. ഒരുവൻ മിത്രതെ നസ്വീ കരിക്കുന്നതും യോഗ്യതയുള്ളവനൊ അല്ലയൊഎന്ന തീർച്ചപ്പെട്ട ത്തുവാൻ ആയാളുടെ കുലം, ഗോത്രം, നാമം, മുതലായതിനെക്കു റിച്ചു വിചാരിക്കേണ്ട ആവശ്യമേയില്ല.

''പുംസസ്സ്വഭാവഗുണമേവനിരൂപണീയം
തജ്ജന്മഭൂമിവിനിരൂപകഥാപ്രഥൈവ.
കംകോളകൂടമിഹവന്ദതിസാഗരോത്ഥം
കോവാരവിന്ദമിഹനിന്ദതിപങ്കജാതം.''

പുരുഷന്റെ സ്വഭാവഗുണത്തെക്കുറിച്ചേ വിചാരിക്കേണ്ടതുള്ളു. ജനിച്ചത് എവിടെയാണെന്നും മാറും ആലോചിച്ചിട്ടാവശ്യമില്ല. സമുദ്രത്തിലുണ്ടായതാണെന്നു വിചാരിച്ച് വിഷത്തെ വന്ദിക്കുക യൊ ചെളിയിലുണ്ടായതാണെന്നു വിചാരിച്ച് താമരയെ നിന്ദി ക്കുകയൊ ചെയ്യുന്നുണ്ടൊ?

ഒരുപോലെയുള്ള സ്വഭാവക്കാരനാണെങ്കിൽ ദുഷ്ടന്മാരുടെ മൈത്രിപോലും കളങ്കമില്ലാത്തതായിരിക്കും. ''സപ്പും മാതുമറി

ഞ്ഞീട്ടും സപ്പ്ത്തിന്റെറ പടങ്ങളെ" എന്നപറഞ്ഞതുപോലെ അവർ പരസ്പരമുള്ള കാപട്യത്തെ അറിവാൻ കഴിവുള്ളവരാകയാൽ പരസ്പരം കപടം കാണിക്കുവാൻ സാധിക്കാത്തതും തന്നിമിത്തം അങ്ങിനെയുള്ളവരുടെ മൈത്രിയിൽ കളങ്കം ഭവിക്കാതിരിക്കുന്നതുമാകുന്നു. രണ്ടു ദോഷങ്ങൾ തമ്മിൽ ചേർന്നാൽ അതുകൊണ്ട പരസ്പരം ദോഷം തട്ടുന്നതല്ലെന്ന നമ്മുടെ ജ്യോത്സ്യന്മാരും സമ്മതിക്കുന്നതാണ്. ഭർത്താവിന്റെറ ജാതകത്തിൽ ഏഴാമെടത്ത ചൊവ്വ നിന്നാൽ ഭാര്യക്കും ഭാര്യയുടെ ജാതകത്തിൽ ഏഴാമെടത്തചൊവ്വ നിന്നാൽ ഭർത്താവിനും ദോഷമാണെന്ന പ്രമാണമുണ്ടെങ്കിലും രണ്ടുപേരുടേയും ജാതകത്തിൽ ഏഴാമെടത്ത ചൊവ്വ നിൽക്കുന്നുണ്ടെങ്കിൽ പരസ്പരം യാതൊരു ദോഷവും തട്ടുന്നതല്ലെന്നാണല്ലൊ ജ്യോത്സ്യന്മാർ അഭിപ്രായപ്പെടുന്നത്. സ്വഭാവസാമ്യമുള്ളവരുടെ മൈത്രി കളങ്കമില്ലാത്തതായിരിക്കുമെങ്കിലും ഒരു ദുഷ്ടനു വേറെ ഒരു ദുഷ്ടൻ മിത്രമായിവരുന്നത് അമാവാസിയിലെ രാത്രിക്ക് സ്വതേയുള്ള കൂരിരുട്ട മഴക്കാറുകൂടെ കൂടിയാൽ ഒന്നുകൂടി വർദ്ധിക്കുന്നതുപോലെ ദുഷ്ടത വർദ്ധിച്ച ഒരുകാലത്തും പോരെയാകാത്തവിധം നശിച്ചുപോകുവാനിടയായിതീരുന്നതുകൊണ്ട ദുഷ്ടത എന്നുള്ളത അവനവനെ കെടുക്കുന്ന മഹാശത്രുവാണെന്ന അറിഞ്ഞിരിക്കേണ്ടതാണ്. ഒരു ഭാഗത്തെക്കുറിച്ച വേറെ ഒരവസരത്തിൽ വിസ്തരിക്കാം. ഒരുവൻ ദുസ്വഭാവിയാണെന്നറിയപ്പെട്ടാൽ അവനെ സൽസ്വഭാവമുള്ളവൻ ഒരിക്കലും മിത്രത്വേന സ്വീകരിക്കുന്നതല്ല.

ദുരാത്മാക്കളുടെ വിചാരവും വാക്കും പ്രവൃത്തിയും ഒന്നുപോലെയല്ലായ്കയാൽ അവരുടെ കാപട്യം കണ്ടുപിടിക്കുവാൻകഴിവില്ലാത്തതുകൊണ്ടാണ ശുദ്ധാത്മക്കളായവർക്ക പലപ്പോഴും അബദ്ധം പറ്റിപ്പോകുന്നത്.

മുമ്പ യാതൊരു പരിചയവുമില്ലാത്ത ഒരാളെ യദൃഛയായികണ്ടു സംസാരിക്കുവാനിടവന്നാൽ ആയാളെ മിത്രമെന്ന വിചാരിക്കുകയും മിത്രമാണൊ എന്നും മറും എഴുതിതുടങ്ങുകയുംചെയ്യുന്നത സാധാരണ പതിവായിരിക്കുന്നു. അങ്ങിനെയുള്ളവരെ പ

രിചയക്കാരാണെന്നല്ലാതെ മിത്രങ്ങളാണെന്ന പറഞ്ഞുകൂടാ. ശ്രേയസ്സിനെ കാംക്ഷിക്കുന്നവർ നല്ല മിത്രങ്ങളെ സമ്പാദിക്കുവാൻ സർവ്വഥാ ശ്രമിക്കേണ്ടതാണ്.

"പാപാന്നിവാരയതിയൊജതേഹിതായ
ഗുഹ്യാനിഗൂഹതിഗുണാൻപ്രകടീകരോതി.
ആപൽഗതംചനജഹാതിദദാതികാലെ
സന്മിത്രലക്ഷണമിദംപ്രവദന്തിസന്തഃ."

"ധർമ്മോപദേശംകൊണ്ട് ദുഷ്കർമ്മപ്രവൃത്തിയെ തടുക്കും സൽകർമ്മങ്ങളെ ചെയ്യാൻ ഉത്സാഹിപ്പിക്കും. മറച്ചുവെക്കേണ്ടകാര്യങ്ങളെ മറച്ചുവെയ്ക്കും. സൽഗുണങ്ങളെ പ്രസിദ്ധമാക്കും. ആപത്തുകാലത്തുപേക്ഷിക്കയില്ല. വ്യസനാദിസമയത്തിങ്കൽ വേണ്ടതു കൊടുക്കും. ഇതാണ് കൈതവമില്ലാത്ത മിത്രത്തിന്റെ ലക്ഷണം എന്ന് സജ്ജനങ്ങൾ പറയുന്നു". ഇങ്ങിനെയുള്ള മിത്രങ്ങളെയാണ് തിരഞ്ഞെടുക്കേണ്ടത്.

ജാത്യാദിഗുണങ്ങളും മൈത്രിക്കു കാരണങ്ങളല്ലെന്ന പറഞ്ഞിട്ടുണ്ടല്ലൊ. ഒരാൾ നല്ല വിദ്വാനായിരുന്നാലും മിത്രത്തിന്ന വേണ്ടതായ സൽഗുണങ്ങളില്ലാത്ത ദുസ്വഭാവിയാണെങ്കിൽ ആയാളെ ഉപേക്ഷിക്കണമെന്നാണ്, മഹാന്മാരുടെ അഭിപ്രായം.

"ദുർജ്ജനഃപരിഹർത്തവ്യോ വിദ്യയാലങ്കൃതോപിസൻ,
മണിനാഭൂഷിതസ്സർപ്പഃകിമസൌനഭയങ്കരഃ".

ജാത്യാദിഗുണങ്ങളും വിദ്വത്വവും ഉള്ളവൻ മിത്രങ്ങളായിരിക്കുവാൻ യോഗ്യതയില്ലെന്നല്ലാ പറയുന്നത്. സ്വഭാവഗുണത്തോടുകൂടി ആവക ഗുണങ്ങളും ഉണ്ടെങ്കിൽ വളരെ വിശേഷംതന്നെയാണ്. സ്വഭാവഗുണമില്ലാതെയും മറ്റുള്ള ഗുണങ്ങളും തികഞ്ഞും ഇരിക്കുന്ന ഒരാളെക്കാളും മറ്റുള്ള ഗുണങ്ങളില്ലാതെയും സ്വഭാവഗുണത്തോടുകൂടിയും ഇരിക്കുന്ന ആളാണ മിത്രമെന്നു വിചാരിക്കുവാൻ യോഗ്യൻ എന്നേപറയുന്നുള്ളൂ. സ്വഭാവസാമ്യമുള്ളവരുടെ മൈത്രിക്കേ ദാഢ്യമുണ്ടാകയുള്ളൂ എന്നുപറഞ്ഞിട്ടുള്ളതു കൊണ്ട് മേൽപറയപ്പെട്ട ലക്ഷണത്തോടുകൂടിയ സന്മിത്രത്തിന്റെ ലാഭത്തെ ആഗ്രഹിക്കുന്നവർക്കും ആ ലക്ഷണമുണ്ടായിരിക്കേണ്ടതാണെന്ന സ്പഷ്ടമാകുന്നുണ്ടല്ലൊ.

ഇങ്ങിനെയുള്ള ഉത്തമന്മാക്ക് സിദ്ധിക്കുന്ന സന്നിധ്രലാഭം സുവർണ്ണത്തിനു സുഗന്ധം ഉണ്ടാകുന്നതു പോലെതന്നെയാണു. ഈ വിധമുള്ള ഉത്തമ മൈത്രി സകലകാര്യങ്ങളെയും അനായാസേന സാധിപ്പിക്കുന്നതും കളങ്കമില്ലാതെയും നശിക്കാതെയും. ഉള്ളു കീർത്തിക്കു കാരണമായിട്ടുള്ളതും ആണെന്നുള്ളതിനു യാതൊരു സംശയവുമില്ലാ.

സുഗ്രീവനോടുള്ള മൈത്രി നിമിത്തം ശ്രീരാമനും ശ്രീകൃഷ്ണനോടുള്ള മൈത്രി നിമിത്തം പാണ്ഡവന്മാക്കും ലഭിച്ചിട്ടുള്ള വിജയവും സൽകീർത്തിയും ഇന്നും ഗ്രഹംതോറും ഗാനം ചെയ്യപ്പെടുന്നില്ലേ!

· ചിറ്റൂർ വരവൂരെ ശാമുമേനോൻ.

* ചില മലയാള വർണ്ണങ്ങൾ.

———— : o : ————

ചില മലയാള പദങ്ങളുടെ അവസാനത്തിൽ വരുന്ന ഒരു സംവൃതസ്വരത്തെ സംബന്ധിച്ച മലയാളികൾ ഇപ്പോഴും ഭിന്നാഭിപ്രായക്കാരായിരിക്കുതന്നെ ചെയ്യുന്നു. 'ആണ്,' 'പെണ്ണ്,' 'കാറു' മുതലായ പദങ്ങളിലെ അന്ത്യസ്വരത്തെ സംവൃതോകാരം എന്നു 'കേരള പാണിനീയ' കർത്താവ് വ്യവഹരിക്കുന്നു. അതിനുമുന്നം, ഈ സംവൃത സ്വരത്തെ കുറിക്കേണ്ടതു് ഉകാരോപരിചന്ദ്രക്കലയിട്ടാണെന്നു പറഞ്ഞിരിക്കുന്നു. എന്നാൽ, കേരള പാണിനീയകർത്താവിന്റെ മതാനുയായികളായി തിരുവിതാംകൂറിൽ പലരും ഉണ്ടെങ്കിലും, ഉത്തര കേരളീയന്മാക്ക് ഈ സമ്പ്രദായത്തിൽവിപ്രതിപത്തിയാണുള്ളതെന്നു കാണുന്നു. സംവൃത സ്വരത്തിൽ അവസാനിക്കുന്നതും ഉച്ചരിക്കേണ്ടതുമായ മേല്പറഞ്ഞ വാക്കുകളെ പല പ്രകാരത്തിൽ എഴുതാറുണ്ടു്. അകാരാന്തമായി 'ആണ' എന്നെഴുതിയാൽ മതിയെന്നു് ഉത്തര കേരളീയർ ഏറിയ കൂറും നിഷ്കർഷിക്കുന്നു; അകാരോപരിചന്ദ്രക്കലയിട്ട 'ആണ്' എന്ന രീതിയിലാണ് കൊച്ചിയിലും മറ്റുള്ള ആളുകളിൽ പലരും എഴുതുന്നതു്. എന്നാൽ ബഹുഭൂരിപക്ഷം മലയാളക്കാർ ഉകാരം മാത്രമാക്കി 'ആണു' എ

* തിരുവനന്തപുരം കാളേജ് മലയാള സമാജത്തിന്റെ ഒരു യോഗത്തിൽ വായിച്ചതു്.

ന്നെഴുതുകയും, മറുകാരമായി ഉച്ചരിക്കയും ചെയ്യുവരുന്നു. കേരളപാണിനീയാനുവർത്തികാരൻ ഉകാരോപരി ചന്ദ്രകലയിട്ട 'അതു ണ്' എന്നെഴുതുന്നു. അകാരാന്തം മാത്രമായി എഴുതുന്നവർ, ചിലടങ്ങളിലേ സംവൃതസ്വരമായി ഉച്ചരിക്കാറുള്ളൂ. മറ്റു ചിലതിൽ മലബാർക്കാർ, 'നായ' (നായയുടെ), 'പായ' (പായയുടെ) മുതലായവയെപ്പോലെ അകാരാന്തമായിട്ടുതന്നെ ഉച്ചരിക്കുന്നു.

ഇങ്ങനെ ബഹുവിധത്തിൽ എഴുതുകയും ഉച്ചരിക്കയും ചെയ്യുന്നുണ്ടെങ്കിലും, പദാന്തത്തിൽ ഒരു സംവൃതസ്വരം ഉണ്ടെന്നുള്ള വാദത്തെ എല്ലാവരും സമ്മതിക്കുന്നു. എന്നാൽ, അതിനെ കുറിക്കേണ്ടതു് ഏതു രീതിയിലാണെന്നുള്ള കാര്യത്തിലേ വിസംവാദം കാണുന്നുള്ളൂ. ഇക്കാര്യത്തെ സംബന്ധിച്ചു് 'കവനോദയ' പ്രവർത്തകൻ രാജശ്രീ കടത്തനാട്ടു ഉദയവർമ്മ രാജാ അവർകളും ഞാനുമായി ഈയിട വാദപ്രതിവാദം ചെയ്തപ്പോൾ, അദ്ദേഹം പദാന്ത സംവൃത സ്വരത്തെപ്പറ്റി സമ്മതിച്ചു പറഞ്ഞുവെങ്കിലും, ചിഹ്നരീതിയിൽ കേരളപാണിനീയത്തോടു വിയോജിക്കയും, അകാരാന്തമായിത്തന്നെ എഴുതി സംവൃതസ്വരോച്ചാരണം ചെയ്താൽ മതിയെന്നു വാദിക്കയും ഉണ്ടായി. കേരളീയ വിദ്വാന്മാർ പലരും മേൽപറഞ്ഞ വിധം സംവൃത സ്വരോച്ചാരണത്തെ സംബന്ധിച്ചു് ഏകമതക്കാരായിരുന്നിട്ടും, ചിഹ്നന രീതിയെക്കുറിച്ചു ഭിന്നമതക്കാരായിരിക്കുന്നതിന്റെ ഹേതു എന്താകാം? വാസ്തവത്തിൽ ഇവർ സമ്മതിക്കുന്ന സംവൃത സ്വരത്തെ ഉച്ചരിക്കുന്നതു് ഒരേ പ്രകാരത്തിലല്ലാ. ഇതാണു് ഭിന്നാഭിപ്രായത്തിനു് കാരണമെന്നു ഞാൻ വിചാരിക്കുന്നു. തെക്കൻ തിരുവിതാംകൂറുകാരുടെ സംഭാഷണത്തെ ഉറുനോക്കിയാൽ, അവരിൽ പലരും മേല്പറഞ്ഞ സംവൃത സ്വരത്തെ ഒരു സംവൃത-ഏകാരമായി ഉച്ചരിക്കുന്നുണ്ടെന്നു ഗ്രഹിക്കാം; ഇതു് തമിഴിനോടുള്ള അടുപ്പംകൊണ്ടുണ്ടായ ഭേദമായിരിക്കണം. ഇവരുടെ ഇഴഞ്ഞ രീതിയെ മറുള്ളവർ വിലക്ഷണമായി കരുതി ആക്ഷേപിക്കുന്നതും പ്രസിദ്ധമാകുന്നു. ഇവർ മേല്പറഞ്ഞ സംവൃത സ്വരത്തെ ഉകാരത്തിന്റെ വകഭേദമായി ഗണിക്കാതിരിക്കയും, ഉകാരോപരി ചന്ദ്രകലയിട്ടെഴുതുന്ന വിഷയത്തിൽ

ഉദാസീനരായിരിക്കയുംചെയ്യുന്നതു് അത്ഭുതകരമല്ലല്ലോ. തിരുവനന്തപുരം മുതൽ വടക്കോട്ടു കൊച്ചിവരെ പലേടത്തും സംവൃതോകാരമായിട്ടാണ് പലരും ഉച്ചരിക്കുന്നതു്: അതിനാൽ, ഉകാരോപരി ചന്ദ്രക്കലയിടുന്നതിന്റെ ഔചിത്യം അവക്കു നല്ലവണ്ണം മനസ്സിലാകുവാനിടയുണ്ടു്. അതിനാലത്രെ 'കേരളപാണിനീയ' വിധിയെ അനുവർത്തിക്കുന്നതിൽ അവർ, പൂർവ്വാചാരലംഘനവൈമനസ്യമില്ലാതെ, വാസ്തവമായ വൈമത്യം കാട്ടാതിരിക്കുന്നതു്. എന്നാൽ, മലബാർക്കാരുടെ സംവൃതസ്വരം ഉകാരത്തിന്റെയോ ഏകാരത്തിന്റെയോ വകഭേദമല്ലാ. കോഴിക്കോടു മുതലായ പ്രദേശങ്ങളിലുള്ളവരുടെ സംഭാഷണരീതിയെ ശ്രദ്ധിച്ചു നോക്കിയാൽ മേല്പറഞ്ഞ സംവൃതസ്വരം ഇകാരത്തിന്റെ ഉരുവലിവാണെന്നു തോന്നും. അതുകയാൽ അവർ ഉകാരോപരി ചന്ദ്രക്കലയിട്ടെഴുതുവാൻ മടിക്കുന്നതു് വിസ്മയജനകമല്ലല്ലോ. ഇനി സംവൃത-അകാരമായി ഉച്ചരിക്കുന്നവർ ചിലരുണ്ടു്; ഇവർ മിക്കവാറും കൊച്ചിസംസ്ഥാനനിവാസികളാകുന്നു. ഇവരും കേരളപാണിനീയത്തെ അനാദരിക്കുന്നതിൽ ആശ്ചര്യപ്പെടുവാനില്ലാ.

മേൽചൊന്ന സംവൃതസ്വരത്തിൽ അവസാനിക്കുന്ന നാമപദങ്ങളുടെ ബഹുവചനരൂപം നോക്കുമ്പോൾ ആ സ്വരം ഉകാരം (പൂർണ്ണം) ആയി മാറുന്നുവെന്നു് കണ്ടാണ് സംവൃതസ്വരം ഉകാരത്തിന്റെ വകഭേദമെന്നു 'കേരളപാണിനി' വിധിക്കുന്നതു്. അന്യസ്വരം സംവൃതോകാരമല്ലെന്നുള്ള അഭിപ്രായക്കാർക്കു് ഇപ്പറഞ്ഞ ബഹുവചനരൂപങ്ങളിലെ സ്വരമാറ്റത്തിനു സമാധാനമായി, 'പ്രത്യയം ചേരുമ്പോൾ അന്ത്യസംവൃതസ്വരം ലോപിച്ചു ഉകാരാഗമം വരുന്നു' എന്നു പറയാമല്ലോ; എന്നുവച്ചാലും, പ്രത്യയത്തിന്റെ മറ്റു സ്ഥലങ്ങളിലുള്ള പ്രവേശത്തെപ്പറ്റി ആലോചിച്ചാൽ ഈ സമാധാനം അവിടെ സാധുവല്ലാതെ വരുന്നതാണു്. പിന്നെ ഉച്ചാരണത്തെ അനുസരിച്ചു ലിപിയെക്കുറിക്കണമെന്നുള്ള നിഷ്കർഷം നോക്കുമ്പോൾ ഇവരുടെ രീതി അശാസ്ത്രീയമായിരിക്കുന്നുവെന്നു കാണാം. മലബാർക്കാരുടെ സംവൃതസ്വരം ഇകാരത്തിന്റെ ഉരുവലിവായിരിക്കെ അതിനെക്കുറിപ്പാൻ ഇക്കാരോ

ചരി ചന്ദ്രക്കലയല്ലേ ഇടേണ്ടതു ? എന്നാൽ അവർ അകാരം മാത്രമായിട്ടാണല്ലോ എഴുതുന്നതു. അതിനാൽ അവരും അവ്യവസ്ഥിതമായി പ്രവർത്തിക്കുന്നു. സംവൃത-അകാരം ഉച്ചരിക്കുന്നവർ അകാരോച്ചരി ചന്ദ്രക്കലയിടുന്നതു സാധുതന്നെ. സംവൃത-ഉകാരക്കാർ ഉകാരോച്ചരി മിഞ്ചലിടുന്നതും ശരിയാണു. പൂർണ്ണ ഉകാരം മൊഴിയുന്നവർ അതേവിധം ഉച്ചരിക്കാതെ സംവൃതസ്വരമായി ഉച്ചരിച്ചിരുന്നുവെങ്കിൽ ആക്ഷേപമില്ലാതിരുന്നേനേ. ആകപ്പാടെനോക്കിയതിൽ കേരളപാണിനീയ വിധിയോടു യോജിക്കുന്നവരാണു് അധികമാളുകളെന്നു തോന്നുന്നു. പ്രസ്തുത സംവൃതസ്വരം വാസ്തവത്തിൽ ഉകാരഭേദമായിരിക്കണം. ഭാഷാഭേദം കൊണ്ടും ഉച്ചാരണഭാഷാസമ്പ്രദായങ്ങളാലും അവിടവിടെ മാറ്റമുണ്ടായതായിരിക്കാം. കേരളപാണിനീയകർത്താവു് മധ്യകേരളീയന്മാരുടെ പ്രയോഗത്തെ അവലംബിച്ചു് വിധിചെയ്തിരിക്കയാൽ തിരുവിതാംകൂറിൽ ഭൂരിപക്ഷക്കാരും അതിനെ ആദരിക്കുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ലാ. മറ്റുള്ള ഭിന്നോച്ചാരണക്കാർ താന്താങ്ങളുടെ ഉച്ചാരണത്തിനു ചേർന്ന രീതിയിൽ അടയാളം ചെയ്തിരുന്നുവെങ്കിൽ ഒരുവിധം സഹിക്കാമായിരുന്നു. അതു ചെയ്യാതെ അവ്യവസ്ഥിതമായി പ്രയോഗിക്കുന്നതു യുക്തമാണെന്നു തോന്നുന്നില്ലാ. ഈ അന്ത്യസ്വരോച്ചാരണ വിഷയത്തിൽ ഭിന്നഭിന്ന രീതികളെ അവലംബിച്ചിരിക്കുന്ന കാലമത്രയും, സംവൃതസ്വരചിഹ്നകായ്ത്തിൽ മലയാളികൾ വിയോജിച്ചിരിക്കയേ ഉള്ളൂ എന്നു തോന്നുന്നുമുണ്ടു്.

ഇനി മറ്റൊരു വർണ്ണത്തെക്കുറിച്ചു അല്പം പറവാനുണ്ടു്. 'നന,' 'പന' ഇത്യാദികളിലെ ദ്വിതീയവർണ്ണത്തെക്കുറിപ്പാൻ പ്രത്യേകലിപി ആവശ്യമെന്നു ഭാഷാശാസ്ത്രജ്ഞന്മാർ നിഷ്കർഷിക്കുന്നു. ഒരു ലിപി ഒരേ ഒരു വർണ്ണത്തെയേകുറിക്കാവൂ എന്നും, ഒരു വർണ്ണത്തെക്കുറിപ്പാൻ ഒരേ ഒരുലിപിയേ പാടുള്ളൂ എന്നും ശാസ്ത്രം നിഷ്കർഷചെയ്യുന്നുണ്ടു്. ആനിയമത്തിനു് മലയാളഭാഷയിലേ അക്ഷരപട്ടികയും വ്യത്യസ്തമായിരിക്കുന്നു. ഈ നിഷ്കർഷത്തെ അനുസരിക്കയാണെങ്കിൽ, 'നന' യിലേ രണ്ടുവിധവർണ്ണങ്ങളെയും ഒരേ ലിപികൊണ്ടുകുറിക്കുന്നതു അയുക്തവും ആകുന്നു. 'തിന്നുന്നു,' 'തിന്നു,' 'തി

ന്നും' എന്നിവയിലെ ദ്വിതീയവർണ്ണങ്ങളെ ഒരു പോലെ ഉച്ചരിക്കുന്നതിനു ചിലരേ പ്രേരിപ്പിക്കുന്നുള്ളൂ എന്നതാണ് വാസ്തവം. വാസ്തവത്തിൽ, ലിപിഭേദം ചെയ്യുന്നത് മലയാളഭാഷയെ അഭ്യസിച്ചുതുടങ്ങുന്നവർക്ക് സന്ദേഹനിവാരകവും, ശാസ്ത്രീയരീത്യാ ആവശ്യകവുമാകുന്നു. ഈ വർണ്ണത്തെക്കുറിപ്പാൻ കേരളപാണിനീയകർത്താവിനാൽ നിർദ്ദിഷ്ടമായ 'ണ' എന്ന ലിപിയാണ് ആദരണീയമെന്നുള്ളത്, തമിഴിൽ ഈതേ വർണ്ണത്തിനുള്ള ലിപി ഇതിനു ഭിന്നരൂപമായിരിക്കുന്നു എന്നതിനാൽ സിദ്ധമാകുന്നു. ഈ പുതിയലിപിക്ക് അച്ചുകൂടക്കാർ കുറെ ക്ലേശിക്കുമായിരിക്കാം. 'ണ്' എന്നതുണ്ടാക്കുവാൻ 'ണ'യുടെ ഒടുവിലത്തെ കുനിപ്പു തട്ടിക്കളകയോ, 'ഇ'യുടെ താഴത്തെഭാഗം എടുത്തുകളകയോ ചെയ്താൽ മതിയാകും. ഉകാരം ചേരുമ്പോഴത്തെ രൂപത്തിനു ''ക്ലൂപ്തി'' എന്ന വാക്കിലെ 'ണ'വിനെ പ്രയോഗിക്കുകയൊ, അഥവാ, ഉകാരക്കുറിപ്പായചുഴിപ്പു ചേർക്കുകയോചെയ്യാം. ദ്വിതീയത്തിനു 'ണ്ണ'യുടെ അന്ത്യഭാഗം ചേർത്താൽ കിട്ടുന്ന 'ണ്ണ' മതിയാകും. ഇങ്ങിനെ, ഈ പുതിയ വർണ്ണത്തെ താഴെ കാണിക്കുന്ന പ്രകാരം കുറിക്കാം.

ഉ—ം:- (ക്ര) ണ്ണം. ണ്ണാം. ണ്ണി. വാണീന്നു. കുണുക്കണെ. (ഇത്യാദി)

(വ) ഇണ്ണത്ത്. ഇണ്ണാക്ക്. ഇണ്ണിയും. തിണ്ണന്നു. എ'ണ്ണ. (ഇത്യാദി)

ഈവിധം പുതിയ ലിപികളേ ഉപയോഗിക്കുവാൻ അച്ചുകൂടക്കാർ പ്രത്യേകം കരുവുകളുണ്ടാക്കുന്നതു ഉത്തമമായിരിക്കും. ഇംഗ്ലീഷ് വാക്കുകൾ മലയാളത്തിൽ വന്നുതുടങ്ങിയതു മുതല്ക്കു ചിലഉച്ചാരണങ്ങളെ കുറിപ്പാൻ ലിപികളില്ലാതെ നാം ക്ലേശിക്കാറുണ്ടല്ലോ. 'ഫ്ാദർ' (Father) 'മിഡ്വൈഫ്കൾ' 'എഫ് ഏ' മുതലായ വാക്കുകൾ മലയാളത്തിലെഴുതുമ്പോൾ F എന്ന ഉച്ചാരണത്തിന് 'ഫ' എന്നേ അച്ചടിക്കാൻ ഇട വരുന്നുള്ളൂ. ഇതിന്റെ പരിഹാരത്തിനായി ചിലർ ഫയുടെ മീതെ ചന്ദ്രക്കലയിടുകയും, ചിലർ ഇംഗ്ലീഷിലേ, അന്തരചിഹ്നം ഇടുകയും ചിലർ മറ്റുവിധം സൂചിപ്പിക്കുകയും ചെയ്യാറുണ്ടു്. ഈയിട 'മലയാള മനോരമ' അച്ചുകൂടക്കാർ മറ്റൊരുവിധം ഉപായം പ്രയോഗിച്ചിരിക്കുന്നു. 'ഫ' യു

ടെ ഒടുവിലത്തെക്കുനിപ്പ് അവസാനിക്കുന്നതിന് മുമ്പ് ഇടത്തോട്ട് ഒരു കുനിപ്പുകൂടെ ചേർത്ത് എഴുതുന്ന സമ്പ്രദായമാണ് അവർ പ്രയോഗിക്കുന്നത്. ഇതിന് പുതിയതായി ഒരു കരുവ് വാർത്തിട്ടുണ്ടെന്ന് തോന്നുന്നു. ഈ വിധം പുതിയ പുതിയ ലിപികളെ അച്ചുകൂടക്കാർ ഉണ്ടാക്കുന്ന പക്ഷം ണ കാരത്തിന്റെ കായ്വും സുലഭമാകുന്നതാണു. പുതിയ ലിപികൾ പൂർവ്വാചാരനിഷ്ഠന്മാക്ക് രുചിക്കയില്ലെങ്കിലും കാലക്രമേണ ആദരണീയമായിത്തീരുമെന്നതിന് സംശയമില്ലാ.

ഈ പറഞ്ഞ ണ കാരം ഏതുവർഗ്ഗത്തിൽ ചേർന്നതാണ് എന്നാണ് ഇനി ആലോചിക്കുവാനുള്ളതു. കേരള പാണിനീയകർത്താവ് ഇതിനെ ദന്ത്യങ്ങളുടെകൂട്ടത്തിൽ ചേർത്തെഴുതിയിരിക്കുന്നു. മൂർദ്ധന്യമായ ണ യെയും, ദന്ത്യമായ ന യെയും, ഉച്ചരിക്കുമ്പോൾ, ജിഹ്വാഗ്രം മുറയ്ക്ക് മൂർദ്ധാവിനോടും ദന്തത്തോടും അടുത്തുവരുന്നുവെന്ന് കാണാം. എന്നാൽ, ണ എന്ന പ്രസ്തുതവർണ്ണത്തിന്റെ സ്ഥാനം ന യുടേതല്ലെന്നും, ണ ന എന്നവയുടെ മധ്യേ ഇടയിലാണെന്നും അതിനാൽ, ണ കാരത്തെ കേവലദന്ത്യമായി ഗണിപ്പാൻപാടില്ലെന്നും ഗ്രഹിക്കാവുന്നതാണ്. ന കാരത്തെ ഉച്ചരിക്കുമ്പോൾ ജിഹ്വാഗ്രം ദന്തമൂലത്തിനു അല്പം മേലായിരിക്കുന്നു. ഈ വർണ്ണത്തെ ഉപദന്ത്യം എന്നൊരു പുതിയ ഗണത്തിൽ ചേർക്കുന്നതല്ലേയുക്തമായുള്ളതു? ണ എന്നതു ണകാരം തേഞ്ഞുണ്ടായതാണെന്നാകുന്നു എന്റെ അഭിപ്രായം.

ഈ ണ എന്ന വർണ്ണം ടവർഗ്ഗത്തിനും തവർഗ്ഗത്തിനും ഇടയ്ക്കുള്ള ഒരു വർഗ്ഗത്തിലേ അനുനാസികമാണെന്നു അല്പം ആലോചിച്ചാൽ മനസ്സിലാകും. പ്രസ്തുതവർഗ്ഗത്തിന് തൽകാലം മിലവർഗ്ഗം എന്നു പേരിടാം. ഈ ഖിലവർഗ്ഗത്തിൽ അനുനാസികമായ ണ കാരം കൂടാതേ വേറേ വർണ്ണങ്ങളുമുണ്ടു. ഇവയിലൊന്നു, എന്റെ അവന്റെ മുതലായ വാക്കുകളിൽ റ എന്ന ലിപിയാൽ കുറിക്കപ്പെടുന്ന ഉച്ചാരണമാകുന്നു. സാക്ഷാൽ, റകാരത്തിനും ഈ റവർണ്ണത്തിനുംതമ്മിൽവ്യത്യാസമുണ്ടു. ശബ്ദാഗമം നോക്കിയാൽ അവർ+ടെ

ആണ് 'അവന്റെ' എന്നായിട്ടുള്ളതു്. ടകാരം തേഞ്ഞു ടറകൾകിടയിലുള്ള ഒരു ച്ചാരണമായിത്തീർന്നിരിക്കുന്നു. 'തൊറെന്ന്' 'ചിറ്ററ' മുതലായവയിലെ 'ററ' ഇപ്പോഴത്തെ ഇടവർണ്ണത്തിന്റെ ഇരട്ടിപ്പാണെന്നും ഈപുതിയ വർണ്ണത്തെ കുറിപ്പാൻ 'റ' യെ ഒന്നു തിരിച്ചിട്ടു കാണിക്കാം. ഇപ്രകാരം, ടവർഗ്ഗം തേഞ്ഞുണ്ടായിട്ടുള്ള വർണ്ണങ്ങളിൽ രണ്ടുമാത്രം മലയാളത്തിൽ സാധാരണ നടക്കുന്നുണ്ടു്. അവയെ ഉദാഹരിക്കാം:—

ട	ഠ	ഡ	ഢ	ണ	(മൂർദ്ധന്യം.)
ാ	...	...	...	ന	(ഉപദന്ത്യം)

ടവർഗ്ഗത്തിലുള്ള ഠ, ഡ, ഢ, എന്നീമൂന്നിനും എതിരായി ഖിലവർഗ്ഗത്തിൽ വർണ്ണങ്ങളില്ലാ. 'ട്ട' എന്ന ദ്വിത്വത്തിന്റെ എതിരായ 'ററ' എന്ന വർണ്ണത്തെ മുറയ്ക്കു്, 'ന' എന്ന ഖിചിയെ അല്പം തിരിച്ചിട്ടുണ്ടാകുന്ന ' ാ' എന്ന ചിഹ്നംകൊണ്ടു കുറിക്കാം.

മലയാളത്തിൽ, 'ണ' കാരം ഫ്രികാകിയായിവന്നിട്ടുള്ള ഒരു ആകൃമി അല്ലെന്നും; ഒരു ഖിലവർഗ്ഗത്തിലുള്ള രണ്ടു വർണ്ണങ്ങളിലൊന്നാണെന്നും; ഈ ഖിലവർഗ്ഗത്തെ ടവർഗ്ഗത്തിന്റെ തോമാനംകൊണ്ടുണ്ടായതായി ഗണിക്കാമെന്നും; 'ണ' കാരത്തെ കേവലദന്ത്യമായി സ്വീകരിക്കുന്നതിനേക്കാൾ പ്രത്യേകമൊരു വർഗ്ഗത്തിൽ ഉൾപ്പെടുത്തിപ്പറകയാണ് വേണ്ടതെന്നും അനുമിക്കുന്നതിൽ തെറ്റുണ്ടോ എന്നറിയുന്നില്ലാ.

മേല്പറഞ്ഞ അടിപ്രായങ്ങളെക്കുറിച്ച് 'രസികരഞ്ജിനി' പുസ്തകാധിപരും, പത്രപാകന്മാരും ത്യാജ്യഗ്രാഹ്യവിവേചനം ചെയ്യേണമെന്നുള്ള അത്മനയോടുകൂടി ഈ ലേഖനത്തെ തൽക്കാലം ഉപസംഹരിച്ചുകൊള്ളുന്നു.

കേ. രാമകൃഷ്ണപിള്ള.

☞ നമ്മുടെ മാന്യലേഖകന്റെ ആഗ്രഹം സാധിക്കുന്നതിൽ ഞങ്ങൾക്കുള്ള ശുഷ്കാന്തിപോലെതന്നെ ഞങ്ങളുടെ വായനക്കാർക്കും ഉണ്ടാകാതിരിക്കയില്ലെന്ന് വിശ്വസിക്കുന്നു.

ര- ര- പ.

ഒരു ഗണനലീലാ.

——:o:——

കാശിയിലെ മഹാക്ഷേത്രത്തിൽ ഭൂമിയുടെ നേർ മദ്ധ്യം' എന്ന വെച്ചിരിക്കുന്ന സ്ഥലത്തെ ഏകദേശം ഒരു മുഴം പൊക്കവും ഒരു തേനീച്ചയുടെ ശരീരത്തോളം വണ്ണവും ഉള്ളതും വൈരം കൊണ്ടുണ്ടാക്കിയതും ആയ മൂന്നു തൂശികൾ ഒരു പിച്ചളത്തകിടിന്മേൽ നിറുത്തീട്ടുണ്ടെന്നും അവയിൽ ഒരു തൂശിയിന്മേൽ സ്വർണ്ണംകൊണ്ടു കൊണ്ടു കോത്തിട്ടുണ്ടെന്നും ഒരു പുസ്തകത്തിൽ കാണുന്നു. ഏറ്റവും വലിയ കട്ടി, ഉള്ളതിലും ചുവട്ടിലും അതിന്റെ മീതെ ശേഷമുള്ളവയിൽ വലിയതും ഇങ്ങിനെ ക്രമേണ ഏറ്റവും ചെറിയത ഉള്ളതിലും മുകളിലും ആയിട്ടാണ കോത്തിരിക്കുന്നത. ഇത ബ്രഹ്മാവിന്റെ ഗോപുരമാണെന്നും സൃഷ്ടിസമയത്തിങ്കൽ ഉണ്ടാക്കീട്ടുള്ളതാണെന്നും അപ്പോൾ ബ്രഹ്മാവിനാൽ കല്പിക്കപ്പെട്ട അലംഘ്യങ്ങളായ ആജ്ഞകൾക്കു ഭംഗം വരുത്താതെ ക്ഷേത്രത്തിലുള്ള സന്ന്യാസികൾ മേൽ പറഞ്ഞ സ്വർണ്ണക്കട്ടികൾ ആദ്യത്തെ തൂശിയിന്മേൽ നിന്നും മൂന്നാമത്തെ തൂശിയിന്മേലേക്കു മാറുന്നതിന്നു രാവും പകലും ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നും ആ പുസ്തകത്തിൽ വിവരിച്ചു കാണുന്നുണ്ട. ഒരു സമയത്ത് ഒരു സ്വർണ്ണക്കട്ടി മാത്രമെ എടുക്കാൻ പാടുള്ളൂ എന്നും, ആദ്യത്തെ തൂശിയിന്മേൽ നിന്നും ഒരു കട്ടി ഒന്നാമതായി എടുക്കുമ്പോൾ അത കട്ടികൾ ഒന്നും ഇല്ലാത്തതായ ഒരു തൂശിയിന്മേൽ ഇടേണമെന്നും, ഒരു കട്ടി അതിനെക്കാൾ വലിയതായ ഒരു കട്ടിയിന്മേൽ അല്ലാതെ ചെറിയതായഒന്നിന്മേൽ വെക്കാൻ പാടില്ലെന്നും ആണ കല്പനകൾ. ഇപ്രകാരം കട്ടികൾ എല്ലാം മൂന്നാമത്തെ തൂശിയിന്മേലേക്കു മാറിയ ഉടനെ ഗോപുരവും ബ്രാഹ്മണരും എല്ലാം പൊടിയായ്പോവുകയും ലോകം അപ്പോൾ അവസാനിക്കുകയും ചെയ്യുമത്രെ!

മേൽപറഞ്ഞപ്രകാരം കട്ടികളോ തൂശികളോ കാശിയിൽ ഉണ്ടോ എന്ന എനിക്കു അറിഞ്ഞുകൂടാ. ഏതുവിധമായാലും ഒരം ഉ

പായം ആദ്യമായി കണ്ടുപിടിച്ച ആൾ വലിയ സമർത്ഥൻ തന്നെയായിരിക്കണം. നാല് കട്ടികളും രണ്ടോമൂന്നോ മണിക്കൂറുകൊണ്ട് മൂന്നാമത്തെ തൂശിയിന്മേലക്ക മാറിക്കളയാമെന്ന ചിലർക്ക് തോന്നിയേക്കാം. എന്നാൽ അത് അത്ര കുറച്ച സമയം കൊണ്ടും മറ്റും സാധിക്കുന്നതല്ല. രണ്ടു കട്ടികൾ മാത്രമുണ്ടായിരുന്നാൽ അവയെ മാറുന്നതിന്ന മൂന്ന നീക്കങ്ങൾ ആവശ്യമുണ്ടെന്നും മൂന്ന കട്ടികൾ ഉണ്ടായിരുന്നാൽ ഏഴ നീക്കങ്ങൾ വേണമെന്നും നാല കട്ടികൾക്ക പതിനഞ്ച നീക്കങ്ങൾ വേണമെന്നും നമുക്ക പരീക്ഷിച്ച നോക്കിയാൽ അറിയാമല്ലോ.



ഈ ചിത്രം എട്ട കട്ടികളുടെ മാറ്റങ്ങളിൽ ഒരു നിലയെ കാണിക്കുന്നു.

1	2	3
		സി൮
ബി	സി൭	ബി൯
സി	സി൬	എ൯
എ	ബി൨	സി൧

എ. ബി. സി. എന്ന മൂന്ന കട്ടികൾ. അക്കം ഇട്ടിരിക്കുന്നത് എത്രാമത്തെ നീക്കം എന്ന കാണിപ്പാനാണ ഉ—ം- ബി൬- എന്നവെച്ചാൽ ആറാമത്തെ നീക്കത്തിന്ന ബി. എന്ന കട്ടി അതിന്റെ മുൻ സ്ഥാനത്തിൽ നിന്ന് എട്ടത്ത മൂന്നാമത്തെ തൂശിയിൽ ഇടണമെന്നാണ.

മൂന്നാകട്ടികാൻ ഉണ്ടായാൽ അവയെ മാറ്റുന്നതിന്റെ ക്രമം ചിത്രത്തിൽ കാണിച്ചിട്ടുണ്ട്. ഈ ക്രമത്തിന് ഓരേ കട്ടിക്കൂട്ടുന്നോറും വീക്കങ്ങളുടെ തുക ഒന്നെരട്ടിച്ച് അതിൽഒന്നധികമാവുന്നു. അപ്പെങ്കിൽ, എത്ര കട്ടികാൻ ഉണ്ടെങ്കിലും അതുപ്രാവശ്യം ൧ - എന്ന സംഖ്യ എടുത്ത തമ്മിൽ ചെരുക്കി കിട്ടിയ തുകയിൽ നിന്നും ൧ കുറച്ചാൽ ആവശ്യമുള്ള നീക്കങ്ങളുടേ സംഖ്യ കിട്ടുമെന്നും സ്പഷ്ടമാണ. ബ്രഹ്മാവിന്റെ ഗോപുരത്തിന്ന നാല കട്ടികാൻ ഉള്ള അവസ്ഥക്ക ൧൫ നാല പ്രാവശ്യം അതകൊണ്ടു തന്നെ ചെരുക്കി ൧ കുറച്ചാൽ കിട്ടുന്നേടത്തോളം നീക്കങ്ങൾ ആവശ്യമാണ. ഇത പ്രഥമ ദൃഷ്ടിയിൽ നാന്നിയെക്കാവുന്ന മാത്രം ചെറുതായ ഒരു സംഖ്യയല്ല.

18, 446, 744, 073, 709, 551, 615 നീക്കങ്ങളാണ ആവശ്യമുള്ളത്. ഒരുനീക്കത്തിന്ന ഒരു സെകൻഡ് അനുവദിക്കുന്നേ പക്ഷം കട്ടികാൻ അറുപത്തിനാലും മൂന്നാമത്തെ തൂശിയിന്മേലക്ക നീക്കുന്നതിന്ന ഇരുപതിനായിരം ലക്ഷം നൂറാണ്ടുകളിൽ അധികംവേണ്ടിവരുന്നു! കലിയുഗത്തിന്ന 432000 കൊല്ലവും ഒരു ചതുയ്യുഗത്തിന്ന് അതിൽ പത്തിരട്ടിയും മാത്രമേയുള്ളു. ഒരം കണക്കിന് എത്ര ചതുയ്യുഗങ്ങൾ കൂടിയാൽ ആണ നമ്മുടെ സല്പമായ കായ്യം സാധിക്കുക എന്നുള്ള സംശതി ഏറ്റവും വിസ്മയജനകമായിരിക്കുന്നു.

ഇപ്രകാരം വിനോദവും അറിവും ഒരുപോലെ കൊടുക്കുന്നതായ ഗണനലീലകളിൽ പണ്ടുള്ള വിദ്വാന്മാർ വളരെ ശ്രദ്ധയോടെ പരിശ്രമിച്ചു കൊണ്ടിരുന്നു. ചിലർ ഈ പഠിപ്പിനെ ദോഷന്മാരായ ധനികന്മാരേയും രാജാക്കന്മാരേയും പറ്റിപ്പാനും ഉപയോഗിച്ചിട്ടുള്ളതായികേട്ടിട്ടുണ്ട. ഒരിക്കൽ വടക്കെഇൻഡ്യയിലേ ഒരുരാജാവ് ഒരു സന്യാസിയോടു കൂടി ചതുരംഗം വെക്കുവാൻ തുടങ്ങി. പന്തയത്തിന്റെ കായ്യത്തിൽ ആദ്യം കുറച്ച തക്കമുണ്ടായതിനാൽ, രാജാവ തൊൽക്കുന്നേ പക്ഷം വരയിൽ നരകള്ളികാൻ ഉള്ളതിൽ ഒന്നാമത്തെതിന്ന ഒരുമണിനെല്ലും രണ്ടാമത്തെതിന രണ്ടമണിയും മൂന്നാമത്തെതിന്ന നാലമണിയും ഇങ്ങിനെ ഇരട്ടിവീതം എല്ലാകള്ളികാൾക്കും വെണ്ടിവരുന്ന നെല്ല മുഴവനും കണക്കാ

കി കൊടുത്താൽ ... എന്നസന്ന്യാസി പറകയും രാജാവ് അതി
നെ സമ്മതിക്കയുംചെയ്തു. ഒടുവിൽ രാജാവ് തോല്ക്കുകയും പന്ത
യത്തിന്റെ വിലകൊടുപ്പാൻ ഒരു നിവൃത്തിയും ഇല്ലാതെ സന്ന്യാ
സിയോട് മാപ്പുചോദിക്കേണ്ടി വരികയും ചെയ്തു. ഈ കഥ വായന
ക്കാരിൽ മിക്കപേരും കെട്ടിട്ടുണ്ടായിരിക്കുമെന്നും കേൾക്കാത്തവ
ർക്ക് ജിജ്ഞാസയുണ്ടെങ്കിൽ അവർ തന്നെ നോക്കിക്കൊള്ളുമെന്നും
ഉള്ളുവ ശ്വാസത്താൽ പന്തയത്തിന്റെ വില ഇവിടെ കണക്കാ
ക്കുന്നില്ല. മേൽപറഞ്ഞ ബ്രഹ്മശോഭപുരം മാറുന്നതിനു എത്രനീ
ക്കങ്ങൾ ആവശ്യമുണ്ടോ അത്രയും മണികളും ആവശ്യമുണ്ട
ന്നുമാത്രം പറഞ്ഞാൽ മതിയല്ലോ.

കെ. കെ. വാരിയർ ബി. എ.

ഈ "മലയാളഭാഷയുടെ താൽക്കാലികസ്ഥിതി" ദൃഷ്ടാന്തത്തോടു ചേ
ർക്കാണിക്കുവാനെന്നപോലെ, സി. ഡി. ഡേവിഡ് അവർകളും ഒ
ഴിക്കേ മാറു സകല ഭാഷാഭ്യസ്കരും മൌനത്തെ അവലംബിച്ചു
തുകൊണ്ട്, "മലയാളഭാഷയുടെ താൽക്കാലികാവസ്ഥ" എന്ന ത
ലവാചകത്തോടുകൂടി താഴെ വരുന്ന ഉപന്യാസം അതേവിഷയ
ത്തെപ്പറ്റി പേരേ ഒന്നിനോടു ഒത്തുനോക്കി അതിന്റെ ഗുണദോഷ
ങ്ങളെ നിർണ്ണയിപ്പാൻ ഞങ്ങൾക്കു സാധിച്ചിട്ടില്ല. മിഥുനമാസ
ത്തിലെ പരസ്യപ്രകാരം ഫ്രീ കം. സമ്മാനം നിശ്ചയിച്ചിട്ടുള്ളത
ഉപകാരസ്മരണയോടുകൂടി ഈ ഉപന്യാസകന കൊടുത്തിരിക്കു
ന്നു. സ്ഥലപരിമിതത്താൽ പ്രകൃതോപന്യാസത്തിന്റെ പകുതി
യിൽ എത്രയും ഭാഗം അധികം മാത്രമേ ഈ ലക്കത്തിൽ പ്രസി
ദ്ധം ചെയ്തിട്ടുള്ളൂ. ഞങ്ങളുടെ ചില അഭിപ്രായങ്ങളും കുറിപ്പുകളും
അവിടവിടെയായി ഭാഗാവസാനത്തിൽ ചെയ്തുകയും സന്ദർ
ത്തിനോ പ്രസിദ്ധീകരണത്തിനോ അനുചിതങ്ങളെന്നു തോന്നിട്ടു
ള്ളതണ്ടു ഖണ്ഡങ്ങൾ വിട്ടുകളകയും ചെയ്തിട്ടുണ്ട്.

ഈ അവസരത്തിൽ "മലയാളപത്രങ്ങളും മാസികകളും
(ഇംഗ്ലീഷ് വർത്തമാനപത്രങ്ങളോടും മാസികകളോടും താരതമ്യ
പ്പെടുത്തി)" എന്ന വിഷയത്തെക്കുറിച്ചുള്ള ഉത്തമോപന്യാസത്തി
ന് എട്ടുറുപ്പിക സംഭാവന മുമ്പു നിശ്ചയിച്ചിട്ടുള്ള വിവരവും വാ
യനക്കാരെ ഓർമ്മപ്പെടുത്തുന്നു. ലേഖകന്മാരുടേ സൌകര്യത്തിനു

വേണ്ടി, മുൻനിശ്ചയിച്ചിട്ടുള്ള അവധിയിൽ ഒരു മാസംകൂടി കൂട്ടി അടുത്ത കന്നിമാസം ൨൦-ാം നു-യോടുകൂടി ഉചന്യാസങ്ങൾ രസികരഞ്ജിനി ആപ്പീസ്സിൽ എത്തിച്ചുതന്നാൽ മതിയെന്നും തീർച്ചപ്പെടുത്തിയിരിക്കുന്നു.

ര- ര- പ

മലയാളഭാഷയുടെ

താൽക്കാലികാവസ്ഥ.

———:o:———

മലയാളഭാഷയുടെ ഉത്ഭവം തമിഴിൽനിന്നാണെന്നു ചിലരും, അതല്ല, സംസ്കൃതത്തിൽനിന്നാണെന്നു മറ്റുചിലരും, * ഇങ്ങിപ്രായപ്പെടുന്നതിൽ സവികാരയോഗ്യമായിട്ടുള്ളത് ഏതഭിപ്രായമാണെന്ന, ഈ അവസരത്തിൽ, ഇവിടെ പ്രസ്താവിക്കണമെന്നുതോന്നുന്നില്ല.

മലയാളഭാഷയിൽ തമിഴപദങ്ങളും സംസ്കൃതപദങ്ങളും ധാരാളമുള്ളതായി നാം അറിയുന്നു. നമ്മുടെ ഭാഷയിലുള്ള ചില പഴയ ഗ്രന്ഥങ്ങൾ പരിശോധിക്കുന്നതായാൽ, അവയിൽ തമിഴപദങ്ങളാണ് അധികമുള്ളതു് എന്നും, അതിലെ ഭാഷാ, സാമാന്യമായി തമിഴരീതിയെയാണ് ആശ്രയിച്ചിരിക്കുന്നത എന്നും കാണപ്പെടും. അന്നത്തെ ആളുകളുടെ ഭ്രമം തമിഴിൽനിന്ന പദങ്ങൾ കടംവാങ്ങുകയും മാറും പചയ്യണമെന്നായിരുന്നുവെന്ന ഇതിനാൽ വിചാരിക്കേണ്ടതായിവരുന്നു.

ഈ ഭ്രമം അസ്ഥാനത്തായതിനുശേഷമായിരിക്കണം, സംസ്കൃതത്തിൽനിന്ന പദങ്ങൾ കടംവാങ്ങണമെന്നുള്ള ഭ്രമം തുടങ്ങിയത. ഈ ഭ്രമം അസാമാന്യമായി വർദ്ധിക്കയാൽ, സംസ്കൃതവിഭക്തിപ്രത്യയങ്ങളോടുകൂടി, സംസ്കൃത പദങ്ങളെ മലയാള ഭാഷയിലേക്ക കൊണ്ടുവന്ന ചേർക്കാമെന്നായി. ആളുകൾക്ക ഓരോ കാലത്ത ഓരോന്നിലായിരിക്കും ഭ്രമം എന്നുള്ളത നാമിന്ന കണ്ടും കേട്ടും അറിയുന്ന മുഖ്യ സംഗതികളിൽ ഒന്നാകകൊണ്ടു ഭാഷയെ സംബന്ധിച്ച കാര്യത്തിൽ, ഇങ്ങിനെ ഒരു മാറമുണ്ടായതിൽ അത്ഭുതപ്പെടുവാനൊ ആരെയും കുറപ്പെടുത്തുവാനൊ ഇല്ല.

---

* തമിഴിന്റെ സഹോദരിസ്ഥാനമാണ മലയാളത്തിനുള്ളതെന്നും ചിലർ യുക്തിപൂർവ്വം അഭിപ്രായപ്പെടുന്നുണ്ട്. ര. ര. പ.

മലയാളഭാഷയിലെ മാതൃകാകവിതകളെന്ന നിസ്സംശയം വിധിക്കപ്പെട്ടിരിക്കുന്ന ദക്ഷിണേന്ത്യൻ പ്രധാനങ്ങളായ രാമായണം, ഭാരതം, മുതലായ പ്രശസ്ത പുസ്തകാദികൾ ഭാഷാസ്സംസ്കൃതത്തിൽവന്ന വേന്നതു ഏകദേശം ഈ അവസരത്തിൽ തന്നെയായിരിക്കണം. പൂർവ്വകാലങ്ങളിൽ വിദ്വാന്മാർ നന്ന ചുരുക്കമായിരുന്നുവെന്ന വരികിലും, * ഉണ്ടായിരുന്നവർ അതിയോഗ്യന്മാരായിരുന്നതിനാൽ അക്കാലത്തുണ്ടാക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ വളരെ നല്ലവയാണെന്നും, കവിയെന്നോ ഗ്രന്ഥകർത്താവെന്നോ ഉള്ള പേർ വല്ല വിധത്തിലും സമ്പാദിക്കണമെന്നുള്ള വിചാരത്തോടുകൂടി കണ്ണമടച്ചു ചാടി പുറപ്പെടുന്ന ആളുകൾ അക്കാലത്തു ഇല്ലായ്കയാലോ എന്തോ, ഭാഷയാകുന്ന നിർമ്മലവായുവിൽ ക്ഷുദ്രപുസ്തകങ്ങളാകുന്ന വിഷവായുക്കൾ അധികമായി കലന്ന ജനസാമാന്യത്തിന്ന ദോഷം വരുത്തുക ഉണ്ടായിട്ടില്ലെന്നും ചിലർ പറയുന്നുണ്ട്. ഈ അഭിപ്രായം സ്വീകരിച്ചാലും നിഷേധിച്ചാലും അക്കാലത്തുണ്ടായിട്ടുള്ള പുസ്തകങ്ങൾ വളരെ നല്ലവയാണെന്ന ഒരാതുവിൽ സമ്മതിക്കാതിരുന്നുകൂടാ.

ഇതിന്നശേഷമാണല്ലോ പ്രസിദ്ധകവിയായ കുഞ്ചൻ നമ്പ്യാരുടെ പുറപ്പാട്. അദ്ദേഹത്തിന്റെ കവിതകൾ വളരെ നന്നെന്ന പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലെന്നാണ തോന്നുന്നത്. ആട്ടക്കഥകൾ ഉണ്ടാക്കിയ കോട്ടയത്ത തമ്പുരാനെയും മറ്റും മറന്നുകൂടുന്നതല്ല. ആ കാലങ്ങളിൽ പദ്യങ്ങളാണ് അധികമായിട്ടുണ്ടായിട്ടുള്ളത. ഏത ഭാഷയുടെയും ശൈശവകാലത്ത പദ്യങ്ങളാണ ധാരാളമുണ്ടാവുക എന്നുള്ള അഭിപ്രായം ധിക്കാരയോഗ്യമല്ലെന്ന വിധിക്കപ്പെടുന്നപക്ഷം അക്കാലത്ത പദ്യഗ്രന്ഥങ്ങൾ അധികമുണ്ടായതിനെപ്പറ്റി ഒന്നും തന്നെ ചിന്തിപ്പാനില്ല.

എങ്കിലും മലയാളഭാഷക്ക് അത്യാവശ്യമായ ഒരു വ്യാകരണവും നിഘണ്ടുവും ഇല്ലെന്നുള്ള ന്യൂനത പരിഹരിക്കപ്പെടാതെ കിടന്നിരുന്നു. ഇങ്ങിനെ ഇരിക്കുമ്പോൾ, യൂറോപ്പ് ഖണ്ഡത്തിൽനിന്ന ഇവിടെവന്ന മലയാളഭാഷ അഭ്യസിച്ച "ഗുണ്ടർട്ടെന്നാ പ്രബലമതിമാൻ" (കേരളീയരെ ലജ്ജിപ്പിക്കേണ്ടതിന്നായിട്ടോ എന്ന തോന്നുമാറു) ആ ന്യൂനതയെ ശക്തികൃതകൃത്യം പരിഹരിച്ചുവെ

* വിദ്വാന്മാർ പണ്ടു കുറവായിരുന്നുവെന്ന തോന്നുന്നില്ല. ര. ര. പ

ന്നല്ലെ പറയേണ്ടു. അദ്ദേഹം മലയാളഭാഷയെ യഥാർത്ഥമായി സ്നേഹിക്കയും നമ്മുടെ ഭാഷയുടെ അഭ്യുദയത്തിന്നുവേണ്ടി യത്നിക്കയും ചെയ്തിട്ടുള്ള മഹാമനസ്കനാണെന്നുള്ളതിന്ന സന്ദേഹമില്ല. അദ്ദേഹം കേരളോല്പത്തി, കേരളപ്പഴമ മുതലായ ചില ഗദ്യഗ്രന്ഥങ്ങൾ അച്ചടിപ്പിച്ചതായി പ്രസ്താവമുണ്ട.

കെ. ആർ. കൃഷ്ണപിള്ള അവർകൾ ബി.എ, മുമ്പൊരിക്കൽ എഴുതീട്ടുള്ളതിൽ നിന്ന ഏതാനും വാചകങ്ങൾ ഇവിടെ എടുത്ത കാണിക്കുന്നത സന്ദർഭോചിതമായിരിക്കുമെന്ന നിശ്ചയിച്ച താഴേ ചേർക്കുന്നു. " ഗദ്യഗ്രന്ഥങ്ങളുടെ അഭിവൃദ്ധിക്കു വളരെ സഹായിച്ചിട്ടുള്ള മിഷ്യനറിമാർ നമ്മുടെ കൃതജ്ഞതക്ക് അർഹന്മാരാകുന്നു എങ്കിലും പദപ്രയോഗത്തിൽ ഇംഗ്ലീഷ് വ്യാകരണത്തെ അധികമായി അനുസരിച്ചിട്ടോ എന്തോ ഇവരുടെ ഗദ്യത്തിന്ന് ഒരു മിഷ്യനറിച്ചുവകൂടി തട്ടിട്ടുണ്ട. ഇംഗ്ലീഷിലെപ്പോലെ അച്ചടിച്ച ബൈബിളുചെയ്ത വ്യാകരണഗ്രന്ഥങ്ങൾ ഇല്ലെങ്കിലും, ഒരു വ്യാകരണരീതിയും ചില വാചകസംകേതങ്ങളുമുള്ള ഭാഷയാണ മലയാളമെന്ന് ഇവർ മനസ്സിലാക്കിയിരുന്നില്ലെന്ന തോന്നുന്നു. രാമനെ കണ്ടു എന്ന പറയുന്നതിന്ന പകരം രാമനാൽ കണ്ടുഎന്നോ, രാമനിൽ കണ്ടു എന്നോ, പറയുന്ന നടപ്പ് ഒരിക്കലും ഇല്ലായിരുന്നു. അതുപോലെതന്നെ ഇനിക്ക കൊടുക്ക എന്നും നീ എന്തിനു വന്നില്ലാഎന്നും മറ്റുമുള്ള വാചകങ്ങൾ ഇന്നത്തെപ്പോലെതന്നെ അന്നും മലയാളികൾക്ക ഉസ്സഹമായിരുന്നിരിക്കണം. ഈ സംഗതികളെ അത്ര ശ്രദ്ധിക്കാതെ എഴുതിയതിനാൽ മിഷ്യനറിമാരുടെ മലയാളത്തിന്ന് ഒരു വൈരൂപ്യം വന്നു കൂടീട്ടുണ്ട. ബൈബിളിന്റെ ഇംഗ്ലീഷ് നന്നായിട്ടുള്ളേടത്തോളം ബൈബിൾ തർജ്ജമയുടെ മലയാളവും നന്നായിരുന്നെങ്കിൽ ഈ ഗ്രന്ഥങ്ങളെ ഇപ്പോൾ വായിക്കുന്നതിലധികം മലയാളികൾ വായിക്കുമായിരുന്നു " (ഭാഷാപോഷണി 1074 മകരം). ഇതുകൂടാതെ ഇയ്യിടെ പി. കെ. നാരായണപിള്ള അവർകൾ ബി. എ, ഭാഷാസാഹിത്യത്തിന്റെ ഉൽകർഷണത്തെപ്പറ്റി എഴുതിയിട്ടുള്ളതിൽ ഏതാദൃശന്മാർക്ക് മൂലഭാഷകളുടെ അറിവില്ലായ്കകൊണ്ടുണ്ടാകുന്ന

അബദ്ധംപോലെതന്നെയാണ, ബൈബിൾ മുതലായവയുടെ തർജ്ജമക്ക ശ്രമിച്ചിട്ടുള്ള ചില ക്രിസ്ത്യാനികൾക്ക മലയാളത്തിന്റെ അറിവില്ലായ്മകൊണ്ട നേരിട്ടിട്ടുള്ള അബദ്ധവും" എന്നപറഞ്ഞിരിക്കുന്നു. (രസികരഞ്ജിനി 1078 ഇടവം ലക്കം ഫ0). ഭാഷയുടെനന്മക്ക വേണ്ടി മിഷ്യനറിമാർ ശ്രമിക്കുന്നുണ്ടെന്നവരികിലും നേരെയാകുന്നില്ലന്നാണല്ലോ ഈ മഹാന്മാരുടെ അഭിപ്രായങ്ങളിൽ നിന്ന തെളിയുന്നത.

മിഷ്യനറിമാർ ഇവിടങ്ങളിൽ അച്ചുക്കൂടങ്ങൾ സ്ഥാപിക്കയും പുസ്തകങ്ങൾ അച്ചടിപ്പിച്ച തുടങ്ങുകയും ചെയ്തതോട്ട കൂടി പുസ്തകമുണ്ടാക്കി അച്ചടിപ്പിക്കണമെന്നുള്ളവിചാരം പലരിലും ഉദിച്ചു തുടങ്ങി.

ഏകദേശം ഇതിനോടടുത്ത കാലത്തായിരിക്കണം, കേരളകാളിദാസനേന്ന് എല്ലാവിദ്വാന്മാരാലും സമ്മതിക്കപ്പെട്ടിരിക്കുന്ന വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേ അദ്ധ്യക്ഷതയിൻകീഴിൽ തിരുവിതാംകൂർ ബുക്കകമ്മിറ്റി വകയായി വളരെ നല്ലപുസ്തകങ്ങൾ അച്ചടിപ്പിച്ച സ്കൂളുകളിൽ പാഠപുസ്തകങ്ങളായി സ്വീകരിക്കപ്പെടുകയുണ്ടായിട്ടുള്ളത. കോട്ടയം സി. എം. എസ്സ, വകയായും ബ്രിട്ടിഷിൽ സ്കൂൾഇൻസ്പക്ടർ മിസ്റ്റർഗാത്തുവെറ്റ് സായ്പവർകളുടെ വകയായും, വെക്കോട്ട അച്ചതപണിക്കരവർകളുടെ വകയായും, പാഠപുസ്തകങ്ങൾ ഉണ്ടായിട്ടുണ്ട. ഇങ്ങിനെയുള്ള പാഠപുസ്തകങ്ങളിൽ ദേശികഭാഷാപദങ്ങൾ കൂടികലന്നിട്ടുണ്ടെന്ന പറയേണ്ടതായി വന്നിരിക്കുന്നു. ഭാഷാശാകുന്തളത്തിന്റെ ആവിർഭാവത്തോടുകൂടി നാടകങ്ങൾ ഉണ്ടായിത്തുടങ്ങി. ഇങ്ങിനെ നൂതന പുസ്തകങ്ങളാകുന്ന അന്യതരണങ്ങളെക്കൊണ്ട ഭാഷാംഗനയെഇടക്കിടെ പലരും യഥാശക്തി അലംകരിച്ചുകൊണ്ടിരുന്നു എന്നല്ലേ പറയേണ്ടു.

ഇങ്ങിനെ നടന്നു വരുമ്പോളാണ, "കവിസമാജം" ഉണ്ടായത. ഈ സമാജമാണ് ഏറെത്താമസിയാതെ ഭാഷാപോഷിണിസഭയായത് എന്ന് എല്ലാവരും അറിഞ്ഞിട്ടുണ്ടല്ലൊ. മലയാള രാജ്യനിവാസികളായ സകലരുടെയും മാതൃഭാഷ മലയാളമാണെന്നവരികിലും, ദേശഭേദാനുസരണമായി, സംസാരിക്കുന്നതിലും

എഴുത്തുന്നതിലും ചിലഭാഷാഭേദങ്ങൾ ഉണ്ടെന്നുള്ളതുനിമിത്തമുള്ള മായ ഒരു കായ്മുമാകകൊണ്ട ഈ ദോഷത്തെ പരിഹരിച്ച ഭാഷക്കു മൈകരുച്യം വരുത്തണമെന്നുള്ളതാണ് ഈസഭവുടെ മുഖ്യോദ്ദേശങ്ങളിൽ ഒന്ന് എന്നു ആസഭ വ്യക്തമായി അറിയിക്കുണ്ടായിട്ടുണ്ട. ഈ ആന്തരം സഫലമാക്കുന്നതിന്ന് ആരെല്ലാം എന്തെല്ലാം പ്രവൃത്തിച്ചുഎന്നും എത്രത്തോളം ഗുണം സിദ്ധിച്ചുവെന്നും മറും ആലോചിച്ച അഭിപ്രായം പറയെണ്ടുന്ന ചുമതല വഹിപ്പാൻ ഇവിടെഒരുങ്ങുന്നില്ലാ. എങ്കിലും ഭാഷാപോഷിണീ സഭയുടെ സ്ഥാപനാനന്തരം, പച്ചരും രുങ്ങാക്കു ഒരു പുതിയ ശക്തിസിദ്ധിച്ചിട്ടെന്ന പോലെ, പുസ്തകമേഴുതിയുണ്ടാക്കുന്നതിന്നും അവയെ അച്ചടിപ്പിക്കുന്നതിന്നും ആരംഭിച്ച എന്നു പറഞ്ഞു മതിയാവു. പച്ചതരഞ്ഞിലുള്ള പുസ്തകങ്ങളും പുറത്തുവന്നിട്ടുണ്ട. അച്ചുകൂടങ്ങാം വർദ്ധിക്കുകയും അച്ചടിക്കൂലി പണ്ടത്തേതിൽ കുറയുകയും നല്ല പുസ്തകങ്ങാം മാത്രമേ അച്ചടിപ്പിച്ചുകൂട്ടു എന്നൊരു നിയമം ഇല്ലാതിരിക്കയും ചെയ്യുന്ന കാലത്തു, കവിയശ:പ്രാർത്ഥികാം വർദ്ധിച്ചാൽ, പുസ്തകങ്ങളുടെ തുക വർദ്ധിക്കാതിരിക്കുന്നതല്ല എന്നുള്ളതു ഓർക്കേണ്ടതായി വന്നിട്ടുണ്ട. എങ്കിലും ചില മഹാന്മാർ സൽഗ്രന്ഥങ്ങളാകുന്ന മനോഹരലതകളേ കൊണ്ട ഭാഷയാകുന്ന ഉദ്യാനത്തെ അലംകരിച്ചിട്ടില്ലെന്നില്ല. വായനക്കാരുടെമനസ്സിന്ന് ആഹ്ലാദവും ബുദ്ധിക്ക വികാസവും ജനിപ്പിക്കാത്ത പുസ്തകങ്ങാം ഉണ്ടെങ്കിൽ അവയെ പക്ഷികളുടെ കൂട്ടത്തിൽ ഇടസന്ധിക്ക പറക്കുന്ന കടവാതിലുകളോടു ഉപമിക്കാമെന്നുപറഞ്ഞതൊക്കുന്നത. നല്ല നാണ്യങ്ങാം ഉണ്ടായതോടുകൂടി, അല്ലെങ്കിൽഉണ്ടായതിനാൽ, കള്ളനാണ്യങ്ങാം ഉണ്ടായപ്രകാരംതന്നെ, നല്ലപുസ്തകങ്ങാം ഉണ്ടായിട്ടുള്ളതിന്റെ അവസ്ഥപോലെ ക്ഷുദ്രപുസ്തകങ്ങളുണ്ടായി എന്ന വരുന്നതിൽ ആശ്ചര്യപ്പെടുവാനൊന്നുമില്ലാ. എങ്കിലും ചീത്തപുസ്തകങ്ങാം ഉണ്ടാക്കുന്നതിനെക്കാാം പുസ്തകമുണ്ടാക്കാതിരിക്ക നല്ല എന്നുപറയാതിരുന്നാൽ അത ഒരു വലിയ അനീതിയായി വിചാരിക്കപ്പെട്ടുമെന്ന തോന്നുന്നു. ഗുണമില്ലാത്ത ബാലപ്രഭവത്തിനെക്കാാം ഇല്ലാത്ത ബാലപ്രഭവം സുഖംപോൽ, എന്നുള്ളത ഇവിടെ ഓർമ്മവക്കേണ്ടതായി വന്നിരിക്കുന്നു.

മലയാളഭാഷയുടെ ഇപ്പോഴത്തെസ്ഥിതി ഒരുവിധം ആലോചിക്കുന്നതായാൽ, മാതാപിതാക്കന്മാരും തക്കരക്ഷാകർത്താക്കന്മാരും ഇല്ലാത്ത അലഞ്ഞുനടക്കുന്ന അനാഥക്കുട്ടികളുടെ സ്ഥിതിയോടു തുല്യമായിരിക്കുന്നു എന്നു തെളിയുന്നതാണു. ഭാഷയെ മനഃപൂർവ്വം സ്നേഹിക്കയും ഭാഷയുടെ ഉൽകർഷണത്തെ കാംക്ഷിക്കയും ചെയ്യണമെന്നുള്ള വിചാരം പ്രബലപ്പെടേണ്ടതിന്നു വേണ്ടുന്നവഴികളോന്നും ഇല്ലാതിരിക്കുന്നതു കൊണ്ടാണ നമ്മുടെ ഭാഷ ഇങ്ങിനെ കിടക്കുന്നത. ദ്രവ്യം സമ്പാദിക്കേണ്ടതിന്നുള്ള മാർഗ്ഗങ്ങളിൽ ഒന്നാണ വിദ്യാഭ്യാസമെന്ന് ആളുകൾ കരുതിയിരിക്കുന്ന ഇക്കാലത്ത് അറിവ സമ്പാദിക്കേണ്ടതിന്നു മാത്രമായി വിദ്യ അഭ്യസിപ്പാൻ ആരും ഇല്ലേന്നു പറയത്തക്കവണ്ണം ആളുകളുടെതുകനന്നെ കുറഞ്ഞിരിക്കുമെന്നുള്ളതിന്നു വല്ലസംശയവുമുണ്ടൊ? തുല്യയോഗ്യന്മാരായ രണ്ടാളുകളിൽ ഒരാൾ ഫ്രഞ്ച കൊല്ലും മലയാളവും മറേറവൻ ഫ്രഞ്ച കൊല്ലും ഇംഗ്ലീഷും പഠിച്ചു എന്നും ഇവർ ഇരുവരും ഉദ്യോഗത്തിന്നായി ഒരാളുടെ അടുക്കൽ ചെന്നു എന്നും ഇരിക്കട്ടെ. ഇവരിൽ ആരെ ആയിരിക്കും ആദ്യം ഉദ്യോഗത്തിന്ന നിയമിക്കുക? ഇവരിൽ അധികശമ്പളം കിട്ടുന്നത ആർക്കായിരിക്കും? ഉദ്യോഗവും അധിക ശമ്പളവും കിട്ടുന്നത ഇംഗ്ലീഷ പഠിച്ച ആൾക്കായിരിക്കുമെന്നുള്ളതിൽ സംശയിക്കുന്നവരുണ്ടോ? ഈസ്ഥിതിക്കു മലയാളഭാഷ വേണ്ടപോലെ അഭ്യസിക്കുന്നതിന്ന ആളുകളുണ്ടാകുമൊ? ആളുകൾ ഇല്ലെന്നവന്നാൽ മലയാളപണ്ഡിതന്മാരുടെ സംഖ്യ പ്രതിദിനം കുറഞ്ഞുവരികയില്ലയൊ? മലയാളപണ്ഡിതന്മാർ ഇല്ലാതെയായാൽ മലയാളഭാഷയിൽ ഉത്തമപുസ്തകങ്ങളുണ്ടാക്കുന്നതിന്ന് ആളില്ലെന്നവരാതിരിക്കുമൊ?

ഭാഷയെ പരിഷ്കരിക്കേണ്ടതിന്നായി പുറപ്പെട്ടുന്നവർ ഈ സംഗതിയെക്കുറിച്ചു ഒന്നാമതായും മുഖ്യമായും ചിന്തിച്ചിട്ടുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഏതായാലും മലയാളപണ്ഡിതന്മാരുടെ തുക വർദ്ധിപ്പിക്കുന്നതിന്നുള്ള ശ്രമം ഒന്നാമതായി ചെയ്യേണം എന്നപറയേണ്ടതു എത്രയും അത്യാവശ്യമായിരിക്കുന്നു.

സി. ഡി. ഡേവിഡ്.

ജീമൂതവാ— നന്നായിനാഡിവഴിരക്തമൊലിച്ചിട്ടുന്ന
ണ്ടെന്നല്ലിനിയ്ക്കിനിയുമുണ്ടുടലിങ്കൽമാംസം
തോന്നിലതുപ്പിതവവന്ന വിധത്തിലെന്തേ
തിന്നാതിരിപ്പതുടവാൻ മഹനീയമൂർത്തേ! ॥ (൯൭)

ഗരു— (വിചാരം) ആശ്ചര്യം! ആശ്ചര്യം! ഇപ്പോഴും ഈ സ്ഥിതിയിലായിട്ടും ഇങ്ങിനെ ഔജ്ജ്വല്യമായി സംസാരിക്കുന്നുവല്ലോ. (പ്രകാശം) അല്ലേ മഹാസത്വ!

ഹൃദയമതിൽനിന്നുനിന്നുടെ
രുധിരംഞാനപഹരിച്ചു കൊക്കുകളാൽ
അധുനാധൈര്യത്താൽമമ
ഹൃദയവുമിന്നപഹരിച്ചു ഹന്തടവാൻ ॥ (൯൮)

അതുകൊണ്ട് അങ്ങ ആരാണെന്നറിഞ്ഞാൽ കൊള്ളാമെന്ന ഞാൻ ആഗ്രഹിക്കുന്നു.

ജീമൂ— വിശപ്പുകൊണ്ടു പീഡിതനായിരിക്കുന്ന അങ്ങയെ ഇതൊക്കെപ്പറഞ്ഞു കോപ്പിക്കുന്നതു യുക്തമല്ല. അതുകൊണ്ട രക്തമാംസങ്ങളും ഭക്ഷിച്ചു തൃപ്തിവരുത്തിയാലും!

ശംഖ— (സംഭ്രമത്തോടുകൂടി അടുത്തുചെന്നിട്ട്) വൈനതേയ! വൈനതേയ! സാഹസം പ്രവൃത്തിക്കരുത്. അദ്ദേഹം സപ്പുമല്ല. അദ്ദേഹത്തിനെ മോചിച്ചാലും! എന്നെ ഭക്ഷിച്ചാലും! അങ്ങുക്കു ഭക്ഷിപ്പാനായിട്ട വാസുകി കൽപ്പിച്ചയച്ചിരിക്കുന്നതു എന്നെയാണ്. (എന്ന മാറകാണിക്കുന്നു)

ജീമൂ— (ശംഖചൂഡനേകണ്ടിട്ട വിചാരം) ഈ ശംഖചൂഡൻ ഇപ്പോൾ വന്നതുകൊണ്ട് എന്റെ ആഗ്രഹം ഫലിക്കാതെ വരുമെന്നുണ്ടോ?

ഗരു— (രണ്ടുപേരെയും നോക്കീട്ട) നിങ്ങൾക്കു രണ്ടുപേർക്കും വജ്രചിഹ്നമുണ്ടല്ലോ. നിങ്ങളിൽ ആരാണ സപ്പുമെന്ന ഞാൻ അറിയുന്നില്ല.

ശംഖ— ഇവിടെ ഭ്രമമുണ്ടാവാൻ ഒരു വഴിയുമില്ലാ.

അഞ്ചാമങ്കം.

സ്വസ്ഥീഭൂയ രസ്സിവുള്ളതുകിടക്കട്ടേ, തനെ കഞ്ചുകം
പാത്തീലേ, പായുന്നൊരെന്റെ യിണയാം നാവും ഗണിക്കില്ലയോ
മൂത്തീടും വിഷവഹ്നിധൂമനിരയാൽ മങ്ങും മണിതാട്ടിലേ
ന്നത്രൽപ്പെട്ടിഹ വീർത്തുവിങ്ങിനഫണം മൂന്നിനുകാണ്മീലയോ ॥

ഗരു— (ശംഖചൂഡന്റെ ഫണങ്ങളേകണ്ടിട്ട ജീമൂതവാഹനെ നോക്കി) എന്നാൽ ഞാനിപ്പോൾ ഉപദ്രവിച്ചിട്ടുള്ളത് ആരെയാണ് ?

ശംഖ— വിദ്യാധരവംശതിലകനായ ജീമൂതവാഹനനെയാണ് ഉപദ്രവിച്ചത്. കരുണാലേശമില്ലാത്ത അങ്ങ് ഇങ്ങിനെ പ്രവൃത്തിച്ചുവല്ലോ.

ഗരു — (വിചാരം) അയ്യോ ! ഇദ്ദേഹമാണോ വിദ്യാധരകുമാരനായ ജീമൂതവാഹനൻ ?

മഞ്ഞാലും മല,മേരു,മന്ദരഗുഹാജാലം, മഹേന്ദ്രാചലം
മഞ്ജുശ്രീരജതാദ്രി,യീമലയമെന്നല്ല വേലേടത്തിലും
ഭജിക്കാതെതിരിച്ചുകേൾപ്പതിഹലോകാലോകസഞ്ചാരിയായ്
രഞ്ജിച്ചീടുമിവന്റെ ചാരണഗണംപാടുംയശോരാശിയേ ॥ (ൻപ)

സ്വസ്ഥനായ ഞാൻ വൃഥായ പാപപങ്കത്തിൽ നിമഗ്നനായിരിക്കുന്നു.

ജീമൂ— ഹേ സപ്പാധിപ ! അങ്ങ ഇങ്ങിനെ പകച്ചവശമായിരിക്കുന്നത എന്താണ് ?

ശംഖ— ഇത പകക്കുവാൻതക്ക സമയമല്ലെന്നുണ്ടോ ?
ഭുജഗാരിയിൽനിന്നിവന്റെ ഗാത്രം
നിജമെയ്താണ്ടിഹവീണ്ടൊരങ്ങയെന്നെ ।
നലമാറരസാതലത്തിൽനിന്നും
തലദേശത്തിൽ തയിക്കയുക്തമെന്നോ ॥ (ൻൻ)

ഗരു— ശരി ! കരുണാർദ്രചിത്തനായ ഈ മഹാപുരുഷൻ എന്റെ ഭക്ഷണത്തിലേക്കായി നിയമിക്കപ്പെട്ടിരുന്ന ഈ സപ്പിന്റെ പ്രാണരക്ഷക്കവേണ്ടി തന്റെ ദേഹത്തെ ഇനിക്ക ഇരയാക്കുകയാണ് ചെയ്തത്. എന്നാൽ ഇവിടെ എന്റെ പ്ര

വൃത്തി തീരെ തെറ്റായിരിക്കുന്നു. എന്തിനേറെപ്പറയുന്നു ? ബുദ്ധമുനിയേത്തന്നെയാണ് ഞാൻ ഹിംസിച്ചതു. ഈ മഹാപാപത്തിന്ന അഗ്നിപ്രവേശമല്ലാതെ വേറേ ഒരു പ്രായശ്ചിത്തവും കാണുന്നില്ല. അതുകൊണ്ട കറച്ച അഗ്നി എവിടെ നിന്ന സംഘാടിക്കേണ്ടു ? (മുൻഭാഗത്ത നോക്കീട്ട) ഭാഗ്യം ! ഇതാ ചിലര അഗ്നിയോടുകൂടി ഇങ്ങോട്ടതന്നെ വരുന്നുണ്ടല്ലോ. ഇവരേകാത്തുനിൽക്കുകതന്നേ.

ശംഖ— കുമാര ! ഇതാ അങ്ങയുടെ മാതാപിതാക്കന്മാർ എത്തീട്ടുണ്ട്.

ജീമൂ— (സംഭ്രമത്തോടുകൂടി) ശംഖചൂഡ ! എന്റെ അടുത്തിരുന്ന ഉത്തരീയംകൊണ്ട ശരീരം മൂടി എന്നേതാങ്ങിക്കോളൂ ! അല്ലാത്തപക്ഷം അമ്മയമ്മമാരങ്ങനേം എന്ന ഈ സ്ഥിതിയിൽകണ്ടാൽ പെട്ടെന്ന പ്രാണത്യാഗംചെയ്യും.

ശംഖ— (ഒരു ഭാഗത്ത വീണുകിടക്കുന്ന ഉത്തരീയമെടുത്ത് അപ്രകാരം ചെയ്യുന്നു.)

(അനന്തരം വധൂ ഭാഗ്യമാരോടുകൂടി ജീമൂതകേതു പ്രവേശിക്കുന്നു.)

ജീമൂതകേതു— (കണ്ണീരോടുകൂടി) അയ്യോ ! ഉണ്ണീ ജീമൂതവാഹന !

'അന്യൻ' തന്നേറവ'നെന്നീമുറകരുണയിൽനോ
ക്കേണ്ടനേരേകനോയോ
നന്നേറെപ്പേരെയോകാപ്പതു സമുചിതമെ
ന്നെന്തുനീചിന്തിയാഞ്ഞു ।
ഇന്നിത്താക്ഷ്യകൽനിന്നിട്ടൊരുഫണിവരനെ
ക്കാക്കുവാൻ വൈരിച്ചാൽ
ധന്യ, താ, നമ്മ, യച്ഛൻ, വധുവിതുവിധമീ
വംശമുന്മൂലനാശം ॥ (ഫ൦൦)

ബുദ്ധ— (മലയവതിയോടായിട്ട) മകളേ ! ക്ഷണനേരം ക്ഷമിക്കൂ ! നിരന്തരമായി വീഴുന്ന അശ്രുധാരകളാൽ ഈ അഗ്നികെട്ടുവാൻ ഭാവിക്കുന്നു. അതുകൊണ്ടു കരയാതിരിക്കൂ !

അഞ്ചാമങ്കം.

(എല്ലാവരും ചുറ്റിനടക്കുന്നു)

ജീമൂതകേതു— അയ്യോ ! ഉണ്ണി ! ജീമൂതവാഹന !

ശങ്ഖ— (കേട്ടിട്ട്) "അയ്യോ ! ഉണ്ണീ ! ജീമൂതവാഹന !" എന്നാണ പറയുന്നത്. ഇതുകൊണ്ട ഇദ്ദേഹം ജീമൂതവാഹനന്റെ അമ്മയാണെന്ന വ്യക്തമാകുന്നു. അപ്പോൾ ഇദ്ദേഹത്തിന്റെ വക്കുള്ള അഗ്നിയേപ്പറ്റി ആലോചിച്ചിട്ടാവശ്യമില്ല. പുത്രനേ ഹിംസിച്ചിട്ടുള്ള ലജ്ജകൊണ്ട ഇദ്ദേഹത്തിന്റെ മുഖത്തുനോക്കുവാൻതന്നെ ഞാൻ ശക്തനാകുന്നില്ല. അല്ലെങ്കിൽ അഗ്നിയേപ്പറ്റി ആലോചിച്ച ബുദ്ധിമുട്ടുന്നത എന്തിനാണ് ? കടൽവക്കത്തല്ലേ ഞാൻ നിൽക്കുന്നത ? അതുകൊണ്ട ഇപ്പോൾ

മുപ്പാരൊന്നായ്ഗ്രസിപ്പാനിളകുമിനജ്വാല
ഘോരമായ്സൃഷ്ടിലോക
പ്രാപ്തിയ്ക്കാ എന്നതോന്നും പടിവിസ്മരമാം
ജ്വാലജ്വാലംകലന്നും ।
ഉല്പാതക്കാറിനൊക്കും മമചിറകടിയാ
ലുജ്ജലത്തായുമബ്ധൌ
കല്പാന്താത്യുഗ്രമായുള്ളൊരു ബന്ധുബഹൽ
ബ്ധാന്നവിൽച്ചാട്ടവൻഞാൻ ॥
(എന്ന എഴുനീൽക്കുവാൻ ഭാവിക്കുന്നു)

ജീമൂതവാ— അല്ലേ പക്ഷിരാജ ! ഈ നിശ്ചയത്തേ ഉപേക്ഷിച്ചാലും ! ഈ പാപത്തിന്നുള്ള പ്രായശ്ചിത്തം ഇതല്ല.

ശങ്ഖ— (മുട്ടുകുത്തിനിന്ന തൊഴുതുകൊണ്ട) മഹാത്മൻ ! എന്നാൽ പിന്നെ എന്താണ് ? പറഞ്ഞാലും !

ജീമൂ— അല്പംനേരം നിൽക്കൂ ! എന്റെ മാതാപിതാക്കന്മാർ എത്തിയിരിക്കുന്നു. ഞാൻ അവരേ അഭിവാദ്യം ചെയ്യട്ടേ.

ശങ്ഖ— അങ്ങിനെയാവട്ടേ.

ജീമൂതകേതു— (കണ്ടിട്ട സന്തോഷത്തോടുകൂടി) ദേവി ! ഭവതി ഭാഗ്യത്താൽ വർദ്ധിക്കുന്നു. ഇതാ ഉണ്ണി ജീമൂതവാഹനൻ

ധീരൻ കല്ലൂരവിപ്രൻ നിജജനകമഹാമാസസത്രം കഴിപ്പാ
നാരംഭിച്ചു തുടങ്ങീമഴ വിഷമമിതെന്നോർത്തുടൻ ഭീതിശാലീ
ഓരോചത്രങ്ങൾനിർമ്മിച്ചതു പുഴവഴിയെച്ചക്രവട്ടത്തുവാഴ
ന്നോരാബ്ദത്തേശ്വരനേകിപ്പെരിയമഴയൊഴിച്ചെന്നുലോകപ്രസിദ്ധം.

ഇന്നീമഴശ്ലോകമിതെന്നുപേരി
ട്ടോന്നിച്ച ചേത്തായതയച്ചിടുന്നു
എന്നാലിതിൻ ജാത്യമറിഞ്ഞുലോകർ
നന്ദിക്കുവാനായ്ടുവം മഹാൻ ഞാൻ.

മ ഴ ശ്ലോ ക ങ്ങ ൾ

———:o:———

കല്ലൂർവിപ്രനെഴുത്ത ചാംപ്രദേശത്തരാം ഭൂതങ്ങൾ വായിച്ചുടൻ
ചൊല്ലേറുന്നോരു ചക്രവട്ടപതിയോടിപ്പോൾധരിപ്പിക്കുവാൻ
വല്ലാതേമഴപെയ്തിടുന്നതുടനേമാറിത്തരേണംഭവാൻ
വെല്ലുംകൊണ്ടുചതുർമ്മുഖത്തെവിരവോടെന്നാൽകഴിച്ചീടുവൻ

പരിചോടു പുകൾപൊരുൾ ചക്രവട്ടത്തുവാഴും
ഹരിഹരതനയാ! നിൻപാദപത്മം തൊഴുന്നേൻ
ഇരിവതുദിവസത്തിന്നിന്നുതൊട്ടിന്നിമേലാ
ലരുതുകരുണയാതെ വർഷമെന്നുള്ളശബ്ദം.

തിയ്യാട്ടൊന്നുകഴിച്ചിടാമനുദിനം ചെയ്യാം നമസ്കാരവും
നെയ്യാടാംകനകാദ്രികൊണ്ടു കുതുമാം കയ്യാദിയും ചെയ്തിടാം
വയ്യായെന്നൊരു ശാഠ്യമില്ലവഴിവാടുന്നായിരം നെന്നുതൊ
ന്നയ്യാനിൻകൃപയാലഹോ മഴയിനിപ്പെയ്യാതെയാക്കീടണം

കന്നിൽപ്പണ്ടോരുകുന്നെടുത്തുവരിഷംമാതാവുനിത്തീലയോ
മെയ്യിൽചാരിയുമക്കൾനാൽകിയപി താഗംഗാംധരിച്ചീലയോ
വയ്യിപ്പോൾ മഴമാറുവാൻതനയനെന്നുള്ളൊരുട്ടിത്തിയെ
ന്നയ്യപ്പാ! മമചക്രവട്ടമ്മതും നാഥാവരുത്തീടൊലാ.

അയ്യപ്പ നിന്തിരുവടിക്കൊരു നേർച്ചനേർന്നാൽ
ചെയ്യിക്കയില്ല മഴയെന്നൊരു ലോകവാദം

ചൊയ്യായി വന്നിടുകിലോതവകൂറുകാരാ
മിയ്യാളുകഠംക്ക തലപോക്കി നടന്നുകൂടാ. 5

കാതംപഞ്ചകമാകകൊണ്ടുവഴിയേ പത്രങ്ങളെത്തായ്കയോ
ഭ്രതങ്ങഠംക്കുതുകിട്ടിയാലുടനെ വന്നങ്ങോട്ടണത്തായ്കയോ
ചേതം കാലമിതാകകൊണ്ടു ജനതക്കുണ്ടെന്നുവച്ചോ മഴ
കേതുംതാനൊരുഭേദമെന്നിയെ ചൊരിഞ്ഞീടുന്നു ഭ്രതേശ്വരാ. 6

ഞാനീവണ്ണംസ്തുതിക്കുന്നതു മതിചരമാബദ്ധമെന്നുണ്ടുശങ്കാ
പാനീയേമുങ്ങുമല്ലോ പരിചിനൊടുഭവാൻ വഷ്മേറുന്നകാലം
താനുണ്ണാത്തെവരുന്നോ പരനു വരദനാ,മെന്നുചൊല്ലുന്നഞായം
മാനിച്ചിടേണമല്ലോമധുമഥനമഹേശാനപുത്രന്നുപോലും. 7

വെള്ളത്തിൽ സുഖമല്ല ദുഃഖമിദമെന്നുള്ളത്തിലില്ലായ്കയാൽ
കള്ളത്രാണമിവൻ പറഞ്ഞമൊഴിയെന്നുള്ളിൽ ഭ്രമിച്ചെന്നതോ
മുള്ളോരോന്നുരചെയ്കകൊണ്ടു തിരുവുള്ളക്കുടകൊണ്ടോടവാ
നെള്ളോളം മഴമാറിടാത്തു സലിലേ പള്ളിക്കുറുപ്പാകയോ 8

ഓത്തുംചൊല്ലിനമസ്കരിക്കുമടനേപദ്യങ്ങഠം നീത്തൊക്കയും
പത്രംതന്നിൽവരച്ചുകൊണ്ടു പുഴയിൽതാത്തുന്നഞാനിങ്ങനേ
ശാസ്ത്രാവേതവശക്തിയില്ല വരിഷംമാറീടുവാനെങ്കിലോ
ശാസ്ത്രത്തിൽപറയുന്നതൊക്കേവിഫലം ബൌദ്ധക്കുതന്നേസുഖം.9

ദാനത്തേച്ചെയ്യുമെങ്കിൽപരിചിനൊടരിലാഷങ്ങഠംചൊല്ലീടുവൻഞാൻ
മാനത്തെങ്ങുംമഴക്കാറൊരുകടുസദൃശംപോലുമുണ്ടായിടൊല്ല
വനക്കാലത്തെപോലേവരണമഖിലവും വൈലുമുണ്ടായ്കയേണം
മാനിക്കേണംഭവാൻതാൻമഹിമയുമിഹമേടക്കുതിയും മാനുഷന്മാർ.

ദാതൃത്വംകുറവാകയോ സ്തുതികളേകെട്ടാൽ വെറുപ്പാകയോ
ചെതസ്സുഷ്ടിവരായ്കയോ ചിലതുഞാൻചെയ്യുന്നപോരായ്കയോ
ചേതംമറവനാകയോ ചെവികളിൽ ശ്ലോകങ്ങളെത്തായ്കയോ
ചെയ്തീടും മഴമാറിടാത്തതു ഭവാൻ ഭ്രതേശനല്ലായ്കയോ. 11

കല്ലൂരനമ്പൂരിപ്പാട്
(ബാലി വിജയ കർത്താവ)

ഭഗവതീസ്തോത്രം.

———— : o : ————

സാവേരി—മുറിയടന്ത.

അന്തകാന്തകകാന്തതൻ, ചെന്തളിരടി
ഛന്തനീടജസഹാന്തമേ
സന്തതമേഷണാബന്ധനം പൂണ്ടുനീ,
സന്താപസിന്ധുവിൽ നീന്തിക്കുഴയൊല്ല.
വിഷയചയമിതു സത്യമോ നിത്യമോ സ്തുത്യമോ,
വിഷമഗതിയെ വെടിഞ്ഞിനി-
പ്പരമാത്മചിന്തനയോഗമണകനീ- അന്തകാന്തകം.
കംബുകണ്ഠിതനേറ, ചുംബനദാനവും,
മന്മഥതന്ത്രസിദ്ധാന്തസമ്മാനവും,
മധുരതരമൃദുഗാനവും യാനവും സ്ഥാനവും,
അധരനവമധുപാനവും
യമനണയുമളവൊരുഫലംതരാ- അന്തകാന്തകം.
രുദ്രകോടീശ്വരി, രുദ്രപ്രിയായിനി
രുദ്രാണി, ഫെയോഗ നിദ്രാസ്വരൂപിണി!
സതതമിതിസ്തുതകീർത്തനം പേത്തുപേത്താസ്ഥയാ
സദയമനുകലയാശുനീ
യമനണയുമളവൊരുഫലം വരാ. അന്തകാന്തകം.

കെ- കെ- ടി.

ശ്രീശിവഗീത.

———— : o : ————

പുവ്വാചായ്മന്മാരായ മഹർഷികളും സമ്പാദിച്ചിട്ടുള്ള അനേകം തത്വരത്ന നിക്ഷേപങ്ങളും വെച്ചു സൂക്ഷിക്കുന്ന പെട്ടികളായിട്ടാണ വേദവ്യാസമുനി പതിനെട്ടു പുരാണങ്ങളേയും ശ്രീമഹാഭാരതത്തേയും നിർമ്മിച്ചിട്ടുള്ളത. ലൌകികങ്ങളായും പാരത്രികങ്ങളായുമുള്ള തത്വചിന്താമണികളും ഈ ആർഷഗ്രന്ഥപ്പെട്ടികളിൽ

* 'കൈരളീകല്പദ്രുമം' അച്ചടിക്കുന്നു—പ്രസിദ്ധപ്പെടുത്തുന്നു.

കിട്ടാത്തവയായി വളരെ ദുർല്ലഭമായിട്ടേ കാണുകയുള്ളൂ. സംസ്കൃത ഭാഷയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ഈ പുരാണങ്ങളെ മറ്റുള്ള സകല പ്രധാന ഭാഷകളിലേക്കും തർജ്ജമചെയ്തു കാണുന്നതുതന്നെ ഇതിന്നൊരു നല്ല തെളിവാകുന്നു. ഇങ്ങിനെയുള്ള മുഷ്കു നിക്ഷേപങ്ങളിൽ കൈവെക്കുവാനുള്ള സാമർത്ഥ്യം മലയാളഭാഷക്ക് ഉണ്ടായി തുടങ്ങിയത് ഇതിന്റെ അഭ്യുദയ ചിഹ്നമാണെന്ന ജ്യോതിഷം ഇപ്പോൾ തെളിഞ്ഞുതന്നെ തീർച്ചപ്പെടുത്താവുന്നതുമാണ്.

കിളിപ്പാട്ടുരീതിയിൽ ഭാഷപ്പെടുത്തീട്ടുള്ളതായ ശ്രീശിവഗീത എന്ന പ്രകൃതപുസ്തകം പത്മപുരാണത്തിൽ ഒരു ഭാഗമാകുന്നു. ഭേദാന്തതത്വമായ ഓരോ ഒരുത്തം ശ്രീപരമേശ്വരൻ ശ്രീരാമസാമിക്കു ഉപദേശിക്കുന്നതാകുന്നു. സീതാപഹാരം കഴിഞ്ഞശേഷം, ത്രൈലോക്യവിജയിയും പരമമാഹേശ്വരനുമായ രാവണനേ ജയിപ്പാൻ പാശുപദവ്രതം അനുഷ്ഠിക്കാത്തവന്നു സാധിക്കുന്നതല്ലെന്നുള്ള അഗസ്ത്യോപദേശപ്രകാരം ശ്രീരാമൻ പാശുപദവ്രതം അനുഷ്ഠിച്ച ശിവനെ പ്രത്യക്ഷമാക്കിയസമയം, ശിവൻ പരമേശ്വരൻ ഉപദേശിക്കുന്നതായിട്ടാണ് ഇതിലെ വിഷയം. പ്രതിപാദിച്ചിട്ടുള്ളത്. സാക്ഷാൽ ഭഗവൽഗീതയെന്ന പോലെ ഇതിനും വിശേഷരൂപം കാണിക്കുകയും മറുമുണ്ട്. ഇതിലെ പ്രമേയങ്ങളും ഭഗവദ്ഗീതയുടെ താല്പര്യങ്ങൾതന്നെയാകുന്നു. ഭഗവൽ ഗീതയെക്കാൾ കുറച്ചുകൂടി അധികം എളുപ്പത്തിൽ മനസ്സിലാവത്തക്കവിധമാണ് ഇതിൽ പറഞ്ഞിട്ടുള്ളത എന്നുകൂടിപ്പറയാവുന്നതാകുന്നു.

ഇവി ഇതിന്റെ ഭാഷാന്തരീകരണത്തെപ്പറ്റി ആലോചിക്കുകയാണെങ്കിൽ അതും ശ്ലാഘനീയ രീതിയിലാണെന്നാണ ആദ്യം പറയേണ്ടതു. എഴുത്തച്ഛനെപ്പിന്തുടർന്നു കിളിയേക്കൊണ്ടുപറയിക്കുകയാണു ഇതിന്റെ കവിയും ചെയ്തിട്ടുള്ളത. അദ്ധ്യായന്തോറും വൃത്തങ്ങൾ മാറിമാറി പ്രയോഗിച്ചിട്ടുള്ളതും വായിക്കുന്നവർക്കു രസം വർദ്ധിപ്പിക്കുവാൻ തക്ക പ്രയോഗങ്ങളുണ്ടെന്നതും. നമ്മുടെ ഭാഷാന്ധ്രനായ കൊല്ലങ്കോട്ടു പുത്തൻവീട്ടിൽ ഗോപാലൻ നായർകാർ സംസ്കൃതഭാഷയിൽ നല്ലവണ്ണം പരിചയിച്ചിട്ടുണ്ടെന്നുള്ളതു മൂലവും ഭാഷയും കൂട്ടിനോക്കിയാൽ വെളിപ്പെടുന്നതാകുന്നു.

ഈ കവിയുടെ ഗുരുനാഥനായ ചതിഞ്ഞാംകോവിലകത്തു മാനവിക്രമ ഏട്ടൻ തമ്പുരാൻ എന്ന പ്രസിദ്ധ കവിയായ കോഴിക്കോട്ടു നെടുങ്ങാടിപ്പാട്ടു തമ്പുരാൻ തിരുമനസ്സുകൊണ്ട ഈ പുസ്തകത്തെപ്പറ്റി പ്രശംസിച്ചെഴുതീട്ടുള്ളത ശിഷ്യവാത്സല്യം മൂലം യഥാതഥ്യത്തിൽ നിന്നു കവിഞ്ഞ് അതിശയോക്തിയിലേക്കു കടന്നിട്ടുണ്ടെന്നു ലേശം പോലും വിചാരിച്ചുകൂടാ. ഞങ്ങൾക്കും അവിടുത്തെ ആ അഭിപ്രായങ്ങളെ എടുത്തു ചവ്വിതു ചവ്വണം ചെയ്യുവാൽ തോന്നിപ്പോകുന്നു.

എന്നാൽ ഈ കവിക്ക് കിളിപ്പാട്ടുരീതിയിൽ അതിപരിചയം സിദ്ധിച്ചിട്ടില്ലായിരിക്കുമോ എന്നുഞങ്ങൾക്കു ചിലഘട്ടങ്ങൾ വായിക്കുമ്പോൾ തോന്നീട്ടുണ്ടെന്നും പറയേണ്ടിവരുന്നു. രണ്ടാമദ്ധ്യായത്തിന്റെ വൃത്തരീതിക്കു ചരണങ്ങളുടെ ഒടുവിലുള്ളതിന്റെ മൂന്നക്ഷരം ഗുരുവാക്കി പ്രയോഗിക്കുന്നത് അദംഗിയാണെന്ന കവി ഓർത്തിട്ടില്ലായിരിക്കാം. "ചേരുന്നിതായതോക്കുമ്പോൾ മനോമൌഢ്യം, തീരുമാറിന്നിയെന്നാലും പറകനീ" ഈ ഉദാഹരണത്തിൽ "ഓർത്തിട്ടു ബുദ്ധിക്ഷയം" എന്നോ മറ്റൊ ആദ്യത്തെ ചരണം അവസാനിപ്പിച്ചാൽ രണ്ടാംചരണംപോലെതന്നെ ഒഴുക്കും ലാളിത്യവും കിട്ടുമായിരുന്നു. ചിലദിക്കുകളിൽ സംസ്കൃതവിഭക്തി പ്രയോഗധാടി ആവശ്യമില്ലാതേയും പ്രകടിപ്പിച്ചിട്ടില്ലെന്നില്ല. "ശിവഗീതാം—ചൊൽവാൻ" എന്നംമാറുമുള്ളേടത്തു "ശിവഗീത" എന്നമാത്രം പ്രയോഗിച്ചാലും ചോരായ്കയുണ്ടോ? ഇങ്ങിനെ പറഞ്ഞുതുടങ്ങിയാൽ അതുമിതുമായിട്ടു വേറേ ചില ദോഷങ്ങളുണ്ടായിരിക്കാം. എങ്കിലും കവിതാഗുണവും വിഷയഗുണവും കവിയുടെ മനോഗുണവും കൂടി നോക്കുമ്പോൾ ഗുണൈകദൃഷ്ടമായ ഈശിവഗീതാപുസ്തകം ഗുണൈകദൃഷ്ടാന്തകമായ പ്രപഞ്ചത്തിൽ വൈഷയികന്മാരായവർക്കു പോലും കേവലം നിർഗ്ഗുണബ്രഹ്മതത്വബോധത്തിനു ഉപയുക്തമാകയാൽ ഏവരും വാങ്ങിവായിച്ചു നോക്കേണ്ടതാകുന്നു.

അന്യമതക്കാരായവരും ഈവക ഹിന്തുമതതത്വങ്ങളേ വായിച്ചറിഞ്ഞിരുന്നു വെങ്കിൽ അവർക്കും മതദ്വേഷവിശ്വാസങ്ങളിൽ അധികം ദൃഢതയുണ്ടാവുമെന്നു മാത്രമല്ലാ അന്യമതനിന്ദയിൽ നിന്നൊഴിവുകിട്ടുവാനും എളുപ്പമുണ്ടാകുമായിരുന്നു.

ഒരു ദുർമ്മരണം.

———— :o: ————

ഒൻപതാമദ്ധ്യായം.

ചെമ്പവല്ലാനദീതീരത്ത് ജീർണ്ണപ്രായമായി നിൽക്കുന്ന വടവൃക്ഷത്തിന്റെ മുവട്ടിൽ നിന്ന്വാധമായി നടന്ന. ദേവീകുമാരസല്ലാപദിവസം പകൽ ആഞ്ചരമണിക്കു ശേഷം പരിവട്ടത്തു നടന്ന സംഗതിയാണ് ഈ അദ്ധ്യായത്തിൽ ഒന്നാമതായി വിവരിക്കപ്പെടുവാൻ പോകുന്നത്.

ചെമ്പവല്ലാനദി ശിവൻകാട്ടിട്ട പരിവട്ടത്തിനടുക്കുമ്പോൾ, അതിന്റെഗതി അർദ്ധചന്ദ്രാകാരേണ കുമത്തിൽ തെക്കോട്ടു തിരിഞ്ഞ പരിവട്ടത്തു വീടിന്റെ അടുത്ത പടിഞ്ഞാറെ ഭാഗത്തു കൂടിയും ചേരിപ്പറമ്പുകാരുടെ ചേരപ്പള്ളമെന്ന കൃഷിസ്ഥലത്തിന്റെ നേർമദ്ധ്യത്തെ നനച്ചുകൊണ്ടും ആകുന്നു. ഈകൃഷിസ്ഥലത്തിന്റെ വടക്കുകിഴക്കു മൂലയിൽ പരിവട്ടത്തു വീടും കിഴക്കേ അതിര പരിവട്ടത്തുകാരുടെ ഒരു നിലവും ആകുന്നു. പരിവട്ടത്തേക്കുള്ള സാക്ഷാൽ പടിയുടെ ദർശനം വീടിന്റെ വടക്കുവശമുള്ള നാട്ടുവഴിയിലേക്കാണെങ്കിലും മേൽപറഞ്ഞ നെൽക്കണ്ടത്തിന് അഭിമുഖമായിട്ട തെക്കുപുറത്ത് ഒരു കൊട്ടിൽപടിയും' (കൊട്ടോമ്പടി) ഉണ്ടാക്കിട്ടുണ്ട്. പടികയറിക്കടക്കുവാനുള്ള സൌകര്യത്തിന്നായി അതിന്റെ ഒത്തനടുക്കു വിലങ്ങത്തിൽ ഉറപ്പിക്കപ്പെട്ടിട്ടുള്ള പലകയുടെ പടിക്കകത്തേക്കുള്ള ഭാഗം പരിവട്ടത്തമ്മുവും പടിയുടെമീതേയുള്ള പലകയുടെ രണ്ടാലൊരറ്റം ചേരിപ്പറമ്പിൽ ബാലകൃഷ്ണമേനവനും, പലതവണയും ഇരിപ്പിടങ്ങളായിട്ട് ഉപയോഗിച്ചുവന്നിരുന്നു. കായ്യാനേഷണമെന്ന വ്യാജേനയോ വാസ്തവത്താലോ ചേരിപ്പള്ളത്തേക്കുള്ള പോക്കുവരുത്തുകളാണ് ബാലകൃഷ്ണമേനവന് അമ്മുവായിട്ട സംഭാഷണത്തിന്നുള്ള അവസരങ്ങൾ.

ഈ അദ്ധ്യായത്തിൽ പ്രസ്താവിക്കപ്പെടുന്ന സംവാദം നടന്ന ദിവസം ഏകദേശം രണ്ടുനാഴികപ്പകലുള്ളസമയം ബാലകൃഷ്ണമേനവൻ സ്വന്തം വീട്ടിൽനിന്ന പുറപ്പെട്ട റോട്ടിൽ കൂടി ശിവക്ഷേത്രത്തിനു നേരേവന്നപ്പോൾ എടത്തോട്ടുതിരിഞ്ഞ് ഒരു ഇട

വഴിയിൽ കൂടി നടക്കുവാൻ തുടങ്ങി. ഈ ഇടവഴി പെന്നു തുറക്കുന്നതു, കവുങ്ങു, തൊട്ടാവാടി, മുക്കുറ്റി, മുത്തങ്ങ മുതലായവ ഉൾത്തുന്നു നിൽക്കുന്ന ഒരു മൈതാനത്തിലേക്കാണു. ബാലകൃഷ്ണമേനോൻ ഇടവഴിയുടെ മുഖത്ത് എത്തിയപ്പോൾ സന്ധ്യാസൂര്യൻ കാർമേഘത്താൽ ഗ്രസിക്കപ്പെട്ടിരുന്നതു കൊണ്ടു ദൃഷ്ടിയിൽപെട്ടിടിക്കോക്കെ നിബിഡമായ നിഴലിൽ മുങ്ങികിടന്നിരുന്നു. മൈതാനത്തിൽ അങ്ങുമിങ്ങുമായി മേഞ്ഞുകൊണ്ടു നിൽക്കുന്ന കന്നാലികളും ആടുകളും, അതിന്റെ ഇറമ്പിൽ കിടന്നുറങ്ങുന്ന രണ്ടോമൂന്നോ ഇടയന്മാരും, താഴത്തുള്ള പരിവട്ടപ്പാടത്തെ വേലയെടുക്കുന്ന നാലഞ്ചു പുലയന്മാരും പുലക്കുട്ടികളും ഒഴികെ, ആപ്രദേശത്തു പറയത്തക്കമറെറാരു ജീവജാലവും ഉണ്ടായിരുന്നില്ല.

ബാലകൃഷ്ണമേനോൻ കയ്യിലുണ്ടായിരുന്ന വടിവീശി കാലടിപ്പാതയെ ആക്രമിച്ചിട്ടുള്ള തൊട്ടാവാടി തട്ടിനീക്കിക്കൊണ്ടു പാടത്തിന്റെ വക്കത്തെത്തിയപ്പോൾ അല്പംമുമ്പരെയൊരുവറമ്പത്തു നടക്കുന്ന കുണ്ഡലീമണ്ഡൂകയുദ്ധംകണ്ടു് താഴത്തിറങ്ങുവാൻ ഭയപ്പെട്ട അവിടെത്തന്നെനിന്നു. പാമ്പു സാവധാനത്തിൽ തലമുഴുവനും മടയിൽനിന്ന പുറത്തേക്കു പൊക്കുന്നതിനു മുമ്പുതന്നെ നാവുകൊണ്ടു ഇളകുന്നതുകണ്ട തവള അകലെക്കു് ഒരു ചാട്ടംചാടി. ഉടനേ പാമ്പു തലകീഴ്പോട്ടു വലിച്ചു മടയിൽതന്നെ ഒതുങ്ങി. അല്പംനേരം കഴിഞ്ഞിട്ടു രണ്ടാമതും പാമ്പു തലപോക്കിയപ്പോൾ തവള തെരുതെരെ ചാടുവാൻ തുടങ്ങി. തൽക്ഷണം അതിതീക്ഷ്ണമായ സീൽക്കാരത്തോടു കൂടി പാമ്പു മടയിൽനിന്നു വാലുകുത്തിപ്പുറത്തു ചാടി പിന്നാലെ പാച്ചിൽ തുടങ്ങി. തവള ഭയപ്പെട്ടു വരമ്പത്തുനിന്നു കണ്ടത്തിലേക്കു മറിഞ്ഞു വീഴുകയും പേടിച്ചു നിലവിളിക്കുന്ന തവളയുടെ കാലിന്മേൽ കടികൂടുകയും ഒരു നിമിഷത്തിൽ കഴിഞ്ഞു. താഴത്തെകഥ ഇങ്ങിനെയെല്ലാമിരിക്കുമ്പോൾ മേലേ ചിറകുകൾ ചലിക്കാതെ വട്ടത്തിൽ പറന്നു കൊണ്ടിരുന്ന ഒരു കുണ്ണപ്പരിന്തു് ഈതരംകണ്ട പാമ്പിനെ റാഞ്ചിക്കൊണ്ടു പോകയും പോകുംവഴി പാമ്പിനാൽ ഉപേക്ഷിക്കപ്പെട്ട തവള പരിവട്ടത്തേക്കുള്ള കൊട്ടിൽപ്പടിയുടെ അരികേ വീഴുകയും ചെയ്തു.

തവള താഴേ വീണിട്ട് അധികനേരമായിട്ടും കൂടാതെ ബാലകൃഷ്ണമേനവനും അവിടേ എത്തി. തവളയേ തട്ടി പാടത്തേക്കിട്ടിട്ട പരിചിതമായ സ്വസ്ഥാനത്തു കയറി അടുത്തു കഴിഞ്ഞ സംഭവത്തെക്കുറിച്ച മനോരാജ്യം വിചാരിച്ചുകൊണ്ട സുപ്രപ്രായമായിയാതൊരു ചേഷ്ടയും കൂടാതെകണ്ട കറച്ചുനേരം ഇരുന്നു. അതിന്റശേഷം ഓതിളരത്തിങ്കൽ നീരാവിയാൽ മൂടപ്പെട്ടതു പോലെ നീലവർണ്ണങ്ങളായും അവ്യക്തങ്ങളായും കാണപ്പെട്ടന്ന പച്ച തങ്ങളിലുള്ള വൃക്ഷമൃഗാദികളുടെ സ്വരൂപനിർണ്ണയം ചെയ്യുവാൻ ക്ഷീണിവാസികളുടെ സ്വാഭാവികദൃഷ്ടികൾക്കു കേവലം അസാദ്ധ്യമാകുന്നതു പോലെ ഇന്നപ്രകാരമെന്ന വിവരിക്കപ്പെടുവാൻ പ്രയാസമായ ആപൽ ശങ്കയാൽ വ്യാകുലപ്പെട്ടിരിക്കുന്ന മനസ്സിന് ഉന്മേഷമുണ്ടാക്കുവാനോ, ഭാവിയായോ വർത്തമാനമായോളള്ള ആപത്തിൽ നിന്ന മോചനമാർഗ്ഗം കാണുമ്പോളുണ്ടാവുന്ന സന്തോഷത്തരളോ ഒരുവൻ ചെയ്യുന്നതുപോലെ, താളംപിടിച്ച ഗാനരീതിയിൽ മൂളുകയിക്കൊണ്ടാണ ബാലകൃഷ്ണമേനോൻ മനോരാജ്യ സമാധിയിൽ നിന്നും ഉണർന്നത്.

പ്രകൃത്യാസംഗീതത്തിന്റെ ആപാദമധുരത്വം അറിയാത്തവനും വാസനാരഹിനനും ആയ ബാലകൃഷ്ണമേനവൻ പ്രകൃതിവിരുദ്ധമായ ഈ പ്രയോഗത്തിൽ ദൈന്യത തോന്നീട്ടോ എന്നു തോന്നുമാറ ചെട്ടന്ന ഗാനരീതിവിട്ട മൂളുകയുന്നതു സാധാരണ മട്ടിലാക്കി.

അമ്മ ആഭരണങ്ങളെല്ലാം അഴിച്ച ശിഷ്യത്തിയുടെ കയ്യിൽ കൊടുത്തിട്ട തലമുടി രണ്ടായിപ്പകുത്ത് ഒരുചകുതി മുമ്പാകുംഇട്ട വേർപെടുത്തുകൊണ്ട പുഴക്കടവിലേക്ക പോകും വഴിയാണ മൂളുകയുന്ന ശബ്ദം കേട്ടത്. ഒച്ചവളരെ പരിചയ മുള്ളതായിരുന്നവെങ്കിലും പതിവിൽ വ്യത്യാസപ്പെട്ട പാട്ടപാടുന്നതായി തോന്നിയതുകൊണ്ട കാടുതെളിക്കുന്ന ക്ലേശിമിളിക്കേട്ട പകച്ചുനിൽക്കുന്ന മാൻപേടയേപ്പോലെ അല്പനേരം ചെവി ഓർത്തുകൊണ്ട സംശയിച്ചുനിന്നു. പത്തായപ്പുരയും ഉരൽപ്പുരയും കൂടിയ ഒരു കെട്ടിടത്തിന്റെ മറവുകൊണ്ട കൊട്ടിൽപ്പടി കാണുവാൻ വയ്യായിരുന്നു.

അധിക താമസം കൂടാതെ മൂളുകയുന്നതിന്റെ സമ്പ്രദായം പതിവിൻപടിയായി. ഉടനേ അരയിൽ ചുറ്റിയിരുന്ന മേൽമുണ്ടിന്റെ ഒരു തലകൊണ്ട മാർവിടം മറച്ചും, കുറെടികൊണ്ട് മുഖത്തേക്കുവരുന്നതും കുറുത്തു നീണ്ടുചുരുണ്ടതുംആയ തലമുടിയേ ഒരു കൈകൊണ്ടു തട്ടിത്തും, അമ്മുവിന്റെ അനലങ്കൃതമായ സുന്ദരത്തുപം ബാലകൃഷ്ണമേനവന്റെ നേരേ ചെന്നു. തന്നിൽഅത്യന്തം അനുരക്തയായ മോഹനാംഗിയുടെ വിനീതവേഷത്തോടുകൂടിയ വരവുകണ്ടിട്ടും നിർമ്മലമായ മനസ്സിന്റെ ശുദ്ധഗതി മാത്തിട്ടും ബാലകൃഷ്ണമേനവന്റെ മുഖത്ത് ആദ്യം സ്ഫുരിച്ച ഭാവം ഭരതശാസ്ത്രപണ്ഡിതന്മാക്കുകൂടി ദുർഗ്രാഹ്യമായിട്ടുള്ളതാണ്. അനുകമ്പയുടെയും പുച്ഛത്തിന്റെയും മദ്ധ്യത്തിൽ ഒരു ഭാവരസംഉണ്ടെങ്കിൽ അതാണെന്നു കഷ്ടിച്ചു സമ്മതിക്കാം. എന്നാൽ ഈ സ്ഥായീഭാവം അരനിമിഷത്തിൽമാറി വ്യസനസ്പർശത്തോടുകൂടിയ ഗൌരവഭാവമായിത്തീന്നു. അമ്മുമേനോട്ടത്തുവന്ന്

"എന്നാ പാട്ടുപടിച്ചത്?" എന്നു ചോദിച്ചപ്പോൾ ബാലകൃഷ്ണമേനോൻ ഒരക്ഷരവും മറുപടി പറഞ്ഞില്ല. അതുകണ്ട് വിഷാദത്തോടുകൂടി അമ്മു മേനവന്റെ മുഖത്തു നോക്കി.

"ഞാൻ ദേവകിക്കുട്ടിയേ ചെന്നുകാണാഞ്ഞിട്ടുള്ള പരിഭവമാണെങ്കിൽ ഇന്നുകാലത്ത് ഞാനവിടെപ്പോയിരുന്നു. നിങ്ങളാരും അവിടെയുണ്ടായിരുന്നില്ല. ഉച്ചയ്ക്കേ വരുള്ളു എന്നു ദേവകിക്കുട്ടി പറഞ്ഞു"

"ജ്യേഷ്ഠനും അമ്മാമനും ഇവിടെയുണ്ടോ?"

"ഇല്ല. അമ്മാമനെ കണ്ടു സംസാരിക്കയുണ്ടായോ?" എന്നു ചോദിച്ച് അമ്മു തലതാഴ്ത്തി, കാലിന്റെചെരു വിരൽകൊണ്ടു മണ്ണിൽ ചിത്രമെഴുതുവാൻ തുടങ്ങി. ബാലകൃഷ്ണമേനവൻ അമ്മുവിന്റെ ചോദ്യത്തിന് "ക്ഷമിക്കു" എന്നുമാത്രം മറുപടി പറഞ്ഞിട്ട്,

"അവർ എപ്പോൾവരും?" എന്നു വീണ്ടും ചോദിച്ചു.

പല വക

അന്യപത്ര സാരാംശങ്ങൾ.

'തെക്കുവൈദ്യസമാജം' സെക്രട്ടറി പി. എസ്. വാരിയർ അവർകൾ പ്രസിദ്ധപ്പെടു, ടി സമാജം വക നിവ്വാഹകസംഘത്തിൽ ഒരു സാമാജികനായ പി. വി. കൃഷ്ണവാരിയർ അവർകൾ മാനേജരും ആയി തൃശിവപേരൂർ കേരള കലാശാലയിൽ അച്ചടിച്ച് അതാതു മലയാംമാസം ഫാംഗ്ഷ പ്രസിദ്ധം ചെയ്യുന്ന 'ധന്വന്തരി' എന്ന മലയാളത്തിൽ ഏകവൈദ്യമാസികയുടെ ഫാം നമ്പരായഇതുമാസത്തെ പ്രതി കൈപ്പറ്റിയതിൽ 'മതഭേദമോ, ജാതിഭേദമോ, ദേശഭേദമോ കൂടാതെ ശരീരമുള്ളവർക്കെല്ലാം ഉപകാരമായി' വരുന്ന പലമാതിരി വൈദ്യവിഷയങ്ങൾ യുക്തിയുക്തമായും, അന്തർവാന്വസ്തുതമായും, രസികയായും പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്താവനയിൽ വിവരിച്ചിട്ടുള്ളപോലെ സ-സ്ഥന്മാർക്ക രോഗങ്ങൾ ബാധിക്കാതിരിപ്പാനും ബാധിച്ചുപോയാൽ ചികിത്സചെയ്തു മുൻകരുതലുകൾ, ഗർഭരക്ഷ, ശിശുപരിപാലനം, രോഗങ്ങളുടെ നിദാനം, ലക്ഷണം, ചികിത്സ, ചികിത്സാരീതിയിൽ ഔഷധങ്ങളുടെ ഗുണപാഠം നാട്ടുവൈദ്യന്മാർക്കുപയോഗമുള്ള ഇംഗ്ലീഷ മരുന്നുകളുടെയും യന്ത്രങ്ങളുടെയും സചിത്രവും, ഉപയോഗക്രമങ്ങൾ, ശരീരം മുതലായഎല്ലാ അവശ്യവിജ്ഞേയ വിഷയങ്ങൾക്കും' ആസ്പദമായിത്തീരുന്ന ഈ 'ധന്വന്തരി'യുടെ പ്രവർത്തകന്മാർ 'വിശാലവും അഗാധവുമായ ഈ മഹാരംഗ സമുദ്രത്തിൽ ചെന്നുചാടിയതു പരോപകാരത്തിനുവേണ്ടി മാത്രമായതുകൊണ്ടു അവരെ അതിൽനിന്നും കരകേറ്റുവാൻ 'നാട്ടരാജാക്കന്മാരും, പ്രഭുക്കന്മാരും, വിദ്വാന്മാരും, വിദ്യാർത്ഥികളുമെന്നുവേണ്ട സകല ശരീരികളും' അവരവരാൽ കഴിയുന്ന സഹായങ്ങൾ 'നിർവ്വ്യാജമായി' ചെയ്തുകൊടുക്കുമാറാകണമെന്ന 'ധന്വന്തരി'യുടെ ശ്രേയസ്സിനെ സർവ്വാത്മനാ കാംക്ഷിക്കുന്ന രഞ്ജിനിയും നിഷ്കർഷയായി പ്രാർത്ഥിച്ചുകൊള്ളുന്നു.

'ട്യൂൺസെറ്റ്' എന്ന ഇംഗ്ലീഷ് വൈദ്യപത്രഗ്രന്ഥത്തോടും വല്ലപ്പുവും വരുത്തുന്നതിൽ കുറയാതെയും ഉള്ള വിശിഷ്ടയായ ഈ നൂതന വൈദ്യമാസികയിൽ അടങ്ങിയിരിക്കുന്ന അനേകം അവശ്യ 'വിജ്ഞേയവിഷയങ്ങൾ' മനസ്സിലാക്കി വായിക്കുകയും, 'പ്രക്ഷാളനാദ്ധിപങ്കസ്യ ദൂരാസ്പർശനംവരം' എന്നു പറഞ്ഞുപോലെ ചളിചവിട്ടി കാലുകഴുകുന്നതിനെക്കാൾ അതിൽചെന്നു ചവിട്ടാതെ അകലത്തുകൂടി ഒഴിഞ്ഞുപോകുന്നതാണ ശ്രേയസ്സുമെന്ന കരുതി ദിനചര്യ നിയമിക്കപ്പെടുകയും അപ്രകാരമുള്ള മാപൽക്കുരമെന്നു അറിഞ്ഞു പ്രവൃത്തിക്കുകയും ചെയ്യുന്നവർക്കു തപാൽക്രമവി അടുക്കും ചൊപ്പും കൊണ്ടു നിശ്ചയിച്ചിട്ടുള്ള 'ധന്വന്തരി വരിസംഖ്യ രൂ. യും അതിലധികവും 'ഡാക്ടർ പീസ്' എന്ന നാമധേയിയിലെ ചിവുകയിൽപ്പെടുത്തുന്ന ഒരെനത്തിൽനിന്ന സമ്പാദിക്കുവാൻ സാധിക്കുമെന്നതിനു യാതൊരാക്ഷേപവുമില്ല.

'ഭക്ഷ്യാഭക്ഷ്യ വിവേകമില്ലാത്തവരും അഭക്ഷ്യമാണെന്നറിഞ്ഞാൽതന്നെ മനസ്സിനെ പിൻവലിപ്പാൻ ശക്തിയില്ലാത്തവരുമായ അക്ഷിപ്രിയന്മാർ ഈ വ്യാധിയെ അനുഭവിക്കുന്നു'എന്ന വിക്ടുകിയെക്കുറിച്ചു ഗംഭീരമായൊരുപന്യാസത്തിൽ അജീർണ്ണകാരണവിചാരഘട്ടത്തിൽ പറഞ്ഞിട്ടുള്ളത എത്രയോ സാരമായ സംഗതിയാകുന്നു. 'ഉദരനിമിത്തം ബഹുവിധരൊഗം' എന്ന പലരും കേട്ടിരിക്കും. അതിന്റെ സൂക്ഷ്മതത്വം ആലൊചിച്ചു പ്രവൃത്തിക്കുന്നവർ വളരെ ചുരുങ്ങും.

പെപ്പട്ടി വിങ്ങത്തിന്നു ബാനുർ (തമിഴിൽ-പിടന്നാനി). എന്ന സ്ഥലത്തു പി. എം. എന്ന ആൾ എഴുതിയിരിക്കുന്ന പ്രത്യേകശ്ലോകങ്ങൾ മുതലായവ വൈദ്യശാസ്ത്രനിഷ്ണാതന്മാർ പരിശീലിച്ചുനോക്കുന്നതായാൽ ആയുഷ്കാലമുള്ള ചികിത്സകന്മാരുടെ അനുഭവത്തോടുകൂടി വെണ്ണതാകുന്നു. അല്ലെങ്കിൽ കിഞ്ചിജ്ഞന്മാരായ 'മൂർഖന്തക്കാരുടെ ഉപദേശവും അനുഭവം 'ധന്വന്തരിക്കു' അപവാദവും വരുന്നതാണെന്നു അവർ ഒരുപക്ഷേ ചിലപ്പോൾ അപേക്ഷിക്കും.

'ധന്വന്തരം' ആയുർവ്വേദത്തിന്റെ ഉത്തമാംഗമായി വിചാരിക്കപ്പെടാവുന്ന ഈ സമാജത്തിലെ മറ്റുള്ള അംഗങ്ങൾ അതിന്റെ അടിവുറപ്പിനുവേണ്ടി പ്രത്യേകം പ്രയത്നിക്കേണ്ടതുമാകുന്നു.

* * *

പ്രസിദ്ധനായ മെപ്പത്തൂർ നാരായണഭട്ടതിരി, തൃക്കണ്ടിയൂർ അച്യുതപ്പിഷാരോടിയുടെ അടുക്കൽ വിദ്യാഭ്യാസം ചെയ്യുമ്പോൾ ഉണ്ടായ കാരണത്തെപ്പറ്റി കഴിഞ്ഞ 'മധുരസ്മരണയുടെ' 'കവിതാലാപത്തിൽ' പറയുന്ന കഥ വായനക്കാർക്കു രസപ്രദമായിരിക്കും.

ബാല്യത്തിൽതന്നെ കായികമായ വിദ്യാഭ്യാസമൊന്നും ചെയ്യാതെ വളരെ കടിയനായിട്ടുതന്നെ കാലക്ഷേപം ചെയ്തുകൊണ്ടിരുന്ന ഭട്ടതിരി ഒരു ദിവസം, 'സ്നാനപൈപനസന്ധ്യാവന്ദനാദികളൊന്നും കഴിയാതെ മുകളിൽനിന്നുകൊണ്ടു പച്ചമരുന്നുകൾ ചതച്ചുകൊണ്ടിരിയ്ക്കുന്ന പിഷാരടിയുടെ മുമ്പിൽ യുദ്ധമെന്നോ ചാടിവീണു—യുദ്ധമെന്നല്ല ആ പിഷാരത്തു അദ്ദേഹത്തിന്റെ ഒരു 'കിടപ്പിന്റെ വട്ട'മുണ്ടായിരുന്നതൊന്നും പാടില്ലാതിരുന്നു'. പിന്നെ ഓടി ഹനുമാനെ എന്ന കവിസാഹ്യക്കു പെരിട്ടവൻ ആയൊച്ചിക്കുകയായിരുന്നു. ഭട്ടതിരി താമസിക്കാതെ 'സ്വാഭാവികമായ സൌഖ്യം', എന്നും 'ലിംഗവ്യുത്പത്തിരസഭ്യം' എന്നും പേരുകൾ കല്പിച്ചു. പിഷാരടി ഇതുകേട്ടയുടനെ ഭട്ടതിരിയുടെ മടിയെക്കുറിച്ചു് അല്പം 'സസ്യം' പറഞ്ഞു. അന്നുതൊട്ടാണത്രെ ഭട്ടതിരിയുടെ വേഷം പകർന്നതു്.

* * *

'നായർ' എന്ന പദത്തിന്റെ ഉത്ഭവത്തിനെക്കുറിച്ചു് സ്ത്രീകളുടെ സ്വാതന്ത്ര്യ വ്യവഹാരപ്രസംഗത്തിനിടയിൽ പി. കെ. നാരായണപിള്ള അവർകൾ ഇപ്രകാരം എഴുതിയിരിക്കുന്നു.

''സ്ത്രീസ്വാതന്ത്ര്യം ഭാരതഖണ്ഡത്തിൽ മഹമ്മദീയന്മാരുടെ ആധിപത്യരാത്രിയുടെ പ്രവേശനത്തോടുകൂടി ഗാഢമായ സങ്കുചിതയെയോ അത്യുഗ്രമായ ക്രൂരതയെയോ പ്രാപിച്ചതായിക്കാണുന്നു കഷ്ടം! .... ഭീരുപാതകങ്ങൾ ചെയ്യുന്നതിനു ജീവപര്യന്തം തടവിൽ പാർപ്പിച്ചിരിക്കുന്ന ഒരുവനെപ്പോലെ ഗൃഹത്തിന്റെ ഒരു കോണുകൊണ്ടു അഹോരാത്രങ്ങളെ കഴിച്ചുകൂട്ടുകയും ബാഹ്യമായ ലോകത്തിൽ നടക്കുന്ന സംഗതികളെക്കുറിച്ചു യാതൊന്നുമറിയാതെ അജ്ഞാനനിധികളായും അനക്ഷരകുക്ഷികളായും ഗൃഹകാര്യങ്ങളിൽ കേവലം ഒരു പാവയെന്നതുപോലെ പെരുമാറപ്പെട്ട വന്ദ്യസ്ത്രീകളുടെയും അല്പംതെ സ്ത്രീകൾക്കു ഗത്യന്തരം ഇല്ലാതെയായി. ഈദൃശയായ സ്ഥിതിയുടെ ദോഷങ്ങളായ അവശേഷങ്ങൾ സാധുക്കളായ നമ്പൂതിരിബ്രാഹ്മണരുടെയും മറ്റും അന്തർജ്ജനങ്ങളിൽ വ്യസനകരമാകുംവണ്ണം നിലനിന്നുവരുന്നുണ്ടു്. യാവചിലരൊഴിഞ്ഞുള്ള ദുഷ്ടസ്ത്രീകൾക്കു ഈ സ്ഥിതി കല്പിക്കപ്പെട്ടിരിക്കുന്നുവൊ ആ വക ദൊഷങ്ങൾതന്നെ പുരുഷന്മാരുടെ ഏകാന്തവാസത്തെ ആക്രമിക്കുന്നു. ആയുഷ്കാലം അനുഭവയോഗ്യമായ ഒരു സമ്പാദ്യമാണെന്നും അതിനു ലോകപരിചയം അവശ്യം അപേക്ഷിതമാണെന്നും മറ്റുമുള്ള തത്വങ്ങൾ കൃപണസ്വഭാവങ്ങളായ ഈ സ്ത്രീകളുടെ ഭോഷങ്ങളെ

ഭൂപ്രകൃതി അവരെ സ്വതന്ത്രരായിരിക്കുന്ന സാധുജീവജന്തുക്കളാക്കി അറിയുന്നുണ്ടോ? അവയെ ഏതെങ്കിലും സ്ഥാവരജംഗമങ്ങളായോ ജംഗമങ്ങളായോ വകവയ്ക്കുന്നുണ്ടോ? ഇപ്രകാരമൊക്കെയും എഴുതുവാൻ ഞാൻ പ്രേരിതനാവുന്നത് തുടരെത്തുടരെ ഉണ്ടാകുന്നതും കേവലം ജീവികാരുണ്യത്തെക്കുറിച്ചെന്നതും മനുഷ്യർ വിചാരിക്കുമെന്ന വിശ്വസിക്കുന്നു. രാത്രിയൊട്ട് ഞാൻ ഉപവിച്ച് മഹാമതിയായ രാജ്യഭാരത്തിൽ ചന്ദ്രനെപ്പോലെ ഉദിച്ചുനിൽക്കുന്ന അക്ബർചക്രവർത്തിയുടെ കാലത്തും സ്വാതന്ത്ര്യം സുപ്രധാനമായിരുന്നെന്നു തോന്നുന്നു. പാശ്ചാത്യപരിഷ്കാരസമ്പർക്കത്തിനുശേഷം സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനു ഊനത്തെയോ പൂർണ്ണതയെയോ കൊടുത്തതെന്നുള്ളതു നിസ്സംശയമാണ്."

* * *

ആട്ടക്കഥകൾ ഉണ്ടാക്കിയ കൊട്ടയത്തു തമ്പുരാൻ 'വിഷ്ണുമായ' (മിഥുനത്തിലെ ഭാഗ്യപരീക്ഷണിയിൽനിന്ന)

സപ്തസന്നിഭരശ്മിവും തരുണപൂരണതൽവയസ്സും
ഗന്ധസമ്പരിപൂർണ്ണമാം മലർമാലയാണ മണികണ്ഠിയും
കണ്ഠഭൂഷണമുടിയുന്നപൂന്തകിലുമാട്ടഴിഞ്ഞ കചഭാരവും
മന്ദമൊന്നുചലിച്ച മണിമുകൾ മുഖാംബുജത്തിലുദിയ്ക്കയും
പാടിടുന്നതുകേട്ടുകൊണ്ടു മിടതിങ്ങിടുന്ന കുളുഷ്ണിയും
പന്തടിച്ചുഗിരിരുന്നകൊരെയൊന്നു മന്ദമംഗതിവിശ്വവും
ചന്തമൊന്നു വിടാടവും ഭുവനമോഹനംചിലകാക്ഷവും
ചിന്തയുടുതിനുമപരം തരികേരളാഭിനിതിരുന്നിടും

* * *

'തായൊടൊവർക്കൽ വീട്ട്' എന്ന ഇംഗ്ലീഷ് കാസിയിൽ 'കത്തിന്റെ സ്വരൂപത്തെക്കുറിച്ചു പഠിപ്പോഴിക്കുന്ന അവസരത്തിൽ മിസ്സ് ബ്രസൻഡന്റെ ഉപകാരം എഴുതിയിരിക്കുന്നു. "ഉണ്ണേഷ്ഠമായ യാതൊരു പ്രവൃത്തിയും നമുക്കു ചെയ്യുവാൻ കഴിയുന്നതല്ല. അനുഭവമായിൽ കിടക്കുന്ന ഇഹലോകത്തിൽ ചെയ്യപ്പെടുന്ന സകലപ്രവൃത്തിയും സജ്ജീവകർമ്മത്തെ ഉല്പാദിപ്പിക്കുന്നു. അത്യുത്തമമെന്നു ഗണിക്കപ്പെടുന്ന പ്രവൃത്തിയും പരമാത്മാവിൽ ഗുണദോഷസംമിശ്രിതമാകകൊണ്ടു ഗുണദുഃഖമായ പ്രവൃത്തിമാർഗ്ഗമെതെന്നു തിരയുവാൻ ശ്രമിക്കുകമാത്രമാണ നമ്മാൽ സാദ്ധ്യമായിട്ടുള്ളതു."

കൃഷി.

ഇഞ്ചികൃഷി:—

കൃഷിസ്ഥലം നല്ലവണ്ണം ഉഴുത് അവിടെയുള്ള കളമുഴുവനും പറിച്ചുകളയണം. കളപറിക്കുന്നതു ഇഞ്ചിനട്ടതിനു മുമ്പു കഴിച്ചിരുന്നുകിൽ വെള്ളംകെട്ടിനിന്ന കിഴങ്ങുമുഴുവനും കെട്ടുപോകും. ഇഞ്ചി നട്ടുകഴിഞ്ഞതാൽ വാഴനാരും വൈക്കോലുംകൊണ്ടുകുടിച്ചുന്ന പുതകിയ ചാണകം, ലഘിമതലായ 'ഹൊഴത്തുവളങ്ങളും' കൃഷിനിലത്തിൽ വിതറണം. ഈറ്റപ്പുള്ള പ്രദേശമാണെങ്കിൽ കെട്ടിനിൽക്കുന്ന വെള്ളം തൊട്ടുകുത്തി വാർത്തുകളയണം. വെള്ളമില്ലാതെ വരണ്ടുകിടക്കുന്ന സ്ഥലമാണെങ്കിൽ പുകംപൊലെ നനക്കുകയും വേണം. നല്ലവണ്ണം രക്ഷിച്ചുറപ്പിട്ടുള്ള ഇഞ്ചിയാണെങ്കിൽ കിഴങ്ങിന്റെ നാലുപുറവും ഇഞ്ചിക്കൊടികൾ ശരിയായിട്ടു വിരലിന്റെ ആകൃതിയിൽ കെട്ടുവാട്ടുകാതെ പൊട്ടിപ്പുറപ്പെട്ടിട്ടുണ്ടാവും. ഇഞ്ചിച്ചെടിയുടെ തണ്ടു വെളുത്താൽ ഇഞ്ചിപറിക്കേണ്ട കാലമായി. പറിക്കുവാൻ കാലംവൈകിച്ചാൽ ഇഞ്ചിയിന്മേൽനിന്ന രാളപൊട്ടി അതിന്റെ മർദ്ദവം നശിച്ചുപോകും. ഇഞ്ചിപൊട്ടിപ്പോകാതെ മണ്ണോടിട്ടു പറിക്കുകയും വേണം.

ഗുണം:—ഇത സ്വാഭാവികമെന്നും കൃത്രിമമെന്നും മണ്ണിൽത്തന്നെ. വന്തി, ചുഷ കൾ മുതലായവ സ്വാഭാവികത്തിൽ ഉൾപ്പെട്ടവയാകുന്നു. ഇട്ടുനക്കരി, എല്ല്, മത്സ്യം മുതലായവ കൃത്രിമങ്ങളുടെ കൂട്ടത്തിലാണ് ഗണിക്കപ്പെട്ടിട്ടുള്ളത. കൊതമ്പു കൃഷിക്കു ഇട്ടുനക്കരി വിശേഷമാണത്രെ.

കൃഷികൗശലം.

നിറംപോയ തുണികൊണ്ടുണ്ടാക്കിയ നിറംപിടിപ്പിക്കുവാനുള്ള പ്രയോഗങ്ങൾ :—

(എ) സോപ്പുവെള്ളംകൊണ്ടു നല്ലവണ്ണം തേച്ചുകഴുകി കുണ്ടാടിച്ചിട്ടിന്റെ ചൊട്ടിൽ ഒരു ചരുവത്തിലാക്കുക. സൂര്യരശ്മിക്കു നിറംവരുത്തുവാനുള്ള ശക്തിയുണ്ട.

(ബി) കഠിനതീത്തൈലവും ക്ലോറൈഡ് ആഫ് ലൈം (Chloride of lime) എന്ന സാധനവും ചേർന്ന വെള്ളത്തിൽ കുറച്ചുനേരം ഇട്ടുക.

(സി) തുണ്ടുകൾ വെള്ളത്തിൽ മുക്കി വായുസമ്പർക്കമുള്ള സ്ഥലത്തിൽ കാണിക്കുക. എന്നാലും നിറം കിട്ടും.

(ഡി) കാബ്രൊ ഓക്സ്യാലിക് ആസിഡ് ചേർത്ത വെള്ളത്തിൽ ഇട്ടാൽ തുണിക്കു നിൽക്കുന്ന മങ്ങിപ്പഠിയ പാട് കളയുവാൻ കഴിയുമെന്നു കാണുന്നു.

വൈദ്യം.

1. മാനസികമായും കായികമായും ഉള്ള അദ്ധ്വാനമാണ് ശരീരസ്വാസ്ഥ്യത്തെ രക്ഷിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന മുഖ്യകാരണങ്ങളിൽ ഒന്നെന്നു നിസ്സംശയമാണ. എന്നാൽ കായക്ലേശംകൊണ്ടും മനഃക്ലേശംകൊണ്ടും ഉണ്ടാവുന്ന ക്ഷീണം തീർപ്പാൻ തൊട്ടും, മൈതാനം, കടൽവക്ക് ഇങ്ങിനെയുള്ള പ്രദേശങ്ങളിലെ ശുദ്ധവായു ശ്വസിക്കുക, അതിലത്ത ശുദ്ധജലത്തിൽ കുളിക്കുമതിയ നല്ലവഴിക്കുമിരിക്കെ തുടയുന്നുവെന്നു പകൽപ്പോലുള്ള മദ്യപാനത്തെ അപേക്ഷിക്കുന്നതെന്തിനാണ!

2. അപൂർവ്വം ചിലദിവസങ്ങളിൽ പട്ടിണികിടക്കുന്നത ദേഹത്തിനു നല്ലതാണ. ആഹാരത്തിന്നൊരു വിശ്രമമാകുന്നു. ഫലങ്ങൾ മാത്രം ഭക്ഷിക്കുന്നത തലവേദന, നീരുകെട്ടു മുറുക്കമില്ലായ്മ ഇവയെ ഇല്ലായ്മചെയ്യുവാൻ സഹായിക്കുന്നതാകുന്നു.

3. സാമാന്യമായിട്ട കാലം കയ്യും തണുക്കുന്നത മഹനക്ഷയത്തിന്റെ ലക്ഷണമാകുന്നു.

സ്വന്തം.

സർക്കാരിൽനിന്ന ഞങ്ങൾക്കു സദയം അയച്ചുതന്നിട്ടുള്ള 1901-ലെ കൊച്ചിസംസ്ഥാനം വക സെൻസസ് (കാനേഷുമാരി) റിപ്പോർട്ട് സന്തോഷപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. വായിക്കുന്നുണ്ടായ ഈ റിപ്പോർട്ട് കൊച്ചിയിൽ സെൻസസ് സൂപ്രണ്ട എം. ശങ്കരമേനോൻ ബി. എ. അവർകളാൽ എഴുതപ്പെട്ടിട്ടുള്ളതാകുന്നു. ചരിത്രസംബന്ധമായും സാമുദായികമായും ഉള്ള ചില ഭാഗങ്ങൾ ഇംഗ്ലീഷ പരിജ്ഞാനമില്ലാത്ത വായനക്കാരുടെ അറിവിനും രസത്തിനുംവേണ്ടി 'രഞ്ജിനി'യിൽ, തർജ്ജമചെയ്തിട്ടാൽ കൊള്ളാമെന്നു തോന്നുകയുണ്ടായി.

ശ്രീമശ്രീ കല്യമ്പിള്ളിൽ വിഷ്ണുനമ്പൂരി അവർകളാൽ ഉണ്ടാക്കപ്പെട്ട 'പഞ്ചാക്ഷരമാഹാത്മ്യം ഓട്ടൻതുള്ളൽ' സന്തോഷസഹിതം കൈപ്പറ്റിയിരിക്കുന്നു. സ്ഥലപരിമിതികൊണ്ടാൽ ഈ ലക്കത്തിൽ അഭിപ്രായം പറവാൻ സാധിക്കാത്തതാണ്.

കഠിനപ്പാലത്ത മാസംതോറും പ്രസിദ്ധപ്പെടുത്തി വരുന്നതും 'സാമുദായികപത്രത്തെ' സംബന്ധിച്ചേടത്തോളം 'നായരുടെ' അനുഗാമിയും ആയ 'എഴുത്തച്ഛന്റെ കക്കടകം ചില്ലും രണ്ടുപ്രതികൾ കിട്ടിയിരിക്കുന്നു. ഇത നന്നായി നന്നു.

വിജയവ്യാപല്യത്താൽ പ്രസ്താവനയിൽ പറഞ്ഞതിൽ കവിഞ്ഞുടി ഭാഗങ്ങൾ ഇത്രയുണ്ടാ ചെലവുണ്ടായി വന്നുപോയെന്നു വായനക്കാരെ അറിവിച്ചുകൊള്ളുന്നു.

നൊട്ടീസ്.

മെത്തരം സാമാനങ്ങളും! വില വളരെ സഹായം!

ബൊമ്പായിമുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽ നിന്ന നൊരിട്ടുവരുത്തുന്നതും തഴെ വിവരം പറയുന്നതും വെറെയും അനേകം സാമാനങ്ങളും തൊകപ്പടിയായും ചില്ലറയായും വളരെ സഹായ വിലക്ക വില്ക്കുന്നതാണ്.

പലതരത്തിലുള്ള പ്ലാനൽ ശീലകളും, ടീഡുകളും, ചെക്കണീകളും, വളരെ ഭംഗിയുള്ള ചീട്ടികളും പട്ടകളും, ബ്ലാങ്കെറുകളും, തൊപ്പികളും, സർജ്ജകളും, മല്ല, ജഗന്നാഥൻ മുതലായ തുണിച്ചരക്കുകളും. എന്നാമൽ പാത്രങ്ങളും, പലതരത്തിലുള്ള ഗ്ലാസുകളും, നാഴികമണികളും, വാച്ചുകളും, വിളക്കുകളും, കണ്ണാടികളും, കത്തികളും, ഇളൊപ്പുകളും, രവിവർപ്പടങ്ങളും, കൊടകളും, ഇരിമ്പപ്പെട്ടികളും, ഇരിമ്പലമാരികളും, ഇരിമ്പങ്ങടുപ്പുകളും, അനെകവിധം സൊപ്പുകളും, ബ്രാണ്ടി, വിന്നി, മതലായ ലഹരിസാധനങ്ങളും, മുത്തച്ചിപ്പികൊണ്ടുള്ള അനെകവിധ പാത്രങ്ങളും, ഇവകളും മേലിൻസഫ്ലഡ, കൊക്കൊ, കാപ്പിപ്പൊടി, ടീ ബിസ്കോത്ത മുതലായ വേറെയും അനേകവിധ സാമാനങ്ങളും വളരെ സഹായവിലക്ക വില്ക്കുന്നതു.

ആവശ്യപ്പെടുന്നവക്ക് സാമാനങ്ങളും വി- പി- ആയി അയച്ചുകൊടുക്കുന്നതാണ്.

എ. ടി. എസ്സ. മേനോൻ.

ജനറൽ മർച്ചന്റ്.

ചിറ്റൂർ.

Subramania & Co.,

താംബൂല വിഹാരം ഒരു സുഖാനുഭവ സാധനം തന്നെ.

———:o:———

വറിലമുറുക്കിനെ സ്വാദുപിടിപ്പിക്കുന്ന ഒരു രുചിപ്രദമായ സുഗന്ധവസ്തു. രമ്യം വിശേഷം രുചിപ്രദം.

ഇതു മേത്തരം കസ്തൂരി, പനിനീർസത്ത്, അത്തർ മുതല സുഗന്ധവസ്തുക്കൾ എന്നിവ ചേർത്തുണ്ടാക്കിയതായി നൂതനമായ ഒരു കൂട്ടാകുന്നു. വെറിലമുറുക്കിനു അതിരസം ഉണ്ടാക്കും. മുറുക്കുന്നവർക്ക ഇത അതിസുഖാനുഭവമായൊരു സാധനമാകയാൽ അവർ ഈ സാധനത്തെ വാങ്ങി പരീക്ഷിച്ചുനോക്കേണ്ടതാകുന്നു.

| | | |

രണ്ടുമൂന്നുമാകയാൽ ശ്വാസത്തിന്ന ഒരു നല്ല മണവുമുണ്ടാവും വായിനാ
അല്ല ഉണ്ടാവില്ല. നല്ല മരു മണം വായിൽനിന്ന പുറപ്പെടുകയും ചെയ്യും.

KARPURARISTHA. കർപ്പൂരാരിഷ്ടം. നടപ്പുദീനത്തിന

ക ഔഷധം. (വീക്കൂചികകടുള്ള സിദ്ധൌഷധം.) ഒരു കുപ്പിക വിലയുള്ള കർപ്പൂ
വിക്കൂചികാ, അതിസാരം, വയറിൽകടി, ഛർദനക്കുറവു, ചെവിക്കുന്നിയുടെ കേ
വയറിന്ന വിസ്സാരം എന്നിഞ്ഞിനെയുള്ള രോഗങ്ങൾക്ക നല്ല മരുന്നാണ. ഈ
പല ജാതിയായ വേദനകളെ തീർത്തു അവയവങ്ങൾക്ക ശാന്തമായ പ്രസാദത്തെ
വരുത്തും. അവയവങ്ങൾക്ക ക്ഷണസംഭവങ്ങളായ വിറയൽ പിടച്ചൽ മുതലായ വികാരി
കളെ മാറ്റും. മലത്തിന്റെ അയച്ചിൽ മാറി മലത്തെ കെട്ടി മലബന്ധം വരുത്തി ബന്ധം
കൊടുക്കും. അവിൻ (കവപ്പു) ക്രുടിച്ചുള്ള അന്യ മരുന്നുകളെപ്പോലെ ഛർദ്ദി ഓക്കാ തലവേ
നയെ ഉണ്ടാക്കില്ല. തലതിരിച്ചൽ, ഉറക്കം, മന്ദത, ആലസ്യം, മോഹം മുതലായുള്ളതും
ഉണ്ടാകുന്നതുമല്ല. അല്പ നിമിഷങ്ങൾക്കുള്ളിൽ ക്ഷീണിയും വേദനയും നേരുകയും നിന്നു
പോകും. ഏകമൂലികപ്രയോഗക്കാരായ ഹോമിയാപ്പതി വൈദ്യരും ബഹുമൂലികാപ്രയോഗ
ക്കാരായ അല്ലോപ്പാതി വൈദ്യരും കൊടുക്കുന്ന കർപ്പൂരം ക്ലോറോഡൈൻ എന്നിത്യാദി മരു
ന്നുകളേക്കാൾ ഞങ്ങളുടെ കർപ്പൂരാരിഷ്ടം ഇന്ത്യയിലെ ജനങ്ങളുടെ ദേഹങ്ങൾക്കും അതി
ന്റെ സഹജസ്വഭാവങ്ങൾക്കും പറ്റിയതാണ. ഇത ഞങ്ങളുടെ അനുഭവമാണ.

☞ മേല്പറഞ്ഞ എല്ലാ മരുന്നുകൾ താഴെ എഴുതിയ മേൽവിലാസത്തിൽ ഇംഗ്ലീഷി
ലൊ മലയാളത്തിലൊ തമിഴിലൊ എഴുതി ചൊദിക്കേണ്ടതാണ.

എന്ന ടി. എസ്സ്. കൃഷ്ണസ്വാമിയ്യർ ആന്റ കമ്പനിയാര

33. ആർമീനിയൻ സ്ട്രീറ്റ,

മദിരാശി.

സരസ്വതിതൂവൽ.

(THE SARASWATI PEN.)

ഒരിക്കൽ മഷി നിറച്ചിയാൽ 300 മുതൽ 500 വരെ വാക്കുകൾ എഴുതാം.

സ്വതന്ത്രലിഖിതങ്ങൾ.

സർ. വാൾട്ടർ ലൊറൻസ് (കെ. സി. ഐ. ഇ.) ഇന്ത്യാഗവണ്മെന്റ
ജനറാളുടെ പ്രൈവറ്റ സിക്രട്ടേരി:— സരസ്വതിതൂവുകൾ വളരെ ഉപയോഗമുള്ളവ
യായി കാണുന്നു. താങ്കളുടെ നൂതനമായ ഈ കണ്ടുപിടിക്കുന്ന താങ്കൾക്ക് എല്ലാ ജയ
വും സിദ്ധിക്കട്ടെ.

സർ. ലൊറൻസ് ജെങ്കിൻസ് (കെ. സി. കെ. സി. ഐ. ഇ.) ബോം
ബെ ഗവർമേണ്ടിന്റ ഒന്നാംജഡ്ജി:— സരസ്വതിതൂവൽ വളരെ ഉപയോഗമുള്ളതായി ഞാൻ കാ
ണുന്നു. കൂടാതൂവലുകൾ താങ്കൾ എനിക്ക് അയച്ചുതരുന്നത് ഉപകാരം.

ബഡ്ഡാൻ മഹാരാജാധിരാജ ബീജായി ചാന്ദേ മഹതാബ് ബഹദ്ദർ:— ഈ സൂത്രവിദ്യയിൽ നാം വളരെ സന്തോഷിക്കുന്നു.

നാട്ടോർ മഹാരാജ ബഹദ്ദർ ജഗനിന്ദ്രനാഥറോയി:— മക്ഷി നിവൃ "സ്പാൻ" ത്രുവർത്തപാലം ഇക്കാലവും നമ്മെ ഉപകാരമുള്ളതാണ.

ബഹുമാനപ്പെട്ട രാജാ റൻജീത് സിങ്ങ് ബഹദ്ദർ:— ഞങ്ങളെ ഉപകരിപ്പാനായി താങ്കൾ തീരെ അഹ്നാകുന്നു.

രാജാ പെയരിമോഹന മുക്കർജ്ജി:— (സി. എസ്. ഐ):— സർ സാതി ത്രുവർ വളരെ ഉപയോഗമുള്ളതായി ഞാൻ കണ്ടിരിക്കുന്നു.

ബഹുമാനപ്പെട്ട മിസ്റ്റർ ജസ്റ്റിസ്സ് ശാരദ ചാരുമിത്രൻ:— ഇതു വളരെ ഉപയോഗമുള്ള ഒരു കണ്ടുപിടിക്കൽതന്നെയാണ.

പണ്ഡിതർ ഡബ്ലിയം. ഡിം. ഗാഡ്ലേലി (ബി. എൽ.) മഹാരോരത ഉപദേശകൻ:— "സ്റ്റീംപെൻ" ഈ യന്ത്രത്തിന്നു ഞങ്ങളുടേയും പാലനകർ ത്രുവർ പൂർണമായി നിൽക്കുന്നതാണ.

ശ്രീധരാദിത്രായങ്ങൾ.

ഘനാര മാനു പുസ്തകം എഴുതി വച്ചിയ്ക്കുന്നതും മുൻപിലും സി. എസ്സ്.) കളും വക്കീൽ സിപ്പാൻ ഉള്ളം ഉപയോഗിപ്പാൻ ത്രുവർ തൃപ്തികരമായ ശീട്ടു തന്നു കണ്ടിരിക്കുന്നു. സൂത്രം വളരെ സാമർത്ഥ്യമുള്ളതന്നെയാണ.

മിസ്റ്റർ എച്ച്. ഡി. വില്ല്യംസ് (ഐ. സി. എസ്സ്.), കമീക്കനർ:— കൂടക്കൂട മക്കി മാറുകയുന്ന ബുദ്ധിമുട്ടില്ല. ഒരിക്കൽ മുക്കിയാൽ മൂന്നു നാലു പ്രാവശ്യം കത്തുകടലാസ്സ് എഴുതാവുന്നതാണ.

മിസ്റ്റർ കെ. സി. ഡി. (ഐ. സി. എസ്സ്.) കലക്ടർ:— ത്രുവർ വളരെ സൌകര്യമുള്ളതും കണ്ടുപിടിച്ച സൂത്രം സാമർത്ഥ്യമുള്ളതുതന്നെ.

മിസ്റ്റർ എസ്സ്. സി. മിത്രൻ, ഡിപ്പുട്ടി മജിസ്ട്രേട്ട്:— നല്ല വിദ്യ ഉരെ തൃപ്തികരം.

മിസ്റ്റർ ജി. ചക്രവർത്തി, സിമിണ്ടാർ, ബാംബ്വെ മുനിസിപ്പാൽ ചേമ്മാൻ:— കണ്ടുപിടിച്ച സൂത്രം വളരെ സാമർത്ഥ്യമുള്ളതന്നെ. ത്രുവർ വളരെ ഉപയോഗമുള്ളതാകുന്നു.

മിസ്സർ സീതാകുഹോരി, ജപ്പാൻ "ഡിൻഗാജിറ്റ്സാൻഗിയെ" സു
മാജം പ്രസിഡേണ്ട:— താങ്കളുടെ ഉപയോഗകരമായ കണ്ടുപിടിക്കൽ ലയത്തെ പ്രാപി
ച്ചതിനു ഞാൻ താങ്കളെ അഭിനന്ദിക്കുന്നു.

റവറണ്ട് ഡോക്ടർ മോറീസൻ (എം.എ):— കണ്ടുപിടിച്ച സൂ
സാമർത്ഥ്യമുള്ളതുതന്നെ.

ഡോക്ടർ എം. എൻ. ഗാംഗുലി, കൊൺപുരി:— ഇതിന്റെ ഫ
പ്രാപ്തി കേൾവിപ്പെട്ടതുതന്നെയാണ്.

പ്രൊഫസർ എച്ച്. സ്റ്റീഫൻ (എം. എ):— സരസചിത്രവൽ
ൻ ഉപയോഗിച്ചുണ്ടാക്കിയതിൽ വളരെ ഫലപ്രാപ്തിയുള്ളതായി കണ്ടിരിക്കുന്നു.

ഡോക്ടർ സറാട്ട് കെ. മുള്ളിക്ക് (എം. ബി. സി എം.):— എഴുത
റിയുന്ന ലോകത്തിൽ ഇതിനു വളരെ ചെലവുണ്ടാകുമെന്നു ഞാൻ തീർച്ചയായി പറയുന്നു.

ഡോക്ടർ [illegible] (എം. എ, എൽ. എൽ. ഡി):—
മഷിനിർമ്മ [illegible] ാർ അറബിയെ ഉപയോഗി
ച്ചുണ്ടാക്കിയ [illegible] ൻഷ്യ [illegible]
കാണുവാൻ കഴിഞ്ഞിട്ടില്ല.

	വില.			ക.	ണം.	പ.
12 ഗ്രോസുകൾക്ക്	...	...	...	0	8	0
72-ന	...	...	...	2	12	0
144-ന	...	...	...	5	8	0

"ഡി. പി." പൊസ്റ്റായി അയപ്പാൻ [illegible] പുറമെ.

താഴെകാണിച്ച കമ്പനിയോടു ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.

ടി. എസ്സ്. സുബ്രഹ്മണ്യം ആൻറ കമ്പനിയാര

33. ആർമീനിയൻ സ്ട്രീറ്റ്,

മദിരാശി.

T. S. SUBRAMANIA & Co.,

Agents,

33, Armenian Street,

Madras.

വ്യവഹാരചിന്താമണി.

——— : o : ———

തൃശൂർ 30-ാംനു- പ്രസിദ്ധപ്പെടുത്തുന്നത നോക്കുക.

കൊച്ചി വിധികളം! കൊച്ചി വിധികളം!!

ഈ മാസം മുതൽക്കു കൊച്ചി ചീഫ്കോട്ടിലെ വിധികൾ ഇതിൽ കൊടുക്കുന്നുണ്ട്. നാനൃത ഉപയോഗമുള്ള പലെ വിധികളും ഇത്തരണയുണ്ട്.

ചീഫ്കോട്ടിലെ അതിദയാശൂന്മാരായ രണ്ടു വക്കീലന്മാർ ഏകോപിച്ചിട്ടാണ ഇതുകൾ റിപ്പോർട്ടാക്കുന്നത. കൊച്ചിയിൽ സർക്കാർവകയായ വിധികൾ പ്രസിദ്ധപ്പെടുത്തുന്നില്ല. ചീഫ്കോട്ട് വിധികളുടെ പോക്കറിവാൻ "വ്യവഹാരചിന്താമണി" മുഖാന്തരമെ നിവർത്തിയുള്ളൂ.

ആദ്യംമുതൽക്കു വാങ്ങാഞ്ഞാൽ ബുദ്ധിമുട്ടാകും, ജഡ്ജിമാരുംകക്ഷിക്കാരും, ഗുമസ്തന്മാരും, നാട്ടുകാരും ഉടനെ 'വ്യവഹാരചിന്താമണി' വാങ്ങിക്കൊണ്ടിരിക്കുന്നു. വി. പി. ആയി അയക്കുവാൻ ഒരു പൊസ്റ്റുകാർഡ് അയച്ചാൽ പുസ്തകം വന്നു. ഒരു കൊല്ലത്തെ വരിസംഖ്യ 4-1-0 തപാൽക്കാരൻ വക്കീലെ കൊടുത്ത വാങ്ങുന്നു.

പത്രാധിപാഭിപ്രായങ്ങൾ.

മനോരമാ- ഈ പുസ്തകം എല്ലാ വക്കീലന്മാരുടേയും മുൽക്കാണ്ടുസമീപത്തിൽ ഗുമസ്തന്മാരും വക്കീൽ ഗുമസ്തന്മാരും വരുത്തി വായിക്കുന്നതു കൊള്ളാവുന്നതാകുന്നു.

കേരളസഞ്ചാരി- ഈ മാസ്സിക കേരളീയർ [illegible] പ്രയോജനമായി വരുമെന്നതിനു സംശയമില്ല.

കേരളപത്രികാ- കോടതികളിലെ വിചാരണകളും വിധികളും ഇപ്പോൾ ഇംഗ്ലീഷിലായിൽ ആയതുകൊണ്ടു ഇംഗ്ലീഷ അറിയാത്ത വ്യവഹാരക്കാർക്കും മറ്റു ജനങ്ങൾക്കും ഈ ഏടുയൊ ഉപകാരമായിതീരുന്നതാണ.

മലയാളമനോരമാ- മേനോൻ അവർകളുടെ ഉദ്യമപൂർത്തീകരണത്തിനു വേണ്ടി. അദ്ദേഹത്തിന്റെ ഈ പുതിയ സ്വമനകത്തെപോലെ ഈ നാട്ടിൽ വേറെ ഒരു പുസ്തകത്തിനും അത്രയധികം പ്രചാരമുണ്ടാവുമെന്നു തോന്നുന്നില്ല.

മലയാളി- വ്യവഹാരികൾക്കും മറ്റും ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ കേവലം കൂടാതെകഴിപ്പാൻ തക്കനിലയിൽ ചെയ്യു മേനോൻ അവർകളുടെ ഈ [illegible] വളരെ ശ്ലാഘനീയമായിതീർന്നിരിക്കുന്നു.

അപേക്ഷിക്കേണ്ടും മേൽവിലാസം :

ചെങ്കുളത്തകരുണാകര മേനോൻ ബി. എ.

വക്കീൽ, വള്ളുവനാട

നൊട്ടീസ്.

മെത്തം സാമാനങ്ങൾ ! വില വളരെ സഹായം !!

ബോമ്പായിമുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽ നിന്നുനേരിട്ടുവരുത്തുന്നതും താഴെ വിവരം പറയുന്നതും വെറെയും അനേകം സാമാനങ്ങളും തൊകപ്പടിയായും ചില്ലറയായും വളരെ സഹായ വിലക്കു വില്ക്കുന്നതാണ്.

പലതരത്തിലുള്ള പ്ലാനൽ ശീലകളും, ടീഡുകളും, ചെക്കുതുണികളും, വളരെ ഭംഗിയുള്ള ചീട്ടികളും പട്ടകളും, ബ്ലാങ്കെറുകളും, തൊപ്പികളും, സർജ്ജകളും, മല്ല, ജഗന്നാഥൻ മുതലായ തുണിച്ചരക്കുകളും. എനാമൽ പാത്രങ്ങളും, പലതരത്തിലുള്ള ഗ്ലാസുകളും, നാഴികമണികളും, വാച്ചുകളും, വിളക്കുകളും, കണ്ണാടികളും, കത്തികളും, ഇളൊപ്പുകളും, രവിവർപ്പടങ്ങളും കൊടകളും, ഇരിമ്പപെട്ടികളും, ഇരിമ്പരാലമാരികളും, ഇരിമ്പുകട്ടിലുകളും, അനെകവിധം സൊപ്പുകളും, ബ്രാണ്ടി, വിന്നി, മുതലായ ലഹരിസാധനങ്ങളും, മുതുച്ചിപ്പികൊണ്ടുള്ള അനെകവിധ പാത്രങ്ങളും, ഇവകളും ഷമിൻസ്ഫുഡ, കൊകൊ, കാപ്പിപ്പൊടി, ടീ ബിസ്കോത്ത മുതലായ വേറെയും അനേകവിധ സാമാനങ്ങളും വളരെ സഹായവിലക്കു വില്ക്കുന്നതാണ്.

ആവശ്യപ്പെടുന്നവക്ക് സാമാനങ്ങൾ വി- പി- ആയി അയച്ചുകൊടുക്കുന്നതാണ്.

എ. ടി. എസ്സ്. മേനോൻ.
ജനറൽ മർച്ചന്റ്.
ചിറയ്ക്കൽ.

സംഗതിവിവരം.

——:o:——

		ഭാഗം.
ക. കടം-	എസ്സ്. വി. ആർ.	൦
ഖ. സൂയ്യൻ-	കെ. എം.	൧൫
ഗ. മാമാങ്കം (ആപ്പെങ്കിൽ മലയാളത്തിലേ മാമാകം)-		
	പൂന്തൊഴുത്ത് പരമേശ്വര മേനോൻ.	൨൪
ഘ. സുഭദ്രാർജ്ജുനം- ...	സി അന്തപ്പായി.	൨൯
ങ. സുനീതി- ...	കെ. അപ്പുനമ്പ്യാർ. ബി. എ.	൩൪
ച. ഒരു മറുവടി (രണ്ടുസന്ദേശങ്ങൾ)-	വീരകേസരി.	൪൩
ഛ. മലയാളഭാഷയുടെ താൽക്കാലികാവസ്ഥ-		
	സി. ഡി. ഡേവിഡ്.	൪൭
ജ. അസാരംതെറിപ്പോയി- ...	എസ്സ്. വി ആർ.	൫൦
ഝ. വൈരാഗ്യത്രയം-	ടി. നാരായണൻ നമ്പി	൫൬
ഞ. ഒരു വിലാപം-സി. എസ്സ്. സുബ്രഹ്മണ്യൻ പോറ്റി		൫൯
ട. നാഗാനന്ദം-	പായാട്ട് അച്യുതമേനോൻ	൬൨
ഠ. ഒരു ഉമ്മരണം.		൬൬
ഡ. ആത്മനിവ്വേദനം- സി. ഗോദവർമ്മൻ തിരുമുല്പാട.		൬൯
ഢ. പലവക.		൭൨
പുസ്തക പരിശോധന.		
കരക്കൂലം.		
സ്വതം.		

☞ രസികരഞ്ജിനിക്കു പുതിയ വരിക്കാരെ ഉണ്ടാക്കി അവരുടെ വരിപ്പണം മുഴുവൻ മുൻകൂറായി ചിരിച്ച് പേരുവിവര പട്ടികയോടുകൂടി ഈ സംഖ്യ ഈ പ്രീസിൽ അടക്കുന്നവക്ക് ക്ഷ. ഉറുപ്പികയിൽ കുറയാതെ യുള്ള സംഖ്യകൾക്കു ഫഠക്ക ഫഠക വീതം കമ്മിഷനും നഠ. കയിൽ കുറയാതെ പിരിച്ചടക്കുന്നവക്ക് മേൽ പറഞ്ഞ കമ്മിഷനും പുറമേ മുപ്പതിനെ ഉറുപ്പികക്കു രഞ്ജിനിയുടെ ഓരെ പ്രതിവീതം സൌജന്യവുംകൊടുക്കപ്പെടും.

ര. ര. മാനേ൪

PRINTED AT THE VIDYA VILASUM PRESS, ERNAKUL

ഹർത്താൽ-മാനന്ദത്തെ വരിസംഖ്യ അടച്ചവരുടെ പേരവിവരം.

	കൊച്ചി ഹസ്-ാംകൂറ തമ്പുരാൻ തിരു		ക-	ണ- സ
	മനസ്സു കൊണ്ടു—	തൃപ്പൂണിത്തുറ—	നു	൦ ൦
രാമാ-	വി. കെ. രാമൻമേനോൻ-	,,	നു	൦ ൭
,,	മധുരത്താറ് തുപ്പൻ നമ്പൂരിപ്പാട്.	,,	നു	൦ ൭
,,	നെടുമ്പുരമ്പ വാസുദേവൻ നമ്പൂരി.	,,	നു	൦ ൭
,,	ഓണറബ്ൾ സി. ശങ്കരൻ നായർ.	മദ്രാസ്സ്.	നു	൦ ൦
,,	ശ്രീ ശങ്കുണ്ണിമന്നാടിയാർ.	ചിറവൂർ.	നു	൦ ൦
,,	വി. കെ. ലക്ഷ്മീഭാണി	കൊല്ലംകോട്	നു	൦ ൦
,,	ശ്രീ കെ. ടി. കെ. എം. ചെറിയ നാരായ			
	ണൻനമ്പൂരിപ്പാട്.	ദേശമംഗലം	നു	൦ ൦
,,	നല്ലൂർ പരമേശ്വരൻ നമ്പൂരി.	ഇരിഞ്ഞാ		
		ലക്കുട.	നു	൦ ൦
,,	വിക്ടോറിയകോളേജ് പ്രിൻസിപ്പൽ.	പാലക്കാട.	രു	൦
,,	വെടിപ്പുര മാത്തിൽ കൊച്ചുണ്ണി	തൃപ്പാട.		
		എറണാകുളം.	നു	൦ ൦
,,	രാമൻകേരിൽ കുരിയാൻ കൊച്ചാണ്ടി.	ചങ്ങനാശ്ശേരി.	ഫ	൦൦ ൦
,,	മൂത്തിയേടത്ത ദിവാകരൻ നമ്പൂരി.	കരിമ്പുഴ	൦	പ ൦



പുസ്തകം ൨൰ കന്നിമാസം. ലക്കം ൨൰

മംഗളം.

—:o:—

തിങ്ങിപ്പൊങ്ങിപ്പരന്നീടിന പെരിയദാവാം
ദോനിധിക്കള്ളിലെന്നും
മുങ്ങിപ്പൊങ്ങിക്കഴഞ്ഞീടിനൊരടിയനെനീ
യത്തൽതീർത്താത്തമോദം.
സംഗംപൂണ്ടാതപാംഗത്തരണിയിലണയെ
ച്ചേർത്തുടൻ കാത്തിടേണം
ശചങ്ങൽ തുംഗപ്രമോദാന്വിതമടിയരുള്ളം
ശൈലകന്യേ വദാന്യേ!

വെൺമണി അഛൻ നമ്പൂരിപ്പാട്.

കടം.

(൧)

ആരുതുകടം വാങ്ങിക്കയ്യു
മരുതുകടം മറെറാരാൾക്കു നൽകുകയും
മുതലും തന്നുടെമിത്രവു
മിതുമൂലം നഷ്ടമാം പലപ്പോഴും.

(ഷേക്സ്പിയർ.)

മിക്കജനങ്ങൾക്കും കൂടക്കൂടെ മനക്ലേശമുണ്ടാക്കുന്നതും അക്കാലങ്ങളിൽ വേണ്ട ഉപദേശത്തിന്നും സഹായത്തിന്നും മറുള്ളവ

ത്ത ആശ്രയിപ്പാൻ ഇടയാകും തീക്കുന്നതുമായ ഗ്രഹചിത്രം, ജാതിത്തക്കം, എന്നതുടങ്ങി പല ദുഷ്ടവിഷയങ്ങളുള്ളതിൽ പ്രാണസംബന്ധമായ എടവാട്, കൂടി ഉൾപ്പെട്ടതെന്നതന്നെയല്ല അതിന് പ്രധാനസ്ഥാനംതന്നെ കല്പിക്കേണ്ടതുമാണ്. മനുഷ്യരുടെ എല്ലാ ആവശ്യങ്ങൾക്കും ഇക്കാലത്തെ ദ്രവ്യം അടിസ്ഥാനമായിതീർന്നിരിക്കകൊണ്ട ധനാർജ്ജനം വളരെ സാരമായ ഒരു കാര്യമായി ജനങ്ങൾ കരുതിവരുന്നു. ഗ്രഹശികളിൽ മുതലായ, സമ്പാദ്യത്തിനുള്ള അന്യായമാർഗ്ഗങ്ങളിൽ ചിലർ പ്രവേശിച്ച കാണുന്നതു തന്നെ ഇതിനു ഒരു പ്രത്യക്ഷ തെളിവാകുന്നു. ന്യായമായ സമ്പാദ്യത്തിനുള്ള വഴി എന്തെന്ന പ്രായേണജനങ്ങൾ ധരിക്കാതെ ലോഭംകൊണ്ട മതിമറന്ന നേർമാർഗ്ഗം വെടിയുന്നതും ഇതിനൊരു ദൃഷ്ടാന്ത മാണന്നല്ലെ പറയേണ്ടത്? ദ്രവ്യംകൊടുത്തുവാങ്ങൽ, ചെയ്യുന്നവരുടെ ഇടയിൽ എന്നുവേണ്ട, അതുകൊണ്ട പെരുമാറ്റം ചെയ്യുന്ന എല്ലാവരുടെ സംഘത്തിലും സാമാന്യസുജനങ്ങളേക്കാൾ പണം കടംകൊടുക്കുന്നവരെ അധികം പൂജ്യന്മാരായി വിചാരിച്ചുവരുന്നത നമുക്ക അനുഭവസിദ്ധമല്ലേ? ജനസമുദായത്തിൽ കേവലം കൂലിക്കാർ തുടങ്ങി പ്രഭുക്കന്മാർവരെ എല്ലാത്തരക്കാരുടെ ഇടയിലും കടംവാങ്ങലും കൊടുക്കലും സാധാരണ നടപ്പായി തീർന്നിരിക്കുന്നു. ഇതിന്റെ ആപൽക്കരമായ ഭവിഷ്യത്തുകളെ പല പ്പോഴും ജനങ്ങൾക്ക കാണ്മാനിടവരുന്നുണ്ടെങ്കിലും ആ നടവടി ചീത്തയാണെന്നുള്ള ബോദ്ധ്യം അവക്ക് വന്നുതുടങ്ങീട്ടില്ല. കൊള്ളകൊടുക്കൽ, പല സമ്പ്രദായത്തിലുണ്ടെങ്കിലും അതിനേപറ്റി സവിസ്തരം പ്രസ്താവിക്കുന്നതായാൽ ലേഖനം വലുതാതെ തീർക്കുമോ എന്നു സംശയിച്ച ബന്ധുമിത്രാദികളുടെ ഇടയിൽ സാധാരണ നടപ്പുള്ള കൊടുത്തുവാങ്ങലിനേ കുറിച്ച മാത്രമേ ഞങ്ങൾ ഇവിടെ പ്രതിപാദിക്കുന്നുള്ളു.

തറവാട്ടാവശ്യങ്ങൾക്ക് സമീപസ്ഥന്മാർ അന്യോന്യം സാധനങ്ങൾ തല്ക്കാലം കടംവാങ്ങിച്ച പിന്നീട മടക്കികൊടുക്കുന്ന സമ്പ്രദായത്തെ പറ്റി വളരെ ഗൌരവമായി വിചാരിപ്പാനില്ലെന്ന് മിക്കജനങ്ങളും അഭിപ്രായപ്പെട്ടേക്കാമെങ്കിലും സൂക്ഷ്മമായി ആലോ

ചിക്കുന്ന പക്ഷം ഒരു് അവരുടെ ഗൃഹഭരണത്തിലുള്ള മിടുക്കില്ലായ്മയേ പെരിപ്പെടുത്തുകയാണ ചെയ്യുന്നത് എന്ന നാം ഓർക്കേണ്ടതാണ. പ്രഭുത്വകുടുംബക്കാരുടെ ഇടയിലുംകഷ്ടിച്ചു കഴിച്ചിലിന്നുള്ളവരുടെ ഇടയിലും ഇപ്രകാരം അയൽവക്കത്തു നിന്ന സാധനങ്ങൾ കടം വാങ്ങിക്കുന്നത് എത്രത്തോളം നടപ്പുണ്ടെന്നു ശരിയായി മനസ്സിലാക്കുന്നതായാൽ ഏവനും വിസ്മയം തോന്നിപ്പോകും ഒരു കൊഴച്ചട്ടകത്തിന്റെയോ ചരക്കിന്റെയോ ഉടമസ്ഥന്ന് അതിന്റെ അയൽ വീടുകളിലുള്ള സഞ്ചാരത്തെ പറ്റി എന്തെല്ലാംരസകരങ്ങളായ കഥകൾ പറവാനുണ്ടാകും? ഉപായത്തിൽ കാലക്ഷേപം കഴിച്ചുകൂട്ടുന്നവരുടെ ഇടയിൽ പ്രഥമൻ വെക്കുവാനുള്ള ചരക്കും, രണ്ടാമൻ വെയ്പാനുള്ള ഉറുളിയും ഇന്നിന്നദിക്കുകളിലുണ്ടെന്നു പ്രസിദ്ധമായിരിക്കുമല്ലോ. ഇപ്രകാരം അസംഖ്യം വീട്ടുസാമാനങ്ങൾ പലവീടുകളിൽ നിന്നുമായിവാങ്ങി പൊതുവെ ഉപയോഗിച്ചു വരുന്നുണ്ട്. ഇങ്ങിനെതന്നെ നാഴി ഉപ്പ്, രണ്ടുമണിക്കുരു, ക്രൗര്യച്ചുവ, ഒരു തവി വെളിച്ചെണ്ണ, എന്നു തുടങ്ങി പല സാധനങ്ങളും പിന്നീട മടക്കികൊടുക്കാമെന്നുള്ള നിശ്ചയത്തിന്മേൽ പലപ്പോഴും അയൽവക്കക്കാർ കടം വാങ്ങിക്കൊണ്ടു പോകാറില്ലയോ ? ഇങ്ങിനേയുള്ള ചില്ലറസ്സാമാനങ്ങൾ കടംവാങ്ങിക്കുന്നതുകൊണ്ട യാതൊരു ദോഷവുമില്ലെന്ന തീരെ തള്ളിക്കളുവാൻ പാടില്ലെങ്കിലും ഇതിനേ പറ്റി സാരമായ ഗുണദോഷ നിരൂപണത്തിന്ന ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. ഈ വ്യാപാരം കടം വാങ്ങുന്നവരുടെ ഗൃഹഭരണത്തിലുള്ള സാമർത്ഥ്യമില്ലായ്മയേയും ആലോചനക്കുറവുകൊണ്ടുണ്ടാവുന്ന ചൊരായ്മയേയും പ്രത്യക്ഷപ്പെടുത്തുന്നതോടുകൂടി കടംകൊടുക്കുന്ന ആൾക്ക് അപ്രിയംപറയുന്നതിനുള്ള വൈമനസ്യത്തെയും പ്രദർശിപ്പിക്കുന്നുവെന്നമാത്രം ഞങ്ങൾ ഇവിടെ സൂചിപ്പിച്ചുകൊള്ളുന്നു. കല്യാണം മുതലായ അടിയന്തരങ്ങൾക്ക് ഉപയോഗിക്കുന്നതിന്നായി ആഭരണങ്ങൾ കടം വാങ്ങിക്കുന്ന പതിവും ഒട്ടും നന്നല്ല. ഞങ്ങളുടെ ഈ ഉപന്യാസത്തിന്മേൽ മുഖ്യസംഗതി സ്നേഹിതന്മാർ തമ്മിൽ പണം കടംകൊടുത്തു വാങ്ങുന്നതിനെപറ്റിയായിരിക്കുമെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുള്ള

തുകൊണ്ട ഈ വിഷയത്തേ കുറിച്ചും അധികം വിസ്തരിപ്പാൻ ഇവിടെ തരമില്ല. ''ഇരന്നു പൊന്നണിഞ്ഞേറെറം ഞെളിഞ്ഞീടൊല്ല'' എന്നത് സത്തായ ഒരു ഉപദേശമാകുന്നു.

പണം കടംവാങ്ങിക്കുന്നവർ നാലുതരക്കാരുണ്ട്. (1) ആകസ്മികസംഭവങ്ങളായകാഴ്ച്ചകളും നിവൃത്തിക്കേണ്ടതിലേക്കായി തല്ക്കാലം തങ്ങളേ സന്തോഷപുരസ്സരംസഹായിക്കുവാൻ താല്പര്യത്തോടുകൂടിയവരായ സ്നേഹിതന്മാരുടെ വക്കൽ നിന്ന് സംഗതിവശാൽ ദ്രവ്യം കടം വാങ്ങുന്നവർ (അധികം ആക്ഷേപകരമല്ലാത്തത് ഇതൊന്നു മാത്രമേയുള്ളൂ.) (2) കേവലം ദുർവ്യയത്തിന്നായി, ദ്രവ്യം തിരിയെ കൊടുക്കില്ലെന്നുള്ള മുൻകരുതലോടുകൂടിയോ, അഥവാ കൊടുക്കേണ്ടി വന്നാൽ തന്നെ ആയത മനസ്സറിഞ്ഞ മയ്യാദക്ക ചെയ്യയില്ലെന്നുള്ള സിദ്ധാന്തത്തിന്മേലൊ പതിവായി കടം വാങ്ങിക്കുന്ന ധൂർത്തന്മാർ (3) അതിലാഭം നോട്ടവാനുള്ള മോഹം കൊണ്ട തങ്ങളുടെ വ്യാപാരങ്ങളിൽ മുടക്കേണ്ടതിലേക്കായി അന്യന്റെ പണം കടംവാങ്ങി ഉപയോഗിക്കുന്നവർ (4) പണത്തിന്റെ മുട്ടകൊണ്ട അതികഠിനമായി കഷ്ടപ്പെട്ട് അതിൽ നിന്നതല്ക്കാലം ഒരു നിവൃത്തി കിട്ടുവാനായി എന്തുലാഭം കൊടുത്തിട്ടും കടം വാങ്ങുവാൻ ഒരുങ്ങുന്നവർ. ഈതരക്കാരെയെല്ലാം പറ്റിയാണ താഴെ പ്രസ്താവിക്കുന്നത്.

ഭാഗ്യക്ഷയംകൊണ്ടോ മറേറാ മുതലെല്ലാം നശിച്ച് ഒരുവൻ കഷ്ടപ്പാടിലായി കുഴങ്ങുമ്പോൾ തന്റെ ഒരു പ്രിയസ്നേഹിതൻ ചെയ്യുന്ന ഹൃദയംഗമമായ താല്കാലികസഹായം എത്രതന്നെ ലഘുവാണെങ്കിലും വളരെ കായ്മയായി വിചാരിക്കുന്നതല്ലെ ? ഒരുവന്ന് ദ്രവ്യം ഉണ്ടായതുകൊണ്ടുള്ള സുഖങ്ങൾ എന്തെല്ലാമെന്ന് ആലോചിച്ചുനോക്കുന്നതായാൽ അതിൽ പ്രധാനമായിട്ടുള്ളത് അവന്റെ സ്നേഹിതന്മാരെ ഇങ്ങിനെയുള്ള കഷ്ടസ്ഥിതിയിൽനിന്നും കയറുന്നതിൽ കുറച്ചെങ്കിലും സഹായിക്കുവാൻ സാധിക്കുന്നതുതന്നെയായിരിക്കും. ''എന്റെ പ്രിയസ്നേഹിതാ, നിങ്ങൾക്കെന്തെങ്കിലും ഒരുപകാരം ചെയ്യുവാൻ ഇനിക്ക സാധിക്കുമൊ? ആരു ഭാഗ്യം ഇനിക്ക കിട്ടുമൊ ?'' എന്ന് യാതൊരു ബന്ധുക്കളോ

ടും ഒരു ദ്രവ്യസ്ഥന് പറവാനില്ലെങ്കിൽ ധനികനായ ആ ആളും ഇരുപ്പാളിയും ഒരുപോലെ" എന്ന എങ്ങിനെയാണ് പറയാതിരിക്കുന്നത്? അത്യന്തം ഔദാസ്യശീലം കൊണ്ടും, സ്നേഹാതിശയം കൊണ്ടും ഉണ്ടാകുന്ന ബന്ധുസഹായത്തെ ഒരുവൻ കയ്യുറവുന്നതിൽ തെറ്റില്ലാ. എന്നാൽ അങ്ങിനെയുള്ളവൻ തന്റെ ബന്ധുവിനും കഴിയുന്ന സഹായം ചെയ്വാൻ സന്നദ്ധനായിരിക്കണം. കടം വാങ്ങുകയൊ കൊടുക്കുകയൊ ചെയ്യുന്നതിനെപറ്റി അധിക്ഷേപിച്ചിട്ടുള്ളതുകൊണ്ട് സ്നേഹജന്യമായ സഹായപ്രവൃത്തികളും ബന്ധുക്കളൊ മിത്രജനങ്ങളൊ തമ്മിൽ തമ്മിൽചെയ്തുകൊടുക്കരുതെന്നാണ് ഞങ്ങളുടെ അഭിപ്രായമെന്ന് ആരും ധരിക്കരുത്. മേൽപറഞ്ഞ മാതിരിയിലുള്ള ഉൽകൃഷ്ടബാധങ്ങൾ ഉണ്ടാവുകയും അവയെ അനുസരിച്ച് പ്രവൃത്തിക്കുകയും ഒരു മനുഷ്യനായാൽ വേണ്ടതാണ്. എന്നാൽ ഇങ്ങിനെയുള്ള കാര്യങ്ങളിൽ, തന്നെ ദ്രവ്യംകൊണ്ടു സഹായിപ്പാൻ സ്നേഹിതന് പ്രാപ്തിയൊ, തല്പരാലം കഴിവൊ, ഉണ്ടോ എന്നും, സഹായിപ്പാൻ കഴിയുമെങ്കിൽ തന്നെ അയാൾക്ക് പൂർണ്ണമനസ്സുണ്ടൊ എന്നും മുമ്പിൽകൂട്ടി വല്ല വിധനയും അറിഞ്ഞതിന്നശേഷം മാത്രമെ ഒരുവൻ കടത്തിന്നുള്ള അപേക്ഷ ചെയ്യുകൂടൂ എന്ന് ധരിച്ചിരിക്കേണ്ടതാകുന്നു. ആത്മാർത്ഥമായി സ്നേഹിക്കുന്നവരുടെവക്കൽനിന്നുകൂടി പരിവായി വാങ്ങുവാനുള്ള ആലോചനക്കുറവായിട്ടുള്ളതും സ്നേഹബന്ധത്തിന്റെ ശൈഥില്യത്തിന്ന് അവശ്യം കാരണമായിതീരുന്നതുമാകുന്നു. എന്തെന്നാൽ പണത്തിന്നുള്ള ആവശ്യം എപ്പോളുണ്ടാകുമെന്ന് ആക്ഷം മുമ്പിൽകൂട്ടി നിശ്ചയിക്കുകയുള്ളൊ. അങ്ങിനെയിരിക്കെ കയ്യിൽ പണം ഇരിപ്പില്ലാത്ത സമയത്ത് അത്യന്തം വാത്സല്യമുള്ള ഒരു സ്നേഹിതൻ ദ്രവ്യസഹായം ആവശ്യപ്പെടുന്നതായാൽ ആ സ്നേഹിതനോട് പണംഉണ്ടെന്നൊ ഇല്ലെന്നാ പറയുന്നതിന് ഏവനും കൂസ്സിക്കേണ്ടിവരുമല്ലൊ. സ്നേഹിതന്മാരുടെ കഷ്ടാരിഷ്ടങ്ങളിൽ പങ്കുകൊള്ളുകയും അവരെ അതിൽനിന്നും മോചിപ്പിക്കുവാൻ യത്നിക്കുകയും ചെയ്യേണ്ടത് എല്ലാവരുടെയും ധർമ്മമാകുന്നു. എന്നാൽ സ്നേഹിതന്റെ ഇപ്രകാരമുള്ള ഔദാസ്യം

കുതി അവനെ സഹായിക്കുന്നവനെന്റെ ദുഃഖനിവൃത്തിക്ക് ഒരു മാർഗ്ഗം മാത്രം നോക്കുന്നവനുമായ ഒരുവന്റെ സഹായം എത്ര വിശ്വസ്തവും സഹായപ്രദവുമായിട്ടുള്ളതാകണമെന്ന് പറയേണ്ടതില്ലല്ലോ, എന്നു മാത്രമല്ല സ്നേഹിതന്റെ ഈ വിശിഷ്ടഗുണംകൊണ്ട് മെച്ചപ്പെടുവാൻ ഉത്സാഹിക്കുന്നവൻ സ്നേഹവിഹീനനും ദുരാഗ്രഹിയുമാണെന്ന് പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. തന്റെ സ്നേഹിതനോട് കടംവാങ്ങി ഒരുകാലത്തും ഒരു പരിചയവുമില്ലാത്ത അന്യനെ സഹായിക്കുന്നവനും നമ്മുടെ പരിചയത്തിൽ ധാരാളം ഉണ്ടാവും. എന്നാൽ ഈ സൗഹൃദവും ഒട്ടുംതന്നെ അഭിനന്ദിക്കത്തക്കതല്ല. പരസ്പരം ഒരുപോലെ സ്നേഹമുള്ളവരാണെങ്കിൽ തന്റെ പ്രവൃത്തികൊണ്ട് മറ്റൊരുവന് ദോഷംതട്ടരുതെന്നുള്ള വിചാരം രണ്ടുപേക്ഷം അന്യോന്യം ഉണ്ടാവാതിരിക്കയില്ല. അതുകൊണ്ടാണ് പ്രാണസ്നേഹിതന്മാർ തമ്മിൽ കടംവാങ്ങുന്നത് അത്ര അഭിലഷണീയകരമല്ലെന്ന് മുമ്പ് പ്രസ്താവിപ്പാൻ കാരണമായത്. ഈ സമഭാവമുള്ളവർ തമ്മിൽ കടംകൊടുക്കുന്നതുകൊണ്ട് ദോഷമില്ലെന്നു മാത്രമല്ലാ അത് പ്രവൃത്തി സന്തോഷജനകവുമായിരിക്കുമല്ലാ. സാധാരണയായി കടംവാങ്ങിക്കുന്നവക്കെല്ലാം മേൽപറഞ്ഞ സൗഹൃദഭാവമുള്ളതായി കാണുന്നതും അല്ല.

മടക്കിക്കൊടുക്കയില്ലെന്നുള്ള കുറ്റത്തിന്മേൽ പരിചയമില്ലാത്തവരുടെ കയ്യിൽനിന്നുകൂടി കിട്ടുമ്പോളെല്ലാം കടംവാങ്ങിക്കുന്ന പെരുങ്കള്ളനേപ്പറ്റി "എന്താണ് പറവാനുള്ളത്" എന്ന് പലതും വിചാരിച്ചേക്കാം. എന്നാൽ ലോകത്തിൽ കടംവാങ്ങുന്നവരിൽ അധികം ഈ ജാതിക്കാരാകയാൽ കടത്തെപ്പറ്റിയുള്ള ഒരു ഉപന്യാസത്തിൽ ഇവരെ കുറിച്ച് അല്പമെങ്കിലും പറയാതിരിപ്പാൻ തരമില്ലാ. ഇങ്ങിനെയുള്ളവർ മറ്റുള്ളവരുടെ ദ്രവ്യം കൈവശപ്പെടുത്തുന്നു എങ്കിലും ഇതിന് ഉടമസ്ഥന്റെ സമ്മതമുള്ളതുകൊണ്ട് അവരുടെ പ്രവൃത്തി "സാധാരണ കളവ്" എന്ന് പറഞ്ഞുകൂടാ. എന്നാൽ വാസ്തവത്തിൽ അവരെ ചില സംഗതികൾകൊണ്ട് കള്ളന്മാരെക്കാൾ അധികം നികൃഷ്ടസ്ഥിതിയിൽ ഗണിക്കേണ്ടതാകുന്നു. "സാധാരണകളവ്" ചെയ്യുന്നവക്ക് മുതലുടമസ്ഥനായിട്ട

യാതൊരു ബന്ധുതാവുമുണ്ടായിരിക്കണമെന്നില്ല. കടംവാങ്ങിദ്രവ്യം അപഹരിക്കുന്നവൻ ബന്ധുവായ ഉടമസ്ഥനെ തെറ്റിദ്ധരിപ്പിച്ച് അവന്റെ സമ്മതത്തോടുകൂടി കാര്യം നേടുന്നതുകൊണ്ട് അവന്റെ പ്രവൃത്തി ദ്രോഹവും വളരെ ഹീനവുമായിട്ടുള്ളതാകുന്നു.

എസ്സ്. വി. ഗുർ.

സൂര്യൻ.

"അസൌ ആദിത്യോ ബ്രഹ്മ"

"ഈ ആദിത്യൻ ബ്രഹ്മമാകുന്നു" എന്നാണ് മേലെഴുതിയിരിക്കുന്ന തലവാചകത്തിന്റെ അർത്ഥം. "ഈ ആദിത്യൻ" എന്ന പറഞ്ഞതുകൊണ്ട പ്രത്യക്ഷമായി നാംകാണുന്ന സൂര്യമണ്ഡലമെന്നർത്ഥമെടുക്കരുത്. "ഈ ആദിത്യൻ" എന്നതിനു ഈ ആദിത്യനിൽ അധിവസിക്കുന്ന വിരാഡ് പുരുഷൻ—ജഗദാത്മാ, ജഗദ്ഭിശ്വരൻ എന്നർത്ഥം ധരിക്കേണ്ടതാകുന്നു. "ജഗദാത്മാവായി ഈ ആദിത്യനിൽ അധിവസിക്കുന്ന പരമപുരുഷൻ തന്നെയാണ് ബ്രഹ്മം" എന്നാണ് മേലെഴുതിയിരിക്കുന്ന മന്ത്രത്തിന്റെ സാരം. നമ്മുടെ ദൃഷ്ടിക്ക് ഗോചരമായിരിക്കുന്ന ആദിത്യൻ അദ്ദേഹത്തിന്റെ പ്രതിനിധി എന്നപോലെയാണ് കല്പിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടാണ് "ഈ ആദിത്യൻ ബ്രഹ്മം" എന്ന് പറഞ്ഞിരിക്കുന്നത്. "സർവ്വേഷാം പുരുഷേ, യശ്ചാസാവാദിത്യേസഏകഃ—മനുഷ്യന്റെ ഹൃദയത്തിൽ വാസംചെയ്യുന്നവനും, ആദിത്യനിൽഅധിവസിക്കുന്നവനും ഒരാൾതന്നെയാകുന്നു" (തൈത്തിരീയോപനിഷത്ത്) എന്ന ശ്രുതിവാക്യവും മേൽപറഞ്ഞഅർത്ഥത്തെത്തന്നെ സൂചിപ്പിക്കുന്നു. "പുരുഷശ്ചാധിദൈവതം" (ഭ. ഗീ. അ ൮. ശ്ലോ ൪) എന്ന് ഭഗവദ്വാക്യവുമുണ്ട്. ഇവിടെ *പുരുഷൻ എന്ന പദത്തെ "ആദിത്യാന്തർഗ്ഗതനായിരിക്കുന്ന ഹിരണ്യഗർഭൻ, സർവ്വപ്രാണികളുടെ ഇന്ദ്രിയങ്ങളെ

* യാതൊന്നിനാൽ സർവ്വം പൂർണ്ണമായിരിക്കുന്നുവോ അവൻ പുരുഷൻ, അല്ലെങ്കിൽ, ¶ ദേഹത്തിൽ സ്ഥിതിചെയ്യുന്നവൻ പുരുഷൻ.

ക്കുമ്പോൾ ഗ്രാഹകൻ'' എന്നാണ് ശങ്കരാചാര്യസ്വാമികൾവ്യാഖ്യാനിച്ചിരിക്കുന്നത്. മേൽകാണിച്ച ഒരുമന്ത്രംകൊണ്ട് അതിനേഉച്ചരിച്ച് ത്രിസന്ധ്യയിലുമനുഷ്ഠിക്കപ്പേടേണ്ടസന്ധ്യാവന്ദനം എത്രത്തോളം മാഹാത്മ്യമുള്ളതാണെന്നുഹിക്കാവുന്നതാണ്. സന്ധ്യാവന്ദനാനുഷ്ഠാനംഒരുവനെബാഹ്യാഭ്യന്തരശുദ്ധിയെ വരുത്തുന്നു. തന്നിമിത്തം ബ്രഹ്മജ്ഞാനത്തിന് അവനെയോഗ്യനാക്കിതീർക്കുന്നു. തദ്വാരാ അവനു മോക്ഷസിദ്ധിയുമുണ്ടാകുന്നു. മഹാപ്രസിദ്ധമായ ഗായത്രിമന്ത്രവും മുൻവിവരിച്ചമന്ത്രാർത്ഥത്തെത്തന്നെയാണ് പ്രകാശിപ്പിക്കുന്നത്. അതുംവളരെമാഹാത്മ്യത്തോടുകൂടിയതും മഹാഫലത്തെ ഉണ്ടാക്കുന്നതുമാകുന്നു. പരമാത്മാവിന് ഒരു പ്രതിനിധിയെന്നപോലെ കല്പിക്കപ്പെട്ടിരിക്കുന്നതിനാൽ ആദിത്യൻ ശ്രുതിസ്മൃതികളിൽ പലവിധത്തിലും വർണ്ണിക്കപ്പെട്ടിട്ടുണ്ട്. പലവിധത്തിലും സ്തുതിക്കപ്പെട്ടിട്ടുമുണ്ട്. ഇങ്ങിനെ, ആദിത്യൻ ഹിന്ദുക്കളുടെ ഇടയിൽ ഇത്രയും പൂജാഹ്നനാണെങ്കിലും നമുടെ സ്ഥൂലദൃഷ്ടിക്ക് ഗോചരമായ ആദ്ദേഹത്തിന്റെ സ്ഥൂലദേഹത്തെ—രശ്മികളോടുകൂടി കാണപ്പെടുന്ന സൂര്യമണ്ഡലത്തെ- പറ്റി വിസ്താരമായ ഒരു വർണ്ണന ഒരു ദിക്കിലും കാണപ്പെടുന്നില്ല. ഇതിനെപ്പറ്റി പാശ്ചാത്യജ്യോതിശ്ശാസ്ത്രജ്ഞന്മാർ പ്രതിപാദിക്കുന്ന തത്വങ്ങളിൽ ചിലതിനെ നമുക്ക് ഗ്രഹിക്കുവാൻ ശ്രമിക്കുക.

പ്രഭാതസമയത്ത് നാം പുറത്തിറങ്ങി കിഴക്കോട്ട് നോക്കുമ്പോൾ കാണുന്ന അതിതേജസ്സോടുകൂടി ഉദിച്ചുപൊങ്ങിവരുന്ന സൂര്യൻ, കാഴ്ചയിൽ ഒരു വലിയചക്രത്തോളം മാത്രമെ ഉള്ളുവെങ്കിലും, പരമാത്മത്തിൽ മഹത്തായിരിക്കുന്ന ഒരു ഗോളമാകുന്നു. സൂര്യബിംബത്തെ ഉദയത്തിലും അസ്തമനത്തിലും മാത്രമെ നമുക്ക് നോക്കുവാൻ കഴികയുള്ളൂ. പിന്നെയുള്ള സമയങ്ങളിൽസൂര്യൻ അതിപ്രകാശത്തോടുകൂടിയിരിക്കുന്നതിനാൽ നമുക്ക് അതിനെനേരേ നോക്കുവാൻതന്നെവയ്യ. കരിപിടിപ്പിച്ച ഒരു മില്ലിൽകൂടി നോക്കിയാൽ തപ്തമായ അയഃപിണ്ഡംപോലെ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു ഗോളത്തേകാണാം. ഉദയസമയം സൂര്യബിംബം ദൃശ്യമാകുന്നതിനുമുമ്പ് അതി ദീർഘങ്ങളായ അതിന്റെ കിരണങ്ങളാണ് ആദ്യം കാണപ്പെടുന്നത്.

സദാ ജ്വലിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടാണ് ഈ ഗോളം എന്തൊരു സ്വഭാവത്തോടുകൂടിയതാകുന്നു ; അതെത്രത്തോളം വലിയതാകുന്നു ; നാമധിവസിക്കുന്ന ഭൂമിക്കും അതിനുമായിവല്ലസംബന്ധമുണ്ടോ ; ഉണ്ടെങ്കിൽ അതെന്താകുന്നു ; നമ്മളിൽനിന്ന് എത്ര ദൂരെയാണ് സൂര്യൻ ; സൂര്യനെന്നു പറയുന്നതുതന്നെ എന്തൊരു പദാർത്ഥമാണ് ; എന്നിങ്ങിനെയുള്ള സംശയങ്ങളെ സാമാന്യമായി വിവരിപ്പാനാരംഭിക്കുന്നു.

സൂര്യൻ എത്രവലിയതാണെന്നുള്ളത് ചില ഉദാഹരണങ്ങളേകൊണ്ടു മാത്രമെ നമ്മുടെ ബുദ്ധിക്കു വിഷയമാവുകയുള്ളൂ. നാമധിവസിക്കുന്ന ഭൂമിയുടെ ചുറ്റും ഒരു കയറിട്ട് പിടിപ്പാൻ സാധിക്കുമെങ്കിൽ ആ കയറു ഇരുപത്തിനാലായിരംനാഴികയിൽ കുറയാതെനീളമുള്ളതായി കാണാവുന്നതാണ്. അല്ലെങ്കിൽ, ഒരുവൻ ഇരുപതുനാഴിക വീതം ഒരുദിവസം നടന്ന് ഭൂമിയെ പ്രദക്ഷിണം വെക്കുവാനൊരുങ്ങുന്നുവെങ്കിൽ മൂന്നിൽചില വാനം സംവത്സരം കൊണ്ടേ അവന്റെ ശ്രമം സഫലമാവുകയുള്ളൂ. ഇതിൽനിന്ന ഭൂമിയുടെ വലിപ്പത്തിന്റെഏകദേശജ്ഞാനമുണ്ടാകുന്നതാണ്. അങ്ങിനെയിരിക്കുന്ന ഭൂമികളം പതിനായിരലക്ഷത്തോളം കൊണ്ടുവന്നുകൂട്ടിച്ചേർത്തുവെച്ചാൽ എത്രവലിപ്പമുണ്ടാകുമോ അത്രയും വലിപ്പമാണ നമ്മുടെ സൂര്യനുള്ളതെന്ന ശാസ്ത്രജ്ഞന്മാർ കണക്കുകെട്ടിയിരിക്കുന്നു. അഗ്നിഭഗവാൻതന്നെ ഒരു തീവണ്ടി സൃഷ്ടിച്ച സൂര്യഗോളത്തിനചുറും റെയിലിട്ട വണ്ടിയോടിപ്പാൻ ശ്രമിക്കുന്നുവെങ്കിൽ മണിക്കൂറിൽ നാം നാഴികവീതം രാവും പകലും യാത്രചെയ്താൽ അഞ്ചുകൊല്ലംകൊണ്ടു സൂര്യബിംബത്തിന്മേൽ ഒന്നു ചുറ്റിവരുവാൻ സാധിക്കുന്നതാണ. ഇത കേവലം ബിംബത്തിന്റെ വലിപ്പമാണ ; അതിന്റെ രശ്മികളാകട്ടെ അനേകായിരം യോജന നീളമുള്ളവയാകുന്നു. സൂര്യനും ഭൂമിയുമായി ഒരു മുഴുത്തചെറുനാരങ്ങയും ഒരു കടുകുമണിയുമായിട്ടുള്ള അന്തരമുണ്ട്. ഇത വലിപ്പംകൊണ്ടുള്ള താരതമ്യമാകുന്നു. ഇനി ഘനംകൊണ്ടുള്ള അന്തരമെത്രയുണ്ടെന്നു നോക്കുക. ഒരുത്തുലാസ്സിന്റെ ഒരു തട്ടിൽ സൂര്യനെയും മറേറതിൽ മൂന്നുലക്ഷം ഭൂമികളേയുമിട്ടു തൂക്കിനോക്കിയാൽ സൂര്യനിരിക്കുന്ന തട്ടു കുറച്ചു മുകളുകമായി കാണാവുന്നതാണ്.

സൂര്യന്റെ ഉഷ്ണത്തേപ്പറ്റി ഇനി കുറഞ്ഞൊന്നു പറയാം. പക്ഷെ അതിനു മുമ്പായി പ്രകൃതിസംബന്ധമായ ചില തത്വങ്ങളെപ്പറയുന്നു. എന്തെന്നാൽഈ തത്വങ്ങളുടെ പരിജ്ഞാനംകൊണ്ടുമാത്രമെ സൂര്യന്റെ ഉഷ്ണത്തിന്റെ ഏകദേശജ്ഞാനമെങ്കിലു മുണ്ടാവുകയുള്ളു.

ഭൂമിയിൽ കാണപ്പെടുന്ന സകലപദാർത്ഥങ്ങളുംഉഷ്ണത്തിന്റെ ഉരുലഘുതത്തെ അനുസരിച്ച കട്ടിയായിരിക്കുന്ന അവസ്ഥ ദ്രവാവസ്ഥ, വായ്വാകാരമായ അവസ്ഥ, എന്നിങ്ങിനെ മൂന്നു വിധത്തിൽ പരിണമിക്കുന്നു. ഒരുവസ്തുവിൽ അത്യുഷ്ണമുണ്ടെങ്കിൽ അതു വായ്വാകാരമായ അവസ്ഥയെ പ്രാപിക്കുന്നു. ഉഷ്ണം അതിലും കുറച്ചു കുറഞ്ഞാൽ ആവസ്തു ദ്രവാവസ്ഥയെ പ്രാപിക്കുന്നു. പിന്നെ കുറേക്കൂടി കുറഞ്ഞാൽ അതു കട്ടിയായഅവസ്ഥയേയും പ്രാപിക്കുന്നു. എന്നാൽ, ഓരോവസ്തുക്കളുടെ കാഠിന്യത്തിന്റെ അവസ്ഥക്കു തക്കശക്തിയോടുകൂടിയ ഉഷ്ണത്തിന്റെഏറ്റക്കുറച്ചൽകൊണ്ടുമാത്രമെ അതാതവസ്ഥയെ പ്രാപിക്കുകയുള്ളു. ഈ സംഗതിയെ ചിലദൃഷ്ടാന്തങ്ങളെ കൊണ്ടു വ്യക്തമാക്കാം. രസംഎന്നപദാർത്ഥം ദ്രവാവസ്ഥയിലാണ സാധാരണ കാണപ്പെടുന്നത. വളരെ കുറച്ചുമാത്രം ചൂടുകൊണ്ടു അതു വായ്വാകാരത്തെപ്രാപിക്കുന്നു. വെള്ളവുംദ്രവാവസ്ഥയിലാണ സാധാരണ കാണപ്പെടുന്നത. അതിനെ തിളപ്പിക്കുവാൻ ഉപയോഗിക്കുന്ന ചൂട രസത്തെ വായ്വാകാരമാക്കുന്നതിനു വേണ്ടുന്നഉഷ്ണത്തേക്കാൾ വളരെ വളരെ അധികരിച്ചിരിക്കേണ്ടതാകുന്നു. അതിലും വളരെ അധികം ഉഷ്ണമുണ്ടായാൽ മാത്രമെ അതു വായ്വാകാരമായി തിരുകയുമുള്ളു. അപ്പോൾ അതു നാം ശ്വസിക്കുന്ന വായുവിനേ പോലെ, അദൃശ്യമായി ഭവിക്കുന്നു. വായ്വാകാരത്തെ പ്രാപിച്ചിരിക്കുന്നജലം, അല്പെങ്കിൽനീരാവി, വളരെ ശക്തിയുള്ളതാകുന്നു. തീവണ്ടിയുടെ യന്ത്രം, നെയ്ത്തുയന്ത്രം, ചക്ക്യന്ത്രം, അച്ചടിയന്ത്രം, എന്നിങ്ങനെയുള്ള നാനാവിധ ആധുനികയന്ത്രപ്പണികളും ആവിശക്തിയാൽ പ്രേരിതങ്ങളായിട്ടാണ പലപ്രകാരത്തിലുള്ള വ്യാപാരങ്ങളെ ചെയ്യുന്നത. ജലത്തേ ദ്രവാവസ്ഥയിൽനിന്ന കട്ടിയാക്കണമെങ്കിൽ അതിൽനിന്ന വളരെ ഉഷ്ണത്തെ എടുത്തുകളയേണ്ടതാകുന്നു. അപ്പോൾ ആ കട്ടിയായവെള്ളം അ

ല്ലെങ്കിൽ മഞ്ഞുരുകുട്ട, നമ്മുടെസ്പർശത്തിനു വളരെ തണുപ്പുള്ളതായിത്തീരുന്നു.

ലോഹങ്ങൾ സാധാരണയായി കട്ടിയായഅവസ്ഥയിലാണകാണപ്പെടുന്നത. അവതന്നെഓരോന്ന ഓരോവിധശക്തിയോടുകൂടിയ ഉഷ്ണംകൊണ്ടുരുകി ദ്രവാവസ്ഥയെപ്രാപിക്കുന്നു.അവ വായ്വാകാരമായിനമുക്കുകണ്ടനുഭവമില്ല. എങ്കിലും അതിശക്തിയോടുകൂടിയ അഗ്നിയേ ഉണ്ടാക്കാമെങ്കിൽ എല്ലാലോഹങ്ങളും ഉരുകുന്നതിനു പുറമെ വായ്വാകാരത്തെത്തന്നെ പ്രാപിക്കുമെന്നതിനു സംശയമില്ല. കൊല്ലന്റെ ഉലത്തിയ്യ സാധാരണഅഗ്നിയെക്കാൾ വളരെ അധികം ശക്തിയുള്ളതാകുന്നു. എങ്കിലും അതിൽ ഇരുമ്പ് ഉരുകി ദ്രവാവസ്ഥയെ മാത്രമെ പ്രാപിക്കുന്നുള്ളു. അതിലും വളരെ അധികം ശക്തിയുള്ളതിയ്യുണ്ടാക്കിയാലെ ഇരുമ്പ വായ്വാകാരത്തേ പ്രാപിക്കുകയുള്ളു. പ്ലാറ്റിനം എന്നൊരുജാതിലോഹമുണ്ട. അതിനെ ഉലയിൽവെച്ച എത്രതന്നെ ഊതിയാലും ചുട്ടപഴുക്കുന്നതല്ലാതെ ലേശം പോലും ഉരുകുകയില്ല. അങ്ങിനെയുള്ള ലോഹം സൂര്യസന്നിധിയിൽ ഉരുകുമെന്നുമാത്രമല്ലാ അത വായ്വാകാരമായിത്തീരുന്നു എന്നുമാണ് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഇങ്ങിനെ ചില സംഗതികളെ കൊണ്ടല്ലാതെ സൂര്യന്റെ ഉഷ്ണത്തിന്റെ ഒരു സാത്രുപജ്ഞാനമുണ്ടാക്കുവാൻ വളരെ പ്രയാസമാകുന്നു. സൂര്യന്റെ ഉഷ്ണം ഇത്രഡിഗ്രിയുണ്ടെന്ന അളന്ന നോക്കണമെങ്കിൽ നമ്മുടെ ഇടയിൽ ഇപ്പോളുള്ള 'തെർമോമിറർ' കൊണ്ട അളക്കുവാൻ സാധിക്കുന്നതല്ലാ. അസംഖ്യംആയിരം ഡിഗ്രി അളക്കുതക്ക ഒരു യന്ത്രത്തെ പുതിയതായി സൃഷ്ടിച്ചാൽ എങ്ങിനെയാണെന്ന അറിഞ്ഞില്ല.

ഭൂമിയിൽ നിന്ന സൂര്യനിലേക്ക് തൊള്ളായിരത്തിരുപത്തേഴുലക്ഷം നാഴിക ദൂരമുണ്ട. ഈ ദൂരത്തിന്റെ സാത്രുപജ്ഞാനമേശംപോലുംനമുക്കുണ്ടാകുന്നതല്ലാ. എന്തെന്നാൽ, ഒരാൾ രാവുംപകലും ഇടവിടാതെ ഒന്ന, രണ്ട, മൂന്ന, എന്നിങ്ങിനെ വേഗമെണ്ണുന്നുവെന്നുവിചാരിക്കുക. എന്നാൽ പത്തുലക്ഷം എണ്ണിക്കഴിയണമെങ്കിൽ മൂന്നുദിവസം വേണ്ടിവരും. അപ്പോൾ സൂര്യനിലേക്കുള്ള

ട്ടരം ഇതുമൈൽസ് എന്നാ സംഖ്യയെ എണ്ണിത്തീരുന്നതിനുതന്നെ (ഒരുവൻ ഊണും ഉറക്കവുമൊഴിച്ച് മെനക്കിട്ടിരുന്ന് രാവും പകലു മെണ്ണുന്നതായാൽ) ഒമ്പതുമാസത്തോളം വേണ്ടിവരും. എണ്ണിയെ ത്തിച്ചാൽതന്നെ ഒമ്പതുമാസം വേണ്ടിവരുന്നതായ ഒരു സംഖ്യയോ ളം നാഴിക ട്ടരത്തേ എങ്ങിനെയാണ നാം വിചാരിക്കുന്നതു!

ഗോളാകാരമായി കാണപ്പെടുന്ന അതിതേജസ്സോടുകൂടിയ ഈ സൂര്യബിംബം എന്തെല്ലാം പദാർത്ഥങ്ങളെക്കൊണ്ടാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്നറിവാനായി ഇപ്പോൾ ഒരു യന്ത്രം കണ്ടുപിടിച്ചിട്ടുണ്ട്. ആയന്ത്രത്തിൽ (Spectroscope-സ്പെക്ട്രാസ്കോപ്) സൂര്യരശ്മികളെ പതിച്ചാൽ നാനാവിധവർണ്ണഭേദങ്ങളെ (അതിൽ) കാണപ്പെടുന്നു. ഇന്നന്നപദാർത്ഥങ്ങളെ ഉരുകിജ്വലിച്ച്, അതാതിൽനിന്നുപുറപ്പെടുന്ന രശ്മികളെ ആ യന്ത്രത്തിൽ പതിപ്പിക്കുകയിൽ, അതാതിന്നനുരൂപമായപ്രത്യേകവർണ്ണഭേദങ്ങളെയതിൽ കാണപ്പെടുന്നുവെന്ന ശാസ്ത്രജ്ഞന്മാർ പരീക്ഷാമൂലം അറിഞ്ഞുവെച്ചിട്ടുണ്ട്. അതിനെ അനുസരിച്ച് സൂര്യരശ്മികളേ പരിശോധിച്ചപ്പോൾ ഭൂമിയിൽ കാണപ്പെടുന്ന മിക്ക ധാതുക്കളും സൂര്യനിൽ ഉണ്ടെന്നും, അവയിൽ അത്യുഷ്ണം നിമിത്തം ചിലത് ദ്രവാവസ്ഥയേയും, ചിലത് വായ്വാകാരത്തേയും, പ്രാപിച്ച് ജ്വലിച്ച് വിളങ്ങിക്കൊണ്ടിരിക്കുന്നുവെന്നും, ജ്യോതിശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു. അതിനുംപുറമെ, ഭൂമിയിൽ കാണപ്പെടുന്ന മിക്ക ധാതുക്കളും, ഇവിടെയില്ലാത്തതായ വേറെ അനേകം ധാതുക്കളും, കൂടിചേർന്ന ഒരു മഹത്തായ ഗോളാകാരമായി അതിതീവ്രമായ പ്രഭയോടുകൂടി ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരവസ്ഥയാണ് നമ്മുടെ ദൃഷ്ടിക്കു ഗോചരമായിരിക്കുന്ന ഈ സൂര്യബിംബമെന്നും അവർ കണ്ടുപിടിച്ചിരിക്കുന്നു. നാമീകാണുന്നതു മുഴുവൻ സൂര്യബിംബത്തിൽ ചേർന്നതല്ല. അതിപ്രകാശത്തോടുകൂടിയ ബിംബത്തിനു ചുറ്റും ചില വായുക്കളുണ്ട്. അവയെ സൂക്ഷ്മമായി കാണണമെങ്കിൽ ബിംബം മുഴുവൻ മൂടുന്നതായ ഒരു സൂര്യഗ്രഹണം വരണം; അപ്പോൾ മാത്രമെ ആ വായുക്കളെ നല്ലവണ്ണം വേർതിരിച്ചു കാണ്മാൻ സാധിക്കയുള്ളൂ. ഗ്രഹണകാലത്ത് ബിംബം മുഴുവൻ മൂടിക്കഴിഞ്ഞാൽ അതി

ന്നു ചുറ്റും പലവിധ വർണ്ണങ്ങളോടുകൂടി. ഒരു തേജസ്സിനെകാണുന്നു ത അതു വായുക്കൾ നിമിത്തമാകുന്നു.

നമുക്കു നിത്യപരിചയമുള്ള അഹോരാത്രം, പക്ഷം, മാസം, ഋതുക്കൾ, എന്നിവയെല്ലാം പാമരദൃഷ്ടിയിൽ സൂര്യന്റെ ഗതിവിശേഷംകൊണ്ടാണു ഉണ്ടാകുന്നതെന്നു തോന്നുന്നുവെങ്കിലും പരമാർത്ഥത്തിൽ നാം ഭൂമിയുടെഗതികൊണ്ടാണെന്നുള്ള ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തെ ഇപ്പോൾ കുറച്ചു പറഞ്ഞുള്ളു എല്ലാവരും സമ്മതിച്ചിരിക്കുന്നു. അങ്ങിനെയാണെങ്കിലും സൂര്യൻയാതൊരു ചലനവുംകൂടാതെആകാശത്തിൽസ്ഥിതിചെയ്യുന്നുവെന്ന ശാസ്ത്രജ്ഞന്മാരഭിപ്രായപ്പെടുന്നില്ല. എന്നാൽഭൂമി സൂര്യന്റെ ആകർഷണശക്തിയിൽ അകപ്പെട്ടിരിക്കുന്നതിനാലും, അതിന്റെ ശക്തി സൂര്യനെ ആപേക്ഷിച്ചുകയാലും സൂര്യന്റെ ഗതി ഇന്നപ്രകാരമാണെന്നു ശാസ്ത്രീയമായ ചില യുക്തികളേകൊണ്ടു അനുമാനിപ്പാൻ മാത്രമേ പാടുള്ളു.

നമുക്ക് ഏറ്റവുമടുത്ത് സപ്രകാശത്തോടുകൂടിയ വസ്തു സൂര്യനാകുന്നു. ബുധൻ, വ്യാഴം, ശുക്രൻ എന്നിങ്ങിനെയുള്ള ഗ്രഹങ്ങളിൽ കാണപ്പെടുന്ന പ്രകാശം സൂര്യനിൽനിന്നാകുന്നു. സൂര്യരശ്മികൾ, ഭൂമിയിലെന്നപോലെ, അവയിലും പതിച്ച് പിന്നെ അവയിൽനിന്ന് പ്രതിഫലിക്കുമ്പോൾ അവ പ്രകാശവസ്തുക്കളാണെന്നു നമുക്കു തോന്നുന്നു. ആവക ഗ്രഹങ്ങളിൽ ഒന്നിൽ ഇരുന്നുകൊണ്ട ഒരുവൻ ഭൂമിയെ നോക്കുന്നതായാൽ ഭൂമിയും പ്രകാശത്തോടുകൂടിയതാണെന്നു അവനു തോന്നുന്നതാണ്. അതിനുള്ള കാരണവും മേൽപറഞ്ഞതുതന്നെയാണു. വ്യാഴം മുതലായ ഗ്രഹങ്ങളും സൂര്യന്റെ ആകർഷണശക്തിയിൽ പെട്ടിരിക്കുന്നു. അതിനാൽ അവയുടെ ശക്തിയും സൂര്യനെ ആപേക്ഷിച്ചുതന്നെയിരിക്കുന്നു.

സൂര്യരശ്മികൾ ഭൂമിയിൽ പതിച്ച ഭൂമിയുടെശീതോഷ്ണങ്ങളെ ഏതൊരവസ്ഥയിലാക്കിത്തീർത്തിട്ടില്ലായിരുന്നുവെങ്കിൽ ഭൂമിയിൽകാണപ്പെടുന്ന ചരാചരാത്മകമായ ചേതനവസ്തുക്കൾ യാതൊന്നും ഉണ്ടാവാനായിട്ട തരമില്ല. സൂര്യരശ്മികൾ ഇപ്പോഴത്തെ ഭൂമിയിൽനി

ന്നാകർഷിച്ച വർഷകാലത്തിൽ നമുക്കു വൃഷ്ടിയെ തരുന്നു. സൂര്യരശ്മികൾ ഓഷധിവൃക്ഷങ്ങളിൽ പ്രവേശിച്ച് അവയെക്കൊണ്ട ഭൂമിയിലുള്ള ജലത്തേയും ധാതുക്കളേയും ആകർഷിപ്പിച്ച് അവയെ പുഷ്ടിയായി വളർത്തുന്നു. തരുലതാദികളും ശ്വാസോഛ്വാസത്തെ ചെയ്യുന്നുണ്ട. സൂര്യരശ്മിയില്ലെങ്കിൽ അവകൊണ്ടു സാധിക്കുന്നതല്ല. സൂര്യരശ്മികൾ പ്രാണികളുടെ ജഠരാഗ്നിയായി പരിണമിച്ച് അവർ ഭക്ഷിക്കുന്ന അന്നത്തെ വേണ്ടുംവണ്ണം ദഹിപ്പിച്ച അവയുടെ ദേഹത്തെ പോഷിപ്പിക്കുന്നു. പ്രാണനായി പരിണമിച്ച ജീവികളെ പലവിധത്തിൽ ചേഷ്ടിപ്പിക്കുകയുംചെയ്യുന്നു. നാം കുഴിക്കുന്ന വെള്ളം ഈ അവസ്ഥയിലിരിക്കുന്നതു സൂര്യരശ്മി നിമിത്തമാകുന്നു. നാം ശ്വസിക്കുന്ന വായു ഈ അവസ്ഥയിലിരിക്കുന്നതു സൂര്യരശ്മിയുടെ സഹായംകൊണ്ടാകുന്നു. നാം ഭക്ഷിക്കുന്ന അന്നം ഈ അവസ്ഥയിലാകുന്നതു സൂര്യരശ്മികൊണ്ടാകുന്നു. നാം കത്തിക്കുന്ന വിറക സൂര്യരശ്മികൾ സംഗ്രഹിക്കപ്പെട്ടതാകുന്നു. നമ്മുടെ ദേഹം തന്നെ സൂര്യരശ്മികൾ സംഗ്രഹിക്കപ്പെട്ടതാകുന്നുവെന്ന മുൻപറഞ്ഞ സംഗതികളിൽനിന്ന് സിദ്ധമാകുന്നുണ്ട. എന്തിനധികം പറയുന്നു, സൂര്യരശ്മികളില്ലെങ്കിൽ ലോകത്തിൽ ജീവൻഎന്ന വ്യവഹാരംതന്നെ ഉണ്ടാകുന്നതല്ല. ഇതാണ പാശ്ചാത്യപണ്ഡിതന്മാരുടെ അഭിപ്രായം. നമ്മുടെ ശ്രുതിസ്മൃതികളിലും ഈ അഭിപ്രായം തന്നെ പ്രതിവാദിക്കപ്പെടുന്നു. ''ആദിത്യനിൽനിന്ന വൃഷ്ടി, വൃഷ്ടിയിൽനിന്ന അന്നം, അന്നത്തിൽനിന്ന പ്രജ'' എന്ന സ്മൃതിവാക്യം തന്നെ ഒരു ഉദാഹരണമാകുന്നു.

ഇങ്ങിനെ സകല പ്രാണികൾക്കുമാധാരം സൂര്യനാണെന്നു സിദ്ധമായതിനാൽ സൂക്ഷ്മദർശികളായിരിക്കുന്ന നമ്മുടെ പുരാതനന്മാർ സൂര്യനെ ജഗദാത്മാവായും, ജഗദീശ്വരനുമായിരിക്കുന്ന ആ പരമപുരുഷന്റ പ്രതിനിധിയായി കല്പിച്ച് അദ്ദേഹത്തെ ഗായത്ര്യാദി മന്ത്രങ്ങളെക്കൊണ്ട ആരാധനചെയ്യുന്നത് യുക്തമതന്നെ.

മാമാങ്കം

(അല്ലെങ്കിൽ മലയാളത്തിലെ മാമാകം)

———— :o: ————

മലയാളത്തിൽ ടിപ്പുസുൽത്താന്റെ ആക്രമണത്തിന്നു മുമ്പുവരെ 'തിരുനാവാ' മണപ്പുറത്തുവെച്ചു ചിങ്ങവ്യാഴകാലങ്ങളിൽ 'മാമാങ്കം' അല്ലെങ്കിൽ 'മാമാകം' എന്നൊരു മഹോത്സവം ആഘോഷിച്ചിരുന്നുവെന്നുള്ള സംഗതി സുപ്രസിദ്ധമാണല്ലൊ. 'മാമാങ്കം' എന്ന പദത്തെ ശരിയായി പറയുമ്പോൾ 'മാഘമകം' എന്നാണ് പറയേണ്ടതു് (മാഘമാസത്തിലെ മകം. അതായതു, മകരത്തിലെ കറുത്ത വാവുകഴിഞ്ഞു കുംഭത്തിലെ കറുത്ത വാവിന്നകത്തുവരുന്ന മകം). ഇതു സാധാരണ വെളുത്ത വാവു സംബന്ധിച്ചു മാത്രമെ വരികയുള്ളൂ. അതുകൊണ്ടു മാമാങ്കം പ്രായേണ കുംഭമാസത്തിലായിരിക്കും. അഥവാ ചിങ്ങവ്യാഴത്തിലുള്ള മഹത്തായ മാഘമാസത്തിനെ 'മാമാകം' എന്നും പറയുന്നു.

ഒരു സ്ഥിതിക്കു മാമാങ്കകാലം, വർഷംകഴിഞ്ഞു് ഭാരതപ്പുഴയിലെ കലക്കവും ഒഴിഞ്ഞു്, മണത്തിട്ടകളും തെളിഞ്ഞു്, മകരത്തിലെ മരംകോച്ചുന്ന മഞ്ഞിന്റെ ശക്തി ശമിച്ചു്, കൊയ്ത്തുകഴിഞ്ഞിട്ടു് അറകളും നിറഞ്ഞു്, സ്വതേതന്നെ പ്രകൃതിദേവി തെളിഞ്ഞിട്ടുള്ളമലയാളത്തിലെങ്ങും ചക്കമാങ്ങ മുതലായ ഫലസസ്യാദികളും നിറഞ്ഞു്, പകൽ അനതിതീവ്രങ്ങളായ സൂര്യകിരണങ്ങളാൽപ്രകാശമാനങ്ങളായ ദിഗ്ഭാഗങ്ങളോടുകൂടിയും, ഭാരതപ്പുഴയിലെ സ്ഫടികനിർമ്മലങ്ങളായ തിരമാലകളിൽ തട്ടി സുഖദമായി വീശുന്ന മന്ദമാരുതനാൽ പരമാനന്ദപ്രദമായും, പ്രദോഷം മുതൽ പ്രഭാതംവരെ ക്രമേണ പ്രശോഭിതനായ ചന്ദ്രന്റെ 'കൌമുദീ' വിലാസങ്ങളാൽ പകലെപ്പോലെതന്നെ ചുറ്റുമുള്ള പദാർത്ഥങ്ങളുടെ 'തത്ത്വബോധിനി' കളായി സകല ജനമനോരമകളായ രാത്രികളോടുകൂടിയും, ഇരിക്കുന്ന ഒരു കാലമാകയാൽ മലയാളത്തിൽ ഈ വിധമുള്ള ഒരു മഹോത്സവം ആഘോഷിക്കുന്നതിന്ന സർവ്വപ്രകാരത്തിലും ഇതിലധികം നന്നായിട്ടു് ഒരു കാലം തെരഞ്ഞെടുപ്പാനസാദ്ധ്യമാണെന്ന ഇന്നുള്ളവർക്കും സമ്മതമായി

തിക്കൊണ്ട ഏതൽപ്രവർത്തകന്മാരായ പൂർവ്വന്മാർ ഓരോ വക വിഷയങ്ങളിൽ ചെയ്തിരുന്ന ദീർഘാലോചനകളുടെയും, അവരുടെ ഔചിത്യത്തോടും രസികതയോടുംകൂടിയുള്ള മനോധർമ്മത്തിന്റെയും, വൈചിത്ര്യവും മഹത്വവും എത്രമാത്രമുണ്ടായിരുന്നുഎന്നു നല്ലവണ്ണം അനുമാനിക്കാവുന്നതാകുന്നു.

ഇങ്ങിനെയുള്ള ഒരു മഹോത്സവാഘോഷത്തിന്റെ ഉൽഭവവും അതിന്റെ ചടങ്ങുകളും എന്തെല്ലാമായിരുന്നു എന്നുള്ളതുകൂടി പ്രസ്താവയോഗ്യമാണല്ലൊ.

ഇപ്പോൾ അമേരിക്കയിലും മറ്റും ഉള്ള മാതിരി പൂർവ്വകാലങ്ങളിൽ മലയാളത്തിലും ഒരുവിധം ജനസമുദായരാജ്യഭരണം നടപ്പുണ്ടായിരുന്നു. കേരളീയബ്രാഹ്മണരായ നമ്പൂരിമാർ ഗ്രാമാധിപത്യമുഖേന വളരെക്കാലം ശിക്ഷാരക്ഷാധികാരം വഹിച്ചുവന്നിരുന്നു. പിന്നീട ഓരോ നടപ്പുകൊണ്ടു തങ്ങൾക്കു വല്ല അസൗകര്യങ്ങളും നേരിട്ടിട്ടോ മറ്റോ, തങ്ങളുടെ സ്വാതന്ത്ര്യത്തിനും അധികാരത്തിനും ഭംഗംകൂടാതെ വല്ലപ്രകാരവും ഓരോ 'സൊല്ല' ഒഴിച്ചുവെക്കേണമെന്നുകരുതിട്ടോ എങ്ങിനെയെങ്കിലും അവരെല്ലാവരുംകൂടി ആലോചിച്ചു പരദേശത്തുനിന്നും രാജവംശ്യന്മാരിൽ ആരെങ്കിലും ഒരാളെ ഇഷ്ടപ്രകാരം തെരഞ്ഞെടുത്തുകൊണ്ടുവന്നു തങ്ങളുടെ നിശ്ചയങ്ങൾക്കു കീഴടങ്ങി രാജ്യഭാരം ചെയ്യത്തക്കവണ്ണം അവരോധിക്കും (രാജാവായി വാഴിക്കും) പതിവായിരുന്നു. അങ്ങിനെ അവരോധിക്കപ്പെട്ട ഒരാളെ പന്തീരാണ്ടുചെല്ലുമ്പോൾ ആ സ്ഥാനത്തുനിന്നും മാറ്റി പിന്നെയും മുമ്പിലത്തെപ്പോലെതന്നെ. വേറേ ഒരാളെ തെരഞ്ഞെടുത്തു വാഴിക്കും ഇങ്ങിനെ അവരോധിക്കുന്നതിനു മലയാളത്തിലെ ബ്രാഹ്മണരും നാനാജാതിമതസ്ഥന്മാരായ മറ്റു ജനങ്ങളും ഒന്നിച്ചു ഒരു സ്ഥലത്തുചേരേണമെന്നും അതിലേക്കു തൃശ്ശിവപേരൂരുമുതലായ സ്ഥലങ്ങളിലേക്കോ സൗകര്യമുള്ളതു തിരുനാവായയാണെന്നു തീർച്ചപ്പെടുത്തിയതുകൂടാതെ, നവയോഗികളുടെ പ്രതിഷ്ഠയായ മേല്പറഞ്ഞ ക്ഷേത്രം പണ്ടേതന്നെ അനന്യസാമാന്യമായ ഓരോശരചൈതന്യവിലാസത്തിനു കീർത്തിപ്പെട്ടതും, സമീപത്തുള്ള മലയാളത്തിലെ

ഗംഗാനദിയായ ഭാരതപ്പുഴയിൽ സ്നാനംചെയ്തു പിണ്ഡംവെക്കുന്നതു പിതൃപ്രീതികരമാണെന്നു പുരാണപ്രസിദ്ധമായിട്ടുള്ളതുകൊണ്ട് കൊല്ലന്തോറും ശിവരാത്രിക്ക് അടുത്ത തൃപ്പരങ്ങോട്ട്, ഉറക്കൊഴിവുകഴിച്ച് അനേകം മലയാളി ഹിന്തുക്കൾ അവിടെ സ്നാനപിണ്ഡാദിക്രിയകൾക്കായി വന്നുകൂടുകയും ചെയ്തിരുന്നു.

മാമാങ്കം ഉണ്ടാകുന്നതു പന്തീരാണ്ടു കൂടുമ്പോളാണെന്നു മുമ്പു പറഞ്ഞുവല്ലൊ. മാമാങ്കം ഇരുപത്തെട്ടു ദിവസംകൊണ്ട അവസാനിക്കുന്നതായ ഒരു മഹോത്സവമാണ്. അതിനിടക്കു വളരെ ക്ഷേത്രങ്ങളിലെ ദേവന്മാരെ (ഇരുപത്തെട്ടീശ്വരന്മാരെ എന്നാണ കേട്ടിട്ടുള്ളത.) അവരവരുടെ അവസ്ഥപോലെയുള്ള ആഘോഷങ്ങളോടുകൂടി അവിടെ എഴുന്നെള്ളിച്ചുകൊണ്ടുവരും. ആവകഎഴുന്നെള്ളിപ്പിൽ അതാതു ക്ഷേത്രനാഥന്മാർ അവരവരുടെ ശക്തിക്കും യുക്തിക്കും ഭക്തിക്കും തക്കവണ്ണം എന്തെല്ലാം മോടിചിടിപ്പിക്കുമെന്ന് കേളികേട്ട തൃശ്ശിവപേരൂർപുരംതന്നെ നമുക്കവേണ്ടുന്ന അറിവുതരുന്നതിനാൽ അധികം വിസ്തരിക്കുന്നില്ല. എങ്കിലും മാമാങ്കത്തിൽ എഴുന്നെള്ളിച്ചിരുന്നതാണ്, അടുത്തകാലത്തു കോഴിക്കോട്ടു നടന്ന തിരുവണ്ണൂർഭദ്രകോസ്സിന്നു വിഷയമായ സ്വർണ്ണവിഗ്രഹമെന്നുള്ള സംഗതി ഇവിടെ പ്രത്യേകം പറയാതിരിപ്പാൻ പാടില്ലാ. ഇതുകൂടാതെ മാമാങ്കത്തിൽ എഴുന്നെള്ളിക്കുന്നതിൽ പ്രധാനിയായ ആനയുടെ മണികൊം, ചങ്ങല മുതലായതുംകൂടി സ്വർണ്ണംകൊണ്ടുള്ളതായിരുന്നു എന്നുപറയുന്നതു എത്രത്തോളം വിശ്വസനീയമാണെന്നറിഞ്ഞുകൂടാ. എന്നാൽ പ്രസിദ്ധകവിയായ ശ്രീകൃഷ്ണസന്ദേശം കർത്താവിന്റെ വംശത്തിൽ പണ്ട് ഒരു ചോരശാസ്ത്രപണ്ഡിതനുണ്ടായിരുന്നുഎന്നും, അദ്ദേഹം തന്റെ ശാസ്ത്രസിദ്ധാന്തങ്ങളിൽ ചിലതിനെ അനുഭവപ്പെടുത്തുവാനായി ഒരു വാദപരീക്ഷയിൽ മാമാങ്കത്തിൽ എഴുന്നെള്ളിച്ചിരുന്ന ആനയുടെ പൊന്നുംചങ്ങല ആരും അറിയാതെ മോഷ്ടിച്ചുഎന്നും ഒരു ഐതിഹ്യമുണ്ട്.

മാമാങ്കം തുടങ്ങിയാൽ അവസാനിക്കുന്നതിന്നുമുമ്പിൽ മലയാളത്തിൽ ഓരോ വിഷയത്തിൽ യോഗ്യന്മാരായിട്ടുള്ളവരെല്ലാം

യഥാസൗകര്യം അവിടെ ചെന്നുചേരേണ്ടതാണെന്ന് അന്നുള്ള മഹാന്മാക്ക് പ്രത്യേകം നിബ്ബന്ധമുണ്ടായിരുന്നു. അവരിൽ ചില രുടെ ആഗമനം അവശ്യം ഒഴിച്ചുകൂടാത്തതായിരിക്കത്തക്കവണ്ണം ചിലക്ക് ചില പ്രത്യേകാധികാരങ്ങളും ചുമത്തിയിരുന്നു. ഈ ക്ഷേത്രത്തിൽ കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരുടെയും പൂഞ്ഞാറിൽ തമ്പുരാക്കന്മാരുടെയും മറ്റും വംശമൂലമായ ഐരൂർ, ചാക്കര, സപ്തപുരത്തിൽനിന്ന മാടം കേറിയതിന്നുശേഷമേ മാമാങ്കത്തിന്നായി മണപ്പുറത്തു കെട്ടിയുണ്ടാക്കുന്ന ഭോജനശാലയിൽ ബ്രാഹ്മണർക്ക് ഭക്ഷിപ്പാൻ പാടുള്ളൂ, (മാടം എന്നാൽ രാജാക്കന്മാക്ക് എഴുന്നെള്ളിയിരിപ്പാനുള്ള മഞ്ചം.) എന്നാരേപ്പാടുണ്ടതും. ഇതുകൊണ്ട് അവക്ക് പണ്ടേതന്നെ വംശശുദ്ധിയും സദാചാരനിഷ്ഠയും ഉണ്ടായിരുന്നു എന്നൂഹിക്കാം. എങ്കിലും കൊടുങ്ങല്ലൂർ രാജാക്കന്മാരെ തങ്ങളുടെ പിതൃസ്ഥാനം നിമിത്തം സവിശേഷം ആദരിച്ചുവരുന്ന കോഴിക്കോട്ട രാജാക്കന്മാക്ക് മാമാങ്കത്തിൽ പ്രാധാന്യം ലഭിച്ചതിന്റ ശേഷമല്ലയോ ഈ ഏർപ്പാടുണ്ടായതെന്നു ശങ്കിക്കാനവകാശമില്ലെന്നില്ലാ.

മേൽചാണ്ത്തപ്രകാരം മാമാങ്കത്തിൽവെച്ച വളരെക്കാലം അനേകം പെരുമാക്കന്മാരുടെ അവരോധം നടന്നുവരികയും, അതിനിടക്ക ബ്രാഹ്മണരുടെ സ്വാതന്ത്ര്യാധികാരങ്ങൾ ക്രമേണ ക്ഷയിച്ചും പെരുമാക്കന്മാരുടെ രാജാധികാരവും പ്രഭുശക്തിയും മലയാളത്തിൽ ഒരുമാതിരി ശാശ്വതമായി വേരുറച്ചും നിലനിന്നുപോരികയുംചെയ്തു എന്നുമല്ലാ, പെരുമാക്കന്മാരുടെ കീഴിൽ കേരളം പല ഖണ്ഡങ്ങളായി പിരികയും അവിടവിടെ ഓരോ ഉപരാജാക്കന്മാർ ഭരണകർത്താക്കന്മാരായും തീരുകയും ചെയ്തതിനാൽ അവസാനത്തിൽ പെരുമാക്കന്മാർ കേവലം കേരളചക്രവർത്തിത്വത്തെ പ്രാപിക്കുകയുംചെയ്തു.

ഇങ്ങിനെയിരിക്കുന്ന കാലത്തിൽ പെരുമാക്കന്മാരിൽ ഒടുവിലെ ആളായ ഭാസ്കരരവിവർമ്മനെന്ന പെരുമാളാൽ, തന്റെ അവസാനകാലത്തിൽ കൊടുങ്ങല്ലൂർ മഹോദയപട്ടണത്തിൽ, ഇന്നും അതിമാനുഷന്മാരായ ആ മഹാത്മാക്കളുടെ പൂർവ്വചരിത്രത്തെ

സാക്ഷീകരിച്ചുനില്ക്കുന്ന 'തൃക്കുലശേഖരപുരം' എന്ന തന്റെ പര
ദേവതാക്ഷേത്രത്തിന്റെ കിഴക്കുവശത്തുള്ള 'ഉദകമംഗലം' എന്ന
ക്ഷേത്രത്തിൽവെച്ചു തന്റെ സാമന്തരാജാക്കന്മാരിൽ ഓരോരുത്ത
ക്കും പൂർണ്ണാധികാരത്തോടുകൂടി കേരളരാജ്യത്തെ ഓരോ ഖണ്ഡമാ
യി തിരിച്ചു അതിരു നിശ്ചയിച്ച ഉദകപൂർവ്വം ദാനംചെയ്യപ്പെട്ട
തിൽ മേപ്പടി 'തിരുനാവാ' എന്നസ്ഥലം 'വെള്ളാട്ടര' രാജാവി
ന്നു അധീനമാവുകയും, അതിനുശേഷം പെരുമാക്കന്മാരുടെ അവ
രോധം അവസാനിക്കയാൽ മാമാങ്കത്തിൽ പെരുമാക്കന്മാർ വാ
ണിരുന്ന സ്ഥലത്തു രാജപദവിയോടുകൂടി വെള്ളാട്ടര രാജവു പ്ര
വേശിച്ചുവരികയുംചെയ്തുവന്നു.

മാമാങ്കത്തിൽ പെരുമാക്കന്മാർ സ്ഥാനാരോഹണംചെയ്യു
ന്നിടുന്നതിന്നു 'നിലപാടു നില്ക്കുക' എന്നും, ആ സ്ഥലത്തിന്നു 'നി
ലപാട്ടുതറ' എന്നും ഇന്നും പറഞ്ഞുവരുന്നതും, അവിടം വളരെ
വിശേഷമായ ഒരു സ്ഥലമാണെന്ന കാഴ്ചയിൽ പ്രത്യക്ഷമാകുന്ന
തുമാണ്. നിലപാടു നില്ക്കുന്നതിന്നു മുമ്പായി ആക്കെങ്കിലും വല്ല
സങ്കടവും ഉണ്ടെങ്കിൽ അതു അപ്പോൾതന്നെ തീർക്കുകയോ അ
ല്ലാത്തപക്ഷം ഇന്ന സമയത്തിനകം തീർത്തുകൊള്ളാമെന്നു പ്രതി
ജ്ഞചെയ്കയൊ ചെയ്തതിന്നുശേഷമേ നിലപാടേല്ക്കാൻ പാടുള്ളൂ
എന്നൊരു ദുഷ്കരമായ വീരവ്രതവുംകൂടിയുണ്ട്. ഇതിന് 'ആഭീഷ്ട
ദാനം' എന്നുപേരാകുന്നു.

ഇങ്ങിനെ മാമാങ്കം വെള്ളാട്ടരരാജാവിന്റെ അദ്ധ്യക്ഷത്തിൽ
കഴിഞ്ഞുവന്നിരുന്നതിനിടക്കു ഒരിക്കൽ കോഴിക്കോട്ടനിന്നു മാമാങ്ക
ത്തിൽ കച്ചവടത്തിന്നുപോയി മടങ്ങിവന്ന തന്റെ പ്രത്യേക
സേവകന്മാരായ ചില മാപ്പിളമാരോടു സാമൂതിരിപ്പാട് 'മാമാങ്കം
നന്നായോ? വിശേഷം എന്തെല്ലാമായിരുന്നു, എന്നുകല്പിച്ചു ചോ
ദിച്ചതിന്നു 'മാമാങ്കം നന്നായി, എങ്കിലും അടിയങ്ങൾക്കു സുഖ
മായില്ല" എന്ന് അവർ ഉത്തരംപറഞ്ഞു. 'അതെന്താ? കച്ചവട
ത്തിൽ ലാഭമുണ്ടായില്ലെന്നുണ്ടോ?" 'അതല്ലാ. ഇതുവരെ മലയാ
ളത്തിൽ ഏകാധിപത്യം വഹിച്ചിരുന്ന മഹാന്മാർ നിലപാടു നി
ന്നിരുന്ന സ്ഥലത്ത് അതിനുതക്ക യോഗ്യതയില്ലാത്ത ഒരാൾ പ്ര

വേശിച്ചുകണ്ടതിനാലാണ്.” “അതിനെന്താണ നിവൃത്തി? ഇപ്പോൾ അങ്ങിനെയുള്ള ഒരാൾ ഇല്ലല്ലൊ”. “നിവൃത്തിയുണ്ട്. അങ്ങിനെഒരാളും ഉണ്ട”. “അങ്ങിനെ പറയുന്നതല്ലാതെ സാധിപ്പാൻ തരമില്ലല്ലൊ”. “അങ്ങിനെ പറയുന്നതല്ലാ, അനുവാദമുണ്ടെങ്കിൽ ഇനിയതെന്ത മാമാങ്കത്തിന്ന് അടിയങ്ങൾ അതു സാധിച്ചുകൊള്ളാം.” “ഒന്നാൽ ശ്രമിച്ചോളൂ. വിരോധമില്ലാ” എന്ന് സാമൂതിരിപ്പാടും കല്പിച്ചു.

(തുടരും)

കുന്നേഴത്ത പരമേശ്വര മേനോൻ.

സുഭദ്രാജ്ജുനം.

——— : o : ———

(൭)

അനുബന്ധാമങ്കം.

കപടസന്ന്യാസിയായ അജ്ജുനൻ സുഭദ്രയെ കട്ടുകൊണ്ടുപോയതും തടുക്കുവാൻചെന്ന രണ്ടാളെ തോല്പിച്ചതും, ഈ സംഗതികളെല്ലാം ബലഭദ്രരെ അറിയിക്കുവാൻ വിക്രമൻ എന്ന രണഭടൻ ബദ്ധപ്പെട്ട വന്നതും പൂർവ്വാംശത്തിൽ പ്രതിപാദിക്കപ്പെട്ടുണ്ടു. അനന്തരം ബലഭദ്രർ വർത്തമാനംകേട്ട് അത്യന്തം കോപിച്ച് കൃഷ്ണനേയും ഉദ്ധവരേയും വരുത്തി വിവരം അവരെ അറിയിക്കുകയിൽ തനിക്ക അജ്ജുനനൊറ നേരെ വർദ്ധിച്ചുവന്ന കോപം തടുക്കുവാൻ കഴിയാതെ അദ്ദേഹത്തെ കൊലചെയ്വാൻ പ്രതിജ്ഞചെയ്തുണ്ടു. അപ്പോൾ ജ്യേഷ്ഠൻ അതിന പുറപ്പെടേണമെന്നില്ലെന്നും താൻതന്നെ അജ്ജുനനെ സംഹരിച്ചുകൊള്ളാമെന്നും കൃഷ്ണൻ പറഞ്ഞുവെങ്കിലും, സുഭദ്ര ബാല്യവൈധവ്യദുഃഖമനുഭവിക്കേണ്ടിവരുമല്ലൊ എന്ന് അവൾക്കുപുറകുണ്ടായ ഭയംനിമിത്തം അജ്ജുനനെ കൊല്ലണമെന്നുള്ള നിശ്ചയത്തെ അവർ ഉപേക്ഷിക്കയും, പാണ്ഡവന്മാരെയും സുഭദ്രയേയും സമാധാനപ്പെടുത്തുവാൻ ബലഭദ്രകൃഷ്ണന്മാർ ഇന്ദ്രപ്രസ്ഥത്തിലേക്ക് പുറപ്പെട്ടുപോകയും

ഒളിവിടെവെച്ച ബലഭദ്രർ സുഭദ്രയെ അർജ്ജുനനു ദാനംചെയ്ത് എ
വരെയും സന്തോഷിപ്പിക്കയും, ചെയ്ത എന്നാകുന്നു ഉത്തരാംഗ
ത്തിന്റെ സംക്ഷേപം.

പൂർവ്വാംഗത്തിൽ വിക്രമനെന്ന രണ്ടാടന്റെ സംഭ്രമവും വേ
ശ്യാസ്ത്രീയുടെ ജിജ്ഞാസയും സരസമായിട്ടുണ്ട.

ബലഭദ്രർ സുപ്രോത്ഥിതനായിട്ട് പറയുന്നതായത:—

"ദിക്കെട്ടും ഞെട്ടുമാറെന്തൊരുരവമെവിട
ന്നിങ്ങുകേൾക്കുന്നതിപ്പോ-
ളിക്കാലം കാടുകാണാതിടിയുടെ നിനദം
കേൾപ്പതിന്നില്ലബന്ധം
വക്കാണത്തിന്നുകോപ്പിട്ടസുരരുമമര-
ന്നാരുമൊന്നിച്ചുവായ്ക്ക-
ന്നാംകോപത്തോടിവണ്ണം പടഹനിരയടി
ക്കുന്നതോഘോരഘോരം ?"

ഇവിടെ ഉദ്ദിഷ്ടമായ ഭേരീരവം ദിക്കെട്ടും ഞെട്ടുമാറും ഘോ
രഘോരമായും ദാരുകയിൽനിന്നും അന്തർദ്ദിചതിങ്കൽ കേൾക്കു
പ്പേടണമെങ്കിൽ ഒരും സ്ഥലങ്ങളും തമ്മിലുള്ള ദൂരം ഒന്നൊരണ്ടാ
നാഴികയിൽ കൂടരുത. എന്നാൽ യഥാർത്ഥമായ ദൂരം എന്താ
ണാവൊ.

"സന്ന്യാസിയെ കന്യകാമന്ദിരത്തിലേക്കയക്കുമ്പോൾത്തന്നെ
ഞാൻ ഒരും വൈഷമ്യമൊക്കെ അറിവിച്ചില്ലെ" എന്ന് തന്റെ ഭാ
രം ഒഴിച്ച് കൃഷ്ണനും, "പൂർവ്വബന്ധുവും ശ്രീകൃഷ്ണസ്വാമിക്ക് അത്യ
ന്തം സ്നേഹിതനുമായിരിക്കുന്ന അർജ്ജുനൻ ഇങ്ങിനെ പ്രവർത്തിച്ച
ത വളരെ സാഹസമായി" എന്ന ഉദ്ധവരും, പറഞ്ഞപ്പോൾ ശു
ദ്ധമതിയായ ബലഭദ്രർ ഉടനെ കോപാക്രാന്തനായിത്തീരുന്നു.

"എടുത്തുമുസലത്തെഞാൻഝടിതിയോടിഎത്തീട്ടുടൻ
തടുത്തഥ കിരീടിതന്നുടലടിച്ചൊടിച്ചിക്ഷണം
തുടുത്തുതുടരെത്തിളച്ചൊഴുകുമക്കുടംചോരയാൽ
കെടുത്തുവനെരിഞ്ഞിടും കഠിനമായകോപാഗ്നിയെ.

കപടനും വിദഗ്ദ്ധനുമായ കൃഷ്ണൻ ഉടനെ കൊടുത്ത ഉത്തരം അത്ഭുതകരമാംവണ്ണം സമയോചിതമാകുന്നു.

"ഇക്കാലം ഞാനിരിയ്ക്കുപ്പു ദുഷ്ടനാമരിയെ
കൊല്ലുവാൻ ദ്വേഷ്യനെന്തി-
നാകാംക്ഷാമിൽ ചിന്തചെയ്യുന്നതുതവസഹജൻ
പോരുമിപ്പോരിനിപ്പോരാം
ശീഘ്ര്യാ ചക്രായുധത്താലരിയുടെ കുലവും
കൂടി നീറാക്കിവായ്ക്കു-
നാകാംക്ഷോചം രീത്തുകൊണ്ടീടുവനരനിമിഷം
കൊണ്ടുവേണ്ടാവിഷാദം.

ഇനിമേൽ പാണ്ഡവചരിതം തന്നിയേശേഷിക്കുമില്ലസന്ദേഹം നിനവുവെടിഞ്ഞുനടക്കം ജനമിതുകണ്ടിട്ടടങ്ങേണം.

എങ്കിലും കൃഷ്ണന്റെ കാപട്യം പരമകാഷ്ഠയെ പ്രാപിക്കുന്നത് അടുക്കെത്തുന്ന വരുന്ന അമ്മാമനോടുള്ള മറുപടി വാക്യത്തിലാണ്. "സുഭദ്ര ബാല്യവൈധവ്യദുഃഖത്താൽ തപിക്കുന്നതു നാം എങ്ങിനെ കണ്ട സഹിക്കും" എന്നു ശുദ്ധാത്മാവായ ബലഭദ്രർ ചോദിച്ചതിനുപോലും കൃഷ്ണൻ കൊടുത്ത ഉത്തരം കേട്ടാലും:— "ഇതു താപം കാണാതെ കഴിക്കാം.

പാത്താൽ നിർമ്മലമായയാദവകുലത്തിങ്കൽ കളങ്കത്തിനേ
ചേത്താമാധവിനാരിയെങ്കിലുമുടൻ കൊല്ലാതിരിയ്ക്കില്ലഞാൻ
പാർത്ഥൻതന്നുടെകണ്ണുവും പുനരുടൻ ഛേദിച്ചുയുഷ്മൽപദേ
ചേർത്തീടാമിഹകാര്യമായ് ഭഗിനിതാൻപിന്നെത്തപിച്ചീടുമോ?

അതിനാൽ ഞാനിപ്പോൾതന്നെ പോകുന്നു. ആരാണവിടെ? ദാരുകനോടു വേഗത്തിൽ രഥംകൊണ്ടുവരുവാൻ പറയുക."

ബലഭദ്രകൃഷ്ണന്മാർ രഥാരൂഢന്മാരായി ഇന്ദ്രപ്രസ്ഥത്തിങ്കലേക്കു പോകുമ്പോൾ ദാരുകൻ ചെയ്ത രഥവേഗവർണ്ണനാംശം പരിക്ഷാരകാലത്തിൽ എത്രമാത്രം ക്ഷന്തവ്യമാണെന്നു വായനക്കാർ വിധിക്കട്ടെ.

"ഏറാംവേഗം ചരിയ്ക്കും പവനനുടെമദ-
പോകുവാനെന്നപോലി-
ന്നേറാത്തോടേഗമിയ്ക്കുന്നൊരു രഥമിതിൽനി-
ന്നുത്ഭവിയ്ക്കുംമരുത്താൽ
ചുറും നില്ക്കുംദ്രുമൌഘം തചരിതമൊടധുനാ
തങ്ങളിൽതച്ചൊടിഞ്ഞും
മുറും വേഗാലുലഞ്ഞിട്ടിഹചിലതുമറി
ഞ്ഞും പതിയ്ക്കുന്നുഭൂമൌ."

ഇന്ദ്രപ്രസ്ഥത്തിലെ ഉദ്യാനം ഏറെവും രമണീയമെന്ന ബലഭദ്രർ ആശ്ചര്യത്തോടെ പറയുന്നു. അതിനുള്ള കാരണമാണ കേൾക്കേണ്ടത:

"അത്യാനന്ദേനമാവിൻ ചുതിയകിസലയം
തിന്നുടൻകോകിവൌഘം
മത്തന്മാരായി മന്ദം മധുരതരമിതാ
പഞ്ചമം പാടിടുന്നു.
നൃത്തംചെയ്യുന്ന വായ്ക്കും കുതുകമൊടുമയൂ-
രങ്ങളാരാമമെങ്ങും
പുത്തൻതേനുണ്ടു മത്തഭ്രമരനിരമുദാ
മേളമായ് മൂളിടുന്നു."

കുയിലുകൾ മാവിൻതളിർ തിന്ന് മത്തന്മാരാകുന്ന സമ്പ്രദായം ഇക്കാലത്തുണ്ടെന്നുതോന്നുന്ന സമ്മതിച്ചാലും, വണ്ടുകളുടെ സാന്നിദ്ധ്യവും മൂളലും ആധുനികന്മാക്ക് എത്രമാത്രം ആഹ്ലാദകരമാണെന്നുള്ളത് ആലോചിച്ചതീർച്ചപ്പെടേണ്ടുന്ന ഒരുസംഗതിയാണ. കൃഷ്ണൻ പറയുന്നതായത:—

"അളികുലകളുൽഗീതകാരം
വളരെക്കൌതുകത്തെനാംകേൾക്കുന്നു."

ദാരുകൻ:— "ഇവിടെ മധുപാനത്തിന്ന് വന്നുനിറഞ്ഞിരിയ്ക്കുന്ന വണ്ടുകളാൽ ഈസരസ്സ് നീലവർണ്ണമായിട്ട കാണപ്പെടുന്നു"

ഈ വിലക്ഷണമായ ഒരു അതിശയോക്തിപ്രയോഗം ഏതൽകാലോചിതമായിരിയ്ക്കുമെന്ന് വിദ്വജ്ജനപരിവൃതയായ ഈ ഗ്രന്ഥകർത്രി വിചാരിച്ചതിനേപറ്റി ഞാൻ അതിശയിക്കുന്നു.

ബലഭദ്രകൃഷ്ണന്മാരെ ധർമ്മപുത്രർ കണ്ട് അവരുടെനേരെയ്ക്ക് യഥായോഗ്യം ഉപചാരംചെയ്തതിന്റെ ശേഷം അവിടെയെച്ചുണ്ടായ സംഭാഷണം വളരെ ഉചിതവും അവരിൽ ഓരോരുത്തന്റെ സ്വഭാവത്തെ വ്യക്തമായി കാണിയ്ക്കുന്നതുമാകുന്നു.

"അർജ്ജുനനെവിടെ?..... ഞങ്ങൾവന്നവിവരം അറിഞ്ഞില്ലെ?" എന്നുള്ള ബലഭദ്രരുടെ ചോദ്യത്തിന്ന്.

"അറിയായ്കയല്ല.

കൃത്യാകൃത്യവിവേകശൂന്യമതിയായുള്ളോരു ബാലൻവിധി-
വ്യുത്പാദാലൊരു നിന്ദ്യകർമ്മമൊരുനാൾ ചെയ്തീടിലബ്ബാലനിൽ
അത്യന്തം കൃപയുള്ളതൽഗുരുജനംക്രോധിയ്ക്കയില്ലെങ്കിലും
മത്യാമന്നതുമൂലമായ് പരമവന്നാണ്ടാകുമെല്ലോദയം."

എന്ന ധർമ്മപുത്രൻ കൊടുത്ത ഉത്തരം വളരെ സ്വാഭാവികവും, സോദരസ്നേഹവും ബലഭദ്രാദികളുടെ നേരെയുള്ള ഭക്തിയും ഒരുപോലെ പ്രത്യക്ഷപ്പെടുത്തുന്നതുമാകുന്നു.

പാഞ്ചാലിയെയും സുഭദ്രയെയും ബലഭദ്രർ കണ്ട് ആത്മഗതമായി പറയുന്നതെന്തെന്നാൽ:—

"ഒരുവനിരുവരുണ്ടെന്നാകിലോ ഭായ്മാരായ്
പെരുകിയോരുവിരോധം തമ്മിലുണ്ടാകുമെല്ലോ.
കുരുതുകിലതുവിട്ടീടുകിൽ പ്രേമമേവം
ദ്രുപദനൃപസുതയ്ക്കുള്ളതത്യന്തചിത്രം."

സുഭദ്രതൽക്കാലം പാഞ്ചാലിയാൽ ഹസ്താവലംബിതയായിരുന്നുവെന്നുള്ളതു മാത്രമല്ലാതെ ബലഭദ്രരുടെ ഈ അഭിപ്രായത്തിനു മറുപടി പറയുകയില്ല. സുഭദ്രയെ പാഞ്ചാലി, തൽക്കാലം കാഴ്ചക്കാരെ സമ്മതിപ്പിക്കുവാനല്ലാതെ, സത്യമായി സ്നേഹിക്കുന്നുണ്ടെന്നുള്ളതിനു ഈ കാഴ്ച ഒരു മതിയായ തെളിവല്ലെങ്കിലും, ബലഭദ്രരുടെ സ്വഭാവം ഈ സന്ദർഭത്തിലും തെളിയായി വ്യഞ്ജിയ്ക്കുന്നുണ്ട്.

ഈ അങ്കത്തിന്റെ അവസാനഭാഗത്തിൽ ശ്രീകൃഷ്ണൻ അർജ്ജുനനോടു "സഖെ! ഭവാനെ എന്തു അദിഷ്ടമാണു ഞാൻ ഇനിയും സാധിക്കേണ്ടതു"? എന്ന ചോദിച്ചതിൽ മഹത്തായ ഒരു അനൗചിത്യം ഉണ്ടെന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ, സുഭദ്ര

യെ അർജ്ജുനൻ കൊടുക്കുന്ന കാഴ്ച്ചയിൽ ആദ്യംമുതൽ അവസാനംവരെ ഉത്സാഹിച്ചതു കൃഷ്ണനാകുന്നു. അർജ്ജുനൻ സന്ന്യാസിവേഷം ധരിച്ചതു മുതൽക്കുള്ള കഥയിൽ ശുദ്ധമതിയായ ബലഭദ്രരെ കൃഷ്ണൻ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ചതിച്ചിട്ടുള്ളതിനുകണക്കില്ല. അങ്ങിനെയിരിക്കെ, ആവക വഞ്ചനകളേ വെളിപ്പെടുത്തുന്നവയായ മേൽപറഞ്ഞ വചനങ്ങൾ ബലഭദ്രസമക്ഷത്തിൽ വെച്ചു കൃഷ്ണൻ പറയുക എന്നതു തീരെ അസംഭാവ്യമാകുന്നു.

സുഭദ്രാർജ്ജുനത്തെക്കുറിച്ചുള്ള എന്റെ അഭിപ്രായം പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ആകപ്പാടെ ഈ നാടകം വഷിയ ദോഷങ്ങളാൽ വികൃതമൊ ഗുണങ്ങളാൽ ശ്ലാഘ്യമോ ആണെന്നു തോന്നുന്നില്ല. ഇതിലെ പദ്യശ്ലോകങ്ങളും ലളിതാപദങ്ങളാൽ ഹൃദ്യങ്ങളാകുന്നു. എങ്കിലും നാടകീയമായ സാംഗത്യം പോരെന്നുള്ള ന്യൂനത ഈ കൃതിക്കും മറുപല മലയാള നാടകങ്ങൾക്കും സാധാരണമാകുന്നു. പൂർവ്വകവികളുടെ പ്രയോഗങ്ങളേ കണ്ണടച്ച് അനുകരിക്കുന്നതിനുള്ള സന്നദ്ധത പലേടത്തും കാണുന്നുണ്ട്. കഥയുടെ എല്ലാഭാഗങ്ങൾക്കും തമ്മിലുള്ള യോജിപ്പ് നാടകങ്ങൾക്കു ഏറ്റവും പ്രധാനമായ ഒരു ആവശ്യമാകുന്നു, പ്രാചീനകവികളുടെ പ്രയോഗങ്ങളെ ചവ്വിതുപ്പുന്നതു ഏറ്റവും ത്യാജ്യമായ ഒരു ദോഷമാണെന്നും, ആക്കുറ്റങ്ങളിലും തോന്നുന്നതിൽ എന്റെ ഈ ശ്രമവും ഇതുപോലെയുള്ള മറ്റു ശ്രമങ്ങളും സഹായിക്കുന്നപക്ഷം എനിക്കു കൃതാർത്ഥതകൈവരുവാൻ അവകാശമുണ്ടായിരിക്കും.

സി. അന്നപ്പായി.

സുനീതി.

സുനീതി ചില്പോൾ കൃഷ്ണന്റെവീട്ടിൽ പോയി അയാളുടെ ഭാര്യയൊന്നിച്ചു വിനോദിക്കുക പതിവായിരുന്നു. പ്രേമസൂചകമായി മാത്താണ്ഡനിൽനിന്നു ലഭിച്ച ഒരു ഉറുമാൽ ആസ്ത്രീഎപ്പോഴും കയ്യിൽ വെച്ചിരിക്കുന്നതു കൃഷ്ണൻ കണ്ടിട്ടുണ്ട്. ആ ഉറുമാൽ കയ്യിൽ കിട്ടിയാൽ കാഴ്ചസാദ്ധ്യത്തിനു എളുപ്പ

മുണ്ടാകകൊണ്ട ഒന്നോമതായിട്ട് അത കരസ്ഥമാക്കവാൻനറച്ചു. ക
ുകുകണുന് ഒരു ചെറിയ പെൺകുട്ടിയുണ്ടായിരുന്നു. അയാളുടെവീ
ട്ടിൽ ചെല്ലുന്നസമയം സുനീതി ആകുട്ടിയെ വാത്സല്യത്തോടു കൂടി
ലാളിക്കുക പതിവായിരുന്നു. പതിവുപോലെ ഒരു ദിവസം സുനീ
തി കുകുകണുന്റെ വീട്ടിൽ ചെന്നപ്പോൾ അയാൾ കുട്ടിയെ എടു
ത്ത് താലോലിക്കുകൊണ്ടുചെന്നു. സുനീതി കുട്ടിയെ എടുക്കുന്നതിനിട
ക്കു ഉറുമാൽ താഴെവീണതറിഞ്ഞില്ല. കുകുകണുൻ ഉപായത്തിൽ അ
തകയ്യിലാക്കി ഉടനെ അവിടെനിന്നുതിരിച്ചു. സുനീതി കുറെകഴി
ഞ്ഞപ്പോൾ വീട്ടിലെക്കു പോയി. ഉറുമാലിന്റെകായ്മ ഓർമ്മയുണ്ടാ
യത കുറേനേരംകഴിഞ്ഞപ്പോഴാണു. ഉടനെ തിയുരവാൻ തുടങ്ങി.
വളരെതിരഞ്ഞിട്ടും കാണാഞ്ഞതിനാൽ കുണ്ഠിതപ്പെട്ടു. മത്താണ്ഡ
ൻ കൂടക്കൂടെ അതിനെപ്പററി ചോദിക്കാറുള്ളതുകൊണ്ട സുനീതിയു
ടെ വ്യസനം വർദ്ധിച്ചു.

അന്നരാത്രി കുകുകണുൻ ഉറുമാലും കൊണ്ടുപോയി ശൈ
നേയന്റെവീട്ടിന്നകത്തെക്കിട്ടു. പിറെറന്നാൾരാവിലെശൈനേയ
ൻ ഉണന്ന ഉടനെ ഒരു ഉറുമാൽ നിലത്തുകിടക്കുന്നതകണ്ട് ആശ്ച
ര്യപ്പെട്ടു. അത് അവിടെ എത്തിയത് എങ്ങിനെയാണന്ന മനസ്സി
ലായില്ലെങ്കിലും പരിശോധിച്ചപ്പോൾ അതു സുനീതിയുടെയാണെ
ന്നു മനസ്സിലായി സുനീതിക്ക് ആഉറുമാൽ കയ്യിൽനിന്ന അല്പ
നേരം ഒഴിച്ചുവെപ്പാൻ മനസ്സില്ലാത്ത വിധത്തിൽ അംതിനൊട
അത്ര പ്രേമമുണ്ടായിരുന്നുവെന്നു ശൈനേയനറിഞ്ഞതുകൊണ്ട
അതുടനെ അവിടെ കൊണ്ടുപോയി കൊടുപ്പാനറച്ചു. മാത്താണ്ഡ
ൻ വീട്ടിലുള്ള സമയത്ത ചെല്ലുവാൻ ധൈര്യമില്ലാത്തതിനാൽ അ
ദ്ദേഹം പുറത്തെക്കു പോയിരിക്കുന്ന സമയം നോക്കി വീടിന്റെപി
ൻഭാഗത്ത ചെന്നു. കുറെ നേരം അവിടെ ചുററിമാറിനിന്നതിന്ന
ശേഷം വാതിൽക്കൽ മുട്ടി. അദ്ദേഹവും സുനീതിയെ കഷ്ടത്തിലാക്ക
വാൻ കുകുകണുനെ സഹായിച്ചുവെന്നു തോന്നുന്നു. ശൈനേയൻ
എത്തിയ തത്സമയം മാത്താണ്ഡനും അവിടെ എത്തി. വാതലി
ന്റെ ശബ്ദംകേട്ടപ്പോൾ ഭാര്യയുടെ നേരെയുള്ള സംശയം വർദ്ധി
ച്ചതിനാൽ ഉടനെചെന്ന് ആരെങ്കിലുമുണ്ടോഎന്നപരിശോധിച്ചു.

മാത്താണ്ഡന്റെ ശബ്ദംകേട്ടപ്പോൾ അദ്ദേഹം ദ്രോഹിക്കുമെന്നു ഭയപ്പെട്ടിട്ട ശൈനേയൻഒടിപ്പോയി. എല്ലാദിക്കിലും പരിശോധിച്ചിട്ടും ആരെയും കാണാഞ്ഞപ്പോൾ വാതിൽക്കൽ മുട്ടിയതാരാണെന്നു ഭാര്യയൊട്ട ചൊദിച്ചു. ആരാണെന്ന നിശ്ചയമില്ലെന്ന ആസ്ത്രീപറഞ്ഞമറുവടി അദ്ദേഹം വിശ്വസിച്ചില്ല.

മാത്താണ്ഡൻ— ശൈനേയനായിരിക്കുമെന്നാണ് എന്റെ വിശ്വാസം.

സുനിതി— ആയിരിക്കാം. ഇന്ന ആളാണെന്ന്എനിക്കു വിവരമില്ലാത്തതിനാൽ എനിക്കൊന്നും വിശ്വസിപ്പാൻ തരമില്ല.

കോപം ആലോചനാശക്തിയെ നശിപ്പിക്കുന്നത സാധാരണയാണല്ലൊ. ഭാര്യ പറഞ്ഞത വാസ്തവമോയെന്ന അല്പംപോലും ആലോചിക്കാതെ ഉടനെ അവിടെനിന്നു പുറപ്പെട്ടു. കുമുകണ്ണന്റെ അടുക്കൽചെന്ന സംഭവിച്ച വർത്തമാനങ്ങളെല്ലാം പറഞ്ഞതിനുശേഷം ശൈനേയന്റെ വീട്ടിൽ പോയി കായ്ത്തിന്റെ സൂക്ഷ്മം അറിഞ്ഞുവരേണമെന്ന് അയാളോടപേക്ഷിച്ചു. തന്റെ സൂത്രങ്ങൾ ഫലപ്രദമാവാൻ തരമുണ്ടെന്നറിഞ്ഞ കുമുകണ്ണനു വളരെ സന്തോഷമുണ്ടായി. ഉടനെ അയാൾ ശൈനേയനെ അന്വേഷിച്ചു പുറപ്പെട്ടു. ശൈനേയനും കുമുകണ്ണനും തമ്മിൽ പലെ നേരമ്പോക്കുകളും പറഞ്ഞിരുന്നതിനുശേഷംകുമുകണ്ണൻ പിറേന്നാൾശൈനേയനോട തന്റെ വീട്ടിലേക്കു വരുവാൻ ഏല്പിച്ച യാത്ര പറഞ്ഞുപോന്നു. കുമുകണ്ണൻ അപ്പോൾ തന്നെ മാത്താണ്ഡന്റെ അടുക്കെ പോയി വർത്തമാനങ്ങൾ പലതും ശൈനേയൻ പറഞ്ഞുവെന്നും മുഴുവൻപറയേണ്ടതിന്ന പിറേന്നാൾ തന്റെ വീട്ടിലേക്കു വരാമെന്ന് ഏറ്റിട്ടുണ്ടെന്നും അവർ തമ്മിൽ സംസാരിക്കുമ്പോൾ മറഞ്ഞുനിന്നു നോക്കിയാൽ ആ കായ്ത്തെപ്പറ്റി സംസാരിക്കുമ്പോൾ ശൈനേയനുണ്ടാവുന്ന സന്തോഷം മനസ്സിലാക്കാമെന്നുപറഞ്ഞു.

പിറേന്നാൾ രാവിലെ ശൈനേയൻ കുമുകണ്ണന്റെ വീട്ടിലെത്തി. മാത്താണ്ഡനു കാണ്മാൻ സാധിക്കുന്ന ഒരു സ്ഥലത്തേക്കു കുമുകണ്ണൻ ശൈനേയനെ കൂട്ടിക്കൊണ്ടുപോയി. അവർ തമ്മിൽ

വേറെ കായ്ങ്ങളെപ്പറ്റിയാണ സംസാരിച്ചിരുന്നത. സംസാരിക്കുമ്പോൾ രണ്ടുപേരും കൈകൊട്ടി ഉച്ചത്തിൽചിരിക്കുകയും ഓരോ ആംഗ്യങ്ങൾകാട്ടിക്കൊണ്ടിരിക്കുയുംചെയ്തിരുന്നു. എല്ലാം കണ്ടുകൊണ്ട ദൂരെനിന്നിരുന്ന മാത്താണ്ഡൻ ശൈനേയന്റെറ ആംഗ്യങ്ങളെ ഓരോന്നായി വ്യാഖ്യാനിപ്പാൻതുടങ്ങി. കുറേ നേരം സംസാരിച്ചതിൻറെശേഷം ശൈനേയൻ വീട്ടിലേക്കു പോയി. മാത്താണ്ഡൻ ഉടനെകൃകണുകന്റെറ അടുക്കൽ ചെന്ന ശൈനേയൻ പറഞ്ഞ വിവരങ്ങൾ വിസ്തരിച്ച പറഞ്ഞുകൊടുക്കേണമെന്നപേക്ഷിച്ചപ്പോൾ അയ്യാൾ ഇങ്ങിനെ പറഞ്ഞു.

കൃകണ്ടൻ— ശൈനേയൻ എന്നിൽനിന്ന യാതൊന്നും മറച്ചുവെക്കുന്നതല്ല. അയ്യാൾ പരമാത്മാമൊക്കെ എന്നോട പറഞ്ഞു. അങ്ങുന്ന വീട്ടിൽനിന്ന പുറത്തു പോവുമ്പോഴൊക്കെ അവിടെ ചെല്ലേണ്ടതിന്ന അയാൾക്ക സുനീതിയുടെ കല്പനയുണ്ട. കല്പനപ്രകാരം ശൈനേയൻ ചെയ്യുന്നു. ഇതിന്നുപുറമെ അയ്യാൾ എന്നോട ഒരു കായ്മ്കൂടി പറകയുണ്ടായി. അങ്ങുന്ന സുനീതിക്കു കൊടുത്തിരുന്ന ഒരു ഉറുമാൽ ആ സ്ത്രീ ഇപ്പോൾ അയാൾക്കു കൊടുത്തിട്ടുണ്ട. ഉറുമാലിന്റെറ കായ്മം കേട്ടപ്പൊഴക്കും മാത്താണ്ഡന്റെറ കായ്മംനന്നെ പരുങ്ങലായി. ഉറുമാൽ സുനീതിയുടെ കൈവശമില്ലാത്തപക്ഷം തെളിവിന്ന പിന്നെയൊരു സംഗതിയും വേണ്ട എന്ന തീർച്ചപ്പെടുത്തി. കൃകണുനെ പറഞ്ഞയച്ച ഉടനെ സുനീതിയുടെ അടുക്കെച്ചെന്നു.

താൻ കൊടുത്തിട്ടുള്ള ഉറുമാൽ കാണേണമെന്ന ഭാവ്യയോടാവശ്യപ്പെട്ടു. എന്താണ മുവടി പറയേണ്ടതെന്ന വിവരമില്ലാതെ സുനീതി വളരെ പരിഭ്രമിച്ചു. പരിഭ്രമം ഭർത്താവറിയാതിരിക്കേണ്ടതിന്നുവേണ്ടി ഉടനേ അകത്തേക്കു പോയി. ഉറുമാൽ ചോദിച്ചപ്പോൾ ഭാവ്യ പ്രദർശിപ്പിച്ച സ്നേഹം മാത്താണ്ഡൻ കണ്ടതിനാൽ കായ്ം ശരിയാണെന്നു മുകാദ്യം ബോദ്ധ്യമായി. സുനീതി ഉടനെ മടങ്ങിവന്ന അതു കാണ്മാനില്ലെന്നു പറഞ്ഞിട്ട അന്വേഷം എട്ടുത്തുവെച്ചിട്ടുണ്ടോയെന്ന ചോദിച്ചപ്പോൾ മാത്താണ്ഡനു കോപം സഹിപ്പാൻ വയ്യാതായി. സുനീതി ഒരു കപടയാണെന്ന മാത്താ

ണ്ഡന മോഹഭ്രം വന്നകഴിഞ്ഞു. ആ സ്ത്രീയുടെ അനിർവ്വചനീയ മായ സൌന്ദര്യത്തെ ഒന്നു ഓർമ്മവന്നപ്പോൾ കഠിനമായ യാതൊരു പ്രവൃത്തിയും ചെയ്യാൻമനസ്സു വന്നില്ലെങ്കിലും കർക്കശനായ ഉന്നതിവളർത്തിയ വിഷജ്വാല ശരീരമാസകലം പടർന്നുപിടിച്ചതോടുകൂടി മാർത്താണ്ഡനു സുനീതിയുടെ നേരെയുണ്ടായിരുന്ന പ്രേമം കേവലം നഷ്ടമായിത്തീർന്നു. നിർദ്ദോഷിയായ സുനീതിക്കു ഗുണമായ യാതൊരാലോചനയും ഇതിനുശേഷം മാർത്താണ്ഡന്റെ മനസ്സിലുണ്ടായിട്ടില്ല. സുനീതിയേയും ശൈനേയനേയും കലചെയ്ത് അനുനിമിഷം ശിക്ഷയിൽപ്പെടാതെ കഴിക്കാനുള്ള ആലോചനചെയ്തുയാണ മാർത്താണ്ഡൻ ഇതിനു ശേഷം ചെയ്തത്. രാവും പകലും ഇതിനുള്ള ആലോചനയിൽ മഗ്നനായിരുന്നതുകൊണ്ട ഭക്ഷണംകഴിക്കേണ്ടുന്ന സമയങ്ങളിൽകൂടി വീട്ടിൽ ചെല്ലാതായി. സുനീതിയെ വേർപിരിഞ്ഞ താമസിക്കുന്നതു മരിക്കുന്നതിനു സമമാണെന്നവിചാരിച്ചിരുന്ന മാർത്താണ്ഡനു ഇപ്പോൾ ആ സ്ത്രീയെ കാണുന്നതുപ്പോലും അസഹ്യമായിത്തീർന്നു. കേവലം ഒരു ഭ്രാന്തന്റെ മട്ടിൽ അങ്ങുമിങ്ങും നടന്നു സമയം കഴിച്ചുകൂട്ടി.

ഭർത്താവിനു എന്തൊ സുഖക്കേടിനുള്ള വഴിയുണ്ടായിട്ടുണ്ടെന്നു സുനീതിക്കു മനസ്സിലായപ്പോൾ വിവരം അദ്ദേഹത്തോട ചോദിച്ചറിവാൻ തീർച്ചയാക്കി.

സുനീതി— പ്രാണനാഥാ, അങ്ങയെ ഒരു ദിവസം ഒരിക്കൽകൂടി എനിക്കു കാണ്മാൻ തരമില്ലാതെയായിരിക്കുന്നുവല്ലൊ. സദായ്യോഴം ഉന്മേഷത്തോടുകൂടിയിരുന്ന അങ്ങുന്ന് അല്പദിവസമായിട്ടു വല്ലിയ മൌഢ്യത്തോടുകൂടിയിരിക്കുന്നുവല്ലൊ. കാരണം അറിയാത്തതിനാൽ എനിക്കു വളരെ സുഖക്കേടുണ്ട. എന്തായാലും എന്നോടു പറവാൻ മടിക്കരുതെ.

മാർത്താണ്ഡൻ പലേ ന്യായകാരണങ്ങളും സുനീതിയെ പറഞ്ഞുകേൾപ്പിച്ചു. എന്നാൽ അവയിൽ ഒന്നും ആ സ്ത്രീക്കു തൃപ്തികരമായിതോന്നിയില്ല. ഭർത്താവിനു സുഖക്കേടുണ്ടാവത്തക്ക വല്ല തെറ്റും താൻ ചെയ്തിട്ടുണ്ടായിരിക്കുമോഎന്നു വളരെ നേരം ആലോചിച്ചിട്ടും ഒന്നും തോന്നിയില്ല.

ഭർത്താവിന്റെ താന്നാട്ടുള്ള സ്നേഹം ക്രമേണ കുറഞ്ഞുവരുന്നതു സുനീതിക്കു മനസ്സിലായി. ആ സ്ത്രീ വലിയ ആധിയിൽപെട്ടു. ഒരു ദിവസം കമ്രകണ്ണന്റെ ഭാര്യയുമായി സംസാരിക്കുമ്പോൾ ആ സ്ത്രീ ഇങ്ങിനെ പറഞ്ഞു.

സുനീതി— എന്റെ ഭർത്താവിനെപ്പറ്റി എന്താണു പറയേണ്ടതെന്നു എനിക്കു നിശ്ചയമില്ല. അദ്ദേഹത്തിനു എന്റെ നേരെ ഗാഢമായ പ്രേമമുണ്ടായിരുന്നു. അല്പദിവസമായിട്ടു സ്വഭാവം വളരെ മാറീട്ടുള്ളതായിതോന്നുന്നു. ഞാൻ യാതൊരു തെറ്റും ചെയ്തിട്ടുള്ളതായി തോന്നുന്നില്ല. മാതാപിതാക്കന്മാരുടെ ഇഷ്ടത്തിനു വിപരീതമായി ബലം, പ്രായം, രൂപം, വിദ്യ എന്നിവകൊണ്ടു യോജിക്കാത്തവരെ വിവാഹംകഴിക്കുന്നതു മനസ്സിനുള്ള മാറ്റമാണെന്നു ഞാൻ നിമിത്തം മറ്റു സ്ത്രീകൾക്കു മനസ്സിലാക്കാൻ സംഗതിവരുമോയെന്നു ഞാൻ ഭയപ്പെടുന്നു. നിങ്ങളുടെ ഭർത്താവു അദ്ദേഹത്തിന്റെ ആത്മസ്നേഹിതനാണു. അവർ തമ്മിൽ ആലോചിച്ചല്ലാതെ യാതൊന്നും പ്രവൃത്തിക്കു പതിവില്ല. നിരസത്തിനുള്ള വല്ല കാരണവും നിങ്ങൾക്കറിവുണ്ടെങ്കിൽ എന്നോടു പറഞ്ഞുതരണം. നിർദ്ദോഷിയും അനാഥയുമായ എനിക്കു വന്നു ചേരുന്ന അനർത്ഥങ്ങൾ ഒഴിച്ചുകളവാൻ മറക്കരുതു.

ചതിപ്രയോഗങ്ങളെപ്പറ്റി കമ്രകണ്ണൻ ഭാര്യയോടു പറഞ്ഞിട്ടുണ്ടായിരുന്നതിനാൽ വിവരങ്ങൾ ആ സ്ത്രീക്കറിവുണ്ടായിരുന്നു. എങ്കിലും നിർദ്ദയനും ഭയങ്കരനുമായ ഭർത്താവിനെയുള്ള ഭയംകൊണ്ടു യാതൊന്നും പുറത്തു പറവാൻ ധൈര്യമുണ്ടായില്ല. തനിക്കു ദോഷംവരാത്ത വിധത്തിൽ സുനീതിയെ സഹായിക്കേണമെന്നു തീർച്ചയാക്കീട്ടു ഭർത്താവിനു സംശയം ജനിപ്പാൻ സംഗതിവരുത്തരുതു. നിങ്ങൾ ആന്തരമായി അദ്ദേഹത്തെ സ്നേഹിക്കുന്നുണ്ടെന്നു വിശ്വാസം തോന്നിപ്പിക്കണം'' എന്നുമാത്രം മുവടി പറഞ്ഞു.

ഉറുമാൽ ശൈനേയന്റെവക്കൽ കാണുന്നപക്ഷം കായ്ം ശരിയാണെന്നുള്ളതിനു വാദമില്ലെന്നു മാത്താണ്ഡൻ മുമ്പുതന്നെ തീർച്ചപ്പെടുത്തിട്ടുണ്ടല്ലൊ. അതുകൊണ്ടു ആ കായ്ം തീർച്ചപ്പെടുത്തു

കൊടുക്കേണമെന്ന കമ്രകണ്ണനോട പറഞ്ഞപ്പോൾ പ്രയാസമു ണ്ടെന്നും കഴിയുന്നത ശ്രമിക്കാമെന്നല്ലാതെ ഏറുപറവാൻ തര മില്ലെന്നും അയാൾ മറുപടിപറഞ്ഞു.

സുനീതിയുടെ കഷ്ടകാലം മൂർദ്ധന്യത്തിലെത്തിയിരുന്നതു കൊണ്ട കമ്രകണ്ണന്റെ യത്നങ്ങളെല്ലാം അനായാസേന ഫലിച്ചു. ശൈനേയന്റെ വീട്ടിലുണ്ടായിരുന്ന ഒരു സ്ത്രീക്ക നെയ്പണിയിൽ നല്ല വിദഗ്ദ്ധതയുണ്ടായിരുന്നു. സുനീതിയുടെ ഉറുമാൽ കണ്ടപ്പോൾ ആ സ്ത്രീക്ക അതിന്മേൽ അതിയായ പ്രേമം തോന്നിയതുകൊണ്ട ഉടമസ്ഥന്ന മടക്കികൊടുക്കുന്നതിന്നുമുമ്പ അതുപോലെ ഒന്നു നെയ്യണ്ടാക്കേണമെന്ന തീർച്ചയാക്കി. ഉറുമാൽ എടുത്ത മാളികയുടെ മുകളിൽ പോയി ഒരു ജനവാതിലിന്നരികെ ഇരുന്നു നൂല്പണി ആരംഭിച്ചു. വീട്ടിന്നരികേകൂടിയുള്ള പാതയിൽകൂടി കമ്രകണ്ണൻ പോകുമ്പോൾ ഉറുമാൽ ജാലകത്തിന്റെ അഴിമേൽ തൂക്കിയിട്ടിരിക്കുന്നതുകണ്ടു. ഇതുതന്നെയാണ നല്ല അവസരമെന്ന തീർച്ചയാക്കി ഉടനെ പോയി മാർത്താണ്ഡനെ കൂട്ടിക്കൊണ്ട ആ സ്ഥലത്തേക്ക ചെന്നു, ഉറുമാൽ കാട്ടിക്കൊടുത്തു. അവിടെ കണ്ടതു താൻ സുനീതിക്ക കൊടുത്ത ഉറുമാൽതന്നെയാണെന്ന ബോദ്ധ്യമായപ്പോൾ തന്റെ ഭാര്യ ഒരു കുലടയാണെന്ന വിചാരിച്ചതിൽ ഒട്ടുംതന്നെസംശയിപ്പാനില്ലെന്ന പൂർണ്ണബോദ്ധ്യമായി.

തന്റെ ശത്രുക്കളായ സുനീതിക്കും ശൈനേയനും മരണത്തിൽ കുറഞ്ഞ ഒരു ശിക്ഷകൊടുത്താൽ പോരെന്ന തീർച്ചയാക്കി. ശൈനേയനെ കൊല്ലേണ്ടുന്ന ഭാരം അയാൾ ഏല്പിക്കേണമെന്നും അങ്ങിനെചെയ്താൽ ആ ഉപകാരത്തിന്ന താൻ ആജീവനാന്തം നന്ദിയുള്ളവനായിരിക്കുന്നതാണെന്നും കമ്രകണ്ണനോട പറഞ്ഞപ്പോൾ അപായകരമായ ആ പ്രവൃത്തിക്ക താൻ ആളല്ലെന്ന അയാൾ മറുപടിപറഞ്ഞുവെങ്കിലും അനവധി സമ്മാനങ്ങൾ കൊടുത്ത വീണ്ടും അപേക്ഷിച്ചപ്പോൾ അയാൾ ഒരുവിധം സമ്മതിച്ചു. ശൈനേയൻ മിക്കദിവസങ്ങളിലും ഒരു വേശ്യാഗൃഹത്തിൽ പോയി അവിടെനിന്ന അർദ്ധരാത്രി മടങ്ങിപ്പോരുന്ന പതിവുണ്ടെന്ന കമ്രകണ്ണന വിവരമുണ്ടായിരുന്നു. അങ്ങിനെ വരുന്നവഴിക്ക അയാളു

ടെ കഥ കഴിപ്പാൻ തീർച്ചയാക്കി. ഒരുദിവസം പുലർകാലത്തു വഴിയിൽ കാത്തിരുന്നു. ഒരു മൂളിപ്പാട്ടും പാടിക്കൊണ്ടായിരുന്നു ശൈനേയന്റെ വരവു്. ശബ്ദം കേട്ടപ്പോൾ കുങ്കുണൻ ആളെ മനസ്സിലായി. ഉറയിൽനിന്നു വാളൂരി വെട്ടാൻ ഒരുങ്ങിനിന്നു. അടുത്തെത്തിയെന്നു കണ്ടപ്പോൾ കാലിനൊരു വെട്ടുകൊടുത്തു. വെട്ടുകൊണ്ടപ്പോൾ ശൈനേയൻ മറിഞ്ഞുവീണു. ഉടനെ കഥകഴിക്കണമെന്നുവെച്ചു കുങ്കുണൻ അടുത്തു. ഇരിട്ടിന്റെ ശകുനി ശൈനേയനെ രക്ഷിച്ചു. ശൈനേയൻ ഒരുവിധത്തിൽ എഴുന്നേറ്റു മൂവിട്ടുകൂട്ടിയപ്പോൾ കുങ്കുണൻ ഓടിപ്പോയി— "സഹായിപ്പിൻ! സഹായിപ്പിൻ!" എന്നുറക്കെ നിലവിട്ടുചുവന്നതു കേട്ടിട്ടു പലരും ഭയങ്കരമായി ഓടിയെത്തി. കുറെ ദൂരം പോയശേഷം ശബ്ദംകേട്ടു പുറപ്പെട്ടതാണെന്നുള്ള നാട്യത്തോടുകൂടി കുങ്കുണനും അങ്ങോട്ടുചെന്നു. മറ്റുള്ളവരോടൊന്നിച്ചു ശൈനേയന്റെ അടുക്കൽ ചെന്നു അയാളുടെ കാലിൽ പറ്റിയതു സൂക്ഷ്മമായി പരിശോധിച്ചു. കുറെക്കൂടെ ഉറക്കെ വെട്ടിയിട്ടില്ലല്ലൊ എന്നവൻ ചിന്തിച്ചു സുഖക്കേടു തോന്നിയെങ്കിലും ഒരു സമയം ഭയപ്പെടുത്തിക്കൊണ്ടു ആയാൾ മരിക്കാൻ ഇടയുണ്ടെന്നു ഓർത്തു സമാധാനിച്ചു. കുങ്കുണനു ശൈനേയന്റെ കഷ്ടാവസ്ഥയിൽ വാസ്തവത്തിൽ സന്തോഷമാണല്ലോ ഉള്ളതു. എന്നാൽ മറ്റുള്ളവരെ ബോധിപ്പിക്കേണ്ടതിനു വേണ്ടി വളരെ കുണ്ഠിതമുണ്ടെന്നു നടിച്ചു കണ്ണിൽനിന്നു രണ്ടുമൂന്നു വെള്ളിവെള്ളം ഒരുവിധത്തിൽ പുറത്തുചാടിച്ചു.

ശൈനേയനൊ ആരോ വെട്ടി മുറിവേല്പിച്ചിരിക്കുന്നുവെന്നുവിവരം പിറേറന്നാൾരാവിലെ നാടൊക്കെ പരന്നു. വിവരംകേട്ടപ്പോൾ സുനീതിക്കു വളരെ വ്യസനം തോന്നി. വ്യസനം പുറത്തുകാണിക്കുന്നതു തനിക്കു ആപത്കരമാണെന്നാലോചിപ്പാൻ അവകാശമില്ലാത്തതിനാൽ ആ സാധുസ്ത്രീ സുഖക്കേടിനെപ്പറ്റി പലരോടും പ്രസ്താവിച്ചു. മാത്താണ്ഡനു സുനീതിയുടെ നേരേയുള്ള കോപം വർദ്ധിക്കുകയും ശൈനേയനു വന്നകഷ്ടതയാലോചിച്ചു സുനീതിക്കു ഭ്രാന്തായിരിക്കുന്നുവെന്നു കുങ്കുണനോടു പറകയും ചെയ്തു. കുങ്കുണൻ ഇതുകേട്ടപ്പോൾ ഇങ്ങിനെ പറഞ്ഞു.

കമ്രകണ്ണൻ — അങ്ങിനെയല്ലാതെ വരാൻ തരമുണ്ടോ? സുനീതിയുടെ ആത്മാവും ദേഹവും ശൈനേയനല്ലെ.

മാത്താണ്ഡൻ — അവളുടെ ആത്മാവും ദേഹവും ശൈനേയനാണോ? ആകട്ടേ എന്നാൽ ആത്മാവിനെ ദേഹത്തിൽനിന്ന വേർപെടുത്താനുള്ളവൻ ഞാനായിക്കളയാം. അവളെ ഇനിജീവിച്ചിരിപ്പാൻ സമ്മതിക്കുന്നത എന്റെ പൌരുഷത്തിന്ന് ഇടിച്ചിലാണ. ആതുകൊണ്ട ഏതുവിധത്തിലാണ് അവളുടെ ജീവനാശം വരുത്തേണ്ടതെന്നുടനെ ആലോചിച്ചറക്കണം. വിഷംകൊടുക്കുന്നതായാൽ അവർക്ക ബുദ്ധിമുട്ടാതെ മരിക്കാം. ഈവക കൂടകളെ അങ്ങിനെ മരിപ്പാൻ സമ്മതിക്കുന്നത പാപമാണ. മൂർയുള്ള ഒരു കട്ടാരം ഹൃദയത്തിന്നു നേരേതാത്തിക്കളയാം. കിടന്നു പിടയട്ടേ!

കമ്രകണ്ണൻ — അങ്ങുന്നാലോചിക്കുന്നമാതിരം തരക്കേടില്ല. പക്ഷെ അങ്ങിനെ ചെയ്യുന്നതായാൽ നമ്മളും ശിക്ഷക്ക പാത്രമാവുന്നതാണ. അതുകൂടാതെകഴിക്കേണ്ടതല്ലെ. ഞാൻ ഒരു മാർഗ്ഗം ഉപദേശിക്കാം. ആത തരക്കേടില്ലെന്ന തോന്നുന്ന പക്ഷം അങ്ങിനെ ചെയ്യുന്നതാണ നല്ലത. ഒരു മൂങ്ങിൽ മണൽ നിറച്ച ആകിഴികൊണ്ട നല്ല പ്രഹരം കൊടുത്താൽ മതി. ഇന്നവിധമാണ മരിച്ചതെന്നറിവാൻ ദേഹത്തിൽ യാതൊരടയാളവും കാണുന്നതല്ല. മരിച്ചതിന്ന ശേഷം ഒരു കിടക്കയിൽകിടത്തി വീട്ടിന്റെ തട്ടു ഒരു ഭാഗം വലിച്ച തലമേൽ വീഴ്ത്തിയാൽ തലക്ക ചതവുപറ്റും. അങ്ങിനെമരിച്ചുവെന്ന എല്ലാവരും വിശ്വസിക്കുകയും ചെയ്യും. വീടു നന്നെ പഴക്കമുള്ളതാകയാൽ തട്ടു വലിച്ചു വീഴ്ത്തുവാൻ എളുപ്പത്തിൽ കഴിയുന്നതാണ.

ഉപദേശപ്രകാരം ചെയ്യുവാൻ മാത്താണ്ഡൻ സമ്മതിച്ചു. വേണ്ടുന്ന ഏർപ്പാടുകളും ചെയ്തതിന്ന ശേഷം കാര്യം നടത്തേണ്ടതിന്ന ദിവസവും ഉറച്ചു. അന്ന കമ്രകണ്ണനെ ശോഭ്യമായിട്ട മാളികയുടെ മുകളിൽ മാത്താണ്ഡനും ഭാര്യയും കിടക്കുന്ന മുറിക്കരികെ ഇരുത്തീട്ടുണ്ടായിരുന്നു. ദമ്പതിമാർ മുറിയിൽപോയി കിടപ്പായ ഉടനെ കമ്രകണ്ണൻ ഒരു ശബ്ദം പുറപ്പെടുവിച്ചു. ശബ്ദംകേട്ട ഉടനെ അതെന്താണെന്ന നോക്കിവരുവാൻ മാത്താണ്ഡൻ സുനീതി

യോടുപറഞ്ഞു. ഭർത്താവിന്റെ ആജ്ഞപ്രകാരം സുനീതി ഉടനെ ഒരു വിളക്കും കയ്യിലെടുത്ത് അനേഷിപ്പാൻ പുറപ്പെട്ടു. അല്പംകൂടെയുള്ള ഒരു മുറിയിലെത്തിയപ്പോൾ കമ്രകണ്ടൻ ഉടനെ ആ സാധുസ്ത്രീയുടെ കഴുത്തിൽപിടിച്ചു മണൽക്കുഴികൊണ്ടു പ്രഹരിപ്പാൻതുടങ്ങി. രണ്ടുമൂന്നടികൊണ്ടപ്പോൾസുനീതി ശ്വാസമയപ്പാൻ കൂടിവയ്യാതായി നിലത്തവീണു; കിടന്നകിടപ്പിൽ "രക്ഷിക്കണെ" എന്നഗൽഗദാക്ഷരത്തോടുകൂടി ഭർത്താവിന്റെ പേർവിളിച്ചു നിലവിളിച്ചു. മാർത്താണ്ഡൻ ചെന്നുടനെ ഭാര്യയെനോക്കി "ഭർത്താവിനെ സ്നേഹിക്കാത്ത ദുർവൃത്തികളിൽ പ്രവേശിക്കുന്ന നിന്നെപ്പോലെയുള്ള കുലടകൾക്കു ഇതുതന്നെയാണ ഫലം. ശൈനേയൻ വന്നുരക്ഷിക്കട്ടെ. അവനെ വിളിച്ചു നിലവിളിക്കു" എന്നു പറഞ്ഞു. ഇതിനിടക്കു കമ്രകണ്ടൻചിന്നെയും അടിച്ചു. മരണം നേരിടുമെന്നറിഞ്ഞപ്പോൾ സുനീതി കണ്ണുമിഴിച്ചു ഭർത്താവിന്റെ മുഖത്തു നോക്കി "എന്റെ പരമാർത്ഥം ദൈവം അറിയട്ടെ" എന്നുമാത്രംപറഞ്ഞുടനെ കമ്രകണ്ടൻ ഒരടികൂടികൊടുത്തപ്പോൾ ആനിഷ്ടോഷിയായ സ്ത്രീരത്നം പരലോകം പ്രാപിച്ചു.

നിശ്ചയിച്ചപ്രകാരമൊക്കെ ചെയ്തതിനുശേഷം മാർത്താണ്ഡൻ ഉറക്കെമുറവിളികൂട്ടി. നിലവിളി കേട്ടവരോക്കെ അവിടെഓടിയെത്തി. സുനീതിയുടെ സ്വഭാവമറിഞ്ഞവർപറഞ്ഞതുപോലെ വിവരമില്ലാത്തവർവളരെ ചുരുക്കമായിരുന്നതിനാൽഎല്ലാവർക്കും നിസ്സംശയമായ വ്യസനം തോന്നി. ഈശ്വരദോഷങ്ങളെ ശരിയായി കണ്ടറിയുന്നദൈവം ഈ സാഹസകൃത്യം ചെയ്തപാപികളെ വെറുതെ വിടില്ലാ. പ്രേമഭാജനമായിരുന്ന സുനീതിയുടെ മരണാനന്തരം മാർത്താണ്ഡന്റെ ബുദ്ധിക്കു യാതൊരുസ്ഥിരതയും ഇല്ലാതായിത്തീർന്നു. ഭാര്യയെ തന്റെ ആവശ്യപ്രകാരം കമ്രകണ്ടൻ കൊന്നുവെന്നുള്ള കഥമറന്നആസാധുസ്ത്രീയെ തിരഞ്ഞു വീട്ടിൽ അങ്ങുമിങ്ങും നടപ്പാൻ തുടങ്ങി. ഇടക്കിടെ കുസൃതബുദ്ധിയുണ്ടാവുമ്പോൾ പാസ്തവമായിസംഭവിച്ചു പോയ മാനങ്ങൾ ഓർമ്മവന്നിരുന്നു. ഇങ്ങിനെ ഒരിക്കൽ സ്വന്തം സുഖത്തെ ഇല്ലായ്മചെയ്തു തന്റെ ബുദ്ധി ചീത്തയാക്കിത്തീർത്ത കമ്രകണ്ടന്റെ നേരേ വലിയ വെറുപ്പും താൻചെയ്ത സാഹസകൃത്യത്തെ

പ്പറ്റി പശ്ചാത്താപവും തോന്നി. കൃഷ്ണനെ തന്റെ കുട്ടാര ത്തിനു ഇരയാക്കിത്തീർപ്പാൻ മനസ്സുണ്ടായിരുന്നെങ്കിലും വിശാപുര ത്തിലെ നിയമകാഠിന്യത്തെയുള്ള ഭയംകൊണ്ട അതിനു ധൈര്യ മുണ്ടായില്ല. ഉടനേതന്നെ അയാളെ ഉദ്യോഗത്തിൽനിന്നു പിരി ച്ചു. അന്നുമുതല്ക്കു മാത്സ്യന്ധനും കൃഷ്ണനും തമ്മിൽ നീരസം തുടങ്ങി. മത്സ്യന്ധന്റെ കഥ ഉടനെ കഴിക്കാഞ്ഞാൽ കായ്യമെ ല്ലാം വെളിപ്പെട്ടുമെന്നും അതുനിമിത്തം തനിക്കു അനർത്ഥം നേ രിടുമെന്നും ഓർത്ത് അതിനുള്ള ഓരോമാർഗ്ഗങ്ങളെപ്പറ്റി കൃഷ്ണ ൻ ആലോചിപ്പാൻ തുടങ്ങി. കായ്യങ്ങളെല്ലാം ആലോചിച്ചുറച്ച ശൈനേയന്റെ അടുക്കെപ്പോയി അയാളോടിങ്ങിനെപറഞ്ഞു.

കൃഷ്ണൻ— സ്നേഹിതാ, നിങ്ങളെ മുടവനാക്കിത്തീർത്ത മ ഹാപാപിയോട നിങ്ങൾ പ്രതിക്രിയക്കൊരുങ്ങാതെ ഇരിക്കുന്ന തിൽ എനിക്കു അത്ഭുതം തോന്നുന്നു. വൈരികളോട പ്രതിക്രിയ ചെയ്യാതിരിക്കുന്നതു പുരുഷധർമ്മമാണൊ. എന്റെ നിഷ്കളങ്ക മായ സ്നേഹശക്തി നിങ്ങളറിയുന്നില്ലെന്ന തീർച്ചയാണ. നിങ്ങളേ ദ്രോഹിച്ച മഹാപാപിയാരാണെന്നന്വേഷിച്ചറിവാൻ ഞാൻപെ ട്ടപാട നിങ്ങളറിയുന്നുണ്ടോ. ആളെസൂക്ഷ്മമായി അറിഞ്ഞിട്ടാണ ഞാനിപ്പോൾ ഇങ്ങോട്ടുചോന്നത. ഇനിയെങ്കിലും പകരം ചോ ദിക്കാതിരിക്കുന്നത ചോരായ്മയാണ. അതുകൊണ്ട ഉടനെ എന്റെ കൂടെ വന്നാൽ ഞാൻ ആളേപറഞ്ഞതരാം. ഇവിടെ വെച്ച ഞാ ൻ രക്ഷരംപോലും പറകയില്ല.

ശൈനേയൻ— എനിക്കുവേണ്ടി ഇത്രബുദ്ധിമുട്ടിയ നിങ്ങ ളോട ഞാൻ എങ്ങിനെയാണ നന്ദിപറയേണ്ടത എന്നറിയുന്നില്ല. ആളെ അറിയാഞ്ഞതിനാൽഞാൻ പ്രതിക്രിയക്കൊരുങ്ങാ ഞ്ഞതാണ. നിങ്ങളും സഹായിക്കുന്നതായാൽ ഞാൻ എന്തുചെ യ്യാനും ഒരുക്കമാണ.

അവർ രണ്ടുപേരുംകൂടിഉടനെ വിശാപുരത്തിലേക്കു പുറപ്പെട്ടു. വഴിയിൽ എത്തിയപ്പോൾ ശൈനേയന്റെ ശത്രു മാത്സ്യന്ധനാ നന്നും അയാളും ഭാര്യയുമായി സഹവാസമുണ്ടെന്നു സംശയിച്ച അവരുടുക്കേയും കൊല്ലേണമെന്ന തീർച്ചയാക്കിയതാണെന്നും സുനീ

തിയെ മാത്താണ്ഡൻ അടിച്ചുകൊന്നതിന്നുശേഷം മറുവിധത്തിൽ പറഞ്ഞതാണെന്നും കുമുകണ്ഠൻ അയാളോട പറഞ്ഞുകൊടുത്തു. തന്നെ ദ്രോഹിച്ചിട്ടുണ്ടെങ്കിലും ശൈനേയനു മാത്താണ്ഡന്റെനേരേയുള്ള ദയാഭക്തികുറയ്ക്കയും കൂറു വന്നിട്ടില്ലായിരുന്നു. എന്നാൽ സുനീതിയെ മാത്താണ്ഡൻ കൊന്നതാണെന്നു കേട്ടപ്പോഴുണ്ടായ കോപംകൊണ്ടും കുമുകണ്ഠന്റെ സാമർത്ഥ്യത്തിന്റെ ശക്തികൊണ്ടും ശൈനേയൻ ഉടനെ ഭരണകർത്താക്കന്മാരുടെ അടുക്കെ ചോയി സങ്കടം പറഞ്ഞു. കാര്യങ്ങൾ തെളിയിക്കേണ്ടതിന് അയാളം കുമുകണ്ഠനെ സാക്ഷിപ്പെടുത്തി. കുമുകണ്ഠന്റെ യുക്തിയോടുകൂടിയ വാക്കിൽ വിശ്വാസപുരത്തിലെ നീതിഭരണകർത്താക്കന്മാക്ക വിശ്വാസംതോന്നി. എത്രതന്നെ ശ്രമിച്ചിട്ടും മാത്താണ്ഡനെക്കൊണ്ട കുറ്റം സമ്മതിപ്പിപ്പാൻ സാധിച്ചില്ല. കുറ്റസമ്മതം കൂടാതെ മരണശിക്ഷകൊടുപ്പാൻ നിയമം സമ്മതിക്കാത്തതിനാൽ മാത്താണ്ഡനെ കുറെക്കാലം തടവിൽ വെച്ചതിന്നുശേഷം അദ്ദേഹത്തെ ജീവപര്യന്തം നാടുകടത്തി. സൈന്യനായകനായി പ്രതാപത്തോടു കൂടിക്കഴിഞ്ഞിരുന്ന മാത്താണ്ഡൻ അഗതിയായി കുറെക്കാലം ഉഴന്നനടന്നതിന്നുശേഷം ഒരു ദിവസം സുനീതിയുടെ ഒരു ചാവുക്കാരനായ ഒരാളുമായി അടിപിടികൂടി. ആ കലഹത്തിൽ അയാൾക്ക മരണംനേരിട്ടു.

കുമുകണ്ഠൻ ശത്രുക്കളെ ഓരോരുത്തരെയായി യമപുരത്തേക്കയച്ചു. ഇനിയും അയാൾ ചതിപ്രയോഗങ്ങൾ നിർത്തിയില്ല. കുറേക്കാലം കഴിഞ്ഞപ്പോൾ അയാൾ ഒരു സ്നേഹിതന്റെ പേരിൽ കുലക്കുറ്റം ചുമത്തി. കുമുകണ്ഠന്റെ സ്നേഹിതൻ കുറ്റം സമ്മതിക്കുന്നില്ലെന്നുകണ്ടപ്പോൾ ഒരുസമയം അയാൾ നിർദ്ദോഷിയായിരിക്കുമോയെന്ന സംശയിച്ച യോദ്ധാക്കന്മാർ കുമുകണ്ഠന്റെനേരെ തിരിഞ്ഞടുത്തു. അയാൾ കള്ളംപറഞ്ഞതാണെന്ന ബോദ്ധ്യംവന്നതിനാൽ നല്ല പ്രഹരംകൊടുത്തു. പ്രഹരംകൊണ്ടിട്ട കുമുകണ്ഠന്റെ എല്ലുകൾ നുറുങ്ങി. അല്പദിവസം കഴിഞ്ഞപ്പോൾ അയാൾ മരിച്ചു. നിർദ്ദോഷിയും സാധുവുമായ സുനീതിയെ കൊന്നവക്ക് തക്കതായ ദൈവശിക്ഷ കിട്ടിയെന്ന കാണുന്നതിൽ ആ

ക്കാണ സന്തോഷമുണ്ടാവാത്തത! ഭയങ്കരമൃത്യുയായ കുമ്രകണ്ടു
ന്റെ മരണാനന്തരം അയാളുടെ ഭാഗ്യം പറഞ്ഞിട്ടാണ വാസ്തവം
എല്ലാവർക്കും മനസ്സിലായതു.

"ഭർത്തൃസ്നേഹം, പരമദയ, വിശ്വാസമെന്നീഗുണങ്ങൾ
കോത്താൽ സത്താംവിളനിലമതാംസുന്ദരാംഗീംസുനീതിം
മാത്താണ്ഡൻതൻ കിരണതരകോപത്തിനത്താഴമാക്കി
ത്തീത്തോരെട്ടുക്കിലവിധിതൻവൃത്തമത്യന്തകഷ്ടം!!"

കെ. അച്ചുനാണ്യാർ. ബി. എ.

ഒരു മറുവടി.

———:o:———

(രണ്ടുസന്ദേശങ്ങൾ)

കഴിഞ്ഞ കുംഭത്തിലെ രസികരഞ്ജിനിയിൽ "രണ്ടുസന്ദേശങ്ങൾ" എന്ന പുസ്തകത്തേപ്പറ്റി ഞാനെഴുതിയ ഒരു ലേഖനം മത്ത ആക്ഷേപിച്ചുകൊണ്ട കെ. രാമകൃഷ്ണപിള്ള അവർകൾ എടവത്തിലെ ലക്കത്തിൽ എഴുതിയ ലേഖനം ഞാൻ വളരെ രസത്തോടെ വായിച്ചു. എന്റെ ലേഖനം ഒരാളെങ്കിലും കുറെ ശ്രദ്ധവെച്ച വായിച്ചിട്ടുണ്ടെന്ന കാണുമ്പോൾ മനസ്സിന്ന അനല്പമായ കൃതാർത്ഥതവരുന്നുണ്ട. പക്ഷെ രാമകൃഷ്ണപിള്ള അവർകൾ ദയചെയ്ത കുറേകൂടി ശ്രദ്ധ എന്റെ ലേഖനത്തിന്ന കൊടുത്തിരുന്ന വെങ്കിൽ അദ്ദേഹം എഴുതിയ ലേഖനം ഒരും വിധത്തിലാവില്ലായിരുന്ന. നല്ല ലേഖകന്മാരുടെ കൂട്ടത്തിൽ കെ. രാമകൃഷ്ണപിള്ള അവർകളുടെ പേരകേൾക്കുവാൻതുടങ്ങീട്ട കുറച്ചകാലമായി. അതുകൊണ്ട അദ്ദേഹം എന്റെ ലേഖനത്തേപറ്റി ആക്ഷേപിച്ചിട്ടുണ്ടെന്ന അറിഞ്ഞപ്പോൾ ആ ആക്ഷേപത്തിൽനിന്ന പലതും ഗ്രഹിക്കുവാനുണ്ടാകുമെന്നായിരുന്ന എനിക്ക ആദ്യത്തിലുണ്ടായ വിചാരം. എന്നാൽ ലേഖനം വായിച്ചപ്പോൾ എന്റെ ആ വിചാരത്തിന്ന വളരെ ഭംഗംവന്നുപോയി. രാമകൃഷ്ണപിള്ള അവർകൾ ചെയ്ത ആക്ഷേപങ്ങൾക്ക യാതൊന്നും സമാധാനം പറ

യോന്നതിപ്പെന്ന വിചാരിച്ചിട്ടായിരുന്നു ഞാൻ ഇതുവരെ സ്വസ്ഥനായിരുന്നത്. ഇപ്പോഴെങ്കിലും എന്റെ ചിലസ്നേഹിതന്മാർ പറഞ്ഞില്ലെങ്കിൽ ഞാൻ ഒരു ലേഖനം എഴുതില്ലായിരുന്നു.

രാമകൃഷ്ണപിള്ള അവർകളും എന്റെ ലേഖനത്തിലുള്ള ആക്ഷേപങ്ങളെ "അനൌചിത്യത്തെയും അസംബന്ധതയേയും" മണ്ടിക്കാണിക്കുന്നകൂട്ടത്തിൽ പ്രധാനമായി പറഞ്ഞിരിക്കുന്നത്, കുഞ്ഞിക്കൃഷ്ണമേനവനവർകളുടെ വ്യാഖ്യാനം എല്ലാവ്യാഖ്യാനങ്ങളുടെയും പ്രഥമോദ്ദേശ്യമായ കാവ്യാർത്ഥവിശദീകരണം സാധിക്കുന്നതെന്തെന്നാൽ, അതുകൊണ്ട് അതില്ലെന്ന ഞാൻ പറഞ്ഞത ശരിയായിട്ടില്ലെന്നുമാണ്'. ഒരു സംഗതി പറയുന്ന അവസരത്തിൽ മേൽപറഞ്ഞ വ്യാഖ്യാനം വായിക്കുവാനുള്ള അധികാരികൾ ഇന്നവരാണെന്നും അവരുടെ ലക്ഷണമിന്നതാണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതിന്റെശേഷം പ്രസ്തുത പുസ്തകത്തിലെ സംസ്കൃതശ്ലോകങ്ങളുടെ അച്ചിവുള്ള തെറ്റുകളേപറ്റി ഞാനാക്ഷേപിച്ചത വട്ടുരെ അസംബന്ധമായിരിക്കുന്നു എന്നുമാണ്' അദ്ദേഹം പറഞ്ഞിരിക്കുന്നത. ഒരു സംഗതികളേപറ്റിത്തന്നെ ആകുന്നു ഞാൻ ഒരു ലേഖനത്തിൽ പറയുവാൻ പോകുന്നത്. മേൽപറഞ്ഞ സംഗതികളിൽവെച്ച ഏറ്റവും പ്രധാനമായതു ആദ്യംപറഞ്ഞതാകുന്നു. എങ്കിലും അതിനെപ്പറ്റി അല്പം അധികം പറയുവാനുള്ളതുകൊണ്ട് അത ഒടുവിലേക്കു നീട്ടിവെച്ചു ആദ്യം മറേറരണ്ടുസംഗതികളേയും പറയട്ടെ.

കുഞ്ഞിക്കൃഷ്ണമേനവനവർകളുടെ വ്യാഖ്യാനം വായിക്കുവാനുള്ള അധികാരികളേപറ്റിപ്പറയുന്നടിക്കിൽ പിള്ള അവർകളും ഇപ്രകാരം പറയുന്നു. "എന്നാൽ കുഞ്ഞിക്കൃഷ്ണമേനോൻ അവർകളും വ്യാഖ്യാനമെഴുതീട്ടുള്ളത് പദാർത്ഥജ്ഞാനം സിദ്ധിക്കാത്ത മന്ദപ്രജ്ഞന്മാക്കായിട്ടല്ലെന്നും സാമാന്യം പഠിത്തമുള്ളവക്കായിട്ടാണെന്നും അതിന്റെ സമ്പ്രദായം നമ്മെ ഗ്രഹിപ്പിക്കുന്നുണ്ട്. "ഹീരകേസരി" ഈ സന്ദേശങ്ങളെ വായിക്കുവാൻ പുറപ്പെടുന്നതിനു മുമ്പായി വേറെ ലഘുകാവ്യങ്ങൾ വായിച്ച വാക്യങ്ങളെ അപഗ്ര

ഥിച്ച പദപരിച്ഛേദം ചെയ്ത് അത്ഥം മനസ്സിലാക്കി ഉപരിഗ്ര
ന്ഥങ്ങാം വായിക്കേണ്ടതിനുള്ള പടിവാതിൽ എങ്കിലും ഉണ്ടായിരു
ന്നു''. ഇത രാമകൃഷ്ണപ്പിള്ള അവർകാം വീരകേസരിക്ക കൊ
ടുത്ത ഒരു അടിയോ കുത്തോ ആണെങ്കിലും ഇത അൽനിന്ന പിള്ള
അവർകാം സാധാരണ മനുഷ്യരുടെ പഠിത്തം അളക്കുന്ന മ
ട്ട് നമുക്ക മനസ്സിലാക്കാം. ചില ലഘുകാവ്യങ്ങളെ പിള്ള അ
വർകാം പറയുന്നപ്രകാരമൊക്കെ പഠിച്ച് മനസ്സിലാക്കി ഉപ
രിഗ്രന്ഥങ്ങാം വായിക്കേണ്ടുന്ന പടിവാതിൽ എത്തീട്ടുള്ളവ
രെസാമാന്യ പഠിത്തക്കാരെന്ന പറയുന്നതായാൽ, ചില പ്രൌ
ഢകാവ്യങ്ങളെ പഠിച്ച് ശാസ്ത്രഗ്രന്ഥങ്ങാം പഠിക്കുവാൻ ഉത്സുക
ന്മാരായിട്ടുള്ളവരെ അസാമാന്യ പഠിത്തക്കാർ എന്ന പറയേ
ണ്ടിവരുമല്ലൊ. മേൽ പറഞ്ഞ പഠിത്തത്തിന്നപുറമെ വല്ല ശാസ്ത്ര
ത്തിന്റെയും ഒരു വക്ക് കടിച്ചിട്ടുള്ളവക്ക ഒരം തോതിൽ പിള്ള
അവർകാം എന്തുപേരാണ കൊടുക്കുക? ഏതെങ്കിലും ഒരു ശാസ്ത്ര
ത്തിൽവ്യൽപത്തി തികഞ്ഞിട്ടുള്ള ഒരു വിദ്വാൻ പിള്ള അവർകാം
ക്കു അവാങ്മനസഗോചരനായിത്തന്നെ ഇരിക്കുമെന്നാണ എനി
ക്കു തോന്നുന്നത. പിള്ള അവർകാം ഉപയോഗിക്കുന്ന അളവുകോൽ
കേമംതന്നെ. ശേഷമുള്ളവർ ഉപയോഗിക്കുന്ന മാനദണ്ഡം ഉപ
യോഗിക്കാത്തതുകൊണ്ട് ഞാൻ പിള്ള അവർകളെ തെറ്റുപറ
യുന്നില്ല. ആറംഗുലം പൊക്കമില്ലാത്ത ഒരു ചോലപത്തനാട്ടു
കാരൻ സാധാരണ മനുഷ്യർ ഉപയോഗിച്ചുവരുന്ന മാനദണ്ഡ
ങ്ങാം ഉപയോഗിക്കുന്നില്ലെന്നവെച്ച് അവനെ ആരെങ്കിലും ഒരു
റ്റുപറയുമാറുണ്ടൊ ?

ഇനി പിള്ള അവർകളുടെ സാമാന്യ പഠിത്തക്കാർ നമ്മുടെ
പ്രകൃതമായ സന്ദേശകാവ്യങ്ങളെ എത്രത്തോളം മനസ്സിലാക്കു
വാൻ കഴിയുമെന്ന വിചാരിക്കുക. ഈ വക ഗ്രന്ഥങ്ങളെ വായിക്ക
വാനുള്ള പടിവാതിൽ എത്തിയിട്ടുള്ള ഇവർ ബുദ്ധിമുട്ടി പടി
വാതിൽ തുറന്ന അകത്തുകടന്നാൽ തന്നെ അന്യസഹായമില്ലെങ്കി
ൽ അവയുടെ പുറമേയുള്ള വല്ല ചിത്രപ്പണികളാലും ആകൃഷ്ടമതി

ത്തന്മാരായോ, യദൃഛയാതുറന്നുകിടക്കുന്ന വല്ലജനേലയുടെയും ദ്വാരത്തിൽ കൂടി കണ്ടിട്ടുകാണാവുന്ന വല്ലപദാർത്ഥങ്ങളെയും കണ്ട ഉള്ളിലുള്ളതെല്ലാം കണ്ടുഎന്നുവെച്ചു സന്തുഷ്ടന്മാരായോ തീരുന്നതല്ലാതെ മമ്മകത്തുഗ്രന്ഥമായിവെച്ചിട്ടുള്ള വിലപിടിച്ച അലങ്കാര സമ്പത്തിനെയാകട്ടേ രസസുധാസമൃദ്ധിയെയാകട്ടെ എടുത്തനുഭവിപ്പാൻ ശക്തന്മാരാകുമെന്നതോന്നുന്നില്ല. ഇവരെ അർത്ഥവക്രമാർഗ്ഗങ്ങളിൽ കൂടി കൊണ്ടുപോയി അത്യാതരഹസ്യസ്ഥലങ്ങളിൽ വെച്ചിട്ടുള്ള ദൊജ്ജ്വലവസ്തുക്കളെ കാട്ടിക്കൊടുത്ത അവയെ അനുഭവിക്കത്തക്കനിലയിൽ സഹായിക്കുകയാണല്ലോ വ്യാഖ്യാതാക്കന്മാരുടെ പ്രവൃത്തി. ഈ പ്രവൃത്തി കുറ്റിക്കുള്ളമോനോൻ അവർകൾ തന്റെ വ്യാഖ്യാനംകൊണ്ട സാധിക്കുന്നില്ല. മെൽചൊന്ന തരക്കാക്ക് വേണ്ടിയാണ് ഈ വ്യാഖ്യാനമേഴുതിയിരിക്കുന്നതെങ്കിൽ അവക്ക് ആവശ്യമുള്ളതായും കാവ്യങ്ങളിൽ നിന്നു ഗ്രഹിക്കേണ്ടുന്നതായും ഉള്ളസാധനങ്ങളെ വിവരിക്കുന്നതല്ലെ വ്യാഖ്യാനത്തിന്റെ ഗുണം? ഓരോരോ ദേശചരിത്രങ്ങളെ പറയുക പ്രധാനമാക്കിപ്പിടിച്ച കാവ്യരസാലങ്കാരാദി വിട്ടുകളഞ്ഞിട്ടുള്ള ഈവ്യാഖ്യാനം അവർക്കുവെണ്ടിയാണെന്ന വിചാരിപ്പാൻ ന്യായംപോരാ. ചുരുക്കിപ്പറയുന്നതാണെങ്കിൽ, സാമാന്യ പഠിത്തക്കാർ എന്നുവെച്ചാൽ രാമകുട്ടിപിള്ള അവർകൾ പറയുന്നവിധത്തിലുള്ളവരല്ല. അദ്ദേഹം പറഞ്ഞവിധത്തിലുള്ള വരാണെങ്കിൽ തന്നെ അവക്കായി എഴുതുന്ന വ്യാഖ്യാനം ഈ വിധത്തിലല്ലാ വെണ്ടതും.

ഇനി പ്രകൃതപുസ്തകത്തിലേസംസ്കൃത ശ്ലോകങ്ങളുടെഅച്ചിലുള്ളതെറ്റുകളേ പറ്റിയുള്ള എന്റെആക്ഷേപത്തേക്കുറിച്ച പിള്ള അവർകൾ പറഞ്ഞത ഞാൻ പരിശോധിക്കട്ടെ. പുസ്തകത്തിൽ വളരെ തെറ്റുകളുണ്ടെന്നു പിള്ള അവർകൾക്കും ബോദ്ധ്യമാണ. എന്നാൽ ആ തെറ്റുകൾക്കും ഞാൻ ഗ്രന്ഥകർത്താവിനെ തെറ്റു പറഞ്ഞതാണുപോൽ അദ്ദേഹത്തിന്ന രസിക്കാത്തത്. പിള്ള അവർകളുടെ ലേഖനം മാത്രം വായിച്ചിട്ടുള്ളവക്ക് അദ്ദേഹം പറയുന്നത ശരിയാണെന്നുതോന്നുവാൻ ഇടയുണ്ട്. എന്നാൽ അവർ ദയചെയ്ത എന്റെ ആദ്യത്തെ ലേഖനത്തിന്റെ ഒടുക്കത്തെ ഖ

ണ്ഡം ഒന്നു വായിച്ചുനോക്കുന്നതായാൽ എനിക്കു വലിയൊരു പകാരമായുണ്ടായിരുന്നു. ഞാൻ അതിൽ ഗ്രന്ഥകർത്താവിനെ തെറ്റു പറകയുണ്ടായിട്ടില്ലെന്നു മാത്രമല്ല ‘‘പ്രസാധകന്മാരെ’’ യാണു തെറ്റു പറയുന്നതെന്നു സ്പഷ്ടമായിപറഞ്ഞിട്ടുകൂടിയുണ്ട്. അങ്ങിനെയിരിക്കെ പിള്ള അവർകൾ ഒരുവിധമെല്ലാം എഴുതിയതിന്റെ കാരണം ഒന്നുകിൽ അദ്ദേഹത്തിനു ‘‘പ്രസാധകൻ’’ എന്ന പ്രസിദ്ധമായ പദത്തിന്റെ അർത്ഥം അറിഞ്ഞുകൂടായ്കയും, അല്ലെങ്കിൽ എന്റെ ലേഖനം മനസ്സിരുത്തിവായിക്കായ്കയും ഇതു രണ്ടിൽ മനോവാതെ നിവൃത്തിയില്ല. കെ. രാമകൃഷ്ണപിള്ള അവർകളെ ‘‘പദാർത്ഥജ്ഞാനം സിദ്ധിക്കാത്ത മന്ദപ്രജ്ഞ’’ന്മാരുടെ കൂട്ടത്തിൽ കൂട്ടുവാൻ തരമില്ലല്ലൊ. അതുകൊണ്ട അദ്ദേഹം എന്റെ ലേഖനം മനസ്സിരുത്തി വായിച്ചിട്ടില്ലെന്നേ പറയുന്നാൻ പാടുള്ളൂ. അദ്ദേഹം നമ്മുടെ പ്രകൃത പുസ്തകത്തിന്റെ പുറംകടലാസ്സ് ഒന്നു മറിച്ചുനോക്കിയിരുന്നാൽ അദ്ദേഹത്തിനു ഒരു തെറ്റുവരുമായിരുന്നില്ല. പിള്ള അവർകൾ സൂചിപ്പിക്കുന്ന പ്രകാരംതന്നെ മലയാളത്തിലുള്ള അച്ചടിശാലാപ്രവർത്തകന്മാരും അച്ചുവിരുത്തുകാരും വളരെ ഭാഷാപരിജ്ഞാനമുള്ളവരല്ലെന്നു എനിക്കും ബോദ്ധ്യമാണ്. അതുകൊണ്ട പുസ്തകങ്ങളും അച്ചടിപ്പിക്കുന്ന കാര്യത്തിൽ പ്രസാധകന്മാർ കുറച്ചധികം മനസ്സിരുത്തേണ്ടതാണെന്നേ ഞാൻ പറഞ്ഞതിന്ന് അർത്ഥമുള്ളൂ.

കുഞ്ഞിക്കൃഷ്ണമേനോനവർകളുടെ വ്യാഖ്യാനങ്ങളെപ്പറ്റി വല്ലതും പറയുന്നതിനുമുമ്പ് ‘‘വ്യാഖ്യാന’’മെന്നാൽ എന്താണെന്നുപറയാം. വ്യാഖ്യാനമെന്ന പദത്തിനു വിശേഷേണയുള്ള ആഖ്യാനമെന്നാകുന്നു അർത്ഥം. ഒരു കാവ്യത്തിന്റെ വ്യാഖ്യാനമെന്നുവെച്ചാൽ ആ കാവ്യത്തിൽ കവി വിവക്ഷിച്ചിട്ടുള്ള അർത്ഥത്തെ വ്യക്തമാക്കുകയാണ്. അതുകൊണ്ട ഒരു വ്യാഖ്യാനമെഴുതുകയാണെങ്കിൽ അതിന്റെ വിഷയമായ കാവ്യാർത്ഥത്തെ വ്യക്തമാക്കുവാൻ വേണ്ടതെല്ലാം പറയേണ്ടിവരും. എന്നാൽ സാധാരണ വ്യാഖ്യാതാക്കന്മാർ അവരവരുദ്ദേശിച്ച അധികാരികളെ അനുസരിച്ച വ്യാഖ്യാനത്തിന്റെ ചില ഭാഗങ്ങളെ വിട്ടുകളഞ്ഞും മറു ചിലഭാഗങ്ങളെ കുറെ വിസ്തരിച്ചും എഴുതിവരുമാറുണ്ട. അതുകൊണ്ട വ്യാഖ്യാനത്തി

ന്റെ ഗുണദോഷം പറയുന്നതിനുമുമ്പെ അതിന്റെ അധികാരി യേകൂടി മനസ്സിലാക്കേണമെന്നതന്നെയാണ എന്റെ അഭിപ്രാ യം. പിള്ള അവർകളും പ്രകൃതവ്യാഖ്യാനത്തിന്റെ അധികാരിക ളെപ്പറ്റി പറയണമെന്ന വിചാരിച്ചതിൽ അശേഷം തെറ്റില്ല. എങ്കിലുംഅവർ ഇന്നവരാണെന്നുപറഞ്ഞതാണ ശരിയാവാഞ്ഞത്. പിള്ള അവർകളുടെ ‹‹സാമാന്യപഠിതാക്കൾ›› അതായത, പരാ ശ്രയം കൂടാതെ കാവ്യാർത്ഥം മനസ്സിലാക്കുവാൻ ശക്തിയില്ലാത്ത വർക്ക, വേണ്ടിയാണ് മേനോൻ അവർകളുടെ വ്യാഖ്യാനമെന്നു വി ചാരിക്കുവാൻ ന്യായം മതിയാവുന്നില്ലെന്ന ഞാൻ അല്പം മുമ്പു പ റഞ്ഞുവല്ലൊ. പരാശ്രയം കൂടാതെ കവിതാചാതുര്യം മനസ്സിലാ ക്കുവാൻ ശക്തിയുള്ളവർക്കുവേണ്ടിയാണ മേപ്പടി വ്യാഖ്യാനമെന്നും വിചാരിക്കുവാൻ തരമില്ല. അങ്ങിനെ ആയിരുന്നുവെങ്കിൽ ഒരും വ്യാ ഖ്യാനത്തിൽനിന്ന പല ഭാഗങ്ങളും എടുത്തുകളയാമായിരുന്നു. ഒരും ഒടുവിൽ പറഞ്ഞ തരക്കാർക്ക, ക്ര. സ. പൂർവ്വഭാഗം ൧, ഗദ്യ, ഖവ. ഒരും നന്ദ്യ ശ്ലോകങ്ങളുടെ വ്യാഖ്യാനങ്ങളെക്കൊണ്ട എന്താ ണ് ആവശ്യമുള്ളത? വ്യാഖ്യാനമെഴുതുന്ന സമയം മേനോൻ അവ ർകളും പ്രത്യേകിച്ചൊരധികാരിയേയും ഉദ്ദേശിച്ചിട്ടില്ലെന്നാണ് എ നിക്ക തോന്നുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ വ്യാഖ്യാനം എപ്പോവക്കും വായിച്ചാൽ ഉപകരിക്കത്തക്കവിധത്തിലാവേണ്ടിയി രുന്നു. ഒരും അഭിപ്രായത്തോടുകൂടി നോക്കുമ്പോൾ മേപ്പടി വ്യാ ഖ്യാനത്തിൽ ചില ന്യൂനതകളെ ഞാൻ കാണുന്നുണ്ട്.

ഒന്നാമത ഈ വ്യാഖ്യാനങ്ങൾ പ്രകൃത കാവ്യങ്ങളുടെ എത്ര യോ ഒരു ചെറിയഭാഗം മാത്രമേതൊടുന്നുള്ളു. ശുകസന്ദേശത്തി ലും കൊകിലസന്ദേശത്തിലും കൂടി ആകെ മുന്നൂറിരുപതിലധികം ശ്ലോകങ്ങളുണ്ട. ഇവയിൽവെച്ച പിന്നെക്കുറെ എഴുപത ശ്ലോകങ്ങ ൾക്ക്, അതായത, നാലിലൊരംശത്തെക്കാൾ ചെറുതായ ഒരു ഭാ ഗത്തിന്ന മാത്രമേ മേനവൻ അവർകളും വ്യാഖ്യാനം ചെയ്തിട്ടുള്ളു. ഇതിൽതന്നെ ഒരുശ്ലോകമൊഴികെ ശേഷമെല്ലാം പൂർവ്വഖണ്ഡങ്ങളി ലുള്ളവയാകുന്നു. അതുകൊണ്ട സന്ദേശകാവ്യങ്ങളിൽ പ്രധാന മെന്നു പറയുന്ന ഉത്തരഭാഗങ്ങളെ വ്യാഖ്യാതാവ് തൊട്ടിട്ടുതന്നെ ഇല്ലെ

ന്ന പറയാം. അദ്ദേഹം എഴുതിയ വ്യാഖ്യാനത്തിന്റെ ഒരു വലിയ ഭാഗം ഓരോരോ ദേശചരിത്രങ്ങളാകുന്നു. ഈ ദേശചരിത്രങ്ങളിൽ ചിലഭാഗങ്ങളും കാവ്യാർത്ഥം മനസ്സിലാക്കുന്നതിൽ യാതൊരു ഉപകാരവും ചെയ്യുന്നില്ല. ശ്ലോകസന്ദേശത്തിന്റെ വ്യാഖ്യാനത്തിൽ കാണുന്നചില ദേശചരിത്രങ്ങളും പ്രകൃതകഥ നടന്നതിനു വളരെക്കാലം പിന്നെയുണ്ടായവയാകുന്നു. ഒരു ചരിത്രങ്ങളും മനസ്സിലായിട്ട കാവ്യാർത്ഥം മനസ്സിലാക്കുവാൻ ഒരു പ്രയോജനവും ഇല്ല.(ശ്ലോ. സം. 35 ഫ്രെ. ഈ ശ്ലോകങ്ങളുടെ വ്യാഖ്യാനം നോക്കുക.) ഇതിൽ പറഞ്ഞതെല്ലാം പ്രകൃതകഥനടന്ന കാലമായ കലിവർഷം നൂറ്റമ്പതിനു വളരെ ഇപ്പുറത്തുള്ള സ്ഥിതിയാണം. അതുകൊണ്ട ചരിത്രങ്ങളെ പറഞ്ഞത മുഴുവൻ വെണ്ടവിധമായിയെന്ന പറഞ്ഞുകൂടാ. ദേശചരിത്രമൊഴികെ വേറേവല്ലതും പറഞ്ഞിട്ടുള്ള ഭാഗങ്ങളിൽ അല്പംചിലത യാതൊരുവിലയുമില്ലാത്തതായും വേറെചിലത കുറച്ചു കുറച്ചു തെറ്റുള്ളതായും കാണുന്നില്ലെന്നില്ല. ശ്ലോ. സം. രണ്ടാമത്തെ ശ്ലോകത്തിന്റെ വ്യാഖ്യാനത്തിനു എന്തൊരു വിലയാണുള്ളത? അതിൽതന്നെ നാലാമത്തെ ശ്ലോകത്തിന്റെ വ്യാഖ്യാനവും അതുപോലെതന്നെ. വാലന്മാരുടെ തൊഴില് ആർക്കെങ്കിലും അറിഞ്ഞുകൂടാ എന്നവരുമോ? കൊ. സ. രണ്ടാംശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ പറഞ്ഞത തെറ്റല്ലെ? സ്ത്രീകൾ ചവിട്ടിയാൽ മാത്രമെ അശോകം പൂക്കുള്ളു. എന്ന ആർക്കെങ്കിലും ഒരുവിശ്വാസമുണ്ടോ? കുമാരസംഭവം മൂന്നാംസർഗ്ഗത്തിൽ വസന്തവർണ്ണനയുടെ ഘട്ടത്തിൽ ((അസൂതസദ്യഃ കുസുമാന്യശോകഃ സ്കന്ധാൽപ്രഭൃത്യേവസപല്ലവാനിപാദേന നാപൈക്ഷത സുന്ദരീണാംസംചക്രമാശിഞ്ജിതനൂപുരേണ)) എന്നൊരു ശ്ലോകമുണ്ട. ഇത കാളിദാസന്റെ തെറ്റായിരിക്കാം. ശ്ലോ. സം. ഒമ്പതാമത്തെ ശ്ലോകത്തിന്റെ പൂർവ്വാർദ്ധത്തിനു വ്യാഖ്യാതാവ ഇപ്രകാരം വ്യാഖ്യാനമേഴുതിയിരിക്കുന്നു. ((അർത്ഥം നേടുന്നതിലും അനർത്ഥം നീക്കുന്നതിലും മഹാമനസ്കന്മാർ ഇതരന്മാരെ അവരവരേപ്പോലെ വിചാരിക്കുന്നു)) എന്നു. മൂലശ്ലോകത്തിന്റെ അർത്ഥത്തിൽനിന്നു ഭേദപ്പെടാതെ ഇങ്ങിനെ വ്യാഖ്യാനിക്കുന്നതകുറെപ്രയാസമാണു

ന്നാണ എനിക്കതൊന്നുന്നത. മൂലത്തെ അനുസരിച്ചുകൊണ്ടുത ന്നെയാണ തർജ്ജമക്കാരൻ തർജ്ജമചെയ്തിരിക്കുന്നത. "അതിഥംനേ ടുന്നതിലും അനതിഥം നീക്കുന്നതിലും മഹാമനസ്സുന്മാർ ഇതരന്മാ രെ എല്ലാവരെയും ഒരു പോലെ വിചാരിക്കുന്നു." എന്നായിരുന്നാ ൽ ഇതിലധികംശരിയായിരുന്നു. ശ്ലോകങ്ങളൊന്നെറി വ്യാഖ്യാനിച്ച കവികൾക്കു ഉപക്ഷീത്തിവരുത്തുന്നത വ്യാഖ്യാതാവിന്റെ ധർമ്മമാണ്ണ ന്നഞാൻ ധരിച്ചിട്ടില്ല. ചിലദിക്കിൽ തർജ്ജമക്കാരനും അല്പം ചില തെറ്റുകളും വന്നിട്ടുണ്ട. അവിടയൊന്നും വ്യാഖ്യാതാവ ശബ്ദിച്ചി ട്ടേ ഇല്ല. ശ്ലോ.സ. നവാംശ്ലോകത്തിന്റെ തർജ്ജമ നോക്കുക. അ തിലുള്ള വിഷയ വിഷയികളെ യാതൊരുനിയമവും കൂടാതെ മാ റിയും മറിച്ചുംവെച്ച തർജ്ജമചെയ്തതുകൊണ്ട അതിലുള്ള അ ലങ്കാരത്തിന്ന എത്ര ദോഷം പറ്റിയിരിക്കുന്നു! ഇങ്ങിനെയു ള്ളദിക്കിൽ വല്ലതും ചിലത പറയെണ്ടതല്ലെ? അതിൽ തന്നെ ദശാംശ്ലോകത്തിന്റെ തർജ്ജമ നോക്കുക. ഇവിടെ തർജ്ജമ മൂല ത്തെ വളരെ അനുസരിക്കുന്നുണ്ടെങ്കിലും മൂലത്തിലെ പ്രധാനമാ യ ഒരു പദം വിട്ടുകളഞ്ഞതുകൊണ്ട അതിന അല്പം പൊരുത്തമി ല്ലെ? മൂലത്തിൽ പ്രകൃതമായ താരുവണ്ടിക്കു "സ്രുവന്തീ" യെന്നൊരു വിശേഷണം കൊടുത്തിട്ടുണ്ട. അതിന്ന കുറെ അഭിപ്രായവും കവി കളുതീട്ടുണ്ടെന്നു വായനക്കാർക്കു തോന്നുകയും ചെയ്യും. അതത തർജ്ജമയിൽ വിട്ടുകളഞ്ഞതിനേപറ്റി വല്ലതും വ്യാഖ്യാതാവ പ റയേണ്ടിയിരുന്നു. വ്യാഖ്യാതാവ അല്പം ചില ദിക്കിൽ ചില അ ലങ്കാരങ്ങളെ വിവരിക്കുവാൻ ഭാവിച്ചിട്ടുണ്ട. അതെല്ലാം വളരെ എളുപ്പമായ ദിക്കിലാണ. ശ്ലോ. സ. ഏഴാംശ്ലോകത്തിന്റെ വ്യാ ഖ്യാനം നോക്കുക. "പ്രക്ഷ്വം" എന്ന ഒരു പദത്തെ അവലംബി ച്ചു നില്ക്കുന്ന ഒരു ശ്ലേഷയെ ഇത്രയൊക്കെ വിവരിക്കുവാനുണ്ടൊ? അത വിവരിച്ച അവസ്ഥക്ക 64-ാമത്തെ ശ്ലോകത്തിലെ ശ്ലേഷയെ അല്പം വിവരിക്കേണ്ടതായിരുന്നു. ഒരാം ഒടുവിൽ പറഞ്ഞ ശ്ലേഷ ക്കു മുൻപറഞ്ഞതിനേക്കാൾ അല്പം കാഠിന്യം അധികമല്ലെ? ശ്ലോ. സ. രണ്ടാം ശ്ലോകത്തിൽ പ്രഭാതസമയത്തെ കോഴികൂകുന്നതിനെ അതിൽപറഞ്ഞപ്രകാരം ഉൽപ്രേക്ഷിച്ചതുകൊണ്ട പ്രകൃതത്തിന്ന

എന്താണ ഗ്രണമെന്ന രണ്ടക്ഷരംകൊണ്ട പുറത്തിരുന്നാൽ വ്യാഖ്യാനത്തിനു വല്ലകുറവും വരുവാനുണ്ടോ? അതിൽതന്നെ നമ്മുടെ ഈ ശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽനിന്നു ചിലത പഠിക്കുവാനുണ്ടെങ്കിലും അതിൽപറയേണ്ടത മുഴുവനായിട്ടില്ല. ആ ശ്ലോകത്തിന്റെ പൂർവ്വാർദ്ധത്തിൽ പറഞ്ഞ സംഗതികൾക്കും പ്രകൃത പദ്ധതത്തിന്റെ "വക്ര"മെന്ന പേരിനും തമ്മിലുള്ള സംബന്ധത്തെക്കുറിച്ച അല്പം പറഞ്ഞിരുന്നുവെങ്കിൽ ആ വ്യാഖ്യാനം കുറേകൂടി നന്നാവുമായിരുന്നു. ഇങ്ങിനെ ചിലസംഗതികളുണ്ട എനിക്കു മേനോൻ അവർകളുടെ വ്യാഖ്യാനത്തെപ്പറ്റി പറയുവാനുള്ളത. കോകിലസന്ദേശത്തിലും ചിലസംഗതികൾ പറയുവാനുള്ളത, അതെല്ലാം പറയുന്നതായാൽ ഇനിയും എന്റെ ലേഖനം നീണ്ടുപോകുമെന്ന ഭയപ്പെട്ട ഇപ്പോൾ നിർത്തുന്നു. ആകപ്പാടെനോക്കുന്നതായാൽ മേനവൻ അവർകളുടെ വ്യാഖ്യാനം കാവ്യങ്ങളുടെ സാരം ചില ദിക്കുമാത്രമെ തൊടുന്നുള്ളു. ഒതാട്ടിക്കിൽതന്നെ കുറേഭാഗം അനാവശ്യവും, വേറെ ചിലഭാഗം ഗ്രന്ഥപോരാത്തതും, മറുചിലഭാഗം അല്പാല്പം ചില തെറ്റുള്ളതും ആകുന്നു.

"ചിത്രംചിത്രംബതബത മഹച്ചിത്രമേതദ്വിചിത്രം
ജാതോദൈവാദ്വിചിത്രാദ്ഘടനാസംവിധാതാവിധാതാ
യന്നിംബാനാംപരിണതഫലസ്പീതിരാസാദനീയാ
യച്ചൈതസ്യാഃ കബളനകലാകോവിദഃകാകലോകഃ"

വീരകേസരി.

മലയാളഭാഷയുടെ

താൽക്കാലികാവസ്ഥ.

———:o:———

(തുടർച്ച)

ഭാഷയെ പരിഷ്കരിക്കുന്നതിനു സാമർത്ഥ്യമുള്ള ആളുകൾ ഉണ്ടായി എന്നുള്ള ഏകസംഗതികൊണ്ട ഭാഷ നന്നാകുന്നതല്ലായ്കയാൽ അങ്ങിനെയുള്ള മഹാന്മാർ ഭാഷയെ പരിഷ്കരിക്കുന്നതിനു വേണ്ടത പ്രവൃത്തിച്ചുകൊണ്ടിരിക്കണമെന്നു തെളിയുന്നു. മല

യാള പണ്ഡിതന്മാർ ഭാഷയെ സംബന്ധിച്ചുകായ്ക്കുന്നതിൽ പ്രവൃത്തിക്കേണമെങ്കിൽ മുഖ്യമായി ദ്രവ്യനഷ്ടം ഇല്ലെന്ന വരണം. ഇരുപതാംനൂറാണ്ടിൽ നമ്മുടെനാട്ടിൽ മലയാളപണ്ഡിതന്മാർ ഉണ്ടായിരിക്കെ ഒരു യൂറോപ്യമഹാൻ (Mr. Marsden) എഴുതിയ മലയാള പുസ്തകങ്ങളാം നമ്മുടെ സ്കൂളുകളിൽ പാഠപുസ്തകങ്ങളായി സ്വീകരിക്കേണ്ടി വന്നതിൽ ദുഃഖമായിരിക്കുന്നു അദ്ദേഹത്തെപറ്റി എന്തുപറയാനുണ്ടു? ആ പുസ്തകങ്ങളുംതന്നെയും ഭാഷാരീതിയേയും വ്യാകരണസൂത്രങ്ങളെയും കൃത്യമായി അനുസരിച്ചിട്ടുള്ളവയാണൊ എന്നറിവാൻ വായിച്ചുനോക്കീട്ടുള്ള പണ്ഡിതന്മാർ എന്തുപറയുന്നുവെന്ന് കേട്ടാൽ കൊള്ളാം.

പാഠപുസ്തകങ്ങളും തിരഞ്ഞെടുക്കേണ്ടതായിവരുന്ന അവസരങ്ങളിൽ പ്രത്യേകം നോക്കേണ്ടതും നോക്കുന്നതും പുസ്തകം ഉണ്ടാകിയ ആൾ എന്തെല്ലാം പരീക്ഷകളാണ ജയിച്ചിട്ടുള്ളത എന്നൊ, ആ ആളുടെ ഉദ്യോഗം എന്തെന്നൊ അല്ലാ, കണ്ണിനു മുമ്പിലിരിക്കുന്ന പുസ്തകം എത്രത്തോളം നന്നായിട്ടുണ്ടെന്നും നന്നായിട്ടുണ്ടെങ്കിൽ ഉദ്ദേശസിദ്ധിക്കു മതിയായിട്ടുണ്ടൊ എന്നുമാണ എന്നുള്ള വിവരം സകലരും അറിഞ്ഞുവശമായാൽ മലയാളപണ്ഡിതന്മാർ പാഠപുസ്തകങ്ങളും ഉണ്ടാക്കുന്നതിൽ മടികാണിക്കയില്ലെന്നാണ തോന്നുന്നത. പുസ്തകം ഉണ്ടാകി അച്ചടിപ്പിച്ചാൽ നഷ്ടവും ബുദ്ധിമുട്ടും വരികയില്ലെന്നുള്ള നിശ്ചയം ഗ്രന്ഥകർത്താക്കന്മാക്ക് ഉണ്ടാകത്തക്കവണ്ണം നല്ല പുസ്തകങ്ങളുണ്ടാക്കുന്ന ആളുകളെ പലപ്രകാരത്തിലും സഹായിക്കയും ഉത്സാഹിപ്പിക്കയും ധൈര്യപ്പെടുത്തുകയും ചെയ്യുന്നതിനു വേണ്ടുന്ന ആളുകളുണ്ടായിരിക്കണം. പുസ്തകം നല്ലതാണെങ്കിൽ വിലകൊടുത്തു വാങ്ങുന്നതിനു ആളുകളുണ്ടാകുമെന്നു വിചാരിപ്പാൻ ന്യായമുള്ളതുകൊണ്ടു മേൽപ്രകാരം ഗ്രന്ഥകർത്താക്കന്മാരെ ഉത്സാഹിപ്പിക്കയും മറ്റും ചെയ്തിട്ടെന്തുകായ്യമെന്ന ചിലർ ചക്ഷേ ചോദിക്കുമായിരിക്കാം. അവരവരുടെ കുടുംബങ്ങളിൽതന്നെ ശക്തിക്കുതക്കവണ്ണം ഒരു പുസ്തകസഞ്ചയമുണ്ടായിരിക്കണമെന്ന തീവ്രപ്പെടുത്തീട്ടുള്ള ആളുകളാം പുസ്തകങ്ങളും വാങ്ങാറുള്ളതുപോലെ ഇവിടങ്ങളിലുള്ളവർ പ്ര

വ്യത്തിക്കുന്നതിനുള്ള കാലം സമീപിച്ചിട്ടില്ല, എന്നുമാത്രമല്ല ഒരു പുസ്തകം എത്രമേൽ നല്ലതായിരുന്നാലും അതനല്ലതാണെന്നുള്ള തത്പം സകലരും ഗ്രഹിച്ച പുസ്തകം വാങ്ങിത്തുടങ്ങുന്നതിന് അധികംനാൾ വേണ്ടിവരുമെന്നകൂടി വന്നേക്കാം. ഇങ്ങിനെ ഇരിക്കയാൽ പുസ്തകം നല്ലതായിരുന്നാലും ഗ്രന്ഥകർത്താവിനു ദ്രവ്യകാലം നഷ്ടമൊ മറെറാ വന്നേക്കാമെന്ന പറയുന്നതിൽ ഇവിടെ ഒന്നുകൊണ്ടും അധൈര്യപ്പെടുവാനില്ല. ആ സ്ഥിതിക്കു പുസ്തകമുണ്ടാക്കണമെന്നുള്ള വിചാരം മലയാളപണ്ഡിതന്മാരിൽ അത്യധികം പ്രബലപ്പെടത്തക്കവണ്ണം അവരെ സഹായിക്കയും ഉത്സാഹിപ്പിക്കയും ധൈര്യപ്പെടുത്തുകയും ചെയ്യണമെന്ന ഇവിടെ പറയാതിരുന്നാൽ ഞാനെന്റെ ചുമതലയെ നിർവ്വഹിക്കുന്നതിൽ വലിയ ഉപേക്ഷകാണിച്ചതായി വിചാരിക്കപ്പെടുമെന്നാണ എന്റെ ഉത്തമവിശ്വാസമെന്ന സവിനയം വീണ്ടും അറിയിക്കെണ്ടതായി വന്നിരിക്കുന്നു.

മലയാളപണ്ഡിതന്മാർ ധാരാളമുണ്ടാകയും പുസ്തകമുണ്ടാക്കുന്നതിന്ന അവർ സന്നദ്ധന്മാരായിരിക്കയും ചെയ്തുകൊണ്ടായില്ല. മലയാളഭാഷയിൽ ഇല്ലാത്തതും ഭാഷാപോഷണത്തിന്നത്യാവശ്യമായിട്ടുള്ളതുമായ പുസ്തകങ്ങൾ എന്തല്ലാമെന്ന രീതിപ്പെടുത്തി അതാതകാലങ്ങളിൽ പണ്ഡിതന്മാർക്കറിവുകൊടുപ്പാൻ ഒരു സഭയുണ്ടായാൽ വളരെ നന്നായിരിക്കും. പണ്ഡിതന്മാർ ഈ സഭയുടെ നിശ്ചയപ്രകാരം പുസ്തകമുണ്ടാക്കുകയും സഭ ആയ്ത പരിശോധനകഴിച്ചു നന്നായിട്ടുണ്ടെന്ന കാണപ്പെടുന്നപക്ഷം അച്ചടിപ്പിക്കയും ചെയ്യുന്നതായാൽ നമ്മുടെ ഭാഷയിലെ ഗ്രന്ഥദൌർല്ലഭ്യം ക്രമേണ നീങ്ങുന്നതാണ. ഇങ്ങിനെയുള്ള ഏർപ്പാടുകളൊന്നും ഇല്ലായ്കയാലാണ, ഒരേതരത്തിൽതന്നെയുള്ള പുസ്തകങ്ങൾ വളരെയുണ്ടായതായും നെല്ലുകാലുകിടയിൽ കളകളെന്നപോലെ പുസ്തകങ്ങൾക്കിടയിൽ ക്ഷുദ്രപുസ്തകങ്ങൾ വർദ്ധിച്ചതായും കാണുന്നിടവന്നിട്ടുള്ളത. ഓരോ തരത്തിൽമാരൊ പുസ്തകംവീതം ഉണ്ടായതിന്നശേഷം, ഒരു തരത്തിൽ ഒന്നിലധികം പുസ്തകങ്ങൾ ഉണ്ടാക്കുകയാണ അധികം നല്ലതെന്ന മാത്രമെ ഇവിടെ പറയുന്നുള്ളു.

ക്ഷുദ്രപുസ്തകങ്ങളുടെ പ്രവേശനത്തെ തീരെ തടുക്കുകയും നല്ല പുസ്തകങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കണം. ഇങ്ങിനെയുള്ള കാര്യങ്ങളിൽ ഏർപ്പെട്ടുന്നവർക്ക് ഐകമത്യവും ക്ഷമയും അത്യാവശ്യമാണ.

ഇംഗ്ലീഷ് ഭാഷ അഭ്യസിച്ചു ഉയർന്തരം പരീക്ഷകളും ജയിച്ചിട്ടുള്ള നമുടെ ആളുകളും, മലയാളം സംസാരിക്കുമ്പോൾ പതിനഞ്ചുവീതം ഇംഗ്ലീഷവാക്കുകളും ചേർക്കാറുണ്ടെന്നുള്ള ജനവാദം പരന്നിട്ടുള്ളതാണെങ്കിൽ, മലയാളഭാഷ അഭ്യസിച്ചിട്ടുള്ള ഇംഗ്ലാണ്ടുകാർ സംസാരിക്കുമ്പോൾ, അവർ ഇംഗ്ലീഷ വാക്കുകളുടയിൽ മലയാളവാക്കുകളും ചേർക്കാറുണ്ടാ എന്നുള്ളതിനെപ്പറ്റി ചിന്തിച്ചാൽ കൊള്ളാമെന്നറിയിക്കേണ്ടതാവശ്യമെന്നു തോന്നുന്നു. മനോവിചാരത്തെ പൂർണ്ണമായും വ്യക്തമായും പറഞ്ഞറിയിക്കേണ്ടതിന്നതക്ക വാക്കുകളും മലയാളഭാഷയിൽ ഇല്ലായ്കനിമിത്തം ഇംഗ്ലീഷ പദങ്ങളും ചേർക്കുന്നതാണെന്ന ചിലർ പറയുമായിരിക്കാം. ചിഴക്കാതെ സംസാരിപ്പാനും മറ്റും നമുക്കു കഴിവില്ലാതിരുന്ന കാലത്ത നമ്മുടെ മാതാപിതാക്കന്മാർ നമ്മെ തള്ളികളയാതെ വിദ്യ അഭ്യസിപ്പിക്കയും മറ്റും ചെയ്തപ്രകാരംതന്നെ നാം നമ്മുടെ ഭാഷ ഇപ്പോൾ അപരിഷ്കൃതയാണെന്ന നിശ്ചയിച്ചു ധിക്കരിക്കാതെ ഭാഷയുടെ പോഷണാർത്ഥം വേണ്ടതെല്ലാം പ്രവൃത്തിച്ചു ഭാഷയെ നല്ല സ്ഥിതിയിലാക്കേണ്ടതാണ. നമ്മുടെ ഭാഷയുടെ അപരിഷ്കൃതാവസ്ഥ സൂക്ഷ്മത്തിൽ നമ്മുടെ അപരിഷ്കൃതാവസ്ഥയെയത്രെ തെളിയിക്കുന്നതും. ഇംഗ്ലീഷകാർ തങ്ങൾ ചെല്ലുന്ന ദിക്കുകളിലെല്ലാം ഇംഗ്ലീഷ സ്കൂളുകൾ സ്ഥാപിക്കയും ഇംഗ്ലീഷഭാഷക്കു പ്രധാന്യം കല്പിക്കയും ചെയ്തിട്ടുള്ളതിൽനിന്ന നാമെന്താണ മനസ്സിലാക്കേണ്ടത ? ഭാഷകളുടെ രാജ്ഞി എന്നോ അറിവിന്റെ താക്കോൽ എന്നോ പറയപ്പെടാവുന്ന തിലയിൽ ഇപ്പോൾ എത്തിനിൽക്കുന്ന ഇംഗ്ലീഷഭാഷ, ഒരു കാലത്ത നമ്മുടെ ഭാഷ എന്നപോലെ, അപരിഷ്കൃതാവസ്ഥയിലായിരുന്ന കിടന്നിരുന്നത എന്ന ഓർക്കുകയും ആ ഭാഷ ഉന്നതനിലയിൽ എത്തിയത എങ്ങിനെ എന്നുള്ളതിനെപ്പറ്റി ചിന്തിക്കുകയും ചെയ്യുന്ന മതിമാന്മാർ നമ്മുടെ

ഭാഷയെ പരിഷ്കരിക്കുന്ന കാര്യത്തിൽ ഒരു പ്രകാരത്തിലും മറ്റേതു സാഹന്മാരായി ഭവിക്കുന്നതല്ല. ഇംഗ്ലാണ്ടുകാർ തങ്ങളുടെ ഭാഷയെ സ്നേഹിക്കുന്നപ്രകാരം നാമും നമ്മുടെ ഭാഷയെ സ്നേഹിച്ചു കൊണ്ടിരിക്കുന്നതായാൽ നമ്മുടെ ഭാഷ, ഒരു കാലത്തു, ഉൽകൃഷ്ട ഭാഷകളിൽ ഒന്നെന്നഗണിക്കപ്പെടും നിശ്ചയം. ഭാഷാപോഷണമെന്നത ചിലരുടെ ശ്രമംകൊണ്ടോ, ഏതാനും സംവത്സരം കൊണ്ടോ, നിഷ്പ്രയാസമായി സാധിക്കാവുന്ന ഒരു കാര്യമല്ല. അതുകൊണ്ട സ്വദേശാഭിമാനികളുടേയും ധനവാന്മാരുടെയും മറ്റും സഹായം അത്യന്താപേക്ഷിതമെന്ന പറയേണ്ടതില്ലല്ലൊ.

ഈ അവസരത്തിൽ എനിക്കനുവദിച്ചിട്ടുള്ള സ്ഥലത്തെ (ഫ്രം ഭാഗത്തെ) ഞാൻ അതിക്രമിച്ചതായി കാണപ്പെട്ടുന്ന പക്ഷം ദയാപൂർവ്വം ക്ഷമിക്കണമെന്നപേക്ഷിച്ചുകൊണ്ട "ഭാഷയുടെ ഐകരീത്യ"ത്തെപ്പറ്റി അല്പം പറഞ്ഞുകൊള്ളട്ടെ.

ഭാഷക്കു ഐകരീത്യം വരുത്തേണമെന്ന പറയുന്നതായിട്ടല്ലാതെ അതിനുള്ള മാർഗ്ഗങ്ങളെന്തെല്ലാമെന്ന ആലോചിച്ചു വേണ്ടപോലെ പ്രവൃത്തിച്ചതായി ഓർക്കുന്നില്ല. ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുമാത്രം ചെയ്തതുകൊണ്ട എന്തപ്രയോജനമാണുള്ളത? "പരോപദേശേ പാണ്ഡിത്യം സർവ്വേഷാം സുകരംനൃണാം" എന്നുള്ളത ഇവിടെയാർക്കിയിൽ വരുന്നു. ഭാഷക്ക ഐകരീത്യം വരുത്തുവാൻ ഉള്ള മാർഗ്ഗങ്ങളിൽ ചിലത പറയാം.

1. സർവ്വസമ്മതമായുള്ള ഒരു വ്യാകരണം നമുക്കാവശ്യമായിരിക്കുന്നു. ഇക്കാര്യത്തിൽ മലയാളരാജ്യത്തിന്റെ നാനാഭാഗത്തുമുള്ള പണ്ഡിതവര്യന്മാർ യോജിച്ച പ്രവൃത്തിക്കണം.

2. ഒരു നിഘണ്ടു ആവശ്യമാണ. മലയാളരാജ്യത്തെങ്ങും ഒരുപോലെ നടപ്പുള്ള മലയാളപദങ്ങളും എല്ലാം ഈ നിഘണ്ടുവിൽ ഉണ്ടായിരിക്കണം. ഈ നിഘണ്ടുനോക്കി അതിൽനിന്ന പദങ്ങളും എടുത്ത വാചകം എഴുതുന്നതായാൽ, മലയാളരാജ്യത്തെങ്ങും ഒരുപോലെനടപ്പുള്ള വാക്കുകളും മാത്രമെ ആ വാചകങ്ങളിൽ കാണപ്പെടുകയുള്ളു എന്ന വരത്തക്ക വിധത്തിൽ ഒരു നിഘണ്ടു ഉണ്ടായിരിക്കണമെന്നാണ ഇവിടെ പറയുന്നത.

3. ബ്രിട്ടീഷിലും കൊച്ചിയിലും തിരുവിതാംകൂറിലും ഉള്ള വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ മേലധികാരികളും ഒരുമിച്ചുകൂടി മലയാള പാഠപുസ്തകങ്ങളും ഉണ്ടാക്കുകയും ഈ മൂന്നുരാജ്യത്തുമുള്ള സകല പള്ളിക്കൂടങ്ങളിലും ആ പുസ്തകങ്ങളും മാത്രമെ മലയാളപാഠപുസ്തകങ്ങളുടെ സ്ഥാനത്ത പഠിപ്പിച്ചുകൂടു എന്ന തീർച്ചപ്പെടുത്തുകയും ചെയ്യുക ആവശ്യമാണ്. മലയാളരാജ്യത്തെങ്ങും ഒരുപോലെ നടപ്പുള്ള മലയാളപദങ്ങളും മാത്രമെ ഈ പാഠപുസ്തകങ്ങളിൽ കാണപ്പെടാവു.

4. ഇപ്പോൾ പലരും ഗദ്യമെഴുതുകയും പദ്യഗ്രന്ഥങ്ങളുണ്ടാക്കുകയും ചെയ്യുന്നതായി കാണപ്പെടുന്ന സ്ഥിതിക്കു, അവരുടെ ആഗ്രഹം സജ്ജനസമ്മതമാംവണ്ണം നിവർത്തിച്ചതായികണ്ടു സന്തോഷിപ്പാൻ അവക്കും, അനുമോദിപ്പാൻ മറുള്ളവർക്കും, സംഗതിവരണമെങ്കിൽ, ഏതെല്ലാം പുസ്തകങ്ങളെയാണ ഉത്തമമാതൃകകളായി സ്വീകരിക്കേണ്ടതു എന്ന തീർച്ചപ്പെടുത്തിവെക്കുകയും ആവശ്യമാകുന്നു.

5. പത്രാധിപന്മാർ പുസ്തകങ്ങളെകുറിച്ചു അഭിപ്രായംപറയുന്ന സമയങ്ങളിലൊക്കെയും, ഒരു പ്രത്യേകഭിക്കിൽമാത്രം നടപ്പുള്ളതായി പുസ്തകങ്ങളിൽ കാണുന്ന പദങ്ങളെ പ്രത്യേകം എടുത്തുകാട്ടുകയും അങ്ങിനെയുള്ള പദങ്ങളും ആരും പ്രയോഗിക്കാതിരിപ്പാൻ താല്പര്യത്തോടുകൂടി ഉപദേശിക്കയും ചെയ്താൽ കൊള്ളാം.

6. പത്രങ്ങളിലും മാസികകളിലും പ്രസിദ്ധംചെയ്വാനായി അയക്കപ്പെടുന്ന ലേഖനങ്ങളിൽ ദേശഭാഷാപദങ്ങളും കലർന്നിട്ടുള്ളതായി കാണപ്പെട്ടാൽ, അങ്ങിനെയുള്ള ലേഖനങ്ങളും ഉപേക്ഷിച്ചുകളകയൊ, അപ്രകാരമുള്ള പദങ്ങളും നീക്കി അതിന്നുപകരമായി സർവ്വസാധാരണപദങ്ങളും * ചേർത്തു പ്രസിദ്ധപ്പെടുത്തുകയൊ ചെയ്താൽ വലിയ ഉപകാരമായിരിക്കും. ലേഖകന്മാർ എഴുതി അയക്കുന്ന ഉപന്യാസങ്ങളെ സംബന്ധിച്ചു

---

* അതേ അർത്ഥത്തിൽ സർവ്വസാധാരണങ്ങളായ പദങ്ങളും ഇല്ലാതെവന്നാൽ എന്തുവഴിയാണ ഉപന്യാസകൻ കരുതീട്ടുള്ളതെന്ന അറിയുന്നില്ല. ര. ര. പ.

ഇങ്ങിനെ പറഞ്ഞിട്ടുള്ള സ്ഥിതിക്കു, പത്രാധിപലേഖനങ്ങളിൽ മേൽപ്രകാരമുള്ള പദങ്ങളാം അശേഷം കാണപ്പെടരുതെന്നു പറയേണ്ടുന്ന ആവശ്യമില്ലല്ലൊ.

ഇങ്ങിനെയുള്ള ഓരൊ സംഗതികളേകുറിച്ചു് പയ്യാലോചനചെയ്തു ശ്ലാഘ്യമായ വിധത്തിൽ പ്രവൃത്തിച്ചുകൊണ്ടിരുന്നാൽ, ഒരുകാലത്തു, നമ്മുടെ ഭാഷക്കു "സാർവ്വത്രികമായ ഐകരൂപ്യം" ഭവിച്ചുഎന്ന വരാവുന്നതാണു.

ഭാഷാപോഷണപടുക്കളായ മഹാന്മാർ, മേൽപറഞ്ഞസംഗതികളേകുറിച്ചു ആലോചിച്ചു നമ്മുടെ ഭാഷാ, പരിഷ്കൃതഭാഷകളിൽ ഒന്നെന്ന എണ്ണപ്പെടേണ്ടതിന്നു വേണ്ടുന്ന പുസ്തകങ്ങളെല്ലാമുണ്ടാക്കുകയും ഭാഷക്കു ഐകരൂപ്യം വരുത്തുകയും ചെയ്യുമെന്നു വിചാരിക്കാതിരിപ്പാൻ മാർഗ്ഗം ഒന്നും കാണുന്നില്ലാ.

നമ്മുടെ ഭാഷയുടെ താൽക്കാലികാവസ്ഥയേകുറിച്ചുള്ള അനേഷണം, ഭാഷയെ പരിഷ്കരിക്കേണ്ടുന്നു കായ്ത്തിൽ എന്തെല്ലാം എങ്ങിനെയെല്ലാം പ്രവൃത്തിക്കണമെന്നുള്ള യോഗ്യമായ ആലോചനയിൽനിന്നുത്ഭവിച്ചിട്ടുള്ളതായി വിചാരിക്കാവുന്നതിനാൽ, നമ്മുടെ ഭാഷയുടെ ഭാഗ്യകാലം സമീപിച്ചിരിക്കുന്നുഎന്ന പറയാമെന്നുള്ള സന്തോഷവാർത്തയെ സഹർഷം അറിയിച്ചുകൊണ്ടു വിരമിക്കുന്നു.

സി. ഡി. ഡേവിഡ്.

അസാരം തെറിപ്പായി.

———— :o: ————

"പഴഞ്ചൊല്ലിൽ പതിരുണ്ടെങ്കിൽ പതിനുവിൻപാല് കയ്ക്കും" എന്ന കേട്ടിട്ടില്ലെ? എന്ന നാഗ അമ്മായി താല്പര്യത്തോടുകൂടിഎനോടു ചോദിച്ചു.

ഞാൻ— ഉവ്വു അതു വളരെ ശരിയാണ.

അമ്മായി— "ഒരു ഞനായാൽ ഒരുത്തിവേണം എന്നുള്ളതും വാ സമ്മതിക്കുമായിരിക്കും".

സാധാരണ ലോകസമ്പ്രദായം ഇങ്ങിനെയാണല്ലൊ എന്നുവിചാരിച്ചു് ഇതിന്നു ഞാൻ അനുകൂലിച്ചു് മറുവടിപറഞ്ഞു.

അമ്മായി— എന്നാൽ നീ സംബന്ധം തുടങ്ങണം.

ഈ കാര്യം എന്നെസംബന്ധിക്കുന്നതാകയാൽ 'ഒരുവാം' എന്നുപറവാൻ അല്പം മടിയുണ്ടായി. 'ഞാൻ കൂട്ടിയല്ലെ?' എന്നമാത്രംചോദിച്ചു. അമ്മായിയും ഞാനുമല്ലാതെ അവിടെ എന്റെ അമ്മമാത്രമേ ഉണ്ടായിരുന്നുള്ളൂ. ഞങ്ങളെല്ലാവരും വീട്ടിന്റെ പടിഞ്ഞാറ്റയ്ക്കുള്ള മുഖത്ത് ഉണ്ണുംകഴിഞ്ഞ് ഉച്ചക്ക് ചുറ്റുമുള്ള വയലുകളിൽനിന്നു വരുന്ന കാറ്റേറ്റുകൊണ്ട് നേരമ്പോക്കു പറഞ്ഞ് രസിച്ചിരിക്കുകയായിരുന്നു.

അമ്മായി— (അമ്മയുടെ മുഖത്തുനോക്കി) നമ്മുടെ മാധവനു മേ സംബന്ധം ആലോചിക്കുന്നോ? എവിടെയാണ വേണ്ടത?

അമ്മ ഇത് കേട്ട തലകുണുക്കി— "നല്ല ഒരു തറവാട്ടുകാരിയും രൂപലാവണ്യവും സ്വഭാവഗുണവും ഉള്ള ഒരുത്തി ആയിരിക്കണമെന്നമാത്രമേ എനിക്കു പറവാനുള്ളൂ" എന്നുപറഞ്ഞു.

അമ്മായി— തെവീട്ടിലെ തങ്കമണിയായാലോ?

അമ്മ— ഉവ്വോ- അവളെ എന്റെ കുട്ടനു ബോധിക്കുകയില്ല.

അമ്മായി— തെക്കേതിലെതത്തയോ?

അമ്മ— അവളുടെ ദേഹം കുറെ- (കയ്യുകൊണ്ടുകാണിച്ചു)- അല്ലേ? കുട്ടനോ വളരെ കൃശനമാണല്ലൊ.

അമ്മായി— അവളുടെ സൌന്ദര്യം കണ്ടിട്ടാണ് പറഞ്ഞത്. അല്ലെങ്കിൽ നമ്മുടെ ചിമുക്കുട്ടിയുണ്ടല്ലൊ. അവളുടെ സഹോദരന്മാരുടെ കാലംകഴിഞ്ഞാൽ അവർക്കുകിട്ടുന്ന സ്വത്തിനു കണക്കുണ്ടോ?

ഞാൻ— എളുപ്പത്തിൽ സാധിക്കും. ഏഴുചേരല്ലേ ഉള്ളൂ?

അമ്മായി— അല്ലെങ്കിൽ മൂപ്പത്തു മീറാക്കി ആയിക്കോട്ടെ.

അമ്മ— കൊള്ളാം- അവർക്കു അടുക്കളപ്പണിക്കു നല്ല സാമർത്ഥ്യമുണ്ട്.

ഞാൻ— ഇത് പിന്നെ ആർക്കും നിശ്ചയമില്ലാത്തതാണെല്ലൊ!

എന്റെ വാക്ക് അമ്മായിക്ക് ഒട്ടും രസിച്ചില്ല. "പറഞ്ഞതൊന്നും ബോധിക്കയില്ലെങ്കിൽ, മാധവൻതന്നെ നിശ്ചയിച്ചുകൊള്ളട്ടെ" എന്നുപറഞ്ഞു.

അമ്മ— അവൾ നല്ലതറവാട്ടുകാരിയായിരിക്കുണോ.

അമ്മായി— പണക്കാരിയും.

അമ്മ— ഈശ്വരഭക്തിയും ഉള്ളവളായിരിക്കണം.

അമ്മായി— നന്നെ കുട്ടിയാവരുത.

ഞാൻ— പഠിപ്പുവേണ്ടെല്ലാ.

അമ്മ— അതുമാത്രംപോര— നല്ല വകതിരുംവേണം.

ഞാൻ— അവളോട പടഞ്ഞുനോക്കാം.

അമ്മായി— അഥവാ, നീ ആരെയാണ് കരുതിയിരിക്കുന്നതു?

ഞാൻ— (കുറെ ആലോചിക്കുന്ന ഭാവംനടിച്ചു) വെണ്ടിനി ശ്രീരിമാധവിയെ നിങ്ങൾക്ക് സമ്മതമാണൊ?

അമ്മായി— ആ അസത്തോ?

അമ്മ— അയ്യോ എന്റെ കുട്ട!

ഞാൻ— എന്താണ് വിരോധം?

അമ്മ— ആ ചെററത്തറവാട്ടിലൊ? ആ ശുപ്പണമയേയോ?

ഞാൻ— എന്താ, സൌന്ദര്യം മതിയായില്ലെന്നുണ്ടോ?

അമ്മായി— ആ ചന്തം ഇവിടെ കാണേണ്ട,

ഞാൻ— (മുഷിഞ്ഞഭാവത്തിൽ) മാധവിയേത്തന്നേ വേണമെന്നാണ തീച്ചയാക്കിയിരിക്കുന്നത്. അവർക്കും എന്നിൽ പ്രേമമുണ്ട്. എന്നതന്നെയല്ല—

അമ്മ— ഒകുട്ടാ— നിനക്ക് എന്നെ ഇത്രയേസ്നഹമില്ലാതേയായോ? എന്റെ കാലം കഴിയാറായില്ലേ? നിന്നെ ഞാൻ ഇനി എത്രകാലംതന്നെ ബുദ്ധിമുട്ടിക്കും? എന്ന പറഞ്ഞു മുണ്ടിന്റെ കോന്തലകൊണ്ട് കണ്ണുതുടച്ചു.

അമ്മായി— നീ നശിക്കാൻ തീന്നവനാണ്. നിന്റെ നടപ്പ് നന്നാവുന്ന ലക്ഷണം [illegible]. ആ കുടലടക്കം നീ കാച്ചുവൽ ചിന്ന എന്നെ [illegible].

ഞാൻ— ഇത്ര വിരോധമുണ്ടെങ്കിൽ വേണ്ട.

അമ്മായി— അതാണ് നല്ലത്.

ഞാൻ— ഈ കാര്യം ഞാൻ വെറുതേ പറഞ്ഞതാണ്.

മണ്ടുപോരും. ആഹാ!

ഞാൻ— സത്യംപറയുന്നതാണെങ്കിൽ (പതുക്കെ) ഇനിക്ക് താല്പര്യം വേറെ ഒരുത്തിയിലാണ്.

അമ്മ— നീ ആ വൃത്തമാനംതന്നെ പറകയുണ്ടായില്ലല്ലൊ.

ഞാൻ— അവിടെക്ക സ്വാതന്ത്ര്യം ഇല്ലാ. അതാണ ദുഃഖം.

അമ്മായി— എന്താ, ഭർത്താവുള്ളവളല്ലല്ലൊ ?

ഞാൻ— അതല്ല. എന്നാൽ അവളെ ഒരാൾക്ക കൊടുപ്പാൻ നിശ്ചയിച്ചുപോയി.

അമ്മ— ആ കുട്ടി ഏതാണ് ?

ഞാൻ— (കുറെനേരം മൌനം അവലംബിച്ച)- പുങ്കാട്ടിൽ ദേവകികുട്ടിയാണ.

അമ്മ— അവളാണെങ്കിൽ നിണക്ക യോജിപ്പാകുമായിരുന്നു. എന്തുചെയ്യാം ?

അമ്മായി— ഹാ- മാധവനെ എത്ര അനുതാപയായിരിക്കും ! ഇതിനുശേഷം അല്പാനേരം ആരും സംസാരിച്ചതേയില്ല.

അമ്മായി— ദേവകിക്കുട്ടിയെ ആക്കംകൊടുപ്പാൻ നിശ്ചയിച്ചതായി ഞാൻ അറിഞ്ഞില്ലല്ലൊ.

ഞാൻ— അത് സകാര്യമാണ്. ആരോടും പറയരുതേ.

അമ്മായി— ഇതിലെന്താണ് സകാര്യം ? പുറത്തുവരുവാനുള്ളതല്ലെ ? നിന്നോടാരാണ് പറഞ്ഞത് ?

ഞാൻ— അവൾതന്നെയാണ് പറഞ്ഞത്.

അമ്മായി— പുരുഷനാരാണ് ?

ഞാൻ— പേര് ഞാൻ പറകയില്ല.

അമ്മായി— അവൾ താന്തോന്നിയായിപ്പോകയില്ലല്ലൊ ?

'ആവോ' എന്ന അർത്ഥത്തിൽ ഞാൻ കൈമലർത്തി.

അമ്മായി— അയാളെ മാധവനു പരിചയമുണ്ടോ ?

ഞാൻ— ഉ-ം

അമ്മായി— അയാൾ അത്ര- അത്ര- ?

അതിനും സംശയിച്ച ഞാൻ മുഖവടിയായി സംജ്ഞകാണിച്ചു.

അമ്മായി— അവനോടറി എന്താണ നീ കേട്ടിട്ടുള്ളത് ?

ഞാൻ— ഈ വക സംഗതികളും ഞാൻ പുറത്ത് പറയുന്നത് അത്ര ഭംഗിയല്ല.

അമ്മ— ഞാൻ പുറത്ത് പറയുമോ ?

അമ്മായി— എന്നേയും വിശ്വസിച്ചുകൂടേ ?

ഞാൻ— അയാൾ അമ്മയെ സ്നേഹമില്ലാത്തവനാണെന്നു കേട്ടു.

രണ്ടുപേരും- സത്യംതന്നയോ ?

ഞാൻ— അയാളുടെ അമ്മയാണ് ഇതെന്നോട് പറഞ്ഞത്.

അമ്മ— അയ്- കഷ്ടം തന്നെ !

അമ്മായി— പിന്നെയോ- കേൾക്കട്ടെ.

ഞാൻ— അയാളുടെ മറ്റൊരു ബന്ധു അയാൾ ദുർനടപ്പുകാരനാണെന്ന് പറകയുണ്ടായി.

അമ്മ— കഷ്ടം ! ദേവകിക്കുട്ടിക്ക് ഇങ്ങിനെ വന്നുവല്ലൊ !

ഞാൻ— ഒന്നാശിക്കാൻ തീർന്നിട്ടുള്ളവനാണെന്നകൂടികേട്ടു."

അമ്മായി— ഈ കേൾവിക്ക് കള്ളം കൂടികൂടിയുണ്ടായിരിക്കണം.

അമ്മ— ദേവകിക്ക് ഈ വിവരം അറിയാമോ ?

ഞാൻ— ഇനിക്ക് തോന്നീട്ടില്ല.

അമ്മ— നീ പറഞ്ഞില്ലെ ?

ഞാൻ— ഇല്ല.

അമ്മ— ഈ സ്ഥിതിക്ക് നീ പറയേണ്ടതല്ലെ ?

ഞാൻ— ഞാൻ പറയുന്നത് ശരിയാണോ ?

അമ്മായി— എന്നാൽ ഞാൻ നിശ്ചയമായും അവളോടു പറയും.

ഞാൻ— നിങ്ങളെ വിശ്വസിച്ചിട്ടല്ലേ ഞാനിതൊക്കെ പറഞ്ഞത് ?

അമ്മായി— എന്നാലും വേണ്ടില്ല- ഞാൻ പറയും.

ഞാൻ— അയ്യോ- പറയരുതേ.

അമ്മായി— ഇനിക്ക് ദേവകിയെ വലിയ കാര്യമാണ്. അവൾ ഈ കൊള്ളരുതാത്തവനോടു ചേരുവാൻ ഞാൻ ഒരിക്കലും സമ്മതിക്കുകയില്ല.

ഞാൻ ഇതുകേട്ടപ്പോൾ വല്ലാതെ ഒന്നു കോച്ചിപ്പോയി. .നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യു. പക്ഷെ എന്റെ പേരുമാത്രം പറയരുത്. ? ഓ- ശരിതന്നെ. അവൾ ഇന്ന ഇവിടെ വരുമെന്

പറഞ്ഞിട്ടുണ്ടല്ലൊ"- എന്ന ഞാൻ പറഞ്ഞു.

ഉടനെതന്നെ പടിവാതുക്കൽ ആരോ മുട്ടുന്ന ശബ്ദംകേട്ടു.

അമ്മായി— അവ് ദേവകിതന്നെയായിരിക്കുമോ? (എഴുനീറുനിന്ന നോക്കീട്ട്) അതെ- അവൾതന്നെയാണ്.

ഇത്കേട്ട ഉടനെ ഞാൻ പൂമുഖത്തുനിന്ന എഴുന്നേറ്റ മുറിയിലേക്ക് പോയി. അകത്ത് ചുമരിൽ ഉണ്ടായിരുന്ന സൂത്രത്തിൽക്കൂടി അവർ സംസാരിക്കുന്നത് കേൾപ്പാനും അവരെ കാണ്മാനും ഇതിനിടക്ക് കഴിയുമായിരുന്നു.

അമ്മായി— ആ കള്ളന്റെ ദോഷങ്ങളൊക്കെ ദേവകിയെ മനസ്സിലാക്കണം. എന്നാൽ നമുടെ ആഗ്രഹം സാധിച്ചേക്കാം.

അമ്മ ഇതിന്ന് മറുപടി ഒന്നുംപറഞ്ഞില്ലെങ്കിലും മുഖഭാവംകൊണ്ട് ഈ അഭിപ്രായത്തോട് യോജിച്ചിരുന്നുഎന്ന കാണിച്ചു. അപ്പോഴേക്കും ഭൃത്യൻ വാതൽതുറന്നു. ദേവകി പടികടന്നു അവരുടെ അടുക്കൽ എത്തിക്കഴിഞ്ഞു.

അമ്മ— ദേവകിക്കുട്ടി! നിന്നേകണ്ടത് വളരെ സന്തോഷമായി.

അമ്മായി— ഇപ്പോഴാതന്നെയാണ് ഞങ്ങൾ നിന്റെ വർത്തമാനം പറഞ്ഞത- ഇരിക്കു.

ദേവകി— (ഇരുന്നിട്ട)- ഞാൻ നിങ്ങളോട് ഒരു കാര്യംപറവാനാണ് വന്നത്.

അമ്മായി— നിന്റെ ബാന്ധവത്തമാനമാണെങ്കിൽ ഞങ്ങൾ കേട്ടുകഴിഞ്ഞു.

ദേവകി— അപ്പോഴേക്കും കേട്ടുവോ?

അമ്മായി— കേൾക്കുകയും വ്യസനിക്കുകയും ചെയ്തു.

ദേവകി— (ഇതുകേട്ടപ്പോൾ ഒന്നു പരിഭ്രമിച്ച്) ഈ കാര്യം നിങ്ങൾക്ക് സമ്മതമല്ലെന്നാണൊ?

അമ്മ— നിന്നെ സ്നേഹമുള്ള ഞങ്ങൾ അതെങ്ങിനെ സമ്മതിക്കും?

ദേവകിക്ക് പരിഭ്രമം വർദ്ധിച്ച്വശായി.

അമ്മായി— ആ കള്ളന് നീ ചേരില്ല.

ദേവകി— എന്ത! നാഥ അമ്മ ഈ പറഞ്ഞതിന്റെ താല്പര്യമെന്താണ്?

അമ്മായി— ഇവനെ നീസ്വീകരിച്ചാൽ ഒടുവിൽ നിശ്ചയമായും ദുഃഖിക്കും.

അമ്മ— (ദേവകിയുടെ കയ്യ് വച്ച്) നാമെ ഇപ്പോഴും ഇത്ര വേഗത്തിൽ പറയേണ്ടിയിരുന്നില്ല.

അമ്മായി— ദേവകിയോട പരമാത്മാം പറയേണ്ടത് നമ്മുടെ ചുമതലയാണ്. അവാം കണ്ണടച്ചു ഇവനെ സ്വീകരിക്കരുതല്ലൊ.

ദേവകി— (ഉൽകണ്ഠയോടെ) അദ്ദേഹത്തിനു എന്താണദോഷം?

അമ്മായി— അതോ— അവൻ കള്ളം കൂടിക്കും. ഇതകേട്ടപ്പോം ദേവകി വ്യസനിച്ചു ദീർഘനിശ്വാസം ചെയ്തു "ഇത് ഇനിക്കു വിശ്വാസം വരില്ല" എന്നപറഞ്ഞു.

അമ്മായി— (ഉച്ചത്തിൽ) അവൻ അമ്മയേ വേണ്ടമാതിരി നോക്കുന്നില്ല. തല്ലുകയും ചെയ്യും—

ദേവകി— ഇത് അശേഷം ശരിയാവില്ല. ഉവ്വോ അമ്മേ?

അമ്മ— (വ്യസനത്തോടേ തലതാഴ്ത്തി) കഷ്ടം! നാണപറവാൻ പാടുണ്ടോ?

ദേവകി— (പൊട്ടുന്ന മുഴുനീറ്റ) ഇത് ദുസ്സഹം തന്നെ. ഞാനിതൊരിക്കലും വിശ്വസിക്കുയില്ലായിരുന്നു. ഇതൊക്കെ ദുസ്വപ്നം പോലെ തോന്നുന്നു വല്ലോ.

അമ്മ— (മുഴുനീറ്റ ദേവകിയുടെ കൈപിടിച്ച്) അയ്യോ, കുട്ടി, നിങ്ങനക്ക—. അമ്മായിചിന്നയും അവസാനിപ്പിക്കുവാൻഭാവമില്ല. "അവൻ വലിയ ഒരു ദുർന്നടപ്പുകാരനാണ. എന്തിനു വളരെ പറയുന്നു അവൻ നശിക്കാൻ തീർന്നവനാണ്. ഒടുത്തവക്കാക്കും അവനെ കണ്ടുകൂടാ." എന്ന കോപത്തോടു കൂടി പറഞ്ഞു.

ദേവകി— വ്യസനം സഹിക്കവയ്യാതെ അമ്മയുടെമാറത്ത് തലവച്ചു നെടുവീർപ്പിട്ടു കരഞ്ഞു. "കഷ്ടം! ഞാൻ അദ്ദേഹത്തെ എത്രവളരെ സ്നേഹിച്ചു. അവസാനം ഇങ്ങിനെയായല്ലൊ!" ഈ വാക്കുകൾകേട്ടപ്പോം ഞാൻ അസ്വസ്ഥനായി തീർന്നു എന്നപറയേണ്ടതില്ലല്ലൊ.

അമ്മായി— (ഇവളുടെ വ്യസനംകണ്ട ദയതോന്നി) ഈ സംഗതി പുറത്താക്കരുതെന്നു മാധവൻ എല്പിച്ചിരുന്നു എങ്കിലും നി

ന്റെ പേരിലുള്ള വാത്സല്യംകൊണ്ട ഞാൻ ഇത്രയും പറഞ്ഞുപോയതാണ്.

ദേവകി— (അമ്മയോട) എന്റെമ്മേ! അദ്ദേഹം ഇങ്ങിനെയായിത്തീരുമെന്ന ഞാൻ ഈ ജന്മം വിചാരിച്ചിരുന്നില്ല.

അമ്മ— ദേവകിയുടെ സങ്കടം കണ്ട അവളെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു.

ദേവകി— ഈ കാര്യം എന്നോട പറവാൻ നിങ്ങൾ എത്ര സങ്കടപ്പെട്ടിരിക്കും ? (കണ്ണുനീർതുടച്ച്) അതുംനിങ്ങളുടെ സ്വഭാവമഹണം തന്നെ. ഇനിഅയാളുടെ വർത്തമാനം തന്നെ ഇനിക്കു കേൾക്കണ്ട. എന്തു ! സ്വന്തംഅമ്മയെ കൂടി ഇങ്ങിനെ ദ്രോഹിക്കുകയോ ? കഷ്ടം ! പാവ്വതി അമ്മെ ! നിങ്ങൾക്കു ഈ അവസ്ഥ വന്നുവല്ലൊ.

അമ്മ— (സംശയിച്ച്) നിന്റെ സ്ഥിതി ഓർത്ത് ഞാനല്ലേ ദുഃഖിക്കേണ്ടത് ?

ദേവകി— ഇത് സ്വപ്നത്തിലും കൂടി വിചാരിച്ചിരുന്നില്ല. അയാളെപ്പറ്റി നിങ്ങൾക്കു അതിവാത്സല്യമുണ്ടായിരുന്നു എന്നാണ ഞങ്ങളൊക്കെ കേട്ടിട്ടുള്ളതു എന്നിട്ടും അയാൾ ഇത്രകൊള്ളരുതാത്തവനായിതീർന്നുവല്ലൊ. ഇത്രകാലം നിങ്ങൾ ഈ വ്യസനം അടക്കിയിരുന്ന കഥ വിചാരിച്ചാൽ നിങ്ങളുടെ പ്രകൃതിഗുണത്തെപ്പറ്റി അത്ഭുതം തോന്നാതിരിക്കയില്ല.

അമ്മയും അമ്മായിയും മുഖത്തോടുമുഖംനോക്കി.

അമ്മായി— ആളാരാണെന്ന് അറിയണമെല്ലൊ.

അമ്മ— (ദേവകിയോട്) അയാളെ നീ എവിടെവച്ചാണ് പരിചയമായ്തു ?

ദേവകി— എവിടെവച്ചെന്നോ ? ഇവിടെവച്ച് തന്നെ.

അമ്മ— ഓ- ഹൊ- അങ്ങിനെയാണോ.

ദേവകി— ഈ വർത്തമാനം നിങ്ങൾക്കു സന്തോഷകരമായിരിക്കുമെന്ന കരുതി നിങ്ങളോട് പറവാനായി ബദ്ധപ്പെട്ട ഞാൻ വന്നതാണ്.

അമ്മായി— മാധവനെ തെറ്റിപ്പോയിരിക്കുമോ ?

അമ്മയും പരമാർത്ഥം മനസ്സിലാവാതെ പരിഭ്രമിച്ചുനിന്നു.

ദേവകി— എന്റെ ഈ ജന്മത്തെ സുഖംതിന്നും.

അമ്മ— അങ്ങിനെ പറയരുതെ. ഒരു സമയം ഞങ്ങൾ പറഞ്ഞത തെറ്റായേക്കാം.

ദേവകി— നിങ്ങൾക്ക എങ്ങിനെയാണ് തെറ്റുന്നത് ?

അമ്മായി— എയ് – ഒരിക്കലും തെറ്റുവാൻ തരമില്ല.

ദേവകി— നിങ്ങളെ ദ്രോഹിക്കുവാൻ അദ്ദേഹത്തിനെങ്ങിനെയാണ് മനസ്സുവരുന്നത് ?

അമ്മ— എന്നേയോ ?

ദേവകി— അതെ. നിങ്ങളെ ദ്വേഷിക്കുന്നുഎന്നല്ലേ നിങ്ങൾ പറഞ്ഞത ?

രണ്ടുപേരും– നീ ആരെക്കുറിച്ചാണ പറയുന്നത ?

ദേവകി— മാധവമേനോനെക്കുറിച്ചുതന്നെ. അമ്മയും അമ്മായിയും പെട്ടന്ന ഇരുന്നു.

അമ്മായി— നീ മാധവനെ അല്ലല്ലോ സ്വീകരിപ്പാൻ ഉറച്ചിരുന്നത ?

ദേവകി— അല്ലാതെചിന്നെ ആരെയാണ? . നിങ്ങൾക്കെല്ലാവക്കും അസാരം തെറ്റിപ്പോയി' എന്നപറഞ്ഞുകൊണ്ട ഈ കെട്ടത്തിൽ ഞാനും അവരുടെ മുമ്പിൽ ചാടിവീണു എന്ന പറഞ്ഞാൽ മതിയല്ലോ.

എസ്സ. വി. ആർ.

വൈരാഗ്യത്രയം.

———:o:———

എന്നെന്നുംനിലനിന്നിടും വിഷയസമ്പത്തെന്നു ചിത്തേധരി
ച്ചന്നന്നങ്ങിനെചെയ്യുചോന്നൊരുമഹാ ദുഷ്കർമ്മമുൾക്കിൽഫലം
ഒന്നെന്നാലുമിനിയ്യസാദ്യമഖിലം നിങ്കൽസമർപ്പിയ്യുയാ
ലൊന്നൊന്നായൊഴിവാക്കിമേലിലിവനൊക്കാത്തിടുകാർത്ഥിനി! 1

ഏതാണിഞാൻചിറന്നുള്ളൊരുശരീരമിനിമേ
ലെങ്ങുചോകുന്നിതോയെൻ
താതൻപാത്താകിലാരാണിനിയിവിടെയെനി
യ്യെന്തുകർത്തവ്യമെന്നും
ജാതാഹങ്കാരമോക്കാതിഹമഹിതതരം
കൈതവംചെയ്തതെല്ലാം
ചേതോജാതാരിനാഥേ! തവപദകമലേ
കെല്പൊടപ്പിച്ചിടുന്നേൻ

ഓരോകായ്മുംനിമിഷം പലരൊടുമധികം
മത്സരിച്ചുംരസിച്ചും
നേരംപോക്കീടുവാനായൊരുനിമിഷവുമി
ല്ലാശയെന്നാശയാന്തേ
ചാരംപൂശിജ്ജചാസ്ത്രക്കൊട്ടതവചരണം
ചിന്തചെയ്യുന്തരംഗെ
ചേരുംമോദേനവാഴാംശിവഗൃഹിണി! പരം
സൈന്ധവമാണിക്കവാശേ

ടി. നാരായണൻ നമ്പി,

ഒരു വിലാപം.

(൧) ഒരു സംഗതിയിന്നപോലെ താൻ
വരുമെന്നാക്കമറിഞ്ഞിടാൻ പണി
പെരുതുണ്ടുകുഴപ്പമെങ്കിലും
നിരുപിക്കിൽചിലരീതികണ്ടിടാം.

(൨) ചെളിവാക്കവതിന്നുവേണ്ടപോൽ
തെളിവിന്നായിരയും ദശാന്തരേ
അരുളും പെരുതായസംകടം
പലതായ്തീന്നൊരു തുച്ചരട്ടുകം.

(൩) 'ഇതുസ്സ്ഥിര'മെന്നുറക്കമ-
ങ്ങതുനേരത്തതു കെട്ടിടുന്നഹോ?
'ഇതുനശ്വര'മെന്നതോന്നുമാ-
യതുവഞ്ചിച്ചിതുനശ്വരം ഭുവി.

(൪) ഒരുവന്നു നികൃഷ്ടമൊന്നുതാൻ
പരമോൽകൃഷ്ടമതന്യനെത്രയും,
ഒരുകണ്ണിനു നല്ലതൊക്കെ മ-
റെറാരുകണ്ണിനു മഹാവിലക്ഷണം;

(൫) 'ഇതിലീവിധമൊക്കെ വന്നിടാ'
മിതിചാക്കം, വിപരീതമായ്ക്കരും,
അതിവിസ്മയ മിപ്രപഞ്ചമി
ന്നതിരറ്റുള്ള മഹാരഹസ്യമാം.

സി. എസ്. സുബ്രഹ്മണ്യൻ പോറ്റി

ജീവിച്ചിരിക്കുന്നു എന്നമാത്രമല്ല. ഗരുഡൻ ശിഷ്യനേപോ ലേ തൊഴുതുകൊണ്ട ഉണ്ണിയേ സേവിക്കുകയും കൂടി ചെയ്യുന്നു.

വൃദ്ധ— (സന്തോഷത്തോടു കൂടി) മഹാരാജാവേ! ഞാൻ കൃതാർത്ഥയായി. രക്ഷിത ശരീരനായ എന്റെ ഉണ്ണിയുടെ മുഖം കാണ്മാൻ സംഗതിവന്നുവല്ലോ.

മലയ— അയ്യുചിത്രനേ വാസ്തവത്തിൽ കാണുന്നുണ്ടെങ്കിലും എന്റെ ഹൃദയത്തിൽ വിശ്വാസംവരുന്നില്ലല്ലോ. ഇതെന്താണു?

ജീമൂതകേ— (അടുത്തചെന്നു) ഉണ്ണി! വരു! വരു! എന്നേയുമാലിംഗനംചെയ്യു!

ജീമൂതവാ— (എണീക്കാൻ ഭാവിച്ചപ്പോൾ ഉത്തരീയം വീഴുകയും മോഹിക്കുകയും ചെയ്യുന്നു.)

ശംഖ— കുമാരാ! ആശ്വസിക്കു! ആശ്വസിക്കു!

ജീമൂതകേ— അയ്യോഉണ്ണി! നീയെന്നേകൂടിട്ടും ഉപേക്ഷിച്ചു പോകുന്നുവോ?

വൃദ്ധ— അയ്യോ! മകനേ! നീയെന്നേ വാക്കുകൊണ്ടു പോലും ആദരിച്ചില്ലല്ലോ.

മലയ— അയ്യോ അയ്യുചിത്രാ! അങ്ങ ഗുരുജനത്തേകൂടി എങ്ങിനെ ഉപേക്ഷിച്ചു?

(എല്ലാവരും മോഹിക്കുന്നു)

ശംഖ— കഷ്ടം! ദുഷ്ടനായ ശംഖചൂഡ! പരാത്മരക്ഷിത പ്രാണ! മാതൃക്കു മാതൃക്കു മരണത്തേക്കാൾ കഠിനമായ ദുഃഖം അനുഭവിക്കുന്ന നിന്നു ശത്രുസ്ഥനായിരിക്കുമ്പോൾ തന്നേനശിച്ചുപോയില്ലല്ലോ.

ഗരു— ഇതൊക്കെയും നിന്ദ്യനായ എന്റെ വിചാര ശൂന്യയായ പ്രവൃത്തിയുടെ വിലാസമാണ്. അതുകൊണ്ട ഇങ്ങിനെ ചെയ്യാം (സ്വപക്ഷങ്ങളാൽ വീശിക്കൊണ്ട) ഹേമഹാത്മൻ! ആശ്വസിക്കു! ആശ്വസിക്കു!

ജീമൂതവാ— (ആശ്വസിച്ചിട്ട്) ശംഖചൂഡ! ഉടനെ നിങ്ങളേ ആശ്വസിപ്പിക്ക!

ശംഖ— താത ആശ്വസിക്ക! അമ്മേ! ആശ്വസിക്ക! ജീമൂതവാഹനൻ ആശ്വയിച്ചിരിക്കുന്നു. അദ്ദേഹം നിങ്ങളേ ആശ്വസിപ്പിക്കുന്നതിന്നായി എന്നിവിടെ വന്നിരിക്കുന്നത നിങ്ങൾ കാണുന്നില്ലേ?

(രണ്ടുപേരും ആശ്വസിക്കുന്നു)

വൃദ്ധ— മകനേ! ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുമ്പോൾതന്നെ ദുഷ്ടനായ കൃതാന്തൻ നിന്നേപിടിച്ചു വലിക്കുന്നു വല്ലോ.

ജീമൂതകേ— ദേവി! ഭവതി ഇങ്ങിനെ അമംഗലം പറയാതിരിക്ക! ഉണ്ണി ജീവിച്ചിരിക്കുന്നുണ്ടല്ലോ. മകളേ ആശ്വസിപ്പിക്ക!

വൃദ്ധ— (വസ്ത്രത്താൽ മുഖംപൊത്തി കരഞ്ഞുകൊണ്ട) അമംഗലം നശിക്കട്ടേ. ഞാൻ കരയുന്നില്ല. (മലയവതിയേ ഉദ്ദേശിച്ച്) മകളേ! ആശ്വസിക്ക! ആശ്വസിക്ക! മലയവതി! എണീക്ക! എണീക്ക! ഇപ്പുള്ളസമയം ശ്രേഷ്ഠമായ ഭർത്തൃമുഖം ദർശിച്ചാലും.

മലയ— (ആശ്വസിച്ച) ഹാ ആര്യപുത്ര!

വൃദ്ധ— (മലയവതിയുടെ മുഖം പൊത്തിട്ട്) മകളേകരയാതിരിക്ക! കരയുന്ന തമംഗലമാണ്.

ജീമൂതകേ— (കരഞ്ഞുകൊണ്ട വിചാരം)

മറവുള്ളംശംബതമുടികയാൽച്ചെറുമാലംബമില്ലാ
ഞ്ഞിട്ടോഎന്നുള്ളൊരുവിധമുടൻപോന്നുകണ്ണിൽവന്ന
ചുറുപ്രാണൻവെടിയുമൊരു മൽപുത്രനേക്കണ്ടുകൊണ്ടീ
ദുഷ്ടൻഞാനെങ്ങിനെനന്നമരിക്കാതിരിക്കുന്ന കഷ്ടം! ॥ഹാ॥

മലയ— ആര്യപുത്രനേ ഈ അവസ്ഥയിൽകണ്ടിട്ടും പ്രാണനെ ഉപേക്ഷിക്കാതിരിക്കുന്ന ഞാൻ മഹാപാപിതന്നെ.

വൃദ്ധ— (ജീമൂതവാഹനന്റെ അംഗങ്ങളേ തൊട്ടതലോടിക്കൊണ്ട് ഗരുഡനോടായിട്ട്) ഹാ നിർഘൃണനായ വൈനതേയ! ആഭരണങ്ങൾക്കുകൂടി ശോഭാവഹമായ എന്റെ ഉണ്ണിയുടെ ശരീരത്തേ അങ്ങ് എങ്ങിനെ ഈ സ്ഥിതിയിലാക്കി?

ജീമൂതവാ— അമ്മേ! ഇങ്ങിനെ പറയരുത്. ഇദ്ദേഹം എന്താണു ചെയ്തത്? പരമാത്ഥത്തിൽ ശരീരത്തിന്റെ സ്ഥിതി മുമ്പുതന്നെ ഈ വിധത്തിലാണല്ലോ.

രക്തമാംസമിമജ്ജവസമാംസമിതൊക്കയും ചേ
ത്താത്തോലുകൊണ്ടുപുറമേ പുതുതായ്പൊതിഞ്ഞ് ।
രീത്തുള്ളൊരീയുടലിനൊന്തൊരു ഭംഗിയുള്ള
തോത്തീടിലെത്ര വഷളാണിതു കാണ്മിയങ്കൽ ॥ (ഥനു)

ഗരു— ഹേ മഹാത്മൻ! നരകാഗ്നിയുടെ ജ്വാലാമാലകളാൽ ആത്മാവു ദഹിക്കപ്പെട്ടതായി തോന്നുന്ന എന്റെ ഈ സ്ഥിതി വളരെ ദുഃഖാവസ്ഥയിലാണ്. അതുകൊണ്ട എന്റെ ഈ പാപശാന്തി വരുന്നതിലേക്കുള്ള മാർഗ്ഗം ഉപദേശിച്ചാലും!

ജീമൂതവാ— ഇദ്ദേഹത്തിന്ന പാപപ്രായശ്ചിത്തമുപദേശിപ്പാൻ അഹൻ അനുവാദംതരണം.

ജീമൂതകേ— ഉണ്ണി! അപ്രകാരം ചെയ്താലും.

ജീമൂതവാ— വിനതാനന്ദന! കേട്ടോളൂ.

ഗരു— (മുട്ടുകുത്തിനിന്ന തലയിൽ കൈവെച്ച തൊഴുതുകൊണ്ട്) ഭവാൻ കൽപ്പിച്ചാലും!

ജീമൂ— വിട്ടാലും ഹിംസ മുൻചെയ്തതിനലമന്തതാ
പംതങ്ങിച്ചാലുമേറെറം
തുച്ഛീകൃതപ്രപഞ്ചനിന്നുടെയമുള്ളിനാൽ
പുണ്യമാർജ്ജിക്കയെന്നാൽ ।
ചെറുതിട്ടാചരിച്ചാൽപ്പരിണതതരമാം
പ്രാണി ഹിംസൊരുമാപാപം
പറിച്ചുവൻകയത്തിൽ സലിലതതിയില
ത്യല്പമാമപ്പുപോലേ ॥ (ഥനു)

ഗരു— അങ്ങയുടെ കല്പനപോലേ
അജ്ഞാനനിദ്രയതുമൂലമുറങ്ങുമെന്നെ
വിജ്ഞാനിയാകിയ ഭവാനുണത്തിയിപ്പോൾ ।

അഞ്ചാമങ്കം

ഇജ്ജന്തുജാലപരിപീഡനമിന്നത്തോട്ട
വജ്ജിച്ചുഞാനിനിവിനീതിയിൽവാണുകൊള്ളാം ॥ (ഛ0ച)

ഇപ്പോളാകട്ടേ

ആവിർമ്മോദം മണൽത്തിട്ടെന്തനനിരയാൽ
ദ്വീപമോടൊത്തൊരേടത്താവത്ഭ്രാന്തിചേർക്കും പരിചിൽവലയിതാ
കാരമായ്യറെറാരേടം ।
കൂലാൽക്കുലംഗമിക്കുമ്പൊഴതു ചിറകളോ
ടൊത്തൊരേടത്തിവണ്ണം
ചാലേസപ്പൌഘമിഷ്ടപ്പടികടൽനടുവിൽ
ക്കേളികൈക്കൊണ്ടിടട്ടേ ॥ (ഛ0ന).

പിന്നെയും

ഇന്നാഗസ്ത്യികാം കെട്ടററടിതൊടുമിരുൾനേർ
കാന്തിവാർക്കുന്തലോടും
സിന്ദൂരംതൊട്ടമട്ടിൽ പ്രഥമരവികരാ
രക്തമാംഗണ്ഡമോടും ।
നന്നായ്യസ്ഫുടിയാലും സതതമഴൽനിന
സ്സാതെയീച്ചന്ദനക്കാ
ട്ടിന്നഗ്രേരാഗമോടിസ്സുരസതരഭവൽ
ക്ഷീരിതാൻ പാടിടട്ടേ ॥ (ഛ0ഒ)

ജീമൂതവാ— കൊള്ളാം മഹാത്മൻ! കൊള്ളാം. ഞാൻ ഏറാറവും അഭിനന്ദിക്കുന്നു. സത്പ്രാസത്യസന്ധനായി ഭവിച്ചാലും! (ശംഖചൂഡനോടായിട്ട്) ശംഖചൂഡ! ഇനി അങ്ങു സ്വഗൃഹത്തിലേക്കു ഗമിച്ചാലും!

ശംഖ— (നെടുവീർപ്പിട്ട അധോമുഖനായി നിൽക്കുന്നു)

ജീമൂതവാ— (നെടുവീർപ്പിട്ട മാതാവിനേനോക്കിക്കൊണ്ട്) ശംഖചൂഡ! വേഗംപോവൂ! ദുഃഖത്താൽ ആകുലയായ ആ അമ്മയുടേസ്ഥിതി ആലോചിക്കൂ!

ഒരു ദുർമ്മരണം.

———: o :———

നല്ല നിശ്ചയമില്ല. രണ്ടുപേരുംകൂടി അടിയന്തരമായിട്ട ആരേയോ കാണുവാൻ പോയിരിക്കയാണെന്നശിഷ്യത്തി പറഞ്ഞു. വളരെ നേരമായില്ല പോയിട്ട്. ഊണുകഴിച്ച് പോയാൽ മതി അപ്പോഴക്കും അവർ വരാതിരിക്കില്ല." അമ്മുവിന്റെ ഇതുകൂടിയും സമ്മതിക്കുമോ ഇല്ലയോ എന്ന സൂക്ഷ്മമറിവാൻ പ്രയാസമായിട്ടുള്ള വിധത്തിൽ അധരോഷ്ഠങ്ങളേയും ദന്തങ്ങളേയും മാത്രം വ്യാപിച്ചതായ ഒരുമാതിരി വികൃതമന്ദഹാസംകൊണ്ട മറുവടിയുടെ ഭാരം നിവൃത്തിച്ചിട്ട, മനസ്സിൽ കടന്നുകൂടിയിരിക്കുന്ന ശങ്കക്ക സമാധാനം വരുത്തുവാനായി ബാലകൃഷ്ണമേനോൻ ഇപ്രകാരം ചോദിച്ചു.

"ഇതു അടിയന്തരമായ കായ്യമെന്താണ? അവർ എങ്ങോട്ടാണ പോയിരിക്കുന്നത്?

"നല്ല തീർച്ചയില്ല. ഇന്നകാലത്ത പുളിങ്ങോട്ട കായ്സ്ഥൻ ഇവിടെ [illegible] വന്നിരുന്നു. അപ്പോൾ സ്റ്റേഷൻആപ്പീസരെ കാണണമെന്നോ എന്താണ്ട ചിലതൊക്കെപ്പറയുന്നതു കേട്ടു."

"എന്നിട്ട!" എന്ന ചോദിക്കാതിരിക്കുവാൻ ബാലകൃഷ്ണമേനവനു ക്ഷമയുണ്ടായില്ല.

"പിന്നത്തെ വർത്തമാനമൊന്നും എനിക്കു ശ്രുതമില്ല. ഞാൻ ദേവകിക്കുട്ടിയെ കാണുക കഴിഞ്ഞ തിരിയേ വന്നപ്പോൾ കുറച്ച വൈകി. എന്നിട്ട തിടുക്കപ്പെട്ട കുളികഴിച്ച അകത്തേക്ക പോകുംവഴിയാണ ഇതു കേട്ടത്. ഈറൻമാറലും മറ്റും കഴിച്ച പുറത്തേക്ക വന്നപ്പോൾ കായ്സ്ഥൻ ഊണുകഴിച്ച പോയിക്കഴിഞ്ഞു."

ആരംഭത്തിൽ ഉദ്ദേശിക്കപ്പെട്ട കായ്യം ചോദിച്ചു തീർക്കുന്നതിനു മുമ്പ് സംവാദത്തിന്റെ ഗതി ഉദ്ദിഷ്ടമാർഗ്ഗത്തിൽ തിരിഞ്ഞതോടുകൂടി ബാലകൃഷ്ണമേനവന്റെ ശ്രദ്ധ അതേമാർഗ്ഗത്തുടെ അതിനേ അടിക്കടി പിന്തുടരേണ്ടിവന്നുകൊണ്ട, ആ വഴി തിരേ മുട്ടിഎന്ന പ്രോഢ്യമാവുന്നതുവരെ ബാലകൃഷ്ണമേനവനു മനസ്സിനെ പിൻവലിക്കുവാൻ സാധിച്ചില്ല. ഇക്കായ്യത്തെപ്പറ്റി അമ്മുവിന്ന് എത്രമാത്രം അറിയാമായിരുന്നുവോ അതുമുഴുവനും പറഞ്ഞുതീർന്നുവെന്ന തീർച്ചവന്നപ്പോൾ.

"വരു. മണൽപ്പുറത്തേക്ക പൊവ്വ. മറേറ കായ്യമൊന്നും പറഞ്ഞില്ലല്ലൊ" എന്നുപറഞ്ഞുകൊണ്ട കൊട്ടിൽപടിമേൽനിന്ന താഴത്തിറങ്ങി. അമ്മു ഇതുവരെയും ഇരുന്നിട്ടില്ല. മേൽക്കുഴകുവാൻ പോകേണ്ട സമയമായെന്നവിചാരിച്ച നിൽക്കുകയായിരിക്കുമെന്ന ബാലകൃഷ്ണമേനോൻ ശങ്കിച്ചിരിക്കുമോ എന്ന സംശയിച്ച,

"വരട്ടെ, അവിടേയിരിക്കു. ഞാനും ഇവിടെ ഇരിക്കാം" എന്നുപറഞ്ഞു.

"ഛെ. അങ്ങിനെയല്ല. മഴക്കാറൊക്കുന്നുണ്ട. ഇനി പുഴയിലേക്ക പോകുവാൻ അമാന്തിക്കണ്ട. പോകുംവഴി സംസാരിക്കാമല്ലൊ," എന്നുപറയുന്നതിനിടയിൽ തവള കിടന്നിരുന്ന ദിക്കിലേക്ക ഓട്ടക്കണ്ണിട്ട നോക്കീട്ട വടിയും കക്ഷത്തിൽ തിരുകി കയ്യും കെട്ടി നടക്കുവാൻ തുടങ്ങി. അമ്മുവും പിന്നാലെ പുറപ്പെട്ടു.

"ജ്യേഷ്ഠൻ ശങ്കരമേനോനെ ഗോപിതൊടീക്കുമെന്നുതന്നെയാണ എനിക്ക് തോന്നുന്നത. ദേവകിക്കുട്ടിക്ക അയാളെ കണ്ണിനുനേരേ കണ്ടുകൂടാ." എന്നു സോദരീസോദരന്മാരെപ്പററി ഏതദ്വിഷയമായ വർത്തമാനം തുറന്നു സംസാരിക്കുന്നതിൽ പരിചയഭേദം കൊണ്ടോ മറേറാ ക്ലേശൽതീണ്ടിട്ടില്ലാപോലെ ദേവകിക്കുട്ടി അന്നുകാലത്തു നടന്ന സംഭാഷണത്തിന്റെ ഫലത്തേക്കുറിച്ച അമ്മു പ്രസംഗിക്കുവാൻ തുടങ്ങി.

"ശങ്കരമേനോനെ കുന്തമാക്കുവാൻ ആരാണെന്ന തീർച്ചയാക്കുന്നതിന്ന അവളുടെ വീട്ടിൽ വേറേ ചിലരുണ്ടല്ലോ. ഞാൻ അമ്മുവിനോട പറഞ്ഞിട്ടുള്ള സംഗതി മുഴുവനും അവളോട പറഞ്ഞിരുന്നുവെങ്കിൽ അവൾ വേണ്ടവഴിക്കതന്നെ പോയേനേ."

"അയ്യോ! ഞാൻ പഠിച്ച പണി പതിനെട്ടും നോക്കി. ഇനിയും അവക്ക വിശ്വാസമായിട്ടില്ല. ഞാനെന്താണ ചെയ്യുന്നത!"

"അവളുടെ ഇപ്പഴത്തേ നടപടി ഞങ്ങൾക്ക സമ്മതമല്ലെന്ന അവളേ മനസ്സിലാക്കിയോ."

"അതു പണ്ടേതന്നെ അവക്ക അറിയാമല്ലൊ. എന്നാൽ നിങ്ങൾക്ക ഈ കായ്യത്തിൽ അഭിപ്രായം പറവാൻ അവകാശമില്ലെന്നാണ അവർ സിദ്ധാന്തിക്കുന്നത." ഇതു കേട്ടപ്പോൾ ബാലകൃഷ്ണമേനവന്റെ മുഖമൊന്നു തുടുത്തു. എന്നിട്ട,

"ഇതല്ലാതെ പിന്നെ ചിലത ഞാൻ പറഞ്ഞിരുന്നതോ?" എന്നുചോദിച്ചപ്പോൾ അമ്മു മുഖം താഴ്ത്തി കുറച്ചു നേരത്തേക്ക് ഒന്നും മിണ്ടിയില്ല. അതിന്റെശേഷം,

“ഒട്ടുമുക്കാലും ഞാൻ പറഞ്ഞു. അതു കേട്ടപ്പോൾ അവർ തല കുലുക്കിയതല്ലാതെ മനസ്സിനു യാതൊരെളുപ്പവും തട്ടിയില്ല.” എന്നായിരുന്നു അമ്മുവിന്റെ ഉത്തരം.

അവരുടെ സംസാരം ഈ നിലയിൽ എത്തിയപ്പോൾ പടുത്തു കെട്ടിയിരിക്കുന്ന കടവിന്റെ അല്പം താഴേ മണലും വക്കോലുംചാണകവുംകൂടിചേർന്നു കുഴഞ്ഞുമറിഞ്ഞ വൃത്തിഹീനമായിക്കിടക്കുന്ന ഒരുകന്നാലിക്കടവിൽകൂടി ബാലകൃഷ്ണമേനവൻ മണൽപ്പുറത്തേക്കിറങ്ങി. പെരുവല്ലാനദി കടക്കുവാനുള്ള പാലം, നദിയുടെ തെക്കോട്ടുള്ളവളവിങ്കലായതുംകൊണ്ട കന്നാലിക്കടവിൽനിന്ന വളരെ അകലത്തല്ലെന്നുമാത്രമല്ല, അവിടെ നിന്നാൽ അതു ഒരുവിധം നല്ലവണ്ണം കാണുകയുംചെയ്യാമായിരുന്നു. ബാലകൃഷ്ണമേനോൻ പാലത്തിന്റെ നേരേ തിരിഞ്ഞ നിലയുറപ്പിച്ചു. അമ്മുവാകട്ടെ അശ്രീകരമായ കടവിൽകൂടി ഇറങ്ങുവാൻ മടിച്ചിട്ട് ഒരു അറ്റത്തേക്കു മാറി പുഴയുടെ ഏറ്റവിൽത്തന്നെ നിന്നതേ ഉള്ളൂ. തിങ്ങിവിങ്ങിനിൽക്കുന്ന ഇല്ലിപ്പട്ടിലകളുടെ മറവുകൊണ്ട ഈ സ്ഥലത്തുനിന്ന പാലത്തിന്റെ കാഴ്ച അടഞ്ഞിരുന്നു.

പന്ത്രണ്ടിനു അടക്കിക്കളിച്ചുതു കമ്പിയിൽ കലാശിച്ചുവെന്ന അംശിയാൽ കേൾക്കുന്നതിലധികം അമ്മുവിന്റെ അവതാരികത്തെന്നെ ബാലകൃഷ്ണമേനവനെ സന്തുഷ്ടിപ്പെടുത്തിച്ചിട്ടുണ്ടായിരുന്നു. മേലാൽ ദേവകിക്കുട്ടിയുടെ അടുക്കൽ കള്ളപ്പുശി ഉരുട്ടീട്ടു പ്രയോജനമില്ലെന്നു മേനവനു പൂർണ്ണബോധംവന്നു. അതോടുകൂടി അമ്മുവായിട്ടുള്ള സംഭാഷണത്തിൽ ആസ്ഥയും കുറഞ്ഞു. വേറേ ചില കാര്യാംശങ്ങൾ മനസ്സിരുത്തേണ്ട സമയം അതിക്രമിച്ചതുംകൊണ്ട കൊട്ടിക്കലാശത്തിനുള്ള വട്ടംകൂട്ടുവാൻ നിശ്ചയിച്ച ചോദ്യത്തിന്റെ ശ്രുതിയെന്നു മൂപ്പിച്ചു.

“ജ്യേഷ്ഠന്റെ ചില ദുർന്നടപ്പുകളേപ്പറ്റി ഞാൻ പറഞ്ഞിരുന്നതും അവളോടു പറഞ്ഞുവോ?” എന്നതിനു സമാധാനം പറവാൻ അമ്മു വളരെ മടിച്ചു.

“എന്താമടിക്കുന്നതു? കുമാരൻ നായരുടെ ഹൃദയം കവർന്നിരിക്കുന്നതു മറെറാരുവളാണെന്നുള്ളതിനു പലതെളിവുകളും ഞാൻ പറഞ്ഞിട്ടില്ലേ. അറിഞ്ഞുകൊണ്ട എന്റെ ഉടപ്പിറന്നവളെ കുണ്ടിൽ ചാടിക്കുവാൻ അമ്മുവിനു ധൈര്യമുണ്ടെങ്കിൽ എന്നു ചതിക്കുവാനും മടിയുണ്ടാവില്ല.”

"കഷ്ടം! എന്താണ നിങ്ങളിങ്ങിനൊ പറയുന്നത! ചിലതൊ
ക്കേ ഞാൻ സൂചിപ്പിച്ചപറഞ്ഞു. നിങ്ങൾ തെറ്റിദ്ധരിച്ചിരിക്കയാ
ണെന്നാണ അവർ പറയുന്നത. അങ്ങിനെയാണെങ്കിൽ നമ്മുടെ
തറവാട്ടുകാർക്ക തമ്മിലുള്ള ബന്ധുത്വം വർദ്ധിപ്പിക്കുവാനല്ലെ നമ്മ
ൾ ഉത്സാഹിക്കേണ്ടത?"

ഈ സമയത്ത പാലത്തിന്മേൽ ഒരാൾവന്ന കയറുന്നതു
ബാലകൃഷ്ണമേനവന്റെ ദൃഷ്ടിയിൽ പെട്ടു. ഉടനെ

"എന്നെവിശ്വാസമില്ലെങ്കിൽ ഇനിഞാനിവിടെ വരുന്നില്ല"
എന്നപറഞ്ഞ പുഴവക്കിൽ കൂടി ധൃതിപ്പെട്ട നടന്ന തുടങ്ങി. ഇ
തെല്ലാം നേരം പോക്കായിരിക്കുമെന്ന കരുതി അമ്മുക്കുറച്ചുനേരം
സ്വസ്ഥയായിട്ടുനിന്നു. മേനവൻ തിരിക്കുവാനുള്ള ഭാവമില്ലെന്ന
കണ്ടപ്പോൾ വിശ്വാസമില്ലാതായി. നടപ്പിന്റെ വേഗംചുരുക്കുവാ
ൻകൂടി ഭാവമില്ലെന്നകണ്ടപ്പോൾ വല്ലാതെ വ്യസനിച്ചു, വഴിക്കെ
ട്ട കടവിൽകൂടിതന്നെ മണൽപ്പുറത്തിറങ്ങി ഓടുവാൻ തുടങ്ങി. ബാ
ലകൃഷ്ണമേനവൻ അപ്പോഴക്കും മറഞ്ഞു കഴിഞ്ഞു. ഇപ്രകാരം ഉ
പേക്ഷിക്കപ്പെട്ട ആ യുവതിക്കാവും കയ്യുംകഴഞ്ഞഇരിക്കുന്നതായി
ട്ടചരലിൽ വീഴുകയും, ചിന്നിച്ചിതറിക്കിടക്കുന്ന തലമുടിയ കാറ
ന്നധിനമാക്കി വസ്ത്രത്തിന്റെ അഗ്രംകൊണ്ട മുഖവുംമറച്ച അ
തിദയനീയമാംവണ്ണം വിലപിക്കുവാൻ തുടങ്ങുകയും ചെയ്തു.

ഈ സമയത്ത ആരാൽപ്രേരിതയായി ആ അബലാരത്നത്തെ സമാ
ധാനപ്പെടുത്തുവാനോ എന്നുതോന്നുമാറ കാർമേഘങ്ങളിൽ നിന്നു
വിമുക്തനായ ബാലചന്ദ്രന്റെ ദുഗ്ദ്ധകിരണങ്ങൾ അവളുടെ പൂ
മേനിയേ കുളുപ്പിക്കുവാൻ തുടങ്ങി.

ബാലകൃഷ്ണമേനവന്റെ ശ്രദ്ധയെ ആകർഷിച്ച പുരുഷൻ ഇ
ക്കരെ എത്തിയപ്പോഴേക്കും ബാലകൃഷ്ണമേനവനും ഓടിത്തുടങ്ങി. അ
വർതമ്മിൽ അല്പനേരം സംസാരിച്ചു നിന്നതിന്റെ ശേഷം ബാല
കൃഷ്ണമേനവൻ പരിവട്ടത്ത വീട്ടിന്റെ ഉള്ളിൽകൂടി വന്നവഴി സ്വ
ന്തം വീട്ടിലേക്കും മറേറയാൾ പിന്നാക്കവും തിരിച്ചു. അമ്മുവിന്റെ
ശിഷ്യത്തിയുടെ ചോദ്യങ്ങൾക്ക് യാതൊരു സമാധാനവും പറ
യാതെ അവളേ പുഴക്കടവിലേക്ക ഓടിക്കുവാൻ വഴിയാക്കിത്തീ
ത്തിട്ട് ചേരിപ്പുറമ്പിൽ ചെന്ന കയറി കോലായിൽ നിൽക്കുമ്പോ
ളാണ ആറാമദ്ധ്യായത്തിൽ പറഞ്ഞപോലെ ദേവകിക്കുട്ടി ജ്യേഷ്ഠ
ന്റെ നേരിട്ടു ചെന്നത്.

ആത്മനിവേദനം.

മൃത്യുക്ലേശപരീക്ഷകീടതിരായേടെന്നിച്ചു വാഴുമ്പൊഴും
ചിത്താവേശമുരക്കുവാൻ വിഷമമായ് കാലം കഴിക്കുമ്പൊഴും
വിദ്യാദ്ധ്യാസവിധിക്കുഴന്നവശരായ്തീരുമ്പൊഴും പാർക്കിലി
ന്നാദ്യന്തം സുഖമെന്നതെന്തു പരമാത്മദ്ധ്യാനമൊന്നെന്നിയെ ॥

ക്ലേശാപാശശതങ്ങളാലനിശമാസ്സമ്പാദ്യമുണ്ടാക്കുവാൻ
ക്ലേശിച്ചേറ്റമുഴന്നിടും കഥയിരിക്കട്ടേയുവാക്കൂർക്കൊ ।
വേശസ്ത്രീവശരായവക്കിടമരം നൽകാൻ കഴിഞ്ഞും മഹാ
വേശത്തിൽ സുഖമെന്നതെന്തു പരമാത്മദ്ധ്യാനമൊന്നെന്നിയെ ॥

കുന്നും, കുണ്ടുകളും, നിറഞ്ഞപുഴയും, മഞ്ഞും മഴക്കാറും, മ
ക്കുന്നിക്കുന്നൊരുകൂരിരുട്ടു, കലരും രാവും, കുവത്മാക്കളും ।
ഒന്നുംതന്നെ നിനച്ചിടാതഖിലയെച്ചൊല്ലി സ്വദേഹംത്യജി
ക്കുന്നോർക്കും സുഖമെന്നതെന്തു പരമാത്മദ്ധ്യാനമൊന്നെന്നിയെ ॥

വിദ്യാവൈഭവമുത്തമാന്വയമതും വിഖ്യാതി വിത്താദിയും
ഹൃദ്യസ്ഥാനവിവേകനിർമ്മലതയും ക്ലേശാതെ വേശാങ്കനേ ।
സോദ്യോഗം കളിയാടിടം കവിവരന്മാർക്കും നിനച്ചാൽപര
പദ്യശ്രീസുഖമെന്നതെന്തു പരമാത്മദ്ധ്യാനമൊന്നെന്നിയെ

കാല്യംകയ്യുമനക്കുവാൻ വിഷമമായാസന്നമായ് മൃത്യുവ
കാലേകണ്ടവിവേകമിന്നുതളിവാകുന്നീ ജന്മിച്ചമേ ।
മേലാക്കംഗതിയെന്തിതെന്നു കുയിട്ടില്ലൽപ്പെടുന്നന്യമാം
കാലത്തിൽ സുഖമെന്നതെന്തുപരമാത്മദ്ധ്യാനമൊന്നെന്നിയെ ॥

ദാരാപത്യസുഹൃജ്ജനങ്ങൾധനമുള്ളന്നേറെ നന്ദിച്ചിടും
ദാരിദ്ര്യസ്ഥിതിയായിടുമ്പൊളവർതാൻ നിന്ദിച്ചിടും നിസ്സംശം ।
ദ്ധരത്തിൽനിരിതങ്ങളം നീക്കുവതിനാളല്ലാത്തവല്ലാത്തവ
ക്കോരുമ്പോലംസുഖമെന്നതെന്തുപരമാത്മദ്ധ്യാനമൊന്നെന്നിയെ ॥

എന്നാൽ മാമകചിത്തമെ ചലചലസംസർഗ്ഗാദിസവ്വംവെടി
ഞ്ഞെന്നുംനീചിഷയാമ്പുതൻതിരകളിൽച്ചാടാതെവാടാതഹൊ ॥
എന്നെക്കും സ്ഥിരമായനന്തഗുണമായ് നിവ്വേദ്യമായ്നിത്യമാ
കുന്നദ്വൈതരസാനുഭൂതിസുഖസമ്പത്തൊട്ടു വാഴ്ത്തിക്കെടൊ ॥

സി. ഗോദവർമ്മൻ തിരുമുല്പാടു.

പല വക.

——:o:——

(പുസ്തക പരിശോധന)

പത്മോത്ഭവമാഹാത്മ്യം (നാടകം):—ഈ നാടകത്തിന്റെ പേരുകൊണ്ടുതന്നെ ഇതിലെ പ്രധാന പുരുഷന്റെ കഥാസാരമിന്നതാണെന്ന് അറിയുവാൻ താമസമില്ലല്ലോ. കവി പുരാണകഥയെ നാടകരൂപേണ പുറപ്പെടുവിക്കുവാനുള്ളതിൽ പറയത്തക്ക പരിഷ്കാരങ്ങളൊന്നും അതിൽ ചെയ്തതായി കാണുന്നില്ല. കഥ സമുചിതമായിരുന്നാൽ മാത്രമേ അതിനെ അപഹസിക്കാതെതന്നെ ആസ്വദിക്കുവാൻ സഹൃദയന്മാർക്കു സാധിക്കയുള്ളൂ. ഉത്തരോത്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യത്തെ ആരും അഭിനന്ദിക്കാതിരിക്കയില്ല. ഉത്തമരീതിയിലുള്ള ഒരു നാടകത്തെ ആസ്വദിപ്പാൻ നായകനും, നായികയും, വിദൂഷകനും, രണ്ടുമൂന്നു സഹിതാക്കൾ, ഒരു മഹർഷിക്കും, ഒരു ശിഷ്യനും മാത്രമേ ഇതിൽ പ്രവേശനം കൊടുത്തിട്ടുള്ളൂ. പ്രസ്താവനയും വിഷ്കംഭവും ഇതിൽ കഴിയുന്നതു ചുരുക്കിയിരിക്കുന്നതു ഉചിതംതന്നെ. ഗ്രന്ഥമദ്ധ്യത്തിന്റെ ആരംഭത്തിൽ വാസന്തികയുടെ ചിരിച്ചുകൊണ്ടുള്ള വാക്കു സാധാരണക്കാർക്കു രസിക്കയില്ല. വിദൂഷകൻ ഫലിതം കാണുവിനാണെങ്കിലും വലിയ തിന്മയുണ്ടു. 'ആയ്യണ, പെണ്ണാളെ' മുതലായപദപ്രയോഗങ്ങളും, 'വന്നിരിക്കുവിൻ' ഇടുങ്ങിയ സന്ധികളും ഒഴിക്കേണ്ടവയാകുന്നു. ഇങ്ങിനെ സല്പും ചില സ്ഖലനങ്ങളുണ്ടെങ്കിലും, കവിയുടെ വിദ്വത്തിനിതി അധികമുണ്ടാകുവാൻ നിവൃത്തിയില്ലാത്തതിനാൽ മാത്രമായി ഒരു ന്യൂനതയായി ഗണിക്കുന്നതല്ല.

"അസ്ഥാനക്രിയാധൂമം കവനകൾ ചിലതും കണ്ടുരണ്ടെണ്ണമെന്നു
വന്നേക്കാമിതിക്കാരുടെ സകലമവഗണിച്ചിട്ടുമിക്കാവ്യമുത്തമം തന്നെ
തിരേ ഇത്യാദ്യനാഹിതംപൂണ്ടിടിയെ ഒതിരിട്ടുന്നുഹാസംചെഴിച്ചും
നിത്യംതന്നാനകരുചിനരികിൽ വരുന്നൊട്ടവിൽ ചെടിയുള്ളോർ" ॥

കരകൌശലം.

ഈതക്കണ്ണാടി ഉണ്ടാക്കുന്നതിന്നു മെഴുക്കു, ഓരുപ്പു, കൽച്ചുണ്ണാമ്പു ഇവ ശരാശരി എടുത്തു വെള്ളത്തിൽ കലക്കി തെളുപ്പിച്ചു വാറ്റിക്കുക. ഇങ്ങിനെ വിശുദ്ധസാധനം തീരുന്നതോടുംകൂടി, പത്തുഭാഗം അഴിക്കില്ലാത്ത വെളുത്ത മണലും കൂട്ടി ഉരുക്കി വാർക്കുക. വാർത്തു കിട്ടുന്നതിന്നു നിറം വരുത്തുവാൻ നവസാരവെള്ളത്തിൽ വങ്കംകഴുകി ഒരു പൂഴിമരത്തിൽ തുടച്ചു ഒരു ദിവസം അല്ലെങ്കിൽ രണ്ടു മണിക്കൂർ അതിൽ വയ്ക്കുക. പിന്നെ ആ മരുന്നിരിക്കുന്നേടിക്കു ചെത്തിയെടുത്ത തിയ്യിൽ ഇട്ട സ്ഥലമാക്കുക. ഈ രണ്ടും എടുത്തു തുടച്ചുമരുന്നിന്മേലൊ കെടേച്ചുമ്മേലൊ കുറച്ചു വെള്ളംകൂട്ടി തെച്ചു വാർത്തുകിട്ടിയ സാധനത്തിന്മേൽ നല്ലവണ്ണം തെക്കുക. തേക്കുന്ന സമയം സ്ഫടിയനിറം കിട്ടുന്നതാകുന്നു.

സ്വന്തം.

'അനന്തസന്ദേശം' എന്ന പേരൊടുകൂടിയ പ്രതിപക്ഷപ്രത്തിന്റെ ഒന്നാം ലക്കം' അതായതു കഴിഞ്ഞ ചിങ്ങം 20-ാംനു കലെ പ്രതി, കൈപ്പറ്റിയിരിക്കുന്നു.

ധർമ്മപുരവിജയം സന്തോഷപൂർവ്വം സ്വീകരിച്ചിരിക്കുന്നു. അഭിപ്രായം വരും ലക്കത്തിൽ.

ര, ര, പ.

P. SUBBAROY'S

World-Renowned and Most Efficacious Ayurvedic Medicines.

പി. സുബ്ബരായിയുടേ ലോക പ്രസിദ്ധങ്ങളും ഏറ്റവും ഫലവത്തുകളും ആയ ആയുർവ്വേദ ഔഷധാലയം

ക-ലോകപ്രസിദ്ധമായധാതുപുഷ്ടികാരി.

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വീര്യമില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നിറം, നീരൊഴിവു, മധുമേഹം കല്ലടപ്പു (മൂത്രാശയം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപെടുത്തും.

ഡപ്പി ഒന്നാക്ക വിലരൂപാ ൨-തപാൽ ചിലവുവകയ്ക്ക അണ ൭-വേറെ.

ഖ-പ്രമേഹ നിവാരണി.

സിരാമേഹം, ഇട്ടപ്പുവിരി, മൂത്രമധികമായും തടഞ്ഞും പോകുക, മേഡ്രം, പുകച്ചൽ രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീ പുരുഷന്മാരെ നിവർത്തിപ്പിക്കും. ഗുഹ്യഭാഗത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും.

കുപ്പി ൧-ക്ക വില രൂപ ൧. മൂന്നു കുപ്പികൾ വരെയുള്ള ബങ്കിക്ക തപാൽചിലവു അണ ൪.

ന-സർവ്വവേദനാ സംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ കൈകാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക വീക്കം, മുടക്കുവാതം നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന ശൂല, ഇട്ടപ്പുവേദന, പാർശ്വവായു, മേഹവായു, തിമിരവായു മുതലായ പല വ്യാധികൾ ഭേദപ്പെടും.

കുപ്പി ഒന്നാക്ക വില രൂപാ ൧. തപാൽചിലവു അണ ൪.

ര-മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴുക്കടി, തുഴുതണം. നവുങ്ങാണി എന്നി പേരുകളുള്ള രോഗത്തിനു സിദ്ധൌഷധം. താഴ്ഗോഗങ്ങൾ പലതും മാറും; തേമൽ, മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും.

വില, കുപ്പി ഒന്നിന രൂ-ണ. തപാൽചിലവു മൂന്നു കുപ്പിവരെ ൪-ണ വേറെ.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo*

൩-ലക്ഷ്മീകരകസ്തൂരിഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സശ്രദ്ധം ഉപയോഗിക്കേണ്ട വിലയേറിയ സാധനം,—ദന്തവേദന, വായ്നാറ്റം, അജീർണ്ണം, പിത്തവായു, ഇവയെ ശമിപ്പിക്കും.

തനിച്ചോ താംബൂലത്തോടുകൂടിയൊ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തേയും ജീർണ്ണപ്പെടുത്തും. രാത്രികാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടക്കുകയില്ല. അപായകരമായ യാതൊരു ലഹരി സാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തു നിന്നു വരുത്തിയകസ്തൂരി, പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ചുമ, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏറക്കുറവിൽ പോലും ഒന്നു മുതൽ രണ്ടുവരെ ഗുളികകൾ വെറിലച്ചാറിൽ കൊടുത്താൽ സുഖപ്പെടും.

൨൫ ഗുളികകൾ ഉള്ള കുപ്പി ഒന്നിനു വില ൧ രൂപ. ഒന്നിൽ കൂടുതൽ ഒരേ കുപ്പികൾ അടങ്ങിയ ബങ്കി ഒന്നിനു തപാൽ കൂലി ൩-ണ.

൨-ദന്തമൂല്യം.

സുഗന്ധമായുള്ള ഈ എല്ലുമാതിരി ദന്തരോഗങ്ങളേയും നീക്കും.

വില, കുപ്പി ഒന്നിനു മൂന്നണ തപാൽചിലവു രണ്ടു കുപ്പിവരെ ൩-ണ വേറെ.

൩-ജ്വരഹാരി.

കഫജ്വരം, മറ്റുള്ള, വാതജ്വരം, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവയ്ക്കു നന്നു.

വില ഒരു കുപ്പി ഒന്നിനു ഒന്നു, തപാൽചിലവു ൩-ണ വേറെ.

൪-ലോകപ്രസിദ്ധമായ സുഗന്ധകുന്തള തൈലം.

ഈതൈലം പിരട്ടിയാൽ തലമുടി, പുരികം, കണ്ണിമ, പുരികം ബഹുപുഷ്ടിയായും, ഞരുക്കമായും കറുപ്പായും വരും. കണ്ണിനു കുളിർമയുണ്ടാക്കും. സകല കൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പൊട്ടരോമം കൂടുകയും. രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാക്കും.

വില, കുപ്പി ഒന്നിനു ൨-ണ. തപാൽചിലവു ൩-ണ വേറെ.

൫-രോമസംഹാരി.

രോമം എവിടെ വേണ്ടെന്നാകുന്നുവൊ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ മാറ്റും.

വില, കുപ്പി ഒന്നിനു രൂ-ണ. തപാൽചിലവു മൂന്നു കുപ്പികൾ വരെ ൩-ണ വേറെ.

പി. സുബ്ബരായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY *Porto Novo.*

൧൦-അഗ്നിമാന്ദ്യസംഹാരി.

ഭേദനമില്ലായ്മ, പുഴിച്ചുരികട്ടുക, നെഞ്ചുകലിക്കുക, മൂലബന്ധം, ശ്വാസനോവു, വായുനാറ്റം, അജീർണ്ണം വയ്റുവീർത്തുകയറുക. നിരാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കം സുഖപ്പെടുത്തും.

ഡപ്പിഒന്നുക്ക് രൂണ വ്യ-തപാൽകൂലി അണ ഒ-വേറെ.

൧൧-കണ്ണ്ബിന്ദു.

ചീകാതു, ചുവപ്പുകുത്തു, ചുവിയടപ്പു, ഇരച്ചിൽ മുതലായ കണ്ണ്രോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും.

വില, കുപ്പി ഒന്നിന വ്യ-ണ. തപാൽചിലവു മൂന്ന കുപ്പികൾ വരെ ഒ-ണ വേറെ.

൧൨-സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും അജീർണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലംപിടിത്തം, അഗ്നിമാന്ദ്യം. വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും.

വില, ഡപ്പി ഒന്നിന വ്യണ. തപാൽചിലവു ഒന്ന മുതൽ രൂ-വരെ ഡപ്പികൾക്കു ഒ-ണ വേറെ.

൧൩-നേത്രബിന്ദു.

കണ്ണ്നോവു, കണ്കുത്തു, ക്ഷീണം, നീരൊഴുപ്പു. മിന്നൽ മാലകണ്ണ്, പീളകെട്ടു, ശ്രവിച്ചു, പൂവു, ചെരപ്പു, ഏരിച്ചിൽ ഇമ പൂരികം ഇവയുടെ വലിപ്പു, പുകച്ചിൽ ഇങ്ങനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും.

വില, കുപ്പി ഒന്നിന വ്യ-ണ. തപാൽചിലവു മൂന്ന കുപ്പികൾ വരെ ഒ-ണ വേറെ.

൧൪-സ്ത്രീരക്ഷണി.

ബലഹീനതയാലും അതിസ്നിഗ്ദ്ധതയാലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയ സ്രവിതത്തെ നീക്കും.

വില, ഡപ്പി ഒന്നിന വ്യ-ണ. തപാൽചിലവു ഒ-വരെ ഡപ്പികൾക്കു ഒ-ണ വേറെ.

൧൫-മൃഗകസ്തൂരി.

കാശ്മീരിൽ നിന്നും വരുത്തിയിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ട.

രൂപാതൂക്കത്തിന രൂ-വ്യ-കു. വില ഒരു രൂപാ മുതൽക്കുള്ള തൂക്കസംഖ്യയ്ക്കും ചില്വറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവുപുറമെ. എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലോ തമിഴിലോ ആയിരിക്കണം.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo*.

ക്ഷ- തേൾവിഷത്തിനു സിദ്ധൗഷധം.

തേൾകടിച്ചസ്ഥലത്തു രണ്ടുമൂന്നു ഒഴിവിൽ പൊട്ടുന്നതെ ആശ്വാസം കാണും. കൂടെ കുടുംബത്തിലെങ്കിലും ഈ മരുന്നു ഒരു കുപ്പി കൈവശം വയ്ക്കാതെ ഇരിക്കരുത.

വില കുപ്പി ക്ഷ- ക്കു ക്ഷ- കു രൂ-ണ. ക്ഷ കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവക്കു ഡസൻ ക്ഷ ക്കു ക കു വണ, ഉള്ള വിലയിൽ കുറച്ചു മാത്രമെ വില ചുമത്തുന്നുള്ളു. വി-പി- കമീഷൻ ഒണ പുറമേ.

ഇൻഡ്യയിലും ബമ്മയിലും ക്ഷ കുപ്പിവരെ വി-പി- കമീഷൻ ഒണ സിലോൺ ടി ണ.

ക്ഷ- വ്രണവിരോപണ തൈലം.

ഈ കഴമ്പ പിത്തപ്പുണ്ണു മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇത സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ചു വേഗത്തിൽ ഉണക്കുന്നതാകുന്നു.

വില വ ണ. മൂന്നു കുപ്പിവരെ വി-പി- കമീഷൻ ഒണ മാത്രം.

ക്ഷ. കണ്ണുശുദ്ധി ഗുളിക.

ഇത കണ്ണും തെളിഞ്ഞു ശരീരം നന്നാവുന്നതിനു അതിവിശേഷമായ ഔഷധമാകുന്നു, പ്രത്യേകിച്ചു സംഗീതക്കാർക്കും, പ്രസംഗക്കാർക്കും, പാതിരിമാർക്കും, ശബ്ദാവയവംകൊണ്ടു അത്യായാസം ചെയ്യുന്നവരായ മറ്റെല്ലാവർക്കും വളരെ ഉപയോഗമുള്ളതുമാകുന്നു.

വില വ ണ വി-പി- കമീഷൻ ന കുപ്പിവരെ ന ണ.

ക്ഷൻ. സ്നാനചൂർണ്ണം.

ഈ പൊടിതേച്ചു കുളിക്കുന്നതിനു വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുർഗന്ധവും കളഞ്ഞു, ഉന്മേഷവും പ്രകാശവും സുഗന്ധവും ഉണ്ടാകുന്നു. ഇതിനും പുറമെ ദേഹത്തിനു സൈര്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവർക്കും വേണ്ടാതകുന്നു.

വില വ ണ വി-പി- കമീഷൻ ന ണ.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, porto Novo.

൨൦. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാവുന്ന പനി, ജ്വരദോഷം, തലവേദന, ചുമ, അതിസാരം, അരിശ്ശ, ഉറക്കമില്ലായ്മ, ഇവയ്ക്കും മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇത മദ്ധ്യവയസ്സുള്ളവർക്കും മരുപ്പച്ച ഉപയോഗിക്കാവുന്നതാകുന്നു.

വില ഫാ ണ വി-പി- കമീഷൻ സഹിപ്പിവരെ ഒ ണം.

൨൧. ഒന്നാംതരം ഗോരോചനഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി ഉണ്ടാകുന്ന ഇല്ലാതാകുന്നു ഉപദ്രവങ്ങൾക്കും ജ്വരദോഷം, തലവേദന, ചുമ, അതിസാരം, അരിശ്ശ, ഉറക്കമില്ലായ്മ, ആന്തരായ മുതലായി എല്ലാ ഉദര രോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു.

വില ഒ ണ വി-പി- കമീഷൻ സഹിപ്പിവരെ ഒ ണം.

൨൨. തലശ്ശൂല പരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങു, ചൊറി, ഒടുവട്ട, പോളൻ, പൂ, പുഴുക്കടി, തീരണം, മുതലായ കടിയും ചൊറിവും ഉള്ള എല്ലാ തലശ്ശൂലങ്ങൾക്കും എറ്റവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി.

വി-പി- കമീഷൻ ഒ ണം.

				ക.	ണ.	സ.
ഒന്നാംതരം ഗോരോചനം ഗുപ്പായുക്കു				ഫ	രൂ	൦ ൦
ടി	മഞ്ഞാം	ടി	ഫ ക്ക	ഫ	൦	൦
ടി	പച്ചക്കൂപ്പീരം	ടി	ഫ ക്ക	ഫ	൦	൦

മേൽവിലാസം തമിഴിലോ ഇംഗ്ലീഷിലോ വിശദമായി എഴുതണം.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo.*

P. SUBBAROY, porto Novo.

PATENT MEDICINES.

	RS.	A.	P.
Scott's Emulsion of pure Cod Liver Oil.	1	6	0
Maltine with Cod Liver Oil.	1	12	0
Mellin's Emulsion Cod Liver Oil.	1	6	0
Dr. D Jong's Cod Liver Oil.	1	10	0
Kepler Malt Extract.	1	8	0
Kepler Malt Extract of Cod Liver Oil.	1	10	0
Extract of Malt with Cod Liver Oil.	1	8	0
Kemp and Co. Gora Pouder.	0	4	0
Malt pepsin.	4	12	0
Sulphate of Quinine	1	12	0
Vaseline 2 oz. bottle.	0	6	0
Pomade Vaseline	0	6	0
Vaseline yellow	2	0	0
Brands Essence of chiken per tin.	2	0	0
Brands Essence of mutton.	1	8	0
Senico meat large size.	1	4	0
Benger's food.	1	4	0
Nestle's milk food, tin	1	3	0
Mellin's food large size	1	10	0
Do. Small size.	1	0	0
Bovril.	1	0	0
Do. Bottle.	1	2	0

	RS.	A.	P
Borex Soap.	0	12	0
Burogoyn's chemical food per bottle.	0	12	0
Easton's Syrup.	1	0	0
Cadbury's Cocoa per tin.	0	10	0
Van Honten's cocoa.	0	12	0
Setchford's carbolic tooth powder.	0	6	0
Calvert's Do.	0	6	0
Tyra Hari.	0	8	0
Stearn's Headache cure per book.	1	0	0
Pria & Co's Golden oil for the Hair	1	0	0
Grimault's Indian cigarettes.	1	4	0
Smelling salt.	0	10	0
Cough Lozenges.	1	4	0
Pain Killer.	0	10	0
Mother seigels Syrup.	1	4	0
Cormolt santol midy.	2	8	0
Fellin's Syrup.	2	2	0
Menthol.	0	5	0
Dr. William Pink Pills.	2	8	0
Birgoynes Sarsaparilla	1	12	0
Carmolt's do.	2	0	0
Red Jamaica do.	1	8	0
Cooper's do.	1	4	0
Clarke's Blood mixture.	2	8	0
Dr. Fallets Pepto per.	4	0	0
Bolivian Cocoa vine.	2	12	0
Peptone wine.	3	0	0
Cuticura Soap per cake.	0	12	0
Barly powder	0	9	
Crosse & Blackwell's Lucca Oil.	1	0	0

	RS.	A.	P.
Olive Oil.	0	6	0
Medecal Skin Soap.	0	14	0
Do. Salutes Soap.	0	8	0
Vinolia Pomade.	1	4	0
Philowne Pomade	0	4	0
Beecham's Patent Pills.	0	10	0
Cockle's Pills.	0	14	0
Oriental Balm.	1	0	0
Vaseline Jelly.	0	6	0

	RS.	A.	P.
Cosmentique Blance.	0	5	0
Johan Maria Farina Eaude coloque.	0	8	0
Do. No. 4	1	4	0
Freeman's chlorodyne.	0	10	0
Dr. J. Collis Broundu.	0	14	0
Japan canaga water.	0	10	0
Fssence of Ginger.	0	10	0
Do. Peppermint.	0	12	0

P. M. MURPHY MOHAMAD BEERAN COOTY.

Cochin and Ernakulam,

Wholesale and retail Merchant.

Begs to advise he is ready to send articles to any place per. V. P. Post. Things taken by dozens will be given at a reduced price.

THE MALABAR QUARTERLY REVIEW.

EDITED BY

C. V. SUBRAMANYA AIYAR, B. A.

Annual subscription inclusive of postage, Rs. 5.

To understand the character and the scope of the journal and the standard of the contributions that appear in it intending subscribers should refer to the pages of any number of the Review, a copy of which can be had on payment of Re. 1—6—0, to

The MANAGER,

The Malabar Quarterly Review.

Ernakulam

—.o.—

പി. എം. മർഫി ബീരാൻകുട്ടി.

:o:

ജനറൽ മർച്ചന്റ്; എറണാകുളം കൊച്ചി.

പുതിയതായ പലമാതിരി സാമാനങ്ങളും! ചരക്കുമെച്ചം!!

വില തുരുക്കം!!!

ശീമക്കുമ്മായം			കു.	ണ.	സ.
ഒന്നാന്തരം വീപ്പ 1ക്കു വില	...	...	11	4	0
രണ്ടാന്തരം ടി 1ക്കു	...	...	10	4	0
മൂന്നാന്തരം ടി 1ക്കു	...	...	9	4	0
നാലാന്തരം ടി 1ക്കു	...	...	7	4	0
ചായങ്ങളും					
ഹബ്ബക്ക് സിങ്ക് വെള്ള ചായം റാത്തൽ 28ക്കു			7	0	0
ടി രണ്ടാന്തരം റാത്തൽ 20ക്കു	...	...	3	0	0
ടി മൂന്നാന്തരം റാത്തൽ 20ക്കു	...	...	2	0	0
ശേഷം എല്ലാ നിറങ്ങൾക്കും വീപ്പ 1ക്കു		...	2	0	0
പൊടിച്ചായങ്ങളും					
ചുമപ്പു കെട്ട 1ക്കു	...	...	0	6	0
പച്ച കെട്ട 1ക്കു	...	...	0	6	0
നീല കെട്ട 1ക്കു	...	...	0	4	0
മഞ്ഞ കെട്ട 1ക്കു	...	...	0	4	0
വെള്ള കെട്ട 1ക്കു	...	...	0	4	0
തൈലങ്ങളും					
കേശരഞ്ജൻ തൈലം കൂപ്പി 1ക്കു		...	1	1	0
മക്കാസ്സറായിൽ തൈലം കൂപ്പി 1ക്കു		...	1	0	0
ഫോർസ്സറെ തൈലം കൂപ്പി 1ക്കു		...	1	8	0
വള്ളി ചുരൽ റാത്തൽ 1ക്കു	...	...	0	4	6

ഇതുകൂടാതെ പലതരം സാമാനങ്ങളും ചുരുങ്ങിയ വിലക്കു കൊടുക്കുന്നതാകുന്നു.

P. SUBBAROY'S

World-Renowned and Most Efficacious Ayurvedic Medicines.

പി. സുബ്ബരായിയുടേ ലോക പ്രസിദ്ധങ്ങളും ഫലവത്തുക്കളും ആയ ആയുർവ്വേദ ഔഷധാലയം

ക-ലോകപ്രസിദ്ധമായധാതുപുഷ്ടികാരി.

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നിറം, നീരൊഴിവു, മൂത്രമേഹ കല്ലടപ്പു (മൂത്രാശയം) മുതലായ പലവിധ വസ്തുരോഗങ്ങളെ ക്ഷണനേന പരിഹരിച്ചു രക്ഷപെടുത്തും.

ഡപ്പി ഒന്നുക്കു വിലരൂപാ ൨-തപാൽ ചിലവുവകയ്ക്കു അണ ൭-വേറെ.

൨-പ്രമേഹ നിവാരണി.

സിരാമേഹം, കൊഴുപ്പുവീഴ്ച, മൂത്രാധിക്യമായും തടഞ്ഞും പോകുക, മേഡ്രം, പുകച്ചൽ രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീ പുരുഷന്മാരെ നിവൃത്തിപ്പിക്കും. ഇതുകലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനെയും ശമിപ്പിക്കും.

കുപ്പി ൧-ക്കു വില രൂപ ൧. മൂന്നു കുപ്പികൾ വരെയുള്ള ബങ്കിക്കു തപാൽചിലവു അണ ൪.

൩-സർവ്വവേദനാ സംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ കൈകാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക വീക്കം, മുടക്കുവാതം നെഞ്ചുനോവു, തലനോവു, ഒരു ഭാഗത്തുണ്ടാകുന്ന ശൂല, ഇട്ടപ്പുവേദന, പാർശ്വരോഗം, മേഹരോഗം, തിമിരരോഗം മുതലായ പല വ്യാധികൾക്കു ഭേദപ്പെടും.

കുപ്പി ഒന്നുക്കു വില രൂപാ ൧. തപാൽചിലവു അണ ൪.

൪-മണ്ഡലകൃമിസംഹാരി.

മണ്ഡലകൃമി, പുഴുക്കടി, തുടുതണം. നഖുങ്ങാണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌഷധം. തദ്രോഗങ്ങൾ പലപ്പോഴും മാറും; തേമൽ, മേഹകുരു മുതലായവയെ നശിപ്പിക്കും.

വില, കുപ്പി ഒന്നിനു ൨-ണം. തപാൽചിലവു മൂന്നു കുപ്പിവരെ ൪-ണം വേറെ.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo*

ൈ-ലക്ഷ്മീകരകസ്തൂരിഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സശ്രദ്ധം ഉപയോഗിക്കേണ്ട വിലയേറിയ സാധനം,—ദന്തമവദന, വായ്നാറ്റം, അജീർണ്ണം, പിത്തവായു, ഇവയെ ശമിപ്പിക്കും.

തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ എല്ലാ ദുരുഗ്രഹങ്ങളും മിണ്ടുന്നതല്ലാതാകും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കുകയില്ലാ. അപായകരമായ യാതൊരു ലഹരി സാധനങ്ങളും ഇതിൽ ചേർത്തിട്ടില്ലാ. കാശ്മീരത്തു നിന്നു വരുത്തിയ കസ്തൂരി, പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ചുമ, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വായസ്സിന്റെ ഏറ്റക്കുറച്ചിൽ പോലും ഒന്നു മുതൽ രണ്ടു ഗുളികകൾ വെറുംവയറ്റിൽ കൊടുത്താൽ സുഖപ്പെടും.

൨൫൦-ഗുളികകൾ ഉള്ള കുപ്പി ഒന്നിനു വില രൂപ രൂ. ൧-മുതൽ ൧൨-വരെ കുപ്പികൾ അടങ്ങിയ ബങ്കി ൧-ക്കു തപാൽ കൂലി ൪-ണ.

൨-ദന്തചൂർണ്ണം.

സുഗന്ധമായുള്ളതു എല്ലുമാതിരി ദന്തരോഗങ്ങളേയും നീക്കും.

വില, കുപ്പി ഒന്നിനു മൂന്നണ തപാൽചിലവു രണ്ടു കുപ്പിവരെ ൪-ണ വേറെ.

൩-ജ്വരഹാരി.

കുളിപ്പനി, മുപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവയ്ക്കു നന്നു.

വില ഒരു കുപ്പി ഒന്നിനു ൧-ക, തപാൽചിലവു ൧-ണ വേറെ.

൪-ലോകപ്രസിദ്ധമായ സുഗന്ധകുന്തള തൈലം.

ഇത്തൈലം പിരട്ടിയാൽ തലമുടി, മീശ, താടി, പുരികം ബഹുപുഷ്ടിയായും, തെരുതെരുക്കമായും കറുപ്പായും വളരും. കണ്ണിനു കുളിർമയുണ്ടാക്കും. സകല കൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പൊട്ടരോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാകും.

വില, കുപ്പി ഒന്നിനു ൨-ണ. തപാൽചിലവു ൪-ണ വേറെ.

൫-രോമസംഹാരി.

രോമം എവിടെ വേണ്ടെന്നാക്കുന്നതോ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ മാറ്റും.

വില, കുപ്പി ഒന്നിനു ൩-ണ. തപാൽചിലവു മൂന്നു കുപ്പികൾവരെ ൪-ണ വേറെ.

പി. സുബ്ബരായി
പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.
P. SUBBAROY, *Porto Novo.*

൧൦-അഗ്നിമാന്ദ്യസംഹാരി.

ഹോനമില്ലായ്മ, പുളിച്ചുതികട്ടൽ. നെഞ്ചുകലിക്കുക, മൂലബന്ധം, വയറുനോവു, വായു നാറ്റം, അജീർണ്ണം വയറുവീർത്തുമയറുക. നിരോഭഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും.

ഡപ്പിഒന്നുക്കു അണാ വ്യ-തപാൽകൂലി അണാ ഒ-വേറെ.

൧൧-കണ്ണ്ബിന്ദു.

ചീക്കാറു, ചൊറിക്കുത്തു, ചുവപ്പു, ഇരച്ചിൽ മുതലായ കണ്ണ്രോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസുഖദായകം.

വില, കുപ്പി ഒന്നിന വ്യ-ണാ. തപാൽചിലവു മൂന്നു കുപ്പികൾ വരെ ഒ-ണാ വേറെ.

൧൨-സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും അജീർണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലംപിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും.

വില, ഡപ്പി ഒന്നിന വ്യണാ. തപാൽചിലവു ഒന്നു മുതൽ രൂ- വരെ ഡപ്പികൾക്കു ഒ-ണാ വേറെ.

൧൩-നേത്രബിന്ദു.

കൺനോവു, കൺകുത്തു, ക്ഷീണം, നീരൊട്ടൽ, മിന്നൽ മാലകൂണ്ണ, പീളകെട്ടൽ, ദൃഷ്ടിക്ഷീണം, പൂവു, ചെരപ്പു, എരിച്ചിൽ ഇവ പരിഹരിക്കും ഇവയുടെ വലിവു, പുകച്ചിൽ ഇങ്ങനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും.

വില, കുപ്പി ഒന്നിന വ്യ-ണാ. തപാൽചിലവു മൂന്നു കുപ്പികൾ വരെ ഒ-ണാ വേറെ.

൧൪-സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും.

വില, ഡപ്പി ഒന്നിന വ്യ-ണാ. തപാൽചിലവു ഒ-വരെ ഡപ്പികൾക്കു ഒ-ണാ വേറെ.

൧൫-മൃഗകസ്തൂരി.

കാശ്മീരിൽ നിന്നും വരുത്തിയിട്ടുള്ള നൈസർഗ്ഗികമായ കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ട.

രൂപാതൂക്കത്തിന രൂ-വ്യ-കം. വില ഒരു രൂപാ മുതൽക്കുള്ള ഏതു സംഖ്യയ്ക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവുപുറമെ. എഴുത്തുകുത്തുകൾഎല്ലാം ഇംഗ്ലീഷിലോ തമിഴിലോ ആയിരിക്കണം.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട്ജില്ല.

P. SUBBAROY, *Porto Nova.*

ൟ- തേൾവിഷത്തിന്ന സിദ്ധൌഷധം.

തേൾകടിച്ച സ്ഥലത്ത രണ്ടുള്ളി ഒഴിച്ചാൽ പൊട്ടന്നനെ ആശ്വാസം കാണും. ഒരു കുടുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത.

വില കുപ്പി ൟ- ക്ക ൟ- ക രൂ-ണ. ൟ കുപ്പിയിൽ കുറയാത്ത ഒന്നിച്ച വാങ്ങുന്നവക്ക ഡസൻ ൟ ക്ക ൟ ക വ്വണ, ഉള്ള വിലയിൽ കുറച്ച മാത്രമെ വില ചുമത്തുന്നുള്ളൂ. വി-പി- കമീഷൻ ഒ ണ പുറമേ.

ഇൻഡ്യയിലും ബമ്മയിലും ൟ കുപ്പിവരെ വി-പി- കമീഷൻ ഒണ സിലോൺ ടി ണെ.

ൟ- വ്രണവിരോപണ തൈലം.

ഈ കഴമ്പ പിത്തപ്പുണ്ണ മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇത സകല കൃമികളേയും നശിപ്പിച്ച എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ച വരെ വേഗത്തിൽ ഉണക്കുന്നതാകുന്നു.

വില വ്വ ണ. മൂന്ന കുപ്പിവരെ വി-പി- കമീഷൻ ഒണ മാത്രം.

ൟവ. കണ്ണുശുദ്ധി ഇളിക.

ഇത കണ്ണും തലച്ചോറും ശരീരം നന്നാവുന്നതിന്ന അതിവിശേഷമായ ഔഷധമാകുന്നു, പ്രത്യേകിച്ച സംഗീതക്കാക്കും, പ്രസംഗക്കാക്കും, പാതിരിമാക്കും, ശബ്ദാവയവംകൊണ്ട അത്യായാസം ചെയ്യണ്ടവരായ മറെറല്ലാവക്കും വളരെ ഉപയോഗമുള്ളതുമാകുന്നു.

വില വ്വ ണ വി-പി- കമീഷൻ ന്വ കുപ്പിവരെ ന്വ ണ.

ൟൻ. സ്നാനമൂണ്ണം.

ഈ പൊടിതേച്ച കുളിക്കുന്നതിന്ന വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുർഗ്ഗന്ധവും കളഞ്ഞ, ഉൻമേഷവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും തോന്നുകും. ഇത ഇന്ത്യയിലുള്ള എല്ലാവക്കും വേണ്ടാതകുന്നു.

വില വ്വ ണ വി-പി- കമീഷൻ ന്വ ണ.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, porto Novo.

൨൦. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാവുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം, അരിശം, ഉറക്കമില്ലായ്മ, ഛർദ്ദി, ആന്തരവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇത മദ്ധ്യവയസ്കന്മാർക്കും മരുപൊലെ ഉപകരിക്കാവുന്നതാകുന്നു.

വില ൧൦ ണ വി-പി- കമീഷൻ സ കൂപ്പിവരെ ൪ ണ.

൨൧. ഒന്നാംതരം ഗോരോചനഗുളിക.

എല്ലാവിധ പനികൾക്കും അത സംബന്ധമായി ഗ്ലീഹ കരൾ മുതലുകളിൽ ഉണ്ടാവുന്ന ഉപരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അരിശം, ഉറക്കമില്ലായ്മ, ആന്തരവായു മുതലായി എല്ലാ ഉദര രോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു.

വില ൪ ണ വി-പി- കമീഷൻ സ കൂപ്പിവരെ ൫ ണ.

൨൨. സർവ്വരോഗ പരിഹാരി.

ഈ ഔഷധം കർപ്പൻ, ചുണ്ണാമ്പ, ചൊറി, ഒട്ടവട്ട, പോളൻ, ചൂട, പുഴുക്കടി, താരണം, മുതലായ കടിയും ചൊറിയും ഉള്ള എല്ലാ സർവ്വരോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇത ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി.

വി-പി- കമീഷൻ ൫ ണ.

			ക.	ണ.	സ.
ഒന്നാംതരം	ഗോരോചനം	ഗുഗ്ഗുളുക്കും	ഫക്ക	രൂ	൦ ൦
ടി	മഞ്ഞാം	ടി	ഫക്ക	ഫ	൦ ൦
ടി	പച്ചക്കർപ്പൂരം	ടി	ഫക്ക	ഫ	൦ ൦

മേൽവിലാസം തമിഴിലോ ഇംഗ്ലീഷിലോ വിശദമായി എഴുതണം.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo.*

നൊട്ടീസ്.

മെത്തരം സാമാനങ്ങൾ! വില വളരെ സഹായം!!

ബൊമ്പായിമുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽ നിന്നുനെരിട്ടുവരുത്തുന്നതും താഴെ വിവരം പറയുന്നതും വെറെയും അനെകം സാമാനങ്ങൾ തൊകപ്പടിയായും ചില്ലറയായും വളരെ സഹായ വിലക്കു വില്ക്കുന്നതാണ്.

പലതരത്തിലുള്ള പ്ലാനൽ ശീലകൾ, ടീഡുകൾ, ചെക്കുട്ടണികൾ, വളരെ ഭംഗിയുള്ള ചീട്ടികൾ പട്ടകൾ, ബ്ലാങ്കെറുകൾ, തൊപ്പികൾ, സർജ്ജകൾ, മല്ല, ജഗന്നാഥൻ മുതലായ തുണിച്ചരക്കുകൾ. എനാമൽ പാത്രങ്ങൾ, പലതരത്തിലുള്ള ഗ്ലാസുകൾ, നാഴികമണികൾ, റാന്തൽ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഇളൊപ്പുകൾ, രവിവാപ്പട്ടങ്ങൾ, കൊടകൾ, ഇരിമ്പപെട്ടികൾ, ഇരിമ്പഅലമാരികൾ, ഇരിമ്പഅടുപ്പുകൾ, അനെകവിധം സൊപ്പുകൾ, ബ്രാണ്ടി, വിസ്കി, മുതലായ ലഹരിസാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനെകവിധ പാത്രങ്ങൾ, ഇവകളും ഹമലിൻസഫുഡ, കൊകൊ, കാപ്പിപ്പൊടി, ടീ ബിസ്കോത്ത മുതലായ വേറെയും അനേകവിധ സാമാനങ്ങൾ വളരെ സഹായവിലക്കു വില്ക്കുന്നു.

ആവശ്യപ്പെടുന്നവക്ക് സാമാനങ്ങൾ വി- പി- ആയി അയച്ചകൊടുക്കുന്നതാണ്.

എ. ടി. എസ്സ. മേനോൻ.
ജനറൽ മർച്ചന്റ്.
ചിറയൂർ.

പുസ്തകം ൧. നമ്പ്ര ൯.

വ്യവഹാരചിന്താമണി.

എല്ലാ ഇംഗ്ലീഷ മാസവും 30-ാംന- പ്രസിദ്ധപ്പെടുത്തുന്ന
ഒരു വിശേഷനിയമമാസികം.

പത്രാധിപർ
പെരങ്ങളത്ത കരുണാകരമേനോൻ ബി. എ.

——:o:——

1903 ആക്ടുന്പ്ര.

———

സംഗതിവിവരം.

എ. കണ്ണം 1—വി. രാഘവമേനോൻ, ബി. എ., ബി. എൽ.

൨. പത്രാധിപക്കുറിപ്പുകൾ.

൩. മദിരാശി ഹൈക്കോട്ട വിധികം.
ബി. ഗോവിന്ദൻ നന്പ്യാർ, ബി. എ. ബി. എൽ,

൪. ഹൈക്കോട്ട വിധി സംഗ്രഹം.

൫. കൊച്ചി വിധികൾ—കരിമ്പറ രാമൻമേനോൻ, ബി. എ., ബി. എൽ.
കാവാട്ട അച്യുതമേനോൻ, ബി. എ., ബി. എൽ.

൬. തിരുവിതാങ്കൂർ വിധികൾ വി. കരുണാകരമേനോൻ, ബി. എ., ബി. എൽ

———

കേരളസഞ്ചാരി- നിയമകാര്യത്തിൽ പൈദ്ധ്യായൻ,

മ. മനോരമ- മേനോന്റെ പുതിയ സ്വമാകത്തെപോലെ വേറെ ഒരു പത്രത്തിന്ന ചെലവില്ല.

മനോരമ- സകല മുതൽക്കാരും വാങ്ങേണ്ടതാണ.

കേരളപത്രിക- കക്ഷികൾക്ക അത്യുപകാരം.

———

ഓരൊ മാസം ഏറ്റവും സാരമായ വിധിയങ്ങൾ അടങ്ങിയ ഗ്രന്ഥഭാഗം. കൊച്ചി വിധികളുടെ പോക്ക അറിവാൻ "ചിന്താമണി" ഏകമാർഗ്ഗം.

വരിസംഖ്യ—എപ്പോഴും മുൻകൂറ.

ഒരു കൊല്ലത്തെക്ക ആറ മാസത്തെക്ക

വി. പി. ൩—൮—൦ വി. പി. ൨—൮—൦

കൊച്ചി വിധികളം ൧-ാം നന്പ്ര മുതൽക്കും, തിരുവിതാങ്കൂർ വിധികളം ൽ-ാം നന്പ്ര മുതൽക്കും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. എന്ന വ്യവഹാരചിന്താമണി മാനേജർ,

വള്ളുവനാട, മലബാർ.

2 BOTTLES KESHRANJAN FOR 2 As.

Why go to Calcutta or Armenian Street Madras when you get nearer home for $\frac{1}{16}$ of the price demanded there.

For every Re. you pay there you are to pay us only 1 a.

Rs. 2 worth of any of the following for 2 as.

HOW IS IT?

Buy our coupon for 2 as, from any of your friends (if you cannot do so directly from us) and send it to us along with 8 As. you will receive a certificate (with 4 coupons similar to the one first purchase attached to it) entitling you to Rs. 2 worth of any of the following on these conditions.

Sell these 4 coupons for 8 annas (and thus realize the amount you send us) and ask the buyers to send them to us with a similar 8 annas for each coupon. On receipt of the same we will send them 4 certificates similar to the one we send you first, and to you, Rs. 2 worth of any of the following.

These 4 certificate holders will have in their turn to repeat what you do,

In case you should select more than Rupees 2 worth of any of the following, the excess will be recovered by sending the the same per V. P. P.

The certificate-holder can select any Rs. 2 worth of school, college or general books. List on application.

Any Rs. 2 worth of Kaviraj N. N. Sen's Ayurvedic Medicine or Keshranjan Oil. List on application.

Any Rs. 2 worth of Rajah Ravi Varma's Picture. List on application.

LAKSHMI.

The finest product of the fertile imagination of Rajah Ravi Varma, the acknowledged prince among artists. Size 20×14, Bombay price Re. 1. Given away for half price, *i. e.* 8 annas. To every purchaser of the above picture we present a copy of our Calendar, the finest and the most brilliant Calendar in the world.

We make bold to assert you would have never seen in your lifetime a finer and a more attractive Calendar. It simply charms everybody. Place it among a dozen other finest calendars you have. It will stand conspicuous. Ask any person, however short he be of mental development to judge things to decide to finest one, he will immediately pick ours. If what we speak be found to be in any way exaggeration we shall be happy to take back the picture and calendar and refund the value.

A. R. SESHAIR & Co., *Palghat.*

സംഗതിവിവരം.

—:o:—

		ഭാഗം.
ക.	അഹംഭാവം- ചിറ്റൂരവാഴുരെ ശാമുമേനോൻ.	ക്രമം
ഖ.	കുചേലവൃത്തം വഞ്ചിപ്പാട്ട്- കെ. ആർ. കൃഷ്ണപിള്ള ബി. എ. ...	ക്രമം
ഗ.	മാമാങ്കം (അല്ലെങ്കിൽ മലയാളത്തിലേ മാമാകം)- കൂനൊഴത്ത് പരമേശ്വര മേനോൻ.	ക്രമം
ങ.	ചിച്ചമലയാളപ്പണ്ടങ്ങൾ- സി. രാഘവപ്പൊതുവാൾ.	ക്രമം
ച.	കാറ്റ്- ... ... എസ്സ്. വി. ആർ.	ക്രമം
ഛ.	സന്ന്യാസിധർമ്മം- ടി. നാരായണക്കുറുപ്പ്.	ക്രമം
ജ.	സമ്മാനലേഖനം- രാ. രാ. പ.	ക്രമം
ഝ.	മലയാളപത്രങ്ങളും മാസികകളും- ചുണ്ടയിൽ സി. രാഘവപ്പൊതുവാൾ	ക്രമം
ഞ.	നാഗാനന്ദം- പറയാട്ട് അച്യുതമേനോൻ	ക്രമം
ട.	കളിശ്ശിട്ട-വെണ്മണി അഛൻ നമ്പൂരിപ്പാട്.	ക്രമം
ഠ.	ഒരു വിലാപം-സി. എസ്സ്. സുബ്രഹ്മണ്യൻ പോററി	ക്രമം
ഡ.	ബാലാചഞ്ചകം-വി. സി. ബാലകൃഷ്ണ മേനോൻ.	ക്രമം
ഢ.	ഒരു ദുർമ്മരണം.	ക്രമം
ണ.	ഒരെഴുത്ത്-എൻ. കുമാരു ആശാൻ. ...	ക്രമം
ത.	പലവക.	ക്രമം

പുസ്തകപരിശോധന.

സചിത്രം.

☞ രസികരഞ്ജിനിക്കു പുതിയ വരിക്കാരെ ഉണ്ടാക്കി അവരുടെ വരിപ്പണം മുഴുവൻ മുൻകൂറായി ചിരിച്ചു് പേരുവിവരപ്പട്ടികയോടുകൂടി ആ സംഖ്യ ആപ്പീസിൽ അടക്കുന്നവർക്കു ക്ഷി. ഉറുപ്പികയിൽ കുറയാതെ യുള്ള സംഖ്യകൾക്കു ഠാകുര ഠാകുര വീതം കമ്മിഷനും ന്ധം. കയിൽ കുറയാതെ പിരിച്ചടക്കുന്നവർക്കു മേൽ പറഞ്ഞ കമ്മിഷനും പുറമേ മുപ്പതിനു ഉറുപ്പികക്കു രഞ്ജിനിയുടെ ഓരോ പ്രതിവീതം സൌജന്യവുംകൊടുക്കപ്പെടും.

ര. ര. മാനേജർ.

PRINTED AT THE VIDYA VILASUM PRESS, ERNAKULAM.

ഫാൻലിവക ചന്നമട്ടുവരുടെ പേരുവിവരം.

———— : 0 : ————

ബഹുമാനപ്പെട്ട കൊച്ചിസ്സർക്കാർ	...	...	നാ	0 0
കൊച്ചി വിരുതയ തമ്പുരാൻ	തിരുമനസ്സുകൊണ്ടു		നാ	0 0
,, രണ്ടാം ക്ലാസ തമ്പുരാൻ	...		നാ	0 0
,, മൂന്നാം ക്ലാസ കൊച്ചുണ്ണിത്തമ്പുരാൻ	...		നാ	0 0
,, നാലാം ക്ലാസ തമ്പുരാൻ	...		നാ	0 0
,, അഞ്ചാം ക്ലാസ തമ്പുരാൻ	...		നാ	0 0
,, ആറാം ക്ലാസ തമ്പുരാൻ	...		നാ	0 0
,, ഏഴാം ക്ലാസ തമ്പുരാൻ	...		നാ	0 0
,, എട്ടാം ക്ലാസ തമ്പുരാൻ	...		നാ	0 0
,, ഒമ്പതാം ക്ലാസ തമ്പുരാൻ	...		നാ	0 0
,, വലിയ ഇക്കൂഅമ്മത്തമ്പുരാൻ	...		നാ	0 0
,, അഞ്ചിണിഅമ്മത്തമ്പുരാൻ	...		നാ	0 0
,, തെക്കെ കോവിലകത്തെ കുഞ്ഞിക്കാവമ്മതമ്പുരാൻ			നാ	0 0
,, ടി. ഇക്കാവമ്മത്തമ്പുരാൻ	...		നാ	0 0
,, കൊച്ചിക്കാവമ്മതമ്പുരാന്റെ കുഞ്ഞിക്കാവമ്മ തമ്പുരാൻ	...		നാ	0 0
,, തീപ്പെട്ട വലിയതമ്പുരാന്റെ വലിയ കുഞ്ഞിക്കാവമ്മതമ്പുരാൻ	...		നാ	0 0
,, ടി. ഇക്കാവമ്മതമ്പുരാൻ	...		നാ	0 0
,, ടി. കാവമ്മതമ്പുരാൻ	...		നാ	0 0
,, ടി. ഇക്കൂഅമ്മതമ്പുരാൻ	...		നാ	0 0
,, ടി. കുഞ്ഞിക്കാവമ്മതമ്പുരാൻ	...		നാ	0 0
,, ടി. മങ്കൂഅമ്മതമ്പുരാൻ	...		നാ	0 0
,, വലിയമ്മതമ്പുരാന്റെ മങ്കൂഅമ്മതമ്പുരാൻ	...		നാ	0 0
ബ്രാമശ്രീ എടമനെ കുഞ്ഞൻ നമ്പൂരിപ്പാട			നാ	0 0
,, പാഴിപ്പുട്ടത്താൽ നാരായണൻ നമ്പൂരിപ്പാട			നാ	0 0
,, മല്ലിശ്ശേരി ശങ്കരൻ നമ്പൂരി			നാ	0 0
,, സി. പരമേശ്വരൻ നമ്പൂരിപ്പാട പുത്തൻ കുടിശ			നാ	0 0
മ. രാ. രാ. പി. രാമുണ്ണിമേനോൻ		പെല്ലായി	നാ	0 0
,, എസ്സ്. കുട്ടൻ		ചിറയിൻ കീഴ	൨	0 0
തിരുവനന്തപുരം മലയാള മാഗസ്സിൻ വിദ്യാഭിവർദ്ധിനിസംഘം				
		സിക്രട്ടെരി	൯	0 0

പുസ്തകം ൨. തുലാമാസം. ലക്കം ൫.

മംഗളം.

——:o:——

മുക്കണ്ണൻതന്നെറുകണ്ണേറുടനടലുരുകി
പ്പോയപുവ്വമ്പനേത്തൻ
തൃക്കണ്ണാൽത്തന്നെവീണ്ടും പുരുദയമുദയം
ചേത്തുകാത്തോരുതായേ!
ഉൾക്കൊള്ളുംദോഷമെല്ലാമുടനുരുതിവരും
മാറുനീക്കുറൊടെന്നെ
ത്തൃക്കണ്ണാത്തീടുകൊന്നെൻ ത്രിപുരഹരപുരാ
പുണ്യംപൂരത്തിടമ്പേ! ॥

പറയാട്ട് അച്യുതമേനോൻ.

അഹംഭാവം.

——:o:——

ജന്തുക്കൾക്കും നരജന്മം ദുർല്ലഭമായിട്ടുള്ളതാണ് എന്ന ആചാര്യസ്വാമികൾ പറഞ്ഞിട്ടുണ്ട്. മനുഷ്യജന്മം പുണ്യാൽക്കഷ്ടത്തിന്റെ ഫലവും മോക്ഷം ഉത്തമമായ മനുഷ്യ ജന്മത്തിന്റെ ഫലവും ആണെന്ന്, വിദ്വാന്മാരെല്ലാവരും സമ്മതിക്കും. സാധാരണ

പോമരന്മാര പോലും ((എന്നാൽ മോക്ഷമുണ്ടോ)) എന്ന സംശയ
ങ്ങളിൽ പലപ്പോഴും പറഞ്ഞുവരാറുള്ളതുകൊണ്ടു തന്നെ മോ
ക്ഷം പരമാനന്ദമായിട്ടുള്ള ഒരവസ്ഥയാണെന്നു നമുക്കു അനുമാ
നിക്കാവുന്നതാണ. ഏതുജന്മത്തിൽ മുക്തനാവുകയോ മുക്തനാ
വുന്നതിനു ശ്രമിക്കുകയോ ചെയ്യുന്നുവോ, ആ ജന്മം സഫലവും
അങ്ങിനെ അല്ലാത്തജന്മം നിഷ്ഫലവും ആണെന്നുള്ളതു നിശ്ചിത
മായിട്ടുള്ളതാകുന്നു.

((യാനിദുഃഖാനിയാന്തുഷ്ണാദുസ്സഹായേദുരാധയഃ.
തത്സർവ്വംശാന്തചേതസ്സുതമോക്ഷേഷുനിസ്പൃഹേ—
ശ്രുതാസ്പൃഷ്ടാചദൃഷ്ടാചാപ്രകൃതാപ്രാപ്തുരാത്മനഃ,
നഹൃഷ്യതിഗ്ലായതിയഃ സശാന്തഇതികഥ്യതേ.))

എന്നുംമറുമുള്ള പ്രമാണങ്ങളേകൊണ്ടു മോക്ഷം സിദ്ധിക്കു
വാൻ ആവശ്യമുള്ളവയിൽ ശാന്തി പ്രാധാന്യമെറിയ ഒന്നാണെ
ന്നും ദുഃഖംവരുമ്പോഴും വിഷാദിക്കാതെയും സുഖംവരുമ്പോഴും
സന്തോഷിക്കാതെയും ഇരിക്കുന്നവനാണ ശാന്തനെന്നും പറയ
പ്പെട്ടുന്നു.

ഇങ്ങിനെയുള്ള ശാന്തിയെ ശീലിക്കാതെ മനുഷ്യർ വിചാരമി
ല്ലാത്തവരും ഗർവ്വികളുമായി കാലംകഴിച്ചുകൂട്ടുന്നത് എത്രകഷ്ടമാ
യിട്ടുള്ളതാണ്. താൻവലിയ യോഗ്യനാണെന്നും മറ്റാരുംതനിക്കു
സമനല്ലെന്നും തോന്നുകയാണ പ്രായേണ ഗർവ്വിന കാരണമായി
ത്തീരുന്നത്.

എല്ലാവക്കും ഒരേവിധമായ അഭിപ്രായംയാതൊരുകാര്യത്തി
ലും ഉണ്ടാവുന്നതല്ലാ. ഏതുകാര്യത്തിലും ഏതുകാലത്തും അഭിപ്രാ
യഭേദങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നതെന്നായിരിക്കും. ഒരുകാര്യത്തേ കു
റിച്ച് ഒന്നിലധികം അഭിപ്രായങ്ങളുണ്ടാകുമ്പോൾ എല്ലാ അ
ഭിപ്രായങ്ങളിലും പരമാർത്ഥമുണ്ടെന്ന എപ്പോഴും പറഞ്ഞുകൂടു
ന്നതുമല്ല.

ഒരാൾക്കു വല്ലതിനേയും കുറിച്ച് ഒരു അഭിപ്രായം ജനിക്കു
ന്നത യഥാർത്ഥമായ കാരണത്തെ ആശ്രയിച്ചായിരിക്കുമ്പോൾ
ആ അഭിപ്രായത്തെ എല്ലാവരും സ്വീകരിക്കുകയും അതിപ്രയാസ

ദാന്തപക്ഷം'' സിദ്ധമായ അന്തം, അതായത സൂക്ഷ്മാലോചനയുടെ ഫലമായി ലഭിക്കപ്പെട്ട തത്വം അത് ഏതോ, ആ പക്ഷം) എന്ന് പറയുകയും ചെയ്യുന്നു. തക്കതായ കാരണത്തെ അവലംബിച്ചല്ലാതെയോ യാതൊരു കാരണവുമില്ലാതെയോ വല്ലതും ധരിക്കുകയോ പറയുകയോ ചെയ്യുന്നത പലപ്പോഴും ആക്ഷേപത്തിനും ചിലപ്പോൾ പരിഹാസത്തിനും കൂടി ഹേതുവായിത്തീരുന്നതാണ.

രാജാവെന്നു കേട്ടിട്ടുള്ളതല്ലാതെ ജനനം മുതൽക്കു കണ്ടിട്ടില്ലാത്തതുകൊണ്ട രാജാവു മനുഷ്യവർഗ്ഗത്തിൽ നിന്നു ഭേദിച്ച ഒരു മാതിരി സൃഷ്ടിയാണെന്നു ധരിച്ചിരുന്നതിനാൽ ഒരിക്കൽ ഒരുരാജാവിനെ കാണുവാൻ സംഗതിവന്ന ഒരു മുത്തശ്ശി ''അല്ലാ, രാജാവ്, രാജാവ് എന്നുകേട്ടപ്പോൾ ഞാൻ എന്തോ എന്നുവിചാരിച്ചു. ഇത ഒരാളാണ'' എന്നു പറഞ്ഞിട്ടുള്ളത് ഓർമ്മയിൽ വരുന്നു. ഈ മുത്തശ്ശിയെപ്പോലെയുള്ളവരെയോ ഇതിലും കുറച്ചുകൂടിഭേദമായിട്ടുള്ളവരേയോ നാമുപേക്ഷിച്ചാൽ ധാരാളം കാണുവാൻ കഴിയും.

ഇങ്ങിനെയാതൊരു കാരണവുമില്ലാതെയോ തക്കതായ കാരണം കൂടാതെയോ ചിലര വല്ലതും ധരിക്കുകയോ പറയുകയോ ചെയ്യുന്നത് ഒരു വിധം ആലോചിച്ചാൽ സഹിക്കാവുന്നതാണ്. അദിപ്രായഭേദവും തെറ്റിദ്ധരിക്കലും പലർക്കും പലകാര്യത്തിലും ധാരാളം വന്നുപോകുന്നതാണ.

എന്നാൽ ''ഞാൻധരിച്ചതുശരി'' ''ഞാൻ പറയുന്നത സത്യം'' എന്നുള്ളനാട്ടത്തോടു കൂടിയും, മറുള്ളവർ എത്രവളരെ യുക്തിയോടുകൂടിപ്പറഞ്ഞാലും സമ്മതിക്കാതെയും, അതിനെപ്പറ്റി ആലോചിക്കാതെയും ഇരിക്കുന്ന ചിലരുണ്ട്. അവരുടെ അവസ്ഥയാണ വളരെ ശോചനീയമായിട്ടുള്ളത്. ഇങ്ങിനെയുള്ള പിടിവാദം ''ഞാൻതന്നെ പ്രമാണി'' ''നാമുക്കു സമനേവൻ'' എന്നിങ്ങിനെ അവനവനോ പറഞ്ഞു അവനവനുതന്നെ ഉണ്ടായിട്ടുള്ള വിചാരത്തിന്റെ ഫലമാണെന്നേ പറഞ്ഞു കൂടൂ.

അറിവിനെ ആശ്രയിച്ച് ''താൻ പ്രമാണി'' എന്ന നടിച്ചു നടക്കുന്നവർ ഒന്നാം അറിഞ്ഞുകൂടാത്ത മൂഢന്മാരാണെന്നുപറഞ്ഞുകൂടാ. ഒന്നുമറിഞ്ഞുകൂടാത്തകൂട്ടരാണെങ്കിൽ മറുള്ളവർ പറയുന്നതിനെ വിശ്വസിച്ചുകൊള്ളുന്നതാകയാൽ അങ്ങിനെയുള്ളവരെ വ

ല്ലു കായ്വും പറഞ്ഞു ബോദ്ധ്യപ്പെടുത്തുന്നത് എളുപ്പമായിട്ടുള്ളതാണ്. വിശേഷജ്ഞന്മാരായ മഹാത്മാക്കളെ കായ്വും ബോദ്ധ്യപ്പെടുത്തുന്നതും വളരെ എളുപ്പമാണല്ലൊ.

"താൻപ്രമാണിഞ്ഞം" നടിക്കുന്ന കൂട്ടർ ഈ രണ്ടുതരത്തിലും പെട്ടവരല്ല. കുറച്ചു വല്ലതും അറിഞ്ഞിരിക്കും. ഇനിയും വളരെ അറിവാനുണ്ടെന്നു മനസ്സിലാക്കുകയുമില്ല. ഇങ്ങിനെയുള്ളവരാണ് "ഞാൻ യോഗ്യൻ" "മറവരൊക്കെ മോശം" എന്നുറച്ചുപോകുന്നത്- "അചിവേത്തിഷഡക്ഷരാണ്ചേട്ടീദേഹം ശിതികണുമിഹതി" എന്നുപറഞ്ഞിട്ടുള്ളത ഈ വകക്കാരേക്കുറിച്ചുതന്നെയാണ്.

ഇങ്ങിനേയുള്ളവരുടെ ഭാവവും അവരോട സംസാരിക്കേണ്ടതായിവരുമ്പോൾ മറുള്ളവക്ക നേരിടുന്ന സങ്കടവും കുറച്ചൊന്നുമല്ല. "ജ്ഞാനലവദുർവ്വിദഗ്ദ്ധം ബ്രഹ്മാപിനരംനരഞ്ജയതി" "അല്പവിദ്വാൻ മഹാഗർവ്വി," എന്നും മറും പറഞ്ഞിട്ടുള്ള മഹാന്മാരെ നാളൊന്നിന്ന നൂറു പ്രാവശ്യം തൊഴുതാൽ പോര.

കാലക്രമംകൊണ്ട അറിവ വർദ്ധിക്കുകയോ ഒരു യോഗ്യൻ ഒരവസരത്തിൽ പറഞ്ഞതുപോലെ "യൌവനത്തിന്റെ ശക്തികൊണ്ടുള്ള ചോരത്തിളപ്പൊന്നു കുറയുകയോ" ചെയ്യുമ്പോൾ ഇവരുടെ "ഞാൻതന്നെ പ്രമാണി" എന്നുള്ള ഭാവം നിശ്ശേഷം നശിക്കുന്നതും അപ്പോൾ അവക്ക മുമ്പുണ്ടായിരുന്ന മൂഢതയേയും തന്നിമിത്തം കാണിച്ചതായ ചാപല്യങ്ങളേയും ഓർത്ത പശ്ചാത്തപിച്ചുകൊള്ളുന്നതുമാണ്.

"യദാകിഞ്ചിജ്ഞോഹംഗജ ഇവമദാന്ധസ്സമദവേം
തദാസർവ്വജ്ഞോസ്മീത്യഭവദവലിപ്തംമമമനഃ-
യദാകിഞ്ചിൽകിഞ്ചിൽബുധജനസകാശാദവഗതം
തദാമൂഢോസ്മീതിജ്വരഇവമദോമേവ്യപഗതഃ."

എന്നുപറഞ്ഞിട്ടുള്ളതുകൊണ്ട് അറിവുകുറഞ്ഞിരിക്കുന്നകാലത്ത താൻ സർവ്വജ്ഞനെന്നും അറിവ വർദ്ധിച്ചിട്ടുള്ള കാലത്ത താൻ അറിവുകുറഞ്ഞവനാണെന്നും തോന്നിപ്പോകുന്നത് ഒരു പതിവാണെന്നുവിചാരിക്കേണം. അതുകൊണ്ടാണ വിദ്യയുടെ ഫലം വിനയമാണെന്ന യോഗ്യന്മാർ പറയുന്നത്.

ഇങ്ങിനെയുള്ള ദുർബ്ബുദ്ധിയാന്മാർ "പരപരിഹാസമരിങ്കിൽ പരമടിലാഭം കലർന്നുമേവുന്നു" എന്നുവരികിലും തങ്ങൾ ലോകനിന്ദയ്ക്കു പാത്രീഭവിച്ചിട്ടുള്ളവരാണെന്നുള്ളത് ഒരു ദുർബ്ബുദ്ധിയും ഓർക്കുന്നതുവരെ ഒരിക്കലും മനസ്സിലാക്കുന്നതല്ല.

ഇനി ധനത്തെ ആശ്രയിച്ച മേൽപറഞ്ഞനിലെ നടിക്കുന്ന കൂട്ടരെ നമുക്കു നോക്കുക. "ഭക്ഷണമായുമാണ്ടാൽ, യക്ഷേശനെയും ജയിച്ചിട്ടുണ്ണുവർ" എന്നാണല്ലോ. കായ്മണിനെയിരിക്കുമ്പോൾ ഒരു മാരിരി പണക്കാരാണെന്ന് പറയാവുന്ന ഇങ്ങിനെയുള്ള വരുടെ കഥയെന്തു പറയേണ്ടു!

വല്ലവരേയും കണ്ടാൽ യാതൊന്നും സംസാരിക്കാതെ ബഹുഗൌരവം നടിച്ചിരിക്കുക. ആരെങ്കിലും വല്ലതും ചെന്നുപറഞ്ഞാൽ ഒരു തലയാട്ടൽ. ഇങ്ങിനെ ഇവർ കാട്ടുന്ന ശ്രദ്ധിക്കേണ്ട പറഞ്ഞുതുടങ്ങിയാൽ കണക്കാകയുമില്ല. പണ്ടു കണ്ടുപരിചയവും മറും ഉള്ള വല്ലവരേയും വിലപ്പോവാം കാണ്ടാൽ കണ്ടില്ലെന്നുകാട്ടുക കണ്ടതായി നടിച്ചാൽതന്നെയും പണ്ടു കണ്ടിട്ടുള്ള ഓർമ്മയില്ലെന്നു നടിക്കുക, മുതലായ പലതും പ്രഭുതാപത്തിന്റെ അംശമെന്നാണ വെച്ചിരിക്കുന്നത്. ആരും തങ്ങൾക്കെതിരില്ല, സർവ്വഗുണ തങ്ങൾ പൂജ്യന്മാരാണ്, എന്നുള്ള വിചാരം ഇവരിൽതന്നെയാണ കുടികൊള്ളുന്നത്. സവയസ്സന്മാരും മദ്ധ്യേധികനാരുമായ ചിലർക്ക് വെറുപ്പുതോന്നത്തക്കവണ്ണം അലക്ഷ്യമായി പലതും സംസാരിപ്പാൻ ഇവർക്ക് യാതൊരു ശങ്കയുമുണ്ടാവുകയില്ല.

ഇങ്ങിനെ ദുരഭിമാനികളായിട്ടുള്ളവർക്ക് വളരെ അനുഭവങ്ങൾ നേരിടുവാൻ എടയുള്ളതും നേരിട്ടിട്ടുള്ളതും ആണ്. ദ്രോണരുടേയും പാഞ്ചാലരാജാവിന്റേയും കഥ ഇവിടെ ഉദാഹരണമായിട്ടു വിചാരിക്കാം.

ഇങ്ങിനെയുള്ള ചിലർക്ക് തങ്ങളുടെ സ്ഥിതി എന്താണെന്നും എങ്ങിനെയാണ് ലോകത്തിൽ വർത്തിക്കേണ്ടതെന്നും ഉള്ളതിനെ കുറിച്ച യാതൊരു വിചാരവുമുണ്ടാകയില്ല. ഇവരെ ബാധിച്ചിട്ടുള്ളതിമിരം നമ്മുടെ ചില ചെറുപ്പക്കാരെ ബാധിച്ചിട്ടുള്ള ഉദ്യോഗതിമിരത്തിൽനിന്ന ഒട്ടും താണതായിരിക്കയില്ല.

ഏതാനും സ്വത്ത് സ്വാധീനത്തിൽ ആയാൽ തൽക്ഷണം പൂവ്വകഥയെല്ലാം മറന്നു. നടവടിയെല്ലാം മാറി. പിന്നെ കൂലിപ്പാൻ പോകേണമെങ്കിലും മേനാവുവേണം. കുറച്ചുകഴിഞ്ഞാൽ ധൂർത്തിന്റെ ശക്തികൊണ്ടു പണം സാമാന്യം നശിച്ച മേനാവു കേറിനടക്കുവാൻ സാധിക്കയില്ലെന്നാവും. അപ്പോൾ കുതിരവണ്ടിയാക്കും. പിന്നെയും കുറച്ചുകഴിഞ്ഞാൽ കാളവണ്ടിയായി. കുറച്ചുകൂടികഴിഞ്ഞാൽ അതിന്നും നിവൃത്തിയില്ലാതെയായിട്ട് വാലിയക്കാരനാം ചെല്ലപ്പെട്ടിയുമായിട്ടുകാണാം. അവസാനം ‘ഉള്ളതുംപോംയമന്റെ ഉണ്ണിയമ്മേ’’ എന്നായിത്തീരും.

ഇങ്ങിനെ ‘‘ചത്തതിനൊക്കമേ ജീവിച്ചിരിക്കിലും’’ എന്ന കൂട്ടത്തിലുള്ളവർ ഇപ്പോൾ വളരെയുണ്ട്. ‘‘വരവിന്നു സമാനം ചിലവുമതുവേണം’’ എന്നുള്ളതു എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. അവസ്ഥ നോക്കിച്ചിലവു ചെയ്യുമായ്കയാലല്ലാതെ നാല്ലകാര്യങ്ങൾക്കുവേണ്ടി ഒരു പൈ ചിലവു ഈ വകക്കാർ ചെയ്തു എന്നു വരികയില്ല. സൽപാത്രദാനംകൊണ്ടും മറ്റുമാണ ധനം ക്ഷയിച്ചുപോയതെങ്കിൽ ‘‘ശോഭനന്തോഗതിതവിഭവാശ്ചാർത്ഥിനരാഃ’’, എന്നു പറഞ്ഞിട്ടുള്ളതുപോലെ അവർ ലോകത്തിലപ്പോഴും സന്തോഷമുള്ളവരായിരിക്കുന്നതാണല്ലൊ.

കഥയില്ലാതെയുള്ള ദുരഭിമാനമാണ് ഇവരെ നശിപ്പിക്കുകയും ലോകനിന്ദക്കു പാത്രമാക്കുകയും ചെയ്യുന്നത്.

ഒരിക്കൽ ഒരാൾ ഒരു കയ്യിൽ പരിചയും മറുകയ്യിൽ വാളും ധരിച്ചുകൊണ്ടു നടക്കുമ്പോൾ ‘‘ഇതെന്തിനാണ്’’ എന്നു ആരോ ചോദിച്ചതിന്നു ‘‘ചണ്ടു ഞങ്ങളുടെ തറവാട വളരെ സ്വത്തുള്ളതും കേട്ടിക്കേട്ടതുമായിരുന്നു. അന്നു് അകമ്പിടികൂടാതെ പുറത്തിറങ്ങുക പതിവില്ലാ. ഇപ്പോൾ സ്വത്തു അധികമില്ലെങ്കിലും സ്ഥാനമാനങ്ങൾ കളഞ്ഞുകുടെല്ലൊ എന്നവിചാരിച്ചു വല്ലടിക്കിലേക്കും പോകേണ്ടിവരുമ്പോൾ ഞാൻതന്നെ വാളും പരിചയും കയ്യിലെടുക്കുകയാണ്’’ എന്നു മറുവടിപറഞ്ഞതായി കേട്ടിട്ടുണ്ട്. ഇങ്ങിനെയുള്ള അഭിമാനഭാവം നീങ്ങാതെയിരിക്കുന്നതുവരെ ജനങ്ങളുടെയിടയിൽ ക്ഷേമമുണ്ടാകുന്നതിനെ വഴിയില്ല. ‘‘ഭംഗത്തിപ്പുഴത്തോ

ളുമഹാഭാഗ്യമുണ്ടെങ്കിലല്ലാതിക്കിടെയെങ്ങും വിളങ്ങാത്തൊരുതപം" എന്നുള്ളതു് ഒരിക്കലും മറക്കേണ്ടതാകുന്നതല്ല.

ഇങ്ങിനെ പലവഴിക്കും രയും അഹംഭാവം. അഹങ്കാരം. ഗർവ്വം എന്നും മറും പലേനാമങ്ങളുള്ള "ഞാനൊന്നേനാന്നാ" എന്നുള്ള ഭ്രമം ബാധിക്കാതിരുന്നിട്ടില്ല. ഈ ഭ്രമം ബാധിച്ചാൽ ഓരോവഴിക്കാരും കാണിക്കുന്ന ഗോഷ്ടി ഓരോവിധത്തിലായിരിക്കും. അതെല്ലാം ഇവിടെ വിസ്തരിച്ച സമയം കളയുന്നില്ല. ഏതു വിധമായിരുന്നാലും ഈ ഭ്രമം ബാധിക്കാതെ കഴിഞ്ഞുകൂടുന്നത് മഹാഭാഗ്യവും ഈ ഭ്രമം ബാധിക്കുന്നത് വലുതായ നാശത്തിനു കാരണവും ആണെന്ന് മഹാത്മാക്കളെല്ലാവരും ഒരുപോലെ സമ്മതിക്കുന്നതാകയാൽ ഈ ബാധകൂടാതിരിക്കുവാൻ എല്ലാവരും സർവ്വഥാ ശ്രമിക്കേണ്ടതാണ്.

"ഞാനൊന്നേനന്നാ", ഇതിൽ പ്രധാനക്ഷരമാണ് ന്യൂനമല്ലാതു്. ഇങ്ങിനെ സർവ്വന്യൂനമായ ഈ ഭ്രമം ബാധിച്ചിട്ടുള്ളവന്റെ അവസ്ഥയും സർവ്വന്യൂനംതന്നെയാണെന്ന് വിശേഷിച്ചു പറയേണമെന്നുണ്ടോ?

എന്തിനധികം പറയുന്നു യഥാർത്ഥത്തിൽ യോഗ്യൻതന്നെയാണെങ്കിൽ അവക്കു നാശകരമായ ഈ ഒരു ഭാവം ലേശംപോലും ഉണ്ടാകുന്നതല്ല. "മന്ദഃകവിയശഃപ്രാർത്ഥീ ഗമിഷ്യാമ്യുപഹാസ്യതാം" എന്ന മഹാത്മാവും മഹാകവിയുമായ ശ്രീകാളിദാസനും "പാദജനജ്ഞാനിനാ മാദ്യനായുള്ളോരു ഞാൻ" എന്നും മറും മഹാനായ തുഞ്ചത്തെഴുത്തച്ഛനും പറഞ്ഞിട്ടുള്ളതിനെ ആലോചിച്ചാൽ "നേരക്കടം തുള്ളുമില്ലെ"ന്നുള്ള വാക്യം വളരെ വാസ്തവമായിട്ടുള്ളതാണെന്ന് എളുപ്പത്തിൽ തീർച്ചപ്പെടുത്തുവാൻ കഴിയുന്നതാണ്.

ഒന്നുകൂടി ആലോചിച്ചുനോക്കുക. രണ്ടായിരംചതുരശ്രമൈൽ ദൂരത്തിൽ ഒരു ദിവസവും, അങ്ങിനെ മുപ്പതു ദിവസം കൂടിയത് ഒരു മാസവും, അങ്ങിനെ പന്ത്രണ്ടുമാസം കൂടിയത് ഒരു സംവത്സരവും, അങ്ങിനെയുള്ള നൂറു സംവത്സരം ആയുഷ്കാലവും, അയ ബ്രഹ്മാവിന്റെ ആയുസ്സു, കാലത്തിന്റെ അനന്തത്വം ആലോചിച്ചാ

ൽ നിസ്സാരമാണെന്നു പറയേണ്ടാം. ബ്രഹ്മാവിന്നുള്ള ആയുസ്സിന്റെ അവസ്ഥയാലോചിച്ചാൽ എഴുപതെന്നാ നൂറ്റുസംവത്സരം മാത്രം ജീവിച്ചിരിക്കുന്ന ഒരു മനുഷ്യന്റെ ആയുസ്സ് അതിലും വളരെ വളരെ നിസ്സാരമെന്നല്ലേ വിചാരിപ്പാൻ തരമുള്ളൂ. ഇങ്ങിനെ നോക്കുന്നതായാൽ എത്രയൊ ചുരുങ്ങിയ കാലമായിത്തോന്നുന്ന ഒരുനൂറു മനുഷ്യസംവത്സരമാണ് ഒരു മനുഷ്യന്റെ പരമായുസ്സ്. അതുപോലെതന്നെ, അല്പയോ കേരളീയരേ! അനേകകോടി ബ്രഹ്മാണ്ഡങ്ങളുള്ളതിൽ ഒരു ബ്രഹ്മാണ്ഡത്തിൽ ചുരുങ്ങിയ ഒരു ഭാഗമായ ഭൂമിയുടെ ഖണ്ഡങ്ങളിൽ ചെറിയ ഖണ്ഡമായ ഭാരതഖണ്ഡത്തിൽ ചെറുതായ ഒരു ജില്ലയിലോ സംസ്ഥാനത്തിലോ ഏവിടെയോ ഒരു താലൂക്കിൽ ഏതോ ഒരു ദേശത്തിന്റെ ഒരു കോണിലുള്ള ഒരു ഭവനത്തിലാണ നാം ഇപ്പോൾ വസിക്കുന്നത്.

ഇത്രയുമെത്ര ചുരുങ്ങിയ ഒരു കാലത്തിന്റെയും സ്ഥലത്തിന്റെയും അകത്ത് ചുരുങ്ങിവസിച്ചു നശിക്കുന്നവനായ ഒരു മനുഷ്യന്ന് അഹംഭാവം കാണിച്ചു തെറ്റിയുന്നതിന്ന് വല്ലതും കാരണമുണ്ടെങ്കിൽ അതു വസ്തുതയായ മനുഷ്യത്വത്തിന്റെ തള്ളിച്ചയാണെന്നല്ലാതെ മറെന്താണ് പറയുവാനുള്ളത്!

ചിറുമുറ വരവുരെ രാമമേനോൻ.

കുചേലവൃത്തം.

വഞ്ചിപ്പാട്ട്.

വഞ്ചികളി അല്ലെങ്കിൽ വള്ളംകളി തിരുവിതാംകൂറിലെ നായന്മാരുടെ പ്രിയതമമായ ഒരു വിനോദവും ആവശ്യാനുഭരിതമായ ഒരു വ്യായാമവും ആകുന്നു. വിസ്തൃതങ്ങളായ തടാകങ്ങളെക്കൊണ്ടും, രമണീയങ്ങളായ നദികളെക്കൊണ്ടും സമൃദ്ധവ്യാകീർണ്ണമായ ഈ രാജ്യത്തിൽ ഈ വിനോദത്തിന് ഇത്ര പ്രചാരവും പുഷ്ടിയും സിദ്ധിച്ചത് ആശ്ചര്യമല്ലല്ലോ. നേരേ മറിച്ച ഈ നാട്ടിൽ വള്ളംകളി ഇല്ലായിരുന്നുഎങ്കിൽ അതു നാട്ടുകാർക്ക് ലജ്ജാവഹ

മെന്നുതന്നെ പറയാമായിരുന്നു. ഈ കളിക്കാരുടെ ഇംഗ്ലീഷിനായി ഉണ്ടാക്കപ്പെട്ടിട്ടുള്ള ഗാനകാവ്യങ്ങൾക്ക് വള്ളപ്പാട്ടുകൾ അല്ലെങ്കിൽ വഞ്ചിപ്പാട്ടുകൾ എന്നുപേർ പറയപ്പെടുന്നു. ഇപ്പോൾ അറിവിൽപ്പെട്ടിട്ടുള്ള വഞ്ചിപ്പാട്ടുകളിൽവച്ച് ഉത്തമമായിട്ടുള്ളത് ഈ ലേഖനത്തിന്റെ വിഷയമായ വഞ്ചിപ്പാട്ടാണെന്ന് നിസ്സംശയം പറയാവുന്നതാണ്.

ദിഗ്വിലോകനം ആവശ്യപ്പെടാതെ പ്രഥമദൃഷ്ടത്തിൽതന്നെ മഹത്തായ ധർമ്മോപദേശംചെയ്യുന്ന ഒരു പുരാണകഥയാണു കുചേലവൃത്തം. സാക്ഷാൽ ശ്രീനാരായണൻതന്നെ ലോകരക്ഷണത്തിനായി മനുഷ്യരൂപേണ അവതീർണ്ണനും തന്റെ അതിമാനുഷകൃത്യങ്ങളേക്കൊണ്ട് ബാല്യത്തിൽതന്നെ ലോകത്തെ വിസ്മയഭരിതമാക്കിത്തീർത്തവനുമായ ശ്രീകൃഷ്ണൻ കംസവധാനന്തരം വിദ്യാഭ്യാസത്തിനായി സാന്ദീപനിയുടെ അടുക്കൽ ചെല്ലുന്നു. എന്തുംഅപ്രസിദ്ധനായ ഒരു ബ്രാഹ്മണബാലൻ അവിടെവച്ച ഭഗവാന്റെ സതീർത്ഥ്യതയുള്ളം സ്നേഹത്തിനും പാത്രീഭവിക്കുന്നു. വിദ്യാഭ്യാസാനന്തരം ഇവർ പിരികയും പിന്നീട അന്യോന്യദർശനത്തിനുപോലും ഇടയാകാതെ അനേകവർഷങ്ങൾ കഴിയുകയുംചെയ്യുന്നു. ഇതിനിടയിൽ ഭഗവാൻ ഗൌരവമേറിയ അവതാരകാര്യങ്ങളെ എല്ലാം ചെയ്തീർത്തു ദ്വാരകയിലെ രാജാവായിട്ടും ഭാരതവർഷത്തിൽ സർവ്വാധികപുരുഷനായിട്ടും ഇരുന്നുകാലത്തായ തന്റെ ഐശ്വര്യത്തിന്റെ മൂർദ്ധന്യത്തെ അനുസരിച്ച ദ്വാരകയിൽ സുഖവാസത്തെ അംഗീകരിക്കുന്നു. ഈ സന്ദർഭത്തിൽ "സുചേഷ്ടിതംകൊണ്ടുജഗൽപ്രസിദ്ധൻ" എന്ന മെച്ചം മാത്രമുള്ളവനും ദരിദ്രശിരോമണിയും ആയ തന്റെ സതീർത്ഥ്യൻ ഭാര്യയുടെ നിർബ്ബന്ധത്താൽ വല്ലതും യാചിക്കാനായി ഭഗവാന്റെ അടുക്കൽ വന്നു ചേരുന്നു. "പ്രാഭവമുള്ളവരേ പ്രാകൃതൻ കാണുമ്പോൾ പ്രാഭൃതം വേണമെന്നുണ്ട്" എന്നുള്ള ന്യായത്തെ അനുസരിച്ച് ഇദ്ദേഹം ഒരു കീറത്തുണിയിൽ കുറേ അവലും പൊതിഞ്ഞുംകെട്ടിക്കൊണ്ടുവന്നിട്ടുണ്ട്. എങ്കിലും ഇപ്രകാരമുള്ള തന്റെ സതീർത്ഥ്യനേയുള്ളൂവായ ഭഗവാൻ എതിരേൽക്കുന്നതും, പൂജിക്കുന്നതും, മലിനവസ്ത്രത്തിൽ

സഞ്ചിതമായ അവലിനെ ഭക്ഷിച്ച് അദ്ഭുതപൂർവ്വമായ സന്തുഷ്ടി യെ അനുഭവിക്കുന്നതും, ഒടുവിൽ ദരിദ്രനായ തന്റെ സ്നേഹിതന് ഉപഹാരോചരമായ ഐശ്വര്യസമ്പത്തിനെ പ്രദാനംചെയ്യുന്നതും, വിരക്തനും മോക്ഷാർത്ഥിയുമായ ഒരു ബ്രാഹ്മണന് ഇതെല്ലാം ആവശ്യപ്പെട്ടിട്ടില്ല, പിന്നയോ, ലോകത്തിൽ സ്ഥിരവും നിർവ്യാജവും ആയ സ്നേഹം, സ്ഥാനോത്കൃഷ്ടം, ഐശ്വര്യധോരണിമുതലായ ത്രുടസംഗതികളെ അവലംബിച്ചല്ല സ്ഥിതിചെയ്യുന്നതെന്നുള്ള അനഘതത്വത്തെ ലോകങ്ങൾക്ക് ഉപദേശിക്കാൻ മാത്രമാകുന്നു. ദരിദ്രനായ സതീർത്ഥ്യനും അത്ഥാപേക്ഷിയുമായ ദ്രോണനെ അവമാനിച്ച ദ്രുപദന്റെ ചരിത്രത്തോടുകൂടി ആലോചിക്കുമ്പോൾ ഈ കഥ എത്ര സാരമായ ഉപദേശത്തെ ആണ്നൽകുന്നത്.

ഒരു ഗാനകൃതിയുടെ കവി മീനച്ചൽതാലൂക്കിൽ രാമപുരം എന്ന ദിക്കിലുണ്ടായിരുന്ന ഒരു വായ്പൂർ ആണ്. ഇദ്ദേഹത്തെ ഇപ്പോഴും രാമപുരത്തു വായ്പൂർ എന്നുതന്നെ പറഞ്ഞുവരുന്നു. ഇദ്ദേഹം വളരെ വിദ്വാനും എന്നാൽ വളരെ വിദ്വാന്മാരേപ്പോലെ വിദ്യയിൽ അലങ്കരനെങ്കിലും ദാരിദ്ര്യത്താൽ പീഡിതനും ആയിരുന്നവത്രേ. ഇദ്ദേഹം ഈ വഞ്ചിപ്പാട്ടുണ്ടാക്കിയതിനേപ്പറ്റി മലയാള ഭാഷാചരിത്രത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"കാർത്തികതിരുനാൾ മഹാരാജാവ് 1-ൽ വടക്കോട്ട് എഴുന്നെള്ളിയിരുന്നസമയം വൈക്കത്ത് അല്പദിവസം എഴുന്നെള്ളിതാമസിച്ചുഎന്നും ഈ വർത്തമാനം വായ്പൂരുടെ ശിഷ്യന്മാരറിഞ്ഞ ഒരുവിധത്തിൽ വായ്പൂരേ പറഞ്ഞുസമ്മതിപ്പിച്ച് പത്തു ശ്ലോകങ്ങളുമുണ്ടാക്കിച്ചുകൊണ്ട വയ്പൂത്തേക്ക കൊണ്ടുപോകയും അവിടെ അടിയാ വയ്പിക്കയുംചെയ്തുഎന്നും ആയ കാരണം യോഗ്യനും വിദ്വാനും ആണെന്ന മഹാരാജാവ് ശ്ലോകങ്ങൾകൊണ്ട നിശ്ചയിച്ച ദക്ഷണംകൊടുക്കുന്നതിന്ന ചട്ടംകെട്ടി എന്നും തിരികെഎഴുന്നെള്ളുന്ന സമയം വായ്പൂരു കടവിൽ ഹാജരുണ്ടായിരുന്നുഎന്നും പോട്ടിൽക്കൂടി കയറുന്നതിന്ന കല്പിക്കയും വായ്പൂർ അതിൽ കയറുകയും ചെയ്തുഎന്നും അനന്തരം ഒരു വള്ളപ്പാട്ടുണ്ടാക്കി പാടുന്നതിന്ന ക

ല്ലിച്ചുഎന്നാം തൽക്ഷണം വേണ്ടതാകയാൽ വായ്പ്പർ അല്പം ക്ഷീണിച്ചു എങ്കിലും പരമഭക്തനാകയാൽ പെരുന്തച്ചോവിലപ്പനെ ധ്യാനിച്ചുകൊണ്ട് "കുചേലവൃത്തം" വള്ളപ്പാട്ടായിട്ട് ആരംഭിച്ച് പാടിത്തുടങ്ങിച്ചെന്നും തിരുവനന്തപുരത്തെത്തിച്ചെന്നുള്ളിയതും കഥ അവസാനിച്ചതും ശരിയിട്ടിരുന്നാംഎന്നാം" ഭരണ്ട്.

ഇതേപ്പറ്റികുറച്ചു പറയാനുള്ളതു പിന്നീട് പറഞ്ഞുകൊള്ളാം. ഏതായാലും തിരുവിതാംകൂർ മഹാരാജാവിന്റെ ആജ്ഞയേ അനുസരിച്ചാണ് ഈ കൃതിയെ കവിനിർമ്മിച്ചതെന്നുള്ളതിനു സംശയമില്ല. ഈ സംഗതിയെ അടിസ്ഥാനമായി ഒരു ഉപമാലങ്കാരത്തുടങ്ങിയാകുന്നകവിതന്റെ കഥാവിഷയത്തെ അവതരിപ്പിക്കുന്നത്.

"വഞ്ചനമനുജനായിട്ടവതരിച്ചിരിക്കുന്ന
വഞ്ചിവല്ലഭവൈരിയുടെ കൃപയുള്ളിരപ്പൻ
വഞ്ചിതമായ്ചെന്നാവൂ ഞാനെന്നറിഞ്ഞു വാഴുങ്കാലം
വഞ്ചിപ്പാട്ടുണ്ടാക്കേണമെന്നരുളിച്ചെയ്തു. "കുന്ന
വേദശാസ്ത്രപുരാണേതിഹാസകാവ്യനാടകാദി
വേദികളായിരിക്കുന്ന കവികളുടെ
മേദുരങ്ങളായ ശബ്ദപദ്യങ്ങളെ ശ്രവിക്കുന്ന
മേദിനിനാഥനോടാജ്ഞാപിച്ചതോർപ്പൂ
വാനവർക്കു നിറവോളമമൃതമപ്പിച്ച ഭഗ
വാനു കുവേലകുചിചിടകമെന്നോണം
വാണിഗുണംകൊണ്ടാരേയും പ്രീണിപ്പിക്കും വഞ്ചിവല്ല
പാണിക്കെൻപാട്ടിമ്പമാകാനടി തൊഴുന്നേൻ".

ഇപ്രകാരം കഥാവിഷയത്തെ പ്രസ്താവിച്ചതിന്റെശേഷം കവി തിരുവനന്തപുരം പട്ടണത്തിന്റെ ശില്പവൈചിത്ര്യത്തേയും മാർത്താണ്ഡവർമ്മമഹാരാജാവിന്റെ അവദാനങ്ങളേയും പ്രശംസിപ്പാൻ തുടങ്ങുന്നു. തന്റെ സ്വാമിയും അന്നദാതാവുമായ മഹാരാജാവിലുള്ള ഭക്ത്യതിശയത്താലും സാക്ഷാൽ വീരപുരുഷനായ ആ രാജസിംഹന്റെ പരാക്രമങ്ങളെക്കണ്ടുണ്ടായ വിസ്മയാധിക്യത്താലും വിമൂഢനായിത്തീർന്ന് കവി ആദ്യമേ മഹാവിഷ്ണുവി

ന്റെ ഒരു അവതാരമെന്നുതന്നെ കല്പിക്കുന്നു. എട്ടുവീട്ടിൽ പിള്ള മാർ മുതലായ "സ്വാമിദ്രോഹികടേവംശവിഛേദം വരുത്തിയതും" ശ്രീപത്മനാഭക്ഷേത്രം പണികഴിപ്പിച്ചതും ദ്രുടീപം മുതലായ പുണ്യാനുഷ്ഠാനങ്ങളെ സ്ഥാപിച്ചതും ഇങ്ങിനെ മാർത്താണ്ഡവർമ്മമഹാരാജാവിന്റെ രാജ്യഭാരത്തിൽ നടന്ന മുഖ്യസംഭവങ്ങളെല്ലാംആദ്യന്തം രസകരമായ വിധത്തിൽ സൂചിതങ്ങളായിരിക്കുന്നു. തിരുമനസ്സിലെ പുണ്യചേഷ്ടകളെക്കണ്ട് കവിയുടെ മനസ്സിൽ തിങ്ങുന്ന സന്തോഷം—

"മാർത്താണ്ഡമഹീപതീന്ദ്രൻ വെറുതേയോജയിക്കുന്നു.
മാലോകരെമന്നരായാലീവണ്ണം വേണ്ടു"

എന്നുള്ള വാക്കുകളായി പുറത്തേക്കു പ്രസരിക്കുന്നു. സ്വാനന്തരം നാടകത്തിന്റെ ശില്പവൈശിഷ്ട്യം കണ്ടിട്ടു കവിക്കുണ്ടാകുന്ന വിസ്മയവും അനല്പമാകുന്നു. മതിലകവും കൊട്ടാരവും സംബന്ധിച്ചുള്ള എല്ലാക്കെട്ടിടങ്ങളും സ്ഥലവും വളരെ ഭംഗിയായി വർണ്ണിക്കപ്പെട്ടുകാണ്ട്. അനന്തരം കവി അനന്തപുരത്തിൽ അനന്തശയനായ പത്മനാഭന്റെ ദശാവതാരങ്ങളെ സൂചിപ്പിക്കയും കൃഷ്ണാവതാരം മുതൽ കുചേലോപാഖ്യാനംവരേ ഉള്ള ഭാഗവതകഥയെ എടുത്തും ചുരുക്കത്തിൽ വിവരിക്കയുംചെയ്യുന്നു. ഈ വിവരത്തിൽ ഒരു മനോധർമ്മം പ്രത്യക്ഷമായിക്കാണാനുണ്ട്. ശ്രീകൃഷ്ണന്റെ ഉല്കൃഷ്ടഗുണങ്ങളിൽവച്ച് പ്രസ്തുതമായ കുചേലോപാഖ്യാനത്തിൽ സർവ്വോപരിയായി പ്രകാശിക്കുന്നത് അദ്ദേഹത്തിന്റെ ഭക്തവാത്സല്യമാണല്ലൊ. സ്വാമിയുടെ ഈ ഭക്തവാത്സല്യം സർവ്വോപരി ആയി പ്രകാശിച്ചിട്ടുള്ളത പാണ്ഡവന്മാർ വിഷയമാണെന്നുള്ളതിനു സംശയമില്ല. അതിനാൽ "പാണ്ഡവന്മാരിൽ പക്ഷപാതി"യായ ഭഗവാൻ അവർക്കുവേണ്ടി ചെയ്തിട്ടുള്ള സാഹായ്യങ്ങളെ കവി ഒരുവിധം സവിസ്തരമായി വായനക്കാരുടെ മനസ്സിനെ ആകർഷിക്കൊണ്ട അലിയിക്കുന്ന വിധത്തിൽ വിവരിക്കുന്നു. ഇതിനു ഉദാഹരണമായി ചില വരികളെ ഇവിടെ എഴുതുന്നു.

"ധർമ്മപുത്രരുടെ കാര്യക്കാരനോ കാരണമർത്ത്യൻ
ധർമ്മദൈവമോ ദൂതനോ ഞാനറിഞ്ഞില്ല.

സന്നതിയാമർജ്ജുനന്റെ സഖിയോ സൂതനോചത
ചിന്നയൻ ഗുരുത്തനോ ഞാനറിഞ്ഞില്ല
സുരാസുരനരന്നാരേജയിച്ച സാദ്ധ്യസാചിയെ
ജരാനരാജിതനായ നാടിതനായൻ
ശരചരവശനാക്കി ചോരിപ്പോഴപ്പോളൊരു
ചരാചരപ്രപഞ്ചാനാം പതികോപിച്ചു,
കമ്മട്ടമല്ലീവൃദ്ധന്റെ കളിയെന്നിട്ട കയറും
ചമ്മട്ടിയുംവച്ചിട്ട നായുധത്വം സത്യം
കൈവിട്ടം കളഞ്ഞു ചക്രമെടുപ്പതും ചെയ്തരാജ
കണ്ഠവെട്ടത്തിറങ്ങി. ദേവപ്രതന്റെ നേരേ''

ഭാരതയുദ്ധകഥ അവസാനിപ്പിക്കുമ്പോൾ

"കളിയല്ലേ കണ്ണന്റേറയും ദുര്യ്യോധനന്റേറയും വധം എള്ളതാമോ പാണ്ഡവക്കിബന്ധുവല്ലാഞ്ഞാൽ'' എന്നു കവി ചോദിക്കുന്നതു പാണ്ഡവന്മാക്ക് ഭഗവാനിൽനിന്ന ലഭിച്ചിട്ടുള്ള സഹായത്തിന്റേറ ഗൌരവത്തെ പ്രത്യക്ഷപ്പെടുത്തുന്ന ഒരു ചോദ്യമാകുന്നു.

അനന്തരം "ചിൽക്കാതല്ലൂസതീർത്ഥ്യനും'' ബ്രഹ്മജ്ഞാനാനന്ദത്താൽ ദാരിദ്ര്യദുഃഖത്തെ വിസ്മരിച്ചവനുമായകുചേലന്റെ ധർമ്മപത്നി തന്റെ ഭർത്താവിനോട് തങ്ങളുടെ ദരിദ്രാവസ്ഥയെപ്പറ്റി സല്പം പറയുന്നു. "കുടുംബസംരക്ഷണത്തിനു അശക്തനായ നിങ്ങൾ എന്തിനുവിവാഹം കഴിച്ചു'' എന്ന് കുചേലന്റെ ഭാര്യ അദ്ദേഹത്തോടു ചോദിക്കുന്നതായി ഒരു പദ്യകാവ്യത്തിൽ വായിച്ചിട്ടുണ്ട്. ഈ വികൃതമായ ഒരു ചോദ്യം ആ സതീശിരോമാലികയെക്കൊണ്ട് ചോദിപ്പിച്ചതുകഠിനമായിപ്പോയി എന്ന് എല്ലാസഹൃദയന്മാരും സമ്മതിക്കുന്നതാണ്. ഈ സംഗതിയിൽ ശ്രീകൃഷ്ണചരിതത്തിൽ നന്ദ്യാരുടെപ്രയോഗംതന്നെയും കുറേ അധികമായില്ലയൊ എന്നു സംശയിക്കാം. എന്നാൽ ഈ വഞ്ചിപ്പാട്ടിൽ വിപ്രപത്നിയുടെ ആവലാതിവളരെ മിതവും വിനീതവും ആയ സ്വരത്തിലാണ്.

"ചില്ലീനമാനസപതേചിരന്തനനായപുമാൻ
ചില്ലിചുളിച്ചാന്നു കടാക്ഷിപ്പാനോക്കേണം
ഇല്ലദാരിദ്ര്യാത്തിയോളം വല്യതായിട്ടൊരാത്തിയും

ഇല്ലംവീണ്ടുകുത്തുമാറായതുംകണ്ടാലും
വല്ലഭകേട്ടാലും ചരമാന്തമഗണനായതുവാൻ
വല്ലഭയുടെ വിശപ്പുമറിയുന്നില്ല"

എന്നുപറഞ്ഞതിന്റെശേഷം ഭഗവാനെകാണ്മാൻ ചോണമെന്ന് അപേക്ഷികമാത്രം ചെയ്യുന്നു. ഈ അപേക്ഷയേ സ്വീകരിച്ച് പിറേറദിവസം പ്രഭാതത്തിൽ കുചേലൻ പ്രാട്ടതസഹിതനായിപ്പുറപ്പെടുന്നതിനേ എറ്റ അനുഭവങ്ങൾ വരുത്തിവണ്ണിച്ചിരിക്കുന്നു.

"കുലകൃഷകുതുഹലം കുടയുടെടുത്തിട്ടനു
കുലയായചന്തിയാടു യാത്രയുംചൊല്ലി
ബാലാദിത്യവെട്ടംതുടങ്ങിയനേരം കൃഷ്ണനാമ
ജാലങ്ങളെ ജപിപ്പുതും ചെയ്തുകുചേലൻ
ചാലെ വലഞ്ഞൊട്ടൊഴിഞ്ഞചകോരാദിപക്ഷിയുടെ
കോലാഹലം കേട്ടകൊണ്ടുറിനിന്നുമിച്ചു".

മാർഗ്ഗത്തിൽ അദ്ദേഹത്തിന്റെ വിചാരങ്ങളും മനുഷ്യസ്വഭാവത്തിന് അനുരൂപങ്ങളായിരിക്കുന്നു. വിദ്യാഭ്യാസം കഴിഞ്ഞ് പിരിഞ്ഞതിൽപിന്നെ ഇതുവരേ സ്വാമിയെച്ചെന്നുകാണാത്ത ഞാൻ ഇപ്പോൾ ചെന്നാൽ ഭഗവാന് എന്തുതോന്നുമെന്നും എന്റെ അപേക്ഷ "നാളീകംകരിമ്പനമേലെയ്തുപോലാകു" മെന്നും, മറും അതുക്ഷേചിച്ചും എങ്കിലും ഭഗവാന് എന്നോട് അപ്രീകാരമൊന്നും തോന്നുകയില്ലെന്നും

"താണുപണ്ടുണ്ടായസാഹചര്യദീനതതന്നെപറഞ്ഞു,
കാണുമ്പോളുചിലേശനോടിരപ്പനിവൻ
ദ്രോണർ ദ്രുപദനാലെന്നപോലെനിന്ദിക്കപ്പെടുക
വേണമെന്നില്ലാർദ്രനല്ലെപ്രഭുവല്ലല്ലൊ"

എന്നും മറും സമാധാനം ചെയ്തും കുചേലൻ ദ്വാരവതിയുടെ സമീപത്തിൽ എത്തുന്നു. ഇവിടെ ദ്വാരവതിയുടെ വർണ്ണനം കവിക്ക വർണ്ണനത്തിലുള്ള പാടവത്തേ ധാരാളം പ്രത്യക്ഷീകരിക്കുന്നു. ഈ പട്ടണം കണ്ടപ്പോൾ കുചേലനുണ്ടായ അനുഭവത്തേ കവി ഇപ്രകാരം വർണ്ണിക്കുന്നു.

“രാമാനുജാഞ്ചിതരാജധാനിസൽക്കർമ്മിച്ചേകിയ
രോമാഞ്ചക്കുപ്പായമീറനായി ചെഞ്ചെമ്മെ
സീമാതീതാനന്ദാശ്രുവിൽ കുളിക്കുകൊണ്ടുകേല
ചോമാതിരിക്കുതുചുമടായിച്ചമഞ്ഞും.
ഭക്തിയായകാറുകൈകണക്കിലേറുപൊങ്കിയ
ഭാഗ്യപാരാവാരഭംഗപരമ്പരയാ
ശക്തിയോടുകൂടിവന്നു മാറിമാറിപെടുത്തിട്ട
ശാർങ്ഗീയുടെ പുരദ്വാരം പൂകിക്കപ്പെട്ടു”.

ഇത് അലങ്കാരധാടികൊണ്ടും ഭാവരസംകൊണ്ടും ഏതു സഹൃദയന്റെ മനസ്സിനെ ആണ് ആനന്ദിപ്പിക്കാത്തത്? അപ്പോൾ

“ഏഴാംമാളികമുകളിലിരുന്നരുളും-
ഏഴരണുലകുവാഴിയായതമ്പുരാൻ”

തന്റെ വയസ്യന്റെ വരവിനെയറിഞ്ഞിട്ട് താഴെ എഴുന്നള്ളി

“മാറത്തേപിയപ്പുവെള്ളംകൊണ്ടു നാറുംസതീർത്ഥ്യനേ
മാറത്തുണ്ണിയോടുചേർത്തു ഗാഢംപുണർന്നു
കുറുമൊഴിതൻകൈകൊണ്ടുകൈപിടിച്ചുകൊണ്ടുചെരി
കേറിക്കൊണ്ടുചെന്നുമുല്ലത്തിന്മേലിരുത്തി”

എന്നുള്ളത് ദ്രുപദനേപ്പോലെ ഉള്ളവർക്ക് എത്ര സാരമായ പാഠമായിരിക്കുന്നു. അനന്തരം ഭഗവാന്റെ സല്ക്കാരവും; “ചിത്രം ചിത്രമങ്ങോട്ടു ചെന്നാടേടുന്ന മഹാതീർത്ഥമിരുന്നോളമാശമിക്കുകൊണ്ടു നന്നായീ” എന്നിത്യാദിയായ കുശലപ്രശ്നവും മഹത്തായ ലോകോപദേശമായിരിക്കുന്നു. അനന്തരം വിദ്യാഭ്യാസകാലത്തു നടന്ന സംഗതികളെപ്പറ്റി സംഭാഷണം സ്വാഭാവികമായി പ്രവർത്തിക്കുന്നു. ഈ സംഭാഷണത്തേപ്പറ്റെന്നു നിരൂപിച്ചിട്ട് ഭഗവാൻ തന്റെ പ്രിയസഖൻ കൊണ്ടുവന്നിട്ടുള്ള പ്രാഭൃതത്തേ അപേക്ഷിക്കുന്ന വരികൾ ഹൃദയത്തേ ബലാൽ ആകർഷിക്കുന്നു.

“വിശേഷങ്ങളിനിയും പറഞ്ഞുകൊള്ളാംബന്ധുവിനാ
വിശക്കുന്നു നമുക്കു സഹിച്ചുകൂടാ
വിശുദ്ധനായഭവാന്റെ ഭവചിഹ്നമീന്നുപോമീ
വശംകെടുമിക്കിഴവോളരിനൊന്നുതരൂ

ചൊന്നയിങ്ങോട്ടതന്നാലും ലജ്ജിക്കേണ്ടഗോചിമാരും
കൊതിയനെന്നിജനത്തേചറവുഞ്ഞാനും''

ഇപ്രകാരം അരുളിചെയ്തതിന്റെ ശേഷം ഭഗവാൻ അവൽ പ്പൊതി കയ്യിലാക്കി ഒരുചിരി അവൾ ഭക്ഷിക്കയും,

''കയ്യിലഭ്രമൊന്നുമില്ലാഞ്ഞെന്റെ ഭക്തന്മാരുപ്പിച്ചാൽ
കയ്യുംകാത്തിരക്കുവുമെന്നിക്കുമതം.''

എന്നു സന്തോഷത്തോടെ പറയുകയും ചെയ്യുന്നു. അനന്തരം പ്രിയവയസ്യനും പരമഭക്തനുമായ ബ്രാഹ്മണനു താൻ ദാനംചെയ്യാൻ നിശ്ചയിച്ചിരിക്കുന്ന ഐശ്വര്യത്തിന്റെ സൂചകമായി ഭഗവാൻ.

''ശ്രീയുംതവസ്ത്രീയുമൊന്നേഎന്നപദംതന്നെചെന്നാ
ജ്ജായയോടു പറഞ്ഞേക്കുമമവചനം.''

എന്നുമാത്രം പറയുന്നു. ഇതിനെല്ലാം കുചേലന്റെ ഉത്തരം എത്രയും മധുരവും വിനീതവും ആയിരിക്കുന്നു. ചിരവിരഹിതനായ രാന്റെ വയസ്യനോ അഥവാ വേദാന്തവേദ്യനായ ജഗദീശ്വരനൊക്കുണ്ടായ സന്തോഷത്താലും, ഭക്തഹൃദയത്തിന്റെ സൽക്കാരരീതിയാലും, മതിമറന്നുപോയ ആ മഹാ ബ്രാഹ്മണൻ തന്റെ ഭാര്യയുടെ അപേക്ഷയേപ്പറ്റി ഭഗവാനോടു യാതൊന്നും പറയാതെയും പിറേറദിവസം പ്രഭാതത്തിൽ യാത്രപറഞ്ഞ് പിരികയും ചെയ്യുന്നു.

അപ്പോൾ.

''വിയത്തോലിച്ചിട്ട പൂതിഗന്ധമേറുംവിത്രചനേ
വയസ്യനെന്നിട്ടരതിപതിചിതാവാം
ശ്രിയഃപതിമാറത്തു ചേർത്തതിഗാഢം പുണർന്നതും
ഭയപ്പെട്ടിട്ടാരുമൊന്നും പറയാഞ്ഞതും
ശാസ്യന്മാരാംഭൃത്യന്മാരുമശിക്കാത്തകുപ്രഭുക
മാസ്യത്തിലിട്ടമൂതാക്കിട്ടിറക്കിയതും,''

മറും വിചാരിച്ചു വിചാരിച്ചുണ്ടായ സന്തോഷത്താൽ, ജഡീഭൂതനായ ഇദ്ദേഹം കുറേവഴി നടന്നതിന്റെ ശേഷം തന്റെ ഭാര്യയുടെ അപേക്ഷയേ സ്മരിക്കയും അതുനിഷ്ഫലമായിത്തീർന്നതി

ന്നാൽ അത്യന്തം വ്യസനിക്കയും ചെയ്യുന്നു. ഇപ്രകാരം കുറേകൂടി പോയതിന്റെ ശേഷം അദ്ദേഹം സ്വഭവനം കാണുന്നതിനേയും അതിലുള്ള ഐശ്വര്യപുഷ്ടിയേയും കുചേലന് അവിടെ ഉണ്ടായ സൽക്കാരത്തേയും കവി എഴുതുകയും ഹൃദയംഗമമായവിധത്തിൽവർണ്ണിക്കുന്നു.

"വെൺകൊറ്റവാതപത്രം തഴവെൺചാമരം താലവൃന്തം
തങ്കക്കോളാമ്പി താംബൂലചർവ്വണക്കോപ്പം
മങ്കമാരെട്ടത്തുംകൊണ്ടുവേണ്ടെങ്കിലും പുറവുംകൂടി
പുങ്കജാക്ഷകുചകൊണ്ടുമുട്ടി കുചേലൻ.

ഇങ്ങിനെയുള്ള ഐശ്വര്യപുഷ്ടിയുടെ സ്വാഭാവിക ഫലം മദപുഷ്ടിയാണെല്ലോ. എന്നാൽ

"കുചേലനും പ്രേയസിക്കും സമ്പത്തുണ്ടായതിൽതരു
കുശേശയലോചനങ്കൽ പത്തിരട്ടിച്ചു.
കുചേലതയായടങ്ങിക്കൂപ്പുന്നൈക്യം കൊട്ടത്താലും
കുശേതരതരമായിക്കൂടം ശേഷിച്ചു."

ഈകാവ്യത്തിന്റെ കർത്താവ കവിതാവാസനയും മനോധർമ്മവും കല്പനാശക്തിയും ധാരാളമുള്ളവനും കവിയശസ്സിനു ധാരാളം അർഹനുമായ ഒരു കവിയാണെന്നു നിസ്സംശയം പറയാവുന്നതാണ്. രസോൽക്കർഷത്തിൽ ഞാൻ ഇവിടെ ഉദ്ധരിച്ചിട്ടുള്ളവരികളേക്കാൾ ഒട്ടും താഴെ അല്ലാത്ത വരികൾ ഇനിയും ഈകാവ്യത്തിൽവളരെ ഉണ്ട്. എന്നാൽ വിസ്താരഭയംകൊണ്ട് അവയേകൂടി ഉദ്ധരിക്കാൻ ചാടില്ലാതിരിക്കുന്നു. ശബ്ദാർത്ഥാലങ്കാരങ്ങളാൽ കാവ്യത്തിനു സിദ്ധിക്കേണ്ട ചമല്ക്കാരം ഈകാവ്യത്തിനു നല്ലവണ്ണം ലഭിച്ചിട്ടുണ്ട്. ഇതിനുംപുറമേ വാക്യങ്ങളായി അന്വയിക്കാൻക്ലേശമുള്ള ഒരു വരിയും ഈപുസ്തകത്തിൽ ഇല്ലെന്നുള്ളതും കവിയുടെ വിദഗ്ദ്ധത്തിന്ന് സാക്ഷിയാകുന്നു. എല്ലാംകൊണ്ടും വിദ്വാന്മാരും സഹൃദയന്മാരുമായ എല്ലാവായനക്കാരുടേയും ശ്രദ്ധക്ക് ഇപ്പോഴത്തെതിൽകൂടുതലായി വിഷയീഭവിക്കുന്നതിനു വേണ്ട യോഗ്യതകളും ഈകാവ്യത്തിനുണ്ടെന്ന് നിസ്സംശയം അഭിപ്രായപ്പെടാം.

ഇനി ഈകാവ്യത്തിന്റെ ജനനകാലത്തേപ്പറ്റി ഒരുസംശയം ഉള്ളതിനെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈകാവ്യം, 1[illegible]-ൽ നാടുനീങ്ങിയ കാർത്തികതിരുനാൾ മഹാരാജാവിന്റെ കാലത്ത് അദ്ദേഹത്തിന്റെ ആജ്ഞപ്രകാരം എഴുതപ്പെട്ടതായി ഭാഷാചരിത്രത്തിൽ കാണുന്നു. ഈ ഊഹത്തിനനുബലപ്പെടുത്തുന്നതായി ആഭ്യന്തരമായ യാതൊരു തെളിവും ഈകാവ്യത്തിൽ കാണുന്നില്ല. കാർത്തികതിരുനാൾ തിരുമനസ്സിലെ നാമധേയം രാമവർമ്മഎന്നായിരുന്നു. എന്നാൽ കവിവാഴ്ത്തുന്നതെല്ലാം മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ചരാക്രമത്തേ ആകുന്നു. ഇത് കാർത്തിക തിരുനാൾ തിരുമനസ്സിലേ അമ്മാമനും തിരുവിതാംകൂർ രാജ്യസ്ഥാപകനുമായ രാജഷ്ടനേ ഉദ്ദേശിച്ചാണെന്നുള്ളതിനുസംശയമില്ല. അവിടുത്തേ അപദാനങ്ങളുടെ കീർത്തനം ഭാഗിനേയനായ തിരുമനസ്സിലേക്ക് പ്രീതികരമായിത്തന്നേ ഇരിക്കുമെങ്കിലും, നാടുവാണിരുന്ന മഹാരാജാവിനേക്കുറിച്ച കവി ഒരക്ഷരം പോലും പറയാതെ ഒഴിക്കുമെന്നുള്ളത് അസംഭാവ്യമായിത്തോന്നുന്നു. മാർത്താണ്ഡവർമ്മമഹാരാജാവിന് സർവ്വഥാ അനന്തരനായ ഭാഗിനേയനായിരുന്ന രാമവർമ്മ മഹാരാജാവെന്നുള്ള വാസ്തവം ഈ അസംഭാവ്യതയെ ഏറ്റവും ബലപ്പെടുത്തുന്നു എന്നുമാത്രമല്ല മാർത്താണ്ഡവർമ്മ മഹാരാജാവിനേ വാഴ്ത്തുന്നതിൽ

"മാർത്താണ്ഡ മഹീപതീന്ദ്രൻ വെറുതെയോ ജയിക്കുന്നു."

എന്നുംമറ്റും അനേകം പ്രയോഗങ്ങളും വർത്തമാന കാലത്തിൽ തന്നെയാണ്

"നാട്ടിനെനന്നാക്കിയതുമോർത്താലുണ്ടു ജയസംഭം
നാട്ടുമീനവാവതാരമെന്നു തോന്നുന്നു"

എന്ന തദാനീന്തനമായ രാജ്യഭരണവൈശിഷ്ട്യ സൂചകങ്ങളുപേണയുള്ള ഭാവിപ്രയോഗവും കാണുന്നുണ്ട്. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് ഈകാവ്യം എഴുതപ്പെട്ട എന്നാണ് ഈസംഗതികളിൽനിന്നും ഊഹിക്കേണ്ടിയിരിക്കുന്നത്. ഈദാശയം വായനക്കാർ തീർച്ചയാക്കട്ടെ.

കെ. ആർ. കൃഷ്ണപിള്ള. ബി. എ.

മാമാങ്കം

(അല്ലെങ്കിൽ മലയാളത്തിലെ മാമാകം.)

———;o:———

അതിനു ശേഷം പിന്നത്തെ മാമാങ്കത്തിനുമുമ്പിൽ മാപ്പിള മാർ വെള്ളാട്ടരരാജാവിനെ ചെന്നുകണ്ടു വളരെ ശ്ലാഘിച്ചു കൂട്ടത്തിൽ ,,മാമാങ്കത്തിൽ നിലവാടുനില്പാൻ അവിടേക്കല്ലാതെ മറെറാരു രാജാവിനും ഭാഗ്യമുണ്ടായില്ലല്ലൊ അതുതന്നെ അവിടുത്തേ മഹത്വത്തെ പ്രത്യക്ഷപ്പെടുത്തുന്നുണ്ട എന്നുപറഞ്ഞും. അതു കേട്ട രാജാവ ,,അതു് എനിക്ക സംശതിവശാൽ സിദ്ധിച്ചതല്ലേ അതൊരു മഹത്വസാക്ഷ്യമാകുന്നതല്ലല്ലോ''. ,,അതല്ല. ഞങ്ങിനെ അവിടെക്ക സംശയമുണ്ടെങ്കിൽ അടുത്ത മാമാങ്കത്തിന്ന ഒരു വീര പരീക്ഷ നിശ്ചയിക്കുക'' ,,ഞങ്ങിനെതന്നെ. ഏതുപ്രകാരം വേണമെന്ന നിശ്ചയിക്കുവിൻ'' ,,എന്നാലവിടുന്ന നിലവാടുനില്ക്കുമ്പോൾ അവിടുത്തെ സൈന്യങ്ങൾ മുമ്പിൽ രണ്ടു വരിയായി ആയുധപാണികളായി നേരേ നില്ക്കുക. അപ്പോൾ സാമൂരിപ്പാട്ടിലേയോ മറു വല്ല രാജാക്കന്മാരുടേയോ ഭാഗത്തിൽനിന്ന ആരെങ്കിലും ഒരാൾ ഓടിക്ക കടന്നുവന്ന ഇവിടുത്തെ സൈന്യങ്ങളെ ജയിച്ചു നിലവാടുനില്പാനുള്ള സ്ഥലത്തു പ്രവേശിക്കുന്നതായാൽ നിലവാടുനില്പാനുള്ള അധികാരം അങ്ങോട്ടും, അതുപോലെതന്നെ അവിടുന്ന നില്ക്കുമ്പോൾ ഇവിടുത്തെ ആളെ ജയിച്ചുപെങ്കിൽ ആ സ്ഥാനം ഇങ്ങോട്ടും വിട്ടുകൊടുക്കത്തക്കവണ്ണം ഒരു നിശ്ചയം ചെയ്യ. എന്നാൽ ഇതിൽപെച്ച് ആക്കാണ യോഗ്യത എന്നറിയാമല്ലൊ'' എന്നുപറഞ്ഞു.

രാജാവ അങ്ങിനെ സമ്മതിക്കയുംചെയ്തു. പിന്നത്തെ മാമാങ്കത്തിന്ന അപ്രകാരം പരീക്ഷിച്ചതിൽ ആയുധാഭ്യാസത്തിൽ അതിസമർത്ഥന്മാരായ വെള്ളാട്ടര രാജാവിന്റെസൈന്യത്തെയെല്ലാം സാമൂരിപ്പാട്ടിലെ ഭടന്മാരിൽ ഒരുവൻ തോല്പിച്ചതിനാൽ ആവഴിക്ക നിലവാടുനില്പാനുള്ള അവകാശം സാമൂരിപ്പാട്ടിലെക്ക സിദ്ധിക്കയുംചെയ്തു. അതിൽപിന്നെ പലതവണയും സാമൂരിപ്പാട്ടിലേയും വെള്ളാട്ടരരാജാവിന്റെയും സൈന്യങ്ങൾ തമ്മിൽ പല നിലവാ

ടുനില്പിനെപ്പറ്റി മഹാഭയങ്കരമായ ചലേയുദ്ധവും ഉണ്ടായിട്ടുള്ള തായി കേൾവിയുണ്ട്. എങ്കിലും അതിലെല്ലാം സാമൂരിപ്പാടുതന്നെ ജയിച്ച കേറിയ സ്ഥാനത്തുനിന്നും എറങ്ങാതെതന്നെ മാമാങ്കം അവസാനിച്ചുഎന്നാണ ഐതിഹ്യം.

എന്നാൽ അന്നു മലയാളത്തിലുള്ള മറു രാജാക്കന്മാക്കും ംരം സ്ഥാനലബ്ധിക്കു സ്വാഭാവികമായി അഭ്യുഹം ജനിപ്പാനവകാശമുണ്ടായിരുന്നിരിക്കാമെങ്കിലും അന്നു കൊച്ചിതിരുവാംകൂർ മുതലായ തെക്കുള്ള രാജാക്കന്മാക്കുക്കും ഇന്നുള്ള പ്രാബല്യം സിദ്ധിച്ചിട്ടുണ്ടായിരുന്നില്ല. അതിനാൽ സാമൂരിപ്പാടിനെ ജയിപ്പാൻ തക്ക ശക്തിയുള്ള രാജാക്കന്മാർ ചുരുക്കമായിരുന്നതുകൊണ്ട മറുള്ളവരാരും ഈ കായ്ത്തിൽ പ്രവേശിക്കാതിരുന്നതാണെന്നൂഹിപ്പാൻ മതിയായ കാരണമുണ്ട.

ഇങ്ങിനെ സാമൂരിപ്പാടായിട്ടും ചുരുക്കംകാലം മാമാങ്കം നടത്തിവന്നിരുന്നതിനിടക്കു ഒരിക്കൽ മലയാളത്തിൽ അതിനുമുമ്പൊരിക്കലും കേട്ടുകേൾവിപോലുമുണ്ടായിട്ടില്ലാത്ത പ്രകാരം ഒരു ദിവസം അഞ്ചാറു നാഴികപ്പകലെ കാറും കുറുപ്പും ഇടിയും മിന്നലും കാറും ഒന്നും കൂടാതെതന്നെ യദൃഛയാ ഭാരതപ്പുഴയിൽ ഒരു വെള്ളപ്പൊക്കമുണ്ടായി. കുംഭമാസംകാലത്തു മലയാളത്തിലെ ഒരു നദിയിൽ ജലപ്രവാഹമുണ്ടാകുന്ന കായ്ം അതുരെങ്കിലും സംഭവിച്ചിട്ടുണ്ടോ സംശയിക്കുന്നതാണോ. എന്തിനു പറയുന്നു, വെള്ളം പൊങ്ങിയെന്നല്ലാ അതിവിശാലമായ മണപ്പുറത്തു നിരത്തിക്കെട്ടിയിരുന്ന അസംഖ്യം കുടിലുകളിലുണ്ടായിരുന്ന അനേകായിരം ഉറുപ്പികയുടെ കച്ചവടസ്സാമാനങ്ങളും, കച്ചവടക്കാരുടേയും കാഴ്ചക്കാരുടേയും പാപ്പിടങ്ങളും അവയിലുണ്ടായിരുന്ന കിണ്ണം, കിണ്ടി, കരണ്ടി മുതലായ പൊന്നു, വെള്ളി, വെങ്കലപാത്രങ്ങളും, മറുമെപ്പേപ്പെട്ടതും കുത്തിച്ചാടിയൊലിച്ച് പൊന്നാനിഅഴിയിൽചെന്ന സമുദ്രപതനംചെയ്കയും; മനുഷ്യരെല്ലാം ഒരുവിധം നീന്തിത്തുടിച്ച്, വെള്ളം കുടിച്ച്, ചത്തും ചാകാതേയും, കരയിൽ കയറിരക്ഷപ്പെടുകയുംചെയ്തു.

ഈ അപൂർവ്വസംഭവം നടന്ന സമയം അവിടെ കൂടിയിരുന്ന പല മഹാന്മാരുംകൂടി ഈ സംഗതി മില്ക്കാലത്തെ ജനങ്ങളുടെ

അന്വിന്നായി ഏതെങ്കിലും പ്രകാരത്തിൽ നിലനിർത്തേണമെന്നു നിശ്ചയിച്ചു.

എന്നാൽ പണ്ടത്തെക്കാലത്തെ ഹിന്ദുക്കൾ ഏതെങ്കിലും ഒരു വിശേഷസംഗതിയുണ്ടായാൽ അതിനെക്കുറിച്ചു ഒരു ചരിത്രമെഴുതുകയെന്ന സമ്പ്രദായം തുലോം ചുരുക്കമായിരുന്നു എങ്കിലും ആ സംഗതിയുടെ ഒരു ചുരുക്കം സൂചിപ്പിക്കുന്നതും, അതുണ്ടായ ദിവസത്തെപ്പോലും കൃത്യമായി കാണിക്കുന്നതും ആയി അന്നത്തെക്കലിദിനസംഖ്യക്കു ഒരു നാമകരണം ചെയ്യുന്നതു സാധാരണ പതിവായിരുന്നു. ഇങ്ങിനെ ചുരുങ്ങിയ അക്ഷരങ്ങളെക്കൊണ്ടു സംഗതിയെ സൂചിപ്പിക്കുകയും പരസ്പരപ്രകാരം സംഖ്യ ശരിയാക്കുകയും ചെയ്യത്തക്കവണ്ണം കലിദിനമുതലായവയുടെ നാമകരണം ചെയ്യുന്നതിനു പണ്ടുള്ള യോഗ്യന്മാരിൻ പലർക്കും വളരെ പാടവമുണ്ടായിരുന്നു എന്നുള്ളതു നമുക്കു പ്രത്യേകം സ്മരണീയമാണ്.

ഒരംവക വിദ്വാന്മാരിൽ പ്രത്യേകം കേമപ്പെട്ട ഒരാളായിരുന്നു നമ്മുടെ മേല്പത്തൂർ നാരായണ ഭട്ടതിരിപ്പാട.

മലയാളത്തിലെ വിദ്യാകലാനിപുണന്മാരായ പണ്ഡിതന്മാരെല്ലാം മാമാങ്കത്തിൽ വന്നുചേർന്നിരുന്നുഎന്നു മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അങ്ങിനെവന്നു ചേരുന്ന വിദ്വാന്മാർ അവിടെ ഓരോ സദസ്സുകളായി തിരിഞ്ഞു അതിൽ വെച്ചു താന്താങ്ങളുടെ വാസനയേയും ആഭ്യാസത്തേയും പ്രകടിപ്പിപ്പാനായി ശാസ്ത്രവാദങ്ങളും, സദിരുകളും മുതലായ സാഹിത്യ സംഗീത പരിക്ഷകളും നടത്തുകയും, അതിൽ വെച്ചു ജയാപജയങ്ങളുടെ താരതമ്യത്തെ ക്ലിപ്തപ്പെടുത്തി അവസ്ഥാനുസാരം സംഭാവനാദികളും നൽകുകയും ചെയ്തുവന്നിരുന്നതിനാൽ അക്കാലത്തു വിദ്യാഭിവൃദ്ധിക്കുംകൂടി മാമാങ്കം ഒരു മുഖ്യ പ്രയോജകമായിരുന്നു.

ഈ കൂട്ടത്തിൽ അന്നുള്ള വിദ്വാന്മാരിൽ ഏറ്റവും ഉയർന്ന ഒരു സ്ഥാനം സിദ്ധിച്ചിരുന്ന ഭട്ടതിരിപ്പാടും മേല്പറഞ്ഞ സംഭവം നടന്ന സമയം അവിടെ ഉണ്ടായിരുന്നു. അവരെല്ലാവരും കൂടി ആലോചിച്ചതിൽ അന്നത്തെ കലിദിനസംഖ്യയായ ക്ഷ്മപ്രഫ എന്നതിന്നു ഒരു പേരിട്ടു പ്രസിദ്ധപ്പെടുത്തേണ്ടതാവശ്യമാണെന്നു തീർച്ചയാക്കി. പലരും ഓരോപേരുകളിട്ടുതുടങ്ങി. അതിനിടക്കു ഭട്ടതിരി നദീപുഷ്പിരസഹ്യാനു എന്നൊരുപേരിട്ടു. അതുകേട്ടപ്പോൾ

വേറെ ഒരു നമ്പൂരി പട്ടേരിയുടെ അവസ്ഥയും ഇങ്ങിനെ ക്രമത്തി
ലൊരു ചേർച്ചയുണ്ടായിട്ടുകൊണ്ടു വിശേഷമായില്ലാ, ഒരാം അവസ്ഥക്കാരനെ
ന്ന അർത്ഥത്തിൽ തന്നെ ഒരാം സംഖ്യക്കു വിപരീതമായി ഒരു ചേരു
കൂടി ഇട്ടാൽ ഞാൻ സമ്മതിക്കാമെന്നു പറഞ്ഞു. അപ്പോൾ ഭട്ട
തിരി "നാന്ദ്യന്തസാരം പയോജനി" എന്ന് വിപരീതമായി ഒരു ചേ
രുകൂടി ഉണ്ടാക്കി. ഇതുകേട്ടപ്പോൾ വേറൊരു ജ്യോത്സ്യൻ "ഛെ! ഇ
തുരാവും പുച്ചി ഒരു ശ്ലോകമുപചോദ്യമായിരിക്കണം. എന്നാൽ പട്ടേ
രി! ഒരാം സംഖ്യയുടെ ചേരായിട്ടതന്നെ ഇതൊരു ശ്ലോകമാക്കരു
തോ?" എന്നായി. അപ്പോൾ മറ്റൊരു മാറ്റാൻ "എന്നാൽ അ
തും, ഒരു പാദം ക്രമസംഖ്യയേയും, മറ്റേതു വിപരീതസംഖ്യയേ
യും കാണിക്കുന്ന രണ്ടു ചേരുകളായിരിക്കണം; അവസാനം പ്രകൃത
ത്തിനു യോജിച്ചതായിരിക്കേണമെന്നു പറയേണ്ടതുമില്ലല്ലോ" എ
ന്നായി. അപ്പോൾ ഭട്ടതിരി "നാലാൽകൂടിയാൽ സായാഹ്നം, നാ
ഷ്ടാത്മാവു പ്രായേണജ്ഞനാം" എന്നിങ്ങിനെ രണ്ടു ചേരുകളേകൊ
ണ്ടുതന്നെ അവർ രണ്ടുചേരുകളെയും ഇഷ്ടപ്രകാരം ശ്ലോകവും പൂരി
പ്പിച്ചു.

ഈ കലിദിനസംഖ്യകൊണ്ടു നോക്കിയാൽ നാരായണീയ
നിർമ്മാണശേഷം ഇരിപത്തൊന്നാവുകൊല്ലം കഴിഞ്ഞിട്ടാണ് ഒരാം സം
ഭവം നടന്നതെന്നു കാണാം. നാരായണീയകൃതി പട്ടേരിയുടെ
ചെറുപ്പത്തിലാണെന്നു പ്രസിദ്ധമാണല്ലോ. അതുകൊണ്ട് ഒരാം ചേ
രുകാരൻ പട്ടേരിയുടെ തന്നെയാണെന്നു വിശ്വസിക്കുവാൻ ന്യായ
വിരോധവുമില്ലാ.

മാമാങ്കം ഇതിനുശേഷം പിന്നെയും വളരെക്കാലം നിലനിന്നു
പോന്നു, ഒടുവിൽ മലയാളത്തിലെ പൂർവ്വപശ്ചിമ സമുദ്രങ്ങളെ ഒരു
ധൂമകേതുവായി തിന്ന ടിപ്പുസ്സുൽത്താന്റെ ആഗമനത്തോടുകൂടി
കൊല്ലം 1783-ന് അടുത്ത ഒരു കാലത്തിൽ അവസാനിച്ചുപോ
യെന്നാണ വിശ്വാസമായ കേൾവിയുള്ളത്.

ഏതായാലും പ്രകൃതി കാഴ്ചകളൊക്കെയും കാലാന്തര
ത്തിൽ കണ്ടുവരുന്നതുപോലെയുള്ള പരിണാമഭേദംതന്നെയായി
രിക്കാം ഒരാം വിഷയത്തിലും സംഭവിച്ചത്. എന്നാലും ഇന്നുള്ള മ
ലയാളികളുടെ ഭാഗ്യദോഷം കൊണ്ടാണെന്നു മാത്രമേ ഞാൻ വി
ശ്വസിക്കുന്നുള്ളൂ. കൂനേഴത്തു പരമേശ്വരമേനോൻ.

ചില മലയാള വർണ്ണങ്ങൾ.

———— :o: ————

അടുത്തുകഴിഞ്ഞ ചിങ്ങത്തിലെ രസികരഞ്ജിനിയിൽ കെ. രാമകൃഷ്ണപിള്ള അവർകൾ ചില മലയാള വർണ്ണങ്ങളേപ്പറ്റി എഴുതിയിരുന്ന ലേഖനവും അതിന്റെ അവസാനത്തിൽ പത്രപാഠകന്മാർ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെക്കുറിച്ച ത്യാജ്യഗ്രാഹ്യവിവേചനം ചെയ്യണമെന്നുള്ള അഭ്യർത്ഥനയും ഞാൻ വായിക്കയുണ്ടായി.

മേൽ പറഞ്ഞ ലേഖകന്റെ അഭിപ്രായങ്ങളേപ്പറ്റി ത്യാജ്യഗ്രാഹ്യവിവേചനം ചെയ്യാൻ പ്രാപ്തനാണെന്നുള്ള അഭിമാനം എനിക്കില്ല. എങ്കിലും ഒരു വിഷയങ്ങളേപ്പറ്റി ഭാഷാപോഷിണിയിലും മറും പലരേയോർത്തുവരും വളരെകാലമായി പ്രതിപാദിച്ചുവരുന്നതു വായിക്കാറുള്ളതുകൊണ്ടും ഇങ്ങിനെ ഒരു വിഷയത്തിൽ പ്രോത്സാഹിക്കുന്നതു മലയാളഭാഷാതല്പരന്മാരായ എല്ലാവരുടെയും ഒരു ഭാരമാണെന്നുള്ള എന്റെ പൂർണ്ണവിശ്വാസം കൊണ്ടും എനിക്കു തോന്നുന്ന ചില അഭിപ്രായങ്ങൾ പറവാൻ തൊൻ ഒട്ടുംമടിക്കുന്നില്ല.

പിള്ള അവർകളുടെ ലേഖനാന്തർഗ്ഗതമായ വിഷയങ്ങളിൽ പ്രധാനമായി എന്റെ ശ്രദ്ധയെ ആകർഷിച്ചതു് സംവൃതസ്വരത്തെപറ്റിയുള്ളതാണു്. ഒരു വിവാദം തുടങ്ങീട്ടു് കുറെകാലമായല്ലൊ. ഒരു സ്വരം സംവൃതാകാരമൊ സംവൃതോകാരമൊ എന്നായിരുന്നു ആദ്യത്തെ സംശയം. സംവൃതാകാരമെന്ന ചിലർക്കു വാദിപ്പാൻ ഇടയായതിനു കാരണമെന്തായിരിക്കും? "ഹ്രസ്വസ്യാവർണ്ണസ്യോച്ചാരണേസംവൃതം" എന്ന സൂത്രസിദ്ധാന്തത്തെ അനുസരിച്ചു് ഒരു സംസ്കൃതപദത്തിന്റെ അവസാനത്തിലുള്ള ഹ്രസ്വാകാരം സംവൃതമാക്കി ഉച്ചരിക്കേണ്ടതാണെല്ലൊ. ഒരു പാണിനീയശിക്ഷയെ അനുസരിച്ചായിരുന്നു പണ്ടുള്ള ആര്യബ്രാഹ്മണർ പദാന്തത്തിലുള്ള ഹ്രസ്വാകാരത്തെ ഉച്ചരിച്ചിരുന്നത്. ഇതിനു ദൃഷ്ടാന്തമായി ഇപ്പൊഴുമുള്ള ഉത്തരദേശാര്യബ്രാഹ്മണരുടെ ഉച്ചാര

ണത്തെ സ്വീകരിക്കാവുന്നതാകുന്നു. അവർ എഴുതുന്നത് ''പച്ചാ ത'' എന്നാണെങ്കിലും ശബ്ദിക്കാറുള്ളത് ''പചാത'' എന്നാകു ന്നു. ഇപ്രകാരംതന്നെയായിരിക്കുമല്ലോ നമ്മുടെ മലയാളത്തെ കീഴ ടക്കിയ ആര്യപുരാതനന്മാരും അനുഷ്ഠിച്ചിരുന്നത്? ഇവരുടെ ഒരു സംവൃതാകാരത്തോട് നമ്മുടെ വിവാദഗ്രസ്തമായ സംവൃതസ്വര ത്തിന് ശ്രുതിസാമ്യമുണ്ടാകയാൽ, പൂർവ്വികന്മാർ കാട് വീട് എ ന്ന ശബ്ദിച്ചിരുന്ന പദങ്ങളെ ആര്യന്മാർ ''പചാത'' എന്ന് എ ഴുതുന്ന രീതിയെ അനുകരിച്ച് കാട, ചീട, എന്ന് എഴുതുകയും, ത ന്നിമിത്തം ''പചാത'' എന്നതിലെ അന്ത്യസ്വരംപോലെ ഇവക ളിലെ അന്ത്യസ്വരവും അകാര സംബന്ധിയെന്ന് അവർ പ്രമാ ദികമായി വിശ്വസിക്കയും ആ വിശ്വാസം ചില ആധുനികന്മാ രിലും പരമ്പരയായി നിഷ്ഫലമായി നിന്നുവരികയും ചെയ്തതിനാലോ ത മിഴ് വ്യാകരണത്തിലുള്ള ''കുറിയയ്യുകരം, മുറിയയ്യുകരം'' ഇവ യേപ്പറ്റി ഇവർ തീരെ അപരിചിതന്മാരായിരുന്നതിനാലൊ ആ യിരിക്കാം മേൽപ്പറഞ്ഞ വാദങ്ങൾ ഉണ്ടായിത്തീർന്നത്.

എന്നാൽ ഒരു സ്വരം സംവൃതോകാരമാണെന്നു മലയാള ത്തിലുള്ള മിക്ക വിദ്വാന്മാരും ഇപ്പോൾ ഒരുപോലെ സമ്മതി ച്ചിരിക്കുന്നു എന്നതിനു ദാക്ഷായോഷിണി ഒരു ബലമായ തെളി വാകകൊണ്ട് ഞാൻ ഇപ്പോൾ സംവൃതാകാരമല്ലെന്നു വീണ്ടും സ്ഥാപിപ്പാനായിത്തുനിയാതെ സംവൃതോകാരത്തിൽ പ്രവേശി ക്കാം. ഒരു സംവൃതോകാരത്തെ ഒരക്ഷരത്തോടുചേർത്തെഴുതുമ്പോ ൾ കേരളപാണിനീയത്തെ അനുസരിച്ച ഉകാരവും മീതേ സംവൃ തോകാര ചിഹ്നമായ ചന്ദ്രക്കലയും (ു) രണ്ടും വേണമോ എന്നും അല്ല ആകിടിയുടെ മീതേ ചന്ദ്രക്കലമാത്രം ഇട്ടാൽ മതിയോ എ ന്നുമാണ് മുഖ്യമായവാദം. ചന്ദ്രക്കലതന്നെ അരയുകാരചിഹ്നമാ കുന്നിമിത്തം ഉകാരവും (ു) ചന്ദ്രക്കലയും കൂടുമ്പോൾ ഒന്നര ഉകാ രമായില്ലെ? അതുകൊണ്ട് ഇകാരം അനാവശ്യമെന്നാണ് തോ ന്നുന്നത്. എന്നാൽ (ു) ചന്ദ്രക്കലമാത്രം ചേർന്നതായാൽ അ കാരവും സംവൃതോകാരവുംകൂടി ഒന്നര സ-രമായില്ലേ? എന്നുചോ ദിക്കുമായിരിക്കാം. ഒരു സംശയം മലയാളഭാഷയിൽ സ്വരചിഹ്ന

ങ്ങാതെ വണ്ണങ്ങളോട ചേക്കുന്ന ക്രമം സൂക്ഷ്മദൃഷ്ട്യാ നോക്കുന്നപക്ഷം തീരുന്നതാകുന്നു. മലയാളത്തിൽ ഇ, ഉ, ഋ" മുതലായ സ്വരങ്ങളുടെ ചിഹ്നമാകുന്നു, ി. ീ. മുതലായവ ക്കാരത്തോടചേത്തെഴുതുമ്പോളാണെല്ലോ കി. കീ. എന്നായിത്തീരുന്നത്. ഇങ്ങിനെ ചേത്തെഴുതുമ്പോൾ കി എന്നക്ഷരത്തിൽ 'അ'കാരവും 'ഇ'കാരവും കൂടി രണ്ടു സ്വരങ്ങളുണ്ടോ. ഇല്ലാത്തപക്ഷം അതുപോലെതന്നെ കേ' എന്നതിനോട (ൈ) അരയുകാരസ്വരചിഹ്നം ചേത്തെഴുതീട്ടുണ്ടാവുന്നത് എന്നതിൽ മാത്രം സ്വരദ്വയചിഹ്നങ്ങളുണ്ട് എന്നപറയുന്നത് യുക്തിയോ? അതുകൊണ്ട ചന്ദ്രക്കല മാത്രം മതിഎന്നും ഉകാരം ആവശ്യമില്ലെന്നും ആണ എന്റെ അഭിപ്രായം.

കടത്തനാട്ട് ഉദയവമ്മ രാജാവാണവർകൾ, മിസ്റ്റർ ഡോസ ഹിൽട്ടിയിൽ മുതലായവരെല്ലാവരും മേൽപറഞ്ഞ അഭിപ്രായത്തോട യോജിച്ചിട്ടുണ്ട്. പണ്ഡിതർ ആർ. വി. കൃഷ്ണമാചാര്യരവർകൾക്കും ഒരും അഭിപ്രായംതന്നെയാണ് ഉള്ളത് എന്ന് അദ്ദേഹത്തിന്റെ ഒരു ദിനപ്രലേഖനത്തിൽനിന്ന എനിക്ക അറിവാൻ സംഗതിയായിട്ടുണ്ട്.

മലബാർകാരുടെ സംപ്രതസ്വരം ഇകാരത്തിന്റെ ഉടവലിവായിരിക്കേ അതിനെക്കുറിപ്പാൻ ഇകാരോചരിചന്ദ്രക്കലയല്ലേ ഇടേണ്ടത്?" എന്ന മിസ്റ്റർ പിള്ള ചോദിച്ചതിനെപ്പറ്റി ആശ്ചര്യപ്പെടുന്നു. മലബാറിൽ ഈ സംപ്രതസ്വരം ഇകാരത്തിന്റെ ഉടവലിവായി ഉച്ചരിക്കുന്നത് മലബാർകാരനായ എന്റെ അറിവിൽ ഇതുവരെ ചെട്ടിട്ടില്ല. അഥവാ അങ്ങിനെ ഉണ്ടെന്ന ഊഹിക്കുന്നപക്ഷംതന്നെ ഇകാരോചരിചന്ദ്രക്കല ഇടേണമെന്നുണ്ടോ? ഒരും വിഷയത്തിൽ കേരളപാണിനീയത്തോട യോജിക്കുന്നപക്ഷമല്ലേ അങ്ങിനെ ചെയ്യേണ്ടതുള്ളു? "ആകപ്പാടെ നോക്കിയതിൽ കേരളപാണിനീയത്തോട യോജിക്കുന്നവരാണ് അധികമാളുകളെന്നുതോന്നുന്നു." എന്ന പറഞ്ഞതിന്ന് അടിസ്ഥാനമെന്തെന്ന് അറിയുന്നില്ല. "തിരുവിതാംകൂറിൽ ഭൂരിപക്ഷക്കാരും" പാണിനീയത്തെ അനുസരിച്ച് എഴുതിവരുന്നുണ്ടെങ്കിലും മദ്ധ്യകേരളത്തിലാകട്ടെ ഉത്തരകേരളത്തിലാകട്ടെ അപ്രകാരം ചെയ്യുന്നില്ലെന്ന നിസ്സംശയം പറയാവുന്നതാകുന്നു.

രം അന്ത്യസ്വരോച്ചാരണത്തിൽ ദേശാന്തരങ്ങളിൽ വല്ല സ്വല്പഭേദവും ഉണ്ടെങ്കിലും എഴുതുന്നതിൽ ഏകരീതിതന്നെ സാധിക്കേണമെങ്കിൽ ആരും മക്കട മുഷ്ടിപിടിക്കാതെ കാര്യത്തിന്റെ യഥാർത്ഥതത്വത്തെ സൂക്ഷ്മമായി അറിഞ്ഞ് യുക്തിക്കനുസരിച്ച് പ്രവൃത്തിക്കുന്നതായാൽ ഒരു വിഷമവും ഇല്ല.

ഇനി "നന" "പന" ഇവയേപറ്റിയാണ് കുറച്ച് പറവാനുള്ളത്. ഇതിലെ അന്ത്യലിപി "ണ" എന്ന് എഴുതണമെന്നാണല്ലൊ പിള്ള അവർകളുടെ അഭിപ്രായം. അപരിചിതന്മാർക്ക് പ്രഥമദൃഷ്ടിയിൽ പരിഭ്രമമുണ്ടാക്കിത്തീർക്കുന്ന ഒരു വക വർണ്ണങ്ങളും പുതുതായി സൃഷ്ടിക്കുന്നതിനെക്കാളും നമ്മുടെ പൂർവ്വീകന്മാർ ഉപയോഗിച്ചിരുന്ന വല്ല സൗന്ദര്യവും ഉണ്ടെങ്കിൽ അത സ്വീകരിക്കുന്നതല്ലേ നല്ലത്? പന എന്നതിലെ നകാരത്തിന്റെ ആദ്യത്തെ കുനി ചെറുതായും "നേരി" എന്നതിലെ നകാരത്തിന്ന ഇപ്പോഴുള്ളപോലെതന്നെ രണ്ടു കുനിയും ഒരുപോലെയും ആയിരുന്നവരെത്ര പണ്ടുള്ളവർ എഴുതിയിരുന്നത്. ഇതിന്ന ശരിയായ തെളിവ് മിസ്റ്റർ ഡോസെഫ് മൂളിയിൽ കാണിച്ചതായി ഭാഷാപോഷിണിയിൽ കാണുന്നതും ഉണ്ട. അദ്ദേഹം തെളിയിച്ചിട്ടില്ലാത്ത പക്ഷംതന്നെ ഒരു യുക്തിയാണ് സ്വീകാര്യയോഗ്യമെന്നാലോചിച്ചാലറിയാവുന്നതാകുന്നു. 'പ' കാര 'വ' കാരങ്ങൾ തമ്മിലുള്ള ഭേദം ഇതിനേ ബലപ്പെടുത്തുകയും ചെയ്യുന്നു. അതുകൊണ്ട പഴയ സമ്പ്രദായത്തെത്തന്നെ അനുസരിച്ച 'പന' യിലെ നകാരം ആദ്യത്തെ കുനി ചെറുതാക്കി എഴുതുന്നതായാൽ ഉചിതമായിരിക്കുമെന്നാണ എന്റെ അഭിപ്രായം. റ എന്നത ാ എന്ന എഴുതുന്നതിനും മതിയായ കാരണം കാണുന്നില്ല. ഇങ്ങിനെ മുമ്പുള്ള അക്ഷരങ്ങളെ ഉടച്ച വാക്കുവാനും സംശ്ലേഷങ്ങൾക്കും ശരാശരിയായി നൂതന അക്ഷരങ്ങളും സൃഷ്ടിപ്പാനും ശ്രമിക്കുന്നപക്ഷം നമ്മുടെ ഭാഷക്ക് അന്യഭാഷകളായി സമ്മേളനം വർദ്ധിക്കുംതോറും ഓരോ ലിപികളെ ചേർക്കേണ്ടിവരുന്നതാകയാൽ കാലക്രമംകൊണ്ട അക്ഷരകാണ്ഡം പരബ്രഹ്മംപോലെ അനന്തമായിത്തീരുകയും, നമ്മുടെ പിന്തുടർച്ചക്കാർക്ക് ഇക്കാലത്തെ വല്ല ഗ്രന്ഥങ്ങളോ പുസ്തകങ്ങളോ വായിച്ച മനസ്സിലാക്കേണമെങ്കിൽ അസാദ്ധ്യമായി വരികയും ചെയ്യും.

സി. രാമപ്പുതുവാൻ,

കടം.

ഇപ്രകാരം മറുള്ളവരെ വഞ്ചിക്കുന്ന കള്ളൻ തന്റെ അന്യായാർജ്ജിതമായ ധനം നഷ്ടപ്പെടുവാൻ പ്രാപ്തിയുള്ളവരോട കൈവശപ്പെടുത്തിട്ടുള്ളതാകയാൽ കേവലം തസ്കരനേക്കാൾ അല്പംഭേദമാണെന്നും അല്ലെങ്കിൽ അവന്ന പണം എന്തിന കടം കൊടുത്തുഎന്നും മറും ചിലർ പ്രതിവാദിക്കുമായിരിക്കും. എന്നാൽ ഇതിന്ന് കടം കൊടുത്തവരെ കുറപ്പെടുത്തുവാനില്ല. കടം കൊടുക്കുന്ന സമയം തന്റെ പണം വേഗത്തിൽ മടക്കി കിട്ടുമെന്നായിരിക്കുമല്ലൊ ഏവന്റെയും പൂർണ്ണവിശ്വാസം. അപ്പോൾ തനിക്ക നഷ്ടപ്പെടേണ്ടി വരുമോ എന്നും മറും ആലോചിക്കുന്ന കായ്യം അത്രതീവ്രയില്ല. ഈ ഒരു സംഗതി വിചാരിച്ചെങ്കിലും മുടന്ത കള്ളൻ പണം ഉടമസ്ഥനെ മടക്കികൊടുത്തുകളയാമെന്ന് വിചാരിക്കുമോ? ഒരിക്കലുമില്ല. ലജ്ജാഹീനന്മാരും എത്രതന്നെ കടം വാങ്ങിയാലും തൃപ്തിപ്പെടാത്തവരും ആയ ഈ ജാതിക്കാരുടെ സന്തോഷം മുഴുവനും കണ്ടു മനസ്സിലാക്കീട്ടില്ലാത്ത ഒരാൾക്ക് ഇവർ പണം കൈവശപ്പെടുത്തുവാൻ എന്തെല്ലാം ഉപായങ്ങൾ പരീക്ഷിച്ചുനോക്കുമെന്നും എത്രപേക്ക കടപ്പെട്ടിരിക്കുമെന്നും അറിവാൻ സാധിക്കുന്നതല്ല. തങ്ങളുടെ പരിചയക്കാരോടെല്ലാം കടം വാങ്ങുന്നവരും യാതൊരാൾക്കും സംഖ്യമടക്കികൊടുക്കാത്തവരും ആയ പലരേയും നമ്മാൾക്കു കാണുവാൻ കഴിയുന്നതാണ്. ജനങ്ങളെ ആസകലം ഇപ്രകാരം ചെണ്ടകൊട്ടിക്കുന്നതിന്ന് അവക്ക് എളുപ്പമായ ഒരു വഴിയുണ്ട. അതെന്തെന്നാൽ ഏതെങ്കിലും ഒരാളായിട്ട പരിചയമായാൽ ഉടനെതന്നെ അയാളോട സാമ്പത്തമായ വല്ല സംഖ്യയും വായ്പചോദിക്കുകതന്നെയാണ്. പരിചയം പുതുതായിരിക്കുമ്പോൾ തന്നെ ഇങ്ങിനെ യാചിക്കുന്നതുകൊണ്ട രണ്ടു ഗുണങ്ങളുണ്ട്. (1) തന്റെ ചരിത്രം അറിവില്ലാത്ത ആളുടെ മുമ്പിൽ സാധുത്വം അഭിനയിക്കുവാനും, തന്നിമിത്തം അയാളെ അനുകൂലിപ്പിക്കുവാനും യാചകന് എളുപ്പത്തിൽ സാധിക്കുന്നതാണ്. (2) അപേക്ഷ കുറെദിവസം കഴിഞ്ഞ ചെയ്യുന്നതാണെങ്കിൽ വല്ല സ്നേഹിതന്മാരും

പരമാത്മം മനസ്സിലാക്കി ഉപകാരത്തല്പരനായ അയാളെ മുടക്കുവാനും ഇടവന്നേക്കാം. ആദ്യത്തിങ്കൽ ഈ വൈഷമ്യം തീർന്ന് വഴിയില്ലല്ലോ. പതിവായി ഇങ്ങിനെ കടം വാങ്ങുന്നവരിൽ സംഖ്യമടക്കി കൊടുക്കുന്നവർ ഒരിക്കലും ഉണ്ടാകുന്നതല്ല. എന്നുമാത്രമല്ല ഇവരിൽ ചിലർ കടക്കാരനെ കാണുമ്പോൾ ഒളിച്ചുമാറുന്നവരുംകൂടി ആയിരിക്കും. പട്ടിണികൊണ്ട ചാവാതെയും ജയിലിൽ പോകാതെയും വളരെക്കാലം കഴിച്ചുകൂട്ടുവാൻ ഈ കൂട്ടരിൽ അധികം പേർക്ക് സാധിക്കുന്നുണ്ടല്ലോ! ഇതു അനുഭവം തന്നെ!

അതിലാഭം കിട്ടുവാൻ മാർഗ്ഗമുള്ള വ്യാപാര വിഷയത്തിൽ ദ്രവ്യം കടം കിട്ടേണമെന്ന പരസ്യപ്പെടുത്തുമ്പോൾ തന്നെ കായ്ക്കു സംഭവമില്ലാത്ത എത്രയോ ഗൃഹസ്ഥന്മാർ പണം കൊടുത്തുപോകുന്നു! ഈ വ്യാപാരത്തിൽ ലാഭം കിട്ടുന്നപോലെതന്നെ നഷ്ടവും വന്നേക്കാമെന്നുള്ള കഥ ആരും ഓർക്കുന്നില്ല. ഒരുവന്ന വ്യാപാരത്തിന്നാവശ്യമുള്ള ദ്രവ്യം കയ്യിലില്ലെങ്കിൽ അന്യന്റെ പണം കടം വാങ്ങിക്കുന്നതിലും നല്ലത അവനെ സഹായിപ്പാൻ തുണിയുള്ള മറെറാരുവനെ കൂട്ടാളിയായി ചേർക്കുന്നതാകുന്നു. എന്തെന്നാൽ ഇങ്ങിനെ മറെറാരാളെ കൂട്ടായി ചേർക്കുന്നതുകൊണ്ട് വ്യാപാരത്തിൽ നോട്ടവും ജാഗ്രതയും അധികം ഉണ്ടാവാൻ ഇടയുണ്ട. എന്നുമാത്രമല്ല അന്യന്റെ പണം കടംവാങ്ങി ഉപയോഗിക്കുമ്പോൾ സ്വന്തം പണം ചിലവുചെയ്യുമ്പോളുണ്ടാവുന്നപോലെയുള്ള ആശ്വാസം സാധാരണയായി ആർക്കും കണ്ടുവരാറുമില്ലല്ലോ.

(കടം) "വാങ്ങിടുകിലൊരു
ദുഃഖം പാകംനോക്കിച്ചിരിവിടലതിൽമൂഢകളയും"

എന്ന ആംഗ്ലേയകവിശിരോമണിയായ ഷേക്സ്പിയരുടെ വാക്കിന്റെ താല്പര്യവും ഇതുതന്നെയാണ്.

കടംവന്ന അതികഠിനമായ ബുദ്ധിമുട്ടിൽ അകപ്പെട്ടിരിക്കുമ്പോൾ തല്ക്കാലനിവൃത്തിക്കുവേണ്ടി വായ്പവാങ്ങിക്കുന്ന സമ്പ്രദായവും വളരെ ചീത്തയായിട്ടുള്ളതുതന്നെ. ഈ ഘട്ടങ്ങളിൽ പണം കിട്ടുന്നതിന്ന് അന്യായപലിശ കൊടുക്കേണ്ടിവരുന്നു. ആലോചനക്കുറവുള്ള ഒരാൾ കടത്തിലകപ്പെട്ടാൽ അയാളുടെ യഥാർത്ഥസ്ഥി

തിയറിഞ്ഞ കഴിയുന്ന വേഗത്തിൽ മോചനത്തിനുള്ള മാർഗ്ഗങ്ങളെ ആലോചിക്കാതെ പിന്നെയും തൽക്കാല നിവൃത്തി മാത്രം കരുതി കടം വാങ്ങിക്കയാണചെയ്യുന്നത. അവർ ഇപ്രകാരം പിന്നെയും പിന്നെയും കടംവാങ്ങി ഒടുവിൽ തീരെ നശിച്ചുപോകുവാൻ ഇടവരുന്നു. വ്യാമോഹിത ചിത്തനായ ഇയ്യാളുടെ സ്ഥിതി മോർഫിയാ (Morphia) എന്ന ഔഷധത്തിനു അടിമപ്പെട്ടുപോയ ഒരു രോഗിയുടെ അവസ്ഥപോലെയാണ. വായുക്ഷോഭം, ചുമ തുടങ്ങിയുള്ള രോഗം കൊണ്ട് പ്രാണവേദന അനുഭവിക്കുന്ന സമയം ഈ ഔഷധം ദേഹത്തിൽ പ്രവേശിപ്പിച്ചാൽ തൽക്കാലം ഒരാശ്വാസം കിട്ടുന്നതുകൊണ്ട് ആയതിനെ കൊരിച്ച ദീനക്കാർ ഈ മരുന്നിനെ വിഷമം ആലോചിക്കാതെ കൂടക്കൂടെ ഉപയോഗിക്കുന്നു. ഒടുവിൽ അവർ ഈ ഔഷധത്തിൽ ചേർന്നിട്ടുള്ള കറുപ്പിന്റെ ദോഷശക്തിക്കധീനപ്പെട്ട ദേഹനാശംതന്നെ വരുത്തിക്കൂട്ടുകയും ചെയ്യുന്നു. കടം വാങ്ങുന്നവരുടെ വ്യാമോഹാവസ്ഥയും അവസാനവും ഇങ്ങിനെതന്നെയാണ്.

ഈ സ്ഥിതിയിലുള്ളവർ വായ്പ വാങ്ങുവാനായി ഫ്രണ്ടികൾക്കാരുടെ അടുക്കൽ ചെല്ലുമ്പോൾ അനുഭവിക്കുന്ന നഷ്ടത്തേപ്പറ്റി നമുക്ക ഊഹിക്കാവുന്നതാണ. ഫ്രണ്ടികൾക്കാർ തങ്ങൾക്കു നഷ്ടം വരാതിരിപ്പാനുള്ള സകല വഴികളും നോക്കാതിരിക്കയില്ല. ഫ്രണ്ടികൾക്കാരുടെ കായ്മ കട്ടിയാകുന്നതോടുകൂടി മറുള്ളവരുടെ കായ്മ ഓട്ടയാവുന്നതും തീർച്ചയാണ. ഇങ്ങിനെ കടത്തിൽ കിടന്നു മുങ്ങുന്ന ഒരുവൻ അടുത്ത സ്നേഹിതനോട കൂടക്കൂടെ കടംവാങ്ങിച്ച അവനേയും തന്റെ സ്ഥിതിയിൽതന്നെയാക്കുവാൻ ഉത്സാഹിക്കുന്നത് ഏറ്റവും ജുഗുപ്സാവഹമായ പ്രവൃത്തിതന്നെയാണ. ഈ സംഗതിയെപ്പറ്റി ഏതെല്ലാംവിധത്തിൽ ദുർണദോഷനിരൂപണം ചെയ്യുന്നോക്കുന്നതായാലും നിവൃത്തിയില്ലാത്ത ഘട്ടത്തിൽ അനിയതമായ കായ്മസാധ്യത്തിന്നായി വ്യാപാരികളും തമ്മിൽ ഉടനെ മടക്കികൊടുക്കുവാനുള്ള മാർഗ്ഗം കണ്ട കടംവാങ്ങിക്കുന്നതൊഴികെ ശേഷമുള്ള സന്ദർഭങ്ങളെല്ലാം ആപത്തിൽ ചാടുവസാനിപ്പാനേ വഴിയുള്ളൂ.

കടംകൊടുക്കുമ്പോൾ പ്രായേണ ജനങ്ങളുടെ വിചാരം എന്തായിരിക്കുമെന്നുംകൂടി ഇനി അല്പം ആലോചിക്കുക. കയ്യിൽ ദ്രവ്യം വെച്ചുകൊണ്ട് ഇല്ലെന്നുപറയുന്നത് എങ്ങിനെ? ഇത് ന്യായമല്ലാതൊന്നുമില്ല വിചാരിക്കേണ്ടതു? സാമാന്യം മര്യാദക്കാരുടെ അഭിപ്രായം ഇങ്ങിനേയായിരിക്കും. പിന്നെ സാധാരണയായി പണം വായ്പചോദിക്കുന്നതും "ഇല്ല" എന്നുപറവാൻ പ്രകൃത്യാ മടിയില്ലാത്തവരോടായിരിക്കയില്ലല്ലോ. കൈവശം ധാരാളം പണമുണ്ടായിരിക്കേ, "എന്റെ കയ്യിൽ ഇരിപ്പില്ല" "ഞാൻ കൊടുക്കയില്ല" എന്നും മാറും നോക്കി പറവാൻ യാതൊരു ക്ലേശവുമില്ലാത്തവരോട് ആരെങ്കിലും കടംചോദിപ്പാൻ വിചാരിക്കുമോ? അവരുടെ മനസ്സിന്റെ കാഠിന്യം എത്രമാത്രമുണ്ടെന്ന് കണ്ടും കേട്ടും എല്ലാവർക്കും അനുഭവസിദ്ധമായിരിക്കയില്ലേ? പരിചയക്കാരിൽ ആരെങ്കിലും കുറെ പണം തല്ക്കാലം കടം കിട്ടിയാൽ കൊള്ളാമെന്ന് ആശ്രയിച്ചു പറയുമ്പോൾ ഭീതിനെ കൈക്കൊള്ളാതെ തള്ളിക്കളയത്തക്കവണ്ണം മനസ്സിന്ന ദാർഢ്യം ലോകത്തിൽ അധികം ജനങ്ങൾക്കു ഉണ്ടായിട്ടില്ല. എങ്കിലും അന്യന്നു കടംകൊടുപ്പാൻ ഇതു ഒരു കാരണമായിത്തീരുമെന്ന ഞങ്ങൾ വിചാരിക്കുന്നില്ല. അന്യനോടു ന്യായരഹിതമായ ഒരു അപേക്ഷ ഒരുവൻ ചെയ്യാമെന്നുണ്ടെങ്കിൽ അതു താൻ സ്വീകരിക്കില്ലെന്നുപറവാൻ മറേറവന്ന് മടി വിചാരിച്ചിട്ടുള്ള ആവശ്യം എന്ത്? കടക്കാരനു വല്ലവിധത്തിലും ദ്രവ്യനാശം വരുന്നതാണെങ്കിൽ അതു കടംകൊടുത്തിട്ടുള്ളവനേക്കൂടി ബാധിക്കുന്നതാകകൊണ്ട കടംകൊടുക്കുന്നതിന്നുമുമ്പായികടക്കാരന്റെ സ്ഥിതിയെ അന്വേഷിച്ചറിഞ്ഞ് എടവാടുചെയ്യുന്നതിലുള്ള ഗുണദോഷത്തെ നല്ലവണ്ണം പരിശോധിച്ച തീർച്ചപ്പെടുത്തേണ്ട ഭാരം കടംകൊടുക്കുന്നവനില്ലേ? പണം നിരർത്ഥകമായ കാര്യാദികളിൽ ധൂർത്തായി വ്യയംചെയ്യാനല്ലെന്നും കടക്കാരന് അവശ്യം വേണ്ടിവന്നിട്ടുള്ളതും നിശ്ചയമായും സഹായമായിത്തീരുന്നതും ആണെന്നും പൂർണ്ണമായി ബോദ്ധ്യപ്പെടാതെ ഒരുവൻ ആരെങ്കിലും കടംകൊടുക്കുന്നതായാൽ തന്റെ പ്രവൃത്തികൊണ്ട സ്വന്തം പണം നഷ്ടമാകുന്നതുകൂടാതെ തന്റെ സ്നേഹിതനായ കടക്കാരന്

അത് ഒരുവിധത്തിൽ ദോഷംചെയ്യുന്നതും, രണ്ടുവർ തമ്മിലുള്ള സ്നേഹബന്ധത്തിന്റെ നിസ്സംശയം ഭംഗംവരുത്തുന്നതുംകൂടി ആകുന്നു.

സ്നേഹത്തിന്റെ കടംകൊടുക്കുമ്പോഴും വാങ്ങുമ്പോഴും എഴുതി വാങ്ങുന്നതും ആ സംഖ്യക്കു പലിശ വാങ്ങുന്നതും ശരിയാണോ എന്നു ഇനി ആലോചിക്കാം. കൊടുക്കുന്ന സംഖ്യക്കു ലക്ഷ്യം വാങ്ങിക്കേണമെന്നസ്വപ്നത്തിൽപോലും വിചാരിക്കാത്തതായ ആളുകൾക്ക് മാത്രമേ സ്നേഹം പ്രമാണിച്ച് ധനസഹായം ചെയ്യാവൂ എന്നാണു ഞങ്ങൾക്കു തോന്നുന്നത്. മതിയായ ഒരാൾ കൊടുത്ത കടംവാങ്ങിക്കുന്നതു "കൊടുത്തുവാങ്ങൽ" തൊഴിലായിട്ടുള്ളവർ തമ്മിൽ ചെയ്യേണ്ടതാണ്. സ്നേഹിതന്മാർ തമ്മിൽ ഇപ്രകാരംചെയ്യുന്നതു തീരേ അസംബന്ധമായിരിക്കും. "കൊടുത്തുവാങ്ങൽ" തൊഴിലല്ലെങ്കിൽ സ്നേഹിതന്റെ ആവശ്യത്തിനായി സ്വന്തം നിലവിട്ടു ഋണിയാകുന്നതു എന്തിനു? ഇതിനു വിരോധമില്ലെന്നവിചാരിക്കുന്നതായാൽ ഈ സംഗതിയിൽ "സ്നേഹിതന്മാർ" എന്നുള്ള ശബ്ദത്തിന്നു എന്തവകാശമാണുള്ളതു? സാധാരണയായി ഒരാൾ വാങ്ങിയ പലിശക്കു പണം കൊടുക്കുന്നവരുടെ നേരെ നന്ദിയോ സ്നേഹമോ ഉണ്ടായിരിക്കയില്ല. ചുരുക്കിപ്പറയുന്നതായാൽ കൊടുത്തതു തിരിയേ കിട്ടിയില്ലെങ്കിലും വിരോധമില്ലെന്നവരുന്ന ചുരുങ്ങളിലെ സ്നേഹിതന്മാർ കൂടെകൊടുത്തുകൂടേ എന്നാണു ഞങ്ങളുടെ ഉപദേശം. പരസ്പരം പരിപൂർണ്ണമായ വാത്സല്യവിശ്വാസാദിഗുണങ്ങളും, കൊടുക്കുന്നാൾക്കു സന്തോഷവും, വാങ്ങുന്നതിൽലേശമെങ്കിലും ക്ഷതമാക്ഷയമില്ലെന്ന വാങ്ങുന്നവന്നു പൂർണ്ണബോദ്ധ്യവും ഉണ്ടായുള്ളതുമായ സംഗതികളിൽ ചെയ്യുന്നതൊഴിച്ചു മറ്റു യാതൊരുവിധത്തിലുള്ള ഏടാകൂടവും സ്നേഹിതന്മാർ തമ്മിൽ ചെയ്തുപോകരുതെന്നുമാത്രമാണു പ്രസ്തുതവിഷയത്തിന്റെ സാരസംക്ഷേപം.

"ഇഹലോകം പരലോകമെന്നിവകളിൽപ്രീതികര മൂലംസദാ
മാലോകക്കതിനിന്ദ്യമാമൊടുവിലീമാലോറമേകം കടം
കാലേറിക്കുടകൊച്ചിയായ ധനിതൻ വക്ത്രത്തെ നോക്കാതെയി
ത്തൊലൊക്യത്തിലിരിപ്പതിന്നെവനവൻതന്നേ മഹാഭാഗ്യവാൻ."

(ചണ്ഡകൌശികം)

എസ്സ്. വി. ആർ.

സന്ന്യാസിധർമ്മം.

——:o:——

നമ്മുടെ കേരളനിവാസികളായ മഹാജനങ്ങൾക്ക് "ആരോ സന്ന്യാസം സന്ന്യാസിവേഷം കെട്ടി നടക്കുന്നവരും ആയ ചില മനുഷ്യപിശാചുക്കളിൽനിന്നും" നേരിട്ടുവരുന്നതായ "കേഷ്ടനഷ്ടാപമാനങ്ങളെ ഉന്മൂലനം ചെയ്യുന്നതിൽ ബദ്ധകങ്കണനായി പുറപ്പെട്ടിരിക്കുന്ന, വി. ടി. ഗോപാലമേനോൻ എന്ന മഹാശയന്റെ ഫ്രീ-ഥിങ്കർ രസികരഞ്ജിനിയിൽ "ശാസ്ത്രാനുസരണമായി സന്ന്യാസിധർമ്മത്തെ വിവരണം" ചെയ്ത ഉപന്യാസത്തെ ദൈവഗത്യാ ഞാനും വായിക്കുന്നതിനിടയായി.

പഠിനുക്കളായ നമ്മുടെ പുഴ്വീക മഹാശയന്മാരാൽ വളരെക്കാലം ശ്രമിച്ചു കണ്ടുപിടിക്കപ്പെട്ടതും അനേക ജനസഞ്ചിതമായ കർമ്മമഹാരണ്യത്തെ ഭസ്മീകരിക്കുന്നതിൽ അത്യുഗ്രാനലനമായിരിക്കുന്ന സന്ന്യാസം എന്തൊന്നാണെന്നും അതിനുള്ള സന്ന്യാസമുള്ളവൻ എങ്ങിനെയുള്ള ധർമ്മത്തോടുകൂടിയവനായിരിക്കുമെന്നും എങ്ങിനെയിരിക്കണമെന്നും ശാസ്ത്രാനുസരണം കേരളഭാഷയിൽ ഒരു വിവരണം ചെയ്യുന്നത് ഈ ഭാഷയിൽ ഈ വിധമുള്ള ഗ്രന്ഥനൈപുണ്യനിർമ്മിതം അനേക ജനങ്ങൾക്കു ഉപകാരമാകുമെന്നുള്ളതും ഇതിലേക്കായി ശ്രമിച്ച മിസ്റ്റർ ഗോപാലമേനവൻ സച്ചിന്മാനാക്കുന്നതിനുമാകുമെന്നുള്ളതും തർക്കമറ്റ സംഗതികളാകുന്നു.

എന്നാൽ മഹാമനസ്കനായ ഇദ്ദേഹത്തിന്റെ ഈ ഉപന്യാസം ഉദ്ദിഷ്ടധർമ്മത്തെ പൂർണ്ണമായി വെളിപ്പെടുത്തുന്നതിൽ കുറഞ്ഞൊന്നു പൊരുത്തത്തെ കാണിച്ചിട്ടുണ്ടെന്നുതന്നെയല്ല ചിലഘട്ടങ്ങളിൽ വിചരീത സരണിയെ അനുധാവനം ചെയ്തിട്ടില്ലയൊ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു.

ഒന്നാമതായി ഇദ്ദേഹം "ശാസ്ത്രാനുസരണം" വെളിപ്പെടുത്തുന്നത് "സന്ന്യാസിവേഷമാത്രത്തെ കെട്ടിക്കാട്ടിയുംകൊണ്ടു യഥാർത്ഥസന്ന്യാസിയാകുമൊ" എന്നതുതുടങ്ങിയുള്ള അഞ്ചാറുചോദ്യങ്ങ

ളും ‘‘ഇപ്രകാരങ്ങളായ ഗുണങ്ങളും തികഞ്ഞിട്ടുള്ള യാതൊരുവനും യഥാർത്ഥസന്ന്യാസിയാകയില്ല’’ എന്ന് ആ വക ചോദ്യങ്ങൾക്ക് ഒരുത്തരവും, ‘‘സന്ന്യാസിവേഷം കെട്ടുന്നത് എളുപ്പവും ധർമ്മത്തെ അനുഷ്ഠിക്കുന്നതും ഫലത്തെ പ്രാപിക്കുന്നതും പ്രയാസവും ആകുന്നു’’ എന്നൊരു നിശ്ചയവും ആകുന്നു. ഈ ചോദ്യോത്തരനിശ്ചയങ്ങളുടെ ആശയം മുൻപറഞ്ഞ ലക്ഷണങ്ങളും മാത്രമുള്ളവൻ സന്ന്യാസിയാകയില്ലെന്നാണെങ്കിൽ അതു യഥാർത്ഥവും, ആ വക ലക്ഷണം യഥാർത്ഥസന്ന്യാസിയിൽ പ്രകാശത്തിൽ അന്ധകാരം എന്നപോലെ ഒരിക്കലും ഇരിക്കുന്നതല്ലെന്നാണെങ്കിൽ അതു അയഥാർത്ഥവും ആണെന്നാണ എനിക്കു തോന്നുന്നത്.

ജനകമഹാരാജാവ് ഏറ്റവും മനസ്സിരുത്തി പ്രവർത്തിക്കേണ്ടതായ അനേകം ഗൌരവമുള്ള ഐഹികകർമ്മങ്ങൾക്ക് ഒരു നിധിയായും, അതേസമയത്തിൽ തന്നെ അദ്ദേഹം ഒരു നിഷ്കാമകർമ്മിയായ യഥാർത്ഥ സന്ന്യാസിയായും ഇരുന്നിരുന്നു എന്ന പുരാണമൂലം അറിയാവുന്നതാണ. നാരദപ്രഭൃതികളായ അനേക മഹർഷിമാരിൽ മാത്സര്യാദികളായ അനേക ദോഷങ്ങൾ കൂടിയിരുന്നില്ലയോ എന്നുകൂടി ആശങ്കിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് മേനവൻ പറയുന്ന പിശാചുക്കളിൽ ചിലരെങ്കിലും താദൃശയായ പദവിയേയോ മറ്റോ ആശയിച്ചുവരല്ലെന്നു തീർച്ചപ്പെടുത്തുവാൻ അല്പബുദ്ധിയായ എനിക്കുധൈര്യംവരുന്നില്ല. ‘‘പുംഖാനുപുംഖവിഷയേക്ഷണതല്പരൊ ബ്രഹ്മാവലോകന നിഗ്രഹമനാഹിയോഗീ’’ ഇത്യാദി പ്രമാണങ്ങൾ ഈദൃശന്മാരെ വേണ്ടിടത്തോളം സഹായിക്കുന്നുമുണ്ട്. അതുകൊണ്ട മേനവന്റെ വിശേഷണപദങ്ങൾ സാഹസഗീതങ്ങളല്ലയോ എന്നുകൂടി സംശയിക്കുന്നു.

രണ്ടാമതായി മേനവൻ സന്ന്യാസാഹന്മാരുടെ ലക്ഷണപ്രഖ്യാനത്തിന്ന ഒരുങ്ങുന്നു. സാധനചതുഷ്ടയസമ്പത്തി അഭ്യാസിയായ ഒരുവന്റെ ലക്ഷണമെന്നല്ലാതെ ആത്മജ്ഞനായ ഒരുവങ്കലും അതു കണ്ടേക്കുമതിയാവു എന്നുശഠിക്കുന്നത് അബദ്ധമാണെന്നുകൂടി ഓർമ്മിക്കാം.

മൂന്നാമതായി അദ്ദേഹം സന്ന്യാസിയുടെ ലക്ഷണത്തെ വിവരിക്കുന്നു. ‘‘സന്ന്യസിക്കയെന്നാൽ സർവ്വകർമ്മങ്ങളേയും പരിത്യജി

ക്കു എന്നതത്രമായിരിക്കുകൊണ്ടു സന്ന്യസിച്ചവൻ സർവ്വകർമ്മങ്ങളേയും പരിത്യജിക്കേണം" എന്നുപറയുന്നു. ഇതിനു ലക്ഷ്യമായി ശങ്കരാചാര്യസ്വാമികളുടെ ഗീതാഭാഷ്യത്തിന്റെ മുഖവുരയിൽനിന്നും ഒരു വാക്യത്തെ എടുത്തു ഭാഷപ്പെടുത്തിക്കാണിക്കുകയുംചെയ്യുന്നു. അനാത്മവിഷയാകാരലേശസംബന്ധമില്ലാതെ മനസ്സ് ബ്രഹ്മാകാരപരിണാമോന്മുഖമായിരിക്കേണമെന്നുള്ളതിനെ ആ വാക്യാർത്ഥം നിഷേധിക്കുന്നുണ്ടെന്നുതോന്നുന്നില്ല. പിന്നെന്നാൽ ഗീതയെ വ്യാഖ്യാനിച്ചു് അതിൽ പ്രതിപാദിതങ്ങളായ വിഷയങ്ങളിൽനിന്നും മനുഷ്യദൃഷ്ടികളെ ദൂരീയസിയായ പദവിയിലേക്കു നയിപ്പിക്കണമെന്നു് ആചാര്യസ്വാമിക്കു നിർബ്ബന്ധമുണ്ടായിരുന്നുഎന്ന നമുക്കു് ഊഹിക്കാൻ ഒരു മാർഗ്ഗവും കാണുന്നില്ല. ഗീതതന്നെ അർജ്ജുനനു കർമ്മത്തിൽ വൈമുഖ്യം വന്നപ്പോൾ അതു ചെയ്യേതീരു എന്നു അദ്ദേഹത്തോടു ഭഗവാൻകൃഷ്ണൻ ഉപദേശിക്കുന്നതാകുന്നു. ഈ ഗീതയിൽ മൂന്നാം അദ്ധ്യായം സന്ന്യാസിയായുള്ള ഒരുവൻ സദാകാലും ചെയ്യേണമെന്നും തദ്വിചരിതന്മാർ മൂഢന്മാരെന്നും ഉപദേശിക്കുന്നു. ഈ അവതാരപുരുഷൻതന്നെ മേൽപറഞ്ഞ ഉദ്ദേശത്തെ അനുകരിച്ചു ജനങ്ങളിൽ കൃത്യബോധം ഉണ്ടാകുംകൊടുത്തുമാണിരുന്നിരുന്നത്.

മേനവൻ പറയുന്നപോലേയുള്ള സന്ന്യാസിയുടെ മറുവക്ഷണങ്ങളിൽ അധികവും അന്ത്യാസികൾക്കല്ലാതെ ആതുരന്മാർക്കു ഒരിക്കലും അപേക്ഷിതങ്ങളായേ തീരു എന്നുള്ളവയല്ലാത്തതുകൊണ്ടു് ഉപന്ന്യാസത്തിന് "അന്ത്യാസിധർമ്മം" എന്നുപേരിട്ടിരുന്നുവെങ്കിൽ പ്രസ്തുതവിഷയം ഇതിനേക്കാൾ അധികം യോജിച്ചിരിക്കുമെന്നുതോന്നുന്നു. സന്ന്യാസി കാട്ടിലേ ഇരിക്കാവു, ഭിക്ഷാന്നമേ ഭക്ഷിക്കാവു, എന്നും മറ്റുമുള്ള അഭിപ്രായങ്ങളെ "ജ്ഞാനവാസിഷ്ഠം മുഴുവനും അതിൽ വിശേഷിച്ചു" ശിഖിധ്വജോപാഖ്യാനവും നിർമ്മൂലനംചെയ്യുന്നതിൽ ഉന്മേഷത്തോടുകൂടി ഇരിക്കുന്നു.

ഋണത്രയങ്ങളെ തീർക്കുന്നതിനു പുത്രസന്തതി വേണമെന്നും അതില്ലെങ്കിൽ നരകപ്രാപ്തിഉണ്ടെന്നുമുള്ള അഭിപ്രായത്തെ പ്രസിദ്ധന്മാരും യഥാർത്ഥ സന്ന്യാസികളുമായ നവയോഗികളും, സ

നകാട്ടികാം, നാരനാരായണന്മാർ, ശുകൻ, ജാമദഗ്ന്യൻ, ശങ്കരാചാ
യ്യർ, മുതലായ ഗുരുക്കന്മാർ തങ്ങളുടെ സന്ന്യാസകോരംകൊണ്ട്
എത്രമാത്രം ഛിന്നഭിന്നമാക്കുന്നുണ്ടെന്നുള്ളതു മേനവന്റെ സ്മര
ണയിൽ വരാഞ്ഞതെന്തുകൊണ്ടെന്നറിയുന്നില്ല. ഇവരിൽ നവീന
ന്നായ ശങ്കരാചാര്യസ്വാമികാം ഭാരണ്യത്തിൽ അധിവസിക്കാതെ അ
ത്യുത്സാഹത്തോടും പരോപകാരതല്പരതയോടും കൂടി മാന്ധാപ
നാം, മതസ്ഥാപനാം മുതലായ അനേക കമ്മങ്ങാം ചെയ്യുവന്നിരു
ന്നവിവരം അറിഞ്ഞിരുത്തനായിട്ടുള്ളതെന്നു തോന്നുന്നില്ല. അതുകൊ
ണ്ടു വിധിനിഷേധാനുബന്ധനല്ലാത്ത ജീവന്മുക്തനേ സന്ന്യാസി
യാണെന്നും ഭഗവാൻ ലോകത്തിൽ ഏതുമാതിരി കാലയാപനം
ചെയ്യുന്നു എന്നോ ഏതുമാതിരി ചെയ്യണമെന്നോ നിയമനം
ചെയ്വാൻ പാടില്ലാത്തതെന്നും അങ്ങിനെ ചെയ്യുന്നതായാൽ അ
തു പാപമാണെന്നും പറയാതെ കഴിയുന്നതല്ലാ.

ഞാനിങ്ങിനേ പറയുന്നതു കൊണ്ടു സന്ന്യാസിധർമ്മത്തെ ഉ
ല്ലംഘനം ചെയ്യുന്നതിനുവേണ്ടിയാകാം ഇല്ലെന്നു തെറ്റിദ്ധരിച്ചു
പോകരുതു. അങ്ങിനെയുള്ളവർ ഇന്നിന്ന അള്ളുകളാണെന്നു മു
ണ്ടിക്കാണിക്കുവാൻ നാം ഒരുങ്ങുന്നതു പക്ഷെ അബദ്ധമായിരിക്കയി
ല്ലയോ എന്നു സംശയിക്കുക മാത്രമേ ചെയ്യുന്നുള്ളു.

മേനവൻ പറയുന്നതുപോലെ ഇപ്രകാരമുള്ള വേഷക്കാരിൽ
നിന്നും നാനാവിധ കഷ്ടനഷ്ടങ്ങാം ജനങ്ങാക്കുണ്ടായെക്കാം. പ
ക്ഷെ സന്ന്യാസികളെന്നു പേരുപോലും ധരിക്കാതേ തങ്ങളുടെ
വാഗ്വാടിയാലോ കൈശല്യങ്ങളാലോ ദുരുപദേശങ്ങളാലോ സൂ
ക്ഷ്മപഥത്തിൽ നിന്നും അസംഖ്യം പാവങ്ങളെ വ്യാമോഹിപ്പിച്ചു
അന്ധകാരമയങ്ങളായ വനാന്തരങ്ങളിലേക്കു നയിപ്പിക്കുന്ന അ
നവധി ഉപ്പുപടികളായ മനുഷ്യരൂപികളും മനുഷ്യർ എന്നുള്ള നാ
മത്തെ ഹാൽ സ്വീകരിച്ചു പൊരുന്നതു നമുക്കു അറിവുള്ള ഒരു
സംഗതിയാണ്. അതിനെ സുഖസാധാരണമായും നിത്യാനുഭവ
മായും ഗണനംചെയ്യുന്നതുകൊണ്ടു മാത്രമായിരിക്കാം നാം അതി
നെക്കുറിച്ചു പറ്റിയാലോചിക്കാത്തത്. മറ്റുള്ളതിനെ സ്ഥാപിച്ചു സദാ
ഷയങ്ങളെക്കുറിച്ചു ഒരു സ്ഥിരപ്രതിപത്തി യുണ്ടാക്കുവാൻ ഉദ്യു

ങ്കനായിരുന്ന ആചാര്യസ്വാമികളുടെ കാലം, നമ്മുടെ മേനവൻ ജീവിച്ചിരിക്കുന്നതായിരുന്നു എങ്കിൽ ഇദ്ദേഹത്തിന്റെ താല്പര്യത്തോട്ട കൂടിയവാണീവിലാസം അനുസ്യൂതമായി പ്രവഹിക്കാതിരിക്കയില്ലെന്നു തന്നേപറയാം. മാങ്ങളെസ്ഥാപിച്ചും പ്രസംഗങ്ങൾ ചെയ്തും മതത്തെ ഒന്നുകൂടി നമ്മുടെ ആല്ലെങ്കിൽ കേരളീയരുടെ ഇടയിൽ സ്ഥാപിപ്പാനുള്ള കാലം അതിക്രമിച്ചിരിക്കുന്നതു കൊണ്ടു തല്പരന്മാരായി ആളുകൾ ഒരുമ്പെടുവാൻ ഭാവമുണ്ടെങ്കിൽ അതിനു ഇനിഭാവിയായ ഒരു കാലമല്ല നല്ലത് എന്നുകൂടി മഹാജനങ്ങളെ അറിയിച്ചുംകൊണ്ടു വിരമിച്ചു കൊള്ളുന്നു.

ടി. നാരായണക്കുറുപ്പ്.

സമ്മാനലേഖനം.

(എട്ടുപ്പിക സമ്മാനം)

———— :o: ————

ഉത്തമരീതിയിൽ നടത്തിവരുന്ന ഇംഗ്ലീഷുപത്രങ്ങളോടും മാസികകളോടും താരതമ്യപ്പെടുത്തി നമ്മുടെ മലയാള പത്രങ്ങളേയും മാസികകളേയുംപറ്റി ഉപന്യസിക്കുന്നതായാൽ അവക്കുള്ള ഉൽകൃഷ്ടത്തിന്റെ മാർഗ്ഗം കണ്ടറിഞ്ഞ കാലദേശാവസ്ഥകൊണ്ടു വളരെ വ്യത്യാസപ്പെട്ടിരിക്കുന്ന നമ്മുടെ മാസികാപത്രങ്ങളുടെ അഭിവൃദ്ധിക്കായി നാം എത്രത്തോളം പ്രയത്നിച്ചിട്ടുണ്ടെന്നും, ഈ പ്രയത്നം എത്രെ ഫലിച്ചിട്ടുണ്ടെന്നും, ഇനിയും എന്തെല്ലാം ചെയ്യാൻ കഴിയുമെന്നും അറിയാറാവണമെന്നുള്ള ഉദ്ദേശ്യത്തിന്മേലാണ മേൽപറഞ്ഞ വിഷയത്തേക്കുറിച്ചുള്ള ഉത്തമോപന്യാസത്തിന്നു ഞങ്ങൾ ചുരുങ്ങിയ ഒരു സമ്മാനം കൊടുപ്പാൻ നിശ്ചയിച്ചു പരസ്യം ചെയ്തിരുന്നത്.

ഈ വിഷയത്തിൽ എട്ടുപന്യാസം ഞങ്ങൾക്കു കിട്ടീട്ടുണ്ട്. ഇവയിൽ മദിരാശിയിൽ നിന്നൊന്നും, തൃശ്ശിനാപ്പിള്ളിയിൽനിന്നൊരണ്ടും, വെട്ടത്തുനാട്ടിൽനിന്നൊന്നും, തൃശ്ശിവപേരൂരുനിന്നൊന്നും

കൊടുങ്ങല്ലൂരുനിന്നൊന്നും, എറണാകുളത്തുനിന്നൊന്നും, മുഞ്ചിറയിൽ നിന്നൊന്നുമാകുന്ന വന്നുചേർന്നിട്ടുള്ളതു്.

ഉപന്യാസങ്ങൾതിരുത്തുകൊണ്ടു കഴിഞ്ഞൊരുവണ്ണം ആദരിച്ച ഇഷ്ടാംശം വിചാരിക്കുമ്പോൾ ഇങ്ങനെ ഒരുവണ്ണം ഞങ്ങൾക്കു മനസ്സിനു മായ സന്തോഷത്തിനവകാശമുണ്ടു്. ഇതിനുമുമ്പിൽ മേൽപറഞ്ഞ എട്ടുപന്യാസകന്മാർക്കും കടപ്പെട്ടിരിക്കുന്നു. വിശേഷിച്ചു സമ്മാനത്തിനവകാശിയായ ചുണ്ടയിൽ സി. രാഘവപ്പൊതുവാളവർകളേ അഭിനന്ദിക്കയും ചെയ്യുന്നു.

ഇംഗ്ലീഷിലും മലയാളത്തിലുമുള്ള മാസികാപത്രങ്ങളേ താരതമ്യപ്പെടുത്തി അവയുടെ ഉദയം, വർദ്ധന, താൽക്കാലികാവസ്ഥ, ഗുണദോഷനിരൂപണം, പ്രതിബന്ധപരിഹാരം, പ്രചാരണോപായം എന്നിവയാലോചിക്കുകയാകുന്ന ഈ ഉപന്യാസങ്ങളിൽ മുഖ്യമായിട്ടു വേണ്ടുന്നതു്. അനുവദിച്ച എട്ടുഭാഗത്തിൽ വളരെ കവിയാതെയും ക്രമമൊപ്പിച്ചു് ഒരുവിധം എല്ലാ വിഷയങ്ങളും പ്രതിപാദിച്ചും എഴുതപ്പെട്ടിട്ടുള്ള ലേഖനം തൂശിനാപ്പിള്ളിയിൽ താമസിക്കുന്ന വിദ്വാന്മണിയും മെമ്പർകാരനുമായ രാഘവപ്പൊതുവാളുടേതാണെന്നു് പക്ഷാധിക്യം ഉടമസ്ഥനും പുറമെ ഒരാളും അന്യോന്യം ആലോചിക്കാതെയും പേരുകൾ നോക്കാതെയും പരിശോധിച്ചു തീർച്ചപ്പെടുത്തിയ അഭിപ്രായമാകുന്നു.

പ്രസിദ്ധപ്പെടുത്തുന്ന ഈ സമ്മാനലേഖനത്തിൽ ഞങ്ങൾക്കു പറവാനുള്ളതു് അതാതു ഭാഗങ്ങളുടെ അവസാനത്തിൽ ചേർത്തിട്ടുണ്ടു.

ര. ര. ച.

മലയാളപത്രങ്ങളും

മാസികകളും.

—:o:—

ഏകദേശം നൂറുകൊല്ലങ്ങൾക്കുമുമ്പ് അതായതു് ബ്രിട്ടീഷുകാർ രാജ്യഭരണം ചെയ്യുവാൻ ആരംഭിച്ചപ്പോൾ കേരളീയരായ നമ്മുടെ സ്ഥിതി എന്തായിരുന്നു? അന്നത്തെ അവസ്ഥയും ഇപ്പോഴത്തെ അവസ്ഥയുംകൂടി നോക്കുമ്പോൾ എത്രയോളം വ്യത്യാസ

മുണ്ട? ഇത്രവലിയ ഒരു ഭേദഗതിക്ക് എന്താണ കാരണം? ംരം ചോദ്യങ്ങളേചററി ഒരാൾ നല്ലവണ്ണം ആലോചിക്കുന്നതായാൽ അത്യന്തം അതിശയിക്കാതിരിക്കയില്ല. ഏതാദൃശങ്ങളായ ദൃഷ്ടാന്തങ്ങളിൽ നിന്നാകുന്ന മനുഷ്യരുടെ അഭിവൃദ്ധിഗണിക്കേണ്ടത്. പണ്ട് ഒരു ചൂകനാ തലയിൽക്കെട്ടുകാരനൊക്കുണ്ടാൽ ''ആഹാ! പുതിയ നിയമക്കാരൻ'' എന്നപറഞ്ഞ എതു പ്രകാരനായാലും വല്ല മുക്കിലോ മൂലയിലോ പോയി ഒളിച്ചിരുന്നുവത്രെ. ഇപ്പോഴാകട്ടെ മൂന്നവയസ്സായ ഒരു കുട്ടിയുംപുതി 'കനഷ്ടിബ്യൂഷ്യനെയൊ' ത്രുക്കിടിസായ്പിനെയൊ' കണ്ടു ഭയപ്പെട്ടു എന്ന കേൾക്കാറുണ്ടൊ? ജനങ്ങളുടെ ഇടയിൽ ഇത്രവലിയ ഒരു പ്രകൃതഭേദം ഉണ്ടായിത്തീർന്നതിന പലേ കാരണങ്ങളും ഉണ്ടെങ്കിലും അവയിൽ മുഖ്യമായ ഒന്ന നമ്മുടെ പരിഷ്കാരവൃദ്ധിയാണെന്ന നിർവ്വിവാദമാകുന്നു. ംരംവിധം ഒരു പരിഷ്കാരം നമ്മുടെ ഇടയിൽ ഉണ്ടാകുവാൻ കാരണമെന്തെന്ന് ഒന്നുകൂടി പയ്യാലോചനചെയ്താൽ പ്രധാനമായ കാരണം കാലവിശേഷം മാത്രമാണെന്ന ചിലർ പറയുമെങ്കിലും രണ്ടാമതായ മറെറാരു കാരണം വർത്തമാനക്കടലാസ്സുകളുടെ പ്രചാരമാണെന്ന് അറിയാവുന്നതാകുന്നു. ഇത്രവലിയ ഒരു വിഷയത്തിന്ന ഹേതുഭൂതമായിരിക്കുന്ന വർത്തമാനപത്രത്തെപ്പററിച്ചില അറിവു നമുക്കുണ്ടാവേണ്ടതു അത്യാവശ്യമാകയാൽ അവയുടെ ഉൽപ്പത്തിയേയും ഇപ്പോഴത്തെ സ്ഥിതിയേയും മറും ആലോചിക്കേണ്ടത നമ്മുടെ ഒരു പ്രത്യേക ധർമ്മമാണല്ലോ.

ഇംഗ്ലണ്ടിൽ 'എലിസബത്ത്' രാജ്ഞിയുടെ കാലത്തിൽ 1588-ാമത വർഷം മുതൽക്കു രാജ്യഭരണ നിശ്ചയങ്ങളും മാത്രമടങ്ങിയ ഒരുവിധം ഗവർമ്മേണ്ട ഗസററ * പുറപ്പെടുകയും അതുകൊണ്ടുള്ള ഉപകാരം ഇത്രത്തോളമെന്ന ജനങ്ങൾക്കു അനുഭവസിദ്ധമാകയാൽ ചില വർത്തമാനപത്രങ്ങളും മാസികകളും തങ്ങളുടെ ഇടയിൽ നടപ്പാക്കേണമെന്നുവെച്ച അവർ പ്രോത്സാഹിക്ക

* ഇംഗ്ലാണ്ടിൽ ''ഗസംറ'' എന്നൊന്നു തുടങ്ങിയതുതന്നെ, ക്രി. 1665ൽ ആണെന്ന 'ക്യാസൽ' എന്നാളുടെ ശബ്ദസാരസംഗ്രഹത്തിലും (Cassell's Concise Cyclopædia), 1622വാണ് 'വിക്ക്ലിന്യൂസ (Weekly News) എന്ന പത്രം ആരംഭിച്ചതെന്ന ആംഗ്ലേയ ശബ്ദകല്പദ്രുമത്തിലും (Encyclopædia Britanica) കാണുന്നു.

കയും ചെയ്തു. പക്ഷേ ആൻ രാജ്ഞി സിംഹാസനാരോഹണം ചെയ്തതിന്റെ മൂന്നാം ദിവസമായ 1702. മാർച്ച് 11-ാംനു- മുരൽ ക്രമമായി ഒരു പ്രതിവാസരപത്രം "Daily courant" പുറപ്പെടുവിച്ചിയത്. ആദ്യകാലങ്ങളിൽ രേം പത്രങ്ങളുടെയും മാസികകളുടെയും ഉദ്ദേശ്യം ഗവമേന്റിനെ പരിഷ്കരിക്കേണമെന്നും ജനങ്ങൾക്കു രാജ്യഭരണവിഷയത്തെപ്പറ്റി അറിവുകൊടുക്കേണം എന്നും മാത്രമായിരുന്നു. ഗവമേണ്ടിന്റെ ഇതോട്ടം രസിച്ചിരുന്നില്ലെന്നു മാത്രമല്ല പാർലിമെന്റിനെയോ ഗവമേന്റിനേയോ പറ്റി ആക്ഷേപിച്ച പത്രാധിപന്മാരെ കഠിനമായി ശിക്ഷിക്കയും ചെയ്തിരുന്നു. ഇതുകൊണ്ടൊന്നും ജനങ്ങൾക്കു കുറുക്കുമുണ്ടായില്ല. "മെല്ലെത്തിന്നാൽ മുള്ളും തിന്നാം" എന്നവിചാരിച്ചു ക്ഷമിച്ചിരുന്നു. കാലക്രമംകൊണ്ടു ജനങ്ങൾ ഗവമേന്റിനെപ്പറ്റി ഉണർത്തോഷവിവേചനം ചെയ്വാൻ വീണ്ടും ആരംഭിച്ചു. അന്നെല്ലാപ്പത്രങ്ങളും മാസികകളും ഒരുപോലെ ഗവമേന്റിനെ പരിഷ്കരിച്ചുപോന്നുവെങ്കിലും ക്രമേണ മാസികകൾ ഗവമേന്റുവിഷയം പ്രതിപാദിക്കുന്നതു തന്റെ മുഖ്യഭാരമെന്ന കരുതാതെ ഇംഗ്ലീഷുഭാഷയെ പരിഷ്കരിപ്പാനും പോഷിപ്പാനും അധികമായി ശ്രമിച്ചുപോന്നു. തപാൽ, കമ്പി, തീവണ്ടി മുതലായവ പുറപ്പെട്ടപ്പോൾ പത്രങ്ങൾക്കു സൌകര്യവും വർദ്ധിച്ചു. 1861-ൽ കടലാസ്സിന്റെ ചുങ്കം എടുത്തുകളകയും ക്രമേണ അച്ചുകൂടങ്ങൾ വർദ്ധിക്കുകയും തന്നിമിത്തം അച്ചടിക്കൂലി വളരെ കുറകയും ചെയ്തപ്പോൾ വർത്തമാനപത്രങ്ങളുടെ എണ്ണം വർദ്ധിച്ചുവന്നു. ഇപ്പോൾ ഓരോദിക്കുകളിലായി നടപ്പുള്ള ഇംഗ്ലീഷുപത്രങ്ങൾക്കും മാസികകൾക്കും അറുമുണ്ടോ? ഇംഗ്ലീഷുകാർ കുടിയേറി പ്പാർത്തിടത്തിലെല്ലാം ഇംഗ്ലീഷുപത്രങ്ങളും ധാരാളമായി നിറഞ്ഞിട്ടുണ്ട്. 1897 ഫിബ്രുവരിമാസത്തിൽ കണക്കുനോക്കിയപ്പോൾ ആകപ്പാടെ ഇംഗ്ലീഷുഭാഷയിൽ 15000 വർത്തമാനപത്രങ്ങൾ നടപ്പുണ്ടായിരുന്നു. ഇപ്പോൾ അതിലും അധികമുണ്ടായിരിക്കുമല്ലോ.

ഇംഗ്ലീഷുകാർ ഇന്ത്യയെ കീഴടക്കിയപ്പോൾ നമുക്ക് അവരോടുള്ള സംസർഗ്ഗം വർദ്ധിക്കുകയും അതുമൂലം അവരുടെ പലേ പരി

ഷാരങ്ങളും നമ്മെ ബാധിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ ഇടയിൽ നടപ്പായിരുന്ന പലേ സമ്പ്രദായങ്ങളും നമ്മുടെ ഇടയിൽ നടപ്പുണ്ടുവാൻ പലർക്കും ആഗ്രഹമുണ്ടായിരുന്നു. അവർ കാണിച്ചു പോലെ കാണിപ്പാനും അവർ നടന്നപോലെ നടപ്പാനും പലരും ശ്രമിച്ചുവന്നു. എന്തിന്നു വളരെപ്പറയുന്നു? ഒരു ഇംഗ്ലീഷുപത്രങ്ങളും മാസികകളും കണ്ടിട്ടു വേണ്ടിവ്വെന്നു തോന്നുകയാൽ ക്രമേണ സ്വദേശാഭിമാനികളായ പലരും ഇന്ത്യയിൽ തങ്ങളുടെ ഭാഷയിലും വർത്തമാനപത്രങ്ങളും നടത്തുവാൻ തുടങ്ങി. പക്ഷേ മലയാളത്തിൽ ഒരു സമ്പ്രദായം കണ്ടുപിടിച്ചിട്ട് ഇപ്പോൾ 30. കൊല്ലത്തിൽ അധികമായിട്ടില്ല. മലയാളത്തിൽ വർത്തമാനക്കടലാസ്സുകൾ ഉണ്ടെന്ന് ജനങ്ങൾക്ക് മനസ്സിലാക്കിയത് തന്നെ 'കേരളപത്രിക'* യാണെന്നുകൂടി പറയുന്നതാകുന്നു. അപരിഷ്കൃതന്മാരായ കാരണവന്മാർ ഇപ്പോഴും എഴുതുവർത്തമാനക്കടലാസ്സുകളേയും കേരളപത്രിക എന്നുവിളിച്ചുവരുന്നുണ്ടല്ലോ. ഏതായാലും ഒരു 30. കൊല്ലങ്ങൾക്കിടയിൽ അനവധി പത്രങ്ങളും മാസികകളും പുറപ്പെടുകയും അനവധിതുല്യുസ്സായി അവസാനിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ മലയാളഭാഷയിൽ മാസികകളും പത്രങ്ങളുമായി അയമ്പതിൽ അധികം† മുണ്ടെന്നുതോന്നുന്നില്ല.

മലയാളപത്രങ്ങളിൽമിക്കതിലും മുഖ്യമായി ഗവർമ്മേന്തിനേപ്പറ്റിയും സ്വദേശവർത്തമാനങ്ങളേപ്പറ്റിയും ഉള്ളതും ചിലതു സ്വദേശവർത്തമാനങ്ങളേപ്പറ്റിയുമാണ പ്രതിപാദിക്കുന്നുള്ളൂ. മാസികകളിലാകട്ടേ ഗവർമ്മേന്തിനേപ്പറ്റി ശബ്ദിക്കുന്നേ ഇല്ല. അവയുടെ പ്രവൃത്തിദാഷയെ പോഷിപ്പിക്കയും ജനങ്ങളെ ചരിഷ്കരിക്കയുമാണ. എഴുതുകൊണ്ടും ഇംഗ്ലീഷുകടലാസ്സുകളെ മാതൃകകളാക്കിത്തന്നെയാണ മലയാളക്കടലാസ്സുകളും പുറപ്പെടുന്നതെന്ന അവ വായിച്ചാൽ നല്ലവണ്ണം വെളിവാകുന്നുണ്ട്.

---

* "സത്യനാദകാഹള"ത്തിന്റെ തുടർച്ചയായ "സത്യനാദ"ത്തിന 27-ഉം "കേരളമിത്ര"ത്തിന 23-ഉം "കേരളപത്രികക്ക 20 മാത്രവും കൊല്ലങ്ങൾ പഴക്കമുള്ളതായി കാണുന്നു.

† 16 വർത്തമാനപത്രങ്ങളും 14 മാസികകളും കൂടി ആകെ 30 മാത്രമേ ഉള്ളൂ.

പ്രകാരം നമ്മുടെ പത്രങ്ങളുടേയും മാസികകളുടേയും† ഉള്ളതിനിയും അവക്ക് കാലാനുസരണമായി സംഭവിച്ച അഭിവൃദ്ധിയും ചരിഞ്ഞുകഴിഞ്ഞതിനൻറശേഷം ഇനി നാം വായിച്ചവരുന്നതും ഇപ്പോൾ നടപ്പുള്ളതുമായ ഇംഗ്ലീഷുമലയാളപത്രങ്ങളുടെ സ്ഥിതിയേപ്പററി ആലോചിക്കുന്നത് അനാവശ്യമായിരിക്കയില്ലല്ലൊ. ഏതാനുവത്സരത്തിൽ മുന്നൂറു കൊല്ലങ്ങൾക്ക് മുമ്പുണ്ടായി വളരെ അഭിവൃദ്ധിയോടുകൂടി വരുന്ന ഇംഗ്ലീഷുപത്രങ്ങളെ ഏറ്റം മുപ്പതു കൊല്ലമായുണ്ടായ മലയാളപത്രങ്ങളോട് താരതമ്യപ്പെടുത്തുന്നത് തീരേ അനുചിതവും അസാദ്ധ്യവുമാണെന്നും പലരും അഭിപ്രായപ്പെടാതിരിക്കയില്ല. സെൻചുറി, മദ്രാശിമെയിൽ, മുതലായ ഇംഗ്ലീഷുപത്രങ്ങളുടേയും മാസികകളുടേയും സ്ഥിതി എവിടെക്കിടക്കുന്നു? മനോരമ, കേരളമിത്രം, ശോഭിനി മുതലായ മലയാളപത്രങ്ങളുടെ സ്ഥിതി എവിടെക്കിടക്കുന്നു? അവാസ്തവികങ്ങളായ വിഷയങ്ങളെ പ്രതിപാദിക്കാതിരിപ്പാൻ ഇംഗ്ലീഷുപത്രങ്ങൾ പ്രത്യേകമായി ശ്രദ്ധവെച്ചവരുന്നുണ്ട്. പ്രകൃതിശാസ്ത്രം, സദാചാരപരിഷ്കാരം, മതവിശ്വാസം, ഗവർമ്മേണ്ടുവിഷയം മുതലായവയെ പ്രതിപാദിപ്പാൻ ഇംഗ്ലീഷിൽ വേറ്റേറെ പത്രങ്ങളും മാസികകളും ഉള്ളതുകൊണ്ട അതാതിൻെറ പ്രവൃത്തി അതാതുപത്രം ശരിയായി ചെയ്യുന്നതുനിമിത്തം സർവ്വവിഷയത്തിലും ഒരുപോലെ അഭിവൃദ്ധി ഉണ്ടാവുകയുംചെയ്യുന്നു. വളരെ യോഗ്യന്മാരായിട്ടുള്ളവരെയാണ് ഇംഗ്ലീഷുപത്രങ്ങളിൽ ലേഖകന്മാരായി നിശ്ചയിക്കാറുള്ളത്. അതുകൊണ്ട് ഒരു ഉന്നതപദവി ഇംഗ്ലീഷുപത്രങ്ങൾക്ക് സിദ്ധിച്ചിട്ടുണ്ടെന്നതിന്ന് സംശയമില്ല.

എന്നാൽ ഒരാൾ സൂക്ഷ്മദൃഷ്ട്യാ നോക്കുമ്പോൾ പലേ ഇംഗ്ലീഷുപത്രങ്ങളിലും ഓരോ ന്യൂനതകൾ കാണുമായിരിക്കാം. എങ്കിലും രണ്ടുംകൂടി തട്ടിച്ചുനോക്കുമ്പോൾ ഇംഗ്ലീഷുപത്രങ്ങൾ വളരെ അധികം യോഗ്യതയുള്ളവയെന്നുമാത്രമേ പറയുന്നുള്ളൂ. ഇംഗ്ലീഷ് രാജാധിപത്യമാകയാലും ജനങ്ങൾക്ക് രാജ്യഭരം വഹിക്കുന്നതു സാധാരണമാകയാലും പുതിയ പരിഷ്കാരികൾ ഇംഗ്ലീഷുപത്രങ്ങളെ ബ

† മാസികകളുടെ കാര്യത്തിൽ ചരിത്രവിഷയമായി കുറച്ചുകൂടി പറയുവാനുണ്ട്.

ഹമാനിക്കാവുണ്ടെന്നതിനെ അനുസരിച്ചോ അടിസ്ഥാനമാക്കിയോ ഞാൻ പറയുന്നില്ല. ഭാഷാസാന്നിദ്ധ്യം ഇതിൽ നോക്കേണ്ട ആവശ്യമുണ്ടോ ?

മലയാളത്തിൽ പലേ പത്രങ്ങളും മാസികകളും നടക്കുന്നുണ്ടല്ലോ. ഇവയിൽ ഒന്നിനേറയും ഉദ്ദേശ്യം യഥാർത്ഥമായി നോക്കുമ്പോൾ വായിക്കുന്നവരെ മുഷിപ്പിക്കേണമെന്നോ മൂഢന്മാക്കളെ വ്യാജോക്തി കൊട്ടിഘോഷിച്ച് രസിപ്പിക്കേണമെന്നോ ആയിരിക്കയില്ലെന്നു നിസ്സംശയം പറയാവുന്നതാകുന്നു. എന്നാൽ ഇപ്പോഴും കണ്ടുവരുന്ന പലേ പത്രങ്ങളേയും അവയെ വരുത്തി വായിക്കുന്നവരുടേയും ഏഴരശ്ശനി ആലോചിച്ചാൽ ആരും പരിതപിക്കാതിരിക്കുമോ ? "തിന്നരുചിഹിലൊക്കെ" എന്നിരിക്കേ പത്രപാഠകന്മാരെ എല്ലാവരേയും ഒരുപോലെ രസിപ്പിക്കേണമെന്ന് ഞാൻ വിവക്ഷിക്കുന്നില്ല. അപ്രകാരം വിവക്ഷിച്ചാൽതന്നെ അത് ന്യായമാവുകയുംഇല്ല. പക്ഷെ അധികപക്ഷം വായനക്കാരെയെങ്കിലും രുചിപ്പിക്കേണ്ടയോഎന്നു ഞാൻശങ്കിക്കുന്നു. അനവധി ജനങ്ങൾ പത്രം വരുത്തി പഞ്ചസാര പൊതിയുവാൻ ഉപയോഗിക്കുന്നു. അനവധി ജനങ്ങൾ പത്രാധിപന്മാരുടേയോ മാനേജരുടേയോ സേവക്ക് പത്രം വരുത്തി തങ്ങളുടെ കുട്ടികൾക്കു പുസ്തകം പൊതിയുവാൻ കൊടുക്കുന്നു. അനവധിപേർ അഭിമാനത്തിനു വേണ്ടി വർത്തമാനപത്രങ്ങൾ വരുത്തുകയും വായിക്കാതെ വൃഥാ കെട്ടിവെക്കുകയുംചെയ്യുന്നു. ഇതിനൊക്കാം കാരണമെന്തായിരിക്കും. ആദ്യം ഒന്നുരണ്ടു പത്രങ്ങൾ വായിച്ചുനോക്കുമ്പോൾ സ്വീകാര്യോപയോഗ്യമോ ഗ്രാഹ്യമോ ആയി യാതൊരു വിഷയവും ഇല്ലെന്നു കണ്ടാൽ പിന്നെ ആ പത്രം വരുമ്പോൾ ആരെങ്കിലും തിരിഞ്ഞുനോക്കുമോ ? ചില പത്രാധിപന്മാർ വല്ല 'കല്ലുവെച്ച' വിസ്തൃതിയും എഴുതി കടലാസ്സിലെ സ്ഥലം ഒരുവിധം കഴിക്കും. ചിലർ നാട്ടുകാരേയും ഗവർമ്മേണ്ടിനെയും വൃഥാ ദുഷിച്ച് മാനനഷ്ടക്കേസ്സിലും വികടങ്ങളിലും ചാടിവീഴും. ചിലർ ഉദ്യോഗസ്ഥന്മാരുടേയും മഹാന്മാരുടേയും സേവക്ക് മുഖസ്തുതിവെച്ച് വിലക്കി പത്രസ്ഥലം മുടക്കും. ചിലർ ആകപ്പാടെ നാലു ഭാഗമുള്ള പത്രത്തിൽ മൂന്നുഭാഗ

വും ചരസ്യവും വക്ഷളായ ചിത്രവുമായിക്കഴിക്കും. ഇവയുടെ ഇടയിൽ നന്മയുടെ വല്ല ഒരു കരടുംചെട്ടാൽ പത്രപാഠകന്മാരുടേയും ലോകജ്ഞാനിയുടേയും. സൂക്ഷ്മം. ഒരംവിധത്തിലാകുന്നു ഇവിടങ്ങളിൽ നടപ്പുള്ള മിക്ക മലയാളപത്രങ്ങളുടേയും സ്ഥിതി. മാസികകളുടെ സ്ഥിതി ഏകദേശം ഇതുപോലെതന്നെയാണ്. എങ്കിലും രാജസേവയും മുഖസ്തുതിയും കുറയുമെന്ന് ചുരുങ്ങിയ ഒരാശ്വാസമുണ്ട്. വല്ല കവിയശഃപ്രാർത്ഥികളും,

"ഉത്തിഷ്ഠോത്തിഷ്ഠരാജേന്ദ്രമുഖം പ്രക്ഷാളയസ്വടഃ
ഏഷഭാനുഹ്യയതേകക്ഷചൈവതുഹിചചൈവതുഹി"

എന്നപോലെ വല്ല മുറിശ്ലോകമുണ്ടാക്കി അയച്ചാൽ അവക്ക് നിശ്ചയമായും ഇപ്പോൾ മാസികകളിൽ ഒരാദ്യവസാനപദവി ലഭിക്കുന്നതാകുന്നു.

മലയാളപത്രങ്ങൾ വേണ്ടപോലെ നടത്തുന്നതായാൽ വളരെ നല്ലതുതന്നെ. പത്രങ്ങൾകൊണ്ടുള്ള ഉപകാരങ്ങളിൽ ഒന്ന് നാട്ടുകാരുടെ സങ്കടങ്ങൾ ശവമേൽമന്ത്രിനെ അറിയിച്ച് അവയെ പരിഹരിക്കുന്നതാണല്ലോ. ഇതിനുള്ള സ്വാതന്ത്ര്യം ഇംഗ്ലീഷ് പത്രങ്ങൾക്കും മലയാളപത്രങ്ങൾക്കും ഒരുപോലെയാണെങ്കിലും സായ്പന്മാരുടെ അടുക്കലേക്ക് യഥേഷ്ടം സങ്കടങ്ങൾകൊണ്ടുചെല്ലുവാനും മദ്ധ്യേ തടസ്ഥമില്ലാതെ തുറന്ന പറവാനും നല്ലത് ഇംഗ്ലീഷുപത്രങ്ങളാണല്ലൊ ഇങ്ങിനെ മലയാളപത്രങ്ങൾക്കു ഒരു ന്യൂനതയുണ്ടെന്ന് ചിലർ സയുക്തികമായി വാദിക്കുമെങ്കിലും മലയാളപത്രങ്ങളുടെയും കൂടി ഒരു സംഗ്രഹം തർജ്ജമക്കാർ മുഖേന ശവമ്മേൽക്കാർ ഗ്രഹിക്കാറുണ്ടെന്ന് നമുക്കു സമാധാനിപ്പാനും വഴിയില്ലേ?

ഇതിന്റെ പുറമെ വർത്തമാനക്കടലാസ്സുകൾ വഴിയായി നാനാദിഗന്തരങ്ങളിലുള്ള നാനാജനങ്ങളുടെ അഭിപ്രായഭേദവും സ്ഥിതിയും അറിയുവാനും നാനാദേശക്കാർ തമ്മിൽ ഗൌരവമുള്ള വിഷയങ്ങളെപ്പറ്റി വാദപ്രതിവാദം ചെയ്ത് സംശയനിവാരണം ചെയ്യുവാനും നാനാരാജ്യക്കാരുടെ ആലോചനകളും പ്രകൃതികളും ഗ്രഹിപ്പാനും നമുക്ക് കഴിയുന്നു. ഇപ്പോഴത്തെക്കാലത്തിൽ

പത്രരംഗത്തിലാണ എല്ലാവക്കും ഒത്തൊരുമിച്ച അഭിനയം ചെയ്യാൻ സുലഭമായി സാധിക്കുക.. ഒരു ഉദ്ദേശം അധികം ഇംഗ്ലീഷു പത്രങ്ങൾക്കല്ലയൊ സാധിക്കുന്നത? ഇന്ത്യയിൽ എന്നല്ല ലോകത്തിൽ മിക്കപ്രദേശങ്ങളിലും പടർന്നു പിടിച്ചിരിക്കുന്ന ഇംഗ്ലീഷുഭാഷയിൽ പ്രസിദ്ധപ്പെടുത്തിയ പത്രങ്ങൾ നാനാമനുഷ്യവംശാഖയുടേയും ഇടയിൽ സഞ്ചരിപ്പാനും തങ്ങളിൽ പ്രതിപത്തി തോന്നിപ്പാനും കഴിയുമല്ലോ. എന്നാൽ മലയാളത്തിൽ മാത്രം സഞ്ചരിച്ച് തദ്ദേശവാസികളേ ഏകയോഗക്ഷേമകാരാക്കിത്തീർക്കേണ്ടതിന്ന് മാത്രമാകുന്നു മലയാള പത്രങ്ങളേ നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ട് ഇംഗ്ലീഷുപത്രങ്ങൾ അവയുടെ പ്രവൃത്തി ചെയ്യുന്നപോലെ നമ്മുടെ പത്രങ്ങൾ അവയുടെ പ്രവൃത്തി ചെയ്താൽ മലയായിരുന്നു. പിന്നെ അവക്ക ന്യൂനതയുണ്ടെന്ന് പറഞ്ഞുകൂടാ.

മലയാള പത്രങ്ങൾ വെണ്ടതുപോലെ നടത്തിയാൽ മലയാളത്തിൽ മലയാളപത്രങ്ങൾക്ക് മാന്യസ്ഥാനം കൊടുക്കേണ്ടിവരില്ലയോ എന്നുകൂടി ഞാൻ ശങ്കിക്കുന്നു. നാട്ടുവൃത്തമാനങ്ങൾ അറിയിക്കേണ്ടുന്ന സാമർത്ഥ്യം രണ്ടിന്നും ഒരു പോലെയാണല്ലോ. ഇംഗ്ലീഷറിയാത്ത നമ്മുടെനാട്ടുകാരെക്കൂടി മലയാള പത്രങ്ങൾകൊണ്ട വർത്തമാനങ്ങൾ ധരിപ്പിപ്പാൻ കഴിയില്ലെ?

ഇവിടങ്ങളിൽക്കാണുന്ന മാസികകളിൽ ഗവർമ്മേണ്ട് വിഷയങ്ങൾ ഒന്നും പ്രതിപാദിക്കാറില്ലെന്നു ഞാൻ പറഞ്ഞുവല്ലോ. അതുകൊണ്ട് ഇവയെക്കൊണ്ടുള്ള ഉപയോഗം ജനങ്ങൾക്ക് ഗവർമ്മേണ്ടിനെപ്പറ്റി വല്ലതും അറിവു കൊടുക്കേണമെന്നുള്ളതും ഭാഷയെ പരിഷ്കരിപ്പിച്ചും പോഷിപ്പിച്ചും ഒരു ഉന്നതപദവിയിൽ വരുത്തേണമെന്നുമാത്രമേ അവവിചാരിക്കുന്നുള്ളു എന്നും വെളിവാകുന്നു. ഗവർമ്മേണ്ടിനേപറ്റി പഠിപ്പിപ്പാൻ പത്രങ്ങൾ ശ്രമിക്കെ മാസികകൾ അവയുടെപ്രവൃത്തി ശരിയായി ചെയ്താൽ പോരെന്നില്ല. ഇംഗ്ലീഷിലുള്ളതു പോലെ മതവിഷയമായും മറ്റും പ്രതിപാദിപ്പാൻ വെയ്യേറെ മാസികകൾ മലയാളത്തിൽ നല്ലാത്തത ഒരു ചെറിയന്യൂനതയെന്ന് പറവാൻ വഴിയുണ്ട. ഇപ്പോൾ ഒരു വൈദ്യമാസിക പുറപ്പെട്ടുതുടങ്ങിയത വളരെ നന്നായിട്ടുണ്ട്. *

* "വ്യവഹാര ചിന്താമണി" എന്നനിയമമാസികയും നടപ്പുണ്ട.

മലയാളത്തിൽ ഇംഗ്ലീഷിലുള്ളതുപോലെ നോവൽ മുതലായ ഗദ്യപുസ്തകങ്ങൾ ധാരാളമില്ലാഞ്ഞതുകൊണ്ട് ഭാഷക്കുള്ള ന്യൂനത ഇതുയെന്ന് അറികയാൽ ചില മാസികകളിൽ ചില നോവലുകളും മറ്റു സരസ ഗദ്യങ്ങളും പ്രസിദ്ധപ്പെടുത്തിവരുന്നത അത്യുത്തമവും ഉചിതവുമാകുന്നു. ഇംഗ്ലിഷുഭാഷയിൽ തന്നെ നോവൽ മുതലായ പലവിധം ഗദ്യങ്ങൾ പുറപ്പെടുവാൻ ഇംഗ്ലീഷുമാസികകളാകുന്ന കാരണമായത്, എന്ന ചരിത്രത്തിൽ പറയുന്നുണ്ട. വർത്തമാന പത്രങ്ങളിലും മാസികകളിലും ചില പുതിയ രീതിയായ സംഭാഷണങ്ങളും കഥകളും ആദ്യം പ്രസിദ്ധപ്പെടുത്തി വരികയും അവയെ വായിച്ച ജനങ്ങൾക്ക് രസം തോന്നുകയാൽ സ്കോട്ട് മുതലായവർ നോവൽ എന്നൊരുവിധം പുതിയ പുസ്തകങ്ങൾ എഴുതിത്തുടങ്ങുകയും ചെയ്തു. ഒരുവിധം തന്നെയാണ എല്ലാ ഭാഷകളിലും സാധാരണ നോവലിന്റെ ഉല്പത്തിഎന്നുപറയാം. എന്നാൽ ഉല്പത്തം ചില ഭാഷകളിൽ നോവലുണ്ടാവുന്നത് മറ്റു ഭാഷകളിൽ നിന്ന് തർജ്ജമപ്പെടുത്തിട്ടും ആയേക്കാം. മലയാളത്തിലും നമ്മുടെമാസികകളുടെ ശ്രമത്താൽ ഇംഗ്ലീഷിലെന്നപോലെ കാലക്രമേണ നോവൽ മുതലായ പലവിധ ഗദ്യപുസ്തകങ്ങളും വർദ്ധിച്ചുവരുവാൻ ദൈവം കടാക്ഷിക്കട്ടെ.

അവസാനം ആലോചിപ്പാനുള്ളത് ഏതുവിധമായാൽ നമ്മുടെ പത്രങ്ങൾക്കും മാസികകൾക്കും അഭിവൃദ്ധിയുണ്ടാവുമെന്നാകുന്നു. ഇംഗ്ലീഷുപത്രങ്ങളുടെ ആദ്യകാലമായ പതിനെട്ടാം നൂറാണ്ടിൽ ഇംഗ്ലീഷുകാരുടെ സ്ഥിതി എന്തായിരുന്നു? അവരുടെ ഇടയിൽ അന്നുണ്ടായിരുന്ന ഉന്നതപ്പുകളും——ഇപ്പോഴും അവർ കുറഞ്ഞതിന്ന് ആശാന്മാരായിഎന്ന ഞാൻ പറയുന്നില്ല. അന്നത്തേക്കാൾ ഭേദം എന്നേയുള്ള——സദാ ക്ലബിലും നാടകപ്പുരയിലും ആയി കാലംകഴിച്ചിരുന്ന സായ്പന്മാരുടെ ഉർവ്വത്തിയും വിചാരിച്ചാൽ ബഹു ലജ്ജാവഹംതന്നെ. ഐഹികവിഷയങ്ങളിൽഭ്രമിച്ചുമുങ്ങിയവരും പരിഹാസം, പുഛം, ആത്മപ്രശംസ മുതലായ

ദോഷനിവഹങ്ങളുടെ അവതാരമൂർത്തികളുംഡിക്കുടിച്ച ദിചാളിക്കുളിക്കുന്നതിൽ അസാമാന്യത്തുപ്പരുംആയിരുന്നഅന്നത്തെഅമിക്ക സാഹിത്യന്മാരും ഇങ്ങിനെ അവർക്കുണ്ടായിരുന്ന ദുശ്ശീലങ്ങളും ദുഷ്പ്രചാരങ്ങളും അല്പം ഭേദംവരുത്തിയതു വർത്തമാനകാലാസ്സുകളാണെന്ന് അനുലോചിച്ചാൽ അറിയാവുന്നതാകുന്നു. മനോഭേദകങ്ങളും പരിഹാസപരിപൂർണ്ണങ്ങളുമായ ഉപന്യാസങ്ങൾ കൊണ്ടാൽ ആരുടെയാണ് മനസ്സിളകാത്തത്? വിശേഷിച്ച് അഡിസൻ, സ്റ്റീൽ, സ്വിഫ്ട്ട്, ഡേഫൊസൊ, ഗോൾഡ്സ്മിത്ത്, താക്കറെ മുതലായ അന്നത്തെലേഖകശിരോമണികളുടെ തൂവ്വലിന്റെ മുന ശുദ്ധം ശിലപ്രായന്മാരുടെ ഹൃദയങ്ങളിൽകൂടി തറക്കാതിരുന്നിട്ടില്ല. പരമരസികന്മാരായ അന്നത്തെ ഇംഗ്ലീഷുലേഖകന്മാർക്ക് മനുഷ്യരുടെയല്ല മൃഗങ്ങളുടേയുംകൂടി പ്രകൃതി നന്നാക്കുവാൻ കഴിയുമായിരുന്നു. ഇവരെപ്പോലെയുള്ള ചില 'വീരകേസരികൾ' അതിൽപിന്നെയും ഉണ്ടായിട്ടുണ്ട്. ഇപ്പോഴും ഇല്ലെന്നില്ല. ലേഖകവീരരുടെ പ്രാബല്യമുള്ളകാലത്തെ ജനങ്ങളുടെ അഭിവൃദ്ധിയും കാണുന്നത്. നമ്മുടെ മലയാളമാസികകളിലാകട്ടേ പത്രങ്ങളിലാകട്ടേ എഴുതുന്ന അനവധി ലേഖകന്മാരുടെ യോഗ്യത ഞാൻ പറയാതെ അവരുടെ ലേഖനങ്ങളിൽനിന്നുതന്നെ ഗ്രഹിപ്പാൻ കഴിയുന്നതാണല്ലോ. "ചക്കിന്നവില കയറിയിരിക്കുന്നു. കാലം ചീത്തയാണു. മഴപെയ്യാറില്ല. പഞ്ചസാര മധുരിക്കും" എന്നും മറ്റും എഴുതി നിറച്ച ലേഖനങ്ങൾ വായിച്ചാൽ ആർക്കാണ തലവേദനയുണ്ടാകാത്തത്? അതുകൊണ്ട ലേഖകന്മാർ വളരെ യോഗ്യന്മാരായിരിക്കയും അവരുടെ ലേഖനത്തിന്റെ യോഗ്യതയെ അറിയത്തക്ക യോഗ്യതയുള്ളവർ പത്രാധിപന്മാരായിരിക്കയും, ചെയ്താൽ നമ്മുടെ പത്രങ്ങൾക്കും മാസികകൾക്കും, ഇംഗ്ലീഷുപത്രങ്ങളോടും മാസികകളോടും ഏകദേശസാമ്യം ലഭിക്കയും, പത്രവായനക്കാരെയെന്നല്ല. നാട്ടുകാരെ എല്ലാം പരിക്ഷരിച്ച് സദ്വൃത്തനിരതന്മാരാക്കയും, മലയാളഭാഷക്ക് ഒരു നല്ല പദവി ലഭിക്കയുംചെയ്യുമെന്നതിന്ന് രണ്ടുപക്ഷമില്ല.

ചുണ്ടയിൽ സി. രാഘവപ്പൊതുവാൾ.

ന്യായാനന്ദം

പത്നീന്ദ്രനാപ്പുരുഷമായൊരു കൊക്കുകൊണ്ടു
കൊത്തിത്തുലച്ചു തവചാരുശരീരമെന്നായ്
ഓത്തോത്തുഹന്ത പരമായവരങ്ങുമൂല
മന്യാത്തിപുണ്ടു മരുവീടുകയാണുനൂനം ॥ (ഥഠച്ച)

വൃദ്ധ— (കണ്ണീരോടുകൂടി) ഗരുഡന്റെ മുഖത്തിങ്കൽ പതിതനായിട്ടും അക്ഷതശരീരനായിട്ടുതന്നെ തന്റെ പുത്രന്റെ മുഖം കാണ്മാൻ സംശരിവന്ന ആ അമ്മ ഭാഗ്യവതിതന്നേ.

ശംഖ— അമ്മേ! കുമാരൻ സപത്നനായിരിന്നാൽ ഇത് വാസ്തവം തന്നെ.

ജീമൂതവാ— (വേദനനടിച്ചുകൊണ്ട്) ഹാഹാ! പരാത്മസംപാദനത്തിവുള്ള അത്യുത്സുക്യംകൊണ്ട ഇത്രനേരവും അറിയാതെകഴിഞ്ഞു. ഇപ്പോൾ ഇതാമർമ്മം ഭേദിക്കുന്ന വേദനകൾ എന്നെ ഉപദ്രവിപ്പാൻ തുടങ്ങിയിരിക്കുന്നു. (മരണാവസ്ഥനടിക്കുന്നു)

ജീമൂതകേ— (സംഭ്രമത്തോടുകൂടി) ഉണ്ണി! മകനെ! നിയ്യെന്താണിങ്ങിനെ ചെയ്യുന്നത്?

വൃദ്ധ— അയ്യോ! എന്താണാവൊ ഇങ്ങിനെ പറയുന്നത്. (മാറത്തടിച്ചുകൊണ്ട്) രക്ഷിക്കണേ! രക്ഷിക്കണേ! ഇതാഎന്റെ പുത്രൻ അത്യാപത്തിൽ അകപ്പെടുന്നു.

മലയ— ആര്യ്യപുത്ര! എന്നോടുകൂടാതെ പോകുന്നത് അങ്ങക്ക് യുക്തമല്ല.

ജീമൂ— (കൈകൂപ്പുവാൻ ഭാവിച്ചുകൊണ്ട്) ശംഖചൂഡ! എന്റെ കൈകൾ ഒന്ന് യോജിപ്പിക്കൂ!

ശംഖ— (അപ്രകാരംചെയ്തുകൊണ്ട്) കഷ്ടം! ലോകം അനാഥമായി.

ജീമൂ— (കണ്ണുകുറഞ്ഞൊന്നമിഴിച്ച് മാതാപിതാക്കന്മാരെ നോക്കിക്കൊണ്ട്) അഹ! അമ്മേ! ഇത് എന്റെ അന്ത്യമായ നമസ്കാരമാണ്. എന്തെന്നാൽ.

ചൈതന്യം ഗതമായൊരീയവയവം ചെറ്റും ചലിക്കുന്നതി
ല്ലേതുംകേൾക്കുവതില്ലഹോ ചെവികളാമേ സുവ്യക്തമാമുക്തിയും

സാദ്ധ്വീസഹസാമയങ്കിമിഴിയും ഹാ താത! കഷ്ടം കഥാ
രാത്രങ്കംകലരുന്നൊരെന്നുടയൊരീപ്രാണങ്ങൾപോകുന്നിതാ ॥

അല്ലെങ്കിൽ ഇങ്ങിനെ പ്രലാപിക്കുന്നത് എന്തിനാണ് ?
(“സ്വദേഹമേ വിഫണിരക്ഷചെയ്തഞാൻ” എന്നുള്ള ശ്ലോകം ചൊ
ല്ലിവീഴുന്നു)

വൃദ്ധ— അയ്യോ! മകനേ! അയ്യോഉണ്ണി! ഉറങ്ങുന്നുവോ
സുഖമായുള്ള
വനോ! നീ എവിടെപോയിരിക്കുന്നു. എന്നോട ഉത്തരം പറ
ഞ്ഞാലും! ഹാ നയനാനന്ദന! ഹാ ജീമൂതവാഹന! ഇനിനി
ന്നെ എങ്ങിനെ കാണ്മാൻ കഴിയും.

ജിമൂ— ഹാ പുത്ര! ജീമൂതവാഹന! ഹാ നിഖിലജനവത്സല! ഹാ
സത്ഗുണനിധേ! നീ എവിടെ ഇരിക്കുന്നു? ഇനിക്ക് ഉത്തരം
ദാനംചെയ്താലും (കൈ പൊക്കീട്ട്) കഷ്ടം! കഷ്ടം!

ധൈര്യത്തിനിടമില്ല, ടക്കമെവനേ മെട്ടുനു രക്ഷാർത്ഥമാ
യാരോത്താൽക്ഷമയ്ക്കരിപ്പതിനിനി, ദ്ധാനേഹരവിചിന്നയായ് ।
നേരായ്നേരുനശിച്ചു, സാധുഹൃദയിന്നെങ്ങോട്ടുപോംഹന്തമു
പ്പാരും ശൂന്യമതായിഹാ! തനയ! നീലോകാന്തരം പോകവേ ॥

മലയ— ഹാ ആര്യപുത്ര! അങ്ങ് എന്നേ ഉപേക്ഷിച്ചുപോയിരിക്കു
ന്നുവോ? നിഷ്കൃഷ്ണഹൃദയനും രാജകഠിനദേഹനുമായ മലയ
വതി! നീ പ്രാണനാഥനോട കൂടാതേഇനിയും ജീവിച്ചിരിക്കു
ന്നുവല്ലോ.

ശംഖ— ഹാ! നിഷ്കാരണപരോപകാരവ്രത! അങ്ങ് പ്രാണനേക്കാ
ളും അധികം വിലവെച്ചിട്ടുള്ള ഇയ്യാളേകൂടി ഉപേക്ഷിച്ചു
പോകുന്നുവോ? എന്നാൽ ശംഖചൂഡൻനിശ്ചയമായിട്ടും അ
ങ്ങയേ അനുഗമിക്കുന്നതാണ്.

ശത്രു— കഷ്ടം! മഹാത്മാവായ ഇദ്ദേഹത്തിന്റെ കായ്യം കഴിഞ്ഞു
പോയല്ലോ. ഇനി ഞാനിപ്പോൾ എന്ത് ചെയ്യേണ്ടു.

വൃദ്ധ— കണ്ണീരോടുകൂടി ഉയർന്നുനോക്കീട്ട്) ദേവാനാ
രായ ലോകപാലന്മാരേ! അമൃതവർഷം ചെയ്തിട്ടെങ്കിലും എ
ന്റെ പുത്രനേ ജീവിപ്പിക്കണേ!

ശങ്ഖ— (സന്തോഷത്തോടുകൂടി വിചാരം) ഛെയ്! അമ്മതിന്റെറകഥയാൽ നല്ല ഓമ്മയുണ്ടായി. ഇപ്പോഠം ഞാൻ എന്റെറ ദുഷ്ശസ്സ തിരെനശിച്ചതായി വിചാരിക്കുന്നു. വേഗത്തിൽചെന്ന് ദേവേന്ദ്രനോട് അപേക്ഷിച്ച് അദ്ദേഹം തരുന്നഅമൃതിനേ വഷിച്ച ജീമൂതവാഹനനേ എന്നുവേണ്ട പൂവ്വക്ഷിതന്മാരായി അസ്ഥിമാത്രാവശേഷന്മാരായ ഈ സപ്ത്സാധിപന്മാരേയും ജീവിപ്പിച്ചുകളയാം. അപേക്ഷിച്ചിട്ടു അദ്ദേഹം തരാതിരിക്കുന്നതായാൽ ഞാൻ

പക്ഷത്താലുമ്മിമാററിപ്പവനനെയുടയേ
ശേനചായിച്ചു പന്നു
ണ്ടക്കുന്നാരോടു മഗ്നിക്കുടുദഗനലടാ
ഹേനമോഹം വരുത്തി।
കൊത്തീട്ടിന്നന്റെറ വജ്രും ധനദഗദയുമാ
ക്കാലദണ്ഡും തകത്താ
ദിത്യൗഘത്തേജയിച്ചിട്ടമൃതു മഴപൊഴി
ച്ചിടുവൻധാടിയോടേ ॥ (ഫഫഫ)

എന്നാൽ ചോവുകതന്നേ. (എന്നഭ്യാചോടുകൂടി പുററിനടന്ന് ചോയി)

ജീമൂതകേ— വത്സശംഖചൂഡ! ഇനിയും നാം എന്തിനേ കാത്തുനിൽക്കുന്നു? വിറകുകൊണ്ടുവന്ന് എന്റെറ പുത്രന്ന്വേണ്ടി ഒരു ചിത ഉണ്ടാക്കു! ഞങ്ങളുംആയാളേ അനുഗമിക്കുക തന്നെയാണ്.

വൃദ്ധ— മകനേ! വേഗം തെയ്യാറാക്കു! നിന്റെഭ്രാതാവ് ഞങ്ങളെ പിരിഞ്ഞിട്ട് ദുഃഖിച്ചിരിക്കുകയാണ്.

ശംഖ— (കണ്ണീരോടുകൂടി) ഗുരുക്കന്മാരുടെ കൽപ്പനപോലെ. എന്നാൽ ഞാൻ നിങ്ങളുടെ ഒക്കെമുമ്പിൽ ശമിപ്പാനാണ് തീച്ചയാക്കിയിരിക്കുന്നത്. (എണീററ്ചിതഉണ്ടാക്കീട്ട്) താത! അമ്മേ! ഇതാചിത തയാറായി.

അഞ്ചാമങ്കം.

ജീമൂതകേ— കഷ്ടം! കഷ്ടം!
ഉഷ്ണീഷംമുടിതന്നി,മുണ്ണുപുരികങ്ങുംകൂള്ളി,ലബ്ജ്ജോചമം
കണ്ണാച്ചകമൊടൊത്തകൈമുഗപതിയ്യൊക്കന്നേവക്ഷസ്ഥലം!
ഈവണ്ണൊക്കെയിരിക്കെയിന്നിഹകഥാഹാവത്സ! മൽദുഷ്കൃതാൽ
നീവിദ്യാധരചക്രവത്തിപദമിന്നേൽക്കാതെപോകുന്നതും॥ (ഹാ!)
ദേവി! എന്തിനിനിയും നിലവിളിക്കുന്നു? എണീക്ക നമുക്ക് ചിതയിൽ പ്രവേശിക്കാം.

(എല്ലാവരും എണീക്കുന്നു)

മലയ— (കൈകൂപ്പി മേൽപ്പോട്ടുനോക്കിക്കൊണ്ട്) ഭഗവതി ഗൌരി! "വിദ്യാധര ചക്രവത്തി നിന്റെ ഭർത്താവായിരിക്കും" എന്ന ഇവിടുന്ന അരുളിച്ചെയ്തയുണ്ടായി. എന്നാൽ മന്ദഭാഗ്യയായ ഞാൻനിമിത്തം ഇവിടുന്ന് അയഥാർത്ഥവാദിനിയായി തീർന്നിരിക്കുന്നു.

(അനന്തരം സംഭ്രമത്തോടുകൂടി ഗൌരിപ്രവേശിക്കുന്നു)

ഗൌരി— ജീമൂതകേതു മഹാരാജാവേ! സാഹസം പ്രവൃത്തിക്കരുത്.

ജീമൂതകേ— ആശ്ചര്യം! അമോഘദർശനായായ ഗൌരിയോ?

ഗൌരി— (മലയവതിയോടായിട്ട) വത്സേ! ഞാൻ അയഥാർത്ഥവാദിനിയായിത്തീരുമോ?

(നായകന്റെ അടുത്തചെന്ന് കിണ്ടിയിൽനിന്ന് വെള്ളം എടുത്ത് തളിച്ചിട്ട്)

ജീവൻകളഞ്ഞു മുലകിന്നുപകാരമേവം
ജീവൽപ്രമോദമൊടു ചെയ്തൊരുനിന്റെചേരിൽ!
ജീമൂതവാഹന! പരംചരിതാർത്ഥയായ്ഞാൻ
ജീവിക്ക നിർഭയമോടെൻ പ്രിയമേറുമുണ്ണി!

ജീമൂതവാഹനൻ— (എണീക്കുന്നു)

ജീമൂതകേതു— (സന്തോഷത്തോടുകൂടി) ദേവീ! ഭവതി ഭാഗ്യത്താൽ വർദ്ധിക്കുന്നു. ഉണ്ണി വീണ്ടും ജീവിച്ചവല്ലോ

വൃദ്ധ— ഭഗവതിയായ ഗൌരിയുടെ പ്രസാദത്താൽ.

ജീമൂതവാ— (ഗൌരിയേ കണ്ടിട്ട് തൊഴുതുകൊണ്ട്) ആശ്ചര്യ്യം!

അമോഘദർശനയായ ഭഗവതിയോ?
നമിക്കുവോർമാലതുനീക്കിയിഹ
ക്രമത്തിലേറും വരമേകുവോളേ!
നമിച്ചിടുന്നോൻ ചരണംശരണ്യേ!
സമസ്തവിദ്യാധരവന്ദിതേ! തേ॥ (ഹന്ത)

(എന്ന് ഗൌരിയുടെ കാൽക്കൽവീഴുന്നു)

(എല്ലാവരും മേല്പോട്ട നോക്കുന്നു)

ജീമൂതകേ— എന്ത്! കാറില്ലാതേകണ്ട് മഴപെയ്യുന്നുവോ? ഭഗവതി! ഇതെന്താണ്?

ഗൌരി— രാജാവേ! പശ്ചാത്താപത്തോടു കൂടിയ ഗരുഡൻ ജീമൂതവാഹനനേയും അസ്ഥിമാത്രാവശേഷങ്ങളായ സപ്പുങ്ങളേയും ജീവിപ്പിക്കുന്നതിന്നായിദേവലോകത്തിൽ നിന്ന് അമൃതവർഷം ചെയ്തതാണ് ഇത്. (വിരൽകൊണ്ടു പൂണ്ടിക്കാണിച്ച് ഇതാ അങ്ങുകാണുന്നില്ലേ?

നന്നായ്പുന്നൊത്തമെയ്യുംനവമണിരുചിയാൽ
ദ്വീപ്രമാം മൌലിയും ചേ
ന്നോന്നായ്പീയൂഷലോഭാൽ വൃഥിവിയധികമാ
ലേഹനംചെയ്യുകൊണ്ട്
ഇന്നീസ്സപ്പേന്ദ്രസംഘം മലയഗിരിസരി
ദ്വാരപൂരങ്ങൾ പോലെ
മാന്ദ്യംവിട്ടംവളഞ്ഞുള്ളൊരുഗതികളൊടും
വാഴ്കയിൽച്ചേന്നിടുന്നു॥ (ഹന്ത)

(ജീമൂതവാഹനനോടായിട്ട്) വത്സ! ജീമൂതവാഹന! ഭവാൻ പ്രാണദാനത്തിന്ന്മാത്രം അർഹനായ ആളല്ല. അതിനാൽ ഇതാവേറേ ഒരു പ്രസാദവും കൂടി ഇരിക്കട്ടേ.

അന്തരത്തിൽ ചുമൽ കൊണ്ടുലഞ്ഞ കനകാബ്ജപ്പൂമ്പോടിപ്പൂരമാ
ന്നിന്നെന്മാനസജാതമായ് ശുചിയതായിപ്പോഠംതെയാറുള്ളതാം
തന്നിഷ്ടപ്പടി തീർത്ത പൊൻകുടമതിൽച്ചേർത്തൊരുനീരാടിഞാൻ
നിന്നെപ്രീതിയൊടിന്നു ചെയ്യുവനി താവിദ്യാധരാധ്യക്ഷനായ് ॥

ഇനിയും

കനകരുചിരചക്രം നല്ല നാല്പൂവനാമീ
കുളരുചികരിവീരൻ, ശ്യാമമാമശരീരം ।
മലയവതിയിതെല്ലാം രത്നജാതങ്ങളുണ്ട
കുലിവൊടു മിഹതന്നേൻ കാങ്ക്ഷഹേചക്രവർത്തിൻ ॥ (ഫ്രഞ്ച)

അതിനും പുറമേ ഇതാ !

എല്ലാവരും ദർശിച്ചാലും ! മതംഗൻ തുടങ്ങിയുള്ള വിദ്യാധരപതികൾ ശരൽക്കാലത്തിലേ ചന്ദ്രനേപോലേ ധവളങ്ങളായ ചാമരങ്ങൾ കയ്യിലെടുത്തുകൊണ്ടും ഭക്തിയാൽ പൂവ്വുകായത്തെ നമിച്ചുകൊണ്ടും അഭിവാദ്യം ചെയ്യുയും നമസ്കരിക്കുകയും ചെയ്യുന്നു. അതുകൊണ്ട പറയു ! ഇനി ഞാൻ അങ്ങേക്ക എന്ത് ഇഷ്ടമാണ ചെയ്യണ്ടത്.

ജിമൂതവാ— ഇതിലും അധികമായിഎന്തിഷ്ടമാണുള്ളത്.

രക്ഷിച്ചുശംഖചൂഡന്നടൽ ഗരുഡനിൽ നി
ന്നിട്ടു, താക്ഷ്യന്നടക്കം
ശിക്ഷിച്ചുണ്ടാക്കി, മുൻതിരുന്നാരുളുജഗവര
ക്കൊക്കെയുണ്ടാക്കിജീവൻ ।
രക്ഷപ്പെട്ടുമരിക്കാതിഹ ഉരുജനമെൻ
പ്രാണലാഭാൽ, സമക്ഷം :
വീക്ഷിച്ചുദേവി! ഞാനാണ്ടയെ യിനിയുമിനി
ക്കെതുമെന്തതിനുള്ള ॥ (ഫ്രഞ്ച)

എന്നാലും ഇതിരിക്കട്ടേ

(ഭരതവാക്യം.)

നാഗാനന്ദം.

കാലേ വഷ്ടിച്ചിടട്ടേ മയിൽപിരകളും മടി
ച്ചീടുമാറംബുദൌഘം
ചാലേ ഭൂലോകമെല്ലാം പരമവിരളസ
സ്യങ്ങളാൽ മൂടിടട്ടേ ।
ഇപ്പോകം മത്സരികൾതൊറയുമചകൂമേ
ലാതെയും ബന്ധുവർഗ്ഗ
ത്താലുണ്ടാം സൌഖ്യസംപത്തെഴുമുടലുമാ
ജ്ജീവിച്ചവത്തിച്ചിടട്ടേ ॥
(എന്നു പിള്ളവണ്ണം പോയി.)

———;o;———

അഞ്ചാമങ്കം കഴിഞ്ഞതും.

നാഗാനന്ദം നാടകം സമാപ്തം.

ശ്ലോകം.

കുട്ടിശ്ശീട്ട.

കറുത്തുകുഴംവച്ചോരു ചെറുതാലിയ്ക്കു തുല്യമായ് ।
ഇരിയ്ക്കുമിസ്പിശീട്ടെന്നു ധരിച്ചീടണമേവരും ॥
ഭദ്രാസനേപ്രതിഷ്ഠിച്ചുരുദ്രലിംഗം കണക്കിനേ ।
ഛിദ്രംകൂടാതെകാണുന്നതുദ്ദേശാൽക്കുവരായ്കയും ॥
അധികം പുത്തായുള്ള രുധിരത്തിൻറെ വർണ്ണമായ് ।
ചതുരക്കോണുമായ്ക്കാണുന്നതുഡെമനതായ്കയും ॥
പാരാതെതെറ്റിപ്പൊട്ടിച്ച പേരാലിലയോടൊപ്പമായ് ।
പാരംചുമന്നുകണ്ടീടുന്നൊരു ശീട്ടാവശ്യനായ്കയും ॥

വെണ്മണി അഛൻ നമ്പൂരിപ്പാട്.

ഒരു വിലാപം.

ഹ. അജനവ്യയനായൊരീശ്വരൻ
നിജസന്തോഷമതിന്നുതന്നൊയോ
ചലമട്ടവിചിത്രപൂർണ്ണമാ
മുലകാമഹന്ത! ചമച്ചതീവിധം.

൨. പച്ചമേനിയുമഞ്ചമേനിയും
തുല്യവിട്ടുള്ളൊരു മട്ടസംഖ്യമായ്
പലതുചേർന്നാദിയോട്ടിട്ട
തല്പമെങ്ങും പരിപൂർണ്ണമത്രയും.

൩. ചെറുപുല്ലുകൾ ചോലുമേതുമേ
വെറുതേയല്ല ജനിച്ചതുഴിയിൽ
സകലത്തിനു മുള്ളജോലിതാൻ
നികരം ചേർന്നതുതാൻപ്രപഞ്ചവും.

൪. പലവൃക്ഷലതാദയെണ്ണിയാൽ
തുലയാലോഹശിലാദിവസ്തുവും!
ബഹുപക്ഷിമൃഗാദിജന്തുവും
ബഹുധാഭൂമിയിലുണ്ടവർണ്ണമായ്!

൫. ഇവസർവ്വമീശചരണേറ്റ വൈ
ഭവശക്ത്യാദി ഗുണങ്ങളന്തമു
പരിപൂർണ്ണതചുണ്ടുചിഹ്നമാ
മതിതാൻമന്ത്രനുപാഠമേകുവാൻ.

സി. എസ്സ്. സുബ്രഹ്മണ്യൻപോറ്റി.

ബാലാപഞ്ചകം.

കുട്ടിക്കാലത്തുമെത്തും കതിരവ, നെതിരാ
യാരുമില്ലാരിലെന്നെ
ച്ചൊട്ടിക്കാനില്ല" യെന്നോത്തടവൊട്ട വിടുമാ
വൈലിനും തോലിയേകി
തട്ടിക്കേറുന്ന മാറോരുടെ വലിയതരം
വമ്പിനൊപ്പിച്ചുവില്ലാക്കും
മട്ടിൽ കത്തുന്ന, കാലാന്തകവരദയിതാ
കാന്തി, കാമന്തരട്ടെ. (1)

"പേരാളും നിങ്ങടെതമ്മിൽ പെരുകിവതുമൊരീ
മുഷ്കടൻ രാജിയായി

തടീരാൻ നോക്കേണ്ണമെന്നായ് നിജവരനുണ്ണാം
കിട്ടിടും മട്ടിലോരാൻ
താരാണെന്നോത്തുശുഭ സ്ഥിതമജപചടീ
കൈതവം കൊണ്ടുവന്നി
ത്താരാജാങ്കൽ ചേരുന്നൊരു കരമിഹമേ
റന്ത സൌഖ്യം തരട്ടെ. (2)
ഏതങ്കൽ തങ്കുന്നതക്കൃത്യാ തരമൊട്ട ചണിയു
ന്നോർകളെ സ്സുവ്വിധം നി
ശ്ശങ്കം ലാളിയ്ക്കുമിങ്ങെന്നുള്ളാരതിയെ
ക്കൂട്ടരാനെന്നമട്ടിൽ
രങ്കത്താരിൽ ദളംതോറെറാരുവിരവുകളാൽ
പുസ്തകം ശസ്തമാം ത
ന്നങ്കത്തിൽ ചേത്തുവെച്ചിടുമരചരകരം
സന്തരം ശന്തരട്ടെ. (3)
പാരംസംസാരമാകും കടലിനടുവിൽ
ജായമുന്നായകള്ള
ന്നാരൻചോടാത്രമിച്ചാഴ്തിടുമളവുമരി
ക്കാത്തസൽഭക്തരെല്ലാം
സാരംമാഗ്ഗംധരിച്ചിക്കരയണവതിനാ
യ്ക്കാട്ടിടും നൽപതാകാ
ഹീരം, സാദീതിമൂർത്തം, പരമചരകരം
ചേർക്കുമേനേർക്കുസൌഖ്യം. (4)
മിന്നുംശ്രദ്ധാക്ഷമാല്യം ചെടിമൊരുകരം,മ
പ്പുസ്തകാഭീതിയുഗ്മം
മിന്നുംകൈരണ്ടു,മറുള്ളൊരുകരമിവയാം
നാലുനൂക്കൈകളോടും
ഇന്നുംകല്ഹാരപുഷ്പത്തിനടുവണിയി
ക്കുന്നൊരാക്കാന്തിവന്നി
ട്ടെന്നും, ഹൃൽക്കുത്തരങ്ങത്തഴകൊടു വിളയാ
ടീടണം മോടിയോടെ (5)

വി. സി. ബാലകൃഷ്ണമേനോൻ.

ഒരു ദുർമ്മരണം.

———— :o: ————

വീട്ടിൽ ചിന്ന കായ്യുപശാൽ പുറത്തേക്കു പോയിരിക്കുന്നു കുഞ്ഞിരാമൻനായരുടേയും കുമാരൻനായരുടേയും മനോഗതം അമ്മു ശങ്കിച്ചപോലെ ഭാസ്കരമേനവനെ കാണുവാൻതന്നെയായിരുന്നു. അദ്ദേഹം കേസ്സു കഴിഞ്ഞ തിരിച്ചുവരുംവഴി കുന്നുമുട്ടുന്നതായാൽ എളുവല്ലുക്കു നൂഴുക്കാതെ കഴിക്കാമെന്നു കരുതി അവർ മജിസ്ട്രേട്ടു കോടതിയിലേക്കാണു പുറപ്പെട്ടതു്. അഥവാ സ്റ്റേഷൻആപ്പീസർ കോടതിജോലി എല്ലാം തീർക്കുകി എളുവല്ലുക്കു മടങ്ങിക്കഴിഞ്ഞുവെങ്കിൽ അപ്പോൾതന്നെഅവർ അങ്ങോട്ടുപോകുവാനും ഒരുക്കമായിരുന്നു. എങ്കിലും അവക്കു ഫലം കൂടാതെ, അടുത്തവഴി അവത്തിച്ചുള്ളകേ ണ്ടതായിവന്നില്ല.

സ്റ്റേഷൻആപ്പീസുക്കു ഹാജരാകുവാൻ സാധിക്കാഞ്ഞതിനാൽ ആറാന്തിയുതി വിചാരണക്കു വച്ചിരുന്ന കവർച്ചക്കേസ്സ് എട്ടാന്തിയുതിക്കാണു നീട്ടിയതു. നീട്ടിവച്ച കേസ്സ് മുമ്പിലെടുത്തേക്കാമെന്നുവിചാരിച്ച ഭാസ്കരമേനോൻ അന്നേദിവസം കോടതി കൂടിയപ്പോൾ അവിടെ ഹാജർകൊടുത്തു. പക്ഷേ 'കോടതിയുക്തം' വിചരിതമായിരുന്നതിനാൽ കോടതിചിരിഞ്ഞതും സ്റ്റേഷൻആപ്പീസരുടെ ജോലി ഒതുങ്ങിയതും ഒട്ടുയോജിച്ചിട്ടായിരുന്നു. അദ്ദേഹം അവിടെനിന്ന് ഇറങ്ങിപ്പുറപ്പെട്ടപ്പോൾ കുഞ്ഞിരാമൻനായരും കുമാരൻനായരും എതിരായിട്ടു വരുന്നതും പഞ്ചപുഛമടക്കി പിന്നാലെ നടക്കുന്ന പരിവാരപ്പടയുടെനായകനായ മജിസ്ട്രേട്ടിനു വഴി മാറിക്കൊടുക്കുന്നതും കണ്ടുവെങ്കിലും പടിവാതുക്കലെ തിരക്കുമൂലം വിചാരിച്ച വേഗത്തിൽ പുറത്തു ചാടിവീഴുവാൻ കഴിഞ്ഞില്ല. ബഹളമൊന്നു ശമിച്ചതോടുകൂടി ഭാസ്കരമേനോൻ അവരുടെ സമീപത്തു ചെന്നുചേർന്നു.

വിശേഷിച്ചു വല്ലതും ഉണ്ടായിട്ടോ? കായ്യസ്ഥൻ ഇന്നു കാലത്ത വീട്ടിൽ വന്നിരുന്ന അല്ലേ? പത്തുമണികഴിഞ്ഞ പതിനൊന്നു മണിയോടുകൂടി കിഴക്കോട്ടു പോയിരിക്കണം. പരിവട്ടത്തുതന്നെ ഉറപ്പുംപറഞ്ഞിരിക്കുന്നു. ഞാൻ അങ്ങോട്ടു വരണമെന്നുവിചാരിച്ചിരിക്കയായിരുന്നു. കണ്ടതേതെങ്കിലും നന്നായി.'' എ

ന്ന നേരംപോക്കായിട്ട ചിരിച്ചുംകൊണ്ടു പറഞ്ഞു. സംസാരിക്ക ന്ന സമയത്ത ദുഷ്ടി കുഞ്ഞിരാമൻനായരുടെ മുഖത്തായിരുന്നില്ല. ഉദാസീനമെന്നപോലെ വഴിയുടെ വലത്തുവശത്ത് സഞ്ചരിക്കുക യായിരുന്നു.

സ്റ്റേഷനാപ്പീസുകാരുടെ വാക്കിൽനിന്ന കുഞ്ഞിരാമൻനായർ യ ഥാശ്രുതമായ അർത്ഥം ഗ്രഹിച്ചിട്ട്-

"അല്ലാ! കായ്യസ്ഥനെക്കണ്ടു സംസാരിക്കുക കഴിഞ്ഞുപോയോ? ഞങ്ങാ ഈ വഴിയൊക്കെ നടന്നുവന്നത് നിഷ്ഫലമായിഎന്നു ന്നോടാ"?എന്നു ചോദിച്ചതിനുത്തരമായി,-

"ഇല്ല" എന്നരണ്ടക്ഷരം ഒരുചോദ്യത്തിനുകൂടി എടകൊടുത്തു.

"എന്നാൽ വല്ലവരും പറഞ്ഞിരിക്കാം അല്ലേ?" എന്നതിന്ന,

"അതും ഇല്ല" എന്നായിരുന്നു സമാധാനം. ഇത ഭാസ്കരമേ നോൻ വിചാരിച്ചപോലെ ഫലിച്ചു. ചെപ്പടിവിദ്യകാട്ടുകയോ കടംപറകയോ ചെയ്യുമ്പോൾ ബാലന്മാർക്കുണ്ടാവുന്നതുപോലെയു ള്ളോരൽപ്പതാവം കുമാരൻനായരുടെ മനസ്സിലുദിച്ചത മുന്നോട്ട തള്ളിയ മുഖത്തിലും മലർക്കെവിടർത്തിയ മിഴികളിലും ധാരാളം തെളിഞ്ഞിരുന്നു. കുമാരൻനായരുടെ മനസ്സിലുദിച്ച് മുഖത്തുതെ ളിഞ്ഞ ആശ്ചര്യഭാവം വാക്കുകളുപേണ സ്റ്റേഷനാപ്പീസുകാരുടെ ചെവി കളിലേക്ക പകർന്നു കുഞ്ഞിരാമൻനായരായിരുന്നു.

"പിന്നെയെങ്ങിനെയാണ് നിങ്ങൾക്കിതുമനസ്സിലായത്."

"കായ്യസ്ഥനേ കണ്ടുകിട്ടിയാൽ വിവരം ചോദിച്ചറിഞ്ഞ് എ ന്നോടു വന്നുപറഞ്ഞുകൊള്ളാമെന്നു നിങ്ങൾതന്നെ ഏറ്റിട്ടില്ലേ?"

"കായ്യസ്ഥന്റെ ചരിത്രം മുഴുവനും ഇതുകൊണ്ടറിയാറായോ?"

"ഇതുകൊണ്ട നിങ്ങൾ കായ്യസ്ഥനേക്കണ്ടു എന്നൂഹിക്കുന്നോ? നിങ്ങളുടെ പടിക്കൽ മുൻഭാഗം അധികം പതിഞ്ഞിട്ടുള്ള കുറേ അടികാൽ കണ്ടു. മുടന്തനാരുടെയാണെങ്കിൽ രണ്ടടികളും ഒരുപോലെയായിരിക്കുവാൻ തരമില്ല. മടമ്പുയർത്തി നടക്കുന്ന ചിലവകക്കാരുണ്ട്. അവരുടെയാണെങ്കിൽ ഉപ്പുകുറി മണ്ണിൽ പതിഞ്ഞു കാണുവാനും വഴിയില്ല. ഈസംഗതികളിൽ നിന്ന് ക്ലേശമുള്ള

രാളുടെ ആയിരിക്കണമെന്നല്ലേ വിചാരിക്കേണ്ടത്? അടിയുടെ ആകൃതിയും വലിപ്പവും നോക്കിയപ്പോൾ കായ്സ്ഥന്റെതന്നെയെന്നു തീർച്ചയായി. ഞാൻ പരിവട്ടത്തെ പടി പിന്നിട്ടപ്പോൾ പത്തുമണി കഴിഞ്ഞിരിക്കുന്നു. അടികളുടെ ഗതികൊണ്ട് ആ വഴി കായ്സ്ഥൻ തിരിച്ചുപോയിട്ടില്ലെന്നും മനസ്സിലായി.''

''പതിനൊന്നുമണിക്കു കിഴക്കോട്ടു പോയിഎന്നും ഉറപ്പുകഴിഞ്ഞുവെന്നും എങ്ങിനെയാണു മനസ്സിലായത്?'' എന്നുചോദിച്ചതു കുമാരൻനായരാണ്.

''ഞാൻ പറഞ്ഞപോലെയുള്ള അടികാണാനുണ്ടോ എന്നവഴിയുടെവലത്തുപുറത്തുള്ള മണൽപ്രദേശത്തു നോക്കു. അവയുടെ പോക്ക് കിഴക്കോട്ടല്ലേ? അവയിൽ ചിലതു കോടതിക്കു വരുന്നവരുടെ കാലടികളേക്കൊണ്ട് കാണാതെയായിട്ടുണ്ട്. പതിനൊന്നുമണിയോടുകൂടി ആളുകളും കോടതിയിലെത്തിക്കഴിഞ്ഞിരിക്കുന്നു. വിശേഷിച്ച് തെളിഞ്ഞിട്ടുള്ള അടികാണാൻ അടുത്തടുത്തിരിക്കുന്നില്ലേ. ഒന്നുനോക്കു. കുനുള്ളവക്കവയറു നിറഞ്ഞിരിക്കുമ്പോൾ കാലകത്തിവക്കുവാൻ സാധിക്കില്ല. പിന്നെ പരിചയക്കാരുടെ വീട്ടിൽ കാലത്തുചെന്ന് ഉച്ചവരെ താമസിച്ചാൽ പട്ടിണിയിട്ടു പറഞ്ഞയക്കുമോ?''

''ഇനി കാറിന്റെ ഗതിയിൽനിന്ന്' കായ്സ്ഥൻ പറഞ്ഞതുകൂടി മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ ഞങ്ങൾ വന്നവഴിയേ പൊക്കോളാം. നിങ്ങൾ വെറുതേ ബുദ്ധിമുട്ടേണ്ട.'' എന്നു കുഞ്ഞിരാമൻനായർ പറഞ്ഞതിൽ പ്രകൃതിശാസ്ത്രവിരുദ്ധമായ ഒരു പ്രയോഗം കുമാരൻനായക്കു സുഖമായില്ല.

''നല്ലവണ്ണം മനസ്സിരുത്തുവാനുള്ള മിടുക്കും അതിനടുത്ത പരിചയവും ഉള്ളവക്ക് വായുവിന്റെ ഏതുമായ സൂക്ഷ്മമായ ചലനഭേദത്തിൽനിന്ന ഏറ്റവുംകലർന്നിട്ടുള്ള ശബ്ദവുംകൂടി വേർതിരിച്ചറിയുവാനുള്ള ഒരു പ്രത്യേകശക്തി ഉണ്ടാവുന്നതല്ലെന്നുസിദ്ധാന്തിക്കുന്നില്ല. പക്ഷേ ഞാൻ അതു ശീലിച്ചിട്ടില്ല. അതുകൊണ്ട് കായ്സ്ഥൻ ഇന്നുനിങ്ങളോടുപറഞ്ഞത് എനിക്കുമനസ്സിലാവണമെങ്കിൽ നിങ്ങൾ പറഞ്ഞുകേൾക്കുകതന്നെവേണം. വരൂ. ഇനി ഏതെങ്കിലും അമാന്തിക്കേണ്ട. നടക്കുന്ന വഴിക്കു സംസാരിക്കാം.''

എന്നു പറഞ്ഞിട്ടു കുഞ്ഞിരാമൻനായരൊരുമിച്ചു നടന്നുതുടങ്ങി. കുമാരൻനായർ അടുത്തു പിന്നാലെയും പുറപ്പെട്ടു.

വളരെത്താണ്ട ശ്രുതിയിലാണ് അവർതമ്മിൽ സംസാരിച്ചിരുന്നത്. സംഭാഷണത്തിന്റെ അധികം ഭാഗവും കുഞ്ഞിരാമൻനായരുടെ ഓഹരിയിൽപ്പെട്ടതായിരുന്നു. പിന്നാക്കം തിരിഞ്ഞ് "അച്ഛേ കുമാര" എന്നുചോദിക്കുമ്പോൾ, അമ്മാമൻ പറഞ്ഞതിനേശ്ശരി വയ്ക്കുകയോ അമ്മാമന്റെ താത്പര്യസ്സഹായിക്കുകയോ ചെയ്കമാത്രമേ മരുമകനു ഭാരമുണ്ടായിരുന്നുള്ളു. സ്നേഹനാപ്പുരുടെ ജോലി എടക്കു ചില ചോദ്യങ്ങൾ ചോദിക്കുകമാത്രമായിരുന്നു. ഇങ്ങിനെ "ഒസ്യത്തെന്ന്", "ശിഷ്യനെന്നും" "ശങ്കരമേനവനെന്നും" "ചേവകിക്കുട്ടിയെന്നും" "ഒപ്പിട്ടവോ" എന്നും "അങ്ങിനെയല്ല, ബാലകൃഷ്ണമേനവന്റെ അഭിപ്രായപ്രകാരം ഇതിനുമുമ്പും അമ്മ അവരേക്കാണുവാൻ പോയിട്ടുണ്ട്" എന്നും മറ്റും പറഞ്ഞും ചോദിച്ചും തെറ്റുതീർത്തും അവർ മൂന്നാളുകൂടി ശിവക്ഷേത്രത്തിങ്കലോളം എത്തി. ഇവിടെവച്ചു കുഞ്ഞിരാമൻനായർ പിന്നാക്കം തിരിഞ്ഞ്

"കുമാരാ, കുമാരൻചോയി കണ്ണിനായരിൻസ്പെക്ടർ വന്നിട്ടുണ്ടോ ഇപ്പോൾ? എന്നാവരും എന്നെക്കൊണ്ടു അന്വേഷിച്ചവരും. വന്നിട്ടുണ്ടെങ്കിൽ കാര്യസ്ഥൻ എന്നാണ ഹാജരാവേണ്ടത എന്നുകൂടി അറിഞ്ഞുവരണം" എന്ന മരുമകനോടു കല്പിച്ചിട്ടു ഭാസ്കരമേനവനോടുംകൂടി പരിവട്ടപ്പാടത്തേക്കുള്ള എടവഴിയിലേക്കു തിരിച്ചു.

കുമാരൻനായർ "ഉപ്പുംകൊള്ളാം വായും കുളിക്കാം" എന്ന കരുതി സ്റ്റേഷൻപരിസരം പ്രവേശിപ്പാനായി ശിവൻകാട്ടിലേക്കു പുറപ്പെട്ടപ്പോൾ കുഞ്ഞിക്കുട്ടൻ അത്താഴത്തിനുള്ള അരിയും വാങ്ങിക്കൊണ്ടു ചേരിപ്പറമ്പിലേക്കുള്ള യാത്രയായിരുന്നു.

"കുഞ്ഞിക്കുട്ടാ!" എന്ന കയ്യുകൊട്ടി വിളിച്ചപ്പോൾ അയാൾ ചെന്നുതിരിഞ്ഞ കുമാരൻനായരെക്കണ്ട താമസം അവിടെത്തന്നെനിന്നു. എന്നിട്ടു നെറ്റിചുളിച്ച വായ ഒരുപുറത്തേക്കുകോട്ടി എന്തെന്നില്ലാത്ത അസഹ്യതയുള്ളതുപോലെ

"എന്താവേണ്ടത?" എന്ന കഴുത്തവെട്ടിച്ചുകൊണ്ടുചോദിച്ചു. ഇതുകഴിഞ്ഞപ്പോൾതന്നെ കുമാരൻനായർക്കു സാമാന്യത്തിലധികം തൃപ്തിയായി എങ്കിലും ആവശ്യം തന്റേതായിപ്പോയല്ലോ എന്നു വിചാരിച്ച ഒരു ദീർഘശ്വാസത്തോടുകൂടി

ഒരെഴുത്ത.

———— : o : ————

(വിവേകാനന്ദസ്വാമികൾ ഒരു സ്നേഹിതനായച്ചത്)

കല്പിക്കുന്നു വെളിച്ചമായിരുളുമങ്ങാസ്സൌഖ്യമായ് ദുഃഖവും
നിഷ്പക്ഷാന്തരമായ് നടപ്പെവിടെയിന്നാരോഗ്യമായ് രോഗവും
അപ്പോൾപ്പിറവി ശിശുക്കരച്ചിലെവിടെജ്ജീവോദയം ചൊല്ലുവാ
നിപ്പാരിൽസുമതേ! സുഖാനുഭവമുണ്ടെന്നോ നിനയ്ക്കുന്നു നീ! ॥ 1.

കാളം കാന്തിയിൽ നാകവും നരകവും കൂടികുഴമ്പായതാ
ണീലോകം പുനരോക്കിലീയതിരുവിട്ടാക്കം ഗമിക്കാവതോ?
കാലേ തങ്ങടെ കർമ്മമാം കയറിനാൽകണ്ടും കുടുക്കിട്ടു താൻ
മാലേന്തുന്നടിമപ്രവൃത്തിയൊഴിയും നാമെങ്ങുചെന്നാലിനി? 2.

(തഞ്ജമ) എൻ. കുമാരു ആശാൻ.

(തുടരും)

പലവക.

———— : o : ————

(പുസ്തകപരിശോധന.)

ധർമ്മപുരിജയം (കഥകളിപ്പാട്ട):—ഇതുപ്പുറത്ത് നാരായണൻനമ്പി അവർകളുടെ കൃതിയായ മെൽപറഞ്ഞ പുസ്തകം ഞങ്ങൾ സന്തോഷത്തോടെ കൈപറ്റിയിരിക്കുന്നു. പ്രസ്തുതപുസ്തകത്തിലെ ശ്ലോകങ്ങൾ മുഴുവൻ സംസ്കൃതവും പദങ്ങളെല്ലാം മണിപ്രവാളവുമാണ്. കഥകളിയിൽ പ്രായേണ വിദ്വന്മാരായിത്തീർന്നിട്ടുള്ള മലയാളികൾ ഇങ്ങിനെയുള്ള കൃതിയെപറ്റി ശ്ലാഘിക്കുന്നതെങ്കിൽ കവിത സാമാന്യത്തിലധികം നന്നായിരിക്കുന്നുമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. "എന്നാൽ ഈ കവിത വായിക്കുവാൻക്ഷമയുള്ളവരാരും ഇതിനെപറ്റി ശ്ലാഘിക്കാതിരിക്കയില്ലെന്നാണ്" ഞങ്ങൾക്കു തോന്നുന്നത്. കവിതയ്ക്കു പഴക്കവും ഓമനസ്സും ഉണ്ടെന്നു മാത്രമല്ല കഥകളിയിൽ അവശ്യം വേണ്ടുന്ന രസനിഷ്യന്ദികളായ പദങ്ങളും ഇതിൽ ധാരാളമുണ്ട്." എന്നും മറ്റും പറഞ്ഞെങ്കിൽ വായനക്കാരെ ഭ്രമിപ്പിക്കുന്നില്ല. ധർമ്മപുരി അംശുമതിയുടെ അടുക്കവരെ പൊകുമ്പോൾ പിരാഹിനെ കണ്ടുമുട്ടുന്നതും കവിയുടെ മനൊധർമ്മത്തിനനുരൂപമായിരിക്കുന്നു. ആണ്ടിപ്പാട്ടപാട്ടജാതിയിലുള്ള പദങ്ങളെ ഉപയൊഗിച്ചതു പാത്രത്തിനു ചെർന്നതന്നെ. എന്നാൽ അച്ചടി ഒന്നുമാത്രമാണ് ദുസ്സഹമായിരിക്കുന്നത.

സ ന്ത ൊ ഷ ം.

പഞ്ചകോശവിവേകപ്രകരണം, ദക്ഷിണാമൂർത്ത്യഷ്ടകം, ശ്രീമൽ ഭഗവൽഗീത, ഈ പുസ്തകങ്ങൾ സന്തോഷത്തോടെ കൈപ്പറ്റിയിരിക്കുന്നു. അഭിപ്രായങ്ങൾ വഴിയെ.

T. S. Subramania & Co.,

താംബൂല വിഹാരം ഒരു സുഖാനുഭവ സാധനം തന്നെ.

—— : o : ——

വെറ്റിലമുറുക്കിനെ സാദുചിടിപ്പിക്കുന്ന ഒരു രുചിപ്രദമായ സുഗന്ധവസ്തു. രമ്യം. വിശേഷം. രുചിപ്രദം.

ഇത മേത്തരം കസ്തൂരി, പനിനീർ സന്ദ, അത്തർ മുതലായ സുഗന്ധവസ്തുക്കൾ എന്നിവ ചേർത്തുണ്ടാക്കിയതായി നൂതനമായ ഒരു ചൂർണ്ണമാകുന്നു. വെറ്റിലമുറുക്കിന്നു അതിരസം ഉണ്ടാകും. മുറുക്കുന്നവർക്ക ഇത അതിസുഖാനുഭവത്തിന്നായൊരു സാധനമാകയാൽ അവർ ഇ സാധനത്തെ വാങ്ങി പരീക്ഷിച്ചുനോക്കേണ്ടതാകുന്നു.

						ക.	ണ.	
ഒരു അമുക്കിന്ന വില	...	...	...			0	4	മാത്രം.
12 അമുക്കുകൾക്ക	...	...	...	...		2	12	

തപാൽകൂലി പുറമെ.

DANTADABANA CHURNA. ദന്തധാവന ചൂർണ്ണം

ശ്രുതിപ്പെട്ട പല്ല തേപ്പാനുള്ള പൊടി. ഒരു പെട്ടിക്ക വില 0-8 ണ. തൊണ്ണുകെട്ടുകൾക്കും, പല്ലിലൊ, അതിന്നടുത്തൊ ഉണ്ടായുന്ന പുണ്ണുകൾക്കും, പല്ലിന്റെ ഇഡിച്ചു പോകലിന്നും വേദനക്കും പല്ലിൽനിന്നു ചോരപോകുന്നതിന്നും വായ നാറ്റത്തിന്നും മറ്റും ഉതകുന്ന ഒരു പൊടിയാണിത. ഈ പൊടിപല്ലിനുണ്ടാവുന്ന കുറ, കേടു മുതലായവയെ നശിപ്പിക്കും. പല്ലുകളിന്മേൽ ചിലപ്പോൾ കുമ്മായമിട്ടപോലെ പറ്റിപ്പിടിച്ചുകാണുന്ന ഒരു വസ്തുവുണ്ടു, അതിനെയും ഈ പൊടി നശിപ്പിച്ചു നീക്കും. നാറ്റമുള്ള സകല സ്രവങ്ങളേയും ഈ പൊടി നശിപ്പിക്കും. പല്ലിന്മേൽ പറ്റിപ്പിടിച്ചിരിക്കുന്നതിനെയെല്ലാം കളഞ്ഞു മുത്തുപോലെ വിളങ്ങുന്ന പല്ലുകളെ ഈ പൊടികൊണ്ടു സമ്പാദിക്കാം. പല്ലുകൾക്ക ബലവും ശക്തിയും ജനിക്കും. ഊണിന്ന ഒരു രുചിയും വരും. നോ രോഗവും ഉണ്ടാകയില്ല. പുണ്ണും കരുവും ഉണ്ടാവുമ്പോൾ ഈ പൊടി വളരെ നന്നു. ഇതിന്ന പുളിരസമില്ല. വളരെ മിനുസമാംവണ്ണം നേരിയ പൊടിയാക്കിയ ചൂർണ്ണമാകകൊണ്ടു പല്ലിന്ന ഉരസൽതട്ടി കേടുവരുന്നതല്ല. പല്ലുകൾക്ക ചീത്തൽതട്ടിഉരുമാറ്റം വരുന്നതിനെ ഈ പൊടി തടുക്കും. പല്ലുകളിൽ കടികൊണ്ടു നാശം വരുത്തുന്ന അതിസൂക്ഷ്മങ്ങളായ അണുപ്രാണികൾ ഉണ്ടു, അവയെ ഈ പൊടി കൊല്ലും. തൊണ്ണുകളെ ചൂടുപിടിപ്പിച്ചു വേദനപ്പെടുത്തിയൊ ചോരിച്ചൽ മുതലായതൊന്നും ഒരം ചൂർണ്ണമൂലം ഉണ്ടാവില്ല. നാവിന്നും മോണിന്നും ഈ ചൂർണ്ണം സുഖകരമാണ. കിഴവന്മാർ പ്രത്യേകിച്ചു ഈ ചൂർണ്ണം ഉപയോഗിക്കേണ്ടതാണ. അപ്പോൾ അവർക്ക പല്ലുകൊണ്ടുള്ള പ്രയോജനം മരണപര്യന്തമുണ്ടായ്തീരും. വായക്ക രുചികരവും സൗ

രഭ്യമുള്ളതുമാകയാൽ ശ്വാസത്തിന്റെ ഒരു നല്ല മണമുണ്ടാവും വായനാറ്റം തീരെഉണ്ടാകില്ല. അല്ല ഉണ്ടാവില്ല. നല്ല ഒരു മണം വായിൽനിന്ന പുറപ്പെടുകയും ചെയ്യും.

KARPŪRARISTHA. കർപ്പൂരാരിഷ്ടം. നടപ്പുദീനത്തിന്നുള്ള പ്രത്യേക ഔഷധം. (വിഷൂചികയുടെ സിദ്ധൗഷധം.) ഒരു കുപ്പിക വില 8 രൂ. കർപ്പൂരാരിഷ്ടം, വിഷൂചികാ, അതിസാരം, ഛർദ്ദിൽകൂടി, ദഹനക്കുറവു, ചെവിക്കുന്നിപ്പുടെ കേടു, അപി വയറിന്ന വിസ്താരം എന്നിങ്ങിനെയുള്ള രോഗങ്ങൾക്ക നല്ല മരുന്നാണ. ഈ ഔഷധം പല ഘാതയായ വേദനകളെ ത്തീർത്തു അവയവങ്ങൾക്ക ശ്രാന്തമായ പ്രസാദചൈതന്യത്തെ വരുത്തും. അവയവങ്ങൾക്ക ക്ഷണസംക്ഷോഭങ്ങളായ വിറയൽ പിടുത്തൽ മുതലായ വികൃതികളെ മാറ്റും. മലത്തിന്റെ അയച്ചിൽ മാറി മലബന്ധം മാറ്റി ബലം കൊടുക്കും. അവിൻ (കറപ്പ) ക്ലേശിച്ചു അന്യ മരുന്നുകളെപ്പോലെ ഒരിക്കലും തലവേദനയെ ഉണ്ടാക്കില്ല. തലതിരിച്ചിൽ, ഉറക്കം, മന്ദത, ആവസ്യം, മോഹം മുതലായതുകളെ ഉണ്ടാകുന്നതുമില്ല. അല്പ നിമിഷങ്ങൾക്കുള്ളിൽ ക്ഷീണിയും വേദനയും നോവുകളും നിന്നു പോകും. ഏകമൂഷികപ്രയോഗങ്ങൾക്കായ ഗോമിയപ്പുട്ടി വൈദ്യവും ബഹുമൂഷികാപ്രയോഗങ്ങൾക്കായ അപ്പെപ്പുട്ടി വൈദ്യവും കൊടുക്കുന്ന കർപ്പൂരം ക്ലോറോഡൈൻ എന്നിത്യാദി മരുന്നുകളേക്കാൾ തെറ്റുകളുടെ കർപ്പൂരാരിഷ്ടം ഭാഗ്യവിശേഷം ജനങ്ങളുടെ ദേഹങ്ങൾക്കും ആത്മാവിന്റെ സഹജസ്വഭാവങ്ങൾക്കും ചേർന്നതാണ. ഇത തെറ്റുകളുടെ അനുഭവമാണ.

മേല്പറഞ്ഞ എല്ലാ മരുന്നുകൾ താഴെ എഴുതിയ മേൽവിലാസത്തിൽ ഇംഗ്ലീഷിലൊ മലയാളത്തിലൊ തമിഴിലൊ എഴുതി ചൊദിക്കേണ്ടതാണ.

എസ്. ടി. എസ്സ്. സുബ്രഹ്മണ്യം അയ്യർ കമ്പനിയാർ

33 അപ്പർമിഡിൽ സ്ട്രീറ്റ്,

മദിരാശി.

സരസ്വതിതൂവൽ.

(THE SARASWATI PEN.)

ഒരിക്കൽ മഷിനിറച്ചിയാൽ 300 മുതൽ 500 വരെ വാക്കുകൾ എഴുതാം.

സ്വതന്ത്രലിഖിതങ്ങൾ.

സർ. വാൾട്ടർ ലൊറൻസ് (കെ. സി. ഐ. ഇ.) ഇന്ത്യാഗവർണ്മെന്റർ ജനറാളുടെ പ്രൈവറ്റ് സിക്രട്ടേരി:— സരസ്വതിതൂവലുകൾ വളരെ ഉപയോഗമുള്ളവയായി കാണുന്നു. താങ്കളുടെ നൂതനമായ ഈ കണ്ടുപിടിക്കുന്നിന്ന താങ്കൾക്ക് എല്ലാ ജയവും സിദ്ധിക്കട്ടെ.

സർ. ലൊറൻസ് ജെങ്കിൻസ് (കെ. സി. കെ. സി. ഐ. ഇ.)ബോംബെ ഗവർമെന്റ് സെക്രട്ടറി:— സരസ്വതിതൂവൽ വളരെ ഉപയോഗമുള്ളതായി ഞാൻ കണ്ടിരിക്കുന്നു. കുറെ തൂവലുകൾ താങ്കൾ എനിക്ക് അയച്ചുതരുന്നതിന ഉപകാരം.

ബഡ്വാൻ മഹാരാജാധിരാജ ബീരേന്ദ്രായി ചന്ദ്രദ മഹതാബ് ബഹദ്ദർ:— ഈ സൂത്രവിദ്യയിൽ നാം വളരെ സന്തോഷിക്കുന്നു.

നാട്ടോർ മഹാരാജ ബഹദ്ദർ ജഗനിന്ദ്രനാഥറോയി:— മങ്കി നിറച്ച "സ്പാൻ" ഇവൽപോലെ മിക്കവാറും അത്ര ഉപകാരമുള്ളതാണ.

ബഹുമാനപ്പെട്ട രാജാ റാവുട്ട് സിങ്ങ് ബഹദ്ദർ:— ഞങ്ങളുടെ പരിപാലനക്ക് താങ്കൾ തീരെ അർഹനാകുന്നു.

രാജാ പെയറിമോഹന മുഖർജ്ജി:— (സി. എസ്. ഐ):— സരസ്വതി ഇവൽ വളരെ ഉപയോഗമുള്ളതായി ഞാൻ കണ്ടിരിക്കുന്നു.

ബഹുമാനപ്പെട്ട മിസ്റ്റർ ജസ്റ്റിസ്സ് ശാരദ ചാരുമിത്രൻ:— ഇതു വളരെ ഉപയോഗമുള്ള ഒരു കണ്ടുപിടിക്കലാണെന്നുതോന്നുന്നു.

പണ്ഡിതർകെ. വി.എം. ഗാംഗുലി (ബി. എൽ.) മഹാഭാരത പരിഭാഷകൻ:— "പ്ലാനിമീറ്റർ" ഉപയോഗിക്കുന്ന എല്ലാവർക്കും പാലനക്ക് ഇതു പാത്രമായി നിൽക്കുന്നതാണ.

ബഹുമാനപ്പെട്ട മിസ്റ്റർ ആർ. ടി. ഗ്രഗിയെർ (ഐ. സി എസ്സ്.) കല്ലക്ടർ മുനിസിപ്പാൽ ചെർമ്മൻ:— താങ്കളുടെ ഇവൽ തൃപ്തികരമായ ഒന്നാകുന്നു കണ്ടിരിക്കുന്നു. സൂത്രം വളരെ സാമർത്ഥ്യമുള്ളതെന്നതന്നെയാണ.

മിസ്റ്റർ എച്ച്. ഡി. വില്യംസ് (ഐ. സി. എസ്സ്.), കമീഷനർ:— കൂടക്കൂടെ മങ്കി മുങ്ങുന്നു ബുദ്ധിമുട്ടില്ല. ഒരിക്കൽ മുക്കിയാൽ മൂന്നു നാലു പായ കത്തുകൂടെ ലാസ്സ് എഴുതാവുന്നതാണ.

മിസ്റ്റർ കെ. സി. ഡി. (ഐ. സി. എസ്സ്.) കലക്ടർ:— ഇവൽ വളരെ സൌകര്യമുള്ളതും കണ്ടുപിടിച്ച സൂത്രം സാമർത്ഥ്യമുള്ളതുമെന്നു.

മിസ്റ്റർ എസ്സ്. സി. മിത്രൻ, ഡിപ്പൂട്ടി മജിസ്ട്രേട്ട്:— നല്ല വിദ്യ വളരെ തൃപ്തികരം.

മിസ്റ്റർ ജി. ചക്രവർത്തി, സിമിണ്ടാർ, ബാംഗ്ലൂ മുനിസിപ്പാൽ ചെർമ്മൻ:— കണ്ടുപിടിച്ച സൂത്രം വളരെ സാമർത്ഥ്യമുള്ളതുതന്നെ. ഇവൽ വളരെ ഉപയോഗമുള്ളതാകുന്നു.

മിസ്റ്റർ സീതാകുമാരി, ജാപ്പാൻ "ഡിൻഗാക്കിംഗ് സാൻഗിയെ" സമ്മാനം പ്രസിദ്ധീകരണം:— താങ്കളുടെ ഉപയോഗകരമായ കണ്ടുപിടിക്കൽ മുഴുത്തെ പ്രയോഗിച്ചതിനു ഞാൻ താങ്കളെ അഭിനന്ദിക്കുന്നു.

റവറണ്ട് ഡോക്ടർ മോറിസൻ (എം.എ):— കണ്ടുപിടിച്ച സൂത്രം സാമർത്ഥ്യമുള്ളതുതന്നെ.

ഡോക്ടർ എം. എൻ. ഗാംഗുലി, കൊൺപൂരി:— ഇതിൻറെ ഫലപ്രാപ്തി കേൾപ്പിപ്പാൻ താങ്കൾ ഉത്സാഹിക്കുന്നതിനെയാണ്.

പ്രൊഫസർ എച്ച്. സ്റ്റീഫൻ (എം. എ):— സരസ്വതിയുടെ ഞാൻ ഉപയോഗിച്ചുനോക്കിയതിൽ വളരെ ഫലപ്രാപ്തിയുള്ളതായി കണ്ടിരിക്കുന്നു.

ഡോക്ടർ സറാട്ട് കെ. മുള്ളിക്ക് (എം. ബി. സി. എം.):— എഴുത്തറിയുന്ന ലോകത്തിൽഇതിനു വളരെ പ്രചാരമുണ്ടാകുമെന്നു ഞാൻ തീർച്ചയായി പറയുന്നു.

ഡോക്ടർ എസ്സ്. സി. ബാനർജ്ജി (എം. എ, എൽ. എൽ. ഡി):— മെഷിനിലച്ചു തുന്നൽ പ്രയോഗിക്കുവാൻ ആഗ്രഹിക്കുന്ന യൊരുത്തർ അവയെ ഉപയോഗിച്ചുനോക്കിയതിൻറെശേഷം അവ താങ്കളുടെ തുന്നലെക്കാൾ നന്നായി എഴുതുകയില്ലെന്നു കാണാതിരിക്കില്ല.

വില.				ക.	ണ.	പ.
12 ആവൃകൾക്ക്	...	...	...	0	8	0
72-ന	...	...	...	2	12	0
144-ന	...	...	...	5	8	0

"വി. പി." പൊസ്തായി അയപ്പാൻ 4ണ. പുറമെ.

താഴെകാണിച്ച കമ്പനിയോട് ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.

ടി. എസ്സ്. സുബ്രഹ്മണ്യം ആൻറ കമ്പനിയാര

33. അർമീനിയൻ സ്ട്രീറ്റ്,

മദിരാശി.

T. S. SUBRAMANIA & Co.,

Agents,

33, Armenian Street,

adras.

T. S. Subramania & Co.,

താംബൂല വിഹാരം ഒരു സുഖാനുഭവ സാധനം തന്നെ.

—:o:—

വെറ്റിലമുറുക്കിനെ സ്വാദുചിട്ടിപ്പിക്കുന്ന ഒരു രുചിപ്രദമായ സുഗന്ധവസ്തു. രമ്യം. വിശേഷം. രുചിപ്രദം.

ഇത മേത്തരം കസ്തൂരി, പനിനീർസത്ത്, അത്തർ മുതലായ സുഗന്ധവസ്തുക്കൾ എന്നിവ ചേർത്തുണ്ടാക്കിയതായി നൂതനമായ ഒരു കൂട്ടാകുന്നു. വെറ്റിലമുറുക്കിനു അതിരസം ഉണ്ടാകും. മുറുക്കുവാൻ ഇതു അവിടുത്തെ വായ്ക്കു സുഗന്ധവും രുചിയും ഉണ്ടാക്കുവാനായൊരു സാധനമാകയാൽ അവർ ഈ സാധനത്തെ വാങ്ങി പരീക്ഷിച്ചുനോക്കേണ്ടതാകുന്നു.

				ക.	ണ.
ഒരു അളക്കുന്ന വില	...	...	...	0	4 മാത്രം.
12 അളക്കുകൾക്ക	...	...	...	2	12

തപാൽക്കൂലി പുറമെ.

DANTADABANA CHURNA. ദന്തധാവന പൂൺണം

ശുദ്ധിപ്പെട്ട പല്ലു തേപ്പാനുള്ള പൊടി ഒരു പെട്ടിക്കു വില 0-8 ണ. തൊണ്ണൂറുകെട്ടുകൾക്കും, പല്ലിലൊ, അതിന്നടുത്തൊ ഉണ്ടായുന്ന പുണ്ണുകൾക്കും, പല്ലിൽ പ്രവിച്ച പോകലിന്നും വേനലുകൊണ്ടും പല്ലിൽനിന്നു ചോരപോകുന്നതിനും വായ നാറ്റത്തിനും മറ്റും ഉപകരിക്കുന്ന ഒരു പൊടിയാണിത. ഈ പൊടിപല്ലിലുണ്ടാവുന്ന കറ, കേട് മുതലായവയെ നശിപ്പിക്കും. പല്ലുകളിന്മേൽ ചിലപ്പോൾ കുമ്മായമിട്ടപോല പറ്റിപ്പിടിച്ചുകാണുന്ന ഒരു വസ്തുവുണ്ട. അതിനെയും ഈ പൊടി നശിപ്പിച്ചു നീക്കും. നാറുന്ന സകല ദന്തസംബന്ധമായതിനെയും ഈ പൊടി നശിപ്പിക്കും. പല്ലിന്മേൽ പറ്റിപ്പിടിച്ചിരിക്കുന്നതിനെയെല്ലാം ഇതു മുത്തുപോലെ വിളങ്ങുന്ന പല്ലുകളെ ഈ പൊടികൊണ്ടു സമ്പാദിക്കാം. പല്ലുകൾക്കു ബലവും ശക്തിയും ജനിക്കും. ഊണിന്നു ഒരു രുചിയും വരും. ദന്തരോഗവും ഉണ്ടാകയില്ല. പുഴുപ്പല്ലും കേടും ഉണ്ടാവുമ്പോൾ ഈ പൊടി വളരെ നന്ന്. ഇതിന്നു പുളിരസമില്ല. വളരെ മിനുസമാംവണ്ണം നേരിയ പൊടിയാക്കിയ ചൂർണ്ണമാകകൊണ്ടു പല്ലിന്നു ഉരസുന്നതുകൊണ്ടു കേടുവരുന്നതല്ല. പല്ലുകൾക്കു ചീച്ചൽതട്ടി ഉരുമാറും വരുന്നതിനെ ഈ പൊടി തടുക്കും. പല്ലുകളിൽ കടികൊണ്ടു നാശം വരുത്തുന്ന അതിസൂക്ഷ്മങ്ങളായ അണുപ്രാണികൾ ഉണ്ടു. അവയെ ഈ പൊടി കൊല്ലും. തൊണ്ണൂകളെ. ചൂടുപിടിപ്പിച്ചൊ വേദനപ്പെടുത്തിയൊ ചൊറിച്ചൽ മുതലായതൊന്നും ഒരു ചൂർണ്ണമൂലം ഉണ്ടാവില്ല. നാവിന്നും മുകിന്നും ഈ ചൂർണ്ണം സുഖകരമാണ. കിഴവന്മാർ പ്രത്യേകിച്ചു ഈ ചൂർണ്ണം ഉപയോഗിക്കേണ്ടതാണ. അപ്പോൾ അവർക്കു പല്ലുകൊണ്ടുള്ള പ്രയോജനം മരണപ്പെടുന്നതുണ്ടായിരുന്നു. വായക്കു രുചികരവും സുഗ

ഭർത്തൃമുഖത്തുനോക്കിയാൽ രോഷത്തിന്ന ഒരു നല്ല മണവും മുണ്ടാവും വായനാറ്റം ദുസ്സഹമെല്ലെ-ന്നതു ഉണ്ടാവില്ല. നല്ല ഒരു മണം വായിൽനിന്ന പുറപ്പെടുകയും ചെയ്യും.

KARPURARISTHA. കർപ്പൂരാരിഷ്ടം. നടപ്പുദീനത്തിന്നുള്ള പ്രത്യേക ഔഷധം. (വിഷൂചികയുള്ള സിദ്ധൌഷധം.) ഒരു കുപ്പിക്ക വില 8ണ. കർപ്പൂരാരിഷ്ടം, വിഷൂചികാ, അതിസാരം, വയറിൽകടി, ഛർദനക്കുറവു, ചെറിക്കുന്നിയുടെ കേട, അജീർണ്ണയം ഇന്നിവ വിസൂരം എന്നിങ്ങിനെയുള്ള രോഗങ്ങൾക്ക നല്ല മരുന്നാണ. ഈ ഔഷധം പല ജാതിയായ വേദനകളെ തീർത്തു അവയവങ്ങൾക്ക ശോധമായ പ്രസാദചൈതന്യത്തെ വരുത്തും. അവയവങ്ങൾക്ക ക്ഷണസംക്ഷോഭങ്ങളായ വിറയൽ പിടുത്തൽ മുതലായ വികൃതികളെ മാറ്റും. മലത്തിന്റെ അയച്ചിൽ മാറി മലത്തെ കെട്ടി മലബന്ധം വരുത്തി ബലം കൊടുക്കും. അവിൻ (കറപ്പു) കൂടിട്ടുള്ള അന്യ മരുന്നുകളെപ്പോലെ ഒരു ഔഷധം തലവേദനയെ ഉണ്ടാക്കീട്ടില്ല. തലതിരിച്ചൽ, ഉറക്കം, മന്ദത, ആലസ്യം, മോഹം മുതലായതുകളെ ഉണ്ടാക്കുന്നതുമല്ല. അല്പ നിമിഷങ്ങൾകകുള്ളിൽ ക്ഷീണിയും വേദനയും നോവുകളും നിന്നുപോകും. ഏകമൂലികപ്രയോഗക്കാരായ ഹോമിയപ്പാതി വൈദ്യരും ബഹുമൂലികാപ്രയോഗക്കാരായ അല്ലോപ്പാതി വൈദ്യരും ചൊട്ടുകുന്ന കർപ്പൂരം ക്ലോറോഡൈൻ എന്നിത്യാദി മരുന്നുകളേക്കാൾ ഞങ്ങളുടെ കർപ്പൂരാരിഷ്ടം ഇന്ത്യയിലെ ജനങ്ങളുടെ ദേഹങ്ങൾക്കും അതിന്റെ സഹജസ്വഭാവങ്ങൾക്കും പറ്റിയതാണ, ഇത ഞങ്ങളുടെ അനുഭവമാണ.

☞ മേല്പറഞ്ഞ എല്ലാ മരുന്നുകൾ താഴെ എഴുതിയ മേൽവിലാസത്തിൽ ഇംഗ്ലീഷിലൊ മലയാളത്തിലൊ തമിഴിലൊ എഴുതി ചൊദിക്കേണ്ടതാണ.

എന്ന ടി. എസ്സ. സുബ്രഹ്മണ്യം ആൻഡ കമ്പനിയാര

33. ആർമീനിയൻ സ്ട്രീറ്റ,

മദിരാശി.

സരസ്വതിതൂവൽ.

(THE SARASWATI PEN.)

ഒരിക്കൽ മഷി മുക്കിയാൽ 300 മുതൽ 500 വരെ വാക്കുകൾ എഴുതാം.

സൂത്രലിഖിതങ്ങൾ.

സർ. വാൽട്ടർ ലൊറൻസ് (കെ. സി. ഐ. ഇ.) ഇന്ത്യാഗവർണ്മെന്റിന്റെ സെക്രട്ടറി:— സരസ്വതിതൂവുകൾ വളരെ ഉപയോഗമുള്ളവയായി കാണുന്നു. താങ്കളുടെ നൂതനമായ ഈ കണ്ടുപിടിക്കുവാൻ താങ്കൾക്ക എല്ലാ ജയവും സിദ്ധിക്കട്ടെ.

സർ. ലൊറൻസ് ജെങ്കിൻസ് (കെ. സി. കെ. സി. ഐ. ഇ.) ദേവാംബ ഹൈക്കോട്ട ഒന്നാംജഡ്ജി:— സരസ്വതിതൂവൽ വളരെ ഉപയോഗമുള്ളതായി ഞാൻ കണ്ടിരിക്കുന്നു. കുറെ തൂവലുകൾ താങ്കൾ എനിക്കു അയച്ചുതരുന്നതിന ഉപകാരം.

ബഡ്ഡാൻ മഹാരാജാധിരാജ ബീജോയി ചാന്ദ മഹതാബ് ബഹദ്ദർ:— ഈ സൂത്രവിദ്യയിൽ നാം വളരെ സന്തോഷിക്കുന്നു.

നാട്ടോർ മഹാരാജ ബഹദ്ദർ ജഗനിന്ദ്രനാഥറോയി:— മക്കി നിറച്ച "സ്പാൻ" ഇവൽപോലെ മികവാർന്ന അതു ഉപകാരമുള്ളതാണ.

ബഹുമാനപ്പെട്ട രാജാ റൻജീട്ട് സിങ്ങ് ബഹദ്ദർ:— ഞങ്ങളുടെ പരിപാലനകൻ താങ്കൾ തീരെ അഭിനന്ദനം.

രാജാ ചെയറിമോഹന മൂക്കർജ്ജി:— (സി. എസ്. ഐ):— സരസ്വതി ദേവൽ വളരെ ഉപയോഗമുള്ളതായി ഞാൻ കണ്ടിരിക്കുന്നു.

ബഹുമാനപ്പെട്ട മിസ്റ്റർ ജസ്റ്റിസ്സ് ശാരദ ചാരുമിത്രൻ:— ഇതു വളരെ ഉപയോഗമുള്ള ഒരു കണ്ടുപിടിക്കൽതന്നെയാണ.

പണ്ഡിതർകെ. എം. ഗാംഗുലി (ബി. എൽ.) മഹാരേത പരിഭാഷകൻ:— "പ്ലീൽപെൻ" ഉപയോഗിക്കുന്ന എല്ലാവരുടേയും പാലനകൻ ഇതു പാത്രമായി നിൽക്കുന്നതാണ.

ബഹുമാനപ്പെട്ട മിസ്റ്റർ ആർ. ടി. ഗ്രഗിയെർ (ഐ. സി. എസ്.) കല്ക്കത്താ മുനിസിപ്പാൽ ചേർമാൻ:— താങ്കളുടെ ദേവൽ തൃപ്തികരമായ ഒന്നാണെന്ന കണ്ടിരിക്കുന്നു. സൂത്രം വളരെ സാമർത്ഥ്യമുള്ളതുതന്നെയാണ.

മിസ്റ്റർ എച്ച്. ഡി. വില്യംസ് (ഐ. സി. എസ്.), കമിഷനർ:— കൂടക്കൂട മക്കി മുക്കേണ്ടുന്ന ബുദ്ധിമുട്ടില്ല. ഒരിക്കൽ മുക്കിയാൽ മൂന്നു നാലു പായ കടുതൽ ലാസ്സ് എഴുതാവുന്നതാണ.

മിസ്റ്റർ കെ. സി. ഡി. (ഐ. സി. എസ്.) കലക്ടർ:— ദേവൽ വളരെ സൌകര്യമുള്ളതും കണ്ടുപിടിച്ച സൂത്രം സാമർത്ഥ്യമുള്ളതുതന്നെ.

മിസ്റ്റർ എസ്സ്. സി. മിത്രൻ, ഡിപ്പുട്ടി മജിസ്ട്രേട്ട്:— നല്ല വിദ്യ വളരെ തൃപ്തികരം.

മിസ്റ്റർ ജി. ചക്രവർത്തി, സിമിണ്ടാർ, ബാംബ്വെ മുനിസിപ്പാൽ ചെർമാൻ:— കണ്ടുപിടിച്ച സൂത്രം വളരെ സാമർത്ഥ്യമുള്ളതുതന്നെ. ദേവൽ വളരെ ഉപയോഗമുള്ളതാകുന്നു.

മിസ്സർ സീതാകുഹോരി, ജാപ്പാൻ "ഡിൻഗാജിറ്റ്സാൻഗിയെ" സമാജം പ്രസിഡേണ്ട:— താങ്കളുടെ ഉപയോഗകരമായ കണ്ടുപിടിക്കൽ ജയത്തെ പ്രാപിച്ചതിനു ഞാൻ താങ്കളെ അഭിനന്ദിക്കുന്നു.

റവറണ്ട് ഡോക്ടർ മോറീസൻ (എം.എ):— കണ്ടുപിടിച്ച സൂത്രം സാമർത്ഥ്യമുള്ളതുതന്നെ.

ഡോക്ടർ എം. എൻ. ഗാംഗുലി, കോൺപുരി:— ഇതിൽനിന്നു ഫാപ്രാപ്തി കേൾവിപ്പെട്ടൊന്നുതന്നെയാണ്.

പ്രൊഫസർ എച്ച്. സ്റ്റീഫൻ (എം. എ):— സരസ്വതിസ്റ്റോൺ ഞാൻ ഉപയോഗിച്ചുനോക്കിയതിൽ വളരെ ഫലപ്രാപ്തിയുള്ളതായി കണ്ടിരിക്കുന്നു.

ഡോക്ടർ സറാട്ട് കെ. മുള്ളിക്ക് (എം. ബി. സി എം.):— എഴുത്തറിയുന്ന ലോകത്തിൽഇതിനു വളരെ ചെലവുണ്ടാകുമെന്നു ഞാൻ നിശ്ചയമായി പറയുന്നു.

ഡോക്ടർ എസ്സ്. സി. ബാനർജ്ജി (എം. എ, എൽ. എൽ. ഡി):— മഷിനിറച്ച തൂവൽ ഉപയോഗിക്കുവാൻ ഇഷ്ടപ്പെടുന്ന ഒരാളുടെ ആവശ്യം ഉപയോഗിച്ചുനോക്കിയതിൻശേഷം അവർ താങ്കളുടെ സ്റ്റീൽപെൻ വിലയായി വിലമതിക്കുന്നതു കാണാതിരിക്കില്ല.

	വില.				ക.	ണ.	പ.
12 തൂവലുകൾക്ക്	...	...	...		0	8	0
72-ന	...	...	...	...	2	12	0
144-ന	...	...	...	...	5	8	0

"വി. പി." പൊസ്റ്റായി അയയ്ക്കുവാൻ 4ണ. പുറമെ.

താഴെകാണിച്ച കമ്പനിയെയാണ് ഇതിനു വേണ്ടപ്പെട്ടാൽ കിട്ടുന്നതാണ്.

ടി. എസ്സ്. സുബ്രമണ്യം ആന്റ് കമ്പനിയാർ

33. ആർമീനിയൻ സ്ട്രീറ്റ്,

മദിരാശി.

T. S. SUBRAMANIA & Co.,

Agents,

33, Armenian Street,

Madras.

സംഗതിവിവരം.

———:o:———

	ഭാഗം.
ക. മാനുഷ ചരിഷ്ടരണം- കെ. ചരമുപിള്ള എം. എ.	൧൦൦
ഖ. പുരാണ പുരുഷന്മാർ-	൧൦൪
ഗ. ബൃഹസ്പതി- എ. ശങ്കരപ്പന്തുവാൻ ബി. എ. ബി. എൽ. ...	൧൧൧
ഘ, ഒരു നീളംകുറഞ്ഞ കത്ത്- സി. എസ്. ജി. പി.	൧൧൪
ങ. പത്രചരിത്രം. എ. നാരായണപ്പന്തുവാൻ ...	൧൨൬
ച. ആലോചനക്കുറവു- കിട്ടിയാടി കുട്ടൻ (പി. എ)	൧൩൩
ഛ. പച്ച മലയാളം. പച്ച മലയാളി ...	൧൩൬
ജ. ദാരിദ്ര്യഗ്രഹണം. തോലപ്പുറത്തു നാരായണൻ നമ്പി	൧൪൨
ൻ. ഒരു വിലാപം- സി. എസ്. സുബ്രഹ്മണ്യൻ പോറ്റി	൧൪൩
ട. ഒരെഴുത്തു- എൻ. കുമാരൻ ആശാൻ ...	൧൪൭
ഠ. വിദ്യാഗ്രഹണമോഷം- കൊട്ടാങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ ...	൧൪൯
ഡ. കേരളക്ഷിതി രത്നമാല-	൧൫൮
ഢ. ഒരു ദുർമ്മരണം-	൧൫൯
ണ. പലവക-	൧൬൦

പുസ്തക പരിഷ്കാരം.

സ്വീകാരം—

ഈ രസികരഞ്ജിനിക്കു പുതിയ വരിക്കാരെ ഉണ്ടാക്കി അവരുടെ വരിപ്പണം മുഴുവൻ മുൻകൂറായി ചിരിച്ചു് പേരുവിവര പ്പട്ടികയോടുകൂടി ഒരു സംഖ്യ രാജപ്പീസിൽ അടക്കുന്നവക്കു ക. ഉറുപ്പികയിൽ കുറയാതെ മുള്ള സംഖ്യകൾക്കു ഫാക്ക ഫാക്ക് വീതം കമ്മിഷനും ങ. കയിൽ കുറയാതെ പിരിച്ചടക്കുന്നവക്കു മേൽ പറഞ്ഞ കമ്മിഷനും പ്രാമേ മുപ്പതിനെ ഉറുപ്പികക്കു രഞ്ജിനിയുടെ ഓരെ പ്രതിവീതം സൌജന്യവുംകൊടുക്കപ്പെടും.

ര. ര. മാനേജർ.

PRINTED AT THE VIDYA VILASUM PRESS, ERNAKULAM.

ഗ്രന്ഥകർത്തൃകമായ ചില പുസ്തകങ്ങളുടെ പേരുവിവരം.

ടി	ഉപന്യാസങ്ങൾ				
ടി	ഉപന്യാസങ്ങൾ രണ്ടാം ഭാഗം				
ടി	ഉപന്യാസങ്ങൾ മൂന്നാം ഭാഗം				
ടി	ഉപന്യാസങ്ങൾ നാലാം ഭാഗം				
ടി	ഉപന്യാസങ്ങൾ അഞ്ചാം ഭാഗം				
ടി	ഗദ്യപദ്യമാലിക				
ടി	ഗദ്യപദ്യമാലിക രണ്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക മൂന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക നാലാം ഭാഗം				
ടി	ഗദ്യപദ്യമാലിക അഞ്ചാം ഭാഗം				
ടി	ഗദ്യപദ്യമാലിക ആറാം ഭാഗം				
ടി	ഗദ്യപദ്യമാലിക ഏഴാം ഭാഗം				
ടി	ഗദ്യപദ്യമാലിക എട്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക ഒമ്പതാം ഭാഗം				
ടി	ഗദ്യപദ്യമാലിക പത്താം ഭാഗം				
ടി	ഗദ്യപദ്യമാലിക പതിനൊന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക പന്ത്രണ്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക പതിമൂന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക പതിനാലാം ഭാഗം				
ടി	ഗദ്യപദ്യമാലിക പതിനഞ്ചാം ഭാഗം				
ടി	ഗദ്യപദ്യമാലിക പതിനാറാം ഭാഗം				
ടി	ഗദ്യപദ്യമാലിക പതിനേഴാം ഭാഗം				
ടി	ഗദ്യപദ്യമാലിക പതിനെട്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക പത്തൊമ്പതാം ഭാഗം				
ടി	ഗദ്യപദ്യമാലിക ഇരുപതാം ഭാഗം				
ടി	ഗദ്യപദ്യമാലിക ഇരുപത്തൊന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക ഇരുപത്തിരണ്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക ഇരുപത്തിമൂന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക ഇരുപത്തിനാലാം ഭാഗം				
ടി	ഗദ്യപദ്യമാലിക ഇരുപത്തഞ്ചാം ഭാഗം				
ടി	ഗദ്യപദ്യമാലിക ഇരുപത്താറാം ഭാഗം				
ടി	ഗദ്യപദ്യമാലിക ഇരുപത്തേഴാം ഭാഗം				
ടി	ഗദ്യപദ്യമാലിക ഇരുപത്തെട്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക ഇരുപത്തൊമ്പതാം ഭാഗം				
ടി	ഗദ്യപദ്യമാലിക മുപ്പതാം ഭാഗം				
ടി	ഗദ്യപദ്യമാലിക മുപ്പത്തൊന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക മുപ്പത്തിരണ്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക മുപ്പത്തിമൂന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക മുപ്പത്തിനാലാം ഭാഗം				
ടി	ഗദ്യപദ്യമാലിക മുപ്പത്തഞ്ചാം ഭാഗം				
ടി	ഗദ്യപദ്യമാലിക മുപ്പത്താറാം ഭാഗം				
ടി	ഗദ്യപദ്യമാലിക മുപ്പത്തേഴാം ഭാഗം				
ടി	ഗദ്യപദ്യമാലിക മുപ്പത്തെട്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക മുപ്പത്തൊമ്പതാം ഭാഗം				
ടി	ഗദ്യപദ്യമാലിക നാല്പതാം ഭാഗം				
ടി	ഗദ്യപദ്യമാലിക നാല്പത്തൊന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക നാല്പത്തിരണ്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക നാല്പത്തിമൂന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക നാല്പത്തിനാലാം ഭാഗം				
ടി	ഗദ്യപദ്യമാലിക നാല്പത്തഞ്ചാം ഭാഗം				
ടി	ഗദ്യപദ്യമാലിക നാല്പത്താറാം ഭാഗം				
ടി	ഗദ്യപദ്യമാലിക നാല്പത്തേഴാം ഭാഗം				
ടി	ഗദ്യപദ്യമാലിക നാല്പത്തെട്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക നാല്പത്തൊമ്പതാം ഭാഗം				
ടി	ഗദ്യപദ്യമാലിക അമ്പതാം ഭാഗം				
ടി	ഗദ്യപദ്യമാലിക അമ്പത്തൊന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക അമ്പത്തിരണ്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക അമ്പത്തിമൂന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക അമ്പത്തിനാലാം ഭാഗം				
ടി	ഗദ്യപദ്യമാലിക അമ്പത്തഞ്ചാം ഭാഗം				
ടി	ഗദ്യപദ്യമാലിക അമ്പത്താറാം ഭാഗം				
ടി	ഗദ്യപദ്യമാലിക അമ്പത്തേഴാം ഭാഗം				
ടി	ഗദ്യപദ്യമാലിക അമ്പത്തെട്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക അമ്പത്തൊമ്പതാം ഭാഗം				
ടി	ഗദ്യപദ്യമാലിക അറുപതാം ഭാഗം				
ടി	ഗദ്യപദ്യമാലിക അറുപത്തൊന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക അറുപത്തിരണ്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക അറുപത്തിമൂന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക അറുപത്തിനാലാം ഭാഗം				
ടി	ഗദ്യപദ്യമാലിക അറുപത്തഞ്ചാം ഭാഗം				
ടി	ഗദ്യപദ്യമാലിക അറുപത്താറാം ഭാഗം				
ടി	ഗദ്യപദ്യമാലിക അറുപത്തേഴാം ഭാഗം				
ടി	ഗദ്യപദ്യമാലിക അറുപത്തെട്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക അറുപത്തൊമ്പതാം ഭാഗം				
ടി	ഗദ്യപദ്യമാലിക എഴുപതാം ഭാഗം				
ടി	ഗദ്യപദ്യമാലിക എഴുപത്തൊന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക എഴുപത്തിരണ്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക എഴുപത്തിമൂന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക എഴുപത്തിനാലാം ഭാഗം				
ടി	ഗദ്യപദ്യമാലിക എഴുപത്തഞ്ചാം ഭാഗം				
ടി	ഗദ്യപദ്യമാലിക എഴുപത്താറാം ഭാഗം				
ടി	ഗദ്യപദ്യമാലിക എഴുപത്തേഴാം ഭാഗം				
ടി	ഗദ്യപദ്യമാലിക എഴുപത്തെട്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക എഴുപത്തൊമ്പതാം ഭാഗം				
ടി	ഗദ്യപദ്യമാലിക എൺപതാം ഭാഗം				
ടി	ഗദ്യപദ്യമാലിക എൺപത്തൊന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക എൺപത്തിരണ്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക എൺപത്തിമൂന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക എൺപത്തിനാലാം ഭാഗം				
ടി	ഗദ്യപദ്യമാലിക എൺപത്തഞ്ചാം ഭാഗം				
ടി	ഗദ്യപദ്യമാലിക എൺപത്താറാം ഭാഗം				
ടി	ഗദ്യപദ്യമാലിക എൺപത്തേഴാം ഭാഗം				
ടി	ഗദ്യപദ്യമാലിക എൺപത്തെട്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക എൺപത്തൊമ്പതാം ഭാഗം				
ടി	ഗദ്യപദ്യമാലിക തൊണ്ണൂറാം ഭാഗം				
ടി	ഗദ്യപദ്യമാലിക തൊണ്ണൂറ്റൊന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക തൊണ്ണൂറ്റിരണ്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക തൊണ്ണൂറ്റിമൂന്നാം ഭാഗം				
ടി	ഗദ്യപദ്യമാലിക തൊണ്ണൂറ്റിനാലാം ഭാഗം				
ടി	ഗദ്യപദ്യമാലിക തൊണ്ണൂറ്റഞ്ചാം ഭാഗം				
ടി	ഗദ്യപദ്യമാലിക തൊണ്ണൂറ്റാറാം ഭാഗം				
ടി	ഗദ്യപദ്യമാലിക തൊണ്ണൂറ്റേഴാം ഭാഗം				
ടി	ഗദ്യപദ്യമാലിക തൊണ്ണൂറ്റെട്ടാം ഭാഗം				
ടി	ഗദ്യപദ്യമാലിക തൊണ്ണൂറ്റൊമ്പതാം ഭാഗം				
ടി	ഗദ്യപദ്യമാലിക നൂറാം ഭാഗം				

ഈ പുസ്തകത്തിന്റെ കർത്താവായ ശ്രീമാൻ കെ. വെങ്കടേശ്വരയ്യർ അവർകൾ മാതൃകയായി അയച്ചുതന്നിട്ടുള്ള 1903ലെ 'കേരളരഞ്ജൻ ഒറ്റപ്പുഞ്ചാംഗ'ത്തിന്റെ കൈയുറപ്പുകളാണ് ഇതിനെ മുഖ്യമായി ജീവൻ കൊടുക്കുന്നത്. കോയിത്തമ്പുരാൻ തിരുമനസ്സിലെ അതിമനോഹരമായ ലക്ഷ്മീപടമാണെന്നും അഭിപ്രായപ്പെടുവാൻ ഞങ്ങൾ സംശയിക്കുന്നില്ല. വരും കൊല്ലവും ഇമ്മാതിരി വിശേഷമായ ഒറ്റപ്പുഞ്ചാംഗം പുറപ്പെടുവിക്കാതിരിക്കയില്ലെന്ന വിശ്വസിക്കുന്നു.

ഇ. ര. മ.

നോക്കുവിൻ ! നോക്കുവിൻ !!

പേരയിൽ പരമേശ്വര ഭട്ടതിരി.

അരങ്ങാടിവീടി. കോട്ടക്കകം. തൃപ്പുണിത്തുറ.

എല്ലാമാതിരി ടെന്നീസ് ബ്യാറ്റുകളും തുപ്പിക്കൊണ്ടുവന്നും ഇവിടെ കേടുപാടുതീർത്തു കൊടുക്കപ്പെടും. ഉപായപ്പണി ഇവിടെ കാണിച്ചു. പിന്നൊന്നരം ശീമയുള്ള മുതലായ സാമാനങ്ങൾ മാത്രമെ ഉപയോഗിക്കയുള്ളു. ക്രുവി ചുരുക്കം. പണിമെച്ചം.

വരുവിൻ !! വരുവിൻ !!

ഇക്കൊല്ലത്തെ ഓണം
ഇപ്പോൾ തീർന്നു



പുസ്തകം ൧. വൃശ്ചികമാസം. ലക്കം ൫.

മംഗളം.

—:o:—

ഓരുക്കുംമുപ്പാർസമം സാപ്പടുവതിനായമൻ
നീട്ടിടും മൂന്നുനാക്കോ
ചൊൽക്കൊള്ളും വിണ്ണുചാടാരുണിമതിരളുമാ
ശൃംഗതൻ മൂന്നൊഴക്കോ
മുഴുന്നൂൻ ചൊപ്പിൽ മൂന്നന്തിയുമണയുവതോ
യെന്നുവാനോർനിനക്കു
ന്നകാളീദ്രുലമേല്ക്കും മഹിഷനിണമൊഴ
ക്കുന്നു മൂന്നാം ജയിയ്ക്കു.

നാടുവത്ത് മഹൻ നമ്പൂരി.

മാനുഷ പരിഷ്കരണം.

—:o:—

പരിഷ്കാരം എന്നതിൽ ഉൾപ്പെട്ടിരിക്കുന്ന യോഗ്യതാംശങ്ങ
ൾ ഏതെല്ലാം? ഒരാം ചോദ്യത്തിനു സർവ്വസമ്മതമായ ഒരു ഉത്തരം
കല്പിക്കുന്നതു കുറെ വിഷമമാണ. ഓരോ ജാതിക്കാരുടെ ഇടയിൽ
ഒരു കാലത്തുംതന്നെ പരിഷ്കാരത്തെപ്പറ്റി ഏകരൂപമായ ഒരു ധാ

രണയോ അഭിപ്രായമോ ഉണ്ടായിരിക്കുന്നില്ല. വിദ്യാപ്രചാരം കുറവുള്ള ജനങ്ങളുടെ ഇടയിൽ കുറെ വാക്യവും പരല്പേരും, പതിനാലുവൃത്തവും, ഇരുപത്തിനാലു വൃത്തവും, നാലഞ്ചു സംസ്കൃത ശ്ലോകങ്ങളും അറിഞ്ഞിരിക്കുന്ന ഒരു ആശാനെയൊ എഴുത്തച്ഛനെയൊ പരിഷ്കൃതപുരുഷനാണെന്ന വിചാരിക്കപ്പെട്ടവരുന്നു. പ്രായേണ അപരിഷ്കൃതന്മാരായ ജാതിക്കാരുടെ ഇടയിൽ വല്ലതും എഴുതാനും കൂട്ടിവായിക്കാനും അറിയാവുന്നവർ വലിയ വിദ്വാന്മാരെന്ന നിലയെ പ്രാപിച്ചിരിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസം സർവ്വവ്യാപ്തമായിരിക്കുന്ന ചില രാജ്യങ്ങളിൽ, ചില ചില്ലറപരീക്ഷകളിൽ ജയിച്ചുംകൊണ്ട പത്രങ്ങൾക്കു വല്ല ലേഖനമോ, ശ്ലോകങ്ങളോ എഴുതി തട്ടിമൂളിക്കുന്ന പൊടിരസികന്മാർ വ്യുല്പത്തിയുള്ളവരാണെന്നു ഗണിക്കപ്പെട്ടവരുന്നു. ഉയന്നതരം വിദ്യാഭ്യാസത്തിനും കലാവിദ്യാപരിശീലനത്തിനും ആയി സ്ഥാപിതങ്ങളായ മഹാപാഠശാലകളും, കലാവിദ്യാലയങ്ങളും ഉള്ള പാശ്ചാത്യ രാജ്യങ്ങളിലും, ഈ കൊല്ലത്തിനിപ്പുറം നമ്മുടെ ഇന്ത്യാമഹാരാജ്യത്തിലും, 'വിദ്യാഭ്യാസം' എന്ന പദത്തിനുള്ള അർത്ഥം, നാൾക്കുനാൾ വിസ്തൃതമായിതീർന്നവരുന്നതിനാൽ, ഓരോ രാജ്യങ്ങളിൽ വിദ്യാഭ്യാസത്തിന്റെ ഉത്തമഫലമായ പരിഷ്കാരത്തിനും, അർത്ഥവിസ്താരം സിദ്ധിക്കുന്നു. പാശ്ചാത്യ രാജ്യങ്ങളിലാവട്ടെ ആധുനിക ഇന്ത്യയിലാകട്ടെ ഒരുത്തനു 'പരിഷ്കൃതൻ' എന്ന നാമധേയം ഇപ്പോൾ അത്ര എളുപ്പത്തിൽ ലഭിക്കുന്നില്ല. ഏതാനും ചില മാന്യഗുണങ്ങളുടെയൊ യോഗ്യതകളുടെയൊ സമുച്ചയം ആണല്ലോ പരിഷ്കാരം. യോഗ്യന്മാരായ വിദ്വാന്മാരുടെ അഭിപ്രായപ്രകാരം സർവ്വോത്തമമായ പരിഷ്കാരത്തിൽ ഏതേതു യോഗ്യതകളോ ഗുണങ്ങളോ ഉൾപ്പെട്ടിരിക്കുന്നു എന്നുള്ളത് ചിന്തിക്കാം.

ക്ഷിപ്രഗ്രഹണശക്തി, അനുകമ്പ, സ്നേഹശീലം, സ്വതന്ത്രബുദ്ധി, തന്മയത്വം, വിനയം, സത്യനിഷ്ഠ, നിഷ്കപടത, മിതശീലം, ധീരത, ശാന്തത, ഉല്ലംഘേച്ഛ, ഇത്യാദി ഗുണങ്ങൾ ഒരുത്തനുണ്ടെങ്കിൽ അവൻ സാക്ഷാൽ പരിഷ്കൃത പുരുഷൻ തന്നെ എന്ന് ഒരു മഹാവിദ്വാൻ പറഞ്ഞിരിക്കുന്നു. ആത്മികമായും കായികമാ

യും ഉള്ള സൽഗുണാചെയ്ച്ചുവ്യം ആണ് പരിഷ്കാരം. ഒരു മതപ്രകാരം പരിഷ്കാരം സാവ്വാനുഭമായ വിദ്യാഭ്യാസത്തിന്റെ പരിണാമം ആകുന്നു.

ഉൽകൃഷ്ട വിദ്യാഭ്യാസനിയമത്തിൽ മാനവപ്രകൃതിയുടെസംസ്കൃതി, ശാസ്ത്രപരിശീലനം ഒരു രണ്ടു വിധികളും അന്തർഭവിച്ചിരിക്കേണമെന്നു ആംഗ്ലേയ പണ്ഡിതാഗ്രന്മാർ ശാസനം ചെയ്തിരിക്കുന്നു. ഒരു സിദ്ധാന്തം അദ്ധ്യാപകന്മാരാൽ ആദരണീയമായതത്രേ.

അമേരിക്കയിലെ ഉത്തമ ഗ്രന്ഥകാരന്മാരിൽ ഗണ്യനായ എമേർസൺ അഭിപ്രായപ്പെട്ടിരിക്കുന്നതു വിദ്യാഭ്യാസചരിത്രത്തിക്കു കായികനിപുണതയും ആവശ്യമുണ്ടെന്നാകുന്നു. പുരാതനകാലത്തിൽ സ്പാർട്ടാവാസികൾ എന്ന സ്ഥാനത്തിനു അർഹനായിരുന്ന ഒരു ഋഷിക്കോ സന്യാസിക്കോപോലും കായികബലം ആവശ്യമായിട്ടാണ ഗണിക്കപ്പെട്ടിരുന്നത്.

ജീവികാമാർഗ്ഗത്തിൽ സുഖപ്രദായകങ്ങളായ സംഗതികളിൽ തെല്ലും അപ്രധാനമല്ലാ ആന്തരിക്ഷചൂഢിവികളെസ്സംബന്ധിച്ചുള്ള തത്വജ്ഞാനം എന്നു ആനുഭവസ്ഥരായ മഹാന്മാർ സംവദിച്ചിരിക്കുന്നു. ഒരു ജ്ഞാനം ബാലദശമുതൽതന്നേ പ്രദാനം ചെയ്യപ്പേടേണ്ടതും കാലക്രമത്തിൽ വർദ്ധനയെ അടയേണ്ടതും ആകുന്നു. ഇങ്ങനെയാകുന്നതിൽ പ്രാപഞ്ചികവാസസുഖം ക്രമേണ വർദ്ധിക്കുന്നതാകുന്നു. പ്രകൃതി, പ്രേമം വിനയം വിസ്മയം എന്ന മാനസികവൃത്തികളെ ഉജ്ജീവിപ്പിക്കുന്ന ഒരു അക്ഷീണപ്രസംഗിനിയാണെന്നു ജ്ഞാനോത്സുകരാൽ ഗ്രഹിക്കേണ്ട സംഗതിയാകുന്നു. അദ്ധ്യാപകന്മാരെപ്പോലെ ഒരുപോലെ ശാസ്ത്രഗ്രന്ഥകാരന്മാരും പ്രകൃതിതത്വബോധനം, ബാലവിദ്യാഭ്യാസ വിധികളിൽ ഉൾപ്പെട്ടതേണമെന്നു നിർവ്വിസ്മൃതമായുരുന്നുണ്ട്.

മേൽപറഞ്ഞകാരണങ്ങളാൽ വിദ്യാഭ്യാസത്തിന്റെ മുഖ്യമായ ഉദ്ദേശ്യം, സദ്ഭാവസംസ്കരണമാണെന്നു പ്രത്യക്ഷമാകുന്നുവല്ലൊ. ഇനി ഇതിനുള്ള മാർഗ്ഗങ്ങളെ വിചിന്തനംചെയ്യുന്നതിനേ.

ആദ്യംസദ്ഭാവത്തെപ്പറ്റി അല്പമൊന്നാലോചിക്കാം. പരിഷ്കാരി

എന്നപോലെ ആശ്രഹിക്കുന്ന ഒരുവന്റെ സ്വഭാവത്തിന്റെ ചിലഗുണങ്ങളുണ്ടായിരിക്കേണമല്ലൊ. ഒരുഗുണങ്ങളുമില്ലാ; എവിടെനിന്നും സമ്പാദിക്കേണ്ടവ? പഴയകാലങ്ങളിൽ സന്ന്യാസികളും മുനിമാരും സ്വഭാവസംസ്കൃതിസമ്പാദിച്ചുവന്നത് വനാന്തരത്തിലും, ആശ്രമങ്ങളിലും, ഇതരജനശൂന്യമായ മറ്റങ്ങളിലും, ആയിരുന്നു. അക്കാലത്തു ജനസാമാന്യത്തിനു വിദ്യാഭ്യാസത്തിനും, ജ്ഞാനലാഭത്തിനും, സൌകര്യങ്ങളും വളരെ കുറവായിരുന്നു. എന്നാൽ ഇക്കാലത്തേസ്ഥിതി എതുയോ വ്യത്യാസപ്പെട്ടിരിക്കുന്നു. ഇപ്പോൾ ജീവിതമത്സരത്തിൽ, ശൂന്യമായ ഒരു പദത്തേ സകീയമാക്കേണമെന്നു കരുതുന്ന ഒരുത്തൻ, സ്വഭാവപരിഷ്കരണത്തേ പരിശീലിക്കേണ്ടത, ജനതതികളാൽ കൃത്യാന്തരകോടികളുടെ മദ്ധ്യേ തന്നെവേണ്ടിയിരിക്കുന്നു. ഒരു സ്വഭാവസംസ്കൃതിക്കു ഒനിവാര്യമായ മാർഗ്ഗം ചരിത്രകാരികകളുടെയും സാഹിത്യഗ്രന്ഥങ്ങളുടെയും പഠനമാകുന്നു. മനുഷ്യസ്വഭാവഗതിയേ വിഷയമാക്കി വ്യവഹാരം ചെയ്യുന്ന കൃതികളത്രെ ചരിത്രകാവ്യാദികൾ. ആധുനികയുവാക്കന്മാക്ക് ഗ്രഹണയോഗ്യങ്ങളായ നാനാവിധ തത്വങ്ങളും, പ്രമാണങ്ങളും, വിധികളും, ശാസനങ്ങളും, അനുമാനങ്ങളുമെന്നിവ ഇമ്മാതിരി ശ്ലാഘ്യകൃതികളിൽ അടങ്ങിയിരിക്കുന്നു. ഗുണദോഷവിവേചനം, സത്ഭാവം, പരോപകാരതല്പരത, അനാത്മനിനാത്വം, ഇത്യാദിസ്വഭാവഗുണങ്ങളും ചരിത്രസാഹിത്യാദിഗ്രന്ഥസമുച്ചയപരിശീലനത്തിൽ നിന്നും ഉത്ഭൂതമാകൊണ്ട ഗുണപ്രഭാഷ്ടവ്യമാകുന്നു.

പ്രാപഞ്ചിക ചരിത്രത്തിൽ ഗുണദൊഷങ്ങളും സമ്മിശ്രസ്ഥിതിയിലല്ലെ കാണപ്പെടുന്നത് എന്ന ചോദ്യം ഉണ്ടാകാം. ശരിതന്നെ. ഇത സ്വാഭാവിക വിരുദ്ധമല്ലല്ലൊ. പ്രപഞ്ചത്തിലുള്ള സ്ത്രീപുരുഷന്മാർ നാനാതത്വത്തേ ദ്രഷ്ടാന്തീകരിക്കുന്നവരാണല്ലൊ. ചിലർ ശുദ്ധഗുണികളും ചിലർ ആജന്മമരണദുഷ്ടന്മാരും, ചിലർ സമ്മിശ്രന്മാരും ആണെന്നല്ലെ ലോകസമ്മതം. സമുദ്രത്തിലെ പാറകളും അപകട സ്ഥാനങ്ങളും നാവികന്മാരെ എതുവിധം സുഗമമായ മാർഗ്ഗത്തെ പിന്തുടരുന്നതിനു നിർദ്ദേശിക്കുന്നുവോ അപ്രകാരം കു

ചരിത്രമാതൃകയെ പ്രവൃത്തികൾ ദുഷ്പാന്തരപ്പെടുത്തി വിദ്യാർത്ഥികളെ നല്ല വഴികളിലേക്കു പ്രേരിപ്പിക്കുന്നുവെന്നാണു നാം വിചാരിക്കേണ്ടതു. പുരാണഗ്രന്ഥങ്ങളിലും ചരിത്രപുസ്തകങ്ങളിലും അവിടവിടെ കുത്സിതങ്ങളായ പാപകൃത്യങ്ങളും അവയിൽ നിന്നും ജനങ്ങൾക്കുണ്ടായിട്ടുള്ള ആപത്തുകളും വിവരിക്കപ്പെട്ടിരിക്കുന്നതു വിദ്യാർത്ഥികൾക്കും വായനക്കാർക്കും, സദ്വൃത്തിയുടെ ഗുണത്തേയും അസദ്വൃത്തിയുടെ ദോഷത്തേയും കുറിച്ചു ഉപാഖ്യാനം ചെയ്യുന്നതിലേക്കു മാത്രമാണു. ഓരോരുത്തർക്കു പ്രത്യേകമായ സന്താനങ്ങളും, സമുദായങ്ങൾക്കു മുഴുവനുമായുള്ള ചരിത്രങ്ങളാകുന്നു. സാഹിത്യചരിത്രങ്ങളിൽ പ്രതിപാദിക്കപ്പെടുന്നവിഷയങ്ങൾ പ്രധാനം ചെയ്യുന്നതു എന്നാലുള്ളതു് അവിതർക്കിതമാകുന്നു.

രണ്ടാമതായി നമ്മുടെ ശ്രദ്ധക്കുവിഷയീഭവിച്ചിട്ടുള്ളതു ഭാഷാദ്യസനം തന്നെ. പരിപൂർണ്ണനായ ഏവനും ഏതെങ്കിലും ഒരു ഭാഷയിൽ സമഗ്രമായും ഭംഗിയായും, പുഴുന്നതിനും സംസാരിക്കുന്നതിനും, ശീലിക്കേണ്ടതായിരിക്കുന്നു. ഒരു നിബന്ധം പൂർവ്വകാലം മുതല്ക്കേ ഉണ്ടായിട്ടുള്ളതാണു്. വിദ്വാൻ എന്നപേരിനേ ഇഛിക്കുന്ന ഇന്ത്യൻ സ്വഭാഷയൊടുകൂടി സംസ്കൃതവും അഭ്യസിക്കേണമെന്നു പണ്ടുപണ്ടേ ഉണ്ടായിട്ടുള്ള ഒരു ഏർപ്പാടാണല്ലൊ. സംസ്കൃതത്തിനു പകരമായി ഇംഗ്ലീഷുഭാഷ ഒന്നമാത്രംമതിയെന്നുവന്നിട്ടു് ഈ വർഷത്തിലധികമായിട്ടില്ല. ഇന്ത്യയിൽ സംസ്കൃതഭാഷ ഉത്തമഭാഷയായി സ്വീകരിക്കപ്പെട്ടുവന്നിരുന്നതു പോലെ യൂറൊപ്പിൽ മദ്ധ്യകാലങ്ങളിൽ ലത്തീൻഭാഷ സ്വീകരിക്കപ്പെട്ടുവന്നിരുന്നു. അപൂർവ്വം ചിലെടങ്ങളിൽ ഒരംപ്രഥമസ്ഥാനം ഗ്രീക്കിനൊഹീബ്രുവിനൊ ആയും കല്പിക്കപ്പെട്ടു വന്നിരുന്നു. ഈ സങ്കല്പത്തിനു മുഖ്യകാരണം 'വേദപുസ്തകവും' 'ശാസ്ത്രവിധികളും', ഈഭാഷകളിൽ എഴുതപ്പെട്ടിരുന്നതും, മതപണ്ഡിതന്മാർ ഈഭാഷകളിലൊന്നിനെമാത്രം, ആദരപുരസ്സരം അഭ്യസിച്ചുപൊന്നിരുന്നതും ആണു. തദനന്തരം എത്രയോ വർഷശതങ്ങൾ കഴിഞ്ഞതിൽ പിന്നാണു്, ഇതരങ്ങളും നവീനങ്ങളുമായ ഇത്താലിയൻ, സ്പാനിഷ്, ഫ്രഞ്ച്, ജെർമൻ, റഷ്യൻ, ഇംഗ്ലീഷ് എന്നഭാഷകൾക്കു ജന

സാമാന്യ പ്രചാരവും ദേശപ്രാധാന്യവും ഉണ്ടായിത്തുടങ്ങിയത്. സംസ്കൃതത്തെ കുറിച്ചു നാമമാത്രമായ ജ്ഞാനംപോലും പാശ്ചാത്യ ജനങ്ങൾക്കുണ്ടായത് ഫ്രൻസും ജർമനിയിലുമത്രേ. ഇന്ത്യയിലും, സംസ്കൃതത്തിനെഴിക്കെ ഹിന്ദുസ്ഥാനി, മറാത്തി, ദ്രാവിഡഭാഷകൾ, ഇവയുടെ പ്രാധാന്യവും, ഇവയിൽ പ്രത്യേകമായി ഗ്രന്ഥശേഖരവും ഉണ്ടായതു നവീനകാലങ്ങളിൽ തന്നെയെന്നു സമഷ്ടിയായിപറയാവുന്നതാണ്.

കെ. പരമുപിള്ള. എം എ.

തുടരും.

പുരാണപുരുഷന്മാർ

ധർമ്മപുത്രർ.

———:o:———

പുരാണങ്ങളിലും ഇതിഹാസങ്ങളിലും മറ്റുമുള്ള കഥാപുരുഷന്മാരത്തന്നെ കാവ്യനാടകാദികളിലെപ്പാത്രങ്ങളായിട്ടു സ്വീകരിക്കുമ്പോൾ മൂലത്തിൽനിന്നു വ്യത്യാസപ്പെടുത്തിയും ചിലപ്പോൾ സാധാരണ ലൗകികസ്ഥിതിക്കു വിരോധമായും പ്രകൃതത്തിനു തക്കവണ്ണം പല ഭേദഗതികളും മനോധർമ്മംപോലെ വരുത്തുമാറുണ്ട്. ശാകുന്തളത്തിലെ ദുഷ്യന്തൻതന്നെ ഇതിനൊരു ദൃഷ്ടാന്തമാണല്ലോ. ദുഷ്യന്തമഹാരാജാവ് കാട്ടിൽവെച്ചു ശകുന്തളയെ ഗാന്ധർവ്വമായി വിവാഹംചെയ്തിട്ടുണ്ടെങ്കിലും നാട്ടിൽ വന്നതിന്റെശേഷം അന്തഃപുരവിഹാരങ്ങൊണ്ടും മറ്റും വിസ്മരിച്ചുപോയിഎന്നുള്ളവാസ്തവംനായകന്റെമനസ്സിൽനിന്നു മാഞ്ഞുപോവാത്തഗുണമില്ലാഞ്ഞിട്ടാണോ എന്നു ശങ്കിക്കാവുന്നതിനാൽ നായികക്കു ന്യൂനതയാവാതിരിപ്പാൻവേണ്ടി ദുർവ്വാസാവിന്റെ ശാപവുംകൂടി നായികക്കു കൊടുത്തുംകൊണ്ടാണ് ഓരോ കഥ ഭാരതത്തിൽനിന്നു നാടകത്തിലേക്ക് കാളിദാസൻ കൊണ്ടുവന്നിട്ടുള്ളത്. ഇതിൽ ലൗകികസ്വഭാവത്തിനു യോജിക്കുന്നത് ഭാരതമോ നാടകമോഎന്നു സംശയിപ്പാനുണ്ടോ? സൗന്ദര്യവതികളായ അനേകം അന്യ

പ്പുരസ്ത്രീകളോടുകൂടിയ ഒരു രാജാവ് സംശയവശാൽ കാട്ടിൽവെച്ചു സംസർഗ്ഗത്തിന്നിടയായിട്ടുള്ള ഒരു സ്ത്രീയെ മറന്നുപോയി എന്നത് സാഭവിക്കാവുന്നതാണ്. ഇതുതന്നെ കാട്ടിൽവാസൻ ശകുന്തളയുടെസഖികളെക്കൊണ്ട് രാജാവിനോട് പറയിപ്പിച്ചിട്ടില്ലെന്നുമില്ല. അതുകൊണ്ട് ലോകസ്വഭാവത്തിന്നു തക്കവണ്ണം ഗുണദോഷങ്ങൾ കലന്നിട്ടുള്ള കഥാപുരുഷന്മാർ കാവ്യനാടകാദികളിലേക്കാൾ പുരാണാദികളിലായിരിക്കും അധികമുണ്ടായിരിക്കുകയെന്നു വ്യക്തമാകുന്നു. നമ്മുടെയിടയിൽ ഉണ്ടായിട്ടുള്ള യോഗ്യന്മാരുടെ ജീവചരിത്രമറിവാൻ പ്രയാസമായിരിക്കെ പുരാണാദികളിൽ വിവരിക്കപ്പെട്ടിട്ടുള്ള ഓരോ മഹാന്മാരുടെ സ്വഭാവവൃത്തിന്നു ശ്രമിക്കുന്നത് ഉപകാരമാകാതിരിപ്പാൻ തരമില്ല.

ശ്രീമഹാഭാരതത്തിലെ കഥാനായകൻ ധർമ്മപുത്രരാണല്ലൊ. അദ്ദേഹത്തെക്കുറിച്ചുതന്നെ ആദ്യം പ്രസ്താവിക്കാം. പാണ്ഡുമഹാരാജാവിന്റെ സ്വർഗ്ഗാരോഹണത്തിനനന്തരം ശതശൃംഗപർവ്വതത്തിൽനിന്ന് ഹസ്തിനാപുരത്തിലെത്തിയതിൽപിന്നെ തന്റെ വലിയഛനായ ധൃതരാഷ്ട്രരെ അഛനെപ്പോലെയാണ് അദ്ദേഹം വിചാരിച്ചിരുന്നത്. ധൃതരാഷ്ട്രൻ തന്റെ മക്കളോടൊന്നിച്ച് പാണ്ഡുപുത്രന്മാരായ ധർമ്മപുത്രാദികളേയും കൃപാചാര്യരുടെ അടുക്കൽ വിദ്യാഭ്യാസംചെയ്യിപ്പിച്ചു. അക്കാലത്ത് ഒരവസരത്തിൽ ഈ കുട്ടികളെല്ലാം കളിച്ചുകൊണ്ടിരിക്കുമ്പോൾ കളിസ്സാമാനം കിണറ്റിൽ വീണുപോയി. അതെടുപ്പാൻ വയ്യാതെയിരിക്കുന്ന സമയം ഒരു ബ്രാഹ്മണൻ ഭാര്യയോടും പുത്രനോടുംകൂടി അവിടെ ചെന്നു. "മൂന്നുദിവസമായിട്ട് ഭക്ഷണം കിട്ടാതെവിശന്നുകിടന്നാലുമുണ്ടല്ലൊ ഭക്ഷണം തരാമെങ്കിൽ നിങ്ങളുടെ കളിസ്സാധനം എടുത്തുതരാമെന്ന്" ആ ബ്രാഹ്മണൻ പറഞ്ഞപ്പോൾ ഭാര്യയോടുകൂടിഭക്ഷണം തരാമെന്ന് ഏറുപറയുവാൻ ധർമ്മപുത്രർ മാത്രമേ ഉണ്ടായുള്ളൂ. പാഞ്ചാലരാജ്യത്തുനിന്ന് ഇക്കാലത്തോടുകൂടി വന്ന ദ്രോണാചാര്യരായ ആ ബ്രാഹ്മണന്റെനേരെ ധർമ്മപുത്രർ കാണിച്ച ഔദാര്യവും ദയയും പിന്നീട് കുരുപാണ്ഡവന്മാരുടെ ഉൽക്കർഷത്തിന്നും പ്രസിദ്ധിക്കും കാരണമായിത്തീർന്നു. കുരുകുലാ

ചായ്ച്ചുനോക്കിത്തീർന്ന ദ്രോണാചാര്യരുടെ അടുക്കൽ ഇവരുടെ ആയുധവിദ്യാഭ്യാസം കഴിഞ്ഞതിന്നശേഷം ധൃതരാഷ്ട്രൻ ക്രമേണ തന്റെ പുത്രന്മാരിൽ പ്രതിപത്തി അധികമായി തോന്നിത്തുടങ്ങി. എന്നാൽ മറ്റുള്ളവർക്കെല്ലാം ധർമ്മപുത്രരിലായിരുന്നു അധികപ്രീതി. അതിന്നു കാരണം അദ്ദേഹത്തിന്റെ ദാക്ഷിണ്യാദിഗുണങ്ങളാണ്. നാട്ടുകാർക്കുള്ള പ്രതിപത്തി കുറയുന്നതിന്നുവേണ്ടി വാസ്തുവത്തിൽ രാജ്യാവകാശിയായ ധർമ്മപുത്രരെ ഉപായത്തിൽ വാരണാവതത്തിലേക്കു മാറിത്താമസിപ്പിക്കുവാൻ ധൃതരാഷ്ട്രർ ആലോചിച്ചു. തനിക്കു രാജ്യലബ്ധിക്കു പ്രതിബന്ധകവും പക്ഷെ ജീവഹാനിക്കുള്ള നിമിത്തവുമായ ഒരു സ്ഥലംമാറ്റം ഉരുട്ടുകുതികൊണ്ടും സഹനശക്തികൊണ്ടും ധർമ്മപുത്രർ നിസ്സംശയം സമ്മതിച്ചു. ഒരു പ്രവൃത്തിതന്നെ പ്രജകൾക്ക് അദ്ദേഹത്തിന്റെ പേരിലുള്ള പ്രതിപത്തിക്കു കാരണമായി. വാരണാവതത്തിൽവെച്ച് വഹ്നിവിഷാദികളെക്കൊണ്ട് പാണ്ഡവന്മാരെ നശിപ്പിക്കുവാൻ ചെയ്തതായ ദുഷ്പ്രാധാന്യാദികളുടെ ചതിപ്രയോഗം ഉരുക്കുന്മാരുടെ പ്രസാദംകൊണ്ടും യാത്രപുറപ്പെട്ടപ്പോൾ വിദുരർ യവനഭാഷയിൽ വള്ളിച്ചു പറഞ്ഞിട്ടുള്ള സൂചനമൂലം ധർമ്മപുത്രർ ചെയ്ത മുൻകരുതലുകൊണ്ടും നിഷ്ഫലമായിത്തീർന്നുവെങ്കിലും അദ്ദേഹത്തിന്ന് കുറച്ചുകാലം അനുജന്മാരോടും അമ്മയോടുംകൂടി പ്രച്ഛന്നസഞ്ചാരംചെയ്യേണ്ടിവന്നു. ഭീമസേനന്റെ ഹിഡുംബവധം, ബകവധം, ദ്രൗപദീസ്വയംവരത്തിന്നു പോക്കും, ഇവയും അർജ്ജുനന്റെ ഗന്ധർവ്വവിജയം, ലക്ഷഭേദനം, ഇവയും ഒരു പ്രച്ഛന്നസഞ്ചാരത്തിന്റെ ഫലമാണ്. പാഞ്ചാലീസ്വയംവരത്തിന്നു ശേഷമാണ് പാണ്ഡവന്മാർ മരിച്ചിട്ടില്ലെന്ന ജനങ്ങൾ കൂടിയാറായ്ത്.

ജ്യേഷ്ഠാനുജന്മാരഞ്ചുപേരുംകൂടി പാഞ്ചാലിയേ വിവാഹംചെയ്തതു ഏതുതോളം ന്യായമായിരിക്കുമെന്നാലോചിക്കുകം:-ഒരുയുവതിൽരണ്ടോമൂന്നോ രജ്ജുകെട്ടാറുണ്ടെങ്കിലും ഒരു രജ്ജുപല യുവതിന്മേൽകൂടികെട്ടുന്നതിന്ന് വിധിച്ചിട്ടില്ല." എന്നുള്ള അന്യായോപദേശമായ വേദവാക്യംകൊണ്ടും സ്മൃതികളെക്കൊണ്ടും ഒരു സ്ത്രീക്കു അനേകഭർത്താക്കന്മാരുണ്ടാകുന്നത് നിഷിദ്ധമാണല്ലോ. അങ്ങിനെയിരിക്കെ

ധർമ്മപുത്രൻ നാലനുജന്മാരോടുകൂടി പാഞ്ചാലിയെപ്പേടിച്ചത് വേദത്തിനും ധർമ്മശാസ്ത്രങ്ങൾക്കും ലോകമര്യാദക്കും വിരോധമല്ലേയെന്നാണെങ്കിൽ ഇതിനും ദൈവികമായിട്ടും ലൗകികമായിട്ടും സമാധാനമുണ്ട്. "പ്രചേതസ്സുകൾ പത്തുപേരുകൂടി ഒരു കന്യകയെ വിവാഹം ചെയ്തിട്ടുള്ളപോലെ നിങ്ങളെല്ലാരുംകൂടി പാഞ്ചാലിയെ വിവാഹംചെയ്യുവിൻ. അതു സദാചാരമാകാതിരിക്കയില്ല." എന്നു വേദവ്യാസൻ ധർമ്മപുത്രരോട് വഴിക്കുവെച്ചുപദേശിച്ചിട്ടുണ്ട്. പാണിഗ്രഹണസമയത്തിങ്കൽ സംശയഗ്രസ്തനായ ദ്രുപദരാജാവിനോടും നാളായനിചരിതം അല്ലെങ്കിൽ പഞ്ചേന്ദ്രോപാഖ്യാനംകഥ പറഞ്ഞിട്ട് ആ അഞ്ചിന്ദ്രന്മാരാണ് പാണ്ഡവന്മാരെന്നും അവരുടെശക്തിയാണ് പാഞ്ചാലിയെന്നും വ്യാസൻരാജാവിനെ പ്രത്യക്ഷത്തിലനുഭവപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനുംപുറമെ ഭാഗ്യവകമ്മശാലയിലിരുന്നിരുന്ന കുന്തീദേവിയോട് "ഇന്നഞങ്ങൾക്കൊരു ഭിക്ഷകിട്ടീട്ടുണ്ട്" എന്ന് പാഞ്ചാലിയെഉദ്ദേശിച്ചുധർമ്മപുത്രർ പറഞ്ഞപ്പോൾ "അഞ്ചാളുംകൂടിഅനുഭവിക്കുവിൻ" എന്നഭിക്ഷ "കാണാതെ മറുവടിപറഞ്ഞതിനുശേഷം പാഞ്ചാലിയെക്കണ്ടപ്പോൾ "ഇതേവരെ അസത്യംപറയാത്ത എൻറെവാക്ക് മിത്ഥ്യയാകുമല്ലോയെന്ന് വ്യസനിക്കുന്ന അമ്മയുടെ വാക്കിനെ സത്യമാക്കുവാൻ വേണ്ടിയാകുന്നു ധർമ്മപുത്രാദികളിപ്രകാരം ചെയ്തതെന്ന് ലൗകികമായിട്ടും ഒരു തക്കസമാധാനമുണ്ട്. ഗുരുവാക്യം തെറ്റിക്കരുതെന്നുള്ളതിന് ആചാര്യൻറെ കല്പനപ്രകാരം അമ്മയുടെതലവെട്ടിയ പരശുരാമൻ ദൃഷ്ടാന്തമാണല്ലൊ. "ഗുരോർഗുരുതരം മാതാമാതുർഗുരുതരംപിതാ". "ദൈവേരുഷ്ടേഗുരുസ്ത്രാതാഗുരൗരുഷ്ടേനകശ്ചന", ഇത്യാദി പ്രമാണവശാൽഗുരുതരംകൊണ്ട് ആചാര്യനെക്കഴിഞ്ഞാൽഅമ്മയാണവലുതെന്നും ഗുരുവാക്യം തെറ്റിക്കരുതെന്നുമാണല്ലോ സാധിക്കുന്നത്. അതുകൊണ്ട് ധർമ്മപുത്രരുടെ ഈ പ്രവൃത്തി അദ്ദേഹത്തിൻറെ ധർമ്മനിഷ്ഠയെ ഒന്നുകൂടി ബലപ്പെടുത്തുകയാണ ചെയ്യുന്നത്. മാതുലപുത്രനായ ശ്രീകൃഷ്ണൻറെ സഹായത്തോടുകൂടി സകലരാജാക്കന്മാരേയും എണങ്ങീട്ടും പിണങ്ങീട്ടും കീഴടക്കി രാജസൂയയാഗം ചെയ്തിരിക്കുന്ന ഈ മഹാപുരുഷൻറെ മഹാഭാഗ്യം പ്രസിദ്ധമാണല്ലൊ.

• ചതിയന്മാരാണെന്ന് അറിഞ്ഞുകൊണ്ട് ദുര്യോധനാദി കളോട് ഇദ്ദേഹം ദ്യൂതപൊരുതിയത് എന്തുകൊണ്ടാണ് ? ''നാടുംനഗരവും വീടും കുടികളും'' കളിച്ചുകളഞ്ഞ് പിന്നെ അനുജന്മാരേയും തന്നെയും പാഞ്ചാലിയേയും പണയംവെച്ചത് മര്യാദക്കേടും മൌഢ്യവുമല്ലെ? ദുശ്ശാസനൻ രാജസഭയിൽവെച്ച ഭാര്യയുടെ വസ്ത്രാക്ഷേപം ചെയ്യുന്നത് കണ്ടുകൊണ്ട മിണ്ടാതിരുന്നാര് പൌരുഷത്തിന്നുതക്കതായോ ? എന്നുചോദിക്കുകയാണെങ്കിൽ സമാധാനംപറയാം. ''ആഹൂതോനാനിവർത്തേയമൃതായചരണായച''* എന്ന് രാജസൂയത്തിൽ വെച്ച് ചെയ്ത ശപഥംനിമിത്തം പോരിനോ ദ്യൂതിനോ വിളിച്ചാൽ ധർമ്മപുത്രക്ക് പോകാതിരിപ്പാൻ നിവൃത്തിയില്ല. എടക്കുവെച്ചുപിൻവലിക്കുന്നതോ സത്യത്തിന്നുംവീരധർമ്മത്തിന്നും പോരാത്തതാണല്ലൊ. അതുകൊണ്ട തന്റെ സകല മുതലുകളും അനുജന്മാരേയും തന്നേയും പണയം വെക്കേണ്ടി വന്നതാണ്. ജയാപജയങ്ങൾ ഈശ്വരാധീനമാണല്ലൊ. എന്നാൽ പാഞ്ചാലിയെ പണയംവെച്ചകാര്യത്തിൽ ദ്യൂതമര്യാദക്കു സത്യത്തുണ്ടിക്കാണിച്ചു പണയം വെപ്പിക്കുന്നത യുക്തമല്ലെന്നും വിശേഷിച്ച് പണയസത്തിന്ന് അതായത് അടിമയായ ധർമ്മപുത്രക്ക് പൂർവ്വസത്തായപാഞ്ചാലിയിലുള്ളവകാശം നശിച്ചതുകൊണ്ട് പണയംവെയ്പാനുള്ളധികാരമില്ലെന്നും ഒരു ഭാഗക്കാരുംസർവ്വസത്തുകളേയും പണയം വെച്ചപ്പോൾതന്നെ പാഞ്ചാലി അതിലും പ്പെട്ടുപോയിട്ടുണ്ടെന്നും അഥവാ അതില്ലെങ്കിൽതന്നെ ഭാര്യ ഭർത്താവിന്ന എപ്പോഴും അടിമയായ്ക കൊണ്ട് ധർമ്മപുത്രക്ക് പാഞ്ചാലിയെ പണയം വെയ്പാനുള്ളധികാരമുണ്ടെന്നു മറുഭാഗക്കാരും വാദിക്കുന്നതായ ഒരു വിഷയത്തിൽ ഭീഷ്മദ്രോണാദികൾക്കു പോലും ഒരു തീർച്ചചെയ്യാൻ സാധിക്കാത്തതാണ്. അത എങ്ങിനെയെങ്കിലും ഇരിക്കട്ടെ, ധർമ്മപുത്രനെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിന്റെപ്രവൃത്തി അനീതിയാവാൻ തരമില്ല. എന്തെന്നാൽ താൻ അടിമയായിരിക്കുന്നവസ്ഥക്ക് എജമാനൻ കല്പിക്കുന്ന പ്രകാരം ചെയ്യാതിരിപ്പാൻ നിവൃത്തിയുള്ളതല്ലല്ലോ. അസ്വതന്ത്രനാക

* പോരും ദ്യൂതവും അന്നത്തെ കാലത്ത് ഒരുപോലെ വീരധർമ്മമായിട്ടാണ് രാജാക്കന്മാർ വിചാരിച്ചുവന്നിരുന്നത്.

യാൽ പാഞ്ചാലിയുടെ വസ്ത്രാക്ഷേപവും കണ്ടുനിന്ന സഹിക്കേയുള്ളേതരമുള്ളൂ. "ധർമ്മസ്യഗഹനാഗതിഃ" എന്നുണ്ടല്ലൊ.

ദ്യൂതകളിയിൽ തോറ്റു കാട്ടുകേറിയ ഉടൻ ഭീമസേനൻ കൗരവംശം നശിപ്പിപ്പാനുടനെ പുറപ്പെടണമെന്നും മറ്റും ചൊടിച്ചു പറഞ്ഞ് ചാടിപ്പുറപ്പെട്ടപ്പോൾ ദുര്യോധനാദികളുടെ അജ്ഞതയെ സയുക്തികമായി പറഞ്ഞു ബോദ്ധ്യപ്പെടുത്തി ക്ഷമിപ്പിച്ച് ഒതുക്കിനിറുത്തിയതിൽ ധർമ്മപുത്രരുടെക്ഷമയും, സത്യനിഷ്ഠയും, ധർമ്മബുദ്ധിയും നീതിനൈപുണ്യവും, വാഗ്മിതവും, വേണ്ടുവോളംവെളിപ്പെടുന്നതാണ്. വനവാസകാലത്ത് പതിനെണ്ണായിരംബ്രാഹ്മണർക്ക് അക്ഷയപാത്രംകൊടുത്തു മുഷ്ടാന്നംകൊടുത്തു പോന്നതിൽ അദ്ദേഹത്തിന്റെ ദേവബ്രാഹ്മണഭക്തിയും, ഭരണശക്തിയും, ദയാലുതവും, ഔദാര്യവും, ആപൽക്കാലത്തുപയോഗിച്ചതാകയാൽഇരട്ടത്ത് വിട്ടുകൂടാതെ അധികം പ്രകാശിക്കുന്നു. വനവാസത്തിൽ സർവ്വതത്വജ്ഞരായ അനേകം മഹർഷിമാരുടെ സംസർഗ്ഗത്തിനിടയാകയാൽ അദ്ദേഹത്തിന് ദൈവികമായും ലൗകികമായുമുള്ള അറിവ് ഉരുകിവരുന്ന കാഞ്ചനംപോലെ അധികംശുദ്ധിയും മാറും കൂടിയതാവാനിടവന്നിട്ടുണ്ട്. വനവാസത്തിലെക്കാൾ അജ്ഞാതവാസത്തിലാണ് അദ്ദേഹത്തിന്റെ സഹനശക്തി അധികം വെളിപ്പെട്ടിട്ടുള്ളത്.

പാഞ്ചാലിയുടെ വസ്ത്രാക്ഷേപംകണ്ടു മിണ്ടാതിരുന്നതിനേക്കാളും കീചകന്റെ ചവിട്ടും കുത്തും ഇടിയും ഏറെ സങ്കടപ്പെട്ട് വിരാടസഭയിൽ ചെന്ന് ആവലാതിപറയുന്ന പാഞ്ചാലിയുടെ സ്ഥിതികണ്ടുസഹിച്ചിരുന്നാണ് അധികം അൽഭുതം.

ഭാരതയുദ്ധത്തിനു വേണ്ടുന്ന സകല സന്നാഹങ്ങളും ഒരുക്കിയതിനുശേഷം ദുര്യോധനാദികളോടുവളരെത്താഴ്ന്ന നിലയിലും സന്ധിക്കു സമ്മതിച്ചുകൊണ്ട് ഭഗവാനെ ദൂതിനയച്ചതിൽ അദ്ദേഹത്തിന്റെ വംശസ്നേഹവും, പ്രജാവാത്സല്യവും, ലോകമര്യാദയും ഏറെറവും തെളിയുന്നു. യുദ്ധത്തിനു ഇരുകക്ഷിക്കാരും വ്യൂഹമുറപ്പിച്ചു നിരന്നുനിൽക്കുന്നതിന്റെ മദ്ധ്യത്തിൽവെച്ച് ആതതായികളായ ഭീഷ്മദ്രോണാദിഗുരുക്കന്മാരോടു യുദ്ധത്തിനനുവാദ

ദ്രവ്യം ജയത്തിന്നനുഗ്രഹവും വാങ്ങിച്ചതിൽ അദ്ദേഹം കാണിച്ചിട്ടുള്ള നിഷ്പക്ഷപാതമായ ഗുണഗ്രഹശക്തി ഏറ്റവും പ്രശംസിക്കത്തക്കതുതന്നെ.

യുദ്ധത്തിൽ ധർമ്മപുത്രക്ക് ജയം കിട്ടിയെങ്കിലും യുദ്ധമവസാനിപ്പിച്ച് ചില അക്രമങ്ങൾ ചെയ്തിട്ടുണ്ടെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. ഗുരുനാഥനും ബ്രാഹ്മണശ്രേഷ്ഠനുമായ ദ്രോണാചാര്യരോട് അശ്വത്ഥാമാവിനെക്കൊന്നുയെന്ന ശുദ്ധംപൊളിപറഞ്ഞു വില്ലുവെപ്പിച്ച് അദ്ദേഹത്തിനെ കൊലപ്പെടുത്തിയത് കപടമാനുഷനായ ശ്രീകൃഷ്ണന്റെ നിർബ്ബന്ധപ്രകാരമാണെങ്കിലും ധർമ്മപുത്രക്ക് എന്നെന്നേക്കും പശ്ചാത്താപത്തിന്നു കാരണമായും പ്രത്യുക്ഷത്തിൽ ഭൂസ്പർശമില്ലാത്ത തന്റെ തേര് താഴ്ന്നുപോകയാൽ അധഃപതനത്തിന്ന നിമിത്തമായും ഒഴിച്ചാലൊഴിയാഞ്ഞതായും ഉള്ള ഒരു വലിയ അധർമ്മമാണെന്നുപറയാതെ കഴിയില്ല. അധർമ്മം ചെയ്തിട്ടേ ശത്രുജയം സാധിക്കു എന്നായിവരുന്ന ധർമ്മസങ്കടത്തിൽ അധർമ്മവും ന്യായമാണെന്നുള്ള ദേവലോകനടവടിമാത്രമെ ഇവിടെശരണമായിക്കാണുന്നുള്ളൂ. ഇത്രതന്നെയാണ് ധർമ്മാധർമ്മസൂചിയായ ഭഗവാൻ ശ്രീകൃഷ്ണന്റെ വിധി.

ബൃഹസ്പതി.

———:o:———

കുജപഥതിക്കു പുറമെ, ഭൂമിയുടെ അണ്ഡാകാരപഥതിയിൽ നിന്നു വളരെ വളരെ ദൂരത്തായി, സൂര്യവ്യൂഹത്തിന്റെ അതിഭീകരത്തും, അതിസൂക്ഷ്മങ്ങളായ അസംഖ്യം ഉപഗ്രഹങ്ങളുടെ സമ്മിശ്രമായ വക്രഗതികൊണ്ട് യാതൊരു തടസ്ഥവും തട്ടാതെവിധം ദിഗന്തരത്തിൽ അത്യന്തം പ്രതാപോല്കൃഷ്ടത്തോടുകൂടി ഭീമപിശാചനായ ബൃഹസ്പതി സദാ സൂര്യമണ്ഡലത്തെ ചുറ്റിസ്സഞ്ചരിക്കുന്നു. സൂര്യതേജസ്സുകൊണ്ട് പ്രകാശിക്കുന്നവയും വലിയ ഗോളങ്ങളുമായ ശനി മുതലായ വേറെ ചില ഗ്രഹങ്ങളും ഇതിലും അകലെയായി ചരിക്കുന്നുണ്ട്. എന്നാൽ ബൃഹസ്പതിയോളം വലി

യതായിട്ട് ഈ സൌരജഗത്തിൽ മറ്റ് ഒരു ഗ്രഹവും ഇല്ലെന്നു മാത്രമല്ല, ആ ഗ്രഹങ്ങളെല്ലാം ഒന്നിച്ചുകൂടി ഒരു ഗോളമായിത്തീർന്നതാണെങ്കിൽത്തന്നെ അതിന് ഇത്ര വലിപ്പം ഉണ്ടാകുന്നതും അല്ല. ശുക്രൻ, ശനി, എന്നീ ഗ്രഹങ്ങളെപ്പോലെതന്നെ ബൃഹസ്പതിയേയും നമുക്ക് എപ്പോഴത്തേയും തുല്യപ്രഭയോടെ കാണ്മാൻ സാധിക്കുന്നില്ലെങ്കിലും സൂര്യചന്ദ്രശുക്രന്മാർ കഴിഞ്ഞാൽ പിന്നെ അധികം പ്രകാശമുള്ള ഗോളം ബൃഹസ്പതിയാണ്. ഭൂമിയും ബൃഹസ്പതിയും സൂര്യന്റെ ഒരേ ദിശയിലായിവന്ന് തമ്മിൽ ഏറ്റവും സമീപിക്കുന്നത് പന്ത്രണ്ടുകൊല്ലങ്ങളിൽ ഒരിക്കൽമാത്രമാണെന്നും അപ്പോൾ ബൃഹസ്പതി കാഴ്ചക്ക് അതിമനോഹരമായിരിക്കുന്നുവെന്നും കണ്ടറിഞ്ഞിരിക്കുന്നു. എന്നാൽ ഈ ദിവ്യഗ്രഹത്തിലേക്ക് ഇവിടെനിന്ന് എത്ര ദൂരമുണ്ടെന്ന് ഇനി അല്പം ആലോചിക്കുക.

ശുക്രൻ രണ്ടുകോടി അറുപതുലക്ഷം നാഴികയും ശനി മൂന്നുകോടി അമ്പതുലക്ഷം നാഴികയും ഓടുന്ന ചില സമയങ്ങളിൽ, വരുമെന്ന് അതുകളെപ്പറ്റിയുള്ള ലേഖനങ്ങളിൽനിന്ന് നമുക്കറിയാറായിട്ടുണ്ടല്ലൊ. ഭൂമിയും സൂര്യനുമായിട്ടുള്ള അകലം ഒമ്പതു കോടി മുപ്പതുലക്ഷം നാഴികമാത്രമേയുള്ളൂ എന്നാണ് ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പറയുന്നത. ഇത് ഒരു ചുരുങ്ങിയ ദൂരമല്ല നിശ്ചയം. എന്നാൽ ബൃഹസ്പതി സ്ഥിതിചെയ്യുന്നത് ഇനിയും നാംപറഞ്ഞ അകലെയാണത്രെ. എന്നിട്ടും അതിന് എത്ര ശോഭതോന്നുന്നുണ്ട! ഇതിനുള്ള മുഖ്യകാരണം അതിന്റെ മഹാവലിപ്പംതന്നെയാണ്.

ശുക്രന്റെയും നാം വസിക്കുന്ന ഭൂമിയുടേയും മദ്ധ്യളവ് ഏകദേശം ഏഴുന്നായിരം നാഴികയാണെന്ന് ശുക്രനെപ്പറ്റിയുള്ള ഉപന്യാസത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. എന്നാൽ ബൃഹസ്പതിക്കു സുമാർ 85,000 നാഴിക മദ്ധ്യളവുണ്ട്. ഭൂമിയോട് ഒത്തുനോക്കുമ്പോൾ ഈ വലിപ്പം അതിവിപുലമായിതോന്നുമെങ്കിലും സൂര്യന്റെ കഥ ആലോചിക്കുമ്പോൾ അത് എത്രയോ നിസ്സാരമായിത്തീരുന്നു. ബൃഹസ്പതിയുടെ പരിമാണനിർണ്ണയത്തിന് ഒരു കണക്കു പറയാം. ഈ ഗ്രഹത്തിന്റെ മദ്ധ്യരേഖയോളം വീതിയുള്ള ഒരു പരപ്പിന്മേൽ ഭൂമിയോളം വലിപ്പമുള്ള ഒമ്പതു ഗോളങ്ങളെ

കോത്ത് കെട്ടാവുന്നതും ഇങ്ങിനേയുള്ള എട്ട ബൃഹസ്പതിഗോളങ്ങളെ സൂര്യബിംബത്തിൽ ഇപ്രകാരംതന്നെ അടക്കാവുന്നതും ആകുന്നു. ആയിരത്തിരുന്നൂറ് ഭൂമികളും കൂടിയാൽ മാത്രമേ ബൃഹസ്പതിയുടെ വലിപ്പം ഉണ്ടാകയുള്ളൂ. ബൃഹസ്പതിയോളം വലിപ്പമുള്ള ഒഴിഞ്ഞ ഒരു ഗോളത്തിനുള്ളിൽ ആയിരത്തോളം ഭൂമികളെ കൊള്ളിക്കാമെന്നും അതുതന്നെ ബൃഹസ്പതിമാരെ സൂര്യഗോളത്തിനുള്ളിൽ ഒതുക്കാമെന്നും ശാസ്ത്രജ്ഞന്മാർ കണക്കാക്കി പറയുന്നുണ്ട്.

എന്നാൽ ബൃഹസ്പതിക്ക് ഈ വലിപ്പത്തിനടുത്ത ഘനമുണ്ടായെന്ന് നോക്കുക. ഗ്രഹങ്ങളെ തൂക്കിനോക്കുവാൻ നമുക്ക് സാധിക്കാത്ത സ്ഥിതിക്ക് അവക്കുള്ള ഘനം കിട്ടുപ്പെടുത്തി പറയുവാൻ ഉത്സാഹിക്കുന്നത് ദുഃസഹമായ വിഡ്ഢിത്തമാണെന്ന് ചിലക്ക് തോന്നുവാൻ ഇടയുണ്ട്. എന്നാൽ ഗോളങ്ങളുടെ ഘനം നിശ്ചയിക്കുന്നതിന്ന തട്ടും തുലാസും ആവിശ്യമില്ല. ഗണിതശാസ്ത്രം വേറെ വഴിവെച്ചിട്ടുണ്ട്. അതിനെ സംക്ഷേപിച്ച് പറയാം. പരസ്പരം ആകർഷിക്കുന്നതിന്ന് എല്ലാ ഗോളങ്ങൾക്കും സാധാരണയായി ഒരു ശക്തിയുണ്ട്. ഈ ശക്തി അവയുടെ വലിപ്പത്തെ അനുസരിച്ചിരിക്കുന്നു. അതിനാൽ ചെറിയ ഗോളങ്ങൾ വലിയഗോളങ്ങളുടെ ആകർഷണശക്തിക്ക് അധീനപ്പെട്ടുവരാറുണ്ട്. ബൃഹസ്പതി ഗ്രഹങ്ങളിൽവെച്ച് ഏറ്റവും വലിയതാകയാൽ അടുത്തുള്ള ഗോളങ്ങളെയെല്ലാം അതിലെക്കാകർഷിക്കുന്നു. ഈ ശക്തിയുടെ ഏറ്റക്കുറച്ചിൽ അനുസരിച്ച് ആ ചെറിയ ഗോളങ്ങൾക്കെല്ലാം പലവിധമുള്ള ചലനങ്ങളുമുണ്ടാകുന്നുണ്ട്. ഒരു ദൂരദർശിനിയിൽകൂടി നോക്കിയാൽ ഈ ചലനങ്ങളുടെ സമ്പ്രദായം നല്ലവണ്ണം കാണുവാനും അവയുടെ ശക്തി എത്രത്തോളമുണ്ടെന്ന് നമുക്ക് സൂക്ഷ്മമായി ഗ്രഹിപ്പാനും കഴിയും. പിന്നെഗണിതശാസ്ത്രസഹായം കൊണ്ട് ഈ ചലനങ്ങൾക്ക് കാരണഭൂതമായ വലിയഗോളത്തിന്റെ ആകർഷണശക്തി എത്രയുണ്ടെന്നും, അതിൽനിന്ന ഗോളത്തിന്ന എത്രഘനമുണ്ടെന്നും കണക്കാക്കാവുന്നതാകുന്നു. 1200ഭൂമികളോളം വലിപ്പമുള്ള ബൃഹസ്പതിക്ക് ഇങ്ങിനെ കണക്കാക്കിനോക്കുമ്പോൾ ഭൂമിയെക്കാൾ 310, ഏരട്ടിഘനം മാത്രമെ കാണുന്നുള്ളൂ.

ഈ ഗോളത്തിന്റെ പരിമാണത്തിന്ന് അനുരൂപമായ ഘനം ഉണ്ടാവാഞ്ഞതെന്താണ്? വസ്തുക്കളിൽ പരമാണുക്കൾ എത്ര ത്തോളം ഏടത്തുന്ന് യോജിച്ചിരിക്കുന്നുവോ അത്രതന്നെ അവക്ക് ഘനവും കൂടിയിരിക്കും. ഇതിനാലാണ് ഒരേവലിപ്പത്തിലുള്ള ഒരു ഘനവസ്തുവിന് ദ്രവവസ്തുവിലും, ദ്രവവസ്തുവിന് വായവ്യവസ്തുവിലും ഘനംകൂടിക്കാണുന്നത്. നമ്മുടെ ഭൂമി തണുത്ത ഒരു ഘനവസ്തുവാണ്. എന്നാൽ ബൃഹസ്പതി ഇത്ര തണുത്തതല്ലെന്നും, ഈ ഗ്രഹത്തിന്റെ അന്തർഭാഗം എങ്ങിനെയിരിക്കുന്നുവെന്ന് തീർച്ചയായി പറവാൻ സാധിക്കയില്ലെങ്കിലും ബഹിർഭാഗം ഘനവസ്തുവാകട്ടെ ദ്രവവസ്തുവാകട്ടെ അല്ലെന്നും ജ്യോതിശ്ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കി പറയുന്നുണ്ട്. അതിനാൽ ബൃഹസ്പതിക്ക് വലിപ്പം അധികമുണ്ടെങ്കിലും അതിലെ പരമാണുക്കൾ വളരെ സംയോജിച്ചിട്ടുള്ളതായി കാണുന്നില്ലാഞ്ഞതുകൊണ്ട് വലിപ്പത്തിന്നടുത്ത ഘനം ആഗോളത്തിന്നുണ്ടാവാൻ തരമില്ല. ഈ ഗ്രഹത്തിന്റെ താപശക്തി നശിക്കുന്തോറും വലിപ്പം കുറയുകയും പരമാണുക്കൾ യോജിച്ച് തിങ്ങിവശാവുകയും ചെയ്യും.

സൂര്യനിൽനിന്ന അകലെയകലെയായി സ്ഥിതിചെയ്യുന്ന ഗ്രഹങ്ങൾക്ക ഗമന വേഗം കുറഞ്ഞു കുറഞ്ഞു കാണുന്നുണ്ട്. ഭൂമി ഒരു നിമിഷത്തിൽ 18 നാഴിക സഞ്ചരിക്കുന്നുണ്ടെങ്കിലും ബൃഹസ്പതി ആ സമയംകൊണ്ട് 8 നാഴിക മാത്രമെ പോകുന്നുള്ളൂ. ഇതിനാൽ ബൃഹസ്പതിക്ക സൂര്യനെ ഒന്നു ചുറ്റിവരുവാൻ 4332 ദിവസം (ഏകദേശം 12 കൊല്ലം) വേണ്ടിവരുന്നു. ബൃഹസ്പതിയിലെ ഒരു കൊല്ലം നമ്മുടെ 12 കൊല്ലത്തോട് ശരിയായിരിക്കും. അതുകൊണ്ട ബൃഹസ്പതിയിങ്കൽ ഋതുഭേദങ്ങൾ ഭൂമിയിലെപ്പോലെ വേഗത്തിൽ ഉണ്ടാകുവാൻ തരമില്ല.

ശുക്രൻ, ഭൂമി, കുജൻ എന്നുള്ള ഗ്രഹങ്ങളെപ്പോലെതന്നെ ബൃഹസ്പതിയും അതിന്റെ അച്ചുതണ്ടിന്മേൽ സദാതിരിഞ്ഞുകൊണ്ടിരിക്കുന്നു. ഒരം തിരിച്ചൽ അതിവേഗത്തിലാകയാൽ 9 മണിക്കൂർ 55½ മിനിട്ട് കൊണ്ട് ഒരു പരിഭ്രമണം ഉണ്ടാകുന്നു. ബൃഹസ്പതി ഭൂമിയെക്കാൾ എത്രയോ വലിയതാണെങ്കിലും അതിന്റെ ഒരു പ

തിരുമണത്തിന ഭൂമികൂവേണ്ടി വരുന്നതിൽ പകുതി സമയംകൂടി അത്യാവശ്യപ്പെടുന്നില്ലെന്നുള്ള സംഗതി ആലോചിക്കുമ്പോൾ ആ ചലനത്തിന്റെ എന്ത് വേഗമുണ്ടായിരിക്കണമെന്ന വായനക്കാർക്ക് ഊഹിക്കാവുന്നതാണ.

(തുടരും)

എം. ശങ്കരപ്പണിക്കർ ബി. എ. ബി. എൽ.

ഒരു നിളംകുറഞ്ഞ കത്ത്

———;o:———

കോയ്മ കുടുക്കിലകപ്പെടുത്തിയല്ലൊ. ആ കുതന്ത്രംകൊണ്ടവൻ അന്യായംകൊടുത്തു കഴിഞ്ഞു. ഇനി ഒന്നാലോചിക്കാതെ കഴികയില്ല.' എന്നുപറഞ്ഞുംകൊണ്ടാണ കൃഷ്ണമേനോൻ ആപ്പീസ്സമുറിയിൽ കേറിവന്നത. ഞാൻ കാലത്ത കാപ്പികുടിയും കഴിഞ്ഞ എട്ടൊയ്യുത്മണിസമയത്ത് അന്നെക്ക വെച്ചിട്ടുള്ള മൂന്നാലു കേസ്സുകളുടെ രിക്കാട്ടുകളൊക്കെ നോക്കികഴിഞ്ഞ കക്ഷികളെ പ്പിരിച്ചയച്ച അതുമുതലുള്ള. അപ്പോഴാണ കൃഷ്ണമേനോൻ വന്നത.

ഞാൻ— കുഞ്ഞുണ്ണിമേനോൻ അന്യായംകൊടുത്തു ഇല്ലേ- ഞാൻ മൂന്നാലു ദിവസം മുമ്പ കോടതിയിൽവെച്ച കേട്ടു. പക്ഷെ കായ്യത്തിന്റെ സദ്ഭാവം മുഴുവനും മനസ്സിലായില്ല. സമൻസ്സ് കിട്ടിയാൽ നിങ്ങൾ ഇവിടെ വരാതിരിക്കില്ലെന്നും അപ്പോൾ കായ്യം മുഴുവൻ മനസ്സിലാക്കാമെന്നും വിചാരിച്ചിരിക്കയാണ. ആയാൾ ഒരു മഹാകുണ്ടാമണ്ടിക്കാരനാണെന്ന നിങ്ങൾക്കുതന്നെ പലസംഗതിവശാലും അറിവാനിടയുണ്ടായിട്ടുള്ളതാണ, പോരെങ്കിൽ ഞാനും നിങ്ങളോട പലപ്രാവശ്യവും പറഞ്ഞിട്ടുണ്ട. ഇങ്ങിനെ ഇരിക്കെ നിങ്ങൾ ആയാളോട എടവാട ചെയ്യാനാലോചിച്ചതേ തെറ്റാണ.

അതൊക്കെ ഇപ്പോൾ പറഞ്ഞിട്ട കായ്യമില്ലല്ലൊ. റിക്കാട്ടുകളൊക്കെ ക്രമത്തിലൊന്ന വായിച്ചുനോക്കിയാൽ നന്ന' എന്ന പറഞ്ഞ കൃഷ്ണമേനോൻ കെട്ടഴിച്ചു.

കൃ- മേ— ഞാൻറെവക പൂവള്ളിചേനയും പത്തായപുരയും അ തോടുചേന്ന ഒരു തുണ്ടുചേനയുംകൂടി വില്ക്കാനാലോചിച്ചപ്പോ ൾ ഈ കുഞ്ഞുണ്ണിമേനോൻ അതെല്ലാം കൂടി ആയിരത്തിതൊ ള്ളായിരം ഉറുപ്പികക്കു എടുക്കാമെന്നും ആ സംഖ്യക്കു ഞാ ൻ കൊടുക്കാമെന്നും ഒരു ദിവസം- കഴിഞ്ഞ വൃശ്ചി കം ആദ്യത്തിലാണ- ആയാൾ എൻറെ വീട്ടിൽ വന്ന സം സാരിച്ച തീർച്ചയാക്കി. അവിടുന്നു നാലൊ അഞ്ചൊ ദിവ സം കഴിഞ്ഞിട്ട ആയാൾ ഇനിക്കു ഒരെഴുത്തയച്ചു ആ എഴു ത്താണ ഇത.

ക്രഠവെ വൃശ്ചികം ക്രഛ-ാംനു-

ശ്രീ.

മുഖദാവിൽ കണ്ട് സംസാരിച്ച പിരിഞ്ഞ കായ്ത്തിൽ തീ ർച്ചയായും ഒരു മറുവടി ഈ എഴുത്തകൊണ്ടുവരുന്ന ആൾവശംത ന്നെ അയപ്പാനപേക്ഷ സംഖ്യ കുറെ അധികമാണെന്നാണ ഇവി ടെ ഉള്ളവരുടെ അഭിപ്രായം. സംഖ്യ കുറെകൂടി കുറഞ്ഞ കിട്ടി യാലെ നഷ്ടംകൂടാതെ ഇരിക്കയുള്ള. മറുവടിക്കു കാക്കുന്നു. എന്ന ര. രാ. ആറുചേമ്പത്ത കൃഷ്ണമേനോൻ അവർകൾക്കു ആടലോ ടകത്ത കുഞ്ഞുണ്ണിമേനോൻ (ഒപ്പ)

കൃ- മേ— ഈ എഴുത്തിന്ന ഞാൻ മറുവടി അയച്ചതിൻെറ പക പ്പാണ ഇത. അത നല്ലവണ്ണം മനസ്സുവെച്ച നോക്കണം.

ക്രഠവെ വൃശ്ചികം ക്രഛ-ാംനു-

ശ്രീ.

മുഖദാവിൽ സംസാരിച്ച കായ്ത്തിൽ തീർച്ച മറുവടി ആവ ശ്യപ്പെട്ട നിങ്ങൾ എഴുതിയ എഴുത്തകിട്ടി. മുഖദാവിൽ തീർച്ചയാ ക്കിയതിൽനിന്ന ഇനിയും സംഖ്യ കുറക്കുന്നതായാൽ ഇനിക്കു വ ലിയ നഷ്ടമുണ്ട. പൂവള്ളിചേനയും പത്തായപുരയും തുണ്ടുചേ നോടുകൂടി ആയിരത്തിതൊള്ളായിരം ഉറുപ്പികയായി അന്ന തീ ർച്ചയാക്കിയതല്ലെ. അങ്ങിനെയാണെങ്കിൽ നിങ്ങൾക്കു തരാം. അ തിൽ ചുരുങ്ങിയാൽ തരമില്ല. എന്ന.....കൃ- മേ. (ഒപ്പ)

കു- മേ— ഈ എഴുത്തിന്നശേഷം കുഞ്ഞുണ്ണിമേനോൻ അയച്ച എഴുത്തുനോക്കണം. ഇതാ.

ഫാപ്പെ വുഛികം ഫവ-ാംനു-

ശ്രീ.

ഇന്നലെ അയച്ച എഴുത്ത കിട്ടി അതിൽ പറയുംപ്രകാരം പൂവ്വള്ളിപറമ്പും പത്തായപുരയും മുഖദാവിൽ തീവ്വപ്പെടുത്തിയ പോലെതന്നെ തൊള്ളായിരം ഉറുപ്പികക്കു ഞാൻ എടുത്തുകൊള്ളാം നിങ്ങൾ കുറച്ചതരില്ലെന്ന പറയുന്ന സ്ഥിതിക്കു നിങ്ങളോട അതുയൊക്കെ ശാഠ്യം പിടിപ്പാൻ പാടില്ലല്ലൊ. ഉറുപ്പിക തയ്യാറുണ്ട, കടലാസ്സിന്ന ആളെ അയക്കുന്നു. ഇന്നതന്നെ നിരത്തി കൈമാറികളയാം എന്നു.....കു- മേ- (ഒപ്പ).

ഞാൻ— എന്ത? തൊള്ളായിരം ഉറുപ്പികയൊ! ആയിരത്തി തൊള്ളായിരം എന്നല്ലെ നിങ്ങളുടെ എഴുത്തിൽ?

കു- മേ— അതെ, എന്റെ സ്വന്തം പകപ്പിലങ്ങിനെതന്നെയാണ. പക്ഷേ അസ്സലെഴുതിയതിൽ ഒരബദ്ധം പററി. അതാണ ഈ ഉംഘടമൊക്കെ ഉണ്ടാക്കിയ്യു. രണ്ടഎഴുത്ത കടലാസ്സ എടുത്ത മുമ്പെ ന്നിൽ പകപ്പെഴുതി. അതാണ ഇപ്പോൾ നോക്കിയ്യു— മറെറ കടലാസ്സിൽ ഇതനോക്കി അസ്സലെഴുതിലക്കോട്ടിലാക്കി എഴുത്തകൊണ്ടുവന്നവന്റെ കയ്യിൽ കൊടുത്തയക്കുകയും ചെയ്യു. ഇപ്പോൾ കോടതിയിൽനിന്ന ആ എഴുത്തിന്റെ പകപ്പ വാങ്ങിനോക്കിയപ്പോഴാണ കായ്യം മനസ്സിലായ്യു. അതിലെഴുതിയിരിക്കുന്നത 'പൂവ്വള്ളിപറമ്പും പത്തായപുരയും തൊള്ളായിരം' ഉറുപ്പികക്കു കൊടുപ്പാൻ ഞാൻ സമ്മതിച്ചതായിട്ടാണ.

ഞാൻ— ''ഇതാണ സൂക്ഷ്മമില്ലാത്തവന്റെ മുതൽ നാണമില്ലാത്തവൻ കൊണ്ടുപോകും'' എന്ന പറയുന്നതിന്റെ താല്പ്പയ്യം. ഇനി ആയാൾ മിടില്ല, വേഗം കിട്ടുന്നത മേടിച്ച വസ്തു കൊടുക്കുന്നതാണ നല്ലത'

കു- മേ— അങ്ങിനെപറയാൻ വരട്ടെ, വിസ്തിത്തം പറഞ്ഞത ഞാൻ സമ്മതിക്കാം. മുഴുവനും കേട്ടിട്ട വല്ലനിവൃത്തിക്കു

വഴിയുണ്ടോ എന്ന ആലോചിക്കാതെ കഴിയില്ല. കുഞ്ഞുണ്ണി മേനോന്റെ ഈ എഴുത്തിന്ന ഞാൻ ഒന്നാമാക്ക ഇങ്ങിനെ ഒരെഴുത്തയച്ചു- നോക്കിൻ.

ഫാവെ വ്യശ്ചികം ഫാം നു-
ശ്രീ

നിങ്ങളുടെ എഴുത്തിൽ തൊള്ളായിരം ഉറുപ്പിക' എന്ന എഴുതികാണുന്നതിന്റെ അത്ഥം എനിക്ക മനസ്സിലാകുന്നില്ല. തുണ്ടു പറമ്പിനെപ്പറ്റി അതിൽ യാതൊന്നും പറഞ്ഞിട്ടും ഇല്ല. പൂവള്ളിപ്പറമ്പും പഞ്ചായപ്പുരയുംകൂടി തൊള്ളായിരം ഉറുപ്പികക്ക കിട്ടുന്നതല്ലെന്നും അതരണ്ടുംകൂടി ആ സംഖ്യക്ക ഞാൻ തരാമെന്നു പറഞ്ഞിട്ടില്ലെന്നും നിങ്ങൾക്ക അറിവുള്ളതാണ. പറമ്പും പുരയും വില്ക്കുന്നപക്ഷം അതോടുചേന്ന ചെറിയ തുണ്ടു പറമ്പുകൊണ്ട ആക്ക്യം ഉപയോഗമുണ്ടാകാത്തതിനാൽ അതിന്നുതക്ക വില കിട്ടില്ലെന്നുവിചാരിച്ചാണ പൂവള്ളിപറമ്പിന്നും പഞ്ചായപുരക്കുംകൂടി ആയിരത്തെണ്ണൂറ ഉറുപ്പികയും തുണ്ടുപറമ്പിന്നു നൂറുറുപ്പികയും കൂടി ആയിരത്തിതൊള്ളായിരം ഉറുപ്പികക്ക ഞാൻ തരാമെന്നും നിങ്ങൾ അപ്രകാരം വാങ്ങാമെന്നും നൊം ആദ്യംകണ്ട സംസാരിച്ചപ്പോൾ നിശ്ചയംചെയ്ത പിരിഞ്ഞതും, പിന്നീടും തീർച്ചപറയേണമെന്നാവശ്യപ്പെട്ട നിങ്ങൾ എഴുതി അയച്ചപ്പോൾ ഞാൻ നിങ്ങൾക്ക മറുവടിയായി എഴുതി അയച്ചതും ഉണ്ടായിട്ടുള്ളതു. അതുപ്രകാരം നടക്കുന്നതിന്ന നിങ്ങൾക്ക സമ്മതമല്ലെങ്കിൽ ഈ കായ്ത്തിൽനിന്ന ഞാൻ പിൻവലിക്കുന്നു. തൊള്ളായിരം ഉറുപ്പിക എന്ന എന്റെ എഴുത്തിൽ എഴുതീട്ടുണ്ടെങ്കിൽ അതു കയ്യബദ്ധം പറ്റിയതാണെന്ന നിങ്ങൾക്കുതന്നെ ഉഹിപ്പാനിടയുള്ളതാണം. ഇനിക്ക ആ എഴുത്ത ഒന്ന കാണ്മാൻ അയച്ചുതന്നാൽകൊള്ളാം. എന്ന.....കു- മേ- (ഒപ്പ).

(പകർപ്പ്)

കു- മേ— ഇതിന്ന ബദലായി കുഞ്ഞുണ്ണിമേനോൻ അയച്ചതു റജിസ്തർകത്താണ- ഇതാണതു.

ഫാഷൻ വ്യാജിക്കം ഫ്രം-ാംന-

(റജിസ്ട്രേകത്ത)

മിനിഞ്ഞാന്നത്തെ എഴുത്തുകിട്ടി. മുഖദാവിൽ തീർപ്പുപ്പെടുത്തിയപ്രകാരവും നിങ്ങടെ വ്യാജിക്കം ഫ്രം-ാംന-ലെ എഴുത്തുപ്രകാരവും നിങ്ങൾ ഇപ്പോൾ നടപ്പാൻ തയ്യാറില്ലെന്നാണ നിങ്ങടെ എഴുത്തുകൊണ്ട ഞാൻ മനസ്സിലാക്കുന്നത. എനിക്ക ഇതുനിമിത്തം വളരെ നഷ്ടത്തിനു ഇടവരും. പൂവ്വള്ളിപറമ്പും പത്തായപുരയും തുണ്ടുപറമ്പും കൂടി ഞാൻ എടുക്കാമെന്ന പറഞ്ഞതായി എനിക്ക ഓർമ്മ തോന്നുന്നില്ല. എന്ന മാത്രമല്ല തുണ്ടുപറമ്പ ഇനിക്ക ആവശ്യമില്ലെന്ന അന്നതന്നെ വെളിവായി പറഞ്ഞിട്ടും ഉണ്ട. നിങ്ങളുടെ വാക്കിനേയും എഴുത്തിനേയും വിശ്വസിച്ച ടി സ്ഥലം ഫ്രം-ാംന- മുതൽക്ക ക്രിമിനാൽ വക്കീൽ മിസ്റ്റർ ഇട്ടിക്കോരു മേനോന വാടകയ്ക്കുകൊടുക്കാമെന്നഞാൻവാഗ്ദത്തംചെയ്യും ഇരിക്കുന്നു. കരാറുപ്രകാരം അഞ്ചുദിവസത്തിലകത്തആധാരം എഴുതികൈമാറി വസ്തു കൈവശംതന്നില്ലെങ്കിൽ നിങ്ങടെ പേരിൽ വ്യവഹാരം കൊടുക്കുന്നതും എനിക്ക വരുന്ന സകല നഷ്ടങ്ങൾക്കും നിങ്ങൾ ഉത്തരവാദിയാകുന്നതും ആകുന്നു. എന്ന.....കു- മേ- (ഒപ്പ).

കു- മേ— ഇതാണ റിക്കാട്ടുകളുടെ സ്വഭാവം. അയാളുടെ അന്യായം എന്റെറ എഴുത്തുപ്രകാമുള്ള കരാറിനെ സ്ഥാപിച്ച വസ്തുകൈവശം കിട്ടുവാനാണ. അങ്ങോട്ട വേണ്ടവഴിആലോചിക്കുക.

ഞാൻ— എന്റെറ അഭിപ്രായത്തിൽ കേസ്സു നിങ്ങൾക്ക ദോഷമാണ. മിസ്റ്റർ ഇട്ടിക്കൊരു മേനോൻ അയാളുടെ ഭാഗംസാക്ഷിയാണ അല്ലെ?

കു- മേ— അതെ, ക്രിമിനാൽ സന്നതും സിവിൽ കോടതികളിൽ പ്രാക്ടീസ്സും ഉള്ള വക്കീൽ ആയാൾ മാത്രമല്ലെ ഉള്ളു.

ഞാൻ— വ്യവഹാരത്തിലെ നഷ്ടം കൂടിവരാതെ കഴിക്കുണമെങ്കിൽ അയാളുടെ ഇഷ്ടപ്രകാരം വേഗം ചെയ്യു. നിങ്ങളുടെകുടുമകയ്യിൽ കിട്ടി. അത കുഞ്ഞുണ്ണിമേനോൻ വിടില്ല. മിസ്റ്റർ ഇട്ടിക്കോരുമേനോൻ വിടുവാൻ സമ്മതിക്കുകയുമില്ല.

കു- മേ— നഷ്ടം ഞാനതു കൂട്ടാക്കുന്നില്ല. ഇതിലധികം വന്നാലും സഹിപ്പാൻ ഞാൻ ശ്രാണിയുള്ളവനാണെന്ന നിങ്ങൾക്കതറിയാമല്ലൊ. എന്നാൽ ഞാൻ ആലോചിച്ചിട്ടോ ആലോചിക്കാതെയോ ഒരുപ്രകാരത്തിൽ ഒരിക്കൽ ഒരു സമ്മതംകൊടുത്തിട്ടു പിന്നീടു മറിച്ചുപ്രവൃത്തിച്ചുഎന്ന കായ്യ സ്വഭാവം അറിയുന്നവർ ആക്ഷേപിക്കയില്ലെങ്കിലും, മറിച്ചു പ്രവൃത്തിക്കുന്നതിനാൽ എന്റെ മനസ്സാക്ഷിക്കു ഉണ്ടാകുന്ന ഒരു ദണ്ഡവും, അല്ലെങ്കിൽ ഈരണ്ടു ദുരാഗ്രഹികളുടെ തെമ്മാടിത്തത്തിനു കീഴടങ്ങി ഭയപ്പെട്ട അവരുടെ ഇഷ്ടം പോലെ പ്രവൃത്തിച്ചു എന്നവരുന്നതിനാലുണ്ടാകുന്ന ഒരു സ്വാഭിമാനക്കുറവും, ഇങ്ങിനെ രണ്ടു സംഗതികളും ഉള്ളതിൽ ഏതിനെയാണ അധികം ആലോചിക്കേണ്ടത എന്നാമാത്രമാണ ഇപ്പൊഴത്തെ വിചാരം.

ഞാൻ— ഈകായ്യത്തിൽ മനസ്സാക്ഷിക്കു ദണ്ഡമുണ്ടാകേണ്ട ആവശ്യമില്ല. നിങ്ങൾക്കു ആശ്രയനിമിത്തം ഒരു അബദ്ധം പറ്റിയതല്ലേ. ആ അബദ്ധത്തെ അപേക്ഷിച്ചു മനഃപൂർവ്വമായി അന്യായമായ ലാഭം സമ്പാദിക്കാമെന്നു ഒരുങ്ങിയിരിക്കുന്നവരുടെ ദുർമ്മോഹം ഫലിക്കാതിരിപ്പാൻ മാത്രമുണ്ടെങ്കിൽ അതുതന്നെയാണ മുഖ്യമായി ആലോചിക്കേണ്ടത. അതുകൊട്ടെ, നിങ്ങൾ മുഖാവിൽ സംസാരിച്ച തീർപ്പെട്ടുറപ്പോൾ കേട്ടതായിട്ട വല്ലസാക്ഷിയും ഉണ്ടോ?

കു- മേ— ഇല്ല. എന്നാൽ പറമ്പും പുരയുംകൂടി തൊള്ളായിരം ഉറുപ്പികയിലും വളരെ അധികം വിലപിടിക്കുന്നതാണെന്നും ആയിരത്തെണ്ണൂറുവരെയും കലക്കത്തരാമൻനായര ചോദിച്ചിട്ടുണ്ടെന്നും തെളിയിക്കാം.

ഞാൻ— അങ്ങിനെ ഒരു തെളിവ ആവശ്യംതന്നെ. എന്നാൽ രേഖാമൂലം ഉള്ള നിങ്ങളുടെ വെളിവായ സമ്മതത്തിനെ ആ തെളിവ എത്രത്തോളം ഇളക്കുന്നുണ്ട? സാരമില്ല.

കു-മേ— എങ്ങിനെയായാലും വേണ്ടില്ല. വാദിക്കാതിരിപ്പാൻ വിചാരിക്കുന്നില്ല. ഹൈകോടതിവരെ ഈ ഇട്ടിക്കോരുവും മൂ

ട്ടിക്കൊരുവംകൂടി വിധി സമ്പാദിക്കട്ടെ, എന്നിട്ടവസ്തുനടത്തി മേടിച്ചുകൊണ്ടുപോകട്ടെ ഞാൻമനസ്സാലെകൊടുക്കയില്ലതീർത്തുതന്നെ. പുരുഷധർമ്മത്തിന്നു വിരോധമായി ഭീഷണിക്കു കീഴൊതുങ്ങുവാൻ വിചാരിച്ചിട്ടും ഇല്ല. ഉമസ്സനോട ഒരു വക്കാലത്തു എഴുതിക്കൊണ്ടുവരുവാൻ പറയിൻ.

ഞാൻ— വരട്ടെ. ഇട്ടിക്കൊരുമേനോൻ വക്കീലായോ സാക്ഷിയായോ ഉള്ള യാതൊരു കേസ്സിലും ഞാനും എന്നെപോലെതന്നെ മറ്റും ചില വക്കീലന്മാരും ആയാളുടെ പേരിൽ ഞങ്ങൾക്കുള്ള വെറുപ്പു കാണിപ്പാൻവേണ്ടി വക്കാലത്തു ഏല്ക്കില്ലെന്ന ഒരുനിശ്ചയം ചെയ്തിട്ടുണ്ട്. ഈകെസ്സിൽനമ്മുടെരാഘവമേനവക്കാലത്തകൊടുക്കേ. ആയാൾകൊച്ചുമിടുക്കനാണു. നല്ല ബുദ്ധിയും ആലോചനയും ഉണ്ടു. മയ്യാടിക്കാരോടവളരെമയ്യാദക്കാരനാംമിസ്റ്ററെപോലുള്ളദുഷ്ടത്തന്മാരോടഗുണപോകയുമാണു. മിസ്റ്ററെകണ്ടിരാരോരെകണ്ടാൽമതി, എവിടെവച്ചായാലും വേണ്ടതില്ലപോരെപോക്കായിട്ടെങ്കിലുംവല്ലതുംപറഞ്ഞുവഷളാകിയില്ലെങ്കിൽ അങ്ങോക്ക് ഉണ്ടചോറു ദഹിക്കയില്ല. അതുകൊണ്ടു രാഘവമേനോൻ ഉള്ളടിക്കിൽ ആ സാധുമനസ്സുമായാനത്തോടുകൂടി ഒരു മിനിട്ടു രിക്കുവാൻ ഇരിക്കയില്ല. രാഘവമേനോണു എതുവക്കീൽ എന്നറിയുമ്പോഴേതന്നെ മിസ്റ്ററുടെ മനസ്സു ഒന്നു കുലുങ്ങാനുണ്ടു. രാഘവമേനോൻ കേസ്സു മുഴുവൻമനസ്സിലാക്കി വക്കാലത്തുഇന്നുതന്നെ കൊടുക്കേ. ഞങ്ങൾ രണ്ടുപേരുംകൂടി അന്യായമാഗ്രഹത്തിന്നു ഫയലാക്കീട്ടുള്ള അസ്സൽഹരജി ഇന്നുതന്നെ കോടതിയിൽവെച്ചു പരിശോധിക്കാം. നാളെ പത്രിക തയ്യാറാക്കി കൊടുക്കാം. ഒരെഴുത്തുംകൊടുത്തു കുട്ടുമേനോൻ രാഘവമേനോന്റെ അടുക്കലേക്കയക്കുകയും ചെയ്തു.

***

കേസ്സു വിചാരണക്കു വെച്ച ദിവസം ജഡ്ജി വരുന്നതിന്നു പത്തു പതിനഞ്ചു മിനിട്ടു മുമ്പു ഞങ്ങളും വക്കീലന്മാരും ഭേദമായിട്ടുള്ള ചില കക്ഷികളുംകൂടി വക്കീൽ മുറിയിൽകൂടിയിരുന്നു. ഞങ്ങൾ

ക്ക വെടിപറയാൻ പാടായ വിഷയം അന്നേക്കു വെച്ചിട്ടുള്ള കുഞ്ഞുണ്ണിമേനോന്റെ കേസ്സും മിസ്റ്റർ ഇട്ടിക്കൊരുമേനോന്റെ ഓരോ കഥകളും തന്നെ ആയിരുന്നു. ഒരുവക്കീലനെങ്കിലും മിസ്സറെപ്പറ്റി ഒരു കഥയെങ്കിലും പറയാനില്ലാതെ ഉണ്ടായിട്ടില്ല, മിസ്റ്റർ ഒരു കേസ്സിൽ കള്ളസാക്ഷി പറഞ്ഞകഥ ഒരാൾ പറയുമ്പോഴേക്കു ആയാൾ മറെറാരുകേസ്സിൽ തന്റെ കക്ഷിക്കു ഒരു കള്ളാധാരം ഉണ്ടാക്കികൊടുത്ത കഥ മറെറാരാൾ പറയും, ഉടനെ,മിസ്റ്റർ ഒരുകക്ഷിയെ അനാവശ്യമായ ഒരു വ്യവഹാരത്തിൽ ചാടിച്ചിറക്കി പാപ്പരാക്കിയ കഥ വേറൊരാൾ പറയും. ഒരു നേരംപോക്കിന്റെ മദ്ധ്യേ മിസ്റ്റർ ഇട്ടിക്കൊരുമേനോൻ വക്കീൽ മുറിയിലേക്കു തലയിട്ടതും കോരനോരെ വരിൻ വരിൻ, കാര്യമൊക്കെ മനസ്സിലായി കൂട്ടിൽകയറിയാൽ കള്ളിയൊക്കെ പുറത്തുചാടിക്കാം' എന്നു പറഞ്ഞും കൊണ്ടു രാഘവമേനോൻ അഭിവാദ്യം ചെയ്തതും ഞങ്ങൾ എല്ലാവരുംകൂടി പൊട്ടിച്ചിരിച്ചതും മുപ്പർ ഉള്ളിലേക്കിട്ടതല പുത്തേക്കു വലിച്ച അവിടെനിന്നു മറഞ്ഞതും ഒരു സമയത്തുണ്ടായി. പ്രസ്തുത വ്യവഹാരത്തെപ്പറ്റി ഞങ്ങൾ വക്കീലന്മാരെല്ലാവരുടെയും അഭിപ്രായം കൃഷ്ണമേനോന്റെ ദോഷം വരുമെന്നതന്നെ ആയിരുന്നു. എങ്കിലും രാഘവമേനോന്റെ സംസാരത്തിൽ നിന്നു ഞങ്ങൾക്കു അതിൽ എന്തോഒരു സൂക്ഷ്മസംഗതി കണ്ടുപിടിച്ചിട്ടുണ്ടെന്നും അതു വിസ്താരത്തിങ്കൽ വെളിപ്പെടുത്തി കേസ്സു ജയിച്ചുകൊള്ളാമെന്നു തനിക്കൊരു ധൈര്യമുണ്ടെന്നും എല്ലാവർക്കും ഊഹിപ്പാൻ ഇടയുണ്ടായിട്ടുണ്ട്. അതു ഇന്നതാണെന്ന കക്ഷിയായ കൃഷ്ണമേനോനു കൂടി മനസ്സിലാക്കീട്ടില്ല. എഴുത്തിൽ പൂവള്ളിപറമ്പും പത്തായപ്പുരയും തൊള്ളായിരം ഉറുപ്പികയും' എന്ന എഴുതിയത സംബന്ധം പറഞ്ഞുപോയതാണെന്ന വാദിച്ചു ഗ്രഹണം കിട്ടുന്നതായാൽ മതിയെന്ന മാത്രമായിരുന്നു കൃഷ്ണമേനോന്റെ മോഹം. എന്നാൽ രാഘവമേനോൻ പത്രികയിൽ ആ എഴുത്തിനെ മുഴുവൻ സമ്മതിച്ചുംകൊണ്ട അന്യായം കളവാണെന്നുമാത്രമാണ വാദിച്ചിട്ടുള്ളത. ഈ രണ്ടവാദങ്ങളേയും രാഘവമേനോൻ എങ്ങിനെയാണ യോജിപ്പിക്കുന്നത എന്നറിവാൻ ഞങ്ങൾക്കെല്ലാവർക്കും ബലമായ ജിജ്ഞാസയുണ്ടായിരുന്നു.

അതുകൊണ്ട ജഡ്ജി ജനാല്പനാചായ്യര ബെഞ്ചിൽ വന്നിരുന്ന ഈ കേസ്സ എടുത്തപ്പോൾ ബാറിൽ സകല വക്കീലന്മാരും കോട്ടിൽ തിക്കിതിരക്കികൊണ്ട ജനങ്ങളും നിറഞ്ഞിരുന്നു.

അന്യായഭാഗം ഒന്നാംസാക്ഷി മിസ്റ്റർ ഇട്ടിക്കൊരുമേനോ കൂട്ടിൽ കേറി സത്യം ചെയ്തിച്ചു. പ്രഥമവിസ്താരത്തിൽ തനിക്കറിവുള്ള സംഗതികളായി താഴെ പറയുന്ന പ്രകാരം കയ്യീന്നു കൊടുത്തു.

പ്രതിയായ ആറുപറമ്പത്ത കൃഷ്ണമേനോൻ തന്റെറവക പൂവള്ളിപറമ്പും അതിലുള്ള ഒരു പത്തായപ്പുരയും, വില്ലാൻ വിചാരിക്കുന്നതായ'കേട്ട അന്യായക്കാരൻ ആടലോടകത്ത കുഞ്ഞുണ്ണിമേനോന്റെ ആവശ്യപ്രകാരം കുഞ്ഞുണ്ണിമേനും താനുംകൂടി കൃഷ്ണമേനോന്റെ വീട്ടിൽപോയി വസ്തുവാങ്ങണ്ട കാര്യത്തെപ്പറ്റി സംസാരിക്കയുണ്ടായി. അന്ന പൂവ്വള്ളിപറമ്പും പത്തായപ്പുരയുംകൂടി ഒരായിരം ഉറുപ്പികയ്ക്ക കൃഷ്ണമേനോൻ കൊടുക്കാമെന്നും കുഞ്ഞുണ്ണിമേനോൻ വാങ്ങാമെന്നും തീർച്ചയാക്കിപിരികയുണ്ടായിട്ടുണ്ട. ഇത കഴിഞ്ഞ വൃശ്ചികമാസം ആദ്യത്തിലാണ. പിന്നീട ഒരു ദിവസം കുഞ്ഞുണ്ണിമേനോൻ എഴുതിതയച്ചതിന്ന മറുവടിയായി കൃഷ്ണമേനോൻ കുഞ്ഞുണ്ണിമേന്ന ഒരു എഴുത്തയച്ചത കുഞ്ഞുണ്ണിമേന്ന കിട്ടുമ്പോൾ ഞാൻ കുഞ്ഞുണ്ണിമേനോന്റെ വീട്ടിലുണ്ടായിരുന്നു. ആ എഴുത്തിലും മേൽപറഞ്ഞപ്രകാരം സമ്മതിച്ച എഴുതീട്ടുണ്ട. (ആ എഴുത്ത കാണിച്ച 'എ' എന്നടയാളമിട്ട ഫലമാക്കി).

കൃഷ്ണമേനോൻ രാഘവമേനോന്റെ പിമ്പുറത്ത മുക്കിൽ വിരലും വെച്ച വല്ലാത്ത വെറുപ്പും ദേഷ്യവും കലന്ന ഒരു ഭാവത്തിൽ ഇട്ടിക്കോരുമേനോനേരെനോക്കികൊണ്ട നില്ക്കുന്നു.

ജഡ്ജി— (രാഘവമേനോന്റെ നേരെനോക്കി) നിങ്ങളും 'എ' എന്ന എഴുത്തിനെ പത്രികയിൽ സമ്മതിക്കുന്നുണ്ട, ഇല്ലെ?

രാ— മെ- ഉവ്വ

ജഡ്ജി— നിങ്ങളും പിന്നെയെന്താ ഈ കെസ്സിൽ തെളിവുകൊടുക്കാൻ പൊകുന്നത?

രാ— മെ- ഞങ്ങളുംക്ക അന്യായക്കാരനെ മാത്രം വിസ്തരിക്കാനുണ്ട അത്രെയുള്ളു.

ജഡ്ജി— എന്നാൽ ഈ സാക്ഷിയുടെ എതുവിസ്താരം തുടങ്ങു.

രാഘവമേനോൻ ഇതിനുത്തരം പറഞ്ഞതു ഈസാക്ഷിയേ എതുവിസ്താരം ചെയ്യ കൊടതിയുടെ സമയം കളഞ്ഞിട്ട എന്റെ കെസ്സിന്ന ഒരു പ്രയോജനവും ഇല്ലാ.' എന്നായിരുന്നു. അതവരെയും എതുവിസ്താരത്തിൽ രാഘവമെന്റെ അസ്സൂങ്ങാം തന്റെ ഏതേത മമ്മങ്ങളിലോക്കെയാണ വന്നതറക്കാൻ പോകുന്നത എന്ന ഭയപ്പെട്ട കൊണ്ട കൂട്ടിൽ നിന്നിരുന്ന മിസ്റ്റർ, എതുവിസ്താരത്തിന്ന ഭാവമില്ലെന്ന രാഘവമേനോൻ പറഞ്ഞപ്പോഠം താൻ എന്തൊ അതിഭയങ്കരമായ ഒരു അപകടത്തിൽ ചാടുവാൻ പോയപ്പോഠം ദൈവഗത്യാ ആരോ തന്നെ അതിൽനിന്ന എങ്ങിനെയോ രക്ഷപ്പെടുത്തിയാൽ ഉണ്ടാവുന്ന ഒരു ഭാവത്തോടു കൂടി കൂട്ടിൽനിന്നിറങ്ങിബ റിൽ തന്റെ സ്ഥാനത്ത വന്നിരുന്നു. മിസ്റ്ററെ ഇങ്ങിനെ ഉപായത്തിൽ വിട്ടയച്ച കായ്യത്തിൽ കൃഷ്ണമേന്ന നല്ല സുഖമായില്ല. ബാറിൽഇരുന്നവരിൽ വളരെ അളുകഠംകഠം അങ്ങിനെതന്നെ (അന്യായക്കാരനെ കൂട്ടിൽ കെറ്റി സത്യംചെയ്യിച്ചു.)

രാ- മേ— (ഒ' എന്ന രേഖ എടുത്തുകാണിച്ച) കൃഷ്ണമേന്റെ എഴുത്താണത അല്ലെ ?

കൃ- മേ— അതെ, എനിക്കയച്ചതാണ.

രാ- മേ— കൃഷ്ണമേന്റെ കയ്യക്ഷരം കണ്ടാലറിയുമൊ ?

കൃ- മേ— ഉവ്വ.

രാ- മേ— (ആ എഴുത്തിന്ന കൃഷ്ണമേന്റെ കൈവശം ഉണ്ടായിരുന്ന പകപ്പെടുത്ത കാണിച്ച) ഇതും കൃഷ്ണമേന്റെ കയ്യക്ഷരമല്ലെ ?

(അതിനെ ' ' എന്ന അടയാളമിട്ട)

കൃ. മേ— ഇനിക്ക തീച്ചപറവാൻ വയ്യ.

രാ- മേ— കൃഷ്ണമേന്റെ കയ്യക്ഷരം കണ്ടാലറിയും എന്ന പറഞ്ഞില്ലെ. രണ്ടുംകൂടി ഒത്തുനോക്കി പറയു.

കൃ. മേ— കൃഷ്ണമേന്റെ എഴുത്തപോലെ ഇരിക്കുന്നുണ്ട.

രാ. മേ— അതു പറവാൻ കഴികയുള്ള ? ഒന്നുകൂടി നോക്കി പറയു;

കു- മേ— അതെ കൃഷ്ണമേനോന്റെ തന്നെ.

രാ- മേ— നിങ്ങടെ ഭാഗത്തുനിന്ന ഫയലാകിയ 'എ' എന്ന രേഖയും പ്രതിഭാഗം 'ബ' എന്ന രേഖയും തമ്മിൽ സാരമായ വല്ല വ്യത്യാസവും ഉണ്ടോ ? ഉണ്ടെങ്കിൽ എന്താണ ?

കു- മേ— 'ബ' എന്ന രേഖയിൽ ചിലതെല്ലാം കൂട്ടി എഴുതീട്ടുണ്ട.

രാ- മേ— 'ബ' എന്ന എഴുത്തിൽ കൂട്ടിയെഴുതികാണുന്നത 'എ' എന്ന എഴുത്തിൽ ഇല്ല. അതല്ലെ നിങ്ങളും പറയുന്നത ?

കു- മേ— അതല്ല. 'എ' എന്ന എഴുത്തിൽ ഇല്ലാത്ത ചില സംഗതികളും 'ബ' എന്ന എഴുത്തിൽ കൂട്ടി എഴുതിയിട്ടുണ്ട എന്നാണ്.

രാ- മേ— 'എ' എന്ന രേഖയും 'ബ' എന്ന രേഖയും കൂടി നോക്കിയാൽ രണ്ടകടലാസ്സുകളും തമ്മിൽ വല്ല വ്യത്യാസമുണ്ടോ ? ഈ ചോദ്യത്തിന്ന സമാധാനം പറവാൻ കുഞ്ഞുണ്ണിമേനോൻ കൂട്ടിൽനിന്ന പതുങ്ങുന്നസമയത്ത രാഘവമേനോൻ പെട്ടെന്ന ഒച്ച ഉയത്തിയും മുഖഭാവം വല്ലാതെ ഒന്ന പകൻനുകൊണ്ട അതിന്ന തുടച്ചയായിതന്നെ 'വ്യത്യാസങ്ങളുണ്ടെങ്കിൽ എന്തെല്ലാമെന്ന പറയു, വേഗംപറയു' എന്ന ഇടിവെട്ടുന്നമാതിരി ഒരു ചോദ്യംകൂടി ചെയ്തു. രണ്ടുകടലാസ്സുകളും തമ്മിൽ ഒരു വ്യത്യാസം മാത്രം ഉള്ളത തനിക്കറിവുള്ളതിനാൽ അതിനെ അപ്പോൾ പറയുന്നത താൻ ചെയ്ത കൃത്രിമത്തെതന്നെ വെളിപ്പെടുത്തുവാൻ സഹായിച്ചെങ്കിലൊ എന്ന ഭയപ്പെട്ട 'വ്യത്യാസമില്ല. ഒരെതരത്തിലുള്ള എഴുത്തുകടലാസ്സുകളാണ' എന്ന മറുപടിപറഞ്ഞു.

രാ- മേ— 'എ' എന്ന രേഖയിൽ ആദ്യത്തെഭാഗത്ത ഒടുവിലേ വരിവായിക്കു.

കു- മേ— 'പൂവള്ളിപറമ്പും പത്തായപുരയും'

രാ- മേ— 'ബ' എന്ന രേഖയിൽ ഒടുവിലെത്തെവരി യെന്താണം.

കു- മേ— 'തുണ്ടുപറമ്പോടുകൂടി ആയിരുന്നു'

രാ- മേ— ഇനി 'എ' എന്ന രേഖയിലെ ഒടുവിലെവരിയും 'ബ' എന്ന രേഖയിലെ ഒടുവിലെവരിയും കൂട്ടിവായിക്കു.

കു. മേ— (തുണ്ടുപറമ്പോട്ടകൂടി ആയിരത്തി പൂവ്വള്ളിപറമ്പും പത്തായപുരയും' എന്ന വായിക്കുന്നു.

രാ. മേ— ഭംഗപ്പെടുകേമ! ചെയ്തിട്ടുള്ള കൃത്രിമം ഇന്നതാണെന്ന ഇനിക്കു മനസ്സിലായിട്ടില്ലെന്നു വല്ല ശങ്കയും ഉണ്ടെങ്കിൽ അതു ദൂരെ കളഞ്ഞേക്കു. ആ രണ്ടുവരികളും ക്രമംപോലെ കൂട്ടിവായിക്കു.

കു. മേ— ഇപ്പോൾ വായിച്ചപോലെയല്ലാതെ വേറെ വിധത്തിലിനിക്കു വായിക്കാൻ അറിഞ്ഞുകൂടാ.

രാ. മേ— എനിക്കറിയാം. രണ്ടാമതായി വായിച്ച വരിയെ മുമ്പിൽചേർത്തുവായിക്കു.

കു. മേ— ചേർത്തുവായിക്കുന്നതെ? ഞാൻ വായിച്ചിട്ട ആവശ്യമെന്താണു?

ജഡ്ജി. ഉം— കോടതിയാണെന്ന ഓർമ്മവേണം. ചോദിച്ചതിനുത്തരം ശരിയായി പറയു.

കു. മേ— (കയ്യും കാലും വിറയവും ദേഹത്തിൽ വിയർപ്പും തുടങ്ങി) പൂവ്വള്ളിപറമ്പും പത്തായപുരയും തുണ്ടുപറമ്പോട്ടകൂടി ആയിരത്തി' എന്നു വായിക്കുന്നു.

രാ. മേ— ഇതുതന്നെയല്ലെ 'ഫ' എന്ന രേഖയിലെ ആദ്യത്തെ ഭാഗത്തുള്ള ഒടുവിലെ രണ്ടുവരികളും കൂടി വായിച്ചാൽ കിട്ടുന്നതു?

കു. മേ— അതെ.

രാ. മേ— രണ്ടെഴുത്തിലും രണ്ടാമത്തെ ഭാഗങ്ങളും തമ്മിൽ ഒത്തുനോക്കിവായിച്ചാൽ കൂടുതലൊ കുറവൊ കാണുന്നുണ്ടൊ?

കു. മേ— ഇല്ല.

രാ. മേ— ഇനി രണ്ടാമത്തെ ഭാഗത്തോടുകൂടി വായിച്ചാൽ പൂവ്വള്ളിപറമ്പും പത്തായപുരയും തുണ്ടുപറമ്പോട്ടകൂടി ആയിരത്തിതൊള്ളായിരം ഉറുപ്പിക' എന്നു കിട്ടില്ലെ.

കു. മേ— ഉവ്വ്. (കുഞ്ഞുണ്ണിമേനോൻ ജഡ്ജിയുടെയും പിന്നിട ഇട്ടിക്കോരുമേനോന്റെയും മുഖത്തു പരുങ്ങലോടുകൂടി നോക്കുന്നു)

രാ. മേ— രണ്ടെഴുത്തു കടലാസ്സുകളും തമ്മിൽ വ്യത്യാസമില്ലെന്നു മുമ്പു ബോധിപ്പിച്ചില്ലെ. എന്നാൽ സാരമായ ഒരു വ്യത്യാസമുണ്ടെന്നു ഞാൻ ബോദ്ധ്യപ്പെടുത്തിതരാം. 'ഫ' എന്ന രേഖയുടെ മീതെ 'എ' എന്ന രേഖയെ വെച്ച രണ്ടിന്റെയും മുകൾഭാഗം ഒപ്പിച്ചു പിടിച്ചുനോക്കു.

(കുഞ്ഞുണ്ണിമേനോൻ അപ്രകാരം ചെയ്യുന്നു)

രാ. മേ— അടിയിൽ വെച്ചിട്ടുള്ള 'ഫ' എന്ന രേഖയിലെ 'തുണ്ടപറമ്പോടുകൂടി ആയിരത്തി' എന്ന വരി 'എ' എന്ന രേഖയുടെ താഴത്തെ വക്കുവിട്ടു പുറത്തെക്കു തള്ളികാണുന്നില്ലെ ?'. (കുഞ്ഞുണ്ണിമേനോൻ ഉത്തരം പറയാതെ കൂട്ടിൽനിന്നു പരുങ്ങിതുടങ്ങി. തനിക്കുകുറെ മുമ്പതന്നെതുടങ്ങിയ വിറ ഒന്നു അധികമാവുകയുംമുമ്പോടിഞ്ഞുനിന്ന വിയപ്പുമിച്ച ഒറിവീണുതുടങ്ങുകയും ചെയ്തു. മിസ്റ്റർ ഇട്ടിക്കോരുമേനോന്റെ മുഖം രക്തപ്രസാദം കുറഞ്ഞു വിളർത്തുതുടങ്ങി) തള്ളികാണുന്നില്ലെ പറയു ആ ഒരു വരി 'എ' എന്ന രേഖയിൽനിന്നു വെട്ടികളയുമ്പോൾ മദ്ധ്യത്തിൽവെച്ചുകുത്തിരിഞ്ഞാസാരം പാളിപ്പോയിട്ടുള്ളതു അതു വകവെക്കേണ്ട. മറുവടി പറയു, വേഗംപറയു.'

കുഞ്ഞുണ്ണിമേനോൻ എഴുത്തിൽ പ്രവൃത്തിച്ച കൃത്രിമം ഇന്നതാണെന്നു അവിടെ ഉണ്ടായിരുന്ന എല്ലാവക്കും പെട്ടെന്നു മനസ്സിലായതും, ജനാർദ്ദനാചാര്യരുടെ ചെവിയിൽനിന്നു 'രാസ്കാം' എന്ന ഒരു ശബ്ദം പുറപ്പെടുവിച്ച കുഞ്ഞുണ്ണിമേനോന്റെ നേരെയും ഇട്ടിക്കോരുമേനോന്റെനേരെയും തീക്ഷ്ണമായി ഓരോന്നു നോക്കിയതും കുഞ്ഞുണ്ണിമേനോൻ തടപിടിച്ചു കൂട്ടിനുള്ളിൽ വീണതും ഏകസമയത്താണുണ്ടായതു. രണ്ടു മൂന്നു ശിപായിമാർ വന്നു കുഞ്ഞുണ്ണിമേനോനെ പതുക്കെ കൂട്ടിൽനിന്നു വലിച്ചു പുറത്തെക്കെടുത്തു ജഡ്ജിയുടെ കല്പനപ്രകാരം പുറത്തു കാറിന്നകത്തുകൊണ്ടുപോയി കിടത്തി. ഈ ലഹളയുടെ ഇടയിൽ നമ്മുടെ മിസ്റ്റർ ആരും അറിയാതെ പുറത്തെക്കുംചാടി.

എഴുത്തിൽ കുഞ്ഞുണ്ണിമേനോൻ ചെയ്ത കൃത്രിമപ്രയോഗം വായനക്കാർക്ക് എളുപ്പത്തിൽ മനസ്സിലാവാൻവേണ്ടി താഴെ ആ എഴുത്തിന്റെ ഒരു മാതൃക കാണിക്കാം.

൧൦൭൮ വൃശ്ചികം ൧൮-ാംതു ശ്രീ മുഖമാവിൽ സംസാരിച്ച കാര്യത്തിൽ തീർച്ച മറുവടി ആവശ്യപ്പെട്ട നിങ്ങൾ എഴുതിയ എഴുത്തു കിട്ടി. മുഖമാവിൽ തീർച്ചയാക്കിയതിനു ഭിന്നമായും സംശയകരമായുള്ള ഭാവിക്കുറിയതു കാണുന്നു. പൂർവ്വമിവനും പശ്ചായപുരയും ഇങ്ങനെ ഒന്നാക്കുന്നതിനു തീർച്ചയാക്കി	രണ്ടായിരം മുറുപ്പികയായി അന്ന തീർച്ചയാക്കിയതല്ലെ അങ്ങിനെയാണെങ്കിൽ നിങ്ങൾക്കു തരാം. അതിൽ ചുരുങ്ങിയാൽ തരുവാൻ സാധിക്കുന്നതല്ല എന്ന ആടലോടകത്തു കുഞ്ഞുണ്ണിമേനോൻ അവർകൾക്കു ആറുപതമ്പത്തു കുഞ്ഞുമേനോൻ. (൧൧൫).
എഴുത്തിന്റെ ഒന്നാം ഭാഗം	എഴുത്തിന്റെ രണ്ടാം ഭാഗം

* * *

കുഞ്ഞുണ്ണിമേന്റെ അന്യായം ചിലവുസഹിതം തള്ളി എന്നു പ്രത്യേകിച്ചു പറയേണ്ടല്ലൊ. എന്നാൽ അവിടെ വ്യവഹാരം അവസാനിച്ചില്ല. മുറുക്കിപറയുന്നതായാൽ നമ്മുടെ കുഞ്ഞുമേനോൻ റിക്കാട്ട്കെട്ട് വെച്ചുള്ള രണ്ടാളുകളെ ഓരോദിക്കിലേക്കു അയച്ചതിന്നശേഷമാണു. ആടലോടകത്തുചെന്നു ണ്ണിമേന്നെ ചങ്ങലവെപ്പിച്ച് ജേലിലേക്കും മിസ്റ്റർ മുക്കിടിക്കാട്ടെ ഇട്ടിക്കോരുമേന്നെ സന്നതവെപ്പിച്ച വീട്ടിലേക്കും.

സി. എസ്. ഇ. പി.

പത്രചരിത്രം.

—:o:—

൫.

ഇഹലോകത്തിലുള്ള സകല ചരാചര വസ്തുക്കളുമെന്നുവേണ്ട അനന്തമായ ബ്രഹ്മാണ്ഡകടാഹം തന്നെ സൃഷ്ടിസ്ഥിതിലയ

കാരണമായ ഒരു മഹാശക്തിക്കധീനമാണെന്നാണ് പൂർവ്വീകന്മാരായ വിദ്വാന്മാർ യുക്തിപൂർവ്വം അഭിപ്രായപ്പെട്ടിട്ടുള്ളത്. കാലദേശാവസ്ഥകളെ അനുസരിച്ച് സകല പദാർത്ഥങ്ങൾക്കും, ഉദയം, വർദ്ധന, ക്ഷയം, എന്നിവ ഒഴിച്ചുകൂടാത്തവയല്ലെന്ന് ഇക്കാലത്തിലെ പ്രധാന്മാരായ ശാസ്ത്രജ്ഞന്മാരും സമ്മതിക്കുന്നുണ്ട്. അനുഭവത്തിൽനിന്നുള്ള അനുമാനമാണ് ഈവക സാമാന്യനിയമങ്ങളുള്ള സകല അഭിപ്രായങ്ങൾക്കും അടിസ്ഥാനമായിത്തീരുന്നത്. പല കാലങ്ങളിലായിട്ട് പലരുടെയും അനുഭവങ്ങളെ ഒത്തുനോക്കി അവയുടെ സാരത്തെ സംഗ്രഹിച്ചുണ്ടാവുന്ന അനുമാനം മാത്രമേ യുക്തികൊണ്ടും വിശ്വാസയോഗ്യവുമായിരിക്കയുള്ളൂ. ചരിത്രത്തിന്റെ അപേക്ഷകൂടാതെ ഇതുസാധിക്കുന്നതുമല്ല. എന്നാൽ ഈ ലേഖനത്തിൽ പത്രചരിത്രത്തേക്കുറിച്ചുമാത്രമാണ ഞാൻ ചിലതു പറവാൻ ഉത്സാഹിച്ചിട്ടുള്ളത്.

ലോകവർത്തമാനങ്ങളിൽ താല്പര്യത്തോടുകൂടിയ നാനാദേശവാസികളുടെയും ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്ന വർത്തമാനപത്രത്തിന്റെ ജന്മഭൂമി ജർമ്മനിരാജ്യത്തെ ഫ്രാങ്ക്ഫർട്ട് ഓൺ മേയിൻ (Frankfort-on-Main) എന്ന സ്ഥലമാകുന്നു. കച്ചവടാവശ്യത്തിനുവേണ്ടി രാജ്യക്ഷേമങ്ങളെപ്പറ്റി വ്യാപാരികളുടെയിടയിൽ നടത്തിക്കൊണ്ടിരുന്ന വർത്തമാനകത്തുകളെ അടിസ്ഥാനമാക്കി ഇഗ്നോൾഫ് എമ്മെൽ (Egnolph Emmel) എന്ന വ്യാപാരി 1615 ൽ ആരംഭിച്ച ഫ്രാങ്ക്ഫർട്ടർ (Fankfurter journal) എന്ന പ്രതിവാരപത്രമാണ സാധാരണ ലക്ഷണങ്ങളോടുകൂടി ആദ്യമായി ഉണ്ടായിട്ടുള്ള വർത്തമാനപത്രം. അടുത്തകൊല്ലത്തിൽ ആൻറവെർപ്പ് (Antwerp) എന്ന സ്ഥലത്തിൽ 'ന്യൂമൈടിന്ദിംഘൻ' (Nieune Tindinghen) എന്ന പേരോടുകൂടി മറ്റൊരു പത്രവും ജനിച്ചു. ഐശ്വര്യാദി സമ്പൽഗുണസമൃദ്ധിയായിരിക്കുന്ന ലണ്ടൻ പട്ടണത്തിനും ഒരു പത്രശിശു ഉണ്ടാവാൻ പിന്നേയും അറുകൊല്ലം കഴിയേണ്ടതായിവന്നു. 'നതാനൽബട്ടർ' (Nathanel Butter) എന്ന മഹാന്റെ ബുദ്ധിശക്തിയുടെ ഫലമായി 1622ൽ അവിടെക്കും ഒരു പത്രസന്താനമുണ്ടായി. ആ ശി

ആഴ്ചാണ കേൾവിപ്പെട്ട 'വീക്ക്ലിന്യൂസ്സ്' (Weekly News) എന്ന പത്രം. വർത്തമാനപത്രം എന്നതു് 'അങ്ങാടിമരുന്നോ പറിമരുന്നോ' എന്നു ചോദിക്കുവാൻ തക്ക നിലയിലായിരുന്ന മലയാളത്തിലെ എന്നുവേണ്ട ഭാരതവർഷത്തിലേയും അക്കാലത്തെസ്ഥിതി. ആദ്യകാലത്തു് പത്രങ്ങളിൽ പ്രതിപാദിച്ചിരുന്ന വിഷയം കച്ചവടകാര്യങ്ങളെ സംബന്ധിച്ചായിരുന്നതുകൊണ്ടു് പത്രങ്ങളും വാണിഭവർഗ്ഗങ്ങളിലൊന്നാണെന്നായിരുന്നു ജനങ്ങളുടെ വിചാരം. പ്രതിദിനപത്രങ്ങളിൽ സ്വിഫ്ട് (Swift) എന്ന മഹാന്റെ 'ഡൈലി കൊറാന്റ്' (Daily courat) ശ്രീമാൻ 1703-ലും പത്രസ്ഥങ്ങൾക്കു മാതൃകയായി 'ഡീഫോ'വിന്റെ 'റിവ്യൂ' അടുത്ത കൊല്ലത്തിലുംബ്ലാങ്കിയിൽ ജനിച്ച സഹോദരന്മാരാകുന്നു. രാജ്യകാര്യങ്ങളെപ്പറ്റി 1704-ാനും 40-ാനും മദ്ധ്യേ മേൽപറഞ്ഞ പത്രാധിപന്മാർതങ്ങളുടെ പത്രങ്ങളിൽപ്രസ്താവിപ്പാൻ തുടങ്ങിയതുമുതൽക്കു 'മാന്യലേഖനം' (Leading article) എന്ന വിശേഷപ്പേരിന്നിടയായി തീർന്നു. സന്ദർഭോചിതങ്ങളായ ഘടകങ്ങളോടുകൂടി പരിഷ്കൃതരീതിയിലുള്ള പത്രങ്ങൾ പുറപ്പെട്ടുതുടങ്ങീട്ടു് 50 കൊല്ലം കഴിഞ്ഞിട്ടില്ല. ശാസ്ത്രങ്ങളെ പ്രതിപാദിക്കുന്നവയെക്കാൾ രാജ്യകാര്യങ്ങളെ പ്രതിപാദിക്കുന്ന പത്രങ്ങൾക്കു ക്രമേണ പ്രചാരം കൂടിത്തുടങ്ങി. പത്രങ്ങൾക്കു പ്രചാരം വർദ്ധിക്കും തോറും പത്രാധിപന്മാർക്കു സ്വാതന്ത്ര്യവും കൂടിവന്നു. രാജ്യതന്ത്രങ്ങളിലുള്ള വീഴ്ചകളെ ഉടനടൻ പരസ്യപ്പെടുത്തുന്നതുകൊണ്ടു് തന്ത്രനിർവ്വാഹകന്മാർക്കു പത്രങ്ങളുടെനേരെ നീരസത്തിന്നിടയായി. അവർ പത്രാധിപന്മാരെ കുറച്ചപ്പെടുത്തുവാൻ ശ്രമിച്ചിരുന്നു എങ്കിലും ഫലിച്ചതു കുറച്ചുമാത്രമാണു. ശകാരം, താക്കീത, തടവു, എന്നുവേണ്ട ജീവഹാനികൂടി സംഭവിക്കുന്നതായാലും അവയെല്ലാം ക്ഷമയോടുകൂടി സഹിച്ചു് പൊതുജനങ്ങളുടെ അഭിപ്രായം പത്രങ്ങളിൽ പ്രസ്താവിക്കുന്നതു് പത്രാധിപധർമ്മമാണെന്നു അക്കാലത്തെ ഒരുധീരൻ പറകയുണ്ടായിട്ടുണ്ടു. ഉത്തമരീതിയിൽ നടത്തപ്പെടുന്ന പത്രങ്ങൾ ലോകപ്രതിനിധികളായിത്തീർന്നു. പത്രങ്ങൾക്കു പ്രചാരം വർദ്ധിച്ചുകൊണ്ടിരുന്ന കാലത്തു ഗവർമ്മേണ്ടിലെക്കു് പത്രവരിക്കാട്ട

കേണമെന്നുള്ള ഏർപ്പാടുവന്നു. വരിസംഖ്യ പത്രങ്ങളുടെ താരത മ്യംപോലെ അരപ്പെന്നിമുതൽ നാലപൌൻസ് വരെയുണ്ട്. വരി നടപ്പാക്കിയതോടുകൂടി ചില പത്രങ്ങളുടെ പ്രചാരം തീരെ നി ന്നുപോയിയെങ്കിലും ചിന്നീടുണ്ടായ വർദ്ധന താഴെ കാണുന്നവിധ ത്തിലായിരുന്നു. ബ്രാത്തിയിൻ പത്രങ്ങളും പത്രസ്ഥാനങ്ങളും കൂടി 1782-ൽ 50-ം 1795 ൽ 72-ം 1846-ൽ 228-ം ഇങ്ങിനെ ക്രമത്തിൽ വർദ്ധിച്ച 1900-ാമതിൽ 2902- എന്ന തുകയിൽ എത്തി. ഇവയിൽ 258 പ്രതിദിനപത്രങ്ങളാകുന്നു. 1622-ൽ ഏകപത്രവിഷയമായിരു ന്നലണ്ടർകുടുംബത്തിൽചിന്നിച്ച് 659- പത്രസന്താനങ്ങൾ ഉണ്ടാ യിട്ടുണ്ട്. ഇവയിൽ 40 എണ്ണം പരോപകാരത്തിനുവേണ്ടി ദിനസ രി അദ്ധ്വാനിക്കുന്നവയാണ്. എല്ലാവിധ ശാസ്ത്രങ്ങളേയും പ്ര ത്യേകം ഘോഷിക്കുന്നവയും ധാരാളമുണ്ട്. ഇത്ര വലിയ ഒരു കു ടുംബത്തിൽ ഇടക്കിടെ ബാലമരണം ഉണ്ടായിട്ടുണ്ടെങ്കിലും അതി നുപരിവ്യസനിക്കുവാനില്ല.

ഇംഗ്ലീഷ പത്രങ്ങളിൽ അധികം പ്രചാരമുള്ളത 1843-ൽ ആ രംഭിച്ച 'ന്യൂസഒഫ്ദി വാൽഡ്' (News of the world) എന്ന പ്രതിവാരപത്രമാകുന്നു. ഇതിനു ശരാശരി 109106 വരിക്കാരുണ്ട ത്രെ. 1785മുതൽക്കു തുടങ്ങിട്ടുള്ള ടയിംസ്സ് ('Times) എന്ന ദിന സരിപത്രത്തിന്ന് ശരാശരി 51618 പ്രതിഅവശ്യമായിരിക്കുന്നു. വർത്തമാനങ്ങൾകൊണ്ടും പ്രചാരംകൊണ്ടും ഇതിനെ കവച്ചുവെ ക്കുന്ന പത്രങ്ങളുണ്ടെങ്കിലും സംഭവങ്ങളുടെ സൂക്ഷ്മഗ്രഹണവും കാ ര്യകാര്യവിവേചനാശക്തിയും ഇതുപോലെ മറ്റൊരു പത്രത്തിന്നും ഇല്ലെന്നു ചരക്കെസമ്മതിച്ചിട്ടുള്ളതാണ്. ഗൌരവമേറിയ സംഗതി കളിൽ ഗവർമ്മേണ്ടിന്നു സംശയംവന്നിരുന്നാൽ 'ടൈംസ്സി'ന്റെ അഭിപ്രായത്തെ അനുസരിച്ച പ്രവൃത്തിച്ചിട്ടുള്ള കാര്യങ്ങൾ അനവധിഉണ്ടായിട്ടുണ്ട്. ഈതരത്തിലൊരു മഹായാപത്തുണ്ടാവാനിടവന്നാൽ (വരുന്നകാര്യംവളരെസംശയത്തിലാണ്) അതനിവൃഹിക്കുവാൻ ഒരുതെങ്ങിനെയാണെന്നു ചിലർ ശങ്കിക്കുന്നുണ്ടെങ്കിൽ ഇങ്ങിനെയുള്ള അസാധ്യപ്രവൃത്തി വെറുംകൈവേലമാത്രമല്ലെന്നും മൂന്നുനാലു നാഴിക നീളമുള്ള ഒരു കടലാസ്സ് അച്ചടിച്ചു, മടക്കി,

വെട്ടി, 2500ത്തോളം വർത്തമാനപത്രങ്ങളാക്കിത്തീർന്നതിന്ന ഒരു മണിക്കൂറിലധികം സമയം ആവശ്യപ്പെടാത്തതായ യന്ത്രപ്പണിത്തരങ്ങളുടെ ശക്തിവിശേഷംകൊണ്ടാണെന്നും പറയുമ്പോൾ സംശയംതീരുന്നതാണല്ലോ. ഇനി ഭാരതവർഷത്തിൽ പ്രവേശിച്ചു നോക്കട്ടെ.

ഇൻഡ്യയിൽ ഏതുകാലംമുതൽക്കാണ പത്രം ഉണ്ടായിട്ടുള്ളതെന്ന താഴേപറയുന്ന സംഗതികളിൽനിന്നനുമാനിക്കാമെന്നല്ലാതെ നിശ്ചയിച്ചു പറയുന്നതിന്നതക്ക തെളിവൊന്നും കാണുന്നില്ല. നാലാമത്തെ ഗവർണർജനറാളായിരുന്ന ലാഡ്വെല്ലസ്ലി (Lord Wellesley) യുടെ കാലംമുതൽക്കാണ് വർത്തമാനപത്രങ്ങളേപറ്റി ചിലതെല്ലാം പ്രസ്താവിച്ചുകാണുന്നതു. അന്ന് പത്രങ്ങൾക്കും മുദ്രാലയങ്ങൾക്കും അശേഷം സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. ഗവർമ്മേണ്ടിന്നോ മതങ്ങൾക്കോ വിരോധമുണ്ടാവാനിടയുള്ള വർത്തമാനങ്ങൾ പത്രങ്ങളിൽ പ്രസ്താവിച്ചിരുന്നാൽ പത്രാധിപന്മാരിൽ ഇംഗ്ലീഷുകാരെ ശിക്ഷയ്ക്കയും മറുള്ളവരെ ശിക്ഷിക്കയും പതിവായിരുന്നു. 1794-ൽ കൽക്കട്ടയിലുണ്ടായിരുന്ന 'വേൾഡ' (World) എന്ന പത്രത്തിൽ സൈന്യങ്ങൾക്ക് ദ്വേഷഹേതുജനകമായ സംഗതി പ്രസിദ്ധപ്പെടുത്തിയ കുറ്റത്തിന്ന പത്രാധിപർ മിസ്റ്റർ ഡെവൻ (Dwane) എന്നാളെ ബ്ലാത്തിക്കയച്ചു. അടുത്ത കൊല്ലത്തിൽതന്നെ ഒരുമജിസ്ത്രേട്ടിന്റെ നടപടിയെറിയുവാൻ 'ടെല്ലിഗ്രാഫ്' (Telegraph) എന്ന പത്രത്തിൽ പ്രസ്താവിച്ചകാരണത്താൽ ആ പത്രാധിപക്കും ഇൻഡ്യാരാജ്യം ഉപേക്ഷിക്കേണ്ടിവന്നു. മറെറാരു സംഗതിക്ക് കൽക്കട്ടജറണലിന്റെ പത്രാധിപക്ക് ഇൻഡ്യവിട്ടുപോകുവാനുള്ള കല്പനകിട്ടി. ഇതിന്നു ശേഷം 1823-ൽ അച്ചടിലൈസൻസ്സാക്കു നടപ്പാക്കി. അതുകൊണ്ടലൈസൻസ്സുകൂടാതെ ഏർപ്പെടുത്തുന്ന മുദ്രാലയങ്ങളെയും ആവശ്യമെന്നുതോന്നുന്നപക്ഷം ഒരു ബുക്കിന്റെയോ പത്രത്തിന്റെയോ പ്രചാരത്തേയും ഇല്ലായ്മചെയ്യുന്നതിന്നും ഗവർമ്മേണ്ടിലേക്ക അധികാരം സിദ്ധിച്ചു. ഈ അധികാരം ആദ്യമായി ചിലത്തിയ്യുകൽക്കട്ടജർനലിന്റെ നേരെതന്നെയായിരുന്നു. പരിഷ്കാരത്തിന്റെ

ശ്വാസകോശങ്ങളും ഈയിടം പൊതിപ്പിടിച്ചിരുന്ന കാലത്തും പരാക്രമങ്കൊണ്ട പൊട്ടിപ്പുറപ്പെടുന്ന ദീഘശ്വാസംപോലെ ഇടക്കിട ചില പത്രങ്ങളും ഉണ്ടായിച്ചിട്ടുണ്ട. അവയെല്ലാം അല്പപ്രചാരങ്കൊണ്ട അകാലമരണം പ്രാപിച്ചവയാകുന്നു. മൈസൂർ സ്റ്റാക്ക് മെറ്റ്കാഫ് (Metcalph) എന്ന മഹാനുഭാവൻ കാലത്ത1835 ൽ ദുബ്ബലപ്പെട്ടുത്തി പത്രങ്ങളിൽ അഭിപ്രായം യഥേഷ്ടം രേഖപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യം കൊടുത്തു. അത 1857വരെ നിലനിന്നു. അതിനിടയിൽ 5. നാട്ടുപത്രങ്ങളും 3. ദിനസരിപത്രങ്ങളോടുകൂടി 6. ഇംഗ്ലീഷുപത്രങ്ങളുമുണ്ടായിരുന്നു. ജനിച്ച ദിവസംതന്നെ മരിക്കുന്നതുകൊണ്ട ദിനസരിപത്രങ്ങളായതാണെന്നുള്ള പരിഹാസവാക്കിന്ന് അന്നത്തെചില പത്രങ്ങളും പാത്രങ്ങളായിത്തീർന്നിട്ടുണ്ട്.

എ. നാരായണപ്പണിക്കർ.

ആലോചനക്കുറവ.

———:o:———

താൻ മറ്റുള്ളവരുടെയിടയിൽ ഏതു തരക്കാരനാണെന്ന് അറിയുവാനുള്ള ആവേശം പലമാതിരി ആശാപാശങ്ങളെകൊണ്ട കെട്ടപ്പെട്ട് കിടക്കുന്ന ജനസമുദായത്തിന്നൊട്ടും അപ്രധാനമായിട്ടുള്ളതല്ല. ഒരു മോഹം സാധിപ്പിക്കുവാനായിത്തുനിഞ്ഞുപുറപ്പെടുന്നവർ അവസാനം പശ്ചാത്തപിക്കാതിരിക്കുന്നതും അപൂർവ്വം തന്നെ. ഒരുവനെപ്പറ്റിയുള്ള അഭിപ്രായം അയാളുടെ നേരെവെച്ചു പറയുന്നതിലധികം സ്വാതന്ത്ര്യമായിപ്പുറപ്പെടുവിക്കുന്നത ആളില്ലാത്തസമയത്താണെന്നുള്ളതിന്ന തർക്കമില്ല. ആളെകാണാതെപറയുമ്പോൾകുറവുകളെല്ലാം എണ്ണിപ്പറക്കി എടുത്തു കാണിക്കും. നടവടിദോഷത്തെപ്പറ്റി കഠിനമായി ആക്ഷേപിക്കും. കീഴ്നടവടിമുഴുവൻ പരിശോധിച്ച കാണുന്ന അഭിപ്രായം കലവറകൂടാതെ നിർദ്ദാക്ഷിണ്യമായിത്തുറന്നു പറവാനുള്ള സമയവും അതുതന്നെയാണ്. അതുകൊണ്ട ഒരുവനെപ്പറ്റി ജനങ്ങളുടെയിടയിലുള്ള ആക്ഷേപം അയാൾ മറഞ്ഞുനിന്നു കേൾക്കുന്നതായാൽ തന്നി

ഇക്കൊ ഇല്ലത്തെ ഫാമി
ഉപ്പണിത്തോ

ക്ക് അശേഷം രസിക്കാഞ്ഞതായ ചില സംഗതികളും ഗ്രഹിക്കാനി
ടയാകുമെന്ന മാത്രമല്ല അതുവരെ സ്വന്തം ദൃഷ്ടിയിൽപ്പെടാത്ത
തായ കായ്കുറ്റുകളെ കണ്ടെത്തുവാനും വഴിയുണ്ട്. ബന്ധുമിത്രങ്ങൾ
താഴ്മയോടും ശ്രദ്ധാന്തിയോടും ചെയ്യുന്ന ഉപദേശത്തിൽ ഒരുവ
ന്ന് ഭിന്നാഭിപ്രായം ജനിക്കുമ്പോൾ അത് തന്റെ ദുർന്നടപ്പിനെ
ക്കുറിച്ച് വിചാരവിചാരം ചെയ്കിക്കുന്നതിനും, കുറേകൂടെ പ്രവൃ
ത്തികളിൽ നിന്നു വിമുഖനാക്കിത്തീർക്കുന്നതിനും, തുടച്ചയായി
ചെയ്തുപോരുന്ന കൃത്രിമ വൃത്തികൾക്കു ശമനം വരുത്തുന്നതിനും
പകരം ഉപദേഷ്ടാക്കളോടു നിലവിട്ട ദ്വേഷിക്കുവാനും ചിലപ്പോൾ
ഞെക്കൂടി ഇല്ലായ്മചെയ്യുന്നതിനുള്ള പെരുവഴിയായി പരിണമി
ക്കുന്നതു അസാധാരണമല്ല. ബന്ധുമിത്രങ്ങളുടെ ഉപദേശം തിന്മ
യാണെന്നു കരുതി പത്രം പറഞ്ഞവനെ പഴിപറഞ്ഞ വിരോ
ധം ഭാവിക്കുന്ന ഒരാൾക്ക് അനാവശ്യമായി ആന്ധ്യമുഖത്തിൽ നി
ന്നുണ്ടാകുന്ന പുവ്വൃവൃത്തം കേൾക്കുമ്പോൾ മനസ്സിൽ ഏതെല്ലാം
വിധത്തിലുള്ള സ്നേഹങ്ങൾ വന്നുപോയിക്കൊണ്ടിരിക്കുമെന്നോ അ
വ ഏതെല്ലാം തരത്തിൽ പൂവ്വവസാനിക്കുമെന്നോ പറവാൻ പ്ര
യാസം.

അതുകൊണ്ട ഒരുവനേപ്പറ്റി അന്യന്മാർ എന്തു പറയുന്നു
വെന്ന മാത്രം നിന്നു കേൾക്കുവാൻ സാഹിക്കുന്നത അധികപക്ഷ
വും ആപൽക്കരമാണെന്നുള്ളതിന്നാക്ഷേപമില്ല. അയാളുടെ ഗുരു
പ്രവൃത്തി വെളിപ്പെടുന്നപക്ഷം വാങ്മയാസ്ത്രങ്ങളെക്കൊണ്ടുണ്ടാ
യിട്ടുള്ള പ്രണവൈരൂപ്യം പിന്നീടു താനേ പുകഴ്ത്തുന്നതുകൊണ്ടോ
മറേറനേകം തരത്തിലുള്ള പ്രവൃത്തികളെക്കൊണ്ടോ മാഞ്ഞുപോ
കുന്നതായിരിക്കയില്ല. എന്തെന്നാൽ കുറേറം പറഞ്ഞവനും മറ
ഞ്ഞിരുന്ന കേട്ടവനും തമ്മിൽകാണുമ്പോളെല്ലാം മനസ്സിൽ വട്ട
ക്കെട്ടി കിടക്കുന്ന പണ്ടത്തെ വ്രണം ചൂഴിഞ്ഞ് നീറി വട്ടം വീഴു
വാനാണ് അധികം എളുപ്പം.

"ഭിന്നരുചിർഹിലോകഃ" എന്നുള്ളത ഒരിക്കലും മറന്നുകളയ
ത്തക്കതല്ല. കഴിയുന്നതു മനസ്സിരുത്തിചെയ്തതായ ഒരുവന്റെപ്ര
വൃത്തിയിൽ മറവുള്ളവർ ഓരോ കുറവുകളും കാണാതിരിക്കുന്നത

ല്ലു. അതുപോലെതന്നെ ഗുണാംശങ്ങളും കാണുന്നതും അസംഭവ്യമായിരിക്കുമെന്നില്ല. ഇത ഞാൻ ഒരു ചെറിയ കഥകൊണ്ട ദൃഷ്ടാന്തപ്പെടുത്താം.

നാലുദിക്കിലും നടന്ന വിരുതുനേടിയ ഒരു ചിത്രമെഴുത്തുകാരൻ മനസ്സിരുത്തി എഴുതീട്ടുള്ള ഒരു പടം പല യോഗ്യന്മാരേയും കാണിച്ചു. അവരെല്ലാം ഒരുപോലെ സ്തുതിച്ചതല്ലാതെ ആരും ഒരു കുറവും പറഞ്ഞില്ല. അയാൾ ഇതുകൊണ്ടു തൃപ്തിപ്പെടാതെ പടം നാലുംകൂടിയ പെരുവഴിയിൽ കെട്ടിത്തൂക്കി ഒരു പരസ്യവും എഴുതിപ്പതിച്ചു. അതായത് "ഓരോ പടത്തിന്റെ ഏതംശത്തിനെങ്കിലും വല്ല ന്യൂനതയും ആരെങ്കിലും കാണുന്നുണ്ടെങ്കിൽ ആ ഭാഗത്ത് അടയാളം ചെയ്യുവാൻ അപേക്ഷ" എന്നായിരുന്നു. അയാൾ സന്ധ്യയോടുകൂടി വന്ന ചിത്രം എടുത്ത നോക്കിയപ്പോൾ അതിൽ എള്ളിടക്ക സ്ഥലം കോറിപ്പിക്കാതെ കണ്ടില്ല. ചിത്രകാരനു വളരെ കുണ്ഠിതമുണ്ടായി എന്ന പറയേണ്ടതില്ലല്ലോ. അയാൾ പിറേറദിവസം അതുപോലെയുള്ള വേറെയൊരു ചിത്രം കൊണ്ടുവന്നു തൂക്കി ഏതെങ്കിലും ഗുണാംശം അടയാളപ്പെടുത്തേണമെന്ന പരസ്യം ചെയ്തു. അന്നു സന്ധ്യക്കു ചിത്രം നോക്കിയപ്പോൾ മുമ്പ കുറേമാണോന്നു കാണിച്ചിരുന്ന ഭാഗം മുഴുവനും ഗുണസൂചകമായ രേഖകളെക്കൊണ്ടു നിറഞ്ഞിട്ടുള്ളതായിക്കണ്ടു. ആദ്യത്തെ ചിത്രം കണ്ടപ്പോളുണ്ടായ ആശാഭംഗം ഇതുകൊണ്ടു നിർമ്മൂലനം ചെയ്തതായി വിചാരിക്കാമല്ലൊ.

തന്നേപറ്റി മറുള്ളവരുടെ ഇടയിലുള്ള അഭിപ്രായം അറിവാൻ ശ്രമിക്കുന്നതിലധികം സൂക്ഷിക്കേണ്ടത് അന്യനെപ്പറ്റി താൻ വല്ലതും പറവാൻ തുടങ്ങുമ്പോളാണ. തന്റെ അഭിപ്രായം ഒരാളോടു പറയുന്നതിനു മുമ്പ അയാൾ ഏതുതരക്കാരനാണെന്നും ആരാണെന്നും അറിയേണ്ട ചുമതലയുണ്ട. ആളെ അറിയാതെ പറയുന്ന മുള്ളുവാക്കോ, പരിഹാസമോ, സ്തുതിയോ, തന്റെ സദാചാരത്തിന്റെ ഗതിയെ തടസ്ഥപ്പെടുത്തുകയും, മൈത്രീബന്ധത്തെ അഭിച്ഛേദകളകയും ചെയ്യും എന്ന മാത്രമല്ലാ ഒരു വിടുവായനാണെന്നുള്ള പേരുകൂടി സമ്പാദിക്കുകയും ചെയ്യും. ഈ അ

വസരത്തിൽ അടുത്തുണ്ടായ ഒരു സംഭവം എന്റെ ഓർമ്മയിൽ വരുന്നതു അധികം ഗൌരവമുള്ളതല്ലെങ്കിലും ഉദാഹരിക്കുവാൻ ധാരാളം മതിയാകുന്നതാണ്.

ഇവിടെനിന്നു തിക്കോടിക്കു കുറച്ചു കിഴക്കുള്ള നാടകപ്പുരയിൽ ഒരു ധാടികാരന്റെ അടുക്കൽ ഞാനും ഒരു കസാലക്കാരനായി ചെന്നു ചേർന്നു. പുരുഷവർഗ്ഗത്തിൽപെട്ടവരെപോലെ പാടുവാനും അഭിനയിക്കുവാനും സമർത്ഥനാണെന്ന് ആ വർഗ്ഗക്കാരുടെ നേരെയുള്ള അദ്ദേഹത്തിന്റെ ചാഞ്ഞും ചെരിഞ്ഞും ഉള്ള നോട്ടംകൊണ്ടു ഞാൻ മനസ്സിലാക്കി. ഞങ്ങളെ അപരിചിതന്മാരായ്കൊണ്ടു ആദ്യം ഒന്നും സംസാരിച്ചില്ല. അല്പസമയംകഴിഞ്ഞപ്പോൾ, ഞങ്ങൾ ഇരിക്കുന്നതിനു കുറച്ചു ദൂരത്തുകൂടി മേൽപറഞ്ഞ വർഗ്ഗത്തിൽ ഒരാൾ അടങ്ങിയൊതുങ്ങിപ്പോവുന്നതുകണ്ട് "ആ മൂധേവിപിടിതാണോ" എന്ന മൂപ്പർ എന്നോടു ചോദിച്ചു. ഞാൻ താഴ്മയോടുകൂടി എന്റെ സോദരിയാണെന്നു പറഞ്ഞു. മൂപ്പർ ലജ്ജിച്ചു പതുങ്ങികൊണ്ടു "ആ വന്നിതാ രൂപത്തിനൊപ്പറായില്ലെന്നു ഞാൻ ചോദിച്ചതു". അവരുടെ അടുക്കൽ ഇരിക്കുന്ന രൂപ്പണയേപ്പോലെയുള്ള ആ അഭിനേത്രിയെക്കുറിച്ചായിരുന്നു" എന്ന വിനോദംകൊണ്ടു പുള്ളി വിദൂഷകത്തം. സഹായം ആവശ്യം ഒറപ്പെട്ടവരുന്ന സമ്പ്രദായം ചുരുക്കമാണല്ലോ. ഈ ചോദ്യത്തിനും ഞാൻ ക്ഷമയോടുകൂടി പറഞ്ഞ മറുവടി അവർ എന്റെ ടായ്ച്ചയാണ് എന്നായിരുന്നു. ഇതിലധികം വലുതായ ഒരു വിസ്മിതത്തിൽ അദ്ദേഹം ചെന്നുചാടാനില്ല. 'മൂത്രം കുടിച്ച മൂരിയെപ്പോലെ മുകറിളിഞ്ഞു.' മാപ്പെന്ന് പച്ചമലയാളത്തിൽ പറഞ്ഞാൽ ശകതിപോരെന്നുകരുതി നൂറുവിധത്തിൽ "ഒപ്പോളോജി"യും "എക്സ്ക്യൂസും" "പാർഡനും" ചേർത്തുതുടങ്ങി. അടുത്തിരിക്കുന്നവർ എന്റെ മുഖത്തു നോക്കിച്ചിരിക്കുന്നുണ്ട്. എന്റെ പ്രകൃതം മാറുന്നതെന്തെന്നുവിചാരിച്ചിട്ടോ തന്റെ വിസ്മിതവേഷത്തിനു കിരീടംവെച്ചതുകൊണ്ടോ, മൂപ്പർ നാടകം കാണാതെ എണീറ്റ് നടന്നു. പുള്ളി ചോദിച്ച സ്ത്രീകൾ എന്റെ സോദരിയുമല്ല, ടായ്ച്ചയുമല്ല. ആരോ? എന്തോ?

കിളിയാടി കുട്ടൻ. പി. എ.

പാച്ച മലയാളം.

ഞാൻ ഒരു പാച്ച മലയാളിയാണ്. ഇങ്കിരീസ്സും പറങ്കിരീസ്സും ചമക്കൃതവും മാറും എനിക്കറിഞ്ഞുകൂടാ. എന്നാൽ എന്റെ കൂട്ടുകാരാണെങ്കിൽ അവർക്ക് ഇവയോടൊക്കെ കടുകട്ടിയാണെന്നാണ് വെച്ചിട്ടുള്ളത്. ഇവർ കാട്ടിക്കൂട്ടുന്നപോലെയുള്ള അറിവ് ഈ കൂട്ടുക്കില്ലെന്നു മറുള്ളവർ ഇവരേപ്പറ്റി പ്പോഴും കളിയാക്കുന്നതിൽ നിന്നു എനിക്കു നല്ലവണ്ണം ഉൗഹിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും തട്ടുത്തു പറയുവാനുള്ള കോപ്പു ഇപ്പറഞ്ഞിപ്പോഴത്തേതുകൊണ്ട് എന്നെപ്പോലുള്ളതേതാളം അവരുടെ ഉപ്പിച്ചിക്കയാതൊരുകുറവും ഉണ്ടാവാറില്ല. എന്നതന്നെയല്ല, കടക്കലും തലക്കലും നാട്ടുകാരും പിന്നെപ്പഴുത്തുള്ളടത്തോക്കെയും കടപടയെന്നെന്തോ ചിലതാക്കെക്കുത്തിപ്പറിച്ച് ഇടക്കുചിലമലയാളമാഴികളുടെപൊട്ടും പൊടിയും കലത്തി മാരിപൊരിയുമ്പോലെ അവർ തുരുതുരെ പ്പറയുമ്പോൾ പലപ്പോഴുമേനിക്ക് അരിശം കൊള്ളാറുണ്ട്. ചിലപ്പോൾ അവർ എന്നേ പറങ്കിരീസ്സിൽ ശകാരിക്കും, ചിലപ്പോൾ ഇങ്കിരീസ്സിലുംചമക്കൃതത്തിലും കലശൽകൂട്ടും. എന്റെതലയിലേഴുത്തിന്റെ വലിപ്പക്കൊണ്ട ഇതിനോക്കെലാക്ക ഞാനായല്ലോ,' എന്നുമ്മറും ഓർത്തോർത്തു പലകുറിയും എന്റെ ഉള്ള ചുട്ടുപുകയാറുണ്ട്. ഇങ്ങിനെ കേട്ടകെട്ട പൊറുതിമുട്ടി (ഏതല്ലുകൊണ്ടാൽ തടവപടിക്കും" എന്ന പഴഞ്ചൊല്ലുണ്ടല്ലോ) ഏതെങ്കിലും ഞാനും ചിലപൊടിക്കുള്ളെടുക്കുവാനാരംഭിച്ചു. ഒരിക്കൽ, കൂട്ടർകൂടി വട്ടമിട്ട് എന്നെപ്പതിവിൽക്കവിഞ്ഞ് വിട്ടു വിസ്തീർണ്ണമാക്കുവാനും എന്റെ നേരേ നോക്കിക്കയ്യുകൊട്ടിച്ചിരിക്കുവാനും തുടങ്ങിയപ്പോൾ എനിക്ക് അതു പൊറുക്കുവാനുള്ള കെല്പു തീരെയില്ലാതെയായി. എന്നിട്ട ഞാൻ അവരുടെനേരെ തിരിഞ്ഞ്. "കെമ്പാതഴശ്രുമ്മച യങ്ങുഷിഉ ഉരശാഞെഴിച്, നസശാക്ഷപ്പിസാഹമ്പേ; കെമ്മാപ്ണാം നഴഹചിതഴശാൻ." എന്ന തട്ടിമിന്നിച്ചു. ഇതുകേട്ടപ്പോൾകൂട്ടർ ഒന്നുപകച്ചു പോയി. എന്നിട്ടേന്നോട്" "എന്താണീനൊസ്സു പറയുന്ന

തീ' എന്നായി. 'നിങ്ങളെന്താ കൂട്ടുകച്ചവടം പൊളിക്കുന്നത്' എന്നു ഞാനങ്ങോട്ടും ഒട്ടും കുറച്ചില്ല. 'മലയാളം കിട്ടാഞ്ഞിട്ട് ഇങ്കിരീസ്സോ ചമക്കുന്തമോ ചേത്തുസംസാരിക്കെണ്ടി വരുന്നതാണൊ'ന്ന അവർ മുഖം ചുവന്നപ്പോൾ 'മലയാളത്തിന്റെ നേരെ വേറുപ്പു കൊണ്ട് 'ഓകോഖഗോ'' സംസാരിച്ചതാണൊ'ന്നു നേരമ്പോക്കു പറഞ്ഞിട്ട് അതിന്റെ മലയാളം 'എന്താപറയുന്നത് ശകാരിക്കുകയാണെങ്കിൽ മലയാളത്തിലാവട്ടേ എന്നാൽ ഞാൻ മുഖടി പറയാം.' എന്നാണെന്നും അവരോടു തുറന്നു പറഞ്ഞു.

ഇങ്ങിനെ ഞങ്ങൾ തമ്മിൽ കശപിശകൂടി ഒടുവിൽ അതു പുതുമലയാളത്തിന്റെയും പഴമലയാളത്തിന്റെയും നന്മതിന്മകളേ ഒരുമാതിരി തീരുമാനപ്പെടുത്തുന്നതിനു ഒരു നല്ല വഴിയായിത്തീർന്നു. ഇവിടെ അതിന്റെ ചുരുക്കം വായനക്കാരുടേ അറിവിനായി ചേർക്കുന്നതായാൽ ഞാൻ ചിലച്ചുവാശി കൊള്ളാവുന്നതോ അല്ലയോ എന്ന് അവർക്കോത്തു നോക്കുവാനും എന്റെ കൂട്ടുകാരേപ്പോലെയുള്ളവരേ പഴിപ്പെടുത്തേണമെങ്കിൽ അതിനും മതിയാകുമെന്നു കരുതുന്നു.

ഒന്നാമത, അറിവുകുടിയ ഓരോരോ മുന്നാട്ടുകാരായിട്ടുള്ള ഏടുവാട്ടു കൊണ്ടു ഒരു നാടിനു ഉയർച്ചവരുന്നതോടു കൂടി കച്ചവടം കൈവേല മുതലായവ വഴുന്ന് ആനാട്ടിൽ നാട്ടുപുള്ള പേരുകളേക്കൊണ്ടു തന്നെ കഴിഞ്ഞുകൂടുന്നതല്ലെന്നു വരുമ്പോൾ അവനവന്റെ ഉള്ളിലുള്ളതു മറെറാരുവൻ ഉൾക്കൊള്ളേണമെങ്കിൽ അതാതു മുന്നാട്ടുകാർ പറഞ്ഞുവരുന്ന പേരുകാം കടം വാങ്ങാതെ പറയുന്നതല്ലല്ലോ. അത് ഒരുമാതിരി ശരിയാണ്. എന്നാൽ ഈ കടം വാങ്ങല് താഴേ പറയുംവണ്ണമെ ഉണ്ടാവാൻ വഴിയുള്ളൂ.

'മാറംവരാതെ മൊഴിയും പൊരുളും ചിടിക്ക
മാറംപൊരുൾക്കരുളിയും മോഴിയിങ്ങെടുക്ക ।
ഏറാക്കുറച്ചിൽ പലതും മോഴിയിൽ കൊടുത്തു
മേറാ,ക്കുറിച്ചുപൊരുൾ കൊണ്ടുനടത്തുകെന്നും ॥

കടംവാങ്ങുന്നത് മൂന്നുമാതിരിയായിട്ടുണ്ട്. ഒന്ന് 'മാറംവരാതെ മോഴിയും പൊരുളും പടിക്കു, അതായതു ഇപ്പോഴത്തേ പുതു

മോടിക്കാർ തട്ടിമിന്നിക്കുമ്പോലേ മുനാട്ടുമൊഴി ആങ്ങിനെ തന്നെ യും മാറാവും വരുത്താതേ എടുത്ത തനതെന്നപോലെ ഇട്ടുപോ രുമാറുക. ഇത് നമ്മുടെ മലയാളത്തിനെന്നല്ല മോഴികൾക്കെ ല്ലാതുവേതന്നെ ഒരു വലിയ പുഴക്കുത്തു പോലെ കേട്ടു തട്ടിക്കു ന്നതാണെന്നു കൂടിഓർമ്മവെയ്ക്കുന്നതാണം. രണ്ടു- മാറാം പൊരു രുക്കരുളിയും മോഴിയിങ്ങേടുക്കാ. ഇതെന്തെന്നാൽ, പൊരുളിനു മാറാം വരുത്തിയും വരുത്താതെയും മോഴിക്കു മലയാളഭാഷ നല്ല വണ്ണം വരുത്തി, കൂട്ടുത്തിൽകൂട്ടിയിണക്കി കേട്ടാലറിയാത്തമട്ടിൽ ചേക്കേം. മൂന്നു- ഏറാക്കുറച്ചിൽ പലതും മോഴിയിൽക്കൊടുത്തു മേറാ,കുറിച്ചു പൊരുൾ കൊണ്ടു നടത്തുകെങ്ങും'. ആയതെങ്ങി നെയെന്നാൽ, മോഴിയിൽ ചിലതു കൂട്ടിയോ കിഴിച്ചോ മാറിയോ മറിച്ചോ എങ്ങിനെയെങ്കിലും പറഞ്ഞറിയിക്കേണ്ടുന്ന പൊരുൾ എപ്പോവക്കും അറിയാറാക്കിക്കൊടുക്കുക. ഇവയിൽ ഒന്നാമത്തേത് ഏറാവുംമോശമാണെന്നു മുമ്പുപറഞ്ഞിട്ടുണ്ടല്ലൊ. രണ്ടാമത്തേത്, മൂന്നാമത്തേതിനേക്കാൾ താഴേയാണെന്നും പറയാവുന്നതാണ്. ഇ തുകൊണ്ടുതന്നെ ഒടുക്കത്തേതാണ എപ്പോഴറിലും മെച്ചമെന്നും അ റിയാവുന്നതാണല്ലോ. എന്നാൽ വേണ്ടതുപോലെയായില്ലെങ്കി ൽ ഇവയിലെപ്പോഴറിലും വഷളായിപ്പോകാനുള്ളതും ഇതുതന്നേ യാകുന്നു.

നമ്മുടെ മലയാളം പണ്ടേതന്നെ പാട്ടും, പറയലും, എന്നു രണ്ടുവഴിക്കു തിരിഞ്ഞിട്ടുള്ളതുകൊണ്ട് രണ്ടിനമായിട്ടുതന്നെയാ ണ് ഇന്നും നടന്നുവരുന്നത്. അതിൽ, പറയുന്ന മലയാളം പാ ട്ടിലും ഉൾപ്പെടുത്താതേ കണ്ടുകയില്ല എങ്കിലും കന്നങ്ങൾ പറയു ന്നതിനെ വലിയ നിലയിലുള്ളവരേക്കൊണ്ടുംമറും പറയിപ്പിച്ചാ ൽ ഒട്ടും പന്തിയാവില്ല. പാട്ടുമലയാളമെല്ലാം, പറയുന്നേടത്തു ചേർക്കുന്നതായാലും വലിയ ചീത്തയായിത്തീരും. ഇതുരണ്ടും അറിവു ള്ളവർ കേട്ടാൽ തിരിച്ചറിയാം. എന്നുതന്നെയല്ല അറിയാത്തവർ വളരെയുണ്ടെന്നുംതോന്നുന്നില്ല.

ഇനി ഒന്നുപറവാനുള്ളത്, വേണ്ടിവരുന്നേടത്തേ കടംവാങ്ങി ക്കാവൂ എന്നാണ്. നമ്മുടെ പഴയ ഈടുവയ്പുകളിൽ ഓരോപെട്ടി

കളിലായിട്ട വളരെക്കൊമുതൽ കെട്ടിവെച്ചിരിക്കേ അതാരും തുറന്നുനോക്കാതെ കണ്ണടച്ചു കടംവാങ്ങിച്ചിലവിടുന്നത് അറിവില്ലായ്മകൊണ്ടോ മടികൊണ്ടോ വിസ്മൃതികൊണ്ടോ എന്തുകൊണ്ടായാലും ഒട്ടും ശരിയായിട്ടുള്ളതല്ല തീർച്ചതന്നെ.

"എങ്ങാനുമുൻവന്നുള്ളൊരോമനക്കണ്ണനേ
യെങ്ങും വരുന്നതു കണ്ടില്ലല്ലി
കാർകൊണ്ടൽപോലെയവന്നുനിറത്തന്നെ
കാർകുഴലൊട്ടണ്ടുകെട്ടിവെച്ചമ്മേ
കയ്യിൽക്കുഴലുണ്ടു കാലിൽച്ചിലമ്പുണ്ടു
മെയ്യിലോമാണ്ണുറപൂന്നുമുണ്ടേ
നൊഞ്ചകം പെണ്ണുങ്ങൾ കണ്ടുപിളക്കുന്നു
പുഞ്ചിരിയുണ്ടുടൻ കൂടെക്കൂടേ
ഉള്ളിലിണങ്ങുന്നേനെന്നങ്ങുചൊല്ലുന്ന
കള്ളനോക്കുണ്ടയ്യോ മെല്ലെമെല്ലേ"—കൃഷ്ണഗാഥ.

"നായർ വിശന്നുവലഞ്ഞുവരുമ്പോൾകായക്കഞ്ഞിക്കരിയിട്ടില്ല. ആയതുകേട്ടകലമ്പിച്ചായവൻ ഭരവാടം ഉടനേകാട്ടിലെറിഞ്ഞു ചുട്ടതിളച്ചു കിടക്കുംവെള്ളം കുട്ടികൾ തങ്ങടെ തലയിലൊഴിച്ചു കെട്ടിയചെപ്പിനെ മടിക്കുടാതെകിട്ടിയഹ ചന്നുപിടച്ചു കിണ്ണമുടച്ചു കിണ്ടിയുടച്ചു തിണ്ണംചിരവ കണാറിൽ മറിച്ചു അതുകൊണ്ടരിശംതീരാഞ്ഞിട്ടവനപ്പുറ്റുചുറ്റും പാഞ്ഞുനടന്നു."

കുഞ്ചൻനമ്പ്യാർ.

"കറുത്തുമല്ലാ നിറമെങ്കിലേറെ
വെളുത്തുമല്ലാ മുലചാഞ്ഞുമില്ല
വെറുപ്പുമാകാപടവാത്തകേട്ടാ
ലൊരുത്തിപോനാളവളാകിലോതാൻ" ॥ ലീലാതിലകം

"മാഴക്കണ്ണാരൊരു മയിലുമുണ്ടങ്ങുപിൻകാലൊളം പോയ്
താഴച്ചെല്ലും പുരികുഴലഴിഞ്ഞോമൽ നില്പോരുനേരം
ഊഴത്തങ്കൊണ്ടിരുൾമുകിലിതെന്നോർത്തുനൽചീലിചാമേ
പൂഴച്ചിന്തിച്ചുവയോടടനേ പാടിയാടീടുവാൻ" ॥

ഉണ്ണുനീലിസന്ദേശം.

"അങ്കത്തട്ടിട്ട്, അങ്കമാടിക്കൂരേറി, കട്ടഞ്ചില ഇടകടഞ്ഞ്, മുനകടഞ്ഞ്, മുനയിൽക്കുതിരവനേയും തെളിയിപ്പിച്ച്, നീട്ടുകിൽ നെഞ്ചുചിളപ്പൻ, ഓടുക്കകിൽ കളരിക്കുപുറത്തറിഞ്ഞമ്മാനമാടുവൻ, അവന്റെറ വലത്തേപ്പലാവിന്നൊന്നു വെട്ടിക്കൊണ്ടാൽ, വെട്ടിയ ഇരുമുറിയും, പാലക്കാട്ടശ്ശേരി ഇട്ടണ്ണിരാമത്തരകന്റെറ, വെള്ളിക്കോൽക്കു തൂക്കിക്കൊണ്ടാൽ, കുന്നിമഞ്ചാടി മാകാണിക്കു നീക്കുത്തുക്കുമുണ്ടെങ്കിൽ, വെട്ടിയതു വെട്ടല്ല, കുത്തിയതു കുത്തല്ല, മലനാട്ടിൽനിന്നും തുളുനാട്ടിലേക്കു പോകുന്നോനല്ല, തുളുനാട്ടിൽനിന്നും മലനാട്ടിൽച്ചവിട്ടുന്നോനല്ല, 'വല്ലപട്ടാകരു'ക്കളെന്നും ചൊല്ലുവേണ്ട."

നമ്മുടെ പഴയ ഈടുവയ്പുപെട്ടികളിൽ ഈവക പലതും കിടപ്പുണ്ടെന്നുള്ളതു്, ഉപ്പോഴുള്ള ചെറുപ്പക്കാർ അറിഞ്ഞിരുന്നാൽ പണ്ടുള്ളവർ പണിപ്പെട്ടു നേടിവെച്ചതു വെറുതെയാ വാതിരിക്കുമായിരുന്നു.

ഇമ്മാതിരി കറകളഞ്ഞ പൊൻപൊടികളിരിപ്പുള്ളപ്പോൾ വെറുതേ കടംവാങ്ങി നട്ടന്തിരിയുന്നതു് എന്തിനാണാവോ!

എന്നാൽ നല്ലതായ ഒന്നിനെപ്പറ്റി പാടുക്കയോ പറയുകയോ എഴുതുകയോ ചെയ്യുമ്പോൾ കൂട്ടിച്ചേർക്കുന്ന മൊഴികൾക്കു നല്ലതുകൂവും മുഴുപ്പും ചൊടിയും ചൊണയും വരുത്തേണമെങ്കിൽ വെറും പച്ചമലയാളത്തിനേക്കാൾ രണ്ടാംമാതിരി കടംവാങ്ങിയ മൊഴികളുംകൂടി ഇടകലത്തിയാലാണ് എളുപ്പമെന്നു് എനിക്കും ചിലപ്പോൾ തോന്നാനിടവന്നിട്ടുണ്ട്.

എന്റെറ കൂട്ടുകാർ പലപ്പോഴും ഉരിയാടാറുള്ളതുപോലെ രണ്ടാംമാതിരി കടംവാങ്ങിയ മൊഴികളെടുത്തു വിലക്കുന്നതു് എങ്ങിനെനോക്കിയാലും ഒട്ടും കണക്കിലല്ലെന്നു പിന്നെയും പിന്നെയും പറയേണ്ടിവരുന്നു. ഇനിയും അവരിതു കൂട്ടാക്കുന്നില്ലെങ്കിൽ ഈ കാട്ടായംകാരുടെ നടപ്പൊക്കെ മറന്നുംപോയി അരയന്നത്തിന്റെ നടപ്പൊട്ടു കിട്ടിയതുമില്ല,' എന്നപോലെയായിത്തീരുകയേ ഉള്ളു.

പച്ചമലയാളി.

ദാരിദ്ര്യഗഹനം.

——— : o : ———

1 ഉലകിൽ കുടിയേറിവാഴുവാൻ
പലതും പാക്കിലുണ്ടു ദുഷ്ടം
അതിൽ വെച്ചുദരിദ്രഭാവമാ
ണധികം ദുസ്സഹമായസങ്കടം ॥

2 ഗുണദോഷവിവേകബുദ്ധിയും
ഗുണവാന്മാരൊടു നല്ലിണക്കവും
അണയുന്നിതൊരുത്തനെങ്കിലും
പണമില്ലെങ്കിലതൊക്കെ നിഷ്ഫലം ॥

3 കരികണ്ടുമതിൽ കരേറിനൽ
പരിവാരത്തൊടു യാത്രചെയ്യുവൻ
ചരണേനചരിച്ചിടുന്നിതി
ച്ചരിതം ഹന്തദരിദ്രതാഫലം ॥

4 അപരൻനിലവിട്ടുചെയ്തിടു
ന്നപരാധങ്ങളിവങ്കലായ്കയും
നൃപസേവയുമിന്നു നാസ്തിയാ
മപമാനായ ദരിദ്രജീവിതം ॥

5 മൃതലൊക്കെനശിച്ചു പോയവൻ
മൃതദേഹത്തൊടു തുല്യനെന്തുയും
സുതനും പ്രിയയും സുഹൃത്തുമ
ച്ചിതമില്ലാത്തവനിൽ പ്രിയപ്പെടാ ॥

6 അറിവുള്ളൊരു യോഗ്യനാകിലും
വെറിയൻ നല്ലൊരുകായ്മക്കിലും
പറയുന്നതുസമ്മതിക്കുവാൻ
കുറയുംഹന്തജനങ്ങൾ സന്തതം ॥

7 ഉദരം നിറയാതെയന്തികേ
കുദിതം ചെയ്യുമരും ശിശുക്കളെ

പതിവായ് ബത കണ്ടിരുന്നിടും
ഗതിയില്ലാത്തവനെത്ര നിന്ദിതൻ ॥

8 മനുജന്നിഹകർമ്മവാസന
യ്ക്കനുരൂപം ഫലമെത്തുമെങ്കിലും
ഒരുകാലവുമിദ്ദരിദ്രനാ
യ്ക്കുടവാനായിവിധൈ! വിധിക്കൊലാ ॥

തേലപ്പുറത്ത നാരായണനമ്പി.

ഒരു വിലാപം.

———;o:———

൧

൧. പലജന്തുഗുണങ്ങളും, പരം
ഫലമേറുന്ന വിശേഷബുദ്ധിയും,
നിഖിലം നിജവശ്യമാക്കുവാ
നിയലും ശക്തിയുമാർന്നിസ്സുഖം,

൨. ഒരു ജീവിജനിച്ചമാനുഷൻ
ധരയിൽസൃഷ്ടിയുമാർന്നുചൂണ്ണമായ്
പരമേശ്വരസൃഷ്ടികൌശലം
പരമോൽകൃഷ്ടതയേയുമാർന്നതെ

൩. പരജീവികളിൽപെടാത്തതായ്
പലചട്ടങ്ങളാ കലർന്നുമാനുഷൻ,
ഉലകൊക്കയുമെൻറെയെന്നതാ
നുളറിപ്പൊങ്ങി നടന്നിടുന്നിതാ!

൪. ഏവിടുന്നെവിടെക്കു വന്നുഞാ
നെവിടക്കാണു ഗമിപ്പതിന്നിമേൽ,
ഇവനേതുവഴിക്കുചോവതി,
ങ്ങെങ്ങനാ നേർവഴി കാട്ടിവിട്ടിടും,

൫. ഇവനുള്ളൊരു ജോലിയെന്തതൊ
നെവിടെച്ചെയ്യണമേതുമാതിരി

അതിനിന്നിയചുന്നകാലമേ
തിതിചിന്തിപ്പവരെത്ര ഉല്പലം.

൫

ഗുണമെന്നാരു വസ്തുമാത്രമ
ല്പിണയാ യ് ദോഷവുമൊന്നു കാണുമേ
ഗുണദോഷ വിവേകമെന്നിയേ
പിണയും തെറ്റുകളറമറതാം.

൬. ഒരുനാട്ടു പിടിച്ചടക്കി, ന
ല്ലൊരുവൻ കോട്ട ചമച്ചുറപ്പിനായ്,
മണിമേടമഹാ വിശേഷമായ്
പണിചെയ്താ യതിലകരിച്ചതിൽ,

൭. സുഖമായ്ടികൊണ്ടിടാമിനി
സ്സുകരം സത്വവുമെന്നറയ്കവേ
പിടിവിട്ടിഹ നാടുമൊക്കയും
കടലിൽ താണു മടിഞ്ഞിടുന്നഹോ!

൮. അറിവില്ല കഴിഞ്ഞതൊന്നുമേ;
അറിയാവല്ല വരുന്ന കാര്യവും;
അഥനാനമടുത്ത മാത്രയിൽ
കഥയെന്താണതുമാക്കറിഞ്ഞിടാം?

൯. ചെറിയോടു ജഗത്തിനൊത്തിടും
മറിമായങ്ങളറിഞ്ഞിടാ നരൻ,
ഫലമെന്തു വിശേഷബുദ്ധിയാൽ
കലരുന്നുണ്ടവനായവസ്ഥയിൽ?

൧൦

൧൦. അയി! ജീവിതശൈലമൗലിയിൽ
കയറാൻ കോപ്പുകൾ കൂട്ടിടുന്നിഹ
നരസഞ്ചയമാശയായിടു
ന്നൊരു പാശത്തിനെയാശ്രയിച്ചുതാൻ.

൧൧. ചില രാത്രിയതിൽ പിടിക്കുവേ
ചിലരൊട്ടുണ്ടു കടന്നുകൂടവേ

ചിലരറിയുമെന്നുപറഞ്ഞീയെ
ന്നലമോത്തുള്ള രസിച്ചുതുള്ളുവേ

ന. അതു പൊട്ടിമറിഞ്ഞഗാധമായ്
മുതിരും മുള്ളുനിറഞ്ഞ കുണ്ടതിൽ
ബത! വീണവലഞ്ഞുരക്ഷതൻ
വഴികാണാതെ വശംകെടുന്നഹോ

ക. ഒരുവിത്തു വിതച്ച മേസുഖം
കരുതിക്കൊണ്ടു, മുളച്ചുതങ്ങനെ
വളമിട്ടു, വളർന്നുപൊങ്ങവേ
തലവെട്ടുന്നിതുചാഴി കഷ്ടമേ

ക. "വഴിപോലെ വരുന്നതൊക്കയും
വിധിയെന്നോർത്തു പൊറുക്കയെന്നിയേ
കഴിവില്ലൊരുവക്കുമൊന്നു" മീ
മൊഴി നേരെങ്കിൽ മനുഷ്യനെന്തുതാൻ?

സ

ഫ. "രേകനാശു പരീക്ഷയൊക്കയും
പുകഴോടിന്നു ജയിച്ചുവന്നിടും,
വഴിപോലിനിമേൽ സുഖിച്ചിടാം,
വരമുദ്യോഗമവന്നു കിട്ടിടും;

ഫ. ഇനി നമ്മുടെ ഭാഗ്യകാലമായ്;
ധനവും മാനവുമിങ്ങുയർന്നിടും;
പല കഷ്ടതയോടെതുത്തിനി
പ്പുകവീട്ടാം പരമിശപോലവെ,

ന. ഇതിചിന്തയൊടശനമ്മമാ-
രെതിരേല്ക്കാൻ പടിവാതിൽ കാക്കുവേ
സുതനോ, പുകവണ്ടിയാറിൽ വീ
ണതികഷ്ടം! വഴിമേൽ പരേതനായ്,

ര. "ശ്ലോകവാണിശമിച്ചിടട്ടെ ഞാൻ
പകലേതന്നെ തിരിച്ചുവന്നിടാം"

ഇതിചൊല്ലിയുഷസ്സിൽവേർപിരി
ഞ്ഞിതു കാന്തൻ നിജവേല നോക്കുവൻ

൩, അരിയും കറിയും ചമച്ചുചോയ്
കുളിചെയ്തു കുറിയും ധരിച്ചവൾ
വരവാണിയൊരുങ്ങിവാണവൻ
വരവും പാത്തിറയത്തു മുമ്പിലെ.

൭

൯. മിഴിനിശ്ചലമായ് പ്രതിക്ഷണം
വഴി, കാണുംവരെ നീട്ടിനോക്കുയും;
പലവാറുമിടയ്ക്കവൻ വരും
വഴിമദ്ധ്യംവരെ വന്നുപാക്കയും,

൧൦. മുകരാന്തികമെത്തിയാതുരൻ
മുഖവും പുമാടി കെട്ടിവച്ചതും
ഉടമോടിയുമിഷ്ടനിഷ്ടമാ
യിടമോയെന്നു പരീക്ഷചെയ്കയും;

൧൧. ഒരുപക്കമകന്ന താപിതൻ
തിരുമാറിന്നു നടുക്കുനീക്കയും'
നയനാഞ്ജനമൊന്നൊലിച്ചുത
മ്മടിതൻതുമ്പതിനാൽ തുടക്കയും,

൧൨. ഇടയിൽപ്രിയമായ്പ്രിയന്റെ കാ
ലടി കേട്ടെന്നു വൃഥാ ഭ്രമിച്ചലം
ഉടനോടി വഴിക്കലെത്തിയു
ല്കടതാപാൽ തിരിയെഴുമിക്കയും;

൧൩. ഇവിടെബ്രഹ്മങ്ങളിങ്ങനെ
ശിവനേ! തത്സുഖമൂലമെങ്ങവൻ?
അവനോ? കഠിനം ശൂദ്രാംഗിയാ
ളവൾതന്നാശ നശിച്ചു സർവ്വവും.

സി. എസ്. സുബ്രഹ്മണ്യൻ പോറ്റി.

ഒരെഴുത്ത്.

വിവേകാനന്ദസ്വാമികൾ ഒരു സ്നേഹിതനയച്ചത്)

യോഗം, ഭോഗവു മാലയസ്ഥിതിയുമാസ്സത്തായ സന്ന്യാസവും,
ലോകേശൻ ചടുകുക്കി, പൂജ, ധനമാജ്ജിക്കുന്ന മാർഗ്ഗങ്ങളും,
ത്യാഗം, നേർമ്മക,ളെന്നുവേണ്ട വലുതാം തീവ്രവ്രതാദ്ധ്യങ്ങളും
ഹാ, കണ്ടേനിവയൊക്കെയേറെമവതന്നുള്ളിട്ടു മൂടാടിഞാൻ ॥ 3.

കാണുന്നില്ലൊരു ചെറുസൌഖ്യമിവിടെക്കാൺജലത്തെക്കൊതി-
ച്ചേണംപോലുഴലുന്നതാണു രസമോഹംതേടുമിജ്ജീവിതം.
ഊനംവിട്ടുണരുന്നൊരുത്സവമായുവന്നാൽമനോരിൽ വർദ്ധിക്കുമോ
ന്യൂനം ജീവിതമത്തൃഷ്ണസഹവുമായ്, ത്തീരുന്നു പാരിൽ സഖേ! ॥ 4.

സ്വാർത്ഥപ്രീതിവെടിഞ്ഞു വിസ്തൃത മനസ്സാംഭോനല്പോഭവാ
നാത്മാവങ്ങിനെയുള്ളവക്കിവിടെ വാഴാവുള്ള തെല്ലും സഖേ! .
അത്യന്തോഗ്രമിരുമ്പുകൂടമെതിരിട്ടേറുന്നതല്ലാകവേ
പുത്തൻചാരുചളുങ്കുചാവയുടെമേലേറിക്കിൽസഹിക്കാവതോ? ॥ 5

ഉള്ളത്തിൽ കനിവൊട്ടുമെന്നി യതിനീചതപത്തൊട്ടും, നല്ലുതൻ-
തുള്ളിക്കൊത്തുമനുത്തഴുംമൊഴിയൊടും നഞ്ചൊത്തനെഞ്ചത്തൊടും
കള്ളംതന്നെനിറഞ്ഞു നേരകലയായ് തന്നെബ്ബരിപ്പാൻസദാ
തള്ളിക്കേറുമൊരുത്തനാകിലിവിടെസ്സൌഖ്യംനിനക്കും സഖേ! ॥ 6.

നന്നായാഞ്ഞഥ ജീവിതം ചണയമായ് വച്ചു പഠിച്ചീടുവാ
നിന്നേവം വിധമായിതെന്റെ സമയംഹാ! പാതിയുംപോയിതേ.
എന്നല്ലോപ്രിയ മൂലമായിഹ സഖേ! യുന്മത്തനെപ്പോലെ ഞാൻ
ചെന്നോരോന്നു പിടിച്ചതൊക്കെ നിഴൽപോൽ നിസ്സാര
മായ് പോയിതോ ॥ 7.

കൂട്ടുള്ളാരുടെ കൂട്ടുവിട്ടഹഹ! ഞാൻ കൂറയ്യരെക്കെട്ടിൽ
കീറക്കുഴിയുറ്റു കണ്ടടിതോറും പോയിരന്നു സഖേ! .
തീരെ ക്ലേശമിയന്നതീവ്രതരമായീടും വ്രതം നോറു താൻ
പാരംമേനിയലഞ്ഞുഹാ! ഫലമെനിക്കുണ്ടായതെന്തായതിൽ? ॥ 8.

നന്നായിട്ടറിയി! കോമളയെന്റെ ഹൃദയം നിന്നോടുരയ്ക്കാം സഖേ!
യിന്നെൻ സ്ഥാനമവത്തിൽനിന്നറിവതാ മീസ്സത്യമത്യുത്തമം ।
ഒന്നായോർത്തുമെടുത്തടിച്ചു ചുഴലിക്കും ജീവിതത്തിരകളിൽ
യൊന്നായ്കടവുള്ളോരുത്തനുകടന്നങ്ങേക്കരപ്പോകുവാൻ ॥ 9.

ഉപദേശിക്കിൽ ചരിചയ്ക്കുതൻ വിധികളും, പ്രാണൻനിരോധിപ്പതും,
മോഹംതാൻ ചരവിദ്യയും, പ്രകൃതിവിജ്ഞാനാദി ശാസ്ത്രങ്ങളും ।
ആഹാ! മാനസവിഭ്രമങ്ങളിഹ സത്യത്യാഗമത്യാഗവും,
'സ്നേഹം' 'സ്നേഹ'മിതൊന്നുതന്നെ സകലം പാർത്താൽ ചദാത്മം സഖേ! ॥ 10.

ജീവൻ, ബ്രഹ്മവു, മീജഗത്തിലഖിലേശൻ മർത്ത്യനും പിന്നയി-
ന്നേവം പ്രേതപിശാചവസ്തുവു, മഹോ വേതാളഭൂതങ്ങളും, ।
ദേവന്മാർ, പശുപക്ഷിജാതി, കൃമികീടംതൊട്ട സൃഷ്ടങ്ങളും
താവന്നാണ്ടുവെടിഞ്ഞിടാതെ ദൃഢമായിസ്നേഹമുൾത്താരതിൽ ॥ 11.

വേറാരോതുകയിന്നു ദേവനിരകൊമ്പം ദേവനാകുന്നതോ ?
നേരായോർക്കിലാരു സത്വവുമിളക്കിക്കൊണ്ടു നില്ക്കുന്നതോ ? ।
ഓരുന്നോമാ, ശിശുവിന്നുവേണ്ടിയൊരുമാതാവോമരിക്കുന്നതും
ചോരൻകൊള്ളയിടുന്നതുംസകലവുംസ്നേഹംനിമിത്തംസഖേ! ॥ 12.

എൻ. കുമാരൻ ആശാൻ.

വിദ്യാഗുണദോഷം.

———:o:———

അത്യന്തോഗ്രശ്രുതിവിഷമയദ്ധ്വാനമുള്ളോരുലോകം
നിത്യം സഞ്ചുസ്ഥരമിഹചിഴക്കാത്തമട്ടിൽ പഠിച്ച് ।
ശ്രോതൃാനന്ദത്തിനു സദകളിൽചെന്നു പാടുന്നചാരം
ചിത്രം മറ്റൊന്നിതിനു സമമായുള്ളു പാരുള്ളിലോത്താൽ ॥ ൫.

അത്മത്തിങ്കൽ ബഹുവിധമസംബന്ധവും സന്ധിദോഷാൽ
വൃത്തത്തെറ്റും വികൃതി പലതും ചേർത്തുതീർത്തുള്ള കാവ്യം ।
പഠിത്തോറും പലരുമെഴുതീടുന്നു പാരിൽ പരത്താൻ
ചിത്രംമറ്റൊന്നിതിനു സമമായുള്ള പാരുള്ളിലോത്താൽ ॥ ൬

അത്ഥം തെല്ലും തെളിവോടറിവാൻ ബുദ്ധിയില്ലാത്തലോകം
നിത്യം ശബ്ദം സകലമുരുവിട്ടിട്ട ശാസ്ത്രജ്ഞനാമം ।
വ്യത്ഥംവാങ്ങി സ്സടകളംനടുവിൽചെന്നുചേരുന്ന കഷ്ടം
ചിത്രം മറെറന്തിതിനു സമമായുള്ള പാരുള്ളിലോത്താൽ ॥ ൯

വിദ്വേ! സത്പ്രാത്ഥസംസാധകമഹിതഗുണം കൂട്ടമായിട്ടശേഷം
ഹൃദ്യതപംചേന്നുനിന്നിൽതെളിവോടധികവായുണ്ടു രുന്നില്ലപക്ഷം.
ഇട്ടികിൽ ദോഷമൊന്നുണ്ടതിഗുണമയിയായുള്ളനിൻമൂലമായ്ത്തീരും
വിദ്വൽപ്പേരിന്നുവേണ്ടിപ്പലർചലവകയായ് ഗോഷ്ഠികാട്ടുന്നകഷ്ടം॥
നന്നായിപ്പലതുണ്ടു പാരിലതിൽവെച്ചിട്ടേതിനായേതവൻ
ചെന്നാലാത്ത ഫലിക്കുമെന്നകുരുതിക്കായ്ക പ്രവൃത്തിക്കണം ।
എന്നാലേ സുഖമാകയുള്ളു ദുഃഖമല്ലെന്നാകിലോ കണ്ണിലെ
ണ്ണൊന്നായിട്ടു ലവണ്ടർ വീഴ്ത്തിവലയും പൊട്ടൻറെമട്ടായ്വരും ॥ ൧൦

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

———:0:———

വളരെ പ്രാചീനവും ഏറെറവും അപൂർവ്വവും ആയ ‘‘കേരളക്ഷിതിരത്നമാല’’ എന്ന താഴേവരുന്ന ഗ്രന്ഥരത്നം രസികരഞ്ജിനീ മുഖേന പൊതുജനോപകാരമാക്കിത്തീർക്കുവാൻ അനുവാദം തന്നതിനു കേ. ചി. പത്മനാഭമേനോൻ. ബി. എ; ബി.എൽ. എം. ആർ. എ. എസ്സ്. അവർകൾക്കു ഞങ്ങൾ എത്രതന്നെ കടപ്പെട്ടിരിക്കുന്നുവെന്ന് അറിയിക്കുവാൻ കേവലം വാക്കുകളെക്കൊണ്ടുമാത്രം സാധിക്കുന്നതല്ല.

ഇതിലെ ശ്ലോകങ്ങളെല്ലാം സംസ്കൃതത്തിലാണെങ്കിലും, മണിപ്രവാളത്തിനെന്നപോലെ അവക്കുള്ള ലാളിത്യവും വിഷയത്തിൻറെ ഉപകാരതയും കൃതിയുടെ പഴക്കവും എല്ലാംകൂടി ആലോചിച്ചുനോക്കുമ്പോൾ ‘‘കേരളക്ഷിതിരത്നമാല’’, കേരളഭാഷാത്രുപിണിയായ ‘‘രഞ്ജിനിക്ക്’’ ഒരു ഭൂഷണമായിട്ടുതന്നെയാണ ഞങ്ങൾ വിചാരിക്കുന്നത.

കേരളക്ഷിതിരത്നമാല

—————:o:—————

ശ്രീ

പ്രണമ്യദേവംവിഘ്നേശം പ്രണമ്യചസരസ്വതീം.
ക്ഷിതിരത്നസ്രജം വക്ഷ്യേ മനോജ്ഞാംകേരളോചിതാം. ക.

വിഘ്നേശ്വരനായ ഗണപതിയേയും സരസ്വതിയേയും നമസ്കാരം ചെയ്ത് മനോഹരമായും കേരള ദേശത്തേക്ക് യോഗ്യമായും ഇരിക്കുന്ന ക്ഷിതിരത്നമാല എന്ന ഗ്രന്ഥത്തെ പറവാൻ തുടങ്ങുന്നു.

മധുകൈടഭയോഃപൂർവ്വം മേദസാകല്പിതാമഹീ
വിഷ്ണുനേത്രസമാഖ്യാതം ദ്വിജവര്യസുമേധസാ. ഖ.

പണ്ട് വിഷ്ണുഭഗവാൻ മധുവെന്നും കൈടഭൻ എന്നും പേരായ രണ്ട് അസുരന്മാരുടെ മേദസ്സുകൊണ്ട ഭൂമിയെ സൃഷ്ടിച്ചതായി സുമേധസ്സ് എന്നമഹർഷിയാൽപറയപ്പെട്ടിരിക്കുന്നു.

വർണ്ണാശ്രമപരിത്രാണം ധരായാം കരജോചിതം.
തസ്മാദ്ധരാധിപാൻ പ്രാഹുഃപ്രായേണകരസംഭവാൻ. ഗ.

ഭൂമിയിങ്കൽ വർണ്ണങ്ങളും എന്ന ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രന്മാരേയും ആശ്രമങ്ങളും എന്ന ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥത, ഭിക്ഷുകത്വം ഇവയേയും രക്ഷിക്കുന്നത ക്ഷത്രിയന (കരജൻ—വിഷ്ണുവിന്റെ കരത്തിങ്കൽനിന്ന ജനിക്കയാൽ ക്ഷത്രിയനു കൗജൻ എന്നും ബാഹുജൻ എന്നും പേർ) യോഗ്യമായിട്ടുള്ളതാകയാൽ മിക്കവാറും രാജാക്കന്മാർ ക്ഷത്രിയന്മാരെന്ന പറയപ്പെടുന്നു.

മുശോന്നുഡ്ഡസദനം ഗോകർണ്ണാഖ്യമനുത്തമം
സമുദ്രാദുദ്ധൃതംയാവദ്രാമേണോട്ടഭസൂനുനാ. ങ.

ഉത്ഭൂതം കേരളംതാവൽപാരാവാരാദുപാരതഃ
ബ്രാഹ്മണോത്ഭോദദൈവരാമൊ വിപ്രാസ്സൽകേരളാധിപാഃ. ച.

ഭാർഗ്ഗവരാമൻ (പരശുരാമൻ) അതി ശ്ലാഘ്യമായ ഗോകർണ്ണശിവക്ഷേത്രത്തെ സമുദ്രത്തിൽനിന്ന എപ്പോൾ ഉദ്ധരണം ചെ

യുവൊ അപ്പോൾ അപാരമായ സമുദ്രത്തിൽനിന്ന ഉണ്ടായതായ കേരളത്തെ പരശുരാമൻ ബ്രാഹ്മണക്ക ദാനംചെയ്തുകൊണ്ട ബ്രാഹ്മണർ കേരളാധിപന്മാരായിത്തീന്നു.

പാരുഷ്യവാക്യപരഹിംസനരോഷതൃഷ്ണ
ഡംഭോൽഭവൈന്നിയമലോപമുഖൈരുപായൈഃ
വിപ്രൈഃപ്രണഷ്ടതപസാംക്മഹസ്സുതസ്യ
ധാമപ്രയാന്തിധരണീഭരണാദവശ്യം. ന്ധ.

ബ്രാഹ്മണർ രാജ്യഭരണംചെയ്യുമ്പോൾ പരുഷവാക്ക, പരഹിംസ, കോപം, ആഗ്രഹം, അഹമ്മതി മുതലായ പാപങ്ങൾകൊണ്ട തപസ്സില്ലാത്തവരായി ധമ്മരാജ (അക്മഹസ്സുതൻ) പുരിയെ പ്രാപിക്കുന്നു.

ഏതസ്മാദ്രാജ്യഭരണോ. കേരളക്ഷിതി പുംഗവാഃ
ശസ്ത്രീണപുരുഷാൻ ശ്രേഷ്ഠാൻ തേകുർവ്വന്ത്യധികാരിണഃ. ഒ.

മേൽപറഞ്ഞതുകൊണ്ട ആ (പാപഭീരുക്കളായ) കേരളബ്രാഹ്മണർ രാജ്യരക്ഷക്കായി ചില ശ്രേഷ്ഠന്മാരായ ആയുധപാണികളേ അധികാരികളായി വെക്കുന്നു.

കേരളേഭ്രളുസ്തേസ്യുർവ്വിപ്രൈന്നിയമിതാന്നൃപാഃ
നകരഗ്രാഹിണസ്തേവൈപ്രജാനാംപരിപാലകാഃ. ഫ.

കേരളത്തിൽ ബ്രാഹ്മണരാൽ നിയമിക്കപ്പെടുന്ന രാജാവിന്ന രാജ്യാധിപത്യം കിട്ടുന്നു. ആ രാജാവ കപ്പം വാങ്ങുന്നില്ല. പ്രജാപരിപാലനംചെയ്യുവരുന്നു.

തേഷാംപൃഥിവീഭുതാംവിപ്രൈഃ പ്രദത്താനിജഭൂതലേ
സപ്തൈവസപ്തൈവലക്ഷാണ്ഡൈഃ പൃഥിവീഭരണനിഷ്കൃതിഃ. ൻ.

ബ്രാഹ്മണരാൽ നിയമിക്കപ്പെട്ടവരും കപ്പം വാങ്ങാതെ രാജ്യഭരണംചെയ്യുന്നവരും ആയ രാജ്യാധിപതികൾക്ക ബ്രാഹ്മണർ ചെറുതായ ഓരോ ഭൂഖണ്ഡം പ്രതിഫലം കൊടുക്കയും ചെയ്യുന്നു.

പ്രജാനാമപിദാസ്യന്തികേരളേധരണീംദ്വിജാഃ
മിഥസ്തേചാചികുർവ്വന്തിധരണീക്രയവിക്രയം. ഫ൦

കേരള ബ്രാഹ്മണർ ഭൂമിയെ തങ്ങളുടെ പ്രജകൾക്ക കൊടുക്കുകയും അവർതന്നെ അന്യോന്യം ക്രയവിക്രയങ്ങളും ചെയ്യുകയും ചെയ്യുവരുന്നു.

ആദത്തേപൃഥിവീംയസ്മൈകേരളേസോദകന്നരഃ
സഫുവതസ്യനാഥസ്യാൽസന്തസ്തംജനിനംവിദുഃ ൫൫.

കേരളത്തിൽ ഉദകപൂർവ്വം യാതൊരു മനുഷ്യൻ ഭൂമിയെ വാങ്ങുന്നുവൊ അവർതന്നെ അതിന്റെ നാഥനായി ഭവിക്കുന്നു. അവനെ സജ്ജനങ്ങളും ജന്മി എന്ന് അറിയുന്നു.

ജന്മേശ്വരത്വമത്ര്യാനാം പഞ്ചധാഭവതിക്ഷിതൌ
ക്രീതംസഹജമാക്രാന്തം ദത്തംലബ്ധകാലജം ൫൬.

ഭൂമിയിൽ ജന്മം അഞ്ചുവിധമായി മനുഷ്യന്മാക്കുണ്ടാകുന്നു. അവ (൧) ക്രീതം (൨) സഹജം (൩) ആക്രാന്തം (൪) ദത്തം പ്രകാരമായ ലബ്ധം (൫) കാലജം ഇങ്ങിനെ അഞ്ചുവിധമാകുന്നു.

മൂല്യേജതാവുവിധിവത്സോദകം ധരണീസുരഃ
ആദത്തേയന്തുതൽപ്രോക്തം ജന്മക്രീതംബുധോത്തമൈഃ ൫൭.

മനുഷ്യൻ വിലകൊടുത്ത ഉദകപൂർവ്വമായി വിധിക്കു ഒത്തവണ്ണം വാങ്ങുന്ന ജന്മം ക്രീതജന്മം എന്ന വിദ്വാന്മാരാൽ പറയപ്പെട്ടിരിക്കുന്നു.

ബലാൽഗൃഹീതം ഭൂഖണ്ഡംആക്രാന്തംസമുദീരിതം
യിപ്രോക്ഷിഷ്ടന്തുപാണാന്തൽപ്രോക്തന്നാന്യസ്യകേരളേ. ൫൮.

ബലാൽക്കാരംകൊണ്ട ആക്രമിച്ച കിട്ടിയ ഭൂഖണ്ഡത്തിന്ന ആക്രാന്തജന്മം എന്ന പേർ. ഈ ജന്മം മലയാളത്തിൽ ബ്രാഹ്മണർ നിയമിക്കുന്ന രാജാക്കന്മാക്കല്ലാതെ മറ്റൊരുത്തക്കും സിദ്ധിക്കുന്നതല്ലാ.

യേവൈഭൂതദ്രുഹോലോകേ ദേവബ്രാഹ്മണനിന്ദകാഃ
അഗമ്യയോഷിത്സക്താശ്ചഭൂപാജ്ഞാലംഘകാശ്ചയേ ൫൯.
ഗൃഹദാഹാദികർത്താരോധർമ്മകർമ്മവിരോധിനഃ
പ്രതിമാസുചചൈതന്യനാശനോദ്യതവൃത്തയഃ ൬൦.
വിരോധിനശ്ചപാന്ഥാനാംചോരോന്തഃപുരസന്നിധാം
തൃക്കുവണ്ണാശ്രമോയശ്ചപരമുദ്രാവിലേഖകഃ ൬൧.

ഏതേഷാംവൃഥിവീ സർവ്വാബലാദാക്രമ്യതേനൃപൈഃ
ആക്രാന്തജന്മതൽജ്ഞേയംദേവാനാമപിതൽഭവേൽ. ൧൫.

ആക്രാന്തജന്മംരാജാവിനമാത്രം സിദ്ധിപ്പാൻ കാരണത്തെ പറയുന്നു. പ്രാണിദ്രോഹം, ദേവനിന്ദ, ബ്രാഹ്മണനിന്ദ, അഗമ്യാഗമനം, രാജശാസനാലംഘനം, ഗൃഹദഹനം മുതലായ്ക, ധർമ്മകായ്യ്വിരോധം, ഒരംശപരമ്പരാങ്ങൾക്ക സാന്നിദ്ധ്യത്തെ നശിപ്പിപ്പാൻ വേണ്ടുന്ന ശ്രമം, വഴിയാത്രക്കാക്ക വിരോധം, സ്ത്രീകൾ ഇരിക്കുന്ന സ്ഥലത്തിലെ സ്വത്തിനെ അപഹരിക്കുക, വർണ്ണാശ്രമമര്യ്യാദയെ വിട്ടനടക്കുക, കള്ളപ്പിടുക മുതലായ പാപംചെയ്യുന്നവരുടെ ഭൂമിയെമുഴുവനും രാജാക്കന്മാർ അപഹരിക്കുന്നു. ഇങ്ങിനെ കിട്ടുന്ന ഭൂമിക്ക ആക്രാന്തജന്മം എന്നുപേർ. ഒരം ജന്മം ഒരം ശപരമ്പരാക്കും സിദ്ധിക്കും.

ചൈതന്യനാശനംകർമ്മപ്രതിമായാംകരോതിയഃ
സർവ്വമാക്രമ്യതൽഭൂമീംദ്രാദ്ദേവായതൽപരിഃ ൧൭.

ഒരംശപരമ്പരാഭൂമിക്കൽ സാന്നിദ്ധ്യം കളവാൻ ശ്രമിക്കുന്നവന്റെ ഭൂമിയെ മുഴുവൻ അപഹരിച്ച രാജാവ ആ ദേവനവഴിവാടചെയ്യേണ്ടതാകുന്നു. (അതിനാൽ ആക്രാന്തജന്മം ദേവനും ഉണ്ട.)

വൃഥാദീഭരണവൃത്തിനാം വൃഥാദീഭരണവൃത്തിഭിഃ
ബലാദാക്രമ്യതേ വൃഥാപ്രജാനാന്നതുമേദിനീ ൧൮.

രാജാക്കന്മാർ മറെറാരു രാജാവിന്റെ ഭൂമിയെ ബലാൽകാരംകൊണ്ട അപഹരിക്കാറുണ്ടെങ്കിലും പ്രജകളുടെ ഭൂമിയെ (മുമ്പ വിവരിച്ച കാരണങ്ങളം കൂടാതെ) അപഹരിക്കുമാറില്ല.

ഭൂപാലാബഹവോവിപ്രൈർദോസാഹ്യവപ്രകല്പിതാഃ
ദേവബ്രാഹ്മണരക്ഷാർത്ഥം രാജശബ്ദയുതായുതാഃ ൧൯.

ബ്രാഹ്മണന്മാർ അനേകരാജാക്കന്മാരെ ദേവന്മാരെയുംബ്രാഹ്മണരേയും രക്ഷിപ്പാൻവേണ്ടിരാജശബ്ദത്തോടുകൂടിയും കൂടാതെയും തങ്ങളുടെ ദാസന്മാരായി കല്പിച്ചിട്ടുണ്ട്.

തേഷാന്നിയതസങ്കേതാദ്രാഷ്ട്രാദ്യാസ്യാൽബഹിർഭരാ
സാതന്യൈരാക്രമ്യതേഭൂപൈഃ ബലാദേവബലാൽക്കുടൈഃ ൨൦

അവരുടെ സങ്കേതസ്ഥലത്തിൽനിന്ന പുറത്തുള്ള രാജ്യം അധികം ബലമുള്ള അന്യരാജാക്കന്മാരാൽ ആക്രമിക്കപ്പെടുന്നു.

കേരളസ്യപരിത്രാണംമാതൃവംശ്യൈഃകൃതംപുരാ
സവ്വത്രകേരളാധീശം കുർവ്വന്ത്യകൃതപാർഥിവാഃ ൨൧.

കേരളദേശസംരക്ഷണം മരുമക്കത്തായക്കാരിൽ കല്പിക്കപ്പെട്ടിരിക്കുന്നു. ആ ബ്രാഹ്മണർ ഒരുരാജാവിനെക്കൊണ്ടുവന്ന കേരളരാജ്യത്തിന്ന മുഴുവനും അധിപതി ആക്കിത്തീർക്കുന്നു.

കാശ്മീരാവന്തിചൊളാടിരാഷ്ട്രത്രൈക്ഷത്രിയന്മദ്വിജാഃ
ആനീയമാതൃവംശ്യന്തം കൃതപാകുർവ്വന്തിഭൂമിപം ൨൨.

കാശ്മീരം അവന്തി ചോളം മുതലായ ദേശങ്ങളിൽനിന്ന ഒരു രാജാവിനെക്കൊണ്ടുവന്ന അവനെ മരുമക്കത്തായക്കാരനാക്കി രാജാവാക്കിവെക്കുന്നു.

ഏവമബ്ദസഹസ്രാണി പ്രാപ്യുഃ ഭൂപാലാഃ കേരളേപുരാ
തൈർദ്ദത്തരക്ഷിതയശ്ചാചിരാജാനസ്സന്തികേചന ൨൩.

ഇങ്ങിനെ കേരളത്തിൽ അനേകം ഭൂപാലന്മാർ ചെന്ന വന്നിട്ടുണ്ട. അവരാൽ കൊടുക്കപ്പെട്ട ഭൂമിയുള്ള ചിലർ രാജാക്കന്മാരായിരിക്കുന്നു.

ശ്രേഷ്ഠാധരാക്ഷത്രിയ പാലിതാസ്യാ
ദാഢ്യാഭവേൽബ്രാഹ്മജമേദിനീച
വിപ്രക്ഷിതിഃശ്രേഷ്ഠതമേതിലോകേ
പ്രോക്താമുനീന്ദ്രൈഃ ഖലുമദ്ധ്യമാന്യാ. ൨൪.

ക്ഷത്രിയൻ സംരക്ഷണംചെയ്യുന്ന രാജ്യവും ക്ഷത്രിയന്റെ രാജ്യവും ശ്രേഷ്ഠതയുള്ളവയാകുന്നു. ബ്രാഹ്മണന്റെ രാജ്യംശ്രേഷ്ഠതമാകുന്നു. ൦രം മൂന്നിൽ ഉൾപ്പെടാത്ത രാജ്യം മദ്ധ്യമമാകുന്നു.

തപോവൻസമംജ്ഞേയം ധരണീസുരരാഷ്ട്രകം
നഗരംക്ഷത്രരാഷ്ട്രംസ്യാ ദിതിവാഗീശ പരോബ്രുവീൽ ൨൫.

ബ്രാഹ്മണന്റെ രാജ്യം തപോവനതുല്യം എന്നും ക്ഷത്രിയരാജ്യം നഗരത്തിന തുല്യമെന്നും ബൃഹസ്പതി പറഞ്ഞിരിക്കുന്നു. (നഗരം ബ്രാഹ്മണന്ക വസിപ്പാനും പ്രത്യേകിച്ച തപസ്സിന്നും യോഗ്യതയില്ലാത്തതാണെന്ന സ്മൃതിവചനം ഉണ്ട.)

ക്ഷോണീശ്വരത്വം കുരസംഭവാനാം
നിസർഗ്ഗസംസിദ്ധമിതി ബ്രുവന്തി.
തസ്മാൽദ്വിജക്ഷോണിഷുപട്ടമാത്രാൽ
സമ്യക്ത്വേൽ ക്ഷത്രിയരാഷ്ട്രമേവ. ൨൬.

കുരസംഭവന്മാർ എന്ന ക്ഷത്രിയർക്ക് ഭൂമിയുടെ ആധിപത്യംജന്മസിദ്ധമായിരിക്കുന്നതിനാൽ ബ്രാഹ്മണരാജ്യത്തിങ്കൽ പട്ടമാത്രം കൊണ്ടു മാത്രം ബ്രാഹ്മണഭൂമിയും ക്ഷത്രിയഭൂമിയായിപ്പോകുന്നു.

അതഃപ്രദാസ്യന്തിഹി രാജപട്ടം
ധരാനിമിത്തം പരശുരണൊൽഭവാനാം
ശൂദ്രാദിഭൂപം ദ്വിജരാഷ്ട്രമേവ
സൃഷ്ടാസ്മതേകേനഹിവിപ്രദാസ്യ. ൨൭.

ബ്രാഹ്മണർ ശൂദ്രന്മാർക്ക് രാജസ്ഥാനം കൊടുക്കാറുണ്ട്. എന്നാൽ ശൂദ്രന്മാർ ബ്രാഹ്മണർക്ക് ദാസ്യത്തിനുവേണ്ടി ബ്രഹ്മാവിനാൽ സൃഷ്ടിക്കപ്പെട്ടവരാകയാൽ ശൂദ്രൻ രക്ഷിക്കുന്ന ബ്രാഹ്മണരാജ്യം ബ്രാഹ്മണരാജ്യമായിട്ടുതന്നെ ഇരിക്കുന്നു.

ആക്രാന്തിദീതാസ്മേ ഭൂചാനിജക്ഷോണ്യാദിസമ്പദം
നിശ്ശേഷം നിജദേവായദാസ്യന്തിചനിരാകുലാഃ ൨൮.

അന്യന്മാർവന്നു അപഹരിക്കുമെന്ന ഭയപ്പെട്ടു രാജാക്കന്മാർ തങ്ങളുടെ ഭൂമിമുതലായ സമ്പത്തുകളെ തന്റെ ദൈവാലയത്തിലേക്കായി വ്യസനമില്ലാതെ കൊടുത്തുകളയുന്നു.

സർവ്വന്തൽഭൂമിലെഖ്യാദ്യന്തത്തൈവാഹവയലാഞ്ഛിതം
സാദ്ധ്യാക്രമ്യതേഹ്യന്യൈയ്യേനകേനാപിഹേതുനാ ൨൯.

അങ്ങിനെ ദൈവാപ്പണംചെയ്ത സമ്പത്തിനെ അന്യന്മാർ ഒരിക്കലും അപഹരിക്കാത്തതു കൊണ്ട ഭൂമിയുടെ ആധാരം മുതലായതിൽ ഒക്കയും ആദൈവത്തിന്റെ പേരകൊണ്ട അടയാളപ്പെടുത്തപ്പെടുന്നു.

താന്ത്രികംവൈദികം വാചിക്രിയതേയത്തുപോവനേ
തീർത്ഥനംതൽഫലംജ്ഞേയംഏവംരാമസ്യഭാഷിതം ൩൦.

തന്ത്രശാസ്ത്രത്തിലോവൈദത്തിലോ പ്രസിദ്ധമായ ഒരു കർമ്മം തപോവനത്തിങ്കൽ ചെച്ചെയ്താൽ മൂന്നിരട്ടിഫലം കിട്ടുന്നതാകുന്നു. ഇങ്ങിനെയാണ പരശുരാമൻ പറഞ്ഞിട്ടുള്ളത.

ഒരു ദുർമ്മരണം.

———:o:———

"ഇൻസ്പെക്ടർ ചേരിപ്പറമ്പിലുണ്ടോ?" എന്നചോദിച്ചു. "ഇല്ല" എന്ന മാത്രം മറുവടിപറഞ്ഞ കുഞ്ഞിക്കൃഷ്ണൻ തിരിയും മുമ്പ്, "എന്നുവരും" എന്ന കൂടി ചോദിക്കുവാൻ കുമാരൻ നായക്ക് കഷ്ടമയുണ്ടായി. ഇതിനുത്തരമായി "നാളെ" എന്ന് ഉറക്കനെയും "അവനോടെന്റെ ജോലിനോക്കിയാൽ മതിഎന്ന പതുക്കനെയും പറഞ്ഞുകൊണ്ട കുഞ്ഞിക്കൃഷ്ണൻ അവന്റെ പാടുനോക്കിനടന്നു.

ഈ സമയത്ത ദേവകിക്കുട്ടി കുമാരൻ നായരെ കാത്തു കൊണ്ട വടവൃക്ഷത്തിന്റെ ചുവട്ടിൽ ഇരുന്നിരുന്നതും, കുമാരൻനായർ അവിടെ ചെന്നപ്പോൾ നേരം വൈകിയതും, അവിടെ വെച്ചുണ്ടായ സംഭാഷണത്തിൽ നിന്ന കുഞ്ഞിക്കൃഷ്ണൻപറഞ്ഞത പൊളിയല്ലെന്ന കുമാരൻ നായക്ക് മനസ്സിലാക്കുവാൻ എടയായതും വായനക്കാർ ഓർക്കുന്നുണ്ടല്ലോ.

ഇനി വായനക്കാരുടെ സൂക്ഷ്മദൃഷ്ടി കുഞ്ഞിരാമൻ നായരുടെയും സ്റ്റേഷനാപ്പുരുടെയും ഗതിയേയും പ്രവൃത്തിയേയും അല്പനേരത്തേക്ക പിന്തുടരട്ടേ. ഇവർ കുമാരൻ നായരോട വേർപിരിഞ്ഞിട്ട പരിവട്ടപ്പാടത്തിന്റെ തെക്കേക്കരക്കൽ മഹർഷിമാരുടെ ആശ്രമം പോലെ ശാന്തമായ ഒരു വീടിനെ ലക്ഷ്യമാക്കിക്കൊണ്ടാണ നടന്നിരുന്നത.

പഴക്കം ചെന്നത സകലതും പരിഷ്കാരം കൊണ്ട വെള്ളയടിക്കുന്നതിനു മുമ്പ നാഗരികത്വത്തിന്റെ ബാധ ഏൽക്കാത്തതായ ഒരു നാടൻ പാപ്പിടത്തിന്റെ മാതൃക ഒരു നോക്കുകണ്ടാൽ കൊള്ളാമെന്ന ആഗ്രഹിക്കുന്നവർ പരിവട്ടപ്പാടത്തിറങ്ങിതെക്കോട്ടതിരിഞ്ഞു നോക്കിയാൽമതി. കൃത്രിമമോടിയുടെ ശകലം പോലും മേലെവീട്ടിൽ കയ്യുടെ പടിക്കുടുത്ത ചെന്നിട്ടില്ല. പടിമുതൽ ഒപരമുകളുവരെ പ്രകൃതീദേവി പ്രസാദിച്ചു കൊടുത്തിട്ടുള്ള ഉപകരണങ്ങളെ കഴിയുന്നതും കേടപാട വരുത്താതെയാണ ഉപയോഗിച്ചിട്ടുള്ളത. പടിയുടെ സ്ഥാനത്തുള്ള കടമ്പ വാക്കത്തിയുടെ ഉപ

ശ്വം വളരെ അനുഭവിച്ചിട്ടില്ല. ചാടത്തുകിടന്നിരുന്ന് കളിമണ്ണിന മേലേവീട്ടിൽ ഭിത്തിയുടെ പദവിലടിക്കത്തക്കയോഗം ഉണ്ടായി എങ്കിലും സഹജമായ പ്രകൃതിക്ക അധികമൊന്നും മാറ്റം വന്നിട്ടില്ല. വക്കോലുകൊണ്ട മേഞ്ഞ 'ഞറള' വള്ളികൊണ്ടകെട്ടിയുറപ്പിച്ചിട്ടുള്ള മേപ്പുര പ്രകൃതീദേവിയുടേ മഞ്ഞ മഴ വൈല മുതലായ ദോഷകൊപങ്ങളെ തടുക്കുവാനല്ലാതെ മോടിക്ക ലവലേശം മോഹിച്ചിട്ടില്ല. കൊങ്ങിണിച്ചെടി, കരിങ്ങോട്ട, മുരിക്ക, മുള, അടമ്പ മുണ്ടമുതലായചെടികളും വൃക്ഷലതാദികളും കൂടിപ്പിണഞ്ഞ ബന്ധിക്കപ്പെട്ടിട്ടുള്ള വേലിയിലും പ്രകൃതീദേവിയുടെ വിളയാട്ടന്തന്നെ. പറമ്പിൽ എപ്പോടവും സൂക്ഷമായി വളന്ന തെളിഞ്ഞിട്ടുള്ള സസ്യാദികാം നയനാനന്ദകരങ്ങളെന്നേ പറയേണ്ടതുള്ളൂ. ആകെക്കൂടിനോക്കുന്നതായാൽ ഈവീട്ടിൽ ദരിദ്രഭാവത്തേക്കാളും അല്പവൃത്തിയിലുള്ള സന്തുഷ്ടിയും മോഹങ്ങളുടെ മിതഭാവവുമാണ അധികം പ്രകാശിച്ചു കാണുന്നത.

കുഞ്ഞിരാമൻ നായർ കടമ്പകയറിക്കടക്കുന്നതുകണ്ട കോലായിൽ നിന്നിരുന്ന ഒരു 'ശിന്നൻ' അകത്തേക്ക ചാടിയൊടി. സ്റ്റേഷനാസ്പർ പറമ്പും പുരയും തന്റെ ദുഷ്ടിവിഭ്രമത്താൽ ഉഴിഞ്ഞുകൊണ്ട പടിക്കകത്ത പ്രവേശിച്ചതോടുകൂടി വൃദ്ധനായ കയ്യളും പരിഭ്രമിച്ച മിറത്ത ചാടിവിണു. കുഞ്ഞിരാമൻനായരുടെ തുണയായിട്ട സ്റ്റേഷനാസ്പരാണെന്ന കണ്ടപ്പോൾ പരിഭ്രമം ഒന്നുകൂടി വർദ്ധിച്ചു. കയ്യളുടെ പാരവശ്യംകണ്ട കുഞ്ഞിരാമൻ നായർ

"ദാമോദരമേനോൻ കഴിഞ്ഞതോടുകൂടി കയ്യാം ഞങ്ങളെ ഒക്കേ മറന്നുപെന്ന തോന്നുന്നു" എന്ന ചിരിച്ചുകൊണ്ടാണ പറഞ്ഞതു. കയ്യാംക്ക ഇതിന്റെ സാരംമനസ്സിലായില്ല. എങ്കിലും കുഞ്ഞിരാമൻ നായരുടെ പ്രസന്നഭാവം കയ്യാംക്ക ധൈര്യത്തെ ഉണ്ടാക്കിത്തീർത്തു.

"എന്റെ ഏമാന്നേ! ഏമാനന്മാരുടെ കൃപകൊണ്ടല്ലേ ഈ കുഞ്ഞുകുട്ടിപരാധീനത്തിനു നാഴികക്കുഞ്ഞി കുടിക്കുവാൻ വകയായത്. എന്റെ ജീവനുള്ള കാലത്ത ഞാൻ എങ്ങിനെയാണ ഏമാന്മാരെ മറക്കുന്നത്?

ണ്ടും വിളക്കുംകൊണ്ട് അന്തയാതുക്ക് ഉത്സാഹിച്ചപ്പോൾ 'വേണ്ട കയ്യും ബുദ്ധിമുട്ടേണ്ട' എന്നപറഞ്ഞ ആധാരവും കൊടുത്തു തിരിയേ അയച്ചു.

സ്റ്റേഷനാപ്പീസർ പരിവട്ടത്തുചെന്ന കാപ്പികഴിഞ്ഞ പുറപ്പെട്ടപ്പോൾ കുമാരൻനായർ എത്തിക്കഴിഞ്ഞിട്ടില്ല. അമ്മുവിന്റെ ശിഷ്യത്തി എതാണ്ടൊക്കെ തന്നെത്താൻ മന്ത്രിച്ചുകൊണ്ട മിറ്റത്തു നിൽക്കുന്നുണ്ടായിരുന്നു. പത്തുമിന്നിട്ടോളം അവളായിട്ടുള്ള സംവാദത്തിൽ ചിലവഴിച്ചതിന്റെ ശേഷമെ ഭാസ്കരമേനോൻ പടിക്കപുറത്തേക്കു കടന്നുള്ളു. മുള്ളവല്ലാക്ക് കാൽനടക്കു പൊവുകയാണെങ്കിൽബുദ്ധിമുട്ടിനുപുറമേ അവിടെ എത്തുമ്പോൾ നേരം കുറെ വൈകുകയുംചെയ്യുമെങ്കിലും സ്റ്റേഷനാപ്പീസ്ക്ക് വണ്ടിപിടിച്ചെങ്കിലോ എന്ന മനോരാജ്യം തന്നെയുണ്ടായില്ല.

വഴിയിലിറങ്ങി കിഴക്കോട്ടൊന്നു നോക്കി. ചക്രവാളത്തിനടുത്ത ലക്ഷണങ്ങളായ കാർമേഘങ്ങളോട് ഇടകലന്നിട്ടുള്ള ശുഷ്കമേഘങ്ങൾ ശുദ്ധിചെയ്യാത്ത പഞ്ഞിപ്പുട്ടം പോലെ ശിഖരോപ ശിഖരങ്ങളായി വന്നുകൂടിട്ടുണ്ട. അതൊന്നും കൂട്ടാക്കാതെ വച്ചടിച്ചു. പാലത്തിന്റെ അക്കര പറ്റാറായപ്പോഴെക്കും ആകാശത്തെ പ്രകൃതമൊക്കെമാറി. നാടസ്ഥലം ഒരു പൊക്കളം പോലെയായി. വെളുത്ത മേഘങ്ങളെല്ലാം കറുത്തിരുണ്ട് രണാങ്കണത്തിൽ പടയാളികളെന്നപോലെ കാററടികൊണ്ട അങ്ങുമിങ്ങും പാഞ്ഞുതുടങ്ങി. ചന്ദ്രൻ മറഞ്ഞു. ഇടിവെട്ടിത്തുടങ്ങി. മിന്നൽ പാളിത്തുടങ്ങി. ഇരുട്ടും ഒരുവിധം എല്ലാടവും വ്യാപിച്ചു.

ഈകോലാഹലത്തിൽ സ്റ്റേഷനാപ്പീസുടെ കൂട കയ്യിൽനിന്നും പറന്നുപോയി. മറിഞ്ഞുമറിഞ്ഞു പോകുന്ന കുടയുടെ പിന്നാലെ ഓടിയെത്തി അത് എടുക്കുവാനായിട്ട കുനിഞ്ഞപ്പോൾ പിന്നിൽ നിന്ന ഇരിമ്പുകിടങ്ങൻ പോലെയുള്ള രണ്ടുകൈകളും സ്റ്റേഷനാപ്പീസരെ വന്നുചുറ്റിപ്പിടിച്ചതും വലത്തുകാലിന്റെമുട്ട മുതുകത്ത് കയറുവാൻ ആരംഭിച്ചതും സ്റ്റേഷനാപ്പീസർ ഒന്നു കൂടി ചെട്ടെന്ന താഴുകുമ്പിട്ടിട്ട ഒഴിഞ്ഞുകിടക്കുന്നതന്റെ കണങ്കയ്യുകളേകൊണ്ട പിന്നിൽ നിൽക്കുന്നവന്റെ എടത്തുകാലിന്മേൽ ചിടിച്ച മുന്നോട്ടവലിച്ചുനീട്ടി

"എന്നാൽ പുളിങ്ങോട്ട നിന്ന കയ്യാംക്ക തീറുതന്ന ശീട്ടിന്റെ കാര്യത്തെപ്പറ്റി എന്താ ഞങ്ങളോടൊന്നും പറയാഞ്ഞത്. കയ്യാംക്ക ഉണംവരുന്ന കാലത്ത ഞങ്ങളും കേട്ട സന്തോഷിക്കേണ്ടവരല്ലേ?"

"അയ്യോ! അന്നഞാൻ പരിവട്ടത്ത വന്നിരുന്നു. എമാനന്മാരാരും അവിടെയുണ്ടായിരുന്നില്ല. അമ്മുക്കുട്ടിയോട വത്തമാനമോക്കെ പറഞ്ഞിട്ടുണ്ടായിരുന്നു. ഇനിക്കോന്നും കിട്ടിയില്ലെങ്കിലും, എന്റെ ഈശ്വരാ! എമാനന്മാർ സുഖമായിട്ടിരുന്നാൽ മതിയായിരുന്നു" എന്ന ദാമോദരമേനവനേയും കിട്ടുണ്ണിമേനവനേയും ഉദ്ദേശിച്ചപറഞ്ഞുകൊണ്ട കയ്യാംകരഞ്ഞുതുടങ്ങിയപ്പോഠം കുഞ്ഞിരാമൻനായരുടെ ഇടനെഞ്ഞു പിടച്ചുതുടങ്ങി. ഈ അവസരത്തിൽ ഭാസ്കരമേനോൻ

"ശീട്ട് എത്രഉറുപ്പികയുടേതാണ്? തീറാധാരം എടുത്തുകൊണ്ടവരു.നോക്കട്ടേ" എന്നപറഞ്ഞതകെട്ട കയ്യാം അകത്തേക്ക പോയി ആധാരവും ഒരുകൈവിളക്കും എടുത്തുകൊണ്ടു വരുന്നതിനിടക്കുഞ്ഞിരാമൻനായക്ക് വിശ്രമിക്കുവാൻ എടകിട്ടി. സ്റ്റേഷനാപ്ലർ ആധാരംവാങ്ങി വായിച്ചുനോക്കിയപ്പോഠം പുളിങ്ങോട്ട കിട്ടുണ്ണിമേനവന്റെ ഒസ്യത്തിലേ നിശ്ചയപ്രകാരം മേപ്പടിയാന്റെ നേരേ ജ്യേഷ്ഠനായ മരിച്ചുപോയ ദാമോദരമേനവന്റെ ശിഷ്യനായിരുന്ന മേലേവീട്ടിൽ കൃഷ്ണൻനാരായണൻ കയ്യാംക്ക, ദാമോദരമേനവന്റെ മരണപര്യന്തം അദ്ദേഹത്തിനുവേണ്ടി ബുദ്ധിമുട്ടിയിട്ടുള്ളതിന്ന ഏതാനും പ്രതിഫലമായി കീരിക്കൽ ഔസേപ്പിന്ന നൂറുക്കുമുക്കാലുവീതം കൂടുന്ന പലിശക്ക അഞ്ഞൂറുറുപ്പിക കൊടുത്ത എഴുതിവാങ്ങിട്ടുള്ള ശീട്ട തീറു കൊടുത്തിട്ടുള്ളതാണെന്ന വിവരം മനസ്സിലായി. സ്റ്റേഷനാപ്ലർ ആധാരംവായിക്കുന്നതിനിടക്ക "എമാനന്മാർ നിൽക്കുന്നവല്ലോ" എന്നവിചാരിച്ച പായകൊണ്ടുവന്നകോലായിൽ വിരിക്കുവാൻ അകത്തു ചുരുങ്ങിനിന്ന നോക്കുന്നവരൊട ആംഗ്യംകാണിക്കുന്നതുകണ്ട് കുഞ്ഞിരാമൻനായർ.

"വേണ്ട ഞങ്ങൾക്ക അധികം താമസിക്കുവാൻ ഇടയില്ല" എന്നപറഞ്ഞ സ്റ്റേഷനാപ്ലരുടെ വായന കഴിയുന്നതുവരെ കാത്തുനിന്നിട്ട രണ്ടുപേരും കൂടിപരിവട്ടത്തേക്ക തിരിച്ചു. ക

പല്ലവകം.

———;o:———

(പുസ്തകപരിശോധനം.)

പഞ്ചകോശവിവേകപ്രകരണവും ക്ഷേമേന്ദ്രമൗക്തികസ്തോത്രവും:— ഈ രണ്ടു പുസ്തകങ്ങളേയും പറ്റി വിസ്താരമായ ഒരു ഉണർത്തിക്കുന്നതിന്നു ഞങ്ങൾ ഉത്സാഹിക്കുന്നില്ല. അപാരമായ വേദാന്തസമുദ്രത്തിൽ ചെന്നു ചാടി പണിപ്പെട്ടെങ്കിലും കരപറ്റുന്നതു സാമാന്യക്കാർക്കു കേവലം അസാദ്ധ്യമാണു. അതിന്നായിട്ടുതന്നെ അഭിവാഞ്ഛം സഫലമാകുന്നവരെ മറ്റുള്ളവർ അഭിനന്ദിക്കയും കഴിയുന്നതും അനുവർത്തിക്കയും ചെയ്യുന്നതു സജ്ജനധർമ്മമാണു. കേട്ടുകേൾവി മറിഞ്ഞു കായലിൽ കൂടി പോകുന്നതോണിക്കു അമരം എത്രതന്നെ അപേക്ഷിതമാകുന്നുവോ, അത്രതന്നെ അത്യാവശ്യമാകുന്നു രക്ഷോപായപ്രധാനങ്ങളായ ഗ്രന്ഥപരമ്പരയിൽ നിമഗ്നന്മാരായിട്ടുള്ളവർക്കു സതർക്കണാത്മകങ്ങളായ ഇത്തരം ഗ്രന്ഥസമുച്ചയം. പഞ്ചകോശവിവേകപ്രകരണം പ്ലവം വായിക്കുന്നതു ഇമ്പം പഞ്ചകോശവിചാരം എന്ന കേരളഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള പുസ്തകം വായിക്കുന്നതായാൽ വിഷയം മനസ്സിലാകുവാൻ വളരെ എളുപ്പമുണ്ടു. പിന്നെ മൂലത്തെക്കാൾ അധികരിച്ചിട്ടുള്ളതുകൊണ്ടു അതുകൊണ്ടു സങ്കടം തോന്നുന്നതല്ല. ശ്രീമച്ഛങ്കരഭഗവൽപാദവിരചിതമായ പ്ലവവും രാമകൃഷ്ണീയ സംസ്കൃതവ്യാഖ്യാനവും, പിഠികാവേചകനായ ഇ. പി. സുബ്രഹ്മണ്യശാസ്ത്രികളാൽ എഴുതപ്പെട്ട ഭാഷാനുവാദവും ഇതിൽ അടങ്ങിയിരിക്കുന്നു.

ക്ഷേമേന്ദ്രമൗക്തികസ്തോത്രംഎന്ന പുസ്തകത്തിൽ 'ധർമ്മകാമമോക്ഷത്രയപരിപന്ഥിയായ ചതുർവ്വിധപുരുഷാർത്ഥങ്ങളുടെ സംപാദനത്തിങ്കൽ' മാത്രശ്രദ്ധയായ പ്രസ്തോത്തരരാജമാലയും ക്ഷേമേന്ദ്രസ്തോത്രവും അടങ്ങിയിട്ടുണ്ടു. ഇതിൽ ശ്രീമച്ഛങ്കരഭഗവൽപാദന്മാരുടെ ശങ്കരാചാര്യസ്വാമികളുടെ സതാസുധാ' എന്നസംസ്കൃത വ്യാഖ്യയും, ശ്ലോകങ്ങൾക്കും വ്യാഖ്യാനത്തിന്നും ഭാഷാനുവാദവും, പ്രസ്തോത്തരരത്നമാലയിലും വിശദമായ മലയാള വ്യാഖ്യാനവുംകൊടുത്തിട്ടുണ്ടു. പഞ്ചകോശവിവേകപ്രകരണത്തിൽ ൨൬-ം ക്ഷേമേന്ദ്രമൗക്തികസ്തോത്രത്തിൽ ൫൦-ം പ്രസ്തോത്തരരത്നമാലയിൽ ൩൭-ം ക്ഷണുഭസ്തോത്രത്തിൽ ൯-ം ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്ന സംസ്കൃതമൂലത്തെ ഭാഷാവ്യാഖ്യാനത്തോടുകൂടി പ്രസിദ്ധം ചെയ്യുന്നതു കൊണ്ടു സംസ്കൃതാനഭിജ്ഞന്മാർക്കു ആ ഭാഷയിൽ പരിശ്രമം കൂടാതെ പ്രവേശം വരുത്തുവാനും വളരെ ഉപകരിക്കുന്നതാണെന്നു പറയേണ്ടതില്ല. സഹൃദയകൃതപ്രബന്ധങ്ങളിലേക്കാൾ ഈ വിഷയത്തിൽ ബുദ്ധിയെ അധികം പ്രവേശിപ്പിച്ചിരുന്നു പരോക്ഷനായ വിദ്വാൻ കണ്ടുകൊണ്ടതിനെ രാമവാരിയരുടെ പ്രസിദ്ധിമദ്ധ്യമായുള്ളിൽ എവിടെയാണു പരക്കാത്തതു്. അതുകൊണ്ടു എന്തിനെ നോക്കിയാലും ശ്രീമച്ഛങ്കരഭഗവൽപാദ ശ്രീ ഇ. പി. സുബ്രഹ്മണ്യശാസ്ത്രികളുടെ സ്തുത്യർഹമായ ഈ ഉദ്യമം പണ്ഡിതപാമരശ്രേഷ്ഠമായ കേരളീയജനസമുദായത്താൽ നന്ദിപുരസ്സരം ആദരിക്കപ്പെടേണ്ടതുതന്നെ. ദേശഭേദംകൊണ്ടു വ്യുത്പാദിപ്പെട്ടിരിക്കുന്ന ഭാഷാരീതിയേപറ്റി അഭിപ്രായഭേദം ഉണ്ടായേക്കാം. വിഷയത്തിന്റെ ഗൌരവം ആലോചിക്കുമ്പോൾ ആ ഭാഗം ഇവിടെ അത്ര വിസ്തരിച്ചു നോക്കേണ്ട ഭാരം ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീമൂലപിതയം (കുട്ടമ്പേത്ത്)

കോട്ടമ്പേത്ത് എന്നു കേൾക്കുമ്പോൾ കവിതകുക്ഷിയും വിദ്വച്ചിരോമണിയും കവി സാർവ്വഭൌമനും ആയ കുഞ്ഞൻ നമ്പ്യാരാണ മുമ്പെ മനസ്സിൽ വരുന്നതെന്ന എല്ലാവർക്കും അഭവമായിരിക്കും. ഇങ്ങനെപ്പാട്ട് ഇടത്തിവെച്ചും അനുപൂത്തിയാകിയതും അദ്ദേഹം തന്നെയാണ്. അതുകൊണ്ട് ഈ കാവ്യത്തിൽ കുറേ മാത്രമേ ആവശ്യപ്പെട്ടുന്ന പക്ഷം കുഞ്ഞൻ നമ്പ്യാരുടെ ഏതെങ്കിലും ഒരു കൃതിയെ അപേക്ഷിക്കുകയേ നിവൃത്തിയുള്ളു. കുഞ്ഞൻ നമ്പ്യാരുടെ കൃതികളുടെ വിശേഷം അറിഞ്ഞവരിതേവരും തെളിഞ്ഞിരിക്കും മണിപ്രവാളത്തിൽ രചിച്ചിട്ടുള്ള 'പദ്യങ്ങളുടെയിടയിടയിൽനിന്നുമായിപ്പുഴുക്കം കാവ്യാനന്തരണങ്ങളായ പ്രയോഗങ്ങൾകൊണ്ടും ഒഴുകുന്ന ഫലിതം, മനോധർമ്മത്തിന്റെ പൂർണ്ണമായവയാണെന്നുള്ളതിന്റെ എതെങ്കിലും ഒരു കൃതിവായിച്ചിട്ടുള്ളവർക്കൊക്കെ അറിയപ്പുന്നതാണ്.

ഇവിടെ ഉണ്ണായിയുടെ അനുഭവത്തിച്ചു രചിക്കുവാൻ ഉത്സാഹിച്ചിട്ടുള്ള ഇക്കാലത്തുള്ളവരിലെ ചുരുക്കപ്പാട്ടുകളിൽ 'ശ്രീമൂലപിതയ'ത്തിനു ഒരു മാന്യപദവി ലഭിക്കുമെന്നുള്ളതിനു സംശയമില്ല. കരുണാനിധിയായ തിരുമനസ്സിലെ രാജ്യഭരണം കൊണ്ടുണ്ടായിട്ടുള്ള ഉണർച്ചയും, പുതിയ ഏപ്പാടുകളും, പരിഷ്കാരങ്ങളും, അവിടുത്തെ കാരുണ്യാതയും, 'വിക്രമാംബുനിധിയായിട്ട് മിൻധ്യാചക്രവർത്തി മുടിപൂണിയെന്നാക്ഷം വിസ്തരിപ്പതിനു' ഹസ്തിനപുരത്തിലേക്കുള്ള എഴുന്നള്ളത്തും മറ്റും ഭംഗിയായിട്ട് വിളമ്പിച്ചിട്ടുള്ള കൃത്തിൽ തിരുമനസ്സിലെ ജനനം മുതൽക്കുള്ള ഒരു ജീവചരിത്രസംഗ്രഹവും കൂടി ചേർത്തിരുന്നുവെങ്കിൽ അധികം ഉചിതമായേനെ. പദ്യനടനയിലുള്ള അഭിജ്ഞതയും അലങ്കാരപ്രയോഗത്തിലുള്ള മനോധർമ്മവും കവിയുടെ വാസനയെ വിളിച്ചുപറയുന്നുണ്ട്. അലങ്കാരപ്രയോഗത്തിന്റെ പൂർണ്ണതയെ വിളംബരം ചെയ്യുന്ന ഒരു ഉദാഹരണം കൊള്ളാമെന്നു തോന്നുന്നു.

പദ്മഭവോത്സൃഷ്ടിയിപ്പൊഴുതിന്നു കെട്ടാൽക്കിടിയും.
ശുഭ്രപടിഞ്ഞുറുപോയശുഭ്രനൊരുമിട്ടൊരു വസ്ത്രമഴിച്ചാൽ.
രുദ്രംകൊതിയോടുറവുന്നാൾ മുഴുതിങ്കൾപ്പണിതീർത്തിനുടെശിരസ്സും
പദ്മംനിക്കിത്തെളിവുറുത്താൻ പുഷ്പശരത്തെ രാകുതുടങ്ങി.
പദ്മരുഹരിപുരന്നെയിവണ്ണം കെങ്കേമത്തിൽ മിനുക്കിമിനുക്കി.
സ്സങ്കോചിച്ചിപ്പിച്ചിതാക്കി പങ്കജഭവനൊരുപക്ഷംകൊണ്ട്.
വിധുവിനെയാകിപ്പൊടിയുണ്ടായതു വിരഞ്ചിനടസ്സിൽ കാരണനിമിത്തം.
അനുതാരാഗണമെന്നു കഥിക്കുന്നധുനാ ചിലരെന്നോത്തീടേണ്ടം
മതിനിനവിങ്ങിനെഗതിവിട്ടിട്ടും മതിവന്നില്ല പിതാമഹനൊട്ടും.
മതിയെയിവണ്ണം മാസംതോറും പതിനായ് തീർത്തുകളഞ്ഞാരുന്നു.

സ്വന്തം.

ശ്രീമൽഭഗവൽഗീതാ:—

ഇതിന്റെ രണ്ടാം നമ്പർ പുസ്തകവും പരമാനന്ദത്തോടുകൂടി കൈപ്പറ്റിയിരിക്കുന്നു. മൂലത്തോടും അന്വയത്തോടും വ്യാഖ്യാനത്തോടും അനവധി ഭാഷ്യങ്ങളോടും ടീകകളോടും താല്പര്യത്തോടും പ്രമാണങ്ങളോടും ടിപ്പണികളോടും കൂടി അതി വിസ്താരമായി അച്ചടിച്ച

വരുന്ന ഈ പുസ്തകത്തെപ്പറ്റി സാധാരണമട്ടിൽ അഭിപ്രായം പറഞ്ഞുവിടുവാൻ തരമില്ല, അതുകൊണ്ട് മാസംതോറും പ്രസിദ്ധംചെയ്യുവരുന്ന ഈപുസ്തകങ്ങളുടെ അവസാനം കാണുവാൻ ക്ഷമയോടുകൂടി ഞങ്ങൾ കാത്തിരിക്കുന്നു.

കല്യാണൊദയ കാവ്യം ഒന്നും രണ്ടും സർഗ്ഗങ്ങൾ (മണന്തല നീലകണ്ഠൻ മൂസ്സിനാൽ ഉണ്ടാക്കപ്പെട്ടത):— ഇതസംസ്കൃതകൃതിയായതുകൊണ്ട് രണ്ടിനിടയിൽഞങ്ങൾഅഭിപ്രായം പറയുന്നതു ഉചിതമായിരിക്കയില്ല.

1. മോക്ഷാശാകന്ദളം (പാലക്കാട്ട് സബ്കോർട്ട് വക്കീൽ പി. ജി. രാമയ്യൻ ബി. എ. ബി. എൽ. മോക്ഷപ്പെടുത്തിയത). 2. നായന്മാരുടെ ഇപ്പോഴത്തെ നില അഥവാ സമുദായ പരിഷ്കരണോപായം (കെ. പരമുപിള്ള എം. എ.) 3. കുഞ്ചിശാസ്ത്രം ശ്രീമൂവപ്പാർ മഞ്ജരി 4-ാം പുസ്തകം (കെ. രാമകൃഷ്ണപിള്ളയും എൻ. ശങ്കരപിള്ളയും കൂടി രചിച്ചത.)

മേൽപറഞ്ഞ മൂന്നു പുസ്തകങ്ങളും നന്നു പുരസ്സരം കൈപ്പറ്റിയിരിക്കുന്നു. അഭിപ്രായങ്ങൾ വഴിയെ.

ര. ര. പ.

നൊട്ടീസ്.

എത്തരം സാമാനങ്ങളും ! വില വളരെ സഹായം !!

ബൊമ്പായിമുതലായ് വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽ നിന്നൊരിട്ടുവരുത്തുന്നതും താഴെ വിവരം പറയുന്നതും വെറെയും അനേകം സാമാനങ്ങളും തൊകപ്പടിയായും ചില്ലറയായും വളരെ സഹായ വിലക്കു വില്ക്കുന്നതാണ്.

പലതരത്തിലുള്ള പ്ലാനൽ ശീലകളും, ടീടുകളും, ചെക്കത്തുണികളും, വളരെ ഭംഗിയുള്ള ചീട്ടികളും പട്ടകളും, ബ്ലാങ്കെറുകളും, തൊപ്പികളും, സർജ്ജകളും, മല്ല, ജഗന്നാഥൻ മുതലായ തുണിച്ചരക്കുകളും. എനാമൽ പാത്രങ്ങളും, പലതരത്തിലുള്ള ഗ്ലാസുകളും, നാഴികമണികളും, പാച്ചുകളും, വിളക്കുകളും, കണ്ണാടികളും, കത്തികളും, തളൊപ്പകളും, രവിവമ്പ്പട്ടങ്ങളും, കൊടകളും, ഇരിമ്പപെട്ടികളും, ഇരിമ്പലമാരികളും, ഇരിമ്പരുട്ടുപ്പകളും, അനെകവിധം സൊപ്പുകളും, ബ്രാണ്ടി, വിസ്കി, മതലായ ലഹരിസാധനങ്ങളും, മുത്തുച്ചിപ്പികൊണ്ടുള്ള അനെകവിധ പാത്രങ്ങളും, ഇവകളും ഹെലിൻസ ഫുഡ, കൊക്കൊ, കാപ്പിപ്പൊടി, ടീ ബിസ്കോത്ത മുതലായ വേറെയും അനേകവിധ സാമാനങ്ങളും വളരെ സഹായവിലക്കു വില്ക്കുന്നു.

ആവശ്യപ്പെടുന്നവക്ക് സാമാനങ്ങളും വി- പി- ആയി അയച്ചുകൊടുക്കുന്നതാണ്.

എ. ടി. എസ്സ്. മേനോൻ.
ജനറൽ മർച്ചണ്ട്.
ചിറ്റൂർ.

P. SUBBAROY'S

World-Renowned and Most Efficacious Ayurvedic Medicines.

പി. സുബ്ബരായിയുടേ ലോക പ്രസിദ്ധങ്ങളും ഏറ്റവും ഫലത്തുകളും ആയ ആയുർവ്വേദ ഔഷധാലയം

ക. ലോകപ്രസിദ്ധമായധാതുപുഷ്ടികാരി.

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, ബീജപ്പിഴ്ച്ചായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നിറം മ, നീരൊഴിവു, മധുമേഹ കല്പോക്ത (ഷണ്ഡത്വം) മുതലായ പലവിധ വാസ്തിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപെടുത്തും.

ഡപ്പി ഒന്നുക്കു വിലരൂപാ ഒ-തപാൽ ചിലവുവകയ്ക്കു അണ ഒ-വേറെ.

ഖ-പ്രമേഹ നിവാരണി.

സിരാമേഹം, ഇടവിട്ടുവരുന്നതും കൂടുതലധികമായും തടഞ്ഞും പോകുക, മേഡ്രം, പുകച്ചിൽ രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീ പുരുഷന്മാരെ നിവർത്തിപ്പിക്കും. ഇതുകുടിക്കുന്നതിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും

കുപ്പി ക-ക്കു വില രൂപ ക. മൂന്നു കുപ്പികൾ വരെയുള്ള ബുക്കിംഗ് തപാൽചിലവു അണ ൪.

ങ-സർവ്വവേദനാ സംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ കൈകാൽ മുതലായ അംഗങ്ങളിൽ കത്തിനോവുക വീക്കം, മുടക്കുവാതം നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന ശൂല, ഇടുപ്പുവേദന, പാർശ്വായു, മേഹവായു, തിമിരവായു മുതലായ പല വ്യാധികൾ ഭേദപ്പെടും.

കുപ്പി ഒന്നുക്കു വില രൂപാ ക. തപാൽചിലവു അണ ൪.

ര-മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴുകടി, തുടുതണം. നവുഞ്ഞാണി എന്നി പേരുകളുള്ള രോഗത്തിനു സിദ്ധൗഷധം. തൽരോഗങ്ങൾ പലതും മാറും; തേമൽ, മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും.

വില, കുപ്പി ഒന്നിനു ര-ണം. തപാൽചിലവു മൂന്നു കുപ്പിവരെ ൪-ണ വേറെ.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo*;

ഔഷധകുപ്പികൾ കസ്തൂരിഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സശ്രദ്ധം ഉപയോഗിക്കേണ്ട വിധമേതി യ സാധനം,—ദന്തവേദന, വായ്നാറ്റം, അരുചിക്കുറവ്, പിത്തവായു, ഇവയെ ശമിപ്പിക്കും.

തനിക്കോ താംബൂലത്തോടുകൂടിയൊ ഉപയോഗിക്കാം. ഭക്ഷണത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ എത്ര ഗുരുദ്രവ്യത്തേയും ജീർണ്ണപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കുകയില്ലാ. അപായകരമായ യാതൊരു ലഹരി സാധനങ്ങളും ഇതിൽ ചേർത്തിട്ടില്ലാ. കാശ്മീരത്തു നിന്നു വരുത്തിയ കസ്തൂരി, പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ചുമ, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വായസ്സിന്റെ ഏറ്റക്കുറച്ചിൽ പോലെ ഒന്നു മുതൽ രണ്ടു ഗുളികകൾ വെറുംവയിറ്റിൽ കൊടുത്താൽ സുഖപ്പെടും.

ഒന്നിന് ഗുളികകൾ ഉള്ള കുപ്പി ഒന്നിനു വില അണ രൂപ. ഒന്നു മുതൽ ഒമ്പതു വരെ കുപ്പികൾ അടങ്ങിയ ബങ്കി ഒന്നിനു തപാൽ കൂലി ഒരണ.

സുദന്തചൂർണ്ണം.

സുഗന്ധമായുള്ള എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും.

വില, കുപ്പി ഒന്നിന് മൂന്നണ തപാൽചിലവു രണ്ടു കുപ്പിവരെ ഒരണ വേറെ.

ജ്വരഹാരി.

കുളിപ്പനി, മുപ്പനി, ശ്വാസപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവയ്ക്കു നന്നു.

വില ഒപ്പി ഒന്നിനു ഒന്നു, തപാൽചിലവു ഒരണ വേറെ

വ്യവഹാരപ്രസിദ്ധമായ സുഗന്ധകുന്തള തൈലം.

ഇതൈലം പിരട്ടിയാൽ തലമുടി, മീശ, താടി, പുരികം ബഹുപുഷ്ടിയായും, ഘനതരമായും കറുപ്പായും വളരും. കണ്ണിനു കൂടുതൽ കുളിർമയുണ്ടാക്കും. സകല കൺനോവുകളും തലവേദനകളും നീങ്ങും. മൈനൊട്ടരോഗം കുറയും. രോഗം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാക്കും.

വില, കുപ്പി ഒന്നിനു രൂപ. തപാൽചിലവു ഒരണ വേറെ.

നർത്തോമസംഹാരി.

രോമം എവിടെ വേണ്ടെന്നാകുന്നതൊ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ മാറ്റും.

വില, കുപ്പി ഒന്നിനു രൂപ. തപാൽചിലവു മൂന്നു കുപ്പികൾ വരെ ഒരണ വേറെ.

പി. സുബ്ബരായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo*.

൧൦-അഗ്നിമാന്ദ്യസംഹാരി.

ചേനമിള്ളുയ്യു, പുളിമുതികിട്ടുക. നെണ്ടുകലിക്കുക, മൂലബന്ധം, വായുനോവു, വായുനാറ്റം, അജീർണ്ണം വയറുവീർത്തുകയറുക. നിരാഹേഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും.

ഡപ്പിഒന്നുക്കു അണ വ്യ-തപാൽക്കൂലി അണ ൪-വേറെ.

൧൧-കണ്ണ്ടമ്പിന്ദു.

ചീകാളു, മചവിരുത്തു, ചെറിയടപ്പു, മുരച്ചിൽ മുതലായ കണ്ണ്രോഗങ്ങളെ നീക്കപ്പെടുത്തും. ശ്രവണസുക്ഷ്മതയുണ്ടാക്കും.

വില, കുപ്പി ഒന്നിന വ്യ-ണം. തപാൽചിലവു മൂന്നു കുപ്പികൾവരെ ൪-ണ വേറെ.

൧൨-സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും അജീർണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലംപിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും നീക്കുന്നു.

വില, ഡപ്പി ഒന്നിന വ്യണം. തപാൽചിലവു ഒന്നു മുതൽ രൂ-വരെ ഡപ്പികൾക്കു ൪-ണ വേറെ.

൧൩-നേത്രബിന്ദു.

കൺനോവു, കൺകത്തു, ക്ഷീണം, നീരൊട്ടപ്പു. മിന്നൽ മാലകണ്ണു, പീളകെട്ടു, ദൃഷ്ടിക്ഷീണം, പൂവു, ചെരപ്പു, എരിച്ചിൽ ഇമ പൂരികം ഇവയുടെ വലിവു, പുകച്ചിൽ ഇങ്ങനെയുള്ള രോഗങ്ങളെ നീക്കപ്പെടുത്തും.

വില, കുപ്പി ഒന്നിന വ്യ-ണം. തപാൽചിലവു മൂന്നു കുപ്പികൾവരെ ൪-ണ വേറെ.

൧൪-സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയസ്ഖലിതത്തെ നീക്കും

വില, ഡപ്പി ഒന്നിന വ്യ-ണം. തപാൽചിലവു ൪-വരെ ഡപ്പികൾക്കു ൪-ണ വേറെ.

൧൫-മൃഗകസ്തൂരി.

കാക്കിനാഡിൽ നിന്നും വരുത്തിയിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ടു.

രൂപാതൂക്കത്തിന രൂപ-കം. വില ഒരു രൂപാ മുതൽക്കുള്ള ഏതു സംഖ്യയ്ക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽചിലവുപുറമെ. എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലോ തമിഴിലോ ആയിരിക്കണം.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo.*

ഫസ്റ്റ്- തേൾവിഷത്തിന്ന സിദ്ധൌഷധം.

തേൾകുടിച്ച സ്ഥലത്ത മണ്ണുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുടുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വയ്ക്കാതെ ഇരിക്കരുത.

വില കുപ്പി ഫ- ക്കു ഫ- കു രു-ണം. ഫവ കുപ്പിയിൽ കുറയി ത്തെ ഒന്നിച്ച വാങ്ങുന്നവക്ക ഡസൻ ഫ ക്കു വ കു വുണ, ഉള്ള വില യിൽ കുറച്ച മാത്രമെ വില ചുമത്തുന്നുള്ളു. വി-പി- കമീഷൻ ഒ ണ പുറമേ.

ഇൻഡ്യയിലും ബമ്മയിലും ഫവ കുപ്പിവരെ വി-പി- കമീഷ ൻ ഒണ സിലോൺ ടി ണ.

ഫ്ര- വ്രണവിരോപണ തൈലം.

ഈ കഴമ്പ പിത്തപ്പുണ്ണ മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാ കുന്നു. ഇത സകല കൃമികളേയും നശിപ്പിച്ച എല്ലാ വ്രണങ്ങളേയും വിളഡീകരിച്ച വ ളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു.

വില വ ണ. മൂന്നു കുപ്പിവരെ വി-പി- കമീഷൻ ഒണ മാത്രം.

ഫവ. കണ്ണുശുദ്ധി ഗുളിക.

ഇത കണ്ണും തെളിഞ്ഞ ശരീരം നന്നാവുന്നതിന്ന അതിവിശേഷമായ ഔഷധമാകു ന്നു, പ്രത്യേകിച്ച സംഗീതക്കാർക്കും, പ്രസംഗക്കാർക്കും, പാതിരിമാർക്കും, ശബ്ദാവയവംകൊണ്ട അത്യായാസം ചെയ്യുന്നവരായ മറ്റെല്ലാവർക്കും വളരെ ഉപയോഗമുള്ളതുമാകുന്നു.

വില വ ണ വി-പി- കമീഷൻ ന കുപ്പിവരെ ന ണ.

ഫൻ. സ്നാനചൂർണ്ണം.

ഈ പൊടിതേച്ച കുളിക്കുന്നതിന്ന വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേ ഷം. ഇത ദേഹത്തിലെ അഴുക്കും ദുർഗന്ധവും കളഞ്ഞു, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും തോന്നു കും. ഇത ഇന്ത്യയിലുള്ള എല്ലാവർക്കും വേണ്ടാതകുന്നു.

വില വ ണ വി-പി- കമീഷൻ ന ണ.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, porto Novo.

൧൦. സഞ്ജീവനൗഷധികൾ.

കുട്ടികൾക്കുണ്ടാവുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം, അരിക്കെട്ട്, മുറുകെപ്പിടുത്തം, ഇവയും മറ്റുമായി ഏല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇത മദ്ധ്യവയസ്കന്മാർക്കും ഒരുപോലെ ഉപകരിക്കുവുന്നതാകുന്നു.

വില ക്ക ണ വി-പി- കമീഷൻ സഹിപ്പിക്കുന്നതല്ല.

൧൧. ഒന്നാംതരം ഗോരോചനഗുളിക.

എല്ലുവേദന പനികൾക്കും അതു സംബന്ധമായി ഉണ്ടാകുന്ന ഉപരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അരിക്കെട്ട്, മുറുകെപ്പിടുത്തം, ഇവയും മറ്റുമായി എല്ലാ ഉദര രോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു.

വില ഒ ണ വി-പി- കമീഷൻ സഹിപ്പിക്കുന്നതല്ല.

൧൨. താപ്രോഗ പരിഹാരി.

ഈ ഔഷധം കരപ്പൻ, ചൂണങ്ങു, ചൊറി, ഒടുവട്ടം, പോക്കൻ, ചുണ, പുഴുക്കടി, താരണം, മുതലായ കടിയും ചൊറിയും ഉള്ള എല്ലാ താപ്രോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇത ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി.

വി-പി- കമീഷൻ ഒ ണം.

						കു.	ണ.	സ.
ഒന്നാംതരം ഗോരോചനാദി ഗുളികയുടെ					പെട്ടി	൧	൦	൦
പെട്ടി	മദ്ധ്യമം	പെട്ടി			പെട്ടി	൦	൦	൦
പെട്ടി	പച്ചക്കർപ്പൂരം	പെട്ടി			പെട്ടി	൦	൦	൦

മേൽവിലാസം തമിഴിലോ ഇംഗ്ലീഷിലോ വിശദമായി എഴുതണം.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo.*

വ്യവഹാരചിന്താമണി.

എല്ലാ ഇംഗ്ലീഷ മാസവും 30-ാംന- പ്രസിദ്ധപ്പെടുത്തുന്ന
ഒരു വിശേഷനിയമമാസികം.
പത്രാധിപർ
പെങ്ങളത്ത കരുണാകരമേനോൻ ബി. എ.

—— : o : ——

1903 ആക്ടുന്പ.

സംഗതിവിവരം.

൧. കവണം 1—വി. രാജരമേനോൻ, ബി. എ., ബി. എൽ.

൨. പത്രാധിപക്കുറിപ്പുകൾ.

൩. മലിരാരി ഹൈക്കോട്ട് ലേഖനം.
ബി. ഗോവിന്ദൻ നന്പ്യാർ, ബി. എ. ബി എൽ.

൪ ഹൈക്കോട്ട് വിധി സംഗ്രഹം.

൫ കൊച്ചി വിധികൾ—കരിമ്പന രാമൻമേനോൻ, ബി. എ., ബി. എൽ.
കാരാട്ട അച്യുതമേനോൻ, ബി. എ., ബി. എൽ.

൬. തിരുവിതാങ്കൂർ വിധികൾ വി. കരുണാകരമേനോൻ, ബി എ., ബി. എൽ

ദേശീയ സഞ്ചാരി- നിയമകാര്യത്തിൽ ഉപദ്ധ്യായൻ.

മ. മനോരമാ- മേനോർക്കുറ പുതിയ സ്വഭാവത്തെപ്പോലെ വേറെ ഒരു പുസ്തകം ചെലവില്ല.

മനോരമ- സകല മുതൽക്കാരും വാങ്ങേണ്ടതാണ.

കേരളപത്രിക- കക്ഷികൾക്ക അത്യുപകരം.

കാരാ മാസം കുറവും സാരമായ വിഷയങ്ങൾ അടങ്ങിയ ഒരു ഭാഗം, കൊച്ചി വിധികളുടെ പോക്ക അറിവാൻ "ചിന്താമണി" ഏകമാർഗ്ഗം.

വരിസംഖ്യ—എപ്പോഴും മുൻകൂറ.

ഒരു കൊല്ലത്തേക്ക ആറ മാസത്തേക്ക
വി. പി. ൫—൮—o വി. പി. ൨—൮—o

കൊച്ചി വിധികളും ൧-ാം നമ്പ്ര മുതൽക്കും, തിരുവിതാങ്കൂർ വിധികളും ൭-ാം നമ്പ്ര മുതൽക്കും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. എന്ന വ്യവഹാരചിന്താമണി മാനേജർ,

വള്ളുവനാട, മലബാർ.

ഒ. കുപ്പി കേശരഞ്ജൻ തൈലത്തിനു ഒ. ണ മാത്രം.

വീട്ടിനടുത്ത മാകാണിവിലക്കു കിട്ടുമ്പോൾ ഒരു വിലക്കു കൽക്കത്താവിലും മദ്രാശി ആർമിനിയൻ സ്ട്രീറിലും പോയി വാങ്ങുന്നത എന്തിനു? അവിടെ കൊടുക്കുന്ന ക്രകം ഞങ്ങൾക്കു ക്ര ണ വീതം മാത്രം തന്നാൽ മതി.

അഴതങ്ങിനെ?

നിങ്ങളുടെ സ്നേഹിതന്മാരോടൊടാ (നേരിട്ട ഞങ്ങളോടൊ) രണ്ടണവിലയുള്ള ഞങ്ങളുടെ ഒരു കൊപ്പൺ വാങ്ങി എട്ടണയേടുകൂടി അത ഞങ്ങൾക്കു അയച്ചുതരുവിൻ. ഉടനെ ഒരേമാതിരിയുള്ള നാല കൊപ്പണും, രണ്ടുറുപ്പികവിലക്കു താഴെ പറയുന്ന ഏതെങ്കിലും സാമാനം തിരഞ്ഞെടുത്തുകൊള്ളുവാൻ അധികാരപ്പെടുത്തുന്ന ഒരു സർട്ടിഫിക്കെറും അയച്ചുതരപ്പെടും.

ഈ നാല കൊപ്പണും എട്ടണകൂടിററ നിങ്ങൾഒദ്യംതന്നെ അയച്ച സംഖ്യ വസൂൽ ചെയ്യുക. എന്നിട്ട നിങ്ങൾ ചെയ്തുപോലെ കൊപ്പൺ ക്രകം എട്ട ണ വീതം ഞങ്ങൾക്കു അയച്ചുതരുവാൻ വാങ്ങുവരോടു ഉപദേശിപ്പെടുക അത ഞങ്ങൾക്കു കിട്ടിയാൽ ആദ്യം നിങ്ങൾഅയച്ചുതുപോലെയുള്ള നാല സർട്ടിഫിക്കെറുകളും അവർക്കയച്ചുകൊടുക്കുകയും നിങ്ങൾക്കു രണ്ടുറുപ്പികക്കു താഴെ വരുന്ന ഏതു സാമാനമെങ്കിലും അയച്ചുതരികയും ചെയ്യുന്നതാണ.

മേൽപറഞ്ഞ നാല സർട്ടിഫിക്കെറു കൈവശമുള്ളവർ അവരുടെ പുറകെ നിങ്ങൾ ചെയ്യുതിനെ ആവശ്യപ്പെടേണ്ടതാകുന്നു.

നിങ്ങൾ രണ്ടുറുപ്പികയിൽ അധികം വിലയുള്ള സാമാനം

എടുക്കുന്നതായാൽ അധികസംഖ്യ വി. പി. ആയി വസൂൽ ചെയ്യുന്നതാകുന്നു.

സർട്ടിഫിക്കേറ്റ കൈവശക്കാരനു രണ്ടുറുപ്പിക വിലക്കു പാഠപുസ്തകങ്ങളും കവിരാജ എൻ. എൻ. സോമന്റെ ആയുർവ്വേദ ഔഷധങ്ങളും കേശരഞ്ജൻ തൈലമോ കോയിത്തമ്പുരാൻ തിരുമനസ്സിലെ ചിത്രമൊ തിരഞ്ഞെടുക്കാം. മേൽ പറയപ്പെട്ടവയുടെ ലീസ്റ്റ ആവശ്യപ്പെട്ടാൽ അയക്കുന്നതാകുന്നു.

ലക്ഷ്മി

ഇത ചിത്രകാരന്മാരിൽ അഗ്രഗന്യനെന്ന സർവ്വസമ്മതനായ കോയിത്തമ്പുരാൻ തിരുമനസ്സിലേ ഫലവത്തായ ആലോചനയുടെ അതിവിശേഷമായ ഫലമാകുന്നു. ദീർഘവിസ്താരം ൨൦൶൪൴൦ഇഞ്ചുകാം ബോഡ്പേപ്പറിൽ ഫ്രെകം. ഇവിടെ പകൃതിവില (പ്രണ) മാത്രം മേൽ പറഞ്ഞ ചിത്രം വാങ്ങുന്നവർക്കോംക്കു ലോകത്തിൽവച്ച ഏറ്റവും മനോഹരവും വിശേഷവും ആയ ഞങ്ങളുടെ ൦റപ്പഞ്ചാംഗത്തിന്റെ ഒരു പ്രതിസമ്മാനമായി കൊടുക്കപ്പെടും.

നിങ്ങളുടെ ജീവകാലത്തിനിടക്കു ഇതുപോലെയായിട്ടും മനസ്സിനെ വിശികരിക്കുന്നതുമായ ഒരു ൦റപ്പഞ്ചാംഗം നിങ്ങൾക്കു കണ്ടിട്ടുണ്ടാവില്ലെന്നു ധൈര്യത്തോടുകൂടി പറഞ്ഞുകൊള്ളുന്നു, ആളുകളെ ആത്രമയക്കി ലയിപ്പിക്കുന്നുവെന്നേ പറയേണ്ടു. പത്തുപന്ത്രണ്ട് ദിവസത്തിനകം കലെൻഡറിന്റെ ഇടക്കുള്ളതും വച്ചുനോക്കുവിൻ മുമ്പിട്ടപ്രകാശിക്കുന്നത ഇതായിരിക്കും! എത്രതന്നെ നീരസികനുമായാലും ഉള്ളതിലും നല്ലത തിരഞ്ഞെടുക്കുവാൻ ആവശ്യപ്പെട്ടാൽ കയ്യുവെക്കുന്നത ഞങ്ങളുടെതിനുതൽ ആയിരിക്കും! ഞങ്ങൾപറയുന്നത അതിശയോക്തിയാണെന്നു നിങ്ങൾ കാണുന്നുവെങ്കിൽ ചിത്രവും പഞ്ചാംഗവും മടക്കിഅയച്ചേക്കു. സന്തോഷത്തോടുകൂടി പണം തിരിയെ തരുവാൻ തയാറുണ്ട.

എം. ആർ. രാമയ്യർ കമ്പനി പാലക്കാട.

T. S. Subramania & Co.,

താംബൂല വിഹാരം ഒരു സുഖാസ്വദന സാധനം തന്നെ.

വെറ്റിലമുറുക്കിനെ സഹായിപ്പിക്കുന്ന ഒരു രുചിപ്രദമായ

സുഗന്ധവസ്തു. ശുദ്ധം വിശേഷം രുചിപ്രദം.

ഈ ചൂർണ്ണത്തിൽ കസ്തൂരി, പനിനീർസത്ത്, അത്തർ മുതലായ സുഗന്ധവസ്തുക്കൾ ഏറ്റവും ചേർത്തുണ്ടാക്കിയതായി നല്ലവണ്ണം ഒരു ക്രമത്തിലാക്കിയിരിക്കുന്നു. വെറ്റിലമുറുക്കിനു അതിരസം ഉണ്ടാകും. മുറുക്കുന്നവർക്ക് ഈ അതിസുഖാനുഭവമായൊരു സാധനമാകയാൽ അവർ ഈ സാധനത്തെ വാങ്ങി പരീക്ഷിച്ചുനോക്കേണ്ടതാകുന്നു.

ഒരു അണുകിന്നവിലയ്ക്ക്	...	...	...	0	4 അണ.
12 അണുകൾക്ക്	...	...	...	2	12

തപാൽകൂലി പുറമെ.

DANTAIDABANA CHURNA. ദന്തധാവന ചൂർണ്ണം

തേഞ്ഞിപ്പോയ പല്ലു തേപ്പാനുള്ള പൊടി ഒരു പെട്ടിക്ക് വില 0-8-0. തൊണ്ടുകൾക്കും, പല്ലിലൊ, അതിനടുത്തൊ ഉണ്ടായുന്ന പുണ്ണുകൾക്കും, പല്ലിൻറെ വേദിച്ചു പോകുന്നതും വേദനക്കും പല്ലിൽനിന്നു ചോരപോകുന്നതിനും വായ നാറ്റത്തിനും മഠവും ഉതകുന്ന ഒരു പൊടിയാണിത്. ഈ പൊടിപല്ലിലുണ്ടാവുന്ന കറ, കേട്ട മുതലായവയെ നശിപ്പിക്കും. പല്ലുകളിന്മേൽ ചിലപ്പോൾ കുമ്മായമിട്ടപോല പറ്റിപ്പിടിച്ചുകാണുന്ന ഒരു വസ്തുവുണ്ട്, അതിനെയും ഈ പൊടി നശിപ്പിച്ചു നിക്കും. നാറ്റമുള്ള സകല ജന്തുസംബന്ധമേയും ഈ പൊടി നശിപ്പിക്കും. പല്ലിന്മേൽ പറ്റിപ്പിടിച്ചിരിക്കുന്നതിനെയെല്ലാം കളയും മുത്തുപോലെ വിളങ്ങുന്ന പല്ലുകളെ ഈ പൊടികൊണ്ടു സമ്പാദിക്കും. പല്ലുകൾക്ക് ബലവും ശക്തിയും ജനിക്കും. ഊണിന്നു ഒരു രുചിയും വരും. ഒന്നു രണ്ടു പ്രാവശ്യം ഉണ്ണുകളിൽ പുണ്ണും കരുവും ഉണ്ടാവുമ്പോൾ ഈ പൊടി വളരെ നന്ന്. ഇതിന്നു പുളിരസമില്ല. വേറെ മിനുസമാംവണ്ണം നേരിയ പൊടിയാക്കിയ ചുണ്ണാമ്പുകൊണ്ടു പല്ലിന്മേൽ തൊടുകയുന്നതല്ല, പല്ലുകൾക്ക് ചീത്തയുണ്ടാക്കുന്നതിനെ. ഈ പൊടി തൊടുകയും പല്ലുകളിൽ കടികൊണ്ടു നാശം വരുത്തുന്ന അതിസൂക്ഷ്മങ്ങളായ ജന്തുപ്രാണികൾ ഉണ്ട്, അവയെ ഈ പൊടി കൊല്ലും. തൊണ്ടുകളെ ചുട്ടുപിടിപ്പിച്ചു വേദനപ്പെടുത്തിയൊ ചാറിച്ചിൽ മുതലായതൊന്നും ഒരു ചുണ്ണാമ്പുമൂലം ഉണ്ടാവില്ല. നാവിന്നും രുചിക്കും. ഈ ചുണ്ണാം സുഖകരമാണ്. കീഴ്വന്മാർ പ്രത്യേകിച്ചു ഈ ചുണ്ണാം ഉപയോഗിക്കേണ്ടതാണ്. അപ്പോൾ അവർക്കു പല്ലുകൊണ്ടുള്ള പ്രയാസങ്ങൾ മരണപര്യന്തമുണ്ടാവുന്നതല്ല. വായുക്ക് രുചികരവും സൌ

ഉദ്ദേശിച്ചതുമാകയാൽ ശ്വാസത്തിന്ന ഒരു നല്ല മണവുമുണ്ടാകും വായുദോഷം ക്ലേദമെന്നിവയും ഉണ്ടാവില്ല. നല്ല ഒരു മണം വായിൽനിന്ന പുറപ്പെടുകയും ചെയ്യും.

KARPURARISTHA. കർപ്പൂരാരിഷ്ടം. നടപ്പുദീനത്തിന്നുള്ള പ്രത്യേക ഔഷധം. (വീർപ്പൂചികകളുള്ള സിദ്ധൗഷധം.) ഒരു കുപ്പിക്ക വില 8ണ. കർപ്പൂരാരിഷ്ടം, വിഷൂചികാ, അതിസാരം, വയറിൽകടി, ദഹനക്കേവു, ചെവികുന്നിയുടെ കേട, അടി വയറിന്ന വിസ്തരം എന്നിങ്ങിനെയുള്ള രോഗങ്ങൾക്ക നല്ല മരുന്നാണ. ഈ ഔഷധം പല ജാതിയായ വേദനകളെ തീർത്തു അവയവങ്ങൾക്ക ശാന്തമായ പ്രസാദചൈതന്യത്തെ വരുത്തും. അവയവങ്ങൾക്ക ക്ഷണസംവേഗമായ വിറയൽ പിടുത്തൽ മുതലായ വിഷമതികളെ മാറ്റും. മലത്തിൻറെ അയച്ചിൽ മാറി മലത്തെ കെട്ടി മലബന്ധം വരുത്തി സ്വാംശകൊടുക്കും. അവീൻ (കരപ്പു) കൂടിട്ടുള്ള അന്യ മരുന്നുകളെപ്പോലെ ഈ ഔഷധം തലവേദനയെ ഉണ്ടാക്കില്ല. തലതിരിച്ചൽ, ഉറക്കം, മന്ദത, ആലസ്യം, മോഹം മുതലായ ഉപദ്രവങ്ങളെ ഉണ്ടാക്കുന്നതുമല്ല. അല്പ നിമിഷങ്ങൾക്കുള്ളിൽ ക്ഷീണിയും വേദനയും നോവുകളും നിന്നുപോകും. ഏകമൂലികപ്രയോഗക്കാരായ ഹോമിയാപ്പതി ഡൊക്തൃരും ബഹുമൂലികാപ്രയോഗക്കാരായ അല്ലൊപ്പാതി ഡൊക്ടൃരും കൊടുക്കുന്ന കർപ്പൂരം ക്ലോറോഡൈൻ എന്നിത്യാദി മരുന്നുകളേക്കാൾ ഞങ്ങളുടെ കർപ്പൂരാരിഷ്ടം ഇന്ത്യയിലെ ജനങ്ങളുടെ ദേഹങ്ങൾക്കും അതിൻറെ സഹജസ്വഭാവങ്ങൾക്കും പറ്റിയതാണ. ഇത ഞങ്ങളുടെ അനുഭവമാണ.

☞ മേല്പറഞ്ഞ എല്ലാ മരുന്നുകൾ താഴെ എഴുതിയ മേൽവിലാസത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും തമിഴിലും എഴുതി ചോദിക്കേണ്ടതാണ.

എന്ന ടി. എസ്സ്. സുബ്രഹ്മണ്യം ആൻറ കമ്പനിയാർ

33. ആർമീനിയൻ സ്ട്രീ ട്ട്,

മദിരാശി.

സരസ്വതിതൂവൽ.

(THE SARASWATI PEN.)

ഒരിക്കൽ മഷി നിറച്ചാൽ 300 മുതൽ 500 വരെ വാക്കുകൾ എഴുതാം.

സ്വതന്ത്രലിഖിതങ്ങൾ.

സർ. വാൾട്ടർ ലൊറൻസ് (കെ. സി. ഐ. ഇ.) ഇന്ത്യാഗവണ്മെൻറ ജനറാളുടെ പ്രൈവറ്റ സിക്രട്ടേരി:— സരസ്വതിതൂവലുകൾ വളരെ ഉപയോഗമുള്ളവയായി കാണുന്നു. താങ്കളുടെ നൂതനമായ ഈ കണ്ടുപിടിക്കലിന്ന താങ്കൾക്ക എല്ലാ ജയവും സിദ്ധിക്കുമാറാകട്ടെ.

സർ. ലൊറൻസ് ജെങ്കിൻസ് (കെ. സി. കെ. സി. ഐ. ഇ.) ലണ്ടനിലെ ഹൈകോർട്ട ജഡ്ജി:— സരസ്വതിതൂവൽ വളരെ ഉപയോഗമുള്ളതായി ഞാൻ കണ്ടിരിക്കുന്നു. കൂടെ തൂവലുകൾ താങ്കൾ എനിക്ക അയച്ചുതരുന്നത ഉപകാരം.

ബഡ്വാൻ മഹാരാജാധിരാജ ബീജോയി ചാൻഡ ബഹാദ്ദർ:— ഈ സുകൃവിദ്യയിൽ നാം വളരെ സന്തോഷിക്കുന്നു.

നാട്ടോർ മഹാരാജ ബഹദ്ദർ ജഗന്നിന്ദ്രനാഥറോയി:— മകൻ നിലച്ച "സഹാൻ". അവൻപോലെ മികവാറും അതു ഉപകാരമുള്ളതാണു.

ബഹുമാനപ്പെട്ട രാജാ റൻജിട്ട് സിങ്ങ് ബഹദ്ദർ:— അങ്ങു ടെ പരിപാലനക്ക് താങ്കൾ തീരെ അർഹനാകുന്നു.

രാജാ പെയറിമോഹന മുകർജ്ജി:— (സി. എസ്. ഐ):— വളരെ സ്വതി അവൻ വളരെ ഉപയോഗമുള്ളതായി താൻ കണ്ടിരിക്കുന്നു.

ബഹുമാനപ്പെട്ട മിസ്റ്റർ ജസ്റ്റിസ്സ് ശാരദ ചാരുമിത്രൻ:— ഇതു വളരെ ഉപയോഗമുള്ള ഒരു കണ്ടുപിടിക്കൽതന്നെയാണു.

പണ്ഡിതർ കെ. എം. ഗാംഗുലി (ബി. എൽ.) മഹാഭാരത പരിഭാഷകൻ:— "സ്റ്റീൽപെൻ" ഉപയോഗിക്കുന്ന എല്ലാവരുടെയും പാലനക്ക് ഇത് പാത്രമായി നിൽക്കുന്നതാണു.

ബഹുമാനപ്പെട്ട മിസ്റ്റർ രമേശ് ചന്ദ്ര മിത്തർ (ഐ. സി. എസ്.) കല്ക്കത്താ മുനിസിപ്പാൽ ചെയർമാൻ:— താങ്കളുടെ അവർ തൃപ്തികരമായ ഒന്നാണെന്ന കണ്ടിരിക്കുന്നു. സൂക്ഷ്മം വളരെ സാമർത്ഥ്യമുള്ളതാണെന്നതാണു.

മിസ്റ്റർ എച്ച്. ഡി. വില്യംസ് (ഐ. സി. എസ്.), കമീഷനർ:— കൂടക്കൂട മഷി മുക്കേണ്ടുന്ന ബുദ്ധിമുട്ടില്ല. ഒരിക്കൽ മുക്കിയാൽ മൂന്നു നാലു പ്രാവശ്യം കണക്കുകൾ എഴുതാവുന്നതാണു.

മിസ്റ്റർ കെ. സി. ഡി. (ഐ. സി. എസ്.) കലക്ടർ:— അവർ വളരെ സൌകര്യമുള്ളതും കണ്ടുപിടിച്ച സൂക്ഷ്മം സാമർത്ഥ്യമുള്ളതുതന്നെ.

മിസ്റ്റർ എസ്സ്. സി. മിത്രൻ, ഡിപ്പുട്ടി മജിസ്ട്രേട്ട്:— നല്ല വിദ്യയ്ക്കു വളരെ തൃപ്തികരം.

മിസ്റ്റർ ജി. ചക്രവർത്തി, സിമിണ്ടാർ, ബാംബേ മുനിസിപ്പാൽ ചെയർമാൻ:— കണ്ടുപിടിച്ച സൂക്ഷ്മം വളരെ സാമർത്ഥ്യമുള്ളതുതന്നെ. അവർ വളരെ ദൂരം മലബാർ, തന്നതു.

മിസ്റ്റർ സീതാകുഹോരി, ജാപ്പാൻ "ഡിൻഗാജിറെ സാൻഗിയെ" സ്വ
ന്തമായ പ്രസിഡേണ്ടു:— താങ്കളുടെ ഉപയോഗകരമായ കണ്ടുപിടിക്കൽ ജയകരമ
ായിത്തീരുന്നതിനു ഞാൻ താങ്കളെ അഭിനന്ദിക്കുന്നു.

റവറണ്ട് ഡോക്ടർ മോറീസൻ (എം.എ):— കണ്ടുപിടിച്ച സൂത്രം
സാമർത്ഥ്യമുള്ളതുതന്നെ.

ഡോക്ടർ എം. എൻ. ഗാംഗുലി, ലക്നൗപുരി:— ഇതിന്റെ ഫലം
സൂക്ഷ്മമായി കോർവിപ്പെടുത്തുന്നതുതന്നെയാണു്.

പ്രൊഫസർ എച്ച്. സ്റ്റീവൻ (എം. എ):— സരസ്വതിസ്തവങ്ങ
ൾ ഉപയോഗിച്ചുനോക്കിയതിൽ വളരെ ഗുണപ്രാപ്തിയുള്ളതായി കണ്ടിരിക്കുന്നു.

ഡോക്ടർ സറാട്ട് കെ. മുള്ളിക് (എം. ബി. സി. എം.):— ഏഴുത്ത
റിയുന്ന ലോകങ്ങളിൽഇതിനു വളരെ പ്രചാരമുണ്ടാകുമെന്നു ഞാൻ നിശ്ചയമായി പറയുന്നു.

ഡോക്ടർ എസ്സ്. സി. ബാനർജി (എം. എ, എൽ. എൽ. ഡി):—
മഷിനിറച്ച തൂവൽ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്ന യൊരുത്തർ അവയെ ഉപയോഗ
പ്രദമാക്കിയതിൻശേഷം അവ താങ്കളുടെ തൂവലെക്കാൾ നന്നായി എഴുതുകയില്ലെന്നു
കാണുന്നതിനിടയില്ല.

വില. ക. ണ. പ.

12 തൂവലുകൾക്കു് 0 8 0
72-നു 2 12 0
144-നു 5 8 0

"വി. പി." പോസ്റ്റായി അയയ്ക്കുവാൻ 4ണ. പുറമെ.

താഴെകാണിച്ച കമ്പനിയോടു് ആവശ്യപ്പെട്ടാൽ കിട്ടുന്നതാണു്.

ടി. എസ്സ്. സുബ്രഹ്മണ്യം ആൻഡ കമ്പനിയാർ
33. ആർമീനിയൻ സ്ട്രീറ്റ്,
മദിരാശി.

T. S. SUBRAMANIA & Co.,
Agents,
33, Armenian Street,
Madras.

പുസ്തകം ൫ ൧൯൭ ഫ്രീ

വ്യവഹാരചിന്താമണി.

എല്ലാ ഇംഗ്ലീഷ മാസവും 30-൦നു- പ്രസിദ്ധപ്പെടുത്തുന്ന

ഒരു വിശേഷനിയമമാസിക.

പത്രാധിപർ

ചെങ്കുളത്തു കരുണാകരമേനോൻ ബി. എൽ.

—:o:—

1903 നവെമ്പ്ര.

സംഗതിവിവരം.

൧. തിരുവിതാങ്കൂർകല ജുഡിക്കടിയാവർ. പി. കരുണാകരമേനോൻ, ബി. എൽ.

൨. പത്രാധിപകുറിപ്പുകൾ.

൩. മലിരാശി ഹൈക്കോട്ട് ലേഖനം.

ബി. ഗോവിന്ദൻ നമ്പ്യാർ, ബി. എൽ.

൪. ഹൈക്കോട്ട് വിധി സംഗ്രഹം.

൫. കൊച്ചി വിധികർ—കരിമ്പറ രാമൻമേനോൻ, ബി. എൽ. എൽ.

കാരട്ടെ അച്ചുതമേനോൻ, ബി. എ., ബി. എൽ.

൬. തിരുവിതാങ്കൂർ വിധികർ പി. കരുണാകരമേനോൻ, ബി. എ., ബി. എൽ

കേരളസഞ്ചാരി- നിയമകാര്യത്തിൽ ഉപാദ്ധ്യായൻ.

മ. മനോരമ- മേനോന്റെ പുതിയ സ്വമാനകത്തെപോലെ വേറെ ഒരു പത്രത്തിനു ചെലവില്ല.

മനോരമ- സകല ഗുണങ്ങളും വാഴ്ത്തേണ്ടതാണു.

കേരളപത്രിക- കക്ഷികൾക്കു അത്യുപകാരം.

ഓരോ മാസം ഏറ്റവും സാരമായ വിഷയങ്ങൾ അടങ്ങിയ ഒരു ഭാഗം. കൊച്ചി വിധികളുടെ പോക്കു അറിവാൻ "ചിന്താമണി" ഏകമാർഗ്ഗം.

വരിസംഖ്യ—എപ്പോഴും മുൻകൂർ.

ഒരു കൊല്ലത്തേക്കു ആറു മാസത്തേക്കു

വി. പി. ൫—൰—൦ വി. പി. ൩—൰—൦

കൊച്ചി വിധികൾ ൧-൦ നമ്പ്ര മുതൽക്കും, തിരുവിതാങ്കൂർ വിധികൾ ൧-൦ നമ്പ്ര മുതൽക്കും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. എന്ന വ്യവഹാരചിന്താമണി മാനേജർ,

ചെങ്കുളവനാടു, മലബാർ.

പരസ്യം.

കവനോദയം.

———:o:———

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട്, തുള്ളൽ, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകം കൃതികൾ ഇതിൽ ചേർന്നു വരുന്നു. കൊല്ലത്തിൽ നൂറ് പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോകുറി വരുമ്പോൾ ഓരോ കൃതികളിൽ കുറയാതെ ഉണ്ടായിരിക്കും. കൊല്ലത്തിൽ രണ്ട് ഉറുപ്പിക വരിസംഖ്യ അടച്ചാൽമതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാർത്ഥികൾക്കാണെങ്കിൽ മൂന്ന്കുറ ഒന്നര ഉറുപ്പിക തന്നാൽ മതിയെന്ന ഒരു പുതിയ നിശ്ചയംചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേക പുസ്തകങ്ങൾ ഇവിടെ വിൽപാനുണ്ട്. ചിലതിന്റെ വിവരം താഴേ ചേർക്കുന്നു.

വ്യൂത്പത്തിക. വിലകൂടിയവൈദ്യം. ഇത ഓരോപുസ്തകം എപ്പോഴും കൈവശമുള്ളവർ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പോസ്റ്റുകൂലിയുടനെ വൈദ്യന്റെ അടുക്കെ കൊടുത്തുവരികയില്ല. വില കൂ അണ.

സമ്പൂർണ്ണമാലിക — മലയാളത്തിലുള്ള വൃത്താന്തങ്ങളുടെ എല്ലാസംഭവങ്ങളും അറിവാൻ ഈ ഒരു പുസ്തകംമാത്രമേയുള്ളൂ. മലയാളം ഉപയോഗിയാക്കിഎടുത്തിട്ടുള്ള വിദ്യാർത്ഥികൾക്കും കവിതയുണ്ടാക്കുവാൻ പരിശീലിക്കുന്നവർക്കും ഇതിനേറവും ആവശ്യമാകുന്നു. വില രൂണ.

ജ്ഞാനകിപാരിണയം— ജ്ഞാനാടകം. ഇതു നിങ്ങൾ വായിച്ചിട്ടുണ്ടോ? "ഉണ്ട്, മന്നാടിയാരുടെ കഥയല്ലേ?" എന്നായിരിക്കും നിങ്ങളുടെ ഉത്തരം. ശരി. എന്നാൽ അബദ്ധംപറഞ്ഞു. ഇത അതല്ല. കൊട്ടാരത്തിൽ ശങ്കുണ്ണി ഉണ്ടാക്കിയ ഒരു രസികനാടകമാണിത. വായിപ്പാൻ ബഹുരസമുണ്ട്. വില ഒക മാത്രം.

* ഹസ്യലക്ഷണദീപിക — ഈ പുസ്തകം കൈവശമുണ്ടെങ്കിൽ കഥകളിയെ ഊമകളിയെന്നുപറവാനിടവരികയില്ല. വില രൂണ.

* കഥാശതകം— ഒരുവയസ്സിനുമേപ്പറ്റി ൧൦൦ശ്ലോകം മലയാളഭാഷയിൽ കാണുകയെന്നുള്ളത അപൂർവ്വമായിരിക്കും. ഇതൊന്നു വായിച്ചുനോക്കുവിൻ. വില രൂണ.

* ചക്കീചങ്കരം. നാടകം. നിങ്ങൾക്കു സാമർത്ഥ്യമുണ്ടെങ്കിൽ ഈ പുസ്തകം ചിരിക്കാതെ ഒന്നു വായിച്ചുവെങ്കിൽസമ്മതിക്കാം. വില രൂണ.

☞ ഇവകൾക്കു തപാൽകൂലി പുറമെ. *ഈ അടയാളം വെച്ചവഴിക്കു ശേഷമെല്ലാം അച്ചടി അതിമനോഹരം കടലാസ്സ എല്ലാം ഏതുപോലെ ബഹുവിശേഷം. താഴേകാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ എല്ലാപുസ്തകങ്ങളും വി. പി. ആയി അയച്ചുകൊടുക്കും.

കെ. കണ്ണൻനമ്പ്യാർ.
കവനോദയം മാനേജർ.

(Nadapuram.) നാടാപുരം.

സംഗതിവിചാരം.

———:o:———

		ഭാഗം.
ക.	കോകണബ്രാഹ്മണർ- എം. ശേഷഗിരിപ്രഭു, എം. എ.	൧൩൨
ഖ.	ഉച്ചാരണം- എം. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ എം. കെ. എം. ആർ. എ. എസ്.	൧൩൨
ന.	മാനുഷചരിത്രരണം- കെ. ചന്തുച്ചിത്തൻ എം. എ.	൧൩൩
ര.	തൃക്കണാമതിലകം-	൧൩൬
ഒ.	അരുക്കരം- പണ്ഡിതർ ആർ. വി. കൃഷ്ണമാചാര്യർ.	൧൩൭
ന.	പതുചരിത്രം- എ. നാരായണപ്പണിക്കർ. ...	൧൩൮
ഒ.	ബ്രഹസ്പതി- എം. ശങ്കരപ്പണിക്കർ ബി. എ; ബി. എൽ.	൧൩൯
ഖ.	എന്റെ അമ്മയുടെ ലേഖനം- എ നന്തിരിപ്പാടു.	൧൪൧
ൻ.	മദം- കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.	൧൪൬
ഛ.	തിവണ്ടി- നാടുവത്തു മഹൻനമ്പൂരി. ...	൧൪൭
ഛ.	കേരളക്ഷിതിരത്നമാല.	൧൪൭
ഛ.	ദേവീവ്യപാശ്രയസ്തോത്രം- ഒറവങ്കര നീലകണ്ഠൻ നമ്പൂരി (രാജാവു)	൧൫൨
ഛ.	ഒരു വിലാപം സി. എസ്. സുബ്രഹ്മണ്യൻപോറ്റി.	൧൫൪
ഛ.	ഒരു ദുർമ്മരണം.	൧൫൭
ഠ.	പലവക	൧൫൮

ക. പുസ്തകം ൫൦൦൦

ഖ. ഹരിതം.

ന. സഫലം.

ഈ രസികരഞ്ജിനിക്കു പുതിയ വരിക്കാരെ ഉണ്ടാക്കുവരുടെ വരിപ്പണം മുഴുവൻ മുൻകൂറായി ചിരിച്ചു് പേരുവിവരിക്കയോടുകൂടി ആ സംഖ്യ ആപ്പീസിൽ അടക്കുന്നവർക്കു ഈ പ്രതികയിൽ കുറയാതെ യുള്ള സംഖ്യകൊടുക്കുന്നവർക്കു കമ്മിഷനും നഠ. കയിൽ കുറയാതെ പിരിച്ചടക്കുന്നവർക്കു പറഞ്ഞ കമ്മിഷനും പുറമേ മുപ്പതിനെ ഉറുപ്പികക്കു ഒരു പ്രതിവീതം സൌജന്യവുംകൊടുക്കപ്പെട്ടും.

൫.

PRINTED AT THE VIDYA VILASUM PRESS, ERN

ധനസഹായികളുടെ പേരുവിവരം.

—:o:—

					ക	ണ.	സ
	കൊച്ചി മഹാരാജാവു തമ്പുരാൻ തിരുമനസ്സുകൊണ്ടു്						
				തൃപ്പൂണിത്തുറ.	നാ	0	0
മി-രാ-രാ	പാറക്കൽ കൃഷ്ണമേനോൻ അവർകൾ			എറണാകുളം.	നാ	0	0
,,	സി. വി. സുബ്രഹ്മണ്യൻ	...	...		നാ	0	0
,,	ടി. എ. തൊരസ്വാമി അയ്യർ	...	...		നാ	0	0
,,	ഹിന്ദുജനസമാജം സെക്രട്ടരി	...		കോട്ടയം.	നാ	0	0
,,	കൊന്നനാത്തു ഗോപാലമേനോൻ.	...		കൊല്ലം	നാ	0	0
,,	സി. ശങ്കരമേനോൻ.	...	...		നാ	0	0
,,	കെ. പരമുപിള്ള.	...	...		നാ	0	0
,,	പി. രാമൻതമ്പി.	...	...		നാ	0	0
,,	പി. കെ. ഗോവിന്ദമേനോൻ	...	...		നാ	0	0
,,	പി. കേശവപിള്ള.	...	...		നാ	0	0
,,	അരുമനേഴി നാരായണൻ തമ്പി			തിരുവനന്തപുരം.	നാ	0	0
,,	കെ. കൊച്ചുകൃഷ്ണമാരാർ.	...	...		നാ	0	0
,,	ടി. ശങ്കരൻതമ്പി.	...	...		നാ	0	0
,,	പി. മാധവൻ വൈദ്യർ.	...	...		നാ	0	0
,,	ഇ. ജെ. ജോൺ.	...	...		നാ	0	0
,,	സി. പരമേശ്വരൻ ഭട്ടതിരി.	...	...		നാ	0	0
,,	പി. ആർ. പത്മനാഭൻ.	...	...		നാ	0	0
,,	ആർ. നാരായണപിള്ള.	...	...		0	ക	0
,,	കെ. ഗോവിന്ദപ്പിള്ള.	...	ചിറയിൻകീഴ		ക	0	0
,,	പെരുമനവീട്ടിൽ ദേവുപിള്ള.	...	കായങ്കുളം		നാ	0	0
,,	ഉദയവമ്മതമ്പുരാൻ തിരുമനസ്സുകൊണ്ടു്		മാവേലിക്കര.		നാ	0	0
,,	കെ. നാരായണക്കുറുപ്പ്	...	പന്തളം		ക	0	0
	എസ്. കൃഷ്ണയ്യർ.	...	ആലപ്പുഴ		നാ	0	0
	ടി. ആർ. ഗോവിന്ദപിള്ള	...	...		നാ	0	0
	അഴിക്കൽ സി. ഇട്ടിക്കുമാരൻവൈദ്യൻ.	...	...		ക	വ	0
	പി. എൻ. സുബ്രഹ്മണ്യർ.	...	അരിപ്പാട		ക	0	0
	നെല്ലിക്കുഴിത്തെ കോമ്പിമേനോൻ	...	വടക്കഞ്ചേരി		നാ	0	0
	നാരായണൻ എമ്പ്രാടി.	...	മാവേലിക്കര		0	ര	0
	ശ്രീമൂലരയ്യർ	...	എറണാകുളം,		നാ	0	0
	ത്രുവാരിയർ.	...	...		നാ	0	0
	ട്ടി ഇഞ്ചിക്കാവു്.	...	...		നാ	0	0
	അനുജൻ ഭട്ടതിരിപ്പാടു്	...	തൃപ്പൂണിത്തുറ		നാ	0	0
	രിയർ.	...	എറണാകുളം		നാ	0	0
	കൊച്ചനുജൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു.				നാ	0	0

ഫാൽഗുനം.

പുസ്തകം ൨. ധനുമാസം. ലക്കം ൫.

മംഗളം.

—:o:—

ഉള്ളിക്കിരുന്നാവാഖാതമയൊടുസമം
സാദരനോക്കേണ്ടതിനാ
യെന്നിഞാൻ മൂന്നാവട്ടം കരുണയൊടുമുല
പ്പാലുനാമകന്ന നേരം ।
രിന്നുംവാഴ്കയടപ്പൻതൊഴുമധരവുമായ്
മുഖനീർത്തിട്ടുമുട്ടം
വല്ലും തപ്പും മഹൻമൂസ്സിനൊടരുതരുതെ
നോതുമമ്മേ! തൊഴുന്നേൻ ॥

കോങ്കണ ബ്രാഹ്മണർ.

—:o:—

"കൊങ്കിണികളുടെ മതപൂർവ്വചരിത്രം താങ്കൾ എഴുതിക്കൊണ്ടാൽകൊള്ളാം" എന്ന രസികരഞ്ജിനിയുടെ ഉടമസ്ഥനും പ്രസാധകനും താൽപര്യപ്പെട്ടതുകൊണ്ട ഈ ലേഖനത്തിനു സംഗതിവന്നു. ജാതിസംബന്ധമായ ചരിത്രവിഷയങ്ങളിൽ ശ്രദ്ധാലുവായ ഞാൻ സ്വജനങ്ങളെക്കുറിച്ചുള്ള ഒരു സംക്ഷിപ്തചരിത്രം എഴു

യോകാലം മുമ്പുതന്നെ പ്രസിദ്ധപ്പെടുത്തേണ്ടിയത്. എന്റെ കർത്തവ്യകർമ്മങ്ങളിൽ പ്രഥമഗണനീയമായിരുന്നു. കേരളത്തിലെ ജാതിഭേദങ്ങളേയും അവരുടെ ആചാരങ്ങളേയുംകുറിച്ചുള്ള ഗവേഷണം സാധാരണമായി കേരളീയന്മാർക്ക് അശേഷം ഇല്ലെന്നുതന്നെ ഞാൻ പ്രത്യക്ഷാനുഭവംകൊണ്ട അറിഞ്ഞിരിക്കുന്നു. അന്യദേശക്കാരായ കൊങ്കണബ്രാഹ്മണരേക്കുറിച്ചു വല്ലതും അറിയണം എന്ന താൽപര്യം ഉണ്ടാകുന്നത് ഈ അവസ്ഥയിൽ അസംഭാവ്യമെന്നു പറയേണ്ടതാവശ്യമില്ലല്ലോ. വർത്തമാനപത്രങ്ങളിലോ മാസികപുസ്തകങ്ങളിലോ കൊങ്കണബ്രാഹ്മണരേക്കുറിച്ചു ഞാൻ എഴുതുന്നപക്ഷം ആയതു വായനക്കാർക്ക് രസിക്കുമോ എന്ന ശങ്കകൊണ്ടും ചരിത്രകർത്താവിന്റെ നിലയിൽപ്പോലും നിഷ്പക്ഷമായി സ്വജനങ്ങളുടെ ഗുണങ്ങളെ വിവരിക്കുന്നതായാൽ സ്വജനപ്രശംസാദോഷത്തിനും ദോഷങ്ങൾ പ്രകടിക്കുന്നതായാൽ കുലപാംസനദോഷത്തിനും ഞാൻ പാത്രീഭവിക്കുമോ എന്ന ഭയംകൊണ്ടും ഇതുവരെ ഞാൻ ഉദാസീനനായി ഈ വിഷയത്തിൽ ഉദ്യമിച്ചതേയില്ല.

സ്വജനങ്ങൾ ഭയഭ്രാന്തന്മാരായി, അഗതികളായി, അനാഥന്മാരായി കൊച്ചിയിൽ വന്നു പെരുമ്പടപ്പസ്വരൂപത്തെ ശരണം പ്രാപിച്ചപ്പോൾ പോർത്തുഗീസ്സുകാരുടെ ശൌര്യപരാക്രമങ്ങളേയും യുദ്ധസാമഗ്രികളേയും ധനസംപത്തിയേയും ശ്രദ്ധിക്കാതെ ശരണാഗതവാത്സല്യത്തിന്റെ ഉദ്രേകത്താൽ ആശ്രിതനായി അഭയംനൽകിസംരക്ഷിച്ചപോരുന്ന ആ പരമോദാരരാജവംശത്തിലേ ഒരു കുമാരൻ "എഴുതാതെ ഞങ്ങൾ സമ്മതിക്കയില്ല" എന്നസ്നേഹം നിബന്ധിക്കയാൽ ആ രാജാജ്ഞയെ ബഹുമാനപുരസ്സരം അനുസരിച്ചുനടക്കേണ്ടത് എന്റെ ധർമ്മമാണല്ലോ. ഇതിനെ അനുവർത്തിക്കാതിരുന്നാൽ എന്നിൽ ആരോപിക്കാൻ പാടുള്ള കൃതഘ്നതാദോഷം നിവാരണംചെയ്യാൻ ഇതൊരു മാർഗ്ഗവും ആകുന്നുവല്ലോ.

ശാസ്ത്രരീത്യാ എല്ലാജാതികളുടേയും ചരിത്രാദിചരിത്രവിഷയങ്ങൾ എല്ലാം സംഗ്രഹിച്ച് ഒരു ഗ്രന്ഥം രചിപ്പാനായിട്ടു തിരു

വിതാംകൂർസംസ്ഥാനത്തിൽനിന്ന "എസ്റ്റാഗ്രാഫിക്ക് സർവ്വേ" എ
ന്നൊരു പരിശോധകസമാജം പുപ്പെട്ടുത്തീട്ടുണ്ട്. മേപ്പടി സംസ്ഥാ
നത്തിൽ നിവസിച്ചുവരുന്ന കൊങ്കണബ്രാഹ്മണരിലെ പ്രമുഖ
ന്മാക്ക് സജ്ജനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾശേഖരിപ്പാനാ
യിട്ട് അച്ചടിച്ചോദ്യപ്പട്ടിക ഓരോന്ന് അയച്ചുകൊടുത്തിട്ടുണ്ട്. ഈ
ചോദ്യങ്ങൾക്ക യഥാർത്ഥമായും ന്യായമായും ഉള്ള ഉത്തരങ്ങൾ
എഴുന്നതു പ്രയാസമേറിയ പണിയാകകൊണ്ട് അത് എല്ലാവക്കും
സുസാദ്ധ്യമെന്നു തോന്നുന്നില്ല. മേപ്പടി ചോദ്യങ്ങൾക്ക് ഉത്തരം അ
യക്കാതവർ ഈ ഉപന്യാസം അവലംബിച്ച് ഉത്തരം അയക്കാ
മല്ലോ. അയച്ചവർ തങ്ങളുടെ ഉത്തരത്തിനു ശേഷപൂരണമായോ
ഖണ്ഡനമായോ മണ്ഡനമായോ യുക്തംപോലെ മാറി രണ്ടാ
മതും ഒന്ന് അയക്കുന്നതു നന്നായിരിക്കും. അവധികഴിഞ്ഞുപോയ
തുകൊണ്ട സജ്ജനങ്ങൾ മറുവടി അയച്ചുകഴിഞ്ഞുവെങ്കിൽ തിരുവി
താംകൂർസംസ്ഥാനത്തിലെ അധികാരികൾ തങ്ങൾക്ക കിട്ടിയ ലേ
ഖനങ്ങളിന്മേൽ ഒരഭിപ്രായം സ്ഥാപിക്കുന്നതിനുമുമ്പായിട്ട് എ
ന്റെ ഈ പരിശ്രമങ്ങളേയും കൂടി ഒന്നു കടാക്ഷിച്ചിട്ടേ തീർപ്പുകല്പി
ക്കാവൂ എന്ന എന്റെ അപേക്ഷക്ക് അവകാശം കിട്ടിയതുകൊണ്ടും
ഞാൻ വളരെ കൃതാർത്ഥനായിരിക്കുന്നു.

സഭാസജ്ജനങ്ങളിൽ അഭിമാനം എല്ലാവക്കും സഹജമായിട്ടു
ള്ളതുകൊണ്ട കോങ്കണബ്രാഹ്മണരുടെ പൂർവ്വചരിത്രം എഴുതുന്ന
ത് എനിക്കുഎത്ര ഹൃദ്യമായിട്ടുള്ളതെന്നു വാസ്തവം ഞാൻ പറഞ്ഞ
റിയിക്കുന്നതിനേക്കാൾ ഉൗഹിച്ചറിയുന്നതുനന്നു. എന്നാൽ ഈ
സ്നേഹാനുബന്ധം നിഷ്പക്ഷമായും നിർവ്യാജമായും എഴുന്നതിന്ന്
ഒരു വിഘ്നമായി ഭവിക്കാൻ വളരെ വഴിയുണ്ടെങ്കിലും ഞാൻ
ഒരു ചരിത്രകാരന്റെ നിലയിൽ യഥാർത്ഥമായ സംഗതികളെ
മാത്രമേ ഇവിടെ കാണിക്കുന്നുള്ളു. വാദഗ്രസ്തങ്ങളായ സംഗതിക
ളിൽ അഭിപ്രായഭേദങ്ങളെ വിശദമായി പറഞ്ഞ സ്വാഭിപ്രായം
അറിയിച്ച സിദ്ധാന്തപക്ഷം മഹാജനങ്ങൾ നിർണ്ണയിക്കട്ടെ എ
ന്ന സംകല്പത്തോടുകൂടി ആ ഭാരം സജ്ജനങ്ങളിൽ സമർപ്പിക്കുന്നു.

പശ്ചിമതീരത്തു നിവസിച്ചുവരുന്ന എല്ലാ ബ്രാഹ്മണരുടെയും ഒരു പൂർവ്വചരിത്രം എഴുതുന്നതിനു ഞാൻ ബഹുകാലമായി ശ്രമിച്ചുവരുന്നു. എന്നാൽ കുറേക്കാലമായി രോഗോപദ്രവത്താൽ ശരീരശക്തി ക്ഷയിച്ചുപോയതുകൊണ്ടു ചതുർവ്യവഹാരങ്ങളിലും മറ്റും ഏർപ്പെടാൻ സാധിക്കാതെ ഇരിക്കുന്നു. അതുകൊണ്ട് ഈ മനോരഥം വിഫലമായാണാ വളരെ എളുപ്പം", എന്നുവിചാരിച്ചു സജ്ജനങ്ങളുടെ ചരിത്രമെങ്കിലും ഈ അവസരത്തിൽ പ്രസിദ്ധപ്പെടുത്താതിരുന്നാൽ എന്റെ ചരിശ്രമങ്ങളും എല്ലാം നഷ്ടമാകുമെന്നുവെച്ച് ഇതിനു ഞാൻ തുനിഞ്ഞിരിക്കുന്നു. നമ്പൂരിമാർ കേരളത്തിൽ ഏതുകാലത്തുവന്നു എന്ന കാലനിർണ്ണയം ഞാൻ ചെയ്തിട്ടുണ്ട്. അത് അധികം താമസിക്കാതെ "മലബാർ കാർട്ടർലി റിവ്യൂ" എന്ന ത്രൈമാസിക പുസ്തകത്തിൽ ഇംഗ്ലീഷിലും തുടർന്നു ഒരു മലയാള മാസികയിലും ഉടനെ പ്രസിദ്ധപ്പെടുത്തും. മറ്റു ബ്രാഹ്മണരുടെയും ചരിത്രങ്ങളും യുക്തിയുക്തമായും സപ്രമാണമായും ഞാൻ ഉപപാദിക്കേണമെന്നു ഈശ്വര സങ്കല്പിതമാകുന്നുഎങ്കിൽ അതും ജഗദീശ്വരൻ സാധിപ്പിച്ചുകൊള്ളട്ടെ. കേരളത്തിൽ ബഹുകാലമായി നിവസിച്ചുവരുന്ന കൊങ്കണ ബ്രാഹ്മണന്മാർ ദാരിദ്ര്യോപഹതന്മാരായി കഷ്ടനഷ്ടങ്ങളെ അനുഭവിച്ചു വളരെ ദയനീയമായ അവസ്ഥയിലാകുന്നു ഇരിക്കുന്നതു. നമ്പൂരിമാരും ഇവരും മാത്രം ഉത്തര ഹിന്ദുസ്ഥാനത്തിൽ നിന്നു ശ്രീപരശുരാമന്റെ ആജ്ഞാപ്രകാരം പശ്ചിമതീരത്തു വന്നവർ എന്നും പരശുരാമക്ഷേത്രത്തിലെ മറ്റു ബ്രാഹ്മണരെ ശ്രീപരശുരാമൻ നിർമ്മിച്ചു എന്നും പറയുന്ന പുരാണ കഥകൾ വിശ്വാസയോഗ്യങ്ങളാകുന്നു എങ്കിൽ കേരളീയർ ഇവരെയും കേരളത്തിലെ ഒരു അംഗമായി സസ്നേഹാനുരാഗം വിചാരിച്ചുകൊള്ളേണമെന്ന അപേക്ഷയോടെ ഈ പൂർവ്വചരിത്രകഥയെ ഇവിടെ മതിയാക്കുന്നു.

1. കൊങ്കണബ്രാഹ്മണരുടെ പേരുകൾ.

സിന്ധുനദീതീരത്തുള്ള കറാച്ചിമുതൽ തിരുവിതാങ്കൂർ സംസ്ഥാനത്തിലെ വക്കലവരെയും ഉള്ള പശ്ചിമതീരത്തും ഉൾനാട്ടിൽ ഇന്ദൂർ, മാലവ, ഗവാലിയോർ, നാസിക, പൂണാ, സോളാപൂർ

ർ, സത്താറാ, ബോംഗാം, ദാർവാഡ്, സാവന്തവാഡി, കോ ലാപ്പൂർ, നാഗർ (ഖെഡ്ഡൂർ), നീർമ്പള്ളി, കുടകു, മൈസൂർ, എ ന്നീ രാജ്യങ്ങളിലും നിവസിച്ചുവരുന്ന കൊങ്കണ ബ്രാഹ്മണർക്ക് ദേശഭേദമനുസരിച്ചു നാമഭേദങ്ങളും ഉണ്ട.

ഉത്തര ഹിന്ദുസ്ഥാനത്തിലും ബോമ്പായി സംസ്ഥാനത്തി ന്റെ വടക്കും കിഴക്കും ഉള്ള ജില്ലകളിലും ബോമ്പായി നഗരിയു ടെ തെക്കു സദാശിവഘർ എന്ന പട്ടണം വരെയുള്ള പശ്ചിമതീര ത്തും ഇവരുടെ സാധാരണമായ പേർ "ശേണവഹ്നു ബ്രാഹ്മണ" രുല്ലെങ്കിൽ "ശേണവി ബ്രാഹ്മണ," "ശെണവി ബ്രാഹ്മണ," എന്നാ കുന്നു. കേവലം "ശേണവഹ്നു," "ശേണവി," "ശേണവി," "ശേ ണവിലോക്" എന്നും പറയും. ഭരതാന്ത ദേശത്തിലെ ഉച്ചാരണ നുരൂപമായി ഇവിടെ ചേരുകാം എന്നു തിരിച്ചിരിക്കുന്നു. ഭരതഭയ കേരളീകരിച്ചിട്ടില്ല. സദാശിവഘരിനു തെക്കു "കോങ്കണ ബ്രാ ഹ്മണ" എന്ന പേർവിളിക്കാം. കർണ്ണാടകഭാഷ നാടുള്ള പ്രദേശ ങ്ങളിൽ ഇവരുടെ ജാതിനാമം "കോങ്കണബ്രാഹ്മണരു," "കോ ങ്കണസ്ഥ ബ്രാഹ്മണരു," "കോങ്കണിബ്രാഹ്മണരു," "കോങ്കണി ഗരു," എന്നാകുന്നു. തുളുഭാഷ സംസാരിക്കുന്നവർ ഇവരെ "കോ ങ്കണബിരാണെരു," അല്ലെങ്കിൽ "കോങ്കണേരു," "കോങ്കേണേ രു" എന്നും പറയും. മലയാളത്തിൽ "കോങ്കണബ്രാഹ്മണർ," "കോങ്കിണിബ്രാഹ്മണർ," "കൊങ്കിണിബ്രാഹ്മണർ" എന്നും നി രുപചദമായി 'കൊങ്കിണികൾ' എന്നും പേർ വിളിക്കും.

ബോമ്പായി നഗരത്തിലും ഗോവായിലും ഇവരെ സാധാര ണമായി "ബാഹ്മണ" "ബാമ്മണ" എന്ന പറയും. "ബ്രാംഹ ണ" എന്നതു ബ്രാഹ്മണശബ്ദത്തിന്റെ പ്രാകൃതരൂപമാകുന്നു. ച ണ്ഡൻ ഉണ്ടാക്കിയ പ്രാകൃതലക്ഷണം എന്ന വ്യാകരണത്തിൽ ബംഹണാ (i. 15) (ii. 15) എന്നതു ബ്രാഹ്മണ പദത്തിന്റെ പ്രാ കൃതമെന്നു കാണിച്ചിരിക്കുന്നു. വരരുചിയുടെ പ്രാകൃത പ്രകാശവ ത്തിയിൽ (iii. 8) ബ്രാഹ്മണപദത്തിന്റെ പ്രാകൃതരൂപം ബമ്ഹ ണ എന്ന പറഞ്ഞിരിക്കുന്നു. വിക്രമോർവ്വശീയം രണ്ടാമങ്കത്തിൽ വിദൂഷകൻ പറയുന്ന "ദോഡി രണ്ണോ പിയവയസ്സോ ബമ്ഹ

നോ കിംണ വന്ദീ അദി'' എന്നതിൽ നിന്നും ബമ്ഹണോഎന്ന ഏകവചനം ഉണ്ടായിരുന്നു എന്നും കാണാം. പ്രാകൃതത്തിൽ റ സ ദീർഘങ്ങൾക്കു പരസ്പരങ്ങളിലും വ്യത്യയം വരും. അതുകൊണ്ട ബമ്ഹണ എന്നതു തന്നെ ബാമ്ഹണ എന്ന പരിണമിച്ചു എന്നും സിദ്ധിച്ചു. കോങ്കണഭാഷയെക്കുറിച്ചുള്ള പ്രകരണത്തിൽ ഈ വിഷയം നല്ലവണ്ണം ഉപപാദിക്കും. സർവ്വിൽയംഹണ്ടർ എന്ന മഹാൻ ഉണ്ടാക്കിയ ഗസറിയർ ഓഫ് ഇൻഡ്യ' എന്ന പുസ്തകത്തിൽ തിരോത്രപുരത്തിൽ കൃത്രിയവൃത്തി ചെയ്യുവരുന്ന ബ്രാഹ്മണർ ബാദണ് എന്ന പേരുണ്ടെന്നു പറഞ്ഞിരിക്കുന്നു. ഇതു ചന്ദംഗർറ പ്രാകൃതലക്ഷണത്തിൽ പറഞ്ഞ ബാഭണ എന്ന പദത്തിൽനിന്നുണ്ടായി എന്നും നിർണ്ണയിക്കാം. കോങ്കണ ഭാഷയിൽ ബ്രാഹ്മണസ്ത്രീകൾ ഭർത്താവിനെ ''ബ്രാമ്മുണ'' (ബ്രഹ്മവചനത്തിൽ ''ബാമുണ'') എന്നു പറയും. കോങ്കണ ഭാഷാ സംസാരിക്കുന്ന ഇതര ജാതിക്കാരിൽ സ്ത്രീകൾ ഭർത്താവിനെ ഗോവു (ഗോവു) എന്നാകുന്ന വിളിക്കാറ. ഗോവു എന്നതു പ്രാകൃതഭാഷയിലേ പുരുഷൻ എന്ന അർത്ഥമുള്ള ഗോഹോ എന്ന ശബ്ദത്തിൽ നിന്നുണ്ടായതാകുന്നു.

ഇവർ തങ്ങളെക്കുറിച്ചുതന്നെ പറയുമ്പോൾ വടക്കൻ ദിക്കുകളിൽ ''ഗൌഡസാരസ്വത ശേണവ ഈ കോങ്കണ ബ്രാഹ്മണ'' അല്ലെങ്കിൽ ''ഗൌഡസാരസ്വത ഉർഫ്ശേണവഈ ബ്രാഹ്മണ' എന്നും പറയും. ഇവർക്ക ''സാസഷ്ടികർ' ;സാഷ്ടികർ' എന്നും പേരുണ്ട. പുരുഷത്തിനു വേണ്ടി ;സാരസ്വതബ്രാഹ്മണ' എന്നുംപറയും. ബോമ്പായിക്കു തെക്കുള്ളവർക്ക ''ഗൌഡസാരസ്വത കൊങ്കണ ബ്രാഹ്മണ'' എന്നും ''ഗൌഡസാരസ്വത കോങ്കണസ്ഥബ്രാഹ്മണ'' എന്നും പേരുണ്ട. എന്നാൽ ''കൊങ്കണസ്ഥ ബ്രാഹ്മണ എന്നപദം ബോമ്പായി സംസ്ഥാനത്തിൽ രൂഢിയായി ചിത്പാവന ബ്രാഹ്മണരുടെ പേരായി ഉപയോഗിച്ചു വരുന്നതുകൊണ്ട ''ഗൌഡസാരസ്വത കോങ്കണബ്രാഹ്മണ' എന്ന പറയുന്നതാകുന്നുന്യായം. മഹാരാഷ്ട്രരാജ്യാധിപത്യം വഹിച്ചിരുന്ന പേശവമാർ എല്ലാവരും ചിത്പാവനന്മാർ ആയിരുന്നു.

ചിത്തപാവനർ ഗൌഡരും സാരസ്വതരും ആണ്. ഇവർ പഞ്ച ദ്രാവിഡന്മാരിൽ പ്പെടുന്നവർ എന്നാകുന്നു ഇപ്പോൾ പറഞ്ഞുവരുന്നത്. ഇവക്കും കോങ്കണ ബ്രാഹ്മണർക്കും തമ്മിൽ യാതൊരു വിഷയത്തിലും ഒരു സംബന്ധവുമില്ല. ഇവർ ഒരുവിധം മഹാരാഷ്ട്ര ഭാഷയാകുന്നു സംസാരിക്കുന്നത്. ഈ തെക്കൻ കന്നടിയിൽ നിന്നു ചിത്തപാവനർ കേരളത്തിൽവന്നു ക്ഷേത്രങ്ങളിൽ ശാന്തി കഴിച്ചു വരുന്നുണ്ട്. കേരളത്തിൽ വ്യക്തിഭേദം ചേയ്യാൻ ജനങ്ങൾ ഇഛിക്കാത്തതു കൊണ്ട ഇവരെയും തുളുബ്രാഹ്മർ, വടക്കൻ എമ്പ്രാന്തിരി എന്നുപറയും. വടക്കൻ എമ്പ്രാന്തിരി എന്ന പദം ഹവിഗർ, ശിവള്ളിയർ, കാരഹാഡർ, പദ്യർ, ചിത്തപാവനർ എന്നിവ്യക്തികൾക്കു സാമാന്യമായ ഒരു സംജ്ഞയായി കേരളത്തിൽ ഉപയോഗിച്ചു വരുന്നു.

കന്നടിയിലും മറും 'സാരസ്വതബ്രാഹ്മണർ' എന്നു ഒരുകൂട്ടർ ഉണ്ട്. ഇവർക്കും കൊങ്കണ ബ്രാഹ്മണർക്കും ഭാഷ, ആചാരം, ആഭരണം, വസ്ത്രാലംകാരം മുതലായ വിഷയങ്ങളിൽ സാമ്യം ഉണ്ടെങ്കിലും പന്തിഭോജനവും അന്യോന്യവിവാഹവും ഇല്ല. ഇവരിൽനിന്നു വേർതിരിക്കാനായിട്ടാകുന്നു 'ഗൌഡസാരസ്വതബ്രാഹ്മണർ' എന്നു പറയേണ്ടിവന്നിരിക്കുന്നത്. കൊങ്കണബ്രാഹ്മണർ അന്യോന്യം പറയുമ്പോൾ കൊങ്കൊണോ, അല്ലെങ്കിൽ കൊങ്കണോഎന്നസഭാഷയിൽ പറയും ഗൌഡഭാഷയിൽ സഭകായ്മയായി പറയുമ്പോൾ തങ്ങളെക്കുറിച്ചു 'ദോക്കൊ' എന്നും മറു ബ്രാഹ്മണരേ 'ബ്രാഹ്മണചോ' എന്നും 'തിപ്പ്ടോ,' 'സുത്താളോ' എന്നും 'ആംസോ' എന്നും പറയും.

2. പേരുകളുടെ ഉൽപ്പത്തിയും അർത്ഥവും.

1. കൊങ്കൊണോ, കൊങ്കണോ, കൊങ്കണ, കൊങ്കണി, കൊങ്കിണി, എന്നിങ്ങിനെയുള്ള ശബ്ദങ്ങൾ സംസ്കൃതത്തിലേ 'കോങ്കണ' ശബ്ദത്തിന്റെ രൂപവികാരങ്ങൾ ആകുന്നു- ഈപദങ്ങൾ ഇവർ ആദ്യം കൊങ്കണദേശത്തിൽ ആയിരുന്നു എന്നതിനെ പ്രതിപാദിക്കുന്നു. ഈ ശബ്ദപ്രയോഗത്താൽ അനുമിക്കാവുന്ന സംബന്ധം ദൃഢീകരിപ്പാനായിട്ട് ഇവരുടെഭാഷ, ആചാരങ്ങൾ,

കുലദേവതകളും; ഐതിഹ്യങ്ങളും, ചരിത്രം, ഇത്യാദി മറ്റു പ്രമാണങ്ങളും ഉണ്ട്. കൊങ്കണഭാഷ സംസാരിക്കുന്ന കൂട്ടരിൽ ഹിന്തുക്കളും, ക്രിസ്ത്യാനികളും, മഹമ്മദീയർ എന്ന മൂന്നുമതക്കാർ ഉണ്ട്. ഹിന്തുക്കളിൽ ബ്രാഹ്മണർ, വൈശ്യർ, ശൂദ്രർ എന്നമൂന്നു പ്രധാന വർണ്ണങ്ങളിൽ തന്നെ പല അവാന്തര വിഭാഗവും ഉണ്ട്. ഇവരിൽ ഓരോരുത്തർക്കും തമ്മിൽ സമ്പർക്കവും സമ്മേളനവും ഇല്ല. അതുകൊണ്ടു 1901-ാം വർഷത്തിലേ മദ്രാസ്സ് സംസ്ഥാനത്തിലേ സെൻസസ് റിപ്പോർട്ടിൽ കൊങ്കണി (Konkani) എന്ന പദത്തിനു കൊങ്കണഭാഷ സംസാരിക്കുന്നവർ എന്നുമാത്രം അർത്ഥം പറഞ്ഞിരിക്കുന്നു. ബ്രാഹ്മണപദം കൂടാതെ വെറും 'കൊങ്കിണി' എന്നു വിളിക്കുന്നതുകൊണ്ടു സവർണ്ണർക്കും ദുസ്സഹമായ കുണ്ഠിതമില്ല. സാരഗ്രാഹികളും വിവേകികളും ആയ കേരളീയർ വ്യക്തിഭേദം ചെയ്യാതെ ബ്രാഹ്മണരേയും വൈശ്യരേയും ശൂദ്രരേയും കൊങ്കിണി എന്നു വിളിക്കുന്നതുകൊണ്ടു കൊങ്കണ ബ്രാഹ്മണർക്ക് മനസ്താപം ഉണ്ടാകുന്നതു സഹജമാകുന്നു. അതുകൊണ്ട കൊങ്കണി ശബ്ദം കൊങ്കണ ബ്രാഹ്മണരേ മാത്രം സംബന്ധിച്ചു ഉപയോഗിക്കുന്നതും തദിതരന്മാരെ ജാതിപ്പേരുകളെക്കൊണ്ടു വിളിക്കുന്നതും ഉചിതമാകുന്നു. മലയാളഭാഷ സംസാരിക്കുന്നതുകൊണ്ടു ഒരു നമ്പൂരിയെ മലയാളിയെന്നും തമിഴ്ഭാഷ സംസാരിക്കുന്നതുകൊണ്ടു ഒരു പട്ടരെ തമിഴൻ എന്നും എങ്ങനെ വിളിച്ചുകൂടയോ അതുപോലേതന്നേ തങ്ങളെയും 'കൊങ്കിണി' എന്നു വിളിപ്പാൻ പാടില്ലെന്ന വിചാരമാകുന്നു ഇവരിൽ ചിലരുടെ സന്താപത്തിന്റെ കാരണം. എന്നാൽ അന്യോന്യ വ്യവഹാരത്തിൽ തങ്ങളെക്കുറിച്ചു ഇവർ തങ്ങൾ സ്വഭാഷയിൽ 'കൊങ്കണോ' എന്നു പറയുന്നതു ചതിവാകയാൽ കൊങ്കിണി പദം ഹേതുവായിട്ടല്ല വ്യസനത്തിന്റെ ഉദ്ഭവം. കേവലം തൊഴുവർണ്ണികന്മാരെയും ക്രിസ്ത്യാനികളെയും കൂടി അറിപ്പാനായി കൊങ്കിണിപദം ഉപയോഗിച്ചു, കൊങ്കണഭാഷ സംസാരിക്കുന്ന എല്ലാവരും ഒരു വഴിയിൽ ഉൾപ്പെട്ടവർ എന്നു വിചാരിച്ചു, കേരളീയർ അതുപ്രകാരം നടക്കുന്നതാകുന്നു പരമസങ്കടത്തിന്റെ കാരണം. ഭാഷാപ്രയോഗത്താ

ൽ ശ്രദ്ധിയായി കൊങ്കണപദം ഉപയോഗിക്കുന്ന കേരളീയർക്കു നിരുപദ്രവികളായ കൊങ്കണബ്രാഹ്മണരെ നിന്ദിച്ച് അപഹസിക്കേണം എന്ന വിചാരം സ്വപ്നത്തിൽപോലും ഇല്ലെന്ന വാസ്തവം എനിക്കു നല്ലവണ്ണം നിശ്ചയമുണ്ട്. തുളു എമ്പ്രാന്തിരി എന്ന പദം ഏതൊക്കെയും ജാതിക്കാരെക്കുറിക്കുന്നതിന്ന് ഉപയോഗിക്കുന്നു എന്നതു കേരളീയന്മാരിൽ അല്പം ചിലർക്കുപോലും അറിയാമോ എന്നതു സന്ദിഗ്ധമാണ്. ഹിന്ദുസ്ഥാനി, ഗുജരാത്തി, കച്ചി മുതലായ ഭാഷകളെ സംസാരിക്കുന്ന ഹിന്ദുക്കളെയും മുസൽമാന്മാരെയും "ശേട്ട" എന്ന വിളിക്കുന്നതിനു മലയാളികൾക്കു സന്തോഷംതന്നെ. ഭേദാഭേദങ്ങൾ അറിയേണമെന്ന താൽപര്യം കേരളീയർക്കു വളരെ കുറവാകയാൽ പരദേശികളുടെ ഇടയിലുള്ള വ്യക്തിഭേദങ്ങൾ ഇവർ ഗണ്യമാക്കുന്നില്ല. പരദേശികളും കേരളീയന്മാരും കൂടിക്കഴിയുന്നതിന്ന് അധികം സംഗതികൾ ഇല്ലാത്തതുകൊണ്ടും ഈ വക അറിവുകൊണ്ടു തങ്ങൾക്കു പ്രയോജനമില്ലെന്നതുകൊണ്ടും കേരളീയർ അന്യന്മാരുടെ കാര്യങ്ങളിൽ പ്രവേശിക്കാറില്ല.

കോങ്കണശബ്ദത്തിന്റെ ധാതുത്വം നിർണ്ണയിപ്പാൻ ഇപ്പോൾ കേവലം അസാദ്ധ്യംതന്നെ. ധാതുത്വത്തെക്കുറിച്ചുള്ള പല അഭിപ്രായങ്ങളെയും സ്വാഭിപ്രായത്തെയും താഴെചേർത്തുകൊള്ളുന്നു. നിശ്ചിതാർത്ഥം വിദ്വാന്മാർ തീർച്ചപ്പെടുത്തട്ടെ.

1. കണമെന്നതിന്നു ധാന്യമണിയെന്നർത്ഥം. ഈ ദേശത്തിൽ ധാന്യം ധാരാളമായി കിട്ടുന്നതുകൊണ്ട് 'കണദേശം' എന്ന പേർ വിളിച്ചു. കുത്സിതമായ കണങ്ങളോടുകൂടിയ ദേശമാകയാൽ 'കുകണ'മെന്ന അനർത്ഥമായ പേർ ഇതിന്നു സിദ്ധിച്ചു. കുകണത്തിന്റെ തദ്ഭിന്നരൂപമായ കൊങ്കണം എന്നരൂപം മഹാഭാരതത്തിൽ ദ്രൗപദീസ്വയംവരത്തിൽ ഉണ്ട്. ചില പുസ്തകങ്ങളിൽ കൊങ്കണം എന്നും കാണാം. കൊങ്കണമെന്ന പാഠത്തിൽ അനുസ്വാരം ലിപിയിൽ ചേർത്തോയോ അതോ കൊങ്കണമെന്നരൂപംതന്നെ കൊങ്കണം എന്ന രൂപം ധരിച്ചുവോഎന്നതു നിർണ്ണയിപ്പാൻ കഴിയുന്നതല്ല. കുകണമെന്നത് അപഭ്രംശത്താൽ കോകണമെന്നും കോങ്കണമെന്നും രൂപഭേദത്തിന്ന് എന്നു ചിലരുടെ

അഭിപ്രായം. കോങ്കണദേശത്തിലേ ഇപ്പോഴത്തെ ചിലസമൃദ്ധി കൊണ്ട പൂർവ്വകാലത്തിലേ അവസ്ഥ നിശ്ചയിച്ചുകൂടായ്കയാൽ ഈ അർത്ഥം നിരാധാരമെന്ന് ഉപേക്ഷിപ്പാൻ പാടുള്ളതല്ല.

2. ശബ്ദമാലാ എന്ന കോശത്തിൽ ശ്രീപരശുരാമന്റെ പര്യായശബ്ദങ്ങളിൽ ഒന്നു 'കോങ്കണാപുത്രൻ' എന്നതാകുന്നു. ഇതിൽനിന്നു കോങ്കണാ എന്നതു ശ്രീപരശുരാമന്റെ അമ്മയായ രേണുകാദേവിയുടെ അഭിധാനാന്തരമായിരുന്നു എന്നതിന്ന് ആക്ഷേപം ഇല്ലല്ലോ. മാതൃപ്രീതിക്കുവേണ്ടി സൃഷ്ടിച്ച ദേശമാകയാൽ മാതൃസ്മാരകമായി അതിനെ കോങ്കണദേശം എന്നു പേർവിളിച്ചു. ശബ്ദകല്പദ്രുമത്തിൽ കോങ്കണാശബ്ദത്തിന്നു കോങ്കണദേശത്തിൽ ഭവിച്ചവാം എന്ന് അർത്ഥം പറഞ്ഞിരിക്കയാൽ ദേശനാമത്തിൽനിന്നു പരശുരാമന്റെ അംബയുടെ പേരുണ്ടായി എന്നും അംബയുടെ പേരിൽനിന്നു ദേശപ്പേരുണ്ടായി എന്നും പറയുന്നതുകൊണ്ട് അന്യോന്യാശ്രയ ദോഷത്താൽശബ്ദജ്ഞാനത്തിന്ന് ഉതകാതെ വ്യർത്ഥമായിരുന്നു. ഡിത്ഥാദി സംജ്ഞാശബ്ദങ്ങളെപ്പോലെ കോങ്കണാശബ്ദവും നിരർത്ഥകമായ സംജ്ഞാനാമം എന്നു വാദിക്കുന്നതും സമാധാനമാകയില്ല. ദേശനാമങ്ങൾക്ക് എല്ലാം അർത്ഥം ഉണ്ട്. അതുകൊണ്ടു കോങ്കണാശബ്ദം യദൃഛാശബ്ദം അല്ല.

3. "കോമിതി കുണന്ത്യുതസ്മാൽകോങ്കണാഃ". ഈ ദേശത്തിലുള്ളവർ ആലസ്യത്താൽ വായ്തുറക്കുന്ന കണ്ണുചിമ്മി 'കോം' എന്നശബ്ദിച്ച് ആവിയിടുന്നതുകൊണ്ടു * ഈ ദേശത്തിന്നു കോങ്കണം എന്നു പറയുന്നു എന്ന അഭിപ്രായം വളരെ വൈദഗ്ദ്ധ്യം കാണിക്കുന്നു എങ്കിലും യാഥാർത്ഥ്യം പറയുന്നില്ല. ഇതു കേവലം പരിഹാസവിജൃംഭിതമാകുന്നു. കോങ്കണദേശത്തിലെ നാനാവർണ്ണങ്ങളും പ്രായേണ കായക്ലേശം ചെയ്തു കഷ്ടപ്പെട്ട് ഉപജീവിക്കുന്നവർ ആകയാൽ അനുചിതമായ ആലസ്യത്താൽ ഇവരുടെ ദേശത്തിന്നു കോങ്കണദേശം എന്ന പേരുണ്ടായി എന്നതു സയുക്തികമല്ലെന്നു സർവ്വരും സമ്മതിക്കും. അന്യന്മാർ അപഹാസ്യമായി കല്പിച്ച നാമധേയത്തെ കോങ്കണദേശിയർ അംഗീകരിക്കുന്നതും അസംഭാവ്യംതന്നെ. എം. ശേഷഗിരിപ്രഭു. എം. ഏ.

* കോട്ടുവായ്ടുക, കോട്ടുവിടുക എന്നും താല്പര്യങ്ങൾ ഉണ്ട്.

ഉച്ചാരണം.

———:o:———

എല്ലാ ഭാഷകളിലും ശബ്ദങ്ങളെ വ്യക്തമായി ഉച്ചരിക്കേണ്ടത് അത്യാവശ്യമാകുന്നു. അസ്പഷ്ടമായി ഉച്ചരിക്കപ്പെടുന്ന ശബ്ദം ഒരു മങ്ങിയ ദീപമെന്നപോലെ പദാർത്ഥങ്ങളെ വേണ്ടംവണ്ണം പ്രകാശിപ്പിക്കയില്ല. ഓരോഭാഷയ്ക്കും ഉച്ചാരണവിഷയത്തിൽ ഓരോവിധം വൈലക്ഷണ്യമുണ്ട്. എന്നാൽ ഭാഷകളുടെ ബാല്യകാലത്താണ് വൈലക്ഷണ്യങ്ങൾക്കെല്ലാം പ്രാബല്യം. മനുഷ്യന്റെ ശരീരാവയവങ്ങൾക്കെന്നപോലെ ഭാഷയുടെ ഉച്ചാരണങ്ങൾക്കും ഒന്നുവും ചന്തവും വൃത്തിയും വെടിപ്പും, തികവും വടിവും എല്ലാം ജനിക്കുന്നത് താരുണ്യാരംഭത്തിലേ ഉള്ളൂ. സംസാരിക്കുന്ന ജനങ്ങളുടെ മുഖങ്ങളിൽ ശ്വാസത്രുപേണ നിൽക്കുന്നതിനുപുറമേ ശബ്ദങ്ങളെ വരകളാക്കിക്കൊണ്ടു കുറിച്ചു ലിപിത്രുപേണ എഴുതിസ്സൂക്ഷിക്കാവുന്നനിലയിൽ വന്നതിനുമേലേ ഒരു ഭാഷ പ്രൌഢസ്ഥിതിയിൽ പ്രവേശിച്ചതായി പറഞ്ഞുകൂടൂ. ഈ അവസ്ഥയ്ക്കുമുമ്പ് ഉച്ചാരണങ്ങളെല്ലാം പ്രതിദിനം പ്രതിഗ്രാമവും ഭേദിച്ചുകൊണ്ടിരിക്കും.

ഉദാഹരണത്തിന് ഏറെദ്ദൂരെ തേടേണ്ടതില്ല. സംസ്കൃതത്തിന്റെ പുരാതനാവസ്ഥയെ നോക്കുക. വൈദികസംസ്കൃതമെന്നും ലൌകികസംസ്കൃതമെന്നുംസംസ്കൃതത്തിനു രണ്ടുവകഭേദമുണ്ട്. വേദങ്ങളിലും ബ്രാഹ്മണങ്ങളിലും കാണുന്ന ഭാഷയാണു വൈദികസംസ്കൃതം; കാളിദാസാദികവികൾ ഉപയോഗിച്ചിരിക്കുന്നതു ലൌകികം. ഓരോവേദത്തിനുംവിലക്ഷണങ്ങളായ ചില ഉച്ചാരണങ്ങളുണ്ട്:—ഋഗ്വേദത്തിൽ ഡകാരത്തെ ളകാരമായും, ഢകാരത്തെ ഴകാരമായും ഉച്ചരിക്കണം; യജുസ്സിൽ 'കഃ പചതി' എന്നതിനെ 'കഹ് പചതി' എന്നവിസർഗ്ഗത്തിന് ഇംഗ്ലീഷിലെ Fഎന്നക്ഷരത്തിന്റെ ഉച്ചാരണം വേണം; അതുപോലെ അനുസ്വാരത്തെ 'ഗ്ം' എന്നപോലെ ശബ്ദിക്കണം. 'അഗ്നി' മുതലായ ശബ്ദങ്ങളിൽ ഗകാരത്തിനുമുമ്പ ഒരു വിശേഷപ്പെട്ട ശബ്ദം കേൾപ്പിക്കണം. ഒരുവക വൈല

ക്ഷരങ്ങളെ എല്ലാം നമ്മുടെ പൂർവികന്മാർ വേദത്തിലുള്ള ശ്രദ്ധാധിക്യത്താൽ ക്ലിപ്തപ്പെടുത്തി പ്രതിഷേധിച്ച് ഉച്ചാരണശാസ്ത്രങ്ങളെ ഴുതിട്ടുണ്ട്. ഇവയ്ക്ക് പ്രാതിശാഖ്യങ്ങളെന്നു പേരായുണ്ട്. പ്രതിശാഖം, (=ശാഖതോറും) ഉള്ളത് എന്നുള്ളതിന്റെ വ്യുൽപത്തി ഓരോശാഖകളിലും ഉച്ചാരണഭേദങ്ങളുണ്ടായിരുന്നവനെ മേൽപ്പറഞ്ഞിച്ചുകാണുന്നു. ലൗകികസംപ്രദായത്തിൽ ഒരുവക അവ്യവസ്ഥകൊണ്ടായതൊന്നുംതന്നെ ഇല്ല.

പ്രൗഢാവസ്ഥയെ പ്രാപിച്ച ഭാഷയെ ഉച്ചരിക്കുന്നതിൽ അക്ഷരവ്യക്തിക്കു പുറമേ ദുഷ്ടിപ്രയോഗിക്കുന്ന മറ്റൊരിനം ഇംഗ്ലീഷിൽ ആക്സന്റ് (accent) എന്നുപറയുന്ന യത്നഭേദമാകുന്നു. ഒരു പദത്തിൽ അനേകം അക്ഷരമുണ്ടായിരുന്നാൽ എല്ലാറ്റിനെയും ഉച്ചരിക്കുന്നത് ഒരേ ബലത്തിലല്ല; പ്രധാനപ്പെട്ട അക്ഷരത്തെ മാത്രം ഒരു തീവ്രമായ യത്നത്തോടു കൂടി ശബ്ദിക്കണം. വിഭക്തികളിലും മറ്റും ഒരേ പ്രകൃതിയിൽ പല പ്രത്യയങ്ങൾ ചേരുകയാണ്. അപ്പോൾ ആ വിഭക്ത്യന്തങ്ങളെ അ പ്രകൃതിയുടെ രൂപഭേദങ്ങളെന്നു പറയുന്നു. ഇതിൽ പ്രകൃതി ഭേദിക്കാത്തതാകയാൽ പ്രധാനമെന്നും പ്രത്യയങ്ങൾ അപ്രധാനങ്ങൾ എന്നും വരുന്നു. ഈമാതിരി സ്ഥലങ്ങളിൽ പ്രകൃതിയെ അധികബലപ്പെടുത്തിയും ശേഷമക്ഷരങ്ങളെ ബലംകുറച്ചും ഉച്ചരിക്കണം. ഇതാണ് യത്നഭേദം. ഇതു മലയാളത്തിലില്ല. ഇംഗ്ലീഷുമുതലായ യൂറൊപ്പിലെ ഭാഷകളിൽ ഇതിനു വളരെ പ്രാധാന്യമുണ്ട്. യത്നം ഒരു സ്വരത്തിൽനിന്നു മറ്റു സ്വരത്തിലേയ്ക്ക് മാറുന്നതുകൊണ്ട് ഇംഗ്ലീഷിൽ നാമം ക്രിയയായി മാറുകമാത്രമല്ല, അത്ഥംതന്നെ ചിലപ്പോൾ ഭേദിച്ചുപോകുമെന്നവായനക്കാരിൽ ആംഗലവിദ്യ അഭ്യസിച്ചവർക്ക് അറിയാമല്ലോ. ഒരു യത്നഭേദമെന്നത് ഇല്ലെങ്കിലും സംസ്കൃതത്തിൽ ഇതിന്റെ സ്ഥാനത്തു നേരെ ഒരു വിശേഷവിധിയുണ്ട്. സംസ്കൃതപദങ്ങളെ ഉച്ചരിക്കുമ്പോൾ അക്ഷരങ്ങൾക്കെല്ലാം ഒരേ സ്ഥായിപോരാ; പ്രധാനഭാഗത്തെ ഉയർന്ന സ്ഥായിയിലും അപ്രധാനഭാഗത്തെ താണ സ്ഥായിയിലും ഉച്ചരിക്കണം. ഒരു ശ്രുതിവെച്ചുകൊണ്ട പ്രധാനത്തെ മേൽ സ്വരത്തിലും അപ്രധാനത്തെ

കീഴ്സ്വരത്തിലും ആണുച്ചരിക്കുന്നത്. ഇതിന് ഉദാത്താനുദാത്തസ്വരിതങ്ങളെന്ന മൂന്നു മാത്രിയിലുള്ള 'സ്വരം' എന്നു പേർ പറയുന്നു. സ്വരഭേദംകൊണ്ട് അർത്ഥഭേദവും വരും. ഇപ്പോൾ 'ലോകനാഥൻ' എന്നു പറഞ്ഞാൽ അതു ലോകത്തിന്റെ നാഥൻ എന്നു തൽപുരുഷനും, ലോകം നാഥനായിട്ടുള്ളവൻ എന്നു ബഹുവ്രീഹിയും ഭവിക്കാം. ഒരു മാത്രിരി സ്ഥലങ്ങളിൽ സമാസഭേദത്തെ കാണിക്കുന്നതു സ്വരഭേദമാകുന്നു. ഒരു ഭേദമാലോചിക്കാതെ ഒരാൾ യാഗംചെയ്തപ്പോൾ 'ഇന്ദ്രശത്രോവർദ്ധസ്വ' എന്ന മന്ത്രത്തിലേ 'ഇന്ദ്രശത്രു' എന്ന സമാസത്തിന്റെ സ്വരം പിഴച്ചുച്ചരിക്കയാൽ വിചിത്രഫലം ലഭിച്ചു എന്ന് ഒരു ഉപാഖ്യാനവും പറയുന്നു. എന്നാൽ പാണിനി ലോകത്തിലും സ്വരം വിധിക്കുന്നതുകൊണ്ടായിരിക്കും ലൗകികസംസ്കൃതത്തിൽ സ്വരം ലുപ്തമായിപ്പോയി. ലോപിക്കാനുള്ള കാരണം ശ്രമവൈമുഖ്യവും കവികളുടെ ശ്ലേഷഭ്രമവും ആയിരിക്കാം. ഇവിടെ ദൃഷ്ടാന്തത്തിനു കാണിച്ച 'ലോകനാഥ' ശബ്ദത്തെത്തന്നെ ഒരു കവി ഇപ്രകാരം പ്രയോഗിച്ചിരിക്കുന്നു.

"അഹഞ്ച ത്വഞ്ച രാജേന്ദ്ര ലോകനാഥാവുഭാവപി—
ബഹുവ്രീഹിരഹം രാജൻ ഷഷ്ഠീതൽപുരുഷോഭവാൻ".

ആദികാലത്തിൽ ഇംഗ്ലീഷിലെപ്പോലെ യത്നഭേദവും സംസ്കൃതത്തിൽ ഉണ്ടായിരുന്നിരിക്കാം. 'ദോയച്യുത' എന്നിടത്തെ യകാരത്തെയും മറ്റുചിലേടത്തെ വകാരത്തെയും ലഘുപ്രയത്നമായുച്ചരിക്കണമെന്നുശാകടായനൻ അഭിപ്രായപ്പെട്ടതുകൊണ്ടെന്നു പാണിനി ഒരു സൂത്രം (ഐച്ഛ്വഘുപ്രയത്നതരഃശാകടായനസ്യ) വിധിച്ചു കാണുന്നു. മറെറങ്ങും ഈ സംഗതിയെ പാണിനിഗണിച്ചു കാണാത്തതിനാൽ പാണിനിക്കുമുമ്പുതന്നെ യത്നഭേദം എന്നതു സംസ്കൃതത്തിൽക്ഷയിച്ചിരിക്കണം.

ഇനി ഒരുകാര്യം ആലോചിപ്പാനുള്ളതു് ഉച്ചാരണസംപ്രദായം, ബാണിയാക്കുകിൽഇതുണം ആകുന്നു. ഓരോ ഭാഷക്കാർക്കും ഉച്ചരിക്കുന്നതിൽ ഓരോ വിശേഷവിധികളുണ്ട്. അതിനാലാണ് ഒരു തമിഴൻ മലയാളം സംസാരിക്കുമ്പോൾ അതിൽ 'തമിഴൻചൊവ' ഉണ്ടെന്നു നാം പറയുന്നത്. ഇതുപോലെ നാം സംസാരിക്കുന്ന ഈ

ഗ്ലീഷിൽ എന്തോ ഒരു ചൈതന്യക്കുറവുണ്ടെന്ന് ഇംഗ്ലീഷ്കാർ പറയും. രേക്ഷരം രണ്ടുഭാഷകളിൽ തുല്യമായിരിക്കും. എങ്കിലും അതിനെ ഉച്ചരിക്കുന്നത് അതാതുഭാഷയുടെ സംപ്രദായത്തിനനുരൂപമായ് വേണം. ഖരങ്ങാം എന്നുപറയുന്ന കചടതപകാം തമിഴിലും മലയാളത്തിലുമുണ്ട്; എന്നാൽ തമിഴർ അവയെ മലയാളികളപ്പോലെ പൂർണ്ണഖരങ്ങളായുച്ചരിക്കാതെ അവയ്ക്ക് ഖരങ്ങളുടെയും മൃദുക്കളുടെയും (ശജഡദബ) മദ്ധ്യേ ഉള്ള ഒരു ശബ്ദം കൊടുക്കുന്നു. അതിനാലാണ് തമിഴിലെ പങ്കുനി' എന്ന മാസനാമം ഇംഗ്ലീഷിൽ എഴുതുമ്പോാം Panguny എന്നു ഗു' കാണുന്നത്.

ഒരു ഭാഷയിലുള്ള അക്ഷരമാലയുടെ സ്വഭാവഭേദവും ആ ഭാഷ സംസാരിക്കുന്നവരുടെ ഉച്ചാരണസൗഷ്ഠവത്തിനു നിയാമകമായിത്തീരും. മനുഷ്യന്റെ നാവിൽ നൃത്തമാടുന്ന അക്ഷരങ്ങളിൽ മിക്കവയും ഉപയോഗിക്കുന്ന ഒരു ഭാഷയെ സംസാരിക്കുന്നവർക്ക് ഏതു വിദേശഭാഷയും അഭ്യസിക്കുന്നതിനും ശ്രമം കാണുകയില്ല. ഒരു സംഗതിയിൽ മലയാളികാം ഭാഗ്യവാന്മാരാണ്. ആര്യദ്രാവിഡഭാഷകാം രണ്ടിലും ഉള്ള അക്ഷരങ്ങാം മലയാളത്തിൽ ചേർന്നിട്ടുള്ളതിനാൽകേരളീയാക്ഷരമാല പരിപൂർണ്ണപ്രായയാണെന്നു പറയാം. നാം കേട്ടിട്ടുള്ള ഉച്ചാരണങ്ങളിൽ ഒന്നോ രണ്ടോ എണ്ണമേ മലയാളത്തിലില്ലാത്ത ഉള്ളൂ. മലയാളികളുടെ ഉച്ചാരണലാഘവം പഠിക്കുവാധ്യാന്മാക്ക് അനുഭവസിദ്ധവുമാണ്.

ഭാഷകളുടെ വൈവലക്ഷണ്യങ്ങാം അതുകളെ ഉപയോഗിക്കുന്ന ജനസമുദായങ്ങളുടെ ഉച്ചാരണശക്തിയെത്തന്നെ പ്രായേണ ബാധിക്കുന്നു. ബാംഗാളികാം വകാരമെല്ലാം ബകാരമാക്കും. ഈ സംഗതി ധരിച്ചിരുന്നിട്ടും എനിക്ക് ഒരിക്കൽ ഒരു നാഴികനേരത്തെ മനഃക്ലേശത്തിന് ഇടയായി. ഞാൻ ഒരു സംസ്കൃതകാവ്യം വായിക്കുകയായിരുന്നു. അതിലൊരു ശ്ലോകത്തിൽ ബുധാ' എന്നൊരു പദം ഏതുവിധമാക്കി ശ്രീച്ചാവും അന്വയിക്കുകയില്ലെന്നായി. ഞാൻ ചേരുന്നപടി ചേർക്കാൻ വേണ്ടി വളരെ സാഹസമൊക്കെച്ചെയ്തുനോക്കി; ഒന്നുകൊണ്ടും ഫലിച്ചില്ല. അപ്പോഴാണ്

ആ പുസ്തകം കൽക്കട്ടാവിൽ അച്ചടിച്ചതാണല്ലോ എന്നുള്ള ഓർമ്മ എന്റെ മനസ്സിലുദിച്ചത്. ഉടനെ എല്ലാ ശരിയാകയും ചെയ്തു. ശബ്ദം 'ബദ്ധോ=ബന്ധിച്ചിട്ട്' എന്നപ്പോൾ 'വദ്ധാ=വധുവിനാൽ' എന്ന വധുശബ്ദത്തിന്റെ തൃതീയയാണ്.

തമിഴനായ ഒരു ശിഷ്യനും ഇതുപോലെ ഒരിക്കൽ എന്നെ കുറച്ചുനേരത്തേക്കു ശ്രമപ്പെടുത്തുകയുണ്ടായി. ഇത്രവണ 'മുധാ' എന്നുള്ള ശബ്ദമായിരുന്നുക്ലേശകാരണമായിത്തീർന്നത്. ശിഷ്യൻ അതിനെ വായിച്ചപ്പോൾ ഴാക്കുകയും 'മുദാ' എന്നുതന്നെ വായിച്ചു. ഒടുവിൽ ശിഷ്യന്റെ കൈയിൽനിന്നു പുസ്തകം വാങ്ങി ഞാൻതന്നെ വായിച്ചതിനു മേലേ എനിക്കു വാക്യം അനവയിച്ചർത്ഥം പറവാൻ കഴിഞ്ഞുള്ളു. മേലാൽ ഒരു മാതിരി വ്യഥാശ്രമത്തിനു് ഇടവരാതിരിപ്പാൻ ഞാൻ ഉടൻതന്നെ കരുതൽ ചെയ്തു. 'ശ്രീമാധവം ഭജേ തോഗരുഡാധിരൂഢം' എന്നൊരു ശ്ലോകപാദം നിർമ്മിച്ച് ഇതുയും ശരിയായിട്ട് ഉച്ചരിക്കാറായതിനു മേൽ പഠിച്ചാൽ മതി എന്നു ഞാൻ അയാളോടു പറഞ്ഞു. ആ വിദ്വാൻ പിന്നീട് ഒരു പതിനാലക്ഷരങ്ങളുടെ ഇടയിൽ എത്ര അബദ്ധങ്ങളുണ്ടാകി എന്നതെങ്ങിലും ഒരംശവുമാത്രമേ അറിയാവു. ഈ കഥ ഓർമ്മിക്കുമ്പോൾ കൂടിയും എനിക്കു ചിരി അടക്കുവയ്യാതെ വരുന്നു. എന്തിന്, ഒരു വാരം ശ്രമിച്ചതിനുമേലേ അയാൾക്ക് ആ പാദം ഒരു തവണ വേണ്ടുംവണ്ണം ഉച്ചരിക്കാൻ കഴിഞ്ഞുള്ളു. ഖരാതിഖരങ്ങളും മൂർദ്ധന്യോഷ്മങ്ങളും കലർന്നു വരുന്നിടത്തു ശിഥിലങ്ങളും ഉച്ചാരണത്തിൽ ദുഷ്കരങ്ങളായിപ്പോകാവുന്നതാണെന്നുള്ളതിലേയ്ക്കു 'മിത്രഭ്രുക് മിത്രഭ്രുശ് മിത്രദ്രുഹൗ മിത്രദ്രുഹഃ' എന്നുള്ള സിദ്ധരൂപവും 'ചയോ ദ്വിതീയാഃ ശരി പൗഷ്കരസാദേരിതിവാച്യം' എന്നുള്ള വാർത്തികവും ലക്ഷ്യങ്ങളാണ്.

മലയാളികൾക്കും ഇതുപോലെ ചില വൈകല്യങ്ങളില്ലെന്നില്ല. അവർ ചന്ദനത്തെ ചന്നനവും, ഗണപതിയെ ഗെണപതിയും ആക്കുന്നു. അവരുടെ ഇടയിൽ 'ഉല്ലാഹം' 'അല്ലാതെ' 'ഉത്സാഹം' ആക്കുമില്ല. അവർ 'ആനേമുക്' എന്ന പാണിനി സൂത്രത്തെ 'ആനേമുക്ക്' എന്നുച്ചരിക്കുമ്പോൾ ശാസ്ത്രിമാർ ചിരിച്ചു

പോകും. മലയാളത്തിലേ ഉച്ചാരണത്തിൽ വേറേ ഒരു വൈജാത്യമുള്ളതു ടകാരത്തെ ളകാരമാക്കുകയാണു്. 'സമ്രാട്' എന്നു സംസ്കൃതം ഭാഷയിൽ 'സമ്രാൾ' (ള്) എന്നായിരുന്നു. ഇതിന്റെ ആഗമം ഒന്നാലോചിപ്പാനുള്ളതാണ്. വൈദികഭാഷയിൽ ദ്രുശേദികാം ഡകാരത്തിനു ളകാരമാണു പറയുന്നതെന്ന് ആരംഭത്തിൽ പ്രസ്താവിച്ചല്ലോ. 'സാമ്രാട്' മുതലായ ടകാരാന്ത ശബ്ദമൊക്കെയും വാസ്തവത്തിൽ ഡകാരാന്തമാണെന്നും ടകാരോച്ചാരണം അവസാനത്തിൽ മാത്രമേ ഉള്ളുവെന്നും സംസ്കൃതവ്യാകരണം കൊണ്ടു നമുക്കറിയാം. ഒരു സന്ദിഗ്ദ്ധകേരളത്തിലേക്കു വന്ന ആര്യന്മാർ വൈദികകാലത്തിന്റെ ആരംഭത്തിൽ തന്നെ പിരിഞ്ഞു പോന്നിട്ടുള്ളവരാണെന്നു വരുന്നു. അല്ലെങ്കിൽ ദ്രുശേദഭാഷയിലുള്ള വിലക്ഷണോച്ചാരണം കേരളത്തിൽ മാത്രം ലൗകിക സംസ്കൃതത്തിൽ കൂടി ഇന്നും നിലനിൽക്കുന്നതിന് മറ്റു വല്ല ഉപപത്തിയും പറയാം.? എന്നാൽ ഇവ് ഒരു പ്രധാനപ്പെട്ട സംഗതിയാകയാൽ പ്രത്യേകമായി വിചാരണചെയ്യേണ്ടതാകുന്നു.

എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ.

എം. എ. എം. ആർ. എ. എസ്.

മാനസപരിക്ഷണം.

———— : o : ————

ഈസ്ഥിതിക്ക് ഒരു പ്രത്യേകഭാഷാധ്യാപനം വിദ്യാഭിവൃദ്ധിക്ക് അനിവാര്യമാണെന്നു വിധിക്കുന്നതിനു പ്രയാസമില്ലെങ്കിലും, ഏതു ഭാഷയെയാണു വിശേഷമായി അഭ്യസിക്കേണ്ടതു് എന്നുപറയുന്നതിൽ ഞെരുക്കം ഉണ്ട്. ഇപ്പോഴത്തെ മനഃപരിക്ഷാരം വേണമെന്നു താല്പര്യപ്പെടുന്നവർ ഒന്നു ഭാഷയെ മാത്രം പഠിച്ചാൽ പോരാഎന്നു വന്നിരിക്കുന്നു. ഇംഗ്ലീഷ് പ്രധാനഭാഷ. ഒരുദേശഭാഷയും ആവശ്യംതന്നെ. പഴയതോ, സംസ്കൃതമോ, ലത്തീനോ ഹെബ്രായോ, ഹിന്ദുസ്ഥാനിയോ കൂടിയുണ്ടെങ്കിൽ ഏറെനന്ന്. അങ്ങനെനോക്കുമ്പോൾ രണ്ടു ഭാഷകളാ അത്യാവശ്യമായിരിക്കുന്നു.

അപേക്ഷയുള്ളവർക്ക് മറ്റു ഭാഷകളിൽ ഒന്നിലെങ്കിലും കൂടി പ്രവേശത്തിനുസൌകര്യവും ഉണ്ടാകേണ്ടതാണ്. ഈ ആവശ്യത്തെ നിറവെറ്റുവാനാണ മഹാവിദ്യാശാലകളിൽ ഇംഗ്ലീഷിലും മാതൃഭാഷയിലും, ഒന്നോരണ്ടോ പുരാണഭാഷകളിലും, അഭ്യാസത്തിനു സൌകര്യം ഉണ്ടായിരിക്കുന്നത്.

ഒരു ഭാഷയിലെ ഗ്രന്ഥസമുച്ചയത്തെപ്പറ്റി ഒരുവിധം സാമാന്യ ജ്ഞാനത്തെ സമ്പാദിക്കുന്നതിനു വിദ്യാർത്ഥി അക്ഷീണമായി പരിശ്രമിക്കേണ്ടതാണം. മനുഷ്യരുടെ മനോവൃത്തികൾ, മോഹങ്ങൾ, ആഗ്രഹങ്ങൾ, ഇവയെ പ്രതിപാദിച്ചിരിക്കുന്നതു സാഹിത്യഗ്രന്ഥങ്ങളിലായിരിക്കെ, അവയെ പഠിച്ച, ഈ മാനവവികാരങ്ങളെക്കുറിച്ച സംക്ഷിപ്തമായ അഭിജ്ഞതയേ സംഗ്രഹിക്കയും, ഇതിനേ അനുഭവത്തിൽ പ്രദർശിപ്പിക്കയും, ചെയ്യേണ്ടതു വിദ്യാഭ്യാസ കർമ്മത്തിന്റെ മുഖ്യഫലമാകുന്നു. ആയതിനാലാണ ഭാഷാഭ്യസനം ഉത്തമരീതിയിലുള്ള വിദ്യാഭ്യാസത്തിൽ പ്രാധാന്യതയെ വഹിക്കുന്നത്.

മൂന്നാമതായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ടതു കലാസമുച്ചയമാകുന്നു. രാജാവിനു ഭണ്ഡാരമൊ ഖജനാവൊ, എതുവിധം ഉപയോഗമുള്ളതായിരിക്കുന്നുവോ, അവിധം വിദ്യാർത്ഥിക്കു കലാസമുച്ചയം, ഉപയോഗമുള്ളതാണ. കലാസമുച്ചയം എന്ന പദത്തെ ഇവിടെ ജ്ഞാനഭണ്ഡാരം എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നതു. രേഖാമൂലമായും, യുക്ത്യാനുസൃതമായും, ശാസ്ത്രപ്രായമായും ആണ് ഒരു ഭണ്ഡാരം സംഭരതമായിരിക്കുന്നത്. ഏവംവിധമായ ജ്ഞാനനിധി ഗ്രന്ഥമായിരിക്കുന്നതു നവീനങ്ങളും പ്രാചീനങ്ങളുമായ ഗ്രന്ഥങ്ങളിലാകുന്നു.

ഈ കലാസമുച്ചയത്തിൽനിന്നും കാലോപയുക്തങ്ങളായ രത്നങ്ങളെ യഥാശക്തി ഗ്രഹിക്കാനും അവയേ പ്രശോഭിതങ്ങളാക്കാനും, യത്നിക്കേണ്ടതു വിദ്യാർത്ഥികളുടെ മുമതലയാണ. ഈ ഭാരവാഹിതാ ബൊധമാണ മനുഷ്യനെ മൃഗത്തിൽ നിന്നും വ്യത്യാസപ്പെടുത്തുന്നത്. പൂർവ്വസ്വത്തിനെ അവകാശക്രമം അനുസരിച്ച് അനുഭവിപ്പാനൊ, കൃത്യബോധപ്രേരണയാൽ അതിനെ

അഭിവൃദ്ധിയെ പ്രാപിപ്പിക്കാനൊ ഉള്ള വാസനാവിശേഷങ്ങൾ മൃഗങ്ങൾക്കില്ല. മനുഷ്യനമാത്രംമ ഇത് ശക്യമായിരിക്കുന്നുള്ളു.

അമേരിക്കയിലെ മഹാ കവികളിൽ ഒരാളായ ലോങ്ഫെല്ലോ, വിദ്യ അതി വിസ്തൃതമായതും മനുഷ്യകാലം ക്ഷണഭംഗുരമായതും, ആണെന്നു പറഞ്ഞിട്ടുണ്ട്. ഹ്രസ്വകാലജീവിയായ മനുഷ്യൻ അപാരമായ വിദ്യയെ സംഗ്രഹിക്കുന്നതെങ്ങിനെയാണ്. കലാണ്ടുവത്തെ തരണം ചെയ്വാൻ ഒരു ജീവകാലത്തിൽ ആക്കം തന്നെ കഴിയുകയില്ല. ഇതിന്റെ സാമാന്യരൂപത്തെ ഗ്രഹിക്കുകയും; ചില ഭാഗങ്ങളെ സവിസ്തരം തിരഞ്ഞറിയുകയും, ചെയ്താൽ വിദ്യാർത്ഥിയുടെഭാരം ഏകദേശം നിവൃഹിക്കപ്പെട്ടുഎന്ന വിചാരിക്കേണ്ടിയിരിക്കുന്നു. പൂർവ്വകാലങ്ങളിൽ വിദ്യയ്ക്ക് ഏതാണ്ട് അതിരുബന്ധനം ഉണ്ടായിരുന്നു. അക്കാലങ്ങളിൽ സശ്രദ്ധനായ ഒരു അദ്ധ്യേതാവിൽ വിദ്യാസമ്പൂർണത്തെ നേടുന്നതിന് ഇത്ര അസാദ്ധ്യമായ കഷ്ടപ്രവൃത്തി ആവശ്യമായിരുന്നില്ല.

ഉൽകൃഷ്ട വിദ്യാഭ്യാസം എന്നതിൽ ഇദാനീന്തന കാലങ്ങളിൽ, ഒരു വിഷയത്തെ സംബന്ധിച്ചുള്ള അത്യന്തികമായ ജ്ഞാനലാഭമോ, അനേക വിഷയങ്ങളെ സംസ്പർശിക്കുന്ന കിഞ്ചിദ് ജ്ഞാനമോ, ചേർന്നിരിക്കാൻ തരമില്ല. ചില വിഷയങ്ങളെ വേപനം ചെയ്യുന്നതായ ഒരു മാതിരി സാമാന്യ പരിചയവും ഒരു വിഷയത്തെ ആശ്ലേഷിക്കുന്നതൊ, അതിന്റെ ചില ഭാഗങ്ങളെ മാത്രം കുറിക്കുന്നതോ, ആയ പൂർണ്ണജ്ഞാനവും ഒരുത്തന് ഇക്കാലത്തു സ്വകീയമാക്കാൻ സാധിക്കുമെങ്കിൽ അവൻ ഇപ്പോൾ പരിഷ്കൃതമായ സ്ഥാനത്തിന് അർഹനാകുമെന്നു നമുക്കു വിചാരിക്കുന്നതിന് അനുവാദമുണ്ട്. പൂർവ്വാധികം വിദ്യാവിധികളെ ക്രോഡീകരിക്കപ്പെടേണ്ടി വരുന്നത് ഇക്കാലത്തെ വിഷയങ്ങൾക്കു നാനാത്വവും ബാഹുല്യവും ഗംഭീരതയും വർദ്ധിച്ചിരിക്കുന്നതിനാൽ മാത്രമാകുന്നു. ഒരു കാരണങ്ങളാൽ ഇപ്പോൾ ഒരുത്തൻ സ്വായത്തമാക്കാൻ ഉദ്യമിക്കേണ്ടവിദ്യ, തന്റെ വാസനക്കുയോജിച്ചതും പ്രകൃതിക്കനുസരിച്ചതും ചോകോപകാരയുക്തയും, ആയിരിക്കേണ്ടതാണെന്നു സിദ്ധമാകുന്നുവല്ലോ. ഇപ്രകാരം അത്യുത്തമയായ വിദ്യ

സുഖാനന്ദങ്ങൾക്കും പരിഷ്കൃതിയ്ക്കും ഒന്നുപോലെ അഭ്യന്തരമായ പ്രധാനം ചെയ്യുന്നതും ആയിരിക്കേണ്ടതാകുന്നു.

നാലാമതായി നാം ആലോചനയെ നയിപ്പിക്കേണ്ടത് കല്പനാശക്തിയിലെന്ന മാനവശക്തിയിലെക്കാണ്. മാനവഗുണങ്ങളിൽ സർവ്വപ്രധാനമായത് കല്പനാശക്തിയായിരിക്കെ, അതിനെ ദൃഢീകരിക്കയും, വർദ്ധിപ്പിക്കയുംചെയ്യുന്നതായ യാതൊരു അഭ്യാസവ്യക്തിയും ഉത്തമവിദ്യാഭ്യാസകർമ്മത്തിന്റെ അംശമായിരിക്കുമല്ലൊ. കൃതികളെ നിർമ്മിക്കുവാനുള്ളവാസനയോ വൈദഗ്ധ്യമോ, കല്പനാശക്തിയുടെ സന്താനമാണല്ലൊ. ഒരു ശക്തിതന്നെയാണ കവിയേയും ശാസ്ത്രജ്ഞനേയും യന്ത്രകാരകനേയും, സർവ്വശ്രാഹ്യങ്ങളായ മാതൃകാകാവ്യങ്ങളേയും, ഉപകരണങ്ങളേയും, ലേഖനങ്ങളേയും, ചിത്രങ്ങളേയും, ഇതരസാമഗ്രികളേയും, രചിക്കുന്നതിന്ന സമർത്ഥനാക്കിച്ചമയ്ക്കുന്നത്. ആയതിനാൽ പരിഷ്കാരസ്ഥാനത്തെ അഭിലഷിക്കുന്ന യാതൊരു പ്രവർത്തകനും, ഒരു ശക്തിയെ കരസ്ഥമാക്കുന്നതിനുള്ള ശ്രമത്തെ ഒഴിക്കുതാത്തതാകുന്നു. കല്പനാശക്തിയുടെ അമേയമായ മാഹാത്മ്യം കഴിഞ്ഞശതവർഷത്തിലാണ പ്രത്യക്ഷമായിഭവിച്ച മനുഷ്യരുടെ വിസ്മയത്തെ ബലാൽക്കാരേണ ആകർഷിക്കാൻ ആരംഭിച്ചത്. പ്രസ്തുതശതാബ്ദകാലത്തിലും ഒരുശക്തിയുടെ മഹത്വം,ജനങ്ങളെ ഭ്രമിപ്പിക്കും എന്നുള്ളതിലേക്കു യാതൊരുസംശയവും ഇല്ല. കല്പനാശക്തിയാൽ നിർമ്മിക്കപ്പെട്ടമയന്ത്രചക്രവണ്ടി, കമ്പിത്തപാൽ, വിദ്യുൽപ്രേരിതങ്ങളായയന്ത്രശതങ്ങൾ, ഇവയും, മറ്റു ശാസ്ത്രോപകരണങ്ങളും നാൾക്കുനാൾ പരിഷ്കരിക്കപ്പെടാൻ ഇടയുണ്ടല്ലൊ. ചില പാശ്ചാത്യഭിഷഗ്വരന്മാരുടെ അഭിപ്രായം അധികകാലം കഴിയുന്നതിന്നുമുമ്പായി ചില മൃതസഞ്ജീവനിവിദ്യകൾകൂടിയും കരതലഗതങ്ങൾ ആയിരിക്കുമെന്നാണ.

മേല്പറയപ്പെട്ടതിന്റെ ചുരുക്കം, ഇപ്രകാരത്തെ പരിഷ്കാരത്തെ കാംക്ഷിക്കുന്നവർ ഇക്കാലത്തു സപ്തഭാഷാസംസ്കരണവും, അന്യഭാഷാഭ്യസനവും, കലാസമ്പാദനവും, കല്പനാശക്തിഗ്രഹണവും, സപക്ഷീയമാക്കേണ്ടിയിരിക്കുന്നു.

ഇങ്ങിനെയെല്ലാമാണ പരിഷ്കാരത്തെ സമ്പാദിക്കാനുള്ള മാർഗ്ഗങ്ങൾ എങ്കിലും ഒരേ അഭ്യാസങ്ങൾ ഒന്നും കഴിയാതേതന്നെ, ചില അമാനുഷബുദ്ധികൾക്ക സഹജമായ സിദ്ധിയോഗ്യതകളും ലഭ്യമാകുന്നുണ്ട. വിദ്യാഭ്യാസം മാത്രം ഒരു വാത്മീകിയെയോ, കാളിദാസനെയോ, ഹോമറെയോ, വഞ്ജിലിനെയോ, ഷെക്സ്പിയറെയോ, എഴുത്തച്ഛനെയോ, വാൻഡയിക്കിനെയോ, ഫെർബർട്ടസ്പെൻസറെയോ, കുറവുതീർത്തു പണിചെയ്തിട്ടുള്ളതായി ലോകചരിത്രം പ്രസ്താവിക്കുന്നില്ല. ഈ മാതിരിമഹാഭാഗന്മാരായ ദൈവിക പുരുഷന്മാരുടെ അവിർഭാവം, മാനവശാസ്ത്രവിധികളാൽ അഗോചരവും, ദൈവകാരുണ്യത്താൽമാത്രം ജ്ഞേയവും ആയിരിക്കുന്നു. ഒരു മഹാപുരുഷന്മാരുടെ കൃതികളെ ആദരിക്കുന്നതിനായിട്ടെങ്കിലും സാധാരണന്മാക്ക വിദ്യാഭ്യാസം അത്യന്താപേക്ഷിതമായിരിക്കുന്നു. വിദ്യാപ്രദാനത്തിന്റെ മുഖ്യോദ്ദേശം, അധ്യേതാക്കളിൽ, മാനസികവികാസം, സവ്വ്യാപ്തമായ അനുകമ്പ, നവീനതാപൈമുഖ്യാഭാവം സത്യസന്ധത, ഉത്തമഭക്തി ഇത്യാദി സൽഗുണങ്ങളെ അങ്കുരിപ്പിക്കയാണെന്നുള്ളതാണ്, ഉപദേഷ്ടാക്കളുടെ ഓർമ്മയിൽസദാ ലയിക്കേണ്ടതായ സംശതി.

കെ. പരമുപിള്ള. എം. എ.

തൃക്കണാമതിലകം.

———:o:———

മലയാളത്തെക്കുറിച്ച ശരിയായ ചരിത്രപുസ്തകങ്ങളൊന്നുമില്ലാതിരിക്കുന്നതു വലിയ ചോരായ്മയാണെന്നും മറും നവീനവിദ്യാഭ്യാസമുള്ളവർ ആവലാതിപറയുന്നത ഏറക്കുറെ വാസ്തവമായ ഒരു സംശതി തന്നെയാണ്. പക്ഷെ നമ്മുടെ പൂർവ്വന്മാർ നിർഭാഗ്യവശാൽ ഈ ഒരു വിഷയത്തിൽ അത്ര ദൃഷ്ടിവയ്ക്കാതിരുന്നതിനാൽ ഇപ്പോഴത്തെ പുതിയകൂട്ടർ പലരുംകൂടി പരിശ്രമിച്ചാലും മലയാളത്തിന്റെ പൂർവ്വചരിത്രം ഏതുവിധത്തിലെങ്കിലും ഒന്നുണ്ടാക്കിതീർക്കുവാൻ അത്ര എളുപ്പത്തിലൊന്നും സാധിക്കില്ലെന്നു തീർച്ചയായി പറയാം. എന്നാൽ അതുവിചാരിച്ച നാം ഈകാര്യത്തി

ൽ ഒന്നും പ്രവൃത്തിക്കാതിരിക്കുന്നതും ഇപ്പോഴത്തെ പരിഷ്കരീതിക്കു ചേരുന്നതല്ല. അതുകൊണ്ടു നമ്മുടെ കുലവൃദ്ധന്മാർ പറഞ്ഞുവരുന്ന ചില ഐതിഹ്യങ്ങളെ ശേഖരിച്ചിട്ടു, നമ്മെ വൃദ്ധന്മാരെന്നു പറയുവാൻ തക്കവണ്ണം ഇനിയുണ്ടാവുന്ന അനന്തരവന്മാരായ നവീനപണ്ഡിതന്മാർക്കു സൂക്ഷ്മാസൂക്ഷ്മ വിവേചനം ചെയ്യുവാൻ ശരിയായ ഒരു ചരിത്രപുസ്തകമുണ്ടാക്കിവയ്ക്കുന്നതിനു വേണ്ട സ്വത്തു സമ്പാദിച്ചുവെപ്പാൻ മാത്രമെങ്കിലും നാമിപ്പോൾ യഥാശക്തി ശ്രമിക്കാതെ കഴിയില്ലെന്നു വന്നിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ നമ്മുടെ മലയാളത്തിനു ചരിത്രകാലമായിട്ടില്ല; ഐതിഹ്യകാലമെന്നുമായിട്ടുള്ള ഏങ്കിലും കാലത്തിനുടുത്ത കോലം' എന്ന പഴഞ്ചൊല്ലു പ്രകാരം പഴമക്കാർ പറഞ്ഞു കേട്ടിട്ടുള്ള ഒരു വലിയ ഐതിഹ്യത്തെ നമ്മുടെ ചരിത്രത്തിനുള്ളൊരു പ്രസ്താവനയായി ചേർക്കുന്നതു ഒട്ടുംതന്നെ അനാവിശ്യമായിരിക്കുകയില്ലെന്നാണ എന്റെ വിശ്വാസം.

പ്രാചീനകേരളത്തിൽ പരിഷ്കാരത്തിനു പരിപൂർത്തി ഉണ്ടായിട്ടുള്ളതു പെരുമാക്കന്മാരുടെവാഴ്ചകാലത്തായിരുന്നുഎന്നുപ്രസിദ്ധമാണല്ലൊ. അക്കാലത്തു കേരളത്തിന്റെ തലസ്ഥാനം കൊടുങ്ങല്ലൂരായിരുന്നു. ഈ പ്രധാനപട്ടണം കൊടുങ്ങല്ലൂരഴിമുതൽ "തൃക്കണാമതിലകം" എന്നു കോംവികേട്ടിരുന്ന മഹാക്ഷേത്രത്തിന്റെ വടക്കെ അറ്റത്തിവരെ നീണ്ടുകിടന്നിരുന്നു എന്നുമാത്രം പറഞ്ഞാൽ ഇതിന്ന് അന്നുണ്ടായിരുന്ന വിസ്താരം ഇത്രയാണെന്നു വായനക്കാർക്കു സാമാന്യമൊക്കെ ഊഹിക്കാമല്ലോ. ഈ മഹേശ്വര ക്ഷേത്രമായിരുന്നു അക്കാലത്തു കേരളത്തിലുള്ള മറ്റെല്ലാ ക്ഷേത്രങ്ങളിലും വെച്ചു അധികം പ്രധാനപ്പെട്ടതും. പന്നിയൂർ, ശ്രീകുഴൂരം, (ചൊവ്വരം) മുതലായ പ്രധാനപ്പെട്ട ഗ്രാമക്ഷേത്രങ്ങളുംപോലും അന്ന് ഈ ഒരു ക്ഷേത്രത്തിന്റെ കീഴിലായിരുന്നു എന്നതന്നെ പറയണം. എന്തുകൊണ്ടെന്നാൽ അവയെല്ലാം പ്രത്യേകം ഓരോ ഗ്രാമക്കാരുടെ യോഗക്ഷേമത്തിനുവേണ്ടിയുള്ള ക്ഷേത്രങ്ങളായിരുന്നുള്ളൂ. തൃക്കണാമതിലകമോ' കേരളത്തിലുള്ള അറുപത്തിനാലു ഗ്രാമക്കാർക്കും പൊതുവിലുള്ള ഒരു കുലദൈവാലയമായിരുന്നു.

രുന്നതാണ് ഇവരുടെ അഭിപ്രായങ്ങളിലുള്ള അന്തരം. ആദ്യത്തെ മലയാള മാസിക 1056 മീനത്തിൽ തിരുവനന്തപുരത്തുനിന്നു പുറപ്പെട്ട വിദ്യാവിലാസിനി'യാകുന്നു. ഇപ്പോൾ അതുനടപ്പില്ല. പിന്നീടതു രാജ്യകാര്യങ്ങളെ പ്രതിപാദിക്കുന്നതല്ലെന്നുള്ള നിഷ്കർഷയോടുകൂടി തൃശ്ശിവപേരൂർ കല്പദ്രുമാലയത്തിൽ 1065 കന്നിമാസത്തിൽ ജനിച്ച വിദ്യാവിദുഷിയായ വിദ്യാവിനോദിനി'യാണ്. ഇംഗ്ലീഷ്, സംസ്കൃതം, മലയാളം, എന്ന ഭാഷകളിൽ അപാരപാണ്ഡിത്യം സമ്പാദിച്ച വീരപുരുഷന്റെ മാളനയിൽ വളർന്നവനാ ഒരംപത്തുരത്നം അല്പകാലങ്കൊണ്ടു സജ്ജനസമ്മതം പ്രാപിക്കുകയും പിന്നീടുണ്ടായിട്ടുള്ള പത്രഗ്രന്ഥങ്ങൾക്കെല്ലാം ഒരു മാതൃകയായിത്തീരുകയും ചെയ്തു. യൌവനാരംഭത്തിൽ സ്വയംവരത്തിനുവേണ്ടി രക്ഷാധികാരം വിട്ടുപറപ്പെട്ടതിന്റെ ശേഷം നാനാപ്രകാരേണ പേരുകേട്ടിട്ടുള്ള ചിലരുടെ നമ്മാലാപങ്ങളെക്കൊണ്ടു തൃപ്തിപ്പെടാതെ അവസാനം പ്രതാപംഗവും അനുഭവിച്ചു ഒന്നരക്കൊല്ലമായിട്ടു പുറത്തുവരുവാൻ പാടില്ലാത്തവിധം അതിദയനീയമായ അവസ്ഥയിൽ കിടപ്പായിരിക്കുന്നു. മലയാളത്തിൽ ഇതുവരെ 32 പത്രങ്ങൾ ഉണ്ടായിട്ടുള്ളതിൽ പ്രതിദിനപത്രമാന്നുമില്ലെന്നു കാണുന്നത് ശോചനീയംതന്നെ. ഇതിനുപുറമെ പത്രഗ്രന്ഥങ്ങളും മാസികകളുംകൂടിയുള്ള തുക 27 മാത്രമാണ.

മേൽപറഞ്ഞ പത്രങ്ങളിൽ പ്രതിവാരമെന്ന നിലവിട്ട് ഒരു പടികൂടി സഞ്ചരിക്കുന്നതിനുള്ള ധൈര്യവും സാമർത്ഥ്യവും മലയാളമനോരമ്യ മാത്രമുണ്ടെന്നുള്ള സംഗതി സർവ്വധാ ശ്ലാഘനീയംതന്നെ. എന്തെന്നാൽ ബ്ലാത്തിയിലുള്ള പ്രതിവാരപത്രത്തിന്ന് 50000 വരിക്കാരുണ്ടായാൽ ആ പത്രത്തിന നടപ്പുള്ളതായി വിചാരിക്കുന്നു. ഇൻഡ്യയിൽ ആത്തരത്തിലൊന്നിന 5000 വരിക്കാരെ കിട്ടിയാൽ ഉൽകൃഷ്ടപദവി ലഭിച്ചു. ആയിരം വരിക്കാരെ അന്വേഷിച്ചുണ്ടാക്കുവാൻകൂടി സാധിക്കാതെയാണല്ലൊ മലയാളപത്രങ്ങൾ സഞ്ചരിക്കുന്നത്. ഇങ്ങനെ ബ്ലാത്തിയിലുള്ള സഹജീവികളുടെ പത്തിനൊന്ന് പഴമയിലും നൂറിനു രണ്ടുപ്രചാരത്തിലും നൂറിനൊന്നു അധികരത്തിലും ജനസമ്മതത്തിലും ഇപ്പോൾ മലയാളപത്രങ്ങൾ എത്തിക്കൂടീട്ടുള്ള കാലമാകുന്നു.

എ. നാരായണപ്പുതുവാൾ.

തിലകത്തുണ്ടായിരുന്ന മഹാബ്രാഹ്മണയോഗം തൃശ്ശിവപേരൂർ ക്ഷേത്രപ്രിയക്ഷേത്രത്തിലെക്കുമാറിയതെന്നും പ്രസിദ്ധിയുണ്ട്. തൃക്കണാമതിലകത്തിന്റെ താഴ്ച്ചയും, ഇരിങ്ങാലക്കുടെ ഗ്രാമത്തിന്റെ ഉയർച്ചയും തമ്മിൽ എന്തോ ഒരു ദുഃഖമായ സംബന്ധമുണ്ടെന്നു തോന്നുന്നതിനാലാണ് ഈ തൃക്കണാമതിലകം നശിച്ചത് മുൻപറഞ്ഞ കാലത്തായിരിക്കാമെന്ന ഊഹിക്കുവാനിട വന്നത്.

ഒടുക്കത്തെ ചേരമാൻ പെരുമാളായിരുന്ന ഭാസ്കര രവിവർമ്മ കുലശേഖര പ്പെരുമാൾ രാജ്യാധികാരം വിട്ടൊഴിയുമ്പോൾ കൊടുങ്ങല്ലൂർ നാട്ടുകം മുഴുവൻ ഐരാണിക്കുളം ഗ്രാമത്തിന്റെ അദ്ധ്യക്ഷനായ പടിഞ്ഞാറേടത്തു ഭട്ടതിരിക്കാണു ദാനപ്രകാരം അധികാരപ്പെടുത്തീട്ടുള്ളതെങ്കിലും, തൃക്കണാമതിലകം ക്ഷേത്രകായ്മാ പണ്ടേതന്നെ അന്വേഷിച്ചു വന്നിരുന്നതു തെക്കേടത്തു നായരെന്നും വടക്കേടത്തു നായരെന്നും പറഞ്ഞുവരുന്ന രണ്ടു നായർ കുടുംബക്കാരായിരുന്നു. അതിനാൽ അദ്ദേഹം തന്റെ അധികാരകാലത്ത് അവരുടെ മേൽ ഒരു രാജ്യാധികാരം മാത്രമെ വഹിച്ചിരുന്നുള്ളൂ. ക്ഷേത്രത്തിലെ ഊരാളന്മാരുടെ നിലയിൽ സകല കായ്ങ്ങളും അവർതന്നെയാണു നടത്തിപ്പോന്നിരുന്നത്. ആ ക്ഷേത്രത്തിനു സകലവിധത്തിലും പുഷ്ടിവരുത്തുവാൻ ഇവർ സന്നദ്ധന്മാരായിരുന്നു. ഇവരുടെ പ്രാമ്പല്യത്തിനും ധനപുഷ്ടിക്കും എതിരില്ലാതിരുന്നതിനാൽ ക്ഷേത്രത്തിനു ക്രമേണ അധികമായ പുഷ്ടികൂടിവന്നിരുന്നു. തൃപ്പേക്കുളം, ഗുരുവായൂർ മുതലായ മഹാക്ഷേത്രങ്ങൾപലതും ഈക്ഷേത്രത്തിന്റെകീഴേടങ്ങളായിരുന്നതിനാൽ അവയും ഇവർ വേണ്ടപോലെ പുഷ്ടിവരുത്തിക്കൊണ്ടിരുന്നു. ഈ മഹാക്ഷേത്രത്തിന്റെ മതിലകം തൃപ്പേക്കുളത്തമ്പലവും നെയ്തലക്കാവിലമ്മയമ്പലവും പുറത്തുള്ള ചെറുദേവന്മാരുടെ ക്ഷേത്രങ്ങളായിരിക്കത്തക്കവണ്ണം രണ്ടരനാഴികയോളം വിസ്താരമുള്ളതായിരുന്നു. ഈ മതിലകത്തിന്റെ വിസ്താരം നിമിത്തമാണ് ആ ദേശത്തിനു തന്നെ 'മതിലകം' എന്ന പേരുവന്നത്. ഇപ്പോൾ ആ മഹാക്ഷേത്രവും മതിലുമെല്ലാം നശിച്ചുപോയിട്ടും 'മതിലകം' എന്ന പേർമാത്രം ശേഷിച്ചിരിക്കുന്നു. ഇക്കാലത്തും ആ ക്ഷേത്രത്തിന്റെ സ്ഥ

ചകമായി വലിയകുളം ഒന്നുമാത്രമെ അവിടെ കാണുന്നുള്ളൂ. അ
ക്കാലത്ത് അങ്ങിനെയുള്ള മതിൽകെട്ടിന്നും പുറമെ ആറു മതിൽ
കെട്ടും കൂടിയുണ്ടാക്കി അതാതിന്നുള്ളിൽ അവസ്ഥാനുസാരേണ
ഓരൊജാതിക്കാരുടെ ഭവനങ്ങളും ക്രമത്തിൽ ഉണ്ടാക്കിച്ച് ആ
പ്രദേശം "ശ്രീരംഗം" പോലെ ഭംഗിയാക്കി തീക്കേണമെന്നുള്ള
ഉദ്ദേശ്യത്തോടുകൂടി ഏകശാസനാക്കാരും കേരളകുബേരന്മാരുമാ
യ നായന്മാർ ഉത്സാഹിച്ചു പുറപ്പെട്ടു. അവരുടെ ഈ ഉദ്യമത്തി
ന്നു ഉടനെ വലിയ വിരോധക്കാരും ഉണ്ടായി. ഈ വിരോധക
ക്ഷിക്കാർ ഇരിങ്ങാലക്കുടക്കാരല്ലാതെ മറ്റാരുമായിരുന്നില്ല. അവ
ക്കതിൽ പ്രത്യേകം തടസ്ഥം പറയുവാൻ നല്ല കാരണവുമുണ്ടാ
യിരുന്നു. ഒടുക്കത്തെ മതിൽകെട്ടു ഇരിങ്ങാലക്കുടെ ഗ്രാമത്തിന്റെ
സങ്കേതത്തിൽ കടത്തിക്കെട്ടേണ്ടിവന്നതിനാൽ അവക്കിതിൽ കല
ശലായ വൈരസ്യം ജനിച്ചു. എന്നാൽ അതിപ്രബലന്മാരായ മ
തിലകത്തുകാരുണ്ടോ ദുർബ്ബലന്മാരും സാധുക്കളും ആയ ഇരിങ്ങാ
ലക്കുടക്കാരുടെ വൈരസ്യം വകവെക്കുന്നു? ഇരിങ്ങാലക്കുടക്കാരുടെ
ശാഠ്യവും സങ്കടവും കണ്ടപ്പോൾ ഒടുവിലെ മതിൽകെട്ടു ആദ്യംത
ന്നെ തീർത്തുകളയാമെന്നാണു നായന്മാരുറച്ചത്. അവർ മുറ്റും
കിടങ്ങു കോരി പണി നടത്തിച്ചു തുടങ്ങി. അതിൽ മറ്റൊക്കുട്ടക്ക്
വളരെ സങ്കടമായി. ആ ഗ്രാമസങ്കേതവാസികളിൽ പ്രമാണി
കളായ നമ്പൂരിമാർ ഒന്നിച്ചുകൂടി ആലോചിച്ചു നായന്മാരോടു
നേരിട്ടതന്നെ വിരോധം പറഞ്ഞുനോക്കി. ബ്രാഹ്മണരേക്കാളും
തങ്ങളുടെ ഈശ്വരന്നാണു മാഹാത്മ്യം കൂടുന്നതെന്നു വിചാരിച്ചു
റച്ചിട്ടുള്ള മതിലകത്തു നായന്മാർ ആ മഹാബ്രാഹ്മണവാക്കും നി
രാകരിച്ചതേയുള്ളൂ. ഇവരുടെ ഈ ഔദ്ധത്യത്തിന്റെ മൂർദ്ധന്യത്തിൽ മതില
കത്തു യോഗക്കാരായ മഹാബ്രാഹ്മണരുടെ മദ്ധ്യസ്ഥനിധിപോ
ലും ഫലിച്ചില്ലെന്നേവേണ്ടൂ. "വിനാശകാലേ വിപരീതബുദ്ധിഃ"
എന്നു പറഞ്ഞകൂട്ടത്തിൽ ആപത്തടുത്തിരിക്കുമ്പോൾ എന്തു സ
ദുപദേശം ചെയ്താലും നേരെ തോന്നാൻ പ്രയാസമാണല്ലൊ. ഇ
ത്രയൊക്കെയായിട്ടും ഇരിങ്ങാലക്കുടക്കാരും ഒഴിച്ചുപോയില്ല. നി
വൃത്തിയുണ്ടെങ്കിൽ ഈ മുടക്കണമെന്നുതന്നെ അവർ നിശ്ചയി

മ്മം ഇരിങ്ങാലക്കുടക്കാരുടെ ഐകമത്യം അന്നു മുതൽക്കാണ് പ്ര സിദ്ധമായിത്തീർന്നത്; ആ ഗ്രാമസങ്കേതത്തിൽപെട്ട സകലജാതി ക്കാരും ആബാലവൃദ്ധം ഒത്തൊരുമിച്ച് മതിലുകെട്ടുന്ന സ്ഥലത്തു ചെന്നിട്ട് "അരുതെ-അരുതെ; ഞങ്ങളുടെ ഗ്രാമസങ്കേതത്തിൽ കടന്നി നിങ്ങൾ മതിലുകെട്ടരുതെ", എന്നു വിളിച്ചുനിലവിളിച്ചു. ഇതുകൊണ്ട് അവരുടെ കണുത്തിന്നല്ലാതെ, മതിലകത്തുകാരുടെ മുൻനിശ്ചയത്തിന്നു ലഘുലേശവും ഇളക്കം തട്ടിയില്ല. ഒരു ഭാഗ ക്കാർ വന്നു നിലവിളിക്കുന്നു; മറേവർ മുറയ്ക്കു മതിലുകെട്ടുന്നു. ഇതുകക്ഷിക്കാരും അവരവരുടെ സ്വാതന്ത്ര്യപ്രതിപത്തിവിട്ടില്ല. മ തിലകത്തുകാർ അതിപ്രബലന്മാരാകയാൽ അവരോട് കയ്യൂക്ക് പ്രയോഗിച്ചു ജയം നേടിക്കളയാമെന്ന് ഇരിങ്ങാലക്കുടക്കാർ വിചാ രിച്ചതേയില്ല. അവർ കൂട്ടം കൂടി ഒന്നായിനിന്നു നിലവിളിച്ച് പറ കയും ഗ്രാമപരദേവതയായ ഭരതസ്വാമിയെ ('സംഗമേശ' നെ ന്നും 'കൂടൽമാണിക്യ' മെന്നും ഇവരുടെ പരദേവതയ്ക്ക് ചേർസി ദ്ധിച്ചതു പിന്നേയും കുറേക്കാലം കഴിഞ്ഞിട്ടാണ്) പിടിച്ചു ശപഥം ചെയ്യുകയും എതിരുകക്ഷിക്കാർ നശിക്കുവാൻ പ്രാർത്ഥിക്കുകയും ചെയ്യു നോക്കി. അതുകൊണ്ടൊന്നും യാതൊരു ഫലവുമുണ്ടായില്ല. ഒടു വിൽ അവർ മതിൽ കെട്ടുന്ന സ്ഥലത്തുചെന്ന് നിരന്നുകിടന്ന് താ ന്താങ്ങളുടെ ശരീരംകൊണ്ടു തടസ്ഥംചെയ്യുനോക്കുക എന്നായി. അതിൽ മതിലകത്തുകാക്ക് വലിയ ധർമ്മസങ്കടമായിത്തീർന്നു. എ ങ്കിലും സ്ഥിരോത്സാഹന്മാരായ നായന്മാരുടെ ആൾക്കാർ ഇ വരെ ഒരു പുറത്തു നീക്കുമ്പോഴേക്കും അവർ മറെറാരു പുറത്തു നി രന്നുകഴിയും. ഇങ്ങിനെ വലിയ ഒരു കോലാഹലമായിത്തീർന്നു. ഒരു കക്ഷിയിൽ വേദവേദാംഗവേദികളും, ശ്രൌതസ്മാർത്ത വിധിവി ശാരദന്മാരും, ഷഡംകർമ്മ നിരതന്മാരും, വർണ്ണാശ്രമനിഷ്ഠയുള്ളവ രും, മഹാതപസ്വികളുമായ "തരണനല്ലൂർ" ഗൃഹക്കാർ മുതലാ യ അനേകം ഉത്തമബ്രാഹ്മണരും അവരുടെ അധീനത്തിലുള്ള മറു പല ജാതിക്കാരുമായിരുന്നു. മറുകക്ഷിയിൽ മഹാധീരന്മാ രും സ്ഥിരനിശ്ചയന്മാരും ഏറെറവും ജനസ്വാധീനമുള്ളവരും മ ഹാധനികന്മാരും ആയുധപ്രയോഗത്തിൽ അതി വിദഗ്ദ്ധന്മാരും

ശൂരന്മാരും അപരാജിതന്മാരുമായ നായന്മാരും അവരുടെ ആജ്ഞയിൻകീഴിൽ നിൽക്കുന്ന അസംഖ്യം മറുജാതിക്കാരുമായിരുന്നു. ഇരുപക്ഷക്കാരുടെയും ഉദ്ദ്യമംകൂടാതെവ പ്രതിപത്തി മൂലമായിരുന്നതാനും. അവർ തമ്മിൽ നടന്ന ലഹളയിൽ മഹാബ്രാഹ്മണരെ മാത്രം ഉപദ്രവിക്കുവാൻ വളരെ മടിയുള്ള നായന്മാരുടെ കല്പനക്കനുസരിച്ച് അവരുടെ ഭടന്മാർ ബ്രാഹ്മണരെയെല്ലാം ബഹുമാനപുരസ്സരം കൊണ്ടുപോയി ഒരു വലിയ ശ്മശാലയിൽ ഇട്ടടച്ച് തടവിൽ പാർപ്പിക്കുകയും, മറുള്ളവർ ആരെങ്കിലും മതിൽ കെട്ടുന്നേടത്തു വന്നു നിരന്നുകിടന്നാൽ അവരുടെ മേൽ കല്ലുപടുത്തു മതിലുകെട്ടുകയും ചെയ്യും. എന്തിനധികം വിസ്തരിക്കുന്നു? സാഹസംനിമിത്തം അങ്ങിനെയുള്ള ആ പുരമതിലിന്റെ "അസ്ഥിവാരം" "അസ്ഥിഭാര"മായിത്തീർന്നു എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലൊ.

തുടരും.

അരയുകാരം.

———:o:———

രഞ്ജിനിയുടെ തുലാം ലക്കത്തിൽ "ചില മലയാളവർണ്ണങ്ങൾ" എന്ന ലേഖനത്തിൽ അരയുകാരസംബന്ധമായും, ചിലതെല്ലാം എഴുതിയിരിക്കുന്നതു കണ്ടു. സെപ്തമ്പർമാസം തലശ്ശേരിയിൽവെച്ചു കഴിഞ്ഞ ഭാഷാപോഷിണിസഭക്ക് ഞാൻ അയച്ചുകൊടുത്ത ഒരു ദീർഘലേഖനത്തിൽ അരയുകാരസംബന്ധമായി ഞാൻ എഴുതിയിരുന്ന ഒരു ലേഖനൈകദേശത്തിൽ ഉണ്ടായിരുന്ന അഭിപ്രായങ്ങളെ, എന്റെ ശിഷ്യനായ രാഘവപ്പൊതുവാൾ ആദ്യം പറഞ്ഞ ഉപന്യാസമുഖേന പ്രകടീകരിച്ചുവെങ്കിലും അതു സമ്പൂർണ്ണമല്ലായ്കയാൽ ആ ദീർഘലേഖനത്തിൽ ഞാൻ അരയുകാരസംബന്ധമായി എഴുതിയിരുന്ന ഭാഗത്തെ ഭാഷാഭിമാനികളുടെ ദൃഷ്ടി എത്താൻവേണ്ടി താഴെ പ്രസിദ്ധപ്പെടുത്തുന്നു.

"തമിഴ്ഭാഷയിൽ കുറിയലുകരം" അതായത്, അരയുകാരം അല്ലെങ്കിൽ സംവൃതോകാരംഎന്നും, മുറിയലുകരം, അതായ

തു മുറുകാരം അല്ലെങ്കിൽ വിവൃതോകാരം എന്നും ഉകാരം രണ്ടു ണ്ട്. എന്നാൽ കുറിയലുകരത്തെ കുറിക്കുന്നതിനു തമിഴിൽ പ്ര ത്യേകമായി യാതൊരു ചിഹ്നവും ഇല്ല. മലയാളത്തിൽ മാത്രം ആധുനികപണ്ഡിതന്മാർ ഒരു അടയാളം ഉണ്ടാക്കിയിരിക്കുന്നു. മ ലയാളത്തിൽ "ചക്ക" എന്നതിനും "ചക്ക്" എന്നതിനുമുള്ള വ്യ ത്യാസത്തെ കാണിക്കാൻവേണ്ടി ആ ചന്ദ്രക്കലഅടയാളം അത്യാ വശ്യകമാണെന്നാകുന്നു ആധുനികപണ്ഡിതന്മാരുടെ അഭിപ്രാ യം. എന്നാൽ ഈ അടയാളം തമിഴിൽ ആവശ്യമില്ലാതെ വ രാൻകാരണം എന്താണെന്നുവല്ലിനാം അതായത് ക, ച, ട, ത, പ, റ, ഈ ആറ അക്ഷരങ്ങളോടുമാത്രമെ കുറിയലുകരം അല്ലെങ്കിൽ അരയുകാരം ചേരുകയുള്ളൂ. അതുതന്നെയും വല്ലിനത്തിൽ അവ സാനിക്കുന്ന പദങ്ങളിൽ ഈ അരയുകാരം ഉള്ള വ്യഞ്ജനാക്ഷര ത്തിനുമുമ്പ് ഒന്നിലധികം അക്ഷരങ്ങളോ അല്ലെങ്കിൽ ദീർഘസ്വ രമോ ഇരുന്നാൽ മാത്രമാണ്. ഉദാഹരണം. കാട്ട്, വീട്ട്, ഇത്യാ ദികളിലും, തകിട്ട്, അകിട്ട്, ഇത്യാദികളിലും, ആണ് അരയുകാ രം. പ്രത്യുദാഹരണം. നട്ട, അത്ത, മുതലായവയിൽ മുറുകാരം തന്നെയാണ്. ഇങ്ങിനെയാകുന്ന നിയമം തമിഴ്വ്യാകരണത്ത ൽ കാണുന്നത്. ആകയാൽ അവക്ക് മുറുകാരത്തിനും അരയുകാ രത്തിനും വ്യത്യാസം പ്രയോഗത്തിൽ മേൽപ്പറഞ്ഞ നിയമാനു സാരേണ സ്പഷ്ടമായി ഗ്രഹിക്കാൻ കഴിയുന്നതുകൊണ്ട് തമിഴിൽ അരയുകാരത്തിനു പ്രത്യേകമായ ഒരു സംകേതം ഉണ്ടാക്കീട്ടില്ല. മലയാളഭാഷയിൽ ആകട്ടെ വ്യഞ്ജനത്തിൽ അവസാനിക്കുന്ന എ ല്ലാപ്പദങ്ങളിലും പ്രായേണ അവസാനത്തിൽ അരയുകാരോച്ചാ രണനിയതയായിരിക്കുന്നതുകൊണ്ട് അതിനെക്കുറിക്കുന്നതിനു പ്ര ത്യേകം ഒരു ചിഹ്നം ആവശ്യകതന്നെയാണ്. അരയുകാരത്തിൽ അവസാനിക്കുന്ന ശബ്ദങ്ങളിലെ ബഹുവചനത്തിൽ മുറുകാരാന്ത ങ്ങളായി കാണുന്നതുകൊണ്ടും കുറിയലുകരം എന്ന തമിഴിൽ ഒരു സംകേതം ഇരിക്കുന്നതുകൊണ്ടും വിവാദഗ്രസ്തമായ ഈ ലിപിസം വൃതോകാരമാണെന്നും സംവൃതാകാരമല്ലെന്നും സിദ്ധിക്കുന്നു. എന്നാൽ പാണിനീയത്തിൽ പറഞ്ഞിരിക്കുന്നതുപോലെ മുറു

കാരത്രയം എഴുതീട്ടുമാത്രമെ മിത്രൽ വെക്കാൻ പാടുള്ളു എന്നുള്ള നിയമം സ്വീകരിക്കുവാൻ യാതൊരു കാരണവും ഞാൻ കാണുന്നില്ല. ''വാക്ക് കേട്ട് നടന്നുടൻ'' എന്ന് ഒരു ശ്ലോകപാദമായി പ്രയോഗിക്കുമ്പോൾ ''ക്കു'' വിനെ ഒരു സ്വരമായി ഗ്രഹിക്കേണ്ടത് ആവശ്യമെന്നു തീരുമാനപ്പെടുന്നവസ്ഥക്ക്, ക്+അ=ക, ക്+ഇ=കി, എന്ന സ്ഥലങ്ങളിൽ എന്നപോലെ അരയുകാരത്തെ കുറിക്കുന്ന ''ു'' ചന്ദ്രക്കലയേയും ഒരു സ്വരസൂചകലിപിയായി നാം ഗ്രഹിച്ച് ''ക്കു'' എന്നതിൽ വിവൃതോകാര ചിഹ്നമില്ലാതെ കേവലം സംവൃതോകാര ചിഹ്നത്തെ മാത്രം വെക്കുന്നതിൽ എന്താണ ബാധകം? ''സ്വരവ്യതിരിക്തമായ (ചഞമദ്ധ്യസ്ഥ) വ്യഞ്ജനത്തെക്കുറിക്കുന്ന സംകേതവും, ഇതും, അന്യോന്യം തെറ്റിപ്പോകാതിരിക്കുന്നതിനും പ്രസ്തുത ലിപി ''ഉ''കാരസംബന്ധമാണെന്നു ഓർമ്മിക്കുന്നതിനും ഉതകുന്നതാകുന്നു, തമ്പുരാൻ അവർകളുടെ സംകേതം, എന്ന് ഒന്നു പറയാനുണ്ടെന്നേയുള്ളൂ.'' എന്നു മിസ്റ്റർ ഒ. എമ്. ചെറിയൻ അഭിപ്രായപ്പെടുന്നുണ്ട്. വാസ്തവത്തിൽ ഇതിനുവേണ്ടിയും ''വാക്ക്'' ഇത്യാദി സ്ഥലങ്ങളിൽ ഉകാരദ്യോതകചിഹ്നം ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. കാരണം, സ്വരവ്യതിരിക്തമായ വ്യഞ്ജനത്തെക്കുറിക്കുന്നതിനു ''ം'' അനുസ്വാരത്തെക്കുറിക്കുന്ന ഒരു പുണ്ണ്യശ്ലോകത്തെ ആ അക്ഷരത്തിന്റെ തലയ്ക്കൽ വെക്കുകയല്ലാതെ ജിഹ്വാമൂലീയ സദൃശവും അരയുകാര ലിപിയുമായ ''ൃ'' ഈ ചന്ദ്രക്കലയെ അല്ല തമിഴ് പുസ്തകങ്ങളിലും തദനുഗാമിനിയായ മലയാള മനോരമാപഞ്ചാംഗിയിലും ഭാഷാപോഷിണി പത്രികയിലും കണ്ടുവരാറുള്ളത്. മറ്റു ഭാഷകളിൽ യാതൊന്നിലും കാണാത്തതായ ഈ അരയുകാര ചന്ദ്രക്കലയെ നാം സ്വീകരിക്കുമ്പോൾതന്നെ അരയുകാര ലിപിയായി സ്വീകരിച്ചിരിക്കേ ''പ്രസ്തുത ലിപി ഉകാരസംബന്ധമാണെന്നു'' ഓർമ്മിക്കുന്നതിനുവേണ്ടി വിവൃതോകാര ചിഹ്നവും ആവശ്യകമാണെന്നു പറയുന്നത് പരസ്പരം യോജിപ്പില്ലാത്തതാണെന്നു സ്പഷ്ടമാണെല്ലൊ. ആകയാൽ പാണിനീയത്തിൽ പറഞ്ഞിരിക്കുന്നകാരണംകൊണ്ട്, അതു അരയുകാരമാണെന്നും, അതിനെ

കുറിക്കുന്നതിന് ഒരു പ്രത്യേകചിഹ്നം വേണ്ടതുതന്നെയാണെന്നും. എനിക്കും അഭിപ്രായമുണ്ടെങ്കിലും ഉകാരദ്യോതകചിഹ്നം എടുത്തുകളഞ്ഞ് അവിടെ അകാരം ചേർക്കണമെന്നുള്ള പാണിനീയാഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. അകാരം എഴുതിയാലും ശരി, ഉകാരം എഴുതിയാലും ശരി, അതുതന്നെ അതിൽ; അർത്ഥം, സന്ദർഭാദ്യനുസാരേണ നമുക്കു നിശ്ചയിക്കുവാൻ കഴിയുന്നതുകൊണ്ട് തൊട്ടുകൂറി ആവശ്യമില്ലെന്നുള്ള അഭിപ്രായംഎനിക്ക് ലേശംപോലുംബോധിക്കുന്നില്ല. ഇങ്ങിനെ വിവാദഗ്രസ്തമായ അക്ഷരത്തെ "സംവൃതാകാര"മെന്നു ചിലർ പറയുന്നതിന്ന് എന്താണ കാരണമെന്ന് ഇനി ആലോചിക്കുക. ഒരു സംസ്കൃതപദത്തിന്റെ അവസാനത്തിലുള്ള ഹ്രസ്വാകാരം ആപദത്തെ പ്രയോഗിക്കുമ്പോൾ സംവൃതമാണെന്നു പാണിനീയശിക്ഷയിൽ പറഞ്ഞിരിക്കുന്നു. [ഹ്രസ്വസ്യാവർണ്ണസ്യ പ്രയോഗേ സംവൃതം] ഈവിധംഉച്ചാരണം ഇപ്പോഴും കാശിമുതലായ വടക്കൻപ്രദേശങ്ങളിലുള്ള പണ്ഡിതന്മാരുടെ ഇടയിൽ കാണാവുന്നതാണ. ആവിധത്തിൽ അകാരത്തെ സംവൃതമായി ഉച്ചരിക്കുന്നതായാൽ നമ്മുടെവിവാദഗ്രസ്തമായ അരയകാരം അപ്പോൾ സംവൃതോകാരത്തോട് ആ അകാരത്തിന്ന ശ്രുതിസാമ്യമുണ്ടെന്നത് അനുഭവംകൊണ്ടുതന്നെഅറിയാവുന്നതാണല്ലോ. ഉച്ചാരണമാത്രം ആവിധത്തിൽതന്നെ ചെയ്യുവാന്നവരും കേവലം ആയ്ന്മാക്കം അവരുടെ ഭാഷക്കും കീഴടങ്ങിയവരും തമിഴ്ഭാഷയിൽ ഇങ്ങിനെ ഒരു കുറിയലുകരം ഉള്ള കഥപോലും അറിയാത്തവരുമായ മദ്ധ്യകാലിക മലയാളികളും അരി, വീട, ഇത്യാദി സ്ഥലങ്ങളിലെ ആയ്ന്മാരുടെ സംവൃതാകാരശ്രുതിസാമ്യംനിമിത്തം സംവൃതാകാരംതന്നെയാണ ഈ സ്ഥലങ്ങളിലുമുള്ളതെന്നു നിർണ്ണയിക്കുകയും അതുതന്നെ പരമ്പരാപ്രാപ്തമായിവന്നുപോവുകയുംചെയ്തത് കൊണ്ട് ആധുനികന്മാരിലും ചിലർ ആ അഭിപ്രായത്തെ അനുസരിച്ചു വാദിക്കുന്നതിൽ വിശേഷിച്ച് അത്ഭുതപ്പെടുവാനൊന്നുമില്ല. വാസ്തവത്തിൽ അത് ഉകാരസംബന്ധിയാണെന്നുള്ളതിലേക്കു കേരളപാണിനി പറഞ്ഞിരിക്കുന്ന കാരണങ്ങൾക്കു പുറമെ "ഗീരുകൊണ്ടു" "പ്രീതിയും പാണ്ഡുസുതരുടെനിർണ്ണയം" ഇത്യാദി ഭാരതാദിപ്രയോഗങ്ങളും മേലെ പറഞ്ഞ

അഭിപ്രായത്തെ പിൻതാങ്ങിട്ടാണ കാണുന്നത്. തെലുങ്കുരാജ്യത്തിൽ സംസ്കൃതപണ്ഡിതന്മാർ അദ്ധ്യക്ഷരങ്ങൾ എല്ലാം ഉച്ചരിക്കുമ്പോൾ ഒരു മുറുകാരത്തോടുകൂടിത്തന്നെയാണ് ഇപ്പോഴും ഉച്ചരിച്ചുവരുന്നത്, (ആസീത് = ആസിത്ത) എന്നുകൂടി ഈ സന്ദർഭത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

പണ്ഡിതർ. ആർ. വി. കൃഷ്ണമാചാര്യർ.

പത്രചരിത്രം.

——:o:——

മദിരാശിയിലെ കഥ ഇതിലും പരുങ്ങലാണ്. അവിടെ പത്രങ്ങളെ സംബന്ധിച്ചുള്ള വിക്ടോറിയ കൽക്കട്ടയിലും അധികമായിരുന്നു. അദ്ധ്വാനിക്കൊണ്ടിരുന്നവർ അവസാനിക്കുന്നതും കൊല്ലം തികയുന്നതിനുമുമ്പു മരിക്കുന്നതും അഞ്ചുകൊല്ലത്തിനകത്തു വീഴുന്നതുമല്ലാതെ കാര്യം പ്രചാരത്തോടുകൂടി പത്തുകൊല്ലം തികച്ചിരുന്നിട്ടുള്ള ഒരു പത്രം 1857 വരെ ആ സംസ്ഥാനത്തുണ്ടായതായി കാണുന്നില്ല. ഭാരതഖണ്ഡത്തിൽ ഉൽഭവിച്ചിട്ടുള്ള പത്രങ്ങളിൽ 1878 വരെ രണ്ടായിരത്തിലധികം വരിക്കാരുണ്ടായിരുന്ന പത്രം 'ഓവർലൻഡ് മേയിൽ' (Overland Mail) മാത്രമാണ്. അതിന്ന് നാലായിരം വരിക്കാരുള്ളതായി കാണുന്നു. ലോർഡ് കാനിങ്ങ് (Lord Canning) നാട്ടുപത്രങ്ങളെ സംബന്ധിച്ച് ഒരു പ്രത്യേക നിയമം 1878-ൽ നടപ്പാക്കി. അതായത — പത്രാധിപന്മാരോ അച്ചടിക്കാരോ ഗവർമ്മേണ്ടിനു അപ്രീതികരമോ അന്യമതങ്ങൾക്കു വിരോധത്തിനോ എടവരുത്തുന്ന ലേഖനങ്ങളെല്ലാതെയും നാട്ടുഭാഷാപത്രങ്ങളിലോ പത്രഗ്രന്ഥങ്ങളിലോ പ്രസിദ്ധപ്പെടുത്തുന്നതല്ലെന്നുള്ളതിലേക്കു ജാമ്യം കൊടുക്കേണ്ടതാണെന്നും നിശ്ചയത്തിനു വിരോധമായി പ്രവൃത്തിക്കുന്നതായാൽ അത്യുന്നതസ്ഥാനം മുതൽ കൈകേറുകയും ചെയ്യുമെന്നുമായിരുന്നു. ഇങ്ങിനെ പത്രങ്ങളെ തുലയ്ക്കുവാൻ പാടില്ലാത്തവിധം തടുത്തിരുന്നിട്ടുണ്ടായിരുന്നു എങ്കിലും ഭാരതവർഷത്തിൽ ഒട്ടാകെ പല ഭാഷകളിലും ഉള്ള പത്രങ്ങളും പത്രഗ്രന്ഥങ്ങ

ളും കൂടി അറുനൂറുവരെ എത്തിട്ടുണ്ട്. അതിൽ മൂന്നിലൊന്നു നാട്ടുപത്രങ്ങളും നീക്കി കൽക്കൂട്ടയിൽ 15 പ്രതിദിനപത്രങ്ങളെയും കൂടി 55പത്രങ്ങളുള്ളതിൽ പ്രമാണി "ഇംഗ്ലീഷ്മാൻ (Englishman) എന്ന പത്രത്തിന്നു വയസ്സു നാല്പതോളമായിരിക്കുന്നു. ബമ്പായിൽ രണ്ടുദിനസരി ഉൾപ്പടെ 16-ൽ മാന്യസ്ഥാനം ബാമ്പെഗസറിന്നാണ്. പഴമയിൽ പറയത്തക്ക വ്യത്യാസമില്ല. മദ്രാസിൽ പ്രതിദിന പത്രം 4-ും പലവക 9 ും ഉള്ളതിൽ മേയസ്സു ചെന്ന 'മേയിൽ' (Mail)സ്ഥാനത്തു് മൂപ്പായിവാഴുന്നു. മറുള്ളവ വേറെ സ്ഥലങ്ങളിലാണ്. ഇപ്പോൾ മാത്രമാണ മലയാള പത്രങ്ങളെയും മാസികകളെയും പറ്റി ചിലതുപറവാനുള്ള പദ്ധതിയിലെത്തിയ്തു്. നാട്ടുഭാഷകൾക്കു തിരിച്ചുവെച്ചിട്ടുള്ള മേൽപറഞ്ഞ സഭയിൽ നിന്ന മലയാളഭാഷയുടെ ഓഹരി എത്രയാണെന്നു് അറിവാനായി മലയാളത്തിൽ പ്രവേശിക്കുകയാണു.

മലയാളപത്രങ്ങളുടെ ജന്മഭൂമി മംഗലാപുരമാണെന്നു ചിലരും എറണാകുളമാണെന്നു മറ്റു ചിലരും പറയുന്നു. ഉത്ഭവസ്ഥാനം സ്ഥിരപ്പെടുത്തുന്നതിലേക്കു മുപ്പത്തുകൊല്ലത്തിന്നു മുമ്പു വല്ലപത്രവും മലയാളത്തിലുണ്ടായിട്ടുണ്ടോയെന്നറിയുന്നതിന്നു ഗത്യന്തരമില്ലാത്തതിനാൽഇന്നുപ്രായം ചെന്നിട്ടുള്ള പത്രത്തെ ആശ്രയിച്ചുതീർച്ചപ്പെടുത്തേണ്ടതായിവന്നിരിക്കുന്നു. അതവരാപ്പുഴെനിച്ചു് എറണാകുളത്തു വളർന്നവരുന്നതും 27 വയസ്സുപ്രായമുള്ളതുംസത്യനാദകാഹളത്തിലെ കാഹളംകൾക്കുഞ്ഞുതുമായ 'സത്യനാദം' എന്ന പത്രമാണ്. മലയാളപത്രങ്ങളിൽ രാജ്യകാര്യം സംബന്ധിച്ച വിഷയങ്ങൾ പത്രംപുറപ്പെടുന്നതോടുകൂടിത്തന്നെ പ്രസിദ്ധപ്പെടുത്തിത്തുടങ്ങീട്ടുണ്ട്. ഇത് അന്നത്തെ ഇംഗ്ലീഷ് പത്രങ്ങളെ അനുസരിച്ചുതുടങ്ങിയതുകൊണ്ടായിരിക്കാം. പത്രങ്ങളുടെ ആകൃതിപ്രായത്തോടുകൂടി ശവമേമന്ദ്യോജിക്കാത്തതുപോലെതന്നെ മേറിയ വിഷയങ്ങളെക്കുറിച്ചപത്രങ്ങൾക്കുവേണ്ടവിധംആലോചിക്കാത്തതുകൊണ്ടായിരിക്കാം. നാടൻകാര്യങ്ങളെപ്പറ്റി വേണ്ടതിലധികം പറവാനുള്ള സാമർത്ഥ്യം ധാരാളമുണ്ടെന്നുള്ള പ്രസിദ്ധിസമ്പാദിച്ചിരിക്കുന്നനാട്ടുപത്രങ്ങൾഇംഗ്ലീഷ്സഹജീവികളെപ്പോലെനടക്കേണ്ടുന്ന കാര്യങ്ങളുടെ ഗുണദോഷനിരൂപണംചെയ്തു് അഭിപ്രായംപുറപ്പെടുവിച്ചുതുടങ്ങിയിരിക്കുന്നു. പക്ഷേ ഒന്നാമ്മും മറേറതൊലിച്ചും വ

രുന്നതാണ് ഇവരുടെ അഭിപ്രായങ്ങളിലുള്ള അന്തരം. ആദ്യത്തെ മലയാള മാസിക 1056 മീനത്തിൽ തിരുവനന്തപുരത്തുനിന്നു പുറപ്പെട്ട വിദ്യാവിലാസിനിയായിരുന്നു. ഇപ്പോൾ അതുനടപ്പില്ല. പിന്നീടതു രാജ്യകാര്യങ്ങളെ പ്രതിപാദിക്കുന്നതല്ലെന്നുള്ള നിശ്ചയത്തോടുകൂടി തൃശ്ശിവപേരൂർ കല്പദ്രുമാലയത്തിൽ 1065 കന്നിമാസത്തിൽ ജനിച്ച വിദ്യാവിദുഷിയായ വിദ്യാവിനോദിനിയാണ്. ഇംഗ്ലീഷ്, സംസ്കൃതം, മലയാളം, എന്ന ഭാഷകളിൽ അപാരപാണ്ഡിത്യം സമ്പാദിച്ച വീരപുരുഷന്റെ മാളനയിൽ വളർന്നവനായ രംഗചതുരനും അല്പകാലംകൊണ്ടു സജ്ജനസമ്മതം പ്രാപിക്കുകയും പിന്നീടുണ്ടായിട്ടുള്ള പത്രഗ്രന്ഥങ്ങൾക്കെല്ലാം ഒരു മാതൃകയായിത്തീരുകയും ചെയ്തു. യൌവനാരംഭത്തിൽ സ്വയം വരത്തിന്നുവേണ്ടി രക്ഷാധികാരം വിട്ടുപുറപ്പെട്ടതിന്റെ ശേഷം നാനാപ്രകാരേണ ചേരുകേട്ടിട്ടുള്ള ചിലരുടെ നമ്മാലാപങ്ങളെക്കൊണ്ടു തൃപ്തിപ്പെടാതെ അവസാനം വ്രതഭംഗവും അനുഭവിച്ചു ഒന്നരക്കൊല്ലമായിട്ടു പുറത്തുവരുവാൻ പാടില്ലാത്തവിധം അതിദയനീയമായ അവസ്ഥയിൽ കിടപ്പായിരിക്കുന്നു. മലയാളത്തിൽ ഇതുവരെ 32 പത്രങ്ങാം ഉണ്ടായിട്ടുള്ളതിൽ പ്രതിദിനപത്രമെന്നുമിപ്പോഴുള്ളതു കാണുന്നത് ശോചനീയംതന്നെ. ഇതിന്നുപുറമെ പത്രഗ്രന്ഥങ്ങളും മാസികകളുംകൂടിയുള്ള തുക 27 മാത്രമാണ.

മേൽപറഞ്ഞ പത്രങ്ങളിൽ പ്രതിവാരമെന്ന നിലവിട്ട് ഒരു പടികൂടി സഞ്ചരിക്കുന്നതിന്നുള്ള ധൈര്യവും സാമർത്ഥ്യവും മലയാളമനോരമയ്ക്കു മാത്രമുണ്ടെന്നുള്ള സംഗതി സർവ്വധാ ശ്ലാഘനീയംതന്നെ. എന്തെന്നാൽ ബ്ലാത്തിയിലുള്ള പ്രതിവാരപത്രത്തിന്ന് 50000 വരിക്കാരുണ്ടായാൽ ആ പത്രത്തിന നാടപ്പുള്ളതായി വിചാരിക്കുന്നു. ഇൻഡ്യയിൽ ആത്തരത്തിലൊന്നിന 5000 വരിക്കാരെ കിട്ടിയാൽ ഉൽകൃഷ്ടപദവി ലഭിച്ചു. ആയിരം വരിക്കാരെ അന്വേഷിച്ചുണ്ടാക്കുവാൻകൂടി സാധിക്കാതെയാണല്ലൊ മലയാളപത്രങ്ങാം സഞ്ചരിക്കുന്നത്. ഇങ്ങനെ ബ്ലാത്തിയിലുള്ള സഹജീവികളുടെ പത്തിന്നൊന്ന് പഴമയിലും നൂറിന്ന രണ്ടുപ്രചാരത്തിലും നൂറിന്നൊന്നു അധികരത്തിലും ജനസമ്മതത്തിലും ഇപ്പോൾ മലയാളപത്രങ്ങാം എത്തിക്കൂടീട്ടുള്ള കാലമാകുന്നു.

എം. നാരായണപ്പുതുവാൾ.

വർത്തമാനപത്രങ്ങൾ.*

നമ്പർ	പേര	സ്ഥലം	വിവരം	പുസ്തകം	ഉള്ളതോ ഉണ്ടായിരുന്നതോ
1	സത്യനാദം	മുറിഞ്ഞപുഴ	മാസത്തിൽമൂന്നു	27	ഉള്ളത
2	കേരളമിത്രം	ബ്രിട്ടീഷ്കൊച്ചി	ടി	23	ടി
3	കേരളചരിത	കോഴിക്കോട	ആഴ്ചയിലൊന്ന	20	ടി
4	കേരളസഞ്ചാരി	കോഴിക്കോട	ടി	17	ടി
5	നസ്രാണിദീപിക	മന്നാനം (കോട്ടയം)	ടി	17	ടി
6	മലയാളമനോരമ	കോട്ടയം	ആഴ്ചയിൽരണ്ട	14	ടി
7	മനോരമ	കോഴിക്കോട	ആഴ്ചയിലൊന്ന	13	ടി
8	മലയാളി	തങ്കശ്ശേരി.(കൊല്ലം)	ടി	9	ടി
9	കേരളചഞ്ചിക	തിരുവനന്തപുരം	ടി	4	ടി
10	കേരളതാരക	കോട്ടയം	ടി	3	ടി
11	കേരളശോഭിനി	ഓച്ചപ്പാലം	മാസത്തിൽമൂന്ന	3	ടി
12	സുദർശിനി	ചെങ്ങന്നാശ്ശേരി	ആഴ്ചയിലൊന്ന	2	ടി
13	സുജനാനന്ദിനി	(കൊല്ലം) പറവൂർ	ടി	1	ടി
14	ഭാരതകേസരി	[illegible]ശ്ശേരി	ടി	1	ടി
15	കേരളീയൻ	കൊല്ലം	ടി	1	ടി

ഡിജിറ്റൽ സർവ്വകലാശാല

എണ്ണം	പേര	സ്ഥലം	വിവരം	പുസ്തകം	ഉള്ളതോ ഉണ്ടായിരുന്നതോ
16	എഴുത്തച്ഛൻ	ഒറ്റപ്പാലം	മാസത്തിൽ ഒന്ന	1	ഉള്ളത
17	ഭഗവന്തസന്ദേശം	തൃപ്പൂണിത്തുറ	മാസത്തിൽ രണ്ട	1	ടി
18	സാരസാഗരം	മാവേലിക്കര	ടി	1	ടി
19	കേരളനന്ദിനി	തൃശ്ശിവപേരൂർ	ആഴ്ചയിലൊന്ന	5	ഉണ്ടായിരുന്നത്
20	മലയാളമിത്രം	കോട്ടയം	മാസത്തിലൊന്ന	1	ടി
21	സരസ്വതി	തൃശ്ശിവപേരൂർ	ആഴ്ചയിലൊന്ന	1	ടി
22	രാമരാജ	തിരുവനന്തപുരം	ടി	?	ടി
23	ജ്ഞാനനിക്ഷേപം	കോട്ടയം	ആഴ്ചയിലൊന്ന	?	ടി
24	കുസുമപ്രിയവാദിനി	ടി	ടി	?	ടി
25	വഞ്ചിഭൂപഞ്ചിക	തിരുവനന്തപുരം	ടി	?	ടി
26	മലയാളശോഭിനി	കോട്ടയം	മാസത്തിൽ രണ്ട	?	ടി
27	സുഹൃന്മിത്രം	ആലപ്പുഴ	ടി	?	ടി
28	ചന്ദ്രികതാരക	കൊച്ചി	ആഴ്ചയിലൊന്ന	?	ടി
29	കേരളദർപ്പണം	തിരുവനന്തപുരം	മാസത്തിൽ മൂന്ന	?	ടി
30	സ്വദേശാഭിമാനി	തൃശ്ശിവപേരൂർ	ആഴ്ചയിലൊന്ന	?	ടി
31	വിദ്യാസംഗ്രഹം	?	?	?	ടി
32	സന്ദിഷ്ടവാദിനി	?	?	?	ടി

മാസികകൾ

എണ്ണം	പേര	സ്ഥലം	വിവരം	പുസ്തകം	ഉള്ളതോ ഉണ്ടായിരുന്നതോ
1	കവനോദയം	നാദാപുരം	2 മാസത്തിൽ ഒന്ന	10	ഉള്ളത
2	ഭാഷാപോഷിണി	കോട്ടയം	മാസത്തിലൊന്ന	7	ടി ?
3	വിനോദമാലിക	തൃശ്ശിവപേരൂർ	മാസത്തിൽ രണ്ട	3	ടി
4	രസികരഞ്ജിനി	എറണാകുളം	മാസത്തിൽ ഒന്ന	2	ടി
5	ഉപാദ്ധ്യായൻ	തിരുവനന്തപുരം	ടി	2	ടി ?
6	ധന്വന്തരി	കോട്ടക്കൽ	ടി	1	ടി
7	വ്യവഹാരചിന്താമണി	വള്ളുവനാട	ടി	1	ടി
8	നായർ	ചെങ്ങന്നാശ്ശേരി	ടി	1	ടി
9	സുധമ്മ	തിരുവനന്തപുരം	ടി	1	ടി
10	സുറിയാനി സുവിശേഷകൻ	കോട്ടയം	ടി	?	ടി
11	കമ്മേലകുസുമം	മാന്നാനം (കോട്ടയം)	ടി	1	ടി
12	ഭൂതോപകാരി	മംഗലാപുരം	?	?	ടി
13	സുവിശേഷക്കൊടി	തിരുവല്ല	?	?	ടി
14	മലങ്കര സഭാതാരക	കോട്ടയം	?	?	ടി
15	വിദ്യാവിലാസിനി	തിരുവനന്തപുരം	മാസത്തിൽ ഒന്ന	മീനം	ഉണ്ടായിരുന്നത

എണ്ണം	പേര	സ്ഥലം	വിവരം	പുസ്തകം	ഉള്ളതോ ഉണ്ടായിരുന്നതോ*
16	വിദ്യാവിനോദിനി	തൃശ്ശിവപേരൂർ	മാസത്തിൽ ഒന്നേ	14	ഉണ്ടായിരുന്നത
17	ആര്യസിദ്ധാന്തചന്ദ്രിക	പാലക്കാട	ടി	?	ടി
18	ഏടവകപത്രിക	കോട്ടയം	ടി	?	ടി
19	സെൻറ തോമസ് ഗസറ്റ്	ടി	ടി	?	ടി
20	മഹാറാണി	മദ്രാസ്	ടി (ചിലപ്പോഴൊക്കെ)	?	ടി
21	ദീപ്തപ്പണം	കായങ്കുളം	ടി	?	ടി
22	കേരളകേസരി	ആലപ്പുഴ	ടി	?	ടി
23	ചന്ദ്രിക	കൊല്ലം	ടി	?	ടി
24	സരസ്വതി	കോട്ടയം	ടി	?	ടി
25	വിദ്യാവിലാസിനി	കൊല്ലം	ടി	?	ടി
26	വിദ്യാവിചാസിനി	കൊട്ടാരക്കര	ടി	?	ടി
27	കേരളീസുഗുണബോധിനി	?	ടി	?	ടി

* ഉള്ളവയും ഉണ്ടായിരുന്നവയും ആയ വർത്തമാനപത്രങ്ങളെക്കുറിച്ച അറിവു കിട്ടീട്ടുള്ളതെല്ലാം ഈ പട്ടികയിൽ ചെർത്തിട്ടുണ്ടെന്നല്ലാതെ ഇതിൽ തെറ്റില്ലെന്നോ സകലതും കൊടുത്തിട്ടുണ്ടെന്നോ പറയാവുന്നതല്ല. ഈ പറഞ്ഞത മാസികകളുടെ പട്ടികക്കും ബാധിക്കുന്നതാണ.

ബൃഹസ്പതി.

———:o:———

ബൃഹസ്പതി ഒരു സൂര്യനല്ല. അതു സ്വപ്രകാശം കൊണ്ട് ശോഭിക്കുന്നില്ല. അതിൽ ഒരു പക്ഷത്തുനിന്നു പോലെ അത്യുഷ്ണവായുക്കൾ കത്തിയുലിക്കുന്നതുമില്ല. അതിനെ ഒരു ദീപ്തിമത്തായ ഗ്രഹമെന്നുമാത്രമേ പറവാൻ പാടുള്ളൂ. പക്ഷേ ഒരു ഗ്രഹമെന്നിയേ ഭൂമിയെപ്പോലെ തണുത്ത് ശാന്തസ്ഥിതിയെ പ്രാപിച്ചുകഴിഞ്ഞിട്ടില്ല. ക്രമേണ എന്നുതന്നെ കാലം മുമ്പുതന്നെ ഭൂമിയുടെ ഇപ്പോഴത്തെ സ്ഥിതിയെപ്രാപിച്ചു കഴിഞ്ഞിരിക്കണമെന്നു നാം മനസ്സിലാക്കിട്ടുണ്ടല്ലോ. എന്നാൽ ബൃഹസ്പതി ഒരു സ്ഥിതിയെ പ്രാപിക്കുന്നതിന് ഇനിയും അനേകം കാലം വെണ്ടിവരുന്നതാണ്.

ഒരു ചെറിയഗോളം വലിയ ഒരു ഗോളത്തിലും വേഗത്തിൽ തണുക്കുന്നതാണെന്ന്, ഇരിമ്പു മുമ്പിൽ കുറെനെപ്പറ്റിയുള്ള ഉപന്യാസത്തിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും അതു എങ്ങിനെയാണെന്ന് വായനക്കാരിൽ ചിലർക്ക് മനസ്സിലായിട്ടില്ലെന്ന് അറിയുന്നതിനാൽ അതിനെ സ്പഷ്ടമാക്കുന്നതിന് ഒരു ദൃഷ്ടാന്തം താഴേ ചേർക്കാം. ഒരു ഗോളി(ഗ്രമങ്കായ)യുടെയും, ചെറുനാരങ്ങയുടെയും, പന്തിന്റെയുംവലിപ്പത്തിലുള്ള മൂന്നു ഇരുമ്പുണ്ടകളെ ഒരുപോലെ ചൂടുപഴുപ്പിച്ച് അവയെ തണുപ്പിക്കുവാനായി നിലത്തിടുന്നതായാൽഗോലിയുടെ വലിപ്പത്തിലുള്ള ഉണ്ടയാണാദ്യമായി തണുക്കുന്നതാണ്. കുറേസമയംകഴിഞ്ഞാൽ നാരങ്ങയുടെ വലിപ്പത്തിലുള്ള ഉണ്ടയും തണുക്കും. പന്തോളമുള്ള ഉണ്ടയുടെ മുഴുവനുന്നത് ഇതിനു ശേഷമായിരിക്കും. ഒരു സംഗതി നമുക്ക് മുളപ്പത്തിൽ പരീക്ഷിച്ചു റിയാവുന്നതാണ. ഗ്രഹങ്ങളുടെ താപശക്തിനാശിക്കുന്നതും ഒരുക്രമം അനുസരിച്ചു തന്നെയാകുന്നു.

ബൃഹസ്പതിയിലാഹ്വവമുള്ള ദ്രവ്യങ്ങളാൽനിർമ്മിക്കപ്പെട്ടതാണെന്നതോന്നുന്നുവെങ്കിലും ആകെയുള്ള വലിപ്പംകൊണ്ട് അതിന്റെ ആകർഷണശക്തി ഭൂമിയുടേതിലും വളരെ വളരെ അധികമായിരിക്കണമെന്ന് നിസ്സംശയം പറയാം. ഏറ്റവും ഉഷ്ണിച്ചു കിടക്കുന്ന ഒരു ഗോളത്തിൻമീതേയോ, സന്തപ്തമായ മെഴുകുപടലത്തിന്മേലോ

ചവിട്ടി നിൽക്കുകയെന്നത് അസംഭാവ്യമാണെങ്കിലും, ഒരുവന്ന് ബൃഹസ്പതിയിലേക്ക് പൊയി ഒരിന്റെ ഉപരിഭാഗത്ത് സ്ഥിതിചെയ്യുവാൻ സാധിക്കുന്നുവെന്ന വിചാരിക്കുന്നപക്ഷം ഭൂമിയിൽ ഉണ്ടായിരുന്നതിലും വളരെ അധികം ഘനം അയാൾക്ക് അവിടെ ഉണ്ടായിരുന്നതാണെന്നു. ഇവിടെ 84ാത്തൽഘനമുള്ള ഒരു കട്ടിക്ക് ബൃഹസ്പതിയിങ്കൽ 210 റാത്തൽ ഉണ്ടായിരിക്കും. അതുപോലെതന്നെ 168 റാത്തൽ ഘനമുള്ള ഒരാൾക്ക് ആഗ്രഹത്തിൽ 420 റാത്തൽ തൂക്കവും ഉണ്ടായിരിക്കും.

ബൃഹസ്പതിയുടെ ബഹിർഭാഗത്തിങ്കൽ കണ്ടുപിടിക്കപ്പെട്ടിരിക്കുന്ന അടയാളങ്ങൾക്ക് ശുക്രനിലും കുജനിലും കാണുന്നവയിലും അധികം ദംഗിതോന്നുന്നുണ്ട്. അതിശുഭ്രമായും കറുത്തിരുണ്ടതായുമുള്ള ചിഹ്നങ്ങളാൽ ശോഭിച്ചും, നാനാവിധധൂമ്രനീലവർണ്ണരായകളാൽ പരിമിളിതമായും ഉള്ള പീതരക്തകൃഷ്ണലോഹയോട്ടകൂടിയ മേഘലകളാണ ദൂരദർശിനിയിൽകൂടി നോക്കുമ്പോൾ സദാ നയനങ്ങൾക്ക് ഗോചരമായിരിക്കുന്നത. ആ മേഘലകൾക്ക സചലമായ ചില ഭേദഗതികൾ ഉണ്ടാകുന്നുണ്ടെങ്കിലും അതുകൾ ഒരുമാതിരി സ്ഥിരമായിട്ടുള്ളവയാണെന്ന് തന്നെ വിചാരിക്കേണ്ടതാകുന്നു. എങ്കിലും കുജഗ്രഹത്തിലെ ചാന്ദ്രിപാംശുക്കളും സമുദ്രങ്ങളും ആണെന്ന വിചാരിച്ചുവരുന്നവയായ കൃഷ്ണങ്ങളെപ്പോലെ നിത്യമായിട്ടുള്ളവയെന്ന് പറവാൻ തരമില്ല. എന്തെന്നാൽ ബൃഹസ്പതിയുടെ ബഹിർഭാഗത്തിങ്കൽ ഘനവസ്തു ഉണ്ടോ ഇല്ലയോ എന്നതന്നെ സംശയമായിരിക്കുന്നു സ്ഥിതിക്ക് ഭൂമിയിൽ കാണുന്ന കളങ്കങ്ങളും ആ ഗ്രഹത്തിന്റെ ചുറ്റുമുള്ള മേഘമൂടലിൽ കാണുന്നവയും കൂടക്കൂടെ സ്ഥാനഭ്രംശംഉണ്ടാകുന്നവയും ആയിരിക്കണം. മേഘസമൂഹങ്ങളെ ആ ഗ്രഹത്തിന്റെ ചുറ്റും അതിവേഗത്തിൽ സഞ്ചരിപ്പിക്കുന്നത അവിടത്തെ പ്രചണ്ഡവായു പ്രവാഹമാണ്. ഇങ്ങിനെയുള്ള മേഘലകളുള്ളതുകൊണ്ട് ബൃഹസ്പതിയെ "മേഘലാചിഹ്നിതഭീമവിഗ്രഹം" എന്ന് വിളിച്ചുവരുന്നു. ചേർച്ച വളരെ യോജിപ്പുതന്നെ.

ബൃഹസ്പതിയിലും ഒരു പ്രധാനകളങ്കം ഉണ്ട്. അത് കുജന്റെ 'കണ്ണ്' പോലെ സ്ഥിരമായിട്ടുള്ളതല്ല. എങ്കിലും ക്ഷണ

മാണെന്നും പറവാൻ തരമില്ല. ക്രിസ്താബ്ദം 1878 മുതൽക്കേ തന്നെ ആയ്യാ കണ്ടുതുടങ്ങിയിരിക്കുന്നു. ഒരം ചുമന്ന വലിയ അടയാളത്തിനുപുറമെ മറ്റും അനേകം അടയാളം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

ഇങ്ങിനെയുള്ള ചിഹ്നങ്ങളേകൊണ്ട് ജ്യോതിശ്ശാസ്ത്രജ്ഞന്മാർക്ക് ആ മേഘമൂടലിനകത്തുള്ള വിഗ്രഹത്തെപ്പറ്റി കുറച്ചൊന്നു മനസ്സിലാക്കുവാൻ പക്ഷെ തരമുണ്ടായേക്കാമെന്നു ഊഹിച്ചുവരുന്നു. ബൃഹസ്പതിയിങ്കൽ ഒരുകാലത്ത് അധികമായ തണുപ്പ് തട്ടുന്നതായാൽ അതിവിസ്തീർണ്ണമായ സമുദ്രങ്ങളായിത്തീരത്തക്കവണ്ണമുള്ള ജലാംശങ്ങളും ഇപ്പോൾ ആ ഗ്രഹത്തിന്നീതെ ആവിരൂപമായി തങ്ങിനില്ക്കുന്നു എന്നസംഗതി ഓർക്കുമ്പോൾ അവിടത്തെ മേഘമൂടലിന്റെ വിശാലത എത്രത്തോളമുണ്ടായിരിക്കുമെന്ന് എല്ലാവർക്കും ആലോചിക്കാവുന്നതാണു. ബൃഹസ്പതിക്ക് ആദിത്യനെപ്പോലെ അരിരിക്കുന്നമായ പ്രഭയും ചൂടും ഇല്ലെങ്കിലും അത് ഇപ്പോഴും ജ്വലിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ഒരം സ്ഥിതിക്ക് ആ ഗ്രഹത്തിൽ ജലാംശങ്ങളും നീരാവിയായോമറ്റാ അല്പാതെ വെള്ളമായിരിപ്പാൻ തരമില്ലല്ലൊ. വല്ലപ്രകാരേണയും വെള്ളം അവിടെ വീഴുന്നതാണെങ്കിൽതന്നെ അത് ഉടനെ തിളച്ച് ആവിരൂപമായി പരിണമിക്കയും ചെയ്യും.

ബൃഹസ്പതിയുടെ അവസ്ഥ ഇപ്രകാരമായിരിക്കെ ആ ഗ്രഹം ജീവികളുടെ വാസ്തവ്യത്തിന് യോഗ്യമോ എന്ന ചോദ്യത്തിന് അവകാശംതന്നെയില്ല. സന്തപ്തമായ മേഘസമൂഹങ്ങൾ ചുറ്റും മൂടപ്പെട്ട് ചുട്ടുപഴുത്തുകിടക്കുന്ന ഒരു ഗോളത്തിൽ ഭൂമിയിൽ കാണുന്നപോലെയുള്ള ജന്തുക്കൾക്ക് ജീവിപ്പാൻ ഒരിക്കലും സാധിക്കുന്നതല്ല. എത്രകാലംകൊണ്ട് ആ ഗ്രഹം നിവാസയോഗ്യമായിത്തീരുമെന്ന് ചോദിക്കുന്നപക്ഷം ഒരു രീത്യായ മറുവടിപറവാനും കഴിയുന്നതല്ല. നമ്മുടെ ഭൂമിതന്നെ ഇപ്രകാരം നിവാസത്തിന യോഗ്യമായി ഭവിച്ചിട്ടുള്ളതു് എത്ര അസംഖ്യം വത്സരങ്ങൾകൊണ്ടാണെന്ന് ഓർക്കുമ്പോൾ അതിനേക്കാൾ അത്യന്തം വലിപ്പമുള്ള ബൃഹസ്പതിക്ക് എത്ര കാലം വേണമെന്ന വായനക്കാർതന്നെ ഊഹിച്ചുകൊള്ളട്ടെ.

ബൃഹസ്പതിയെ ആശ്രയിച്ച് നാല് ചന്ദ്രന്മാർ ചരിക്കുന്നതായി കണ്ടുപിടിച്ചിരിക്കുന്നു. അതുകൊണ്ട് അധികം ശക്തിയില്ലാത്ത ഒരു ദൂരദർശിനിയിൽക്കൂടി നോക്കിയാലും കാണാവുന്നതാണ്. ഇപ്പോൾ ശനിക്കുമത് ഒരു ഉപഗ്രഹത്തിനുകൂടി ഉള്ളതായി കണ്ടിരിക്കുന്നു. നമ്മുടെ ചന്ദ്രൻ ഭൂമിയേയുംകൂടി സൂര്യനെ പ്രദക്ഷിണംവെക്കുന്നതുപോലെതന്നെ ആ നാല് ചന്ദ്രന്മാരും രമണീയമേഖലകളോടുകൂടിയ ബൃഹസ്പതിക്ക് ചുറ്റും ചരിച്ചുകൊണ്ട സൂര്യമണ്ഡലത്തെ വട്ടംചുറ്റുന്നത് എത്ര മനോഹരമായ കാഴ്ചയാണ!

എ. ശങ്കരപ്പണിക്കർ. ബി. എ; ബി. എൽ.

എന്റെ ആദ്യത്തെ ലേഖനം.

———:o:———

പാഠത്തിൽ ചേരുന്നതിനുമുമ്പുള്ള ദിവസങ്ങളിൽ ഞാൻ പുറത്തിറങ്ങി നടക്കുന്നതു കണ്ടാൽക്കൂടി അമ്മാമൻ എന്നെ തല്ലുകയില്ല. ഉച്ചയൂൺ ദിവസം ഉണ്ണുകഴിഞ്ഞ് അലക്കിയ മുണ്ടും ചന്ദനക്കുറിയുമായി അമ്മാമന്റെ മകൻ കൃഷ്ണൻ പാഠിച്ചുകൊണ്ടിരിക്കുന്ന മുറിയിലേക്കു കയറിച്ചെന്നു.

കൃഷ്ണൻ— ഇന്നു നിങ്ങൾക്ക് വക്കീൽ ഒന്നാം ഇല്ല. അല്ലെ?

ഞാൻ— ഇന്നിയും ഒരുക്കം പണിയില്ല, പോകുകയുമില്ല. എന്നുപറഞ്ഞ് ഒരു മൂലയിൽ ഒരുക്കിവച്ചിട്ടുള്ള പുസ്തകങ്ങളും നോക്കിക്കൊണ്ടു നിൽക്കുമ്പോൾ ഒരഞ്ചു പത്തു കൂറ പുസ്തകങ്ങളും കടലാസ്സുകളും കൊണ്ടുവന്ന കൃഷ്ണന്റെ മുമ്പിൽ വെച്ചു. അയാൾ ഇംഗ്ലീഷിലുള്ളതെല്ലാം തിരഞ്ഞെടുത്തു മലയാളപുസ്തകങ്ങളും കടലാസ്സുകളും മുഴുപ്പൊട്ടിക്കാതെ തന്നെയൊരു മൂലയിലേക്ക് തള്ളിയിട്ടു. ഭാവിച്ചപോലെ ഒരു തരത്തിൽ വട്ടത്തിൽ കിടപ്പുണ്ട്. ഇതു കണ്ടപ്പോൾ മലയാളപുസ്തകമൊന്നും വേണ്ടെന്നുണ്ടോ എന്നു ഞാൻ ചോദിച്ചു.

കൃഷ്ണൻ— അതൊക്കെ നോൺസെന്റ്സ് എഴുതി അയച്ചിട്ടുള്ളതാണ്. എന്റെ ഡിഗ്രിക്ക് വേണ്ടി മാത്രം മടക്കി അയക്കാതിരിക്കുന്നു എന്നേയുള്ളൂ. വേണമെങ്കിലെടുക്കാം.

കൃഷ്ണന് കുട്ടിക്കാലത്തുതന്നെ അല്പം കൊഞ്ഞലുണ്ട്. അതു കൊണ്ട് അയാൾ പറഞ്ഞത മനസ്സിലാവാതെ രണ്ടാമതു ചോദിച്ചാൽ പരിഹസിക്കയാണെന്ന് വിചാരിച്ച് മുകൾ വീപ്പിക്കും. അതുതന്നെപോരാ അമ്മാമനോടുപറഞ്ഞ് തല്ലുകൊള്ളിപ്പിക്കുന്ന സമ്പ്രദായവും ഇനിക്ക ധാരാളം അറിയാമായിരുന്നു. കൃഷ്ണൻ പറഞ്ഞതിന്റെ ആദ്യഭാഗം ഇനിക്ക മനസ്സിലായില്ലെങ്കിലും എട്ടക്കവാനൻവാദം കിട്ടിയതുകൊണ്ട ഞാൻ ഒരു കടലാസ്സു പൊളിച്ചു വായിച്ചുതുടങ്ങി.

കൃഷ്ണൻ— എന്താ. അതിലിത്തിരി 'ഇൻറെറസ്റ്റ്' ഉണ്ടോ ?

ഞാൻ— ഞാൻ ഒരുപുറം വായിച്ചതിൽ കൃഷ്ണൻ പറഞ്ഞത കണ്ടില്ല. പക്ഷെ വത്തമാനങ്ങാം വായിപ്പാൻ നല്ല രസമുണ്ട.

കൃഷ്ണൻ— അതൊക്കെ 'ഇംഗ്ലീഷ് പേപ്പറി'ൽതന്നെ നോക്കരം 'ആട്ടിക്കാം' ഞാനെഴുതി അയച്ചതാണ്. 'എഡിറെറാറിയ'ലിനോട് നന്നെരുട്ടിച്ചിട്ടുള്ളതുകൊണ്ട വളരെ നന്നായിട്ടുണ്ടെന്നാണ് വിചാരിക്കേണ്ടത്.

ഞാൻ— എന്തിനെക്കുറിച്ചാണ എഴുതി അയച്ചിരുന്നത്.

കൃഷ്ണൻ— നമ്മുടെ 'മോഡാഫ് ഡ്രസ്സിങ്ങ്'നെപറ്റിത്തന്നെ.

മേൽപറഞ്ഞ വാക്കിൽനിന്ന് 'മോടോനെ'പറ്റിയാണ കൃഷ്ണൻ എഴുതീട്ടുള്ളതെന്ന വിചാരിച്ച് ഇങ്ങിനെയുള്ളതെല്ലാം എഴുതിഅയച്ചാലച്ചടിക്കും ഇല്ലെ ? എന്ന ഞാൻ ചോദിച്ചു.

കൃഷ്ണൻ— നിശ്ചയമായിട്ടും ഈവകയാണ് എഴുതി അയക്കേണ്ടത്. വേണെങ്കിൽ കുറെ കടലാസ്സോ ബുക്കോ എടുത്തുകൊണ്ടു പോയ്ക്കോളൂ. ഞാൻ കുറെ 'ബിസി'യായിട്ടിരിക്കുകയാണ്.

ഇത്കേട്ട് ഏഴെട്ട കടലാസ്സുംകൊണ്ട് ഞാൻ പോന്നു. അവയെല്ലാം വായിച്ചുകഴിഞ്ഞപ്പോൾ ഇനിക്കും ഒന്ന് എഴുതി അയപ്പാനുള്ള മോഹംതുടങ്ങി. കൃഷ്ണന്റെ വിഷയംതന്നെ ഞാനും എഴുതുവാനുറച്ചു. ആക്കൊല്ലത്തിൽ കന്നുകാലി കേട ആദ്യമായിതുടങ്ങിയത് ഞങ്ങളുടെ കളത്തിലാണ്. ഇതിനെപ്പറ്റി എല്ലാവരും അറിഞ്ഞ സൂക്ഷിക്കട്ടെ എന്ന വിചാരിച്ച് എഴുത്ത സാമാനങ്ങളെല്ലാം തപ്പിപ്പറക്കി സമ്പാദിച്ച് താഴേപറയുന്ന വിധത്തിലാണെഴുതിയുണ്ടാക്കി.

പ്രിയപത്രാധിപർ അവർകളെ !

സാരേ !

“മോടോന് അമ്പലം വരുമെന്ന കൃഷ്ണൻ എഴുതീട്ടുള്ളത് ശരിയാണ്. കന്നാലിക്കേടുതുടങ്ങിയിരിക്കുന്നു. ഞങ്ങടെ ചെട്ടിക്കൊമ്പൻ പോത്തിന്റെ കാലിൽ കുളമ്പിട്ടു. പൊവലമൂരിയുടെ വായിൽ തവളവന്നു. ആറേഴ എരുമക്കുട്ടികൾ കുരുപ്പ് പൊങ്ങിച്ചത്തു. ഇതൊന്നും ഉണ്ടാവുന്നതിന്നു മുമ്പുതന്നെ കൃഷ്ണൻ എഴുതീട്ടുള്ളത് അയാളുടെ ദിവ്യരക്ഷസ്സു കൊണ്ടാണെന്നു പറയാം. കൃഷിക്കാരെല്ലാവരും അറിവാനായി അച്ചടിക്കാനപേക്ഷ.” എഴുതിയപ്പോഠം ചിലടിക്കിലെല്ലാം മഷി അധികമായി വീണുപോയതുകൊണ്ട നിലം നുള്ളിപ്പൊളിച്ച ധാരാളം പൊടിവിതറി. മലയാളക്കടലാസ്സിലേക്ക എഴുതി അയക്കുന്നതിന്ന വെക്കേണ്ട പേര കൃഷ്ണൻ പറഞ്ഞത് ഞാൻ മറന്നു. അവസാനം ഓമ്മിച്ച “നൊസ്സൻ” എന്ന പേരുംവെച്ച് മടക്കി കൂട്ടിലാക്കി അഞ്ചലിൽ കൊണ്ടു പോയിക്കൊടുത്തു.

പിറേദിവസം മുതൽക്ക ഞാൻ കൃഷ്ണന്റെ മുറിയിൽപോയി മലയാളക്കടലാസ്സുകളെല്ലാം പൊട്ടിച്ച്നോക്കിത്തുടങ്ങി. ഒന്നിലും എന്റെ എഴുത്ത് അച്ചടിച്ച് കണ്ടില്ല. ഇനിക്ക കറെ വ്യസനംതോന്നി. എഴുത്ത വേണ്ടമാതിരിയിലാവാഞ്ഞതുകൊണ്ട് അച്ചടിക്കാതെയിരുന്നതാണെന്ന് നിശ്ചയിച്ച കടലാസ്സിലേക്ക എഴുതേണ്ട മാതിരി ഞാൻ കൃഷ്ണനോടു ചോദിച്ചു.

കൃഷ്ണൻ— എഴുതിയത് വായിച്ചാൽ ഉടനെ ‘ഫൈന്റ്യഫാറം’ ചെയ്യണം. അല്ലാതെ വല്ലവിധത്തിലും എഴുതിയയച്ചാൽ പോരാ.

ഞാൻ— എങ്ങിനെയാണ അത ചെയ്യേണ്ടത ?

കൃഷ്ണൻ— ഇന്ന് ടയിമില്ല. ഇനി ഒരിക്കലാവാം. എന്നുപറഞ്ഞതുകേട്ട ഞാൻ മടങ്ങിപോന്ന് വേറെ ഒരു സ്നേഹിതന്റെ അടുക്കൽപോയി ‘ഫൈഡഫാറം’ ചെയ്യുന്നതെങ്ങിനെയാണെന്ന ചോദിച്ചു. “അതൊരു പൊടിയാണ്, മീതെ കുറേശ്ശ വിതറിയാൽമതി” എന്ന കേട്ടപ്പോഠം ഇനിക്ക സന്തോഷമായി. വരുന്നവഴി ഒന്നരണ്ട് പിടികയിൽചോദിച്ചപ്പോഠം അത ആശുപത്രിയിലുണ്ടാ

കുമെന്നവർ പറഞ്ഞു. ഞാൻ ഒരു പത്രാധിപരുടെ അടുക്കൽ ചെന്നു. ഭാഗ്യംകൊണ്ട് ഞാൻ ചെന്നുകേറിയത് അപ്പാത്തിക്കിരിയുടെ നേരേ തന്നെ. അദ്ദേഹം അമ്മാമനായിട്ട് വളരെ പരിചയമാണ്. എന്നേയും അറിയും. അദ്ദേഹം എന്നോട് വന്നകാര്യം ചോദിച്ചപ്പോൾ കുറെ 'ഫ്രൈഡ്ഫാറം' കിട്ടിയാൽ കൊള്ളാമെന്നപറഞ്ഞു. "എന്താദിനം" എന്നു ചോദിച്ചപ്പോൾ ഞാൻ പരിങ്ങിത്തുടങ്ങി.

അപ്പാ-എന്താദിനം എന്നു പറയാൻ പാടില്ല. അല്ലെ. പ്രണംകാണിക്കു. ഞാൻ ചൊടിവിതറാം.

ഞാൻ—(ചൊടികിട്ടുവാനായിട്ട്) ഇനിക്കില്ല അമ്മാമനാണെന്നു പറഞ്ഞു. ഇതുകേട്ടപ്പോൾ വല്ലാതെകണ്ടു നാറുന്നകുറെ മഞ്ഞളിച്ച പൊടിപൊതിഞ്ഞുതന്നു. ഞാനതും കൊണ്ട് വീട്ടിലേക്കു മടങ്ങുകയും ചെയ്തു. രണ്ടുമൂന്നു ദിവസം പണിത്തിരക്കുകൊണ്ടും എഴുത്തു സാമാനം എടുക്കാൻ തരം വരാഞ്ഞിട്ടും എഴുതുവാൻ കഴിഞ്ഞില്ല. നാലാംദിവസം രാത്രി അമ്മാമൻ പുറത്തുപോയതരത്തിൽ കടലാസ്സും മഷിയും സമ്പാദിച്ച് മുമ്പിലത്തെ എഴുത്തിന്റെ കരടുതന്നെ അസ്സൽപെടുത്തി പിന്നീട് കേടുപിടിച്ചവയുടെ വിവരവും ചെത്ത് എഴുതി കഴിഞ്ഞ് വായിച്ചുനോക്കി. ഉടനെ കൃഷ്ണൻ പറഞ്ഞ പോലെ "ഫ്രൈഡ്ഫാറം" ധാരാളം വിതറി. നിലംനന്നുള്ളിപ്പൊളിക്കാനേ പോയില്ല. ആപൊടി വിതറിയപ്പോൾ എഴുത്തിന്നൊരു നിറം പിടിച്ചു. മടക്കിക്കൂട്ടിലാക്കി മേൽവിലാസം "പത്രാധിപരവർകൾക്കു" എന്ന എഴുതിവെച്ചു. കാലത്തെണീറ്റ് ലെക്കൊട്ടടുത്ത് മടിയിൽ തിരുകി പാടത്തുചെന്ന ചെറുമക്കളെ ഓരോ ചണിയും ഏൽപ്പിച്ച് ഞാൻ അഞ്ചലാപ്പീസ്സിലെക്കു നടന്നു. പോകും വഴി അപ്പാത്തിക്കിരിയും അമ്മാമനും കൂടി എന്നെ ഒരിടവഴിത്തലക്കൽ വെച്ചു മുട്ടിഎത്തി.

അമ്മാമൻ— എടാ! കെശവ! കണ്ണിക്കണ്ട ദിക്കിലെല്ലാം കേറിച്ചെന്ന് ദണ്ഡം പിടിപ്പിച്ചതിന്ന ഞാനാടാ! പിഴച്ചത്.

ഞാൻ കായ്മനസ്സിലാവാതെ മിഴിച്ചു നിൽക്കുമ്പോൾ "നടക്ക് കളത്തിലെക്കു" എന്ന കെട്ട ഭാവത്തോടു കൂടി കളത്തിലേക്കുതന്നെ മടങ്ങിപ്പോന്നു.

അമ്മാമൻ— എടതെണ്ടി! ഈ ദീനം വെച്ചുകൊണ്ട് എവി ടെക്കെടാ! തെണ്ടാൻ പോയിരുന്നത്. പറ.

ഞാൻ— ഇനിക്കൊന്നുമില്ല. ഞാൻ തെണ്ടാനുമല്ലപോയ്ത്, അപ്പാത്തിക്കിരി— എന്നാൽ പിന്നെനിങ്ങൾ ‹ഐഡഫാറം› വാങ്ങിച്ചതെന്തിനാ? നിങ്ങളെ ഇപ്പഴും ആമരുന്ന് നാറുന്നുണ്ടല്ലോ.

പൊടികൊണ്ടുവന്നത വേറെ ആവശ്യത്തിനാണെന്ന് പറയുവാനിടകിട്ടുന്നതിന്നു മുമ്പ് ‹‹ദീനമില്ലേടാ! എന്നാൽ ഞാനുണ്ടാക്കാം›› എന്നപറഞ്ഞ അമ്മാമൻ എറക്കാലിൽനിന്ന കന്നാലിക്കോലൂരി കണ്ണുംമുക്കുമില്ലാതെ എന്നെ തല്ലിത്തുടങ്ങി. ഞാൻ തുള്ളിച്ചാടി നിലവിളിക്കുന്നതിന്നിടക്ക് മടിയിൽനിന്നു ലക്കോട്ട താഴെവീണത് അപ്പാത്തിക്കിരി എടുത്തു. നേരത്തെ നടക്കാനായി പ്പോയിരുന്ന കൃഷ്ണൻ എന്റെനിലവിളികേട്ട കേറിവന്ന് ‹‹അച്ച നെന്താ ഭ്രാന്തുണ്ടോ? പുരുഷപ്രായപ്പിവന്നവരെ പിടിച്ചിങ്ങിനെ തല്ലാമോ? ’ എന്നു ചോദിച്ചു. ‹‹ഇവനെന്താ നുണപറയാൻ›› എന്നായി അമ്മാമൻ. അപ്പാത്തിക്കിരി കൃഷ്ണനേ കായ്മപറഞ്ഞ് മനസ്സിലാക്കുന്നതിനിടക്ക് ലക്കോട്ടമുക്കിന്റെ അടുക്കൽകൊണ്ടുപോയി.

‹‹മതിമതി. തല്ലിപ്പറയിപ്പിക്കേണമെന്നില്ല. ഇത മടിയിൽനിന്നു വീണതാണ്. ഇതുകൊണ്ട ദീനം വേറെ ആക്കം ഒന്നുമില്ലെന്നു തീർച്ചയായി. ഒന്നു നാറിനോക്കൂ›› എന്നുപറഞ്ഞ ലക്കോട്ട കൃഷ്ണന്റെ കയ്യിൽ കൊടുത്തു.

ഞാൻ— ലക്കോട്ടിന്റെ ഉള്ളിൽ ആ പൊടിയുണ്ട്. അതുകൊണ്ടാണ് നാറുന്നത്. അല്ലാതെ ഇനിക്ക ദീനമുണ്ടായിട്ടല്ല.

കൃഷ്ണൻ— (നാറിനോക്കി മേൽവിലാസം വായിച്ചിട്ട്) ജേഷ്ഠനെന്തിനാ പത്രാധിപക്ക് ‹ഐഡൊഫാറം› അയക്കുന്നത ?

ഞാൻ— കൃഷ്ണൻ പറഞ്ഞിട്ടല്ലെ.?

കൃഷ്ണൻ— അല്ലാ. ഇപ്പോൾഞാൻപറഞ്ഞിട്ടാണെന്നാണെയോ?

അമ്മാമൻ— ഇവനെയിന്നു കൊല്ലണം കൃഷ്ണ! അത് പൊളിച്ചുനോക്കൂ എന്നുപറഞ്ഞ രണ്ടാമതും എന്നെ പൂജിച്ചുതുടങ്ങി.

ഞാൻ— കടലാസ്സിലെക്ക് എഴുതുമ്പോൾ ഈ പൊടി വിതറണമെന്ന എന്നോട കൃഷ്ണൻ പറഞ്ഞില്ലെ ?

ഇതുകേട്ട കൃഷ്ണൻ ലക്കോട്ട പൊളിച്ച എഴുത്തെടുത്ത് നീത്തിയപ്പോൾ ,,ഐഡാഫാറം'' ചെയ്തത് ഉതരുന്നതു കണ്ട് ,,ആട്ടിക്കളിന്ന ഐഡ്യഫാറം ചെയ്തതാണല്ലെ ? എന്നുപറഞ്ഞ് ചിരിതുടങ്ങി. കായ്ം മനസ്സിലായപ്പോൾ അപ്പാത്തിക്കരിയും പങ്കുചേർന്നു. അമ്മാമൻ മിഴിച്ചുനോക്കുന്നു.ഇനിക്ക് തല്ലുകൊണ്ടതുമിച്ചം. അന്നുമുതൽക്ക ഞാൻ ഇംഗ്ലീഷ് പഠിക്കുവാൻ ഉറച്ചു.

എനന്തിരിച്ചിനാപ്പു.

230.

(ഗുണദോഷം=ഗുണസാമാന്യത്തിനുള്ള ദോഷം.)

കാരുണ്യത്തിൻവിപക്ഷംകഠിനജനമഹോപദ്രവത്തിന്റെപക്ഷം
സാരംചേരും വിവേകാമൃതകരനെ നശിപ്പിക്കുവാൻ കൃഷ്ണപക്ഷം
ആരിൽച്ചേരുന്നുവായാംക്കധികമപനയംചേക്കുവാൻ നപ്പദക്ഷം
പാരാതീമട്ടിലാകും മടമൊടു സമമായ് ഹന്ത മറ്റെന്തുദോഷം. 1

ആനന്ദം കണ്ണകംക്കേകിയുമിഹ വിതരും ചന്തവും ഹന്തഭാഷാ
ജ്ഞാനത്തിന്നുംപണിക്കൊക്കയുമതിവിരുതുംശക്തിയും വ്യക്തമായി
ആനേ! ചേരുന്നിതേറാം തവഗുണമിനിയുണ്ടെങ്കിലും ഹാ മടാന്ധ്യ
സ്ഥാനത്തെത്തും ഭവാനെപ്പൊടുപൊടെവെടിവെക്കാതിരിക്കാൻ
ഞെരുകും 2

ശൌര്യത്തിന്നാദിബീജം ജഗതിമുതലെടുപ്പിന്നഹോ മുഖ്യമൂലം
ധീയ്ക്കുംചേരുംമരുന്നാണഖിലജനമഹാഹൃദ്യമേമദ്യമേ ! നീ
ആയ്ശ്രീസൽഗുണൌഘംചലതുമിനിയുമുണ്ടെങ്കിലുംവജ്ജ്യമപ്പോ
കായ്മാകായ്പ്രബോധംകളയുമൊരുമദംനൽകയാൽനല്ലവക്കേ. 3

പൊന്നേകിടാത്തതാക്കാണതിമദമധികാരങ്ങളും ചേക്കാത്തതാക്കാ
ണെന്നോങ്കാൽ നല്ലതെല്ലാമിതുപടിഞാൻതന്നെയെന്തിന്പ്പിഴച്ചു
എന്നുള്ളീമദ്യചോദ്യത്തിനുമുടനടിയെന്തെന്ന ചിന്തിച്ചുചിന്തി
ച്ചൊന്നുംതോന്നീലിനിക്കോക്കുക ബുധവരരേ ! നിങ്ങൾതാനിഷ്ടമോടെ. 4

ദൂരത്തിന്നിങ്ങെടുത്തീടുകഹൃദ്മഖിലം ദോഷമായുള്ളതെല്ലാം
ചാരത്തിന്നുറ്റുനീക്കീടുകബുധവിധിയീമട്ടിലായിട്ടിരിക്കേ
പാരം ദോഷംചമച്ചങ്ങിഹ ഹണമുടിയിൽ തുള്ളിടും നിയ്യുമൂഢം
സൈരകേടേറുമുണ്ടീയുലകിനുമദമേളുംപടംപൊട്ടുവാൻ 5

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

തീവണ്ടി.

ഉൾക്കൊള്ളുന്നചരാചരങ്ങളഖിലംതാനേവഹിച്ചാസ്ഥയാ
ദിക്കൊക്കെക്കഴലൂന്നിയങ്ങിനെമയക്കിക്കൊണ്ടു മന്ദേതരം।
മുക്കാൽനാഴികകൊണ്ടുമൂന്നുലകിലും ചുറ്റുന്നതീവണ്ടിയ
ല്ലായ്കിൽപ്പുമകൾപുൾകിടുംകടൽനിറൻകണ്ണൻകടാക്ഷിക്കണം॥ 1

മുന്നിൽക്കാത്തമരുന്നവക്കു നിലപോലോരോപദംനാംകിയും
തന്നെക്കാണുമവക്കുനന്തരമനന്താനന്ദമുണ്ടാക്കിയും।
മന്നൊക്കെപ്പരിപൂർണ്ണമായിയുമെഴും തീവണ്ടിയല്ലായ്കിലാ
ക്കന്നക്കാറൊളിവർണ്ണനണ്ണിയനിശം നമ്മേക്കടാക്ഷിക്കണം॥ 2

തിയ്യുംവെള്ളവുമെപ്പൊഴും തലയിലുണ്ടു ന്വാച്ചിമട്ടിൽപരം
പയ്യെപ്പേച്ചുപറഞ്ഞു ചുറ്റുമണയും ഭ്രതങ്ങളോടും സദാ।
ഭൂമിയിൽതോഴികളെഭരിച്ചുണയുമീതീവണ്ടിയല്ലെങ്കിലാ
പ്പീയൂഷാശികൾം കൈതൊഴുംപുരഹരൻ നമ്മേക്കടാക്ഷിക്കണം॥ 3

സന്തോഷംജനതക്കുചേർത്തവരിൽനിന്നത്ഥംവഹിക്കുംഗുണം
ചിന്തിച്ചാലതിരില്ലയെന്നുപറവൂ ദേശാന്തരത്തിങ്കലും।
പ്പിന്തന്നില്ലൊരുസമ്മതം കലരുമീതീവണ്ടിയല്ലെങ്കിലാ
സ്സന്താനോപമനായമാടനുവരൻ നിത്യംജയിക്കുന്നതേ॥ 4

ആശ്ലംസാധീനമില്ലാത്തൊരുനിലയരികിൽതീററുള്ളുന്ന
പാപ്പാൻ
മാക്കുംനേരേമരുങ്ങില്ലരനിമിഷമനങ്ങാതെനില്ക്കില്ലുചിന്നെ
നേക്കേൾത്തും വസ്തുവെന്തെങ്കിലുമതുപൊടിചാറിട്ടശബ്ദിച്ചുചേരു
ന്നുക്കൻതീവണ്ടിചക്ഷേമദകരിയഥവാമത്തനെന്നുംജയിക്കു. 5

നടുവത്തു മഹൻനമ്പൂരി.

കേരളക്ഷിതിരത്നമാല.

———:o:———

ശൈലരാഷ്ട്രകൃതം കർമ്മ തത്രൈവന്യഫല ദായകം
ബ്രാഹ്മംപവ്വതരാഷ്ട്രഞ്ചേ ദ്രുതഘ്നംകർമ്മണഃഫലം. ൧൯൮

പവ്വതഭൂമിയിൽ ചെയ്യുന്നകർമ്മം മൂന്നിരട്ടിച്ച ഫലംകൊടുക്കുന്നതും ആപവ്വതരാജ്യം ബ്രാഹ്മണൻറേതാണെങ്കിൽ ചെയ്യുന്ന കർമ്മം ഒമ്പതിരട്ടി ഫലം കൊടുക്കുന്നതും ആകുന്നു.

ബ്രാഹ്മണഃപരമൈദ്വവം ബ്രാഹ്മണോദേവപൂജിതഃ
യസ്മിൻസന്തപ്പ്യണാദ്യാന്തിതൃപ്തിംസവ്വാഃപ്രദേവതാഃ. ൧൯൯

ബ്രാഹ്മണൻ ലോകത്തിങ്കൽ മുഖ്യദൈവവും ദേവന്മാർക്കുകൂടി പൂജ്യനും ആകുന്നു. യാതൊരു ബ്രാഹ്മണനിൽ ഉണ്ടാവുന്ന സംതൃപ്തികൊണ്ട എല്ലാദേവകളും സന്തോഷിക്കുന്നു.

ശിലാകാഷ്ഠാദയോയേഷാം പ്രഭാവാദുല്ലുടന്തൊജസഃ
ഭവന്തിചേതനാവന്തോ ദുഷ്കരംകിംദ്വിജന്മനാം. ൧൯൯

ഏററവും നിസ്സാരമായ കല്ലുകഠം മരങ്ങഠം മുതലായവക്കു കൂടി തങ്ങളുടെ പ്രഭാവത്താൽ നിഗ്രഹാനുഗ്രഹ ശക്തിയെ നൽകുന്ന ബ്രാഹ്മണക്കു കഴിയാത്തകാര്യം എന്താണ?

ബാഹ്മതൃപാദഭൃതാനാം തസ്മാത്സെവാദ്വിജന്മനാം
പരമോധർമ്മഉക്തംസ്യാൽ കൃത്രിമാകൃത്രിമോക്തിഭിഃ. ൧൯൯

അതുകൊണ്ട ബ്രാഹ്മണരുടെ സേവ ക്ഷത്രിയ വൈശ്യ ശൂദ്രന്മാക്ക പരമധർമ്മമാണെന്ന ശ്രുതിസ്മൃതികളാൽ പറയപ്പെട്ടിരിക്കുന്നു.

വർണ്ണാശ്രമപരിത്രാണം നിഗ്രഹശ്ചദുരാത്മനാം.
ദാനംന്യായാർജ്ജനഞ്ചേതിക്ഷത്രധർമ്മഉദീരിതഃ. ൧൯൭

വർണ്ണാശ്രമസംരക്ഷണവും ദുഷ്ടനിഗ്രഹവും ദാനങ്ങഠം ചെയ്യുയും ന്യായമായി സമ്പാദിക്കുകയും ക്ഷത്രിയധർമ്മമാകുന്നു.

തദ്ധർമ്മോവിപ്രസേവാസ്യാൽക്ഷത്രിയാണാംവിശേഷതഃ
വിശാമാർജ്ജനമത്രസ്യാദാനഞ്ചസുനിതാമതിഃ. ൧൯൬

ക്ഷത്രിയന്മാക്ക ബ്രാഹ്മണോപകാരം മുഖ്യമായ ധർമ്മം ആകുന്നു. വൈശ്യന്മാക്ക ധനംസമ്പാദിക്കുകയും ദാനംചെയ്യുയും ബുദ്ധികൂർമ്മയും മുഖ്യധർമ്മമാകുന്നു.

തേഷാംതദ്വിപ്രസേവാസ്യാൽ ശൂദ്രാസ്സദ്വിവിധാമതാഃ
ദാസാസ്സതേചവിപ്രാണാം ദാസ്യഞ്ചദ്വിവിധമ്മതം. നൂൻ

മൈശൃന്മാക്ക് ആ വിപ്രസേവയും ഉണ്ട്. ബ്രാഹ്മണദാസ്യം ചെയ്യുന്ന ശൂദ്രർ രണ്ടുവിധം. അവരുടെ ദാസ്യവും രണ്ടുവിധം.

ഉഗ്രശ്ചവൃഷലശ്ചാഥദ്വിവിധഃചാദ്യോമതഃ
ഉഗ്രസ്യശസ്ത്രദാസ്യംസ്യാദന്യസ്യപരിചാരണം. ൨൦

ശൂദ്രൻ രണ്ടുവിധം ഉള്ളതിൽ (൧) ഉഗ്രൻ (ശൂദ്രസ്ത്രീയിങ്കൽ ക്ഷത്രിയന് ഉല്പാദിച്ചുണ്ടായവൻ). (൨) വൃഷലൻ. അതിൽ ഒന്നാമന ആയുധമെടുത്ത യുദ്ധത്തിൽ സഹായിക്കുകയും രണ്ടാമന ശുശ്രൂഷയും ആകുന്നു.

ഉഗ്രാസ്സ്യവർണ്ണാശ്രമരക്ഷണോചിതാ
സ്സൃഷ്ടാമയാ ധർമ്മഉദീരിതോബുധൈഃ
ശസ്ത്രാണഹതാഖലുസദ്വിരോധിനോ
ഗോവിപ്രദേവാലയലോകരക്ഷണം. ൨൧

ഉഗ്രന്മാർ വർണ്ണാശ്രമരക്ഷണയോഗ്യന്മാരാകയാൽ അവക്ക് ശസ്ത്രമെടുത്ത ദുഷ്ടനിഗ്രഹംചെയ്ക ബ്രാഹ്മണർ, പശുക്കൾ, ദേവാലയങ്ങൾ, ലോകം, ഇവയെ സംരക്ഷിക്കുന്നത മുഖ്യധർമ്മമായിട്ട ബുധന്മാരാൽ പറയപ്പെട്ടിരിക്കുന്നു.

ഉഗ്രസ്തതസ്മാൽ കരജന്മബന്ധു
ർവ്വിപ്രസ്യദാസോപിചശസ്ത്രജീവീ
നിത്യംദ്വിജാതേഃ പരിചര്യ്യയൈവ
ദാസ്യംപ്രദിഷ്ടം വൃഷലസ്യകേന. ൨൨

ഉഗ്രൻശൂദ്രദാസ്യംചെയ്യുന്നതുകൊണ്ട ബ്രാഹ്മണദാസനെങ്കിലും അധികം ക്ഷത്രിയബന്ധുവാകുന്നു. വൃഷലന്നു നിത്യം ബ്രാഹ്മണപരിചര്യ്യ (ശുശ്രൂഷ)കൊണ്ടുതന്നെദാസ്യം ബ്രഹ്മാവിനാൽ പറയപ്പെട്ടിരിക്കുന്നു.

ശൂദ്രാവുഭൗതൗവൃഷലോഗ്രസംജ്ഞൗ
ശ്രേഷ്ഠൗപ്രദിഷ്ടൗചതുരാനനേന
ഉഗ്രന്തതോശ്രേഷ്ഠതമം വദന്തി
സാമാന്യമേതൽപ്രഥമാവരത്വം. ൨൩

ഉശനാനും വൃഷലനെന്നും പറയുന്ന രണ്ടുവിധം ശുക്രനും ശ്രേഷ്ഠന്മാരാണെന്ന ബ്രഹ്മാവിനാൽ പറയപ്പെട്ടിരിക്കുന്നു. എങ്കിലും ഉശനൻ വൃഷലനേക്കാൾ ശ്രേഷ്ഠതമൻ ആകുന്നു. പ്രഥമവർണ്ണമായ ബ്രാഹ്മണനും ഉവര രണ്ടും ഒരുപോലെ താണവരാണ.

കരോരുപാദൊൽഭവമാൻക്ഷേഷ്വ
ധരാനിലിമ്പോച്ചനയാനിതാന്തം
തെജഃപ്രദീപ്തംപരപൂരുഷസ്യ
കരോതിസാന്നിദ്ധ്യമതോവരാന്യേ രു൭

ക്ഷത്രിയവൈശ്യശൂദ്രന്മാർ ഇരിക്കുമ്പോൾതന്നെ ബ്രാഹ്മണൻ പൂജകൊണ്ട ഒരംശപരന്റെ തേജസ്സിനെ വർദ്ധിപ്പിക്കുകയും സാന്നിദ്ധ്യം വരുത്തുകയുംചെയ്യുന്നു. അതുകൊണ്ട ക്ഷത്രിയവൈശ്യശൂദ്രന്മാർ താണവരാകുന്നു.

അപരാധക്ഷമാദത്തം പ്രീതിദത്തഞ്ചമാനഷൈഃ
യൽ ഭൂമിഖണ്ഡംതദ്ദേധാലബ്ധുംന്യായവിദോവിദുഃ. രു൭

ലബ്ധുംഎന്നപറയുന്ന ഇന്നും രണ്ടവിധം. അതിൽ,(ക) താൻ ചെയ്ത അപരാധത്തെ ക്ഷമിപ്പാൻവേണ്ടി കൊടുക്കുന്നത. (ഖ) സന്തോഷം കൊണ്ട കൊടുക്കുന്നത. ഇങ്ങിനെ രണ്ട വിധത്തിൽ കിട്ടുന്നതിനും ന്യായവേദികൾ ലബ്ധുജന്മമെന്ന പറഞ്ഞ വരുന്നു.

അപരാധംയദജ്ഞാതം ജ്ഞാതംവാകൈവമയാ കൃതം.
തത്പാംക്ഷമസകാരുണ്യാദിതി മദ്ധ്യസഭംബ്രുവൻ രു൭൦.
സ്ഥാണുംഖനേത്സദാമദ്ധ്യേ സപ്തഖണ്ഡാഹവയംവദൻ
ക്ഷമാവാംസ്തദരിത്യാസ്സ നാഥോഭവതികേരളേ രു൭൧.

അപരാധം ചെയ്തവൻ അപരാധത്തെക്ഷമിക്കേണ്ടവനു ഭൂമികൊടുക്കേണ്ടുന്ന ക്രമത്തെ പ്രായുന്നു. അറിവില്ലാതെകൊണ്ടാ അറിഞ്ഞോട്ടുകൂടിയൊ ഞാൻ നിങ്ങൾക്ക ചെയ്ത അപരാധത്തെ അങ്ങുന്ന ദയവുചെയ്ത ക്ഷമിക്കേണമേ എന്നപറഞ്ഞ സഭാമദ്ധ്യത്തിങ്കൽ താൻ കൊടുക്കാൻ നിശ്ചയിച്ചഭൂമിയുടെ പേരപറഞ്ഞ ഒരു കോലിനെ നാട്ടണം. അങ്ങിനെ ചെയ്താൽ അപരാധത്തെ ക്ഷമിക്കുന്നവൻ കേരളത്തിങ്കൽ ആത്മികം അധിപതിയായിത്തീരുന്നു.

തദ്ദാനാംഖലുദേവായ ബ്രാഹ്മണായന്യായച
ക്രിയതേപ്രഭവേരാജ്ഞപ്രതിരൂപായ ചൊത്തമം. രു൭൨.

ഈ ദാനം ദേവനും ബ്രാഹ്മണനും രാജാവിനും രാജപ്രതിനിധിയായ പ്രഭുവിനും ചെയ്യപ്പെടുന്നു.

യേവൈദേവാലയാജീവാസ്തേനകുർവ്വന്തിപൂരുഷാഃ
അപരാധക്ഷമാദാനം ഭവഃകേനാപിഹേതുനാ. ൫൯.

വിനൈവമൂല്യംതൽഭൂമിഃ
പ്രീതിദത്തേതികഥ്യതേ

... ...
... ... ൬൦.

ദേവാലയം കൊണ്ട ഉപജീവിക്കുന്ന ജനങ്ങൾ ഒരു കാരണം കൊണ്ടും അപരാധക്ഷമകായി ഭൂമിയെ കൊടുക്കുന്നില്ല. വിലകൊടുക്കാതെ ആദേവാലയോപജീവികൾക്ക കിട്ടിയഭൂമിക്ക പ്രീതിദത്തം എന്ന പേർ.

മത്രൈബുദ്ധ്യാലക്ഷണീയഗ്രഹാദി
ഗ്രഹാദിനിർഗ്ഗത്യശുഭേമുഹൂർത്തേ
വിനീതധീഃപ്രാപ്തധനാനുയായീ
ക്ഷേത്രേശ്വരംപ്രാതരുപേത്യവൃഷ്ടേൽ ൬൧.

ഭൂമിവേണമെന്ന ആഗ്രഹിക്കുന്നവൻ രാവിലെ നല്ല മുഹൂർത്തം നോക്കിപുറപ്പെട്ട ആ ഭൂമിയുടെ അധിപതിയെ തിരുവക്കാഴ്ച കൊണ്ട സന്തോഷിപ്പിച്ച് വിനീതബുദ്ധിയോടുകൂടി അവൻ ആവശ്യപ്പെടുന്ന ഭൂമിയെ അപേക്ഷിക്കണം.

തത്രസപ്തവിധംദാനം പ്രോക്തം ഭൂമേർമ്മുനീശ്വരൈഃ
സപ്താവകാശാധരണീ സാമാന്യാസമുദീരിതാ ൬൨.

ഭൂമിയുടെ ദാനം ൭ വിധമായി മുനികൾ പറഞ്ഞിരിക്കുന്നു. സാധാരണയായി ഭൂമിയിങ്കൽ അവകാശം ൭ വകയുണ്ട.

രേഖാഷഠംകമുദിരിതം ഹിധരണോഃപ്രാഗന്യഥാബോധനം
സപ്താരാതിചടം ദ്വിതീയമചരം പൃഷ്ഠാഹ്വയം കീർത്തിതം
തത്പൃദ്വ്യാടിധാനം (സ്യ) മുനിഭിരുദിതം പഞ്ചമം കേവലാഖ്യം*
ഷഷ്ഠംസോദകദാനമേവസദൃശീനാമ്നാപ്രവൃത്തിശ്ചസാ ൬൩.

ഭൂമിക്ക നവിധം ആധാരങ്ങൾ ഉണ്ട. അവയിൽ ക. അന്യഥാബോധനം. ഖ. സപ്താരാതിചടം. ങ. വൃഷ്ഠം. ച. തത്പൃ

* വൃത്തത്തിൽ വ്യത്യാസം കാണുന്നത ആഷ്ടോപനസാഃ.

ദ്രവ്യം. ഖ. കേവലം. സ. സോദകദാനം. ഇങ്ങിനെ ന്ന ആധാര ങ്ങ ള പറയുന്നു. ഒരം ...വാക്കുകൊം അനാചത്ഥങ്ങൊം ആകുന്നു. അ തിൽ ഒന്നാമത കാണം (വേ...റ ഒരുവിധമായി തൃപ്തിപ്പെടുത്തുക) രണ്ടാമത ഒറി (സപ്പ്...ന്റെ ശത്രുവിന്റെസ്ഥാനം = മാതിരി അല്ലെങ്കിൽ സപ്പംപോലെ ശത്രുസ്ഥാനം). മൂന്നാമത് ഒറിക്കുമുറം നാലാമതചെ...ത്ഥം (യ്ഥ...ത്ഥം തൽ, നേരുതൽ). അഞ്ചാമതഇ ന്നും പണയം (കേവലം = ഉദകദാനമാത്രാവശിഷ്ടം) സാമത ഇ ന്നും. ഇങ്ങിനെ ...ന്ന വക ആധാരങ്ങളുണ്ട.

ദ്വിധാധരിത്രീസുദൃഢാചചഞ്ചലാ
തയോസ്സമുല്യം ദ്വിവിധാഃ കരാദ്യാഃ
പൂർവ്വാത്തുശാല്യന്നദവാ വരിഷ്ഠാ
സർവ്വാപ്തസമ്പൂർണ്ണകരാച നിത്യാ ൩൯.
ഭൂമിർദ്വിതീയാകില നാളികേര
ഹിന്താലമുക്കൈരപരൈശ്ചവൃക്ഷൈഃ
തഥാമരീച്യാദിലതാസമൂഹൈ
ർല്ലോകോപകാരൈരിതരൈശ്ചയുക്തം ൪൦.

ഭ്രമിസുദൃഢമെന്നും ചഞ്ചലമെന്നും രണ്ടവിധത്തിൽഉണ്ട. ഒന്നാമത്തേത് നെല്ലുണ്ടാവുന്നതും എല്ലാക്കൊല്ലവും പൂർണ്ണമായി നികുതിയുള്ളതും നിത്യയായിട്ടുള്ളതും ആകുന്നു. രണ്ടാമത്തേത തേങ്ങ ആനപ്പന മുളക വള്ളിമുതലായ ലോകോപകാര വൃക്ഷ ങ്ങളും ഉള്ളതാകുന്നു. ഈ രണ്ടുവക ഭ്രമിക്കും വിലയും കല്പവും ര ണ്ടുവിധമാകുന്നു.

കാഞ്ചനസരസ്യനിധിസന്നിതരോചിഷോയൽ
ഭാഗംപണംധൃതിമിതം പ്രവദന്തിസന്തഃ
ന്യൂനാതിരിക്തമിതയേ ഖഫവഃപ ...സ്യ
സ്വേതത്രതത്രവിഹിതാഖില കായ്ശസ്ഥാഃ ൪൧.

ഒമ്പതമാറുള്ള ഇരുപതപണത്തുകും സ്വർണ്ണത്തിന്റെ പ തിനെട്ടാലോരുഭാഗം പണം എന്ന പറയപ്പെടുന്നു. ഇതിൽ കു റച്ച ആധിക്യവും ന്യൂനതയും, ഉള്ളപദങ്ങളും ഉണ്ട. അവഓരോ ദേശങ്ങളിലും ഓരോകായ്ച്ചകളിലും പ്രസിദ്ധങ്ങളാകുന്നു.

* കാത്തസ്വരം വരാഹണത്തുക്കം സ്വർണ്ണം. ധ്രുതി=ദ്രവ്യം നിധി=ൻ ഈവരഞ്ഞപണം രാശിപ്പണം ആയിരിക്കണം.

തുലാശതാംശംചലമേതദംഘ്രിഃ
കഷ്ടസ്ഥതൃംശമിഡംവദന്തി
ഇഡസ്യപാദത്രിതയംസുവർണ്ണം
തദ്രത്നഭാഗഃപണതുല്യ ഭാരഃ. ൩൭

തുലാത്തിൻെറ ആറാലൊരുഭാഗം പലം. ആപലത്തിൻെറ നാലാലൊരുഭാഗം കഷ്ടം. ആകഷ്ടത്തിൻെറ മൂന്നാലൊരു ഭാഗം ഇഡം. ആ ഇഡത്തിൻെറ മുക്കാൽഭാഗം സുവർണ്ണം. അതിൻെറ ഒമ്പതാലൊരുഭാഗം പണത്തുക്കമെന്ന പറയപ്പെട്ടുന്നു.

വിദ്വൽഭിഃക്ഷേത്രനാഥോപിസചിവൈഃസ്വിജകംക്ഷിനീം
ശുഭേമുഹൂർത്തേ സംവീക്ഷ്യ പ്രകുര്യാൽ കരനിർണ്ണയം. ൩൮

ഭൂമ്യധിപതി വിദ്വാന്മാരായ തൻെറ കാര്യസ്ഥന്മാരോട കൂടി തൻെറ ഭൂമിയെ നല്ല മുഹൂർത്തത്തിങ്കൽ നോക്കി കരം (ജന്മഭോഗം) നിർണ്ണയം ചെയ്യണം.

ഭ്രവീക്ഷണേയമഹൃതാശനരുദ്രപൂഷ്ണാ
സ്സർപ്പേന്ദ്രതുഷ്ടരജനീചര കേതുവാരാഃ
ഗണ്ഡാന്തവിഷ്ടിവിഷസർപ്പശിരോചരാഗ
ചക്രസ്ഥിതാശ്ചകരണാ അപിവർജ്ജനീയാഃ. ൩൯

ഭൂമിനോക്കുവാൻ ഭരണി കാർത്തിക തിരുവാതിര പൂരം പൂരാടം പൂരുരുട്ടാതി, ആയില്യം, തൃക്കേട്ട, വിശാഖം ,ഇന്നുവാരം കേതുവാരം ഗണ്ഡാന്തം വിഷ്ടി, വിഷം അഹിശിരസ്സ് ചക്രസ്ഥിതങ്ങളായ കരണങ്ങളും, ഉൽകാ (കൊള്ളിമീൻ) ഗ്രഹണം മുതലായ ദിവസങ്ങളും വർജ്ജിക്കേണം.

ശുഷ്കാനിപകപാനിതൃകട്ടതീനി
ഫലാനി ബാലാന്യഖിലഞ്ചമത്വാ
ത്യജേത തസ്മാന്നിജരാമഭാഗം
ശിഷ്ടംഭവേൽ ക്ഷേത്രപതേസ്തുകേരം. ൪൦

ദേവീവ്യപാശ്രയസ്തോത്രം.

———— : o : ————

തെല്ലുള്ളേ ഞാനനുഷ്ഠിച്ചൊരു ദുരിതചയം നിഷ്കൃതിയ്ക്കേതുമാളാ
ക്കില്ലയ്യോ ധർമ്മശാസ്ത്രങ്ങളിലെവിധിമഹാദുഷ്കരംയോഗികൾക്കും
ചൊല്ലേറീടും പരേതാധിപടുതരരികത്തെത്തുമക്കാലമെന്തോ
ചൊല്ലുന്നുകാലകാലപ്രണയിനിപരിരോധിയ്ക്കുശോധ്യംപാപം 1

ശ്രീമൂലം പാപജാലം പലതുമഹമുപാർജ്ജിച്ചു കെല്പുള്ളവണ്ണം
സ്ത്രീമൂലം വന്നിടാവുന്നൊരുദുരിതമിനിപ്പാകിയില്ലോക്കിലൊന്നും
മാമൂലംവാമദേവപ്രണയിനിചുരുതോ പാതകംഹാതവാംഹ്രീ
ശ്രീമൂലംവിട്ടുപോയാലടിയനനരകാവാസമാചന്ദ്രതാരം 2

സൽപ്പാത്രത്തിലൊഴിച്ചതില്ലൊരുതവിത്തോയം ഗുരുശ്രീപദ
പ്പോള്ളാരെന്നേതലോടിയില്ല സമയേ ചൈതീലസന്ധ്യാർച്ചനം
കെല്പേറും യമരാജകിങ്കരഘരവ്യാപാരഘോരാമയം
നിൽപ്പാനുള്ളമരുന്നുഞാൻ കരുതിയില്ലുമ്മേഭയമ്മേപരം 3

ചെയ്യേണ്ടുന്നതുചൈതിടാതയുമകൃത്യത്തെ പ്രവൃത്തിച്ചുമ
ന്നയ്യോ ഭൈരവരൌരവാദി നരകേമുങ്ങിക്കുഴങ്ങിച്ചിരം
പയ്യെസ്ഥാവരതിയ്യ്ഗാദിജനനം കൈക്കൊണ്ടുകാലാന്ത്യയേ
കയ്യിൽകിട്ടിയമത്സ്യമെതിരിയെമാംതള്ളുന്നുതാങ്ങൊന്നുമേ 4

ബ്രഹ്മാവിൻറെയുമന്തകൻറെയുമഹോ ഡിപ്പാട്ടമെണ്ടിൽക്കിട
ന്നുമ്മേഞാൻ തിരിയുന്നിതെത്രയുഗമായെന്നാണിതിൻമോചനം
ധർമ്മാധർമ്മപരീക്ഷണത്തിനിനിമേൽ കാലൻറെ കച്ചേരിയിൽ
ചെമ്മേഹാജരിനിയ്യിളച്ചുതരണേ തദ്ദർശനം കർശനം 5

ഞാനെന്നോചേന്നുമായേഹഹതവകളിയോഗത്തിലെ
ന്തൊക്കുവേഷം
മാനംകൂടാതെകെട്ടീശിവശിവപദമേതൊക്കയും ചെല്ലിയാടി
നാനായാസാൽതളർന്നേൻനടനരസമൊടീക്കണ്ഡവുംകൂടിയാടി
പ്പാനോക്കില്ലേശിവേതരകിടകിടതികിതാനിത്തിമേന്നത്തമെല്ലാം 6
ഞാനാരാണെങ്ങുനിന്നാണിഹവരവെവിടയ്ക്കാണിനിപ്പോക്കുസാധി
പ്പാനെന്തെല്ലാമിനിക്കുണ്ടിവിടമതിൽ മമപ്രേരണക്കാരനാരോ

സ്ഥാനം ചാത്താചിതേതാണൊരുവിവരവുമില്ലിത്തിരുകി
ത്തിരിയുന്നോ
ന്നാനാകല്പിച്ചിതിന്നപ്പുറമതുമമകാണിയുന്നുകാണിയുന്നുതായേ 7
സൃഷ്ടിച്ചുമർത്ത്യദേഹംവിധിവിധുമുഖിമാക്കിഷ്ടമല്ലാത്തവേഷം
കെട്ടിച്ചുവിത്തസമ്പാദനമതിൽ വഴിമുട്ടിച്ചുമട്ടിച്ചുചിത്തം
പൊട്ടിച്ചുഗേഹബന്ധം മമഭവജലധിയുന്നുകൂരുന്നുള്ളുപോതം
പെട്ടിച്ചുതാൻജയിച്ചു ജനനിതവകടക്കൺകഴക്കോൽകിടച്ചാൽ 8
ധാതാവിൻഗളനാളച്ഛതകെടുത്തില്ലേതവാജ്ഞാംഗമെ
ന്നാതാവേ ശമനനുച്ഛതചെടുത്തിലേമൂഢാജ്ഞാംഗമേ
വിതായാസമൊഴിയുന്നുമേ യമപുരസ്ത്രീശങ്കചാത്രുക്ഷമാ
യാതായാതവിഷാദഭാരമതിനായിന്നേതൊഴന്നേനുമേ 9
ഞാനാകുന്നതുനീശിവേതവതിയായീടുന്നതിങ്ങാൻവൃഥാ
വാണാടിക്കുകളിൽപ്രകാമമിഹതേവാസസ്ഥലാന്വേഷണം
സ്ഥാനാദിക്രമമെന്റെകൊണ്ടുതവകണ്ടന്നേഭജിയുന്നുഞാൻ
വ്യാനാതിക്രമണംപൊറുത്തവിരതം നിങ്കൽപ്രസാദിയുന്നീ. 10

ഒറവങ്കര നീലകണ്ഠൻനമ്പൂരി (രാജാവ്)

ഒരു വിലാപം.

വൃ.

൧. ഒരുകൂട്ടിയെയന്നു കിട്ടുവാൻ
പെരുതാകും കൊതിപൂണ്ടനേകനാൾ
പുരുപുണ്യഗണങ്ങൾചെയ്തതാ
നരുളുന്നോക്കലഭിപ്പതില്ലഹോ.

൨. പുരുദുഷ്ടതയോടുഹന്ത : നി—
ഷ്ഠുരരായീശ വിചാരമെന്നിയേ
നിജസന്തതി നാശമാകുവാൻ
വിജനേവേലകൾചെയ്തനാരതം

൩. മരുവും മനുജക്കുമെല്ലാ
ട്ടുമുവാകുന്ന മുറകൾ പിന്നെയും
അരുളററധനിക്കു വീട്ടില
ങ്ങനുതോഷത്തിനൊരാളുമില്ലഹോ!

൫. ഒരുകാശിനുപോക്കുവിട്ടഹോ!
കഠിനം ? കഷ്ടതതൻ നിഷ്ഠുരാം
പലനിഷ്ഠുരതയ്ക്കധീനമായ്
മരുവും മാനുഷർതന്നവസ്ഥയോ ?

൬. ഒരുപിടിച്ചോരന്നമതിൽപരം
പുരുഷാരം നിജമൈപുലർത്തുവാൻ
പണിചെയ്യുതിനായിടാതെ പ
ട്ടിണിതൻഭക്ഷണമായ് ജനിപ്പിതു
ൻ.

൭. ഞൊടികൊണ്ടൊരുവാത്തയോക്കു വൻ
കടലിന്നക്കരെയങയച്ചിടാം;
എരിതീയുടെ കൂട്ടുവിട്ടിനി
പ്പുരുശോഭാസ്പദദീപമേകിടാം;

൮. അകലത്തതി വേഗമെത്തുവാൻ
തനിയേപോമാരു വണ്ടിനൽകിടാം;
ഗഗനേ ലഘു പക്ഷമെന്നിയേ
ഗമനം ചെയ്യുതിനും തുണച്ചിടാം;

൯. പലകൃത്രിമ സൂത്രമെത്രയും
സുലഭം തീപ്പതിനായ്പഴിഞ്ഞിടും;
അഹികാലമറിക്കുകത്തുവീ
ണവശം മർത്ത്യർ നശിച്ചിടുന്നഹോ;

൧൦. കുലയാനകളേ മരുക്കിന
ല്ലുടിമപ്പാട്ടകൊടുത്തിടുനരൻ
കടുകാലമതിന്നഹാ! ബഹു
ലടിമപ്പെട്ടു കഴങ്ങിടുന്നിതാ.

൧൧. ഉരുതാപഭരം വളർത്തുവാൻ
കരുതീട്ടോ നരനേകിയീശ്വരൻ
പരജീവിഷ്ണുവല്ലഭങ്ങളായ്
പലവൈചിത്ര്യമേഴും ഗുണങ്ങളേ?

(തുടരും) സി. എസ്. സുബ്രഹ്മണ്യൻ പോറ്റി.

ഒരു ദുർമ്മരണം.

തും പിന്നിലുള്ളവൻ സ്റ്റേഷനാപ്പുരെ മാറത്തു താങ്ങിക്കൊണ്ട മലന്നുവീണതും ഒരു തൊടിക്കകഴിഞ്ഞു. ആ കിടപ്പിൽ സ്റ്റേഷനാപ്പർ മറേവന്റെ അരക്കെട്ടിൽ ഒരു പിടുത്തംപിടിച്ചുതോട്ടുകൂടി കൈകൊണ്ടു രണ്ടും അയഞ്ഞു. തൽസമയം ഭാസ്കരമേനോൻ പിന്നു മറിഞ്ഞ മാറവന്റെ തലക്കൽ ചെന്നുനിന്നു. അവന് പിടച്ചെഴു നീറ്റ അടിയുറപ്പിക്കുവാൻ എടുകിട്ടുന്നതിന്നുമുമ്പ കാലുവച്ച് അവനെ കമഴ്ത്തിവീഴിച്ചു. തൽക്ഷണം എതിരാളിയുടെ കൈകൊണ്ടു നിലത്തൊടുചേത്തു പിടിച്ച സ്റ്റേഷനാപ്പർ അവന്റെ പുറത്തുകയറി ഇരിപ്പായി. അവിടെ ഇരുന്നുകൊണ്ടു കായ്ംപറയിക്കുവാനുള്ള ആലോചനതുടങ്ങിയപ്പോൾ കിടന്നിരുന്നവൻ എടുത്തിരുന്ന വിദ്യ സ്റ്റേഷനാപ്പർ വിചാരിക്കാതെകണ്ടുള്ളതായിരുന്നു. അരക്കെട്ടുമുതൽ പെരുവിരൽവരെ വില്ലുപോലെ ഒടിവുകൂടാതെ വളച്ച കാലിന്റെ പത്തികളെ ബലമായിട്ട സ്റ്റേഷനാപ്പരുടെ കക്ഷങ്ങളിൽതിരുകി പെട്ടന്നു പൊക്കി ചിന്നാകം ഒരേറു കൊടുത്തു. അതോടുകൂടി സ്റ്റേഷനാപ്പരും തലപ്പാവും തമ്മിൽ വേർപിരിഞ്ഞു ശത്രുവിന്റെ സമീപത്തുനിന്നു ഏകദേശം ഒരു ദണ്ഡ അകലെ ചെന്നുവീണു. സ്റ്റേഷനാപ്പർക്ക് കരുതിവീഴുവാൻ സംഗതിവരാഞ്ഞതുകൊണ്ട വീണേടം പുല്ലുതുന്ന മണൽപ്രദേശമല്ലായിരുന്നുവെങ്കിൽ പരുക്ക് ധാരാളം പറ്റുമായിരുന്നു. ഈ വീഴിച്ചയിൽനിന്നു രക്ഷപ്പെട്ട സ്റ്റേഷനാപ്പർ എഴുനീറപ്പോൾ എതിരാളിയും എഴുനീറു തിരിഞ്ഞുനോക്കി ഓടുവാൻതുടങ്ങി. സ്റ്റേഷനാപ്പരും പിന്നാലെപാഞ്ഞു. നദീതീരത്തുകൂടി കുറച്ചുനേരം ഇങ്ങിനെ ഓടിമസരിച്ചതിന്റെശേഷം നിശ്ചയമായിട്ടും പിടിക്കുടും എന്നു കണ്ട മറേവൻ വെള്ളത്തിലേക്കിറങ്ങി. ഓടുംവഴി അഴിച്ചു തെയാറാക്കിയിരുന്ന കൂപ്പായം വലിച്ചെറിഞ്ഞ ഭാസ്കരമേനവനുംകൂടെച്ചാടി. മൊട്ടിനുവെള്ളത്തിൽവച്ച് "പടമിറത്തുകളത്തിൽ ഒരുമിച്ചു പയാറിയ മൊയ്തു അല്ലേടാ ഇത ?" എന്നു ചോദിച്ചുകൊണ്ട അവനെ പൊത്തിപ്പിടിച്ച കയ്യുവെച്ചത്, മല്ലയുദ്ധത്തിനിടക്കു അര

കൈയ്യിൽനിന്ന അല്പം പുറത്തോട്ട തള്ളിപ്പോന്ന ഒരു ലക്കോട്ടി നേലാണ. സ്നേഷനാപ്പീസർ ലക്കോട്ടവലിച്ചെടുത്തപ്പോൾ,

"എന്റെറ കൊച്ചേമാന്നായാലും മൊയ്ല കുളവിൽചതി ചെയ്തില്ല എമാനേ" എന്നപറഞ്ഞ ലക്കോട്ടതട്ടിപ്പറിക്കുവാൻ ഉത്സാഹിച്ചതിൽ ഉള്ളിലുള്ള എഴുത്ത മൊയ്തീന്റെറ കയ്യിലും ലക്കോട്ട സ്നേഷനാപ്പീസരുടെ കയ്യിലും ചെന്നു. ഉടനെ കൊയ്ത എഴുത്തുചുരുട്ടി മിഴുങ്ങിക്കൊണ്ട ഓടുന്നുണ്ടായിരുന്ന കയത്തിലേക്ക ചാടിമുങ്ങി. സ്നേഷനാപ്പീസരും അവരുടെറ പുറംചാടി അന്വേഷിക്കിൽതന്നെതാണ.

പത്താമദ്ധ്യായം.

ഉത്തമപുരുഷന്മാരുടെ
ചിത്തംവജ്രത്തിലുംതുലോംകഠിനം
നൽത്താരിലുംമൃദുതരം
സത്യസ്ഥിതിചാക്കിലാക്കിയാം.

ഉത്തരരാമചരിതം.

പിറേറദിവസം പകൽ പത്തുമണിക്കുശേഷം സ്നേഷനാപ്പീസരുടെ ശിഷ്യൻ പരമേശ്വരൻ അയ്മേഹത്തിന്റെറ വാസസ്ഥലം അടച്ചുപൂട്ടി വഴിപോലെ ബന്തോവസ്തചെയ്ത പുറപ്പെടാറായി സ്നേഷനാപ്പീസരെ തേടുവാൻ ഒരുമ്പെട്ട. അന്നേദിവസം പരമേശ്വരൻ കേറിച്ചെറങ്ങാത്ത വീടാകട്ടെ കടയാകട്ടെ കുടിലാകട്ടെ എളവല്ലൂർ ദേശത്തുണ്ടോ എന്ന സംശയമാണ്. പ്രത്യേകിച്ച സ്നേഷനാപ്പീസർക്ക പരിചയമുള്ള ദിക്കിലെല്ലാം അതി നിഷ്കർഷയോടുകൂടി അന്വേഷിച്ചു. ഇതുകൊണ്ട യാതൊരുഫലവും ഉണ്ടായില്ല. അയ്മേഹം എവിടെയാണെന്ന് സൂക്ഷ്മമായ വിവരം ഒന്നും ഉണ്ടായില്ല. ഓരോരുത്തർ അവരവരുടെ ശ്രദ്ധാന്തിയുടെ ശക്തിക്കനുസരിച്ച് ഓരോ ജാതി മറുവടിയാണ പറഞ്ഞതെങ്കിലും മിക്കവയുടെയും വന്നുചേർന്ന അന്തഫലം 'കണ്ടില്ല, തുമ്പില്ല' എന്നതന്നെ. എന്നാൽ കോടതികായ്യത്തിന്നു പോയിരുന്ന ചിലർ, കുഞ്ഞിരാമൻനായരും കുമാരൻനായരും സ്നേഷനാപ്പീസരുംകൂടി കോടതിയിൽനിന്ന പടിഞ്ഞാട്ടുപോകുന്ന കണ്ടുവെന്ന പറഞ്ഞവരുംഉണ്ട.

ഇത വിശ്വസിച്ച പരമേശ്വരൻ വൈകുന്നേരം അഞ്ചുമണിയോടുകൂടി കോടതിവഴിക്ക് അന്വേഷിച്ചുപോകുവാൻ ഉറച്ചുപുറ

പ്പെട്ട. കൂട്ടിനു ചില പരിവാരങ്ങളും ഉണ്ടായിരുന്നു. ഉപജീവനം ചൊങ്ങിയോ എന്നു ഭയപ്പെട്ടും വ്യസനിച്ചും അലഞ്ഞുനടക്കുന്ന ശിഷ്യന്റെ പേരിൽ കേവലം അനുകമ്പകൊണ്ടാണോ ഇവർ അയാളെ അനുഗമിച്ചിരുന്നതെന്നു തീർച്ചയില്ല. എന്തെങ്കിലും വിരേഷവിധിയായ ഒരു സംഭവം നടക്കുമ്പോൾ സ്വസ്ഥന്മാരുടെ സ്വസ്ഥവൃത്തിക്കു ഭംഗംവരുത്തി അവരെ ഇളക്കിത്തീർക്കുന്നതായ ഒരുമാതിരി വാസനാവിശേഷംകൊണ്ടെന്നേ ഈ കൂട്ടരുടെ കായ്ത്തിൽ ഉപഹിക്കുവാൻ തരമുള്ള. കിട്ടുണ്ണിമേനവന്റെ ഉമ്മരണം കഴിഞ്ഞിട്ട് അധികം ദിവസമായില്ല. അങ്ങിനെയിരിക്കുമ്പോൾ ആ കേസ്സിൽ തെളിവെടുക്കുവാൻ ഉത്സാഹിച്ചിരുന്ന ഒരു സ്റ്റേഷനാപ്പർ പതിവിൻപടി വീട്ടിൽ ചെന്നിട്ടില്ലെന്നല്ല തീർച്ചയായിട്ടും വൈകുന്നേരം വീട്ടിലെത്തുന്നതാണെന്ന പ്രത്യേകിച്ചു പറഞ്ഞുപോയിട്ട് അതുപോലെ ചെയ്യാതിരിക്കുകയും യാതൊരു വിവരവും അറിവുകൊടുക്കാതിരിക്കുകയും ചെയ്തിരിക്കുന്നു. വിശേഷിച്ചു സ്റ്റേഷനാപ്പർ കോടതിവിട്ടു പടിഞ്ഞാട്ടു പോകുന്ന കണ്ടവരും ഉണ്ട. ഇതിൽനിന്നു വല്ലതും കൊട്ടിഘോഷിക്കുവാൻ വകയുണ്ടാവുമെന്ന വിചാരവും ഈ കൂട്ടക്കാർക്കുണ്ടായിരുന്നു. അല്ല, മറുവിധത്തിൽ പ്രേരിപ്പിക്കപ്പെട്ടവരും ഈ കൂട്ടത്തിൽ ഇല്ലെന്നില്ല. ശിഷ്യന്റെപക്ഷം യജമാനൻ ഒരു കാലവും വാക്കുതെറ്റി നടക്കുക പതിവില്ലാത്തതുകൊണ്ട ഈ സംഭവം സംശയത്തിനു ഇടയാക്കിത്തീർത്തിരിക്കുന്നുവെന്നു മാത്രമായിരുന്നു.

ഇവരെല്ലാവരുംകൂടി ചെറുവല്ലാപ്പാലത്തിനടുത്തെത്തിയപ്പോൾ അവരിൽ ഒരു വിദ്വാൻ,

"അതാ ഒരു തലപ്പാവു കിടക്കുന്നു" എന്നുപറഞ്ഞു.

ഒരക്ഷരംപോലും ശബ്ദിക്കാതെ എല്ലാവരുംകൂടി ആ സ്ഥലത്തേക്കിറങ്ങി. ശിഷ്യനു തലപ്പാവുകണ്ടപ്പോൾ സംശയമുണ്ടായില്ല. ഒരു നോട്ടത്തിൽ അതു യജമാനന്റേതാണെന്നു മനസ്സിലായി. അടുത്തു പലടിക്കിലും രണ്ടോ രണ്ടിലധികമോ ആളുകൾകൂടി ലഹളകൂടുക്കിട്ടുള്ളതായ ലക്ഷണങ്ങളും കാണുന്നുണ്ട്. അതുനോക്കിക്കൊണ്ടു കുറേച്ചെന്നപ്പോൾ രണ്ടുപേരുകൂടി ഓടിട്ടുള്ള പാടകണ്ടുതുടങ്ങി.

അതിനേ പിന്തുടന്നു കുറേക്കൂടിചെന്നപ്പോൾ ഒരു കപ്പായം കിട ക്കുന്നതുകണ്ടു. അതും സ്റ്റേഷനാപ്സരുടേതാണെന്ന ശിഷ്യൻ വിധി ച്ചു. കപ്പായം കിടന്നിരുന്നത വെള്ളത്തിനോട വളരെ അടുത്തി ട്ടായിരുന്നു. അത് മഴവെള്ളംകൊണ്ടും പൊഴവെള്ളംകൊണ്ടും നനഞ്ഞിട്ടുകൂടിയുണ്ട്. കോലാഹലത്തിന്റെ സൂചനകാം കപ്പാ യം കിടക്കുന്നസ്ഥലത്ത അവസാനിച്ചിരിക്കുന്നു.

ശിഷ്യൻ കപ്പായവും തലപ്പാവും കയ്യിലെടുത്ത് ഇൻസ്പക്ടർ വന്നിട്ടുണ്ടോ എന്ന് അറിവാൻ ചേരിപ്പുറമ്പിലേക്ക തിരിച്ചു. കൂട്ട രിൽ ചിലർ പിന്നാലെതന്നെ പുറപ്പെട്ടു. ചിലർ എളവല്ലുക്കം തിരിച്ചു.

ഇൻസ്പക്ടർ കണ്ടുണ്ണിമേനോൻ അരുണോദയത്തോടുകൂടി ചേ രിപ്പുറമ്പിൽ എത്തീട്ടുണ്ടായിരുന്നു. പരമേശ്വരൻവന്ന വിവരം ബോധിപ്പിച്ചപ്പോൾ ഒരു നിമിഷം കളയാതെ കുപ്പായവും തല പ്പാവും കിടന്നിരുന്ന സ്ഥലം പരിശോധിക്കുവാൻ പുറപ്പെട്ടു. അ വിടെ ചെന്ന പരിശോധനകഴിച്ചു, നദിതീരത്തുകൂടിപ്പോയി ശവം വല്ലുടിക്കിലും അടിഞ്ഞുകിടക്കുന്നുണ്ടോ എന്ന നോക്കിവരുവാൻ ര ണ്ടു പോല്ലീസ്സുകാക്ക കല്പനയും കൊടുത്ത് എളവല്ലുക്ക പരമേ ശ്വരനേയും കൂട്ടിക്കൊണ്ടപോയി. അവിടെച്ചെന്ന സ്റ്റേഷനാപ്സര ടെ വാസസ്ഥലം മുദ്രവച്ച ശിഷ്യന്റെ കയ്യിൽനിന്ന താക്കോലും വാങ്ങി രാത്രി പത്തുമണിയോടുകൂടി ചേരിപ്പുറമ്പിൽ തിരികേ എ ത്തി. പരമേശ്വരൻ ഇൻസ്പക്ടരുടെ കരുണകൊണ്ട ചേരിപ്പുറമ്പി ൽതന്നെ അത്താഴവുംകഴിച്ചു കിടന്നു.

പുലക്കാലത്ത പുവ്വാടി പൊട്ടുംതൊട്ട സന്ധ്യക്ക തെണ്ടാ ൻപോയി എന്ന കുറവത്തിന്മേൽ ദേവകിക്കുട്ടിയെ പടിപ്പുരമുറിക്ക കത്ത് ഇട്ടുപൂട്ടിയിരിക്കുകയായിരുന്നു. കാലത്തു കുത്തിക്കിരിക്ക മ്പോൾ പകുതി വയറോടുകൂടിയാണ് അമ്മാൻ വലിച്ചിഴച്ചുകൊ ണ്ടുപോയത. അതിൽപിന്നെ ജലപാനം കൊടുത്തിട്ടില്ല. ദേവകി ക്കുട്ടി മുറിക്കകത്തു കടന്നതുതന്നെ ഇച്ചിൽകയ്യും ചുരുട്ടിപ്പിടിച്ചു കൊണ്ടാണ്. കണ്ണീരുകൊണ്ട കൈകഴുകിയാൽ ശുദ്ധമാകുമെങ്കിൽ അതുമാത്രമല്ല ചെയ്തിട്ടുള്ള അതിൽ കുളിതന്നെ കഴിഞ്ഞിരിക്കുണ്ട.

പലവക.

(പുസ്തകപരിശോധനം)–ആശ്ചര്യചൂഡാമണി (സി. രാഘവപ്പുഴുവാർ ; റെപ്ലോഷം):—

മേവിപരമായി ആശ്ചര്യത്തിൽ നൂറു ശ്ലോകങ്ങൾ അടങ്ങിയ ഈ ചെറിയ പുസ്തകത്തെപ്പറ്റി ഈ വിധത്തിൽ ഒരു അഭിപ്രായം പറയുന്നത കേവലം നിഷ്ഫലമാണെന്നറിയാം. എങ്കിലും പത്രധർമ്മം ഞങ്ങൾക്കു നിർവ്വഹിക്കാതെ തരമില്ലല്ലൊ.

കവിയുടെ കഴിവിനെപ്പറ്റി അഭിപ്രായഭേദം ഉണ്ടായിട്ടു ഞങ്ങൾക്കറിയില്ല. ഉണ്ടാവാനും വഴിയില്ല. അക്കാര്യത്തിൽ അഭിപ്രായം രേഖപ്പെടുത്താതെ രണ്ടുപേരെ രണ്ടിനം രീതിയിലാക്കുക, വാസനയുടെ മാഹാത്മ്യമാണ്. ഈ കവിക്ക് ഇതു സാധിക്കുമെന്നതിനു ഒരു ദൃഷ്ടാന്തം കാണിക്കാം.

ഹരമോഹനിനിതരമുരോ ; ഹരമോഹനദീപ്തിരുരുവിഭവം
വരമംശുരുചാരുരിയോ ; വരമേഴിലകൈ മെഴിനിൻമ വരമുരിയോ.

'ഹരിശ്മശ്രുമഃ' മുതലായ പ്രയോഗങ്ങൾ അക്ഷിമാത്രയുടെ വ്യാകരണസമ്മതമാണെന്നു ഞങ്ങൾ പറയുന്നില്ല. അവയുടെ പ്രയോഗങ്ങൾ എല്ലാം പരിഹാസ്യമായിരിക്കുമെന്നും. അതുകൊണ്ടു കവിയുടെ അനുവാദത്തോടുകൂടി ഞങ്ങൾ ഇതിനെ തിരുത്തിയിരിക്കുന്നു. 'ഗിരിസുതയല്ലോ നീ' എന്നുള്ളിടത്തു കർത്തരി അവ്യയത്തിനു പ്രയോഗം കാണുന്നില്ല. പിന്നെ എങ്ങനെ ഇതിനെ ന്യായീകരിക്കുമെന്നു ഞങ്ങൾ അറിയുന്നില്ല. ഉള്ള പക്ഷം, തൽകർത്തൃകമായ ക്രിയയെ ഉപചാരമാത്രമായി സ്വീകരിക്കുന്നതിൽ 'പ്രയോഗം' എന്ന ദോഷം ആരോപിക്കുന്നവർ ഉള്ള ഒരുകാലത്തു ഇതുപോലെയുള്ള വസ്തുക്കളെക്കൊണ്ടു ഉണ്ടാക്കിയ ശിക്ഷകളോടുകൂടി നിന്ദ്യം ജനസംക്ഷേപിച്ചു നിൽക്കുന്നതാണെന്നു പറയുന്നതുകൊണ്ടു ഞങ്ങൾ ഒരാളെ സന്തോഷിക്കും, കവി ശ്ലോകങ്ങൾ ചമയ്ക്കുന്നതു പ്രയോഗിച്ചിട്ടുള്ള ശ്രദ്ധയിൽ 'തരമനകൾ' രണ്ടിടത്തും മുറിച്ചിട്ടുണ്ടെങ്കിൽ അതുകൂടി കഴിക്കുന്നതായിരുന്നു ഉത്തമം. 'നിഷധവിഭാതൻ' തുടങ്ങിയ ദേശ്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുക. ദേവിയുടെ കോപം പ്രകാശിപ്പിക്കുന്നതിനു ഉപയോഗിച്ചിരിക്കുന്ന ഭംഗ്യന്തരങ്ങൾ ശ്രദ്ധിച്ചുനോക്കുന്നതിനു രസികന്മാർക്കു പ്രയാസമുണ്ടാവുകയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു. കവിയുടെ ഒരു പ്രത്യേകതയിൽ പ്രത്യേകിച്ചൊന്നും പറയുന്നതിനു ചിലരുടെ പക്ഷത്തിനു അഭിപ്രായഭേദമുണ്ടായിരിക്കുമെന്നു ഞങ്ങൾക്കറിയാം. അതുകൊണ്ടു ഞങ്ങൾ അതിനു മുതിരുന്നില്ല.

ഛവിതം.

പ്രസിദ്ധനായ കല്ലൂന്നമനയ്ക്കൽ നാരായണൻ നമ്പൂരിപ്പാട്ടിലേക്കു ഒരു ക്ഷേത്രത്തിൽ ഉണ്ടായിരുന്ന തന്ത്രം ഒരു നമ്പൂരി അപഹരിച്ചു സ്വിംബപ്രതിഷ്ഠ കഴിച്ചു, 'ബിംബപ്രതിഷ്ഠ എല്ലാം നോട്ട ഉപായമായോ?' എന്ന നമ്പൂരിപ്പാടിന്റെ ചോദ്യത്തിനു അദ്ദേഹം അമരേശ്വരത്തിനെ ഒരു ശ്ലോകംകൊണ്ടെന്ന മറുപടി പറഞ്ഞതു. "സമാപ്യന്ത്യന്തന്ത്രാണി സംക്ഷിപ്യൈപ്പേതി സംസ്ഥതെ സന്തുഷ്ടമിച്ഛതേവത്തൈന്നാമലിംഗാത്മ ശാസനം" (അന്യൻ്റെ തന്ത്രം അപഹരിച്ച ചുരുക്കത്തിൽ ചില ക്രിയയൊക്കെ നടത്തി. ക്രമത്തിൽ ഒക്കെ സന്തുഷ്ടനെന്നുംപറഞ്ഞു. ആകെക്കൂടി നോക്കുമ്പോൾ 'ലിംഗം' എന്നൊരു ചേരുമായും).

(സ്വതന്ത്രം.)—സ്ഥലപരിമിതികൊണ്ടു പുസ്തകപരിശോധനകൾ പലതും നിറുത്തിവയ്ക്കേണ്ടിവന്നിരിക്കുന്നു. മാസികകളുടെ പട്ടികയിൽ ലേഖകൻ 'ശാകുന്തളം' ഉണ്ടോ ഇല്ലയോ എന്ന സംശയത്തിൽ ഇട്ടിട്ടുണ്ട്. ചിങ്ങത്തിലെ പ്രതി ലേഖനം അച്ചടിച്ചതിന്റെശേഷം ഞങ്ങൾക്കു കിട്ടിയിരിക്കുന്നു.

P. SUBBAROY'S

World-Renowned and Most Efficacious Ayurvedic Medicines.

പി. സുബ്ബരായിയുടേ ലോക പ്രസിദ്ധ
ങ്ങളും ഫിറവും ഫലവത്തുകളും
ആയ ആയുർവ്വേദ ഔഷധാലയം
ഫ-ലോകപ്രസിദ്ധമായധാതുപുഷ്ടികാരി.

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വീര്യ
മില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നിറം
മ്, നീരൊഴിവു, മധുമേഹ കല്ലടപ്പു (മൂത്രാശയം)
മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണെന
പരിഹരിച്ചു രക്ഷപെടുത്തും.

ഡപ്പി ഒന്നുക്കു വിലരൂപാ ഫതപാൽ ചിലവുവകയ്ക്കു അണ
ഫ-വേറെ.

ഫ-പ്രമേഹ നിവാരണി.

സിരാമേഹം, ഇടപ്പുവലി, മൂത്രാധിക്യമായും തടഞ്ഞും പോകുക, മേഡ്ഢം, പുകച്ചു
ൽ രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീ പുരുഷന്മാരെ നിവർത്തിപ്പിക്കും. ഇതുക
ഴിഞ്ഞാൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും.

കുപ്പി ഫ-ക്കു വില രൂപ ഫ. മൂന്നു കുപ്പികൾ വരെയുള്ള ബ
ന്ധിക്കു തപാൽചിലവു അണ ഒ.

ന-സർവ്വവേദനാ സംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ കൈകാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക
വീക്കം, മുടക്കവാതം നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന ശൂല, ഇടപ്പുവേദ
ന, ചർശ്രവായു, മേഹവായു, തിമിരവായു മുതലായ പല വ്യാധികളും ഭേദപ്പെടും.

കുപ്പി ഒന്നക്കു വില രൂപാ ഫ. തപാൽചിലവു അണ ഒ.

ര-മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴുകടി, തുരുതണം. നഖങ്ങാണി എന്നീ പേരുകളുള്ള രോഗത്തിനു
സിദ്ധൌഷധം. തപ്രരോഗങ്ങൾ പലതും മാറും; തേമൽ, മേഹകുഷ്ഠം മുതലായവയെ നാ
ശിപ്പിക്കും.

വില, കുപ്പി ഒന്നിനു ര-ണ. തപാൽചിലവു മൂന്നു കുപ്പിവരെ
ഒ-ണ വേറെ.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo.*

൪-ലക്ഷ്മീകരകസ്തൂരിഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സന്തുലം ഉപയോഗിക്കേണ്ട വിലയേറി യ സാധനം,—മന്ദാഗ്നിവാതം, വയറ്റിനാഠം, അജീർണ്ണം, പിത്തവായു, ഇവയെ ശമിപ്പിക്കും.

തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ഭക്ഷണത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ എല്ലാ ഗുരുദ്രവ്യത്തേയും ദഹിപ്പിച്ചുകളയും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കുകയില്ലാ. അപായകരമായ യാതൊരു ലഹരി സാധനങ്ങളും ഇതിൽ ചേർത്തിട്ടില്ലാ. കാശ്മീരത്തു നിന്നു വരുത്തിയ കസ്തൂരി, പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ചുമ, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏറക്കുറച്ചിൽ പോലെ ഒന്നു മുതൽ രണ്ടുവരെ ഗുളികകൾ വെറ്റിലച്ചാറിൽ കൊടുത്താൽ സുഖപ്പെടും.

൨൦-ഗുളികകൾ ഉള്ള കുപ്പി ഒന്നിനു വില ൪ണം രൂ. ഒന്നുമുതൽ ൧൨-വരെ കുപ്പികൾ അടങ്ങിയ ബങ്കി ഒന്നിനു തപാൽ കൂലി ൪-ണം.

൨-ദന്തചൂർണ്ണം.

സുഗന്ധമായുള്ള ഈ പൊടിയാൽ പല്ലുരോഗങ്ങളേയും നീക്കും.

വില, കുപ്പി ഒന്നിനു മൂന്നണ തപാൽചിലവു രണ്ടു കുപ്പിവരെ ൪-ണ വേറെ.

൩-ജ്വരഹാരി.

കഫജ്വരം, പിത്തജ്വരം, വാതജ്വരം, കഫവാതജ്വരം, അന്തർജ്വരം മുതലായവയ്ക്കു നന്നു.

വില ഡപ്പി ഒന്നിനു ൧-ക, തപാൽചിലവു ൪-ണ വേറെ.

൪-ശ്ലോകപ്രസിദ്ധമായ സുഗന്ധകന്തൈലം.

ഈതൈലം പിരട്ടിയാൽ തലമുടി, മീശ, താടി, ഇവ സമൃദ്ധിയായും, തെരുതെരുമായും കറുപ്പായും വരും. കണ്ണിനു കുളിർമയുണ്ടാകും. സകല കൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പോത്തുരോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാകും.

വില, കുപ്പി ഒന്നിനു ൫-ണ. തപാൽചിലവു ൪-ണ വേറെ.

൫-രോമസംഹാരി.

രോമം എവിടെ വേണ്ടെന്നാക്കുന്നതോ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ മാറ്റും.

വില, കുപ്പി ഒന്നിനു ൩-ണ. തപാൽചിലവു മൂന്നു കുപ്പികൾവരെ ൪-ണ വേറെ.

പി. സുബ്ബരായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo.*

൧൦-അഗ്നിമാന്ദ്യസംഹാരി.

ഹേനമില്ലായ്മ, പുളിച്ചുതികട്ടുക. മനഃപ്രകലിക്കുക, മൂലബന്ധം, വയറുനോവു, വായു നാറ്റം, അജീർണ്ണം വയറുവീർത്തുകയറുക. നിരാഭേഗം മുതലായ പിത്തോപദ്രവങ്ങളെ നല്ലവണ്ണം സുഖപ്പെടുത്തും.

ഡപ്പിഒന്നുക്കു ഭാരം വ-ത്തപാൽക്കൂലി അണ ൪-വേറെ.

൧൧-കണ്ണുബിന്ദു.

ചീകാടു, കാഴ്ചമങ്ങുക, ചെമന്നുവീർപ്പു, ഇരുട്ടിൽ മുതലായ കണ്ണുരോഗങ്ങളെ ഭേദപ്പെടുത്തുക രോഗണ്ണുക്കുന്നതുവരെയും.

വില, കുപ്പി ഒന്നിന വ-ണം. തപാൽചിലവു മൂന്നു കുപ്പികൾ വരെ ൪-ണ വേറെ.

൧൨-സുഖഭേദിഗുളികകൾ.

ഭേദി സരിപ്പെടുത്തും അജീർണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലംപിടിത്തം, അഗ്നിമാന്ദ്യം, രക്തം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും.

വില, ഡപ്പി ഒന്നിന വണ. തപാൽചിലവു ഒന്നു മുതൽ ര-വരെ ഡപ്പികൾക്കു ൪-ണ വേറെ.

൧൩-നേത്രബിന്ദു.

കൺനോവു, കൺകടുപ്പു, ക്ഷീണം, നീരൊലിപ്പു. മിന്നൽ മാലകണ്ണിൽ, പീളകെട്ടു, ദേഷ്യം, പുവു, പരുപ്പു, എരിച്ചിൽ ഇവ പരിഹരിക്കും ഇവയുടെ വലിവു, പുകച്ചിൽ ഇങ്ങനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും.

വില, കുപ്പി ഒന്നിന വ-ണം. തപാൽചിലവു മൂന്നു കുപ്പികൾ വരെ ൪-ണ വേറെ.

൧൪-സ്മരണശക്തിരക്ഷണി.

ബലഹീനതയാലും അശ്രദ്ധയാലും മറവു ഉണ്ടാകുന്ന ഇന്ദ്രിയ സ്മരണശക്തിയെ രക്ഷിക്കും

വില, ഡപ്പി ഒന്നിന വ-ണം. തപാൽചിലവു ൪-വരെ ഡപ്പികൾക്കു ൪-ണ വേറെ.

൧൫-മൃഗകസ്തൂരി.

കാട്ടിൽനിന്നും വരുത്തിയിട്ടുള്ള നൊന്തരം കസ്തൂരി എപ്പോഴും ഇതിൽ ഉണ്ടു.

ത്രുപാതുകുത്തിന രൂപ-കം. വില ഒരു ത്രുപാ മുതൽക്കുള്ള പുത്തു സംഖ്യയ്ക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവുപുറമെ. എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലോ തമിഴിലോ ആയിരിക്കണം.

പി. സുബ്ബറായി
പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.
P. SUBBAROY, *Porto Nove.*

൧൯- തേൾവിഷത്തിന്ന സിദ്ധൌഷധം.

തേൾകടിച്ച സ്ഥലത്ത രണ്ടുതുള്ളി ഒഴിച്ചാൽ പൊട്ടന്നനെ ആശ്വാസം കാണും. കടു കടുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത.

വില കുപ്പി ൧- ക്ക ൧- ക രൂ-ണ. ൧൨ കുപ്പിയിൽ കുറയി ലത ഒന്നിച്ച വാങ്ങുന്നവക്ക് ഡസൻ ൧ ക്കു ൧൨ ക വ്വണ, ഉള്ള വില യിൽ കുറച്ച മാത്രമെ വില ചുമത്തുന്നുള്ളു. വി-പി- കമീഷൻ തന്റെ പുറമേ.

ഇൻഡ്യയിലും ബമ്മയിലും ൧൨ കുപ്പിവരെ വി-പി- കമീഷൻ ഉണ സിലോൺ ടി ണെ.

൧൭- വ്രണവിരോപണ തൈലം.

ഈ കഴമ്പ പിത്തപ്പുണ്ണ മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇത സകല കൃമികളേയും നശിപ്പിച്ച എല്ലാ വ്രണങ്ങളേയും വിരോപിപ്പിച്ച വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു.

വില വ്വ ണ. മൂന്ന കുപ്പിവരെ വി-പി. കമീഷൻ ഉണ മാത്രം.

൧൮. കണ്ണുതുടി തുള്ളിക.

ഇത കണ്ണും തലച്ചോറും ശരീരം നന്നാവുന്നതിന്ന അതിവിശേഷമായ ഔഷധമാകുന്നു, പ്രത്യേകിച്ച സംഗീതക്കാർക്കും, പ്രസംഗക്കാർക്കും, പണ്ഡിതന്മാർക്കും, ശബ്ദാവയവംകൊണ്ട അത്യായാസം ചെയ്യുന്നവരായ മറ്റെല്ലാവർക്കും വളരെ ഉപയോഗമുള്ളതുമാകുന്നു.

വില വ്വ ണ വി-പി- കമീഷൻ ന്റ കുപ്പിവരെ ന്റ ണ.

൧൯. സ്നാനചൂർണ്ണം.

ഈ പൊടിതേച്ച കുളിക്കുന്നതിന്ന വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിന്റെ അഴുക്കും ദുർഗന്ധവും കളഞ്ഞ, ദൃഢത-വും പ്രകാശവും സുഗന്ധവും ഉണ്ടാകുന്നു. ഇതിന്നും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലാസ്സോഴും ഉണ്ടാകും. ഇത ഇന്ത്യയിലുള്ള എല്ലാവർക്കും വേണ്ടാതാകുന്നു.

വില വ്വ ണ വി-പി- കമീഷൻ നു ണ.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, porto Novo.

൨൦. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാവുന്ന പനി, ജലദോഷം, തലവേദന, മ [illegible] സ്വരം, അരിശ
[illegible], ഉറക്കമില്ലായ്മ, ഇവയ്ക്കും ആന്തവായു മുതലായി എല്ലാ ഉദര [illegible]ക്കും ഈ ഗുളി
ക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇത മദ്ധ്യവയസ്കന്മാ [illegible]ടപ്പെട്ട മുപക്ക
രിക്കാവുന്നതാകുന്നു.

വില ഫാ ണ വി-പി- കമീഷൻ സ കൂപ്പിവരെ ൪ ണം.

൨൧. ഒന്നാംതരം ശോരോചനഗുളിക.

എട്ടുവിധ പനികൾക്കും അതു സംബന്ധമായി ഉണ്ടാകുന്ന [illegible]ക്കും ജലദോഷം, തലവേദന, ചുമ, ശ്വാസം, അരുചി, ഉറക്കമില്ലായ്മ, ആന്തവായു മുതലായി എല്ലാ ഉദര രോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു.

വില ൪ ണ വി-പി- കമീഷൻ സ കൂപ്പിവരെ ൪ ണം.

൨൨. വ്യഗ്രോഗ പരിഹാരി.

ഈ ഔഷധം കരപ്പൻ, ചൊണങ്ങു, നാഗരി, ഓരാട്ട, ചൊരിൻ, പൂപ്പു, പുഴുക്കടി, വിര [illegible]ണം, മുതലായ കടിയും ചൊറിയും ഉള്ള എല്ലാ വ്യഗ്രോഗങ്ങൾക്കും ഏറ്റവും വിശേഷ ധമാകുന്നു. ഇത ദേഹത്തിന്റെ പുറമെ മാത്രം പ്രയോഗിക്കുവാൻ മതി.

വി-പി- കമീഷൻ ൪ ണം.

| | | |

ഒരു കേശരഞ്ജൻ തൈലത്തിനു വെറും മാത്രം.

വീട്ടിനടുത്ത മാകാണിവിലക്കു കിട്ടുമായിരുന്ന ഒരു വിലക്കുകൽക്കത്താവിലും മദിരാശി ബർമിനിയൻ സ്റ്റീറിലും പോയി വാങ്ങുന്നത എന്തിനു? ഭാവിക്കുടെ കൊടുക്കുന്ന പ്രകാശം ഞങ്ങൾക്ക് പ്രണ വീതം മാത്രം തന്നാൽ മതി.

ഭാതെങ്ങിനെ?

നിങ്ങളുടെ സ്നേഹിതന്മാരോടൊക്കെ (നേരിട്ടു ഞങ്ങളോടെങ്കിലും) രണ്ടണവിലയുള്ള ഞങ്ങളുടെ ഒരു കൊടുപ്പണം വാങ്ങി എടുക്കുവാനയച്ചു തരുവിൻ. ഉടനെ അതേമാതിരിയുള്ള നാല കൊടുപ്പണവും, രണ്ടുറുപ്പികവിലയുള്ള താഴെ പറയുന്ന എല്ലാതരം കൂടി സാമാന്യം തിരഞ്ഞെടുത്തുകൊള്ളുവാൻ അധികാരപ്പെടുത്തുന്ന ഒരു സർട്ടിഫിക്കറും അയച്ചുതരപ്പെടും.

ഈ നാല കൊടുപ്പണം എടുത്തുകൊണ്ടിറ നിങ്ങൾ ഉദ്ദ്യംഭായച്ച സംഖ്യ വസൂൽ ചെയ്യുക. എന്നിട്ട നിങ്ങൾ ചെയ്തുപോലെ കൊടുപ്പണം പ്രകാശം എടുത്ത ഒരു വീതം ഞങ്ങൾക്കു അയച്ചുതരുവാൻ വാങ്ങുവരോടു ആവശ്യപ്പെടുക. അതു ഞങ്ങൾക്കു കിട്ടിയാൽ ആദ്യം നിങ്ങൾക്കയച്ചുതുപോലെയുള്ള നാല സർട്ടിഫിക്കെറുകളും അവർക്കയച്ചുകൊടുക്കുകയും നിങ്ങൾക്കു രണ്ടുറുപ്പികക്കു താഴെ വരുന്ന ഏതു സാമാനമെങ്കിലും അയച്ചുതരികയും ചെയ്യുന്നതാണ.

മേൽപറഞ്ഞ നാല സർട്ടിഫിക്കെറു കൈവശമുള്ളവർ അവരുടെ മുറക്കു നിങ്ങൾ ചെയ്തതിനെ ആവർത്തിക്കേണ്ടതാകുന്നു.

നിങ്ങൾ രണ്ടുറുപ്പികയിൽ അധികം വിലയുള്ള സാമാന

പുസ്തകം ൨. മകരമാസം. ലക്കം ൯൩

മംഗളം.

ഇതുകൊണ്ട് ഇളന്നു നമ്മ
ഇപ്പുണ്ടായിരുന്നു

—:o:—

തീക്കണ്ണിൽത്താനെരിച്ചോരലർശരകെടുതി
യുടൻ നാരീശ്വരൻനീ
യാക്ഷംനേരെന്നതോന്നാത്തൊരുമകനെജനി
പ്പിച്ചുമല്ലാരിതന്നിൽ
മാർക്കണ്ഡേയാമയംതീപ്പതിനയമനെയും
കൊന്നഹോചത്തടക്കം
തീക്കണ്ഡത്തിൽക്കുളിയ്ക്കുംതവമഹിമമഹാ
ചിത്രമേന്തുമൊരുവൈ
വെൺമണിഅച്ഛൻ നമ്പൂരിപ്പാട്.

ചെകുത്താന്മാർ.

—:o:—

പുരാതനകാലത്ത് ലോകത്തിൽ പരക്കെയും ഇപ്പോൾ പാശ്ചാത്യ പരിഷ്കാരത്തിൽ അധികവിശ്വാസം ഇല്ലാത്ത സ്ഥലങ്ങളിൽ മാത്രവും ഭീരുക്കാരാകയ വിജനസ്ഥലങ്ങളിൽ എല്ലാകാലത്തും വിശേഷിച്ച് രാത്രിസമയത്തും ചെകുത്താന്മാർ എന്ന ഒരു

വക ജന്തുക്കൾ ഉണ്ടായിരുന്നുവെന്നും ഉണ്ടെന്നും നാം കേൾക്കുന്നുണ്ട്. അനവധിജനങ്ങൾ അനവധികാലത്തോളം വിശ്വസിച്ചും ഭയന്നും പോരുന്നതായ ഒരു ജന്തുക്കൾ വാസ്തവത്തിൽ ഉണ്ടോ ഇല്ലയോഎന്ന ഇപ്പോൾ തീർച്ചപ്പെടുത്തുന്നതിന്ന തുനിയുന്ന ഞാൻ രണ്ടുപ്രകാരത്തിലും പരിഷ്കൃതന്മാരുടെ പരിഹാസത്തിന്ന ലക്ഷ്യമായി തീരുമെന്ന പറയേണ്ടതില്ലല്ലോ. 'മറുള്ളവർ പരിഹസിച്ചീടിലെന്തുകുറവു നമുക്കെടൊ' എന്നും മറുമുള്ള പ്രമാണങ്ങൾ മാത്രമെ എനിക്ക അനുകൂലമായിട്ടുള്ളു. നമ്മുടെ അറിവിൽ പെടാത്തതായി അനേകം സാധനങ്ങൾ ലോകത്തിൽ ഉണ്ടെന്നുള്ള ഓർമ്മ അല്പം ഉള്ളവക്ക് ഒരു ലേഖനം മിഥ്യയാവാൻ പാടില്ലാ.

ഒന്നാമതായി 'ചെകുത്താൻ' എന്ന പദത്തിന്റെ ധാതുതത്ത്വത്തെത്തന്നെ പരിശോധിക്കാം. ക്രൂതന്മാരുടെ 'സേറേനും' പരന്തരീസുകാരുടെ 'സത്താനസ്സും' ആംഗ്ലേയരുടെ 'സേറനും' നമ്മുടെ 'ചാത്തനും' 'ചെകുത്താനും' ആദി ഒന്നുതന്നെയാണം. പക്ഷെ നാം ചാത്തനെയും ചെകുത്താനെയും ഒരാളായി പ്രായേണ വിചാരിക്കാറില്ല. ലോകത്തിൽ ദോഷാത്മകമായിട്ടുള്ളതു ഏതോ അതിനെയാണ ചെകുത്താനെന്ന പുരാതനന്മാർ വിചാരിച്ചു വന്നിരിന്നത. നരഹത്യമുതലായ ദുഷ്കർമ്മങ്ങളിൽ ഉപയുക്തമായ തോക്ക് എന്ന ആയുധം ചെകുത്താന്റെ കരകൌശലത്താൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണൊന്ന് യൂറോപ്യന്മാരിൽ തന്നെ ചിലർ വിചാരിച്ചിരിന്നു. നമ്മുടെ പുരാതനന്മാർ ഭൂതങ്ങൾ, പ്രേതങ്ങൾ, പിശാചുക്കൾ മുതലായ ചില വകഭേദങ്ങളെ ചെകുത്താൻ എന്ന എനത്തിൽ കല്പിച്ചിട്ടുണ്ട. മണ്ഡലി, മൂർഖൻ, വെമ്പാല, മുതലായ വകഭേദങ്ങൾ സർപ്പങ്ങളിൽ എങ്ങിനെയൊ അപ്രകാരമാണ ഒരുവക ഭേദങ്ങൾ ചെകുത്താന്മാരിലും. ചാമുണ്ഡി, തെണ്ടൻ, കണ്ടകാരൻ, കാപ്പിരി, വട്ടകൻഎന്നിങ്ങിനെ ചെകുത്താന്മാരുടെ അവിടുത്തെ തറവാട്ടിന്റെ ആരംഗങ്ങൾ അസംഖ്യം ഉള്ളവയോട നല്ല പരിചയം മനുഷ്യർക്കിടക്കെ ഉണ്ടാവാൻ തരമുള്ളു. കിഞ്ചിജ്ഞനായ ഞാൻ ഈ ഭൂമണ്ഡലത്തിൽ പ്രധാനികളെ വല്ല വരേയും പറയാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അവരും വായനക്കാരും ക്ഷമിക്കുമെന്ന വിശ്വസിക്കുന്നു.

ലോകം ഭ്രാന്ത' ഭ്രമിച്ചുമെന്നാണ എന്റെ അഭിപ്രായം. സ്ഥൂലശരീരത്തിന്റെ ജ്ഞാനേന്ദ്രിയങ്ങളുടെ പദ്ധതിയിൽ അപൂർവ്വം ചിലപ്പോൾ മാത്രമെ ഭ്രാന്തുകൾ പെട്ടുന്നുള്ളു. ഭ്രാന്തുകൾ മിക്കവാറും സ്ഥൂലശരീരത്തിന്റെ സഹായംകൊണ്ട മാത്രം അറിയാവുന്നവയല്ല. അതുകൊണ്ടാണ ഇവയുടെ അഭാവത്തെ പറ്റി ബലമായ ഒരു അഭിപ്രായം ലോകത്തിൽ ഉണ്ടായിട്ടുള്ളത്. സർ. ഹംഫ്രി – ഡെവി 'Lawghing Gas' എന്ന വായുവിനാൽ സ്ഥൂലശരീരത്തെ സംബന്ധിച്ചേടത്തോളം അശക്തനായിതീർന്നപ്പോൾ ലോകം വിചാരപൂർണ്ണമാണെന്ന കാണുകയും പറകയും ഉണ്ടായി. 'ആകാശദേശഗമനത്തിനുള്ള ശക്തി കൂട്ടിൽകിടക്കുന്ന തത്തയിൽഎങ്ങിനെ അദൃശ്യമായിരിക്കുന്നുവൊ അപ്രകാരംതന്നെ ജഡവസ്തുവായ സ്ഥൂല ശരീരമാകുന്ന പരിവേഷത്താൽ ബദ്ധനായ ജീവാത്മാവിൽ ഭ്രാന്തജ്ഞാനം മാത്രമല്ല മററനേക ജ്ഞാനങ്ങളും അവ്യക്താവസ്ഥയിൽ ഇരിക്കുന്നു. സ്വപ്നത്തിലും സുഷുപ്തിയിലും തന്റെ പ്രതിബന്ധങ്ങളെ ജീവാത്മാവ ചിലപ്പോൾ അതിക്രമിക്കാറുണ്ട. അപ്പോൾ ആണ ഭ്രാന്തജ്ഞാനം ഉണ്ടാവുന്നത. പംക്ഷെ സ്വപ്നാനുഭവങ്ങളും ധാരാളമുള്ള ഒരു അവസ്ഥയിൽ എല്ലാം സ്വപ്നങ്ങളും എന്നാണ നാം വിചാരിക്കുന്നത്. എന്നാൽ അവ എല്ലാം സ്വപ്നങ്ങളും അല്ല. തലച്ചോറിന്റെ ഓരോ ഭാഗങ്ങളിൽ രക്തം സഞ്ചരിക്കുന്നതിന്റെ താരതമ്യങ്ങളെ അനുസരിച്ച മനോദ്ധ്യാനത്തിൽ ഉണ്ടാവുന്ന ചിത്രങ്ങളും ആണ കേവലം സ്വപ്നങ്ങളും. അവയ്ക്ക യാതൊരു വൈശിഷ്ട്യവും ഇല്ലെന്ന മാത്രമല്ല മിക്കവാറും അവ തീരെ അസംബന്ധങ്ങളും ആയിരിക്കും. കാമലോകത്തിലും പ്രേതലോകത്തിലും ജീവാത്മാവിനുണ്ടാവുന്ന അനുഭവങ്ങളും സ്വപ്നങ്ങളും എന്ന വിചാരിക്കുന്നവർക്ഷം സ്വപ്നങ്ങളും ഇനിമേലിൽ പരിഹാസാവഹങ്ങളും ആവാൻ പാടുള്ളതല്ലാ. എന്തുകൊണ്ടെന്നാൽ സ്വപ്നങ്ങളും അസംഭാവ്യങ്ങളും പഴയ ശബ്ദങ്ങളായിട്ടാണ ഉപയോഗിക്കാറുള്ളത. യാതൊന്ന സ്വപ്നമോ ആയത യഥാർത്ഥമല്ലെന്നുള്ള വിശ്വാസം പരമ്പരയായി മനുഷ്യരിൽ ഉറച്ചിട്ടുള്ളതുകൊണ്ട സ്വപ്നങ്ങളും യഥാർത്ഥങ്ങളും ആയാൽ

അവയെ പിന്നെ സച്ചക്കുകൾ എന്ന വിളിക്കുന്നതു ഉക്തിവിരുദ്ധവും യുക്തിവിരുദ്ധവും ആയിരിക്കും. ആയതുകൊണ്ടു കാമലോകത്തിലും പ്രേതലോകത്തിലും സഞ്ചരിക്കുന്ന ജീവാത്മാവിന്റെ അനുഭവങ്ങൾ സച്ചക്കുകൾ എന്ന വിചാരിക്കുന്നതു മൌഢ്യമാണു.

സൂക്ഷ്മശരീരത്തോടുകൂടിയാണു ജീവാത്മാവു മേൽപ്രകാരം സഞ്ചരിക്കുന്നതു. സൂക്ഷ്മശരീരം മനുഷ്യർക്കു മാത്രമല്ലാ മൃഗാദികൾക്കും കൂടിയുണ്ടു. സൂക്ഷ്മശരീരവും ലിംഗശരീരവും തമ്മിൽ തെറ്റിപോകരുതു്. ലിംഗശരീരമെന്നതു സ്ഥൂലശരീരത്തിന്റെ ആകാശാംശം ആകുന്നു. പാശ്ചാത്യന്മാർ 'ഈതർ' എന്നുപറയുന്നതു തന്നെയാണു 'ആകാശം'. വിദ്യുച്ഛക്തിയെ നല്ലവണ്ണം മനസ്സിലാക്കിതുടങ്ങിയതിൽപിന്നെയാണു ഈതറിന്റെ സ്വഭാവവും സ്പഷ്ടമായിതുടങ്ങിയതു. പ്രാണൻ വിദ്യുച്ഛക്തിയുടെ ഒരു തരഭേദവും ലോകചേഷ്ടാനിമിത്തമായിരിക്കുന്ന ആദിത്യനിൽനിന്നു ഉൽഗമിക്കുന്നതും ആകുന്നു. പ്രാണനാസ്ഥൂലശരീരങ്ങളിൽ ആവേശം ഉണ്ടാകുന്നതു് ലിംഗശരീരവഴിക്കാകുന്നു. നിഴലെന്ന തോന്നുന്നവിധത്തിൽ മരണപര്യന്തം സ്ഥൂലശരീരത്തെ വിടാതെ അനുഗമിക്കുന്ന ഒരു ലിംഗശരീരത്തെ ഭൂരിഭാഗ്യരായപുസ്തകങ്ങളിൽ 'എത്തിറിക്ക് ഡബ്ൾ' (Etheric double) എന്നുപറയുന്നു. ആജീവനാന്തം സ്ഥൂലശരീരവും ലിംഗശരീരവും തമ്മിൽ വേർപിരിയുന്നില്ല. ശ്മശാനഭൂമിയിൽ ചിലർ ചിലപ്പോൾ കാണുന്ന പ്രേതങ്ങൾ മിക്കവാറും ലിംഗശരീരങ്ങൾ ആകുന്നു. ജഡവസ്തുവായ ശവം നശിക്കുന്നതുവരെ ആതിനെ വിടാതെ പൂർവ്വസ്മരണയാലോ എന്നുതോന്നുന്നവിധത്തിൽ ലിംഗശരീരം ചുറ്റിപ്പറ്റി നിൽക്കുന്നു. ക്രിസ്തുമരിച്ചു് മൂന്നാംദിവസം 'ഉയർത്തെഴുനേറ്റു' എന്നും ആയ്ക്ക ചിലർക്കുണ്ടെന്നും ക്രൈസ്തവവേദത്തിൽ രേഖപ്പെടുത്തിട്ടുള്ളതവിശ്വസനീയമെന്നാണു എന്റെ അഭിപ്രായം. ആത്മജ്ഞാനിയും ഒരുമാതിരി സന്ന്യാസിയും ആയിരുന്നക്രിസ്തുവിനു തന്നിൽ ദൃഢഭക്തിവിശ്വാസത്തോടുകൂടിയവരായ 'മെരിമാഡലീൻ' മുതൽപേരോടു സംസാരിപ്പാൻവേണ്ടി മലിനമായ ലിംഗശരീരത്തെ അവലംബിച്ചു എന്നുപറയുന്നതിൽ എന്താണു അത്ഭുതം. സർവ്വജ്ഞപീഠം കയറുവാനുള്ള പോക്കിൽ ഭൂ

ഷാൻ ശങ്കരാചാര്യസ്വാമി ഇപ്രകാരംതന്നെ ഒരാശ്രമത്തിനു ശവത്തിൽ പ്രവേശിച്ചതിലും ഏറ്റവാണ അത്ഭുതം.

മേൽപറഞ്ഞിച്ച സംഗതികളിൽനിന്നു ഒരുതരം ഭൂതം ലിംഗശരീരമാണെന്നു വെളിപ്പെടുന്നു. മരണത്തിൽ മനുഷ്യർക്കു സംഭവിക്കുന്നതായ ഭയംകൊണ്ടും മരിച്ചവരെ സ്മരിച്ചിട്ടുള്ള സ്മാരകങ്ങളിൽ മാത്രം ലിംഗശരീരങ്ങളെ സാധാരണയായി കാണുന്നതുകൊണ്ടും ആകുന്നു ഈ ഭൂതത്തെ മനുഷ്യർ ഭയപ്പെടുന്നത. സൂക്ഷ്മത്തോടും വിചാരിച്ചാൽ ഒരു ഭൂതത്തെ ഒട്ടുംതന്നെ ഭയപ്പെടാനില്ലെന്നു കുഞ്ഞിനും ബോധ്യമാവും. മറ്റൊരുതരം ഭൂതം മേൽപറഞ്ഞ സൂക്ഷ്മശരീരത്തോടുചേർന്നവയാകുന്നു. സൂക്ഷ്മശരീരികൾ എന്നുതന്നെ പറയാം. ഒരന്തരത്തിൽ യക്ഷകിന്നരാസുരന്മാർ ഭേദികൾ ആകുന്നു പ്രധാനികൾ. ഇതുകൂടാതെ ഭൂമിസംബന്ധം ഭൂതങ്ങൾ ഒരു എണ്ണത്തിൽ ഉണ്ട. ഇവയിൽ ഒരുവക വായുക്കൾക്കു വരെ അത്ഭുതകരമായി തോന്നും.

ഈ പ്രബന്ധത്തിന്റെ ആദിയിൽ സർ. ഹംഫ്രി ഡെവി ലോകം വിചാരപ്പെട്ടുമാണെന്ന കണ്ടതിനെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളത് വായനക്കാർ മറന്നിരിക്കാം. നമ്മുടെ ഓരോ വിചാരവും ഓരോ ഭൂതമാകുന്നു. അതിനു ആകൃതിയും പ്രകൃതിയും ഉണ്ടന്നപറഞ്ഞാൽ ചിലർ ഇനിക്ക ചിത്തഭ്രമമുണ്ടോ എന്നുകൂടി സംശയിക്കും. എന്നാലും വിരോധമില്ലാ. ആകൃതിയില്ലാത്തത അദൃശ്യമാണെന്നുള്ളതിനു വാദമില്ല. സർഹംഫ്രിക്കു വിചാരങ്ങൾദൃശ്യങ്ങളായിരുന്നതുകൊണ്ട അവ രൂപികളും ആയിരിന്നുവെന്ന അനുമാനിക്കാതെ ഒഴിപ്പാൻ കാരണം കാണുന്നില്ല. പക്ഷെ, പാശ്ചാത്യപാണ്ഡിത്യം, സർഹംഫ്രിക്കുണ്ടതെല്ലാം മിഥ്യയെന്നും മായയെന്നും കല്പിക്കും. സർഹംഫ്രി ആയാളുടെ ജന്മത്തിൽ ഒരിക്കൽ യദൃഛയാ കണ്ടതെല്ലാം നമ്മുടെ ലൌകികർക്ക് നിത്യം അനുഭവമുള്ളവയാണ. അതുകൊണ്ട പാശ്ചാത്യ പണ്ഡിതന്മാരുടെ ആ അഭിപ്രായത്തെ അത്രഗൌനിക്കേണമെന്നില്ല. നമ്മുടെ വിചാരങ്ങളും എല്ലാം രൂപികളും ആയതുകൊണ്ട ഭൂതങ്ങളും ആയതുകൊണ്ട ഗുണികളും ആകുന്നു. ഗുണികൾ എന്ന വച്ചാൽ ത്രിഗുണ

സമ്പന്നങ്ങൾ എന്നത്തും സദാചാരങ്ങൾ സൽഗുണകാരികളും ദുർവ്വിചാരങ്ങൾ ദുർഗ്ഗുണകാരികളും ആകുന്നു. ഫ്രെലിക്സ്പാംപ്ലി എന്ന മൂപ്പച്ചൻ ഉഗ്രവിചാരങ്ങൾ കൊണ്ട് മാറിയ നെട്ടകഥയിലും ബെമ്പർ അപ്രകാരം തന്നെ പുരുഷന്റെ രോഗത്തെ കൈമാറിവാങ്ങി മരിച്ചു എന്നു മാത്രമല്ലാതെയും അപ്രകാരംതന്നെ മെപ്പത്തൂർ നാരായണ ഭട്ടതിരി അദ്ദേഹത്തിന്റെ ഗുരുനാഥന്റെ ദുസ്സഹമായ രോഗത്തെ ഏറ്റവാങ്ങിയെന്ന ഐതിഹ്യത്തിലും കാണുന്നുണ്ട്. ഇപ്പോഴത്തെ രണ്ടുസംഗതികളിൽ വിഷൂചികാരോഗം പ്രാർത്ഥനയാൽ തട്ടിമാറിപ്പോയിട്ടുള്ളതു എനിക്കു അനുഭവമാണ.

മെസ്മറീസം (Mesmerism) കൊണ്ടുരോഗം മാറുന്നതും ഇനിക്കും മറുചിലക്കും അനുഭവമുണ്ടായിട്ടുള്ള ഒരു കാര്യമാണ. ആയുകൊണ്ട വിചാരങ്ങളുടെ വ്യാപാരം അവയുടെ നന്മതിന്മയെ അനുസരിച്ചിരിക്കും എന്ന നിസ്സംശയം പറയാം. കാമക്രോധാദികളെ ത്യജിക്കണമെന്ന തത്വജ്ഞാനികൾ സിദ്ധാന്തിക്കുന്നതിന്റെ ഉദ്ദേശം ഇപ്പോൾ സ്പഷ്ടമാവുന്നുണ്ട. വിചാരങ്ങളുടെ വ്യാപാരങ്ങളിൽ മറ്റൊരു വിശേഷം എന്തെന്നാൽ, അവയെ എവിടക്കയക്കുന്നുവോ, അവിടെ ഫലിച്ചില്ലെങ്കിൽ നിയന്താവിൽ തന്നെ ഫലിക്കുന്നു. കാപ്പിരികളുടെ കൈയിൽ ഒരുതരം ആയുധമുണ്ട. അതു ആരുടെ നേരെ പ്രയോഗിക്കുന്നുവോ, അവരിൽ ഫലിച്ചില്ലെങ്കിൽ തിരിയെ വന്ന പ്രയോഗിച്ചവന്റെ തലയ്ക്കുതന്നെ കൊള്ളും. അതുപോലെയാണ വിചാരങ്ങളുടെ സ്വഭാവവും എന്നമാത്രമല്ല, സദാചാരങ്ങൾ അവയെപ്പോലെയുള്ള മറ്റു സദാചാരങ്ങളോടുകൂടിചേർന്നും ദുർവ്വിചാരങ്ങൾ അതുപോലെതന്നെ തത്തുല്യങ്ങളോടുകൂടിചേർന്നും ബലപ്പെടുന്നു. സദാചാരങ്ങളും ദുർവ്വിചാരങ്ങളും പരസ്പരവിരുദ്ധങ്ങൾ ആകയാൽ തമ്മിൽ തമ്മിൽ നശിപ്പിക്കുവാൻ ശ്രമിക്കുന്നു. പാറയിന്മേൽ എറിഞ്ഞ പന്ത എങ്ങിനെ കൊണ്ടടിക്കിൽ യാതൊരു ദോഷവും ചെയ്യാതെ വളരെ ഉയർകോടെ മടങ്ങിവന്ന എറിഞ്ഞ ആളുടെ മേൽതന്നെ കൊള്ളുന്നുവൊ അപ്രകാരംതന്നെ സദാചാരങ്ങളോടുകൂടിയ ഒരാളുടെ

നേരെ വിടുന്നതായ ദുർവ്വിചാരങ്ങൾ അയാളിൽ ഫലിക്കുന്നില്ലെന്നു മാത്രമല്ല, വഴി മൽവച്ച മറ്റു വല്ല ദുർവ്വിചാരങ്ങളോടും കൂടിച്ചേർന്നുബലപ്പെട്ടു താൻ ആരിൽനിന്നു ഉൽഗമിച്ചുവോ അയാളുടെ മേൽതന്നെ പോയി വീഴുന്നു. ഈ സംഗതി നമുക്കു മീകുപേക്ഷം അനുഭവമുള്ളതാണു. ആയതുകൊണ്ടു നമ്മുടെ ദുർവ്വിചാരങ്ങൾതന്നെയാണ ഭയങ്കരന്മാരായ ചെകുത്താൻമാർ. മാന്ത്രികൻമാക്കൂടിയും ചെകുത്താന്മാരോടു തോല്പയാണു. എന്നാൽ ഇവ നമ്മിൽനിന്നതന്നെ ഉത്ഭവിക്കുന്നവയായതുകൊണ്ടു നാം തന്നെ നിശ്ചയിച്ചെങ്കിലെ ഇവയെ ഇല്ലായ്മചെയ്വാൻ കഴികയുള്ളൂ.

(തുടരും)

പുത്തേഴത്തു ഗോവിന്ദമേനോൻ, ബി. എ.

കോങ്കണ ബ്രാഹ്മണർ.

———:o:———

(തുടർച്ച)

4. കോലർ, ഗോണ്ഡർ മുതലായ കാടന്മാർ പാർത്തുവരുന്നതിനാൽ കോലവനം, ഗോണ്ഡവനം (Godwana) എന്നുപറയുന്നതുപോലെതന്നെ കൊങ്കർ നിവസിച്ചുവരുന്ന രാജ്യത്തിനു കൊങ്കവനംഎന്നു പേരുണ്ടായി എന്നും അതു കൊങ്കവനം എന്ന സംസ്കൃതരൂപം ധരിച്ചു പ്രാകൃതത്തിൽ കോങ്കവണം എന്നായ്ത്തീർന്നുഎന്നും കാലാന്തരത്തിൽ വകാരലോപത്താൽ കോങ്കണം എന്നരൂപത്തിൽ പര്യവസിച്ചുഎന്നും ചിലർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായത്തിൽ വളരെ യുക്തിയുണ്ടു. കോങ്കവനം കോങ്കവനം, കോങ്കവണം എന്നിരുരൂപങ്ങളും കാലക്രമാനുരൂപമായി അതാതു കാലങ്ങളിൽ എഴുതിയ ഗ്രന്ഥങ്ങളിലോശാസനങ്ങളിലോ മറ്റോ എഴുതീട്ടുള്ളപ്രകാരം രേഖാമൂലമായി കാണിച്ചല്ലാതെ ഈ അവയവാർത്ഥത്തിനു സ്വീകാരാർഹത ഇല്ല. ഈവിധത്തിൽ ഇഷ്ടമുള്ള അർത്ഥം ഏതുപദത്തിനും കല്പിക്കുന്നതു ദുസ്സാദ്ധ്യമാകയില്ല. രേഫഷകാരങ്ങൾ ഇല്ലാതെ വന്നതിനുള്ള കാരണത്തിലെ നകാരത്തി

ന്നു ണത്വം വരുന്നതു എങ്ങനെ? പ്രാകൃതത്തിൽ നകാരമില്ലാ ത്തതുകൊണ്ടു സംസ്കൃതണകാരംതന്നെ ഉച്ചയോഗിക്കുന്നു എന്നതു സത്യംതന്നെ എങ്കിലും കൊങ്കവണമെന്നതിലെ വകാരലോപം എങ്ങിനെ ഉണ്ടായി? സംസ്കൃതത്തിൽനിന്നു പ്രാകൃതം ഉണ്ടായോ അല്ലെങ്കിൽ പ്രാകൃതത്തിൽനിന്നു സംസ്കൃതതുല്യമായ കൊങ്കണശബ്ദം ഉണ്ടായോ എന്നചോദ്യത്തിന്നും സമാധാനം ഇല്ല.

കോയമ്പത്തൂർ, മൈസൂർ മുതലായ രാജ്യങ്ങൾക്കു കൊങ്ങുരാജ്യം കൊങ്ങുനാടു എന്നു പേരുണ്ടായിരുന്നുഎന്നു ചരിത്രത്തിൽനിന്നു അറിയാം. കൊങ്ങുനാട്ടിൽ വസിക്കുന്നവർ കൊങ്ങരായിരുന്നു. കാലക്രമേണ സമുദ്രം പടിഞ്ഞാട്ടു മാറിപ്പോകുന്തോറും സഹ്യാദ്രിയുടെ അടിവാരത്തിൽ വിസ്തീർണ്ണമായ കടപ്പുറം വിജനമായികിടക്കുന്നതുകൊണ്ടു സഹ്യാദ്രിയിൽനിന്നു കൊങ്കർ കുടിയേറിപ്പാർത്തതിനെ സാധീനപ്പെടുത്തി എന്നു ഊഹിക്കാം. ഈ കൊങ്കന്മാരുടെ പരാക്രമങ്ങൾ കേരളത്തിൽഎന്നപോലെ കേരളത്തിന്റെ ഉത്തരപ്രദേശങ്ങളിലും അവ്യാഹതമായി പ്രബലപ്പെട്ടിരുന്നു എന്നു അനുമിപ്പാൻ സംഗതിയുണ്ട്. എന്നാൽ ഈ സംഗതി ഭാഷാശാസ്ത്രത്തെ അവലംബിച്ചിരിക്കുന്നു. അതിന്റെ യാഥാർത്ഥ്യം പ്രതിപാദിപ്പാൻ മറു രേഖകൾ എന്റെവശം ഇല്ല.

5. ഇന്ദ്രസാസ്ത്രന്റെ നിഘണ്ടുവിൽ കൊങ്കണശബ്ദം കൊങ്ക + അണ = (കൊങ്കു + അണ) എന്നശബ്ദങ്ങളിൽനിന്നു ഉണ്ടായി എന്നുപറയുന്നു. കൊങ്കുഎന്നതിന്നു താഴ്വരയെന്നും അണ എന്നതിന്നുആശ്രയം ആധാരം എന്നും ആമഹാൻ അർത്ഥംപറഞ്ഞിരിക്കുന്നു. താന്ത്രൻ സഹ്യാദ്രിയുടെ അടിവാരത്തിൽ ഉള്ളവർ കൊങ്കർ ആകുന്നു. അവരുടെ ആവാസസ്ഥാനമായ ദേശത്തിന്നു കോങ്കണ എന്നു പേരുണ്ടായി. ഈഅർത്ഥം യഥാർത്ഥമാകുന്നുഎങ്കിൽ പശ്ചിമതീരത്തു ബ്രാഹ്മണർ വന്നുകുടിയേറിപ്പാർക്കുന്നതിന്നു മുമ്പായിട്ടു അവിടെയുള്ളവർ കൊങ്കരായിരുന്നു എന്നും പശ്ചിമതീരത്തിന്നു സാമാന്യമായ പേർ കൊങ്കണ എന്നായിഎന്നും ബ്രാഹ്മണർ ഈ പ്രദേശത്തു എത്തിയപ്പോൾ കൊങ്കണ എന്ന ദ്രാവിഡപദം സംസ്കൃതമാക്കി കോങ്കണാ എന്നു സംജ്ഞാ ഉണ്ടാക്കി എ

ന്നും നിശ്ചയിക്കാം. ഈ നിശ്ചയം ദൃഢീകരിപ്പാൻ ഉള്ള മറൊരു പ്രമാണം സപ്തകോങ്കണം എന്ന സംജ്ഞതന്നേ.

കാരാടഞ്ചവിരാടഞ്ചമാരാടംകോങ്കണംതഥാ
ഹവ്യഗംതെനുളവഞ്ചൈവകേരളഞ്ചേതിസപ്തകം ॥

ഇങ്ങിനെ സപ്തകൊങ്കണത്തെക്കുറിച്ചു ഒരു ശ്ലോകം മേപ്പടി നിഘണ്ടുവിൽ ഉണ്ട്. സഹ്യാദ്രികാണ്ഡം ഉത്തരരഹസ്യം നാം അദ്ധ്യായം ശ്ലോകം രണ്ടു രൂപൽ. സപ്തകൊങ്കണത്തിന്റെ വിഭാഗങ്ങളും ഇങ്ങനെ പറഞ്ഞിരിക്കുന്നു.

കേരളാശ്ച തുലുംഗാശ്ച തഥാസൌരാഷ്ട്രവാസിനഃ
കോങ്കണാഃ കരഹാടാശ്ച കരനാടാശ്ചബർബ്ബരാഃ ।
ഇത്യേതേ സപ്തദേശാവൈ കോങ്കണാഃ പരികീർത്തിതാഃ ॥

മേൽ ശ്ലോകത്തിലേ കാരാടം എന്നതു കരഹാടംതന്നെ. ഹവ്യഗമെന്നതു ഹവീകരുടെ രാജ്യമായ കരനാടം (കർണ്ണാടം) ആകുന്നു. തെനുളവം എന്നതും തുലുംഗം എന്നതും ഒന്നുതന്നെ. മാരാടം എന്നതു മഹാരാഷ്ട്രം എന്നതിന്നു പകരം എഴുതിയതാകുന്നു. മഹാരാഷ്ട്രം വിന്ധ്യാദ്രിയുടെ തെക്കും ഗോദാവരിയുടെ വടക്കും സഹ്യാദ്രിയുടെ കിഴക്കും ഉണ്ടായിരുന്ന രാജ്യമാകയാൽ പശ്ചിമതീരത്തുള്ള രാജ്യങ്ങളിൽ അടങ്ങുകയില്ല. വിരാടമെന്നതു വിന്ധ്യാദ്രിയുടെ ഉത്തരഭാഗത്തുണ്ടായിരുന്ന മത്സ്യരാജ്യത്തിന്റെ പേരാകയാൽ കോങ്കണങ്ങളിൽ അടങ്ങുകയില്ല. സൌരാഷ്ട്രമെന്നതു ഇപ്പോൾ സൂരത്തു (Surat) എന്നു പറയുന്ന നഗരംതന്നേ. ഈനഗരം മുതൽ കന്യാകുമാരിവരെയുള്ള ദേശത്തിന്നു പരശുരാമക്ഷേത്രം എന്നുപേർ. സൌരാഷ്ട്രത്തിന്റെ തെക്കു കോങ്കണമായിരുന്നു. ഇതിനെ ചിലപ്പോൾ വടക്കു കോങ്കണം തെക്കു കോങ്കണം എന്നരണ്ടു ജില്ലകളാക്കിയിരിക്കുന്നു. വടക്കുകോങ്കണമായിരുന്ന ശൂപരാന്തകമെന്ന പ്രാചീന രാജ്യം. തെക്കുകോങ്കണത്തിന്റെ തെക്കു അറ്റത്തായിരുന്ന ഗോരാഷ്ട്രം, (ഗോചവനം, ഗോമന്തകം) എന്ന രാജ്യം. ഇതിപ്പോൾ പോർത്തുഗീസ്നാടായ ഗൊവാപട്ടണവും അതിന്നു ചുറ്റും ഉള്ള പ്രദേശങ്ങളും ആകുന്നു. കോങ്കണ

ണത്തിന്റെ കിഴക്കായിരുന്ന കരഹാടം, (കാഫാഡ) എന്നദേശം. ഗോരാഷ്ട്രത്തിന്റെ തെക്കുള്ള ഗോകർണ്ണം മുതൽ കന്യാകുമാരി വരെയുള്ള രാജ്യമായിരുന്ന കേരളം. ആതു കാലാന്തരത്തിൽ കർണ്ണാടം, തൌളവം, മലയാളമംഎന്നിങ്ങിൽ കേരളം എന്നു മൂന്നു രാജ്യങ്ങളായി പിരിഞ്ഞു. ഗോകർണ്ണം തുടങ്ങി ബ്രഹ്മാവരനദിവരെ ഹവീകരാജ്യം അല്ലെങ്കിൽ 'ഹവ്യഗം' എന്നപേർ പറഞ്ഞ രാജ്യം ആയിരുന്നു. ബ്രഹ്മാവർ നദിയുടെ തെക്കു പെരുമ്പുഴഎന്ന ചന്ദ്രഗിരിനദിയുടെ വടക്കുംഉള്ള രാജ്യം തൌളവമായിരുന്നു. തൌളവത്തിന്റെ തെക്കായിരുന്ന കേരളം എന്ന രാജ്യം. പരശുരാമക്ഷേത്രത്തിന്റെ തെക്കേരാജ്യമായ ഈ കേരളത്തിൽതന്നെ പലവിഭാഗങ്ങളും ഉണ്ടായിരുന്നു. ഭാവയെ ഇവിടെ ഉപപാദിച്ചിട്ടു പ്രയോജനമില്ലായ്കയാൽ വിട്ടുകളഞ്ഞിരിക്കുന്നു.

വിഷ്ണുപുരാണത്തിന്റെ ഇംഗ്ലീഷതർജ്ജമയിൽ വിൽസൻ സായ്പു സപ്തകോങ്കണങ്ങളുടെ പേരുകളിൽ കേരളം, തുളുംഗം (=തുളുവം) ഗോരാഷ്ട്രം (ഗോവാ), കോങ്കണം, കരാടഹം, വരലത്തം, ബമ്പരം, എന്നീഏഴുപേരുകളും പറയുന്നു (Vol II.172 note). ബമ്പര രാജ്യം ഏതെന്നു തീർച്ചപ്പെടുത്തുവാൻ കഴിയുന്നില്ല. വരലത്തം ഏതാകുന്നു ?

മേൽകാണിച്ച സംഗതികളിൽനിന്നു കോങ്കണമെന്നതു പശ്ചിമതീരത്തുള്ള എല്ലാരാജ്യങ്ങൾക്കും സാമാന്യമായ പേരായിരുന്നതുകൊണ്ടു ആ പേർ വളരേ പ്രാചീനമായിരുന്നു എന്നും പിന്നെത്തതിൽ അവിടവിടെ പാർത്തു വരുന്ന ജനങ്ങളുടെ പേരിൽനിന്നോ അവരുടെ ഭാഷനിമിത്തമോ അവിടത്തെ ഉൽഭവംനിമിത്തമോ മറേറാ ഭിന്നമായ പേരുകളും സിദ്ധിച്ചു എന്നും നിർണ്ണയിക്കാം. ഈ കോങ്കണമായ സാമാന്യനാമം നടപ്പുള്ള കാലത്തു വന്നു താമസിച്ച ത്രിഹോത്രപുരവാസികളായ ബ്രാഹ്മണർക്കു കോങ്കണ ബ്രാഹ്മണർ എന്ന പേർ സിദ്ധിച്ചു. കോങ്കണത്തിന്റെ ഒരു ഭാഗമായ ഗോരാഷ്ട്രം എന്ന ഗോവാ ഇവരുടെ വാസസ്ഥാനമായിരുന്നു.

കേവലംനിജ്ജനമായ പശ്ചിമതീരത്തിലേ പ്രദേശങ്ങളിൽ ബ്രാഹ്മണർ വന്നു നിവസിച്ചു എന്നും പിന്നത്തതിൽ ഇതര വർണ്ണങ്ങൾവന്നു ചേർന്നു എന്നും സമ്മതിക്കുന്നുപക്ഷം ഉപജീവനത്തിന്നു വേണ്ടി ബ്രാഹ്മണർ കൃഷി, വാണിജ്യം, ശില്പം, നെയ്ത്തു മുതലായ സകലകൃത്യങ്ങളും തങ്ങൾതന്നെ ചെയ്തുവെന്നും കൂടി സമ്മതിക്കേണ്ടിവരും. പിന്നെത്തതിൽ ഇതരജാതിക്കാർ ചെയ്തുപോന്ന പ്രവൃത്തികൾ അവരെക്കൊണ്ടു ചെയ്യിച്ചു തങ്ങൾ സ്വസ്ഥരായി സുഖമനുഭവിച്ചു എന്നു പറയുന്നതിൽ യുക്തിപോരാ. അതുകൊണ്ടു പശ്ചിമതീരത്തുള്ള ആദ്യനിവാസികളിൽ ഭൂരിപക്ഷം കൊങ്കരായിരുന്നു; ഇവരെ ബ്രാഹ്മണർ പിടിച്ചടക്കി തങ്ങളുടെ ദാസന്മാരാക്കുകയോ, ഇവരോടു യുദ്ധംചെയ്തു ഇവരെ മലങ്കാടുകളിൽ ഓടിക്കുകയോ, കീഴടങ്ങാത്തവരെ സംഹരിക്കുയോ ചെയ്തു; ഉത്തര ഹിന്ദുസ്ഥാനത്തിൽ ആര്യന്മാർ ചെയ്തിരുന്ന പ്രവൃത്തി ഇതായിരുന്നതുകൊണ്ടു ഇവിടെയും ആര്യബ്രാഹ്മണർ അതേപ്രകാരം നടന്നു എന്ന് ഊഹിക്കാം. കൊങ്കണ ബ്രാഹ്മണർ ഇങ്ങനെ കീഴടക്കിയ ഒരു വർഗ്ഗമാകുന്നു കുടുമ്മി എന്നകൂട്ടർ. കാലാന്തരത്തിങ്കൽ മറുജാതിക്കാരുടെ ആക്രമത്താലും ശൈഥില്യപരാക്രമത്താലും അവരുമായിട്ടുള്ള സംപർക്കസമ്മേളനത്താലും കൊങ്കർഎന്ന പദം പരശുരാമക്ഷേത്രത്തിൽ വിസ്തൃതമായ്തോയി. അവർ വസിച്ചിരുന്ന ദേശത്തിൻനാമത്തിൽ മാത്രം നിഗ്രഹമായിലയിച്ചു കിടന്നു. എന്നാൽ ഈ കൊങ്കർക്കും കോങ്കണബ്രാഹ്മണർക്കും യാതൊരുസംബന്ധവുമില്ലെന്നു പറയേണമെന്നില്ലല്ലൊ. കോങ്കണബ്രാഹ്മണർ ആര്യന്മാരും കൊങ്കർ ദ്രാവിഡദേശത്തിലേ കാടരായിരുന്ന ശൂദ്രരും ആകുന്നു.

അംബാശബ്ദം തലയണ മുതലായ മലയാളപദങ്ങളിൽ ഉള്ളതുകൊണ്ടു ബ്രാഹ്മണർ കേരളത്തിൽ വരുന്നതിന്നുമുമ്പു ഇവിടെ നടപ്പുള്ളഭാഷ മലയാളമായിരുന്നുഎന്നതിന്നു കോങ്കണശബ്ദം ഒരു തെളിവാകുന്നു. പുരാണങ്ങളിലും ധർമ്മശാസ്ത്രങ്ങളിലും ബ്രാഹ്മണരെഗൗഡരെന്നുംദ്രാവിഡരെന്നും രണ്ടുവലിയവർഗ്ഗങ്ങളാക്കി വിഭാഗിച്ചിരിക്കുന്നു. വിന്ധ്യാർപർവ്വതത്തിന്റെവടക്കുള്ളവർഗൗഡരും തെക്കുള്ളവർ ദ്രാവിഡരും ആകയാൽ ഈ വിഭാഗത്തിന്റെ കാ

രണം ബ്രാഹ്മണർ നിവസിച്ചുവരുന്ന ദേശങ്ങളെ വിന്ധ്യാദ്രി രണ്ടായി പിരിക്കുന്നതുകൊണ്ടാകുന്നു. ഈ വിഭാഗം ബ്രാഹ്മണർ സംസാരിക്കുന്ന ഭാഷയെ ആശ്രയിച്ചിട്ടില്ല. ഈ രണ്ടു വർഗ്ഗങ്ങളിൽ ഓരോന്നിനെ അയ്യഞ്ചായി വിഭാഗിച്ചിരിക്കുന്നതു കൊണ്ടു ബ്രാഹ്മണർ പത്തുവിധമാകുന്നു എങ്കിലും ഇപ്പോൾ ഓരോവിധം ബ്രാഹ്മണരിൽ തന്നെ പലപല അവാന്തരഭേദങ്ങളും ഉള്ളതുകൊണ്ടു ബ്രാഹ്മണജാതിതന്നെ അസംഖ്യമായ്ത്തിന്നു അന്യോന്യസഹവാസത്തിന്നും സംപർക്കത്തിന്നും ഉതകാതെ അനേക കഷ്ടനഷ്ടങ്ങൾക്കും മാറും കാരണമായി ശോചനീയാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. ഈ പൂർവ്വസിദ്ധമായ ദശവിധത്വം മാത്രം ഇപ്പോഴും പ്രമാണിച്ചുവരുന്നതായാൽ വളരെ ഗുണങ്ങളും ഉണ്ടാകുവാൻ തരമുണ്ടു്.

ദ്രാവിഡർ, തൈലംഗർ, കന്നാടർ, മദ്ധ്യദേശക്കാർ ഗുജ്ജരർ എന്നീ അഞ്ചുവിധക്കാർ ദ്രാവിഡന്മാരും സാരസ്വതർ, കാന്യകുബ്ജർ, ഉൽകലർ, മൈഥിലർ, ഗൌഡർ എന്ന അഞ്ചുവിധം ഗൌഡരും ആകുന്നു.

"ദ്രാവിഡാ ത്രൈവ തൈലംഗാഃ കന്നാടാമദ്ധ്യദേശഗാഃ
ഗുജ്ജരാശ്ചൈവപഞ്ചൈതേദ്രാവിഡാഃ പഞ്ചകഥ്യതേ।
സാരസ്വതാഃ കാന്യകുബ്ജാഉൽകലാ മൈഥിലാശ്ചയേ
ഗൌഡാശ്ച പഞ്ചധാചൈവ ദശവിപ്രാഃ പ്രകീർത്തിതാഃ॥"

സഹ്യാദ്രിഖണ്ഡം ഉത്തരാർദ്ധം ഒന്നാംഅദ്ധ്യായം ശ്ലോകം ൫൦ മുതൽ ൫൭ വരെ ഗൌഡന്മാരിൽ മറ്റാരുവിധം വിഭാഗമുള്ളതും മേപ്പടി ഗ്രന്ഥത്തിൽതന്നെ പറഞ്ഞിരിക്കുന്നതിനേയും ഇവിടെ ചേർത്തുകൊള്ളുന്നു.

ത്രിഹോത്രാഹ്വഗ്നിവേശാശ്ചകാന്യകുബ്ജാഃ കനോജയാഃ
മൈത്രായണാശ്ചപഞ്ചൈതേ പഞ്ചഗൌഡാഃപ്രകീർത്തിതാഃ॥ ൫॥

കോങ്കണബ്രാഹ്മണർ പഞ്ചഗൌഡന്മാരിൽ സാരസ്വതരാകയാൽ ഗൌഡസാരസ്വതർ എന്നപേരിവക്കു സിദ്ധിച്ചു. ഇവർ സരസ്വതീതീരത്തിൽനിവസിച്ചിരുന്നു. അവിടുന്നു ആയ്ക്കാരുടെ പ

രാക്കുമണ്ടാം കിഴക്കൻദിക്കുകളിൽ വദ്ധിക്കുന്നോരും ഇവരും കിഴി
ക്കോട്ടചെന്ന ഒടുവിൽ തിരുഹട്ട് (Tirhut) എന്ന പേർപറയുന്ന
ത്രിഹോത്രപുരത്തിൽചെന്ന നിവസിച്ചു. അവിടുന്ന ശ്രീപരശു
രാമൻറെ ആജ്ഞപ്രകാരം പത്തു ഗോത്രക്കാർ പുറപ്പെട്ടവിന്ധ്യാ
ദ്രി കടന്ന പടിഞ്ഞാറോട്ട പശ്ചിമതീരത്തുചെന്ന തെക്കോട്ട ഗോ
മാചലത്തിന്നു സമീപമുള്ള ഗോമാന്തകം, പഞ്ചക്രോശി, കുശ
സ്ഥലീ, കട്ടലി മുതലായ സ്ഥലങ്ങളിൽ നിവസിച്ചു.

പശ്ചാൽപരശുരാമേണഹ്യാനീതാമുനയോദശ ॥ ൫൭ ।
ത്രിഹോത്രവാസിനാശ്ചൈവപഞ്ചഗൌഡാന്തരാസ്ഥിതാ ।
ഗോമാചലേസ്ഥാപിതാസ്തേ പഞ്ചക്രോശ്യാംകുശസ്ഥല്യാം ॥൫൮॥

ശ്രീപരശുരാമൻ കൊണ്ടുവന്ന പത്തു ഗോത്രങ്ങളുടെ പേർ
പറയുന്നു.

ഭാരദ്വാജഃ കൌശികശ്ച വത്സകൌണ്ഡിന്യകാശ്യപാഃ
വസിഷ്ഠോ ജാമദഗ്ന്യശ്ച വിശ്വാമിത്രശ്ചഗൌതമഃ ॥ ൫൯॥
അത്രിശ്ച ദശത്വേതേ ഋഷയഃ സ്ഥാപിതാസ്തു ഏവഹി ।
ശ്രാദ്ധാർത്ഥംചൈവയജ്ഞാർത്ഥംഭോജനാർത്ഥംച കാരണാൽ ॥൬൦॥

ഇവരുടെ കുലദേവതകളെ എവിടെഎല്ലാം സ്ഥാപിച്ചു എ
ന്നുപറയുന്നു.

മാഗ്രാമേ, കുശസ്ഥല്യാം കട്ടലീനാമ്നി, തൽപുരേ,
തത്രദേവാമഹാശ്രേഷ്ഠാ സ്ത്രിഹോത്രപുരവാസിനഃ ॥ ൬൧॥
ആനീതാദ്ധ്യേണൈവ ഗോമാന്താദ്ധ്യേച പർവ്വതേ ।
മാംഗിരിശോമഹാദേവോ മഹാലക്ഷ്മീശ്ച മേലസാ ॥ ൬൨॥
ശാന്താദുർഗ്ഗാചനാഗേശഃ സപ്തകോടീശ്വരഃ ശുഭഃ ।
തഥാചമ ഹലാദേവാഃ പശ്ചിമേണതു ആനിതാഃ ॥ ൬൩॥
സ്ഥാപിതാ ഭക്തകാര്യാർത്ഥം തത്രൈവചശുഭസ്ഥലേ ॥
സഹ്യാദ്രിഖണ്ഡം ഉത്തരാർദ്ധം നോംഭദ്ധ്യായം

(തുടരും)

എം. ശേഷഗിരിപ്രഭു, എം, എ.

ഉദ്യോഗതിമിരം.

———:o:———

ചില ആളുകൾക്ക്, ഏതെങ്കിലും ഉയർന്ന തരത്തിലുള്ള ഉദ്യോഗമോ മറ്റോ വഹിച്ചുകഴിഞ്ഞാൽ തങ്ങളുടെ പൂർവ്വ പരിചിതന്മാരെ കാണുമ്പോൾ ഉണ്ടാകുന്ന അനാസ്ഥ അല്ലെങ്കിൽ അറിയാത്ത ഭാവമാണ് സാധാരണമായി 'ഉദ്യോഗതിമിരം' എന്നു പറയപ്പെടുന്നത്. തനിക്ക് ഔന്നത്യം ലഭിക്കുമ്പോൾ തന്റെ സ്നേഹിതന്മാരെയോ ബന്ധുക്കളെയോ വിസ്മരിക്കുന്ന സ്വഭാവം അത്യന്തം നീചവും നിന്ദ്യവഹവും ആണെന്നു പറയേണ്ടതില്ലല്ലോ.

"മരങ്ങൾ താഴുന്നു ഫലങ്ങളാലേ,
ഘനങ്ങൾ താഴുന്നു ജലങ്ങളാലും,
ധനങ്ങളാൽ സാധുജനങ്ങളും;കേമ
ഗുണങ്ങളുള്ളോർകളിവണ്ണമത്രേ."

എന്നാണല്ലൊ ആപ്തവചനം. മഹാന്മാരിൽ അദ്വൈതം വിനയവിലാസത്തിന്റെ ഉദ്ദീപകമായിരിക്കുകയുള്ളൂ. വിശേഷിച്ചും അവർ തങ്ങളുടെ അഭ്യുന്നതിയെ സുഹൃദനുഗ്രഹത്തിനായിത്തന്നെയാണ് വിനിയോഗിക്കുന്നത്.

"കണ്ടാലുമാദിത്യനുദിച്ചുടൻ നൽ-
താരങ്ങളിനായ് ശ്രീഭരമേകിടുന്നു;
ഉണ്ടാം സമൃദ്ധിക്കു സുഹൃത്തിൽ നന്മ-
യുണ്ടാക്കുകത്രേ ഫലമോർത്തിടുമ്പോൾ."

എന്നുണ്ടല്ലോ. എന്നാൽ സാധാരണ ജനങ്ങൾ പ്രഭുക്കന്മാരിൽ അനുരോചിച്ചുവരുന്ന 'ഉദ്യോഗതിമിരം' എന്ന ഒരു അപവാദം നൂറിനു തൊണ്ണൂറുവീതവും വെറും മിഥ്യാകല്പിതമാണെന്നുള്ള വാസ്തവത്തെപ്പറ്റിയാണ് ഇവിടെ സ്വല്പം പ്രസ്താവിക്കാൻ ഭാവിക്കുന്നത്.

ധനവത്വം, അധികാരബലം, വൈദുഷ്യം, സന്നാഗ്നിഷ്യ, ആത്മജ്ഞാനം മുതലായ ഗുണങ്ങളാൽ പ്രസിദ്ധന്മാരായിത്തീർന്നിരിക്കുന്ന ആളുകളുടെ അവസ്ഥയെപ്പറ്റി ആലോചിക്കാം. ഇവ

രെക്കൊണ്ടു തങ്ങളുടെ ഓരോ കാര്യം സാധിക്കാൻ ആഗ്രഹിക്കുന്നവരും പ്രതിഫലേഛ കൂടാതെ തന്നെ ഇവരുടെ ഗുണത്തിൽ നിർവ്യാജം സന്തോഷിക്കുന്നവരും ആയി അസംഖ്യം ആളുകൾ ഉണ്ടായിരിക്കാൻ ഇടയുണ്ട്. അവർക്കെല്ലാവർക്കും ഇവരുടെ പരിചയത്തിൽ ആഗ്രഹം ഉണ്ടായിരിക്കുന്നത് സ്വാഭാവികമാണല്ലോ. ഓരോ ആഗ്രഹം നിമിത്തം ഓരോരോ അവസരങ്ങളിൽ പലരും ഇവരെകാണുകയും, പരിചയം സമ്പാദിക്കയും ചെയ്തുകൊണ്ടിരിക്കുമതിവാണ്. മുൻപിൽ പറയപ്പെട്ട ധനവത്തുപദ്ധതികളിൽ വച്ച് ഏതെങ്കിലും ഒന്നോ ഒന്നിലധികമോ ഗുണവും തദനുരൂപമായ പ്രസിദ്ധിയും ഇവരിൽ ഉണ്ടായിരിക്കുന്നതിനാൽ ഇവരുടെസ്മരണ ഒരിക്കൽ മാത്രമെങ്കിലും കണ്ടിട്ടുള്ളവരുടെ മനസ്സിൽ പാഷാണരേഖപോലെ പതിഞ്ഞുകിടക്കുന്നതും സാധാരണമാകുന്നു. എന്നാൽ അപ്രകാരം പരിചയിക്കുന്ന ആളുകളുടെ അപ്രസിദ്ധിനിമിത്തമോ അഥവാ വീണ്ടുമുള്ള പരിചയക്കുറവിനാലോ അവരെക്കുറിച്ച് ആ പ്രകൃതക്കുറിച്ചുണ്ടാകുന്ന അറിവ് അചിരേണ നശിച്ചുപോകുന്നത് ഒട്ടും അസംഭാവ്യമായിട്ടുള്ളതല്ല. ഒരുദ്യോഗസ്ഥൻ ഒരു ദിക്കിൽചെന്നു എന്നിരിക്കട്ടേ. അപ്പോൾ അവിടത്തെ ഗൃഹസ്ഥന്മാരായ ഏതാനും ആളുകൾ അദ്ദേഹത്തെ ചെന്നുകാണുകയും, തങ്ങൾ ഇന്നാരാണെന്നറിയിക്കയും ചെയ്യുന്നു. പിന്നെ ഒരു കാലത്തു് ആ ഉദ്യോഗസ്ഥൻ അവരിൽ ആരെയെങ്കിലും കാണുമ്പോൾ തിരെ ഓർക്കാതിരിക്കയോ ആകൃതിയെക്കുറിച്ച് ഒരു പരിചയം തോന്നിയാലും ആരാ ഇന്നാരെന്നറിവാൻ അശക്തനായിത്തീരുകയോ ചെയ്യുന്നത് പ്രായേണ വളരെ സംഭാവ്യമാകുന്നു. ഉദ്യോഗസ്ഥനെക്കുറിച്ചുള്ള അവരുടെ സ്മരണപോലെയല്ലാ അവരേക്കുറിച്ച് ഉദ്യോഗസ്ഥനുള്ള അറിവെന്ന് ഇവിടെ പ്രത്യേകം വിചാരിക്കേണ്ടിയിരിക്കുന്നു. ആ ഉദ്യോഗസ്ഥൻ അവരെ കണ്ടു പരിചയിച്ചതിന്റെ ശേഷവും അതിനു മുൻപിലും അതുപോലെ അനവധി ദിക്കുകളിൽ വച്ച് അസംഖ്യം ജനങ്ങളെ അപ്രകാരം പരിചയിച്ചിട്ടുണ്ടെന്നും ആ പരിചയക്കാരെല്ലാം തൽക്കാലം എന്നപോലെ പിൻകാലത്തിലും ദൃഢമായി ഓർമ്മയിൽ നിൽക്കുന്നത് ഒരിക്കലും

സംഭവിക്കാവുന്നതല്ലെന്നും ഉള്ള തത്വം നാം ഓർക്കേണ്ടതാകുന്നു. ഒരു മാന്യൻ ഒരു സദസ്സിൽ ചെല്ലുന്നു. അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ ആ സദസ്സിൽ ഉള്ള പത്തോ പതിനഞ്ചോ ആളുകളെ പേരും തൊഴിലും മറ്റും പറഞ്ഞ് അദ്ദേഹവുമായിട്ട് പരിചയപ്പെടുത്തുന്നു. ഒരേ വാക്കുകൊണ്ടും ഒരേ നോക്കുകൊണ്ടും ഒരിക്കൽ ഉണ്ടാകുന്ന ഒരു പരിചയം ആ മാന്യന്റെ മനസ്സിൽ എങ്ങിനെയാണ് ചിരകാലം നിലനിൽക്കുന്നത്? ഒരു വാധ്യാർ ഒരു പള്ളിക്കൂടത്തിൽ ഇരിക്കുമ്പോൾ അവിടേയുള്ള പല കുട്ടികളേയും പരിചയിച്ചിരിക്കും. പിന്നീട് അദ്ദേഹം മറ്റൊരു പള്ളിക്കൂടത്തിൽ നിയമിക്കപ്പെട്ടാൽ അവിടെയും ആ പരിചയം ഉണ്ടാകുന്നതാണ്. ഇങ്ങനെ പല പള്ളിക്കൂടങ്ങളിലും വാധ്യാരായിരുന്നതിന്റെ ശേഷം അദ്ദേഹം തനിക്ക് അതി പരിചിതന്മാരായ ശിഷ്യന്മാരായിരുന്നവരും കാലക്രമേണ ആകൃതിക്കും പ്രകൃതിക്കും ഭേദം സിദ്ധിച്ചവരും ആയ അവരെ കണ്ടാൽ ഒട്ടും ഓർക്കാതെ പോകുന്നുണ്ടെങ്കിൽ അതിനപ്പുറത്തു ആശ്ചര്യപ്പെടാനുണ്ടോ? ഉദ്യോഗതിമിരം' എന്നു പറഞ്ഞ് ജനങ്ങൾ സാധാരണമായി ചൊല്ലിവരുന്നത് മിക്കവാറും ഒരു തത്വം മനസ്സിലാകാത്തതുകൊണ്ടുള്ള തെറ്റായ ബോധത്താലാണെന്നു പറവാൻ ഞാൻ ഒട്ടും സംശയിക്കുന്നില്ല. "തുള്ളക്കാരനെ എല്ലാവരും അറിയും; തുള്ളക്കാരനെ ആരും അറികയില്ല" എന്നുള്ള പഴമൊഴി വളരെ സാരമായിട്ടുള്ളതാകുന്നു. പ്രസിദ്ധന്മാരായിട്ടുള്ളവർക്ക് ദിവസംപ്രതി അഥവാ ക്ഷണം പ്രതി പരിചിതന്മാർ വർദ്ധിച്ചുകൊണ്ടിരിക്കുക സഹജമാണ്. ഒന്നോരണ്ടോ തവണ അവരുമായി ഉണ്ടായിട്ടുള്ള പരിചയം കാലാന്തരത്തിൽ അവർ വിസ്മരിക്കുന്നുണ്ടെങ്കിൽ അത് ധാരാളം സംഭവിക്കാവുന്ന ഒരവസ്ഥയാകുന്നു. അല്ലാതെ അവർ അറിഞ്ഞുകൊണ്ട് അറിയാത്തഭാവം നടിക്കുന്നതല്ല. ഒരാൾക്ക് ഏതെങ്കിലും വിധത്തിൽ ഔന്നത്യം ഉണ്ടായി വരുമ്പോഴും നിത്യമേനി നടത്തപ്പെടേണ്ടവയായ കർത്തവ്യകർമ്മങ്ങളും മറ്റും കൂടി ആ ഔന്നത്യത്തോടൊന്നിച്ച് വർദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുന്നതാണ്. ഒരു അവസ്ഥയും മുൻപറഞ്ഞ വിസ്മരിക്കുകാരണമായിത്തീ

ന്നു. ഒരാം വാസ്തവം അറിയാതെ പലരും നിഷ്പ്രയോജകന്മാരായ യോഗ്യന്മാരെക്കുറിച്ച് വ്യർത്ഥദോഷാരോപണം ചെയ്യുന്നതു കേട്ടിട്ടുണ്ട്. ഇവരെ വാസ്തവം ധരിപ്പിക്കുന്നത് വളരെ അസാദ്ധ്യമാണ്. "അതൊന്നുമല്ല; അദ്ദേഹത്തിന് എന്നെ ധാരാളം അറിയാം. അദ്ദേഹം ഒരിക്കൽ ഞങ്ങളുടെ ഗൃഹത്തിൽ വന്നു ഭക്ഷണംകഴിച്ചു പോയിട്ടുണ്ടല്ലോ. ഇപ്പോഴാം കണ്ടാൽ അറിയാത്തത് വലിപ്പം വന്നതിനാലാണ്" എന്നൊക്കെയല്ലാതെ ഇവർ മറുവടിപറകയില്ല. ഇവർതങ്ങളുടെ അപ്രസിദ്ധിയേയോ, അല്ലെങ്കിൽ തങ്ങാം വീണും ആ പ്രളയത്തിനെ അവസരം പോലെ കണ്ടോ എഴുത്തുകാം അയച്ചോ തങ്ങാൾക്ക് അദ്ദേഹവുമായി ഉണ്ടായിട്ടുള്ള പരിചയത്തെ ദൃഢീകരിച്ചിട്ടില്ലെന്നുള്ളതിനേയോ ലേശംപോലും ആലോചിക്കയില്ല. ഇതുയും പറഞ്ഞത് കൊണ്ട് ഈ വിധം നാട്യമുള്ളവർ ആരും തന്നെയില്ലെന്നാണ് എന്റെ ആശയമെന്ന് വായനക്കാർവിചാരിക്കയില്ലല്ലോ. അപ്രകാരമുള്ള 'നാട'ന്മാരും ലോകത്തിൽ ഉണ്ട്.

"ശ്രോത്രംനേത്രംവാക്കിവ
ലക്ഷ്യിലയിപ്പിച്ചിടുന്നതത്ഭുതമോ?
വിഷസോദരിയായിടുമവാം
കൊല്ലുന്നില്ലെന്നതോക്കിലത്ഭുതമേ."

എന്നുണ്ടല്ലോ. എന്നാൽ മുൻവിവരിച്ച മാതിരിയുള്ള തെറ്റായ ധാരണയാണ് ഈ വിഷയത്തിൽ ജനങ്ങളെ അധികവും വഞ്ചിക്കുന്നതെന്നു നിശ്ശങ്കം പറയേണ്ടിയിരിക്കുന്നു. ഈ ചെറിയ പ്രസംഗത്തിന്റെ ഉപസംഹാരത്തിൽ, ഒരുവന്റെ മനോഗതി ഇന്നപ്രകാരമെന്നുള്ളത് അതിനെ നല്ലവണ്ണം പരീക്ഷിച്ചും പരിചയിച്ചും മനസ്സിലാക്കാതെ അവനിൽ ദോഷാരോപണം ചെയ്യുന്നത് അയോഗ്യമാണെന്നു മാത്രമേ എനിക്കു പ്രസ്താവിക്കാനുള്ളൂ.

കേ. സി. കേശവപിള്ള.

മലയാളഭാഷാവ്യവസ്ഥ.

———:o:———

ഹരിഃശ്രീ എന്നതും തോന്നാനരൻ പ്രായേണയില്ലിഹ ।
ശരിയായ് സ്സ്വപ്നവും തോന്നുംനരങ്ങും പുനരങ്ങിനെ ॥

മേലെഴുതിയ വിഷയ്നാമത്തെ നാലുവിധമായി പദച്ഛേദം ചെയ്യുത്തക്കവണ്ണം ഉദ്ദേശിച്ച് കല്പിച്ചിരിക്കുന്നു. 1 മലയാളഭാഷാ+അവ്യവസ്ഥ.2. മലയാളഭാഷാ+വ്യവസ്ഥ.3. മലയാള+ഭാഷാ+അവ്യവസ്ഥ. 4 മലയാള+ഭാഷാ+വ്യവസ്ഥ. എന്നിങ്ങിനെയാകുന്നു നാലുവിധം. അതാവിതു:— 1. മലയാളഭാഷയുടെ അനിശ്ചിതഭാഗമെന്നും, 2. മലയാളഭാഷയുടെ നിശ്ചയം വരുത്തേണ്ടഭാഗമെന്നും, 3. മലയാളത്തിലേയും, ഭാഷ എന്നുമാത്രംകൂടി സാധാരണമായി പറഞ്ഞുവരുന്ന മലയാളഭാഷയിലേയും, അനിശ്ചിതാംശമെന്നും, 4. മലയാളത്തിലേയും, ഭാഷയിലേയും, നിശ്ചയംവരുത്തേണ്ട അംശമെന്നും യഥാസംജ്ഞയായി എടുക്കേണ്ടതാകുന്നു. ഇതിൽ മലയാളം, എന്നപദത്തെത്തന്നെ മലയാളദേശം, എന്ന അർത്ഥത്തിലും, മലയാളഭാഷ, എന്ന അർത്ഥത്തിലും ഉപയോഗിക്കുന്നുണ്ടല്ലൊ? എന്നാൽ ആപദം ദേശപരമായിവരുമ്പോഴും മലയാളം, എന്നുമാത്രമല്ലാതെ വേറേവിധം എഴുതിക്കാണ്മാനില്ലാ. ഭാഷാപരമായിവരുമ്പോഴാകട്ടെ, 1. മലയാളം, 2. മലയാഴ്മ, 3. മലയാഴ്മ, എന്നും മറ്റും കാണുന്നുണ്ട്. ഇത് ദേശപരമായി വരുമ്പോഴത്തേ വ്യുല്പത്തി, 1. മല+അല എന്നും, 2. മല+ആഴം എന്നും മറ്റും ഭേദപ്പെടുന്നു. മല+അല എന്നെടുക്കുമ്പോൾ മലകളും, അലകളും എന്നതിരുകൾ ഉള്ള കടൽകളും, അധികമായ ദേശമെന്നും, മല+ആഴം, എന്നെടുക്കുമ്പോൾ മലകളും താണ പ്രദേശങ്ങളും ഇടകലന്നുള്ള ദേശമെന്നും അർത്ഥം കൊള്ളുന്നു. മലയാളം, എന്നതിനെ ഭാഷാപരമായെടുക്കുമ്പോൾ താദൃശദേശീയഭാഷയെന്നും, മലയാഴ്മ, എന്ന ഭാഷാനാമം, മല+ആഴ്മ, എന്നെടുത്ത്, മല, എന്നതിന്നു്, മല പ്രദേശം, എന്നും, ആഴ്മ, എന്നതിന്നു്, ആം എന്ന ക്രിയാധാതുവിൽനിന്നും ഭവണം എന്നർത്ഥം സിദ്ധിക്കുന്നതിനാൽ താദൃഗ്രാജ്യമെന്നും എടു

ത്ത്, പിന്നെ ലക്ഷണമായി തദ്ഭാഷ്യമെന്നും ഭാഷ, എന്നും, മല യാള, എന്ന ഭാഷാനാമം, മലയാഴ്മ, എന്നതിലെ, ഴ, ദ്ധിച്ച്, യ, എന്നായിത്തീർന്നതായും വിചാരിക്കേണ്ടിയിരിക്കുന്നു.

ഇനി മലയാളഭാഷയുടെ ഉല്പത്തിസ്ഥിതികളെപ്പറ്റി ആ ലോചിക്കുമ്പോൾ ഉല്പത്തിവിഷയത്തിൽതന്നെ പ്രാചീനവിദ്വാ ന്മാരുടെയും നവീനവിദ്വാന്മാരുടെയും അഭിപ്രായങ്ങൾ ഭേദിക്കു ന്നു. കോവുണ്ണി നെടുങ്ങാടി മുതലായവർ മലയാളഭാഷയുടെ മാതൃ സ്ഥാനം സംസ്കൃതത്തിനും ഉപമാതൃസ്ഥാനം തമിഴിനും കല്പിക്കു ന്നു. ഡാക്ടർ ഗുണ്ടർട്ട്, പി. ഗോവിന്ദപ്പിള്ള, മുതലായവർ മലയാ ളത്തിന്റെ മാതൃസ്ഥാനം തമിഴിനും ഉപമാതൃസ്ഥാനം സംസ്കൃത ത്തിനും കല്പിക്കുന്നുണ്ട്. ഇവരിൽ ഗുണ്ടർട്ട് സായ്പ്, മലയാള വ്യാ കരണം, അകാരാദികൾ മുതലായവ ഉണ്ടാക്കുന്നതിനായി മല യാളത്തിലേ മിക്കഗ്രന്ഥങ്ങളും പരിശോധിച്ചിട്ടുള്ളതായി കാണ പ്പെടുന്നു. ഗോവിന്ദപ്പിള്ളയാകട്ടെ, മലയാളത്തിന്റെ മാതൃ സ്ഥാനം വഹിച്ച തമിഴിൽക്കൂടി ഭാഷാചരിത്രവും ഗ്രന്ഥസമുച്ചയ ചരിത്രവും വ്യവസ്ഥിതമായിട്ടില്ലാതിരിക്കെ മലയാളഭാഷയുടെയും ഗ്രന്ഥസമുച്ചയത്തിന്റെയും ചരിത്രങ്ങൾ നിർമ്മിപ്പാനായി മല യാളത്തിലേ തുലോഗ്രന്ഥങ്ങളും പ്രമാണങ്ങളും പരിശോധിച്ച് ആ ചരിത്രഗ്രന്ഥത്തിന്റെ ഒന്നാം രണ്ടാം ഭാഗങ്ങൾ അച്ചടിപ്പി ച്ച് മൂന്നാംഭാഗത്തിനുള്ള സാമഗ്രികൾ ഒരുക്കിവരുമ്പോൾ മല യാളത്തിന്റെ ഭാഗ്യക്കുറവിനാൽ എന്നു തോന്നുംവണ്ണം ചരമഗ തി അടുത്തതിനാൽ മൂന്നാംഭാഗം അച്ചടിപ്പിക്കുന്ന ഭാരം മറ്റു ചില രെ ഏല്പിച്ചുംവെച്ച് മരണം പ്രാപിച്ചതായി കാണുന്നു. ഈ മൂ ന്നാംഭാഗത്തിന്റെ ഉപകരണങ്ങൾ സകലവും ഒരുക്കിയിരുന്നു അതിനെ ഇതുവരെ അച്ചടിപ്പിപ്പാൻപോലും മറ്റുള്ളവർ ശ്രമി ക്കയുണ്ടായിട്ടില്ലാത്ത ഒരു ഒറ്റവിഷയംതന്നെ ഗോവിന്ദപ്പിള്ളക്കും മറ്റുള്ളവർക്കും തമ്മിലുള്ള ഭാഷാശ്രദ്ധാഭേദത്തെകാണിക്കുന്നതി നാലും ഭാഷോല്പത്തിവിഷയത്തിലും മറ്റും ഗോവിന്ദപ്പിള്ളയുടെ അഭിപ്രായം അനുഭവസിദ്ധമായിരിക്കയാലും പ്രാചീനാഭിപ്രായം പൂർവ്വപക്ഷമായും നവീനാഭിപ്രായം സിദ്ധാന്തമായും പരിണമിക്കുന്നു

പിന്നെ മലയാള അക്ഷരമാലാ വിഷയത്തിലും പഴയ നടപ്പിനെക്കാൾ പുതിയ നടപ്പുതന്നെ അധികം നന്നായിരിക്കുന്നു. പണ്ട്, എ, ഒ, ഓ, ഈ ഹ്രസ്വദീർഘങ്ങളെ "സംസാരഭാഷ"യിൽ മാത്രം ഭേദപ്പെടുത്തി ഉച്ചരിക്കയും "എഴുത്തുഭാഷ"യിൽ ആ രണ്ടു ദീർഘങ്ങളെയും ഹ്രസ്വങ്ങളാക്കി എഴുതിവരികയും ചെയ്തിരുന്നു. ഈനടപ്പ് സംസ്കൃതത്തിൽ ആ രണ്ടിലും ദീർഘം മാത്രമുള്ളതനുസരിച്ചോമറോ ആയിരിക്കാം. ഇപ്പോഴാകട്ടെ ഈ ഹ്രസ്വദീർഘങ്ങളും ഭേദപ്പെടുത്തി എഴുതിത്തുടങ്ങീട്ടുണ്ടെങ്കിലും ചില അപരിഷ്കൃത ലേഖകന്മാർ ഇപ്പോഴും പഴയനടപ്പനുസരിക്കുന്നതു നന്നല്ലാം. ൠ, ൡ, ഌ, ൡ, ഈനാലുയിർകളും സംസ്കൃതത്തിൽനിന്ന് എടുത്തിട്ടുണ്ടെങ്കിലും അവറ്റിൽ ൠ മാത്രം സാധാരണ മലയാളത്തിൽ കാണുന്നതല്ലാതെ മറ്റു മൂന്നും കാണാത്ത കൂട്ടത്തിൽ തന്നെ ആകയാൽ മലയാളസ്വരം പതിമൂന്നിൽ, ൠ, ഒന്നൊഴിച്ച് മറ്റു പന്ത്രണ്ടും തമിഴ്സ്വരം തന്നെ. അം, അഃ, ഈരണ്ടും സംസ്കൃതത്തിലേപ്പോലെ തമിഴിലും ഉണ്ടുതാനും. മലയാള വ്യഞ്ജന വിഷയത്തിൽ തമിഴും സംസ്കൃതവും സമമായി ചേർന്നിട്ടുണ്ട്. മലയാളവ്യഞ്ജനം മുപ്പത്തേഴ് എന്ന പക്ഷം, അതിൽ പതിനെട്ടു തമിഴ് മെയ്യും പത്തൊമ്പത് സംസ്കൃത വ്യഞ്ജനവും ആകുന്നു. ആ പത്തൊമ്പതിൽ ച, ശ, ഇവ സംസ്കൃതത്തിൽ രണ്ടെങ്കിലും തമിഴിൽ ഒന്നാകുന്നതിനാൽ മലയാളത്തിലേ സംസ്കൃത വ്യഞ്ജനവും പതിനെട്ടുതന്നെ എന്നുപറയാം. ഈ രണ്ടക്ഷരങ്ങളും മലയാള എഴുത്തിലും ഉച്ചാരണത്തിലും രണ്ടും തമിഴ് എഴുത്തിൽ ഒന്നും ഉച്ചാരണത്തിൽ രണ്ടും ആയിരിക്കുന്നപോലെ ന, എന്ന് തമിഴിനും സംസ്കൃതത്തിനും പൊതുവായ വ്യഞ്ജനം മലയാള എഴുത്തിൽ ഒന്നും ഉച്ചാരണത്തിൽ രണ്ടും, തമിഴെഴുത്തിൽ രണ്ടും ഉച്ചാരണത്തിൽ ഒന്നുമായിരിക്കുന്നു. ഈ നകാരത്തെ തമിഴ് രീതി അനുസരിച്ച് മലയാളം എഴുത്തിലും രണ്ടാക്കി "ണ" എന്ന് ഒരു വ്യഞ്ജനം കല്പിച്ചാൽ കൊള്ളാമെന്ന "കേരളപാണിനീയാ"ദിപ്രായം ഉത്തമംതന്നെ എങ്കിലും നടപ്പായി വരാത്തത് നന്നല്ലല്ലോ!

മേൽ ഇതിൽഓരോന്നുചിലർ തുടരാമെന്ന് ആദ്യന്തം തൊട്ടുപോന്നും പിന്നെ, കണ്ണ, കണ്ണ്, കണ്ണ, കണ്ണ്, എന്നിപ്പോലെ നാനാവിധമെഴുതിവരുന്നതെല്ലാം പണ്ട്, കണ്ണ, എന്നുമാത്രം എഴുതിവന്നതിനെ ഇപ്പോൾ മറുമൂന്നു മാതിരിയിലും എഴുതിത്തുടങ്ങിയിരിക്കുന്നതിൽ വെച്ച് "കേരളപാണിനീയാ"ദിപ്രായപ്രകാരം, "കണ്ണ്" എന്ന രൂപം ഉത്തമമാണെങ്കിലും നടപ്പാക്കാത്തത് കഷ്ടമല്ലേ? നിവൃത്തിക്കു, പ്രവൃത്തിക്കു, എന്നിത്യാദിമുമ്പെഴുതിയിരുന്നതിപ്പോൾ നിവർത്തിക്കു, പ്രവർത്തിക്കു, എന്നുഎഴുതിത്തുടങ്ങുന്നത് എത്രനല്ലത്? ഇതുപരിഷ്കാരം ഒന്നാമതായി മഹാമഹിമശ്രീ."കേരളീയകാളിദാസ" കൃതമായതിനാലായിരിക്കാം പ്രചാരത്തിലാകുന്നത്. ചുരക്കു, ചുരയ്ക്ക, ചുരെക്കു, ചുരെയ്ക്ക, എന്നീനാലും, ചുരക്കു, എന്നുമാത്രം മുമ്പെഴുതിവന്നതിനെ ഇപ്പോൾ മറു മൂന്നാമതിരിയിൽപ്പെടി എഴുതുന്നതിനാൽ ഗുണമുണ്ടല്ലോ? ചെടി, ചേടി, ഇവ രണ്ടും മുമ്പ്, ചെടി, എന്നുമാത്രം എഴുതിവന്നതിപ്പോൾ ഭേദപ്പെടുത്തുന്നത് എത്ര സുകരമാണ്? കൊട്ട, കോട്ട, ഇവ രണ്ടും മുൻ, കൊട്ട, എന്നുമാത്രമെഴുതിയതും നന്നല്ലല്ലോ?.

പിന്നെ മലയാള പദങ്ങളുടെ വിഷയത്തിലും പുതുനടപ്പിനെക്കാൾ ഇപ്പോഴത്തെ നടപ്പുതന്നെ പരിശുദ്ധമായിരിക്കുന്നു. ആദികാലത്തെ മലയാള ഭാഷാരീതികാണിക്കുന്നതായി പ്രസിദ്ധപ്പെട്ട ഗ്രന്ഥങ്ങളും ഒന്നുംകാണാത്തതിനാൽ വളരെക്കാലം മുമ്പ് എഴുതപ്പെട്ടതായി കാണുന്ന ചിലശിലാശാസനങ്ങളും, താമ്രശാസനങ്ങളും, മുതലായവയെ മാതൃകയായി എടുത്തുനോക്കുമ്പോൾ അക്കാലത്തെ മലയാളഭാഷ എഴുതിവന്ന അക്ഷരംകൂടി ഇപ്പോഴത്തെ "ആര്യാക്ഷരം" എന്ന മലയാള അക്ഷരമല്ല. ആര്യഎഴുത്തെന്നത് ഗ്രന്ഥാക്ഷരമെന്നും മലയാളാക്ഷരമെന്നും പക്ഷാന്തരങ്ങളുംകാണുന്നുണ്ടുതാനും. തുഞ്ചൻറെ "ഹരിനാമ"ത്തിൽ "അമ്പത്തൊരക്ഷരവും" എന്നത് ഗ്രന്ഥാക്ഷരമാലയിലും അമ്പത്തിമൂന്നക്ഷരം മലയാളം അക്ഷരമാലയിലും ഉള്ളതാകയാൽ എഴുത്തച്ഛനും മറുംകൂടി എഴുതിവന്നതായി കാണുന്ന ആര്യഎഴുത്ത എന്നത്

"ഗ്രന്ഥാക്ഷരം" എന്നു സിദ്ധിക്കുന്നു. വട്ടെഴുത്തു, കോലെഴുത്തു, ഇവറ്റിലേയും ഭാഷാരീതിയിലും തമിഴ്രീതി അനുസരിച്ചുംകാണുന്നു. അതാവിതു:—

1. "മകാരംതവർ ചട്ടണത്തു ഇരവികുത്തനാകിയ ചേരമാൻ പോകചെയ്തുചെട്ടിക്കു മണിഗ്രാമപ്പട്ടം കൊടുത്തോം". 2. "നാവുവാതിചകത്തും വിളക്കും പൂമിയാകകാരാഴ്മ കൊടുക്കുമെടത്തും കൊപ്പുവെയ്രം ഞങ്ങവണ്ണവും മണിക്കിരാമവും കൊൾവതാക". എന്നും മറ്റുമെഴുതിവന്നു. കുറെക്കാലം കഴിഞ്ഞാറെ തിരുവിതാംകൂർ ആദിത്യവർമ്മമഹാരാജകൃതമെന്നു വിചാരിക്കപ്പെട്ടിരിക്കുന്ന "രാമചരിതം" പോലുള്ളതായ മലയാള ഗ്രന്ഥങ്ങളിലും തമിഴ്പദങ്ങളും മറ്റും ബഹുളമായിരിക്കുന്നതുകൂടാതെ വൃത്തംകൂടി ഇപ്പോൾ മലയാളത്തിൽ തിരെനടപ്പില്ലാത്തതായി തമിഴിലേ "വിരുത്തം" എന്ന കവിതാരീതിയെ അനുസരിക്കുന്നു. ഉദാഹരണം:—

"നകരിതൻകണ്ണനീരുര നലമെഴുതുടക്കുന്നോൻ ഞാൻ
ഇകഴിൽ വെന്നിവിഎന്നെപ്പോം ഇരാവണനിയ വകേട്ട
മുകിലൊലിചതറുഞ്ചാപ്പാൽ മനിന്തവൻ തനയസ്ഥാരിൽ
തികപ തമുടയോനാകും രിരിചിരാവിതുമോഴിന്താൻ."

എന്നും മറ്റുമെഴുതിക്കാണുന്നു. ഈ ഗ്രന്ഥമെഴുതിയ കാലത്തു് മലയാളം എഴുതിവന്നതു് കേവലം വട്ടെഴുത്തിലോ കോലെഴുത്തിലോ അല്ലെന്നും ആര്യെഴുത്തിലായിരിക്കണമെന്നും ഇതിലേ "സ്ഥ" എന്നക്ഷരം ഉള്ളതുകൊണ്ടും മറ്റും ഊഹ്യമായിവരുന്നു. എന്നാൽ ആദ്യകാലത്തേരാമശാസനങ്ങൾ എന്നുപറഞ്ഞവറ്റിലും പ്രാരംഭത്തിൽ "ഹരിഃശ്രീഗണപതയേനമഃ" എന്നു് ആര്യാക്ഷരത്തിൽ എഴുതിയിട്ടു് പിന്നെ വട്ടെഴുത്തും കോലെഴുത്തും കലർന്നു് മലയാന്തമിഴക്ഷരത്തിൽ എഴുതിയിരിക്കുന്നതായി കാണുന്നതിനാൽ ആര്യാക്ഷരം അക്കാലത്തേ ഉണ്ടായിരുന്നിരിക്കണം. എങ്കിലും അപ്പഴത്തെമലയാളപദവാക്യങ്ങളിൽ മിക്കതും തമിഴായിരുന്നതുകൊണ്ടു് സംസ്കൃതാക്ഷരങ്ങൾമാത്രമേ ചേർന്നിട്ടുള്ളു. ആര്യാക്ഷരങ്ങളുടെ ആവശ്യം മലയാളത്തിൽ ഏറെ ഇല്ലാതിരുന്നതിനാലും അപ്പഴത്തേ മലയാളി

കളിലും വിശേഷിച്ച് മലയാള ശൂദ്രരിലും അധികം പേർ അക്ഷര ജ്ഞാനമില്ലാത്തവരും സംഭവം ഉണ്ടായിരുന്നാൽ അതു മലയാന്തമിഴക്ഷരജ്ഞാനമുള്ളവരും ആകകൊണ്ടു മായിരിക്കാം അക്കാലത്തേ മലയാളം വട്ടെഴുത്തിലോ കോലെഴുത്തിലോ രണ്ടും കലന്നോ എഴുതിക്കാണുന്നത്. പിന്നെ കുറെക്കാലംകഴിഞ്ഞ് "കണ്ണശ്ശരാമായണം" ഉണ്ടായകാലത്തെ ഭാഷാരീതി "രാമചരിത"ത്തിലേ രീതിയിൽനിന്നും വളരെ ശുദ്ധിയെ പ്രാപിച്ചിട്ടുണ്ടെങ്കിലും അപ്പോഴും മലയാളഭാഷയിന്മേൽ തമിഴ് ഭാഷക്കുണ്ടായിരുന്ന അധികാരം ഒഴിവായിട്ടില്ലായിരുന്നതിനാൽ ആ മലയാള പദവാക്യങ്ങളും പലേടത്തും തമിഴ്രീതിയെ അനുസരിക്കുന്നു എന്നുമാത്രമല്ല ആ ഗ്രന്ഥത്തിലെ വൃത്തം കൂടി "രാമചരിതം" പോലെ ശുദ്ധ തമിഴ് വൃത്തമല്ലെങ്കിലും ശുദ്ധ മലയാള, സംസ്കൃത, ഛന്ദസ്സുകളേയും അനുസരിക്കുന്നില്ലാ. ആകയാൽ ഇതിന് "നിരണവൃത്തം" എന്ന പ്രത്യേകപ്പേർ കാണുന്നു. എങ്ങിനെഎന്നാൽ:—

"വന്ദിച്ചേൻഗണനായകനാകിയ വാനോർകോനൊട്ട വാണിയെമനസാ ചിന്തിച്ചേൻ ഗുരുശുദ്ധപദാംബുജചിന്താമണിപുനരതിനുള്ളിലെ മന്ദപ്രജ്ഞനുമാക്കിവിനായ്മനകമ തിലകനുടെ വൃത്താന്തമിതസ്ഥാൻ ഞാൻ കേവലമെങ്കിലുമൊട്ടായപ്രകാരംചൊൽകതുനിത്തേൻ" എന്നും മറുമാകുന്നു. ഇതിൽ സംസ്കൃതാക്ഷരങ്ങളും വളരെക്കാണുന്നതിനാൽ അക്കാലത്ത് ആയ്ക്ക എഴുത്ത് സാധാരണ നടപ്പായി വന്നിരിക്കണം. എന്നുമാത്രമല്ലാ മലയാളഭാഷയിന്മേൽ തമിഴിനുണ്ടായിരുന്ന അധികാരം കുറച്ചാനായി സംസ്കൃതപദങ്ങളും മലയാളത്തെ സഹായിച്ചുതുടങ്ങിയതായും കാണുന്നു. ഇതിനടുത്തുണ്ടായിരിക്കുന്ന ചെറുശ്ശേരി നമ്പൂരിയുടെ "കൃഷ്ണഗാഥ" (കൃഷ്ണപ്പാട്ട) എന്ന കവിതയും തമിഴ് വൃത്തവും സംസ്കൃതവൃത്തവുമല്ലാതെ കാണുന്നതിനാൽ അതിന് "ആളന്തി" (ആളന്തി) എന്ന പേർ കല്പിച്ചുകാണുന്നു. ഇതിലേ ഭാഷാരീതിയിലും ശുദ്ധ തമിഴ് പദപ്രയോഗങ്ങൾകുറഞ്ഞും ചില സംസ്കൃതപദപ്രയോഗങ്ങൾ കലന്നും കാണുന്നു. ദൃഷ്ടാന്തം:—

"പാലാഴിമാതുതാൻ പാലിച്ചുപോരുന്ന
കോലാധിനാഥനായമ്മൻ" ഇത്യാദി.

എങ്കിലും മലയാളത്തിൽ "ഭാരതക്കഥ" (കഥകളി) എന്നതീതി ആദ്യം കല്പിച്ചുണ്ടാക്കിയ മഹാരാജാദി കൃതികളാൽ ഭാഷയിൽ ശുദ്ധസംസ്കൃത, പ്രാകൃത, ശ്ലോകാദികളും സംസ്കൃതാലങ്കാരങ്ങളും മറ്റും ചേർത്തുണ്ടാക്കിയത് മലയാളഭാഷാസാഹിത്യത്തിന്ന് ഒരലങ്കാരംതന്നെ ഭവിച്ചിരിക്കുന്നു. പിന്നെത്തരത്തിൽ മലയാളഭാഷാസാഹിത്യവ്യവസ്ഥ ഒന്നാമതായി വരുത്തിയതു, കണ്ണശ്ശപ്പണിക്കരുടെ സമകാലികനായി ചിലർ ചാന്തുകാണുന്നുണ്ടെങ്കിലും, രണിക്കരുടെ ഭാഷാരീതിയിൽനിന്നും തന്റെ ഭാഷാരീതിക്ക് വളരെ ശുദ്ധിവരുത്തിയിരിക്കുന്നതും മലയാളികൾക്ക് അക്കാലംവരെ സാഹിത്യഭാഷയിൽ പുരാണാദികളെ ഒന്നുമില്ലാതെ "രാമപുരാമായണം" മുതലായത് ഭാഷയിച്ചുണ്ടാക്കിയേന്നിവന്നിരുന്ന ബുദ്ധിമുട്ടുനീക്കി നൂതനമായി മലയാളത്തിൽ രാമായണം, ഭാഗവതം, മുതലായ സൽഗ്രന്ഥങ്ങളെ രചിച്ചിരിക്കുന്നതുമായ, തുഞ്ചത്തെഴുത്തച്ഛന്തന്നെ. ഈ ഗ്രന്ഥങ്ങളിലെ ഭാഷാരീതി ശുദ്ധമലയാളത്തിന്റെ പ്രഥമമാതൃകയായി വിചാരിക്കേണ്ടിയിരിക്കുന്നു. എങ്ങിനെയെന്നാൽ:—

1. "അൻപേണമെൻമനസി ശ്രീനീലകണ്ഠമതു
മംതോരുഹാക്ഷമിതിവാഴ്ത്തുമഞ്ജനമിഹ
അമ്പത്തൊരക്ഷരവുമോരോന്നിതൻമൊഴിയിൽ
അമ്പോടുചേർക്ക ഹരിനാരായണായനമഃ"

2. "മനക്കോട്ടവാഴും മഹാമാനശാലീ
മനക്കാമ്പിലേറും കൃപാവാരിരാശി
ഇനിക്കാശ്രയം ബാലരാമാഭിധാനൻ
നിനയ്ക്കുന്നതെല്ലാം വരുത്തുംകരുത്തൻ."

എന്നീരീതിയിലായികാണുന്നു. എഴുത്തച്ഛനും തമിഴിലേ "കൈകിളിക്കണ്ണി" മുതലായ ഛന്ദസ്സുകളുടെ ഛായയുള്ള "കിളിപ്പാട്ട്" എന്നരീതി ആദ്യമായി കല്പിച്ചുണ്ടാക്കിയിട്ടുണ്ടെങ്കിലും തമിഴ്രീതി തീരെവിട്ട് സംസ്കൃതഛന്ദസ്സുകളെ അനുസരിച്ചും മലയാള

ത്തിൽ അനേക കവിതകളും ഉണ്ടാക്കിക്കാണുന്നു. എഴുത്തച്ഛന്റെ കാലംമുതൽ മലയാളഭാഷക്ക് സംസ്കൃതസഹായത്താൽ തമിഴിന്റെകീഴടക്കം തുലോംവിട്ട് സ്വാതന്ത്ര്യം സിദ്ധിച്ചുതുടങ്ങി. ഇങ്ങിനെ തുഞ്ചനായിട്ട് മലയാളഭാഷാസ്വരൂപസ്വാതന്ത്ര്യങ്ങളെവരുത്തിയശേഷം കുഞ്ചൻനമ്പിയാർ മലയാളഭാഷയിൽ "തുള്ളൽ" എന്നൊരു പുത്തൻ ഛന്ദസ്സ്വരൂപം നിർമ്മിച്ച് ചേർത്തതായി കാണുന്നുണ്ടെങ്കിലും ഭാഷയ്ക്ക് തുഞ്ചനെക്കാൾ അധികമായ വൃദ്ധിവരുത്തിയതായി കാണുന്നില്ല.

ഇപ്പോഴത്തെ മലയാളത്തിലാകട്ടെ "കേരളീയ കാളിദാസ"രായിട്ട് ഒന്നോരണ്ടു സംസ്കൃതനാടകാദികളെ മലയാളത്തർജ്ജമചെയ്ത് അവറെറ അച്ചടിപ്പിക്കുന്നതിൽ സാധാരണ മലയാളവിദ്വാന്മാർചെയ്യുന്നപോലെ പുസ്തകാരംഭംമുതൽ അവസാനംവരെ ഒരേ ഗദ്യാകാരമാക്കാതെ തനിക്ക് ഇംഗ്ലീഷ് ഭാഷാജ്ഞാനം കൂടിയുള്ളതിനാൽ ഇംഗ്ലീഷ് പുസ്തകരീതി അനുസരിച്ച് ഗദ്യപദ്യാദിവേർപാടുകളും അല്പവിരാമാദി ചിഹ്നങ്ങളും വരുത്തിത്തുടങ്ങിയത് ഭാഷയ്ക്ക് ഒരു വിശിഷ്ടാലംകാരമായിരിക്കുന്നുവല്ലോ? ഈ ചിഹ്നങ്ങളുടെ ഫലം "സംസാരഭാഷ"യിൽ സ്വരഭേദംകൊണ്ട് പാമരജനവും വരുത്തുന്നുണ്ട്. "എഴുത്തുഭാഷ"യിലാകട്ടെ ഈവക ചിഹ്നങ്ങളും ഉപയോഗിക്കാത്തതിനാൽ "അല്പവിരാമം ആളെക്കൊന്നു" എന്ന് ഇംഗ്ലീഷിൽ പറഞ്ഞിരിക്കുന്നപോലെ ചില പദവാക്യങ്ങളും ഉരുത്തിരുങ്ങളായൊ, നിരുത്തിരുങ്ങളായൊ, വിപരീതാർത്ഥങ്ങളായോ, ഭവിച്ച് പണ്ഡിതന്മാർക്കുപോലും അർത്ഥം ഗ്രഹിപ്പാൻ പ്രയാസമായിവരുന്നു എന്നാൽ പാമരന്മാരുടെ വിഷയം പറവാനുണ്ടോ? ഈ പ്രയാസമുണ്ടാകാതിരിപ്പാനായി ഇപ്പോളും ചില ചിഹ്നങ്ങളും ഉപയോഗിച്ചുവരുന്നുണ്ടെങ്കിൽ ഇതുവരെ ദേവനാഗരി അക്ഷരത്തിലുള്ള പുസ്തകങ്ങളിൽ മാത്രം ഉപയോഗിച്ചുകാണുന്ന "അവഗ്രഹം" എന്ന ചിഹ്നവും, വ്യസ്തമായാലും സമസ്തമായാലും ഓരോപദം കഴിഞ്ഞാൽ അല്പം സ്ഥലം വിടുന്നതിൽ നാഗരി എഴുത്തിലുള്ള പുസ്തകങ്ങളിലേപ്പോലെ ഒരു വ്യവസ്ഥയും മറും വരുത്തിയാൽ ഏറെനന്ന്. എന്നാൽ കാലക്രമത്തിൽ ആദിമഭാഷ

യിലെ, മകാതേവർ, ഇരവി, ആകിയ, കൊട്ടത്തോ, പൂമി, കാരാ ങ്ങൈ, എടത്തു, കൊപ്പത, കിരാമം, കൊഠവതാക, എന്ന പട്ട യ പ്രയോഗങ്ങളും, നകരി, നീംര, ഇരാമണൻ, പതം, രിരി ചിരാ, എന്ന രാമചരിത പ്രയോഗങ്ങളും, മനസ, അരുളാലെ, എന്ന കണ്ണശ്ശപ്പണിക്കർ പ്രയോഗങ്ങളും, മഹാദേവർ, രവി, ആ യ, കൊട്ടത്തു, ഭൂമി, കാരായ്മ, ഇടത്തു, കൊപ്പര, ഗ്രാമം, കൊഠം വൂതാക, എന്നും, നഗരീ, നീരിനെ, രാവണൻ, പദം, ത്രിശിരസ്സ്, എന്നും, മനസാ, അരുളാൽ, എന്നും ഭേദപ്പെട്ടകയും, ഏഴ, ഇക ൽ, ഇയമ്പ, പതറും, മുനിഞ്ഞു, തക, മൊഴിന്താൻ, എന്ന രാമച രിതത്തിലേ തമിഠ പ്രയോഗങ്ങളാ മലയാളത്തിൽ ഇല്ലാതാക യും ചെയ്യുവരുന്നു. തനയസ്ഥാനിൽ, എന്ന രാമചരിതപ്രയോഗം അസംബന്ധമായി കാണുന്നതിനാൽ അത് കവിതന്നെ പ്രയോ ഗിച്ചതോ, അച്ചടിപ്പിഴയൊ, എന്നറിവാൻ പാടില്ലാതിരിക്കുന്നു. മനസ, എന്ന് കണ്ണശ്ശപ്പണിക്കരുടെ പ്രയോഗമായികാണുന്ന തും അച്ചടിപ്പിഴയായിരിക്കണം. അൻപേണം, എന്ന് എഴുത്ത ച്ഛന്റെ കൃതിയിൽ കാണുന്നത്, ന്പ, എന്ന അക്ഷരം, ൻപ്, ംപ, എന്ന രണ്ടുമാതിരിയിൽ കൂടി ഇപ്പോഴും എഴുതികാണുന്നതിനാൽ കവിതന്നെ പ്രയോഗിച്ചതായിരിക്കാം. അത്രതാവിടവാനാം, അമ്പ്, എന്നതും, അൻപ്, എന്നതും അഭേദമായി എഴുതിവരു ന്നതിനാൽ അത്ഥവിഷയത്തിൽ അനാദൃമായി സംശയമുണ്ടായി വരുന്നു. എന്നുമാത്രമല്ല, അമ്പത് എന്നതിനെ ഇപ്പോഴും ചിലർ ഐമ്പത് എന്നും, ഐംപത്, എന്നും, അമ്പത്, എന്നും എഴു തിവരുന്നതിനാൽ വ്യവസ്ഥയില്ലാതാകുന്നു എന്നുമാത്രമല്ല, ഐം പത്, എന്ന തമിഠപദം ഭേദിച്ച് മലയാളത്തിൽ അമ്പത് എ ന്നായിരിക്കുന്നതിനെ വിരുദ്ധം തമിഠതുല്യമാക്കുന്നതുകൊണ്ട് മല യാളത്തിന്മേൽ തമിഴിന്നില്ലാതായി പോയ ഒരധികാരത്തെ മല യാളം തന്നെ പുനർജ്ജീവിപ്പിക്കയാണല്ലോ? ഒരു ഉപഭാഷക്ക് മാതൃഭാഷയോടുള്ള സാമ്യത്തെ കഴിയുന്നതും ചുരുക്കിയാലെ സ്വാ തന്ത്ര്യം സിദ്ധിക്കയുള്ള. ആകയാൽ തമിഴ്, സംസ്കൃതം മുതലായ ഭാഷകളിൽ നിന്നും മലയാളത്തിൽ ചേർന്നിരിക്കുന്ന പദങ്ങൾക്ക്

മലയാളത്തിൽ പ്രത്യേകത്രുചമുണ്ടായിരിക്കെ അതാതു ഭാഷാത്രുപം ഉപയോഗിക്കുന്നതു ഭാഷക്കു ദോഷം തന്നെ. എന്നാൽ സംസ്കൃതത്തിൽ നിന്നുൽഭവിച്ച പ്രാകൃതഭാഷാപദജനന രീതിക്കു വ്യവസ്ഥയും വ്യാകരണവും ഉള്ളതുപോലെ ഓരോ മൂലഭാഷോൽഭൂത മലയാളപദങ്ങൾക്കു വ്യവസ്ഥയേപ്പറ്റി കാണാത്തതിനാൽ "മഹാജനോയേനഗതസ്സപന്ഥാഃ" എന്ന ന്യായമനുസരിക്കാതെ സാധാരണ നടപ്പായിരിക്കുന്നതിനെ വിട്ടു ഭാഷ വഷളാക്കുന്നതു കഷ്ടമല്ലേ? എന്നാൽ ഈവിഷയത്തിൽ "അച്ചടിപ്പുശാപ്പ്" എന്നിവറ്റിൽ പറയുമ്പോലെ അച്ചുപിഴ എല്ലാഭാഷയിലും കാണുമെങ്കിലും മലയാളം അച്ചുകാർ ഭാഷാദൂഷണത്തിൽ കൊണ്ടുചാടിക്കുന്നു. ആകയാൽ, ജാഗ്രതപേണം, എന്നതും അച്ചടിത്തെറ്റായിരിക്കണം.

പിന്നെ പല പദങ്ങളെ ഒന്നിച്ചു ചേർക്കുന്ന സന്ധി, സമാസം, വാക്യം, ഇത്യാദിവിഷയങ്ങളിലുംനമ്മുടെ ഭാഷാ തമിഴിനെ അനുസരിക്കുന്നതല്ലാതെ സംസ്കൃതത്തെ അധികമനുസരിക്കുന്നില്ലാതിരിക്കെ ചില ർ ഈ വിഷയങ്ങളിൽ "മാപ്പിളയുടെ കുടുമ്മയും വടുകന്റെ താടിയും ചേർത്തുകെട്ടുക" എന്നപോലെ മലയാളത്തിൽ, "കൊച്യങ്ങുവച്ചേൻ" "ധാവതിചെയ്യ" "അരയന്നപ്പരിവൃഢം" "ഏഭ്രതമുനിമാർ," എന്നുംമറ്റും പ്രയോഗിക്കുന്നതു ഭാഷാദൂഷണമല്ലയോ? ഛന്ദസ്സ്, അലങ്കാരം, ദശരൂപകം, ഈ വിഷയങ്ങളിൽ മാത്രം മലയാളം സംസ്കൃതത്തിൽ ലയിച്ചിരിക്കുന്നു. ഇവറ്റിൽ അലങ്കാരവും ദശരൂപകവും മലയാളത്തിനു പ്രത്യേകം ഇവ്വണ്ണം ഉണ്ടായിട്ടില്ലെങ്കിലും ഛന്ദസ്സുകൾ ചിലത് മലയാളത്തിൽ പ്രത്യേകമുണ്ടായിരിക്കെ അവറ്റെയും പ്രബലപ്പെടുത്താതെ ഭൂരിപക്ഷം ഗതാനുഗതികന്മാരായി സംസ്കൃതത്തെത്തന്നെ അവലംബിക്കുന്നതും കഷ്ടംതന്നെ. എന്നതുനൊയല്ല ചില സംസ്കൃതപക്ഷപാതികൾ മലയാളത്തെ സഹായിപ്പാൻ വന്ന സംസ്കൃതത്തിന്റെ "ദേഹനാംമുഴുത്തുടയായ്" ഭക്ഷിക്കുന്നതും നന്നാകുന്നുണ്ടോ? എങ്കിലും ഭക്ഷിപ്പാടെ പരിസ്ഫുതപ്രായമായിരിക്കുന്ന നമ്മുടെ ഭാഷയിൽ അദ്ദൃഷ്ടപൂർവ്വമായി കാണിക്കുന്നവറെ വ്യവസ്ഥ

യില്ലാതെ പലതും, ആക്കൂട്ടത്തിൽ, "ഹിരണ്യനാട്ടിൽ ചെന്നാൽ ഹിരണ്യായനമഃ" എന്നിക്കണ്ട ഞാനും, എഴുതിവരുന്നതിനാൽ അവയിൽ അവ്യവസ്ഥിതം ഓരോന്നിന്റെ നേരെ വ്യവസ്ഥ വരുത്തേണ്ടുന്ന രൂപവും എഴുതിക്കാണിക്കുന്നു:—

അങ്ങനെ, അങ്ങിനെ. അവിടുത്തെത്ത, അവിടത്തെ. അതിലക്ക്, അതിലേയ്ക്ക്. എന്തന്നാൽ, എന്തെന്നാൽ. എല്ലൊ, അല്ലൊ. ചോര, ചോരാ. അവിടുതന്നെ, അവിടെത്തന്നെ, ഇരിപത്, ഇരുപത്. രൂപ, ഉറുപ്പിക. ഓരൊന്ന്, ഓരോന്ന്, തുടങ്ങിരിക്കുന്നു, തുടങ്ങിയിരിക്കുന്നു, എന്നിത്യാദിയെ ക്കാരണപൂർവ്വം വഴിയെ വിസ്തരിക്കയും ഓരോ പ്രത്യേകപ്രയോക്തൃക്കളെ മൂന്നിക്കാണിക്കയും ചെയ്യുമ്പോൾ, 'കലഹം പിറന്നാൽ ന്യായം പിറക്കും" എന്നപോലെ ആക്ഷേപസമാധാനങ്ങൾക്കിടവരുമെന്നവിചാരിക്കുന്നു. എന്നാൽ ഈവക ആക്ഷേപങ്ങൾ ഭാഷാപരമായി കലാശിക്കുന്നതല്ലാതെ പരസ്പരമായി കലാശിക്കാതിരിപ്പാനായി മാതൃഭൂതേശനെ പ്രാർത്ഥിച്ചുകൊണ്ടിപ്പോൾ മതിയാക്കുന്നു.

കവീശ, ഏ. നാണയ്യശാസ്ത്രികൾ.

തൃക്കണാമതിലകം.

——— :o: ———

മലയാളത്തിലുള്ള മഹാബ്രാഹ്മണർ മുതലായ സകല ദ്വിജവർഗ്ഗങ്ങൾക്കും സന്ധ്യാവന്ദനം തുടങ്ങിയുള്ള നിത്യകർമ്മങ്ങളിൽ നേരനീക്കം വരുത്തിക്കൂടാ എന്ന നിശ്ചയമുണ്ടായിരുന്നതും ആദ്യമായി തെറ്റിത്തുടങ്ങിയത ഞാനുമുതൽക്കാണ്. തടവിൽ പെട്ടുപോയതിനാൽ സന്ധ്യാവന്ദനം, ഔപാസനം മുതലായ നിത്യകർമ്മങ്ങൾക്കു മുടക്കം പറ്റിയ മഹാബ്രാഹ്മണന്ക്ക് അന്നുണ്ടായ മനോവ്യസനം ഇന്നപ്രകാരത്തിലായിരുന്നു എന്ന പറഞ്ഞറിയിക്കുവാൻ തീരെപ്രയാസം തന്നെ. അന്നസംഭവിച്ചതായ ആ അത്യാപത്തിനെ സൂചിപ്പിച്ചിട്ടാണ് ഇന്നും ഇരിങ്ങാലക്കുടെ ഗ്രാമത്തിൽ പെരുസകല ദ്വിജവർഗ്ഗക്കാരും സന്ധ്യാവന്ദനാന്തരം ഏകാഗ്ര്യം (ഒരു

ഊക്കുകൾ) മാത്രമായി നടത്തിപ്പോരുന്നത്. എന്നാൽ ഈഗ്രാമത്തിൽപ്പെട്ട മൂന്നില്ലക്കാർക്ക് ഉപ്പോൾ മൂന്നഭ്യുമായിട്ടും കണ്ടുവരുന്നുണ്ട്. ഈ ആചാരഭേദത്തിനുള്ള കാരണം അന്നു മൂന്നില്ലക്കാർ ഈ യോഗത്തിൽ ചേരാഞ്ഞിട്ടോ, അവർക്കവല്ല സംഗതിവശാലും സന്ദ്യാവന്ദനാദി മുടങ്ങുവാനിടവരാഞ്ഞിട്ടോ എന്താണെന്നു സൂക്ഷ്മമായി പറയുവാൻ സാധിക്കുന്നില്ല. ശ്രീകപുരം, പെരുമനം, പെരുണ്ണിക്കുളം, വേന്നനാട, ഈഗ്രാമങ്ങളിലുള്ള നമ്പൂതിരിമാരിലും ഉല്പിഷ്ണുക്കൾ ഏകദേശം ഇരുനൂറ്റമ്പതു കുടുംബക്കാരായിട്ടുണ്ട്. അവരും ഇതുപോലെ വല്ലകാരണങ്ങളാലും നിയമഭംഗംവന്നുപോയവരുടെ വംശശാഖയിൽ പെട്ടവരായിരിക്കാം. എന്തായാലും, മേൽപറഞ്ഞ അപൂർവ്വസംഭവത്തിനു ശേഷം ഇരിങ്ങാലക്കുടക്കാരെല്ലാവരും മതിലകത്തുനിന്നു പിൻവലിച്ചു. മതിലകത്തുകാരുടെ ഒരു സാഹസപ്രവൃത്തിയാൽ മറ്റുള്ള മഹാബ്രാഹ്മണർക്കും അവരുടെമേൽ വൈരസ്യം ജനിക്കുവാനിടയായി. തൃക്കണാമതിലകത്തു കൂട്ടുപുരയിൽ കൂടിയിരുന്ന യോഗക്കാർ നമ്പൂതിരിമാരും ഓരോരുത്തരായി ഒഴിച്ചുപോകുവാൻ തുടങ്ങി. രക്ഷാധികാരിസ്ഥാനംവഹിച്ചിരുന്ന ചടിഞ്ഞാറേടത്തു പട്ടേരിയും ഈ നായന്മാർക്ക് ചില നിരോധകല്പനകളയച്ചു. എന്നാലിതുകൊണ്ടൊക്കെയായിട്ടും സ്ഥിരനിശ്ചയന്മാരായ നായന്മാർ ശ്രമിച്ച കാര്യത്തിൽ നിന്ന് ഒരടിയെങ്കിലും പിന്നോക്കം വെച്ചതുമില്ല.

ഇരിങ്ങാലക്കുടക്കാർ കൂട്ടത്തോടെ മടങ്ങിപ്പോന്നതിന്റെ ശേഷം മഹാബ്രാഹ്മണരെല്ലാവരും കൂടി "പട്ടിണി" എന്ന ആഭിചാരകർമ്മത്തിനാരംഭിച്ചു. ഇത് അത്യാപത്തിൽ പെട്ട കേരളബ്രാഹ്മണർക്ക് ശത്രുക്കളുടനേരെ പ്രയോഗിക്കുന്നതിനുള്ള ഒരു ബ്രഹ്മാസ്ത്രമായിട്ടാണ് പണ്ടുള്ളവർ കരുതിപ്പോന്നിരുന്നത്. ഇരിങ്ങാലക്കുടക്കാർക്ക് ഇതല്ലാതെ മറ്റൊരു ആയുധവും പ്രയോഗിച്ചു നോക്കുവാനില്ലാതായിത്തീർന്നതിനാൽ അവരെല്ലാവരും അവിടെ ക്ഷേത്രത്തിലൊത്തുകൂടി മേൽപറഞ്ഞ ആഭിചാരകർമ്മവുമാരംഭിച്ചു. അഹസ്സുചകനാൽ കളിച്ചു നിത്യകൃത്യങ്ങൾ കഴിച്ചതിനു ശേഷം എല്ലാവരും ശത്രുസംഹാരകരങ്ങളായ മന്ത്രങ്ങളെക്കൊണ്ടു തങ്ങളുടെ പരദേവതയെ സേവിച്ചുകൊണ്ടിരിക്കും.

ഇങ്ങിനെ മദ്ധ്യാഹ്നംവരെ സേവ കഴിഞ്ഞാൽ വന്നുകൂടിയ ബ്രാഹ്മണർക്കൊക്കെ ചതുർവ്വിധവിഭവത്തോടുകൂടിയ സദ്യയുടെ വട്ടമായി. ദൂരദേശങ്ങളിൽനിന്നും മറ്റും വിശന്നുവരുന്ന അഥിതികളും വേറെയുള്ളവരും എല്ലാംകൂടി സദ്യക്കു പന്തിയിൽ നിരന്നിരുന്നാൽസകല ഭക്ഷണസാധനങ്ങളും വിളമ്പി ക്രോശനേർവിഴ്ത്തും. ബ്രാഹ്മണർ അതു കുടിക്കുന്നതിന്നു മുമ്പായി ആ യോഗത്തിൽചെട്ട നാലു ബ്രാഹ്മണർ തങ്ങൾക്കു നേരിട്ട സങ്കടം ഇവരുടെ മുമ്പാകെചെന്നുവിളിച്ചുചൊല്ലി കോംപ്പിച്ചിട്ട്,' "ഈ സങ്കടത്തിന്നുനിവൃത്തിവരുത്തി തന്നേനിങ്ങൾഉണ്ണാവൂ" എന്നുപ്രാർത്ഥിക്കുകയായി. 'ഭംഗിയൊന്നുമെന്നു' അവർ ശപഥംചെയ്തു കൈകുടഞ്ഞെഴുനീറ്റിട്ട് എല്ലാവരുംകൂടി ശത്രുഹരമായ ഒരു വലിയ ആഥർവ്വണഹോമവും ജപവും മറ്റുമായി നേരംസന്ധ്യയാക്കും. സന്ധ്യാവന്ദനത്തിന്നു ശേഷവും ഈ ക്രിയയുടെ അവശേഷം നടത്തീട്ടു കേവലം പ്രാണരക്ഷയ്ക്കു മാത്രം പാകംചെയ്താത്ത വല്ല ഫലമൂലങ്ങളും പച്ചവെള്ളവും കഴിച്ചു കിടന്നുറങ്ങും. അഹസ്സു പകൎന്നാൽ പിന്നെ പിറേദിവസവും കൃത്യം ഇതുതന്നെ. അങ്ങിനെ ഇവർ ഒരു മണ്ഡലം (നാല്പത്തൊന്നു ദിവസം) ഈ ക്രിയ നടത്തിപ്പോന്നു. അപ്പോഴക്കു മതിലകത്ത് ഉന്നതന്മാരായ തെക്കേടത്തു നായരും വടക്കേടത്തു നായരും തമ്മിൽ ഒരു നിസ്സാരമായ സംഗതിയിൽ വെച്ച് അന്തഃഛിദ്രം മുഴുത്തുവശായി. തെക്കേടത്തു നായന്മാരിൽ ഒരു ചെറുപ്പക്കാരൻ ഒരു പന്നിയെ നായാടി ഓടിച്ചു വടക്കേടത്തു നായന്മാരുടെ സ്ഥലത്തുവെച്ച് എയ്തുകൊന്നു. വടക്കേടത്തു നായന്മാരിൽ ഒരുവൻ അതു കണ്ടിട്ട് ഈ പന്നി ഞങ്ങളുടെ സ്ഥലത്തു വന്ന ചത്തതാകയാൽ ഞങ്ങൾക്കു കിട്ടേണ്ടതാണെന്നു നേരമ്പോക്കായി പറഞ്ഞു. മറെറ ചെറുപ്പക്കാരൻ ഇതിന്നു കുറെ അധികപ്രസംഗവും അലക്ഷ്യവും ആയിട്ടാണ് മറുവടി പറഞ്ഞത്. അത് ഈ ആളുകൾക്കു രസിച്ചില്ല. എന്തിന്നധികം പറയുന്നു? അവർ തമ്മിൽ വാക്കു മുഴുത്തിട്ടൊടുക്കം ആയുധമെടുത്തു വെട്ടും കുത്തുമായി. കാരണവന്മാർ അതു കേട്ടുവന്ന് ഇരുഭാഗവും അനന്തരവന്മാരെ സഹായിച്ചു. കലഹം മുഴുപ്പിച്ച് ഇരുകക്ഷിക്കാരും

ആർശേശ്വരത്തോടുകൂടി വലിയ യുദ്ധത്തിനൊരുമ്പെട്ടു. ചേറ്റു വാമണപ്പുറത്തുകാർ മുഴുവനും ഇവരുടെ ഓരോ കക്ഷിയിൽചെന്നു. ലഹളയും വളരെ ഭയങ്കരമായിത്തുടങ്ങി. 'ക്ഷിദ്രാനേഷികളായ ഇരിങ്ങാലക്കുടെ ഗ്രാമണികളും ആർശക്കാരോടുകൂടി ഇതിന്നിടയിൽ കടന്നു രണ്ടുഭാഗത്തും അസംഖ്യം ആളുകളെ കൊന്നൊടുക്കി. ഈ വാചികയുദ്ധത്തിന്നിടയിൽ തെക്കേടത്തു നായരുടേയും വടക്കേടത്തു നായരുടേയും വംശംമുഴുവനും മുടിച്ച് വീടുകളും ചുട്ടുപൊട്ടിച്ചു. ഇതുകൊണ്ടും കഴിഞ്ഞില്ല. പിന്നെയത്തെ കലാപമാണ് ഇതിലും ഭയങ്കരമായിത്തീർന്നത്. തൃക്കണാമതിലകത്തെ മതിലുകളും ഇടിച്ചുപൊളിച്ചു, ഗോപുരങ്ങളും ചുട്ടെരിച്ചു. അഗ്രശാലകൾക്കു തീവെച്ചു. എന്നുമാത്രമല്ല, ആ മഹാക്ഷേത്രം മുഴുവനും പൊടിഭസ്മമാക്കിത്തീർത്തുകളഞ്ഞു. അരാണ്, എന്താണ്, ഏതാണ്, എന്നൊന്നും "കേൾപ്പോരും കേൾവിയും" ഇല്ലാത്ത സ്ഥലത്തു മാത്രമേ ശത്രുതയോടുകൂടിയ പലതരം കൊള്ളക്കാർ കടന്നുകൂടിയാൽ എന്തൊക്കെ ഉണ്ടാകുമെന്നു പറയേണ്ടതുണ്ടോ? അതിലധികവുംകൂടി അവിടെസംഭവിച്ചു എന്നേ പറയേണ്ടതുള്ളൂ. യഥാശക്തി പണ്ടങ്ങളും പാത്രങ്ങളും ഓരോരുത്തർ അപഹരിച്ചു. ചിലർ സ്ഥാവരസ്വത്തുക്കൾ കൈവശപ്പെടുത്തി. ഈ കൂട്ടത്തിലാണ് ഇരിങ്ങാലക്കുട, തിരുവഞ്ചിക്കുളം മുതലായ പല ക്ഷേത്രങ്ങൾക്കും സ്വത്തു വർദ്ധിച്ചത്. തൃക്കണാമതിലകത്തിന്നു കീഴ്പെടമായിരുന്ന തൃപ്പേക്കുളം, അന്തിക്കാട് തിരുവായ്മൂർ മുതലായ പലേ ക്ഷേത്രങ്ങൾക്കും സ്വാതന്ത്ര്യം സിദ്ധിച്ചു. കാലത്തിന്റെ ശക്തികൊണ്ടോ, ഇരിങ്ങാലക്കുടെക്കാരുടെ അതിചാരകർമ്മത്തിന്റെ ബലംകൊണ്ടോ എന്തുകൊണ്ടെങ്കിലും "തൃക്കണാമതിലക"ത്തിന്റെ മഹിമയും ഇങ്ങിനെ കലാശിച്ചു. മഹത്തായ പരമേശ്വരബിംബം മാത്രം അവിടെ നശിക്കാതെ ശേഷിച്ചു. അതിനും വളരെ കഠിനമായ കഷ്ടം നേരിട്ടു. കാലാന്തരത്തിൽ മഹമ്മദീയരും ക്രിസ്ത്യാനികളും ഈ ക്ഷേത്രസ്ഥാനത്തു പള്ളികയറി. ഇതിന്നുപുറമെ ടീപ്പുവിന്റെ കാലത്തിൽ നിന്നു വന്നുകൂടിയ ചില ക്രിസ്ത്യാനികളും ഈ മഹേശ്വരവിഗ്രഹം അവിടെനിന്ന് ഇളക്കി പറിച്ചെടുത്തു കപ്പലിൽ കയറ്റി കൊച്ചിയിൽ

കൊണ്ടിറക്കി. ചിന്ന കൊച്ചിയിൽ കപ്പൽയാത്രക്കാക്ക കൊടി കാട്ടുന്ന കൊടിമരം കെട്ടിയുറപ്പിക്കുന്ന കയർ വലിച്ചുകെട്ടിയിരുന്ന കല്ലായിട്ട വളരെ കാലം കിടന്നിരുന്നതും പ്രസിദ്ധപ്പെട്ട ഇന്ദ്രശമ്പിംബം തന്നെയായിരുന്നു. ഇപ്പിടയിൽ ആവിടെ കൊടിമരം സ്ഥാദമാക്കിയതോടുകൂടി സ്വാമിക്കും ബന്ധനത്തിൽ നിന്നു മോചനം കിട്ടി. ഇപ്പോൾ ആ വിഗ്രഹം തിരുമലദേവസന്നിധേക്ക കൊണ്ടിണിക്കാം ലേലം കൊണ്ട അടുത്തൊരേടത്തുപ്രതിഷ്ഠിച്ചിട്ടുണ്ട്.

ആവചിയ ബിംബത്തിന്മൽ എണ്ണയാടീട്ട തലവെനടയും മറും ക്ഷണത്തിൽ നാശിച്ചതായി പലക്കും ഓനദവം വന്നിട്ടുണ്ടത്രെ. ഓരോകാലത്ത് ഓരിപ്പുധിയും, ക്ഷയവും, ഭഗ്നിദയം മുതലായ ആപത്തുകളും, ചിലപ്പോൾ നാടുകടത്തലും, ബന്ധനവും മോചനവും നമ്മേപ്പോലെ തന്നെ ഈശ്വരന്മാക്കും ഓനദവിക്കേണ്ടിവരുമെന്നുള്ളതിന്ന് ഇതുതന്നെ ഒരു ലക്ഷ്യമായിരിക്കുന്നു.

കോമളവല്ലി.

അഥവാ

ഫ്രൈറർ മരണം.

ഈ ലോകം ഒരുരംഗവും മനുഷ്യർ നടന്മാരും ആണെന്ന് ആംഗ്ലേയകവിയായ ഷെക്സ്പിയറും, ഈ ലോകം രംഗമാണ് സാക്ഷാൽ ലോകം, നടന്മാരാണ് സാക്ഷാൽ മനുഷ്യർഎന്ന് വേറെ ചിലരും പറയുന്നു. ഈ രണ്ട് ഓദിപ്രായങ്ങളിൽ ശരിയായിട്ടുള്ളത് ഏതാണെന്ന് യുക്തികൊണ്ടു പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥക്ക് പുറമെ പ്രയാസമാണ്. നാടകം, ആഖ്യായിക ഇതുകളിലെ കഥാപുരുഷന്മാർ ലോകസ്വഭാവത്തിനനുസരിച്ച് പറയുകയും പ്രവൃത്തിക്കുകയും ചെയ്യുന്നില്ലെന്നുള്ള ആക്ഷേപം കാവ്യകാരന്മാരിൽ പുതുതല്ലാത്തതുപോലെ, നാം നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലും നടന്മാരെ അനുകരിക്കുന്നില്ലെന്ന് പരിഷ്കൃതന്മാരായ വെള്ളക്കാർ നമ്മേ

യും ആക്ഷേപിക്കുന്നു. ശകുന്തള വന്നിനെക്കണ്ട് പനാട്ടുങ്ങളോ നോക്കും മാറുകയും, കൈകാൽ ഇളക്കുകയും മറ്റും ചെയ്യുന്നത് ചിലക്രമങ്ങളെ അനുസരിച്ചിട്ടാണെന്നും, ദുഷ്യന്തൻ വന്നിനെ നോക്കി 'അത്യന്തംവേചമാനാം' എന്നുതുടങ്ങിയ ശ്ലോകം ചൊല്ലുന്നത് അല്പം ഒന്നു ഞെളിഞ്ഞുനിന്ന് എടത്തെ കൈ അരയിൽ ഉറപ്പിച്ചു വലത്തെ കയ്യിന്റെ പടം അല്പം മേല്പോട്ടു കൊണ്ടുപോയി അഞ്ചു വിരലും ഒന്നിച്ചുകൂട്ടി പുരികം കുറഞ്ഞൊന്നു ചുളിച്ച് ഒരു പ്രത്യേക സ്വരത്തിലായിട്ടാണെന്നും നല്ല നാടകങ്ങൾ കണ്ടിട്ടുള്ളവർക്ക് അറിയാവുന്നതാണ്. കഥകളിയിൽ യുദ്ധത്തിന്നിടക്ക് ശത്രുപക്ഷക്കാരുടെ അസ്ത്രങ്ങൾ ഏറ്റിട്ട് വല്ലവരും ചത്തു വീഴുകയോ, മരണവേദനകൊണ്ടു കൈകാൽ കുടയുകയോ ചെയ്യുമ്പോൾ കൊട്ടിന്റെ താളത്തിന്ന് അനുസരിക്കുന്നുണ്ടോ എന്ന പ്രത്യേകം മനസ്സുവെക്കണം. കോപം, വ്യസനം, ഈ രസങ്ങളെ നടിക്കുന്നസമയത്ത് മുഖം വിറക്കുകയോ, മാറിത്തുടിക്കുകയോ ചെയ്യേണ്ടിവന്നാൽ അതുചില ക്രമങ്ങളെ അനുസരിച്ചിരുന്നില്ലെങ്കിൽ വേണ്ടതുപോലെ അഭിനയിച്ചു എന്നുപറവാൻ പാടുള്ളതല്ല.

കല്യാണസൌഗന്ധികത്തിൽ ഹനുമാന്റെ വാല് പൊക്കാൻ ഭാവിക്കുമ്പോഴത്തെ ഭീമസേനന്റെ നിലയും പിന്നിട്ടുള്ള വീഴ്ചയും എത്രഭംഗിയായും കോട്ടം കൂടാതെയും നടിക്കാമെന്ന ബാലിയാസ്ത്രന്റെ ആട്ടം കണ്ടിട്ടുള്ളവർക്കൊക്കെ അറിയാവുന്നതാണ്.

എന്നാൽ നാം സംസാരിക്കുകയോ പ്രവൃത്തിക്കുയോ ചെയ്യുമ്പോൾ എന്തുനിയമത്തെയാണ് അനുസരിക്കുന്നത്? വ്യസനംനിമിത്തം നാം കരയുകയോമറ്റും ചെയ്യുമ്പോൾ നമ്മുടെ ശ്രുതിനേരെയാകുന്നുണ്ടോ എന്നു നാം നോക്കാറുണ്ടോ? സന്തോഷംനിമിത്തം നാം ചിരിക്കുമ്പോൾ നമ്മുടെ ചിരിയുടെ രണ്ടുവക്കും ഒരുപോലെതുകുന്നുണ്ടോ എന്നു് ആരെങ്കിലുംമനസ്സുവെക്കാറുണ്ടോ? ദേഷ്യപ്പെട്ട് കണ്ണുരുട്ടുകയും പിരികം വളക്കുകയും ചെയ്യുമ്പോൾ ഭരതമുനിയുടെ നിശ്ചയങ്ങളെ എത്രപേർ അനുസരിക്കാറുണ്ട്? നാം കാര്യത്തിയോ മറ്റോ മറിഞ്ഞുവീഴുന്നതാണെങ്കിൽ ഒരു ചില്ലുമാത്രം താഴത്തു പതിച്ചും, ഒരു കാലിനോ കയ്യിനോ മാത്രം കോ

ച്ചു, വീഴുന്നതു തന്നെ ഒരു ഭംഗിയില്ലാത്ത വിധത്തിൽ ഒരു പുറം മാത്രം അടിച്ചും ഇങ്ങിനെ ഒരുക്രമമില്ലാതെ വല്ലവിധത്തിലും കായ്ം കലാശിപ്പിക്കുന്നതല്ലാതെ അത് വേണ്ടതുപോലെ ആകേണമെന്ന ആരെങ്കിലും ശ്രദ്ധവെക്കാറുണ്ടോ? തയിരോ ഓ- ഓ- ഓ- തയി-യിർ—എന്നിങ്ങിനെ മാത്രതെറ്റിച്ച് അളന്ന തയിർക്കാരന്റെ കൂടെ തട്ടി ഉച്ച വൈയ്യാകരണനും അരിയുടെ തിള പാട്ടിന്റെ താളത്തോടൊക്കുന്നില്ലെന്ന് വെച്ച് അരിപ്പാത്രം തട്ടിമറിച്ചസംഗീതവിദ്വാനും ലൌകികവിഷയങ്ങളിൽ മൂഢന്മാരാണെന്നല്ലേ നാംധരിച്ചിരിക്കുന്നത്. ഇതിലുംവലിയ ഒരു തെറ്റായ ധാരണപാടുണ്ടോ? കായ്ക്കുന്നതിന്റെസ്ഥിതി ഇങ്ങിനെയിരിക്കെ, ഉണ്ണുകയും ഉറങ്ങുകയും, നില്ക്കുകയും ഇരിക്കുകയും ചാടുകയും ഓടുകയും കരയുകയും ചിരിക്കുകയും (ഇങ്കിരീസിൽ ചിരിക്കുഎന്നത് പ്രസിദ്ധമാണല്ലൊ)എന്നുവേണ്ടസകലത്തിന്നും ചിലനിശ്ചയങ്ങളൊക്കെ ചെയ്തിട്ടുള്ള വെള്ളക്കാർ നാം അപരിഷ്കൃതന്മാരാണെന്നു പറയുന്നതിൽ എന്താണ് ആശ്ചയ്പ്പെടുവാനുള്ളത. അതിനാൽ നാട്യവിദ്യയെ സംബന്ധിച്ച് പ്രാചീനഹിന്തുയവന പണ്ഡിതന്മാർ ഉണ്ടാക്കീട്ടുള്ള നിയമങ്ങളെ നാം എന്നാണ് കൃത്യമായി അനുസരിക്കാൻ പഠിക്കുന്നത് അക്കാലത്തു മാത്രമേ നാം പരിഷ്കൃതന്മാരെന്നുള്ള പേരിന്ന് അർഹന്മാരായി ത്തീരുകയുള്ളു. അക്കാലത്ത് നമ്മുടെ നാടകങ്ങളിലും നോവലുകളിലും ഇപ്പോൾ കണ്ടുവരുന്ന ദോഷങ്ങൾ തീരെ ഇല്ലാത്തതാണെന്ന് കാണുകയും ചെയ്യും". ഇങ്ങിനെ ബഹുഗൌരവഭാവത്തോട് ഒരു കാൽമണിക്കൂറുനേരം തന്നെത്താൻ പ്രസംഗിച്ചതിന്റെ ശേഷമാണ് എന്റെ കഥയിൽ നായികയാക്കുവാൻ തീർച്ചയാക്കിയിരുന്ന യുവതീരത്നത്തിന്റെ അടുക്കലെക്ക് യാത്രപുറപ്പെട്ടത്. അവിടെച്ചെന്നാൽ ഇന്നിന്നവാക്കുകൾ പറക. ഇന്നിന്ന നാട്യങ്ങൾ നടിക്കുക എന്നുള്ളതെല്ലാം കാലേകൂട്ടി മനസ്സുകൊണ്ട് നല്ലവണ്ണം ആലോചിച്ചുവെച്ച് ഒരുറിഹർസൽ (ചൊല്ലിയാട്ടം) കൂടി കഴിച്ചിട്ടുണ്ടായിരുന്നു. എന്നുമാത്രമല്ല അവളെ കൊണ്ടുപ്പിക്കുന്നതിന്ന് തൽക്കാലം ഉണ്ടാക്കിയ രണ്ടു മൂന്നു ശ്ലോകങ്ങൾ മൂന്നാമതു പ്രവിശ്യം ഉരുക്കഴിച്ച് എന്റെ മേശപ്പു

റന്തുള്ള കണ്ണാടിക്കു അഭിമുഖമായിനിന്ന് തക്കതായ നാട്യങ്ങളോടും കൂടി ഗാനരീതിയിൽ ഉച്ചത്തിൽ ചൊല്ലി. അഭിനയം കേമമായി എന്നു ഇനിക്കുതന്നെ ബോദ്ധ്യം വന്നതിന്റെ ശേഷമേ അവിടുന്ന് പുറപ്പെട്ടുള്ളൂ.

പുഷ്പവല്ലിഗൃഹത്ത് കോമളവല്ലിക്ക് (അവളുടെ സാക്ഷാൽ പേര് ഇട്ടിച്ചിരിയെന്നൊ കുഞ്ഞിക്കാളിയെന്നൊ മറേറാ ആണ്) നമ്മുടെ കഥ നടന്ന കാലത്ത ഏകദേശം നാല്പത്തഞ്ചു വയസ്സു പ്രായമായിക്കാണും. അവളുടെ ആകൃതിവിശേഷത്തെ യഥാർത്ഥമായി വർണ്ണിക്കയാണെങ്കിൽ 'വെഞ്ചാമരചോലെ വെള്ളത്തലമുടി' എന്നു തുടങ്ങിയ ഒരു സരസകവിയുടെ വിവരണം ഇവളെ സംബന്ധിച്ചായിരുന്നെങ്കിൽ യോജിപ്പായേനേ എന്നുപറഞ്ഞാൽ മതി. പക്ഷേ ഇപ്രകാരമുള്ള യഥാർത്ഥവർണ്ണനം ഒരു കഥയിലെ നായികക്കു ചേർന്നതാണോ എന്ന് ഞാൻ സംശയിക്കുന്നു. അതിനാൽ ബ്രഹ്മാവു ഇഹലോകത്തിലും പരലോകത്തിലും ഉള്ള സകല സുന്ദരിമാരുടേയും സൌന്ദര്യ്യസാരം അരിച്ചെടുത്ത് ഒരു പുതിയസ്ത്രീരൂപമായി നിർമ്മിച്ചവളാണ് ഇവൾ എന്നുവേണം പറയാൻ.

ഞാൻ അവിടെ ചെന്ന സമയത്ത കോമളവല്ലി പുമുഖത്ത് ഒരു കട്ടിലിന്മേൽ ഒരു പുസ്തകം വായിച്ചുകൊണ്ട് ഇരിക്കയായിരുന്നു. ഞാൻ അടുക്കെയുള്ള ഒരു കസാലയിന്മേൽ ചെന്നിരുന്ന് 'ബാലേ' എന്നുതുടങ്ങിയ ഒരു ശ്ലോകം അതി ഭംഗിയിൽ ചൊല്ലി. ശ്ലോകം ചൊല്ലുന്ന സമയത്ത് കണ്ണ് സ്വല്പം അടഞ്ഞിരുന്നതിനാൽ, അവളുടെ മുഖത്തെന്തോ ഭാവഭേദങ്ങളുണ്ടായതെല്ലാമാണെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ചൊല്ലിക്കഴിഞ്ഞ് കണ്ണുമിഴിച്ചു നോക്കിയപ്പോൾ അവിടെ ആരെയും കാണാനില്ല. വിരഹവേദന നടിക്കേണ്ടത് എന്റെ പിന്നാലത്തെ മുറയാണല്ലോ.. അതിനാൽ വളരെ പ്രണയപ്പെട്ട് കണ്ണിൽനിന്ന് രണ്ടുമൂന്നുതുള്ളി വെള്ളം ഞെക്കി പുറപ്പെടുവിച്ചു. എന്റെ അപ്പോഴത്തെ അവസ്ഥയെ സൂചിപ്പിക്കുന്നതായി രണ്ടുശ്ലോകങ്ങളും എത്രയും അയാസപ്പെട്ട നിർമ്മിച്ചു. രണ്ടു ശ്ലോകങ്ങളുടെയും അവസാനം 'ഹന്തഞാനെന്തുചെയ്യു' എന്നായിരുന്നു. ചന്ദ്രരശ്മികളും അഗ്നിജ്വാലയും, തണുത്ത കാറ്റ് വിഷ

വായു, ചന്ദനച്ചാറ് തിളപ്പിച്ച എണ്ണ എന്നൊക്കെ അതിൽ വരുത്തിട്ടുണ്ടായിരുന്നു. ഊണും ഉറക്കവും അന്ന് ഉപേക്ഷിക്കേണ്ടി വന്നുഎന്നുപറയേണ്ടതില്ലല്ലോ. എന്തിനാ വള രെപ്പറയുന്നു വിപ്രലംഭശൃംഗാരംഎന്റെ മുഖത്ത് നല്ലവണ്ണം സ്ഫുരിക്കുന്നുണ്ടെന്ന് എന്റെ സ്നേഹിതന്മാരല്ലാത്ത ചിലർക്കുടി സമ്മതിച്ച് എനിക്ക് സർട്ടിഫിക്കെറ്റ് തന്നു.

നേരം രാത്രി എട്ടുമണിയായി. ശീമയിൽ നിന്നുവരുന്ന വെള്ള രസക്കട്ടകൂടുപോലെ പ്രകാശിച്ചുംകൊണ്ടിരുന്ന ചന്ദ്രബിംബത്തെ കാർമേഘങ്ങൾ വന്ന് മറച്ചു. അപ്പോഴത്തെ എന്റെ സ്ഥിതിയേക്കണ്ടു പരിഹസിച്ചു ചിരിക്കുയോ എന്നു തോന്നുമാറ് ആകാശത്തെങ്ങും നക്ഷത്രങ്ങൾ മിന്നിമിന്നിക്കൊണ്ടിരുന്നു.

എന്റെ പ്രാണപ്രിയയുടെ ദർശനം കാംക്ഷിച്ച് പുഷ്പവല്ലിഗൃഹത്തിലേക്ക് വീണ്ടും യാത്രപുറപ്പെട്ട അവിടെച്ചെന്നപ്പോൾഎനിക്കുണ്ടായ അസൂയയും, അമർഷവും കോപവും എന്തൊരുവനെക്കൊണ്ടാണ് വേണ്ടവിധം നടിക്കാൻസാധിക്കുക. ഞാൻ നിഷ്കളങ്കമായി സ്നേഹിച്ചിരുന്ന കോമളവല്ലി എന്തോ ഒരു പുരുഷനോന്നിച്ചു നേരംപോക്കും പറഞ്ഞു രസിച്ചുംകൊണ്ടിരിക്കുന്നു. എന്റെ ആഗമനനിവൃത്തിക്ക് പ്രതിബന്ധം വരുത്തിയ ആ മനുഷ്യകീടത്തെ 'വാടാമാനക്ഷാധമ' എന്നുപറഞ്ഞ് ഒന്നു പോരിനുവിളിച്ചെങ്കിലോ എന്നു സംശയിച്ചു. പക്ഷേ ഇയ്യുള്ളവൻ എന്തൊരുത്തനോടു യുദ്ധത്തിന്ന് പുറപ്പെട്ടാലും കലാശം ഇന്നവിധത്തിലാവുംഎന്ന് നല്ല നിശ്ചയമുണ്ടായിരുന്നതിനാൽ, 'ശക്താനാം ഭൂഷണം ക്ഷമാ' എന്നപ്രമാണം ചൊല്ലി തന്നെത്താൻ സമാധാനപ്പെട്ട് തിരികെ വീട്ടിലേക്കുപോയി. ഇങ്ങിനെ അനേകം പ്രാവശ്യം അവിടെ ചെല്ലുകയും ഇല്ലിട്ടുനായി മടങ്ങി വരികയും ചെയ്ത സംഗതിയേപ്പറ്റി വിസ്തരിച്ച വായനക്കാരെ മുഷിപ്പിക്കാൻ വിചാരിക്കുന്നില്ല. ഒരുദിവസം ഞങ്ങൾ തമ്മിൽ നടന്ന സംഭാഷണത്തെ താഴെ വിവരിക്കുന്നു.

ഞാൻ— അല്ലയോ ശരച്ചന്ദ്രമനോഹരാമവദനേ! ഭവതിയുടെ സൌന്ദര്യ്യ കഥാമൃതശ്രവണം യാവനൊരുത്തനെയാണോ

അപഹൃതചിത്തവൃത്തിയാക്കിച്ചെയ്തത ആ ജനംഇതാ ഭവതിയുടെ കൃപാകടാക്ഷ വീക്ഷണത്തെ കാംക്ഷിച്ചുംകൊണ്ട് ഭവതിയുടെ സന്നിധാനത്തിങ്കൽ പ്രത്യക്ഷീഭവിച്ചിരിക്കുന്നു.

കോമളവല്ലി— തന്റെ ഭവാന്റെ പേരിൽ എനിക്കുള്ള പ്രണയം അപ്രമേയമോ സീമാതീതമോ ആണെങ്കിലും ഇക്കാര്യത്തിൽ ഭവദിഛാനുസരണം പ്രവൃത്തിക്കുന്നതിൽ അനിവാര്യമായ ഒരു പ്രതിബന്ധമുള്ളതായി ഞാൻ ആശങ്കിക്കുന്നു.

ഞാൻ— ('ഈയാശങ്ക' എന്ന ശ്ലോകം ചകിതിച്ചൊല്ലി ഈ സന്ദർഭത്തിൽ യോജിക്കുന്നില്ലെന്നറിഞ്ഞ ചെട്ടെന്നു നിർത്തി) അല്ലയോ! ആശങ്കിത ഇങ്ങനെയാണെന്ന! ആ പ്രതിബന്ധമെന്താണെന്ന എന്നെ വഴിപോലെ ധരിപ്പിച്ചാലും. രോഗകാരണമറിയാതെ എങ്ങിനെയാണ ചികിത്സിക്കുന്നത്.

കോ— താതൻ ഈ സംഗതിയിൽ പ്രതികൂലിയാണെന്നുള്ള ഏകസംശയിതന്നെ

ഞാൻ— അല്ലയോ ഗതിവിഗതിമഹാവൈചിത്ര്യം കൊണ്ടന്നാനെ! പരസ്പരാനുരാഗമുള്ള സ്ത്രീപുരുഷന്മാർ മാതാപിതാക്കന്മാരുടെ ഇഷ്ടത്തെ അതിക്രമിച്ച് ഗുപ്തമായി വിവാഹം നടത്തിപ്പോരുന്നുണ്ടെന്നുള്ള കഥ ഭവതിക്ക് നിശ്ചയമില്ലേ. അതിനാൽ ഭവതി എന്തിനു സംശയിക്കുന്നു. ഉടനെ ഈ സ്ഥലം വിട്ടുപോകുന്നതിന്ന് വേണ്ട ഒരുക്കങ്ങൾ ചെയ്താലും

കോ— ഭവാൻ പറയുന്നത് ശരിതന്നെയാണെങ്കിലും താതന്റെ അഭിപ്രായമെന്താണെന്ന് കൂടി അറിഞ്ഞതിന്ന് ശേഷമല്ലേ നല്ലത്. ഒരുപക്ഷേ എന്റെ ശങ്കക്ക് അടിസ്ഥാനമില്ലെന്നു വന്നേക്കാം

ഞാൻ— കൊള്ളാം അത്യുത്തമപക്ഷം തന്നെ. ആ അഭിപ്രായം ഞാൻ അറിഞ്ഞുവരാം എന്നുപറഞ്ഞ് കോമളവല്ലിയുടെ പിതാവായ സിംഹോദരന്റെ അടുക്കെച്ചെന്നു. 'സിംഹോദരശേഖരനെ ഇതാ ഞാൻ അഭിവാദ്യം ചെയ്യുന്നു.' എന്നുപറഞ്ഞു.

സിം— മംഗളം ഭവിക്കട്ടേ

ഞാൻ— ഭഗവത്സമീപത്ത് ഇപ്പോൾ ആഗമിക്കുന്നതിന്നുള്ള കാരണം വഴിപോലെ കേട്ടാലും.

സിം— ഞാൻ അവഹിതനായിരിക്കുന്നു.

ഞാൻ— ഭൂപനൈകസുന്ദരിയായ ഭവൽപുത്രിയെ എനിക്കു പാണിഗ്രഹണംചെയ്യാൽകൊള്ളാമെന്ന് താല്പര്യമുള്ളതുകൊണ്ട്, ഇക്കാര്യത്തിൽ ഭവാന്റെ അഭിപ്രായം എന്താണെന്നറിവാനായിട്ടാണ് ഞാൻ വന്നത്.

ഇതു കേട്ടപ്പോൾ സിംഹോദരൻ കണ്ണുരുട്ടി ഇടിവെട്ടുന്ന മാതിരി രണ്ടു ശബ്ദം പുറപ്പെടുവിച്ചു. ഛീ, മൂഢാ, ഭൂമിസ്പൃഗ്ജാതാളം എന്നുവേണ്ട ഈ പതിനാലുലോകങ്ങളിലും അവൾക്കു യോജിപ്പായ ഒരു പുരുഷൻ ഇല്ലെന്ന് ഞാൻ തീർച്ചയാക്കിയിരിക്കെ, വിശ്രുതനും മൂഢനും നീചകുലജാതനും ആയ നീ ഇപ്രകാരമുള്ള വാക്കുകൾ പറഞ്ഞ് എന്നെ അപമാനിക്കാൻ വിചാരിക്കുന്നുവോ?

സിംഹോദരൻ കോപരസം നടിച്ചത് പ്രമാണപ്രകാരമായില്ലെന്നു എനിക്കു തോന്നിയെങ്കിലും അപ്പോൾ അതിനെ കുറിച്ചൊന്നും ഞാൻ പറഞ്ഞില്ല.

ഞാൻ— (താഴ്മയോടുകൂടി) ഭവാൻ പറഞ്ഞതൊക്കെ ശരിയാണെങ്കിലും സ്ത്രീകൾ തങ്ങൾക്കു ദൃഢമായ അനുരക്തിയുള്ള പുരുഷന്മാരോടു ചേരുന്നതല്ലേ ഭംഗിയായിരിക്കുക.

സിം— ഛീ മൂഢാ അവളുടെ മെല്ലാമിരിക്കുന്ന എന്റെ പുത്രിക്കു വിശ്രുതനായ നിന്നിൽ അനുരാഗമുണ്ടാകുന്നതെങ്ങിനേ.

ഞാൻ— അവൾക്കെന്നിൽ പരമാർത്ഥമായി അനുരാഗമുണ്ടെന്ന് അവളുടെ വാക്കുകളിൽനിന്നും വ്യക്തമായിരിക്കുന്നു. ഇതിൽ തന്നു ഭവാന്റെ സമ്മതം മാത്രമേ അറിയാനുള്ളൂ.

തന്നുഭവാൻ ഇതു കേട്ടപ്പോൾ കോപാന്ധനായി നിലത്തു രണ്ടുമൂന്നു ചവുട്ടു ചവുട്ടി ഒന്നു അട്ടഹസിച്ച് 'ആരവിടെ' എന്ന് ഉച്ചത്തിൽ ചോദിച്ചു. നമ്മുടെ ഉൽകൃഷ്ടവംശത്തിനു കളങ്കം ചേർപ്പാൻ ഉത്സാഹിച്ചുവന്ന ഇവനെ പിടിച്ചു ബന്ധിക്കുകയും, ആ ദാസിപുത്രിയെ കാരാഗൃഹത്തിലിടുകയുംചെയ്യു' എന്ന സിംഹോദരൻ കിങ്കരന്മാർക്ക് കല്പനകൊടുത്തു. ഇതു കേട്ട് ഉടനേ കിങ്കരന്മാർ തുരുതുരെവന്ന് എന്നെ ഒരു സ്തംഭത്തോടു ചേർത്ത് വരിഞ്ഞുകെട്ടി. അതിനുശേഷം സിംഹോദരൻ തന്റെ വാൾഉറയിൽനി

ന്നും ഊരി രണ്ടുമൂന്നു പ്രാവശ്യം ദംഗിയിൽ ഇളക്കി എന്റെ മാറിനെ ലക്ഷ്യമാക്കി ആരോഗ്യം ഭൃസകലം പ്രയോഗിച്ച് വെട്ടാനൊരുങ്ങി. പക്ഷേ വെട്ട് എന്റെ മാറത്ത് കൊള്ളുന്നതിനുമുമ്പിൽ പൂരുകളിൽനിന്ന് ഒരു ശ്വാനകൻ താഴെ വീഴുകയാൽ ഓങ്ങിയ വെട്ട ശ്വാനകന്റെ മേൽ കൊള്ളുകയും ഞാൻ പണിപ്പെട്ട ബന്ധനത്തിൽനിന്നും വേർപെട്ട് ചാടിഓടി പ്പോകയുംചെയ്തു.

വായനക്കാരേ, അല്പംകൂടി ക്ഷമിപ്പിൻ, ഒരു നോവൽ കത്താവിനുള്ള പൂർണ്ണസ്വാതന്ത്ര്യത്തെ അവലംബിച്ച് കഥ ഇപ്പോൾ അവസാനിപ്പിച്ചുകളയാം. കോമളവല്ലിയെ കാരാഗൃഹത്തിൽനിന്ന് മുക്തയാക്കുവാൻ അനേകായിരം വഴികളുള്ളതായി ബുദ്ധിയും മനോധർമ്മവും ഉള്ള എന്റെ വായനക്കാർക്ക് ഊഹിക്കാവുന്നതായിരിക്കെ, ഞാൻഎന്തുപായമാണ് പ്രയോഗിച്ചത് എന്ന നിങ്ങളോടു പറഞ്ഞിട്ട് എന്തൊരു പ്രയോജനമാണുള്ളത്. മുകളിൽ വിവരിച്ച സംഭവം നടന്നിട്ട് രണ്ടുമാസം കഴിയുന്നതിനുമുമ്പിൽ കോമളവല്ലിയും ഞാനും ഭാര്യാഭർത്താക്കന്മാരായി. വിവാഹംകഴിഞ്ഞ് മൂന്നാംദിവസം കോമളവല്ലിയെ അടുക്കെ വിളിച്ചിരുത്തി ഇപ്രകാരം പറഞ്ഞു.

അല്ലയോ പ്രിയതമേ, നീ എന്റെ ഭാര്യയായിരിപ്പാൻ തക്കവണ്ണം എനിക്കു ഭാഗ്യമുണ്ടായത് പൂർവ്വജന്മസുകൃതത്തിന്റെ ഫലമെന്നല്ലാതെ മറെറാന്നും പറവാനില്ല.

കോ— നാഥാ, അങ്ങെയ്തെന്താണ് ഇതുകൊണ്ട് ഒരുവലിയ ഭാഗ്യം എന്നുപറവാനുള്ളത് എല്ലാം എന്റെ ഭാഗ്യം എന്നുവേണം പറയാൻ.

ഞാൻ— ശരി, നമ്മുടെ രണ്ടുപേരുടേയും ഭാഗ്യംതന്നെ. പക്ഷേ ഈ ഭാഗ്യകാലം അവസാനിക്കാറായി.

കോ— (പരിഭ്രമം നടിച്ച്) എന്ത, എന്താണങ്ങനെ ഇങ്ങിനെ പറയുന്നത്.

ഞാൻ— നിന്റെ കഥ ഇപ്പോൾതന്നെ തീർത്തുകളയേണമെന്നാണ് വിചാരിക്കുന്നത.

കോ— അയ്യോ നാഥാവിവാഹം കഴിഞ്ഞിട്ട് മൂന്നുദിവസമല്ലേ ആയുള്ളൂ. ഇത്രവേഗത്തിലോ?

ഞാൻ— നിവൃത്തിയില്ല. കഥ വേഗത്തിൽ അവസാനിപ്പിക്കണം. വായനക്കാർ എനി ക്ഷമിച്ചിരിക്കുമെന്നു തോന്നുന്നില്ല. വിശേഷിച്ച് ഈ വിവാഹത്തിന്ന് വിരോധികളായ നിന്റെ മാതാപിതാക്കന്മാരെ കൂട്ടിയിണക്കി വരണമെങ്കിൽ കഥ വല്ലാതെ തിപ്പിച്ചുകൊണ്ടിരുന്നാൽ പരമ. ഇതിന്നും പുറമെ മറയാളത്തിൽ ടാങ്ങഡി (വ)സനത്തിൽ പച്ചവസാനിക്കുന്ന കഥയിലുണ്ടാകുന്ന ന്യൂനത ഇതിനാലെ പരിഹരിക്കേണമെന്നും ഉണ്ട്. അതിനാൽ എല്ലാം കൊണ്ടും നി ഇപ്പോൾതന്നെ മരിക്കുന്നതാണ് നല്ലത

കോ— നാഥാ അങ്ങയോട് ഒരു വാക്കു പറഞ്ഞോട്ടേ

ഞാൻ— അയ്യോ പാടില്ല അതിനിവിടെസ്ഥലമില്ല. മര്യാദയും ചോല്ലും ഉച്ചരിക്കാതെ വെഗത്തിൽ മരിക്കാനോരുങ്ങു.

എന്നുപറഞ്ഞ് എന്റെ കയ്യിലുണ്ടായിരുന്ന വാളുകൊണ്ട് കോമളവല്ലിയുടെ തലയെ ലക്ഷ്യമായിവീശി. അതിന്നുശേഷം എനിക്കുണ്ടായ പശ്ചാത്താപം (പശ്ചാത്താപപ്രായശ്ചിത്തം) എന്തുണ്ടല്ലൊ) നിമിഷം ലോകനശ്വരം, ശരീരം മാംസീമാംസസമ്മിശ്രമായിട്ടുള്ളത്, ജീവൻ നിത്യമത്രേ എന്നിങ്ങിനെ സാരഗർഭങ്ങളായ അനേകം വാക്കുകളെ ഉപയോഗിച്ച് അരമണിക്കൂറോളം പ്രസംഗിച്ചതിന്റെ ശേഷം അവളെ വെട്ടിയ വാളുകൊണ്ടു തന്നെ എന്റെകഥയും കഴിച്ചു എന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ.

കോപ്പുപുള്ള.

ഭാഷാ വിക്രമോർവ്വശീയ സാരം.

—:o:—

വാതമേറുമൊടിച്ചുറവിട്ടുംവിധം
യാതൊരാളുടെനിയോഗമേറുടൻ
ക്ഷിതസംഘമിഹചുറവിട്ടുന്നവാ
ക്ഷിതനാഥനെവണങ്ങിടുന്നഞാൻ
ക്ഷോണീതലത്തിലുളവായിടുംമുതൽക്കേ
ചോനാന്മട്ടിലിടിവുദിക്കിലാവന്നുചേരാൻ

കവീണ്ദ്രചിത്തിൽപ്രഥമനായൊരിനിക്കുമാശ്ലം
കാണിച്ചമന്യുരുടെകാലിണകെതൊഴുന്നേൻ

മലയാളഭാഷയായിഹ വിലസീടുംവിക്രമോർവ്വശീയത്തെ
ചലശുഭചിത്താലോചി ച്ചുലസാതത്തിനുള്ള സാരമെഴുതുന്നേൻ

ംരം വിക്രമോർവ്വശീയസാരം എന്ന ഗ്രന്ഥം മൂന്നാക്കി വിഭാഗിച്ചിരിക്കുന്നു. അവകളിൽ ഒന്നാംഭാഗം പ്രകൃതനാടകത്തിലെ നായക നായികാവിഭൂഷകാദികളും തങ്ങളുടെ മനോവാക്കായങ്ങളെക്കൊണ്ട് പലപ്പോഴും പല ദേശങ്ങളിലുമായി ചെയ്യുന്നതും അന്യോന്യം സംബന്ധമുള്ളതുമായ കർമ്മസമൂഹം തന്നെയായിരിക്കുന്ന കഥാസാരത്തിന്റെ വിവരണം. രണ്ടാംഭാഗം കഥാസാരംകൊണ്ട് സ്പഷ്ടമാവുന്നതും നായകാദികളെ സംബന്ധിച്ചതുമായ ഗുണത്തിന്റേയും ദോഷത്തിന്റേയും സാരത്തെപ്പറ്റിയ വിവരണം. മൂന്നാംഭാഗം പ്രകൃതനാടകംനോക്കിച്ച് കാണുന്നവർക്കും കേൾക്കുന്നവർക്കും പരമാനന്ദത്തെ ഉണ്ടാക്കുന്നതും പരസ്പരം ഗുണാദികൾകൊണ്ടും അനുകൂല കാലദേശാദികൊണ്ടും വർദ്ധിക്കുന്നതും രോമാഞ്ചം, സേദം, കമ്പം, കടാക്ഷം, മന്ദഹാസം, നിറപ്പകർച്ച, ചാപല്യം, മുതലായതുകൊണ്ട് പ്രത്യക്ഷമാവുന്നതും, ഔത്സുക്യം, വിഷാദം, സംശയം, ഉന്മാദം, ഹർഷം, മുതലായവകൊണ്ട് തിരമാലകൾകൊണ്ടു സമുദ്രംപോലെ വർദ്ധിക്കുന്നതും ആയ രസത്തിന്റെ സാരത്തെപ്പറ്റിയ വിവരണം. നാടകാദി ശ്രവകങ്ങളെല്ലാം നടിച്ച് സഭാവാസികളെ കാണിച്ച് രസിപ്പിക്കേണ്ടതാകയാൽ അതിലുള്ള കഥാസാരങ്ങളെല്ലാം രസമയങ്ങളായിരിയ്ക്കണം. മാനസികാരംകൊണ്ടുള്ള യാതൊരു ദേഹത്തിനും പുറത്തുവരാതെയിരിക്കുന്ന ഒരുവന്റെ സ്വഭാവം നടിപ്പാനൊന്നാണ് വകയുള്ളത്? അത് ഒരുവിധം നടിച്ചാൽ കാഴ്ചക്കാർക്ക് രസമുണ്ടാവുന്നത്? ഇഷ്ടാനിഷ്ടാദ്യങ്ങളായ പലപല മനോവികാരങ്ങൾകൊണ്ട് ഉള്ളിലുണ്ടാകുമ്പോൾ മുഖം, കണ്ണ്, പുരികം, കൈ, കാല്, മുതലായ സകലാംഗോപാംഗങ്ങൾകും, സ്വരം മുതലായവകൾക്കും വളരെ ഭേദഗതികൾ സംഭവിക്കുന്നതുകൊണ്ട് ഇതിനെക്കണ്ടാൽ തീരെ അറിയാത്തവിധമായ ഒരുവന്റെ സ്വഭാവം നടിക്കുവാനെന്തു വകയുണ്ട്! ആ

ത് നടിച്ച് കാണുമ്പോൾ ആരാണ് പരമാനന്ദപരവശനാകാത്തത്? എന്നാൽ ഇങ്ങിനെ ഉള്ളിലുകി മറിഞ്ഞസമയം ഒരു പുരുഷന്റെ ശതവർഷമായ ആയുഷ്കാലത്തിൽ പത്തോ നൂറോ നാഴിക മാത്രമെ ശരാശരി കണക്കുകൂട്ടുമ്പോൾ കാണുകയുള്ളു എന്നു വരുവാനാണുള്ളപ്പം. അതുതന്നേയും കാലദേശഹേതുകൾ കൊണ്ട് ഇടമുറിഞ്ഞ് മുറിഞ്ഞ് കിടക്കുന്നതായിട്ടാണ് അനുഭവസിദ്ധം. ഇങ്ങിനെയിരിക്കുന്ന കഥാഭാഗങ്ങളെ തമ്മിൽ സംബന്ധിപ്പിക്കുവാൻ മാത്രം ഇടക്കഥകളെയും സൂചിപ്പിക്കാതെ നിവൃത്തിയില്ല. അതുകൊണ്ട് രസമയമായ ദൃശ്യകഥാഭാഗത്തെ അങ്കങ്ങാം കൊണ്ടും അസംബന്ധത്തെ നിവൃത്തിപ്പാൻ മാത്രം വേണ്ടി സൂച്യമായ ഇടക്കഥാ ഭാഗത്തെ വിഷ്കംഭം, ചൂളികാ, അങ്കാസ്യം, പ്രവേശം, അങ്കാവതരണം, ഇവകളിൽ ഒന്നുകൊണ്ടും നാടകങ്ങളിൽ പ്രതിപാദിച്ചുവരുന്നു.

പ്രകൃതനാടകത്തിലാവട്ടെ, വൈശ്രവണന്റെ സന്നിധയിൽ ആട്ടംകഴിച്ച തിരിച്ചുപോയപ്പോൾ വഴിനടുവിൽ വെച്ച് ഉവ്വശിയെ അസുരന്മാർ ബലത്താലെ പിടിച്ചു കൊണ്ടുപോയ നിമിത്തം ശേഷം അപ്സരസ്ത്രീകൾ കരയുന്നു എന്ന സൂച്യകഥാഭാഗത്തെ "ആയ്ന്നാരെ" എന്നതുടങ്ങി "കരയുന്നതാണ്" എന്നതുവരെയുള്ള ഗദ്യംകൊണ്ടു സൂത്രധാരൻ സൂചിപ്പിച്ച പോയതിന്റെ ശേഷം അപ്സരസ്ത്രീകൾ പ്രവേശിച്ചിട്ട് ഉവ്വശിവിരഹമെന്ന വൃത്തായകാരണം മൂലമുണ്ടായ അസഹ്യശോകഭയങ്ങളോടു കൂടി രക്ഷിപ്പാൻ തക്ക ആരെയും കാണാനില്ലെങ്കിലും ദേവപക്ഷവും ആകാശഗമനസാമർത്ഥ്യവുമുള്ള വല്ലവനെ മിട്ടികിലെങ്കാനുമുണ്ടെങ്കിൽ കേട്ടവന്നരക്ഷിച്ചാംകൊള്ളാംമെന്ന് അന്യോന്യകായ്ത്തെ "രക്ഷിക്കണെ" എന്നുമുതൽ "ആരെരക്ഷിക്കുമെ" എന്നതുവരെയുള്ള ഗദ്യംകൊണ്ട് പ്രാർത്ഥിക്കുന്നു. ദൈവഗത്യാ അപ്പോൾ പുരുരവസ്സുമഹാരാജാവ് ആദിത്യഭഗവാനെക്കുറിച്ച് തൊഴുത് തിരിച്ചുപോരുന്നവഴിയിൽ അട്ടികിലെത്തി, അപ്സരസ്ത്രീകളുടെ പ്രാർത്ഥനയെ കേട്ടു. ജാത്യാതന്നെ ശൌര്യാദിക്ഷത്രിയഗുണപൂർണ്ണനും, പിന്നെഗുരുശിക്ഷാദികൊണ്ട് സകലവിദ്യാവിനീതനും, അസുര

സൈന്യോന്മൂലനാശനം കൊണ്ട് ദേവേന്ദ്രനെ വളരെത്തവണ സഹായിച്ചിട്ടുള്ളവനും കരുണാശാലിയും ആയിരിക്കുന്ന രാജാവിനെ അപ്സരസ്ത്രീകളുടെ ഈ പ്രാർത്ഥനയെക്കേട്ടപ്പോൾ അവരെ രക്ഷിപ്പാനുള്ള ഉത്സാഹം ഉള്ളിലൊതുങ്ങാത്തവിധം ഉണ്ടാകുമെന്ന നിശ്ചയമാണുപ്പോം. ഇദ്ദേഹം ഏതുസന്ദർഭത്തിലാണ് അവിടെ അപ്പോൾ വന്നതെന്ന് കൊറിക്കുന്നവർക്കും ദേവപക്ഷപാതിയും ആകാശഗമന സമർത്ഥനുമായ മനോഹരനായ അപ്സരസ്ത്രീകൾക്കും, ഇദ്ദേഹം അരാണെന്ന് രണ്ടുവകക്കാർക്കും ഉണ്ടാകുന്ന സംശയങ്ങളെ തീർക്കുന്നതിനായിട്ടാകുന്നു "എന്തോ" എന്നപദത്തിനു മുമ്പത്തെയും രണ്ടാമത്തേയും വിശേഷണങ്ങൾ. മനുഷ്യജാതിക്കുകിട്ടാത്തതായ ആകാശഗമന ശക്തി ഇദ്ദേഹത്തിനെങ്ങിനെ ഉണ്ടായി എന്ന സംശയത്തെ തീർപ്പാൻ ഈ അങ്കത്തിൽതന്നെ സഹജന്യായുടെ വാക്കിൽ "സോമദത്തമായ" എന്നവിശേഷണംകൊണ്ട് ഇദ്ദേഹത്തിന്റെ തേർ ദിവ്യമാണെന്നു വെളിപ്പെട്ടതുമാം. പ്രകൃതരക്ഷാകർത്താവിന്റെ കർമ്മം സൂക്ഷ്മത്തോളം അറിവാനും അറിയിപ്പാനും ആയിട്ടാണ് "എന്തിൽനിന്നു" എന്നതുമുതൽ "കൊടുമുടിയിൽ" എന്നതുവരെ രാജാവും അപ്സരസ്ത്രീകളും തമ്മിൽ ചെയ്ത സംഭാഷണം. ഉർവ്വശി പോയാൽ ത്രൈലോക്യനാഥനായിരിക്കുന്ന ദേവേന്ദ്രന്റെ സർവ്വസാരവും, സൌന്ദര്യാദി സ്ത്രീഗുണങ്ങളും, സ്വർഗ്ഗസുഖവും, ഞങ്ങളുടെ ജീവനും, പോയകൂട്ടത്തിലായി എന്ന അർത്ഥങ്ങളെ സൂചിപ്പിക്കുന്നതിനാകുന്നു ഉർവ്വശിയുടെ നാലുവിശേഷണങ്ങളും. ഉർവ്വശിയെ ചിത്രലേഖയോടുകൂടി എന്നവിശേഷണംകൊണ്ട് അവർതമ്മിൽ സർവ്വാവസ്ഥകളിലും പിരിയുന്നതല്ലെന്ന് വന്നതിനാൽ അതിസ്നേഹം സൂചിക്കുന്നു. രാജാവ് "കേശി" എന്നുപറയാതെ "ഹരിവിക്രമി" എന്നു പറഞ്ഞതുകൊണ്ട് അദ്ദേഹത്തിന്റെ ദേവപക്ഷം സ്പഷ്ടമായിരിക്കുന്നു. ആ സംഭാഷണത്തിന്റെ ഇടയിൽ രാജാവുപറഞ്ഞ സമാധാനവാക്കുകൊണ്ടു അപ്സരസ്ത്രീകൾക്ക് അപ്പോൾ ഉണ്ടായിരുന്ന ദുഃഖം അറിഞ്ഞതുനിമിത്തമാണെന്നും രാജാവിന്റെ അമാനുഷമായ ഈ ഉൽകൃഷ്ടശീലം സാഹചര്യത്തെക്കൊണ്ട് പരമാനന്ദമിസ്സയ

ങ്ങളും കൊണ്ടിളകിയ അപ്സരസ്ത്രീകളും ഇതോടുചേർന്ന മറ്റുസകല ദിവ്യഗണങ്ങളെയും ഇതിനെല്ലാം മൂലമായ ചന്ദ്രചൂഡതപത്തേയും ഓർത്ത് വിസ്മയത്തോടുകൂടെ നോക്കുകൊണ്ട് രാജാവിന് പൂർവ്വദിവ്യഗണചരിതങ്ങളും പലതുമുണ്ടെന്നും വന്നുകൂടി. 'നോക്കട്ടേ' എന്നുചെയ്യാം. പിന്നെ "സൂത" എന്നതുമുതൽ "കൊടിക്കൂറയും" എന്നതുവരെയുള്ള ഗദ്യംകൊണ്ട് ശത്രുഭയദിസകല കാര്യസാധകമായ പ്രതാപത്തിന്റെ വലിയ ഒരു അംശമായിരിക്കുന്ന വേഗത്തേരാജാവ് സമ്പാദിച്ചുവെന്നു പറയുന്നു. "അഥരാജർഷി എന്നതുമുതൽ "തീർച്ചതന്നെ" എന്നതുവരെയുള്ള ഗദ്യംകൊണ്ട് അപ്സരസ്ത്രീകൾക്ക് പ്രകൃതകാര്യസിദ്ധിയിൽ അത്യാവേശം മൂലമായി ഉണ്ടാവുന്നതും കാര്യസിദ്ധിവരെ തരകുത്തും പുറത്തും ഒരു പോലെ ശക്തിയായി ബാധിക്കുന്നതും ആയ കഠിന മനോവേദന കൊണ്ടുണ്ടാകുന്ന അസഹ്യതയെ പറയുന്നു.

ചിത്രലേഖ താങ്ങിപ്പിടിച്ചും മറ്റുള്ള ഉർവ്വശിയുടെ പ്രവേശംകൊണ്ട് അന്യദിവ്യസ്ത്രീകൾകൂടി ഇല്ലാത്ത അതിസുകുമാരസ്വഭാവം തോന്നുന്നു. ചിരകാലസഹവാസാദൃഢീകൃതസ്നേഹയായ ചിത്രലേഖയും ചക്ഷുപ്രീതികരങ്ങളായ ഉർവ്വശിയുടെ ഔസന്നദയ്യതാരുണ്യലാവണ്യാദി ഗുണങ്ങളെക്കണ്ട ഉടൻതന്നെ അതിചക്ഷപാതിയായിഞ്ഞിന്ന രാജാവും ആമോഹാലസ്യത്തെ അതിവേഗത്തിൽ കളവാൻ ഉൽക്കടേഛയോടുകൂടി ചെയ്യുന്ന പ്രവൃത്തികളെ "തോഴി! ആശ്വസിക്ക" എന്ന മുതൽ "തോന്നുന്നുവല്ലൊ" എന്നതുവരെയുള്ള ഗദ്യംകൊണ്ടു പറയുന്നു. സംഭ്രമംകൊണ്ടാകുന്ന ചിത്രലേഖ അപ്പോൾ പനിനീർമുതലായവയെ പ്രഭാവത്താൽ നിർമ്മിക്കാതിരുന്നത്. "കോഴ്ക്കുഹരിചന്ദനം" "കോഴ്ക്കുയിളുവസനം" — കോഴ്ക്കിളകുന്ന തടിച്ചൊരുകൊങ്കകൾനടുവിൽ സുരദ്രുസുമമാല്യം. "ജഗത്രയംവഴിക്കാക്കുന്നവലാരിവൈഭവാൽ" എന്നതിന് ചട്ടകപ്രായന്മാരായ ഭൃത്യന്മാർ ചെയ്യുന്നതെല്ലാം സ്വാമിചെയ്യുന്നതായി വിചാരിക്കേണമെന്നർത്ഥപ്രായം.

പിന്നെ ക്രമത്തിൽ ഉർവ്വശിക്ക തന്നേടമുണ്ടായ്കയായി അറിഞ്ഞ് രാജാവും ചിത്രലേഖയും സന്തോഷിച്ചതിന്റെശേഷം അപ്സരസ്ത്രീകളെ മടക്കി ഓടിച്ചു എന്ന വർത്തമാനം ചിത്രലേഖ പറ

ന്നതു കേട്ടിട്ട് ഉർവ്വശി കണ്ണുമിഴിച്ച് ഇന്ദ്രനല്ലാതെ ഇങ്ങിനായു
ള്ള ദുഷ്കരകർമ്മം ചെയ്യാനാരും കഴിയില്ലെന്നാദിപ്രായത്തെ ‘‘ഐ
ശ്വര്യംകൊണ്ട്’’ എന്നതുടങ്ങിയ തന്റെ ചോദ്യത്താൽ വെളിവാ
ക്കുന്നു. ഇന്ദ്രസദൃശനും ഇതുപോലെ ചെയ്യാൻ കഴിയുമെന്നാദിപ്രാ
യത്തോടുകൂടി ചിത്രലേഖ ചേർചറഞ്ഞ് കാണിച്ച്കൊടുത്തതി
ന്റേശേഷം രാജാവിനെക്കണ്ട ഉർവ്വശിക്കുണ്ടായ നായനാസുഖാ
നുഭവസമുദ്രം കോളിളകിയപ്പോൾ തിരമാലപോലെ ‘‘ശൂരനിനി
ക്കപകാരംതന്നെയാണ് ചെയ്തത്’’ എന്ന വാക്യവും ഉർവ്വശിയേ
ക്കണ്ട രാജാവിന്ന് ഭരതുപോലെതന്നെ ‘‘നാരായണ മഹർഷിയു
ടെ’’ എന്ന മുതൽ ‘‘നിർമ്മിയ്ക്കാൻ മിടുക്കെങ്ങിനെ’’ എന്നവരേയും
പിന്നെ ‘‘അവർ വലിയ’’ എന്ന മുതൽ ‘‘സഖീജനത്തിനോ’’ എ
ന്നവരേയും ഉള്ള വാക്യങ്ങളും ചുരുക്കപ്പെട്ടു. നിർമ്മിക്കാൻ തക്ക
പ്രാകുമോ’=നിർമ്മിയ്ക്കാൻ മിടുക്കെങ്ങിനെ. ‘ഉരയ്ക്കുവല്ല’=ഉരയ്ക്കു
വയ്യ. അസുരന്മാരുടെ ബലക്രമം കണ്ടിട്ടുണ്ടായ മോഹാലസ്യത്തി
ന്നു മുമ്പിൽ ഭരതനുടങ്ങിയശേഷംസഖികളെ കാഴ്ചവെക്കാനുണ്ടായിരു
ന്നു, തദ്പരാമർശമായസമയം കഴിഞ്ഞിരുന്നില്ല. അവർക്കും ഇതുപോ
ലെതന്നെ വല്ല ആപത്തും വന്നിട്ടുണ്ടോ എന്ന ശങ്കകൊണ്ട് ഉ
ള്ളിലുകിയ ഉർവ്വശിയുടെ ‘‘ആ സഖീജനം എവിടെയായിരിക്കും’’
എന്ന ചോദ്യത്തിന്ന് നിന്റെ അസുരഭയം തീർത്ത രാജാവുതന്നെ
യാണ് ഈ ഭയവും തീർപ്പാൻ സമർത്ഥൻ എന്നതുമായി ചിത്ര
ലേഖ മറുവടിചറഞ്ഞതിന്റെശേഷം ഉർവ്വശിയുടെ സാദ്ധ്വസ
മൌനത്തെ ചോദ്യമായി സ്വീകരിച്ച രാജാവ് പറഞ്ഞ മറുവടി
യുടെ ഭംഗിയും പ്രയോജനവും നല്ലവണ്ണമുള്ളതിനാൽ അതിനെ
അതിരുചികരമായ സ്വാദും, ജര, നര, മരണം, മുതലായ ദോഷ
ങ്ങളെ നശിപ്പിപ്പാൻ ശക്തിയുമുള്ള അമൃത്തന്നെയാണെന്ന് ഉ
ർവ്വശി കല്പിക്കുന്നു. തന്നെറയരേ രാജാവിനുള്ള അനുരാഗത്തെ
സൂചിപ്പിക്കുന്നതും രംഭമുതലായ സഖിമാക്ക് നിന്നെക്കാണായ്ക
കൊണ്ടുള്ള വിഷാദമല്ലാതെ യാതൊരു ആപത്തുമില്ലെന്ന് രാജാ
വിന്റാത്മാംകൊണ്ട് തന്നിയ്ക്ക സമാധാനമുണ്ടാകുന്നതും മറുമാകു
ന്ന മറുവടിയുടെ ഭംഗിയും പ്രയോജനവും. ഇങ്ങിനെ അമൃതമയ

മായ വാക്കിനെ കേട്ടിട്ടുണ്ടാകുന്ന വിസ്മയത്തെ മുമ്പിൽ കേട്ടിട്ടുള്ള രാജാവിന്റെ അനന്തദിവ്യഗുണങ്ങളേ ഓർത്തും 'യത്രാകൃതിസ്തത്രഗുണാഃവസന്തി' എന്ന സാഹിത്യികാശാസ്ത്രസിദ്ധാന്തത്തെ അനുസരിച്ച ആകൃതിവിശേഷംകണ്ടും ശമിപ്പിക്കുന്നു. കണ്ടപ്പോൾതന്നെ രാജാവിന്റെ നേരെ സദ്ഭാവമുണ്ടായതും പിന്നെ 'മഹിതശരച്ചന്ദ്രനെപ്പോലെ' എന്നതുവരെയുള്ള വാക്യാമൃതപ്രയോഗങ്ങൾകൊണ്ടു വർദ്ധിച്ചതു മായ മദിലാഷം ഉള്ളിലൊതുങ്ങാതെ പുറത്തേക്കുകണ്ണിൽകൂടിപ്പുറപ്പെടുന്നവിധം ഉർവ്വശി കടാക്ഷിക്കുന്നതുകണ്ട് ചിത്രലേഖസംശയം ഉപേക്ഷിച്ച് 'എന്താണ് നോക്കുന്നത്' എന്ന ചോദിച്ചതിന്ന് അഭിലാഷശക്തികൊണ്ട് തൽക്കാലം ഒന്നും ഓർക്കാതെ ഉർവ്വശി 'സമദുഃഖസുഖമാണിജ്ജനം' എന്ന സത്യത്തെത്തന്നെ പറഞ്ഞുപോയതിന്റെശേഷം ചിത്രലേഖ 'ഏ, ഏത്' ? എന്ന ആവർത്തിച്ച ശങ്കയിൽ ചോദിച്ചപ്പോൾ എല്ലാമോർത്ത് സദ്ഭാവലജ്ജയോടുകൂടി തന്റെ അഭിലാഷത്തെ ഉർവ്വശി 'സഖിജനം' എന്ന ഉത്തരംകൊണ്ട് ഒരു വിധം മറയ്ക്കുന്നു. യാതൊരു കേടുംകൂടാതെ ഉർവ്വശിയോടും ചിത്രലേഖയോടും കൂടിച്ചെന്നവരുന്ന രാജാവിന്റെ അതിമാനുഷമായ ആകൃതി വിശേഷത്തേയും പ്രതാപത്തേയും കണ്ട് രംഭതുടങ്ങിയ അപ്സരസ്ത്രീകളും 'തോഴിമാരെ' എന്ന മുതൽ 'ദുർല്ലഭമാണെല്ലൊ' എന്നതുവരെയുള്ള ഗ്രന്ഥംകൊണ്ട വർണ്ണിക്കുന്നു. തേരിറങ്ങുമ്പോളുണ്ടാവുന്ന ഇളക്കംകൊണ്ട് രാജാവിന്റെ ചുമലിന്മേൽ എന്റെ ചുമൽ മുട്ടിപ്പോയി; ഇനിക്ക് ഒട്ടും അകന്നുനിൽക്കുവാൻ തരമില്ലാത്ത വിധത്തിൽ നീ എന്റെ ശരീരത്തോടുചേർന്നു നിന്നിട്ടാണ് ഇങ്ങിനെ സംഭവിച്ചതു; എന്ന് വരുത്തുവാനായി തോഴി! കുറച്ചു മുമ്പോട്ടു കയറി നിൽക്ക എന്ന ഉർവ്വശിയും, നിന്റെ ഗൂഢാഭിപ്രായമെല്ലാം മനസ്സിലായി. അതിനു വിരോധമായി ഒരുവും പ്രവൃത്തിപ്പാൻ ഇനിക്കു വയ്യ, എന്നവരുത്തുവാനായി പുഞ്ചിരിയിട്ടുകൊണ്ട് 'ഇനിക്കു വയ്യ' എന്ന് ചിത്രലേഖയും തമ്മിൽ സംഭാഷണം ചെയ്യുന്നു. 'ഇവിടെവെച്ച' എന്നതു മുതൽ 'സംഗതിവരട്ടെ' എന്നവരെയുള്ള ഗ്രന്ഥംകൊണ്ട് പ്രകൃതകാര്യസിദ്ധിയുടെഫലമായ

ആനന്ദ സാരത്തെ പറവാക്കുകളെക്കൊണ്ടും പ്രവൃത്തികളെ കൊണ്ടും പ്രകാശിപ്പിക്കുന്നു. അനന്തരം ഉർവ്വശിയെ മാധ്യമത്തിൽ കൊച്ച് കേശി പിടിച്ചുകൊണ്ടുപോയ വർത്തമാനം നാരദമഹർഷി പറഞ്ഞുകേട്ട് സംഭ്രമത്തോടുകൂടി ദേവേന്ദ്രൻ അസുരനെ ജയിച്ച് ഉർവ്വശിയെത്തിരിച്ചുകൊണ്ടു വരുവാനായി കല്പിച്ചയച്ച ഗന്ധർവ്വപ്പെരുമ്പടയുടെ രാജാവായ ചിത്രരഥൻ പ്രവേശിച്ച ആ വർത്തമാനത്തെയും മാറും രാജാവിനോടു പറഞ്ഞ് സന്തോഷപ്രശംസയെ ചെയ്യുന്നതിനെ തടഞ്ഞ് രാജാവ് "അതുമിന്ദ്രനെഴുന്ന വിയ്ക്കുമല്ലോ" എന്ന ശ്ലോകം കൊണ്ട് ഉദാഹരണത്തോടുകൂടി പറഞ്ഞതിന്റെ താല്പര്യാർത്ഥം:—ഇന്ദ്രന്റെ വീര്യംകൊണ്ട് പകർത്തിയ എന്റെ വീര്യം ഇന്ദ്രന്റെ വീര്യം തന്നെയാണ്, പ്രതിബിംബമായ ഇതിന്നും ശത്രുസംഹാരാദി കാര്യങ്ങളെ ചെയ്യുവാൻ ശക്തിയുണ്ട്, സാക്ഷാൽ സിംഹനാദത്തിന്റെ ഒരു പകർപ്പായ ഗുഹയിൽനിന്നു പുറപ്പെടുന്ന സിംഹനാദത്തിന്ന് ആനകളെ നശിപ്പിപ്പാനുള്ള ശക്തികാണുന്നില്ലെ? അതുപോലെ എന്നാകുന്നു. പൊലീസ്സുനിയമം, സിവിൽ നിയമം, മുതലായവകൊണ്ട് നമുക്കിപ്പോൾ വളരെ അധികം രക്ഷകിട്ടുന്നുണ്ട്. എന്നാൽ ഇതൊന്നും നാട്ടുരാജാക്കന്മാരുടെയല്ല, ഇവ ബ്രിട്ടിഷ്ഗവർമ്മേണ്ടിൽനിന്നു പകർത്തിയതാണ്, എന്ന നാട്ടുരാജാക്കന്മാരുടെ പ്രജകളും, ഒരു ചട്ടവട്ടങ്ങളെല്ലാം അവിശയം തന്നെ. ഇതൊക്കെ രാമയ്യന്റെയാണ്, എന്ന മുറജപത്തിൽ സന്തോഷിച്ചുകൊണ്ട് നമ്പൂരിമാരും പറഞ്ഞുപോരുന്ന വാക്കുകളെ ഇവിടെ സ്മരിച്ചാൽ നന്നായിരിക്കും. (ഞാൻ തന്നെയാകുന്നു സർവ്വൽക്കഷ്ടൻ എന്ന ഉറപ്പുകൊണ്ടുണ്ടാകുന്ന പരമാനന്ദയാകുന്നുഗർവ്വം. ഗുണങ്ങളെല്ലാം പ്രത്യേകിച്ച് ഇതിന്നു കാരണമാണ്. ഇതെല്ലാ ഗുണങ്ങളേയും നശിപ്പിക്കയും ചെയ്യും. ഒരു ഗുണത്തിന്നും വിലിപ്പാൻ അവസാനിക്കുന്നതല്ലെന്നു കാണുന്നതാകുന്നു അഗർവ്വത്തിന്റെ കാരണം, ഈ കാര്യമുള്ളവൻ തന്റെ ഗുണങ്ങളെ ക്രമേണ വർദ്ധിപ്പിക്കും) ഇങ്ങിനെയുള്ള അർത്ഥങ്ങളെ ശങ്കിച്ചിട്ടാകുന്നു ചിത്രരഥൻ രാജാവിന്റെ അഗർവ്വത്തെ ശ്ലാഘിച്ചത്. ഇപ്പോൾ ഇന്ദ്രനെക്കാഴ്ചാനിടയില്ലല്ലോ എന്ന രാജാവിന്റെ വാക്കിന്ന് ഞങ്ങൾ പ്രജാകാര്യത

ങ്ങോം കൊണ്ട് അധികസമയവും പരതന്ത്രനായിരിക്കുന്നതു നിങ്ങൾക്കറിയാമല്ലൊഎന്ന സിദ്ധാന്താർത്ഥം. കായ്യം പറയാതെ തന്നെ ഒരുവിധം സൂക്ഷ്മമായി അറിഞ്ഞ ഇഷ്ടസഖിയായ ചിത്രലേഖയെ എനിക്കൊരം അനുരാഗസാധനത്തെ ധരിപ്പിക്കാമെന്നും ഇപ്പോഠാം ചെയ്ത വന്നായ ഉപകാരംകൊണ്ട് ഞാനിനിമേലിലെല്ലാം അങ്ങയുടെ തന്നെയായിരിയ്ക്കുന്നു എന്നത് രാജാവിനെ ധരിപ്പിക്കേണമെന്നും വിചാരിച്ചിട്ടാകുന്നു ;;തോഴി ചിത്രലേഖെ'' എന്നമുതൽ ;;ഉർവ്വശി അറിയിയ്ക്കുന്നു'' എന്നതുവരെയുള്ള വാക്കുകൊ. ;;ചിന്നെകാണാം'=ചിന്നെക്കാണാൻ. തരമുള്ളപ്പോ ളെല്ലാം ഇനിയ്ക്കുങ്ങക്കാണ്മാൻ സംഗതിവരുത്തിയാൽ കൊള്ളാമെന്നു താല്പര്യം. ;;ചൊല്ലുന്നതിന്നു തടവനാചിച്ചിട്ട്'' എന്നമുതൽ ;;കേണ്ടുഞാനാം'' എന്നവരെയുള്ള ഗ്രന്ഥംകൊണ്ട് രാജാവും ഉർവ്വശിയും തമ്മിൽ ചിരിയുമ്പോഠാം മനസ്സിരുത്തായ്കകൊണ്ടുണ്ടായ ചെറിയ വിഷ്ണത്തെ വർണ്ണനാക്കുകയും പ്രശംസിക്കുകയും ഇത് ഒരു വലിയ ഉപകാരമായിഎന്നു സന്തോഷിക്കുകയും ചെയ്യുന്നു. ;;മഹാരാജാവേ'' എന്നമുതൽ ;;കേണമെങ്കിൽ'' എന്നതുവരെയുള്ള ഗ്രന്ഥംകൊണ്ട് സൂതൻ അങ്ങയ്ക്കു യാത്രാകാലമായി എന്നതിനെ കാണിക്കുന്നു. പിന്നെ സൂതൻ ഓടിപ്പിച്ചു നിറുത്തിയ തേരിൽ കയറിയ രാജാവും മേൽപ്പോട്ടുചൊല്ലുന്ന ഉർവ്വശിയും ആ വേർപാടിങ്കൽ ദുഃഖംകൊണ്ട് അധികമായി കുഴങ്ങിയതിനെ അങ്കാവസാനംവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു.

കൊട്ടങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

സമാനം

ഇക്കൊല്ലം ചിങ്ങത്തിലും തുലാത്തിലുമായി രണ്ടു സമാനലേഖനങ്ങൾ പ്രസിദ്ധംചെയ്ത വിവരം വായനക്കാർ മറന്നിട്ടില്ലായിരിക്കാം. അവയിൽ ഒന്നാമത്തേതിന്റെ ന്യായീകരണത്തിനായിട്ടാതെപോയതും രണ്ടാമത്തേത് എഡിറ്റർ പ്രധാനിയായാലും വിചാരിച്ചിരുന്നപോലെകനം തുടങ്ങുന്നതിനുള്ള അവകാശങ്ങളെകൊറ്റുദ്ദേശംകൊണ്ടും ഉപന്യാസമെഴുതുന്നതിനുള്ള സാമഗ്രികൾ ഒരുക്കൂട്ടുന്നതിൽ ഉപന്യാ

സകന്യാക്കുള്ള ശ്രദ്ധാഭേദമോ ഔചിത്യമനസ്യമോ കാരണവും ആയിരിക്കുമെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്. അതുകൊണ്ട് മുൻകൊടുത്തുമാതിരിയുള്ള മൊരട്ടുവിഷയങ്ങൾ തൽക്കാലം നിറുത്തിവെച്ച് ലക്ഷ്യങ്ങളുടെ അപേക്ഷകൂടാതെ കേവലം മനോധർമ്മം കൊണ്ടുമാത്രം, വഴിപ്പുറത്താവുന്നതായ ഒരു വിഷയം കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നു.

ഈ വിഷയം ദുഃഖരസപ്രധാനവും സചയംകൃതവുമായ ഒരു ചെറിയ കെട്ടുകഥയാണ്. ഇത രഞ്ജിനിയുടെ 12 ഭാഗങ്ങളിൽ കവിയാതേയും 10 ഭാഗങ്ങളിൽ കുറയാതേയും ഉണ്ടായിരിക്കണം. ഭാഷക്ക് സാമാന്യമായിട്ടുവേണ്ടുന്ന വാചകഭംഗി പദശുദ്ധി മുതലായവയും ബുദ്ധ്യായികൾക്ക് പ്രത്യേകിച്ച് വേണ്ടുന്ന കഥകെട്ട്, സചമാവണ്ണം, ഉപദേശത്രുപമായ സാരം മുതലായ ഗുണങ്ങളും ഉണ്ടായിരിക്കേണമെന്ന പറയേണ്ടതില്ലല്ലൊ. ഒരു കഥാത്രുപമായ ഉപന്യാസം വരുന്ന മീനമാസം 5-ാംനു-ക്ക മുമ്പായി രസികരഞ്ജിനി ആപ്പീസ്സിൽ എത്തിച്ചുതരേണ്ടതാകുന്നു. പ്രസിദ്ധിയോഗ്യങ്ങളായിട്ടുള്ളവയിൽവെച്ച് ഉത്തമമായതിന്ന് പത്തുറുപ്പിക സമ്മാനം നിശ്ചയിച്ചിട്ടുള്ളത് ലേഖകന്മാരുടെ ബുദ്ധിപാടവത്തിന്ന് അടുത്ത പ്രതിഫലമാകുന്നുവെങ്കിലും രഞ്ജിനിയുടെ പ്രാല്യസ്ഥിതിയെ വിചാരിച്ച് തുച്ഛം പ്രതിഫലമെന്നു വിശ്വസിക്കുന്നു. ര. ര. പത്രാധിപർ.

മൂന്നു ശ്ലോകങ്ങൾ.

——— : o : ———

ഇതളിനെഴുന്നഗവ്മുടിയും മുടിയും
വരസുധതന്നെറ മാനമൊഴിയും മൊഴിയും
പരിമൃദുപല്ലവങ്ങളും വിരളം വിരളം
രതിരളമനുപമാന്ന കലയേ കലയേ ॥

തങ്കമയക്കുന്നകളുരംഭോരുമെഴുകുംവിംബാധരവിളതളിരും ।
പങ്കജമെന്നിവയെല്ലാം രഞ്ജനസൃകൃതം സമാഹൃതിയുണ്ടോൻ ॥
കുഞ്ചിപുരത്തു രവിവർമ്മകോയിത്തമ്പുരാൻ.

പരിമളമിടുന്ന കുന്തളത്തെ കാണ്മതിനിവദനമൊരയായ്ക്കുജീവനാഥേ
മലനാതതയിൽ വിരാജമാനൻ മറന്നാലഗതിചകോരകിശോരമെ
മൂടേടത്തു കുലായി നമ്പൂരിപ്പാട്. [തുടരെയുള്ളു.

ശിവമയം.

പ. അംഗംനേരെനടപ്പൊളിച്ചചരനായ് കൂല്ലിക്കിലും കണ്ണട
ച്ചുങ്ങുന്നേരെവിഷം കുടിച്ചുചുടലയ്ക്കുംപ്പക്കിരുന്നീടിലും ।
അന്നാക്കാലനെ നിഗ്രഹിച്ചതു നിമിത്തത്താലിനിച്ചാകയി
ല്ലെന്നുംപ്പൂവിൽ നിനയ്ക്കയോമറുമരുന്നുണ്ടാകയോ ദൈവമേ ॥
വെണ്മണി മഹൻനമ്പൂരിപ്പാട്.

ഉ. ഫാലത്തിയ്യിനു വെള്ളമുണ്ടുതലയിൽ കണ്ഠസ്ഥഹാലാഹല
ജ്വാലയ്ക്കുണ്ടുശിവാധരാമൃതരസംമെയ്യിൽപെട്ടം പാമ്പിനും ।
മേലൊത്തോഷധിനായകൻ മുടിയിലുണ്ടിന്നൊന്നുകൊണ്ടുംഭവാ
നാലസ്യം പിണയാതശേഷരജയിച്ചാലും ജഗന്മണ്ഡലേ ॥
ഒറവങ്കര നീലകണ്ഠൻനമ്പൂരി (രാജൻ)

നു. മുന്നം താൻപ്രസവിച്ചുരാക്ഷണചതുർബ്ബിംബാണ്ഡസന്താനം
വേല്വവും

പിന്നെത്താൻ കണവന്റെ മറുവകയാമാത്മാത്തനും കാളിയും
എന്നീമക്കളെയൊന്നുപോലെ കരുതിപ്പോറ്റുന്നൊരാപ്പാറുവൊ
ത്തെന്നും തെണ്ടി മലപ്പുറത്തലയുമാക്കുന്നപ്പനുണ്ടോ സുഖം ॥

സന്ധ്യാവർണ്ണനം.

പ. പരംപ്രഭാതൂലികയാൽ ജഗത്തിൻ
നിറംകൊടുക്കും രവിചിത്രകാരൻ
പരന്നൊരഭ്രപ്പലകപ്പുറത്തി
ട്ടരംകലത്തുന്നിതുവർണ്ണമെല്ലാം
ഉ. ഘനങ്ങളിൽശ്ശൈലമൃഗാദിയായു
ള്ളനന്തരൂപങ്ങൾകുറിച്ചുനോക്കി
ഇനൻപലേടം പലവർണ്ണമിട്ടു
മിന്നുകിമായ്കുന്നു തെളിഞ്ഞിടാതേ
നു. ഇരുട്ടിടാൻ വാസനയാലനേകാ
ളിരട്ടികൂട്ടുമ്മകനന്തികാലം
കുറിപ്പുവർണ്ണങ്ങൾ കവർപ്പുശീല
വിരിപ്പുകൊണ്ടുണ്ടിതമൂടിടുന്നു

൫. ഇടയ്ക്കനക്ഷത്രവിതൃദ്ധമുണ്ണു
കൂടുകിടവച്ചുള്ളൊരിരട്ടപട്ടാൽ
തടച്ചുമൂടിടിലുമിഞ്ഞുഭംഗി
കെടുത്തിടുന്നില്ലിഹ കാഖബാഖൻ

൬. വരട്ടെയക്കൻകടലിൽക്കളിച്ചു
വരട്ടെയന്നാലിനി വേണ്ടപോലെ
പരക്കെയോരോവകവർണ്ണമിട്ടു
നിരത്തുമീവിശവിചിത്രചിത്രം.

കീർത്തനം.

പന്തുവരാടി-മുറിയടന്ത.

പാഹിമാം പാവ്വതീപതേബാലേന്ദുമൗഡ-
പാഹിമാംപാവ്വതീപതേ-
ബാഹുകലിതപരശുഹരിണ-
ബാണനേജദവനഭരണ-
ദേഹലസിതദസിതധവള-
വാഹമഹിതവിമലചരണ- പാഹിമാം-
ലോഹകഠിനദേഹപുരവി-
ദാഹമനുജവാഹസഖനി-
രീഹനിഗമവാഹശിഖരി-
ഗേഹമദനദേഹഹേന- പാഹിമാം.
ധാമവിജിതസോമഭൂജശ-
ദാമലസിതഭീമവിവിധ-
നാമഭവനരാമമുനില-
ലാമപരശുരാമവിനത- പാഹിമാം.
ഫേനവിലസമാനവൃഷഭ-
യാനനഗശയാനഹംസ-
യാനപുരനിലീനസുരന-
ദീനപരമദീനശരണ- പാഹിമാം-

വെണ്മണി അച്ചൻനമ്പൂരിപ്പാട്-

കേരളക്ഷിതിരത്നമാല്യം.

———:o:———

ഉണങ്ങിയവയേയും പഴുത്തവയേയും പച്ചനിറമുള്ളവയേയും മച്ചിങ്ങയേയും ഒരം ഫലങ്ങളാം എ ാം കണക്കാക്കി ആതിൽ നിന്ന മൂന്നിലൊന്ന കാടിയാന്റെ ഭാഗം ന്യജിച്ചശേഷം നാളികേരങ്ങളാം ഇന്നിക്കാകുന്നു.

കേരാരാമംസുസംവീക്ഷ്യ പഞ്ചധാവിഭജേച്ചയം
കഷ്ടാതികഷ്ടമദ്ധ്യാഢ്യ ശ്രേഷ്ഠശ്രേഷ്ഠതമാൻക്രമാൻ സൂ

തെങ്ങിൻതോട്ടംനോക്കി ആതിനെ അഞ്ചുതരമായി വിഭാഗിക്കണം. ആതിൽ ഒന്നാന്തരം കഷ്ടം രണ്ടാന്തരം ആതികഷ്ടം മൂന്നാന്തരം മദ്ധ്യാഢ്യം നാലാന്തരം ശ്രേഷ്ഠം അഞ്ചാന്തരം ശ്രേഷ്ഠതമം ഇങ്ങിനെ ക്രമം.

ഹരിന്നിതാസ്ഥിമിതാ ആതികഷ്ടകനിഷ്യയോഃ
ഫലാകൃതിമിതാമദ്ധ്യ നാളികേരമഹീരുഹേ സൂ

ദന്തോന്നിതംഫലാശ്രേഷ്ഠേ ശ്രേഷ്ഠാഢ്യേവർണ്ണസമ്മിതാഃ
ഇത്യാഹുഃകൃത്രചിന്നാത്ത ഭാഗോ ാത്ര്യജ്യതേബുധൈഃ സൂ

ഒന്നാന്തരത്തിൽ ഫ0ം രണ്ടാന്തരത്തിൽ ഫക്ഷം മൂന്നാന്തരത്തിൽ ഫ0ം നാലാന്തരത്തിൽ സ്ഫ ം അഞ്ചാന്തരത്തിൽ ഫ0ം നാളികേരങ്ങളാം ഉണ്ടാകുന്നു. ഇങ്ങിനെ ചിലർ പറയുന്നു. ചിലർ ഇതിൽ നിന്ന ചിലഭാഗം ഉപേക്ഷിക്കുന്നു.

കഷ്ടേഃകരതരൈരുദ്ധരാധംമിതാ രണാക്കൃതിഷ്ഠവിതാഃ
യദ്വാവിംശതിസന്മിതാഢ്യരിമിതാഃ ശ്രേഷ്ഠാക്ഷവിത്രോന്നിതാഃ
മദ്ധ്യേത്തുൽകൃതിസമ്മിതാശപരമിതാദിഷ്ടാധ്യ ിതാ
ശ്രേഷ്ഠത്തുദ്ധ്വമശീതികാന്നുമിതാസ്ഥൽഫലൈഃ ഫോസ്സരിദിഃ

ഒരം ശ്ലോകംകൊണ്ടു മൂന്നുതരമായി തന്നെ വിഭാഗിച്ചശേഷം രണ്ടിനും ആതിൽ അന്തർഭവത്തെ പറയുന്നു. ഒന്നാന്തരത്തിൽ ഹ-ൻ-ഫ0-ഫക്ഷ ഫ്ര-0ം- ഇങ്ങിനെ ഉണ്ടാകുകയും. രണ്ടാന്തരത്തിൽ 0ന്ന-സ്ഫ- സ്ഫ്ര- ഇങ്ങിനെയും. മൂന്നാന്തരത്തിൽ പ്ര0-ഖരെ ഉണ്ടാകുകയും ചെയ്യുന്നു എന്ന വിദ്വാന്മാർ പറയുന്നു.

ധരാധരം- ൭ (പർവ്വതങ്ങൾ ൭); അക്ഷർ- ൧൧ (സൂര്യന്മാർ ൧൧); ഉൽകൃതി- ൨൬- (൨൬-ാമത്തെ ക്രാന്തസ്സ്); അശ്വദം ൩൫ (അശ്വം ൨, ഭം- ൨൭ നക്ഷത്രങ്ങൾ); അതിധൃതി- ൧൯ (൧൯ാമത്തെ ക്രാന്തസ്സ്, ദ്വിഷ്ണം-, ൨-ംവിരുദ്ധി) അശീതി വ്യാ.

ഫലാനിനാളികേരസ്യ സന്ത്യശീതിമതീത്യചേൽ
തേഷാന്നകരനിർണ്ണീതി രിതിഃകചിൽബുധാജഗുഃ ൩൫

വ്യാ-ൽ അധികം തെങ്ങുണ്ടാകുന്നുഎങ്കിൽ ആ അധികമുള്ള തെങ്ങുകൾക്ക കരംനിർണ്ണയിപ്പാൻപാടില്ലെന്ന ചിലർ പറഞ്ഞിരിക്കുന്നു.

ശകവരീമാഗമഹതാ മതിത്രുടവന്തിഃചേൽ
ഫലാനിനാളികേരസ്യ തൈന്നാസ്തികരനിർണ്ണയഃ ൩൬

വ്യ-ൽ അധികം ഫലങ്ങൾ ഉണ്ടായാൽ അധികമുള്ള തേങ്ങക്ക കരം ഇല്ലാ.

ശകവരി=വ്യ x ഭാഗമം ൩=വ്യ- ഹതം=ചെയ്തുക.

ഫലാനിനാളികേരസ്യ ചതുഷ്കനമതിത്യചേൽ
ഭവന്തിതൈന്നനിർണ്ണീതിഃ കേരസ്യേത്യചരേജ്ജഗുഃ ൩൭

൩൬ (ചതുഷ്കനം=൩൬)ൽ അധികം ഫലങ്ങൾ ഉണ്ടെങ്കിൽ ആ അധികസംഖ്യ പിടിച്ച കരംനിർണ്ണയമില്ലെന്നചിലർ പറയുന്നു.

പൂഗാസ്സഹസ്രദളചാദസഹസ്രസംഖ്യൈ
സ്സദാൻസ്മരേദ്ഘനപഞ്ചകൃതിദ്വയാഢ്യാം
യുക്താശ്ശരേനചമിതൈർമ്മഹദഫലൈസ്സ്യു
സ്താൻവീക്ഷ്യസൂക്ഷ്മകരനിർണ്ണയമത്രകുര്യാൽ ൩൮

കഴുങ്ങുകൾ ൧൨൫ (സഹസ്രദളം ൧൦൦൦= ൧൦൦൦ന്റെ വൽ ഒന്ന ൧൨൫)- ൨൫-ന്നധികം ഫലങ്ങൾ ഉള്ളവ വളരെഉണ്ട. അവയെനോക്കി സൂക്ഷ്മനിർണ്ണയം ചെയ്യണം.

൧൨൫ സ്മരേദ്ഘനം x ൫ + ൨ (കൃതിദ്വയാ) =൩൩൫ + ൧൦൦ =൪൩൫.

ഫലാനിപൂഗസ്യസഹസ്രസംഖ്യാ
മതീത്യചേൽസന്തിനരേതുകേരസ്യ
നിർണ്ണീതിരാശാഹതബാണസംഖ്യാ
ഫലോനപൈശ്ചേന്നസൽഭിർകരുധ്യാ ൩൯

ഫാഠാ൯ അധികം ഫലങ്ങൾഉണ്ടെങ്കിൽ ആ അധിക ഫല ങ്ങൾക്കും കരനിർണ്ണയം ഇല്ലാ. ഓഠ൯ കുറഞ്ഞ ഫലമുള്ള കഴുങ്കു കൾക്കും കരനിർണ്ണയം ഇപ്പോ ഴുണ്ട് സജ്ജനങ്ങൾ പറയുന്നു.

ആശാഹതഖാണാസംഖ്യ=ആശ (ദിക്കുകൾ) ഫാ-ഖാണം ആ ഹതം. പൊരുക്കുക; ഫാ × ദി-ദി൦.

പൂഗാനാംദിശശതകൈ
ർഖ്വാണമിതൈർല്ലോകസംഖ്യൈർവ്വാ
ഭവതിതുഖാവേദമിതൈ
ർന്നിർണ്ണയമേതസ്യാപുഷ്ടിമവലോക്യ ൭൦

കുഴുങ്കുകളിൽ ഫാഠാ- ഓാ- നാഠാ- ഠാ- രാഠാ- ഇങ്ങിനെ ഞെ സംഖ്യകളായ ഫലങ്ങളെനോക്കി അതിന്റെ പുഷ്ടിപോലെ കരനിർണ്ണയം വരുത്തേണം.

ബഹുവിധതാലതരുണാ മാസഫലകരനിർണ്ണയംപ്രകൃത്യാതു
ടുണാസദൃശഞ്ചാസഫലകാതൈസചികൃതമദ്ര്യപരിജ്ഞാനം

പലവിധമായ കരിമ്പനമുതലായവക്ക മദ്ര്യകാരന്മാർ എട്ടുകണ്ണുതുകണ്ടു നിശ്ചയിച്ചും അതിന്റെ സ്ഥലത്തിന്ന അടുത്തതുമായി മദ്ര്യകരനിർണ്ണയം വരുത്തേണം.

പനസാനാംഫലഗണനാംകൃത്വാചിനകത്ഥ്യതെസൽഭിഃ
ഫലപുഷ്ടിരസാൻജ്ഞാത്വാസങ്കല്പ്യയേട്ടചിതകരം

പിലാവിനഫലങ്ങളെ എണ്ണി കരനിർണ്ണയം ചെയ്യുന്നത സജ്ജനങ്ങൾ എവിടെയും പറയാത്തതാകയാൽ അതിന്നുമാത്രം ഫലങ്ങളുടെ വണ്ണത്തെയും സ്വാദിനേയുംനോക്കി ശരിയായ കരം നിർണ്ണയിക്കണം.

തദ്വത്സമാലോക്യമരിചിവല്ലീം
ശക്ര്യംഫലംവാമബ്ലീവസൂക്ഷ്മാ
നിശ്ചിത്യതസ്മാദഥതക്ഭാഗം
ത്യക്ത്വാതുശിഷ്ടംകരമാവഹന്തി ൭൨

വള്ളിക്കും ഫലഗണം ഇല്ലാത്തതുകൊണ്ട അതിസൂക്ഷ്മമായി ഫലപുഷ്ടിനിശ്ചയിച്ച അതിൽനിന്നു തക്ഭാഗം ഏഴാൽ ഒന്നത്യജിച്ചശേഷം കരം എന്നുപറയുന്നു.

കൈരാടികൈഷുഫലധിർണ്ണയമത്രകൃത്വാ
തദ്രക്ഷണാദ്യഖിലപുഷ്ടികരപ്രയത്നം
ദേശാന്തരേണഖഗചോരമൃഗാദിബാധാം
ജ്ഞാത്വാത്രയെദ്രസശരാബ്ധിഗുണാക്ഷിഭാഗാൻ. ൬൮

നാളികേരം മുതലായവക്ക ഫലനിർണ്ണയം ചെയ്ത അവയുടെ സംരക്ഷണപോഷണം മുതലായ പ്രയത്നത്തേയും പക്ഷികളും മൃഗങ്ങളും ചോരൻ ഇവയുടെ ഉപദ്രവനിമിത്തമായ നഷ്ടത്തേയും അന്യദേശംകൊണ്ട അറിഞ്ഞിട്ട അതിൽ ഒന്നതിൽ ഒരു ഭാഗം അഞ്ചാലൊരുഭാഗം, നാലാലൊരുഭാഗം, ആറിൽ ഒരു ഭാഗം, രണ്ടിൽ ഒരു ഭാഗം ഇങ്ങിനൊന്നുജ്ജിക്കണം.

(രസം=൬—ശരം=൫—അബ്ധി-ര—ഗുണം=൩—അക്ഷി ൨.)

ലോകോചകാരാനിതരാംശ്ചദാത്രൻ
തത്തൽപ്രദേശോചിതനിർണ്ണയേന
കരേഷുസംയോജ്യഫലൈസ്സഭാഗൈഃ
പ്രവാളപങ്തീഃപഠികേഷുദദ്യാൽ. ൬൯

ഇങ്ങിനെ ലോകോചകാരങ്ങളായ തളിർതന്നെ ഫലങ്ങളായും ഉള്ള (പുകയില, ചപ്പങ്ങം മുതലായ)തിനേയും അതാത ദേശനിർണ്ണയംപോലെ കരനിർണ്ണയം വരുത്തണം. തളിർകരം കിട്ടുന്നതിനെ പാണ്ഡനാക്ക ദാനംചെയ്യണം.

ദേശേഷുകേഷുചിത്സന്തിപ്രവാളാസ്സുമഹൽഫലാഃ
തേഷാംഫലംസമാലോക്യകുർവ്വന്തികരനിർണ്ണയം. ൭൦

ചിലദേശങ്ങളിൽ മഹാഫലങ്ങളായ തളിർകളും ഉണ്ട. അവയുടെ ഫലങ്ങളെ നോക്കി കരനിർണ്ണയംചെയ്യവതുന്നു.

ന്യായാനിമാൻമയാപ്രോക്താനകൃതാനിതരാനപി
ജ്ഞാത്വാദേശോചിതം ന്യായ്യംപ്രകുർയ്യാൽഫലനിർണ്ണയം. ൭൧

ഞാൻ ഒരം പറഞ്ഞ ന്യായങ്ങളേയും പറയാതെയുള്ള അന്യന്യായങ്ങളേയും ആലോചിച്ച അതാത ദേശോചിതമായ ഫലനിർണ്ണയംചെയ്യേണ്ടതാകുന്നു.

തത്തദ്ദേശോചിതംമൂല്യം നിശ്ചിത്യാസ്യതൃതീയധനം
തൽക്കരംമുനയഃപ്രാഹുർദേയംഭൂപതയേഹിതൽ. ൭൨

ഒരു ദുർമ്മരണം.

———:o:———

ഇങ്ങിനെ കരഞ്ഞും പിഴിഞ്ഞും ഇരുന്നും കിടന്നും പാതിരാവരെ പിന്നിപ്പോട്ട കഴിച്ചുകൂട്ടി. അർദ്ധരാത്രിയായപ്പോൾ വിശപ്പും ദാഹവും സഹിക്കുകവയ്യാതെ ദീനചരവശയായിട്ട കുറഞ്ഞൊന്നു മയങ്ങി. ഹൃദയശല്യങ്ങളായ അനേകവിധം മനോവികാരങ്ങളാൽ ആകുലപ്പെട്ടിരിക്കുന്ന ഈ സുകുമാരിയിൽ ഗാഢനിദ്രക്കു പ്രവേശം കിട്ടാതെ അവളെ അർദ്ധനിദ്രക്ക് അധീനയാക്കി ഉസ്സേച്ചുവേദനയെ അനുഭവിപ്പിക്കുമ്പോൾ ചുറ്റുമുള്ള ജനാലയിന്മേൽ ആരോവന്നു മുട്ടുന്നശബ്ദം അവളെ ഈ കഷ്ടസ്ഥിതിയിൽ നിന്നു രക്ഷപ്പെടുത്തി. ആസമയത്തുണ്ടായ ഈ ശബ്ദം ഉണർന്നേഴുനേറ്റിരുന്ന ദേവകിക്കുട്ടിയേ ക്ഷണനേരം ഭയപ്പെടുത്തിയെങ്കിലും ഉടനെ "ദേവി ദേവി" എന്ന വാത്സല്യപൂരിതമായ നീട്ടിവിളി സമാധാനത്തെ മാത്രമല്ല സമയത്തിന്നടുത്ത സന്തോഷത്തേക്കുടി ജനിപ്പിച്ചു. "ദേവി" എന്ന ഓമനപ്പേര കുമാരൻനായരല്ലാതെ മറ്റാരും ഉപയോഗിക്കുക പതിവില്ല. കുമാരൻനായരുടെ ആ പേരിലുള്ള പ്രതിപത്തിവിശേഷം കൊണ്ട അദ്ദേഹമായിട്ടുമാത്രമേ അത് എടുത്തു പെരുമാറുള്ളൂ. ദേവകിക്കുട്ടിയുടെ ഇപ്രകാരമുള്ളവിചാരങ്ങളുടെ ഇടക്കു

"ദേവി, ദേവി, ഈ വാതൽ തുറക്കു; ഞാനാണ്, ഭയപ്പെടേണ്ട" എന്ന പിന്നെയും ജനവാതുക്കൽ മുട്ടിവിളിക്കുന്നതുകേട്ട ദേവകിക്കുട്ടി ചെന്നു

"വാതൽതുറക്കട്ടെ, മേൽപ്പടിക്കാണ്ട് സൂക്ഷിക്കണേ"

എന്നുപറഞ്ഞു ഒരു ജനവാതൽ സാവധാനത്തിൽ തുറന്നു. അപ്പോൾ നാട്ടുവെളിച്ചത്തിന്റെ സഹായത്താൽ കുമാരൻനായർ ഒരു എലപ്പോനിനും കുതിരക്കും അഴയിനിൽക്കുന്നതു കണ്ടു. കുമാരൻനായരുടെ ആ ഒരു [illegible] സന്താപാശ്രുവോ സന്തോഷാശ്രുവോ എന്തുതന്നെയായാലും ദേവകിക്കുട്ടിയുടെ കണ്ണിൽനിന്ന് തെരുതെരെ കണ്ണുനീർ ഒഴുകുവാൻ തുടങ്ങി. കുമാരൻനായരുടെ ശ്വാസോച്ഛ്വാസത്തിന്റെ മാത്രമുറുകി ഇടക്കിടെ

പുറപ്പെടുന്ന നീർച്ചുനിശ്വാസത്തിന്ന് കരുത്തുകൂട്ടുന്തോറും ദേവകിക്കുട്ടിയുടെ അശ്രുധാരയും വർദ്ധിച്ചുവന്നു. ഇങ്ങനെ മനസ്സോട്ട മനസ്സുപകന്ന് ഉഴറിച്ചിരുന്ന ദേവകിക്കുമാരന്നാക്ക് കുറച്ചുനേരത്തേക്ക് ഒരക്ഷരം പോലും ഉച്ചരിക്കുവാൻ സാധിച്ചില്ല. ഈ ഒരു നിൽപ്പ് ഒരു വിധത്തിലും സമാധാനകരമല്ലെന്നുകണ്ട് കുമാരൻനായർ മനസ്സിനെ ആയാസപ്പെട്ട പിടിച്ചുടക്കി.

"ഇതുവരെ ദേവി ഉണ്ടില്ലെല്ലോ, ഇതാ ഈ ചോറുവാങ്ങി ഊണുകഴിക്കൂ" എന്നുപറഞ്ഞ് ഏലപ്പൊതി അഴികളുടെ ഇടയിൽക്കൂടി അകത്തേക്കു നീട്ടിക്കൊടുത്തു. ദേവകിക്കുട്ടി.

"എന്റെ കയ്യ് ഇച്ചിലാണ്. കാലത്തെ കഞ്ഞികഴിഞ്ഞിട്ട് കയ്യുകഴുകീട്ടില്ല" എന്നുപറഞ്ഞ് വെള്ളംവാങ്ങി കൈകഴുകി ഏലപ്പൊതിവാങ്ങിത്താഴത്തുവെച്ചു. എന്നിട്ട്

"ഇനിക്കു ദാഹമാണു സഹിക്കുവാൻ വയ്യാത്തത്" എന്നുപറഞ്ഞ് രണ്ടുകയ്യുംകൂടി അഴിയുടെ അടുക്കൽ കാണിച്ചു. കുമാരൻനായർ മൂന്നുനാലുതവണ വെള്ളം കയ്യിലൊഴിച്ചുകൊടുത്തിട്ട്

"ഇനികുറച്ച് ഊണുകഴിഞ്ഞിട്ടാവാം വെറുംവയറ്റിൽ വെള്ളം വളരെക്കുടിക്കേണ്ട" എന്നുപറഞ്ഞിട്ടും ദേവകിക്കുട്ടി കയ്യുകഴുക്കുവാൻമടിച്ചു കുമാരൻനായരുടെ മുഖത്തേക്കു നോക്കിയപ്പോൾ ഒരു കയ്യു വെള്ളവും കൂടിപ്പകന്നിട്ട് കിണ്ടി താഴേവെച്ചു. ദേവകിക്കുട്ടി ഇരുട്ടത്തുതന്നെ ഏലപ്പൊതി അഴിച്ചുവച്ച് ഉണ്ണുവാനിരുന്നു. ഊണ് കഷ്ടിച്ചു പകുതിയായപ്പോൾ മുറിയുടെ സാക്ഷാൽവാതൽ പൊട്ടുന്നു തുറന്ന് കണ്ടുണ്ണിനായർ ഇൻസ്പക്ടരും ബാലകൃഷ്ണമേനവനും അകത്തേക്കുകടന്നു. ബാലകൃഷ്ണമേനവൻ കയ്യിലെടുത്തിരുന്ന കല്ലുറാന്തലിന്റെ അടഞ്ഞ പുറത്തിന്റെ നിഴലുകൊണ്ട് മകളുടെ അപ്പോഴത്തെ പ്രകൃതമൊന്നും ഇൻസ്പക്ടർക്ക് സൂക്ഷ്മം മനസ്സിലായില്ല.

"ബാലകൃഷ്ണ! വെളക്കിങ്ങോട്ടു തിരിച്ചുപിടിക്കൂ" എന്നു കല്പിച്ചതു മുഴുവൻ കേൾക്കുന്നതിന്നുമുമ്പ് ബാലകൃഷ്ണമേനോൻ തുറന്നുകിടക്കുന്ന ജനാലയുടെ അടുക്കൽ ചെന്ന് അഛനെ അഭിമുഖമായിട്ടുനിന്ന റാന്തൽ തിരിച്ചുകാണിച്ചുകഴിഞ്ഞു. ഊണിന്റെ വട്ടവും ദേവകിക്കുട്ടിയുടെ പകച്ച നോട്ടവും ഇൻസ്പക്ടരുടെ ദൃഷ്ടിയിൽ

ൽപ്പെട്ട താമസം ഉണ്ടിരുന്ന ഏല കാലുകൊണ്ടൊരു തട്ടുതട്ടി, 'എ ണീക്കു' എന്നു പറഞ്ഞ ദേവകിക്കുട്ടിയുടെ രണ്ടുകയ്യും പിടിച്ചെഴു നേൽപ്പിച്ചു്

"ആരാടി നിണക്കീ അർദ്ധരാത്രിക്കു ചോറുകൊണ്ടുവന്ന തു തന്നുണ്ടായതു" എന്നു ഉച്ചത്തിൽ കണ്ണുരുട്ടിക്കൊണ്ടു ചോദിച്ചു. കുറച്ചുനേരത്തേക്കു ദേവകിക്കുട്ടി ഒന്നും മിണ്ടിയില്ല. പിന്നെയും ഇൻസ്പക്ടർ ദേഷ്യം ഒതുക്കുവാൻ വയ്യാതെ ദേവകിക്കുട്ടിയെപ്പിടിച്ചു കുലുക്കിക്കൊണ്ടു "ആരാണെന്നു പറയാനല്ലെ പറഞ്ഞതു" എന്നു വീണ്ടും ചോദിച്ചു. അപ്പോൾ ദേവകിക്കുട്ടി

"എന്റെ അച്ഛനും ജേഷ്ഠനും എന്റെ നേരെ സ്നേഹമില്ലെങ്കിലും എന്നെ ഇഷ്ടമുള്ള ആളുകൾ ഇല്ലായ്കയില്ല. പരി—വട്ട ത്ത—കു—മാ—രൻനായരാണു് ചോറുകൊണ്ടുവന്നതന്നതു്. ജേഷ്ഠൻ എത്രതന്നെ ഉത്സാഹിച്ചാലും അച്ഛൻ എത്രതന്നെ പറഞ്ഞാലും എത്രതന്നെ ചെയ്താലും, എനിക്കൊന്നാലും വേണ്ടില്ല ഇനി ജന്മം ഞാൻ അദ്ദേഹത്തിനെയല്ലാതെ വേറെ ഒരാളെ സ്വീകരിക്കില്ല." എന്നു പറഞ്ഞു് മുഖമൊക്കെത്തുടച്ചു തേങ്ങിത്തേങ്ങി കരയുവാൻ തുടങ്ങി. ബാലകൃഷ്ണമേനോൻ ഒന്നു പതുങ്ങി. ഇൻസ്പക്ടർ ദേവകിക്കുട്ടിയുടെ കയ്യു വിട്ടു് ബാലകൃഷ്ണമേനോന്റെ നേരെ തിരിഞ്ഞു.

"ബാലകൃഷ്ണ! നിയ്യെന്താ കുമാരൻനായരുടെ പേരെന്നോടു പറയാതിരുന്നതു. അതു കാരണം ഈ കുട്ടിയെ വെറുതെ ഞാൻ ദണ്ഡിപ്പിച്ചില്ലെ. തറവാടിന്റെ മാനം കെടുത്തുവാൻ തിന്ന വക. കുമാരൻനായക്കെന്താണൊരു ദോഷമുള്ളതു? എന്നു ഇൻസ്പക്ടറുടെ കോപം തിരിഞ്ഞുകുത്തുവാൻ തുടങ്ങിയപ്പോൾ ബാലകൃഷ്ണമേനോൻ

"ഞാൻ അച്ഛനോടു പറയാതിരുന്നതുചമില്ലാ-" എന്നതുമുഴുവനാക്കും മുമ്പ്

"ചുചമില്ലെ" എന്നു് ദേവകിക്കുട്ടി കടന്നുപറഞ്ഞതുകേട്ടു് ഉടച്ചിറന്നവളുടെ നേരെ തിരിഞ്ഞു് "നിന്നോടല്ല പറഞ്ഞതു്" എന്ന അവളെ ഒതുക്കീട്ടു് അച്ഛനോടായിട്ടു് പിന്നെയും

"ചുചമില്ലാഞ്ഞിട്ടല്ല വേറെ ചില കാരണം കൊണ്ടാണ അ

ത സ്വകാര്യമായിട്ടേ പറവാൻ തരമുള്ളൂ.” എന്നുപറഞ്ഞ വിളക്കുംകൊണ്ടു വാതുക്കലേക്കു നടന്നു. അപ്പോൾ ഇൻസ്പക്ടരും കൂടി പോയി കിടന്നുറങ്ങു' എന്നുപറഞ്ഞ ദേവകിക്കുട്ടിയേയും കൂട്ടിക്കൊണ്ടു അകായിലേക്കു പോയി.

വെളക്കുംകൊണ്ടു ബാലകൃഷ്ണമേനവനും കണ്ണപ്പിനായരും അകത്തേയ്ക്കു കടക്കുന്നതുകണ്ട് കുമാരൻനായർ ഒരറ്റത്തേയ്ക്കൊതുങ്ങി ഒളിച്ചുനിന്നു. കശപിശയൊക്കെയുമിച്ച് എല്ലാവരും അകായിലേയ്ക്കു പോവുന്നതുവരെ അവിടെത്തന്നെ ചുറ്റിപ്പറ്റി നിന്നതേയുള്ളൂ. ദേവകിക്കുട്ടിയേ ഒരിയ്ക്കൽക്കൂടി ത്തനിച്ചുകണ്ടു സംസാരിയ്ക്കുവാൻ തരമുണ്ടാവുമെന്നുള്ള ആശ തീരെ ഭഗ്നമായപ്പോൾ മുന്നൂറുവിധം ചിത്തവികാരങ്ങളോടുകൂടി ഇടയ്ക്കുനിന്നും ഇടയ്ക്കു സാവധാനത്തിൽ നടന്നും ചിലപ്പോൾ മുകിനടന്നും വന്നവഴി പരിവട്ടത്തേയ്ക്കു മടങ്ങി.

കായ്സ്ഥനേ ജാമ്യത്തിൽ വിട്ടതിന്റേറശേഷം ഇൻസ്പക്ടർ നടത്തിയ അന്വേഷണത്തിൽ കായ്സ്ഥന്റെ പേരിലുള്ള സംശയം ഒന്നുകൂടി ദൃഢമായതോടുകൂടി യോഗ്യരായ ചിലരുംകൂടി ഈ കേസ്സിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന ശങ്കിയ്ക്കേണ്ടതായുംവന്നു. കായ്സ്ഥന്റെ വീട്ടിലും മറ്റുമായി ഭാര്യയുടെ സ്വകൈവശമുള്ള റിക്കാട്ടുകളെല്ലാം പരിശോധിച്ചതിൽ അനവധി നോട്ടുകളും ശീട്ടുകളും കായ്സ്ഥന്റെ പേരിലും പരിവട്ടത്തുകാരുടെ പേരിലും. അവയ്ക്കു വേണ്ടിട്ടുള്ള മറ്റു ചിലരുടെ പേരിലും മാറി എഴുതിച്ചിട്ടുള്ളതായിട്ടും കിട്ടുണ്ണിമേനവന്റെ വക ചില പണങ്ങളും കായ്സ്ഥന്റെ വീട്ടിലും കായ്വീട്ടിലും പെരുമാറാനുള്ളതായിട്ടും കണ്ടെത്തുവാനിടയായി. ഇങ്ങിനെയൊരോ തെളിവുകളും സമ്പാദിച്ചതിന്റേറശേഷം കായ്സ്ഥനെ സ്റ്റേഷനിൽ ഹാജരാക്കി രാത്രിസമയത്ത് ഒന്നുകൂടി വിസ്തരിയ്ക്കുന്നതിനെന്നു വിചാരിച്ചിരുന്നദിവസം വൈകുന്നേരമാണ് ഇൻസ്പക്ടരുടെ ശ്രദ്ധ സ്റ്റേഷനാപ്പുരുടെ കേസ്സിലേയ്ക്കു തിരിയേണ്ടിവന്നത്. ദേവകിക്കുട്ടിയേ അകത്തിട്ടുപൂട്ടിയ ദിവസത്തിന്റെ പിറ്റേദിവസം ഏകദേശം രണ്ടുനാഴിക രാച്ചെന്നപ്പോൾ കായ്സ്ഥനെ സ്റ്റേഷൻമുറിയ്ക്കകത്തിട്ടു വിസ്തരിയ്ക്കുവാൻതുടങ്ങി. ആദ്യം ഇൻസ്പക്ടർതന്നെയാണ് വിസ്തരിച്ചത്.

പലവക.

(പുസ്തകപരിശോധനം)

നായന്മാരുടെ ഇപ്പോഴത്തെനില:— ഒരം പുസ്തകം തിരുവിതാങ്കൂറ് 'വിദ്യാഭിവർദ്ധിനി' സഭയിൽ വായിച്ചതായ ഒരു ഇംഗ്ലിഷ് ഉപന്യാസത്തിന്റെ ഭാഷാന്തരമാണ. 'നായർ' എന്ന പത്രഗ്രന്ഥത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ടായിരുന്നു. ഇത് ആ നാമധേയത്താൽ വായിച്ചു നോക്കാതെ മടക്കിവെക്കേണ്ട കൂട്ടത്തിലുള്ളതല്ല. കേരള രാജ്യത്തിന്റെ രക്ഷാധികാരം മുഴുവൻ ഒരു കാലത്ത് സ്വാധീനത്തിലായിരുന്ന നായന്മാരുടെ പണ്ടത്തേ ഉയർന്ന പദവിയും, ഉത്തമാധമജാതിക്കാരോടുള്ള യോജിപ്പും, നിലയും, കാലക്രമംകൊണ്ടു വന്ന ഇടിച്ചിലും, മാറ്റങ്ങളും, പ്രസ്താവിച്ചിട്ടുണ്ട. മരുമക്കത്തായം, താലികെട്ടുകല്യാണം ഈവക ആചാരഭേദങ്ങളേപ്പറ്റിയും പരിശോധിച്ചിട്ടുണ്ട്. ധനാക്ഷയകാരണങ്ങളെ പ്രതിപാദിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തേപ്പറ്റി നിരൂപണം ചെയ്തിട്ടുണ്ട്. നായന്മാരുടെ ജാതിസ്വഭാവത്തെ വിവരിച്ചിട്ടുണ്ട്. പ്രജാസാമാന്യത്തിന്റെ ഇടയിലുള്ള ഇവരുടെ സ്ഥിതിയെപ്പറഞ്ഞിട്ടുണ്ട്. വിശേഷിച്ച് അവരതോത്സാഹന്മാരായി പ്രവൃത്തിക്കേണ്ടവരായ യുവാക്കളേപ്പോലുംബാധിയ്ക്കുന്ന കൃതകൃത്യത, സ്വാസ്ഥ്യം മുതലായ ന്യൂനതകളെ തുറന്നുകാണിച്ചിട്ടുണ്ട്. അഭ്യുദയത്തിനുള്ളവഴികളെ വെളിവായിത്തിരിച്ചു കൊടുത്തിട്ടുണ്ട്. ഇപ്പോൾ ചിലരുടെയിടയിൽ ഉദിച്ചുയർന്നുവരുന്ന അനേകവിധത്തിലുള്ള ഉൽക്കൃഷ്ടത്തിന്ന് പ്രാരംഭിച്ചിട്ടുണ്ട്. ഈ പുസ്തകം കെ, പരമുപിള്ള. എം. എ. അവർകളുടെ ഗാഢചിന്തോചനയുടെ ഫലമാകുന്നു. എന്നാൽ വിഷയത്തിന്റെ ഗാംഭീര്യവും, വിസ്താരവും, പ്രയോജനവും വിചാരിയ്ക്കുമ്പോൾ ഈ പുസ്തകം മേൽപ്പറഞ്ഞ വിഷയങ്ങളുടെ ഒരു സൂചനമാത്രമാണെന്നേ പറഞ്ഞു കൂടൂ. ഭാഷാചരിത്ര പണ്ഡിതന്മാരിൽ ഒന്നാമനായ പ്രകൃത ഗ്രന്ഥകർത്താവിനേപ്പോലെയുള്ള

ഡർ ഇങ്ങിനെയുള്ള വിഷയങ്ങളിൽ വിശദമായി എഴുതീട്ടുള്ള പുസ്തകങ്ങളും കണ്ടാൽ കൊള്ളാമെന്നാണ്. ഞങ്ങൾക്കുള്ള മോഹം.

പഴയശ്ലോകങ്ങളും.

അർദ്ധസമസ്യാപൂരണം.

കൊതുവന്നുകടിയ്ക്കുമ്പോൾ മുതുവൊന്നുഞെളിഞ്ഞിടും ॥
വെൺമണി അഛൻനമ്പൂരിപ്പാട്.

അതിനൊന്നുപറഞ്ഞിടാമതിലൊന്നുപുകയ്ക്കണം
പൂന്തോട്ടത്തു നമ്പൂരി.

കായശ്ലോകം.

പടറുകാപത്തിരുനൂറുവാങ്ങിക്കൊട്ടത്തയയ്ക്കാമിതിചൊന്നവാക്യം
കിടപ്പതില്ലേമനതാരിലിപ്പോളടുത്തുകായയ്ക്കടിയന്തരംമേ ॥
മടിയ്ക്കയോമറ്റൊരുകായ്മുള്ളിൽകിടക്കകൊണ്ടോകിടയായ്കകൊണ്ടോ
തിടുക്കമില്ലെന്നുനിനച്ചമാന്തം പിടിയ്ക്കകൊണ്ടോ പറയേണമെല്ലാം. ॥

വെൺമണി അഛൻനമ്പൂരിപ്പാട്.

ഛായാശ്ലോകം.

ഈരുംപേനുംപൊതിഞ്ഞീടിനതലമുടിയും പീളചാടുന്നകണ്ണും
പാരംവാനാററവുംകേളിളിയുമിളിയളിഞ്ഞൊട്ടമാറൊട്ടഞാണും
കൂറോടച്ചൻകോട്ടഞീടിനതുണിമുറിയുംകൊഞ്ഞലുംകൊട്ടുകാലും
നേരംപോക്കല്ലുജാത്യം പലതുമിനിയുമുണ്ടെങ്കിലും മങ്കയല്ലേ

മഹൻനമ്പൂരിപ്പാട്.

(സ്വന്തം.)

പി. ജി. രാമയ്യർ ബി. എ. ബി. എൽ അവർകളുടെ പുതിയ ശാകുന്തളം ഭാഷയെപ്പറ്റി ഇക്കുറിയും ഞങ്ങൾ അഭിപ്രായം പറയാതെ ഒന്നുകൂടി നീട്ടിവെയ്ക്കുന്നു. അഭിപ്രായം വിസ്തരിച്ചു തുവാനുള്ള മോഹവും സ്ഥലച്ചുരുക്കവുമാണ് ഇതിന്ന് കാരണം.

ഭാഷാ വിക്രമോർവ്വശീയം.

———:o:———

1905-ാമത വർഷത്തിത്തെ എഫ്. എ. പരീക്ഷക്ക് സർക്കാർ ശാലയിൽനിന്നു തിരഞ്ഞെടുത്തിട്ടുള്ളതും കൊട്ടാരത്തിൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ട് തർജ്ജമചെയ്തിട്ടുള്ളതും ആയ വിക്രമോർവ്വശീയം ഭാഷാനാടകത്തിന്റെ പുതിയ പതിപ്പു സംസ്കൃതപണ്ഡിതൻ രാമപ്പിഷാരോടി അവർകളുടെ ടിപ്പണിയോടുകൂടി അച്ചടിച്ച് തയ്യാറായിരിക്കുന്നു. പുസ്തകത്തിന്റെ വില പ്രതി ഒന്നേക്കു തപാൽകൂലി അടക്കം 14 അണ. രസികരഞ്ജിനി ആപ്പീസ്സിലേക്കു മുൻകൂറായി അയച്ചാൽ പുസ്തകം കിട്ടുന്നതാണ്. നാഗരാക്ഷരത്തിൽ രാമവർമ്മ എന്ന രസികരഞ്ജിനി പത്രാധിപരുടെ മുദ്രയില്ലാത്ത ബുക്കുകൾ വ്യാജമാകുന്നു.

മേൽചേർത്ത നാടകത്തെ കൊട്ടാരത്തിൽ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് പരിശോധിച്ച അതിലുള്ള കഥാസാരം, ഉണർത്തോഷം, രൂപകം, രസം, ഇവകളെ ഭംഗിയായും സയുക്തികമായും എഴുതീട്ടുള്ള ഗ്രന്ഥം, ഈ മാസികയിൽ മാസം പ്രസിദ്ധം ചെയ്യുവാൻ അദ്ദേഹം അനുമതിച്ചിട്ടുള്ളപ്രകാരം തുടർച്ചയായി പ്രസിദ്ധംചെയ്തുതുടങ്ങീട്ടുള്ളതു സാഹിത്യവിഷയത്തിൽ താല്പര്യമുള്ളവരും വിശേഷിച്ചു വിദ്യാർത്ഥികളും വായിച്ചറിയേണ്ടതാകുന്നു, മലയാളത്തിൽ ഇങ്ങിനെ ഒരു ഗ്രന്ഥം ഇതിനുമുമ്പു ഉണ്ടായിട്ടില്ലെന്നു ഞങ്ങൾ ധൈര്യത്തോടുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. രസികരഞ്ജിനി കുറച്ചു പ്രതിമാത്രമേ വിശേഷാൽ അടിക്കുന്നുള്ളൂ. അതുകൊണ്ട് ആവശ്യമുള്ളവർ ഉടനെ വാങ്ങിയില്ലെങ്കിൽ പിന്നെ ഇപ്രകാരം ഇടയാവുന്നതാണ്. ര. ര. മാനേജർ.

രസികരഞ്ജിനി ആപ്പീസ്സിൽ വില്പാൻ തയാർ.

സാക്രട്ടീസ്- കെ. രാമകൃഷ്ണപിള്ള.	...	...	൦ ൨ ൦
വെണ്മണി അച്ഛൻനമ്പൂരിപ്പാട്ടിലെ നടചരിതവും, കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ കൊത്തിപ്പാട്ടും.	...	...	൦ ൦ ൯
നാഗാനന്ദം (ഭാഷാനാടകം) പറയാട്ട അച്ചുതമേനോൻ.	...		൦ ൧൦ ൦

തപാൽകൂലി പുറമേ. മേൽചേർത്ത പുസ്തകങ്ങൾക്കു രസികരഞ്ജിനി മാനേജരോടു ആവശ്യപ്പെടുക. ര. ര. മാ.

കവനോദയം.

———— : o : ————

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട്, തുള്ളൽ, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകം കൃതികൾ ഇതിൽ ചേർത്തു വരുന്നു. കൊല്ലത്തിൽ നൂ പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോകുറി നൂറു താളുകളിൽകൂടി ഓ കൃതികളിൽ കുറയാതെ ഉണ്ടായിരിക്കും. കൊല്ലത്തിൽ രു ഉറുപ്പിക വരിസടച്ചാൽമതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാർത്ഥികൾക്കാണെങ്കിൽ മുൻകൂറ ഒന്നര ഉറുപ്പിക തന്നാൽ മതിയെന്ന ഒരു പുതിയ നിശ്ചയംചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേക പുസ്തകങ്ങൾ ഇവിടെ വിൽപാനുണ്ട്. ചിലതിന്റെ വിവരം താഴേ ചേർക്കുന്നു.

ഭ്രാന്തിക, വിഷവൈദ്യം. ഇത ഓരോപുസ്തകം എല്ലാവരുടെ കൈവശം ഉണ്ടായിരിക്കേണ്ടതാണ. എന്നാൽ പാമ്പു കടിച്ചുടനെ വൈദ്യന്റെ അടുക്കെ ഓടേണ്ടിവരികയില്ല. വില കവ അണ.

സമ്പൂർണ്ണമാലിക— മലയാളത്തിലുള്ള വൃത്താന്തങ്ങളുടെ എല്ലാസ്വഭാവങ്ങളും അറിവാൻ ഈ ഒരു പുസ്തകംമാത്രമേയുള്ളൂ. മലയാളം ഉപഭോഗയാക്കിഎടുത്തിട്ടുള്ള വിദ്യാർത്ഥികൾക്കും കവിതയുണ്ടാക്കുവാൻ പരിചയിക്കുന്നവർക്കും ഇതിനേറവുംആശ്രയമാകുന്നു. വില രൂണ.

ജ്ഞാനദീപരിണയം— നാടകം. ഇപ്പോൾ നിങ്ങൾ വായിച്ചിട്ടുണ്ടോ? "ഉണ്ട, മന്നാടിയാരുടെ കൃതിയല്ലേ?" എന്നായിരിക്കും നിങ്ങളുടെ ഉത്തരം. ശരി. എന്നാൽ അബദ്ധപ്പെറി. ഇത അതല്ല. കൊട്ടാരത്തിൽ ശങ്കുണ്ണി ഉണ്ടാക്കിയ ഒരു രസികനാടകമാണിത. വായിപ്പാൻ ബഹുരസമുണ്ട. വില ഒക മാത്രം.

* ഹസ്തലക്ഷണദീപിക— ഈ പുസ്തകം കൈവശമുണ്ടെങ്കിൽ കഥകളിയെ ഈമകളിയെന്നപറവാനിടവരികയില്ല. വില രണ.

* കവിശതകം— ഒരവയവത്തെപ്പറ്റി ഛ00ശ്ലോകം മലയാളഭാഷയിൽ കാണുകയെന്നുള്ളത അപൂർവ്വമായിരിക്കും. ഇതൊന്നു വായിച്ചുനോക്കുവിൻ. വില രണ.

* ചക്കീചങ്കരം. നാടകം. നിങ്ങൾക്കു സാമർത്ഥ്യമുണ്ടെങ്കിൽ ഈ പുസ്തകം ചിരിക്കാതെ ഒന്നു വായിച്ചുനോക്കിൽസമ്മതിക്കും. വില രണ.

☞ ഇവകൾക്കു തപാൽകൂലി പുറമെ. *ഈ അടയാളം വെച്ചുവഴികെ ശേഷമെല്ലാം അച്ചടി അതിമനോഹരം കടലാസ്സ എഴുത്ത ഏതുപോലെ ബഹുവിശേഷം. താഴേകാണുന്ന മേൽവിലാസത്തിൽ കത്തയച്ചാൽ എല്ലാപുസ്തകങ്ങളും വി. പി. ആയി അയച്ചുതരുന്നതാണ്.

കെ. കണ്ണൻനമ്പ്യാർ.
കവനോദയം മാനേജർ.

(Nadapuram.) നാടാപുരം.

നൊട്ടീസ്.

അത്തരം സാമാനങ്ങൾ ! വില വളരെ സഹായം !!

ബോമ്പായിമുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽ നിന്നെരിട്ടുവരുത്തുന്നതും താഴെ വിവരം പറയുന്നതും വെറും അനേകം സാമാനങ്ങൾ തൊകപ്പടിയായും ചില്ലറയായും വളരെ സഹായ വിലക്കു വില്ക്കുന്നതാണ്

പലതരത്തിലുള്ള പ്ലാനൽ ശീലകൾ, ടീഡുകൾ, ചെക്കണിനികൾ, വളരെ ഭംഗിയുള്ള ചിട്ടികൾ പട്ടകൾ, ബ്ലാങ്കെറുകൾ, തൊപ്പികൾ, സർജ്ജുകൾ, മല്ല, ജഗന്നാഥൻ മുതലായ തുണിച്ചരക്കുകൾ. എനാമൽ പാത്രങ്ങൾ, പലതരത്തിലുള്ള ഗ്ലാസുകൾ, നാഴികമണികൾ, വാച്ചുകൾ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഇളൊപ്പുകൾ, രവിവർപ്പുപങ്ങൾ, കൊടകൾ, ഇരിമ്പപെട്ടികൾ, ഇരിമ്പഅലമാരികൾ, ഇരിമ്പഅടുപ്പുകൾ, അനെകവിധം സൊപ്പുകൾ, ബ്രാണ്ടി, വഞ്ചി, മുതലായ ലഹരിസാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനെകവിധ പാത്രങ്ങൾ, ഇവകളും മെലിൻസ്ഫുഡ, കൊക്കൊ, കാപ്പിപ്പൊടി, ടീ ബിസ്കോത്ത മുതലായ വേറെയും അനേകവിധ സാമാനങ്ങൾ വളരെ സഹായവിലക്കു വില്ക്കുന്നു.

ആവശ്യപ്പെടുന്നവക്കു സാമാനങ്ങൾ വി- പി- ആയി അയച്ചുകൊടുക്കുന്നതാണ്.

എ. ടി. എസ്സ്. മേനോൻ.
ജനറൽ മർച്ചന്റ്.
ചിറ്റൂർ.

T. S. Subramania & Co.,

താംബൂല വിഹാരം ഒരു സുഖാനുഭവ സാധനം തന്നെ.

———:o:———

പെറ്റിലമുറുക്കിനെ സാദുചിടിപ്പിക്കുന്ന ഒരു രുചിപ്രദമായ

സുഗന്ധവസ്തു. രത്നം. വിശേഷം. രുചിപ്രദം.

ഇത മേത്തരം കർപ്പൂരി, പനിനീർസത്തം, അത്തർ മുതലായ സുഗന്ധവസ്തുക്കൾ എന്നിവ ചേർത്തുണ്ടാക്കിയതായി നൂതനമായ ഒരു കുഴമ്പാകുന്നു. വെറ്റിലമുറുക്കുന്ന അതിരസം ഉണ്ടാക്കും. മുകുന്നവർക്ക ഇത അതിസുഖാനുഭവമായൊരു സാധനമാകയാൽ അവർ ഈ സാധനത്തെ വാങ്ങി പരീക്ഷിച്ചുനോക്കേണ്ടതാകുന്നു.

| | | |

രത്യുത്തമമായതുകൊണ്ട് ശ്വാസത്തിന്നു നല്ല മണവുമുണ്ടാകും വയറ്റിനകത്തു സ്നേഹമുണ്ടാ-കയുമില്ല. നല്ല ഒരു മണം വായിൽനിന്നു പുറപ്പെടുകയും ചെയ്യും.

KARPURARISTHA. കർപ്പൂരാരിഷ്ടം. നടപ്പുദീനത്തിന്നുള്ള ഉത്തമ ഔഷധം. (വീണ്ടുവിചാരമുള്ള സിദ്ധൗഷധം.) ഒരു കുപ്പിക്കു വില 8ണ. കർപ്പൂരാരിഷ്ടം, വിസൂചികാ, അതിസാരം, വയറ്റിൽപെടി, ഹൃദയകൂറവു, ചെവികുന്നിയുടെ കേട, തലവേദന വയറ്റിന്നു വിസ്താരം എന്നിങ്ങിനെയുള്ള രോഗങ്ങൾക്കു നല്ല മരുന്നാണ്. ഈ ഔഷധം പല ജാതിയായ വേദനകളെ തീർത്തു അവയവങ്ങൾക്കു ശാന്തമായ പ്രസാദചൈതന്യത്തെ വരുത്തും. അവയവങ്ങൾക്കു ക്ഷണസംഭവങ്ങളായ വിറയൽ പിടച്ചൽ മുതലായ വികൃതികളെ മാറ്റും. മലത്തിന്റെ അയച്ചിൽ മാറി മലത്തെ കെട്ടി മലബന്ധം വരുത്തി ബലം കൊടുക്കും. അവിൻ (കറപ്പു) കുടിച്ചുള്ള അന്യ മരുന്നുകളെപ്പോലെ ഒരു ഔഷധം തലവേദനയെ ഉണ്ടാക്കില്ല. തലതിരിച്ചൽ, ഭ്രമം, മന്ദത, ആലസ്യം, മോഹം മുതലായതിനെ ഉണ്ടാക്കുന്നതുമല്ല. അല്പ നിമിഷങ്ങൾക്കുള്ളിൽ ക്ഷീണിയും വേദനയും നേരുമുടൻ നിന്നു പോകും. ഏകമൂലികപ്രയോഗശക്തിയായ ഹോമിയാപ്പതി ഔഷധങ്ങൾ ബഹുമൂലികാപ്രയോഗശക്തിയായ അല്ലോപ്പാതി ഔഷധങ്ങൾ കൊടുക്കുന്ന കർപ്പൂരം ഫ്ലോറോഡൈൻ എന്നിത്യാദി മരുന്നുകളേക്കാൾ ഞങ്ങളുടെ കർപ്പൂരാരിഷ്ടം ഇന്ത്യയിലെ ജനങ്ങളുടെ ദേഹങ്ങൾക്കും അതിന്റെ സ്വഭാവങ്ങൾക്കും പറ്റിയതാണ്. ഇത ഞങ്ങളുടെ അനുഭവമാണ്.

☞ മേല്പറഞ്ഞ എല്ലാ മരുന്നുകൾ താഴെ എഴുതിയ മേൽവിലാസത്തിൽ ഇംഗ്ലീഷിലോ മലയാളത്തിലോ തമിഴിലോ എഴുതി ചോദിക്കേണ്ടതാണ

എന്ന ടി. എസ്സ്. കൃഷ്ണസ്വാമി ആൻഡ് കമ്പനിയാർ

33. അർമീനിയൻ സ്ട്രീറ്റ്,

മദിരാശി.

സരസ്വതിതൂവൽ.

(THE SARASWATI PEN.)

ഒരിക്കൽ മഷി നിറയ്ക്കുകയാൽ 300 മുതൽ 500 വരെ വാക്കുകൾ എഴുതാം.

സ്വതന്ത്രലിഖിതങ്ങൾ.

സർ. വാൾട്ടർ ലോറൻസ് (കെ. സി. ഐ. ഇ.) ഇന്ത്യാഗവർണ്മെണ്ടിന്റെ കമാണ്ടറുടെ പ്രൈവറ്റ് സിക്രട്ടേരി:— സരസ്വതിതൂവലുകൾ വളരെ ഉപയോഗമുള്ളവയായി കാണുന്നു. താങ്കളുടെ നൂതനമായ ഈ കണ്ടുപിടിക്കുവിന്നു താങ്കൾക്ക് എല്ലാ ജയവും സിദ്ധിക്കട്ടെ.

സർ. ലൊറൻസ് ജെങ്കിൻസ് (കെ. സി. കെ. സി. ഐ. ഇ.)മഹാനായ ഒരു മഹാകോട്ട് ഒന്നാംജഡ്ജി:— സരസ്വതിതൂവൽ വളരെ ഉപയോഗമുള്ളതായി ഞാൻ കണ്ടിരിക്കുന്നു. കരെ തൂവലുകൾ താങ്കൾ എനിക്കു അയച്ചുതന്നതിന്നു ഉപകാരം.

ബഡ്വാൻ മഹാരാജാധിരാജ ബീരജായി ചാൻഡ മഹതാബ് ബഹദ്ദർ:— ഈ സൂത്രവിദ്യയിൽ നാം വളരെ സന്തോഷിക്കുന്നു.

നാട്ടോർ മഹാരാജ ബഹദ്ദർ ജഗനിന്ദ്രനാഥറോയി:— മഷി നിറച്ച "സപാൻ" തുവൽപോലെ മിക്കവാറും അതു ഉപകാരമുള്ളതാണ.

ബഹുമാനപ്പെട്ട രാജാ റൻജീത് സിങ്ങ് ബഹദ്ദർ:— തങ്ങളുടെ പരിപാലനക്ക് താങ്കൾ തീരെ അർഹനാകുന്നു.

രാജാ പെയരിമോഹന മുകുജ്ജി:— (സി. എസ്. ഐ):— സരസ്വതി തുവൽ വളരെ ഉപയോഗമുള്ളതായി ഞാൻ കണ്ടിരിക്കുന്നു.

ബഹുമാനപ്പെട്ട മിസ്റ്റർ ജസ്റ്റിസ്സ് ശാരദ ചാരുമിത്രൻ:— ഇതു വളരെ ഉപയോഗമുള്ള ഒരു കണ്ടുപിടിക്കൽതന്നെയാണു.

പണ്ഡിതർകെ. എം. ഗാംഗുലി (ബി. എൽ.) മഹാരാജാവു പരിശോധിക്കൽ:— "സ്റ്റീൽപെൻ" ഉപയോഗിക്കുന്ന എല്ലാവരുടേയും പാലനക്ക് ഇതു പാത്രമായി നിൽക്കുന്നതാണു.

ബഹുമാനപ്പെട്ട മിസ്റ്റർ ഡബ്ലർ. ടി. ഗ്രഗിരയാർ (കെ. സി. എസ്സ്.) കല്ലത്ത മുനിസിപ്പാൽ ചേർമാൻ:— താങ്കളുടെ തുവൽ തൃപ്തികരമായ ഒന്നാണെന്നു കണ്ടിരിക്കുന്നു. സൂത്രം വളരെ സാമർത്ഥ്യമുള്ളതാണെന്നതന്നെയാണു.

മിസ്റ്റർ എച്ച്. ഡി. വില്യംസ് (കെ. സി. എസ്സ്.), കമിഷനർ:— ക്രയത്തോടു മഷി മുക്കേണ്ടുന്ന ബുദ്ധിമുട്ടില്ല. ഒരിക്കൽ മുക്കിയാൽ മൂന്നു നാലു പ്രാവശ്യം കയ്യക്ഷരം എഴുതാവുന്നതാണു.

മിസ്റ്റർ കെ. സി. ഡി. (ഐ. സി. എസ്സ്.) കലക്ടർ:— തുവൽ വളരെ സൌകര്യമുള്ളതും കണ്ടുപിടിച്ച സൂത്രം സാമർത്ഥ്യമുള്ളതുതന്നെ.

മിസ്റ്റർ എസ്സ്. സി. മിത്രൻ, ഡിപ്യൂട്ടി മജിസ്ട്രേട്ട്:— നല്ല വിദ്യ വളരെ തൃപ്തികരം.

മിസ്റ്റർ ജി. ചക്രവർത്തി, സിവിലിയാർ, ബാംഗ്ലൂ മുനിസിപ്പാൽ ചെർമാൻ:— കണ്ടുപിടിച്ച സൂത്രം വളരെ സാമർത്ഥ്യമുള്ളതുതന്നെ. തുവൽ വളരെ ഉപയോഗമുള്ളതാകുന്നു.

മിസ്റ്റർ സീതാകുഹോരി, ജാപ്പാൻ "ഡിൻഗാജിംഗ് സാൻഗിയെ" സമാജം പ്രസിഡേന്റ്:— താങ്കളുടെ ഉപയോഗകരമായ കണ്ടുപിടിക്കൽ ജയത്തെ പ്രാപിച്ചതിനു ഞാൻ താങ്കളെ അഭിനന്ദിക്കുന്നു.

റവറണ്ട് ഡോക്ടർ മോറിസൻ (എം.എ):— കണ്ടുപിടിച്ച സൂത്രം സഭാമന്ദിരങ്ങളിൽ ഉത്തമം.

ഡോക്ടർ എം. എൻ. ഗാംഗുലി, കൊൽക്കത്ത:— ഇതിൻറെ മാതൃകാപ്രതി കിട്ടുവാൻ ഏർപ്പെടുത്തുന്നതിനായി.

പ്രൊഫസ്സർ എച്ച്. സ്റ്റീഫൻ (എം. എ):— സരസ്വതീമഹൽ ലൈബ്രറിയിൽ ഈ സൂത്രം ഉപയോഗിച്ചുനോക്കിയതിൽ വളരെ ഫലപ്രാപ്തിയുള്ളതായി കണ്ടിരിക്കുന്നു.

ഡോക്ടർ സറാട്ട് കെ. മുള്ളിക്ക് (എം. ബി. സി. എം.):— ഏഴുത്തറിയുന്ന ലോകത്തിൽഇതിനു വളരെ ചെലവുണ്ടാകുമെന്നു ഞാൻ നിശ്ചയമായി പറയുന്നു.

ഡോക്ടർ എസ്സ്. സി. ബാനർജ്ജി (എം. എ, എൽ. എൽ. ഡി):— ഇങ്കിനിഷ്ക്ക ഇവിടെ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നയെങ്കിൽ അവിടെ ഉപയോഗിച്ചുനോക്കിയതിൻറെശേഷം ഞാൻ താങ്കളോടു ഇവിടെക്കാൾ നന്നായി എഴുതുവാൻ കൊണ്ടാതിരിക്കില്ല.

	വില.			ക.	ണ.	പ.
12 ഗുളികകൾക്ക്	...	...	...	0	8	0
72-ന്	...	...	...	2	12	0
144-ന്	...	...	...	5	8	0

"വി. പി." പ്രകാരം അയയ്ക്കുമ്പോൾ 4 ണ. പ്രത്യേകം.

താഴെകാണിച്ച കമ്പനിയിൽനിന്നു മാത്രമേ ഇതു കിട്ടുന്നതാണ്.

ടി. എസ്സ്. സുബ്രഹ്മണ്യം ആൻറ കമ്പനിയാർ

33. ആർമീനിയൻ സ്ട്രീറ്റ്,

മദിരാശി.

T. S. SUBRAMANIA & Co.,

Agents,

33, Armenian Street,

Madras.

പുസ്തകം ൨ കുംഭമാസം

മംഗളം

ലോകംതന്നുടെമൂർത്തിയെട്ടിൽമുഴുവൻവ്യാപിച്ചിടിലുംമുമ്പിലേ
ക്കുണ്ടാനാഥനതെന്നെജീവനമതെന്നുദ്ഭാവംകാരണം
വീർകൊണ്ടുള്ളഭിമാനകർമവുകടലുംവൻകായവുംകണ്ടുക-
ണ്ണിൽകൊണ്ടിഞ്ഞാണാകുളത്തരുളിടുംശംഭോ! ഭവാനാകണേ!

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

മിസ്സസ് ആനിബെസന്റ്

ഇംഗ്ലീഷ് പടിച്ചാൽ തൊട്ടതിനുമെന്നൊരു വിശ്വാസം പുരുഷകാരായ ഹിന്തുക്കളുടെ ഇടയിൽക്കടന്നുകൂടുന്നതു ഏതു പഴുതിൽകൂടിയാണെന്നു സൂക്ഷ്മമായി ആലോചിച്ചുവാൻ ത്രാണിയുള്ള അദ്ധ്യാപകന്മാർ ഇപ്പോഴുള്ള ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ പതിനാന്നു വീതം ഉണ്ടായിരുന്നുവെങ്കിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ടുള്ള ഗുണവും ഇംഗ്ലീഷ് വിദ്യാർത്ഥികളും ഒന്നിനു പത്തു വീതം വർദ്ധിച്ചു കാണുമെന്നാണ് ഞങ്ങളുടെ വിശ്വാസം. നിജസന്താനങ്ങളുടെ അഭ്യുദയത്തിൽ മാതാപിതാക്കന്മാർ ഉദാസീനന്മാരാണെന്നു ശങ്കിച്ചാൽ മഹാപാപമുണ്ട്. എത്രതന്നെ പ്രായം ചെന്നവരായാലും സംസ്കൃതം പഠിക്കുന്നതിൽ വിരോധം കാ

വിക്കുന്നില്ലെന്നല്ല പടിഞ്ഞാറെക്കണക്കെന്നു സിദ്ധാന്തിക്കുകൂടി ചെയ്യാവുന്നതാണ്. പൂർവ്വാചാരങ്ങളിൽ വേരുന്നിട്ടുള്ള മനോവൃത്തിയാൽ ഭരിക്കപ്പെടുന്ന വയോധികന്മാർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ അവിശ്വാസം ജനിക്കുവാനുള്ള കാരണം, മക്കളുടെ ഗുണത്തിൽ കാംക്ഷയില്ലായ്മയുമല്ല അവരുടെ പേരിൽ സ്നേഹമില്ലായ്മയുമല്ല, ഇപ്പോഴത്തെ നടപ്പുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസരീതിയിൽ അന്തരമായ ഒരു ദോഷത്തെപ്പറ്റിയുള്ള ഭയംതന്നെയാണ്. പാശ്ചാത്യപരിഷ്കാരത്തിന്റെ ഫലം സ്വമതനിന്ദയെന്നു ഖണ്ഡിച്ചു പറവാൻ ഇംഗ്ലീഷ് വിദ്യാർത്ഥികളുടെ ഉള്ളറിഞ്ഞിട്ടുള്ള പുതുമക്കാർ മടിക്കുമെങ്കിലും ആലോചനാശക്തി ഉറയ്ക്കുന്നതിനു മുമ്പ് സ്വമതസ്നേഹം മറന്ന് ത്രിശങ്കുസ്വർഗ്ഗത്തിൽക്കിടന്നലയുന്ന വിദ്യാർത്ഥികളിൽ ധാരാളമുണ്ടെന്നു സമ്മതിക്കുന്നതിൽ ആരുംതന്നെ സംശയിക്കുന്നതല്ല. ഇതിന്റെ മൂലം ശിക്ഷാദോഷമോ ശീലഭേദമോ എന്തുതന്നെയായാലും ഈ ന്യൂനത ഇപ്പോഴത്തെ ഇംഗ്ലീഷ് വിദ്യാഭ്യാസരീതിയ്ക്കു സഹജമായിട്ടുള്ളതുതന്നെ. ഈ ഒരു ദോഷം പരശുരാമക്ഷേത്രത്തിൽ മാത്രമെ ഉള്ളു എന്നും വിചാരിക്കുണ്ട്. അവസ്ഥാന്തരംപോലെ ഭാരതഖണ്ഡം മുഴുവനും വ്യാപിച്ചിട്ടുണ്ട്. ഈ ബാധ ഹിന്ദുക്കൾക്കു പ്രത്യേകമാണെന്നും കരുതുന്നു. മഹമ്മദീയസംഘത്തിലും ഈ ഉപദ്രവം ഉൾക്കൊണ്ടിരിക്കുന്നുണ്ടെന്ന് അലിഗർ കോളേജിന്റെ ആവിർഭാവവും അടുത്ത വർഷത്തിൽ ബമ്പായിലും മദിരാശിയിലുംകൂടിയ മഹമ്മദീയ യോഗനിശ്ചയങ്ങളും പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. എന്നാൽ ഹിന്ദുമതത്തിന് അന്യാവശ്യമായും അനാശ്വരമായുമുള്ള ഉപകാരം ചെയ്വാൻ ജനനാൽ ഹിന്ദുവായ ഒരാൾക്കല്ല സംഗതിവന്നത്. ക്രിസ്തുമതത്തിൽ ജനിച്ച് പിന്നീട് തികച്ചും ശരീരമതത്തിൽക്കിടന്നരിഷ്ടിച്ച് ബ്രഹ്മവിദ്യയിൽ (തിയാസഫി) കരപ്പറ്റി വിശ്രമിക്കുന്ന ഒരു ആംഗ്ലേയ യിദ്ദിഷ്യാണ് ഇതിനു യോഗമുണ്ടായത്. സർവ്വാന്യായ ഈ വിദ്ദിഷ്യുടെ അശ്രാന്തപരിശ്രമത്തിന്റെ സ്മാരകസ്തംഭമെന്നപോലെയോ ഹിന്ദുക്കളുടെ മുഖ്യമന്ത്രായ സുകൃതവിപാകമെന്നപോലെയോ എന്നവും പ്രശംസനീയമാകുംവണ്ണം ശ്രീകാശിയിൽ നിലനിന്നുപോരുന്ന സെൻട്രൽ ഹിന്ദുകോളജിന്റെ ഉപകാരത്തെ അനുഭവിച്ചും കേട്ടും അറിഞ്ഞും സന്തോഷിയ്ക്കുന്നവർ ഹിമവൽ സേതു

പയ്യന്നും ഉണ്ടാക്കുമെന്നും എന്ന് സപ്തപ്പെടി സംശയിച്ചു തുടങ്ങിയതുല്ല. വിടപ്പെകൊണ്ടും യാഗൈപ്പേകൊണ്ടും ലോകമാസകലം പ്രസിദ്ധി പരത്തിട്ടുള്ള ആ ആനിബെസന്റിനെക്കാണുകയും അ ബ്രഹ്മവിദ്യായോഗിനിയുടെ ഹൃദയംഗമമായ പ്രഭാഷണം കേൾക്കുകയും ചെയ്യുവാൻ ഭാഗ്യമുണ്ടായിരുന്ന ഇ അവസരത്തിൽ നമ്മുടെ നയനസാഫല്യവും കർണ്ണസാഫല്യവും ഉണ്ടാക്കിത്തന്ന ആ വിദുഷിയുടെ പൂർവ്വചരിത്രസംക്ഷിപ്തത്തെ വായിച്ചു രസിപ്പാൻ ഞങ്ങൾക്കുണ്ടായിരുന്നപോലെ മറ്റുള്ള കേരളീയർക്കും ആസ്വാദ്യതയുണ്ടാവാതിരിപ്പാനിടയില്ലെന്നുള്ള പൂർണ്ണബോധത്തോടു ഞങ്ങളെ ഈ വിഷയത്തിൽ പ്രേരിപ്പിച്ചിരിക്കുന്നത്.

ആനിബെസന്റ് ക്രി. വർഷം 1847-ൽ അക്ടോബർ മാസം 1-ാംന ഇംഗ്ലണ്ടിൽ ഡബൺഷയർ എന്ന ദിക്കിൽ ജനിച്ചു. ആനി ബെസന്റ് ബെസന്റായത് വിവാഹം മൂലമാണ്. സഹോദരൻമാരുടെ പേര് 'ആനിവുഡ്' എന്നാണ്. വിക്ടോറിയാ മഹാരാജ്ഞിയെ ഇംഗ്ലാന്തിൽ-വെച്ചു പ്രസവിക്കണമെന്നുള്ള താല്പര്യത്തോടെ സപ്തനുക്കൾ മിക്കതും വിറിട്ടു കെൻറിലെ പ്രഭുവിന്റെ കൊട്ടാരം പിടിച്ചെടുത്തതു മൂലം തന്റെ കുടുംബത്തിനു പ്രഭുസ്ഥാനം സമ്പാദിച്ച മഹാമതസ്ഥനായ ഹാരർളി പ്രഭുവിന്റെ അടുത്ത ദായാദിയായ 'വിൽ്യംവുഡ്' ആയിരുന്നു ഇവരുടെ അച്ഛൻ. ഇദ്ദേഹം ലണ്ടനിൽ ഉയർന്നതരം ഒരു ഉദ്യോഗത്തിൽ ഇരുന്നിരുന്നുവെന്നും, കണക്കിൽ നിപുണനും, ഫ്രഞ്ച്, ജർമ്മൻ, ഇറ്റാലിയൻ, സ്പാനിഷ്, പോർട്ടുഗീസ്, എന്നീ ഭാഷകളിൽ അപാരമായ പാണ്ഡിത്യം സിദ്ധിച്ചവനും, മതവിഷയത്തിൽ വിശ്വാസം കുറഞ്ഞവനും ആയിരുന്നുവെന്നും, കാണുന്നുണ്ട്. ഇവരുടെ അമ്മ, അയർലണ്ടിലെ 'മോറിസ്സ്' എന്ന കുടുംബത്തിൽ പെട്ടവളും, പ്രകൃത്യാ ദയ, സുശീലം, ആർജ്ജവത്വം, ആത്മാഭിമാനം, പ്രൗഢം മുതലായ സൽഗുണങ്ങളാ സാധാരണയിലധികം തികഞ്ഞിരുന്ന ഒരു വനിതാരത്നവുമായിരുന്നു. എന്തൊക്കെയായാലും വേണ്ടില്ല, ദോഷങ്ങൾ നിശ്ശേഷം താനനുഭവിച്ചാലും സുഖങ്ങൾ മുഴുവൻ തന്റെ കുട്ടികൾക്ക്, അതിലും വിശേഷിച്ച് ആനിയ്ക്ക്, ഉണ്ടാക്കിത്തീർക്കണമെന്നായിരുന്ന അമ്മയുടെ പരമോദ്ദേശ്യം, ആനിയുടെ തലമുടി വേർപെടുത്തത് ഭംഗിയിൽ കെ

ട്ടിക്കുക, വസ്ത്രം ധരിപ്പിക്കുക, പൂക്കളണിയിക്കുക മുതലായ പ്രവൃത്തികൾപോലും അമ്മതന്നെയായിരുന്നു ചെയ്തിരുന്നത്. ഇങ്ങിനെയെല്ലാം അതിവാത്സല്യത്തോടുകൂടിയാണ് പുത്രിയെ വളർത്തിക്കൊണ്ടുവന്നത്. ആനിയ്ക്ക് അഞ്ചു വയസ്സായപ്പോൾ അച്ഛൻ മരിച്ചു. ആനിയുടെ കുടുംബത്തിനു അച്ഛന്റെ മരണം ഒരു ദുഃശകുനപരിണാമ ലക്ഷണമായിത്തീർന്നു. അയാൾ നിമിത്തം സുഖദുഃഖങ്ങളുടെ ആയവ്യയങ്ങൾ അവർക്കറിയാറായി, അരുണോദയം സൂര്യോദയത്തിന്റെ സൂചകമാകുമ്പോലെ ആനിയുടെ അമ്മയ്ക്കുണ്ടായതാഴെ പറയുവാൻ പോകുന്ന അനുഭവം കാലാന്തരത്തിൽ ആനി ബസന്റിനു സിദ്ധിച്ചതായ ബ്രഹ്മവിദ്യോദയത്തിന്റെ സൂചകമാണെന്നുള്ളത് ഇപ്പോൾ ആലോചിച്ചാൽ അറിയാവുന്നതാകുന്നു.

ആനിയുടെ അച്ഛൻ മരിച്ചിട്ട് കുറെ ദിവസം കഴിഞ്ഞതിൽപ്പിന്നെ അദ്ദേഹത്തിന്റെ ശവം മറവുചെയ്യുന്ന സ്ഥലത്തു പോകേണമെന്ന് ആനിയുടെ അമ്മയ്ക്കു വളരെ ആഗ്രഹം തുടങ്ങി. അസംഖ്യം ശവങ്ങളെ സ്ഥാപിച്ചിട്ടുള്ള ആ പള്ളിയിൽ സ്ഥലപരിചയം നല്ലവണ്ണമില്ലാതെ ആനിയുടെ അമ്മയ്ക്കുള്ള ആഗ്രഹം സാധിപ്പാൻ പ്രയാസമായിരുന്നതുകൊണ്ട് സ്ഥലപരിചയം നല്ലവണ്ണമുള്ളവനും, ശവസംസ്ഥാപന സമയത്ത് കൂടെയുണ്ടായിരുന്നവനും, ബന്ധുവും ആയ ഒരാളെയും കൂട്ടിക്കൊണ്ടാണ് ആനിയുടെ അമ്മ പുറപ്പെട്ടത്. കുറെച്ചെന്നപ്പോൾ കൂടെയുണ്ടായിരുന്ന ആൾക്കു വഴിതെറ്റി എല്ലാവരും വളരെ കഴുങ്ങി. ശവംകൊണ്ടുപോകുമ്പോൾ അതുപോലെ കുഴിച്ചാൽ പൊള്ളിയസ്ഥലം കാണിച്ചുകൊടുത്താൽ ശവം സ്ഥാപിച്ച സ്ഥലം താൻ തന്നെ കണ്ടു പിടിച്ചുകൊള്ളാമെന്ന് ആനിയുടെ അമ്മ പറഞ്ഞു. അപ്രകാരം കുഴിച്ചാൽ സ്ഥലത്തേക്ക് അവരെ കൂട്ടിക്കൊണ്ടുപോയി. അവിടെ എത്തിയപ്പോൾ സംശയം കൂടാതെ അവർ ശവം സ്ഥാപിച്ച സ്ഥലത്തേക്കു നടന്നു. എത്തേണ്ട സ്ഥലത്തായപ്പോൾ ഉടനെ നില്ക്കുകയും ചെയ്തു. ആ പള്ളിയാവട്ടെ ശ്മശാനമാവട്ടെ ആനിയുടെ അമ്മ അതിനുമുമ്പ് കാണുകപോലും ഉണ്ടായിട്ടില്ല. ഈ ഒരു സംഭവം അവർക്കെല്ലാവർക്കും അത്യൽഭുതമായിരുന്നു. ബ്രഹ്മവിദ്യയിൽ പരിചയിച്ചിട്ടുള്ളവർക്ക് ഈ ബഹു നിസ്സാരമാണെന്നു പറയാനില്ലല്ലൊ.

ശിക്ഷിച്ചുവായിരുന്ന ആനിയുടെയും, സോദരന്മാരുടെയും അക്ഷരശിക്ഷയിൽ ഹാരോ സ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്ന ഡാക്ടർ ഓവൗഗൻ വളരെ ഉത്സുകനായിരുന്നു. അദ്ദേഹം കുട്ടികളെയെല്ലാം ഹാരോയിൽ കൊണ്ടുപോയി സ്കൂളിലാക്കി. ആനിയും ആൺകുട്ടികളുടെ കൂടത്തന്നെയാണ് പഠിച്ചു വളർന്നു പോന്നതു്. എന്നു തന്നെയല്ല, കാമക്രോധാദികളെ ജയിച്ചു സിദ്ധികളെ ആർജ്ജിച്ചും, യോഗത്തെ അവലംബിച്ചും, നരജന്മത്തിന്റെ പരമപ്രയോജനത്തെപ്പറ്റി പ്രസംഗിച്ചും നമ്മുടെ സകലങ്ങളായ അനുഷ്ഠിയങ്ങൾക്കും വികാസത്തെ നല്കുന്ന മുഖ്യശ്രീയായ ആനിബസന്റ് ആൺകുട്ടികളോടൊപ്പം തന്റെ കാലത്ത് ക്രിക്കറ്റ് കളിക്കയും മരം കേറുകയും മറ്റും ചെയ്തിരുന്നു.

അതിനൊരുശേഷം മിസ്സ് 'മേരിയറ്റ്' എന്ന മദാമ്മയുടെ സംരക്ഷണയിലായി ആനിയുടെ വാസം. തന്റെ മരുമകൾക്ക് തക്കതായ ഒരു ചങ്ങാതിയെ കിട്ടിയാൽ അവളുടെ വിദ്യാഭ്യാസത്തിന് എളുപ്പമുണ്ടാകുമെന്ന കരുതിയാണ് ആനിയുടെ സ്വന്തം ചിറ്റവിടമ്മൽ സംരക്ഷിച്ച വിദ്യാഭ്യാസം ചെയ്യിപ്പാൻ മിസ്സ് മേരിയറ്റ് തുനിഞ്ഞതു്. അപ്പോഴാണ് ആനിയും മദാമ്മയും തമ്മിൽ ചേർച്ചിലാഞ്ഞത്. ആനിയുടെ അഭ്യുദയകാലവും അപ്പോൾ തന്നെയാണ് ആരംഭിച്ചത്. മിസ്സ് മേരിയറ്റ് ആനിയുടെ ശരീരത്തെയും മനസ്സിനെയും വളരെ വിശ്വസ്തയോടെ പരിപാലിച്ചു. മതസംബന്ധമായ വിഷയത്തിൽ മിസ്സ് മേരിയറ്റ് ഒരു ക്രിസ്തുമതയോഗിനിയായിരുന്നതുകൊണ്ട് ആനിയും ആ മാർഗ്ഗത്തിലായാണ് സ്വീകരിച്ചത്. പിൽഗ്രിംസ് പ്രോഗ്രസ് എന്നുള്ള ജ്ഞാനപ്രദീപകമായ കഥയിലെ നായകനായിരുന്ന ആനിയുടെ മനോരഥപ്രകാരമുള്ള ഉൽകൃഷ്ടപുരുഷൻ. നാടകശാലകളും അഭിനയങ്ങളും ആനിക്കു ജീവനുള്ളതിനെപ്പോലെയായിരുന്നു. പ്രഞ്ച്, ജർമ്മൻ, ഈ ഭാഷകളിലും സംഗീതത്തിലും അവർക്ക് വളരെ പ്രാവീണ്യമുണ്ടായിരുന്നു.

രണ്ടാമതും ആനി ഹാരോയിലയച്ചുതന്നെ മടങ്ങിപ്പോന്നു. വിശ്വവിശ്രുതനും ജീവനതത്വജ്ഞാനിയുമായ പ്ലേറ്റോ, ഡാൻറി, മിൽട്ടൻ, ഷെയ്ക്സ്പിയർ, ഇവരുടെ കൃതികളും സ്കോട്ട്, കിങ്സ്ലി, ഇവരുടെ കഥാനോവലുകളും ഈയവയിൽ ആനി വളരെ പ്രിയപ്പെ

ട്ടിരുന്നു. ഇങ്ങിനെയിരിക്കുമ്പോഴാണ് 'ക്രിസ്തുവൈദികപുസ്തകശാല' എന്നു മതസംബന്ധമായ ഗ്രന്ഥം കംബന്തത്തിവായിപ്പാനിടവന്നത്. പിന്നീട് ക്രിസ്തുവേതത്തിൽ ആയിക്കുന്ന് അവിശ്വാസമുണ്ടാക്കിത്തുടങ്ങിയതും ആ ഗ്രന്ഥം തന്നെയാണ്. ക്രിസ്തുവേതത്തിൽ ദൃഢവിശ്വാസമുണ്ടായിരുന്ന ആനി 'ഫൈത്ത്ച്ച്' എന്ന പുതിയകുറിൽ ചേർന്നിട്ട് ആ മതത്തിന്റെ അടിവൃഡിയിൽ അപാരമായ ഉത്സാഹത്തോടുകൂടിയിരുന്ന ആ കാലത്താണ് റവറൻഡ് പ്രാങ്ക് ബൈസൻറ് എന്ന പേരായ തന്റെ മോചിതനാവുമായിപ്പരിചയമായത്. 'ക്രിസ്തുവൈദികപുസ്തകശാല' എന്ന ഗ്രന്ഥം ക്രിസ്തുവേദത്തെപ്പറ്റി യഥാർത്ഥത്തിൽ ചില സംശയങ്ങളെ ഉണ്ടാക്കിത്തീർത്തുവെങ്കിലും ബാല്യാവസ്ഥയെ വിട്ടിട്ടില്ലാത്ത ആനിക്ക് ആ സംശയങ്ങളെപ്പറ്റി സൂക്ഷ്മമായാലോചന ചെയ്യാൻപോലും ആദ്യം ധൈര്യമുണ്ടായിരുന്നില്ല. സത്യവേദത്തിൽ സംശയം ജനിപ്പിക്കുന്നതുതന്നെ ചെകുത്താന്റെ ആവേശമാണെന്നു ഭയപ്പെട്ട് പശ്ചാത്താപത്തോടുകൂടെ കുറെ നാൾ വ്രതനിയമങ്ങളേ ആചരിച്ചുംകൊണ്ടിരിക്കുകയാണുണ്ടായത്.

യൌവനാരംഭത്തിൽ സ്ത്രീകൾക്കു സ്വഭാവേണയുണ്ടായിവിഷയസുഖങ്ങളിലാണല്ലൊ പ്രഥമചിത്തം. വേദവിശ്വാസമായ ആനിക്ക് നേരേ മറിച്ചായിരുന്നു. അന്വേഷിച്ചുകൊണ്ടുവരുന്ന ഐഹിക കാമുകന്മാരെത്തിരയുന്ന കാലത്ത് ആനി പാരത്രികനാഥനിലായിരുന്നു മനസ്സു വെച്ചിരുന്നത്. അപരനാരികൾക്ക് അവരവരുടെ പ്രിയന്മാരിൽനിന്നു ലഭിച്ചിരുന്നതിൽ പത്തിരട്ടി സുഖം ആനിക്കു കിട്ടിയിരുന്നത് കുരിശിന്മേൽ മരിച്ച ക്രിസ്തുവിന്റെ വിശ്വാസത്തിൽനിന്നായിരുന്നു. ദൈവികവിഷയങ്ങളിലുള്ള അത്യാസക്തി ഐഹികസ്ഥിതിയ്ക്ക് അനുചിതമാണെന്ന് ആനിയുടെ അമ്മയ്ക്കു തോന്നിത്തുടങ്ങി. ഒടുവിൽ ഈ ദോഷം പരിഹരിപ്പാൻവേണ്ടി പ്രാങ്ക് ബൈസൻറ് എന്ന പേരായ പാതിരിയെ കല്യാണം കഴിപ്പാൻ ആനിയെ ഉത്സാഹിപ്പിച്ചു. പ്രാങ്ക് ബൈസൻറിനെ ആനി ഐഹികദുഷ്ട്യാ സ്നേഹിച്ചിരുന്നില്ല. എന്നാൽ ഒരു പാതിരിയേടുള്ള സംസർഗ്ഗം ദൈവത്തിനോടുള്ള സാമീപ്യമാണെന്നാണ് ആനി ആലോചിച്ചത്. എങ്ങിനെയെങ്കിലും ദൈവസംഗത്താൽ ആനി, ബൈസൻറിനെ കല്യാണം കഴിച്ചു. കല്യാ

ണത്തിനുമുമ്പുതന്നെ മിസ്സസ് ബെസന്റ് രാജ്യതന്ത്രവിഷയങ്ങളിൽ കടക്കുന്നു പ്രവേശിച്ചിരുന്നു. കല്യാണത്തിനുശേഷം 'ഫ്രീമിലി ഹെറാൾഡ്' എന്ന പത്രത്തിലൂടെ കഥകളും എഴുതിയയച്ച് പ്രതിഫലം വാങ്ങിയിരുന്നുവെന്നും കാണുന്നുണ്ട്.

മിസ്സസ് ആനിബെസന്റിനു ആദ്യം ഒരാണും പിന്നെ ഒരു പെണ്ണും ഇങ്ങിനെ രണ്ടു കുട്ടികളും ഉണ്ടായി. പെങ്കുട്ടിയ്ക്ക്, ജനിച്ചിട്ട് ഏഴു മാസമായപ്പോൾ ഒരു കഠിനമായ ന്യുമോണിയ പിടിച്ചു. മരിച്ചു പോകുമോ എന്നുകൂടി ശങ്കയുണ്ടായി. കുട്ടിയുടെ ദീനക്കാലത്ത് ആനിബെസന്റ് അതിനെ ശുശ്രൂഷിച്ച വളരെ ബുദ്ധിമുട്ടി. കുട്ടിയുടെ അരിഷ്ടവും അതിനേപ്പറ്റി തള്ളയ്ക്കുണ്ടായിരുന്ന മനോവേദനയും ഒരുപോലെ കഠിനങ്ങളായിരുന്നു. മരിയ്ക്കാൻ പോകുന്ന കുട്ടിയെ മടിയിൽ വെച്ചുകൊണ്ട് ആനിബെസന്റ് പലപ്പോഴും വിചാരമഗ്നയായി ഇരുന്നിട്ടുണ്ട്.

"ദൈവം സൃഷ്ടിയിൽ നല്ലവനാണോ? അങ്ങനെകിൽ ലോകത്തിൽ എന്തിനാണ ദുഃഖം? എന്റെ കുട്ടിയേ എന്തിനായിട്ട് ഇത്രമാത്രം ഉപദ്രവിയ്ക്കുന്നു? ക്ഷണത്തിൽ കൊന്നാൽ ഇതിന്ന് വളരെ വേദന അനുഭവിയ്ക്കാതെ കഴിയ്ക്കുമായിരുന്നുവല്ലൊ! ദൈവമേ! വേണമെങ്കിൽ കുട്ടിയെക്കൊണ്ടു പൊയ്ക്കൊള്ളു. നിർദ്ദയനായ നീ ഇതിനെ എന്തിനിങ്ങിനെയിട്ടു ദണ്ഡിപ്പിക്കുന്നു?"

ഇങ്ങിനെയെല്ലാം ആലോചിച്ച് മിസ്സസ് ബെസന്റ് ദൈവത്തിനോടു കലഹിച്ചിരുന്നു. കഷ്ടാരിഷ്ടങ്ങൾ നിരപരാധികൾക്കു വരുത്തിക്കൂട്ടുന്നത് പരമ കാരുണികനെന്നു ഘോഷിക്കുന്ന ജഗദീശ്വരന്റെ പ്രവൃത്തിയാണെന്നു സമ്മതിപ്പാൻ പ്രയാസമാണെന്നു കാണുകയാൽ അവർ ദൈവത്തിന്റെ കൃപാലുതയിൽ സംശയമായിത്തീർന്നു. ക്രിസ്തുവിൽ ഭക്തിയുണ്ടെങ്കിലും, മനുഷ്യവർഗ്ഗത്തിന്റെ മഹാപാപങ്ങൾക്കു പ്രായശ്ചിത്തമായി സാധുവായ ക്രിസ്തു പ്രാണത്യാഗം ചെയ്യണമെന്നു നിയമിച്ച കാരുണപുരുഷനിൽ അവിശ്വാസമാണ തോന്നിയത്. പണ്ട് ബുദ്ധമുനിയുടെയുക്തിയും ഇവ്വിധത്തെന്നയാണ് പോയതെന്ന് വായനക്കാരിൽ പലർക്കും അറിവുണ്ടായിരിയ്ക്കുമല്ലൊ. എന്തിനു വളരെ വിസ്തരിയ്ക്കുന്നു? ജഗദീശ്വരനിൽ അവർക്കു മുമ്പുണ്ടായിരുന്ന വിശ്വാസം മുക്കാലുമുണ്ടാണിയും മാഞ്ഞുപോയി. നിസ്സാരന്മാരായ മാ

നുഷ്യർക്കുങ്ങളെ സൃഷ്ടിയ്ക്കുകയും ഉപദ്രവിയ്ക്കുകയും സംഹരിയ്ക്കുകയും ചെയ്യുന്ന ദൈവം ശരണ്യനല്ല. മനോരാജ്യപാരങ്ങളിൽചെച്ച് വിശ്വാസകൊണ്ടുമാത്രം യിലനിന്നു പോരുന്ന ദൈവം ക്രൂരനെന്നു കാണുന്നതുകൊണ്ട് അവൻ സ്വീഡ്ടാ ന്യായ്രൻതന്നെ.' ഈ ശപരനേസ്സംബന്ധിച്ച"— (അപഭിജേന്തിഗജേന്തിസുലഭേതോ? എന്നാണല്ലൊ ചോകരീതി. മിസ്സസ് ആനിബെസൻറിന് നേരെ മറിച്ചായിരുന്നു. അവിശ്വാസം ദിവസംപ്രതി വർദ്ധിച്ചുവന്ന ക്രിസ്തുവേദത്തിന്റെ സിദ്ധാന്തങ്ങളെ ഓരോന്നായിട്ടെടുത്ത് അവയെല്ലാം ഖണ്ഡിച്ചു. സംശയനിവൃത്തിയ്ക്കുവേണ്ടി പ്രൊസി എന്ന ക്രിസ്തുമതാചാര്യന്റെയടുക്കെച്ചെന്നു കണ്ടു. എന്നിട്ടും തൃപ്തികിട്ടിയില്ല. ഒടുവിൽ നാസ്തികമതത്തിൽ മനസ്സുറച്ചു. ഈ വിചയിൽ പതിമൂന്നു കൊല്ലം കഴിഞ്ഞു. ഈ കാലത്താണ് അനിബെസൻറ് പരസ്യമായി പ്രസംഗിയ്ക്കുവാൻ തുടങ്ങിയതു്. പ്രസിദ്ധപ്പെട്ട നാസ്തികനായ ബ്രാഡ്ലാ എന്ന മഹാപുരുഷനായിട്ടു പരിചയിച്ചു സ്നേഹമായിത്തീർന്നതും ആയിടയ്ക്കു തന്നെയാണ്. ഈ സൌഹാർദ്ദം വളരെക്കാലം യിലനിന്നുപോന്നു. ശരീരശാസ്ത്രസംബന്ധമായ ഗ്രന്ഥങ്ങളോട് ദൈവവിശ്വാസമുള്ളവർക്ക് വലിയ വിരോധമുണ്ടായിരുന്നു. ആ കാലത്ത് ഇംഗ്ലാണ്ടിലെ ജനസംഖ്യയുടെ അമിതമായ വർദ്ധനയെത്തടുപ്പാനുള്ള മാൽത്തൂസിയൻ സിദ്ധാന്തങ്ങളെ പ്രബലപ്പെടുത്തുവാനായി ബ്രാഡ്ലാ ചില ഗ്രന്ഥങ്ങളെഴുതുകയും അതിനുമൽവെച്ചു വലിയ കലാപങ്ങളുണ്ടാകയും ചെയ്തുകാലത്ത് മിസ്സസ് ബെസൻറ് ബ്രാഡ്ലായുടെ വളരെ അനുകൂലമായി പ്രസംഗിയ്ക്കുകയും ധൈര്യത്തെ കൂട്ടുകോടതി കേറുകയും ആദ്യത്തിൽ ഇവർ രണ്ടു പേരുംശിക്ഷിക്കപ്പെടുകയും അപ്പീലിൽ ശിക്ഷ ദുർബ്ബലപ്പെടുത്തുകയും മറ്റും ഉണ്ടായിട്ടുണ്ട്.

നാസ്തികമതത്തിൽ ചേരുന്നിരുന്ന അനിബെസൻറിന് പെൺകുട്ടിയുടെ രക്ഷാധികാരം പാടില്ലെന്നായിരുന്നു പിന്നെത്തെ വ്യവഹാരം. നിയമം വ്യവസ്ഥചെയ്യാത്തതാണെന്നു പ്രസിദ്ധമാണല്ലൊം. കുട്ടിയ്ക്കു ഭീനമാണെന്നും മാതൃശുശ്രൂഷ അത്യാവശ്യമാണെന്നും മറ്റും സാരമായ പല സംഗതികളെ വാദിച്ചിട്ടും നിവൃത്തികിട്ടിയില്ല. നിയമം അമ്മയെയും മകളേയും വേർപിരിച്ചു കളഞ്ഞു. ഇതിനു മുമ്പുതന്നെ ഭാര്യയും ഭർത്താവും തമ്മിൽ വേർപിരിഞ്ഞു

പോയിട്ടുണ്ടെന്നുള്ളത് വായനക്കാർ അറിഞ്ഞിരിയ്ക്കുണ്ടതാകുന്നു. പ്രായം തികഞ്ഞപ്പോൾ മകളും അമ്മയോടു യോജിച്ചുവെന്നു പറയേണ്ടതില്ലല്ലൊ.

രാജ്യഭരണതന്ത്രത്തിൽ പരിഷ്കൃത (Radical) സംഘത്തിലായിരുന്നു മിസ്സസ് ആനിബെസന്റ ചേർന്നിരുന്നത്. ഈ നിലയിൽനിന്നു കുറെക്കൂടി മൂത്ത് (സോഷ്യലിസം) എന്ന സമൈശ്വര്യസിദ്ധാന്തത്തിൽച്ചെന്നെത്തി. ധനം ഐശ്വര്യം സുഖം ഇവയ്ക്ക് ജനസാമാന്യത്തിലുള്ള ഏറ്റക്കുറച്ചിലിനെ പരിഹരിയ്ക്കേണമെന്നാണ് സമൈശ്വര്യസിദ്ധാന്തത്തിന്റെ ഉദ്ദേശ്യം. അതിസുഖങ്ങളും അനുഭവിച്ച് അനാവശ്യമായും അസംബന്ധമായും പണം വാരിക്കോരി വിതറിച്ചിലവിട്ടു കാലം കഴിയുന്ന മദമത്തചിത്തന്മാരായ പ്രഭുക്കന്മാരുടെ അധികമുള്ള ധനം ഉപജീവനത്തിനു യാതൊരു വഴിയുമില്ലാതെ ജനനാൽത്തന്നെ അഗതികളായവർക്കും മറ്റും വിതരിച്ചുകൊടുത്ത് എല്ലാവർക്കും സമനിലവരുത്തുവാനായിരുന്ന സമൈശ്വര്യസിദ്ധാന്തക്കാരുടെ ഉത്സാഹം. ഈ വഴ്ത്തിലും ആനിബെസന്റിനു പ്രാധാന്യം സിദ്ധിച്ചു. ഇവിടെവച്ചാണ് ബ്രാഡ്ലാവും ഈ വിഭിന്നിയും തമ്മിൽ തെറ്റിയതു്. വളരെക്കാലം തന്നോടു യോജിച്ചും സ്നേഹിച്ചും നടന്നിട്ടുള്ള ബ്രാഡ്ലാ സമൈശ്വര്യസിദ്ധാന്തത്തിനു പ്രതികൂലമായപ്പോൾ മിസ്സസ് ബെസന്റിനു സഹിച്ചില്ല. വിശ്വാസവും സ്നേഹവും രണ്ടു വഴിയ്ക്കു തിരിഞ്ഞു. സമഭാവനയിൽ വിശ്വാസം, ബ്രാഡ്ലായിൽ സ്നേഹം, ഏതിനെയാണ് എടുക്കേണ്ടത്? കേന്നിൽത്തടഞ്ഞോരുനദീപ്രവാഹമെന്നോണമായാത്മഗതം ദ്വിധാമോ എന്ന നിലയിലായിത്തീർന്നു. എന്തായാലും വേണ്ടില്ലെന്നുറച്ച് വിശ്വാസത്തെ അംഗീകരിച്ചു. ബ്രാഡ്ലാവിനെയും തിരസിച്ചു. ഇതിന്റെശേഷം ട്രാഫ്മിംഗർ സ്ക്വയർ എന്ന സ്ഥലത്തുവച്ചുണ്ടായ സമൈശ്വര്യസമാജത്തിൽ വെച്ച ശരീരസൌഖ്യമില്ലെങ്കിലും വളരെ ഉത്സാഹത്തോടെ പ്രസംഗിയ്ക്കുകയുംചെയ്തു. ആ സമാജത്തിൽപ്പെട്ടവരായ ചില പാവപ്പെട്ട ജനങ്ങളെ സമാധാനലംഘനക്കുറ്റം ആരോപിച്ചു പൊല്ലീസ്സുകാർ പിടിയ്ക്കുകയും, കേസ്സാക്കുകയും, ചെയ്തപ്പോൾ അവരെ രക്ഷിപ്പാൻ വേണ്ടി മിസ്സസ് ആനിബെസന്റും വേറെ പല യോഗ്യന്മാരുംകൂടി കൊണ്ടു

പിടിച്ചു ശ്രമിക്കുകയും ചെയ്തു. ഇതിൽ പിന്നെയും പല സമാജങ്ങളിലും ഉപസംഘങ്ങളിലും രാജ്യതന്ത്രവിഷയത്തെ സംബന്ധിച്ച പല കലഹങ്ങളിലും മിസ്സസ് ആനിബെസന്റ് ഉൾപ്പെട്ടിട്ടുണ്ട്.

ഇനിയത്തെപ്പുറപ്പാട് തിയ്യോസഫി എന്നു പറയപ്പെടുന്ന ബ്രഹ്മവിദ്യയിലേക്കാണ്. പതിമൂന്നു സംവത്സരകാലം നാസ്തികസിദ്ധാന്തങ്ങളിൽ ദൃഢമായി വിശ്വസിച്ചും ആ സിദ്ധാന്തങ്ങളെ പറഞ്ഞു പബ്ലിക്കായി പല പ്രസംഗങ്ങളും നടത്തി ഇംഗ്ലാണ്ടിൽ പലേ ദിക്കുകളിലും ഉള്ള ജനസാമാന്യത്തെ വശീകരിച്ചും ഇംഗ്ലണ്ടിൽ ആ കാലത്തുണ്ടായിരുന്ന വാഗ്മികളിൽ പ്രധാനികളായ ബ്രൈറ്റ്, ബ്രാഡ്ലാ, ഗ്ലാഡ്സ്റ്റൺ, മിസ്സസ് ആനിബെസന്റ് ഇങ്ങിനെ താലൂപേരാണെന്ന ചോകം മുഴുവനും എല്ലാവരും ഘോഷിപ്പാൻ ഇടയാക്കിയും, വർത്തിച്ചിരുന്ന ഈ വിദുഷി നാസ്തിക സിദ്ധാന്തങ്ങളെ ഉപേക്ഷിച്ച് വീണ്ടും ആസ്തികമതത്തിൽ പ്രവേശിച്ച് ക്രമേണ ഹിന്ദുമതത്തെ ആശ്രയിപ്പാനുണ്ടായ സംഗതികളെപ്പറ്റിയും, ആ വിദുഷിയെ പരമാത്മ ജ്ഞാനത്തിലേക്കു വഴികാണിച്ച തിയ്യോഫി എന്ന് പറയപ്പെടുന്ന ബ്രഹ്മവിദ്യാസിദ്ധാന്തങ്ങളെപ്പറ്റിയും ഇനിയൊരു ലേഖനത്തിൽ പ്രസ്താവിക്കുന്നതാകുന്നു.

കോങ്കണബ്രാഹ്മണർ

(൨)

സ്കന്ദപുരാണത്തിലെ ഒരു ഭാഗമായ സഹ്യാദ്രിഖണ്ഡത്തിൽ കോങ്കണബ്രാഹ്മണരെക്കുറിച്ചു പറഞ്ഞ വാക്യങ്ങളെ മകരത്തിലെ രഞ്ജിനിയിൽ പ്രസ്താവിച്ചിരിക്കുന്നു.

ത്രിഹോത്രപുരവാസികളും പഞ്ചഗൌഡരുടെ ഒരു അവാന്തരവിഭാഗവും ആയ ദേശസ്ഥാത്രബ്രാഹ്മണരെ ശ്രീപരശുരാമൻ കൊണ്ടുവന്നു, ഗോമാചലം, പഞ്ചക്രോശി, കുശസ്ഥലി മുതലായ പുണ്യസ്ഥലങ്ങളിൽ പാർപ്പിച്ചു. ഈ ബ്രാഹ്മണർ ഇവിടെ നിവസിച്ച്, ശ്രൌതസ്മാർത്തകർമ്മങ്ങളെ നിർവിഘ്നമായി അനുഷ്ഠിച്ച്, ഹ

വ്യാകരണങ്ങളെക്കൊണ്ടു ദേവപിതൃക്കളുടെ പ്രീതിസംപാദിച്ച്, ആ ഈശ്വരപ്രസാദത്താൽ കാലവർഷവും ധാന്യസമൃദ്ധിയും സുഭിക്ഷവും ആരോഗ്യതയും സപക്ഷേത്രത്തിൽ ഉണ്ടാക്കി സുഖേന ഉപജീവിപ്പാനായിട്ട് ഇവക്കു അറുപത്താറു ഗ്രാമങ്ങളേയും മൂപ്പുവാടകളും കൊടുത്ത്, ഇവർ മേലാൽ നടക്കേണ്ടുന്ന മാർഗ്ഗങ്ങളേയും മറ്റും ഉപദേശിച്ച് ശ്രീപരശുരാമൻ തപസ്സു ചെയ്വാനായിട്ട് മഹേന്ദ്രാചലത്തിലേക്കുപോയി എന്ന പുരാണകഥയുടെ യഥാർത്ഥ്യം ഭാഷാശാസ്ത്രം മുതലായ പ്രമാണങ്ങളെക്കൊണ്ടു ഉപ്രിഉപപാദിക്കും.

ശ്രീപരശുരാമൻ പത്തു ഗോത്രക്കാരെ മാത്രംകൊണ്ടുവന്നുവെന്നു മേപ്പടി പുരാണത്തിൽ പറഞ്ഞിരിക്കെ ഇപ്പോൾ കോങ്കണബ്രാഹ്മണരുടെ ഇടയിൽ പല ഗോത്രങ്ങൾ ഉണ്ടായിരിക്കുന്നതെങ്ങിനെ എന്ന ആക്ഷേപത്തിനു സംഗതിവരുന്നുണ്ട്. കോങ്കണബ്രാഹ്മണർ പശ്ചിമതീരത്തു നിവസിച്ച് സുഖിച്ചിരുന്ന കാലത്ത് ഉത്തര ഹിന്ദുസ്ഥാനത്തിലെ കന്യാകുബ്ജം, ശ്രീഗോത്രപുരം മുതലായ പ്രദേശങ്ങളിൽനിന്നു സാരസ്വതബ്രാഹ്മണർ ദക്ഷിണദേശങ്ങളിലെ പുണ്യക്ഷേത്രങ്ങളായ ശ്രീരംഗം, രാമേശ്വരം, അനന്തശയനം ഇത്യാദി നഗരങ്ങളെ സന്ദർശിച്ച് പശ്ചിമതീരത്തുടെ സപ്രദേശങ്ങളിലേക്കു മടങ്ങിപ്പോകുമ്പോൾ ഗോമാന്തകത്തിൽ എത്തി അവിടത്തെ ദേശസൌഖ്യവും സമൃദ്ധിയും കണ്ട് പ്രസന്നരായി പൂർവ്വസ്നേഹിതരായ കോങ്കണബ്രാഹ്മണരുമായികൂടിച്ചേർന്നു സപരാജ്യത്തു പോകാതെ ഗോവയിൽതന്നെ നിവസിച്ചു എന്ന ഐതിഹ്യം ഉണ്ട്. ഇവർ നിമിത്തം ഗോത്രങ്ങളുടെ സംഖ്യ പല ആയിതീർന്നു എന്നാകുന്നു ഭൂരിജനവിശ്വാസം.

സഹ്യാദ്രിഖണ്ഡത്തിൽ പത്തു ഋഷികളെ കൊണ്ടുവന്നു എന്നുമാത്രം പറഞ്ഞിരിക്കയാൽ ഈ ഋഷിനാമധേയങ്ങൾ തത്തന്നാമകഗോത്രങ്ങളേയും തദവാന്തരഗോത്രങ്ങളേയും ഗ്രഹിക്കുന്നുണ്ട് എന്നു സമാധാനം പറയുന്നതിൽ യുക്തിപോരാ. ഭാരദ്വാജഗോത്രത്തിൻറെയും ഗൌതമഗോത്രത്തിൻറെയും പ്രവരങ്ങളിൽനിന്ന് ഇവ അംഗിരസ്സുഗോത്രത്തിൻറെ ശാഖകൾ എന്നു കാണാം. കൌശികം, വൈശ്വാമിത്രം, ധനഞ്ജയം, ഐന്നിവ വിശ്വാമിത്രഗോത്രത്തിൻറെയും, വാത്സം ജാമദഗ്ന്യം എന്നിവ ഭൃഗുഗോത്രത്തിൻറെ

യും വാസിഷ്ഠം കൌണ്ഡിന്യം എന്നിവ വസിഷ്ഠഗോത്രത്തിന്റേ
യും ശാഖകളായിട്ടും അവയെ പുരാണത്തിൽ പൃഥക്കായി ഗ്രഹി
ച്ചിരിക്കയാൽ മുന്നിശബ്ദത്തെ ഗോത്രപരമായി സ്പീകരിച്ചിരിക്കു
ന്നു എന്നു തെളിയുന്നു. അതുകൊണ്ടു കാലാന്തരത്തിൽ ഉത്തരദേ
ശത്തിൽനിന്നു സാരസ്വതർ വന്നുകൂടിയതുകൊണ്ട് ഇപ്പോൾ കോ
ങ്കണബ്രാഹ്മണരുടെ ഇടയിൽ പതിനെട്ടു ഗോത്രങ്ങൾ ഉണ്ടായി
എന്നതു സിദ്ധമാകുന്നു. കോങ്കണബ്രാഹ്മണരുടെ ഇടയിൽ നടപ്പു
ള്ള ഗോത്രങ്ങളെയും അവയുടെ പ്രവരങ്ങളെയും താഴെ ചേർക്കുന്നു.

(1) ശ്രീപരശുരാമൻ കൊണ്ടുവന്ന പത്തു ഗോത്രങ്ങൾ.

ഗോത്രം.	പ്രവരങ്ങൾ
1 ഭാരദ്വാജം.	ആംഗിരസ, ബാഹ്സ്പത്യ, ഭാരദ്വാജേതി
2 കൌശികം.	വൈശ്വാമിത്ര, അഘമർഷണ, കൌശികേതി
3 വാത്സം	ഭാർഗ്ഗവ, ച്യ്യാവന, ആപ്ലവാന, ഔരവ, ജാമദഗ്ന്യേതി
4 കൌണ്ഡിന്യം	വാസിഷ്ഠ, മൈത്രാവരുണ, കൌണ്ഡിന്യേതി
5 കാശ്യപം	കാശ്യപ, ആവത്സാര, നൈധ്രുവേതി
6 വാസിഷ്ഠം.	വാസിഷ്ഠ, ഇന്ദ്രപ്രമദ, ആഭരദ്വസവേതി
7 ജാമദഗ്ന്യം.	ഭാർഗ്ഗവ, ച്യ്യാവന, ആപ്ലവാന, ഔർവ്വ, ജാമദഗ്ന്യേതി
8 വിശ്വാമിത്രം	വിശ്വാമിത്ര, ദേവരാത, ഔദലേതി
9 ഗൌതമം	ആംഗിരസ, അയാസ്യ, ഗൌതമേതി
10 അത്രി	ആത്രേയ, ആർച്ചനാനസ, ശ്യാവാശ്വേതി

(2) കാലാന്തരത്തിൽ വന്നു ചേർന്ന ഗോത്രങ്ങൾ.

1 കുത്സഗോത്രം അല്ലെങ്കിൽ ശംഖപിംഗഗോത്രം	ആംഗിരസ, മാംബരീഷ, യൌവനാശ്വേതി
2 മുദ്ഗലഗോത്രം	ആംഗിരസ, ഭാമ്ര്യശ്വ, മൌദ്ഗലേതി
3 ആംഗിരസം	ആംഗിരസേതി
4 ഗാർഗ്ഗ്യം	ആംഗിരസ, ബാഹ്സ്പത്യ, ഭാരദ്വാജ, ഗാർഗ്ഗ്യേതി

ഇവയും ഭാരദ്വാജഗൌതമഗോത്രങ്ങളും ആംഗിരസന്മാരുടെ ശാഖകളാകുന്നു.

5 നൈധ്രുവഗോത്രം. കാശ്യപ, ആവത്സാര, നൈധ്രുവേതി.
6 ശാണ്ഡില്യഗോത്രം. കാശ്യപ, ആവത്സാര, ശാണ്ഡിലേതി.
ഇവർ കാശ്യപന്മാരുടെ ഗോത്രത്തിൽ ചേർന്നതാകുന്നു.
7 ധാനഞ്ജയഗോത്രം. വൈശ്വാമിത്ര, മാധുച്ഛന്ദസ, ധാനഞ്ജയേതി.
8 സാംവ്യായനഗോത്രം. ഗൗമ, വസു, സാംവ്യായനേതി.

ഇവിടെ വിസ്സഷ്ടമായി അറിയുവാൻവേണ്ടി പ്രവരനാമങ്ങളെ സന്ധികൂടാതെ എഴുതിയിരിക്കുന്നു. ഗോത്രോച്ചാരണ കാലത്തു പ്രവരാന്തത്തിൽ ഇതി ശബ്ദം ചേർക്കപതിവാകയാൽ അതു അനുസരിച്ചു ഇവിടെയും ചേർത്തിരിക്കുന്നു.

പശ്ചിമതീരത്തിലെ മറ്റു ബ്രാഹ്മണരുടെ ഇടയിൽ ൪, ൫, ൬, ൭ ഗോത്രങ്ങൾ ഉണ്ടായിരിക്ക കോങ്കണബ്രാഹ്മണരുടെ ഇടയിൽമാത്രം ഇത്ര അധികം ഗോത്രങ്ങൾ ഉണ്ടാകുന്നതെങ്ങിനെ എന്നു ഗോത്രാവ്യവസ്ഥ അറിയാത്തവർക്ക് പരിഭ്രമത്തിനു കാരണം ഉണ്ടായിവരാം. ആശ്വലായനനായരുടെ ശ്രൌതസൂത്രം ൧൨-൦൦ അദ്ധ്യായവും ധർമ്മസിന്ധുമുതലായ അർവ്വാചീന സ്മൃതിസംഗ്രഹങ്ങളും അവലോകനം ചെയ്യുന്നതായാൽ ഗോത്രങ്ങൾ എത്ര ഉണ്ടെന്നു പ്രത്യക്ഷമാകും. കോങ്കണബ്രാഹ്മണരിൽ ഭൂരിപക്ഷവും ഋഗ്വേദത്തിന്റെ ശാകലശാഖയെ അദ്ധ്യയനം ചെയ്യുന്നവരും ആശ്വലായനസൂത്രത്തെ അനുസരിച്ചു നടക്കുന്നവരും ആകുന്നു.

സപ്തർഷികളായ ബ്രാഹ്മണർ സേതുൽകർഷം സ്ഥാപിച്ച് തങ്ങൾ ബ്രഹ്മാവിന്റെ മുഖത്തിൽനിന്നു ഉണ്ടായിച്ചുവെന്നും മന്ത്രദൃഷ്ടാക്കളായ ഋഷിമാരുടെ സന്തതികൾ ആകുന്നു എന്നും സ്വമഹിമയെ പ്രകടിപ്പിച്ച്, ഹിന്ദുക്കളെ സ്വാധീനപ്പെടുത്തി, വർണ്ണാശ്രമധർമ്മങ്ങളാകുന്ന ശൃംഖലകളെക്കൊണ്ടു ജനങ്ങളെ ബന്ധിച്ച് അടിമകളാക്കി ദുഃഖപ്പെടുത്തി, അവരെക്കൊണ്ട് തങ്ങളുടെ സുഖാനുഭോഗങ്ങളെ സമ്പാദിപ്പിച്ച് തങ്ങൾ സകലവിധപ്രവൃത്തികളിൽനിന്നും വിരമിച്ചവരായി, രാജാക്കന്മാരെപ്പോലെയുള്ള അവസ്ഥയിൽ സ്വാധികാരങ്ങൾ നടത്തി ഹിന്ദുദേശത്തിലെ ജനങ്ങളുടെ അഭിവൃദ്ധിക്കും അഭ്യുദയത്തിനും വലിയ വ്യാഘാതങ്ങൾ ഉണ്ടാകിത്തീർത്തിരിക്കുന്നു എന്നാകുന്നു പാശ്ചാത്യചരിത്രക്കാ

രുടെ അഭിപ്രായം. ഈ അഭിപ്രായത്തിന്റെ മൂലകാരണം ബ്രാഹ്മണരുടെ ഇടയിൽ ഉള്ള ഗോത്രവ്യവസ്ഥതന്നെ. ഇതു അവ്വാചീനകാലങ്ങളിൽ ഏർപ്പെട്ടുത്തിയതു എന്നും ഒരഭിപ്രായമുണ്ട് പാണിനിമഹർഷിയുടെ അഷ്ടാധ്യായിൽ തദ്ധിതപ്രക്രിയയിൽ ഗോത്രനാമങ്ങളെ എങ്ങിനെ ഉണ്ടാക്കേണമെന്ന് വിധികൾ പറഞ്ഞിരിക്കുന്നതുകൊണ്ടും മഹർഷിയുടെ കാലത്തു സംസ്കൃതം ജനസാമാന്യത്തിന്റെ ഇടയിൽ നടപ്പായിരുന്ന ഭാഷയായിരുന്നതുകൊണ്ടും ഗോത്രനാമങ്ങൾ നിത്യവ്യവഹാരത്തിനു അത്യാവശ്യമായിരുന്നു എന്നു സ്പഷ്ടമായി അറിയാം. ആശ്വലായനാചാര്യരുടെ പേർ അഷ്ടാധ്യായിൽ പറഞ്ഞിരിക്കയാൽ, അദ്ദേഹം പാണിനിമഹർഷിയുടെ സമകാലത്തോ പൂർവ്വകാലത്തോ ഉണ്ടായിരുന്നു എന്നു തെളിയുന്നു. ആശ്വലായനാചാര്യർ ശ്രൌതസൂത്രത്തിൽ ഗോത്രപ്രവരങ്ങളെക്കുറിച്ചു പ്രസ്താവിക്കുന്നതുകൊണ്ട് ആശ്വലായനാചാര്യരുടെ കാലത്തിനു എത്രയോ മുമ്പു ഗോത്രവ്യവസ്ഥ ഉണ്ടായിരുന്നു എന്നു നിശ്ചയിക്കാം. സത്യകാമ ജാബാലൻ എന്ന ബ്രാഹ്മണകുമാരൻതന്നെ ഉപനയിക്കേണമെന്നു ഗൌതമമഹർഷിയോടു അപേക്ഷിച്ചപ്പോൾ "നിന്റെ ഗോത്രമെന്തെന്നു പറയേണം" എന്നു മഹർഷി കല്പിച്ചതായി ഛാന്ദോഗ്യോപനിഷത്തിൽ പറഞ്ഞതുകൊണ്ടും ഗോത്രങ്ങളും അവയെ സംബന്ധിച്ചുള്ള ആചാരനടവടികളും ചുരുങ്ങിയപക്ഷം ൨൫൦൦ വർഷങ്ങൾക്കു മുമ്പുതന്നെ നടപ്പായിരുന്നു എന്നും അതു ഏതുപോലെ മുതല്ക്കു നടപ്പായി എന്നു തീർച്ചപ്പെടുത്തിക്കൂടെ എന്നും നിസ്സംശയിക്കാം. ഈ പ്രാചീനകാലത്തു ബ്രാഹ്മണരുടെ ധനം തപസ്സും വിദ്യയുമായിരുന്നു എന്നു പല പ്രമാണങ്ങളെക്കൊണ്ടു പ്രതിപാദിക്കാം. അവർ ദ്രവ്യത്തിനായിട്ടു പരിശ്രമിച്ചു ധനശേഖരം ചെയ്തിരുന്നില്ലെന്നു പല പുരാണകഥകളെക്കൊണ്ടു നിശ്ചയിക്കാം. ഈ സംഗതികൾ എല്ലാം ആലോചിച്ചാൽ പാശ്ചാത്യന്മാരുടെ അധിക്ഷേപം നിർമ്മൂലമെന്നതു പ്രത്യക്ഷമാകും.

(തുടരും)

എം. ശേഷഗിരിപ്രഭു, എം. എ.

ചില പ്രശ്നോത്തരങ്ങൾ

അമേരിക്കയിൽ ചിക്കാഗൊ എന്ന നഗരത്തിലെ 'സ്വതന്ത്രമതസമാജ' പ്രസംഗകനായ പ്രൊഫസർ മംഗസാരിയൻ എന്നാൾ കഴിഞ്ഞകൊല്ലം പ്രസിദ്ധപ്പെടുത്തിയ 'പുതിയ പ്രശ്നോത്തരങ്ങൾ' എന്ന പുസ്തകത്തിൽനിന്ന് രസികരഞ്ജിനി വായനക്കാരുടെ അറിവിന്നായി അവിടവിടെ ആയി ചില ഭാഗങ്ങൾ ചോച്ചുപോലെ എടുത്ത് തർജ്ജിമചെയ്തു താഴെ ചേർക്കുന്നു.

യുക്തിയും വേദശിതവും.

പ്രശ്നം— 'മതം' എന്നാൽ എന്ത്?

ഉത്തരം— 'തത്വ'ത്തിലുള്ള വിശ്വാസം.

പ്ര— 'തത്വം' എന്നാലെന്ത്?

ഉ — ഒരു വിഷയത്തെ കുറിച്ച് നമുക്ക സമ്പാദിപ്പാൻ കഴിയുന്ന വിധത്തിലുള്ള അത്യന്തം പൂർത്തിയായ ജ്ഞാനമാകുന്നു.

പ്ര— 'തത്വത്തിൽ' ഉള്ള വിശ്വാസം എന്നാൽ എന്ത്?

ഉ— ജന്മത്തിന്റെ പരമോൽകൃഷ്ടമായ സാദ്ധ്യങ്ങൾക്കുവേണ്ടി മേൽപ്രകാരമുള്ള ജ്ഞാനത്തെ കേവലം ആശ്രയിച്ച് പ്രവൃത്തിക്കാം എന്നുള്ള വിശ്വാസമാകുന്നു.

പ്ര— തന്നിക്ക് 'തത്വത്തിന്മേൽ' ഉള്ള വിശ്വാസത്തെ ഒരുത്തനു ദൃഷ്ടാന്തീകരിപ്പാൻ എങ്ങിനെ കഴിയും?

ഉ — തന്റെ പ്രത്യക്ഷബോധമോ, സൂക്ഷ്മജ്ഞാനമോ എത്തുന്നേടത്തോളം അതിനെ അനുസരിച്ച് ഒരുത്തന്റെ കർമ്മങ്ങളെ ഉൽകൃഷ്ടസ്ഥിതിയിൽ നയിക്കുന്നതിനാൽ തന്നെ.

പ്ര— 'തത്വം' അല്ലെങ്കിൽ അത്യന്തം പൂർത്തിയായ ജ്ഞാനം സമ്പാദിപ്പാനുള്ള മാർഗ്ഗം എന്ത്?

ഉ— അനുഭവവും അദ്ധ്യയനവും തന്നെ.

പ്ര— 'മതം' എന്നതിനെ പറ്റി സാമാന്യ സമ്മതമായ ഒരു വിവരണം നിങ്ങൾ ഇപ്പോൾ പറഞ്ഞു കഴിഞ്ഞുവൊ?

ഉ— ഇല്ല, സാധാരണ ജനങ്ങളുടെ അഭിപ്രായപ്രകാരം മതം എന്നത് പ്രകൃത്യതീതങ്ങളായ ഭാവങ്ങളെ കുറിച്ച് മനുഷ്യനു

ള്ള വിശ്വാസങ്ങളും ആ ഭാവങ്ങളുടെ പ്രസാദം ലഭിക്കുവാൻ മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികളും ആകുന്നു.

പ്ര— 'പ്രകൃത്യതീതം' എന്നാലെന്ത്?

ഉ— അറിഞ്ഞിട്ടില്ലേടത്തോളം ഉള്ള കായ്കുകാരണ നിയമങ്ങളാൽ ഇപ്പോൾ വ്യവഹരിച്ച് സ്പഷ്ടമാക്കുവാൻ പ്രയാസമായി എന്തെല്ലാമുണ്ടോ അതെല്ലാം തന്നെ.

പ്ര— അങ്ങിനെയുള്ള കായ്ങ്ങളിൽ ഉചിതമായ ചിന്തവൃത്തി ഏതുപ്രകാരം ഇരിക്കേണ്ടതാകുന്നു?

ഉ— നാം അവയെ പറ്റി ശങ്കിക്കാതിരിക്കുകയും യഥേഷ്ടമായി വ്യവഹരിപ്പാൻ അനുവദിക്കയും ചെയ്യുന്നതായിരിക്കണം.

പ്ര— ദേവദർശിതങ്ങൾ നമുക്ക് മറ്റുപ്രകാരത്തിൽ അറിവാൻ കഴിയാത്ത അനേക സംഗതികളെ അറിവു തരുന്നില്ലെ?

ഉ— ദേവദർശിതങ്ങൾ എന്നു പറയപ്പെടുന്നവ വളരെ ഉള്ളതുകൊണ്ട് അവയിൽ ഏതൊന്നിനെ കുറിച്ചാണ് ആലോചിക്കേണ്ടത് എന്നു മുമ്പിൽ തീർച്ചയാക്കണം.

പ്ര— ചിലതു കേൾക്കട്ടെ.

ഉ— പാരസീകമതം, ഹിന്തുമതം, ബുദ്ധമതം, ജൂതമതം, ക്രിസ്തുമതം, മഹമ്മതുമതം, മുതലായവകളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളവതന്നെ.

പ്ര— ഈ ഓരോ മതങ്ങളിലെ ദേവദർശിതങ്ങളിൽ ഏതാണ് വാസ്തവമായിട്ടുള്ളത്?

ഉ— അവയിൽ ഒന്നുംതന്നെ തീരെ വാസ്തവമൊ തീരെ അവാസ്തവമൊ ആയിട്ടുള്ളതല്ല.

പ്ര— അവയിൽ വാസ്തവമായിട്ടുള്ളതും അവാസ്തവമായിട്ടുള്ളതും ആയ ഭാഗങ്ങൾ ഇന്നിന്നവയാണെന്ന് നാം എങ്ങിനെ അറിയും?

ഉ— നമ്മുടെ പരമമായ വിവേകജ്ഞാനംകൊണ്ടുതന്നെ.

പ്ര— അതുകൊണ്ട് നമ്മുടെ യുക്തിക്ക് ദേവദർശിതത്തേക്കാൾ അധികം പ്രാമാണ്യം കല്പിക്കേണമെന്ന് വരുന്നില്ലെ?

ഉ— അതിന്ന സംശയമില്ല.

പ്ര— നമ്മുടെ ഉള്ളിൽതന്നെ പരമമായ പ്രമാണം ഉണ്ടെങ്കിൽ പിന്നെ ഒരു ദേവദർശിതം അവശ്യമുണ്ടോ?

ഉ — ഇല്ല. എന്തെന്നാൽ ഒരു ദേവദർശിതം സ്വീകരിക്കപ്പെടണമെങ്കിൽ അതു നമ്മുടെ യുക്തിക്ക് അനുസരിക്കുന്നതായിരിക്കണം.

പ്ര— ഒരു ഗ്രന്ഥത്തിൽ ഈശ്വരപ്രോക്തമായ വാക്ക് ഉണ്ടെന്നു നിങ്ങൾക്ക് വിശ്വാസമുണ്ടാകുന്ന പക്ഷം നിങ്ങളുടെ യുക്തിക്ക് അതു സ്വീകാരയോഗ്യമായി തീരുന്നതാണെങ്കിലാകട്ടെ അല്ലെങ്കിലാകട്ടെ നിങ്ങൾ അതിനെ നിരാക്ഷേപമായി അനുസരിക്കയില്ലയോ?

ഉ— ഇല്ല.

പ്ര— എന്തുകൊണ്ട്?

ഉ— ആലോചനകൂടാതെ ഞാൻ അതിനെ അനുസരിക്കുന്ന പക്ഷം ആ പ്രവൃത്തി അയോഗ്യവും നിസ്സാരവുമാകുന്നു. നിബ്ബന്ധപൂർവ്വം ഞാൻ അപ്രകാരം ചെയ്യുന്നതായാൽ അതു സദുദ്ദേശ്യത്തോടുള്ള അനുസരണമാകുന്നതല്ല. എന്നുടെ പ്രവൃത്തി ബുദ്ധിപൂർവ്വകവും യുക്തിയുക്തവും ആയിരുന്ന പക്ഷം എന്റെ യുക്തിയെയാണ് ഗ്രന്ഥത്തെയല്ല ഞാൻ അനുസരിക്കുന്നതു് എന്ന് സാധിക്കുന്നതും ആകുന്നു.

പ്ര— ഒരു ഉദാഹരണം കേൾക്കട്ടെ.

ഉ— ലോകത്തിലെ വല്ല വേദഗ്രന്ഥങ്ങളും ദൂരി വരുന്നതാണെന്ന പറയുന്ന പക്ഷം നമ്മുടെ അനുഭവവും അദ്ധ്യയനവും മൂലം അതു നേരെ മറിച്ചാണെന്നു നാം മനസ്സിലാക്കിയിരിക്കുന്നു നാം അതു വിശ്വസിപ്പാൻ പാടില്ലാത്തതാകുന്നു.

പ്ര— നിങ്ങടെ യുക്തിക്കു തെറ്റാണെന്നു കാണുന്ന ഒരു പ്രവൃത്തി നിങ്ങൾ ചെയ്യണമെന്നു ദൈവശാസനങ്ങൾ ഉള്ള പക്ഷം നിങ്ങടെ യുക്തിയേക്കാൾ ഈശ്വരവാക്കിനെയല്ലേ നിങ്ങൾ അനുസരിക്കേണ്ടതു്?

ഉ— എന്റെ പരമമായ വിവേകജ്ഞാനം അരുത എന്നു മുടക്കുന്ന ഒരു പ്രവൃത്തി ഞാൻ ചെയ്യുന്ന പക്ഷം ഞാൻ ഒരു സത്പുത്രനായിരിപ്പാൻ പാടുള്ളതല്ല.

പ്ര— യുക്തിക്കു തെറ്റാണെന്ന ബോദ്ധ്യം വന്നിട്ടുള്ള ഒരു സംഗതി നേരെ മറിച്ചായിവരാം എന്ന വിചാരിപ്പാൻ പാടില്ലെന്നുണ്ടോ?

ഉ— പാടില്ല. യുക്തി സ്വാതന്ത്ര്യമുള്ള ഒരു ചക്രവർത്തിയെപ്പോലെ ആകുന്നു. അതിന് വാസ്തവമല്ലെന്ന് ബോദ്ധ്യം വന്നിട്ടുള്ള ഒരു കാര്യം വാസ്തവമാണെന്ന വിചാരിപ്പാൻ വേണ്ടി അതിനെ നിർബ്ബന്ധിപ്പാൻ കഴിയുന്നതായ യാതൊരു ശക്തിയും ലോകത്തിലില്ല.

പ്ര— എന്നാൽ നമ്മുടെ യുക്തി നമ്മെ അബദ്ധത്തിൽ ചാടിക്കയില്ലയോ?

ഉ— ഉവ്വ്.

പ്ര— അപ്പോൾ അതിനെ അനുസരിച്ചു പ്രവൃത്തിക്കുന്നത് എങ്ങിനെ?

ഉ— അതിനെക്കാൾ നല്ലതായിട്ടു വേറെ ഒന്നു ഇല്ലാത്തതുകൊണ്ടും നമ്മുടെ കൈവശത്തുള്ളതിൽ പരമമായ ജ്യോതിസ്സിനെ ആശ്രയിച്ച് നടക്കുന്നത് നമ്മുടെ കർത്തവ്യകർമ്മമായതുകൊണ്ടും.

പ്ര— ഈശ്വരപ്രോക്തങ്ങളെ അടിസ്ഥാനമാക്കാതെ സദ്വൃത്തി നിലനില്പാൻ പ്രയാസമുണ്ടെന്ന ഉപദേശിക്കുന്നത് നന്നായിരിക്കുമോ?

ഉ— ഇല്ല. എന്തുകൊണ്ടെന്നാൽ ഒന്നാമത് അത് വാസ്തവമായിരിക്കയില്ല. രണ്ടാമത് ഈശ്വരപ്രോക്തത്തിൽ ജനങ്ങൾക്ക് വിശ്വാസം കുറയുമ്പോൾ ഉത്തമകർമ്മങ്ങളിൽ അവക്ക് വിമുഖത ജനിക്കും.

പ്ര— ഉത്തമകർമ്മങ്ങളിലുള്ള തല്പരത നിലനില്പാൻ മാർഗ്ഗമെന്ത്?

ഉ— ഉത്തമകർമ്മങ്ങളെ ഫലോദ്ദേശം കൂടാതെ ചെയ്വാൻ തുല്യപ്പെടുകയും അപ്രകാരം അനുഷ്ഠിക്കുകയും ചെയ്യുന്നതുതന്നെ.

പ്ര— ഉത്തമകർമ്മങ്ങൾ ചെയ്വാനുള്ള പ്രേരണകൾ മറെറന്തെല്ലാമാണ്?

ഉ— അസ്വന്തം ബലവത്തായ പ്രേരണകൾ ആത്മബഹുമാനം, അനാത്മഹീനതാ, കർത്തവ്യകർമ്മജ്ഞാനം ഈ ഗുണങ്ങളിൽനിന്നു ജനിക്കുന്നവതന്നെ.

പ്ര— കർത്തവ്യകർമ്മജ്ഞാനം എന്നാലെന്ത്?

ഉ— ജന്മത്തിന് ഉൽകൃഷ്ടവും സ്വപ്രകാരേണ രമ്യതയും ഉണ്ടാകുന്ന പ്രവൃത്തികളെ നാം ചെയ്യേണ്ടതാണെന്നും ഇപ്രകാരവ

ഗങ്ങളും ദുഃഖപ്രദങ്ങളും അനുകൂല്യങ്ങളും ആയ പ്രവൃത്തികളിൽനിന്ന് നാം വിരമിക്കണമെന്നും ഉള്ള ബോധം ആകുന്നു.

പ്ര— നമ്മുടെ കർത്തവ്യകർമ്മങ്ങൾ ചെയ്യുന്നത് എപ്പോഴും സുഖകരമായിരുന്നെന്നു വരികയില്ലേ?

ഉ— കർത്തവ്യകർമ്മങ്ങൾ ചെയ്യുന്നത് ഒരു അസാദ്ധ്യപ്രവൃത്തിയാണെന്നും സജ്ജനമായിരിക്കുക എന്നത് ആത്മത്യാഗം ചെയ്യുക എന്നതാണെന്നും ആകുന്നു പ്രാചീനമതങ്ങൾ സിദ്ധാന്തിക്കുന്നത്.

പ്ര— അങ്ങിനെ ഉള്ള സിദ്ധാന്തത്തിന്റെ ഫലങ്ങൾ എന്താണ്?

ഉ— ആ സിദ്ധാന്തം ജനങ്ങൾക്ക് ഉത്തമജീവിതത്തിൽ ഭയം ജനിപ്പിക്കുകയും ഉത്തമജീവിതത്തെ കുറിച്ച് അവരുടെ മനസ്സിൽ വിഷാദവും ജാഡ്യവും ഉണ്ടാവാൻ ഇടവരുത്തുകയും ചെയ്യുന്നു.

പ്ര— ദോഷം എന്തെല്ലാമാണ്?

ഉ— ദുർജ്ജനങ്ങൾക്ക് മാത്രമെ ലോകത്തിൽ സുഖമായിരിപ്പാൻ കഴികയുള്ളു എന്ന കൂടി ഒരു ശങ്ക അത് ജനങ്ങൾക്ക് ഉണ്ടാക്കുന്നു.

പ്ര— കർത്തവ്യകർമ്മത്തിന്റെ ശരിയായ സ്വഭാവവും എന്താണ്?

ഉ— അത് ഒരു അസാദ്ധ്യതയെയോ ആത്മത്യാഗമോ അല്ലെന്നും എന്നാൽ അത് സർവ്വപ്രകാരേണയുള്ള സംയോജ്യതയും, രമ്യതയും ആനന്ദവും ആകുന്നു എന്നും ആകുന്നു. കായികമായും മാനസികമായും നാം ഇന്നിന്നപ്രകാരം പ്രവൃത്തിക്കേണ്ടതാണെന്ന പരമമായ പ്രാമാണ്യം സിദ്ധിച്ചിട്ടുള്ള ഒരു ചൈതന്യം ഏതേതു നിയമങ്ങൾ മൂലം നമ്മെ ബാദ്ധ്യതപ്പെട്ടുന്നുവൊ ആ നിയമങ്ങളെ നിരാകരിച്ചു നടക്കുന്നതാകുന്നു നാം ആത്മത്യാഗം ചെയ്യുന്നതും നമ്മുടെ ജന്മത്തെ അസംഭവ്യമാക്കിതീർക്കുന്നതും.

(തുടരും)

സി. എസ്സ്. ഗോപാലപ്പണിക്കർ, ബി. എ.

ഭാഷാശാകുന്തളം

ലോകവിശ്രുതമായ കാളിദാസരുടെ അഭിജ്ഞാനശാകുന്തളമെന്ന സംസ്കൃതനാടകത്തെ വിദേശീയ പണ്ഡിതന്മാർക്കുടി താന്താങ്ങളുടെ ഭാഷകളിൽ തർജ്ജമചെയ്യ സഭാഷാപരിജ്ഞാനം മാത്രമുള്ളവക്ക് അസാദ്ധ്യമാകുന്നിതീർത്തു വരുന്ന കാലത്ത്, ഏറ്റവും താണ നിലയിലിരിക്കുന്ന നമ്മുടെ മലയാളഭാഷക്ക് അങ്ങിനെയൊരു വിശിഷ്ട സമ്പത്തില്ലാത്ത ന്യൂനതയെ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് ഒരുവിധം പരിഹരിച്ചുവെച്ചു. തന്നിമിത്തം അനവധി നാടകസമ്പത്തും നമ്മുടെ ഭാഷക്കു ഉണ്ടായിവന്നു. എന്നാൽ മലയാളഭാഷാ കാലക്രമേണ ചില പരിഷ്കാരങ്ങൾ വന്നതോടുകൂടി ജനസമുദായത്തിന്റെ അഭിരുചി മാറിത്തുടങ്ങി. ആദ്യകാലത്തുണ്ടായ കേരളീയ ഭാഷാശാകുന്തളത്തിന്റെ രചനാസമ്പ്രദായം പലർക്കും രുചിക്കാതെയായി. സംസ്കൃതപദങ്ങളും പ്രത്യയങ്ങളും അതിൽ കുറെ അധികമാണെന്നുള്ള അഭിപ്രായം ദിനംപ്രതി വർദ്ധിച്ചുവന്നു. എന്നുമാത്രമല്ല, എനിക്കു ബാല്യംമുതൽ തന്നെ സംസ്കൃതത്തിൽ കവനംചെയ്യ പരിചയിച്ച അതു ഭാഷ അധികം സ്വാധീനപ്പെട്ടിരുന്നതുകൊണ്ട് ഈ തർജ്ജമയിൽ സംസ്കൃതപദപ്രയോഗങ്ങൾ അല്പം ബാഹുല്യമായിട്ടുണ്ടെന്നുള്ളതിനെ ഞാൻ സമ്മതിക്കുന്നു എന്നു ഭാഷാപണ്ഡിതന്മാരായ ആ പരിഭാഷകൻതന്നെ പറയാനിടവന്നു. എങ്കിലും ആയതു വേണ്ടവിധം പരിഷ്കരിച്ചു തർജ്ജമചെയ്യാൻ അദ്ദേഹം ഇതുവരെ മുനിഞ്ഞുകണ്ടില്ല. അശക്തികൊണ്ടാണ് അങ്ങിനെ പുറപ്പെടാതിരുന്നതെന്നു ഞങ്ങൾ സംശയിക്കുന്നില്ല. സംസ്കൃതപദം തീരെ ചേർക്കാതെതന്നെ ഇതു മുഴുവനും ഭാഷപ്പെടുത്തേണമെന്നാണ് വശ്യവാക്കായ ആ കവിപുംഗവൻ വിചാരിക്കുന്നതെങ്കിൽ അനായാസേന സാധിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. പിന്നെ ഇപ്രകാരം ഉദാസീനതചെയ്യാനുള്ള കാരണം മലയാളഭാഷയുടെ നിർഭാഗ്യശക്തിയാൽ മാത്രമാണെന്നേ ഞങ്ങൾ വിചാരിക്കുന്നുള്ളൂ. കോയിത്തമ്പുരാൻ തിരുമനസ്സിലേക്ക് എതിരായി വന്നെങ്കിലോ എന്നുള്ള ഭീരുതയാലും, അത്രമാത്രം പാണ്ഡിത്യമില്ലാത്തതിനാലും

ഇതുവരെ മറെറാരാൾ ഇതിലേക്ക് ആരംഭിച്ചതുമില്ല. എങ്ങനെകിലും ഒന്നു പരീക്ഷിച്ചു നോക്കാമെന്നുവെച്ച് ധൈര്യസമേതം പി. ജി. രാമയ്യരവർകൾ. ബി. എ. ബി. എൽ. ഇതിലേക്ക് ഇപ്പോൾ ഉദ്യമിച്ച് മുഴുവനും ഭാഷപ്പെടുത്തി പുസ്തകം പ്രസിദ്ധം ചെയ്തിരിക്കുന്നു. ഞങ്ങളുടെ അഭിപ്രായം എന്താണെന്നു അറിവാൻ വേണ്ടി ഒരു കോപ്പി അയച്ചു തന്നിട്ടുമുണ്ട്. മുഴുവനും മനസ്സിരുത്തി വായിച്ചു കൂലങ്കഷമായി പരിശോധിച്ച് അഭിപ്രായം പറയണമെന്നുള്ള വിചാരത്താലും മറവും, ഇതിനെപ്പറ്റിച്ച് ഇതുവരെയും തൊന്നും പ്രസ്താവിപ്പാനിടവന്നില്ല.

ഏതൊരു വിഷയം വിചാരിച്ചാലും, വഞ്ചിരംഞ്ചിവല്ലനോയവലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ ശക്തിപ്രഭാവം മറെറാരു കൃതിക്ക് ഈ മലയാളത്തിൽ സിദ്ധിപ്പാൻ പ്രയാസമാണ്. അക്ഷരപരിജ്ഞാനമില്ലാത്തവർ കൂടി അഹോരാത്രം ബാഹുരസമായി പാടിക്കൊണ്ടു നടക്കുന്ന കേരളീയഭാഷാശാകുന്തളത്തിന്റെ പ്രചാരവും മറെറാന്നിനുണ്ടാകുമെന്നു തോന്നുന്നില്ല. വാസ്തവം ഇങ്ങിനയൊക്കെത്തന്നെയാണെങ്കിലും രാമയ്യരവർകളുടെ പരിശ്രമം എത്രത്തോളം ഫലിച്ചിട്ടുണ്ടെന്നു പരിശോധിക്കേണ്ടതു മുഖ്യം ചെയ്യാണ്. ഏതെങ്കിലും ഒരു പുസ്തകത്തെക്കുറിച്ച് അഭിപ്രായം പറയുമ്പോൾ, തൽകർത്താവിന് എത്ര സൌന്ദര്യമുണ്ട്, നികൃതി ജന്മം എത്രയാണ്, ജന്മഭൂമി എവിടെയാണ്, അഭിജാത്യം എത്രയുണ്ട് എന്നൊന്നും ചിന്തിക്കേണ്ടുന്ന ആവശ്യമില്ല. എങ്കിലും, "പ്രേക്ഷകന്മാർക്കും സ്ത്രീകൾക്കുമുള്ള പൈദിഷ്യത്തെ ജനങ്ങൾ കൈക്കണ്ണാടിയിൽ കൂടെയാണ് കാണുന്നത്" എന്നൊരു വിദ്വാൻ പറഞ്ഞതു പലപ്പോഴും ഓർത്തുകൊണ്ടിട്ടുണ്ട്. എന്നാൽ ഈ കൈക്കണ്ണാടി ഞങ്ങൾ ഉപയോഗിക്കുന്നതിനെപ്പറ്റിയുള്ള സംഗതി ഈ പ്രകൃതത്തിൽ പ്രത്യേകിച്ചും വായനക്കാരെ അറിയിച്ചു കൊള്ളുന്നു.

രാമയ്യരവർകളുടെ ഭാഷാശാകുന്തളം വായിക്കുന്ന കാര്യത്തിൽ ഞങ്ങൾ പോരായ്മവിചാരിച്ചു ഉപേക്ഷ കാണിച്ചിട്ടില്ലെങ്കിലും വായനക്കുടുത്ത പരിശോധനക്ക് നിവൃത്തിയില്ലാത്ത വസ്തുതകളുണ്ടായിരിക്കുന്നു. വിസ്തരിക്കുന്നതായാൽ അധികം പരന്നുപോകുമെന്ന ഭയപ്പെട്ടിട്ട് ചുരുക്കുന്നതുകൊണ്ട് വരുന്ന ന്യൂനത പരിഹരിക്കുന്നതിനെ ഞങ്ങൾക്കിപ്പോൾ തരമുള്ളു. സാമാന്യേക്ഷണവും ക്ഷമയും ഉദാഹരണവും

കൊടുത്താൽ പിന്നെ വേറെ വല്ലതുമുണ്ടെങ്കിൽ തൽകാലം അതുമതല വായനക്കാരിൽതന്നെ സമർപ്പിച്ചുകൊള്ളുന്നു.

സംസ്കൃതപരിചയമില്ലാത്ത മലയാളികൾക്കും ശാകുന്തളത്തിന്റെ ശരിയായ അർത്ഥം പരാപേക്ഷകൂടാതെ വായിച്ചറിയുന്നാക്കി കൊടുക്കേണമെന്നുള്ള സദുദ്ദേശ്യമാണല്ലൊ രാമയ്യരവർകളെ ഈ ഒരു പ്രവൃത്തിയിലേക്കു പ്രേരിപ്പിച്ചതു്. അതുകൊണ്ടു് പ്രകൃതഭാഷാന്തരത്തിൽ ആവുന്നതു മലയാളവാക്കുകളെക്കൊണ്ടുതന്നെ കാര്യം നിർവ്വഹിച്ചിട്ടുണ്ടോ എന്നും, മൂലത്തിന്റെ അർത്ഥം ശരിയായിട്ടു് ഭാഷാന്തരത്തിലും വന്നുതീർന്നിട്ടുണ്ടോ എന്നും രണ്ടു സംഗതിയാണു് പ്രത്യേകിച്ചും ആലോചിപ്പാനുള്ളതു്. അതിൽ ഒന്നാമത്തെ സംഗതിയിൽ നമ്മുടെ കവിയ്ക്കു് ഒരുവിധം പ്രയത്നസാഫല്യമുണ്ടെന്നുതന്നെ പറയാം. മലയാളികൾക്കു് സുധാരണയായി കേട്ട പരിചയമില്ലാത്ത സംസ്കൃതപദങ്ങളും സംസ്കൃതപ്രത്യയങ്ങളും വളരെ ചുരുക്കമായിട്ടു ഈ ഭാഷാന്തരത്തിൽ കാണുന്നുള്ളു. ഈ അംശത്തിന്നു് പുസ്തകത്തിൽ വല്ലഭാഗവും എടുത്തു് ഉദാഹരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ആപാദമൂധം ഉദാഹരണമാണെന്നുതന്നെ പറയാം. പക്ഷെ ഭാഷയ്ക്കു ശുദ്ധിപോരെന്നും, ദേശഭേദത്താലോ ജാതിഭേദത്താലൊ പരിചയ വ്യത്യാസത്താലോ നിഷ്ടാക്ഷമാണെന്നു തോന്നാവുന്ന ചില ഭാഷാപ്രയോഗങ്ങൾ ഇതിൽ പലേടത്തും സുലഭമാണെന്നും, ചിലർ പറയുമായിരിക്കാം. മലയാള ഭാഷയ്ക്കു് ഇതേവരേ ഒരു വ്യവസ്ഥയില്ലാത്ത സ്ഥിതിക്കു് ഈ ന്യൂനത അത്ര കണക്കിൽ കൂട്ടുവാനില്ല.

മൂലാർത്ഥം ശരിയായിട്ടുണ്ടോ എന്നുള്ള ആലോചനയിലാണു് ഞങ്ങൾക്കു വളരെ ഇച്ഛാഭംഗം വന്നിട്ടുള്ളതു്. പല ഭാഗങ്ങളിലും അർത്ഥം ക്ലിഷ്ടമായിപ്പോയിട്ടുള്ളതിനും പുറമെ ചില സ്ഥലങ്ങളിൽ തീരെ പിഴച്ചിട്ടുണ്ടെന്നുകൂടി പറയേണ്ടിവരുന്നു.

നേപ്രഹത്തുമറഗസി എന്നതിന്നു് ബുധപീഡചെയ്യുവതിനുള്ള നിന്ദ്യയാ എന്നു പ്രയോഗിച്ചിരിക്കുന്നു. ഇവിടെ ബുധരെന്നും എങ്ങിനെയാണു് കെണ്ടുവന്നതു്? നേത്രസാധുബാധനം എന്നാണു് കോയിത്തമ്പുരാൻ തിരുമനസ്സിലെ പ്രയോഗം ഇതിലെ സാധു എന്ന പച്ചമലയാള വാക്കിനെ കോയിത്തമ്പുരാൻ തിരുമനസ്സിലെ സംസ്കൃതപദപേടികയിൽ അഡ്മിഷൻ ചെയ്തു

ഉണ്ടായിരുന്നുകൊണ്ടായിരിക്കാം രാമയ്യരവർകളുടെ ബുധ്യാധോ ഗം അനർത്ഥമായിത്തീർന്നത്. ഇങ്ങിനെ കാളിദാസരുടെ പ്രയോ ഗങ്ങളേയും രാമയ്യരവർകൾ പലപ്പോഴും തെറ്റിദ്ധരിച്ചുപോയിട്ടു ണ്ട്. കാളിദാസരുടെ ശിരീഷം (കുസുമം) രാമയ്യരവർകൾക്കു ശിരീഷവൃക്ഷമായപ്പോഴായിരിക്കും കേസരം പല്ലവമായിത്തീർന്ന ത്. കേവലം അല്പിമാത്രമുള്ള നെന്മേനിവാകപ്പൂവിന് തളിര ണ്ടാവാൻ തരമില്ലല്ലൊ.

'മനോരഥാനാമതടഃപ്രവാഹഃ' എന്നതിന്റെ ഭാഷാന്തരം കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് കല്പിച്ചുണ്ടാക്കിയിരിക്കുന്ന ത് 'ക്ലപ്തിരാശാപ്രവാഹസ്യകിംരോധസ' എന്നാണല്ലൊ. രാമയ്യ രവർകൾ ഈ സ്ഥാനത്ത് 'ഇപ്പോഴുള്ളതെല്ലാംപുഴയുടെ കരമേ ന്മേലെവീഴുംവിധംതാൻ' എന്നാണ പ്രയോഗിച്ചിരിക്കുന്നത്. ഈ പാഠാന്തരം തെറ്റാണെന്നു സമ്മതിക്കുന്നതല്ലെ ഭേദം? അതു കൂടാതെ 'മനോരഥാ, നാമ, തടപ്രപാതഃ' എന്ന പാഠത്തെ അവലംബിച്ച് അപകടമായിട്ടു പദവും മുറിച്ച് ഒരു വിധം ഒപ്പിച്ചു മുറി രസപ്രവാഹത്തിന്നു ഭംഗം വരുത്തിട്ടു വല്ല സാദ്ധ്യവുമുണ്ടൊ? ഈ വക ന്യൂനതകൾ പലതുമുണ്ടെങ്കിലും രാമയ്യരവർകൾ നല്ല വംസനയുള്ള കവിയാണെന്നും, ഭാഷാന്തരം ചെയ്യുവാൻ പ്രത്യേ കിച്ചും സാമർത്ഥ്യമുള്ളാളാണെന്നും ഞങ്ങൾക്കു പൂർണ്ണബോദ്ധ്യ മാകുന്നു.

മറവുള്ളവണ്ണങ്ങടെ തരുന്നഭോഗം
മുറപോലെ നശിക്കുന്നപദാർത്ഥമല്ലൊ
എന്നാലനശിക്കാത്തതപസ്സിലുറി-
ലൊന്നാണെന്നാൾകുന്നു തപസ്വിമാർ
അടുത്തിരിടെവന്നൊരെൻപ്രിയയെവിട്ടചിത്തത്തിലാ
യെടുത്തൊരുവളെപ്രിയയതടവിനാക്കിനിന്നനഹോ
കുടിപ്പതിനു നീരെഴും പുഴകടന്നമാറ്റത്തിലായ്
കുടത്തൊരുപി പാസയാൽമരുമരീചി തട്ടംവിധം

ഈ മാതിരി ഭാഷാന്തരങ്ങളെ ഏതു സഹൃദയന്മാരും തലകു ലുക്കിക്കൊണ്ടാസ്വദിക്കയില്ല.

മുങ്ങിക്കിപ്പറയുന്നതായാൽ ബാലകവിയായ രാമയ്യരവർകൾ കുറച്ചു കാലവുംകൂടി കവിതയിൽ പരിശീലിച്ച് ഒരു പഴക്കം വരു

ത്തിയതിന്നു ശേഷം, ശകുന്തളത്തിന്റെ സൗന്ദര്യം മുഴുവനും മനസ്സിലാക്കി, പാഠാന്തരങ്ങളെ പരിശോധിച്ച് ഉത്തമമായ പാഠാന്തരത്തെ സ്വീകരിച്ച്, സാവധാനത്തിൽ ഭാഷപ്പെടുത്തിയാൽ മതിയായിരുന്നു. ഇതു പരിഭ്രമിക്കേണ്ടിയിരുന്നില്ല.

ചെകുത്താന്മാർ

(തുടർച്ച)

ഭൂതങ്ങളുടെ ആഗമത്തെപ്പറ്റി വ്യക്തമായി യാതൊന്നും പ്രതിപാദിക്കാഞ്ഞാൽ വായനക്കാർക്കു വളരെ രസകരമായിരിക്കയില്ലെന്ന കരുതലോടും പ്രബന്ധവിസ്താരത്തിൽ ഭയത്തോടുംകൂടി കുറച്ചൊന്നു പറഞ്ഞുകൊള്ളുന്നു. ഭൂതങ്ങൾ അസംഖ്യം ഉണ്ടെന്ന് ആദിയിൽതന്നെ പറഞ്ഞിട്ടുണ്ടല്ലൊ. അസംഖ്യങ്ങളെ ആയതുകൊണ്ട് അവയെ എണ്ണംതിരിക്കാൻ പ്രയാസമാണ് എങ്കിലും മൂന്ന് പ്രധാന വർഗ്ഗങ്ങളായി തിരിക്കാം. (ക) മാനുഷം. (ഖ) അമാനുഷം (ന) കൃത്രിമം.

മാനുഷവർഗ്ഗത്തിൽ രണ്ടു തരങ്ങൾ ഉണ്ട്. (ക) ജീവികൾ. (ഖ) മൃതങ്ങൾ. അല്ലെങ്കിൽ സ്ഥൂലശരീരികളും സൂക്ഷ്മശരീരസ്ഥന്യങ്ങളും. ജീവികളിൽ നാലുവക ഭേദങ്ങൾ ഉണ്ട്. അവ (ക) പരമഹംസന്മാരും ശിഷ്യരും. (ഖ) ഉപദേശം കൂടാതെ യോഗത്തിൽ പരിശീലിക്കുന്നവർ. (ന) സാധാരണ മനുഷ്യർ. (ര) ഒടിയനും ശിഷ്യനും. മൃതങ്ങൾ എന്ന തരത്തിൽ രണ്ടുവക കാണുന്നുണ്ട്. (ക) നിർമ്മാണകായന്മാർ (ഖ) ശിഷ്യപിതൃക്കൾ (ന) സാധാരണ പ്രേതങ്ങൾ. (ര) നിഴൽ. (ങ) തൊണ്ട്. (ന) മൈതന്യവത്തായ തൊണ്ട്. (ഛ) ആത്മഹത്യാ ഉന്മരണം ഇവകളിൽ നിന്നുണ്ടാകുന്ന അകാലം. (വ) മൃഗപിശാചം. (ൻ) ഒടിയനും ശിഷ്യനും.

അമാനുഷവർഗ്ഗത്തിൽ ഒന്നാമത്തെ ഏതും തമ്മുടെ മനഃപരിണാമങ്ങളിൽപ്പെട്ട ആദിതത്വങ്ങൾ ആകുന്നു. ആദിമ തന്മാത്രയുടെ ശക്തിയോടുകൂടി ഉൽഗമിക്കുന്ന ആദിതത്വം ജീവാത്മകമായി മനു

ഷ്യരിൽ എത്തുന്നതിനു മുമ്പ് തിയ്യഗംഭികളിൽകൂടി കടന്നു പോരുമ്പോൾ ആകുന്നു അത് ഈ എനത്തിൽ പെടുന്നത്. രണ്ടാമത്തേത് മൃഗാദികളുടെ സൂക്ഷ്മശരീരവും മൂന്നാമത്തേത് എല്ലാതരം പ്രാകൃതഭൂതങ്ങളും ആകുന്നു. ആദിതതപവും പ്രാകൃതഭൂതവും തമ്മിൽ വളരെ അന്തരം ഉണ്ട്. ഇവയിൽ ആദ്യത്തേത് കാലാന്തരത്തിൽ മനുഷ്യതപത്തെ അവലംബിക്കുന്നവയും രണ്ടാമത്തേത് അപ്രകാരം ചെയ്യാത്തവയും ആകുന്നു. രണ്ടിനും ഭൂമണ്ഡലത്തിൽ ഏകകാലസ്ഥിതിയുണ്ടെന്നല്ലാതെ വേറെ സാമ്യം ഒന്നും ഇല്ല.

ക്രിത്രിമവസ്തുത്തിൽപ്പെട്ട ഭൂതങ്ങൾ ആകുന്നു മൻലേഖനത്തിന്റെ അന്തത്തിൽ ചേർക്കപ്പെട്ടിട്ടുള്ള വിചാരഭൂതങ്ങൾ. ഇവകളും മനുഷ്യരും തമ്മിൽ വളരെ ബന്ധപ്രതിബന്ധങ്ങൾ ഉണ്ടെന്ന് മുമ്പെ പ്രസ്താവിച്ചിട്ടുള്ളതെല്ലാം 'കർമ്മം' എന്ന നിയമത്തെ അനുസരിച്ചാകുന്നു. 'കർമ്മം' എന്ന് പറഞ്ഞാൽ പുതിയ പരിഷ്കാരക്കാർ പ്രഹരിക്കും. അത് കാലദൈവപരിത്യംകൊണ്ടൊ ബുദ്ധിദൈവപരിത്യംകൊണ്ടൊ എന്തൊ, 'പ്രാരബ്ധകർമ്മം' എന്ന വാക്ക് വല്ല പല്ലില്ലാത്ത മുത്തശ്ശിമാരും പറഞ്ഞാൽ കേൾക്കാനും ചിരിക്കാനും ചിതമുണ്ടെന്നാണ് നമ്മുടെ പരിഷ്കൃത മഹാന്മാരുടെ അഭിപ്രായം. പക്ഷെ അല്പം ആലോചിച്ചാൽ അത കാര്യകാരണനിയമത്തിന്റെ ഒരു പരാന്തരമാണെന്ന് ആർക്കും ബോദ്ധ്യമാകും. എങ്ങിനെയെന്നാൽ കാരണംകൂടാതെ കാര്യം ഉണ്ടാവുന്നതല്ലെന്നുള്ളത് സർവ്വസമ്മതമാണല്ലൊ. കാര്യകാരണങ്ങളെ വഴിക്കു വഴി ആരാഞ്ഞ് പോകുമ്പോൾ എവിടെയെങ്കിലും ഒരു ഘട്ടത്തിൽ വെച്ച് മനസ്സു മുട്ടുന്നുണ്ട്. ലോകസാധാരണത്തെ അതിശയിക്കുന്ന വിഷയങ്ങൾ പാശ്ചാത്യശാസ്ത്രങ്ങൾക്ക (Sciences) അഗമ്യങ്ങൾ ആയതുകൊണ്ടും കാരണാന്വേഷണം വിഷമമായതുകൊണ്ടും ചില പാശ്ചാത്യപണ്ഡിതന്മാർ തിരിഞ്ഞ് നിന്ന് അവരുടെ അന്വേഷണത്തിൽപ്പെട്ട ഒടുവിലത്തെ കാര്യത്തെ നാസ്തികൃം ചേർത്ത് ഉരുക്കി അകാരണമാക്കി തീർക്കുന്നു. ഇതാണ് നാസ്തികന്മാരായ (ഇവരിൽ സംശയഭാക്കുകളെകൂടി ഉൾപ്പെടുത്തീട്ടുണ്ട്) പാശ്ചാത്യപണ്ഡിതന്മാരുടെ കൌശലം. 'അകാരണം' എന്ന് തീരുമാനമായി പറവാൻ ധൈര്യംപോരാത്തവർ 'അജ്ഞേയകാരണം' എന്നു വാഴിക്കുന്നുള്ളു. അതായത് മനുഷ്യരാൽ ഇതുവരെ ആ

ജ്ജിതമായ ജ്ഞാനത്തിന്ന അഗോചരമായതു് എന്നാണു് അവരുടെ സിദ്ധാന്തം. ഉപകരണങ്ങളുടേയും ഉപാധികളുടേയും താരതമ്യങ്ങളെ അറിയാത്ത പാശ്ചാത്യപണ്ഡിതന്മാരും അവരുടെ ഏതദ്ദേശികളായ ശിഷ്യരും കണ്ടുപിക്കുന്നതു് ശോചനീയമാണെങ്കിലും അത്ഭുതാവഹമല്ല. മുട്ടപ്പറകൊണ്ടു് കാറ്റിനെ അളക്കാൻ തുടങ്ങുന്നതുപോലേയും കണ്ണുകൊണ്ടു് സംഗീതസുഖത്തെ അനുഭവിപ്പാൻ തുടങ്ങുന്നതുപോലേയും ആണു് അവരുടെ ഉദ്യമം. കാരണങ്ങളെ ജന്മാന്തരങ്ങളിൽ അന്വേഷിച്ചു് വ്യവസ്ഥപ്പെടുത്തുന്നതിലാണു് 'പ്രാരബ്ധകർമ്മം' എന്ന ന്യായത്തെ നാം അറിയുന്നതു്. ലോകസംഘാരണത്തെ അതിശയിക്കുന്ന ശക്തികളും നിയമങ്ങളും അവയ്ക്കനുരൂപങ്ങളായ ശക്തികളാൽ മാത്രം ഗ്രാഹ്യങ്ങളായതുകൊണ്ടു് കർമ്മാനുബന്ധങ്ങളോടുകൂടിയ ഈ ഭൂതങ്ങൾ മനുഷ്യരുടെ മേൽ നേരിട്ടും ഇടവിടാതേയും ചെയ്യുന്ന പ്രവൃത്തികൾ ജനസാമാന്യത്തിന്നു് അദൃശ്യങ്ങളും അജ്ഞേയങ്ങളും ആകുന്നു. മനുഷ്യവിചാരങ്ങൾ അസംഖ്യങ്ങളും വിവിധങ്ങളും ആയിരിക്കുന്നതുപോലെതന്നെ ഈ ഭൂതങ്ങളും അസംഖ്യങ്ങളും വിവിധങ്ങളും ആകുന്നു. ആയതുകൊണ്ടു് ഇവയെ സുമാറായിട്ടു് രണ്ടു തരങ്ങളായിട്ടു് പേർതിരിപ്പാൻ പാടുള്ളൂ. (ക) നമ്മുടെ അറിവോടുകൂടി ഉണ്ടാവിക്കുന്നവ. (ഖ) നമ്മുടെ അറിവുകൂടാതെ ഉണ്ടാവിക്കുന്നവ. ഇവയിൽ രണ്ടാമത്തെ എനത്തിൽപ്പെട്ട ഭൂതങ്ങളുടെ ആഗമം താഴെ പറയും പ്രകാരമാകുന്നു. അനഗ്നിളമായി നമ്മളിൽനിന്നുൽഗമിക്കുന്ന വിചാരങ്ങളിൽ ചിലതു് ബലവത്തുകളും ചിലതു് ദുർബ്ബലങ്ങളും ആണല്ലൊ. ബലവത്തുകൾ സ്വതേതന്നെ ഒരു രൂപത്തെ അവലംബിച്ചും ബലഹീനങ്ങൾ തത്തുല്യങ്ങളോടുകൂടി ചേർന്നു് ബലവത്തുകളായി തീർന്നു് രൂപീഭവിച്ചും ജീവിക്കുന്നു. ബലത്തെ അനുസരിച്ചാണു് ഇവയുടെ ആയുസ്സു്. എപ്പോൾ ഇവയ്ക്കു് രൂപം സിദ്ധമാകുന്നുവൊ അപ്പോൾ ഇവ നമ്മുടെ അധീനത്തെ വിടുന്നു. എന്നുതന്നെയല്ല ചിലപ്പോൾ നമ്മുടെ പ്രേരകന്മാരുംകൂടി ആയിതീരുന്നു. ഏതെങ്കിലും ഒരു ആഗ്രഹത്തിൽതന്നെ മനസ്സുവെക്കുന്നതാൽ ആ വിചാരമയമായ ഒരു ഭൂതത്തെ സൃഷ്ടി ചെയ്യുന്നു. പിന്നിടു് അതിനെ സംബന്ധിച്ചുണ്ടാവുന്ന ആഗ്രഹങ്ങൾ അതിനെ പോഷിപ്പിക്കുന്നു. അതു് അതിന്റെ ജനിതാവിനെ വിട്ടുപിരി

യാതെ ആ ആഗ്രഹസിദ്ധിയിൽ പ്രോത്സാഹിപ്പിക്കുന്നു. ഉദ്ദി ഷ്ടാർത്ഥത്തിൽ ഒട്ടുവിൽ അത് ആയാളെ വല്ല കുണ്ടാമണ്ടിയി ലുംകൊണ്ടുപോയി ചാടിക്കുന്നു. അഥവാ, സദുദ്ദേശമാണെങ്കിൽ വേറെ മറിച്ച്, ഉൽകൃഷ്ടകൃത്യങ്ങളെ നിയന്ത്രിക്കുന്നു. ഒന്നാമ ത്തെ എണ്ണം മിക്കവാറും മാന്ത്രികന്മാരുടേയും യോഗികളുടേയും സന്തതസഹചാരികൾ ആകുന്നു. ഇവകളെ പലപ്പോഴും ഉദ്ദിഷ്ടകൃത്യങ്ങ ളിലും സദുദ്ദിഷ്ടകൃത്യങ്ങളിലും ഉപയോഗിക്കാറുണ്ട്. മാഡം ബ്ളവാസ്ക്കിയുടെ തപാൽകാരും കിങ്കരന്മാരും സദുദ്ദിഷ്ടകൃത്തിൽ ഉപ യുക്തങ്ങളായ ഈ തരം ഭൂതങ്ങൾ ആകുന്നു. വസ്തുക്കളെ ഒരിട ത്തുനിന്നു എടുത്ത് അങ്ങാക്കളുക്കിപ്പെയ്യും മറെറാരിടത്തു് എ ത്തിച്ച് കൂട്ടിവച്ചത് വീണ്ടും വസ്തുക്കളാക്കി തീർത്തിരുന്നതും മേശ മുതലായ സാധനങ്ങളെ ആരും തൊടാതെ ഒരു മുറിക്കിൽനിന്ന മ റൊരു മുറിക്കിലേക്കു മാറിയിരുന്നതും മണിയില്ലാതെ മണിയടി ച്ചിരുന്നതും വളരെ കാലം മുമ്പ് കളഞ്ഞുപോയിട്ടുള്ള ചില ആ ഭരണങ്ങളെ വീണ്ടെടുത്തിട്ടുള്ളതും എന്നിങ്ങിനെ മാറാനകം അ ത്ഭുതകരങ്ങളായ കാര്യങ്ങളെ മാഡംബ്ളവസ്ക്കി ചെയ്തിട്ടുള്ളതു കണ്ടിട്ടുള്ളവർ പലരും ഇപ്പോഴും ജീവിച്ചിരിപ്പുള്ളതുകൊണ്ട് 'Recent occult phenomena' എന്ന പുസ്തകം വായിപ്പാൻമാത്രമെ ഈ അ വസരത്തിൽ ഇംഗ്ലീഷ് പഠിച്ചിട്ടുള്ള വായനക്കാരോട് ഞാൻ പ്രാ ത്ഥിക്കുന്നുള്ളു. പരദേവതകളുടേയും ഗ്രാമദേവതകളുടേയും ഉല്പ ത്തിയെപ്പററി അന്വേഷിച്ചാൽ അവ മിക്കതും ഈ കൃത്രിമവഴ ത്തിൽപ്പെട്ടവയാണെന്നു വിശദമാവുന്നതാണ്.

ഭൂതങ്ങളുടെ വർഗ്ഗങ്ങളെപ്പററി ഇത്രത്തോളമെ ഇവിടെ പ റവാൻ തരമുള്ളു. ഇനി അവരുടെ വ്യാപാരങ്ങളിൽ ചിലതിനെ യും അവരെ ഉത്സാഹിപ്പിക്കുന്നതിനും തടുക്കുന്നതിനും ആയി ഉ പയോഗിക്കുന്ന മന്ത്രവാദത്തെയും എനിക്ക് അനുഭവസിദ്ധമായ ചില സംഭവങ്ങളേയും പററി അല്പം ചിലതെല്ലാം പറയാം.

ഒന്നാമതായി ശുദ്ധഭൂതങ്ങളെപ്പററി പറയുന്നതായാൽ മേൽവിവരിച്ച് സംഗതികളാൽ അവ അടുത്ത കാലത്ത് കുഴിച്ചി ട്ടിട്ടുള്ള ആളുകളുടെ ലിംഗശരീരങ്ങളൊ അവരുടെ സൂക്ഷ്മാരൂഢ സ്നേഹിതന്മാരുടെയൊ മറെറാ സൂക്ഷ്മശരീരങ്ങളൊ ആ സ്ഥലത്ത് എത്തിയതായി വിചാരിക്കുന്ന മറെറല്ലവരുടെ വിചാരഭൂതങ്ങളെ

ആയിരിക്കാം. പരിചയമുള്ളവർക്ക് മാത്രമെ ഇവകളെ തമ്മിൽ തിരിച്ചറിവാൻ പാടുള്ളു. ഇപ്രകാരംതന്നെയാകുന്നു മരിക്കുന്നവരേയും മരിച്ചവരേയും ദേശാന്തരത്തിൽ ഭൂതരൂപത്തിൽ ചിലർ ചിലപ്പോൾ കാണുന്നതു്. ഉദാഹരണമായി മയേഴ്സിന്റെ 'Human Personality' എന്ന പുസ്തകത്തിന്റെ രണ്ടാം ഭാഗം നൂറ-ാം നൂറ്റ-ാം വശങ്ങളിൽ ചേർത്തിട്ടുള്ള 'ലെറ്റേഴ്സ്' 'ക്രാൻസ്' 'ബ്യൂത്ത്' 'തെയസ്സ്' എന്നീ കേസ്സുകളെ വായനക്കാർക്ക് വേണമെങ്കിൽ നോക്കാവുന്നതാണ്. മരണസംബന്ധമായ സ്വപ്നങ്ങൾ പലർക്കും പലപ്പോഴും യഥാർത്ഥങ്ങളായി തീർന്നിട്ടുള്ളതും പ്രസിദ്ധമാണല്ലൊ. ഇനി ഭൂതങ്ങളുടെ നിരന്തരസന്നിധ്യമുണ്ടായിരുന്നതോടുകൂടിയ സ്ഥലങ്ങളെപ്പറ്റി ആലോചിക്കാം. ചില ഭവനങ്ങൾ ഇടവഴികൾ പറമ്പുകൾ ഇവകളിൽ ചെകുത്താന്മാരുടെ സ്ഥിരമായ ഉപദ്രവം ഉണ്ടെന്ന് നാം കേൾക്കാറുണ്ട്. കൂലപാതകം മുതലായ ഘോരകൃത്യങ്ങൾ നടത്തിട്ടുള്ള സ്ഥലങ്ങളിൽ പ്രത്യേകിച്ച് ചിലപ്പോൾ ഭൂതങ്ങളെ കണ്ടിട്ടുള്ളതായി കേൾക്കുമ്പോൾ ആ സംബന്ധം എന്നു തോന്നിട്ടുള്ളത് അല്പം ആലോചിച്ചാൽ അസംബന്ധമല്ലെന്നും അസംഭവമല്ലെന്നും വെളിപ്പെടുന്നതാണ്. ഈ ഭൂതം കൊന്നവന്റെയൊ കൊല്ലപ്പെട്ടവന്റെയൊ ആവാം. ഏതായാലും ലിംഗശരീരം, സൂക്ഷ്മശരീരം, വിചാരഭൂതം എന്നീ മൂന്നിൽ ഏതെങ്കിലും ഒന്നായാനെ പാടുള്ളു എന്ന മേൽവിവരിച്ച കാരണങ്ങളാൽ സ്പഷ്ടമാവുന്നുണ്ട്. ജഡമായിരിക്കുന്ന സ്ഥൂലശരീരത്തിന്റെ പ്രാധാന്യതയുള്ളവർക്ക് സാധാരണയായി ഭൂതങ്ങൾ ദൃശ്യഗോചരങ്ങൾ ആവുന്നില്ലെങ്കിലും അവരിൽ മിക്കപേർക്കും ഭൂതസാന്നിദ്ധ്യമുള്ള സ്ഥലത്തെ സംബന്ധിച്ച് ഒരു അവാച്യമായ അസ്വാസ്ഥ്യം തോന്നാറുണ്ടെന്നുള്ളതു് വാസ്തവമാണ്. ഇംഗ്ലണ്ടിൽ 'ടൈബഴൺ' എന്ന കുഴിമരത്തിന്റെ സമീപത്ത് എത്തുമ്പോൾ മേൽപ്രകാരം ഒരു അസ്വാസ്ഥ്യം സാധാരണയായി എല്ലാവർക്കും തോന്നാറുണ്ട്.

(തുടരും)

പുത്തേഴത്തു് ഗോവിന്ദമേനോൻ.

വിക്രമോർവ്വശീയസാരം

(തുടർച്ച)

രാജാവു രാജ്യത്തിൽ ചെന്നതിന്റെ ശേഷം ഉർവ്വശീവിരഹസന്താപം സഹിക്കാൻ വയ്യാതെ തന്റെ അവസ്ഥമുഴുവനും തന്റെ സചിവനായ വിദൂഷകനോട് ശ്രദ്ധമായി പറഞ്ഞുവെന്നും ഈ വർത്തമാനം ഏതുണ്ടൊരുവിധം സൂചമായി പലസംഗതികളും കൊണ്ടും ഊഹിച്ചറിഞ്ഞ് രാജാവിന്റെ പ്രധാനഭാര്യയായ കാശിരാജപുത്രി സാമർത്ഥ്യമുള്ള ഒരു ചേടിയെ കല്പിച്ചയച്ച് പരമശ്രദ്ധബ്രാഹ്മണനായ വിദൂഷകന്റെ അടുക്കൽനിന്നു കാര്യം സൂക്ഷ്മമായി അറിഞ്ഞുവെന്നും കാലത്തെ പ്രജാകാര്യവിചാരം കഴിച്ചു തിരിച്ചു വരുന്ന രാജാവിന്റെ സമീപത്തിൽകലേയ്ക്ക് വിനോദാർത്ഥം വിദൂഷകൻ പോയി എന്നുമുള്ള സൂത്രകഥയെ പ്രവേശകംകൊണ്ട് സൂചിപ്പിക്കുന്നു.

രാജാവു ഉർവ്വശിയെ കണ്ടക്ഷണം മുതൽക്ക് ഉർവ്വശിയിൽ തനിക്ക് എല്ലായ്പോഴുമുള്ള മനസ്സംഗശക്തിയേയും മദനവേദനയേയും കേണ്ടപ്പോൾ എന്ന ശ്ലോകംകൊണ്ട് പറയുന്നു. വിപുണികയുടെ വാക്ഭംഗികൊണ്ട് തൽക്കാലം കാശിരാജപുത്രിയുടെ അതിപക്ഷപാതിയായിത്തിനാൽ വിദൂഷകൻ ഉർവ്വശിയിൽ രാജാവിന്റെ അത്യാസക്തിയെ കണ്ട് വ്യസനിച്ചു എന്ന കഥയെ ആ പാവമായ കാശിരാജപുത്രിയ്ക്ക് ഉപദ്രവം തന്നെയായിത്തിനാവല്ലോ എന്ന വിചാരംകൊണ്ടു കാണിക്കുന്നു. സൂക്ഷ്മഗ്രാഹിയായ രാജാവ് വിദൂഷകന്റെ തൽക്കാല മുഖഭാവാദികൊണ്ട് ഇദ്ദേഹം എന്തോ ഒരു കാരണംകൊണ്ട് ദേവിയുടെ അതിപക്ഷപാതിയായിത്തിനിരിക്കുന്നു എന്നറിഞ്ഞ് ശ്രദ്ധകാര്യം പെട്ട പൊളിച്ചുവോ എന്ന് ശങ്കിച്ച് ആ രഹസ്യമാകുന്ന നിധി സൂക്ഷിച്ചുതന്നെ വരുന്നില്ലേ എന്ന് ചോദിക്കുന്നു. രാജാവിന്റെ ഈ ചോദ്യത്തെ കേട്ടപ്പോൾ അതിശ്രദ്ധനായ വിദൂഷകൻ ഉർവ്വശി എന്ന് തമ്പുരാട്ടിയെ തമ്പുരാൻ വിളിച്ചു എന്നും മറവും പറഞ്ഞ് തന്നെ ചതിച്ച ആ നിപുണികയുടെ നേരെ വെറുപ്പോടുകൂടി ആ പുലയാടി മകൾ എന്ന മുതൽ ചോദിക്കുമോ എന്നുവരെയുള്ളതുകൊണ്ടു

വിചാരിക്കുന്നു. (പുലയാടിമകൾ= വേലക്കാരത്തി, അല്ലെങ്കിൽ വേലക്കാരത്തി മകൾ). പിന്നെ തന്റെ മൌനകാരണത്തെ വീണ്ടും ചോദിക്കുന്ന രാജാവിന്റെ ശങ്കയെ വിദൂഷകൻ സ്വഭാവസിദ്ധമായ തന്റെ നർമ്മസാമർത്ഥ്യത്താൽ 'തോഴരോടുകൂടി' എന്ന മുതൽ 'തടഞ്ഞിരിക്കുന്നു' എന്നതുവരെയുള്ള ഗദ്യഭാഗംകൊണ്ടു കളയുന്നു. ഉർവ്വശീവിരഹംകൊണ്ടുള്ള വേദനയെ അനുഭവിച്ച് വിവശനായിത്തീർന്ന രാജാവ ആ കാര്യത്തെ സമ്മതിച്ചിട്ട് ('ഇനി' എന്നതു മുതൽ 'വിനോദിപ്പിക്കേണ്ടത്' എന്നതുവരെ) തന്റെ മനോവേദനയെ സഹിപ്പാൻ വേണ്ടിയുള്ള വിനോദത്തെയും, വിദൂഷകൻ തനിക്ക് സാപ്പാടിനു വൈകീട്ടുള്ള ഉപദ്രവത്തെ ശമിപ്പിപ്പാൻ വേണ്ടുന്ന വിനോദത്തെയും സമ്പാദിപ്പാനായി ചെയ്യുന്ന ചോദ്യോത്തരങ്ങളാകുന്നു. 'ഇനി' എന്നുമുതൽ 'വിനോദിപ്പിക്കേണ്ടത്' എന്നവരെയുള്ള ഗദ്യഭാഗം 'തത്രഭവതി' എന്നതു മുതൽ 'വാദിക്കുന്നത്' എന്നുവരെയുള്ള ഗദ്യഭാഗംകൊണ്ട് ഉർവ്വശിയുടെ മനസ്സിനെ അനുരാഗവിവശമാക്കി ആകർഷിക്കുന്നതിനു ദിവ്യസൌന്ദര്യം രാജാവിനുണ്ടെന്ന് വിദൂഷകൻ ഊഹിക്കുന്നതിനെ പറയുന്നു. ('വാദിക്കുന്നത്'= ഊഹിക്കുന്നത്). ഈ സൌന്ദര്യപ്രസൂനപത്തികൾ രാജാവ ഉർവ്വശിയുടെ ദിവ്യ സൌന്ദര്യം അതിമഹത്താകകൊണ്ട് അല്പന്മാരായ നമ്മൾക്ക് വിചാരിപ്പാനോ പറവാനോ സാധിക്കുന്നതല്ലെന്നും വിദൂഷകൻ ഇടക്കിടെ തന്റെ നേരംപോക്കുകൊണ്ട രാജാവിനെ വിനോദിപ്പിച്ചുകൊണ്ട് ദിവ്യതപോനുഷ്ഠാദി ധർമ്മങ്ങളാൽ ഉർവ്വശിക്കും അങ്ങേക്കും തങ്ങളിൽ വളരെ അന്തരമുണ്ടെങ്കിലും അത്യംഗ്രഹത്തോടുകൂടി പ്രാർത്ഥിക്കുന്ന പക്ഷം ഈ കാര്യം ഒരു കാലത്തിൽ സാധിക്കാതിരിക്കില്ലെന്നും 'അന്യച്ചിന്ത' എന്ന മുതൽ 'അനുഷ്ഠിക്കുന്നത്' എന്നവരെയുള്ള ഗദ്യഭാഗംകൊണ്ട് പറയുന്നു. ഉർവ്വശിയുടെ അലാടംകൊണ്ട് ഉൽക്കടതാപമുള്ള മനസ്സിനെ വിനോദിപ്പിപ്പാൻ ഉർവ്വശീകഥയല്ലാതെ മറെന്നും കഴിയുന്നതല്ല. എത്രയും ശ്രദ്ധയായിച്ചെയ്യേണ്ടതായ ഈ കഥാപ്രസംഗത്തിനു വിജനമായ ഉദ്യാനത്തിലേക്കു പുറപ്പെട്ടുകൊണ്ട് തന്നോടു വഴികാണിപ്പാൻ കല്പിക്കുന്ന രാജാവിന്റെ വാക്കു കേട്ടിട്ട് വിദൂഷകൻ തനിക്ക് ഇതുപോലെതന്നെ ഉൽക്കടോത്സുകയുള്ള ഭക്ഷണത്തിനു വിരുദ്ധമായ ഉദ്യാനയാത്രയിൽ വൈമുഖ്യ

ത്തോട്ടുകൂടി രാജസേവാപാരവശ്യദോഷത്തെ "മേറെന്തുഗതിയാ ണുള്ളത്?" എന്ന വിചാരത്താൽ നിന്ദിക്കുന്നു. പിന്നെ രണ്ടുപേരും ഉദ്യാനത്തിന്റെ സമീപത്തിൽ എത്തിയതിന്റെശേഷം ആ ഉദ്യാനത്തിൽ തട്ടിവരുന്ന തെക്കൻകാറ്റിനെ എല്ലാടത്തുംഴം അതി രാജസേവകനായ വിദൂഷകൻ ഒരു രാജസേവനായിട്ടും, ഉർവ്വശിയെക്കണ്ടതുമുതൽ അതികാമിയായിത്തീർന്ന രാജാവ് ഒരു കാമിയായിട്ടും "ഇതാ" എന്നതുമുതൽ "തോന്നുന്നതുണ്ടുമെ" എന്നവരെ ഗ്രന്ഥംകൊണ്ട് കല്പിക്കുന്നു. അപ്പോൾ വിദൂഷകൻ ഒരു കാമിനിയെപ്പോലെയുള്ള മുല്ലവള്ളിയോട് കൂടിയിരുന്ന ഒരു കാമിയേപ്പോലെയുള്ള തെക്കൻകാറ്റ് ഈ സമയത്ത് അങ്ങയുടെ മുമ്പിൽ വന്ന് എതിരേറ്റതുകൊണ്ട് "ശേഷാസ്സ്വനാമസദൃശാസ്സ്വചരാശ്ച സവ്വെ" എന്ന ശകുനശാസ്ത്രസിദ്ധാന്തപ്രകാരം ഉർവ്വശിയേട്ടുകൂടി ചേരാനുള്ള യോഗം അങ്ങക്കുണ്ടാവുമെന്നുണിനിക്കു തോന്നുന്നത് എന്ന് തന്റെ അഭിപ്രായത്തെ പ്രകാശിപ്പിക്കുന്നതായ "ഇവിടുത്തെ" എന്നുമുതൽ "ആവട്ടെ" എന്ന വരെ ഗ്രന്ഥംകൊണ്ട് രാജാവിനെ ആശ്വസിപ്പിക്കുന്നു. ഒരു സ്ത്രീയുടെനേരെ ഒരു പുരുഷന്നു സ്വഭാവത്താലെ ജനിച്ച അനുരാഗം അവളുടെ താരുണ്യലാവണ്യദാക്ഷിണ്യസൌന്ദയ്യാദി ഗുണങ്ങൾകൊണ്ടും മനോഹരങ്ങളായ അലങ്കാരങ്ങൾകൊണ്ടും അവൾക്കു തന്റെ നേരെയുള്ള സ്ഥിരമായ അനുരാഗത്തെ സൂചിപ്പിക്കുന്ന പല പ്രവൃത്തികൾകൊണ്ടും വളരെ വർദ്ധിപ്പിക്കുന്നതുപോലെതന്നെ ചന്ദ്രികാ, മന്ദവായു, ചന്ദനം, പനിനീർ, കസ്തൂരി, മുല്ലമാല മുതലായ സുഖകരവസ്തുക്കൾകൊണ്ട് വർദ്ധിച്ചു വരുന്നത് സർവ്വജനങ്ങൾക്കും അനുഭവസിദ്ധമാണല്ലൊ. പ്രകൃതത്തിൽ അനേക സുഖകരവസ്തുക്കളാൽ സമ്പൂർണ്ണമായ ഉദ്യാനത്തിൽ പ്രവേശിച്ച രാജാവ് ഉർവ്വശിരാഗം വർദ്ധിയ്ക്കയാൽ സാദ്ധ്യാസിദ്ധ്യ പയ്യാലോചനകൂടാതെ തന്റെ നമ്മസചിവനായ വിദൂഷകനോട് ഉടനെ ഉർവ്വശിയോട്ടുകൂടി തനിക്കു ചേരുവാനുള്ള വഴി ആലോചിച്ചു പറവാനായിട്ട് നിർബ്ബന്ധിക്കുന്ന എന്ന കഥയെ "ഉദ്യാനപ്രവേശം" എന്നുമുതൽ "താനാലോചിക്കുന്നില്ലല്ലൊ" എന്ന വരെയുള്ള ഗ്രന്ഥംകൊണ്ട് പറയുന്നു. "ബ്രാഹ്മണവചനത്തെ തന്നെ വിശ്വസിച്ചുകൊള്ളുന്നു" എന്നുള്ള രാജാവിന്റെ വാക്കുകൊണ്ട് കലിയുഗമായ്

ഈ കാലത്തിൽ അനേക ശാസ്ത്രസിദ്ധാന്താർത്ഥത്തെ അറിഞ്ഞും ലോകങ്ങളെ അറിയിച്ചും ഉപകാരം ചെയ്യുന്ന ഇംഗ്ലീഷുകാരും മറ്റും പറയുന്ന വാക്കുകളിൽ ജനങ്ങൾക്ക് ഒരു സ്ഥിരവിശ്വാസമുള്ളതുപോലെ കൃതയുഗമായ ആ കാലത്ത് വേദവേദാംഗാദി വിദ്യാസൂക്ഷ്മാർത്ഥങ്ങളെ അറിഞ്ഞും മറ്റും ലോകോപകാരം ചെയ്യുന്ന മഹാതപസ്വികളായ ബ്രാഹ്മണർ പറയുന്ന വാക്കുകളിൽ വിശ്വാസമുണ്ടായിരുന്നുവെന്ന സ്വഭാവം സൂചിക്കുന്നു.

(തുടരും)

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

കണ്ണപിശാച

ഭൂതഭവിഷ്യദ്വർത്തമാനങ്ങളായ ഗുണദോഷഫലങ്ങളെപ്പറയുന്നതിനു പക്ഷിപ്രശ്നം, പരൽപ്രശ്നം, കേരപ്രശ്നം, ക്രമുകപ്രശ്നം, താംബൂലപ്രശ്നം, ഭൂതലക്ഷണം മുതലായി പല മാർഗ്ഗങ്ങളുണ്ടെങ്കിലും കണ്ണവിശാചിനോളം ഒത്തതായ വിദ്യ ലോകത്തിൽ മറെറാന്നുമില്ല. കണ്ണപിശാച് മൂലം ലക്ഷണം പറയുന്നതിന്റെ സമ്പ്രദായം കേട്ടാൽതന്നെ അത് ഒരു ഒത്ത വിദ്യയാണെന്ന് ഏവർക്കും സമ്മതം വരുന്നതാണ്. അതിനാൽ അതിന്റെ സമ്പ്രദായംതന്നെ ഒന്നാംമതായി പറഞ്ഞുകൊള്ളുന്നു.

കണ്ണപിശാച് എന്നു പറഞ്ഞുവരുന്നത് ഒരു ദേവതയാണ്. അതിനെ യഥാക്രമം സേവിച്ചാൽ ആ കാലക്രമംകൊണ്ട് ആ സേവിക്കുന്ന ആളിക്കു പ്രത്യക്ഷീഭവിക്കും. കണ്ണപിശാച് പ്രത്യക്ഷമാകുന്ന സമയം ഒരു ഓടക്കുഴൽ അതിന്റെ കയ്യിലുണ്ടായിരിക്കും. ആ ഓടക്കുഴൽ ഈ സേവിച്ച ആളുടെ കയ്യിൽ കൊടുത്തിട്ട്, 'അല്ലയോ ഭക്ത! നിന്നെക്കുറിച്ചു ഞാൻ അത്യന്തം പ്രസാദിച്ചിരിക്കുന്നു. ഇനി നീ എപ്പോഴെങ്കിലും എവിടെവെച്ചെങ്കിലും എന്നെ സ്മരിച്ചുകൊണ്ട് ഈ ഓടക്കുഴൽ ഊതിയാൽ തൽക്ഷണം ഞാൻ അന്യന്മാർക്ക് അദൃശ്യനായിട്ട നിന്റെ അടുക്കൽ വരികയും ഭൂതഭവിഷ്യദ്വർത്തമാനങ്ങളായ സകല

കായ്ക്കുള്ളം നിങ്കൽറ കണ്ണത്തിൽ പറഞ്ഞു തരികയും ചെയ്യും. ഇതിനു യാതൊരു വ്യത്യാസവും വരുന്നതല്ല', എന്നു പറയുകയും ഉടൻ അന്തർദ്ധാനം ചെയ്കയും ചെയ്യും. കണ്ണപിശാച് പറഞ്ഞുകൊടുക്കുന്നതിനെ മാത്രമാണ് ലക്ഷണക്കാരൻ ലക്ഷണം കേൾക്കാനാവശ്യപ്പെടുന്നവരോടു പറയുന്നത്. പിന്നെ അതിൽ തെറ്റുവരാൻ മാർഗ്ഗമില്ലല്ലൊ. കണ്ണപിശാചുമൂലം ലക്ഷണം പറയുന്നവരായി കാടക്കഴുകുംകൊണ്ടു നടക്കുന്ന ഒരു വക പരദേശികളെ കണ്ടിട്ടില്ലാത്തവർ കേരളത്തിൽ അധികവുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ഇവർ ലക്ഷണം പറഞ്ഞാൽ അത്യന്തം സൂക്ഷ്മമായിരിക്കുമെന്നുള്ളതിന് അനേകം ദൃഷ്ടാന്തങ്ങൾ പറയാനുണ്ട്. എങ്കിലും ഇവിടെ ഒരൊറ്റസ്സംഗതികൊണ്ടുതന്നെ ഇതിന്റെ വസ്തുസ്ഥിതിയും മാഹാത്മ്യവും വായനക്കാരെ ബോദ്ധ്യപ്പെടുത്താമെന്നുള്ള പൂർണ്ണവിശ്വാസം എനിക്കുള്ളതിനാൽ അധികം വിസ്തരിക്കേണമെന്നു വിചാരിക്കുന്നില്ല. കണ്ണപിശാചിന്റെ മാഹാത്മ്യത്തിനു ദൃഷ്ടാന്തമായി അടുത്ത കാലത്തുണ്ടായ ഒരു സംഗതിമാത്രം താഴെ പറഞ്ഞുകൊള്ളുന്നു.

ഹൈക്കോടതിവക്കീൽ ഭാസ്കരമേനോൻ ബി. എ. ബി. എൽ. അവർകളെക്കുറിച്ചു കേട്ടിട്ടില്ലാത്തവർ വായനക്കാരിൽ അധികമുണ്ടായിരിക്കയില്ല. അദ്ദേഹം ഇക്കഴിഞ്ഞ മേടമാസത്തിൽ ഒരു ദിവസം രാവിലെ കാപ്പികുടിയും കഴിഞ്ഞ് താമരമംഗലത്തു ചാവടിയിൽ ഒരു ചാരുകസാലയിൽ 'ഡെയ്ലി ന്യൂസ്'മെയിൽ എന്ന ഇംഗ്ലീഷു പത്രവും വായിച്ചുകൊണ്ടു ചാരിക്കിടക്കുന്നു. ഭാര്യ കാർത്ത്യായിനിയമ്മ അടുക്കൽത്തന്നെ മറ്റൊരു കസാലയിൽ ഇരുന്നുകൊണ്ട് അടുത്തു കിടക്കുന്ന വട്ടമേശപ്പുറത്തിരിക്കുന്ന വെറ്റിലത്തട്ടിൽനിന്നു മുറുക്കാനെടുത്തു കൊടുക്കുന്നു. അപ്പോൾ മദ്ധ്യവേനൽ സംബന്ധിച്ചു കോടതി പൂട്ടിയിരുന്ന സമയമായിരുന്നതിനാൽ അവിടെ കക്ഷികളായിട്ടും ഗുമസ്തന്മാരായിട്ടും മറ്റും വിശേഷിച്ചാരും ഉണ്ടായിരുന്നില്ല. താമരമംഗലത്തു വീട് മേനോനവർകൾക്കു ഭാര്യക്കായി ഒരു പുരയിടം വാങ്ങി പുത്തനായിട്ടു പണിയിച്ചുകൊടുത്തിട്ടുള്ളതാണ്. വക്കീലദ്ദേഹത്തിന്റെയും കാർത്ത്യായിനിയമ്മയുടേയും സംക്ഷാൽ തറവാടുകളിൽ ധാരാളം ആളുകളുണ്ടെങ്കിലും അവർ രണ്ടു പേരും ഇവിടെ പ്രത്യേകം താമസ

മാണു്. അവരും അവരുടെ സന്താനങ്ങളായിട്ടുള്ള രണ്ടു കുട്ടികളും പാചകന്മാരും മറവുമായിട്ടുള്ള ചില ഭൃത്യവർഗ്ഗങ്ങളും മാത്രമെ ഇവിടെ സ്ഥിരവാസക്കാരായിട്ടുള്ളു. പുര പടിഞ്ഞാറോട്ടു മാളികയായിട്ടുള്ള ഒരു ഏറ്റുകെട്ടാണു്. പുരയുടെ ദർശനം കിഴക്കോട്ടാണു്. കിഴക്കുവശത്തു തെക്കോട്ടു മാറിയാണു് മേൽപറഞ്ഞ മാവടി. അതു് ഒരുകവും ഒരു പൂമുഖവും മാത്രമുള്ള ഒരു ചെറിയ കെട്ടിടമാണെങ്കിലും കക്ഷികളായിട്ടും മറവും വരുന്നവർക്കും ഗ്രന്ഥവുമാക്കും വക്കീലദ്ദേഹത്തിനും ഇരിക്കുന്നതിനും മറവും ധാരാളം മതിയാകുന്നതും നല്ല ഉറപ്പായിട്ടും വെടിപ്പായിട്ടും പണികഴിപ്പിച്ചിട്ടുള്ളതുമാണു്. ആ മാവടിയുടെ പൂമുഖത്താണു് മേൽപ്പറഞ്ഞപ്രകാരം പ്രസ്തുത സമയത്തു് ആ മഹാന്മാർ ഇരുന്നിരുന്നതു്.

ഇങ്ങിനെയിരിക്കുന്ന സമയത്തു് അവിടെ ഒരു പരദേശി വന്നുകേറി. പൂമുഖത്തിന്റെ താഴത്തുള്ള ഇറയത്തു് ഭാണ്ഡം ഇറക്കിവെച്ചു് അയാൾ അവിടെയിരുന്നുംകൊണ്ടു് ഓടാക്കുഴലെടുത്തു് ഊതി ചില ലക്ഷണങ്ങൾ പറഞ്ഞുതുടങ്ങി. മഹാത്മാക്കന്മാരായവർ പ്രകൃത്യാതന്നെ ഒരു ഗംഭീരഹൃദയവും ശ്രദ്ധയും ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളതിനാൽ ലക്ഷണം പറയുന്നതിലും പ്രശ്നത്തിലും മഷിനോട്ടം മന്ത്രവാദം മുതലായവയിലും ലേശംപോലും വിശ്വാസമില്ലാത്തവരാളുമായിരുന്നതുകൊണ്ടു് പരദേശിയുടെ ഓടക്കുഴൽ വിളിയും ലക്ഷണം പറയലുമൊക്കെ തുടങ്ങിയപ്പോൾ അദ്ദേഹത്തിന്നു് വളരെ വെറുപ്പും കുറച്ചു കോപവുമാണുണ്ടായതു്. അതിനാൽ, "കേറിപ്പുറപ്പെടുന്നോ മാറാ കൊട്ടത്തു് ഈശനിയേ വേഗം പറഞ്ഞയയ്ക്കാൻ പറയണം. ചെകിടു കേട്ടിവിടെ ഇരുന്നോട്ടെ" എന്നു് കാര്യസ്ഥനിയമ്മയോടു പറഞ്ഞു. കാര്യസ്ഥനിയമ്മ വെയ്യുകാരൻ ഗോവിന്ദനെ വിളിച്ചിട്ടു കാരണാന്തരം സംഭവിച്ചതുകൊണ്ടുവന്ന പരദേശിക്കു കൊടുത്തയയ്ക്കുന്നതിനായി വീട്ടിന്റെ അകത്തിലേക്കു പോയി. പരദേശി വീണ്ടും ഓടക്കുഴൽ വിളിക്കാൻ തുടങ്ങി. ഉടനെ ഗോവിന്ദൻ പെട്ടെന്നു നിവിന്നിരുന്ന കോപഭാവത്തോടുകൂടി "ഹേയ് മിണ്ടാതെയിരിക്കാനല്ലേ പറഞ്ഞതു്? ഇവിടെ ലക്ഷണമൊന്നും കേൾക്കേണ്ട. ചെകിടു കേട്ടാൽ മതി." എന്നു പറഞ്ഞു.

പരദേശി— (ശുദ്ധ തമിഴും ശുദ്ധ മലയാളവുമല്ലാത്ത ഒരു സമ്മി

ശ്രേഷ്ഠനിൽ) ഏശമാനനേ! കോപിക്ക വേണ്ടാം. നാനെറ പിച്ചക്കാറനാകിലും ചൊല്ലണക്കാറനല്ലൊ. കല്ലുപിശാശു് എനക്കു പ്രയുപ്പം. ഏശമാനനുടയ മനോകതങ്കളെല്ലാം പട്ടംങ്ങമാറ ശൊല്ലിത്തറേൻ. അന്ത കാരിയം സാതിക്കവെണ്ടുകു കറ്റല്ല ഉപദേശവും ശൊല്ലിത്തറേൻ.

മേനോൻ— എന്റെ മനോഗതങ്ങളൊക്കെ എനിക്കുതന്നെ അറിയാം. നീ പറഞ്ഞിട്ടറിയണ്ടതായി ഒന്നുമില്ല. എയിക്കൊരു ഉപദേശവും വേണ്ട,

പരദേശി— ഏശമാനനേ! പൊയ്യ് ശൊല്ലറതു മഹാപാതകമാകും. ഏശമാനനുക്കു ശില രഹസ്യങ്കളാന മനോകതങ്കളിരുക്ക്. നാൻ ശൊല്ലിത്തറേൻ. അന്ത ശ്രീതനത്തെ ലഭിക്കവുടുകു നല്ല ഉപദേശങ്കളും ശൊല്ലിത്തറേൻ. മനമാനാൽ വാങ്കിക്കാ. ഇല്ലാപടിക്കെനക്കെന്ന? ഏശമാനനുടയ മനംപോലെയാകട്ടും.

മേനോൻ— ഏതു സ്ത്രീരത്നം? നീയൊരു ഭ്രാന്തനോ? എന്തസംബന്ധമാണിപ്പറയുന്നതു്?

പരദേശി— ഏശമാനനേ! എനക്കു പിരാന്തും മത്തുമില്ലൈ. ഏശമാനനുക്ക് കൊഞ്ചം പിരാന്തിരുക്ക്. അതു അന്ത ശ്രീതനമൂലമാക കാമപ്പിരാന്താകും. ഇന്ത പേച്ചു അസമ്മന്തമാ? നാൻ സമ്മന്തമാകിത്തറേൻ.

മേനോൻ— അതെട്ടെ, എന്നാൽ ആ സ്ത്രീയുടെ പേരെന്താണു്?

പരദേശി— അതൊൻറും ശൊല്ലവുടുകു നമ്മാലാകാതു്. ആനാലും ഏകദേശമായെല്ലാം ശൊല്ലിത്തറേൻ. അന്ത ശിറീയുടയ നാമം മൂന്നച്ചരങ്കളാലേ ശൊല്ലപ്പെട്ടം. അതുകളിൽ ആദ്യമാന അച്ചരം കാ വാക്കും. സറിതാനാ?

മേനോൻ— അട്ടെ, അവൾക്കിപ്പോൾ എത്ര പ്രായമുണ്ടു്? നിറമെന്തു്?

പരദേശി— പ്രായം പതിനെട്ട് പതിനേഴമ്പതു വയസ്സിരുക്കും. നിറം വെള്ളച്ചുവപ്പുതാൻ.

പരദേശി ഇത്രയും പറഞ്ഞപ്പോൾ മേനോന്റെ ഹൃദയം ഒരു വലിയ വിചാരസമുദ്രത്തിൽ നിമഗ്നമായിത്തീർന്നു. "ഈ കല്ലുപിശാചെന്നും മറ്റും പറയുന്നതു് വാസ്തവത്തിൽ ഉള്ളതുതന

ന്നെയായിരിക്കുമോ? ഈ രഹസ്യകാര്യം പരദേശിയായ ഇവൻ എങ്ങനെ അറിയുന്നു. കല്യാണിക്കുട്ടിയുടെ പേരിനു കേട്ടി എന്നുള്ളത് കൂട്ടാതെ നോക്കിയാൽ മൂന്നക്ഷരങ്ങൾ എന്നു പറഞ്ഞത് ശരിയായിരിക്കുന്നു. വയസ്സും നിറവും എല്ലാം ശരിതന്നെ. എങ്കിലും അഹോവൃത്തി കഴിക്കുന്നതിനായി കണ്ടുപിശാചെന്നും മറവും പറഞ്ഞു നടക്കുന്ന ഈ ഉദരംഭരികളുടെ വാക്കിനെ അത്ര പെട്ടെന്നു വിശ്വസിച്ചുകൂടാ. എന്തായാലും കാര്യമായിരിക്കുട്ടി പുറത്തേയ്ക്ക് വരുന്നതിനുമുൻപേ ഇയ്യാളെ പടിക്കുപുറത്തു വിളിച്ചു കൊണ്ടുപോയി ചില ചോദ്യങ്ങൾകൂടി ചോദിക്കണം" എന്നിങ്ങനെ വിചാരിച്ച മേനോൻ പരദേശിയെ വിളിച്ചുംകൊണ്ട് പടിക്കു പുറത്തേയ്ക്കു പോയി.

കാത്ത്യായിനിയമ്മ അകായിലേക്കു ചെന്നപ്പോൾ അവിടെ ശ്യാമാരും മറവും തരത്തിനില്ലാതെയിരുന്നതുകൊണ്ടും തന്റെ ദ്വതീയപുത്രൻ മൂലകൂടിക്കാൻ വൈകീട്ട് കരഞ്ഞുതുടങ്ങിയതുകൊണ്ടും പരദേശിക്ക് അരി കൊടുത്തയക്കുന്നതിനും കൊണ്ടുപോകുന്നതിനും ഉടനെ സാധിച്ചില്ല. കുട്ടിക്കു മുലകൊടുത്ത് കഴിഞ്ഞതിന്റെശേഷം കുറെ അരിയുമെടുത്തുംകൊണ്ട് അവർ പുറത്തു വന്നു നോക്കിയപ്പോൾ പരദേശിയേയും മേനോനേയും കാണായ്കയാൽ അകത്തേക്കുതന്നെ പോവുകയുംചെയ്തു.

മേനോനവർകളും പരദേശിയുംകൂടി പടിക്കുപുറത്തു ചെന്നതിന്റെശേഷം മേനോൻ പിന്നെയും പല ചോദ്യങ്ങൾ ചോദിക്കുകയും സകല ചോദ്യങ്ങൾക്കും പരദേശി ശരിയായ ഉത്തരം പറയുകയും ചെയ്തു. പരദേശി പറഞ്ഞ ലക്ഷണങ്ങളെല്ലാം ശരിയായിരുന്നതിനാൽ മേനോനു ലക്ഷണക്കാരനേക്കുറിച്ചുണ്ടായിരുന്ന അവിശ്വാസവും നിന്ദയും അശേഷം നശിച്ചു എന്നു മാത്രവുമല്ല, വിശ്വാസവും ബഹുമാനവും വളരെ വർദ്ധിക്കുകയും ചെയ്തു. ഒടുക്കം കാര്യസിദ്ധിക്കുള്ള ഉപദേശം കൊടുക്കണമെന്നു മേനോൻ പരദേശിയുടെ അടുക്കൽ നിർബ്ബന്ധപൂർവ്വം അപേക്ഷിച്ചുതുടങ്ങി. അപ്പോഴത്തെ ഉപദേശത്തിനു പരദേശി വിലകൂട്ടിത്തുടങ്ങി. എന്തുവേണ്ടു, ഒടുക്കം മേനോൻ പോയി ഉണ്ടിയക്കാരുടെ അടുക്കൽനിന്ന് അഞ്ഞൂറുറുപ്പികയുടെ ഒരു ബാങ്കുനോട്ട് കടമായി വാങ്ങി പരദേശിക്ക് ദക്ഷിണകൊടുക്കുകയും കാ

യ്യും സാധിച്ചാൽ അഞ്ഞൂറുകൂടി കൊടുക്കാമെന്നു വാഗ്ദാനം ചെയ്കയും ചെയ്തു ഉപദേശം എഴുതിവാങ്ങി, പരദേശിയെ കെട്ടിപ്പുണ്ടും വന്ദിച്ചു യാത്രയും പറഞ്ഞയച്ചു.

ഭോസ്കരമേനോനും പരദേശിയും തമ്മിൽ പിരിഞ്ഞതിന്റെ നാല്പതാം ദിവസം രാത്രി പന്ത്രണ്ടുമണിസമയത്തുകൂടി സ്ഥലം മജിസ്ട്രേട്ട വെങ്കിട്ടരമണയ്യനവർകൾ ഒരു ഉറക്കം കഴിഞ്ഞുണർന്നു മൂത്രശങ്കയ്ക്കായി കാവറയിലേയ്ക്കിറങ്ങിയപ്പോൾ അവിടെ കിടന്നൊരെഴുത്തുകിട്ടി വായിച്ചുനോക്കി. ഉടനെ ആ കടലാസിന്റെ അറുത്തുതന്നെ അദ്ദേഹം എന്തോ കുറച്ചെഴുതി മടക്കി വേറെ ഒരു ലക്കോട്ടിലക്കി മേൽവിലാസവും വെച്ച് എഴുത്തും വിളക്കും കൊണ്ട് പിന്നേയും പുറത്തേയ്ക്കിറങ്ങി. പുറത്തു ചാവടിയിൽ ചെന്നു ശിപായിയേ വിളിച്ചുണർത്തി ഈ എഴുത്തു ഉടനേ പോലീസ്സ് ഇൻസ്പെക്ടർക്കു കൊണ്ടുപോയി കൊടുക്കേണമെന്നു പറഞ്ഞു ശിപായിയേ അയച്ചിട്ട് അദ്ദേഹം വീണ്ടും അകത്തുവന്നു കിടന്നു. എഴുത്തിലെ സംഗതി എന്താണെന്നു നമുക്കിപ്പോൾ തീച്ചപ്പെടുത്താൻ മാർഗ്ഗമൊന്നുമില്ലെങ്കിലും അവിടെ അടുത്ത സ്ഥലത്തെവിടെയോ ഒരുകുമ്പസ്സവുണ്ടു നടന്നിരിക്കുന്നു എന്നോ നടക്കാൻ പോവിക്കുന്നു എന്നോ ഊഹിക്കാം. അല്ലെങ്കിൽ അദ്ദേഹം ആ എഴുത്തിനെ ആ രാത്രിയിൽത്തന്നേ പോലീസ്സുകാർക്ക് അയയ്ക്കുമായിരുന്നില്ലല്ലോ.

മേൽപ്പറഞ്ഞ സംഗതി നടന്നതിന്റെ പിറേറ ദിവസം പകൽ പതിനൊന്നു മണിയായപ്പോഴേക്കും മജിസ്ട്രേട്ട വെങ്കിട്ടരമണയ്യനവർകൾ കോടതിയിലെത്തി. അപ്പോൾ പോലീസ്സ് ഇൻസ്പെക്ടരും സ്റേറഷനാപ്പീസ്സും ഒന്നരണ്ടു കാൺസ്റേറബിൾമാരും കൂടി ഒരു പുള്ളിയേയും കൊണ്ടു മജിസ്ട്രേട്ട കോടതിയിലേക്കു യാത്രയായി. അവരുടെ പിന്നാലേ കൂടിയിരിക്കുന്ന പുരുഷാരത്തിന്നു് അവസാനമില്ല. പോലീസ്സുകാർ പുള്ളിയേ കൊടതി മുൻപാകേ ചാർജ്ജു ചെയ്തു. പുള്ളി കഴിഞ്ഞ രാത്രിയിൽ ഏകദേശം ഒരുമണി സമയത്തു തുലുബാധം കൂടാതെ കുളങ്ങരേടത്തു വീട്ടിന്റെ തെക്കേ കയ്യാലയരികിൽ നില്ക്കുന്ന നെല്ലി മരത്തിന്മേൽ കയറി ആത്മഹത്യചെയ്വാൻ ഭാവിച്ചുഎന്നും തത്സമയം പോലീസ്സുകാർക്കു് അറിവു കിട്ടുകയാൽ കൃത്യം നടക്കുംമുമ്പായില്ല എന്നും പ്രതിയു

ടെ പ്രവൃത്തി ശിക്ഷാനിയമപ്രകാരം കുറ്റകരമായിട്ടുള്ളതാകുന്നു എന്നുമാണ് ചാർജ്ജിന്റെ സാരം. ചാർജ്ജു ചെയ്യപ്പെട്ട ഈ കുറ്റക്കാരൻ ഹൈക്കോടതി വക്കീൽ ഭാസ്കരമേനോൻ ബി. എ. ബി. എൽ. അവർകളാണെന്നു പറഞ്ഞാൽ പക്ഷേ വായനക്കാർ വിശ്വസിക്കില്ലായിരിക്കും. എങ്കിലും വസ്തുവം അങ്ങിനെ തന്നെയാണ്.

നിയമ നിശ്ചയവും വാഗ്മിത്വവും നല്ലപോലെയുള്ള സമർത്ഥനായ ഭാസ്കരമേനോൻ പ്രവൃത്തി താൻ ചെയ്തതു തന്നെയാണെന്നു സമ്മതിച്ചു. എങ്കിലും തന്റെ കൃത്യം ശിക്ഷാർഹമല്ലെന്നു വളരെ യുക്തിയോടുകൂടി വാദിക്കുകയും ആ കുറ്റത്തിൽ നിന്നു ഒഴിഞ്ഞു പോരുന്നതിനു പല വിധത്തിലും വളരെ ശ്രമിക്കുകയും ചെയ്തു. അതൊന്നുകൊണ്ടും ഒരു ഫലവുമുണ്ടായില്ല. ഒരു മാന്യനായ നല്ല വക്കീലും തന്റെ സ്നേഹിതനുമായ ഭാസ്കരമേനോനെ ശിക്ഷിക്കുന്നതിൽ മജിസ്ട്രേട്ടിനു വളരെ മനസ്താപമുണ്ടായിരുന്നു. എങ്കിലും അദ്ദേഹം കേസ്സുസംബന്ധമായി ആരുടേയും പേരിലും യാതൊരു ദാക്ഷിണ്യവും ചെയ്യാത്ത കണിശക്കാരനായിരുന്നതിനാൽ മേനവന്റെ പേരിൽ ഒരു ദയയും കാണിച്ചില്ല. ഒട്ടുക്കും ശിക്ഷിക്കുമെന്നു തന്നെ മേനവനും തോന്നി. അല്പാതെ ഒരു നിവൃത്തിയുമില്ലെന്നായപ്പോൾ മേനോൻ—ഞാൻ ആ നെല്ലി മരത്തിന്മേൽ കയറിയതു ആത്മഹത്യ ചെയ്യാനായിട്ടല്ലെന്നു പല പ്രാവശ്യം ബോധിപ്പിച്ചിട്ടും കോടതി വിശ്വസിക്കുന്നില്ല. എന്നാൽ ഞാൻ താമസിക്കുന്ന താമരമംഗലത്തു വീട്ടിൽ എന്റെ കൈപ്പെട്ടി ഇരിക്കുന്നുണ്ട്. ആ കൈപ്പെട്ടി കോടതി മുൻപാകെ വരുത്തി തുറന്നു നോക്കിയാൽ എന്റെ വാദത്തിനനുകൂലമായ ലക്ഷ്യം അതിൽ കാണുന്നതാണ്. ഒരു കാര്യസിദ്ധിക്കായി ഒരു പരദേശിയായ ലക്ഷണക്കാരന്റെ ഉപദേശപ്രകാരം 'നെല്ലിമേലിത്തിക്കുണ്ണി' എന്ന മരുന്നു പറിക്കാനായിട്ടാണ് ഞാൻ നെല്ലിമരത്തിന്മേൽ കയറിയതു. ഇതു് എനിക്കു് ഏറ്റവും ലജ്ജാവഹവും അവമാനകരവുമായിട്ടുള്ളതാകയാലാണ് ഇതുവരേ ബോധിപ്പിക്കാതെയിരുന്നത്"— എന്നു ബോധിപ്പിച്ചു. ഉടനെ മജിസ്ട്രേട്ടു കൈപ്പെട്ടി വരുത്തി തുറപ്പിച്ചു നോക്കിയപ്പോൾ പരദേശി എഴുതികൊടുത്തതായ ഉപദേശം (ഒരു താളിയോല) കണ്ടുകിട്ടി. അ

തിൽ ആദ്യം തന്നേ ഒരു മന്ത്രമാണ് എഴുതിയിരുന്നത്. പിന്നെ ഈ മന്ത്രം നാല്പതു ദിവസം മുടങ്ങാതെ കുളിച്ചു ശുദ്ധമായി ഇരുന്ന് ആയിരത്തെട്ടരു വീതം ജപിച്ചാൽ കാര്യം സഫലമാകും. പിന്നേയും സഫലമാകാത്ത പക്ഷം നാല്പതാം ദിവസം രാത്രി മദ്ധ്യയാമത്തിങ്കൽ നഗ്നനായി മുങ്ങിക്കുളിച്ച് തോത്താതെ പോയി ഒരു നെല്ലിമരത്തിന്മേൽ നിന്ന് ഇത്തിക്കണ്ണി പറിച്ചു കൊണ്ടുവന്നു സൂക്ഷിച്ചു വെയ്ക്കണം. പിറ്റേദിവസം കുളിച്ച് ആ ഇത്തിക്കണ്ണിയുടെ രണ്ടിലകളും എടുത്തരച്ചു മേൽപ്പറഞ്ഞ മന്ത്രം ആയിരത്തെട്ടരു ജപിച്ചു തിലകംധരിച്ചു കൊണ്ട് ആ സ്ത്രീയുടെ നേരേ നോക്കിയാൽ അവൾ ഇങ്ങോട്ടവന്ന് അപേക്ഷിക്കും. പിന്നെ ആജീവനാന്തം പിരിഞ്ഞു പോവുകയുമില്ല. എന്നും എഴുതിയിരിക്കുന്നതായി കണ്ടു. ഉടനെ മജിസ്ട്രേട്ട മേനോനെ അയ്യായിരം ഉറുപ്പികയ്ക്ക് ഹാജരുജാമ്മ്യം എഴുതി വെപ്പിച്ച് തൽക്കാലം വിടയച്ചു.

പിന്നെ മജിസ്ട്രേട്ട പരദേശിയുടെ പ്രായം, നിറം മുതലായ വയ്ക്ക് ഒരു പട്ടിക തയാറാക്കി പല സ്ഥലങ്ങളിലും അയച്ച് അന്വേഷണം നടത്തുകയാൽ താമസിയാതെ അടുത്ത രാജ്യത്ത് ഒരു സ്ഥലത്തുവെച്ച് ആ രാജ്യത്തെ പോലീസ്സുകാർ ആ ലക്ഷണക്കാരനായ പരദേശിയെപ്പിടിച്ചു ബന്തോവസ്സോടുകൂടി ഇവിടെ അയച്ചുകൊടുത്തു. പരദേശിയോടു ചോദിച്ചിട്ട് ആദ്യമൊന്നും അവൻ സമ്മതിച്ചില്ല. പിന്നെ പോലീസ്സുകാരുടെ പ്രലോഭനമർദ്ദനം കൊണ്ടു സഹിച്ചുപ്പോൾ അവൻ സത്യമെല്ലാം പറഞ്ഞു. അവന്റെ മൊഴിയുടെ ചുരുക്കം താഴെ പറയുന്നു.

ഞാൻ പാവപ്പെട്ട ഒരു നായരാണ്, പരദേശിയല്ല. വേഷം മാറി നടക്കുകയാണ്. എവിടേയും വാസുവത്തിൽ കണ്ണുപിശാചു മില്ല ഒന്നുമില്ല. അഹോവൃത്തി കഴിക്കുന്നതിനായി ഇങ്ങിനെ ഒരു പേരും പറഞ്ഞു നടക്കുന്നു എന്നെ ഉള്ളു. എന്നാൽ ഞാൻ ചെല്ലുന്ന ദിക്കിലൊക്കെ അന്വേഷിച്ച് ആ ദിക്കിലെ രഹസ്യവർത്തമാനങ്ങൾ അറിവുള്ളതിൽ ആരെയെങ്കിലും സ്വാധീനപ്പെടുത്തും. അവർ മുഖാന്തരം വർത്തമാനത്തെല്ലാം മനസ്സിലാക്കും. അവയെല്ലാം ലക്ഷണമായിട്ടു പറഞ്ഞു വല്ലവരോടും വല്ലതും വാങ്ങി ഉപജീവനം കഴിക്കും. കിട്ടുന്നതിൽ ഒരു ഭാഗം രഹസ്യവർത്തമാന

ങ്ങിനെ പറഞ്ഞു തരുന്നവർക്കും കൊടുക്കും. അങ്ങിനെയാണ് പതിവ്. ഇവിടെ എനിക്ക് ഇഷ്ടനായിട്ടും വിശ്വാസിയായിട്ടും കൃഷ്ണക്കുറുപ്പ് എന്നൊരു മന്ത്രവാദിയുണ്ട്. ഭാസ്കരമേനവനവർകളുടെ മനോഗതങ്ങളെ ഒക്കെ എനിക്ക് അയാളാണ് പറഞ്ഞുതന്നത്. പേഷ്കാർ കിട്ടണ്ണിപ്പണിക്കരവർകളുടെ പുതിയായ കല്യാണിക്കുട്ടിയെ വശീകരിക്കുന്നതിനായി ആദ്യം മേനോനവർകൾ കൃഷ്ണക്കുറുപ്പിനെക്കൊണ്ടു പല ആഭിചാരപ്രയോഗങ്ങളെല്ലാം ചെയ്തിക്കയുണ്ടായിട്ടുണ്ട്. അത് നിമിത്തമാണ് അയാൾ സംഗതി അറിഞ്ഞത്. മേനോനവർകൾ എനിക്കു അഞ്ഞൂറുറുപ്പികയുടെ ഒരു നോട്ടാണ് തന്നത്. അതുമാറി പകുതി ഉറുപ്പിക ഞാൻ കൃഷ്ണക്കുറുപ്പിനു കൊടുത്തു. ശേഷം ഞാനും എടുത്തു. ഇതുയും കേട്ടയുടനെ മജിസ്ട്രേട്ട കൃഷ്ണക്കുറുപ്പിനെ ഉടൻ പിടിച്ചു ഹാജരാക്കുന്നതിനു പൊലീസ്സുകാർക്കു വാറണ്ടുത്തരവുകൊടുത്തു. ഉടൻ പോലീസ്സുകാർ കൃഷ്ണക്കുറുപ്പിനേയും ഹാജരാക്കി. അയാളും പരമാർത്ഥമൊക്കെസ്സമ്മതിച്ചു മൊഴി കൊടുത്തകൂട്ടത്തിൽ തന്റെ ആഗ്രഹത്തിനു പ്രതികൂലം ഭവിച്ചിരുന്ന കാർത്ത്യായിനിയമ്മയെ ഒന്നു ഠ്യ സന്നിപ്പിക്കുവാൻ വേണ്ടിട്ട് താൻതന്നെ പറഞ്ഞിച്ച പണിയാണ് മജിസ്ട്രേട്ടിനു കിട്ടിയ എഴുത്ത് എന്നും, വശീകരണത്തിന്നായിട്ട് ഭാസ്കരമേനോൻ നെല്ലിയിടമ്മൽ കേറിയതു് ആത്മഹത്യക്കാണെന്നു വ്യാജം പറഞ്ഞതാണെന്നുമുള്ള സംഗതിയും പറയാതിരുന്നില്ല. കൃഷ്ണക്കുറുപ്പിനേയും സ്നേഷനിൽവെച്ചു പോലീസ്സുകാർ സൂക്ഷിച്ചുകൊള്ളുന്നതിനും മേനോൻ അടുത്ത ദിവസംകൂടി ഹാജരാകണമെന്നും ഉത്തരവുകൊടുത്തതിന്റെ ശേഷം അന്നു കോടതി പിരിഞ്ഞു.

പിറേറദിവസം പ്രഭാതമായപ്പോഴേക്കും ഭാസ്കരമേനോൻ പരലോകപ്രാപ്തനായിരിക്കുന്നു എന്നും അവമാനം സഹിക്കാൻ പാടില്ലാതെയായിട്ടു വിഷം സേവിച്ചു മരിച്ചതാണെന്നും മറ്റും ഒരു പ്രസ്താവം പട്ടണത്തിലാസകലം നിറഞ്ഞുകഴിഞ്ഞു. ആത്മാഭിമാനമുള്ള ചില യോഗ്യന്മാർ അതി ദുസ്സഹമായ അവമാനം നേരിട്ടാൽ ഇങ്ങനെ ചെയ്യാവുള്ളതിനാൽ ഖേദിതനാകുറിച്ചു് അത്ഭുതപ്പെടാനൊന്നുമില്ല. എങ്കിലും ഇതെല്ലാം ഒരു കണ്ണപിശാചിന്റെ മാഹാത്മ്യംകൊണ്ടുണ്ടായതാണല്ലോ എന്നു വിചാരിക്കുമ്പോൾ

അത്ഭുതപ്പെടാതെയിരിക്കാനും നിവൃത്തിയില്ല. എന്തെങ്കിലും ഭാസ്കരമേനോനു ശിക്ഷയെന്നും അനുഭവിക്കാൻ ഇടയാകാഞ്ഞതു തന്നെ ഭാഗ്യം. പരദേശിവായരും കൃഷ്ണങ്കവപ്പും ഇപ്പോൾ ജൈലിൽത്തന്നെ സുഖമായിപ്പാർക്കുന്നു.

തിയ്യാടണ്ണി.

അരയുകാരം

പണ്ഡിതർ ആർ. വി. കൃഷ്ണമാചാര്യരവർകൾ സദയം അയച്ചുതന്നതായിട്ട്, അരയുകാരം എന്ന തലവാചകത്തിൽ ഒരു ലേഖനം കഴിഞ്ഞ ധനുവിലെ രഞ്ജിനിയിൽ ഞങ്ങൾ പ്രസിദ്ധപ്പെടുത്തിട്ടുണ്ടായിരുന്നുവല്ലൊ. ആ ലേഖനം ഭാഷാപാഷിണിസഭക്കയച്ചുകൊടുത്തിരുന്ന ദീർഘലേഖനത്തിന്റെ കരംശം മാത്രമാണെന്നും വായനക്കാക്കറിയാൻ അദ്ദേഹംതന്നെ ഇടയാക്കീട്ടുണ്ടായിരുന്നു. പണ്ഡിതശ്രേഷ്ഠനായ ആചാര്യരവർകൾ മൂന്നുദിവസം കാലംമാത്രം കേരളരാജ്യവാസം ചെയ്തതിന്നിടെക്ക്, മലയാളഭാഷയിൽ ഇത്ര പാണ്ഡിത്യം സമ്പാദിച്ചതിലും, ഞങ്ങളുടെ സഭാഭാഷയെ വാത്സല്യത്തോടുകൂടി ഇങ്ങിനെ ലാളിക്കുന്നതിലും, അദ്ദേഹത്തെ ഞങ്ങൾ ബഹുമാനത്തോടും കൃതജ്ഞതയോടും അഭിനന്ദിച്ചുംകൊണ്ട് പ്രകൃതോപന്യാസത്തെ ശ്രദ്ധവെച്ചു നോക്കിയതിൽ ഉണ്ടായ അഭിപ്രായത്തെയാണ് ഇവിടെ ഇറക്കി പറയുവാൻ ഭാവിക്കുന്നത്.

കേരളപാണിനീയപ്രകാരം, കാട്, വീട്, മുതലായ മലയാളവാക്കുകളുടെ അന്ത്യനടപടം 'അരയുകാര'മെന്നു പറയപ്പെട്ടുന്ന സംവൃതോകാരമാണെന്നു സംധിച്ചിട്ടുള്ളതിനെ അനുവദിച്ചും, പാണിനീയത്തിൽ അതിന്റെ ലിപിന്യാസം വിധിച്ചിട്ടുള്ളതുമാത്രം യുക്തിയുക്തമാകുംവണ്ണം നിരസിച്ചും ആണല്ലൊ ആചാര്യരവർകളും വിശദമായി എഴുതിട്ടുള്ളത്. ആ ലേഖനം വായിച്ചാൽ ഉടൻതന്നെ കേരളപാണിനീയകാരൻ രഞ്ജിനി മുഖേന ഒരനുമോദനം പ്രസിദ്ധപ്പെടുത്താതിരിക്കയില്ലെന്നും, ആ അനുമോദനലേഖനത്തിൽതന്നെ വിവൃതോകാരമെന്നു സംധിച്ചിട്ടുണ്ടെങ്കിലും ഈ

അന്ത്യസ്വരത്തിന്ന് ഉകാരചിഹ്നവും വീണ്ടും അരയുകാരചിഹ്ന മെന്നുവെച്ചിട്ടുള്ള ചന്ദ്രക്കലയുംകൂട്ടിച്ചേർത്തു കേവലം ചന്ദ്രക്കലമാത്രം ചേർത്തുതുടങ്ങുകയെന്നും ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങിനെ ചെയ്യുന്നതുംമൂലം ഈ വിഷയത്തിൽ (ലിപിന്ന്യാസത്തിൽ മാത്രമെങ്കിലും) 'മലയാളഭാഷയ്ക്ക് സാവ്വർത്തികമായ ഐകരൂപ്യം' സിദ്ധിച്ചതായി വിചാരിക്കാം.

എന്നാൽ ഈ അന്ത്യസ്വരം സംവൃതാകാരമല്ലെന്നും, അരയുകാരം (സംവൃതാകാരം) ആണെന്നും, നമ്മുടെ ആചാര്യന്മാർ കൾ സ്ഥാപിച്ചിട്ടുണ്ടെന്നു മുമ്പു പറഞ്ഞുവല്ലൊ. ഈ ഒരു സംഗതിയിൽ മാത്രം ഞങ്ങൾക്കു വിപ്രതിപത്തിയില്ലെന്നില്ല. പണ്ഡിതശ്രേഷ്ഠന്മാരായ ഈ മഹാന്മാരോടു വാദിച്ചു ജയിക്കാമെന്നുള്ള അഹങ്കാരം ഞങ്ങൾക്കശേഷമില്ല. പക്ഷെ ഈ പണ്ഡിതർ ഇവർ സംവൃതാകാരമല്ലെന്നു സ്ഥാപിക്കുമ്പോൾ മറുപക്ഷക്കാരെ കേവലം അനാദരിച്ചുകൊണ്ടു നിരസിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഈ വിഷയത്തിൽ രണ്ടു വാക്കെങ്കിലും പറയുവാൻ ഞങ്ങൾക്കു ധൈര്യമുണ്ടാക്കിത്തരുന്നുണ്ട്. സംവൃതാകാരമാണെന്നു പറയുന്നവരുടെ വാദമൂലമെന്താണെന്നും, അവരുടെ യുക്തികൾ എന്തെല്ലാമാണെന്നും, അറിഞ്ഞുവെച്ച്, സൂക്ഷ്മദൃഷ്ട്യാ പരമതത്തിന്റെയും, സ്വമതത്തിന്റെയും താരതമ്യം നോക്കി, നിഷ്പക്ഷപാതമായി ഒരു തീർപ്പു ചെയ്തിട്ടുണ്ടായിരുന്നു എങ്കിൽ ആചാര്യന്മാർകളുടെ അഭിപ്രായം സർവ്വജനഗ്രാഹ്യമാകുമായിരുന്നു. ഞങ്ങളുടെ ഈ ഉപന്ന്യാസം വായിച്ചതിന്നു ശേഷമെങ്കിലും ആചാര്യന്മാർകളുടെ ആ വിധമുള്ള അഭിപ്രായം കിട്ടുവാനിടവരുന്നതായാൽ വളരെ ഉപകാരമായിരിക്കും. 'വിറകൊന്നിളക്കിയാൽ തീയെരിയുംധർഷ്ട്യമിലഹിപടമെടുക്കും' എന്ന സമ്പ്രദായപ്രകാരം ഞങ്ങളുടെ ഈ ഇളക്കൽകൊണ്ട് ആചാര്യന്മാർകളുടെയോ മറ്റുള്ള മലയാളപണ്ഡിതന്മാരുടെയോ പ്രതിഭംഗി ഉജ്ജ്വലിച്ചാൽ ഞങ്ങളുടെ പ്രയത്നം സഫലമായി എന്നെ വിചാരമുള്ളൂ.

ദ്രാവിഡമൂലഭാഷയുടെ അവാന്തരശാഖകളായ തെലുങ്ക്, കന്നഡകം, തമിഴ്, മലയാളം, തുളു മുതലായ ഭാഷകളിൽ നാമധാതുക്കളുടെ മൂലം ഒന്നുതന്നെങ്കിലും ദേശഭാഷാഭേദേന ഉച്ചാരണങ്ങൾക്കു പലവ്യത്യാസങ്ങളും സംഭവിച്ചിട്ടുണ്ടെന്നുള്ളതിന്നും പുറമെ

പ്രത്യയങ്ങൾ ആഗമങ്ങൾ ആദേശങ്ങൾ എന്നിവയുടേയും മറവും വ്യത്യസ്തതയാകുന്ന മേൽപറഞ്ഞ ഭാഷകളെ പരസ്പരം വേർതിരിച്ചു നിർത്തുന്നത് എന്നുള്ള തത്വം ഭാഷാചരിത്രശാസ്ത്രജ്ഞന്മാരുടെ പരമസിദ്ധാന്തമാണല്ലൊ.

പ്രാകൃതഭാഷകളിലെന്നപോലെ ഇന്ത്യയിലുള്ള സകലദേശ്യ ഭാഷകളിലും ഹലന്ത പദങ്ങൾക്ക് അജന്തഭാവം വിധിച്ചിട്ടുള്ളതിനെ നമ്മുടെ ദ്രാവിഡ ഭാഷാശാഖകളിലെല്ലാം പ്രത്യേകിച്ചും സ്വീകരിച്ചിട്ടുണ്ടെന്നുള്ളതും സൂക്ഷ്മജ്ഞന്മാർ സമ്മതിക്കാതിരിക്കയില്ല.

എന്നാൽ പലേവിഷയത്തിലും വിശേഷിച്ചു പരസ്പരസാമ്യമുള്ള തമിഴും മലയാളവും തമ്മിൽ, ഹലന്തപദം അജന്തമാക്കുന്ന വിഷയത്തിൽ സൂക്ഷ്മമായ ഒരു ഭേദഗതിയൊട്ടുകുടിയുണ്ട് വേർതിരിഞ്ഞു നില്ക്കുന്നതു്. കാട്, വീട്, ചാറ്, ചോറ്, മുതലായി രണ്ടു ഭാഷയിലും സമാവകാശമുള്ള ഹലന്തപദങ്ങളെ, തമിഴ ഭാഷയിൽ ‘കുറിയലുകരം’ അല്ലെങ്കിൽ ‘അരയുകാരം’ എന്നു പറഞ്ഞു വരുന്ന സംവൃതോകാരംകൊണ്ടാണ് അജന്തമാക്കുന്നത് എങ്കിൽ മലയാളഭാഷ സംവൃതോകാരംകൊണ്ടാണ്. ഈ അതിസൂക്ഷ്മമായ വ്യത്യാസംകൊണ്ടാണ് ഈ വിഷയത്തിൽ മലയാളവും തമിഴും വേർതിരിയുന്നതും. മദ്ധ്യമലയാളത്തിലും തമിഴിലും നടന്നുവരുന്ന ഈ അന്ത്യസ്വരോച്ചാരണത്തെ നല്ലവണ്ണം മനസ്സുവെച്ചു പരിശോധിച്ചാൽ ഈ വ്യത്യാസം വ്യക്തമാകയും ചെയ്യും. ഈ ഭേദം എഴുതിക്കാണിപ്പാൻ പ്രയാസപ്പെട്ടും എങ്കിലും കേരളത്തിലെ സംവൃതോകാരം എഴുതുവാൻ കൃഷ്ണൻ വാധ്യാരുടേയും തമിഴിലെ സംവൃതോകാരം കുറിപ്പാൻ കേരളപാണിനീയത്തിന്റേയും ലിപിന്യാസരീതി പിടിച്ച കാണിക്കാം. ചോറ (അകാരം) ചോറ് (ഉകാരം) ഇതുതന്നെ വിസ്മൃതാക്ഷരകൂട്ടത്തിൽ ഇതിലധികം സൂക്ഷ്മമായിരിക്കും. ശാസനാരംഭത്തിൽ— ഓടു് (അകാരം) ഓടു് (ഉകാരം) ബഹുസൂക്ഷ്മമായ ഈ ഉച്ചാരണഭേദത്തെ മലയാള രാജ്യത്തിന്റെ ദക്ഷിണോത്തരഭാഗങ്ങളിൽ പാർക്കുന്നവരും സഹ്യപർവ്വതത്തിന്റെ പൂർവ്വഭാഗത്തിലിരിക്കുന്നവരും അത്രെ അറിഞ്ഞില്ലെന്നുവന്നാലും ഒട്ടും കഷ്ടമില്ല. സൂക്ഷ്മമാലോചിക്കാത്തവർ ഉച്ചാരണത്തിൽ അതിസാമ്യമുള്ള ഈ

ഘട്ടത്തിൽ തെറ്റിദ്ധരിച്ചു പോകുന്നതിലും ലേശംപോലും അത്ഭുത പ്പെടുവാനില്ല. പക്ഷേ തങ്ങൾക്കു പറ്റിയ ഈ തെറ്റിനെ, പ്രാചീനന്മാരും ഋഷികല്പന്മാരും മന്ത്രദ്രഷ്ടാക്കളുമായ നമ്മുടെ പൂർവ്വ പുരുഷന്മാരുടെ തലയ്ക്കു വെയ്ക്കുന്നത് വലിയ കഷ്ടവും സങ്കടവുമായിത്തീരുമെന്നു പറയാതെ കഴികയില്ല. അവരോ അവരുടെ പിൻവാഴ്ക്കാരായ മദ്ധ്യകാലകേരളീയരോ തമിഴിൽ പരിചയമില്ലായ്കയാൽ അരയകാരത്തിന്റെ മഹിമയറിയാഞ്ഞതുകൊണ്ടു മാത്രം സംവൃതാകാരമാണെന്നു തെറ്റിദ്ധരിച്ചുപോയതിനെ ഗതാനുഗതികന്യായേന ഇന്നും ചിലർ അനുസരിക്കുകയാണെന്നു വിചാരിപ്പാനും ന്യായമുണ്ടെന്നു തോന്നുന്നില്ല. മദ്ധ്യകാലത്തെ സാഹിത്യ ഗ്രന്ഥങ്ങളായ ലീലാതിലകം, ഉണ്ണുനീലിസന്ദേശം, മുതലായവ വായിച്ചിട്ടുള്ളവർ ഈ ന്യായവാദത്തെ സയുക്തികമായിട്ടു ഖണ്ഡിപ്പാൻ സന്നദ്ധന്മാരായിരിക്കും.

നിൽക്കൂ, ഇരിയ്ക്കൂ, പോരൂ, മുതലായ മറവുള്ള വിധ്യർത്ഥകങ്ങളായ ക്രിയാപദങ്ങളുടെ ഒടുവിലുള്ള ഊ പ്രത്യയം ആദരാശാസനാദികളുംകൂടി വിവക്ഷിക്കുമ്പോൾ ലോപിച്ചു പോകുന്നു. പിന്നിട് ഫലന്തങ്ങളായി തിന്നിരിക്കുന്ന അവയെ അജന്തങ്ങളാക്കുവാൻ അന്ത്യസ്വരം ചേർക്കുന്നത് സംവൃതാകാരമാണെങ്കിലും ചിലപ്പോൾ വിവൃതമായിട്ടും ഉച്ചരിക്കുമാറുണ്ട്. ആദരം സൂചിക്കുമ്പോൾ നില്ല, ഇരിയ്ല, പോര (പോരിക) എന്നതെ പറയുമാറുള്ളത്. നില്ല്, ഇരിയ്ല്, പോര് എന്ന ശാസനാർത്ഥത്തിലും ഉപയോഗിച്ചു വരുന്നു. ഇതുതന്നെ ശാസനാതിശയത്തിൽ വിസർഗ്ഗത്തോടുകൂടിയാണ് പ്രയോഗിക്കുക. നില്ല്°ട, ഇരിയ്ല്°ട, പോര°ട, ഈ വക പ്രയോഗങ്ങൾ പണ്ടും ഇക്കാലത്തും സുലഭങ്ങളാകുന്നു. ബ്രാഹ്മണർ (നമ്പൂരിമാർ) കേരളത്തിൽ കുടിയേറിപ്പാർത്തു തുടങ്ങിയതു മുതല്ക്കേ ആര്യബ്രാഹ്മണരായിരുന്നാലും ഇവർ മലയാളികളായിത്തീർന്നതിനെ അംഗീകരിപ്പാൻ വേണ്ടി സ്വഭാഷയായ മലയാളത്തിൽ ചില മന്ത്രങ്ങൾ ഷോഡശക്രിയകളിലും മറ്റും ഉപയോഗിച്ചു തുടങ്ങിട്ടുണ്ട്. ഉപവീതനായ ബ്രഹ്മചാരിയോട് ആചാര്യൻ ഭിക്ഷ വാങ്ങിവരുവാൻ ശാസിക്കുന്നതായ ഒരു മന്ത്രം നോക്കുക. "പിച്ച പുക്കു പോരു" ഈ മന്ത്രം സംവൃതാകാരാന്തമായിട്ടു ചൊല്ലേണ്ടതാണെങ്കിലും സംവൃതോകാരാന്തമായിച്ചൊല്ലി

റ്റപ്പോയാൽ പിഴയംയിത്തിരുമെന്നുള്ള നിശ്ചയം നിമിത്തം വിവൃതാകാരാന്തമായിട്ടാണ് മൊല്ലിവരുമാറുള്ളത്. ഇത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല, മലയാളവും നമ്പൂരിമാരും തമ്മിൽ സംബന്ധമുണ്ടായ അന്നുമുതല്ക്കേ തുടങ്ങിയ നടപ്പാണ്. ഈ ഒരു സംഗതികൊണ്ടുതന്നെ കുറിയ്യകരമെന്ന തമിഴിൽ പറയുന്ന അരയ്യകാരമല്ല മലയാളഭാഷയിൽ വിധിച്ചിട്ടുള്ളതെന്നും, വേണമെങ്കിൽ അരയ്യകാരമെന്ന പേരുകൊടുക്കാവുന്നതായ സംവൃതാകാരമാണെന്നും വ്യക്തമാവുന്നുണ്ടല്ലോ. തമിഴഭാഷയിൽ സംവൃതാകാരം വിധിച്ചിട്ടുള്ളത് അഗസ്ത്യ മഹർഷിയാണെന്നുള്ള മാഹാത്മ്യം പഴമക്കാർ പറയുന്നുണ്ടെങ്കിൽ മലയാളത്തിൽ സംവൃതാകാരം നിയമിച്ചിരിക്കുന്നത് പരശുരാമ മഹർഷിയാണെന്നു നമ്മുടെ കുലവൃദ്ധന്മാരും പറഞ്ഞുവരാറുണ്ടെന്നുള്ളതും ഇല്ലാതെന്നെ.

മലയാളത്തിന്റെ ആദികാലം മുതൽക്കെ മന്ത്രനിഷ്ഠ വരുത്തിപ്പോന്നിരിക്കുന്ന നമുക്ക് ഈ വക ആഭിചാരമന്ത്രങ്ങളും മറ്റും സംവൃതാകാരത്തിനു വലിയ രക്ഷാകാരങ്ങളായിരിക്കുന്ന കാലത്തോളം തമിഴഭാഷയുടെ അജന്തഭാവസാധനമായ അരയ്യകാരം കൊണ്ടു കാട്ടുന്ന മായാപ്രയോഗം മലയാളത്തിനോട് ഫലിക്കയില്ലെന്നാണ് ഞങ്ങൾക്കു തോന്നുന്നത്.

എന്നാൽ കാട്, വീട് മുതലായ പദങ്ങളുടെ ബാഹുവചനങ്ങളിൽ, കാടുകൾ വീടുകൾ എന്നിങ്ങിനെ വിവൃതാകാരത്തോടുകൂടി ഉച്ചരിക്കുന്നതെന്തുകൊണ്ട്? ഇതു വിചാരിക്കുമ്പോൾ സംവൃതാകാരമല്ല സംവൃതാകാരമാണ് എന്നല്ലെ വിശ്വസിക്കേണ്ടത്? എന്നാണൊരു ചോദ്യമുള്ളത്. അരയ്യകാരമായാലും ശരി; അരയകാരമായാലും ശരി; അതിന്ന്, ഹല്ലു പരമായി വരുമ്പോൾ മുറിയലുകരമെന്നു പറയപ്പെടുന്ന വിവൃതാകാരം ആദേശമായി വരുമെന്നൊരു പ്രത്യേക വിധി രണ്ടു പക്ഷത്തിലും സ്വീകരിക്കുന്നതെ കഴികയുള്ളൂ. അവിടെ അകാരമല്ലാതെ ഉകാരം വിധിച്ചത് ഉകാരവാദികൾക്ക് അനുകൂലമാണെങ്കിൽ, ഉച്ചാരണസൌകര്യമാണ് സന്ധിബീജം എന്നും, സ്ഥാനപ്രയത്നാദികളുടെ ആന്തരതമ്യം വഴിക്കുണ്ടാണ് അക്ഷരങ്ങൾക്ക് മാറ്റം വരുന്നത് എന്നുമുള്ള ഭാഷാശാസ്ത്രതത്വം വിചാരിക്കുന്നതായാൽ പ്രകൃതത്തിലിരിക്കുന്ന സംവൃതാകാരത്തിനും ഹല്ലു പരമാകുമ്പോൾ വിവൃതാകാരം ആ

ടുക്കുന്നത് അകാരവാദികൾക്ക് സംവൃതസാമ്യം മൂലമായി ആപാ
ദിച്ചതായ ഒരു ക്ലിഷ്ടപക്ഷമാണെന്നു പറയാം. വിശേഷിച്ച് ഈ
വിധി പാക്ഷികമാണെന്നും, സംഭാഷണത്തിലും, പ്രാചീനലേഖ
നങ്ങളിലും സംവൃതാകാരമായിട്ടുതന്നെയാണ് ഉപയോഗിച്ചു കാ
ണുന്നതെന്നും, സാധിപ്പാൻ ഞങ്ങൾക്ക് വളരെ ലക്ഷ്യങ്ങളുണ്ട്.
മദ്ധ്യകേരളത്തിൽ ഇതുവരെ കണ്ടുകിട്ടിയ പഴയ ലേഖനങ്ങളി
ലൊക്കെയും എന്നുമാത്രമല്ല തമിഴിടനാട് വളരെ സാമ്യമുള്ള വ
ട്ടെഴുത്ത്, കോലെഴുത്ത്, മുതലായ പണ്ടത്തെ മലയാണ്മിഴറി
ക്കോട്ടകളിലും കാട് പീട് തുടങ്ങിയ പദങ്ങളെ ഉകാരാന്തങ്ങളായി
ട്ടല്ല, അകാരാന്തങ്ങളായിട്ടുതന്നെയാണ് എഴുതിക്കണ്ടിട്ടുള്ളത്. സം
വൃതാകാരപക്ഷത്തിലും സംവൃതാകാരപക്ഷത്തിലും അച്ചു പരമാകു
മ്പോൾ ഈ അന്ത്യ സ്വരത്തിന്നു പരരൂപവും (ചോറ്+ഇല്ല=
ചോറില്ല.) ഹല്ലു പരമാകുമ്പോൾ പാക്ഷികമാണെങ്കിലും, വിവൃ
തമായ ഉകാരാഗമവും, (കാട്+കണ്ടു= [കാട് കണ്ടു] കാട്ടു കണ്ടു)
എന്നീ സന്ധികൾ തുല്യമാണെന്നിരിയ്ക്കിലും, ഇരിയ്ക്കു് നില്ക്കു് ഇ
ത്യാദികളായ ഈ പ്രത്യയലോപഘട്ടങ്ങളിൽ സംവൃതാകാരം വി
വൃതാകാരമാക്കി ഉച്ചരിച്ചാൽ ഇരിയ്ക്കു, നില്ക്കു ഇത്യാദി രൂപം കിട്ടു
മെങ്കിലും, അതിനായിട്ടൊരു പ്രത്യേക പ്രത്യയവിധി ആവശ്യമി
ല്ലെന്നും ഉള്ള ഒരു നല്ല ലാഘവം സംവൃതാകാരപക്ഷത്തിൽ പ്രത്യ
ക്ഷമായിക്കണ്ടെന്നുണ്ട്.

എല്ലാംകൊണ്ടും നോക്കുമ്പോൾ തമിഴഭാഷയിൽ സംവൃതാ
കാരവും മലയാളഭാഷയിൽ സാവൃതാകാരവും എന്നു ഭാഗിച്ചുവെ
യ്ക്കുകയാണ് ഉത്തമപക്ഷം എന്നാണ് ഞങ്ങളുടെ അടിപ്രായം.

ഒരു ചരിത്രകഥ

ഫ വെട്ടത്തുനാട്ടരചരിൽചരമൻമറയ്ക്കു
ചട്ടപ്പടിയ്ക്കുവനികാത്തരുളുന്നകാലം
ചട്ടറൊരാനുപഗ്രഹത്തിനകത്തുയോഗ്യർ
നട്ടന്തിരിഞ്ഞകളവൊന്നുനടന്നുമുന്നം

൨. കെട്ടിന്നകത്തരിയപൂട്ടറയിങ്കലുള്ള
പെട്ടിയ്ക്കകത്തുടയരത്നവിഭൂഷണങ്ങൾ
തട്ടിച്ചുകള്ളനൊരുവൻനിശയിൽ,തുറന്ന
മട്ടിൽകിടന്നിതുപുലർന്നളവാപ്രദേശം

൩. ആവർത്തമാന്തമുടനെന്റുപന്തംന്റുപനെറ
സേവയ്ക്കുചേരുമൊരുമന്ത്രികളുംശ്രുവിച്ചു
ഭോവംപകർന്നവിടെവന്നഥതസ്കരന്മാർ
കൈവച്ചതിന്നവയിലെന്നുദ്ധപ്പെട്ടുതീ

൪ കാരോരുസേവകർപറഞ്ഞുതുടങ്ങിപിന്നെ
യോരോതരംകളവുടൻതെളിയേണ്ടമാർഗ്ഗം
ആരോകരുംകളിവിടെയിന്നലെവന്നപാന്ഥ
ന്മാരോടടുത്തുപരിശോധനചെയ്തുകൊന്നാൻ

൫ കാലത്തുണർന്നുനിയമങ്ങൾകഴിച്ചുനേരത്തു
കാലത്തുവേണ്ടവഴിപോംവഴിപോക്കരേയും
ചാലെത്തടഞ്ഞുതിരിയേബതകൊണ്ടുവന്നു
പോലെത്രയോഝടിതിപാടുപെടുംടേന്മാർ

൬ പെട്ടന്നുഴന്നവഴിപോക്കരെയാരുഭോണ്ഡ
ക്കെട്ടന്നുഴിച്ചുടനെനോക്കിവിടുന്നനേരം
നോട്ടത്തിലത്ഭുതവിശങ്കതകുന്നതാക്കോൽ
കൂട്ടംകിടച്ചിതൊരുഭൂസുരവയ്ക്കുഭോണ്ഡേ

൭ മിണ്ടാതെശാന്തനിലപൂണ്ടിഹതാടിനീട്ടി
ക്കണ്ടാൽമഹർഷിവടിവാണ്ടെഴുമാദിജന്റെ
മുണ്ടായഭോണ്ഡമതിലീവുകസംധനങ്ങ
ളുണ്ടായതെന്തുമറിമായമിതാരറിഞ്ഞു?

൮ താക്കോലെടുത്തറയിലപ്പുലപൂട്ടുമായി
ലാക്കോടിണക്കിയതിലുംചുഴിയേണ്ടിവന്നു
ആക്കോട്ടമററമലയാളമഹീസുരേന്ദ്ര
നീക്കോപ്പുമുള്ളകഥയാരുനിനച്ചിരുന്നു?

൯ നീതിയ്ക്കുഭൂസുരനെയേറെവിളിച്ചുവീണ്ടും
ചോതിച്ചുതികലിതുഞ്ഞനറിയാത്തതോന്നേ
ഓതിയ്ക്കുനോത്തുവിധമോതുവതുള്ളുവാക്യം
രീതിയ്ക്കുമാറിടുകിലുംപദമെന്നുതന്നെ

൫൦ നമ്പൂരിയെത്തടവിൽവെച്ചുഥസാന്തപവാക്കും
വമ്പുന്നിടുന്നപലഭീഷണിയുംതുടങ്ങി
മുമ്പോതിയോരുമൊഴിതാൻദ്വിജനോതുമീമ
ട്ടമ്പോകഴിഞ്ഞുബഹുകഷ്ടമൊരാവമാസം

൫൧ ആത്തവ്യമൂത്തമനഭട്ടതിരിപ്രസിദ്ധ
സ്മാത്തൻവിദഗ്ദ്ധമതിദോഷവിചാരദക്ഷൻ
പൃത്ഥീശപരന്റെനിലയേവഴിപോക്കനായി
ട്ടെത്തീനൃപൻകളവുമാക്കഥയുംകഥിച്ചു

൫൨ കേയ്പെട്ടിയിൽപ്പലവിശേഷവിഭൂഷണങ്ങ
ളുൾപ്പെട്ടിരിയ്ക്കുമതുപോയതുപോയിപോട്ടെ
നൽപ്പൊൻപിടിക്കുനവരത്നമണിഞ്ഞവാളും
പൊയ്പ്പോയതാണുകഠിനവ്യസനപ്രമാനം

൫൩ എന്നേകടപ്പമതുനംവഴിപോക്കനായി
വന്നോരിയാരുധരണീവിബുധന്റെപേരിൽ
ഇന്നേവരയ്ക്കുദ്ധമതെയാരുശങ്കയേവാ
മെന്നേറെയുംവ്യഥയൊടാക്ഷിതിനാഥനോതി

൫൪ സ്മാത്തൻപറഞ്ഞുകേതെളിവിന്നിവനംശ്രമിയ്ക്കാ
മാത്തക്കുനിത്യമവലംബനമാംമഹാത്മൻ
ആത്തസ്മരദ്വിജനുമൊത്തുമുഹൂർത്തശ്രുദ്ധ
വാത്തയ്ക്കിനിയ്ക്കവസരംതരികെന്നിവണ്ണം

൫൫ ഉള്ളിഷ്ടമംസ്നാനമയിച്ചുതിരിച്ചുകള്ള
പ്പുള്ളിയ്ക്കുടുത്തുടവെവിട്ടൊരുഭട്ടവയ്ൻ
ഉള്ളിൽക്കടന്നളവുകണ്ടുഹന്തസാക്ഷാൽ
പള്ളിപ്പുറസ്സുവിബുധൻഡ്യനെയായിരുന്നു

൯൩ പട്ടേരിയേപ്പരമകഷ്ടത്തപെട്ടൊരാദ്യ
നൊട്ടറെയശ്രുപൊഴിയുംമിഴിയാലെനോക്കി
ആട്ടേവൻവ്യസനിയായ്ത്തനിവൃത്തിമാർഗ്ഗം
കാട്ടേണ്ടതേരമിവനൊന്നുപറഞ്ഞുട്ടേൻ

൯൪ സംതോഷണംചിലതുചേയ്യുവിടുന്നുപോന്നു
വൻപാന്റേറ്റമറിവിച്ചിതുതമ്പുരാനെ
നമ്പൂരിപെട്ടകളവുംതെളിയാതെപോകി
ല്ലന്വോജനപ്രകൃതികണ്ടറിവാൻപ്രയാസം

൯൫ കട്ടെന്നുള്ളതതിസൂക്ഷ്മവിചാരമെല്ലാം
പെട്ടന്നുവേണ്ടവഴിയെയിനിന്നാളെയാവാം
പട്ടേരിയിങ്ങിനെപറഞ്ഞളവൽഭൃത്യപ്പെ
ട്ടോട്ടറെമന്നവനുമാളകളുംതെളിഞ്ഞു

൯൬ പിറ്റെദ്ദിനംതടവുപുള്ളിയെയുംവിളിച്ചു
മറ്റേദ്വിജൻപകലെരാജസമീപമെത്തി
മുറ്റുംജനങ്ങളുകാണ്കതിനൊത്തുകൂടി
ച്ചുറ്റുംതിരക്കിയതുമാനുഷജാതിധർമ്മം

൯൭ കേൾക്കെൻനരേന്ദ്രകളവിദ്വിജന്റേവകൂട്ടർ,
കൂക്കംവലിയ്ക്കുമിടയായിടമദ്ധ്യരാവിൽ
ലാക്കോടുമെല്ലെയെഴുന്നേറ്റവകടന്നുകള്ള
ത്താക്കോലുകൊണ്ടറയുറന്നുനടത്തികൃത്യം

൯൮ നാട്ടാരുകേൾക്കരുതുകോവിലകത്തുകാര
കേട്ടാലുമത്രകുറവില്ലിനിവാക്യശേഷം
പട്ടേരിയിത്രയുമുരച്ചളവാളെമാറി
യിട്ടേയ്ക്കുവാൻസ്വപതികല്പനയായിവേഗം

൯൯ നാട്ടിൽപ്പെരുത്തുജനബോദ്ധ്യമതിന്നുതാടി
നീട്ടിത്തപസ്വിനിലപൂണ്ടൊരുപൂജ്യവീയും
പാട്ടിൽക്കവന്നുമുതൽതെക്കുപുറംപിലാവിൻ
ചോട്ടിൽക്കുഴിച്ചതിലശേഷമൊതുക്കിപോലും

൨൫ വാളന്നതന്നെയിവനേയുമൊടുക്കിവെപ്പാ
നാളല്ലയെന്നകരുതീട്ടുപിടിച്ചുടിച്ച
നീളംകുറഞ്ഞപിടിമാത്രമെടുത്തുടിഘ്ല
നാളംകളഞ്ഞിതുടനൊട്ടുപുരക്കിണറിൽ

൨൬ എന്നൊക്കെയാണുപറയുന്നതുസത്യമോണോ
യെന്തെന്നുനേരെനരനായക! ചൊല്ലുചോദ്യം
എന്നോതിട്ടതിധിഭൂപതിനേരുചൊല്ലു
കെന്നോതിയാൻ, തലകുനിച്ചിതുമൌഢ്യൻ

൨൭ ഇന്നന്തിയായ്മുതലെടുക്കുകനാളെയാക്കാ
മെന്നന്നുടേനരചെയ്യുപിരിഞ്ഞുയോഗം
പിന്നത്തെയാമംപുലരവേകുഴിമാന്തിനോക്കീ
സന്നത്തമുള്ളമുതൽകണ്ടുകുറച്ചുമാത്രം

൨൮ പിന്നെക്കിണറിലുമൊരാളെയിറക്കിനോക്കീ
ചിന്നതപമാന്നൊരസികിട്ടിയെടുത്തുടൻ
മന്നൻനേരനേക്കുതിരിച്ചുപിടിച്ചൊരുഗ്ര
ഭിന്നസപരത്തിചിതുനോക്കുകയെന്നരചൻ

൨൯ ആപാദചൂഡമുടലൊന്നുവിയത്തുഹന്ത
ഭൂപാലനുംകിടുകിടന്നുവിറച്ചുപായീ
ഹാ!പാശ്ചവത്തികളെയാകവെയൊന്നുനോക്കി
കോപാവിലാക്ഷരമൊരാളെവിളിച്ചുവിപ്രൻ

൩൦ വെള്ളക്കറുപ്പിതുതുരുമ്പുതരിമ്പുമില്ല
വെള്ളത്തിലിന്നലെയൊടിച്ചിതെറിഞ്ഞതല്ലേ?
കള്ളത്തമാരുമറിയാതെവരില്ലഞാമീ
ക്കള്ളൻറെമമ്മാ—മിതിടേനരചുരുക്ഷം

൩൧ ചിത്തംപിടച്ചടനോടൊരുചോദ്യമൂലം
വൃത്തംസമസ്തവുമറിഞ്ഞുതെളിഞ്ഞുചൌര്യം
സത്യസ്ഥനാംദ്വിജമഹർഷിയെവിട്ടുതൻദുഷ്
കൃത്യത്തെയോർത്തുനൃപനേറവുമുൾഭ്രമിച്ചു

നാം ഉള്ളിൽപ്പെരുത്തപരിതാപമൊടിയധർമ്മം
ചൊല്ലിക്കിടീശചരനകമ്പവുമായ്കലാശം
പ്പള്ളിപ്പറസ്സുധരണീസുരനന്നതൊട്ടു
ചെല്ലില്ലവെട്ടമതിലെന്നൊരുസന്ദ്രദായം

ഭാഷാമിശ്രം

കൊട്ടത്തെങ്ങാഭിരപ്പൈരവിൽവിതറിയതെ
ന്നന്മലർഭിപ്പഴാഡ്യ്യ
രെട്ടൊൻപ്പൈപകപചക്കാമുറിഭിരപിപൈനു
ന്തിതനായ്പ്രാതല്യന്നപാ
കുട്ടിക്കുമ്പാംതുളനപ്യൻതെളിവിനൊട്ടയദാ
വിഷ്ണമുണ്ടാംപ്യതേക
ണ്ണിട്ടപാപ്പോൾക്കാക്കായിതപാതരതുമമമഹാ
മാനമെന്നാനമോന്തഃ

തുമ്പപ്പൂവൈഗ്ഗ്രളന്തംസുരപുരപുഴയാ
ഭേഷയാസപാംതലാമ
പ്യമ്പ്ര്യാതമ്പ്യാതലോടിംമുട്ടചുടലഭവൈ
ശ്രുമ്പലൈശ്രുമ്പദേഹം
തുമ്പിക്കയ്യെസ്യജന്തോഃപൃഥുതരതൊലിയം
പച്ചയാകൊച്ചരാംചേ
ത്തുമ്പോർഭിസ്സയമനഃപശ്രുപതിതരതാ
നമംഗളംനിങ്ങളേഭ്യഃ

എസ്. നാരായണൻ നമ്പൂരി

ഒരു ദുർമ്മരണം

ഇതിനുമുമ്പ് നിങ്ങളെ ഞാൻ വിസ്മരിച്ചപ്പോൾ നിങ്ങൾ വേണ്ടപോലെ സമാധാനമൊന്നും പറഞ്ഞിട്ടില്ല. ഒരിക്കൽകൂടി നിങ്ങളെ വിസ്മരിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ഈ അവസരം വെ

വതേകളഞ്ഞാൽ മറ്റവൻ പോകുന്നകാര്യം നിങ്ങൾക്കുതന്നെ അറിയാവുന്നതാണ്. അതുകൊണ്ട് മാനത്തിനും മര്യാദക്കും മോഹമുണ്ടെങ്കിൽ സകലതും സത്യംപോലെ വിട്ടുവീഴ്ച കൂടാതെ പറയുന്നതാണ് നല്ലത്'' എന്ന് ആപ്പീസ്സു മേശയോടടുപ്പിച്ച് ചെരിച്ചിട്ടിരിക്കുന്ന കസാലയിൽ മൂന്നു വിരൽകൊണ്ട് മാത്രം പിടിച്ചിരിക്കുന്ന പെൻസലിനെ മുമ്പിൽ നില്ക്കുന്ന കായ്മസ്ഥന്റെ മുഖത്തേക്കു ലക്ഷ്യമാക്കിക്കൊണ്ട് ഇൻസ്പെക്ടർ ഗൌരവമായി കല്പിച്ചു. കായ്മസ്ഥൻ ഒരക്ഷരംപോലും ശബ്ദിച്ചില്ല.

''പൂളിങ്ങോട്ട് കിട്ടുണ്ണിമേനവന്റെ എടവാടുകളെല്ലാം നിങ്ങൾ ഒളുക്കിയിരിക്കുന്നത് എന്തിനായിട്ടാണ്?'' എന്ന് ഇൻസ്പെക്ടർ വിസ്താരം ആരംഭിച്ചു.

''എജമാനൻ പറഞ്ഞിട്ടാണ്'' എന്നായിരുന്നു കായ്മസ്ഥന്റെ സമാധാനം.

''ചോദിച്ചതിന് സമാധാനം പറഞ്ഞാൽ മതി. എന്തിനാണെന്ന് ചോദിച്ചോ! ഇപ്പോ പറഞ്ഞപ്പോൾ ഇൻസ്പെക്ടരുടെ പെൻസലിന് കായ്മസ്ഥന്റെ മൂക്ക് ഒരിക്കൽകൂടി ലാക്കായിത്തീർന്നു.

''എജമാനന്റെ വിശ്വാസം ദീനം വൈഷമ്മിക്കുമെന്നായിരുന്നു. അതിനുമുമ്പ് സകല കായ്മവും ഒളുക്കണമെന്ന് എജമാനൻ സിദ്ധാന്തിച്ചിട്ടാണ്.''

''അപ്പോത്തിക്കരി ദീനം വൈഷമ്മിക്കുമെന്ന വിചാരിച്ചിരുന്നില്ലെന്ന് എന്നോടു പറഞ്ഞുവല്ലൊ. ആട്ടെ അതിരിക്കട്ടെ. ആരെല്ലാമവരുടേയും എടവാട് തീർക്കുവാൻ ഉത്സാഹിച്ചു?'' എന്ന ചോദ്യത്തിനു മറുപടി പറഞ്ഞ കൂട്ടത്തിൽ ചേരിപറമ്പുകാരുടെ കായ്മം കായ്മസ്ഥൻ വിട്ടുകളഞ്ഞു.

''കേഴിഞ്ഞോ, എല്ലാം ആയോ! ഒന്നുകൂടി ആലോചിച്ചു നോക്കൂ''.

''എടവാട് തീർത്തിട്ടുള്ളവരുടെ പേരൊക്കെയായി'' എന്നായിരുന്ന കായ്മസ്ഥൻ ഒന്നു നോക്കി പറഞ്ഞ മറുപടി.

''പിരിച്ചെടുത്ത പണമൊക്കെ നിങ്ങൾ എന്തുചെയ്തു?''

''എജമാനൻ പറഞ്ഞപോലെയൊക്കെ ചെയ്തു''

''ങ്ഹാ ഹ്ം! നിങ്ങളും നിങ്ങൾക്ക് വേണ്ടീട്ടുള്ളവരും വേണ്ടുവോളം അനുഭവിച്ചു കൊള്ളുവാനായിരിക്കാം എജമാനൻ പറഞ്ഞത് അല്ലേ! ആട്ടെ അതും ഇരിക്കട്ടെ. കിട്ടുണ്ണിമേനോൻ മരി

ച്ച ദിവസം നിങ്ങളുടെ ശിഷ്യനെ എന്തിനാണ് പുളിങ്ങോട്ടേക്ക് അയച്ചത്?'

'എജമാനന് ഒരു എഴുത്തു കൊടുക്കാൻ'

'എന്നാൽ എന്തിനാണ് അയാൾ അവിടെ കിടന്നത്?'

കുഞ്ഞിരാമൻ നായരുടെ സഹായത്തിനു് അവിടെ താമസിപ്പിക്കുകയാണ് ചെയ്തത്. ഇനിക്ക് അവിടെ പാക്കുവാൻ കഴിഞ്ഞില്ല'

'എന്നാൽ പിന്നെ എന്തുകൊണ്ടാണ് അയാൾ ആ രാത്രി തന്നെ പുറത്തേയ്ക്ക് പോയത്?'

'ആവോ പോയവിത്തമാനം തന്നെ ഞാനറിഞ്ഞില്ല' എന്നത് കെട്ട ഇൻസ്പെക്ടർ കണ്ണുരുട്ടി മിഴിച്ച് പെൻസിൽ താഴത്തു വെച്ച് രണ്ടുകയ്യും കൂപ്പായകീശയിൽ തിരുകി.

'അറിഞ്ഞില്ലെന്നല്ലെ! ങ! നിങ്ങളുടെ ഒറവുകാരൻശിഷ്യൻ ചെയ്ത ക്രൂരകൃത്യത്തിന്റെ വില വിശക്കുന്ന സമയത്ത് തന്റെടം വിട്ടിരിക്കാം. ഈ കയ്യക്ഷരം ആരുടേയാണെന്ന് രൂപമുണ്ടോ?' എന്ന് ചോദിച്ചുകൊണ്ട് കസാലയിന്മേൽ നിന്നെഴുന്നേറ്റ് ഒരു നീണ്ട ലെക്കോട്ടെടുത്ത് കാണിച്ചു കൊടുത്തു.

'ഈ കയ്യെഴുത്ത് എന്റെയാണ്. സംശയമില്ല'

'ഇതിന്റെ ഉള്ളിലുള്ളതും നിങ്ങളുടേതുതന്നെ ആയിരിക്കണമല്ലൊ' എന്ന് പറഞ്ഞ് കുറെ വെളുത്ത പൊടി ലക്കോട്ടിന്റെ ഉള്ളിൽ നിന്നെടുത്ത് ഒരു ചെറിയ കടലാസ്സു തുണ്ടിൽ എടുത്ത് കാണിച്ചുകൊടുത്തു. കായ്സ്ഥൻ മിഴിച്ചുപോയി.

'വിശ്വാസവഞ്ചനത്തിനും കുലപാതകത്തിനും ഉള്ള മരുന്ന് തരക്കേടില്ല വൈദ്യന്റെ അവകാശവും പറഞ്ഞുവല്ലൊ. ഇനി കൂട്ടവൈദ്യന്മാര് ആരെല്ലാംവരുമാണെന്ന് കേൾക്കട്ടെ' എന്ന് പറഞ്ഞ് ഇൻസ്പെക്ടർ പൊടി ലക്കോട്ടിൽതന്നെ ഇട്ടു. കായ്സ്ഥൻ കോപാമയിൽ കൊണ്ട് നഖശിഖാന്തം വിയർത്തു പരവശനായിട്ട്,

'ലക്കോട്ടിൽ എജമാനന്റെ മരണപത്രമായിരുന്നു' എന്ന് തൊണ്ട വിറച്ചുകൊണ്ട് പറഞ്ഞത് വ്യക്തമായാഞ്ഞിട്ടൊ എന്തൊ

'അതെ മരണസൂത്രമാണെന്ന് മനസ്സിലായി' എന്നായി

ആന്ന ഇൻസ്പെക്ടർ വ്യാഖ്യാനിച്ചത്. ഇതിന്റെ ശേഷം കായ്സ്ഥന്റെ കൈപ്പിത്തെടുത്തിട്ടുള്ളത് വെടിപ്പാക്കുന്നതിനിടക്ക്,

"എന്തിനായിട്ടാണ് മിനിയാന്ന് കലത്ത് നിങ്ങൾ പരിവട്ടത്ത് പോയ്?" എന്നുകൂടി ചോദിച്ചു. ഈ ചോദ്യത്തിന്ന്,

"കുഞ്ഞിരാമൻനായരോട് കുസ്യത്തിന്റെ സംഗതി പറവാനാണ്" എന്ന സമാധാനം പറഞ്ഞതു കേട്ട് മുണ്ടുകടിച്ചു ചുറ്റുന്നോക്കിക്കൊണ്ട്.

"അത് ഞാൻ കുഞ്ഞിരാമൻനായരോട് ചോദിച്ച് അറിഞ്ഞോളാം ഇത് ഇപ്പോൾ വായിച്ചു നോക്കി ഒപ്പിട്ട" എന്ന് പറഞ്ഞ് കൈപ്പീത്ത് കാണിച്ചുകൊടുത്തു. കായ്സ്ഥൻ അതു വായിച്ചുനോക്കി.

"ലേക്കോട്ടിൽ വിഷമരുന്ന് അടക്കം ചെയ്യയച്ചുവെന്ന് ഞാൻ സമ്മതിച്ചിട്ടില്ല. എന്ന ശാഠ്യം പിടിച്ചുകൊണ്ട് പിന്നാക്കം മാറി.

"സമ്മതിച്ചുപോലും ഇല്ലപോലും നിങ്ങൾ പറഞ്ഞോടംകൊണ്ട തെളിവിന്റെ കായ്ത്തിന്ന സംശയമില്ല. ഒപ്പിടാൻ മനസ്സുണ്ടെങ്കിൽ ഒപ്പിട്ട" എന്ന കൈപ്പീത്ത് മേശയുടെ അറത്തേക്ക് മാറ്റിവെച്ച് പേനയും മഷിയിൽ മുക്കിവെച്ചുകൊടുത്തു.

"എജമാന്നെ ഇങ്ങിനെ കല്പിക്കരുതെ എജമാന്നെ മനസാ വാചാ അറിയാത്ത അപരാധം എന്റെ പേരിൽ ചുമത്തരുതെ എജമാന്നെ എന്നെ ചതിച്ചതാണ് എജമാന്നെ എജമാന്നെ എന്നെ രക്ഷിക്കണെ എജമാന്ന എന്ന സങ്കടപ്പെട്ട് കണ്ണുനീർ പൊഴിക്കുമ്പോൾ ഇൻസ്പെക്ടരുടെ എടത്തു കൈകൊണ്ട കായ്സ്ഥന്റെ ചെകിട്ടത്താന്ന മൂളിച്ച. രണ്ടാമതും കയ്യോങ്ങിയപ്പോൾ കായ്സ്ഥൻ വലത്തെ ചെകിട്ട താങ്ങിക്കൊണ്ട.

"അയ്യോ എജമാന്നെ എജമാന്നെ! എന്ന പറഞ്ഞ് നൃത്തം തുടുവാൻ തുടങ്ങി.

"കിട്ടുണ്ണിമേനവന്റെ ചികിത്സ നിങ്ങൾ കഴിച്ചില്ലെ. നിങ്ങളെ പിഴിഞ്ഞകുത്തും ധാരയും ഇവിടെക്കഴിപ്പിക്കാം" എന്ന പറഞ്ഞ ഇൻസ്പെക്ടർ പുറത്തേക്കിറങ്ങി.

"തൊണ്ണൂറഞ്ച് എവിടെ അകത്തുപോയി കായ്സ്ഥനെ കൊണ്ട കൈപ്പിത്തൊപ്പിടുവിക്കണം" എന്ന പറഞ്ഞ നിമിഷ

ത്തിൽ ഒരു കോൺസുബഠം ഇൻസ്പെക്ടരുടെ അഭിപ്രായം അറി ഞ്ഞിട്ടെന്നപോലെ കൈരണ്ടും തിരുമ്മിക്കൊണ്ട് അകത്തേക്ക് ക ടന്നു. ഇൻസ്പെക്ടർ സ്റ്റേഷൻ മുറ്റത്ത് ഒരു കസാലയിൽ ഇരു ന്ന് സുഖമനുഭവിക്കുവാനും തുടങ്ങി. അരമണിക്കൂറനേരത്തേക്കു സ്റ്റേഷൻ മുറിയിൽ ചില ചാട്ടവും ഓട്ടവും ആത്മസ്വരവും നട ന്നതിന്റെ ശേഷം ഒപ്പിട്ടുവെന്നു പറഞ്ഞ കോൺസുബഠം പുറ ത്തേക്കുവന്നു. അന്നത്തെ രാത്രിയിലെ കഥ ഇങ്ങിനെ അവസാ നിച്ചു. കായ്യസ്ഥൻ ബന്തോവസ്തുത്തിൽതന്നെ. തവണക്കാരൻ കോൺസുബഠംഒഴികെ ശേഷമുള്ളവർ അതാത് ഭിക്കിലേക്ക് പോ വുകയും ചെയ്തു.

പിറെറ ദിവസം പകൽ രണ്ടു മണിയാട്ടുകൂടി കുഞ്ഞിരാമൻ നായരെ പൊലീസ്സ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി. കിട്ടണ്ണി മേനവൻ മരിച്ചതിൽപിന്നെ കുഞ്ഞിരാമൻനായർ എളവല്ലൂക്ക് കടന്നിട്ടില്ല. ഇതാ ഇപ്പോൾ ആ കിട്ടണ്ണിമേനവന്റെ കുലപാ തകകേസ്സിൽ തന്നെ ഒരു കുറക്കാരനായിട്ടാണ് എളവല്ലൂർ സ്റ്റേഷനിലേക്ക് കടന്നത്. മേസ്തിരിമേനവനും പകരം പണിയോ ക്കുന്ന ഹെഡ്കോൺസ്റ്റബഠംക്ക് ഈ കേസ്സിന്റെ മുഖം നല്ല വണ്ണം കണ്ടറിവാൻ എടയാവാത്തതുകൊണ്ട് ഇന്നും ഇൻസ്പെ ക്ടർ തന്നെയാണ് വിസ്താരരംഗത്തിൽ പ്രവേശിച്ചത്. ഇന്നേ ദിവസം വിസ്താരത്തിനിടക്ക് ഇൻസ്പെക്ടർ കൈകൊം പിന്നിൽ കോത്തുപിടിച്ച് നിന്നതേയുള്ളു. നോട്ടകുറിക്കുവാൻ പുതിയ സ്റ്റേ ഷനാപ്പീസരായിരുന്നു.

കേരളക്ഷിതിരത്നമാല

ഈ സാധനങ്ങൾക്ക് അതാതു ദേശത്തപ്പോലെ വില നി യിശ്ചയിച്ച് ഉണ്ടാകുന്ന ധനം ജന്മിക്ക് കൊടുക്കേണ്ടുന്നതാകയാൽ അതിനു കരം എന്നു മുനികൾ പറയുന്നു.

കെദാരംശാലിഖീജാനാംപഞ്ചപ്രസ്ഥസ്യവാപനെ
വിസ്തൃതംതുണിസംജ്ഞംസ്യാത്തുണീനാംവിശതിഃകുല

ൻ

ഒ ഇടങ്ങഴി നെല്ല് വിതക്കത്തക്ക വിസ്തീർണമുള്ള കണ്ടത്തിന്

ത്രുണി എന്നും അ ത്രുണികയും ഛം കൂടിയതിനു കലാ എന്നും പേർ.

മാത്തണ്ണകിഷ്ടുവിസ്തീർണ്ണാകൃതികിഷ്ടപായതാമഹീ
പ്രസ്ഥദ്വയസ്യവപരമശാലിനാമുചിതാമതാ വ്യം

ന്യ (അശാരി) കോൽവിസ്താരവും ഛം കോൽനീളവും ഉള്ള ഭൂമി രണ്ടു ഇടങ്ങഴി നെല്ല് വിതയ്ക്കാൻ യോഗ്യയായിട്ടുള്ളതെന്ന സമ്മതം വന്നിരിക്കുന്നു.

ധാന്യികലാദ്വപതിവിംശതിദണ്ഡതാനാ-
കൃഷ്ടുംവിനിഷ്ടതിഥിസമ്മിതദണ്ഡദീഘ്നാ
താരെണദീഘ്നമപഹത്യഭൂവഃപ്രകൃഷ്യാ
ദ്വൈംവിനിഷ്ടുംയമശേഷധരാസുധീമാൻ വ്യ

ഛം ദണ്ഡവിസ്താരവും ഛ്രം ദണ്ഡദീഘ്നവും ഉള്ള ഭൂമി കലാ ആകുന്നു. എല്ലാ ഭൂമികളിലും ബുദ്ധിമാൻ വിസ്താരംകൊണ്ട് ദീഘ്നത്തെ പെരുക്കി ഇങ്ങിനെ നിഷ്ടയം ചെയ്യണം.

സാമാന്യഭൂഗതംബീജംസംഖ്യഭിസ്സായകാഭിഭിഃ
ചതുഷഷ്ട്യന്തിമൈർഭൂയാൽപ്രവൃദ്ധമിതിസമ്മതം വ്യ

സാമാന്യമായി ഭൂമിയിൽ വിതച്ച വിത്ത് ൪ മുതൽ ന്നര വരെ ഉള്ള സംഖ്യകൊണ്ട വർദ്ധിക്കും എന്ന് സകല സമ്മതം ആകുന്നു.

ദശാന്തിമെബീജവൃദ്ധൗദ്വിഷ്ടോബീജഃകരസ്മൃതഃ
ത്രിഷ്ടശദ്ദശ്യതെകപാപികെചിദ്ദൈവംജഗ്രബ്ധുഃ വ്യ

ഛം മെനിയോളം വിളവുണ്ടായാൽ അതിൽ രണ്ടു മെനികപ്പം കൊടുക്കണം. ചിലേടത്ത മൂന്നു മെനി കപ്പവും കാണുമെന്നു ചില വിദ്വാന്മാർ പറഞ്ഞിരിക്കുന്നു.

തസ്മാദ്വപരിവിംശാന്ത്യബിജവൃദ്ധൗചതുർഗുണം
ബീജംകരമിതിപ്രാഹുർദ്വപംസായകതാഡിരം വ്യ

ഛം-ൽ അധികം ൨൰ വരെ വിത്ത വർദ്ധിക്കുന്നു എങ്കിൽ അതിൽനിന്നു ര മെനിയെ ൪ മെനിയെ നെല്ല കരം എന്ന പറയുന്നു. സായകം=൪

ചതുരാരിംശാന്തിമെതസ്മാൽബീജവൃദ്ധൗശിവാഹതം
ബീജംകരംരവിഷ്ടംവാതിഥിഷ്ടമപിദൃശ്യതെ വ്യ

൨൰-ൽനിന്നു അധികം ര൰ വരെ ബീജവൃദ്ധിയുണ്ടെങ്കിൽ

ക്ഷ മേനിയൊ ക്ഷ മേനിയെം ക്ഷ മേനിയൊ കരം കുണപ്പെടുന്നു.

തസ്യാദുപരിസവ്യത്രുബീജകൃതിഹതകരഃ
അബ്ജേദ്വൌചത്രയശ്രാപിവാപാസ്സന്തിമഹീതലെ വ്യന്ന

ര-ൽനിന്ന മേൽപ്പെട്ട ബീജവ്യുല്പത്തിയുള്ളതിനു ഒക്കെയും വ ോഗം കരം പറയപ്പെട്ടിരിക്കുന്നു. ഓരോ കൊല്ലത്തിൽ രണ്ടു മൂന്നു പ്രാവശ്യം വിതക്കാവുണ്ടു.

പാദപേയൊചിതായംന്തുബുധൈഃപാദാധികഃകരഃ
പാദത്രയോചിതായാന്തുക്ഷിതാവദ്ധികഃകരഃ വ്യ

അരവാശി കരത്തിനു യോഗ്യതയുള്ളതിനു കാലിൽ അധികം കരവും മുക്കാൽ കരത്തിനു യോഗ്യതയുള്ളതിനു അരയിലധികം കരവും ബുധന്മാർ നിർണ്ണയിക്കുന്നു.

ജലസ്യനാതിരിക്തതപശുപക്ഷിമൃഗാസ്തഥാം
ബാധാംരക്ഷണയത്നഞ്ചജ്ഞാത്വാശാലികരോന്മിതിഃ വ്യവ

വെള്ളം ഇല്ലായ്മയേയും ആധിക്യത്തേയും പശുക്കൾ പക്ഷികൾ മൃഗങ്ങൾ ഇവയുടെ ഉപദ്രവത്തേയും രക്ഷണപ്രയത്നത്തേയും ആലോചിച്ചു വെല്ലിന്റെ കരനിർണ്ണയം ചെയ്യണം.

പൂവ്വൈരാഷ്ട്രിതംദദ്യാൻകരംശാല്യന്നഭൂഭുജെ
നിത്യംസാധാരണിഃശ്രേഷ്ഠംസന്പൂർണ്ണകരസഞ്ചയാ വ്യൻ

മെൽകൃഷിചെയ്യുന്ന ഭൂമിക്കധിപരിക്കു പൂവ്വികന്മാരാൽ അനുഷ്ഠിക്കപ്പെട്ട കൂപ്പം കൊടുക്കണം. എല്ലായ്പോഴും പൂർണ്ണമായ കൂപ്പം ഉള്ളതിന് ശ്രേഷ്ഠം എന്നും സാധാരണി എന്നും പേർ.

ബീജവൃദ്ധിംഗ്രഹണൈരൈവസ്സംഫലയെത്സുധിഃ
ഗ്രഹണാധരാപരിചയാന്മെധയാവചനൈർഗ്രഹൈഃ ൻം

ഭൂമിയുടെ ഗുണംകൊണ്ടുതന്നെ ബീജവൃദ്ധിയെ ഫലിപ്പിക്കണം. ആ ഗുണത്തെ ഭൂമിയുടെ പരിചയംകൊണ്ടും ബുദ്ധികൊണ്ടും ഗുരുവാക്യം കൊണ്ടും ഉണ്ടാക്കണം.

സാമാന്യഃതാധികവിശിഷ്ടധരാസുബീജാ
സ്സാപ്തൃശീതിനവതിപ്രമുഖൈഃപ്രവൃദ്ധഃ
സംഖ്യാഗണൈശ്ശതകഷഷ്ഠകമിതൈസ്തുതസ്തു
പൃതഥിപതേരഭിമതംകരമാമനന്തി ൻം

വ *

സാമാന്യത്തിൽ അധികം ശ്ലാഘ്യമായ ഭൂമികളിൽ ൦, ൧, ൨, ൩, ൪ മുതലായ സംഖ്യകൾകൊണ്ട് വർദ്ധിച്ച ബീജങ്ങൾ ഉണ്ടാകുന്നു. അവിടെ ആ ഭൂപതിക്ക് അഭിമതമായ കരം നിർണ്ണയിക്കണം.

ന്യായാന്തരാനനുഗതാംശ്ചജ്ഞാത്വാദേശോചിതംകരം
നിശ്ചിത്യഭൂമേരാരംഭംകുര്യാൽക്ഷേത്രാധിനായകഃ ൯൨

ഇവിടെ പറയാതെകണ്ടുള്ളതും ആയ ചില ന്യായങ്ങളെ ആലോചിച്ച് ദേശോചിതമായ കരനിർണ്ണയം ചെയ്തു ജന്മി ഭൂമി നാരംഭം (Lease) ചെയ്യണം.

കെദാരാരാമവിക്ഷാസുകൃഷ്ടകസ്യതുയദ്ധനം
ബ്രഹ്മസ്വപാലക്ഷിതിശസ്യാജ്ഞാംകോശധനോപമം ൯൩

നിലം, തോട്ടം, നോക്കുന്നതിൽ കൃഷ്ടകനുള്ള ധനം ആ ഭൂപതിയുടെ ബ്രഹ്മസ്വത്തിനും രാജാവിന്റെ ഭണ്ഡാരത്തിനും തുല്യം ആകുന്നു.

ഭൂമെരാദ്യാവകാശസ്യലബ്ധ്യർത്ഥംഖലുയദ്ധനം
ദീയതെക്ഷേത്രനാഥേയസ്തൽകാണംപരികീർത്തിതൽ ൯൪

ഭൂമിയുടെ ആദ്യാവകാശത്തിന്നവേണ്ടി ആ ക്ഷേത്രനാഥന് കൊടുക്കുന്ന ധനത്തെ കാണം എന്ന് സജ്ജനങ്ങൾ പറയുന്നു.

കാണസ്യൈവഭോഗോയസ്സഭോഗസ്സർവ്വസമ്മതഃ
വത്സരെവാഹരിൽഭോഗശ്ശതാംശോമാസിവാഭവേൽ ൯൫

ഏവഭോഗം വത്സരത്തിൽ കാണത്തിന്റെ ൧൦൦ൽ ഒന്നോ മാസത്തിൽ ൧൦൦-ൽ ഒന്നോ ആണെന്ന സർവ്വസമ്മതമായി ഭവിക്കുന്നു.

കാണെവിഭക്തെഭുജഗൽപ്രദിശി
സ്യുഃശകംവത്സരഭോഗമാഢ്യേ
വേദാംശകംവാനയനാംശകംവാ
സന്തസ്സുധാരശ്ചിമിതാംശകംവാ ൯൬

ഏതം അംശമായി വിഭാഗിക്കപ്പെട്ട കാണത്തിൽ ൧ അംശമോ, ൪ അംശമോ, ൨ അംശമോ ൫ അംശമോ ഒരു വത്സര ഭോഗമെന്നു പറയുന്നു.

ഭുജഗം= വൃശ്ചികം =൮൦

മാസൈദ്ധാദേഭിസ്സൌരൈർഭ്ഭകായ്യേഷ്വഖിലേഷ്വപി
സംവത്സരസുത്രകരഏകോഭോഗഃകരംപ്രതി ൽ൭

സമസ്ത ഭൂമി കായ്ങ്ങളിലും ഫല സൌരമാസങ്ങൾ കൂടിയ് ഒരു കൊല്ലം. ആകെകൊല്ലത്തിൽ തന്നെ കരവും കരത്തിന്റെ കായ്ത്തിൽ കൊല്ലത്തിൽ ഒരു ഭോഗമേള്ളൂ.

പലവക

ക

മനസ്സാക്ഷി

സ്വാർത്ഥപരമായ ആലോചനയെ ഫലേച്ഛയേ കൂടാതെ നല്ലതെന്നും നല്ലതുതന്നെ എന്നുള്ള പൂർണ്ണവിശ്വാസത്തോടുകൂടി സൽപ്രവൃത്തി ചെയ്യുവാനുള്ള ഉദ്ഭവിവേശമാണല്ലോ പരമോൽകൃഷ്ടമായ ജ്ഞാനത്തിന്റെ ഫലം. അവരവരുടെ ജ്ഞാനം ഏതേതുൽകർഷാവസ്ഥയിലെത്തിയിരിക്കുന്നുവൊ അതിന്റെ താരതമ്യം പോലെ ഇന്നതു ചെയ്യണം ഇന്നതു ചെയ്യരുത് എന്ന ബോധം എല്ലാവരുടേയും മനസ്സിൽ സംശയിക്കാതെ ജനിയ്ക്കുന്നുണ്ട്. എന്നാൽ ഈ ഒരു ബോധം മനസ്സിലെങ്ങിനെ കടന്നുകൂടുന്നു എന്നുള്ള ആലോചന നമ്മുടെ നടപടിയെ സംബന്ധിച്ചേടത്തോളം നോക്കുകയാണെങ്കിൽ ഒരുവിധം നിസ്സാരമാണ്. പ്രാചീന മതപ്രകാരം സച്ചിദാനന്ദസ്വരൂപനായിരിയ്ക്കുന്ന ഈശ്വരങ്കൽനിന്നു നേരിട്ടു കിട്ടുന്ന കല്പനയോ, അതോ നവീനശാസ്ത്രസിദ്ധാന്തപ്രകാരം നിരന്തരമായ ജീവിതമത്സരത്തിൽ ഇഷ്ടാനിഷ്ടങ്ങളും സുഖദുഃഖങ്ങളും അനുഭവിച്ചറിഞ്ഞിട്ടുള്ള കാരോരോ പ്രാണികളിൽനിന്ന് പ്രത്യേകം പ്രത്യേകവും സമുദായങ്ങളിൽനിന്നും പരമ്പരയായി സഞ്ചിച്ചിട്ടുള്ള വാസനാസഞ്ചയമോ എന്തുതന്നെയായാലും മേൽപ്പറയപ്പെട്ട ഗുണദോഷവിവേകജ്ഞാനം സകല ജീവികളുടേയും അന്തഃകരണത്തിൽ ദൃഢമായി വേരുറച്ചിരിയ്ക്കുന്നുവെന്നാത് നിശ്ചയംതന്നെ. ഇതുതന്നെയാണ് മനസ്സാക്ഷി എന്നു പറയപ്പെടുന്നത്. ഈ മനസ്സാക്ഷി ഘടദീപം

പോലെയല്ല. നിർമ്മലമായ സ്ഫടികത്തിൽവെച്ച വെള്ളംപോ
ലെയാണ്. അതു കാണുവാനല്ല ബുദ്ധിമുട്ട്, അതിനെ അറി
യുന്നവരെ കണ്ടുകിട്ടുവാനാണ്.

൨

മായ

വൃക്ഷം മൊട്ടിടുന്നു; ആ മൊട്ടതന്നെ പൂവാവുന്നു. പൂവുത
ന്നെ ഫലമാവുന്നു. ഫലം പഴുത്തു വീണു ചീഞ്ഞുപോകുന്നു. ഗ
ർഭപാത്രത്തിൽ കടന്നകൂടിയ ശുക്ലശോണിതങ്ങൾ മാംസമാവുന്നു. മാം
സം കൂട്ടിയാവുന്നു. കുട്ടിക്കു പ്രായം തികഞ്ഞ് അറിവു പൂർണ്ണമാകു
മ്പോൾ ചത്തും പോകുന്നു. ഇതുകൊണ്ടെന്താണാലോചിക്കേണ്ട
ത്? സകലത്തിന്നും പരിപൂർത്തി വന്നാൽ നാശം എന്നല്ലെ? ശ
രി, അങ്ങിനെതന്നെ. പക്ഷെ ചീഞ്ഞ ഫലത്തിൽനിന്നാണ് മൊ
ള പൊട്ടിപ്പൊടിക്കുന്നത്. ഒരു ജീവി ചാവുന്നത് പത്തു ജീവി
യെ ജനിപ്പിച്ചിട്ടാണ്. അതുകൊണ്ട് ആദിയിലുള്ളവയ്ക്ക് അ വ
സാനം കാണുവാനും അവസാനത്തിലെത്തിയാൽ ആദി കാണു
വാനും നിരന്തരമായ ആശാവേശമാണ് ലോകസ്വഭാവം. ഇതാ
ണ് മായ.

൩

കാളിമലോപമ

൧ വികൃതിക്കുട്ടികളും നെല്ലും വ്യത്യാസമില്ല.
ഇതെങ്ങിനെ? ചവിട്ടും കുത്തും കഴിഞ്ഞാൽ പാകമായി.

൨ ആനക്കുട്ടിയും ആശാരിച്ചെക്കനും ഒരുപോലേ.
ഇതെങ്ങിനെ? മരത്തടിയോടണച്ചു നിറുത്തിപ്പണിയെടുപ്പിച്ച
മേലാലയ്ക്കു നന്നാവുന്നു.

ഭാഷാവിക്രമോർവ്വശീയം

1905-oമത വർഷത്തെ എഫ്. എ. പരീക്ഷക്ക് സംസ്കൃതപാഠശാലയിൽനിന്നു തിരഞ്ഞെടുത്തിട്ടുള്ളതും കൊട്ടങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ട് തർജ്ജമചെയ്യിട്ടുള്ളതുമായ വിക്രമോർവ്വശീയം ഭാഷാനാടകത്തിന്റെ പുതിയ പതിപ്പ് സംസ്കൃതപണ്ഡിതൻ രാമപ്പിഷാരോടി അവർകളുടെ ടിപ്പണിയോടുകൂടി അച്ചടിച്ച് തയ്യാറായിരിക്കുന്നു. പുസ്തകത്തിന്റെ വില പ്രതിക്കു തപാൽകൂലി അടക്കം 14 അണ. രസികരഞ്ജിനി ആപ്പീസിലേക്ക് മുൻകൂറായി അയച്ചാൽ പുസ്തകം കിട്ടുന്നതാണ്. നാഗരാക്ഷരത്തിൽ രാമവർമ്മ എന്ന രസികരഞ്ജിനി പത്രാധിപരുടെ മുദ്രയില്ലാത്ത ബുക്കുകൾ വ്യാജമാകുന്നു.

മേൽപറഞ്ഞ നാടകത്തെ കൊട്ടങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് പരിശോധിച്ച് അതിലുള്ള കഥാസംഗ്രഹം, ഗ്രന്ഥദോഷം, രീതി, രസം, ഇവകളെ ഭംഗിയായും സയുക്തികമായും എഴുതിച്ചേർത്തിട്ടുള്ള ഗ്രന്ഥം, ഈ മാസികയിൽ മാത്രം പ്രസിദ്ധം ചെയ്യുവാൻ അദ്ദേഹം അനുവദിച്ചിട്ടുള്ള പ്രകാരം തുടച്ചയായി പ്രസിദ്ധംചെയ്തു തുടങ്ങീട്ടുള്ളതു സാഹിത്യവിഷയത്തിൽ താല്പര്യമുള്ളവരും വിശേഷിച്ച് വിദ്യാർത്ഥികളും വാങ്ങിവായിക്കേണ്ടതാകുന്നു. മലയാളത്തിൽ ഇങ്ങിനെ ഒരു ഗ്രന്ഥം ഇതിനുമുമ്പ് ഉണ്ടായിട്ടില്ലെന്നു ഞങ്ങൾ ധൈര്യത്തോടുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. രണ്ടിനി കുറച്ചു പ്രതിമാത്രമേ വിൽക്കുന്നുള്ളൂ. അതുകൊണ്ട് ആവശ്യമുള്ളവർ ഉടനെ വാങ്ങിയില്ലെങ്കിൽപിന്നെ ഇച്ചാഭംഗത്തിന്ന് ഇടയാവുന്നതാണ്. ര. ര. മാനേജർ.

രസികരഞ്ജിനി ആപ്പീസിൽ വില്പാൻ തയ്യാർ.

സംക്രാന്തി	കെ. രാമകൃഷ്ണപിള്ള. ...	...0 2 0
വെണ്മണി	ഹൈസ്കൂൾനമ്പൂരിപ്പാട്ടിലെ ജീവചരിതവും, കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കൊറത്തിപ്പാട്ടു	0 0
നാഗാനന്ദം (ഭാഷാനാടകം) പറയാൻ		0

തപാൽകൂലി പുറമേ. മേൽപറഞ്ഞ പുസ്തകങ്ങൾ രസികരഞ്ജിനി മാനേജരോട് ആവശ്യപ്പെടുക.

കവനോദയം

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട്, തുള്ളൽ, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകകൃതികളും ഇതിൽ ചേർത്തു വരുന്നു. കൊല്ലത്തിൽ ന്യൂ പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോകുറി ന്നര ഭാഗങ്ങളിൽകൂടി ൻ കൃതികളിൽ കുറയാതെ ഉണ്ടായിരിക്കും. കൊല്ലത്തിൽ ര ഉറുപ്പിക വരി അടച്ചാൽ മതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാർത്ഥികൾക്കാണെങ്കിൽ മൻകൂറ് മന്നര ഉറുപ്പിക തന്നാൽ മതിയെന്ന് ഒരു പുതിയ നിശ്ചയംചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേകം പുസ്തകങ്ങളും ഇവിടെ വില്പാനുണ്ട്. ചിലതിന്റെ വിവരം താഴെ ചേർക്കുന്നു.

ജ്യോത്സികവിഷവൈദ്യം— ഈ പുസ്തകം കൈവശം ഉണ്ടായിരുന്നാൽ പാമ്പുകടിച്ച ഉടനെ വൈദ്യന്റെ അടുക്കെ ഓടേണ്ടി വരികയില്ല. വില ഫ൨ അണ.

സംവൃത്തമാലിക— മലയാളത്തിലുള്ള വൃത്തങ്ങളുടെ എല്ലാ സ്വഭാവങ്ങളും അറിവാൻ ഈ പുസ്തകം മാത്രമേയുള്ളു. വില ൨ണ

ജാനകീപരിണയം.—കൊട്ടാരത്തിൽ ശങ്കുണ്ണിഉണ്ടാക്കിയ ഒരു രസികനാടകമാണിത്. മന്നാടിയാരുടേതല്ല. വായിപ്പാൻ ബഹു രസമുണ്ട്. വില ൧-ക മാത്രം.

* ഹാസ്യലക്ഷണദീപിക—ഈ പുസ്തകം കൈവശമുണ്ടെങ്കിൽ കഥകളിയെ ഊമക്കളിയെന്നു പറവാൻ ഇടവരികയില്ല. വില ര൦ണ

* കുചശതകം— ഇതൊന്നു വായിച്ചുനോക്കുവിൻ. വില ൨ണ.

* ചക്കീചങ്കര നാടകം—ചിരിക്കാതെ ഇത് വായിപ്പാൻ പ്രയാസം. വില ന്നു ണ.

ഇവകൾക്ക് തപാൽകൂലി പുറമെ *ഈ അടയാളം വെച്ചവഴികെ ശേഷമെല്ലാം അമ്പടി അതിമനോഹരം കടലാസ്സ്എല്ലാം ഒരുപോലെ ബഹുവിശേഷം. താഴെകാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ എല്ലാപുസ്തകങ്ങളും വി. പി. ആയി അയച്ചുകൊടുക്കും.

കെ. കണ്ണൻനമ്പ്യാർ.
കവനോദയം മാനേജർ.
നാദാപുരം.

T. S. Subramania & Co.

കവിരാജനഃശ്രേന്ദ്രനാഥസെൻ എന്നവരുടെ

ആയുർവ്വേദ വൈദ്യശാല,

33, അമ്മേനിയൻ തെരുവ, മദ്രാശി.

Panchatikta Batika പഞ്ചതിക്ത ഗുളിക. മലമ്പനികൾക്കുള്ള ഒരു സിദ്ധൌഷധം. മുപ്പതു ഗുളികയുള്ള ഒരു പെട്ടിക്കു 1 ക. വളരെക്കാലം നിലനിന്നിട്ടുള്ള പനികളെ കളവാൻ ഈ ഗുളിക കൾ രാജാവാണ്. സ്ഥിരമായ ശാന്തിയുമുണ്ടാവും. മലമ്പനികൾ എല്ലാ ജാതികളും സ്ഥിരജ്വരങ്ങളും ചൂട കൂടുപ്പമായ ജ്വരവും, ചൂട കുറഞ്ഞ ജ്വരവും വയററിൽ പ്ലീഹ വീർത്തും കരൾ വീർത്തുമുള്ള ജ്വരം, കുരയോടുകൂടിയ ജ്വരം, നാലരവാടൻജ്വരം ഇത്യാദി നാനാ ജ്വരങ്ങളിലും പഞ്ചതിക്ത ഗുളികകൾ ഫലിക്കും. കാലജ്വരങ്ങളിലും മലമ്പനികളിലും ഈ ഗുളികകൾ ഉത്തമഫലിതമുള്ളവയാണ്. കൈപനാവു എന്നു പേർ പറയുന്ന ഇംഗ്ലീഷു മരുന്നിനു ജയിപ്പാൻ കഴിയാത്ത പനികളിലും കൈപനാ തോററ ഓടീട്ടുള്ള സ്ഥാനങ്ങളിലും പഞ്ചതിക്ത ഗുളികകൾ ഫലിക്കും. പനികളെ തല്ക്കാലം ശമിപ്പിക്കുമെന്നു മാത്രമല്ല ആ പനികൾ പിന്നീട മടങ്ങിവരാതിരിപ്പാൻ തക്കവണ്ണം വേരോടുകൂടി പനിയെ അറുത്തുകളയും. ഇതു ഒരു വിശേഷഗുണമാണ്.

Prameha Bindu പ്രമേഹവിന്ദു സകല അവിവേകജന്യ രോഗപ്രത്യൌഷധം. ഒരു കുപ്പി മരുന്നും ഒരു പെട്ടി ഗുളികയുംകൂടി 1 ക. 8 ണ ആശ്ചര്യകരമായ ഈ മജ്ജാബലവർദ്ധനരസം ഉഷ്ണിച്ച രക്തത്തിനും പോഷണസാമർത്ഥ്യം കുറഞ്ഞ ചോരക്കും മജ്ജാക്ഷീണത്തിനും അകത്തികൽ ഭവിക്കുന്ന ബലക്ഷയം മുതലായ മഹാസങ്കട വ്യാധികൾക്കും ഇതു ഉത്തമൌഷധംതന്നെ. ക്ഷീണിച്ച ദേഹത്തിനു മിടുക്കും ബലവും വരുത്തി തേഞ്ഞുമാഞ്ഞു മയങ്ങി മങ്ങിയ അംഗപ്രസാദത്തിനു രണ്ടാമതും ലാവണ്യവും പുഷ്ടിയും പരപ്പും വരുത്തുന്നതോടുകൂടി നാൾതോറും ക്ഷയിക്കുന്ന മനോല്ലാസത്തെ പുനരുജ്ജീവിപ്പിച്ചു നിരാശബാധിച്ചിട്ടുള്ള ജനങ്ങളെ ജീവനിൽ കൊതിയുള്ളവരാക്കി ഗൃഹസ്ഥധർമ്മങ്ങളിൽ സുഖവാസന

യുള്ളവരാക്കി ചെയ്യും. തലച്ചോറിന്നു ഉശിരും ജാഗ്രതയും വരുത്തി ബുദ്ധിക്കും ആലോചനാശക്തിക്കും ഓർമ്മശക്തിക്കും അനുമാനസാമർത്ഥ്യത്തിന്നും മുമ്പില്ലാത്ത ഒരു ചൈതന്യത്തെ വരുത്തിവെച്ചുകൊണ്ടുള്ള അദ്ധ്യാനങ്ങൾക്കു സാമർത്ഥ്യത്തെ വരുത്തി മനസ്സുകൊണ്ടുള്ള വേലകൾക്കു എല്ലാവരേയും സമർത്ഥന്മാരാക്കും. അഗ്നിസ്രാവു പിടിപെട്ടു വൈദ്യന്മാരെല്ലാം കൈവിട്ടു പോയിട്ടുള്ള ഉസ്സാദ്ധ്യരോഗത്തിൽ ഒരാഴ്ച ഈ പ്രമേഹത്തിന്നു സേവിച്ചാൽ ആശ്ചര്യമായ ഗുണം കാണും. മൂത്രം അക്കുത്തു നില്ക്കാതേയും മൂത്രസഞ്ചിക്കു ചൊറിച്ചിലും പുണ്ണും മൂത്രം നീറ്റുവാൻ കഴിയാതേയും മൂത്രപിണ്ഡങ്ങൾക്കു ഈ ജാതിരോഗങ്ങൾ ഉണ്ടാവുന്നതും മൂത്രസഞ്ചിയിൽനിന്നു കഫപ്രവാഹത്തിൽ പാലുപോലെ വെളുത്തു തടിച്ചു കുഴമ്പുപോലെ ഒരു വസ്തു ചുട്ടുനീറിക്കൊണ്ടു ഒലിച്ചുപോകുന്നതിൽ ഈ ഔഷധം ഉണ്ണാതിരുന്നാൽ. സ്ത്രീയോ പുരുഷനോ ആലോചനകൂടാതെ അതിസംഭോഗങ്ങളെ അനുഭവിച്ചാലുണ്ടാകുന്ന പരമദ്രോഹികളായ രോഗങ്ങളുടെയും പ്രമേഹവിന്നു അകറ്റിക്കളയും.

Ratibilas രതിവിലാസം. മജ്ജാക്ഷീണമനോരോഗാദികൾക്കു ആശ്ചര്യഫലിതമുള്ള പ്രത്യേകൌഷധം. പതിനഞ്ചു ദിവസത്തേക്കു രണ്ടു പെട്ടി ഗുളികകളും ഒരു കുപ്പി എണ്ണയും കൂടി 4 ക. ശരീരത്തിലുള്ള അവയവങ്ങളിൽ മജ്ജാതന്തുസമൂഹമാണ്. ഏറ്റവും വിശേഷമായി സ്ഥിതി വരുത്തപ്പെട്ടിട്ടുള്ളതു അതിന്റെ സ്ഥിതി നോക്കിയറിഞ്ഞാൽ ദേഹത്തിലുള്ള സകല രോഗങ്ങളുടേയും സ്വഭാവം തിരിച്ചറിയാം. മജ്ജാകോപബലഹീനങ്ങളായാൽ പുരുഷൻ അതിശീഘ്രത്തിൽ രോഗിയായിവരും. മജ്ജാകോപങ്ങൾ കേട്ടു തട്ടുമ്പോൾ സകല അവയവങ്ങളും അവയവപ്രവൃത്തികളും ക്രമക്കേടുകൊണ്ടു ക്ഷീണിച്ചു രോഗമുണ്ടാകും. അതിയായിട്ടുള്ള മദ്യപാനവും ആ തരത്തിലുള്ള അതിഭോഗങ്ങളും തലയുണ്ണിപ്പാൻ തക്കവണ്ണമുള്ള പ്രവൃത്തികളും ഇന്ദ്രിയങ്ങൾക്കു ക്ഷീണം വരുവാൻ തക്കവേഗങ്ങളും ഒരുപോലെ മജ്ജാകളെ ക്ഷീണിപ്പിക്കും. അയുക്തമെന്ന രോഗമാവും, മജ്ജാകോപങ്ങൾ വന്നിട്ടുള്ള ബലഹീനത കൊണ്ടു രോഗം ഭേദിച്ചിട്ടുള്ള ജനങ്ങൾ സുഖഹാനിയെ മൌനമായി അനുഭവിച്ചു ദുഃഖിക്കുന്നു. അവർക്കു ജീവൻ ഒരു ഭാരമായിവരുന്നു. അവർക്കു മരണം സൌഖ്യമെന്നും തോന്നും. ജീവകാലത്തി

കൽ ഈ രോഗികൾക്കു കെല്പും ഒട്ടും ഉണ്ടാവില്ല. ജീവസ്സുമാത്രം അവരിൽ കാണില്ല. ഇഹലോകസുഖങ്ങളെ അത്യേഷ്ടം അനുഭവിപ്പാൻ അവക്കു ആശയുണ്ടാവാതെ വരുമ്പോൾ ഇഹലോകത്തിൽ കിടക്കുള്ള ഓരോ കഷ്ടപ്പാടുകളെ തട്ടിത്തു ജയിപ്പാനും അവർ ആളാവുന്നതല്ല. ഈ മഹാരോഗത്തിനു പറയുന്ന ഔഷധങ്ങൾ അനേകം വിൽക്കുന്നുണ്ടെന്നു പലരും പരസ്യങ്ങളിലും പ്രസിദ്ധം ചെയ്യുന്നു. അവയിൽ ഫലിതം ഏറിയവയെ ഉള്ളുവെന്നും കാണുകയും ചെയ്യും. ഈ വക ഔഷധങ്ങളെ ഞങ്ങൾ വാങ്ങി ശാസ്ത്രവിധികൾക്കനുസരിച്ചു പരിശോധിച്ചു പരീക്ഷിച്ചു നോക്കിട്ടുള്ളതിൽ ആ വക മരുന്നുകൾ ഒന്നെങ്കിലും പറയുന്ന ഗുണങ്ങളെ ചെയ്തുകൊടുപ്പാൻ സാമർത്ഥ്യമുള്ളതായി കണ്ടിട്ടില്ല. ഒന്നെങ്കിലും നല്ലതില്ല. ഇതു അനേകം വൈദ്യന്മാരുടെ അനുഭവമാണ്. അതുകൊണ്ട് ഈ മഹാദുഃഖകാരിയായ രോഗത്തിനു ഔഷധങ്ങളില്ലെന്നു ജനങ്ങൾ വിശ്വസിക്കുന്നു. ഇതു തെറ്റാണ്. കരുണാനിധികളായ സർവ്വജനങ്ങളുടേയും നന്ദിക്കു പാത്രങ്ങളായ ഋഷികൾ ഈ രോഗനിദാനം വരുത്തി അതിനു തക്കമരുന്നുകൾ നിശ്ചയിച്ചിരിക്കുന്നു. ഈ അതിദുസ്സഹമായ രോഗത്തിന്റെ വേദനയെ അതിനെ ശാന്തി വരുത്തുന്നതിനു ഒരൌഷധമുള്ളതു മേല്പറഞ്ഞ രതിവിലാസമാണ്. അതുകൊണ്ടു ജനങ്ങൾക്കു കെൽപ്പും ഉശിരും വർദ്ധിക്കും, വളരെ ശുഷ്കാന്തിയോടുകൂടി പണിപ്പെട്ട ജാഗ്രതയായി ഞങ്ങൾ ഇതിനെ ഉണ്ടാക്കിയിരിക്കുന്നു. ഇന്ത്യാരാജ്യത്തിൽ അനേകായിരം ജനങ്ങൾക്കു ഈ മരുന്നു ഞങ്ങൾ കൊടുത്തു പരീക്ഷിച്ചിരിക്കുന്നു. ഒരു ഒറ്റ സംഗതിയെങ്കിലും ഫലിതമില്ലാതെ കണ്ടിട്ടില്ല. 'ഈ രോഗം ശമിക്കില്ല എന്തു ചെയ്യട്ടെ'—എന്നു വിഷാദപ്പെട്ടിട്ടുള്ള ജനങ്ങൾ ഈ രതിവിലാസത്തെ വാങ്ങി ഒന്നു പരീക്ഷിച്ചു നോക്കട്ടെ.

അല്പകാലത്തിനുള്ളിൽ ദേഹക്ഷീണത്തെ കളയും, മജ്ജകൾക്കു ശവപ്രായമായ ക്ഷീണമുണ്ടെങ്കിൽ അതിനെ തീർക്കും, ബാല്യത്തിൽ ബുദ്ധിമോശംകൊണ്ടു ആലോചനയില്ലാതെ ഓരോ ദുർവ്യാപാരങ്ങളെക്കൊണ്ടും അതിഭോഗങ്ങളെക്കൊണ്ടും കെല്പറവു ജീവശവങ്ങളായവരുടെ ജീവസ്സും മിടുക്കും മടങ്ങിവരുവാൻ ഇതു നല്ല ഔഷധമില്ല. മജ്ജാകേന്ദ്രങ്ങളായ സ്ഥാനങ്ങളെ പ്രത്യേകം ഈ ഔഷധം ബലപ്പെടുത്തും. വൈദ്യശാസ്ത്രപാണ്ഡിത്യമുള്ള ചികിത്സാ

രിസരകേടും നിശ്ചയിച്ചുവരുന്ന ടോണിക് (ബലദായകങ്ങളും) എന്ന ഔഷധങ്ങളെല്ലാം പരക്കെ ദേഹൈതന്യത്തേയും മെയ്മിടുക്കിനേയും കർമ്മശക്തിയേയും ഇന്ദ്രിയബലത്തിനേയും ഉണ്ടാക്കും. കൈൽപ്പ മങ്ങിമറഞ്ഞു തേഞ്ഞുമാഞ്ഞു കിടക്കുമ്പോൾ ചൈതന്യത്തെ രണ്ടാമതും ഉണ്ടാക്കാൻ ഈ മരുന്നുകൾ ഉപകരിക്കും. മടിയും ഉറക്കവും തുങ്ങലും മൌഢ്യവും തീരാൻ ഈ മരുന്നുകൾ ഏറ്റവും ഉതകും. കഠിനമായ അദ്ധ്വാനംകൊണ്ടോ അതിപ്രയത്നംകൊണ്ടോ അതി ജാഗ്രതയായി പുസ്തകകാലക്ഷേപം ചെയ്ത് പഠിച്ചുകൊണ്ടോ ബാലബുദ്ധികൊണ്ടുവരുന്ന അതിഭോഗങ്ങളെക്കൊണ്ടോ പഠനസാഹസംകൊണ്ടോ ശീതോഷ്ണാധിക്യംകൊണ്ടോ ആഹാരമൈഥുനാദിസാഹസങ്ങൾകൊണ്ടോ വല്ല ദീനങ്ങളും ഉണ്ടായിട്ടുണ്ടെങ്കിൽ അതു നശിപ്പാൻ ഉപായം രത്നവിലാസമെന്ന ഞങ്ങളുടെ മരുന്നു സേവിക്കുന്നതുതന്നെ. മജ്ജകളുടെ ക്ഷീണത്തെ തീർക്കും. ദേഹാവയവങ്ങൾക്കെല്ലാം ചൈതന്യലാഭവും ഉശിരും ഉണ്ടാവും. ക്ഷീണംകൊണ്ടും മനോബലഹാനികൊണ്ടും ഉണ്ടാവുന്ന കേടുകളെ തീർക്കും.

ഫലിതമേറിയ ഈ ഔഷധത്തിന്റെ കർത്താവു സർവ്വേശ്വരനായ ശിവനാണ്. അതിന്റെ സഹായംകൊണ്ടു അനേകായിരം ജനങ്ങൾ സുഖപ്പെട്ടിട്ടുണ്ട്.

മേല്പറഞ്ഞ എല്ലാ മരുന്നുകളും താഴെ എഴുതിയമേൽവിലാസത്തിൽ എഴുതി ചോദിക്കേണ്ടതാണ്. എഴുത്തുകുത്തുകൾ മലയാളത്തിലൊ, തമിഴിലൊ, ഇംഗ്ലീഷിലൊ ആയിരിക്കണം.

ടി. എസ്സ്. സുബ്രഹ്മണ്യ അൻറ് കമ്പനിക്കാർ.
33, അർമ്മേനിയൻ തെരുവു,
മദ്രാശി,

Messrs. T. S. SUBRAMANIA & Co.,
33, Armenian Street,
Madras.

കമ്മിഷൻ

രസികരഞ്ജിനിക്ക് പുതിയ വരിക്കാരെ ഉണ്ടാക്കി അവരുടെ പരിപ്പണം മുഴുവൻ മുഴുവനായി പിരിച്ച് പേരുവിവരപ്പട്ടികയോടുകൂടി ആ സംഖ്യ ആപ്പീസ്സിൽ അടക്കുന്നവക്ക് ൫൦-കയിൽ കുറയാതെയുള്ള സംഖ്യകൾക്ക് ൧൦ ക്ക് ൧ം കവീതം കമ്മീഷനും ൧൦൦ കയിൽ കുറയാതെ പിരിച്ചടക്കുന്നവക്ക് മേല്പറഞ്ഞ കമ്മീഷനും പുറമെ മുപ്പതിനെ ഉറപ്പികക്ക് രഞ്ജിനിയുടെ ഓരോ പ്രതിവീതം സൌജന്യവും കൊടുക്കപ്പെടും. ര. ര. മാനേജർ.

൯-ലെ പണം അടച്ചവരുടെ പേര്. മകരംമുതൽ

കൊമ്പി വ-ാക്കുറ് തമ്പുരാൻ തിരുമനസ്സുകൊണ്ട്	3	0	0
കെ. സി. വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട്	3	0	0
കെ. സി. മരുമകൻ തമ്പുരാൻ തിരുമനസ്സുകൊണ്ട്	3	0	0
കെ. സി. ഏട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ട്	3	0	0
കെ. സി. വീരരായൻ രാജാ തിരുമനസ്സുകൊണ്ട്	3	0	0
സാമൂതിരിപ്പാട് തമ്പുരാൻ തിരുമനസ്സുകൊണ്ട്	3	0	0
പി. കെ. കുഞ്ഞേട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ട്	3	0	0
നെടുത്രാലിപാട് തമ്പുരാൻ തിരുമനസ്സുകൊണ്ട്	3	0	0
മ. രാ. രാ. കെ. ഡബ്ള്യു. ജോസഫ് അവർകൾ	1	10	0
" മാണിക്കത്തശങ്കരമേനോൻ "	3	0	0
" ടി. സി. കൃഷ്ണമേനോൻ "	3	0	0
" ജി. വി. മെമ്മോറിയിൽ വായനശാല സിക്രട്ടറി "	2	4	0
" കെ. നാരായണമാരാർ "	3	0	0
" കെ. രാമൻ മേനോൻ "	3	0	0
" മാറായിൽ കൃഷ്ണമേനോൻ "	3	0	0
" പി. രാമപ്പൈ "	3	0	0
" കെ. വാസുദേവപ്പൈ "	3	0	0
" ഗോപാലപ്പൈ കൃഷ്ണട്ടർ "	3	0	0
" കെ. വെങ്കിടേശ്വരശ്ശേണായി "	3	0	0
" കെ. ഗോവിന്ദമാരാർ "	3	0	0
" ജി. ആർ. പണിക്കർ "	1	8	0

മ. രാ. രാ. തോട്ടക്കാട്ട് ഗോവിന്ദമേനോൻ	അവർകൾ	3	0	0
" ചേറ്റപ്പിള്ളി കുഞ്ഞികിട്ടുമേനോൻ	"	3	0	0
" ജി. വി. സുബ്രഹ്മണ്യയ്യൻ	"	3	0	0
" പി. ഗോവിന്ദമേനോൻ	"	3	0	0
" ചിറപ്പുറത്ത് മത്തായി മാപ്പിള	"	1	0	0
" പി. ശങ്കുണ്ണിമേനോൻ	"	3	0	0
" പടിഞ്ഞാറെ ശ്രാമ്പിയിൽ കൃഷ്ണമേനോൻ	"	3	0	0
" കുണ്ടൂർ നാരായണമേനോൻ	"	3	0	0
" സി. ചന്തുക്കുട്ടി മന്നാടിയാർ	"	3	0	0
" കൊപ്പറമ്പിൽ കുഞ്ഞികൃഷ്ണൻനമ്പ്യാർ	"	3	0	0
" ടി. എ. അനന്തരാമയ്യൻ	"	3	0	0
" പി. എ. സ്റ്റീഫ്ൻസൻ	"	3	0	0
" മടത്തിപ്പാട്ട് ശങ്കരമേനോൻ	"	3	0	0
" കെ. കുഞ്ഞുണ്ണിപ്പിഷാരൊടി	"	3	0	0
" എ. ശങ്കരനാരായണയ്യൻ	"	3	0	0
" എം. ശങ്കുണ്ണിക്കുറുപ്പ്	"	2	0	0
" കാട്ടൂർ കൃഷ്ണപ്പിഷാരൊടി	"	3	0	0
" പാറക്കാട്ട് രാമോദരമേനോൻ	"	3	0	0
" എളെടത്ത് നാരായണമേനോൻ	"	3	0	0
" സി. മത്തായി	"	3	0	0
" കേഴിക്കോട്ട് അച്ച്യുതമേനോൻ	"	3	0	0
" പി. കെ. നാരായണൻ നമ്പിശ്ശൻ	"	3	0	0
" വി. കെ. നാരായണമേനോൻ	"	3	0	0
" തെക്കേകുറുപ്പത്ത് നാലുകെട്ടിൽ കുഞ്ഞിഅമ്മ	"	3	0	0
" പാട്ടത്തിൽ നാരായണമേനോൻ	"	3	0	0
" പാറക്കാട്ട് ശങ്കുണ്ണിമേനോൻ	"	3	0	0
" ഇ. രാമവാരിയർ	"	3	0	0
" ടി. എം. അപ്പുനെടുങ്ങാടി	"	3	0	0
" മാണിക്കത്ത് നാരായണമേനോൻ	"	3	0	0
" പി. ശങ്കുണ്ണിമേനോൻ	"	3	0	0
" ടി. എൻ. വൈത്തിനാഥയ്യൻ	"	3	0	0

P. SUBBAROY'S

World-Renowned and Most Efficacious Ayurvedic Medicines.

പി. സുബ്ബരായിയുടെ ലോകപ്രസിദ്ധങ്ങളും ഏറ്റവും ഫലവത്തുക്കളും ആയ ആയുർവ്വേദ ഔഷധാലയം

ക-ലോകപ്രസിദ്ധമായധാതുപുഷ്ടികാരി.

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലാത്ത, വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നീറ്റൽ, നീരൊഴിവു, മൂത്രമേഹം, കല്ലടപ്പ (മൂത്രാഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണന പരിഹരിച്ചു രക്ഷപെടുത്തും.

ഡപ്പി ഒന്നുക്കു വിലത്രുപാ ഫ-തപാൽ ചിലവുവകയ്ക്കു അണ ൧-വേറെ.

ഖ-പ്രമേഹനിവാരണി.

സിരാമേഹം, ഇട്ടപ്പവലി, മൂത്രമധികമായും തടഞ്ഞും പോകുക, മേഢ്രം, പുകച്ചൽ, രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവർത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും.

കുപ്പി ഫ-ക്കു വില ത്രുപ ഫ. മൂന്നു കുപ്പികൾ വരേയുള്ള ബങ്കിക്കു തപാൽചിലവു അണ ൫.

ങ-സർവ്വവേദനാസംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ കൈകാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വീക്കം, മുടക്കുവാതം, നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന ശൂല, ഇട്ടപ്പവേദന, വാശ്പവായു, മേഹവായു, കൃമിവായു മുതലായ പലവ്യാധികൾക്കു ഭേദപ്പെടും.

കുപ്പി ഒന്നുക്കു വില ത്രുപാ ഫ. തപാൽചിലവു അണ ൫.

ര-മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, വൃഴുക്കടി, തഴുതണം, നഖങ്ങാണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌഷധം. തദ്രോഗങ്ങൾ പലതും മാറും; തേമൽ, മേഹകുഷ്ഠം മുതലായവയെ ശമിപ്പിക്കും.

വില കുപ്പി ഒന്നിനു ര-ണ. തപാൽചിലവു മൂന്നു കുപ്പിവരെ ൫-ണ വേറെ.

പി. സുബ്ബരായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, Porto Novo,

൪-ലക്ഷ്മീകരകസ്തൂരിഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സശ്രദ്ധം ഉപയോഗിക്കേണ്ട വിലയേറിയ സാധനം,—ദന്തവേദന, വായ്നാറ്റം, അജീർണ്ണം, പിത്തവായു, ഇവയെ ശമിപ്പിക്കും.

തനിച്ചോ താംബൂലത്തോടുകൂടിയൊ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ എത്ര ഗുരുദ്രവ്യത്തേയും ജീർണ്ണപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കുകയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി, പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ചളി, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏറാക്കുറച്ചിൽ പോലെ ഒന്നു മുതൽ ൫ വരെ ഗുളികകൾ വെറിലച്ചാറിൽ കൊടുത്താൽ സുഖപ്പെടും.

൨൦൦-ഗുളികകൾ ഉള്ള കുപ്പി ഫ-ക്കു വില അണ ൫. ഫ-മുതൽ ഫ൨-വരെ കുപ്പികൾ അടങ്ങിയ ബങ്കി ഫ-ക്കു തപാൽക്കൂലി ൪-ണ.

൯-ദന്തച്ചൂർണ്ണം.

സുഗന്ധമായുള്ളതു—എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും.

വില, കുപ്പി ഒന്നിനു മൂന്നണ തപാൽചിലവു രണ്ടു കുപ്പിവരെ ൪-ണ വേറെ.

൧-ജ്വരഹാരി.

കളിപ്പനി, മുപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായ വസ്തുനന്നു.

വില ഡപ്പി ഒന്നിനു ഫ ൬. തപാൽചിലവു ൬ ണ വേറെ.

൭-ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം.

ഇതൈത്തേച്ചുകുളിച്ചാൽ തലവേദന, മീശ, ഇമ, ഇവ ബഹുപുഷ്ടിയായും, ഭംഗിയായും കറുപ്പായും വളരും. കണ്ണിനു കളുർമ്മയുണ്ടാക്കും. സകല കണ്ടനോവുകളും തലവേദനകളും നീങ്ങും. ചെമ്പിച്ചരോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാക്കും.

വില കുപ്പി ഒന്നിനു ൭-ണ. തപാൽചിലവു ൪-ണ വേറെ.

ൻ-രോമസംഹാരി.

രോമം എവിടെ വേണ്ടെന്നാക്കണമോ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ മാറ്റാം.

വില കുപ്പി ഒന്നിനു ൫-ണ. തപാൽചിലവു മൂന്നു കുപ്പികൾ വരെ ൪-ണ വേറെ.

പി. സുബ്ബറായി
പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.
P. SUBBAROY, Porto Novo.

൧൨- അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകലിക്കുക, മലബന്ധം, വയറു നോവു, വായനാറ്റം, അജീർണ്ണം, വയറുവീർത്തുകയറുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും.

ഡപ്പി ഒന്നുക്ക് അണാ വ- തപാൽക്കൂലി അണ ൧-വേറെ.

൧൧- കണ്ണുമിന്നു.

ചീക്കായു, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കണ്ണുരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും.

വില, കുപ്പി ഒന്നിനു വ ണ. തപാൽച്ചിലവു മൂന്നു കുപ്പികൾ വരെ ൧-ണ വേറെ.

൧൨- സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. തലവീണ്ടു, പിത്തോപദ്രവങ്ങൾ, വായു, മലംപിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും,

വില, ഡപ്പി ഒന്നിനു വണ. തപാൽചിലവു ഒന്നു മുതൽ ൪- വരെ ഡപ്പികൾക്കു ൧-ണ വേറെ.

൧൩- നേത്രനിന്ദു.

കൺനോവു, കൺകുത്തു, ചുവപ്പു, നീരൊട്ടപ്പു, മിന്നൽ, മാലക്കണ്ണു, പീളക്കെട്ടു, ശേവളച്ചു, പൂവു, ചൊറപ്പു, എരിച്ചിൽ, ഈറ പുരികം ഇവയുടെ വലിവു, പുകച്ചിൽ ഇങ്ങനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും.

വില, കുപ്പി ഒന്നിനു വ-ണ. തപാൽ ചിലവു മൂന്നു കുപ്പികൾ വരെ ൧-ണ വേറെ.

൧൪- സ്ത്രീതരക്ഷണി.

ബലഹീനതയാലും അതൃത്തിയാലും മറ്റും ഉണ്ടാകുന്ന ഈന്ദ്രിയ സ്ഖലിതത്തെ നീക്കും.

വില, ഡപ്പി ഒന്നിനു വ-ണ. തപാൽചിലവു ൧-വരെ ഡപ്പികൾക്കു ൧-ണ വേറെ.

൧൫- മൃഗകസ്തൂരി.

കാശ്മീരിൽ നിന്നും വരുത്തിയിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ട.

തുലാത്തുക്കത്തിനു ൪വ-ക. വില ഒരു തുലാ മുതൽക്കുള്ളതുസംഖ്യയ്ക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവു പുറമെ. എഴുത്തുകുത്തുകൾഎല്ലാം ഇംഗ്ലിഷിലോ തമിഴിലോ ആയിരിക്കണം

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, Porto Novo.

൧൯- തേൾവിഷത്തിന്ന സിദ്ധൌഷധം.

തേൾകടിച്ച സ്ഥലത്ത രണ്ട തുള്ളി ഒഴിച്ചാൽ പൊട്ടന്നനെ ആശ്വാസം കാണും. ഒര കുടുംബത്തിലെങ്കിലും ഈ മരുന്ന ഒര കുപ്പി കരുതി വെക്കാതെ ഇരിക്കരുതു.

വില കുപ്പി ൧-ക്ക ൧-ക- ൪-ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ച വാങ്ങുന്നവക്ക ഡസൻ ൧-ക്ക ൬ക, വ്വണ. ഉള്ള വിലയിൽ കുറച്ച മാത്രമേ വില ചുമത്തുന്നുള്ളു. വി- പി- കമ്മിഷൻ ൪ണ പുറമേ.

ഇൻഡ്യയിലും ബമ്മയിലും ൧൨ കുപ്പിവരെ വി- പി- കമ്മീഷൻ ൪ണ- സിലോൺ ടി ണെ.

൧൭- വ്രണവിരോപണ തൈലം.

ഈ കുഴമ്പ പിത്തപ്പുണ്ണ മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇത സകല കൃമികളേയും നശിപ്പിച്ച എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ച വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു.

വില വ്വണ. മൂന്ന കുപ്പിവരെ വി-പി- കമ്മീഷൻ ൪ണ മാത്രം.

൧൮. കണ്ണശുദ്ധി ഗുളിക.

ഇത കണ്ണും തെളിഞ്ഞ ശരീരം നന്നാവുന്നതിന്ന അതിവിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ച സംഗീതക്കാക്കും, പ്രസംഗക്കാക്കും, പാതിരിമാക്കും, ശബ്ദാവയവംകൊണ്ട അത്യായാസം ചെയ്യേണ്ടവരായ മറെറല്ലാവക്കും വളരെ ഉപയോഗമുള്ളതുമാകുന്നു.

വില വ്വ ണ. വി-പി- കമ്മീഷൻ ന്യ കുപ്പിവരെ ന്യ ണ.

൧൯. സ്നാനചൂർണ്ണം.

ഈ പൊടി തേച്ചു കുളിക്കുന്നതിന്ന വിധേയമായ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുർഗ്ഗന്ധവും കളഞ്ഞ, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവക്കും വേണ്ടതാകുന്നു.

വില വ്വ ണ. വി-പി- കമ്മീഷൻ ൩ ണ.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട ജില്ല.

P. SUBBAROY, Porto Novo.

൨൦. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാവുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം, അരിശസ്സ്, ഉറക്കമില്ലായ്മ ഇവയ്ക്കും ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇത് മദ്ധ്യവയസ്സന്മാർക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു.

വില ൧൦ ണ. വി-പി- കമ്മീഷൻ ന്യ കൂപ്പിവരെ ൫ണ.

൨൧. ഒന്നാംതരം ഗോരോചനഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരൾ ഇതുകളിൽ ഉണ്ടാവുന്ന ഉപരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അരിശസ്സ്, ഉറക്കമില്ലായ്മ, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു.

വില ൫ ണ. വി-പി- കമ്മീഷൻ ന്യ കൂപ്പിവരെ ൫ണ.

൨൨. തപ്രോഗ പരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ്, ചൊറി, ഒടവട്ട, പോളൻ, ചൂട്, പുഴുക്കടി, താരണം മുതലായ കടിയും ചൊറിയും ഉള്ള എല്ലാ തപ്രോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി.

വി-പി- കമ്മീഷൻ ൫ ണ.

					ക.	ണ.	സ.
ഒന്നാംതരം ഗോരോചനം ത്രുപാത്തുക്കം				ക	൫	൦	൦
ടി	മഞ്ഞൾ	ടി		ക	൧	൦	൦
ടി	പച്ചക്കർപ്പൂരം	ടി		ക	൧	൦	൦

മേൽവിലാസം തമിഴിലോ ഇംഗ്ലീഷിലോ വിശദമായി എഴുതണം.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAIROY, Porto Nov

പുസ്തകം ൧. നമ്പർ ൯

വ്യവഹാരചിന്താമണി.

എല്ലാ ഇംഗ്ലീഷുമാസവും 30-ാംന- പ്രസിദ്ധപ്പെടുത്തുന്ന
ഒരു വിശേഷനിയമമാസിക.

പത്രാധിപർ

ചെങ്കളത്ത് കരുണാകരമേനോൻ ബി ഏ.

1903 ആകുന്നു.

—:o:—

സംഗതിവിവരം.

൧. കാണം ൧—വി- ശങ്കരമേനോൻ, ബി- ഏ; ബി. എൽ-
൨. പത്രാധിപക്കുറിപ്പുകൾ-
൩. മദിരാശി ഹൈക്കോട്ട് ലേഖനം-
ബി. ഗോവിന്ദൻ നമ്പ്യാർ, ബി. ഏ; ബി. എൽ-
൪- ഹൈക്കോട്ട് വിധി സംഗ്രഹം-
൫- കൊച്ചി വിധികൾ—കരിമ്പറ രാമൻമേനോൻ, ബി. ഏ ;ബി. എൽ-
കാരാട്ട അച്യുതമേനോൻ, ബി- ഏ; ബി- എൽ-
൬- തിരുവിതാംകൂർ വിധികൾ വി- കരുണാകരമേനോൻ, ബി ഏ; ബി എൽ-

കേരളസഞ്ചാരി— നിയമകാര്യത്തിൽ ഉപാദ്ധ്യായൻ-

മ- മനോരമാ— മേനോന്റെ പുതിയ സ്യമന്തകത്തെപ്പോലെ വേറെ ഒരു പത്രത്തിനും ചിലവില്ല-

മനോരമ— സകല മുതൽക്കാരും വാങ്ങേണ്ടതാണ്-

കേരളപത്രിക— കക്ഷികൾക്കു അത്യുപകാരം-

ഓരോ മാസം ഏറ്റവും സാരമായ വിഷയങ്ങൾ അടങ്ങിയ പുതിയ ഭാഗം- കൊച്ചി വിധികളുടെ പോക്ക് അറിവാൻ "ചിന്താമണി" ഏകമാർഗ്ഗം-

വരിസംഖ്യ—എപ്പോഴും മുൻകൂർ-

ഒരു കൊല്ലത്തേക്കു വി- പി- ൫—൹—൦

ആറുമാസത്തേക്കു വി- പി- ൨—൹—൦

കൊച്ചി വിധികൾ ൧-ാം നമ്പ്രമുതൽക്കും, തിരുവിതാംകൂർ വിധികൾ ൯-ാം നമ്പ്രമുതൽക്കും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. എന്നു വ്യവഹാരചിന്താമണി

മാനേജർ,
വള്ളുവനാട്, മലബാർ.

ഭാഷാവിക്രമോവ്വശീയം

൧൯൦൫-൦മത വർഷത്തെ എഫ്. എ. പരീക്ഷയ്ക്ക് സംസ്കൃതകലാശാലയിൽനിന്നു തിരഞ്ഞെടുത്തിട്ടുള്ളതും കൊട്ടങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ട് തർജ്ജമചെയ്തിട്ടുള്ളതും ആയ വിക്രമോവ്വശീയം ഭാഷാനാടകത്തിന്റെ പുതിയ പതിപ്പ് സംസ്കൃതപണ്ഡിതൻ രാമപ്പിഷാരോടി അവർകളുടെ ടിപ്പണിയോടുകൂടി അച്ചടിച്ച് തയ്യാറായിരിക്കുന്നു. പുസ്തകത്തിന്റെ വില പ്രതി ഒന്നിക്ക് തപാൽക്കൂലി അടക്കം ൧൴ അണ. രസികരഞ്ജിനി ആപ്പീസ്സിലേക്ക് മുൻകൂറായി അയച്ചാൽ പുസ്തകം കിട്ടുന്നതാണ്. നാഗരാക്ഷരത്തിൽ രാമവർമ്മ എന്ന "രസികരഞ്ജിനി" പത്രാധിപരുടെ മുദ്രയില്ലാത്ത പുസ്തകം വ്യാജമാകുന്നു.

മേൽപറഞ്ഞ നാടകത്തെ കൊട്ടങ്ങല്ലൂർ കൊച്ചീണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് പരിശോധിച്ച് അതിലുള്ള കഥാസാരം, ഗുണദോഷം, തത്വം, രസം ഇവകളെ ഭംഗിയായും സയുക്തികമായും എഴുതീട്ടുള്ള ഗ്രന്ഥം, ഈ മാസികയിൽ മുദ്രണം പ്രസിദ്ധം ചെയ്യുവാൻ അദ്ദേഹം അനുവദിച്ചിട്ടുള്ളപ്രകാരം ഇടച്ചുയായി പ്രസിദ്ധംചെയ്തു തുടങ്ങീട്ടുള്ളത്. സാഹിത്യവിഷയത്തിൽ താല്പര്യമുള്ളവരും വിശേഷിച്ച് വിദ്യാർത്ഥികളും വായിച്ചറിയേണ്ടതാകുന്നു. മലയാളത്തിൽ ഇങ്ങിനെ ഒരു ഗ്രന്ഥം ഇതിനുമുമ്പ് ഉണ്ടായിട്ടില്ലെന്നു ഞങ്ങൾ ധൈര്യത്തോടുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. രണ്ടിനി കാലൂ പ്രതിമാത്രമേ വിശേഷാൽ അടിക്കുന്നുള്ളു. അതുകൊണ്ട് ആവശ്യമുള്ളവർ ഉടനെ വാങ്ങിയില്ലെങ്കിൽ പിന്നെ ഇഷ്ടമംഗത്തിന്ന് ഇടയാവുന്നതാണ്.

ര- ര- മാനേജർ.

രസികരഞ്ജിനി ആപ്പീസ്സിൽ വില്പാൻ തയ്യാർ.

സാക്രട്ടീസ്- കെ- രാമകൃഷ്ണപിള്ള.	൦ ൨
വെണ്മണി അച്ചൻ നമ്പൂരിപ്പാട്ടിലെന്റെ ചരിതവും, കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കൊറത്തിപ്പാട്ടും,	൦ ൦
നാഗാനന്ദം (ഭാഷാനാടകം) പായാട്ട അച്യുതമേനോൻ	൧ ൴൦

തപാൽകൂലി പുറമേ. മേൽപറഞ്ഞ പുസ്തകങ്ങൾക്കും രസികരഞ്ജിനി മാസികയ്ക്കും ജനുവരിമുതൽ ആവശ്യപ്പെടുക.

ര- ര- മാ-

കവനോദയം

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട്, തുള്ളൽ, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകം കൃതികൾ ഇതിൽ ചേർത്തുവരുന്നു. കൊല്ലത്തിൽ ന്യൂനപ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോകാലത്തിൽ രണ്ടു ഭാഗങ്ങളിൽകൂടി 8 കൃതികളിൽ കുറയാതെ ഉണ്ടായിരിക്കും. കൊല്ലത്തിൽ രണ്ടു ഉറുപ്പിക വരി അടച്ചാൽ മതി. തപാൽകൂലി പുറമേ വേണ്ട. വിദ്യാർത്ഥികൾക്കാണെങ്കിൽ മുൻകൂറ് ഒന്നര ഉറുപ്പിക തന്നാൽ മതിയെന്ന് ഒരു പുതിയ നിശ്ചയം ചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേക പുസ്തകങ്ങൾ ഇവിടെ വില്പാനുണ്ട്. ചിലതിന്റെ വിവരം താഴെ ചേർക്കുന്നു.

ജ്യോത്സ്നികവിഷവൈദ്യം— ഈ പുസ്തകം കൈവശം ഉണ്ടായിരുന്നാൽ പാമ്പുകടിച്ച ഉടനെ വൈദ്യന്റെ അടുക്കെ ഓടേണ്ടി വരികയില്ല. വില ഫ്രീ അണ.

സദ്വൃത്തമാലിക— മലയാളത്തിലുള്ള വൃത്തങ്ങളുടെ എല്ലാ സ്വഭാവങ്ങളും അറിവാൻ ഈ പുസ്തകം മാത്രമേയുള്ളൂ. വില വ ണ.

ജാനകീപരിയണം— കൊട്ടാരത്തിൽ ശങ്കുണ്ണി ഉണ്ടാക്കിയ ഒരു രസിക നാടകമാണിത്. മന്നാടിയാരുടേതല്ല. വായിപ്പാൻ ബഹു രസമുണ്ട്. വില ഫ്രീ മാത്രം.

* ഫാസുലക്ഷണദീപിക— ഈ പുസ്തകം കൈവശമുണ്ടെങ്കിൽ കഥകളിയെ ഊമകളിയെന്നു പറവാനിടവരികയില്ല. വില ര— ണ.

* കുചശതകം — ഇതൊന്നു വായിച്ചുനോക്കുവിൻ. വില ഫ്രീ ണ.

* ചക്കീചങ്കര നാടകം ചിരിക്കാതെ ഇത് വായിപ്പാൻ പ്രയാസം. വില ന്യൂനാണ.

ഇവകൾക്ക് തപാൽകൂലി പുറമെ *ഈ അടയാളം വെച്ചവ ഒഴികെ ശേഷമെല്ലാം അച്ചടി അതിമനോഹരം. കടലാസ്സ് എല്ലാം ഒരുപോലെ ബഹു വിശേഷം. താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ എല്ലാപുസ്തകങ്ങളും വി-പി- ആയി അയച്ചുകൊടുക്കും.

കെ. കണ്ണൻ നമ്പ്യാർ.

കവനോദയം മാനേജർ.

നാദാപുരം.

സംഗതിവിവരം

൧. ചേലയിൽ കൂടിയവർ.

൨. കോങ്കണബ്രാഹ്മണർ.

എം. ശേഷഗിരിപ്പട്ടർ, എം. എ.

൩. ഒരു ചിലന്തിയുടെ ചരിത്രം.

ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ.

൪. ചെകുത്താന്മാർ.

പുത്തേഴത്ത് ഗോവിന്ദമേനോൻ.

൫. രാധാകൃഷ്ണയോഗം.

൬. ലളിത.

ബി. കാല്യാണിഅമ്മ — തിരുവനന്തപുരം.

൭. ഒരുകാളിപ്പാവം.

കൊട്ടങ്ങല്ലൂർ ചെറിയ കുഞ്ഞുണ്ണിത്തമ്പുരാൻ.

൮. വിക്രമോർവ്വശീയസംഭരം.

കൊട്ടങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

൯. അസൂയ.

എസ്സ്. വി. ആർ.

൧൦. പുരാണപുരുഷന്മാർ. (ധർമ്മപുത്രർ) ii

൧൧. രണ്ടു ദ്രോകങ്ങൾ.

൧൨. ഒരു ദുർമ്മരണം.

൧൩. ചലച്ചിത്രം.

പുസ്തകം ൨. മീനമാസം. ലക്കം ൱.

മംഗളം

മടിയിൽകുടികൊണ്ടഗൌരിതന്റെ
കുടിലപ്രേക്ഷണവല്ലികൊണ്ടനംഗൻ
പിടിപെട്ടവരിഞ്ഞപൊലെനീലം
നിടിലാക്ഷന്റെരഗളംശ്ശുഭംതരട്ടെ

കെ. കൃഷ്ണർ എമ്പ്രാന്തിരി.

ചേലയിൽ കുടിയവർ.

മലയാളരാജ്യത്തെക്കുറിച്ച് വിശദമായ ഒരു ചരിത്രപുസ്തകമുണ്ടായിരുന്നുവെങ്കിൽ അത് വായിപ്പാൻ സ്വദേശാഭിമാനികളായ മലയാളികൾക്ക് എത്ര രസമുണ്ടാകുമായിരുന്നു? അതിൽ നമുക്ക് അറിഞ്ഞിരിക്കേണ്ടവയായ അസംഖ്യം സംഗതികൾ അടങ്ങിട്ടുണ്ടാകുമായിരുന്നു. ഇപ്പോൾ നമ്മുടെ പൂർവ്വചരിത്രം കേവലം ആകാശംപോലെ ശൂന്യമായിട്ടാണ് കാണ്മാനുള്ളത്. അതും ഏറ്റവും അന്ധകാരപ്രായമായിട്ടേ ഉള്ളുതാനും. വളരെ അകലെയെങ്ങാനും

ള്ള സൂക്ഷ്മതപനക്ഷത്രങ്ങൾ നമുക്ക വേണ്ടുവോളം വെളിച്ചമുണ്ടാക്കിത്തരുവാൻ തക്കവണ്ണം അടുത്തുവരുന്ന കാലം എന്നാണെന്നും അറിഞ്ഞുകൂടാ. അക്കഥയിരിക്കട്ടെ. അടുത്തകാലത്ത് നടന്നിട്ടുള്ള പ്രധാനപ്പെട്ട സംഗതികൾ പോലും വിശദമായി എഴുതിവെപ്പാൻ നമ്മുടെ ഇടയിൽ പരിഷ്കൃത പുരുഷന്മാരാണെന്ന് ഭാവിക്കുന്ന മലയാളികൾക്കും ഉത്സാഹം തോന്നാത്തതിലാണ് അത്ഭുതപ്പെടുവാനുള്ളത്.

മലയാളത്തിൽ ഇപ്പോൾ കാണുന്ന പുതിയ പരിഷ്കാരസമ്പത്തിന്നൊക്കെ ഏകബീജമായും ഒരു രാജ്യം മുഴുവൻ ഇളക്കി മറിച്ചതായും അന്നുള്ള സകല ജനങ്ങൾക്കും അത്യാപൽകരവും മഹാഭയങ്കരവുമായിരുന്ന എന്നു് അന്യഭാഷാചരിത്രപുസ്തകങ്ങളിൽകൂടി ഉൽഘോഷിക്കുന്നതായുമുള്ള 'ടിപ്പുസുൽത്താന്റെ ആക്രമണം' എന്ന സംഗതിയെപ്പറ്റിയെങ്കിലും നമ്മുടെ പരിഷ്കാരിവീരപുരുഷന്മാരിൽ ഒരുവൻപോലും മലയാളഭാഷയിൽ ഒരു വിശദമായ പുസ്തകം എഴുതിയുണ്ടാക്കീട്ടില്ലെന്നുള്ള വാസ്തവം കേട്ടാൽ ആർക്കാണ് ആശ്ചര്യംതോന്നാത്തത്? ഇനിയെങ്കിലും ഒരു ഒരു ന്യൂനത തീർപ്പാൻ വല്ല വരും ഉദ്യമിച്ചാൽ നന്നായിരുന്നു. ഇതാ എന്റെ ഉദ്ദേശ്യവിഷയത്തിലേക്ക് ഞാനും തിരിയുന്നു.

സ്വയമേവ മൈസൂർ രാജാവായി വാണീട്ടുള്ള ഹൈദറാലി തിരുവിതാംകൂറും കൊച്ചിയും ഒഴികെ മറ്റുള്ള മലയാളരാജ്യം ഒട്ടു മുഴുവനും ഒരു വിധം കീഴടക്കിയതിന്നുശേഷമാണ് ജീവകാലം കഴിച്ചുപോയത് എന്ന് പ്രസിദ്ധമാണല്ലൊ. ആ മഹമ്മദീയ വീരപുരുഷന്റെ അനന്തരപനായ പുത്രനും അച്ഛനെക്കാൾ അധികം സമർത്ഥനും ശൂരനുമായ ടിപ്പുസുൽത്താൻ തനിക്ക് രാജ്യഭാരം കിട്ടിയതിന്ന് ശേഷം തന്റെ രാജ്യത്തിൽ ഉൾപ്പെട്ട കേരളഖണ്ഡം പരിഷ്കരിച്ച് നന്നാക്കുവാനായിട്ടാണ് മലയാളത്തിലേക്ക് വീണ്ടും പ്രവേശിച്ചത് എന്ന് ചിലർ പറയുന്നുണ്ട്. അത് വാസ്തവമായിരിയ്ക്കാം. പക്ഷേ തനിക്ക് കപ്പം തരേണ്ടവരായ സാമൂതിരിപ്പാട് മുതലായ രാജാക്കന്മാർ അതാതുകാലങ്ങളിൽ കപ്പം അടക്കാഞ്ഞതുകൊണ്ട് അവരെ ഒന്നു മര്യാദ പഠിപ്പിക്കേണമെന്നുള്ള വിചാരവും ഒരു ഉഗ്രപരാക്രമനെ ഇങ്ങോട്ടു വരുത്തുവാൻ കാരണമല്ലെന്ന് പറഞ്ഞുകൂടാ. കേരളരാജ്യനിവാസികളുടെ ഇടയിലുള്ള ചില ജാത്യാചാരങ്ങ

ളിൽ നടന്നുപോരുന്ന അപമര്യാദകൾ നിറുത്തൽ ചെയ്യാൻകല്പന കൊടുത്തിട്ടും അവർ ആ കല്പനയെ കേവലം അനാദരിച്ചതിനാൽ ഉഗ്രശാസന നടത്തുവാൻ വേണ്ടിയാണ് പുറപ്പെട്ടതെന്നും ഒരു പക്ഷമുണ്ട്. ഏതായാലും ഉദ്യമത്തിന്റെ ഫലംകൊണ്ടു ഊഹിക്കുന്നതായാൽ ജാത്യാചാരങ്ങളെ തീരെ നിറുത്തൽ ചെയ്യണമെന്നതന്നെയായിരുന്നു ഉദ്ദേശമെന്നു സ്പഷ്ടമാകുന്നുണ്ട്. എന്തുകൊണ്ടെന്നാൽ മലയാളത്തിലുള്ള സകല ജാതിക്കാരേയും പക്ഷഭേദം കൂടാതെ ഒരേ നിലയിൽ മഹമ്മത് മതത്തിൽചേർത്ത് ഏകദൈവത്തിന്റെ ഉപാസകന്മാരാക്കിത്തീർത്ത് സമഭാവനയിൽ പരിപാലിപ്പാനായിരുന്നു ടിപ്പുസുൽത്താൻ സാഹസത്തോടുകൂടി പ്രയത്നിച്ചത് എന്ന് ചരിത്രംകൊണ്ട് കാണുന്നുണ്ട്. അന്യമതക്കാരായ അസംഖ്യം മലയാളി കുടുംബങ്ങളെ ടിപ്പുസുൽത്താന്റെ പരിചാരകന്മാർ ഇസ്ലാം മതത്തിൽ ചേർത്തു. ഇത് സ്വമതപ്രതിപത്തിയുള്ള ജനസമുദായത്തിന്റെ ഇടയിൽ വലിയ സങ്കടത്തിനും ഇളക്കത്തിനും കാരണമായി എന്നു പറയേണ്ടതില്ലല്ലൊ. സമ്മതമില്ലാത്തവരുടെ നേരെ ബലാൽക്കാരം പ്രയോഗിച്ചു തുടങ്ങിയാൽ പിന്നത്തെ ക്ഷോഭത്തിന് അവസാനമുണ്ടോ? ശൂരന്മാർ എതിർത്തു പൊരുതുകയും ഭീരുക്കൾ പേടിച്ചൊഴിച്ച് ഒളിച്ചോടിപ്പോകയും ചെയ്തു തുടങ്ങി. അക്കാലം വരെ തങ്ങളെ രക്ഷിച്ചിരുന്ന രാജാക്കന്മാർപോലും പേടിച്ചോടിയൊളിക്കുന്നതായ ഘോരം ഒരു പ്രബലാക്രമണത്തിൽ സാധുക്കളായ നാട്ടുകാർ പല കഷ്ടതകളും അനുഭവിച്ചു എന്നു വേണ്ടു. പലരും ബലാൽക്കാരത്താൽ ഇസ്ലാം മതത്തിൽ ചേരുകയും, ചിലർ കലഹംവെട്ടി പ്രാണത്യാഗമെന്ന സിദ്ധൌഷധം കൊണ്ട് ഒഴിഞ്ഞുപോകയും ചെയ്തു. അനവധി ജനങ്ങൾ സകുടുംബം തിരുവനന്തപുരത്ത് രാമരാജാവെന്ന് പ്രസിദ്ധനായ മഹാരാജപുരുഷനെ ചെന്നാശ്രയിച്ച് അദ്ദേഹത്തിന്റെ രക്ഷയിൽ പാർത്തു. തങ്ങളുടെ നാടുവിട്ടു പോന്നിട്ടുള്ള അസംഖ്യം കുലങ്ങളെ ശേഖരപ്പെടുത്തി കാത്തതു നിമിത്തം തിരുവനന്തപുരത്ത് മഹാരാജാവ് കുലശേഖരപ്പെരുമാൾ എന്ന് യഥാർത്ഥനാമാവായിതീർന്നു. വേറെ ഒരു തരക്കാർ സ്വദേശം വിട്ടുപോകാതെതന്നെ കൂടുകയാൽ മഹമ്മദീയരുടെ കയ്യിൽ അകപ്പെട്ടിട്ടും ഉപായത്തിൽ അവരെ വഞ്ചിച്ച് ഇസ്ലാം മതത്തിൽ ചേർന്നു എന്നു തോന്നിച്ചുകൊണ്ട് സ്വ

മതം വിടാതെ ഒരുവിധം കൊപ്പിച്ചുമാറീട്ടുമുണ്ട്. ഇവരെയാണ് 'ചേല യിൽക്കൂടിയവർ' എന്ന് പറഞ്ഞുവരുന്നത്. ഇവർ ആ ലഹളയിൽ ഇസ്ലാം മതക്കാരുടെ സമ്പ്രദായത്തിൽ ചേല (വസ്ത്രം) ഉടുത്തു കൊണ്ട് ആ കൂട്ടത്തിൽ കൂടിയതുനിമിത്തമാണ് "ചേലയിൽകൂടി യവർ" എന്ന് പേര് സമ്പാദിച്ചത്. ഒരം വർഗ്ഗത്തിൽ നമ്പൂരി, ക്ഷത്രിയൻ, അമ്പലവാസി, നായർ, വെളുത്തേടൻ, വെളുക്ക ത്തലവൻ, വേലൻ (മണ്ണാൻ) എന്നുവേണ്ടാ, പല ജാതിക്കാരു മുൾപ്പെട്ടിട്ടുമുണ്ട്. ഏറനാട്, വെള്ളുവനാട്, കുറുമ്പനാട് ഈ താലൂക്കുകളിലും വിശേഷിച്ച് വെട്ടത്തനാട്, പരപ്പനാട് മുതലാ യ പ്രദേശങ്ങളിലുമാണ് ഇവരുള്ളത്. നമ്പൂരിമാർ എട്ടോ, പ ത്തോ ഇല്ലക്കാരുണ്ട്. ക്ഷത്രിയർ പരപ്പനാട് തമ്പുരാന്റെ ഒരു കു ടുംബം മാത്രമേ ഉണ്ടായിരുന്നുള്ളൂ. മറുള്ള ജാതിക്കാരും നാലും, അഞ്ചും, എട്ടും, പത്തും കുടുംബക്കാരുണ്ട്. ആകപ്പാടെ നോക്കു ന്നതായാൽ ഇവർ അറുപത് ഗൃഹക്കാരിൽ അധികമില്ല നിശ്ചയം തന്നെ.

ഒരം കൂട്ടരായിട്ട മറുള്ള മലയാളികൾ കൂടിക്കഴിയുക പതി വില്ല. സകല കർമ്മങ്ങൾക്കും ജാത്യാചാരങ്ങളെ അനുസരിച്ച് ഇ വർ തമ്മിൽതന്നെയാണ് കഴിഞ്ഞുവരുന്നത്. പരസ്പരം ഉപക രിക്കുന്നവരായ പല ജാതിക്കാരും ഇവരുടെ കൂട്ടത്തിൽതന്നെ ഉള്ള തുകൊണ്ട് ഒന്നിനും ഇവർക്ക് ബുദ്ധിമുട്ട് വരാറില്ല. ഇവർക്കും മ റുള്ള മലയാളികളേപ്പോലെതന്നെ വർണ്ണാശ്രമാചാരങ്ങളിൽ നി ഷ്ഠയും, ശ്രദ്ധയുമുണ്ട്. കാലക്രമംകൊണ്ട് മലയാളികളിൽ പര ക്കെ തട്ടിക്കാണുന്നതായ വർണ്ണാശ്രമാചാരങ്ങളിലുള്ള അനാസക്തി ഇവരുടെ ഇടയിലും ഉണ്ടായിരിക്കാം എന്നുമാത്രമേ ഉള്ളൂ. എങ്കി ലും തപസികൾ, മന്ത്രവാദികൾ, വൈദ്യന്മാർ, ജ്യോതിഷികൾ, വിദ്വാന്മാർ, സമ്പന്നന്മാർ, പരിഷ്കാരികൾ, ഒരം വകക്കാരൊ ക്കെ ഇവരുടെ കൂട്ടത്തിലും ഉണ്ട്. കാലംകൊണ്ടുള്ള മാറ്റം നോ ക്കുക. നൂറു കൊല്ലത്തിനു മുമ്പ് മഹമ്മദീയരുടെ വേഷം കെട്ടി യെന്നോ, അവരുടെ കൂട്ടത്തിൽ നടന്നുവെന്നോ, കലാപത്തിൽ മറുള്ളവരുടെകൂടെ നാടുവിട്ടുപോകാതെ സ്വദേശത്ത്തന്നെ പാ ർത്തിരുന്നതേ ഉള്ളൂ എന്നോ, ഉള്ള സംഗതിയിന്മൽ ഇവരെ മറുള്ള വർ വർജ്ജിച്ചു തിരിച്ചുനിർത്തിയല്ലൊ. ഇപ്പൊഴൊ, ആരെല്ലാം ഏ

തെല്ലാം അന്യമതക്കാരുടെ വേഷം കെട്ടുന്നു. ആരോടെല്ലാം കൂടിനടക്കുന്നു. സജാതിയരല്ലാതെ ഒന്നെല്ലാം പ്രവൃത്തിക്കുന്നു. ഒന്നും പറയേണ്ട.

കോങ്കണബ്രാഹ്മണർ.

ഇനി പ്രകൃതം അനുസരിക്കട്ടെ. ത്രിഹോത്രമെന്നതു ജനക മഹാരാജാവിന്റെ രാജ്യമായിരുന്ന വിദേഹത്തിന്റെ ദക്ഷിണഭാഗത്തുള്ള ഒരു പട്ടണമാകുന്നു. അതിന്നു ഇപ്പോൾ തിർഹുതം (Tirhut) എന്നാകുന്നുപേർ. ഇതിന്നു ത്രിഭുക്തം എന്നും നാമാന്തരമുണ്ട്. പാകയജ്ഞങ്ങൾ, ഹവിർയ്യാഗങ്ങൾ, സോമയാഗങ്ങൾ എന്ന ത്രിവിധയാഗങ്ങളെ ചെയ്തുവന്നിരുന്ന ബ്രാഹ്മണർ അധിവസിച്ചതുകൊണ്ട് അതിന്നു ത്രിഹോത്രം എന്ന പേരുണ്ടായി. അഥവാ ത്രിവിധപാകയജ്ഞങ്ങൾ ചെയ്തിരുന്ന ബ്രാഹ്മണരുടെ അധിഷ്ഠാനം എന്നുമാത്രമാവാം. മഹാഭാരതയുദ്ധം നടന്നകാലത്ത് വിദേഹരാജ്യം ജരാസന്ധന്റെ അധീനത്തിൽ ഉണ്ടായിരുന്ന മഗധരാജ്യമായ്തീർന്നു. ഈ മഗധരാജ്യത്തിലായിരുന്ന രാജഗൃഹമെന്നും പാടലിപുത്രമെന്നും പേരായ രാജധാനി. ഇതിന്നു ഇപ്പോൾ പാട്ന (Patna) എന്നാകുന്നു പേർ. ഈ രാജ്യത്തിൽ ബുദ്ധമതം പ്രബലപ്പെട്ടുപോയതുകൊണ്ടു ശ്രമണന്മാരുടെ നിവാസാർത്ഥമായി അസംഖ്യംവിഹാരങ്ങൾ പണിയിച്ചതുകൊണ്ട് മഗധദേശത്തിന്നു വിഹാരം എന്ന പേരുണ്ടായി (Behar). ബൌദ്ധമതത്തിന്റെ പ്രാബല്യത്താൽ യാഗാദികൾ ക്ഷയിച്ചുപോയതുകൊണ്ട് ഉപജീവനത്തിന്നു വഴി കാണാഞ്ഞിട്ട് ത്രിഹോത്ര ബ്രാഹ്മണർ പശ്ചിമതീരത്തു വന്നുവോ, അഥവാ ഇങ്ങനെ കഷ്ടപ്പെടുന്ന കാലത്തു ശ്രീപരശുരാമൻ പശ്ചിമതീരത്തു പോവാനായിട്ട അവരോടു കല്പിച്ചുവോ, എന്നു ഇപ്പോൾ തീർച്ചപ്പെടുത്തുവാൻ അസാദ്ധ്യംതന്നെ എങ്കിലും മഗധഭാഷയിലെ ശബ്ദങ്ങളും രൂപങ്ങളും കോങ്കണഭാഷയിലും ഉള്ളതുകൊണ്ട് ഇവരുടെ ഭാഷ സംസ്കൃതത്തിൽനിന്നു വിലക്ഷണമായ പ്രാകൃതമായ്തീർന്നതിന്റെ ശേഷം മാത്രം ഇവർ ഉ

ത്തരഫിനുദേശത്തിൽനിന്നു പുറപ്പെട്ടപോന്നു എന്നു പറയുന്നപക്ഷം ഇവർ ഏകദേശം 2400 കൊല്ലങ്ങൾക്കു മുമ്പുതന്നെ ഗോവയിൽ എത്തീട്ടുണ്ടായിരിക്കേണമെന്ന് ഊഹിക്കാം. കോങ്കണഭാഷയെപ്പറ്റിയുള്ള ഉപന്യാസത്തിൽ ഈ വിഷയം വിശദമായി വിവരിക്കാം.

മംഗ്രാമം, കുശസ്ഥലി, കുട്ടലി എന്നീ ഗ്രാമങ്ങളിലും ഗോമന്തപർവ്വതത്തിലും ഭാർഗ്ഗവരാമൻ ത്രിഹോത്രപുരത്തിലേ ദേവന്മാരെ കൊണ്ടുവന്നു പ്രതിഷ്ഠിച്ചു. ഈ ദേവന്മാരിൽ മാംഗിരീശൻ, മഹാദേവൻ, മഹാലക്ഷ്മീ, മാളസാ, ശാന്താദുർഗ്ഗാ, നാഗേശൻ, സപ്തകോടീശ്വരൻ എന്നു ദേവതകളും കോങ്കണബ്രാഹ്മണരുടെ പ്രധാനകുലദേവതകളാകുന്നു. ഇവർ കൂടാതെ, നരസിംഹൻ, സാന്തേരികാമാക്ഷി, രവളനാഥൻ, ദാമോദരൻ, ഗോപാലകൃഷ്ണൻ, രാമനാഥൻ, ഗണേശൻ മുതലായവരും ഉണ്ട്. ഇവരിൽ മാംഗിരീശനും മാളസയും അതിപ്രസിദ്ധ ദേവതകളാകുന്നു. മാംഗിരീശൻ എന്ന പദം മാംഗേശൻ എന്നും മംഗേശൻ എന്നുമുള്ള രൂപം ധരിച്ചിരിക്കുന്നു. ഈ ദേവൻ ശിവമൂർത്തിയാകുന്നു. സഹ്യാദ്രിഖണ്ഡത്തിന്റെ ഉത്തരാർദ്ധത്തിൽ മാംഗേശമാഹാത്മ്യം എന്ന ഗ്രന്ഥം ഉണ്ട്. ഇതിലെ മുഖ്യസംഗതികളെ കാണിച്ചു ഒരുപന്യാസം അവസരാനുകൂല്യം എഴുതാം. വിഹാരദേശത്തിലേ (Behar) ഒരു ജില്ല മാംഗീര (Monghir) ആകുന്നു. ഇതിലേ പ്രധാന പട്ടണം മാനഗീരം മാംഗീരം എന്നത് ഭാഗിരഥീതീരത്തു സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈ പട്ടണത്തിൽ ഉള്ള ശിവക്ഷേത്രം ബങ്കാളത്തിലുള്ള ക്ഷേത്രങ്ങളിൽവെച്ചു അതിപ്രസിദ്ധിയുള്ളതാകുന്നു. ഈ ശിവാലയത്തിലേ ശിവന്റെ പ്രതിമയാകുന്നു ഗോവയിലേ മാംഗേശ ക്ഷേത്രത്തിലേ ബിംബമെന്നു ഐതിഹ്യം.

രോഗാരിഷ്ടങ്ങൾക്ക് കാരണം കുലദേവതാപ്രകോപം ആകുന്നുവെന്നു പ്രശ്നമുഖേന അറിഞ്ഞ ഉടനെ ആ കോപപ്രശാന്തിക്കായ്ക്കൊണ്ടു ഗോവയിലും അതിന്നു ചുറ്റുമുള്ള ഗ്രാമങ്ങളിലും ഉള്ള കുലദേവതാലയങ്ങളിൽ ചെന്നു അവിടെ ചെയ്യേണ്ട കർമ്മങ്ങൾ ചെയ്ത്, വഴിവാടു മുതലായതുകൊടുത്ത്, ദേവനെ തൊഴുതു മടങ്ങിവരാമെന്ന സങ്കല്പത്തോടുകൂടി കുറേപ്പണം പ്രതിവാരം എടുത്തുവെക്കയും സുഖമായ ഉടനെ ഗോവയിൽ ചെന്നു കുലദേവതാരാധ

ന ചെയ്യ വരികയും ചെയ്യുന്ന സമ്പ്രദായം തെക്ക് കോഴിക്കോട്ടവ രെയുള്ള കോങ്കണബ്രാഹ്മണർ ആദരിച്ചുവരുന്നു. അതിനു തെക്കു ള്ളവർ ഗോവയിലെക്ക പോകുന്നതു കേവലം സമ്പത്സമൃദ്ധിക്കു വെ ച്ച് തുപ്പതിയിലെ ദേവനായ ശ്രീ വേങ്കടാചലസ്വാമിയെ ഇഷ്ടദേ വനാക്കി ഭജിച്ചുവരുന്നതുകൊണ്ടു കൊച്ചിയിലും തിരുവിതാംകൂറി ലും ഉള്ള കോങ്കണബ്രാഹ്മണക്ക കുലദേവതയുടെ പേർതന്നെ വി സ്മൃതപ്രായമായിട്ടിരിക്കുന്നു.

ബുക്കമഹീപാലന്റെ കാലത്തു ഗോവാ വിജയനഗര സം സ്ഥാനത്തിൻ കീഴിൽ ആയിരുന്നു. അന്നു രാജ്യകാര്യങ്ങൾ നടത്തു വാനായിട്ട് കോങ്കണബ്രാഹ്മണക്ക ഗോവയിലും അയൽപ്രദേശ ങ്ങളിലും അധികാരം സിദ്ധിച്ചിരുന്നു. ഏകദേശം ക്രിസ്തുവിനു മുമ്പ് ഗോവയും വിജയനഗരവും തമ്മിൽ നല്ല കച്ചവടം നടന്നിരുന്നതു കൊണ്ട് രണ്ടു രാജ്യങ്ങളിലേക്കും ഗതാഗതത്തിനു വളരെസൌകര്യം ഉണ്ടായിരുന്നു. വിജയനഗരത്തിൽനിന്നു കിഴക്കോട്ടക്ക പോവാനും മാറ്റങ്ങൾ ഉണ്ടായ ഉടനെ കോങ്കണബ്രാഹ്മണർ തുപ്പതിയിലെക്ക യാത്രചെയ്തു പതിവായിവന്നു. അന്നുമുതല്ക്കേ ഇവർ ആ ദേവന്റെ പരമഭക്തന്മാരായിട്ടിരിക്കുന്നു. ഈ ദേവന്റെ ആലയമുള്ള പർവ്വ തത്തിനു വൃഷഭാദ്രി, ശേഷശൈലം, ശ്രീശൈലം മുതലായ പേരു കൾ ഉള്ളതിൽ ശ്രീശൈലം എന്നതിന്റെ തമിഴ്ഭാഷാന്തരം തിരു മലയാകുന്നു. അതുകൊണ്ട് കൊച്ചി, എറണാകുളം മുതലായ തെ ക്കൻ ദിക്കുകളിൽ കോങ്കണബ്രാഹ്മണരുടെ ആരാധ്യദേവൻ വെ ങ്കടാചലപതിയാകയാൽ ഇവരുടെ ദേവാലയങ്ങൾക്ക "തിരുമല ദേവസ്വം" എന്നു പേരുണ്ടായി.

കോങ്കണബ്രാഹ്മണരുടെ മതവിഷയം ഉപന്യാസിക്കുമ്പോൾ ഇവരുടെ ആരാധ്യദേവന്മാരെ കുറിച്ചു എല്ലാം പറയാം.

മാംഗേശൻ, മഹാളസാ, സാന്തേരികാമാക്ഷി, രവളനാഥ ൻ മുതലായ ദേവന്മാർ കോങ്കണബ്രാഹ്മണക്മാത്രം പ്രത്യേകിച്ചുള്ള വരാകകൊണ്ടും ഇതരബ്രാഹ്മണർ ഇവരെ കുലദേവതകളായി ആദ രിച്ചുവരാത്തതുകൊണ്ടും സഹ്യാദ്രിയിൽ പറഞ്ഞ ത്രിഹോത്രപുര ബ്രാഹ്മണർ കോങ്കണബ്രാഹ്മണർ തന്നേ എന്നു തെളിയുന്നു.

കുലദേവതയെ ആരാധിപ്പാനായിട്ടു ഗോവയിൽ ചെന്നാൽ അതാതു ദേവാലയത്തിലെ പൂജാരികൾ പൂജക്ക് ആവശ്യമുള്ള

സകല സാമഗ്രികളും തയ്യാറാക്കി കൊടുത്ത്, ഇപ്പദേശങ്ങളിൽനിന്നു ചെന്ന കൊങ്കണബ്രാഹ്മണനെ പൂജാസ്ഥാനം ഒഴിഞ്ഞുകൊടുക്കേ ഇന്നും നടപ്പാകുന്നു.

ശ്രീ പരശുരാമൻ ഇവർക്കു നൽകിയ ഗ്രാമങ്ങൾ കൊടുത്ത് ഗോരാഷ്ട്രത്തിൽ പാർപ്പിച്ചു എന്നു മുമ്പു പറഞ്ഞുവല്ലോ. അറുപത്താറു ഗ്രാമങ്ങളിൽ വസിക്കുന്നതുകൊണ്ടു ഇവരെ 'സാസഷ്ടിക്കാർ' എന്നു പറയും. ഷഠ്ഷഷ്ടി എന്ന സംസ്കൃതം കോങ്കണഭാഷയിൽ സാസഷ്ടി എന്നു മാറും. സാസഷ്ടി എന്നതു ഉച്ചാരണലാഘവത്താൽ സാഷ്ടി എന്ന രൂപാന്തരേണ പരിണമിക്കും. അതുകൊണ്ട് സാസഷ്ടിക്കാർ എന്നതുതന്നേ 'സാഷ്ടിക്കാർ' എന്നായ്തീർന്നു. "സാമുദായക," "പൊതുവിൽ ഉള്ള" എന്ന അർത്ഥത്തിൽ സാഷ്ടി (communal, commun)എന്ന പദം ഉപയോഗിച്ചിരുന്നു എന്നതിനെ പ്രതിപാദിപ്പാൻലക്ഷ്യം ഉണ്ട്. കൊച്ചിയിൽ കോങ്കണബ്രാഹ്മണ സമുദായത്തിനു പൊതുവിലുള്ള ശ്മശാനസ്ഥലത്തിനു "സാഷ്ടിപ്പറമ്പ്" എന്നാകുന്നു പേർ. പറമ്പെന്ന പദം മലയാളം തന്നേ എങ്കിലും സാഷ്ടി എന്നതു മലയാളമല്ലായ്കയാൽ 'സാഷ്ടിപ്പറമ്പ്' എന്ന പദം എതദ്ദേശീയർ ഉണ്ടാക്കിയതല്ലെന്നു തെളിയുന്നു.

എം. ശേഷഗിരിപ്രഭു, എം. എ.

ഒരു ചിലന്തിയുടെ ചരിതം.

ഉദ്ദേശം നാലു സംവത്സരത്തിനുമുമ്പ് ഒരിക്കൽ എന്റെ പുരമുറിയുടെ ഒരു മൂലയിൽ ഒരു ചിലന്തി വല കെട്ടുന്നതു ഞാൻ നോക്കുകയുണ്ടായി. വീട്ടിലെ അടിച്ചു തളിക്കാരി അവളുടെ കാലദണ്ഡതുലയായ സമ്മാജ്ജനിയെ കൂടെക്കൂടെ ആ ചെറിയ പ്രാണിയുടെ വ്യവസായഫലത്തിന്റെ നേരേ കാങ്ങാറുണ്ടായിരുന്നെങ്കിലും ഭാഗ്യവശാൽ ഞാൻ അതിനെ ധ്വംസിക്കുന്നതിന് സമ്മ

* ഈ പ്രാണിവിശേഷത്തിനു ചെലന്നി എന്നും, (നൂൽ) മണ്ണാൻ എന്നും കൂടി പേർ പറഞ്ഞുവരാറുണ്ട്.

തിച്ചില്ലാ; അങ്ങനെ ചെയ്യുന്നതിന് എനിക്കു വിചാരിച്ചതിലധികം വിനോദത്രുപേണ പ്രതിഫലവും ലഭിച്ചു.

കേട്ടാൽ വിശ്വസിക്കുവയ്യാത്തതായ വ്യവസായത്താൽ ആ വലയുടെ പണി മൂന്നു ദിവസംകൊണ്ടു പൂർത്തി ആയി; അനന്തരം ആ കീടം അതിന്റെ പുതിയ വാസഗൃഹത്തിൽ ഉല്ലാസത്തോടുകൂടി രമിക്കുന്നതായി എനിക്കു വിചാരിക്കാതിരിപ്പാനും കഴിഞ്ഞില്ലാ. അതു കൂടക്കൂടെ ആ വലയിൽ ചുറ്റി സഞ്ചരിക്കുകയും, വലയുടെ ഓരോ ഭാഗത്തേയും ബലം ശരിയായിരിക്കുന്നോ എന്നു പരിശോധിക്കയും, തിരികെ വാസസ്ഥാനമായ രന്ധ്രത്തിലേയ്ക്കു മടങ്ങുകയും ഇടയ്ക്കിടെ വെളിയിൽ ഇറങ്ങിപ്പോകയും ചെയ്തു വന്നു. അതിനു ആട്ടുമായി എതിർക്കേണ്ടി വന്ന ശത്രു അതിനേക്കാൾ വലുതായ മറ്റൊരു ചിലന്തി ആയിരുന്നു. ഒരു പുതിയ ചിലന്തി തന്റെ അയല്ക്കാരന്റെ സ്വത്തിനെ ആക്രമിക്കാൻ വന്നത് തനിക്കു സ്വന്തമായ ഒരു വല ഇല്ലാഞ്ഞതുകൊണ്ടും, അങ്ങനെ ഇല്ലാതേ വന്നതു ഒരു മാതിരിപ്പണികളിൽ തനിക്കുണ്ടായിരുന്ന ചരക്കെല്ലാം ക്ഷയിച്ചു പോയതുകൊണ്ടും ആയിരിക്കാം. ഉടൻതന്നെ അവർ തമ്മിൽ ഭയങ്കരമായ ഒരു യുദ്ധം നടന്നു; ഇതിൽ വിജിഗീഷുവായി വന്നതിനാണ് ജയം ലഭിച്ചത്; പരിശ്രമി ആയ മറ്റേതിനു തന്റെ രന്ധ്രദ്വാരത്തിൽ പ്രവേശിച്ച് രക്ഷപ്പെടേണ്ടതായിട്ടും വന്നുകൂടി. ഇതുയും കഴിഞ്ഞതിന്റെ ശേഷം ജേതാവു ദ്വാരഗതനായ ശത്രുവിനെ അവിടനിന്ന് അപകഷ്ടിക്കുന്നതിനു പല പോരുകളും പണിഞ്ഞതു ഞാൻ സൂക്ഷിച്ചു. അവൻ വിട്ടുപോകുന്ന ഭാവം നടിച്ചു. എന്നാൽ ഉടൻതന്നെ മടങ്ങിവന്നു. പിന്നീട് പോരുകളൊന്നും ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ അവൻ ആ പുത്തൻ വലയെ നിർദ്ദയം നശിപ്പിക്കാൻ ആരംഭിച്ചു. ഇത് പേരേ ഒരു യുദ്ധത്തിനു സംഗതി ആക്കുകയും ഞാൻ വിചാരിച്ചിരുന്നതിനു വിപരീതമായിട്ട് ആ പരിശ്രമിയായ ചിലന്തി ജയിക്കുകയും അതിന്റെ ശത്രു ഹതപ്രാണനാകയും ചെയ്തു.

ന്യായമായ തന്റെ സ്വത്ത് തനിക്കുതന്നെ കൈവശപ്പെട്ടുവെന്നു കണ്ടപ്പോൾ ആ ചിലന്തി പരമക്ഷമയോടുകൂടി വലസ്സംബന്ധമായ അറ്റകുറ്റങ്ങളെ തീർത്തുകൊണ്ടും എന്റെ അറിവിൽ ആഹാരം കുറംകൂടാതെയും ഒരു മൂന്നു ദിവസം ഇരുന്നു. എന്നാൽ

കടവിൽ നീലനിറത്തിലുള്ള ഒരു വലിയ ഠരംച്ച അവന്റെ വല യിൽ അകപ്പെട്ടുകയും മോചനം പ്രാപിക്കുന്നതിന് കഠിനമായി ശ്രമിക്കയും ഉണ്ടായി. അതിന് വലയിൽ കഴിയുന്നിടത്തോളം കൂട്ടങ്ങാൻ ചിലന്തി അവസരം കൊടുത്തു. എന്നാൽ വലയുടെ സ്ഥിതിക്ക് ഠരംച്ച കുറെ അധികം ബലവാനായിരുന്നതു പോലേ തോന്നി. ചിലന്തി ഉടൻതന്നെ പുറപ്പെട്ടുവന്നു ഒരു മിന്നട്ടിനകം പാറാപ്പുള്ളിയുടെ ചുറ്റും ഒരു പുതിയ വല കെട്ടിയതു കണ്ടപ്പോ ൾ ഞാൻ അത്യാശ്ചര്യപ്പെട്ടുപോയി എന്നു സമ്മതിച്ചേ തീരൂ. ഠരം വലകൊണ്ടു ഠരംച്ചയുടെ ചിറകുകൾക്കുണ്ടായിരുന്ന ചലനം നിലച്ചു. ഠരം മുട്ടിൽ ഠരംച്ച ഒരുവിധം പ്രതിരോധഗതി ആയപ്പോ ൾ ചിലന്തി അതിനെ പിടിച്ചിഴച്ചു തന്റെ രന്ധ്രത്തിലേക്ക് കൊ ണ്ടു പോകയും ചെയ്തു.

ഠരംവിധം ഒരു അരിഷ്ടസ്ഥിതിയിൽ അത് കാലക്ഷേപം ചെയ്തു; ഠരംശ്വരൻ അതിനെ ഠരം മാതിരി ജീവയാത്രക്കു ചേന്നാ ണ് സൃഷ്ടിച്ചിട്ടുള്ളതും; എന്തുകൊണ്ടെന്നാൽ അതു ഒരു കുറെ ഠരം ച്ചയേക്കൊണ്ടു ഒരു വാരത്തിലധികം ആഹാരം നിവർത്തിച്ചു. ഒരി ക്കൽ ഞാൻ ഒരു കടന്നലിനെ അതിന്റെ വലയിൽ പിടിച്ചിട്ടു; എന്നാൽ പതിവുപോലെ ചിലന്തി അതിനെ പിടിക്കാൻ വന്ന പ്പോൾ ഏതുവിധം ശത്രുവിനോടാണ് തനിക്കു പണിമാറാനുള്ളത് എന്ന് മനസ്സിലായതിൽ ഉടൻതന്നെ അതിനെ ബന്ധിച്ചിരുന്ന നൂലുകളെ അറുക്കുകയും അതു ബലവാനായ ശത്രുവിനെ അഴിച്ചു വിടുന്നതിന് തനിക്കു കഴിയുന്നതൊക്കെ പ്രവർത്തിക്കുകയും ചെയ്തു. കടന്നൽ വിമുക്തനായപ്പോൾ ചിലന്തി വലയുണ്ടായ കേടുകാ ത്തീർപ്പാൻ ആരംഭിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു; എന്നാൽ ആ കേടുകാത്തീർക്കയാത്തതായിരുന്നു എന്ന് തോന്നുന്നു; അതി നാൽ ആ വല നിർദ്ദോഷമുപേക്ഷിക്കപ്പെടുകയും പുതുതായൊന്നു ആരംഭിക്കപ്പെടുകയും ഉണ്ടായി. അതും പതിവുള്ള സമയംകൊ ണ്ടു പൂർത്തി ആയി.

ഇതുമായപ്പോൾ ഒരു ചിലന്തിക്കു എത്ര വല കെട്ടുവാൻ കഴിയുമെന്നു പരീക്ഷിക്കണമെന്നു എനിയ്ക്കു ഒരു ബുദ്ധി തോന്നി. അതിൻപ്രകാരം ഞാൻ ഠരം വലയേ നശിപ്പിക്കുക യും ആ കീടം വേറെ ഒന്നു ആരംഭിക്കുകയും ചെയ്തു. ആ വലയും

ഞാൻ നശിപ്പിച്ചപ്പോൾ അതിന്റെ ചരക്കെല്ലാം അവസാനിച്ചതായി തോന്നി; ഇനിമേൽ അതിനു നൂൽ നൂൽക്കാൻ കഴിയില്ലായിരുന്നു. പ്രധാന ജീവനോപായമില്ലാതായി ഒരു സ്ഥിതിയിൽ പ്രാണധാരണത്തിനു വേണ്ടി അതു പ്രയോഗിച്ച കൌശലങ്ങൾ വാസ്തവമായിട്ട് ആശ്ചര്യകരങ്ങളായിരുന്നു. അതു കാലുകളെ ഒരു പന്തിന്റെ ആകൃതിയിൽ ചുരുക്കി വളരെ നേരം ഒന്നിച്ചു നങ്ങാതെ കിടക്കുകയും എന്നാൽ എപ്പോഴും തരം നോക്കിക്കൊണ്ടു തന്നെ ഇരിക്കുകയും ചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ട്; വല്ല ഈച്ചയും വേണ്ടുവോളം അടുത്തു ചെല്ലുന്നതായാൽ അതു ഝടിതിയായി പായുകയും ആ ഇരയെ മിക്കപ്പോഴും ഉറപ്പായി പിടിക്കുകയും ചെയ്യും.

എന്നാലും ഈ മാതിരി കാലക്ഷേപത്തിൽ വൈരസ്യം തോന്നിത്തുടങ്ങീട്ടു അതു തനിക്കു വേറെ ഒരു വല ചമയ്ക്കാൻ കഴിയാഞ്ഞതിനാൽ മറെറാരു ചിലന്തിയുടെ സ്വത്തിനെ ആക്രമിക്കാൻ നിശ്ചയിച്ചു. അവൻ വളരെ പൌരുഷത്തോടുകൂടെ അയൽവക്കത്തുള്ള ഒരു കോട്ടയെ ആസ്പന്ദനം ചെയ്കയും ആദ്യത്തിൽ തുല്യമായ പൌരുഷത്തോടുകൂടിത്തന്നെ എതിരാളിയാൽ നിരാകരിക്കപ്പെടുകയും ചെയ്തു. ഈ ഒരു പരാജയംകൊണ്ടു അധൈര്യപ്പെടാതെ അതു വേറെ ഒന്നിന്റെ വലയെ ഉപരോധിച്ച് മൂന്നുദിവസം യുദ്ധം ചെയ്ത് ഒടുവിൽ എതിരാളിയുടെ ഉടമസ്ഥനെ കൊന്ന് ആ വല കൈവശപ്പെടുത്തി.

ചെറുതരം ഈച്ചകൾ വലയിൽ വീഴുമ്പോൾ ഉടൻ പുറപ്പെട്ടു ചെല്ലാതെ ആ ചിലന്തി അവ കുടുക്കിൽ നല്ലവണ്ണം അകപ്പെട്ടുവെന്നു തീർച്ചപ്പെടുന്നതുവരെ ക്ഷമിച്ചു കാത്തിരിക്കും; എന്തുകൊണ്ടെന്നാൽ അവൻ ഉടൻ അടുത്തു ചെല്ലുന്നതായാൽ അവന്റെ ദർശനത്താലുണ്ടാകുന്ന ഭയം ബന്ദികൾക്കു ബന്ധനത്തിൽ നിന്നു നൂഴുകുന്നതിനു വേണ്ടുന്ന ശേഷി ഉണ്ടാക്കിക്കൊടുത്തേയ്ക്കാം. അതിനാൽ അവന്റെ മട്ടു നിഷ്പ്രയത്നവും നിഷ്ഫലവുമായ ആയാസംകൊണ്ടു ബന്ധനത്തിന്റെ ശക്തി മുഴുവൻ ക്ഷയിക്കുന്നതുവരെ ക്ഷമയോടു കാത്തിരിക്കയാകുന്നു; അനന്തരം ആ ബന്ദിയെ ഉറപ്പായി ജയിക്കയുമാകാമല്ലൊ.

ഞാൻ ഇപ്പോൾ വിവരിച്ച പ്രാണി മൂന്നു വർഷം ജീവിച്ചിരു

ന്നു. ആണ്ടുതോറും അതിനു തൊലി മാറി വരികയും കാലുകൾ പുതുക്കയും ചെയ്യും. ഞാൻ ചിലപ്പോൾ അതിന്റെ കാരൊ കാൽ പിടുങ്ങുക ഉണ്ടായിട്ടുണ്ട്; എന്നാൽ അതു പിന്നെയും രണ്ടു മൂന്നു ദിവസം കൊണ്ടു വളരുന്നു വരും. ആദ്യത്തിൽ ഞാൻ വലയ്ക്കടുത്തു ചെല്ലുമ്പോൾ അതു ഭയപ്പെട്ടിരുന്നു; എന്നാൽ ഒടുവിൽ അതു എന്റെ കയ്യിൽ നിന്നു ഈച്ചകളെ വന്നു പിടിക്കുന്നതുവരെയും ഇണങ്ങി. ഞാൻ വലയുടെ ഏതു ഭാഗമെങ്കിലും തൊടുന്നതായാൽ ആത്മരക്ഷക്കൊ എതുപ്പാനൊ സന്നദ്ധനായിട്ടു അതു സ്വസ്ഥാനത്തിൽ നിന്നു ഉടൻ പുറപ്പെട്ടു വരികയും ചെയ്യും.

ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ.

ചെകുത്താന്മാർ.

ഇനി നാം ചിലപ്പോഴും കേൾക്കാറുള്ള യക്ഷികളെയും ഗന്ധർവ്വന്മാരെയും പറ്റി അല്പം പറഞ്ഞുകൊള്ളുന്നു. ഇവ പ്രാകൃത ഭ്രതങ്ങൾ ആകുന്നു. സാധാരണയായി വിജനപ്രദെശങ്ങളിൽ ആണ് ഇവയുടെ പൊറുതി. പ്രകൃത്യാ വളരെ ഉത്സാഹ ശീലത്തോടുകൂടിയ ഒരു ഭ്രതങ്ങളുടെ കയ്യിൽ പെട്ടാൽ അവ നമ്മെ വളരെ കഴക്കുമെന്നും മറും ഐതിഹ്യങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളത് യഥാർത്ഥമെന്ന് ചില പാശ്ചാത്യതത്വജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇരുട്ടും വിജനമലഞ്ചെരിവും രാത്രിയും ഒരു ഭ്രതങ്ങളും കൂടി ചെന്നാൽ ഒരു മാതിരി നേരംപോക്കുകൾ ഉണ്ടാവാതെയിരിക്കയില്ല. കുരിരുളിൽ ലീനമായ കേശഭാരത്തിൽ വിലസത്തുകളായിരിക്കുന്ന പുഷ്പമാല്യങ്ങളിൽനിന്ന് വീശുന്ന സൌരഭ്യത്തൊടും പുഷ്പലതികയെ അതിശയിക്കുന്ന അംഗസൌഭാഗ്യത്തൊടും 'മന്മഥകഥാഗന്ധം ഗ്രഹിക്കാത്ത' വനകൂടി ഉഗ്രമായ മദനാഗ്നിയെ ഉജ്ജ്വലിപ്പിക്കുന്നു ഹംസനടനത്തൊടും കൂടിയ ഒരു സുന്ദരി ഇതാ മുന്നിൽ- അവൾ തന്നെ ഇതാ പിന്നിൽ- അടുക്കുന്തോറും അകലുന്നു- അകലുന്തോറും അടുക്കുന്നു- മനസ്സു മയങ്ങുന്നു- ഹൃദയം കുഴങ്ങുന്നു- ഇതാ മറയുന്നു- ഇവൾ ആണ യക്ഷി.. ഗന്ധർവ്വന്മാരും

വളരെ വിരുതന്മാരാണ്. അവർ ചിലപ്പോൾ ബീഭത്സാകൃതി പൂണ്ട് ഭയപ്പെടുത്തുകയുംകൂടി ചെയ്യാറുണ്ട്.

ഇനി 'ദേവതാഗോഷ്ഠി-ടണ്ണമിളക്കം' എന്ന സാധാരണ സ്ത്രീകൾക്കും ചിലപ്പോൾ പുരുഷന്മാർക്കും ഉണ്ടാവുന്ന ഒരു പാരവശ്യത്തെപ്പറ്റി ആലോചിക്കാം. ഇതിനെ യൂറോപ്യർ ഭിഷക്കുകൾ ഞരമ്പു സംബന്ധിച്ച ഒരു രോഗമെന്നാണ് കരുതുന്നത്. പക്ഷേ ഭ്രൂതങ്ങളുടെ ആവേശവും, അതല്ല എന്ന് യൂറോപ്യന്മാർ പറയുന്ന രോഗവും തമ്മിൽ വളരെ സാദൃശ്യങ്ങൾ ഉള്ളതു കൊണ്ടായിരിക്കാം ആദ്യത്തെതിന്റെ അഭാവത്തെപ്പറ്റി ഒരു പക്ഷം ഉണ്ടായിട്ടുള്ളത്. ഏതായാലും ചികിത്സകൊണ്ട് ഭേദംവരാത്ത പല രോഗങ്ങളും മന്ത്രവാദംകൊണ്ട് പൊറുത്തിട്ടുണ്ടെന്ന് നിസ്സംശയം പറയാം. മനുഷ്യരിൽ ചിലർ ഭ്രൂതാവേശത്തിന്ന് അനുകൂലന്മാരായിരിക്കും. അവരുടെ സൂക്ഷ്മശരീരം സാധാരണയിൽനിന്നു വ്യത്യസ്തപ്പെട്ടിട്ടുള്ളതുകൊണ്ട് ഭ്രൂതങ്ങളുടെ ചലനങ്ങൾക്കു വിധേയമാകുന്നു. സ്ഥൂലശരീരം വഴിപ്പെടുന്നു. പ്രവിഷ്ടഭ്രൂതം യഥേഷ്ടം വിളയാടുന്നു. ചിലപ്പോൾ വളരെ പഴക്കമുള്ള കാര്യങ്ങളേയും ചിലപ്പോൾ ഒരേ സമയത്ത് പലസ്ഥലങ്ങളിൽ നടക്കുന്ന കാര്യങ്ങളേയും ചിലപ്പോൾ ഭാവിയായ കാര്യങ്ങളേയും ചിലപ്പോൾ വളരെ ഗൂഢങ്ങളായ കാര്യങ്ങളേയും പറഞ്ഞിളക്കുമുള്ള ആധാം പ്രസംഗിക്കാറുണ്ട്. ലോകം മുഴുവൻ പ്രതിധ്വനികൊള്ളുന്നതും ഈയിടയിൽ ഉണ്ടായിട്ടുള്ളതും സെവ്വിയയിലെ രാജാവിനേയും രാജ്ഞിയേയും കൊല്ലാൻ പോകുന്നതിനെപ്പറ്റി മിസ്സസ് ബിച്ച്ൽ ഇളക്കത്തിൽ പാഞ്ഞിട്ടുള്ളതും ആധ്യ സംഗതികൾ വർത്തമാനക്കടലാസ്സുകളിൽ വായനക്കാർ കണ്ടിട്ടുണ്ടായിരിക്കുമെന്നു കരുതി അവയെപ്പറ്റി വിസ്തരിക്കുന്നില്ല. വെളിച്ചപ്പാടന്മാരും പല വിധത്തിൽ തന്നെയാണ് ഭാവിയായിട്ടുള്ളവകളെപ്പറ്റി പറയാറുള്ളത്. പല വിഷയത്തിൽ സാമർത്ഥ്യത്തെ സമ്പാദിച്ചിട്ടുള്ള വളരെ ജനങ്ങൾ യൂറോപ്പിലും അമേരിക്കയിലും നമ്മുടെ ഇൻഡ്യയിലും ഉണ്ട്. യൂറോപ്പിൽ പണ്ട് പല വകക്കാരെ നിർദ്ദയം നിഗ്രഹിക്കയാണ് ചെയ്തിട്ടുള്ളത് എന്ന് 'സാക്രട്ടീസി'ന്റെയും 'ജീൻഡിആർക്കി'ന്റെയും ഉദന്തങ്ങളിൽനിന്ന് ഗ്രഹിക്കാവുന്നതാണ്. പല വകക്കാർക്കാവശ്യമായിരിക്കുന്ന ശക്തി സാധാരണ മനുഷ്യർക്ക് വളരെ അത്ഭുതകരമാണെങ്കിലും അ

ത്ഥഗ്രഹത്തിൽ ഒരാളുടെ ജ്ഞാനേന്ദ്രിയങ്ങളും മറ്റൊരാളുടെ ജ്ഞാനേന്ദ്രിയങ്ങളേക്കാൾ പടുക്കളാണെന്നുള്ള ഏകസംഗതികൊണ്ടുതന്നെ ഓരോ അനുഭവവും പകർത്തിപ്പെട്ടുപോകുന്നു. സൂക്ഷ്മശരീരത്തിന്റെ ഗ്രഹണശക്തിയും സ്ഥൂലശരീരസ്ഥങ്ങളായ ചക്ഷുരാദി ഇന്ദ്രിയങ്ങളുടെ ഗ്രഹണശക്തിയും ഏകദേശം സദൃശങ്ങളും ആകുന്നു. ഒരു തരം മന്ദചലനങ്ങളെയാകുന്നു ശബ്ദങ്ങളും എന്ന് ശ്രവണേന്ദ്രിയത്താൽ നാം അറിയുന്നത്. അവയേക്കാൾ വേഗതയുള്ള മറ്റൊരു തരം ചലനങ്ങളെയാകുന്നു വെളിച്ചം എന്നു നാം കണ്ണുകൊണ്ട് ഗ്രഹിക്കുന്നത്. ഇവയേക്കാൾ തുലോം വേഗതയുള്ള വേറെയൊരുവിധം ചലനങ്ങളെയാകുന്നു വിദ്യുച്ഛക്തിയെന്ന് നാം പറയുന്നത്. അപ്രകാരംതന്നെ ദൃഗ്ഘടകങ്ങളായ മറ്റൊരുതരം ചലനങ്ങളെയാകുന്നു സൂക്ഷ്മശരീരത്തിന്റെ സഹായത്താൽ നാം ഭൂതങ്ങളും എന്നറിയുന്നത്.

ശരിയായി ശ്രുതി ക്ലൃപ്തിയുള്ള വീണയുടെ ഒരു കമ്പിയെ പിടിച്ച ഇളക്കിയാൽ അടുത്ത കമ്പികളിൽക്കൂടി ചലനങ്ങളും എങ്ങിനെ ഉത്ഭവിക്കുന്നുവൊ, ലംബമാനമായ പാലത്തിന്മേൽക്കൂടി നടക്കുന്ന ഒരു കൂട്ടം പട്ടാളക്കാർ കവാത്തിൽ സാവധാനപദന്യാസം ഇടയ്ക്കിടയ്ക്കാചരിക്കുന്നതുകൊണ്ട പാലത്തിന് കേടുവരാതെ എങ്ങിനെ സൂക്ഷിക്കുന്നുവോ അപ്രകാരംതന്നെ ഭൂതങ്ങളിൽ ചലനത്തെയും ചലനാഭാവത്തെയും ഒരു മാന്ത്രികന് ചെയ്യാൻ കഴിയും. സമാനചലനങ്ങളാൽ ഭൂതചലനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഭൂതചലനങ്ങളാൽ തടയുകയും ചെയ്യുന്നതെന്നെയാകുന്നു മന്ത്രവാദത്തിന്റെ ഉദ്ദേശം. 'മന്ത്രവാദം' എന്ന വിഷയത്തെപ്പറ്റി യിസ്തരിക്കുന്നതായാൽ, പരിഷ്കൃതവായനക്കാർക്ക സാമാന്യം ദുസ്സഹവും അസംബന്ധവും എന്നു തോന്നിപ്പോകുന്നതുകൊണ്ട് ഒരു പ്രബന്ധം അതിദുസ്സഹമായി തീർന്നേക്കാവുന്നതുകൊണ്ട് എനിക്കു അനുഭവമായിട്ടുള്ള ഒരു സംഭവത്തെപ്പറ്റിമാത്രം പ്രസ്താവിച്ച് ഒരു ലേഖനത്തെ അവസാനിപ്പിക്കുന്നു. നാസ്തികത്തിൽനിന്നു ആസ്തികത്തിലേക്ക് എന്നെ തിരിച്ചു വിട്ടതും ഒരു സംഭവം തന്നെയാകുന്നു.

കൊല്ലം ഫ്രാന്സ്കോട്ട കേരളവിദ്യാശാലയിൽ ഒന്നാം എഫെ ക്ലാസിൽ ഒരു വിദ്യാർത്ഥിയായിരുന്ന ഞാൻ ഒരു ദിവസം കോളേജിൽ എത്തിയപ്പോൾ സമീപമായ ചാലപ്പുറം ദേശ

ത്ത് അന്ന ചാത്തുക്കുറുപ്പ എന്നൊരാൾ നടത്തിയിരുന്ന ഹോട്ടലിൽ താമസിച്ച പഠിച്ചിരുന്ന ചില സ്നേഹിതന്മാരിൽനിന്നതലേദിവസം രാത്രി മുഴുവൻ അവർ താമസിക്കുന്ന സ്ഥലത്ത് കല്ലേറുണ്ടായിരുന്നു എന്നും പുറത്ത് പറമ്പിലേക്ക് തുറക്കുന്ന ഒരു ജനാലയുടെ നേരെ ഇട്ടിരുന്ന മേശയിന്മേൽ കത്തിയിരുന്ന ഒരു ലേശവിളക്ക എറു കൊണ്ട് പൊട്ടി എന്നും അറിഞ്ഞു. സാധാരണയിൽ അധികം വിരുതും പോക്കിരിത്തരവും കോഴിക്കോട്ടെ സ്ഥിതി കുട്ടികൾക്കുണ്ടെന്നുള്ളതിന്റെ പ്രതീതിയുണ്ടായിരുന്നതുകൊണ്ട് വല്ല പോക്കിരിക്കുണ്ടെന്നാരുടേയും തോന്ന്യവാസമായിരിക്കു'മെന്നാണ ഞാൻ ധരിച്ചതും പറഞ്ഞതും. അന്നും കല്ലേറുണ്ടായിരുന്നുവെന്നും അതിലും വിശേഷമായി നിലത്തിന്റെ നിരപ്പിൽനിന്ന് ഉയർന്ന സ്ഥലങ്ങളിൽ വെച്ചിരുന്ന സാധനങ്ങൾ തന്നത്താൻ നിലത്തേക്ക വീണിരുന്നുവെന്നും പിറെറന്നാൾ ഞാൻ കേട്ട എന്നതന്നെയല്ലാ ഒരു സംഭവത്തിന്റെ കാരണത്തെ കണ്ടുപിടിക്കാനായി ചില യൂറോപ്യന്മാരും വളരെ പൊല്ലീസുകാരും മറും സ്ഥലത്ത് എത്തിയിരുന്നുവെന്നും അവക്ക് യാതൊരു വിധത്തിലും പ്രാകൃതനിയമങ്ങൾക്ക് വിരുദ്ധമല്ലാത്തതായ ഒരു കാരണത്തെ കല്പിക്കാൻ സാധിച്ചില്ലെന്നുംകൂടി ഞാൻകേട്ടു. പോക്കിരിക്കുണ്ടെന്നാരെപ്പറ്റിയുള്ള സംശയം അപ്പോൾ ആണ എന്നെ വിട്ടത്. ഏതായാലും ഒന്നു ചെന്ന് കാണണമെന്ന ഞാൻ തീച്ചയാക്കി. വൈകുന്നേരം അഞ്ചര മണിക്ക് ഞാനും എന്റെ സ്നേഹിതന്മാരായ കെ. നാരായണൻനായർ ബി. എ. ടി. ശങ്കുണ്ണിമേനോൻ മുതൽപേരും സ്ഥലത്ത് എത്തി. നേരം സന്ധ്യയായി തുടങ്ങി. ഞങ്ങൾ ആ വീട്ടിന്റെ കിഴക്കെ മിറ്റത്ത് അല്പനേരം സംസാരിച്ച് നിന്നു. അവിടെ താമസിക്കുന്നതിൽ ഒരാൾ 'സൂക്ഷിക്കണം-കപ്പുവരാറായിത്തുടങ്ങി' എന്നും മറും ഞങ്ങളോട് പറഞ്ഞു. 'ആട്ടെ അതതന്നെ ഒന്നു കാണണം' എന്ന ഞങ്ങളിൽ നാരായണൻനായർ മുപടി പറഞ്ഞു. രണ്ട് നിമിഷത്തിനുള്ളിൽ നാരായണൻനായരുടെ നെറുകയിൽതന്നെ ഒരു ചെറിയ കല്ല് വന്നുവീണു. അന്നത്തെ ഒന്നാമത്തെ കല്ല അതുതന്നെയായിരുന്നു. പിന്നെ അധികം താമസമുണ്ടായില്ലാ. ഞങ്ങളുടെ നാലുഭാഗത്ത് കൂടിയും പലതരം കല്ലുകളും ഭവനത്തിന്മേൽ വീഴുവാൻതുടങ്ങി. കല്ലുകളുടെ പുറപ്പാട തുടങ്ങിയപ്പോൾ പുറത്ത

നില്പാൻ തരമില്ലാതെയായി ഞങ്ങൾ അകത്തേക്കു കടന്നു വാതിൽ സാക്ഷയിട്ടു. വാതലിനോടചേർന്നു അതിന്മേൽ ചാരിയാണു ഞാൻ നിന്നിരുന്നതു്. പുരപ്പുറത്തും വാതലുകളിന്മേലും ചുമരിന്മേലും കല്ലുകൾ അനവധിയായി വീണിരുന്നു. ഞങ്ങൾ ഭയം അനർത്ഥത്തെപ്പറ്റി സംസാരിച്ചുകൊണ്ടു് അകത്തു് നില്ക്കുമ്പോൾ എന്റെ വലത്തെ കാതിന്മേൽ തൊട്ടും തൊടാതെയും "പൂ" എന്നൊരു ശബ്ദത്തോടുകൂടി എന്തോ ഒരു സാധനം മോളിൽനിന്നു എന്റെ കാല്മൽ വന്നുവീണു. അതിശയത്തോടുകൂടി കുനിഞ്ഞു് അതിനെ എടുത്തു നോക്കുമ്പോൾ അതു മറെറാന്നുമല്ലാ. നിലം ഉരച്ചിരുന്ന കല്ലായിരുന്നു. ഞാൻ ചാരി നിന്നിരുന്ന വാതലിന്റെ പടിപ്പുറത്തു ഇരുന്നിരുന്നതും വീട്ടുകാർ എടുത്തു് താഴത്തു് വക്കാൻ വിട്ടുപോയതും ആണു്. ആ കല്ലു് യാതൊരാളും തൊടുകയൊ കാണുകയൊ ഉണ്ടായിട്ടില്ലെന്നുള്ളതു് നിശ്ചയമാണു്. അധികം താമസിക്കാതെ ഞങ്ങൾ മടങ്ങി ആ പറമ്പിലും ചുറുമുള്ള പറമ്പുകളിലും ചുററിനടന്നു നോക്കി. അവിടെ എങ്ങും യാതൊരനക്കവും ഉണ്ടായിരുന്നില്ലാ. ചാത്തന്റെ ഉപദ്രവംതന്നെ എന്നു് എല്ലാവരും തീർച്ചപ്പെടുത്തി. പിറെറന്നാൾ രാവിലെ എട്ടുമണി വണ്ടിക്കുതന്നെ ചാത്തുക്കുറുപ്പു ചന്തമുഴുത്തതിനെ കാണ്മാൻപൊന്നാനിക്കുപൊയി. മൂന്നരമണി വണ്ടിക്കു ചില ചക്രങ്ങളും എന്തൊ ചിലവികൃതാക്ഷരങ്ങളും എഴുതിട്ടുള്ളൊരു കാലക്കഷണത്തോടുകൂടി മടങ്ങി എത്തി. കാലക്കഷണം ആവീടിന്റെ ഒരു തൂണിന്മേൽ കെട്ടി അതിന്മേൽ എട്ടു പത്തു അടി അടിച്ചു. അന്നു മുതൽ കല്ലേറും നിന്നു. അന്നു മുതൽ കൂട്ടിച്ചാത്തനിൽ എനിക്കു വിശ്വാസവും ജനിച്ചു. അന്നു മുതൽതന്നെ ചെപ്പിടിവിദ്യക്കാർ നേരം പോക്കായിട്ടുള്ള താഴെ പറയും പ്രകാരം പാടാറുള്ളതു് എന്നും എനിക്കു് ബോദ്ധ്യമായി.

"കാടിവാടാകൂട്ടിച്ചാത്ത
ഇന്തഉരുട്ടുക്കുംപിരട്ടുക്കുംഉതവിശെയ്യത്താൻ
കാടിവാടാകൂട്ടിച്ചാത്താ".

എന്നു പുത്തേഴത്തു ഗോവിന്ദമേനോൻ.

രാധാകൃഷ്ണയോഗം.*

വഞ്ചിപ്പാട്ട്.

പുണ്ണ്യവേദപ്പൊരുളാകുംപുണ്ണ്യവേദാലയനേറെ
പുണ്യമേറുംകഥയെല്ലാംവണ്ണ്യമാണല്ലോ
പത്തവതാരത്തിലുംവെച്ചുത്തമംകൃഷ്ണാവതാരം
സത്തരാകുംമുനീന്ദ്രക്കംചിത്തരംഗസ്ഥം
ശാശകന്ന്യാസുതൻവേദവ്യാസനാംമാമുനിശ്രേഷ്ഠൻ
വേശലമാംകൃഷ്ണലീലവേശിനാനേറം
കണ്ണനുണ്ണിക്കിടാവോരോവണ്ണമായ്ചെയ്യവയ്യുള്ള
വണ്ണനത്തിൽക്കൊതിക്കാത്തകണ്ണുമാക്കുള്ള
ചട്ടമാക്കണ്ണനാമുണ്ണിക്കുട്ടനുള്ളകളികേൾപ്പാൻ
കുട്ടമേതൻചെവിചെല്ലാടപ്പാട്ടനേപൊട്ടൻ
അപ്പടിയുരസിപ്പിയുംചില്പുരുഷക്കിടാവിനേറ
അത്ഭുതമാംകഥയൊന്നിന്നല്പമോതുന്നേൻ—

നന്ദഗോപൻകണ്ണനുണ്ണിനന്ദനനേയൊരുനാളിൽ
നന്ദിയോടന്തിനേരംകാളിന്ദിയാറിങ്കൽ
ആത്തമോദംമേല്പുഴുകിച്ചാസ്ഥയോടേതുടപ്പിച്ചു
പോത്തുമോമൽത്തിരുമുടിനൂത്തുകെട്ടിച്ചു
കാതിലാടുംകുണ്ഡലങ്ങൾജാതിയായിക്കഴുത്തിങ്കൽ
മാതിരിയുപുലിനഖംമോതിരംമാല
കങ്കണകൈകളിൽനല്പുകിങ്കിണിക്കെട്ടരക്കെട്ടിൽ
ഭംഗിയേറുംതളകാലിലിങ്ങിനെയെല്ലാം
കുട്ടികൾക്കൊത്തൊരുമോടിമട്ടിലായിട്ടണിയിച്ചു
പൊട്ടിടുംകൌതുകമുള്ളിൽത്തട്ടിടുംവണ്ണം

---

* ബ്രഹ്മകൈവർത്ത പുരാണത്തിൽ വിസ്തരിച്ചിട്ടുള്ളതും അഷ്ടപദിയിൽ "രമയാരമ്യരമംബരം" എന്ന ശ്ലോകംകൊണ്ട സൂചിപ്പിച്ചിട്ടുള്ളതുമായ കഥയെ ആകുന്നു.

ആക്കിടായിന്നഴകേറുംനോക്കിനോക്കിരസിച്ചച്ഛൻ
ഭാഗ്യവാനൊട്ടിടനിന്നാൻയോഗ്യനാംനന്ദൻ
പയ്യനാംകണ്ണനേപ്പിന്നെക്കയ്യിലാമ്മാടെത്തച്ഛൻ
പയ്യിണങ്ങുഗ്രഹന്നോക്കിപ്പയ്യയേപോന്നാൻ
നന്ദനോരോന്നരചെയ്യുംനന്ദനനേച്ചിരിപ്പിച്ചും
അന്നടികാനനത്തുടെമന്ദമായ്പ്പോന്നു-
അതുപൊഴുതെന്തോമോഹിച്ചതുപോലെനടക്കാഞ്ഞോ
പുതുമുകിൽവർണ്ണൻകരഞ്ഞിതുമുകുന്ദൻ
ഇടയ്ക്കിടെക്കയ്യുംകാലുംകുടഞ്ഞിടഞ്ഞയ്യോകഷ്ടം
ഇടനെഞ്ഞുപൊട്ടിക്കുട്ടിയുടൻകരഞ്ഞു
നിറുത്തിയാൽനിൽക്കാതേറംവെറുത്തിട്ടംവണ്ണുമുണ്ണി
പരന്നോരാക്കാട്ടിൽത്തൊള്ളുതുറന്നുകേണാൻ
'കരയരുതരുതുണ്ണീപെരിയൊരുപാപ്പംതരാം
തരമൊട്ടുവെണ്ണപാലുംതരുവനിഞാൻ
കടഞ്ഞെന്തിക്കരയുന്നതുടനമ്മമുലതരും
പിടയല്ലേകുട്ടാകൊച്ചുമിടുക്കനല്ലേ'
പലതരമേവമച്ഛൻവിലക്കുവാൻപറഞ്ഞിട്ടും
ഫലമില്ലാനിലയിളിനിലച്ചതില്ലാ
'എന്തിതയ്യോനിലയിളിപന്തിയല്ലാഭൂത്തങ്ങാം
അന്തിനേരംബാധിച്ചിതോചിന്തിയാതെന്തോ?
അമ്മയേണ്ടെന്നരച്ചിട്ടുമിമ്മകനേക്കൊണ്ടുപോന്നോൻ
ഇമ്മട്ടുകൊണ്ടുചെന്നാൽപെണ്മണിക്കേഴും'
അന്തരംഗത്തിലീവണ്ണമന്തമറാവിചാരത്താൽ
അന്ധകാരപ്പുറപ്പാടിലന്ധനായ്നന്ദൻ
ഘോടമപ്പൊഴേരാവാമൽക്കടരാക്ഷസിപെറാ
മക്കളേപ്പോലയോകാറിൻതിക്കലായ്വാനിൽ
നീലമേഘങ്ങളാംരക്ഷോബാലമായാപ്രയോഗത്താൽ
ചാലവേവൻമറവെന്നപോലെയായ്ധ്വാന്തം
ക്രൂരനാറിൻകരവൃക്ഷമേറമാട്ടംപ്രകാരത്തിൽ
ചീറമോടേമഹാഘോരംകാറടിച്ചുത്തീ

കണ്ണാസ്സുംപിളന്നീടംവണ്ണമുള്ളോരിടിവെട്ടി
കണ്ണനേക്കയ്യിലേന്തിടുന്നണ്ണനംഞെട്ടി
കണ്ണാണ്ടുംമഞ്ഞളിക്കുംവണ്ണമുള്ളോരിടിമിന്നൽ
തിണ്ണമുണ്ടായ്ഭയംതോന്നുംവണ്ണമേവീണ്ടും
കാട്ടിൽവെച്ചന്തിനേരത്തീമട്ടിലുണ്ടോമിളക്കത്തിൽ
ഞെട്ടിയേറംകരഞ്ഞാനാക്കട്ടിയാംകണ്ണൻ
അത്യുത്തമപ്പൊഴേവാനിലുഗ്രപ്പെടുംമിന്നൽമാഞ്ഞാലും
നില്പതായുണ്ടുപോൽനന്ദനൽപ്രഭാപൂരം
ഇന്നിതെന്തെന്നിഹവീണ്ടുമൊന്നിവൻനോക്കീടുന്നേരം
മുന്നിലാമ്മാറുടൻകണ്ടുതനപിയാഗവേഷം
നന്ദിയേറുംവൃഷഭാനുനന്ദിനിരാധയാംഗോപി
മുന്നിലെത്തുന്നതായ്ക്കണ്ടാനെന്നിതേയുള്ളൂ
കാട്ടിലേവംകയൽക്കണ്ണാഗ്രക്കുട്ടിനണ്ടായതുമൂലം
കട്ടിഘനന്ദനാശപാസംകിട്ടിയന്നേരം
'എന്തിതുരാധികേപാത്താൽപന്തിയല്ലാത്തൊരീശ്ലാഷം
അന്തികത്തിപ്പൊഗനീവന്നതെന്തിതാശ്ചര്യം
ഇക്കരയുംകണ്ണനേനീകസ്തൂലമ്പോടെടുത്താലും
ഉൽക്കടമാംനിലവിട്ടിനിൽക്കുമേയെന്നാൽ
കൂടിട്ടംകാറിടിമിന്നൽധാടിയോടിവകയെല്ലാം
കൂടിയരാത്രിയിൽക്കാട്ടിൽപ്പേടിയാവില്ലേ?
രാത്രിയായാതുഭയം ചാരുഗാത്രികണ്ണനുണ്ടുപണ്ടേ
ഇത്രയുംഭീഷണമായാലെത്രപേടിയ്ക്കും
ഏറിവനേരമെടുത്താത്തിമാറിയാലുംശുഭശീലേ
പോറിദേവൻതുണയ്ക്കുട്ടനെറിമേൽക്കണ്ണൻ
മുന്നിൽമന്ദംനടക്കാംഞാൻപിന്നിൽനീപോരികമ്പാലേ
ഉണ്ണിയ്ക്കെയുമെടുത്തുകൊണ്ടുണ്ണിമാൻകണ്ണി'
ഇങ്ങിനേനന്ദനോത്തമ്പോളിംഗിതപ്പഞ്ചരിയോടേ
അങ്ങിനെതന്നെയെന്നാഗതനപംഗിയാംരാധ
രാധതൻകയ്യിലാബ്ബാലശ്രീധരനേക്കൊടുത്തപ്പോൾ
ബാധതീർന്നുകരയാതായ്മാധവൻചിത്രം

നന്ദിയോടങ്ങുടൻനന്ദൻമുന്നിലായിനടകൊണ്ടാൻ
പിന്നിലുള്ളകഥയല്ലോപിന്നെയാശ്ചര്യം-
കട്ടിയേത്തന്നുടെകയ്യിൽക്കിട്ടിയപ്പോളവൾക്കുള്ളിൽ
തുഷ്ടിയായ്തന്നുടെമായാസൃഷ്ടിസാഫല്യാൽ
ഈവിധംകാറുകാർമിന്നൽഭ്രവിഭ്രമിടിയെല്ലാം
ദേവിയാംരാധതൻമായക്കൈവിരുതത്രേ
ശക്തിയേറുംപഞ്ചമഹാശക്തികളിൽവെച്ചുരാധ
മുക്തിദനാംശ്രീകൃഷ്ണൻറശക്തിയാണല്ലൊ
അന്നുരാധാകൃഷ്ണയൊഗമെന്നുചൊല്ലുംശ്രുതിയോഗം
മുന്നമേനിശ്ചയിച്ചിട്ടുണ്ടെന്നതേവേണ്ടൂ
ആയതിന്നായഹോരാധയായതിങ്ങുമഹാശക്തി
മായചിന്നിച്ചുവയാണുണ്ടായചിഹ്നങ്ങൾ
മുന്നമേനാരദൻചൊല്ലാൽനന്ദഗോപനിവിടംതന്നിൽ
ഉന്നതപ്രഭറിഞ്ഞിട്ടുണ്ടെന്നുകേൾപ്പുണ്ടേ
രണ്ടുവയസ്സിൻറപ്രായമൊണ്ടുവാഴുംശ്രീകൃഷ്ണനേ
രണ്ടുകൈകൊണ്ടേറുവാങ്ങിക്കൊണ്ടുടൻരാധ
മെല്ലെമെല്ലേനടക്കുമ്പോൾതെല്ലുനേരമനങ്ങാതേ
മല്ലനേത്രൻകിടന്നാനാവല്ലവബാലൻ
അഞ്ചുപത്തങ്ങടിവെച്ചുവഞ്ചലാക്ഷിനടന്നാറേ
വഞ്ചനാമാനുഷനില്ലാപെണ്ണുമ്മേകയ്യിൽ
മായയാമെന്നെയുംകൂടിമായയാലേമയക്കുന്നോ
ആയർകോൻപൈതലെന്നായിട്ടായവൾനിന്നാൾ
ഇങ്ങുകയ്യിൽകിടാവില്ലാഞ്ഞങ്ങുമിങ്ങുമുടൻതന്നെ
മംഗലമൂർത്തിയെത്തേടിമംഗലഗാത്രി
കൊണ്ടൽനേർവർണ്ണനേയെങ്ങുംകണ്ടതില്ലുള്ളതെത്തോട്ടും
കണ്ണിതംപൂണ്ടിതുരാധകണ്ടിവാർകേശി
സപ്രഭാവത്തെത്തോട്ടുംപിന്നെചിൽപ്രകാശാത്മികയായി
ക്ഷിപ്രമാരാധകണ്ണിട്ടാളപ്രദേശത്തിൽ
മായയാംരാധയുമല്പംമായയിങ്കൽഭ്രമിച്ചാലും
ആയതുംതീർന്നവൾക്കുണ്ടായതാനന്ദം

ചാറുമേവച്ചിലവള്ളിച്ചാറുമുള്ളാപ്പുഴക്കിൽ
ഏറമാശ്വയ്മായെന്തോമാറമുണ്ടായി
ഉണ്മയിൽപ്പച്ചിലക്കാട്ടിൽകണ്മയക്കംപ്രകാശത്തിൽ
പൊന്മണിമണ്ഡപംകണ്ടാൽപൊണ്മണിമുന്നിൽ
ആയതിൻറനടുക്കായിട്ടായതാക്ഷിമണികണ്ടാൽ
ആയർകുലപ്പെരുമാളുമായവനേയും
വെണ്ണപോലെവെളുത്തുള്ളോരണ്ണനേയുംസമീപത്തിൽ
കണ്ണടയ്ക്കാതുടൻകണ്ടാൽകണ്ണനോടൊപ്പം
ഇപ്പടികണ്ടൊരാക്കാഴ്ചയ്ക്കുള്ളതമാമൊരുമാറം
ഉല്പലാക്ഷീമണികണ്ടാളപ്പൊഴേതന്നേ
പൊന്മണിമണ്ഡപത്തിങ്കൽവെണ്മയേറുംമണിതല്പേ
നന്മയിൽക്കണ്ടിതുസാക്ഷാൽ ചിന്മയരൂപം
ശേഷശായിഭഗവാൻറെവേഷമെന്തുപുകൾത്തേണ്ടൂ
ഈഷലില്ലതുവൈകുണ്ഠഘോഷമുണ്ടെല്ലാം
ബ്രഹ്മദേവനടുത്തുണ്ടുബ്രഹ്മഘോഷമുഴക്കുന്നു
ബ്രഹ്മകല്പർസനകാദിബ്രഹ്മജന്മാരും
നാരദനുണ്ടേറെത്തന്തോപോരുകണ്ടുചിരിയ്ക്കുന്നു
നീരജാക്ഷൻകടാക്ഷിയ്ക്കുന്നരമാശ്വയ്യം
ഇത്തുവെച്ചോരുവൈകുണ്ഠത്തെനമാമവിടത്തിൽ
സതമൂത്തിപ്പൂട്ടത്തെത്തിസതരംരാധ
"ബ്രഹ്മദേവഭവാനുന്നംനമ്മൊടതിവ്യതിൻവണ്ണം
എന്നഹാശക്തിയേക്കാങ്കകണ്മിഴിച്ചാലും"
എന്നിവണ്ണംജഗന്നാഥൻചെന്നിടംരാധയേക്കാട്ടീ
ചെന്നടരാനുഖൻരാധാവന്ദനംചെയ്തു
താമരപ്പൂമുകൻചിന്നപ്രേമഭക്തിപ്രസാദാൽ
കാമിതംനല്കിയകൃഷ്ണസ്വാമിയോടോതി
"കണ്ടുഞാൻകണ്ടുഞാൻനാഥകണ്ടുനിന്മായയേസ്വാമി
വീണ്ടുമേപൂണ്ട സന്തോഷംപൂണ്ടുഗോവിന്ദ
എങ്കിലൊന്നുണ്ടുണർത്തിപ്പാൻതങ്കിടുംവർകനിവോടെ
മങ്കയാംരാധയേവേഗംകൊടുകജനാഭ

ചാലെവേളിക്രിയവേണ്ടുംപോലെയെല്ലാംനടത്തിപ്പാൻ
കാലവുംനന്നിതാകാലകാലനുംവന്നു

ഞങ്ങളെല്ലാവരുംകൂടീട്ടിങ്ങുകമ്മംതുടങ്ങട്ടേ
മംഗലമാംക്രിയയ്ക്കുകിംങ്കരവാളം"

ഇപ്രകാരംവിധികേൾപ്പിച്ചപ്പൊഴെ"ന്നാൽനടക്കട്ടേ
ക്ഷിപ്പ"മെന്നങ്ങരുൾചെയ്തുചിൽപുമാനുകൃഷ്ണൻ

പണ്ടുഗൌരീവിവാഹത്തിൽകണ്ടകമ്മക്രമംപോലേ
വേണ്ടവേളിക്രിയാഘോഷംവിണ്ടുമുണ്ടായീ

ബ്രഹ്മനുംമകളുമാണീബ്രഹ്മവേളിക്രിയയ്ക്കെല്ലാം
കമ്മശുദ്ധിയ്ക്കിതിൽപ്പാരംനന്മയെന്തുള്ളൂ

പത്തുപത്തിൽപ്പൊരുക്കിട്ടപത്തുവട്ടംപരത്തീട്ടും
പത്തിയുള്ളോനിനിച്ചെയ്യുംസത്തിനുംസാക്ഷി

മെത്തയായ്നിന്നിടുംഭോഗിസത്തമൻമൂപ്പരിവൃത്തം
വിസ്മരിപ്പാൻപുറപ്പെട്ടാലെത്തുമോ ആവോ?

ഞങ്ങളുണ്ടോവിചാരിച്ചാലങ്ങുവക്കുകടിയ്ക്കുന്നു
മംഗളമെന്നിതുമാത്രംമംഗളംചൊല്ലാം

വേളിതിന്നുക്രിയയ്ക്കുള്ളോരാളിതിൽപ്പെട്ടവർപോയീ
വേളിശേഷക്രിയയുമന്നാളിലേചെയ്തു

മണ്ഡപവുംമണിജാലമണ്ഡലവുമുടൻമാഞ്ഞു
തിണ്ണമാറിൻകരക്കാടവണ്ണമേനിന്നു

ബാലകൃഷ്ണൻയുവാവായിബ്ബാലയാംരാധയുമായി
ലീലയാടിയമുനതൻവേലയിൽത്തന്നെ

കാമശാസ്ത്രപ്രയോഗത്തിൽകോമരോരോമനോധമ്മം
കാമിനിരാധയുംകൃഷ്ണസ്വാമിയുംകാട്ടി

രാധനാണിയ്ക്കുമെല്ലേമാധവൻകൌശലംചൊല്ലി
സാധുബിംബാധരത്തിൻറെരസാദുനോക്കീടും

മാർമുറുകെത്തുടുമ്പീടുംപോർമുലകൾപുണർന്നീടും
നേർമുഖംകാട്ടിടാഞ്ഞാലുംകാർമുകിൽവർണ്ണൻ

പട്ടുടുത്തുവേലയിൽത്തക്കംകിട്ടുമപ്പോൾപ്രിയൻമെല്ലേ
തൊട്ടുപോയാലുടനേകൈതട്ടുമേരാധ

ഈവിധംകൃഷ്ണനുംരാധാദേവിയുംകാമയുദ്ധത്തിൽ
കൈവിശേഷംപ്രയൊഗിച്ചിട്ടാവിപിനത്തിൽ

ഇക്രമത്തിൻറെമേൽവേണ്ടുന്നക്രമവുംരസത്തോടെ
ശിക്ഷയിൽചെയ്തിതുകാമശിക്ഷയിൽപ്പിന്നേ

പുല്ലുവല്ലിഗൃഹംപുക്കിവല്ലവീവല്ലവപ്രദം
മുല്ലബാണപ്പടവെട്ടിനല്ലരിൻവണ്ണം

കാർമുടിക്കെട്ടഴിഞ്ഞിട്ടുംനീർമുഖത്തുപൊടിഞ്ഞിട്ടും
പോർമുലക്കുന്നലഞ്ഞിട്ടുംപോർമുടിഞ്ഞപ്പോഴും

പട്ടുചേലകിഴിഞ്ഞിട്ടുംപട്ടുപൂമേയ്തളന്നിട്ടും
മട്ടുമാറിപ്പരംകാണപ്പെട്ടുപോൽരാധ

കൈതവമാനുഷനേവംചെയ്തകൃത്യംകഴിഞ്ഞപ്പോൾ
പൈയ്യലായ്തിന്നിതുപൂണ്ണചൈതന്യമൂർത്തി

രാധയുംപൊന്നതിൻവണ്ണംബാധതീർത്തുണ്ണിയേമെല്ലെ
താതപാശ്ചത്തിലെത്തിച്ചുജാതവാത്സല്യം-

പുണ്യമാമീയൊരു "രാധാകൃഷ്ണയോഗം" കഥകേട്ടാൽ
പിന്നെയൊന്നുംപറയാനില്ലെന്നുമാനന്ദം.

ലളിത.*

നേരം അർദ്ധരാത്രി ആണ്. ദക്ഷിണ ഇൻഡ്യയിൽ ഉള്ള ഒരു ഗ്രാമത്തിൽ ഈ സമയത്തു പൂർണ്ണമായ നിശ്ശബ്ദത എങ്ങും വ്യാപിച്ചിരിക്കുന്നു. മേഘങ്ങളാൽ അനാവൃതമായി ശോഭയമാനമായിരിക്കുന്ന ആകാശമണ്ഡലത്തിൽ ചന്ദ്രൻ അതിധാവള്യത്തോടുകൂടി പ്രകാശിക്കുന്നുണ്ട്. ഈ ഗ്രാമത്തിന് ദക്ഷിണ ഇൻഡ്യയിലേ മറ്റു ഗ്രാമങ്ങൾക്കുള്ളതിൽ നിന്നു ഒരു വിശിഷ്ടത എന്തെന്നാൽ, അതിലെ നിവാസികൾ വളരെ ധനികന്മാരാണെന്നുള്ള ഒരു സംഗതി മാത്രമാണ്. മറ്റു ഗ്രാമങ്ങളേപ്പോലെ ഇതും മൂന്നായി വിഭജിച്ച്

---

* കരിംസ്റ്റിഷു മാസികയിൽനിന്നു തർജ്ജിമ ചെയ്യപ്പെട്ടതു്.

ഒരു ഭാഗത്ത് ബ്രാഹ്മണരും, ഒന്നിൽ ശൂദ്രരും, കുറെ അകലെ ആയി അസംഖ്യം കുടിലുകളാൽ നിന്ദ്യമായ മറ്റൊരു ഭാഗത്ത് പായരും, നിവസിച്ചിരുന്നു. ബ്രാഹ്മണരാൽ അധിവസിക്കപ്പെട്ടിരുന്ന ഭാഗത്തുള്ള ഭവനങ്ങൾ, മറ്റു ഭാഗങ്ങളിലുള്ളവയോട് താരതമ്യപ്പെടുത്തുന്നതായാൽ മഹത്തരങ്ങളെന്ന് നിസ്സംശയം പറയേണ്ടിയിരിക്കുന്നു. അവയെല്ലാം ശുചിയുള്ളവയും വിശാലമായവയും ആണ്. വിശിഷ്ട പ്രധാനികളായ കൊഴുവന്മാരുടേയും പണം കടം കൊടുക്കുന്നവരുടേയും വാസ നിലയങ്ങൾ വെള്ളയിട്ട, ചായമടിച്ചും വാർണ്ണിസ്സുതേച്ചും പുതിയമാതിരിയിൽ പണിചെയ്യപ്പെട്ടിരിക്കുന്നതിനാൽ സമീപസ്ഥങ്ങളായ നീച ഭവനങ്ങളുടേമേൽ അവയ്ക്കുള്ള ശ്രേഷ്ഠത നിഷ്പ്രയാസം പ്രത്യക്ഷപ്പെടുന്നുണ്ട്.

ഈ ചെറിയ ഗ്രാമത്തിൽ ഒരു ദിവ്യമായ ശാന്തത എങ്ങും പ്രചരിക്കുന്നു. പറയന്മാർ മുതലായ ഹീനജാതിക്കാരുടെ വാസസ്ഥലങ്ങൾക്കപ്പുറത്ത് വളരെ ദൂരെ നില്ക്കുന്ന ആൽവൃക്ഷങ്ങളിൽ തങ്ങളുടെ രാത്രിതോറുമുള്ള സദ്യയിൽ ഏർപ്പെട്ടിരിക്കുന്ന വാവലിന്റെ ശബ്ദമല്ലാതെ മറ്റു പക്ഷികളുടെ ഒച്ചയാകട്ടെ, തോട്ടങ്ങളിലുള്ള വൃക്ഷങ്ങളിലെ ഇലകളുടെ ചലന ശബ്ദമാകട്ടെ, ഒന്നും തന്നെ ആ രാത്രിയിലെ ദിവ്യശാന്തതയെ ബാധിക്കുന്നില്ല. എന്നാൽ സൂക്ഷ്മകർണ്ണങ്ങൾക്ക് മറ്റു ശബ്ദങ്ങൾ ആ ദിവ്യമായ നിശ്ശബ്ദതയെ ഭേദിക്കുന്നുണ്ടെന്നു ഗ്രഹിക്കാം. എന്തെന്നാൽ വളരെ ദൂരത്തായി ഒരു കാളമണിയുടെ ശബ്ദം കേൾക്കുന്നുണ്ട്.

അതിദൂരത്തിൽ കേട്ട മണിയുടെ കിലുക്കം ക്രമേണ സമീപിച്ച് നല്ലപോലെ കേട്ടുതുടങ്ങി. പക്ഷേ അതു ദൂരത്തുള്ള അമ്പലത്തിൽ നിവേദിക്കുന്നതിന്നായി ധാന്യങ്ങളും പാലും കൊണ്ടുപോകുന്ന വൈരാഗിയുടെ ചുമലിൽ വഹിച്ചിരിക്കുന്ന കാവിടിയിൽ കെട്ടിയിട്ടുള്ള മണികളുടെ കിലുക്കമായിരിക്കാം. അഥവാ അത് ——— ക! ഇപ്പോൾ സംശയനിവൃത്തിവന്നു. വക്രമായ പാതയിൽ കൂടി കുറെ വണ്ടിവരുന്നുണ്ട്. സാധാരണയായി ഈ പ്രദേശത്തു കാണുന്നവയായ അധികം കിടക്കുമുള്ള വണ്ടികളേക്കാൾ ഇതു എത്രയോ നല്ലതായി തോന്നുന്നു. കഴുത്തിനു ചുറ്റും മണി കെട്ടപ്പെട്ടിട്ടുള്ളവയും സാവധാനമായി നടക്കുന്നവയും ആയ കാളകളാൽ വലിക്കപ്പെടുന്ന ഈ വാഹനത്തെ സൂക്ഷിച്ചു നോക്കിയാൽ നാട്ടുപുറത്തു കുണ്ണ

ന്ന ഒരു കാഴ്ചയാണ് ദൃഷ്ടിഗോചരമാകുന്നത്. മണൽ നിറഞ്ഞിരിക്കുന്ന തെരുവീഥിയിൽ കൂടി നിലം കുഴിയത്തക്കവണ്ണം വലിച്ചും ഇരുപുറത്തും പൊടി പറപ്പിച്ചും ഉള്ള ഗതിയാകയാൽ അകത്തിരുന്നിരുന്ന ആളുകളെ തിരിച്ചറിയത്തക്കവണ്ണം വണ്ടി സമീപത്തു എത്തുന്നതിനു കുറേനേരം വേണ്ടിവന്നു. ചാട്ടയെ കൂടക്കൂടെ പൊക്കി അടിച്ചും വാലിനെ പിടിച്ചു ചുറ്റിയും വേഗത്തിൽ കാളകളെ ഓടിക്കുന്നതിനു ഉത്സാഹിക്കുന്ന വണ്ടിക്കാരനെ കൂടാതെ ആ വണ്ടിയിൽ രണ്ടാളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും ആയിരുന്നു അകത്തിരുന്നവർ.

വണ്ടി അതിവേഗത്തിൽ ഓടി ഒരു വലിയ ബ്രാഹ്മണ ഭവനത്തിന്റെ മുമ്പിൽ ചെന്നുനിന്നു. മുൻപിലും പിറകിലുമായി നടന്നു വണ്ടിക്കാരനോടു ചേർന്നു മൂളിപ്പാട്ടും പാടി വന്നിരുന്ന രണ്ടു ഭൃത്യന്മാർ വേഗത്തിൽ ചെന്നു വണ്ടിയുടെ വാതലിനെ മറച്ചിരുന്ന തിരശ്ശീലയെ മാറ്റി. പന്ത്രണ്ടിൽ അധികം വയസ്സില്ലാതിരുന്ന ആൺകുട്ടി ആദ്യം ഇറങ്ങി. പെൺകുട്ടിയും പിന്നാലെ പുറത്തുവന്നു. അവളുടെ ആകൃതിയിലും ലക്ഷണങ്ങളിലും ആൺകുട്ടിയോടു അതിസാദൃശ്യമുണ്ടായിരുന്നു. ചക്കേ അവർ അടുത്ത സംബന്ധികളാ യിരുന്നിരിക്കാം. അഥവാ സഹോദരസഹോദരിമാർ എന്നും വന്നേക്കാം. അതിധാവല്യം കലർന്ന ചന്ദ്രികയിൽ നിന്നപ്പോൾ അവർ എത്ര മനോഹരമായ ഒരു കാഴ്ചയായിരുന്നു! വയസ്സ് പതിന്നാലിൽ കൂടുതൽ ഉണ്ടായിരുന്നില്ല. എന്നാൽ ഈ പ്രായത്തിലുള്ള ആളുകൾക്ക് സാധാരണയായ ഒരു മുഗ്ധഭാവം അവളുടെ കോമളമായ മുഖത്തു സ്ഫുരിച്ചിരുന്നു. എന്നാലും അത് ചന്ദ്രബിംബസമാനമായ ആനനകാന്തിയെ ഒട്ടും കുറച്ചിരുന്നില്ല. ആഭരണങ്ങൾ ഒന്നും അണിയാതെ വസ്ത്രങ്ങളാൽ മാത്രം ദേഹത്തെ മറച്ചിരുന്ന ആ സ്ത്രീരത്നത്തെ കണ്ടാൽ ഇഹലോകജാതയായ ഒരു സചേതനയെന്നു ആരും വിചാരിക്കയില്ല. നേരേ മറിച്ചു, ഒരു ദേവതാവിശേഷം തന്നെയാണെന്നു ശങ്കിക്കാനിടയുണ്ടായിരുന്നു. ആ കുപ്പായത്തെ നോക്കിയാൽ, ഇവൾ, നാം നമ്മുടെ ജീവകാലത്തിൽ അപൂർവ്വമായിക്കാണുന്നവയും ഒരിക്കൽ കണ്ടുകഴിഞ്ഞാൽ പ്രതിച്ഛായ നമ്മുടെ മനസ്സിൽ ദൃഢമായി പതിയുന്നവയും ആയ ദിവ്യവസ്ത്രങ്ങളിൽ ഒന്നായിരുന്നു. ഇവർ രണ്ടുപേരും വണ്ടിയിൽ നിന്നിറ

ങ്ങിയ ഉടൻ തന്നെ വണ്ടി നിശ്ശബ്ദമായി തിരിച്ചുപോകയും അവർ പടിവാതുക്കലേക്കു വരികയും ചെയ്തു. "കുട്ടി കതകിനു മുട്ടാത്തതെന്ത്? രാത്രിമുഴുവനും നാം ഇവിടെനിന്നു മഞ്ഞുകൊള്ളണമോ" എന്നു കണ്ണാനന്ദമായ ഒരു സ്വരത്തിൽ അവൾ ചോദിച്ചതിനുത്തരമായി "ലളിതേ, ധൃതിപ്പെടാതിരിക്കൂ, ഞാൻ ക്ഷണത്തിൽ വാതുക്കൽ തട്ടാം. ഈ മൌനം എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. നമ്മെ അകത്തെടുക്കു വിളിക്കുന്നതിനു് ആരും ഉണർന്നിരിക്കുന്നില്ലല്ലൊ" എന്നു അസ്വാസ്ഥ്യത്തോടെ പറഞ്ഞും കൊണ്ടു് ആ ബാലൻ വാതലിൽ തട്ടിവിളിച്ചു.

ഈ സന്ദർഭത്തിൽ ആ ഭവനത്തിനകത്തുള്ള വിശേഷങ്ങൾ എന്തെല്ലാമെന്നു ആരായുന്നതു നന്നു. ദുഃഖത്തിന്റേയും മൌനത്തിന്റേയും ലക്ഷണങ്ങൾ തന്നെയാണ് അവിടെ എല്ലായിടത്തും പ്രത്യക്ഷമാകുന്നതു്. അവിടെ ഉള്ള ഏറ്റവും വിശാലമായ ഒരു മുറിയിൽ വിലപിടിച്ച ഒരു കിടക്ക നിലത്തു വിരിച്ചിട്ടുള്ളതിൽ ഏകദേശം ഇരുപതു വയസ്സു പ്രായമുള്ള ഒരു പുരുഷനെ കിടത്തിയിരിക്കുന്നു. അയാളുടെ ചുറ്റും ദുഃഖം കലർന്ന അശ്രുധാരയാൽ അടയാളപ്പെട്ട മുഖങ്ങളോടുകൂടി സംബന്ധികളായ പത്തിരുപതാളുകൾ ഇരിക്കുന്നു. തങ്ങൾക്കു വരാൻ പോകുന്ന ഒരു വലുതായ ദുഃഖത്തിന്റെ മുറയ്ക്കു കണ്ടിരിക്കുന്നതിനാൽ അവിടെ കൂടിയിരുന്ന സ്ത്രീകളും പുരുഷന്മാരും അവസ്ഥാഭേദങ്ങളെല്ലാം മറന്നാക്കി ഇടകലർന്നിരിക്കുകയാണ്. കുടുംബത്തിലെ വിധിയായ ആൾ ഇതാ മരണശയ്യയെ പ്രാപിച്ചിരിക്കുന്നു. അയാളുടെ മാതാപിതാക്കന്മാർ തലയ്ക്കൽ ഇരുന്നു നിത്യമായി തങ്ങളിൽനിന്നും എടുത്തു കളയപ്പെടുവാൻ പോകുന്ന പ്രിയപുത്രനു വേണ്ട ശുശ്രൂഷകൾ ചെയ്യുന്നു. യുവാവ് ഇപ്പോൾ ബോധമില്ലാതെ കിടക്കുകയാണു്. എന്നാൽ ജാഗ്രത്തിൽ കിടന്നിരുന്ന സമയം, മൂന്നുകൊല്ലങ്ങൾക്കു മുമ്പ് ചെയ്ത വിവാഹാനന്തരം അങ്ങോ ഇങ്ങോ പ്രാവശ്യം മാത്രം കണ്ടിട്ടുള്ള ബാലികയായ തന്റെ ഭാര്യയെ അനേപഷിച്ചു. പിതൃഭവനത്തിൽ താമസിച്ചുവന്ന ആ ബാലികയെ കൂട്ടിക്കൊണ്ടുവരുന്നതിനു് ആളെ അയച്ചിട്ടുണ്ടായിരുന്നതിനാൽ മാതാപിതാക്കന്മാർ അവളുടെ വരവിനെ പ്രതീക്ഷിച്ചിരിക്കയായിരുന്നു.

കതകിൽ തട്ടിയശബ്ദം രോഗി കിടന്ന മുറിയുടെ നിശ്ശബ്ദത

യെ ലംഘിച്ച ഉടൻതന്നെ അദ്ദേഹത്തിന്റെ പിതാവ് "ലളിത വന്നു ചേർന്നല്ലൊ" എന്നു സാവധാനത്തിൽ പറകയുണ്ടായി. തന്റെ പ്രാണവല്ലഭയുടെ നാമോച്ചാരണത്തിൽ മൃതപ്രായനായ യുവാവ് തന്റെ കണ്ണുകളെ ആഗ്രഹസമേതം മിഴിച്ചു എല്ലായിടത്തും നോക്കി. അവിടെ ഉണ്ടായിരുന്നവരിൽ രണ്ടുമൂന്നുപേർ ബഹുപ്പെട്ട ചെന്നു പിടിവാതൽ തുറന്നു ലളിതയെ കൂട്ടിക്കൊണ്ടുവന്നു. വാതുക്കൽ നിന്നിരുന്ന സമയത്തുതന്നെ ലളിതയുടെ മനസ്സിൽ ചില സംശയങ്ങൾ ജനിച്ചിരുന്നു. എന്നാൽ നല്ല വെളിച്ചം ഇല്ലാതെ മങ്ങൽമൂടുകിടന്ന ഭവനത്തിൽ കടന്ന ഉടൻ സംശയങ്ങൾ വർദ്ധിച്ചു അവളെ പീഡിപ്പിക്കയും, അനിർവ്വചനീയമായ ദുഃഖം അവളുടെ മനസ്സിൽ കടന്നു കൂടുകയും ചെയ്തു. രണ്ടുമൂന്നടി നടന്നു് മുൻപോട്ടു ചെന്നു അവിടെയുണ്ടായിരുന്ന ആളുകളെ കണ്ട മാത്രയിൽ അവൾ വളരെ വിവശയായിത്തീർന്നു. കറുമ്പുള്ളടെ മുൻപോട്ടു വന്നപ്പോൾ മരിക്കാറായി കിടന്നിരുന്ന തന്റെ പ്രിയഭർത്താവിനേയും അവൾ കണ്ടു. ഹാ! ഹാ! ഈ അവസരത്തിൽ അവൾക്കുണ്ടായ പാരവശ്യത്തേയും നിരാശയേയും ദുഃഖത്തേയും ആർക്കു വിവരിക്കാൻ കഴിയും! എല്ലാവരാലും സസന്തോഷം സല്ക്കരിക്കപ്പെട്ടുമെന്നുള്ള ആഗ്രഹത്തോടു കൂടെയാണ് അവൾ ഭർത്തൃഭവനത്തിലേക്കു തിരിച്ചതു്. പെട്ടെന്നു തന്റെ പിതൃഗൃഹത്തിൽനിന്നു ആളയച്ചു വിളിക്കപ്പെട്ടതു എന്തിനായിട്ടാണെന്ന് അവൾക്കു അറിവാൻ തരമായില്ലെന്നു മാത്രമല്ല, കാരണത്തെ ഊഹിച്ചറിയുന്നതിനും പോലും കഴിഞ്ഞില്ല. അവൾ പുറപ്പെട്ട സമയം ദുശ്ശകുനമാകട്ടെ ഭയമാകട്ടെ അവളിൽ ഉദിച്ചിരുന്നില്ല. വിശേഷിച്ചും ഇപ്പോൾ അവളുടെ നേത്രങ്ങളെ ആകർഷിച്ചിരിക്കുന്നതു പോലെയുള്ള ഒരു കാഴ്ച അവൾക്കു ദൃഷ്ടിഗോചരമായി ഭവിക്കുമെന്നുള്ള സംശയം ലേശംപോലും അവളിൽ ജനിച്ചിരുന്നില്ല. മരണവേദനയിൽ കിടന്നിരുന്ന യുവാവ് കണ്ണുമിഴിച്ചു ലളിതയെ നോക്കി. തന്റെ വിചാരത്തിൽ സദാ സ്ഥിരചെയ്തിരുന്ന ആ പ്രിയതമയുടെ ദർശനമാത്രയിൽ അയാളുടെ മുഖത്തു ക്ഷണം സന്തോഷഭാവം ഉണ്ടായി. എന്നാൽ സന്തോഷവും തൃപ്തിയും സമ്മിശ്രമായിക്കാണപ്പെട്ട ആ മുഖത്തു ദുഃഖചിഹ്നവും ഇല്ലാതിരുന്നില്ല. അഗാധമായ ഒരു ദീർഘശ്വാസത്തെ ഭയനീയമാംവിധത്തിൽ നി

ശപിച്ചിട്ട അയാൾ തന്റെ കണ്ണുകളെ അടച്ചു. ഉടനെ അയാളുടെ ശ്വാസം നില്ക്കുയും ആത്മദീപം അണഞ്ഞു പോകയും ചെയ്തു.

എന്നാൽ ലളിതയ്ക്കോ! കഷ്ടം! ബാല്യസ്നേഹത്തിന്റെ സകല സ്വപ്നങ്ങളും ഇവിടെ അവസാനിച്ചിരിക്കുന്നു! തന്റെ ഭർത്താവിനോടുകൂടിയുള്ള ഭാവിയായ വാസസുഖത്തിന്റെ സകല ആഗ്രഹങ്ങളും ഇപ്പോൾ ഹാ! എത്ര നിർദ്ദയമാംവണ്ണം നശിച്ചിരിക്കുന്നു! അവൾ ഒരു വിധവയായി! പതിനാലാമത്തെ വയസ്സിൽ ഒരു വിധവ! വൈധവ്യവിചാരമല്ല ലളിതയെ ഈ സമയത്തു അധികമായി പീഡിപ്പിച്ചത്. ബിംബത്തെ തകർത്തു അമ്പലത്തെ ശൂന്യമാക്കിയിരിക്കുന്നു. ഇനിയും ജീവിതത്തിൽ അവൾക്കെന്തു സുഖമാണുണ്ടാകുന്നത്! ദുഃഖാവസരങ്ങളിൽ സന്തോഷിപ്പിക്കുന്ന ഭർത്താവിന്റെ ധൈര്യവാക്കുകളും, വേദനസമയങ്ങളിൽ ആശ്വാസിപ്പിക്കുന്ന കൂട്ടുകാരുടെ ആലാപസ്വരങ്ങളോ അവൾക്കു കേൾക്കാൻ കഴിയുമോ! അതി നിന്ദ്യമായ ഏകാന്തവാസത്തെ ഈ ബാലവിധവ എങ്ങിനെ സഹിക്കും! ഭർത്താവിനെയോർത്തു പ്രലപിച്ചു കഴിക്കേണ്ട ദിനങ്ങളാൽ അവളുടെ ജീവിതത്തിൽ ഇനി എത്രയാണുള്ളത്! എന്നാൽ ഇതിലും കഠിനതരമായിട്ടുള്ള അവസ്ഥ എന്തെന്നാൽ, അവളുടെ ചുറ്റുമുള്ളവരിൽ ഒരുത്തർക്കും അവളുടെ വിചാരത്തിൽ പ്രവേശിച്ചു അവളോടു സഹതപിക്കാൻ കഴിയാഞ്ഞതാണ. മൌനമായി കണ്ണുനീർ വാർത്തുകൊണ്ടിരുന്ന ഈ സമയത്തു പോലും അവളെ സമാധാനപ്പെടുത്തുന്നതിന്നാകട്ടെ, സന്താപദീനയായ അവളുടെ മനസ്സിന്നു ആശ്വാസൌഷധം നൽകുന്നതിന്നാകട്ടെ, ആരും തത്സമയം ഉണ്ടായിരുന്നില്ല.

ഭവനത്തിൽ ദുസ്സഹമായ ദുഃഖചിഹ്നങ്ങൾ സർവ്വത്രവ്യാപിച്ചു. ഒരു മരണാനന്തരം ഹിന്തു ഭവനങ്ങളിൽ നടക്കുന്ന സംഗതികൾ എന്തെല്ലാമെന്നു ഇവിടെ പറഞ്ഞിട്ടാവശ്യമില്ല. ഉച്ചത്തിലുള്ള നിലവിളികളും പ്രലാപസ്വരങ്ങളും ഭവനത്തെ ഭേദിക്കുന്നതിന്നിടയിൽ അതിഭയങ്കരമായ ഒരു ശബ്ദം ഈ മുഴക്കങ്ങളുടെ മദ്ധ്യേ കേട്ടു. നിലവിളികൂടാതിരുന്ന ആളുകളിൽ ചിലർക്കു ഈ ശബ്ദം എന്താണെന്നറിയാതെ ഭീതികളും ജനിച്ചു തുടങ്ങി. പെട്ടെന്നവർക്കൊരു ബുദ്ധിതോന്നി. ലളിതയെ അന്വേഷിച്ചപ്പോൾ എങ്ങും കാണ്മാനില്ല. ഭീതി മുഴുകി വിവർണ്ണന്മാരായ ചിലർ ഓടി

ച്ചെന്ന കിണറ്റിൽ നോക്കിയപ്പോൾ എന്തു ഭയജനകമായ കാഴ്ച യാണ് അവരുടെ നേത്രങ്ങളിൽ പെട്ടത്. തലമുടിയിൽകൂടെ വെ ള്ളം ഇറ്റിറ്റു വീണും അരവരെ ജലത്തിൽ മുങ്ങിയും ഒരു സ്ത്രീ രൂപം നില്ക്കുന്നതു കണ്ടു. അതു ലളിതയായിരുന്നു. പെട്ടന്നുള്ള മരണത്താൽ ദുഃഖശാന്തി വരുത്താമെന്നുള്ള ഉദ്ദേശമാണ് കിണറ്റിനരികത്തു പോകുന്നതിനും ഈ വിധം പ്രവർത്തിക്കുന്നതിനും ആ സാധുവായ സ്ത്രീയെ പ്രേരിപ്പിച്ചത്.

എന്നാൽ ലളിതയെ ഇങ്ങനെ ആത്മഹാനി വരുത്തുന്ന തിനു അനുവദിച്ചില്ല. വേഗത്തിൽ കിണറ്റിനുള്ളിൽ നിന്നും കയ റിൽ കരയിൽ കൊണ്ടുവന്ന ഭർത്താവിന്റെ മൃതശരീരത്തിന്നരികെ ഒരു പായവിരിച്ചു കിടത്തി. അവളുടെ സഹോദരൻ അടുക്കൽ ഇരുന്നു മുഖത്തെ വീശിത്തണുപ്പിക്കയും നെറ്റിയിൽ തടവുകയും ചെയ്തു. അപ്പോൾ അവളുടെ നാഡികൾ ഓടുന്നതിനും ഹൃദയം ചലി ക്കുന്നതിനും തുടങ്ങി. എന്നിട്ടും വളരെ നേരത്തേക്കു ബോധഹീന യായിത്തന്നെ കിടന്നു. ഭർത്താവിന്റെ ദഹനക്രിയകൾ എല്ലാം കഴിഞ്ഞശേഷം അവൾക്കു ബോധം ഉണ്ടായി. എന്നാൽ വെള്ളയടിച്ച ചുമരിൽ ദൃഷ്ടിയെ ദൃഢമായി പതിപ്പിച്ചുംകൊണ്ടു കിടന്നതേ ഉള്ളൂ. വിവരങ്ങൾ ഗ്രഹിച്ച ഉടൻതന്നെ മാതാപിതാക്കന്മാർ അവളുടെ ശുശ്രൂഷക്കെത്തി. ദീനക്കിടക്കയിട്ടെഴന്നേറ്റപ്പോൾ ലളിത വേറെ ഒരു സ്ത്രീയായിതീർന്നു. യൌവന ലക്ഷണങ്ങൾ അവളുടെ മുഖത്തെയും വെടിഞ്ഞൊടി. ജീവന് അവളിൽ ഒരു പ്രാധാന്യം ഇല്ലാതാകയും, അവളിൽ ഒരു ബാധ്യതയും ഇല്ലെന്നു തോന്നപ്പെടുകയും ചെയ്തു. എന്തെന്നാൽ അവൾക്കു സചേതനബുദ്ധി ഇല്ലാതാകയും, വിവേചനാശക്തി അശേഷം പൊയ്പോകയും ചെയ്തു. അമ്മാവനമ്മമാർ ലളിതയെ സ്വഭവനത്തിൽ കൊണ്ടുപോയി വളരെ ദയയോടെ പരിചരിച്ചു.

ഈ ആപല്ക്കരമായ സംഭവം നടന്നിട്ടു ഇപ്പോൾ ആറു സംവത്സരത്തിൽ അധികം ആയിട്ടുണ്ട്. ലളിത ഒരു നിഴൽ മാത്രമായി തീർന്നിരിക്കുന്നു. ജീവിത ലോകത്തിൽ ഇനി ഏറെ ദിവസം അവൾ നിവസിക്കുമെന്നു തോന്നുന്നില്ല. അവൾ ഒന്നും സംസാരിക്കുന്നില്ലെന്നു മാത്രമല്ല അമ്മൂമ്മയായി വാഴുകയുമില്ല. അത്

"എന്നെ എന്റെ പ്രാണപ്രിയനിൽ നിന്നും വേർ പെടുത്തിയവൾക്ക് ഥാ കഷ്ടം!" എന്നു പറയുന്നതിനു മാത്രമാണ്

ബി. കല്യാണിഅമ്മ.—തിരുവനന്തപുരം.

ഭദ്രകാളീസ്തവം.

മുക്കണ്ണൻമുകിൽവണ്ണനംബുജഭവൻതൊട്ടെണ്ണിനോക്കുമ്പൊഴി
ന്നിക്കണ്ടോരു ചരാചരംമുഴവനുംമുന്നാക്കിയെന്നാൽശിവേ!
കൊക്കെസ്സതപരജസ്തമോഗ്രണമയംസതപാടിമായാമയം
പൊല്ലാപ്പുള്ളൊന്നുമായനീയതുവശാലൊന്നില്ലനീയെന്നിയേ ൧

ചെമ്മേഭക്തിനിറഞ്ഞുഭാഗ്യമധികംകൂട്ടുന്നലോകങ്ങളെ
ന്നമ്മേയെന്നുവിളിക്കുമക്ഷണമെടുത്തങ്കത്തിൽവെയ്ക്കുന്നുനീ
ഉന്മേഷത്തൊടുദാരമാംനിജപദംനാംകുന്നുനിയംബികെ!
നിന്മാഹാത്മ്യമിവണ്ണമെന്നുമുനിമാർചൊല്ലുന്നുകില്ലെന്നിയേ ൨

കാളാംഭോദകചേ!കളായരുചിരേ!കാളാഹിഭ്രഷോജ്ജ്വലേ!
കേളീഖണ്ഡിതദാനവാധിപശിരോമാലാവലീമണ്ഡിതേ!
കാളീടുന്നൊരുഭക്തിഭാരമൊടുനിൻതൃക്കാൽനമിയ്ക്കുംനമു
ക്കാളീടുന്നതിനെന്തുബന്ധമധുനാഘോകാളി!ശോകാനലൻ ൩

കാരോരോവിധമുൾക്കരുന്നുകരിയുമ്മാറിന്നുസംസാരമാം
പാരാവാരതരംഗസന്തതികളിൽതട്ടിത്തെറിയ്ക്കുന്നുഞാൻ
മാരാരാതിസുതേ!കൃപാമൃതമൊലിച്ചിട്ടുന്നതുകണ്ണുകൊ
ണ്ടാരാലൊന്നുകനിഞ്ഞുനല്കുകരയ്ക്കുന്നേക്കടഞ്ഞീടണം ൪

അന്യദേവതകളേക്കുഴിയ്ക്കയി
ല്ലെന്നുറച്ചമരുവുന്നൊരെന്നെനീ
ഇന്നതിരെവെടിയുന്നതാകിൽമ
റെന്തിനിസ്സിരവലംനമംബികേ ൫

മല്ലോടേറുസുരാരിവർഗ്ഗമൊടെതിത്താത്തീടുവാനംബിക
സ്സില്ലുംകോത്തുചമച്ചമാലകളുമാചാത്തിടുവാനംശിവേ!

മെല്ലെച്ചോരകുടിയ്യുവാനരിയാമല്യാതെസേവിച്ചുവ
ക്കില്ലുസേനതുണയ്യുവാനരികയില്ലെന്നോകരുങ്ങാതലേ! ന്ദ

പാപംതീരെനശിയ്യുണംമമമഹാബോധംവളത്തീടണം
താപംതനിശമിയ്യുണംശിവസുതേ!നീയെന്നെരക്ഷിയ്യുണം
ആപത്തൊക്കെയകറണംബഹുവിധംസമ്പത്തുതന്നീടണം
ചാപല്യങ്ങൾപൊറുക്കണംചിരമിനിക്കല്യാണമേകീടണം ൈ

ഏവംനിത്യവുമസ്മശങ്കമിഹനൽകാളീപദാംഭോരുഹം
സേവിയ്യുന്നതുകൊണ്ടുസിദ്ധിയുടെമുമ്പെങ്ങുംഗമിയ്യില്ലെഞാൻ
ദേവിയ്യുള്ളദയാലവത്തിനിനിയുംപാത്രീഭവിയ്യുംയ്യിലോ
പോവില്ലീയടിമക്കിടാവടിമലപ്പുറ്റിൽകിടക്കംദ്ധ്രുവം വ

കൊട്ടങ്ങല്ലൂർ ചെറിയ കുഞ്ഞുണ്ണിത്തമ്പുരാൻ.

വിക്രമോർവ്വശീയസാരം.

(തുടർച്ച)

വിദൂഷകൻ ഉർവ്വശീസംഗമോപായം ആലോചിപ്പാനായി കുറച്ചിടവാങ്ങിയതിന്റെശേഷം രാജാവ് ജ്യോതിശ്ശാസ്ത്രസിദ്ധാന്തത്തെ അനുസരിച്ച് തനിക്ക് അപ്പോൾ ദൈവഗത്യാ ഉണ്ടായിവരുന്ന മനഃപ്രസാദംകൊണ്ട് കാര്യസിദ്ധിയെ ഊഹിക്കുന്നുവെന്ന കഥയെ "മതിമുഖി" എന്ന ശ്ലോകംകൊണ്ടു പറയുന്നു. മുമ്പിൽ ഹേമകൂടപർവ്വതത്തിൽ വെച്ച് രാജാവിനോട് വേർപെട്ട് സ്വർഗ്ഗത്തിലേക്കുപോയ ഉർവ്വശി കാമപീഡിതമായ തന്റെ മനസ്സിനെ അനുസരിക്കാൻ നിവൃത്തിയില്ലാഞ്ഞിട്ട് അല്പമായ ഒരു ഇടകിട്ടിയപ്പോൾതന്നെ രാജാവിനെ കാണ്മാനായിക്കൊണ്ട് ദ്യുതിമുഖേന രാജാവിന്റെ തല്കാലാവസ്ഥയും മറുയാതൊന്നും അറിയാതേയും ഗന്ധർവിന്റെയും സഖിയുടേയുംമറും അനുവാദം കൂടാതേയും അതിവേഗത്തിൽ പുറപ്പെട്ടുവെന്നും, ഒരിക്കലും ഉർവ്വശിയോട പിരിഞ്ഞിരിക്കാത്ത തുഷ്ടസഖിയായ ചിത്രലേഖ അപ്പോളാവിവരങ്ങളെല്ലാം ചോദിച്ച് മനസ്സിലാക്കി കൂടെ പുറപ്പെട്ടുവെന്നും ഉർവ്വശിക്ക കാ

മാധിക്യത്താലുണ്ടാവുന്ന ഓമ്മക്കേടുകൊണ്ട് സംഭവിച്ച ശങ്കയെ ചിത്രലേഖ തീർത്ത് സമാധാനമുണ്ടാക്കിയെന്നും ഉള്ള കഥയെ "അനന്തരം" എന്നമുതൽ "കാമ്മവന്നു" എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. രാജാവിന്റെ വാസസ്ഥലമായ പ്രതിഷ്ഠാനഗരം ദിവ്യന്മാക്കു താമസിപ്പാൻ സ്വർഗ്ഗംപോലെതന്നെ ഉചിതമാണെന്നതിനെ "തോഴിനോക്കു" എന്നമുതൽ "പറയണം" എന്നുവരെയുള്ള ഗ്രന്ഥങ്കൊണ്ടു പറയുന്നു. ഒരു നഗരംപോലെതന്നെ ഒരു ഉദ്യാനവും ദിവ്യന്മാക്ക് കളിപ്പാൻതക്ക ഗുണങ്ങളുള്ളതാണെന്നു സൂചിപ്പിച്ചുകൊണ്ട് രാജാവിനെ ഇവിടെ അന്വേഷിക്കുകതന്നെ എന്നു ചിത്രലേഖയുടെ അഭിപ്രായപ്രകാരം രണ്ടുപേരും ഉദ്യാനത്തിലിറങ്ങി രാജാവിനെക്കണ്ടപ്പോൾ ചിത്രലേഖ, ഉർവ്വശിയും രാജാവും തമ്മിൽ ചേർന്നില്ലെങ്കിൽവളരെ അനുചിതമാണെന്നും അതുകൊണ്ട് ചേരാതിരിക്കില്ലെന്നും ഉള്ള തന്റെ അഭിപ്രായത്തെ 'തോഴി' എന്ന മുതൽ 'കാത്തു നില്ക്കുന്നു' എന്നുവരെയുള്ള ഗ്രന്ഥങ്കൊണ്ടു പറയുന്നു. കാമപീഡയെ സൂചിപ്പിക്കുന്ന വിളർപ്പ്, ചടപ്പ് സൌന്ദര്യവർദ്ധി, മുതലായവകൊണ്ടു രാജാവിനെ കാണാൻ ഇനിക്കു മുമ്പിലത്തെക്കാളധികം സന്തോഷമുണ്ടെന്ന് ഉർവ്വശി പറകയും അതിനെ ചിത്രലേഖ സമ്മതിക്കുകയും ചെയ്യുന്നതിനെയാകുന്നു 'തോഴി' എന്നമുതൽ 'ശരിയാണ്' എന്ന വരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നത്. കാമപീഡാവികാരങ്ങൾക്കൊണ്ടു ഇദ്ദേഹമിപ്പോൾ ഈ വിജനസ്ഥലത്തവെച്ച് പ്രിയസഖനായ രാജാവ് വ്യാധിമൂലമുണ്ടാവുന്ന പാണ്ഡുതകാശ്യാദികൾകൊണ്ടുണ്ടാവുന്നതുപോലെ വൈരൂപ്യം സംഭവിച്ചിട്ടില്ലെന്നു മാത്രമല്ല അധികം സൌന്ദര്യമുണ്ടാവുമെന്നു പ്രസിദ്ധമാണല്ലൊ. ബ്രാഹ്മണനോട് തന്റെ കാമപീഡാമൂലമായ സ്ത്രീരത്നത്തെപ്പറ്റിത്തന്നെ സംസാരിക്കുകയുള്ളൂ. അതിനാൽ അതു കേൾക്കുവാൻ നൊമ്മലാക്കു തിരസ്കരണികൊണ്ടു മറഞ്ഞ് സമീപത്തിൽ നില്ക്കണം എന്നു ഉർവ്വശിയുടെ അഭിപ്രായപ്രകാരം രണ്ടാളും രാജാവിന്റെ സമീപത്തിൽ ചെന്ന് മറഞ്ഞ് നില്ക്കുന്നു. മുമ്പ് രാജാവു ചോദിച്ചതിനു ഒരു ഉപായം കണ്ടുപിടിച്ച് വിദൂഷകൻ അതിനെ രാജാവിനോടു പറഞ്ഞതിനെ ഉർവ്വശി മഹാമനസ്കനായ രാജാവ് കേൾക്കാനായി നിശ്ചിതം മനം മറുവടി പറയാതിരിക്കുമ്പോൾ ഉർവ്വശി താനോറാവും

ആഗ്രഹിക്കുന്നതു ഇദ്ദേഹം പ്രാർത്ഥിക്കുന്ന സ്ത്രീരത്നത്തെ പ്രശംസിക്കുകയും അവളേതെന്നറിവാനായി പരിഭ്രമിക്കുകയും ചെയ്യുന്നതിനെ "ഇദ്ദേഹം" എന്നമുതൽ "പെണ്ണോണ്" എന്നവരേയുള്ള ഗദ്യഭാഗംകൊണ്ടു പറയുന്നു. അങ്ങുന്ന് ദിവ്യസ്ത്രീയല്ലെ? അങ്ങയ്ക്കു മനുഷ്യർ വിചാരിക്കുന്നതിനെ പ്രഭാവംകൊണ്ടറിവാനുള്ള ശക്തിയുള്ളപ്പോൾ എന്തിനാണിങ്ങനെ പരിഭ്രമിച്ചു വ്യസനിക്കുന്നത്. എന്ന ചിത്രലേഖയുടെ ചോദ്യത്തിന്ന് ഉർവ്വശീ കാമപീഡാപാരവശ്യംകൊണ്ട് ഇപ്പോൾ ഇനിക്കിതിനു ശക്തിയില്ലെന്നുള്ളതിനെ "വേഗത്തിലെന്നമുതൽ വയ്യ" എന്ന് വരേയുള്ള ഗദ്യഭാഗംകൊണ്ടു പറയുന്നു. വിദൂഷകൻ വീണ്ടും നിർബ്ബന്ധിച്ച് താൻ കണ്ടുപിടിച്ചതായ കൂടിച്ചേരുവാനുള്ള വഴിയെ പറയുവാനുള്ള അനുവാദം രാജാവിനോടു വാങ്ങിച്ച് ആ വഴികളെപ്പറയുകയും ആ വാക്കുകൊണ്ട് രാജാവിനുള്ള അനുരാഗം തന്റെ നേരെയാണെന്ന് സ്പഷ്ടമായപ്പോൾ ഉർവ്വശീ ആശ്വസിക്കുകയും ചെയ്യുന്നുവെന്നതിനെ "ഇതാ" എന്നമുതൽ "ആശ്വസിക്കു" എന്നതുവരേയുള്ള ഗദ്യഭാഗംകൊണ്ടു പറയുന്നു. ഇപ്പോളിനിക്കു കാമപീഡയുടെ ശക്തികൊണ്ട്, ഉർവ്വശിയെ സപദ്യം കാണ്മാനുറങ്ങുന്നതിനും കണ്ണീർ കൂടെകൂടെ ചാടുകകൊണ്ട് ഉർവ്വശിയെ ചിത്രമെഴുതുവാനും സാധിക്കാത്തതിനാൽ അങ്ങുന്നു പറഞ്ഞ രണ്ടുപായങ്ങളും നിഷ്ഫലങ്ങളാണെന്നതിനെ "ഇതു രണ്ടും" എന്നമുതൽ "ഇരിക്കുകയില്ലയൊ" എന്നു വരേയുള്ളതുകൊണ്ട് രാജാവ് വിദൂഷകനോടു പറയുന്നു. ഇദ്ദേഹത്തിനുള്ള അനുരാഗം അങ്ങയുടെ നേരെയാണെന്നിപ്പോൾ നല്ലവണ്ണം മനസ്സിലായില്ലേ? ഇനി തിരസ്കരണിയെക്കളഞ്ഞ് ഇവിടെ പ്രത്യക്ഷമാവുകയല്ലേ നല്ലത്? എന്നഭിപ്രായമായ "നീ കേട്ടില്ലേ" എന്ന ചിത്രലേഖയുടെ ചോദ്യത്തിന്ന ഉർവ്വശി ഇദ്ദേഹത്തിന്ന് എന്റെ നേരെ അനുരാഗം എത്ര വർദ്ധിച്ചാലും ഇനിക്കു മതിയാവുന്നതല്ല. അതിനാൽ പ്രത്യക്ഷമാവാൻ വരട്ടെ എന്ന ഭാവത്തെ പ്രകാശിപ്പിച്ചുകൊണ്ട് "ഉർവ്വ- കേട്ട മനസ്സിനു തൃപ്തിയായില്ല" എന്ന മറുവടി പറഞ്ഞു നിൽക്കുന്നു. ഇനിക്ക് ഈ കാര്യത്തിൽ മറൊരു വഴിയും തോന്നുന്നില്ലെന്നു പറഞ്ഞ് വിദൂഷകൻ കയ്യൊഴിച്ചതിന്റെ ശേഷം രാജാവു വലുതായ സങ്കടത്തോടുകൂടി അയ്യോ കഷ്ടം! എല്ലാ ആഗ്രഹത്തേയും അസാദ്ധ്യബുദ്ധി നശിപ്പിക്കേ, എന്റെ ഈ

ആഗ്രഹത്തെ അസാദ്ധ്യബുദ്ധിയും നശിപ്പിപ്പാൻ കഴിയുന്നില്ല ല്ലോ, ഞാനെന്തുവേണ്ടു, എന്നുള്ള തന്റെ ആധിയെ "പെരുത്തൊര ഴൽ" എന്ന പദ്യംകൊണ്ട് വിളിച്ചുപറയുന്നു. അപ്പോൾ ചിത്ര ലേഖ നിനക്കു തൃപ്തിയാവാനുള്ള; ഇദ്ദേഹത്തിന്നു പ്രാണവേദനയും ഈ നില നന്നല്ല അതുകൊണ്ട് ആശ്വസിപ്പിപ്പാൻ പ്രത്യക്ഷമാവുക യാണ് നല്ലതെന്നു. അഭിപ്രായത്തോടുകൂടി "നീ കേട്ടില്ലെ" എ ന്ന് രണ്ടാമതും ചോദിച്ചതിന്ന് മറുവടിയായി ഉഷ്ണശീ ഇദ്ദേഹത്തി നെ ആശ്വസിപ്പിപ്പാൻ ഞാനിങ്ങനെ ചെയ്യാമെന്നപറഞ്ഞ ചി ത്രലേഖയെ സമ്മതിപ്പിച്ച് പ്രഭാവംകൊണ്ടു സൃഷ്ടിച്ച ഒരു ഭ്രഷ്ട പത്രത്തിൽ തന്റെ വിരഹവേദനയേ എഴുതി അതിനെ രാജാ വിന്റെ മുമ്പിലിടുന്നു എന്ന കഥയെ "കഷ്ടം"മെന്നമുതൽ "ചെയ്യു ന്നു" എന്നവരേയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. വിദൂഷകനും രാജാ വും അസംഗതിയായി മുമ്പിൽ വീണ ആ ഭ്രഷ്ടപത്രത്തെ കണ്ട ഉ ചിതമായ പല ഊഹങ്ങളെ ചെയ്ത് ഉടൻ രാജാവ് അടുത്തുനോ ക്കി വിദൂഷകന്റെ ഊഹമൊന്നു എന്ന് ശ്ലാഘിച്ചപ്പോൾ കേൾപ്പാ നാവശ്യപ്പെട്ട വിദൂഷകനെ വായിച്ചു കേൾപ്പിക്കുന്നു എന്ന കഥ യെ "സംഭ്രമത്തോടുകൂടെ" എന്ന മുതൽ "തട്ടിടുമോ" എന്നവരേ യുള്ള ഗ്രന്ഥംകൊണ്ട് പറയുന്നു. ഇതിന്നിടയിൽ, ഇനി ഇവിട ന്ന് ഈ എഴുത്ത് കല്പിച്ച് വായിച്ച് കേട്ടാൽ കൊള്ളാമെന്നു പറ ഞ്ഞതിന്റെ ശേഷം ഉഷ്ണശീ "ആയ്യ അങ്ങുന്ന് നല്ല നാഗരീകൻ തന്നെ" എന്ന പറഞ്ഞതിന്റെ താല്പര്യാർത്ഥം— ഇദ്ദേഹത്തിന്നു എഴുത്തനോക്കി അർത്ഥം മനസ്സിലാക്കുവാൻ അക്ഷരജ്ഞാനമില്ലെ ന്നു തോന്നുന്നു എന്നാകുന്നു (നാഗരീകൻ എന്ന പദത്തിന്ന് വിപ രീതലക്ഷണംകൊണ്ട് ഗ്രാമ്യൻ എന്നർത്ഥം) പക്ഷാന്തരത്തിൽ അ തി സുഭഗസ്വരവിശേഷത്തോടുകൂടി രാജാവുതന്നെ ഈ എഴുത്തൊ ന്ന് വായിക്കുന്നതു കേട്ടാൽ കൊള്ളാമെന്ന് ഞാനിപ്പോളാഗ്രഹിക്കു ന്നതുപോലെതന്നെ ആഗ്രഹിച്ചതുകൊണ്ട് ഇദ്ദേഹം എത്രയും വി ശേഷജ്ഞനാണെന്നാകുന്നു താല്പര്യാർത്ഥം.

(തുടരും)

കൊട്ടങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

അസൂയ.

തനിക്ക് അശേഷംപോലും പരിചയമില്ലാത്ത ഒരു യോഗ്യപുരുഷനെ അടുത്ത് നിന്നിരുന്ന മറെറാരുത്തൻ അനിതരസാധാരണമായ വിധത്തിൽ കടാക്ഷവിക്ഷേപണം ചെയ്യുന്നത് ഞാൻ ഒരിയ്ക്കൽ കാണുകയുണ്ടായി. നോട്ടത്തിന്റെ സമ്പ്രദായവും പ്രേക്ഷകന്റെ ശോകാവേഗത്തെ സൂചിപ്പിക്കുന്നതായ മുഖഭാവവും കണ്ടിട്ട് 'അമ്പടാ, അസൂയയുടെ ഗോഷ്ടി ഇപ്രകാരമാണല്ലൊ പ്രദർശിക്കപ്പെടുന്നത്' എന്ന ഇനിക്ക് തോന്നിപ്പോയി. അസൂയക്ക് ഒരു ആഭിചാരശക്തിയുണ്ടെന്നും അസൂയക്കാരന്റെ നോട്ടമാത്രത്താൽ അനേകം ഐശ്വര്യവാന്മാരുടെ സുഖാനുഭവത്തിന് വിഘാതം വന്നിട്ടുണ്ടെന്നും ചിലർ ഇപ്പൊഴും വിശ്വസിച്ചുവരുന്നുണ്ട്. ഇതാണ് സാധാരണയായി "കണ്ണേല്ക്കുക" എന്നു പറയപ്പെടുന്നത്. ഒരു വിശ്വാസം പാശ്ചാത്യന്മാരുടെ ഇടയിലും ഉണ്ടായിരുന്നില്ലെന്നില്ല. സർ. ഫ്രാൻസിസ്സ് ബെക്കൺ (Sir Francis Bacon) എന്ന മഹാൻ ഒരു അവസരത്തിൽ ഇപ്രകാരം പറഞ്ഞതായി കേട്ടിട്ടുണ്ട്: "ഒരുത്തൻ ഉന്നതസ്ഥിതിയിൽ ഇരിക്കുമ്പോൾ അവനിൽ ഏല്ക്കുന്ന കണ്ണ് വളരെ ദോഷത്തെ ചെയ്യുന്നു." ഒരു അഭിപ്രായത്തെ അടിസ്ഥാനമില്ലാത്തതെന്നു നിരസിപ്പാനോ, 'കണ്ണേല്ക്കു'ലിനെ യുക്തിപൂർവ്വം സാധിപ്പാനോ ഞങ്ങൾ ഇപ്പോൾ ഒരുങ്ങുന്നില്ല. എന്നാൽ 'അസൂയ' എവനിൽ ജനിക്കുന്നുവോ അവന്ന് തന്നിമിത്തം ഉണ്ടാവുന്നതായ മനോവേദന, അയാളുടെ ആശ്വാസമാർഗ്ഗം, പിന്നെ ആത്മസന്തുഷ്ടിക്കുള്ള കാരണം എന്നിങ്ങിനെ മൂന്ന് മുഖ്യസംഗതികളെപ്പറ്റി മാത്രമേ സംക്ഷേപിച്ച് ഇവിടെ പറയുന്നുള്ളൂ.

അസൂയ ഉള്ളവനെ 'കശ്മലൻ' എന്നും സാധാരണ പറയാറുണ്ടല്ലൊ. ഒരു കശ്മലൻ, സന്തോഷിക്കേണ്ട അവസരങ്ങളിൽ എല്ലാം മനോവേദനയോടുകൂടിയാണ് കഴിഞ്ഞുകൂടുന്നത്. എന്നതന്നെയല്ല, ഈ ദുസ്സ്വഭാവം ഇല്ലാത്തവക്കെല്ലാം മനസ്സിന്

ആഹ്ലാദകരമായി തീരുന്ന വസ്തുക്കൾ ഇയ്യാളിൽ വിപരീതഫല ത്തെ ചെയ്യുന്നു എന്നു പറയുവാൻ ഞങ്ങൾ ലേശംപോലും സംശ യിക്കുന്നില്ല. എന്തെന്നാൽ, സമസ്തസൃഷ്ടികളിൽ ഉണ്ടാവുന്ന സൽ ഗുണാദി പരിപൂർണ്ണത ഇയ്യാൾ തീരെ നിന്ദ്യമായിട്ടാണ് ഗണിക്കു ന്നത്. 'യൌവനം', 'സൌന്ദര്യം', 'പരാക്രമം', 'ബുദ്ധി' എന്നു തുടങ്ങിയുള്ള വിശേഷ ഗുണങ്ങൾ അസൂയക്കാരന് കോപഹേതു ക്കളായി തീരുന്നു. കഷ്ടം! ഇതെന്തൊരു ജുഗുപ്സാവഹമായ അവ സ്ഥയാണ്. ഗുണാതിരേകത്തിങ്കൽ ദുർമ്മുഖമോ! ജനസാമാന്യം പുകഴ്ത്തുന്ന ഒരുവനിൽ വെറുപ്പോ! അത്യത്ഭുതം! അസൂയക്കുക്ഷിയാ യ ഒരുവന്റെ അവസ്ഥ ഏറ്റവും ശോചനീയം തന്നെ. എന്തെ ന്നാൽ, ഇയ്യാൾ അന്യന്റെ അഭ്യുദയങ്ങളിൽ സന്തോഷിക്കാതെ അവരുടെ സമ്പത്തിനെ കുറിച്ച് സദാ കുശുമ്പ് വിചാരിച്ചു വി ചാരിച്ച് അവനവന്റെ മനസ്സിനെ വഷളാക്കുകയും ക്ലേശിപ്പിക്കു കയും അല്ലയോ ചെയ്യുന്നത്. ഈ ജാതിക്കാരുടെ ഇടയിൽ സര സനായ ഒരു ഏഷണിക്കാരൻ ചാടിവീഴട്ടെ. അവർ തമ്മിലുള്ള സംഭാഷണം ഏത് ജാതിയിലായിരിക്കുമെന്നു നോക്കുക.

ഏഷണിക്കാരൻ— കേട്ടില്ലെ! രാമൻകുട്ടിമേനോന്റെ കഥ!

അസൂയക്കാരൻ— എന്താ പറയത്തക്കവണ്ണം?

ഏഷണിക്കാരൻ— അയാളുടെ കായ്യം മെച്ചംതന്നെ. അ യാൾക്ക് കോട്ടയം ഷോഡതി കിട്ടിയത്രെ.

അസൂയക്കാരൻ— ഏ! എന്ത? സൂക്ഷ്മംതന്നെയോ?

ഏഷണിക്കാരൻ— ഒന്നാം സമ്മാനം കിട്ടിയെന്നു ഇന്നലെ കമ്പി വന്നു. അത്രെയുള്ളൂ.

അസൂയക്കാരൻ— (വ്യസനഭാവത്തോടെ ആലോചിച്ച്) ആവു അത്രയല്ലേ ഉള്ളൂ. കമ്പി കിട്ടി അല്ലേ. എന്നാൽ കായ്യ വും കമ്പിതന്നെ.

ഏഷണിക്കാരൻ— ശരിയാണ്. കമ്പിയിൽ ആണ് പണം അയച്ചുകിട്ടിയത.

അസൂയക്കാരൻ— ഓ (എന്ന് പുരഭാവത്തോടെ) എല്ലാ നറുക്കും കിട്ടിയില്ലല്ലൊ.

ഏഷണിക്കാരൻ— അതില്ല. 'ഭാഗ്യം വരുമ്പോൾ കൂട്ടത്തോ ടെ എന്നില്ലെ' അത് വിചാരിച്ചു പറഞ്ഞതാണ്.

അസൂയക്കാരൻ— ഉം? ഇനിയും ഭാവമുണ്ടോ. (അസഹ്യത നടിച്ച്) പൊതി മുഴവൻ കെട്ടഴിക്ക കേൾക്കട്ടെ.

ഏഷണിക്കാരൻ— അതല്ലാ! മറെറ അന്യനിച്ചകായ്യം ഗവമ്മേണ്ട് തിച്ച്യാക്കിയിട്ടില്ല.

അസൂയക്കാരൻ— അതിൽ ഈ വിദ്വാൻ പൊളിയാതെ കഴികയില്ലല്ലൊ.

ഏഷണിക്കാൻ— എന്നാൽ ഇപ്പോൾ ജയിക്കയാണ് ഉണ്ടായത്.

അസൂയക്കാരൻ— (ദുഃഖപാരവശ്യത്തോടെ) ആ! ഹാ!

ഏഷണിക്കാരൻ— (ചങ്ങാതിയുടെ മുഖഭാവം മാറി എന്ന കണ്ടിട്ട്) ആ— ഓരോരുത്തക്ക് ഓരോ കാലം * * *

ഇപ്രകാരമുള്ള ഏഷണിക്കാരന്റെറ ഓരോ വാക്കുകളും മർമ്മഭേദിയായിട്ടാണ് കലാശിക്കുന്നത്.

ഇനി ഇങ്ങിനെയുള്ള മനോദുഃഖത്തിൽനിന്ന് ആശ്വസിപ്പാൻ അസൂയക്കാരന് വല്ല മാർഗ്ഗവും ഉണ്ടോ എന്നാലോചിക്ക. ലോകത്തിൽ സവ്ഗുണങ്ങളും തികഞ്ഞ ഒരുവനും ഇല്ലല്ലൊ. യോഗ്യനെന്ന് പരക്കെ സമ്മതമുള്ള ഒരുവന്റെറ നിസ്സാരമായ കുറവുകളേയും തെറുകളേയും സൂക്ഷിച്ചറിഞ്ഞ് അതുകളെ കൊട്ടിഘോഷിച്ച നടന്ന് സമാധാനപ്പെടുകയാണ് അസൂയക്കാരൻ ചെയ്യുന്നത്. പ്രശസ്തകീർത്തിമാനായ ഒരാൾ, തനിക്ക് അയോഗ്യമായ ഒരു പ്രവൃത്തിയെ സംഗതിവശാൽ ചെയ്തുപോകയൊ, അല്ലെങ്കിൽ, അയാൾ ചെയ്യുതെന്ന് ജനങ്ങൾ വിശ്വസിച്ചിരുന്ന ശ്ലാഘ്യമായ ഒരു പ്രവൃത്തി അന്യസഹായത്താൽ മാത്രം പരിപൂർത്തി വരുത്തപ്പെട്ടതാണെന്ന് അറിയുകയൊ, ചെയ്യുന്നതാണ് ഇയ്യാളുടെ മനോവേദനയ്ക്കുള്ള നിവൃത്തിമാർഗ്ഗം. തന്റെറ സൽപ്രവൃത്തി നിമിത്തം ലോകമാസകലം ഒരുപോലെ പ്രശംസിക്കുന്ന യോഗ്യനെ മനഃപൂർവ്വമായിട്ടല്ലെങ്കിലും ബഹുമാനിക്കാതെയിരിപ്പാൻ നിവൃത്തിയില്ലല്ലോ എന്ന് വ്യസനിച്ചിരുന്ന കുശുമ്പന്, ആ യോഗ്യതാംശത്തിന് കുട്ടവകാശികളുണ്ടെന്ന് വരുമ്പോൾ ഉണ്ടാവുന്ന കുണാത്ഥത എത്രത്തോളം ആയിരിക്കുമെന്ന് പറവാനുണ്ടോ. ഇതിനെ ഒന്നു ദൃഷ്ടാന്തപ്പെടുത്താം.

കരിയ്യൽ ഒരു വിശേഷമായ കവിത ഒരു മഹാൻ പേരു

വെക്കാതെ പ്രസിദ്ധപ്പെടുത്തി. കവിത വായിച്ചുനോക്കുന്നവക്കെല്ലാം ഗ്രന്ഥകർത്താവാരെന്നു മനസ്സിലാക്കാമായിരുന്നു. എങ്കിലും അസൂയനിമിത്തം ചിലർ അതിലെ ഓരോ ഭാഗങ്ങളെപ്പറ്റി ഒന്നാമതായി അധിക്ഷേപിക്കുവാനാരംഭിച്ചു. അവരുടെ ആക്ഷേപം നിലനില്ക്കില്ലെന്നു കണ്ടപ്പോൾ ആ കവിത അതിന്റെ പരമാർത്ഥകർത്താവിന്റെയല്ലെന്നും, വേറെ ഒരാളുടെയാണെന്നും, അവർ ഘോഷിക്കുവാൻ തുടങ്ങി. ഈ ശ്രമവും സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ കവിതയുടെ മുക്കാൽ ഭാഗവും മറ്റൊരുത്തൻ ഉണ്ടാക്കിയതാണെന്നും, വേറെ ഒരാൾ അതിലെ പിഴ തീർത്തിരിക്കുന്നുവെന്നും മറ്റും പറഞ്ഞുതുടങ്ങി. അപ്പോൾ ഇവരുടെ നിരർത്ഥമായ ആക്ഷേപങ്ങളെ എല്ലാം കേട്ട് അടുത്ത് നിന്നിരുന്ന ഒരുവൻ അവരൊടായിട്ട് 'മാന്യന്മാരേ, ഒരു കവിതാ രചനയിൽ നിങ്ങൾ ആരും ഉത്സാഹിച്ചിട്ടില്ലെന്നു വരുന്ന സ്ഥിതിക്ക് അത് ആരുടെയാണെങ്കിലും നിങ്ങൾക്ക് ദോഷമെന്തുള്ളൂ' എന്നു പറഞ്ഞുവെന്നും കേട്ടിട്ടുണ്ട്. ഇപ്രകാരമുള്ള യശസ്സ്കരമായ പ്രവൃത്തികളുടെ ഉടമസ്ഥൻ ആരെന്ന് പരസ്യമാവാതെ വരുന്ന ഘട്ടങ്ങളിൽ ആ യോഗ്യത യഥാർത്ഥപുരുഷനിൽ സ്ഥാപിക്കാതെ അനിശ്ചിത സ്ഥിതിയിൽ ആക്കി തീർക്കണമെന്നാണ് ഇവരുടെ പരമോദ്ദേശം. എന്തിനു വളരെ പറയുന്നു. ഒരുവന്റെ അഭ്യുദയങ്ങളുടെ ഇടയിൽ അയാൾക്കുള്ള മനഃശുദ്ധ്യത്തേയുംകൂടി പ്രസ്താവിച്ചാൽ അസൂയക്കാരന്റെ മുഖം തെളിഞ്ഞു. ഇന്നാൾ വളരെ പണക്കാരനാണെന്നു പറഞ്ഞാൽ കുശുമ്പന്റെ മുഖം വാടി. പണക്കാരനാണെങ്കിലും വളരെ പരാധീനങ്ങളുണ്ട് എന്ന് കേൾക്കുമ്പോൾ രസംകൊള്ളും. ആർക്കും ഏതുയോഗ്യതയ്ക്കും അർഹതയില്ലെന്നു പറയുന്നതാണ് അസൂയക്കാരന് പരിപൂർണ്ണ സന്തോഷം.

അസൂയക്കാരുടെ കൃതാർത്ഥതയും, പുരാണങ്ങളിലെ രാക്ഷസന്മാരുടെ കൃതാർത്ഥതയും ഒരുപോലേയാണെന്നു പറയാം. രാക്ഷസന്ന് താൻ കൊന്നിട്ടുള്ള ജീവികളുടെ എല്ല്, കുടൽമാല മുതലായവയെ കണ്ടു ആനന്ദിക്കുകയും അവയെ ധരിക്കുകയും, ചെയ്യുന്നതാണല്ലൊ സന്തോഷം. ഇതുപോലെതന്നെ മറ്റുള്ളവരുടെ നാശത്തിലാണ് അസൂയക്കാരന്റേയും സംതൃപ്തി. അസാധാരണയായ ഒരു ഉദ്യമത്തിൽ പ്രവേശിച്ച ഒരുവന്ന് ജയം സിദ്ധിക്കുമെ

ന്ന് പരക്കെ വിശ്വസിച്ചിരിക്കുന്ന അവസരത്തിൽ അയാൾക്ക് അപജയം സംഭവിച്ച കാണുകയും, ജനോപകാരവും പ്രശംസാഹ്വവുമായ ഒരു പ്രവൃത്തിയിൽ ഉദ്യോഗിച്ച ഒരുവൻ ഒടുവിൽ പരിഹാസപാത്രമായി തീർന്നുകാണുകയും ചെയ്യുമ്പോൾ അസൂയക്കാരൻ ംരം ഉദ്യോഗികളുടെ മേലാലുള്ള പരിശ്രമത്തിന്ന് വിഘ്നംവന്നു എന്നു കരുതി സന്തോഷിക്കുന്നു. ംരം ഉപന്യാസം അവസാനിക്കുന്നതിന്നു മുമ്പ് കൃഷ്ണവന്മാരുടെ ഇടയിൽ ഉള്ള പെരുമാറ്റത്താൽ തനിക്ക് സിദ്ധിച്ചിട്ടുള്ള അനുഭവങ്ങളെപ്പറ്റി ഒരു മഹാൻ പ്രസ്താവിച്ചിട്ടുള്ള ഒരു സംഗതി വായനക്കാക്ക് രസകരമായിവരുമെന്നു കരുതി അതുകൂടി ഇവിടെ ചേർക്കുന്നു.

"ംരം ഉസ്സ്വഭാവത്തിന്റെ (അസൂയയുടെ) സമ്പ്രദായം മുഴുവനും സൂക്ഷ്മമായി പഠിച്ചറിഞ്ഞതുകൊണ്ട് എന്റെ പ്രവൃത്തികളിൽ ംരം കൂട്ടർക്ക് അസൂയ ജനിക്കാതിരിപ്പാൻ മാർഗ്ഗം എന്തെന്ന് ഞാൻ ആലോചിച്ച് വെച്ചിട്ടുണ്ട്. ഒരിക്കൽ ഞാൻ നടത്തിയിരുന്നതായ ഒരു വർത്തമാനപ്പത്രത്തെപ്പറ്റി ജനങ്ങൾം പ്രശംസിക്കുന്നുണ്ട് എന്ന് ഞാൻ അറിഞ്ഞു. കുത്സിത മാനസന്മാർ അസൂയമൂലം നിശ്ചയമായും അധിക്ഷേപിക്കുമെന്ന് ഇനിക്ക് അപ്പോൾം ഭയം തോന്നി. അതിന്റെ നിവാരണത്തിനായി ഉടനെതന്നെ ഞാൻ ഒരു സൂത്രം ആലോചിച്ചു. ഞാൻ ഒരു സൌഭാഗ്യമുള്ള പുരുഷനല്ലായിരുന്നതുകൊണ്ട് ംരം വർത്തമാനം അവരുടെ മനശ്ശല്യത്തിന്ന് കുറവു വരുത്തുമെന്നു കരുതി തൽക്ഷണം അതിനെ പരസ്യമാക്കി. ഈ വർത്തമാനം അതിവേഗത്തിൽ നാടൊക്കെ പരന്നു. കൃഷ്ണവന്മാക്ക് സമാധാനമായി. എന്റെ ഉദ്ദേശവും സാധിച്ചു. ഇതിൽ പിന്നെ എന്റെ ലേഖനങ്ങളെ ജനസാമാന്യം ശ്ലാഘിക്കുന്നുണ്ടെന്നറിയുമ്പോളെല്ലാം എന്റെ ഓരൊ അംഗവൈരൂപ്യത്തെ പുറത്ത വരുത്തിയും, ചിലപ്പോൾ ഉപന്യാസ കർത്താവ് വേറെയാണെന്നു തോന്നുമാറ് ഗ്രന്ഥനാമം ഉപയോഗിച്ചും, ഞാൻ കൃഷ്ണവന്മാരുടെ മനഃക്ലേശനിവാരണം ചെയ്തുവരുന്നു."

എസ്സ്. വി. ആർ.

പുരാണപുരുഷന്മാർ.

ധർമ്മപുത്രർ.

II

എന്നാൽ ഇതുകൊണ്ടൊന്നും ധർമ്മപുത്രക്ക് മനസ്സമാധാനം വന്നില്ലെന്നു മാത്രമല്ല മറെറാരു വലിയ പശ്ചാത്താപത്തിനു കൂടി ഇടയായി. യുദ്ധം അവസാനിച്ചതിൻെറശേഷം, പരേതന്മാരായ ബന്ധുക്കളുടെ ശേഷക്രിയ ചെയ്യാനാരംഭിച്ചപ്പോൾ, 'ആദ്യം ഉദകക്രിയ ചെയ്യേണ്ടതു് കർണ്ണനു വേണ്ടിയാണെ'ന്നും, 'ആ മഹാ പുരുഷൻ കുന്തീദേവിയുടെ പ്രഥമ പുത്രനാണെ'ന്നും, അമ്മ തന്നെ പറഞ്ഞറിയുവാനിട വന്നതോടുകൂടി, 'വാസ്തവത്തിൽ പാണ്ഡു മഹാരാജാവിൻെറ രാജ്യത്തിനു താനാണവകാശി' എന്നുള്ള വിചാരത്തിന്മേൽ ഇതേവരെ പ്രവർത്തിച്ചതു മുഴുവൻ തെറാണെ'ന്നുള്ള ദൃഢവിശ്വാസം ആ മഹാ ധാർമ്മികൻെറ മനസ്സിൽ കടന്നു കൂടി.

'പാണ്ഡു മഹാരാജാവിന് ഔരസപുത്രനില്ലാത്ത സ്ഥിതിക്ക്, ക്ഷേത്രജന്മാരായ പുത്രന്മാരിൽവെച്ചു താൻ ജ്യേഷ്ഠനാകയാൽ അദ്ദേഹത്തിൻെറ രാജ്യത്തിനു ന്യായമായ അവകാശം തനിക്കാണ്' എന്നായിരുന്നു ധർമ്മവിജൃയിയായ ധർമ്മപുത്രക്ക് അന്നോളം ഉണ്ടായിരുന്ന വിചാരം. കുന്തീസുതന്മാരിൽ ജ്യേഷ്ഠൻ കർണ്ണനാണെന്നുള്ള ഗൂഢതത്വം അറിഞ്ഞപ്പോൾ, നേരായിട്ടു തനിക്കവകാശമില്ലാത്ത രാജ്യത്തെ അടിസ്ഥാനമാക്കിക്കൊണ്ടു നടത്തിയ നടവടിയൊക്കെ തെറിപ്പോയി എന്നു തോന്നിയതിൽ അശേഷം അത്ഭുതപ്പെടുവാനില്ല.

'സ്വധർമ്മത്തെ രക്ഷിപ്പാൻവേണ്ടി ചില അധർമ്മങ്ങളും ചെയ്താലും ദോഷമില്ല' എന്നുള്ള രാജധർമ്മതത്വത്തെ ശ്രീകൃഷ്ണഭഗവാൻ വ്യാഖ്യാനിച്ച ചില ദൃഷ്ടാന്തങ്ങളും കാണിച്ച എങ്കിലും അതൊന്നും തനിക്കു പറ്റുന്നതല്ല. തൻെറ സ്വധർമ്മം, ജ്യേഷ്ഠനായ കർണ്ണൻെറ ആജ്ഞയിൻ കീഴിൽ നടക്കുകമാത്രമാണ് എന്നിരിക്കെ

അതി ധർമ്മിഷ്ഠനും, മഹാമാനശീലനും, ഗംഭീരാശയനും, 'അജ്ജു നനെ കഴികെ മറു നാലു പാണ്ഡവന്മാരേയും എന്തുവന്നാലും ഞാൻ കൊല്ലുകയില്ല' എന്ന് അമ്മയോട് വാഗ്ദത്തം ചെയ്തിട്ടുള്ള ഭ്രാതൃവത്സലനും, കരുണാനിധിയും ആദിത്യ പുത്രനും, തന്നെ റ അടുത്ത അഗ്രജനുമായ ആ കർണ്ണനെ അനുജനായ അജ്ജുനനെ ക്കൊണ്ടു നിർബ്ബന്ധപൂർവ്വം വീരമൃത്യുവടയ്ക്കുന്ന വിധത്തിലായ വിധം വധി പ്പിച്ചതോർക്കുമ്പോൾ ഉള്ള പശ്ചാത്താപം ധർമ്മപുത്രരുടെ മന സ്സിൽ നിന്നൊങ്ങിനെ മാഞ്ഞുപോകും? അതിനും പുറമെ, ഗുരുനാ ഥനായ ദ്രോണാചാര്യരെ അസത്യം പറഞ്ഞു വില്ലുവെയ്പിച്ചു കൊ ല്ലിച്ചതും, പിതാമഹനും, തങ്ങളുടെമേൽ അതിവാത്സല്യമുള്ളവ നും, കുലവൃദ്ധനുമായ ഭീഷ്മരെ (അദ്ദേഹത്തിനോട് അനുവാദം വാങ്ങീട്ടാണെങ്കിലും) ശരശയനത്തിൽക്കിടത്തി അതിഘോരമായ ഇഹലോകനരകം അനുഭവിപ്പിക്കുന്നതും ധർമ്മപുത്രർക്ക് പശ്ചാത്താ പ വിഷവൃക്ഷത്തിന്റെ വലിയ ശാഖകളായിരുന്നു. സ്വന്തം കുല കുലം മുടിച്ചതും, ബന്ധുക്കളും മറ്റുമായ അനേകം രാജാക്കന്മാരു ടെ വംശംനശിപ്പിച്ചതും, നാനാരാജ്യവാസികളായ വളരെവളരെ വീരപുരുഷന്മാരെ ധ്വംസനം ചെയ്തതും, ഇവരുടെയൊക്കെ അ മ്മമാർ ഭാര്യമാർ മുതലായ അസംഖ്യം സ്ത്രീകളെ 'കണ്ണീരുംകയ്യുമാ യി' ആജീവനാന്തം വ്യസനിപ്പിച്ചതും, പടച്ചിലവു നിമിത്തം പരക്കെ നാട്ടിൽ നഷ്ടദാരിദ്ര്യം പിടിപ്പിച്ചതും മറ്റും തന്റെ ഒരു വന്റെ ധർമ്മവിരോധങ്ങളായ ആലോചനകൊണ്ടു താൻത ന്നെ വരുത്തിക്കൂട്ടിയ മഹാപാപങ്ങളാണെന്നു വിചാരിച്ചുവിചാരി ച്ചു വിഷാദിച്ചു ദുഃഖസമുദ്രത്തിൽ മുങ്ങിയതല്ലാതെ ധർമ്മപുത്രർ ഈ വിജയംകൊണ്ടു ലേശമെങ്കിലും സന്തോഷിക്കുകയല്ലാ ഉണ്ടായ ത്. എന്തിനധികം പറയുന്നു? താൻ മഹാ രാജാധിരാജനായി വാണോങ്കാണ്ടു രാജസൂയയാഗം മുതലായ പലവിധം പുണ്യകർമ്മ ങ്ങൾ ചെയ്തിട്ടുള്ളവപോലും തനിക്കു വിഹിതങ്ങളല്ലായ്കയാൽ വികർ മ്മങ്ങളായതേയുള്ളൂ എന്നു് അദ്ദേഹത്തിനു തോന്നിപ്പോയി.

അനുജന്മാരും മറ്റുള്ള ആപ്തജനങ്ങളും സാക്ഷാൽ ശ്രീ കൃഷ്ണഭഗവാൻ തന്നേയും പലവിധം സമാധാനം പറഞ്ഞാശ്വസി പ്പിച്ചിട്ടും അദ്ദേഹത്തിന്റെ മനഃക്ലേശത്തിനു ലേശമെങ്കിലും ശാന്തി വന്നില്ല. ഇതാണ് ധർമ്മപ്രതിപത്തി എന്നു പറയുന്നത്. എന്നാൽ

ഇവരെല്ലാവരുടേയും നിർബ്ബന്ധംകൊണ്ടും വലിയച്ഛനായ ധൃതരാഷ്ട്രരുടെ കല്പനകൊണ്ടും കാട്ടിൽപ്പോയി തപസ്സുചെയ്യേണ്ടാ എന്നു വെച്ചു ഹസ്തിനപുരത്തിൽ രാജ്യഭാരം കയ്യേറു വാഴുവാൻ കഷ്ടിച്ചു സമ്മതിച്ചു. രാജ്യം കയ്യേറ ഉടൻ തന്നെ ധർമ്മവിഷയത്തിലുള്ള പല സംശയങ്ങളും തീർപ്പാൻവേണ്ടി ശ്രീകൃഷ്ണഭഗവാനെ മുമ്പിലാക്കിക്കൊണ്ട് അനുജന്മാരോടും മറുള്ള ബന്ധുക്കളോടുംകൂടി പ്പാപ്പെട്ട് യുധിഷ്ഠിരിയിൽ ശരശയനത്തിന്മേൽക്കിടക്കുന്ന ഭീഷ്മരുടെ അടുക്കൽച്ചെന്നു. ഈ അവസരത്തിൽ ധർമ്മശാസ്ത്രതത്വജ്ഞന്മാരായ അസംഖ്യം മഹർഷി ശ്രേഷ്ഠന്മാരും അവിടെച്ചെന്നു കൂടിയിരുന്നു. ഈ സജ്ജനസദസ്സിൽവെച്ച് സർവ്വജ്ഞനായ ഭഗവാന്റെ അനുവാദത്തോടുംകൂടി ശരശയനശായിയായ ഭീഷ്മർ ധർമ്മപുത്രരുടെ സകല സംശയങ്ങൾക്കും സമാധാനം പറഞ്ഞുകൊടുത്തു. മഹാഭാരതത്തിലെ ഒരു വലിയ ഭാഗമായ ശാന്തിപർവ്വം മുഴുവൻ ഈ ഒരു വിപുലമായ വിഷയത്തേപ്പറ്റിയുള്ള ഭീഷ്മയുധിഷ്ഠിര സംവാദമാണെന്നതന്നെ പറയാം. ഇതിൽ പ്രകൃതാനുപ്രകൃതമായിട്ട് മറനേകം ശാസ്ത്രങ്ങളുടെ തത്വങ്ങളും പ്രസ്താവിച്ചിട്ടുണ്ട്.

"ദാനധർമ്മാൻരാജധർമ്മാൻ
മോക്ഷധർമ്മാൻവിഭാഗശഃ;
സ്ത്രീധർമ്മാൻഭഗവദ്ധർമ്മാൻ
സമാസവ്യാസയോഗതഃ"

എന്നു പറഞ്ഞപ്രകാരം അനേക വിധത്തിലുള്ള ധർമ്മവ്യവഹാരങ്ങളും വിസ്തരിച്ചു ദൃഷ്ടാന്തങ്ങളോടുകൂടി പറഞ്ഞ് ഭീഷ്മർ അനുഭവപ്പെടുത്തിക്കൊടുത്തു. സർവ്വമുനിജനശ്ലാഘിതങ്ങളായ ആ ഭീഷ്മോപദേശങ്ങളെക്കൊണ്ട് ധർമ്മപുത്രരുടെ അറിവിന്നു വളർച്ച പരിശുദ്ധിവന്നു. മുമ്പുണ്ടായിരുന്ന മനഃക്ലേശവും ഒരുവിധം നീങ്ങി.

എന്നാൽ ശ്രീകൃഷ്ണഭഗവാൻ ദൂതു കഴിഞ്ഞു മടങ്ങിപ്പോരുമ്പോൾ കർണ്ണനെ വിളിച്ചു തേരിൽക്കേറീട്ട് ചില ഗൂഢസംഭാഷണങ്ങൾ നടത്തിയതിൽ ആ മഹാപുരുഷൻ ഭഗവാനോടു പറഞ്ഞിട്ടുള്ള തത്വങ്ങൾ ഭഗവാൻ ധർമ്മപുത്രരെ അറിയിച്ചിരുന്നുവെങ്കിൽ; 'ജ്യേഷ്ഠനായ കർണ്ണന്റെ ആന്തരമായ അനുവാദപ്രകാരമാണ് താൻ രാജ്യംഭരിക്കുന്നത്' എന്നും, ഭൂഭാരം ശമിപ്പിപ്പാനുള്ള ഒ

ര ദിവ്യാവതാരപുരുഷനാണ് 'സൂര്യാംശഭൂതനായ കർണ്ണൻ' എന്നും മറ്റും ധർമ്മപ്രതിഷ്ഠാപകനായ അദ്ദേഹത്തിന്ന് അറിയുവാനും തന്മൂലം മനഃക്ലേശം തീരെ നശിപ്പാനും ഇടയാകുമായിരുന്നു. പക്ഷേ പശ്ചാത്താപത്തോടുകൂടി ചെയ്യുന്ന പ്രായശ്ചിത്തങ്ങൾക്കെ ഫലമുള്ളൂ എന്നു വിചാരിച്ചിട്ടോ എന്തു കരുതീട്ടോ ആവോ ഭഗവാൻ ആ കഥയൊന്നും പുറത്തു പറയാതെ മറച്ചു വെച്ചതേയുള്ളൂ.

ഏതെങ്കിലും സർവ്വപാപപ്രശമനമായ ഒരു മഹാ പ്രായശ്ചിത്തം ചെയ്യേണമെന്നാലോചിച്ച് ധർമ്മപുത്രർ വേദവ്യാസമഹർഷിയോട് പ്രായശ്ചിത്തം വിധിച്ചു വേണ്ടവിധം ചെയ്തിച്ചു തരുവാൻ അപേക്ഷിച്ചു. മഹർഷി, അശ്വമേധയാഗം ചെയ്യേണമെന്നാണ് വിധിച്ചതു്. 'പടച്ചിലവുകൊണ്ടും മറ്റും നാടാകെ നഷ്ടദാരിദ്ര്യം പിടിച്ചിരിക്കുന്നേ ഈ കാലത്ത് വളരെ ദ്രവ്യം ചിലവുള്ള ഈ ക്രിയ എങ്ങിനെ നടത്തേണ്ടൂ? രാജഭണ്ഡാരങ്ങൾ മുഴുവനും ശൂന്യം പിടിച്ചിരിക്കുന്നു. ഇപ്പോഴത്തെ നില നോക്കുമ്പോൾ ഇതിലേക്ക് വേണ്ടുന്ന ദ്രവ്യം നാട്ടുകാരിൽനിന്നു പിരിച്ചീടാക്കുന്നതും വലിയ കഷ്ടമായിത്തീരുമല്ലൊ' എന്നു വിചാരിച്ചു ധർമ്മപുത്രർ വളരെ വിഷാദിച്ചു നില്പായി.

'ദ്രവ്യദുർഭിക്ഷംകൊണ്ടു വിഷാദിക്കുകയാണെങ്കിൽ അതുവേണ്ട. ദ്രവ്യത്തിനു വഴിയുണ്ട്. പണ്ടു മരുത്ത മഹാരാജാവ് യാഗം ചെയ്ത കാലത്ത് അസംഖ്യം ദ്രവ്യം ബ്രാഹ്മണർക്കു ദാനം ചെയ്തതിൽ ബ്രാഹ്മണർ അവരവർക്കു വേണ്ടുവോളം വാരിക്കോരിക്കൊണ്ടു പോയിട്ടും ഒട്ടുങ്ങാതെ വളരെ ദ്രവ്യം ഹിമവൽ പാർശ്വത്തിലുള്ള ആ യാഗ സ്ഥലത്ത് ഇന്നും കുന്നുപോലെ കിടക്കുന്നു. അതു കൊണ്ടു വന്നാൽ മതി. നാശ്വമേധം ചെയ്യാനും അതുകൊണ്ടു സാധിക്കും' എന്നു വേദവ്യാസമഹർഷി പറഞ്ഞു എങ്കിലും ആ ദ്രവ്യം ബ്രാഹ്മസ്വമാണെന്നുള്ള വിചാരംകൊണ്ട് ധർമ്മപുത്രർക്കു മനസ്സു വന്നില്ല. 'ആ ദ്രവ്യം ബ്രാഹ്മണർ ഉപേക്ഷിച്ചു പോയതാകയാൽ അവരുടെ സ്വത്തല്ലാതെയായി' എന്നും, 'കേവലം നിധിപോലെ കിടക്കുന്നതാകയാൽ രാജാവിനാണ് അതിന്മേലുള്ള അവകാശം' എന്നും വീണ്ടും മഹർഷി പറഞ്ഞപ്പോഴേ സമ്മതമായുള്ളൂ. പിന്നെ ഹിമവൽ പാർശ്വത്തിൽ കിടക്കുന്ന ആ ധനനിക്ഷേപ

ഭാരം കൊണ്ടു വന്നിട്ട് മറയ്ക്കു അശ്വമേധയാഗത്തിന്നാരംഭിക്കുകയും ചെയ്തു.

അർജ്ജുനനെ രക്ഷകനാക്കി കല്പിച്ചിട്ട് 'മേധ്യാശ്വവിസർജ്ജനം' ചെയ്തതും, പല രാജാക്കന്മാരും അശ്വത്തിനെപ്പിടിച്ചു കെട്ടിയതും, അർജ്ജുനൻ യുദ്ധം ചെയ്തു വിടുവിച്ചതും, അർജ്ജുന പുത്രനായ പാണ്ഡ്യരാജാവു ബഭ്രുവാഹനൻ ഈ അശ്വം നിമിത്തമുണ്ടായ യുദ്ധത്തിൽ അർജ്ജുനനെ കൊന്നതും, പിന്നെ ഭഗവാന്റെ സഹായത്തോടുകൂടി വീണ്ടും ജീവിപ്പിച്ചതും, ഇവിടെ വിസ്തരിച്ചിട്ടാവശ്യമില്ലല്ലൊ.

അശ്വവിസർജ്ജനം കഴിഞ്ഞാൽ ആ അശ്വം തിരിച്ചെത്തുന്നതിന്നുള്ള കാലം ഒരു സംവത്സരമാണ്. ആ ഒരു സംവത്സരകാലം ധർമ്മപുത്രർ 'അസിധാരാവ്രതം' അനുഷ്ഠിച്ചു കൊണ്ടാണിരുന്നത്. അസിധാരാവ്രതം എന്നുവെച്ചാൽ കാമോദ്ദീപകങ്ങളായ സകല ശൃംഗാരോപകരണങ്ങളേക്കൊണ്ടും അലങ്കരിക്കപ്പെട്ടതായ ശയ്യാഗൃഹത്തിൽ മനോമോഹനങ്ങളായ വേഷാലങ്കാരങ്ങളേക്കൊണ്ടു ഹൃദയഹാരിണിയായ ഭാര്യയോടുകൂടി സരസസല്ലാപാദിവിനോദങ്ങളും ചെയ്ത് ഏകശയ്യയിൽ കിടക്കണം. മനസ്സിൽ അല്പംപോലും കാമവികാരം ഉണ്ടാവരുതുതാനും. ഈ ഒരു നടവടി എത്രതന്നെ ധീരന്മാരായ പുരുഷകേസരികൾക്കും അസാദ്ധ്യമായിട്ടുള്ളതാണെന്ന് അനംഗവികാരത്തിന്റെ ലേശമെങ്കിലും അറിഞ്ഞിട്ടുള്ളവരാരും സമ്മതിക്കാതിരിക്കയില്ല. ഈ അതിദുസ്സാദ്ധ്യമായ അസിധാരാവ്രതം ഒരു സംവത്സരം മുഴുവൻ അനുഷ്ഠിച്ചതിൽ ധർമ്മപുത്രരുടെ ധൈര്യം, ഇന്ദ്രിയനിഗ്രഹം, കർമ്മത്തിങ്കലുള്ള ശ്രദ്ധ ഇവയെല്ലാം നല്ലവണ്ണം വെളിപ്പെട്ടുണ്ടെന്നു പറയേണ്ടതില്ലല്ലൊ.

അശ്വം തിരിച്ചുവന്നതിന്റെ ശേഷം വിധിയാംവണ്ണം യാഗം കഴിച്ചു. ഈ വലിയ പുണ്യകർമ്മത്തിൽ സകല ദിവ്യലോകവാസികൾക്കെന്നു മാത്രമല്ല ആബ്രഹ്മചണ്ഡാലമുള്ള മനുഷ്യവർഗ്ഗത്തിന്നും പുറമേ മറ്റുള്ള സമസ്ത ജീവജാലങ്ങൾക്കും തൃപ്തിവരുത്തി എന്നു മാത്രം ചുരുക്കിപ്പറയുവാനേ ഇവിടെ നിവൃത്തിയുള്ളു.

ധർമ്മപുത്രരുടെ രാജ്യഭാരം മുപ്പത്താറു സംവത്സരകാലമാണുണ്ടായിട്ടുള്ളത്. ആ കാലത്ത് അവരവരുടെ വർണ്ണാശ്രമധർമ്മ

ങ്ങാം വിധിപോലെ അനുഷ്ഠിക്കാതേകണ്ട് അദ്ദേഹത്തിന്റെ പ്രജകളിൽ ആരും തന്നെ ഉണ്ടായിരുന്നില്ല.. പ്രജാക്ഷേമതല്പരനായി സകല ജനങ്ങളുടെയും യോഗക്ഷേമം അനേഷിക്കുന്നതിൽ സദാ ജാഗ്രുകനായിരിക്കുന്ന ഇങ്ങിനെയുള്ള മഹാരാജാവ് പ്രത്യേകിച്ച് ദുഷ്ടിവെക്കുന്നുണ്ടെന്നു വരുമ്പോളാരാനും മയ്യാടയിട്ട നടക്കുമോ? പിന്നെ സദ്ധർമ്മാനുഷ്ഠാനത്തിനു പ്രതിബന്ധങ്ങളായ ദാരിദ്ര്യം, രോഗം മുതലായവയുടെ ബാധയും ധർമ്മപുത്രരുടെ രാജ്യഭരണകാലത്ത് നാട്ടുകാരുടെ ഇടയിൽ ഉണ്ടായിരുന്നില്ല. ഇങ്ങിനെ അദ്ദേഹം രാജ്യം ഭരിച്ചു വരുന്നതിന്റെ ഇടയിൽ ഒരിക്കൽ, ഭീമസേനൻ തരത്തിൽ പ്രയോഗിച്ച മുള്ളുവാക്കു കേട്ടു നിർവ്വേദം വന്ന് ധൃതരാഷ്ട്രർ വിഷയവിരക്തനായിച്ചമഞ്ഞതിനാൽ കുന്തീദേവി, ഗാന്ധാരി, സഞ്ജയൻ, വിദുരർ ഇവരോടൊരുമിച്ച് അദ്ദേഹം കാട്ടിലേയ്ക്കു തപസ്സുചെയ്യുവാനപ്രസ്ഥവൃത്തിയിൽ ഇരിപ്പായി. ഇവരൊരുമിച്ച് ചക്രവർത്തിയായ ധർമ്മപുത്രരും പരിവാരസമേതം കാട്ടിൽച്ചെന്നു ഗുരുശുശ്രൂഷയും ചെയ്തു കുറച്ചുനാൾ താമസിച്ചു. നോക്കൂ അദ്ദേഹത്തിന്റെ ഗുരുജന ഭക്തിയുടെ ശക്തി! പിന്നെ അവരുടെ നിർബ്ബന്ധങ്കൊണ്ടു തന്നെയാണ ഹസ്തിനപുരത്തിലേക്കു തിരിച്ചു പോന്നത്. എന്നാൽ ഇടക്കിടക്ക് കാട്ടിൽച്ചെന്നു ഗുരുശുശ്രൂഷ ചെയ്യാതിരിപ്പാൻ അദ്ദേഹത്തിന്റെ മനോവൃത്തി സമ്മതിച്ചിരുന്നില്ല. കുരുകുരി കാട്ടിൽച്ചെന്നപ്പോൾ യോഗശക്തികൊണ്ടു നിർമ്മിച്ച തോമരോഗ ആയ കാട്ടുതീയ്യിൽ അവർ ദേഹത്യാഗം ചെയ്തിരിക്കുന്നതായി അദ്ദേഹം കണ്ടു. വിദുരർമാത്രം കേവലം 'ജഡോന്മത്തപിശാചവൽ' എന്ന ഭഗവൽഭക്ത നിലയിൽ കാട്ടിലെവിടെയോ സഞ്ചരിക്കുന്നുണ്ടായിരുന്നു.ആ മഹായോഗ്യപുരുഷനേപ്പിന്നീടൊന്നു കാണ്മാൻ പോയി.ആരും കാണാതേയായപ്പോൾ ആ വിദുരൻ ധർമ്മപുത്രരുടെ ദേഹത്തിൽ ദിവ്യതേജോരൂപേണ ലയിക്കുകയാണുണ്ടായത്. അതുമുതൽ ധർമ്മപുത്രർ സാക്ഷാൽ ധർമ്മമൂർത്തിയായി എന്നുതന്നെ പറയാം. അതു പരിശുദ്ധമനസ്സായിത്തീർന്നു. തിരിയേ ഹസ്തിനപുരത്തിൽ എത്തിയപ്പോൾ, പല ദുർന്നിമിത്തങ്ങളും കണ്ടു വിഷാദിച്ചുകൊണ്ടിരിക്കുമ്പോൾ, യാദവവംശം മുഴുവൻ തമ്മിൽ തല്ലിനശിച്ചു എന്നും, ബലഭദ്രനും ശ്രീകൃഷ്ണനും സ്വർഗ്ഗാരോഹണം ചെയ്തു എന്നും മറ്റുമുള്ള വ്യസനവൃത്താന്തം, ദ്വാരകയിൽനിന്നു മടങ്ങിവ

ന്ന വിഷയവിരക്തനായ അജ്ജുനൻ അറിയിച്ചു. ഇതോടുകൂടി പാണ്ഡവന്മാർ ഇഹലോകവാസം ഉപേക്ഷിപ്പാനൊരുങ്ങിയതിൽ എന്തത്ഭുതമാണ്? പാണ്ഡവർക്ക് സർവ്വസ്വവും ഭഗവാൻ ശ്രീകൃഷ്ണൻ തന്നേയായിരുന്നില്ലേ? സർവ്വസ്വംതന്നെ വിട്ടാൽ താൻ സർവ്വസ്വവും വിട്ട ഫലമായില്ലേ?

പിന്നെ അഭിമന്യുപുത്രനായ പരീക്ഷിത്തിനേ രാജാവാക്കി വാഴിച്ചിട്ട് ധർമ്മപുത്രർ പാഞ്ചാലിയോടും അനുജന്മാരോടുംകൂടി 'മഹാപ്രസ്ഥാനം' ചെയ്തു, സർവ്വസംഗപരിത്യാഗം ചെയ്ത് നേരേ വടക്കോട്ടു നടക്കുകയാകുന്നു ഈ മഹാ പ്രസ്ഥാനം. അപ്പോൾ ഒരു പുഴത്തപട്ടി ധർമ്മപുത്രരുടെ പിന്നാലേ വിടാതെ കൂടിയിരുന്നു. ഈ യാത്രയിൽ വഴിക്കുവെച്ച് നകുലൻ, സഹദേവൻ, പാഞ്ചാലി, അജ്ജുനൻ, ഭീമസേനൻ ഇവരൊക്കെ വീണ എന്നറിഞ്ഞിട്ടും ധർമ്മപുത്രർ മനസ്സിന്നൊരു വികാരഭേദത്തോടുകൂടേയും പിന്നാക്കം തിരിഞ്ഞു നോക്കാതേയും നടന്നതേ ഉള്ളൂ. ഇതാണ് ശാന്തത എന്നു പറയുന്ന സത്പ്രയത്നത്തിന്റെ പരമകാഷ്ഠ. പിന്നേയും പട്ടി മാത്രം തുണയായിട്ടു കൂടെക്കൂടിയിരുന്നു.

ധർമ്മപുത്രർക്ക് കയറുവാൻ ഒരു വിമാനവും കൊണ്ട് ദേവദൂതൻ പ്രത്യക്ഷമായിട്ട്, 'കയറാം, ദേവേന്ദ്രൻ കല്പനയായിരിക്കുന്നു; സ്വർഗ്ഗത്തിലേക്കെഴുന്നള്ളാം' എന്നറിയിച്ചു. 'ഈ പട്ടി മുമ്പിൽ കയറട്ടേ പിന്നാലേ ഞാനും കേറുന്നുണ്ട്' എന്നായിരുന്നു ആ ധർമ്മപുത്രരുടെ മറുപടി. 'രാജസൂയയാഗം ചെയ്തിട്ടുള്ള ഇവിടുക്കു സ്വർഗ്ഗം അനശ്വരമായിട്ടുണ്ട് എന്നല്ലാതേ ഈ പുഴത്ത പട്ടിക്കു ണ്ടോ സ്വർഗ്ഗം കിട്ടുന്നു'! എന്ന് ദേവദൂതൻ ചിരിച്ചുകൊണ്ടു പറഞ്ഞപ്പോൾ, 'എന്നാൽ എനിക്കും സ്വർഗ്ഗം വേണ്ട. എന്നെ ഇതുവരേ ആശ്രയിച്ചു നിന്നിട്ടുള്ള ഇതിനെ ഉപേക്ഷിച്ച് ഞാൻ മാത്രം സ്വർഗ്ഗത്തിൽച്ചെന്നു സുഖിച്ചിരിപ്പാൻ വിചാരിക്കുന്നില്ല' എന്നു ധർമ്മപുത്രർ രീച്ചയായ മറുപടി പറഞ്ഞു. അപ്പോൾ ആ പട്ടി സാക്ഷാൽ ധർമ്മരാജാവിന്റെ സ്വരൂപത്തിൽ പ്രത്യക്ഷമായി നിന്നിട്ട,

'മതി, സന്തോഷമായി. പലപ്പോഴും പല വേഷമായിട്ടും ഞാൻ അങ്ങയേ പരീക്ഷിച്ചു നോക്കി, ഒരിക്കലും ധർമ്മത്തിൽനിന്നു

തെറ്റിക്കേണ്ടില്ല. ഇനി സ്വർഗ്ഗത്തിലേക്കു പോകാം' എന്നു പുത്രനേ അനുശാസിച്ചു മറകയും ചെയ്തു.

പിന്നെ വിമാനത്തിൽ കേറി ഉടലോടെ സ്വർഗ്ഗത്തിൽച്ചെന്നു. അവിടെച്ചെന്നപ്പോൾ ഇന്ദ്രൻ വേണ്ടതുപോലെ സൽക്കരിച്ചിട്ട് സ്വർഗ്ഗത്തിലുള്ള സകലൈശ്വര്യങ്ങളും കണ്ടു വരുവാനായിട്ട ദൂതന്മാരെ കൂട്ടിയയച്ചു. ഓരോ അത്യത്ഭുതവിഭവങ്ങളും കണ്ടു കണ്ടു സഞ്ചരിക്കുമ്പോൾ, ഒരേടത്ത് ദുര്യോധനാദികളെല്ലാവരും സ്വർഗ്ഗപദവി അനുഭവിച്ചു സുഖിച്ചിരിക്കുന്നതും മറെറാരേടത്ത് ഭീമാദികളായ അനുജന്മാരും പാഞ്ചാലിയും നരകത്തിൽക്കിടന്നു നിലവിളിക്കുന്നതും കാണുവാനിടയായി. അപ്പോൾ, തിരിഞ്ഞു നിന്നിട്ട്, 'ധർമ്മാധർമ്മങ്ങൾക്കു ശരിയായ ഫലം കൊടുക്കാത്ത സ്വർഗ്ഗം, എനിക്കിതു വേണ്ടേ വേണ്ട.' എന്ന് ദേവപരിചാരകന്മാരോടായിട്ടു പറഞ്ഞു. അപ്പോഴയ്ക്കും ഇന്ദ്രൻ അവിടെ വന്നിട്ട 'ഇതൊക്കെ മായയാണെ'ന്നും 'ദ്രോണരോടു ഭോഷ്കുപറഞ്ഞതിന്ന് അങ്ങയെ വ്യസനശിക്ഷ അനുഭവിപ്പിപ്പാൻവേണ്ടി കാണിച്ചതാണെ'ന്നും, പറഞ്ഞു സമാധാനപ്പെടുത്തി.

ഇതുകൊണ്ടൊന്നാണു നമുക്കു മനസ്സിലാക്കേണ്ടതു്. കുറ്റം ചെയ്താൽ അതിന്നു ശിക്ഷകൊടുക്കുക എന്നതു് എല്ലാവർക്കും ഒരുപോലെയല്ല വേണ്ടതു്. അവരവരുടെ മനോവൃത്തിയെ അനുസരിച്ചു ശിക്ഷകൊടുത്താലെ മതിയാവു ധർമ്മതൽപരനായ ധർമ്മപുത്രർക്ക് അസത്യം പറഞ്ഞു എന്ന കുറ്റത്തിന്നു കുംഭീപാകനരകം കൊടുക്കുന്നതിനെക്കാട്ടിലും സങ്കടമായിട്ടുള്ളതു് ധർമ്മിഷ്ഠന്മാരെ നരകത്തിലും അധർമ്മിഷ്ഠന്മാരെ സ്വർഗ്ഗത്തിലും കാണിക്കുക മാത്രമാണ്. ഇതിലധികം വ്യസനം അദ്ദേഹത്തിന്നു മറെറാന്നിലും ഉണ്ടാവുന്നതല്ല, എന്നു് അദ്ദേഹത്തിന്റെ പ്രകൃതി അറിഞ്ഞിട്ടുള്ള ദേവേന്ദ്രൻ കണ്ടു കൊടുത്ത ശിക്ഷയാകുന്നു.

ഈ വിധമുള്ള ശിക്ഷകൊണ്ടു പാപം നശിച്ചതിന്നുശേഷം ധർമ്മപുത്രർക്കു വാസ്തവസ്ഥിതിയും കാണിച്ചു കൊടുത്തു. ഭീഷ്മരെ വസുക്കളിലും, ദ്രോണരെ ബൃഹസ്പതിയിലും, ഭീമനെ വായുവിലും, അർജ്ജുനനെ ഇന്ദ്രനിലും, നകുലസഹദേവന്മാരെ അശ്വനീദേവകളിലും ശകതിസ്വരൂപിണിയായ പാഞ്ചാലിയെ ഇവരിലെല്ലാവരിലും, ദുര്യോധനാദികളെ കലിമുതലായ അധർമ്മവർഗ്ഗ

ത്തിലും; അഭിമന്യുവിനെ ചന്ദ്രനിലും, പാഞ്ചാലീപുത്രന്മാരെ വിശ്വേദേവകളിലും, കർണ്ണനെ ആദിത്യനിലും, മറുമായിക്കണ്ടു സന്തോഷിച്ചു. ധർമ്മപുത്രർക്കു കർണ്ണന്റെ തത്വം ഓർപ്പോഴേ നല്ലവണ്ണം മനസ്സിലായുള്ളൂ. പിന്നെ ദിവ്യഗംഗയിൽ സ്നാനം ചെയ്തു ദിവ്യശരീരം സ്വീകരിച്ചു് ഹരിശ്ചന്ദ്രാദി മഹാരാജാക്കന്മാരെപ്പോലെ ധർമ്മപുത്രനായ യുധിഷ്ഠിരൻ ജ്യോതിസ്വരൂപനായി പ്രകാശിക്കയും ചെയ്തു.

ഈ വിധം ധർമ്മപുത്രരുടെ സ്വഭാവവിചാരമോ അല്ലെങ്കിൽ ജീവചരിത്രസംക്ഷേപമോ ഏതെങ്കിലും ഒന്നെഴുതിയതുകൊണ്ടു മാത്രമായില്ല. അദ്ദേഹത്തിന്റെ ഒരു ഭാര്യയുംകൂടി താഴേ കാണിച്ചാലേ ഇപ്പോഴത്തെ പരിഷ്കാരരീതിക്കു മതിയാകയുള്ളൂ.

അതിന്നുവേണ്ടുന്ന ഉപകരണങ്ങൾ തൽകാലം സ്വാധീനത്തിലില്ലായ്കയാൽ അതും 'ശ്ലോകത്തിൽ കഴിച്ചുകൂട്ടുന്നു'.

ഒട്ടേറാംനീണ്ടമൂക്കുംനെടിയമിഴികളും, ധീരമാംനോട്ടവുംപൊൻ
മട്ടേറുന്നുംമെയ്യിണങ്ങുംതടിയുമുയരവും, വീതിയേറുന്നമാറും
മുട്ടോളംനീണ്ടകൈവീശിനടനനടയും, മറുമാത്രേപ്രസിദ്ധ
പ്പെട്ടോരാധർമ്മരക്ഷാവ്യസനധനികനാം ധർമ്മപുത്രന്റെ രൂപം॥

[ധനഞ്ജയനാടകം] രാജാ:—

സൌന്ദര്യംസുകുമാരതാമധുരതാകാന്തിമ്മനോഹാരിതാ
ശ്രീമത്താമഹിമേതിസത്ത്വവിഭവാൻനിശ്ശേഷനാശീഹ്നാൻ
ഏതസ്യാമുപയുജ്യമൂർദ്ധ്വവിധയാദീനാംപരാമാത്മഭൂ
സ്സൃഷ്ടംവാഞ്ഛതിചേൽകരോതുപുനരപ്യത്രൈവഭിക്ഷാടനം॥

വിദൂഷകൻ:—

വാനാറാറംകവർനാറാറുംവാളസവുംപൈശുന്യവുംപീളയും
പേനുംകൊക്കകൊതിസ്സുയെന്നുമുതലാംനിശ്ശേഷചക്കീഹ്നാൻ—
ഇവച്ചക്ക്യാമുപയുജ്യപത്മജനഥോകൊല്പോട്ടചക്കീതരം
സൃഷ്ടിപ്പാൻതുടരുന്നുവെങ്കിലിഹവന്നെല്ലാമിരന്നീടണം॥

ഒരു ദുർമ്മരണം.

—:o:—

'കായ്മസ്ഥനെ നല്ലവണ്ണം പരിചയമുണ്ടോ' എന്ന ചോദ്യത്തിനു 'ഉവ്വ്' എന്നും, 'അയാൾ എന്തു സ്വഭാവക്കാരനാണ്' എന്നതിന് 'നല്ല സ്വഭാവക്കാരനാണ്' എന്നും, 'കായ്മസംബന്ധമായി വല്ല കൃത്രിമങ്ങളും ചെയ്തിട്ടുണ്ടോ' എന്നതിന് 'ഉള്ളതായിട്ടറിവില്ല' എന്നും, ആകന്നു ആരംഭത്തിലെ ചോദ്യോത്തരങ്ങളുടെ ചുരുക്കം. വിസ്താരം ഈ നിലയിൽ എത്തിയപ്പോൾ 'കിട്ടണ്ണി മേനവന്റെ ആധാരങ്ങളും മറും കായ്മസ്ഥന്റെയും നിങ്ങളുടെയും പേരിൽ മാറി എഴുതിച്ചിട്ടുള്ളതായിട്ട് നിങ്ങൾക്കറിവില്ലേ?' എന്ന ചോദ്യപരമ്പരയിൽ ഒരു പതനംകൂടി ഇൻസ്പെക്ടർ മേല്പോട്ട് കയറി.

"നാലാന്നാൾ കാലത്ത് കായ്മസ്ഥൻ പറഞ്ഞപ്പോഴെ ഞാൻ അറിഞ്ഞുള്ളൂ."

"നിങ്ങളുടെ പേരിലും എഴുതിക്കാണണമെന്ന് എന്തുകൊണ്ടാണ്?"

"അദ്ദേഹത്തിന്റെ (കിട്ടണ്ണിമേനവന്റെ) ഒസ്യത്തിൻ പ്രകാരമാണെന്നാണ് കായ്മസ്ഥൻ പറഞ്ഞത്."

"കായ്മസ്ഥൻ എന്തിനായിട്ടാണ് നിങ്ങളുടെ വീട്ടിൽ വന്നത്?"

"ഒസ്യത്തിന്റെ കായ്മം പറവാൻതന്നെ."

"ഒസ്യത്തുവിടെ?"

"അദ്ദേഹത്തിനയച്ച കൊടുത്തതിൽപിന്നെ അതിനേപ്പറ്റി യാതൊരു വിവരവും അറിവില്ലെന്നാണ് കായ്മസ്ഥൻ പറഞ്ഞത്."

"എന്നാൽ ഈ സംഗതി എന്തുകൊണ്ട് നിങ്ങൾ എന്നോടു പറഞ്ഞില്ല."

"സ്റ്റേഷനാപ്പീർ ഭാസ്കരമേനവനോട് പറഞ്ഞിട്ടുണ്ടായിരുന്നു."

ശരി-ഭാസ്കരമേനോൻ മരിച്ചു പോയല്ലൊ അല്ലേ. അ

തവിടെ ഇരിക്കട്ടെ. കായ്മസ്ഥന്റെ ശിഷ്യൻ എഴുത്തു കൊണ്ടുവ
ന്നത് കണ്ടില്ലേ, അതിൽ എന്തായിരുന്നു?"

"കുസ്യത്തായിരുന്നുവെന്നാണ് കായ്മസ്ഥൻ പറഞ്ഞത്. അദ്ദേഹം ആ ലക്കോട്ടിൽനിന്ന് ഒരു കടലാസ്സെടുത്തു വായിക്കുന്ന
ത് ഞാൻ കാണുകയും ഉണ്ടായി."

"നിങ്ങൾ കിടക്കുവാൻപോയ സമയം വാതലെല്ലാം അ
ടച്ചു ബന്ധിച്ചിട്ടുണ്ടായിരുന്നുവെന്ന് നിങ്ങൾ അന്ന് പറഞ്ഞിട്ടുണ്ട
ല്ലോ. ഗോവിന്ദനെ അമ്പലാക്കോട്ടയ്ക്കയക്കുന്നസമയം വാതൽ വ
ല്ലതും തുറന്നു കിടന്നിരുന്നോ?"

"ഇല്ല-ഗോവിന്ദൻ തന്നെയാണ് വാതൽ തുറന്നത്.

"എന്നാൽ പിന്നെയെങ്ങിനെയാണ് കായ്മസ്ഥന്റെ ശി
ഷ്യൻ പുറത്തേക്കു പോയത്, ഗോവിന്ദനാണ് വാതൽ തുറന്നു
കൊടുത്തതെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ?"

'ഞാൻ അതിനെപ്പറ്റി ആലോചിച്ചിട്ടില്ല. ശിഷ്യൻ എപ്പോഴാണ് എഴുന്നേറ്റു പോയതെന്നതന്നെ എനിക്ക് തൃപമി
ല്ല."

"തളത്തിൽ നിന്നിരുന്ന നിങ്ങൾക്ക് അത തൃപമില്ല അ
ല്ലേ. മരുന്നിട്ട ചുക്കുവെള്ളക്കിണ്ടി ആരാണ് മേശപ്പുറത്തുകൊണ്ടു
വെച്ചത്?"

"ചുക്കുവെള്ളക്കിണ്ടി ഞാനാണ് വെച്ചത്. അപ്പോൾ മരുന്നുണ്ടായിരുന്നില്ല."

"അത് ഗോവിന്ദൻ പറഞ്ഞിച്ചതാണെന്ന് തോന്നുന്നുണ്ടോ?"

"അയാളുടെ കിടപ്പനടപ്പാലോചിച്ചാൽ എനിക്കതു വിചാ
രിക്കുവാൻ തരമില്ല."

ഇതിന്റെശേഷം ഇൻസ്പെക്ടർ ചോദ്യത്തിന്റെ വഴിയൊ
ന്നു തെറ്റിച്ചു.

"കഴിഞ്ഞ എട്ടാം തിയ്യതി നിങ്ങളും കുമാരൻനായരുംകൂടി സ്റ്റേഷനാപ്പുരെ കൂട്ടിക്കൊണ്ടു വരുമ്പോൾ എന്തിനാണ് കുമാരൻ
നായരെ പിന്നാക്കം അയച്ചത്?"

"ഇവിടുന്ന ചേരിപ്പറമ്പിൽ വന്നിട്ടുണ്ടെങ്കിൽ കായ്മസ്ഥ
നെ എന്നാണ് ഹാജരാക്കേണ്ടതെന്നു അറിഞ്ഞു വരുവാൻ."

"സ്റ്റേഷനാപ്പുരെ പത്തു മണിവരെ പരിവട്ടത്തു താമസിപ്പിച്ചതെന്തിനാണു?"

"വെടിപറഞ്ഞിരുന്നു പോയതാണ്."

"സ്റ്റേഷനാപ്പുർ പോയിട്ടെത്രനേരം കഴിഞ്ഞു കുമാരൻനായർ വീട്ടിലെത്തിയപ്പോൾ?"

"ഏകദേശം ഒരു നാഴിക കഴിഞ്ഞു."

"ഇത്ര താമസിക്കുവാനെന്താണ് കാരണം?"

"രൂപമില്ല."

"ഉം! അതും നിങ്ങൾ ആലോചിച്ചിട്ടില്ല അല്ലേ. നിങ്ങളുടെ വാക്കിന്മേൽ കായ്യസ്ഥനെ ആട്ടിപ്പായിച്ചത് അന്ന് ഞാൻ കേസ്സാക്കായ കൊണ്ടാണ്. ഇപ്പഴത്തെ മട്ടൊക്കെ മാറി. ഇതൊരു കൊലക്കേസ്സാണ് കാമ്മവേണം" എന്നു പറഞ്ഞ് കേസ്സിന്റെ തെളിവൊക്കെ എടുത്തു തീരുന്നതുവരെ രണ്ടു പേരെയും ബന്തോവസ്തിൽ വയ്പ്പാൻ മജിസ്ട്രേട്ടിന്റെ രേഖാമൂലമായ അനുവാദം വരുത്തിട്ടുള്ളത് സ്റ്റേഷനാപ്പുരുടെ വക്കൽനിന്നും വാങ്ങി വായിച്ചിട്ട് കുഞ്ഞിരാമൻ നായരെ സ്റ്റേഷനിൽതന്നെ പാപ്പിച്ചു. കൈപ്പീത്തും ഒപ്പിടുവിച്ചു.

കമ്പൌണ്ടരെ വിളിച്ചു പുറത്തേക്കുകൊണ്ടുപോയി ആസ്പത്രിയിൽനിന്ന് വിശദമായപരിക്കുന്നതിൽ കായ്യസ്ഥനെ സഹായിച്ചുവെന്നും, സ്റ്റേഷനാപ്പുരെ വഴിക്കു തടുത്തുവെച്ച് ദേഹോപദ്രവംചെയ്ത് കലപ്പെടുത്തിയെന്നും, ഉള്ള കുറ്റത്തിന്മേൽ കുമാരൻ നായരേയും പിറേന്നാൾ ബന്തോവസ്തുചെയ്ത് പതിമൂന്നാന്തിയ്യതി രണ്ടുകേസ്സുകളും മജിസ്ട്രേട്ടുമുമ്പാകെ ചാജ്ജുചെയ്യുവാനുള്ള കുരുക്കങ്ങളും കൂട്ടിത്തുടങ്ങി. ഈ വർത്തമാനം നാട്ടിൽപരന്നതോടുകൂടി ഉൽഭവിച്ച ബഹളത്തെപ്പറ്റി വായനക്കാർ ഊഹിച്ചുകൊള്ളട്ടെ.

പതിനൊന്നാമദ്ധ്യായം

"ദൈവഗതിക്കുഥവാഭുവനേസ്മിൻ
നൈകകവാടനിരോധമൊരേടം" ശാകുന്തളം,

കായ്യസ്ഥനും കുഞ്ഞിരാമൻനായരും കിട്ടണ്ണിമേനവന്റെ എടത്തും വലത്തും കൈകളായിട്ടാണ് ജനങ്ങൾ വിശ്വസിച്ചുപോ

ന്നിരുന്നത്. ചാച്ചുകൊണ്ടും വിചാരിച്ചാൽ കഞ്ഞിരാമൻ നായരുതന്നെയാണ് ഉത്തമസ്ഥാനത്തിനവകാശി. വിശ്വാസംകൊണ്ടു നോക്കിയാൽ കായ്യസ്ഥനും ഒട്ടും താഴെയല്ല. ഇതാ ഇപ്പോൾ ഈ രണ്ടുപേർ തന്നെ ആ കിട്ടണ്ണിമേനവന്റെ കലപാതകക്കേടുക്കിൽ അകപ്പെട്ടിരിക്കുന്നു! എന്നാൽ അത്രമാത്രം കൊണ്ടായൊ അതുമില്ല. വിദ്വൽകൊണ്ട് മനോവികാസം സിദ്ധിച്ചിട്ടുള്ള കുമാരൻ നായരും ഇതിൽ കടുങ്ങീട്ടുണ്ടത്രെ. ഇതിലധികമൊരാശ്ചര്യം എന്താണിനി ഉണ്ടാവാനുള്ളത്! കഷ്ടം, എത്രവളരെ ആളുകൾക്ക് പരമസങ്കടത്തിന സംഗതിയായിട്ടുണ്ട്. ഇതിൽ മറെറാരു സമാധാനവുമില്ല. തലയിലെഴുത്ത് തലോടിയാൽ പൊവ്വുന്നതല്ലല്ലൊ. കർമ്മഫലമനുഭവിക്കുന്നതിൽ കാരോരുത്തക്കോരോകാലമുണ്ട്. അതുതട്ടത്താലൊട്ടുനിൽക്കുന്നതുമല്ല.

ആനന്ദപുരനിവാസികളായ അനേകം ആളുകളുടെ മനസ്സിൽ ശിലാരേഖപോലെ പതിഞ്ഞു കിടക്കുന്നൊരു ദിവസമായ ആയിരത്തറുപത്തിമൂന്ന് തുലാം പന്ത്രണ്ടാംതിയ്യതി ആറുമണിക്കുമുമ്പ് അപ്പാത്തിക്കരിയുടെ സീമന്തപുത്രനായ അമ്പലക്കാട്ട ശങ്കരമേനോൻ എളവല്ലൂർ തപാലാപ്പീസ്സിലേക്ക് യാത്ര പുറപ്പെട്ടു. അവിടെച്ചെന്നപ്പോൾ തപാൽ ശിപായിയുടെ വേല നടത്തിയിരുന്നത് പതിവുകാരനായിരുന്നില്ല. ശങ്കരമേനോൻ അയാളോട് "എം- കെ- ഗോവിന്ദപ്പണിക്കർക്ക് എഴുത്തുവല്ലതും വന്നിട്ടുണ്ടൊ" എന്ന് ചോദിച്ചു. പുരിയതപാൽശിപായി അതുതപ്പിത്തിരഞ്ഞെടുത്തുകൊടുത്തത വാങ്ങി ലക്കോട്ടിന്റെ ഒരുവക്ക് നുള്ളിപ്പൊട്ടിച്ചു കൊണ്ടാണ് ശങ്കരമേനോൻ വഴിയിലേക്കിറങ്ങിയത്

പടിമുതൽ വഴിവക്കുവരെ നീട്ടിക്കെട്ടീട്ടുള്ള ചെറുമതിലിന്മേൽ മൂത്തിമത്തായ ദാരിദ്ര്യംപോലെ കിഴവനായ ഒരു ചട്ടക്കാരൻ ഇരിക്കുന്നുണ്ടായിരുന്നു. ചുക്കിച്ചുളിഞ്ഞും പൊട്ടിപ്പൊളിഞ്ഞും ഉള്ള ഒരു ജോട്ട ബൂട്ടിസ്സ്, കീറിപ്പറിഞ്ഞ ചള്ളിപുരണ്ട തുങ്ങിക്കിടക്കുന്ന കാലൊറ, അതിനേക്കാൾ എട്ടുമാറുകൂടി പഴക്കം ചെന്നൊരു വളുസകുപ്പായം, ഈ കുപ്പായത്തിനിണങ്ങുന്നൊരു ഉൾകുപ്പായം, നരച്ചു നീണ്ട കെട്ട താടിയും മേൽമീശയുംകൂടിയൊരു കാട്, വാടിവരണ്ടമുഖം, കനംകാഞ്ഞ ചതഞ്ഞൊരു ഫനുമാന്തൊപ്പി, സുവ്വാംഗം പൊടി, അകത്തേക്കൊരു വളവ്, വായിൽ പകുതി കു

ത്തിക്കരിഞ്ഞൊരു ചൂരട്ട്, ഇതാണു പടിക്കലിരിക്കുന്ന ദാരിദ്ര്യമൂർത്തിയുടെ മുഖക്കുത്തിലുള്ള ധ്യാനം. കടിച്ചുപിടിച്ചിരിക്കുന്ന ചൂരട്ടു കരിക്കൽ വായിൽനിന്നൊട്ടത്ത് തുപ്പുന്ന സമയമാണ് ശങ്കരമേനോൻ എഴുത്തുപൊട്ടിച്ചുകൊണ്ട് പുറത്തേക്കു കടന്നത്. തുപ്പൽ ശരിയായിട്ടു ലക്കോട്ടിന്മേൽതന്നെചെന്നു പതിഞ്ഞു. മേനോൻ അതുകണ്ടു കയത്ത് "ഈ വൃത്തികെട്ട കഴുക്കളെ തട്ടി നാടു കടത്തണം" എന്നു പറഞ്ഞുകൊണ്ടു ലക്കോട്ടിയെടുത്ത സായുവിന്റെ മുഖത്തു വലിച്ചെറിഞ്ഞു. ശകാരം കേട്ടിട്ടു സായുവിന്നു യാതൊരു ഭാവഭേദവും ഉണ്ടായില്ല. ലക്കോട്ട ധമ്മം കൊടുത്തതാണെന്നു വിചാരിച്ച് അതു പെറുക്കിയെടുത്തു അതുകൊണ്ടുതന്നെയൊരു സലാംചെയ്തു. എന്നിട്ടു കുപ്പായത്തിന്റെ ഒരു ദ്വാരത്തിൽനിന്ന് കുറേ തീപ്പെട്ടിക്കോലും മറ്റൊരു തപ്പിയെടുത്തു ലക്കോട്ടിൽ കുത്തിനിറച്ച് ഒക്കെക്കൂടി വേറെയൊരു ദ്വാരത്തിലേക്കുതള്ളി.

"ഇതിന് പറഞ്ഞാലും മനസ്സിലായില്ല" എന്നു പറഞ്ഞ് മേനോൻ അങ്ങോട്ടും ഇങ്ങോട്ടും നോക്കി എഴുത്തുനീർത്തിവായിച്ചുകൊണ്ടു നടക്കുവാൻ തുടങ്ങി. മേനോൻ കുറേ ദൂരം പോയപ്പോൾ സായവു പതുക്കെനെ എഴുന്നേറ്റു പുറപ്പെട്ടു. ശങ്കരമേനോൻ സ്വന്തം വീട്ടിൽചെന്നു കേറി. അപ്പോൾ സായ്പ് എവിടെയോ മറഞ്ഞു. മേനോൻ രണ്ടാമതും പുറത്തേക്കിറങ്ങി പുറപ്പെട്ടപ്പോൾ നിലാവ നല്ലവണ്ണം തെളിഞ്ഞു. സായുവും നിഴൽ പോലെ പിന്നാലെകൂടീട്ടുണ്ട്. മേനോൻ ആവേശംകൊണ്ടപോലെ മുഷ്ടിമുഴവനും മുന്നോട്ടാക്കി മുറുകി നടന്നു തുടങ്ങിയപ്പോൾ സായുവിന്റെ നടയും മുറുകിത്തുടങ്ങി. ഇങ്ങിനെ ആറേഴു കുന്തപ്പാടിലധികം മുമ്പിട്ടു പോകുവാൻ എടകൊടുക്കാതെ മേനവനെ പിന്തുടർന്നുകൊണ്ടു സായു പെരുവല്ലാപ്പാലത്തിന്മേൽ കയറിയപ്പോൾ മേനോൻ ശിവൻ കാട്ടിലക്കു കടക്കുന്നതുകണ്ടു ഒന്നുകൂടി വേഗം നടന്നു. പാലം കടന്നു തിരിഞ്ഞുനിന്ന് രണ്ടു തീപ്പെട്ടിക്കോലൊരുമിച്ചു കൊളുത്തിപ്പിടിച്ചു പിന്നെയും മേനവനെത്തന്നെ ലാക്കുവെച്ച് കാട്ടിൽ പ്രവേശിച്ചു. ഇവർ രണ്ടുപേരും മറഞ്ഞിട്ടു വളരെത്താമസംകൂടാതെ ഒരു പോലീസ്സുകാരൻ പെരുവല്ല, നദിയുടെ കിഴക്കേക്കരയ്ക്കൽ പാലത്തിന്റെ മറവിൽ വന്നു നിന്നു. അയാളുടെ പിന്നാലെയുണ്ടായിരുന്ന കുറാൻ കാട്ടിൽ കടന്ന സായുപോയ വഴി തേടുവാനും തുടങ്ങി.

മേൽപ്രസ്താവിച്ച ശ്രുതിസഞ്ചാരം അവസാനിച്ചപ്പോൾ നവമിച്ചന്ദ്രൻ ഉച്ചതിരിഞ്ഞിട്ട് നാലിൽ ചിലപാനം നാഴിക കഴിഞ്ഞിരിക്കുന്നു. കോടതിവഴിയിൽ ആൾസഞ്ചാരം കുതുങ്ങി. പരിവട്ടത്തു വീട്ടിലെ പുരുഷന്മാർ രണ്ടുപേരും പൊല്ലീസ്സ് സ്റ്റേഷനിൽ കിടന്നു കഷ്ണിക്കുന്നു. അമ്മു അത്താഴവും കൂടിക്കഴിക്കാതെ അകായിൽ കിടന്നു കരയുന്നു. ഇൻസ്പെക്ടർ ചേരിപ്പറമ്പിൽ വന്നിട്ടില്ല. ദേവകിക്കുട്ടി കുമാരൻ നായരുടെ കഷ്ടാവസ്ഥയെ ഓർത്തും ബാലകൃഷ്ണമേനവന്റെ തല്ലുകൊണ്ടും തള്ളുകൊണ്ടും നടുമിറ്റത്തു കിടന്ന് നിലവിളിക്കുന്നു. ദേവകിക്കുട്ടി നടുമിറ്റത്ത് മറിഞ്ഞുവീണിട്ട് അരമണിക്കൂർ കഴിയുംമുമ്പ് കുറാം തലയോട്ടുകൂടി മൂടിപ്പുതച്ച് പെരുവല്ലം നദീതീരത്തുകൂടി പാലത്തിന്റെ അടുത്തുവന്നു. അവിടെ നിന്ന് തല പൊക്കി എടത്തും വലത്തും നോക്കി. പാലത്തിന്മേലാവട്ടെ വഴിയിലാവട്ടെ ആരെയും കണ്ടില്ല. പുഴവക്കു പററിത്തന്നെ പിന്നേയും നടന്നു. പോല്ലിസ്സുകാരൻ നില്ക്കുന്നതിന്റെ നേരേ ചോട്ടിൽ കൂടി കടന്ന് സ്റ്റേഷനാപ്പീസ് മുങ്ങിച്ചത്തുപെന്ന് പറയുന്നടിക്കിന്റെ നേരെ വന്ന് ശിവൻ കാട്ടിൽ കാലുവച്ചപ്പോൾ വൃക്ഷത്തിന്റെ മറവിൽ നിന്നൊരു കുക്കുൻ ചാടിയോടുന്ന ശബ്ദം കേട്ടൊന്നു ഞെട്ടി. പെട്ടെന്ന് പൊതച്ചിരുന്ന മുണ്ടെടുത്ത് അരയിൽ കെട്ടി. കക്ഷത്തിൽ നിന്ന് വടി കയ്യിലെടുത്തു. എന്നിട്ട് നാലുപുറവും സൂക്ഷിച്ചു നോക്കിക്കൊണ്ട് നടന്നുതുടങ്ങി. കുടവിൽ ചെന്നു കേറിയത് മുമ്പൊരദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള കാന്താര മദ്ധ്യത്തിലേക്കാണ്. അടവിയുടെ കുറേത്ത് ചന്ദ്രശോഭക്ക് പ്രവേശം കിട്ടുന്നൊരു ടിക്കിൽ അമ്പലക്കാട്ട് ശങ്കരമേനോൻ ഭയപ്പെട്ട് കണ്ണടച്ചു നില്ക്കുന്നുണ്ടായിരുന്നു. അടുത്തുചെന്ന് തോളത്ത് കയ്യുവെച്ച സമയം ശങ്കരമേനോൻ ഞെട്ടി കണ്ണുതുറന്നു നോക്കിയപ്പോൾ തന്റെ മുമ്പിൽ കണ്ടത് ചേരിപ്പറമ്പിൽ ബാലകൃഷ്ണമേനവനെയാണ്. വരുവാനിത്ര വൈകിയതിനുള്ള പരിഭവമായിട്ട് "എന്നെ ഭയപ്പെടുത്തിക്കൊല്ലുവാനാണോ ഇവിടെ വരുത്തിയത്?" എന്ന് ചോദിച്ചു.

"ഇന്നതന്നെ സംബന്ധം തുടങ്ങിക്കുവാനുള്ള ഉത്സാഹമായിരുന്നു."

"അയ്യോ ഞാൻ മോതിരവും മറ്റും കൊണ്ടുവന്നിട്ടില്ല

ല്ലോ. കാടിപ്പോയി എടുത്തു കൊണ്ടുവരാം" എന്നായി ശങ്കരമേനോൻ.

"പരിഭ്രമിക്കണ്ട. ഇന്നിനി എങ്ങിനെയായാലും തരമാവില്ല. ദേഹകിക്ഷീണം തന്നെയാണ്. ആ കഴുവേറി ഒഴിഞ്ഞപ്പോൾ കായ്യമൊക്കെസ്സുഫലമായി. പക്ഷെ അച്ഛന് മരണപത്രം മുമ്പേ കയ്യിൽ കിട്ടണമത്രെ."

"അച്ഛൻ എളവല്ലൂർ സ്റ്റേഷനിലല്ലെ?"

"അല്ല. ഇപ്പോൾ വീട്ടിലെത്തി."

"എന്നാൽ നമ്മൾക്ക് ചേരിപ്പറമ്പിലേക്ക് പൊവ്വ, ഞാനും വരാം" എന്ന് ശങ്കരമേനോൻ വിട്ടൊഴിക്കില്ല.

"ഇന്ന് നേരം കുറേയായല്ലൊ. എന്റെ കയ്യിൽ തന്നാൽ മതി നാളെ ഞാൻ കൊടുത്തോളാം. നിങ്ങൾ നിങ്ങളുടെ അച്ഛനേയും മറ്റും കൂട്ടിക്കൊണ്ട നാളെ വൈകുന്നേരം വീട്ടിൽ എത്തിയാൽ അവിടെയൊക്കെ തെയ്യാറുണ്ട്. നിങ്ങൾക്ക് വല്ല കുങ്കുങ്കുമം കൂട്ടാനുണ്ടെങ്കിൽ അമാന്തിക്കല്ലേ. കുസ്യത്തിങ്കു തന്നേക്ക."

"ഞാൻ നാളെക്കാലത്തുതന്നെ വീട്ടിൽ വരാം." എന്നതു കേട്ട് ബാലകൃഷ്ണമേനവന് ക്ഷമയില്ലാതായി.

"ആട്ടെ. കുസ്യത്തുകൊണ്ടു വന്നിട്ടുണ്ടോ. അതുപറയു."

"ഉവ്വ്" എന്നു പറഞ്ഞെടുത്തു കാണിച്ചുകൊടുത്തു.

"നോക്കട്ടെ" എന്നു പറഞ്ഞ് ബാലകൃഷ്ണമേനോൻ കൈ നീട്ടി. ശങ്കരമേനോൻ കൊടുത്തില്ല. ബാലകൃഷ്ണമേനവന്റെ മുഖത്തുനിന്ന് കണ്ണെടുക്കാതേകണ്ട്

"വരു നമ്മൾക്ക് ചേരിപ്പറമ്പിലേക്ക് പൊവ്വ." എന്നു പറഞ്ഞു.

"എന്താ, എന്നെ വിശ്വാസമില്ലാണ്ടായോ. ഈ വടികൊണ്ട് തലക്കൊരു തട്ടു തന്നിട്ട് അതിപ്പോൾ ഞാനിങ്ങോട്ടു തട്ടിപ്പറിച്ചാലോ" എന്ന് 'സാമം' വിട്ട് 'ഭേദ'ത്തിലേക്ക് ചാടി. അപ്പോൾ ശങ്കരമേനോൻ,

"എന്നാലെന്താ" എന്ന് ചോദിച്ച് പിന്നാക്കം മാറി.

"എന്നാലെന്താ, പ്രാണനങ്ങോട്ടുപൊവും എന്റെ കാര്യം സാധിക്കും" എന്ന് ഒരിക്കൽകൂടി ഭീഷണിപ്പെടുത്തി. പക്ഷെ മുഖത്തെ സ്ഥൈര്യത്തിന് ഒരു വ്യത്യാസവും വരുത്തീല്ല.

"ഇതുകൊണ്ടൊന്നും പേടിക്കില്ല" എന്ന് വീരവാദം പറഞ്ഞ് കുറച്ചുകൂടി പിന്നാക്കം മാറിയപ്പോൾ ശങ്കരമേനവന്റെ മുഖത്ത് ഒരുതുള്ളി ചോരയില്ല. എങ്കിലും ഇതെല്ലാം കളിയായേക്കാമെന്ന ആശകൊണ്ട് തിരിച്ചോടുവാനും ധൈര്യം വന്നില്ല.

"എന്നാലാമിടുക്കൊന്നു കാണട്ടെ" എന്ന് കണ്ണുരുട്ടിമിഴിച്ച് വടി ഉയർത്തിയപ്പോൾ ശങ്കരമേനവന്റെ ശൌര്യമെവിടെ മേനവനെവിടെ. "അയ്യോ രക്ഷിക്കണേ!" എന്നു നിലവിളിച്ചുകൊണ്ട് തിരിഞ്ഞോടുവാൻ ഭാവിച്ചപ്പോൾ വേരു തടഞ്ഞു മാറടിച്ചുവീണു. ആ നിമിഷത്തിൽ ബാലകൃഷ്ണമേനവന്റെ വടിയും കീഴ്പോട്ടുവന്നു. ഇനിയെന്തു ചെയ്യുമെന്നു മാത്രമേ കൂടി വേണ്ടൂ. എന്നാൽ നിസ്സഹായനായിട്ട് കുനിഞ്ഞു കിടക്കുന്ന ആ ജീവിയുടെ കഥ തീർന്നു. പക്ഷേ അതിന് സംഗതി വന്നോ ഇല്ലയോ എന്ന് അറിവാനിടയാവുന്നതിനു മുമ്പ് രാമബാണം പോലെ ചെടികളുടെ ഇടയിൽക്കൂടി ഒരു വിറകുകൊള്ളി ആയത്തിൽ വന്ന് കയ്യിന്റെ കൊഴകളിൽ കൊണ്ടതോടുകൂടി ബാലകൃഷ്ണമേനവന്റെ വടി കയ്യിൽനിന്നു തെറിച്ചുകലെച്ചെന്നു വീണു.

അവസരോചിതമായ ഈ പൊടിക്കയ്യ് പ്രയോഗിക്കുത്തക്കവണ്ണം സാമർത്ഥ്യമുള്ള പുരുഷൻ നമ്മുടെ സ്റ്റേഷനാപ്പർ ഭാസ്കരമേനവനല്ലാതെ മറ്റാരുമാവില്ലെന്ന് പല വിധത്തിലും വായനക്കാർ ഊഹിച്ചിരിക്കാം. അദ്ദേഹം ശിഷ്യനോടുകൂടി അരങ്ങത്തു പ്രവേശിച്ചപ്പോൾ അവിടെ കൂടിയാടിയിരുന്ന രണ്ടുപേരും ആട്ടം നിർത്തിപ്പോയിക്കഴിഞ്ഞു. "കിട്ടുണ്ണി, എല്ലാം പറഞ്ഞുവച്ചിട്ടുള്ളപോലെ" എന്ന ശിഷ്യന് കല്പന കൊടുത്തിട്ട് സ്റ്റേഷനാപ്പർ തഴെ വീണുകിടക്കുന്ന വടിയും കയ്യിലെടുത്ത് ബാലകൃഷ്ണമേനവന്റെ മഠത്തിലേക്ക് നടക്കുകയല്ല ഓടുകയാണ് ചെയ്തത്. അവിടെച്ചെന്നപ്പോൾ വടി തുറന്നിട്ടില്ല. വേലിചാടി അകത്തു കടന്നപ്പോൾ മഠം പൂട്ടിയിരിക്കുന്നു. വേഗം നാലുപുറവും പരിശോധിച്ചതിന്റെ ശേഷമേ സ്റ്റേഷനാപ്പർ നല്ലവണ്ണം ശ്വാസം കളഞ്ഞിട്ടുള്ളൂ. അന്നത്തെ രാത്രിയിലെ വേല ഒരു വിധം ഇങ്ങിനെ കലാശിപ്പിച്ചതിന്റെ ശേഷം കിട്ടുണ്ണിമേനവനെ പറഞ്ഞുവിട്ട് തറവാടിനേയും തോല്പിച്ച് ആയിരത്തിൽ ചിലപാനം ഉറുപ്പിക ചിലവിട്ട് പണി തീർപ്പിച്ചിട്ടുള്ള ആ മഠത്തിൽ "അവനിവിടെ എത്തീട്ടില്ല. അമ്പ! കള്ള

മനസ്സു പറയേണമെങ്കിൽ തുങ്ങിനൊടുങ്ങുന്നവനെ പറയണം. ഈ കളവു തെളിയിക്കുവാൻ ഇവിടെ ഭാഗ്യമുണ്ടായല്ലോ" എന്നു കൃതാർത്ഥതയോടുകൂടി ആ രാത്രി കഴിച്ചുകൂട്ടി.

ആ രാത്രിതന്നെ ഏകദേശം പന്ത്രണ്ടുമണി സമയത്ത് അമ്പലക്കാട്ടെ പ്രകൃതമാണെങ്കിൽ അത് വർണ്ണിപ്പാൻ തൂലികയുടെ സഹായം കൊണ്ടുമാത്രം സാധിക്കുന്നതല്ല. ശങ്കരമേനോൻ സ്വന്തം അകത്ത് കട്ടിലിന്മേൽ മലന്നുകിടന്ന് കയ്യും കാലുമിട്ടു തല്ലുന്നുണ്ട്. മിഴിരണ്ടും കണ്ടാൽ ഭയമാവും. കലങ്ങി മറിഞ്ഞ് സാമാന്യത്തിലധികം പുറത്തേക്കു തള്ളീട്ടുണ്ട്. അടിതൊട്ട് മുടിവരെ വിയർപ്പിൽ കുളിച്ചിരിക്കുന്നു. കാടീട്ടുള്ള കിതപ്പ് നിലച്ചിട്ടില്ല. അമ്മ "ശങ്കരാ, ശങ്കരാ" എന്നു അടുക്കെയിരുന്ന് വിളിക്കുന്നുണ്ട്. തൊണ്ടകാറിപ്പൊട്ടുന്ന ഞരക്കമല്ലാതെ നാവനക്കുന്നതുകൂടിയില്ല. എന്തിനേറെ വിസ്തരിക്കുന്നു. മരണ വികൃതികളല്ലാതെ വേറെയൊന്നും കാണ്മാനില്ല.

പൊല്ലീസ്സുകാരനും കിട്ടുണ്ണിയും കട്ടിലിന്റെ കാക്കലും തലക്കലും നിന്ന് വീശുന്നുണ്ട്. അപ്പാത്തിക്കിരി അങ്ങുമിങ്ങുമോടികറേ മരുന്നും മറുമെടുത്തുകൊണ്ടുവന്നപ്പോഴെക്കും രോഗിയുടെ കൃഷ്ണമണികൾ മേല്പോട്ടുപോയി. മിഴികൾ അനങ്ങാതെയായി. സർവ്വാംഗമൊന്നു വിറച്ചു. യാതൊരു ചേഷ്ടയുമില്ലാതായി. ശങ്കരമേനോൻ മരിച്ചു.

പന്ത്രണ്ടാം അദ്ധ്യായം.

പലവകം.

കുടിലിൽനിന്ന് കൊട്ടാരത്തിലേക്ക്—ഗാർഫീൾഡ് ചരിത്രം.

[കൃഷ്ണപ്രോമാണ്ണി വലിയ നായരവർകളാൽ എഴുതപ്പെട്ടത്.] അഭിപ്രായത്തിനായി ഞങ്ങൾക്കയച്ചുതന്നിരിക്കുന്ന ഈ പുസ്തകം ഞങ്ങൾക്കു സസന്തോഷം കൈപ്പറ്റിയിരിക്കുന്നു. അഭിപ്രായം ഇനിയത്തെ ലക്കത്തിൽ കാണുന്നതാണ്.

അന്യന്മാരുടെ ദുഃഖത്തിങ്കൽ അനുകമ്പ തോന്നാത്തവരും കഷ്ടപ്പെടുമ്പോൾ കൂടെയുള്ള സ്നേഹിതന്മാർ ഉണ്ടാകുന്നതിനേക്കാൾ ഏകാകിയായി വസിക്കുന്നതു നല്ലതാകുന്നു.

കഷ്ടാവസ്ഥകളിൽ പെടാതെ കഴിയുന്നവൻ ബുദ്ധിമാനും, അവയെ അനുഭവം സഹിച്ചിരിക്കുന്നവൻ ക്ഷമാപരനും, എന്നാൽ അതുകളെ കീഴടക്കുന്നവൻ ശൂരനുമാകുന്നു.

സ്വാതന്ത്ര്യബുദ്ധിരാഹിത്യമാണ് യഥാർത്ഥമായ ഉദാര ശീലത്വം. ഒരു പുരുഷൻ കുലീനനായാൽ അതിന്റെ മനോജ്ഞത്വം എങ്ങിനെ ഇല്ലാതാകുന്നുവോ അപ്രകാരം സ്വാതന്ത്ര്യബുദ്ധിയുണ്ടാകുമ്പോൾ ഒരു ഉൽകൃഷ്ടകർമ്മത്തിനേയും കൂടി മഹത്ത്വം ഇല്ലാതാകുന്നു.

അന്യരിലുള്ള ദോഷാംശങ്ങളെ കാണുവാൻ എളുപ്പത്തിൽ കഴിയുന്നതാണു. നിർണ്ണയമായി ഒരുവന്റെ ദോഷത്തെ പുറത്തിക്കാണിക്കുന്നതിന് വലിയ പാണ്ഡിത്യമോ, അതിയായ പ്രയത്നമോ ആവശ്യമില്ല. അല്പബുദ്ധിയായ ഒരുവനുകൂടി ഒരു മഹാപുരുഷനിൽ ഉള്ള ദോഷത്തെ കാണുവാൻ കഴിയും. ഇപ്രകാരമുള്ള നീചപ്രവൃത്തികളിൽ ചിലർക്ക പ്രത്യേകതാല്പര്യവുമുണ്ട്. അവരുടെ അല്പത്വം തന്നെയായിരിക്കാം അവരെ ഇങ്ങിനെ പ്രേരിപ്പിക്കുന്നത.

ദേഹത്തിന്ന ഉപദ്രവങ്ങൾ വല്ലതുമുണ്ടാകുമ്പോൾ, അല്ലെങ്കിൽ ദേഹം ക്ഷീണിച്ചിരിക്കുമ്പോൾ, ഒരു ജോലിയിൽ പ്രവേശിക്കുക എന്നത് വളരെ ദുഃഖമാകുന്നു. വ്യസനത്താലോ മറ്റോ മനസ്സിടിഞ്ഞിരിക്കുമ്പോൾ വേലചെയ്യുന്നത് അതധികം കഷ്ടമാകുന്നു. അങ്ങിനെയാണെങ്കിലും അപ്രകാരം ദേഹത്തിന്നോ മനസ്സിന്നോ സ്വസ്ഥത വളരെ കുറവായിട്ടുള്ളവരാലാണ് ലോകത്തിൽ ശ്രേഷ്ഠങ്ങളായ അനേകകാര്യങ്ങൾ നിർവ്വഹിക്കപ്പെട്ടിട്ടുള്ളത് എന്ന സംഗതി ഒരിക്കലും വിസ്മരിക്കത്തക്കതല്ല. സുഖം തോന്നുന്നില്ല എന്ന ഏകകാരണത്താൽ നമ്മുടെ ജോലിയിൽനിന്ന് പിൻവലിക്കുന്നത് വളരെ തെറ്റാകുന്നു. നാമെന്തൊരവസ്ഥയിലാണെങ്കിലും നമ്മാൽ കഴിയുന്ന വിധത്തിൽ നമ്മുടെ കൃത്യങ്ങളെ നിർവ്വഹിക്കുന്നതാണ് ഏറ്റവും ശരിയായും ഉത്തമമായുമുള്ള മാർഗ്ഗം. നമ്മാൽ വിചാരിക്കുന്നതിനെക്കാൾ വളരെ അധികം ശക്തിനമുക്കുണ്ടെന്ന് ചിലപ്പോൾ നമുക്കുതന്നെ കാണാവുന്നതാണ്.

കുട്ടി—അമ്മേ! കാപ്പിയിൽകൂട്ടുവാൻ കുറെക്കൂടി പഞ്ചസാരതരു. എന്റെ കപ്പിൽ ഉണ്ടായിരുന്നത വീണുപോയി.

അമ്മ—ഇതാ! എടുത്തോളൂ. ഞാൻ തന്നത എവിടെ കളഞ്ഞു?

കുട്ടി—അത കാപ്പിയിൽ വീണുപോയി അമ്മേ.

സുഖസ്പർശത്തെ സാധാരണയായി സ്പർശവർഗ്ഗങ്ങളിലുള്ള രസങ്ങളെ കൊണ്ടാണ് അനുഭവിക്കുന്നത്. പെൺകൊടുവാണ് രാത്രി നമ്മുടെ ഉറക്കത്തെ കട്ടിരുട്ടാക്കുവാൻ ചെങ്ങി പുറപ്പെടുന്നത്.

T. S. SUBRAMANIA & Co.

കവിരാജനഗേന്ദ്രനാഥസെൻ എന്നവരുടെ
ആയുർവ്വേദ വൈദ്യശാല,
33, അമ്മേനിയൻ തെരുവു, മദ്രാശി.

Panchatikta Batika പഞ്ചതിക്ത ഗുളിക. മലമ്പനിക്കുള്ള ഒരു സിദ്ധൌഷധം. മറ്റുള്ള ഗുളികയുള്ള ഒരു പെട്ടിക്കു 1 കവളരെക്കാലം നിലനിന്നിട്ടുള്ള പനികളെ കളവാൻ ഈ ഗുളികകൾ രാജാവാണ്. സ്ഥിരമായ ശാന്തിയുമുണ്ടാവും. മലമ്പനികൾ എല്ലാ ജാതികളും സ്ഥിരജ്വരങ്ങളും മൂട കടുപ്പമായ ജ്വരവും മൂട കുറഞ്ഞ ജ്വരവും വയറ്റിൽ പ്ലീഹ വീർത്തും കരൾ വീർത്തുമുള്ള ജ്വരം, കുരയോടുകൂടിയ ജ്വരം, നാലരവാടൻജ്വരം ഇത്യാദി നാനാ ജ്വരങ്ങളിലും പഞ്ചതിക്ത ഗുളികകൾ ഫലിക്കും. കാലജ്വരങ്ങളിലും മലമ്പനികളിലും ഈ ഗുളികകൾ ഉത്തമഫലിതമുള്ളവയാണ്. കൈനാവു എന്നു പേർ പറയുന്ന ഇംഗ്ലീഷു മരുന്നിനു ജയിപ്പാൻ കഴിയാത്ത പനികളിലും കൈനാ തോറ്റു ഓടീട്ടുള്ള സ്ഥാനങ്ങളിലും പഞ്ചതിക്ത ഗുളികകൾ ഫലിക്കും. പനികളെ തല്ക്കാലം ശമിപ്പിക്കുമെന്നു മാത്രമല്ല ആ പനികൾ പിന്നീടു മടങ്ങിവരാതിരിപ്പാൻ തക്കവണ്ണം പേരോടുകൂടി പനിയെ അറുത്തുകളയും. ഇതു ഒരു വിശേഷഗുണമാണ്.

Prameha Bindu പ്രമേഹവിന്ദു സകല അവിവേകജന്യ രോഗപ്രതിരൂപൌഷധം. ഒരു കുപ്പി മരുന്നും ഒരു പെട്ടി ഗുളികയുംകൂടി 1 ക. 8 ണ ആശ്വാസകരമായ ഈ മജ്ജാബലവർദ്ധനരസം ദുഷിച്ച രക്തത്തിന്നും ചോഷണസാമർത്ഥ്യം കുറഞ്ഞ ചോരക്കും മജ്ജാക്ഷീണത്തിന്നും അകത്തികൽ ഭവിക്കുന്ന ബലക്ഷയം മുതലായ മഹാ സങ്കട വ്യാധികൾക്കും ഇതു ഉത്തമ ഔഷധതന്നെ. ക്ഷീണിച്ചു ദോഷത്തിന്നു മിടുക്കും ബലവും വരുത്തി തേഞ്ഞുമാഞ്ഞു മയങ്ങി മരിയ അംഗപ്രസാദത്തിന്നു രണ്ടാമതും ജീവസ്സും പുഷ്ടിയും പാരസ്പ്യം വരുത്തുന്നതോടുകൂടി നാൾതോറും ക്ഷയിക്കുന്ന മനോല്ലാസത്തെ പുനരുജ്ജീവിപ്പിച്ച നിരാശ ബാധിച്ചിട്ടുള്ള ജനങ്ങളെ ജീവനിൽ കൊതിയുള്ളവരാക്കി ഗാർഹസ്ഥ ധർമ്മങ്ങളിൽ സുഖവാസന

യുള്ളവരാക്കി ചെയ്യും. തലച്ചോറിനു ഉശിരും ജാഗ്രതയും വർദ്ധിപ്പിക്കും ആലോചനാശക്തിക്കും ഓർമ്മശക്തിക്കും അനുമാനസാമർത്ഥ്യത്തിനും മുമ്പില്ലാത്ത ഒരു ചൈതന്യത്തെ വരുത്തി ബുദ്ധികൊണ്ടുള്ള അദ്ധ്വാനങ്ങൾക്കു സാമർത്ഥ്യത്തെ വരുത്തി മനസ്സുകൊണ്ടുള്ള വേലകൾക്കു എല്ലാവരേയും സമർത്ഥന്മാരാക്കും. അനാശ്യസ്രാവു ചിടിപ്പെട്ട വൈദ്യന്മാരെല്ലാം കൈവിട്ടു പോയിട്ടുള്ള ദുസ്സാദ്ധ്യരോഗത്തിൽ കാഴ്ച ഈ പ്രമേഹനിന്നു സേവിച്ചാൽ ആശ്വയ്യമായ ഗുണം കാണും. മൂത്രം അകത്തു നില്ക്കാതേയൊ മൂത്രസഞ്ചിക്കു ചൊറിച്ചിലും പുണ്ണും മൂത്രം നിയ്ക്കുവാൻ കഴിയാതേയും മൂത്രപിണ്ഡങ്ങൾക്കു. ഈ ജാതി രോഗങ്ങൾ ഉണ്ടാവുന്നതും മൂത്രസഞ്ചിയിൽനിന്നു കഫപ്രായത്തിൽ പാലുപോലെ വെളുത്തു തടിച്ചു കഴമ്പുപോലെ ഒരു വസ്തു ചുട്ടനീറിക്കൊണ്ടു കലിച്ചുപോകുന്നതിൽ ഈ ഔഷധം ഗുണം വരുത്തും. സ്ത്രീയോ പുരുഷനോ ആലോചനകൂടാതെ അമിതസുഖങ്ങളെ അനുഭവിച്ചാലുണ്ടാകുന്ന പരമദ്രോഹികളായ രോഗങ്ങളെ ഈ പ്രമേഹത്തിനു അകറ്റിക്കളയും.

Ratibilas രതിവിലാസം. മജ്ജാക്ഷീണമനോരോഗാദികൾക്കു ആശ്വയ്യഫലിതമുള്ള പ്രത്യേകൌഷധം. പതിനഞ്ചു ഗ്രി വസ്തുത്തേക്കു രണ്ടു പെട്ടി ഗുളികകളും ഒരു കുപ്പി എണ്ണയുംകൂടി 4. ക. ശരീരത്തിലുള്ള അവയവങ്ങളിൽ മജ്ജാതന്തുസമൂഹമാണ ഏറ്റവും വിശേഷമായി സ്ഥിതി വരുത്തപ്പെട്ടിട്ടുള്ളതു. അതിന്റെ സ്ഥിതി നോക്കിയറിഞ്ഞാൽ ദേഹത്തിലുള്ള സകല രോഗങ്ങളുടേയും സഭാവം തിരിച്ചറിയാം. മജ്ജകൾ ബലഹീനങ്ങളായാൽ പുരുഷൻ അതിവേഗത്തിൽ രോഗിയായി വരും. മജ്ജകൾക്കു കേട തട്ടുമ്പോൾ സകല അവയവങ്ങളും അവയവ പ്രവൃത്തികളും ക്രമക്കേടുകൊണ്ടു ക്ഷീണിച്ച രോഗമുണ്ടാകും. അതിയായിട്ടുള്ള മദ്യപാനവും ആ തരത്തിലുള്ള അതിഭോഗങ്ങളും തലയുണ്ണിപ്പാൻ തക്കവണ്ണമുള്ള പ്രവൃത്തികളും ഇന്ദ്രിയങ്ങൾക്കു ക്ഷീണം വരുവാൻ തക്കവേലകളും ഒരുപോലെ മജ്ജകളെ ക്ഷീണിപ്പിക്കും. അതുതന്നെ രോഗമാവും. മജ്ജകൾക്കു വന്നിട്ടുള്ള ബലഹീനതകൊണ്ടു രോഗം ഭവിച്ചിട്ടുള്ള ജനങ്ങൾ സുഖഹാനിയെ മൌനമായി അനുഭവിച്ചു ദുഃഖിക്കുന്നു. അവർക്കു ജീവൻ ഒരു ഭാരമായിവരുന്നു. അവർക്കു മരണം സൌഖ്യമെന്നും തോന്നും. ജീവകാലത്തിങ്കൽ

ഈ രോഗികൾക്ക് കെല്പും ഒട്ടും ഉണ്ടാവില്ല. ജീവസ്സുമാത്രം അവയിൽ കാണില്ല. ഇഹലോകസുഖങ്ങളെ യഥേഷ്ടം അനുഭവിപ്പാൻ അവക്ക് ആശയുണ്ടാവാതെ വരുമ്പോൾ ഇഹലോകത്തിങ്കലുള്ള കാരോ കഷ്ടപ്പാടുകളെ തട്ടത്തു ജയിപ്പാനും അവർ ആളായ്വരുന്നതല്ല. ഈ മഹാരോഗത്തിനു പറയുന്ന ഔഷധങ്ങൾ അനേകം വില്ലാനുണ്ടെന്നു പലരും പലേടങ്ങളിലും പ്രസിദ്ധം ചെയ്യുന്നു. അവയിൽ ഫലിതം ഏറിയവയേ ഉള്ളുവെന്നും കാണുകയും ചെയ്യും. ഈ വക ഔഷധങ്ങളെ ഞങ്ങൾ വാങ്ങി ശാസ്ത്രവിധികൾക്കനുസരിച്ച പരിശോധിച്ച പരീക്ഷിച്ച നോക്കിട്ടുള്ളതിൽ ആ വക മരുന്നുകൾ ഒന്നെങ്കിലും പറയുന്ന ഗുണങ്ങളെ ചെയ്യുകൊട്ടുവാൻ സാമർത്ഥ്യമുള്ളതായി കണ്ടിട്ടില്ല. ഒന്നെങ്കിലും നല്ലതില്ല. ഇതു അനേകം വൈദ്യന്മാരുടെ അനുഭവമാണ്. അതുകൊണ്ട് ഈ മഹാദുഃഖകാരിയായ രോഗത്തിനു ഔഷധങ്ങളില്ലെന്നു ജനങ്ങൾ വിശ്വസിക്കുന്നു. ഇതു തെറ്റാണ്. കരുണാനിധികളായ സർവ്വജനങ്ങളുടേയും നന്ദിക്കു പാത്രങ്ങളായ ഋഷികൾ ഈ രോഗനിദാനം വരുത്തി അതിനു തക്ക മരുന്നുകൾ നിശ്ചയിച്ചിരിക്കുന്നു. ഈ അതിദുസ്സഹമായ രോഗത്തിന്റെ വേരറുത്തു അതിനെ ശാന്തി വരുത്തുന്നതിനു ഒരൌഷധമുള്ളതു മേല്പറഞ്ഞ രതിവിലാസമാണ്. അതുകൊണ്ടു ജനങ്ങൾക്കു കെൽപ്പും ഉശിരും വർദ്ധിക്കും. വളരെ ശ്രദ്ധാന്തിയോടുകൂടി പണിപ്പെട്ട ജാഗ്രതയായി ഞങ്ങൾ ഇതിനെ ഉണ്ടാക്കിയിരിക്കുന്നു. ഈന്ത്യാരാജ്യത്തിൽ അനേകായിരം ജനങ്ങൾക്കു ഈ മരുന്നു ഞങ്ങൾ കൊടുത്തു പരീക്ഷിച്ചിരിക്കുന്നു. ഒരു കാറ സംശതിയെങ്കിലും ഫലിതമില്ലാതെ കണ്ടിട്ടില്ല, 'ഈ രോഗം ശമിക്കില്ല എന്തു ചെയ്യട്ടെ'—എന്നു നിരാശപ്പെട്ടിട്ടുള്ള ജനങ്ങൾ ഈ രതിവിലാസത്തെ വാങ്ങി ഒന്നു പരീക്ഷിച്ചു നോക്കട്ടെ.

അല്പകാലത്തിനുള്ളിൽ ദേഹക്ഷീണത്തെ കളയും, മജ്ജാകോശങ്ങൾ ശവപ്രായമായ ക്ഷീണമുണ്ടെങ്കിൽ അതിനെ തീർക്കും. ബാല്യത്തിൽ ബുദ്ധിമോശംകൊണ്ടു ആലോചനയില്ലാതെ ഓരോ ദുർവ്യാപാരങ്ങളെക്കൊണ്ടും അതിഭോഗങ്ങളെക്കൊണ്ടും കെല്പറ്റു ജീവശവങ്ങളായവരുടെ ജീവസ്സും മിടുക്കും മടങ്ങിവരുവാൻ ഇതു നല്ല ഔഷധമില്ല. മജ്ജാകേന്ദ്രങ്ങളായ സ്ഥാനങ്ങളെ പ്രത്യേകം ഈ ഔഷധം ബലപ്പെടുത്തും. വൈദ്യശാസ്ത്രപാണ്ഡിത്യമുള്ള ചികിത്സാ

രിസരകാം നിശ്ചയിച്ചുവരുന്ന ടോണിക് (ബലദായകങ്ങാം) എന്ന ഔഷധങ്ങളെല്ലാം പരക്കെ ദേഹാചൈതന്യത്തേയും മെയ് മിടുക്കിനേയും കാമ്മശക്തിയേയും ഇന്ദ്രിയബലത്തിനേയും ഉണ്ടാക്കും. കൈൽപ്പു മങ്ങിമറഞ്ഞു തോഞ്ഞുമാഞ്ഞു കിടക്കുമ്പോാം ചൈതന്യത്തെ വണ്ടാമതും ഉണ്ടാക്കാൻ ഈ മരുന്നുകാം ഉപകരിക്കും. മടിയും ഉറക്കവും തുങ്ങലും മൌഢ്യവും തീരാൻ ഈ മരുന്നുകാം ഏറ്റവും ഉതകും. കഠിനമായ അദ്ധ്വാനംകൊണ്ടോ അതിപ്രയത്നംകൊണ്ടോ അതി ജാഗ്രതയായി പുസ്തകകാലക്ഷേപം ചെയ്ത് പഠിപ്പുതുകൊണ്ടോ ബാലബുദ്ധികൊണ്ടു വരുന്ന അതിഭോഗങ്ങളെക്കൊണ്ടോ പാനസാഹസംകൊണ്ടോ ശീതോഷ്ണാധിക്യംകൊണ്ടോ ആഹാരമൈഥുനാദിസാഹസങ്ങാംകൊണ്ടോ വല്ല ദീനങ്ങളും ഉത്ഭവിച്ചിട്ടുണ്ടെങ്കിൽ അതു നശിപ്പാൻ ഉപായം രതിവിലാസമെന്ന ഞങ്ങളുടെ മരുന്നു സേവിക്കുന്നതുതന്നെ. മജ്ജകളുടെ ക്ഷീണത്തെ തീക്കും. ദേഹാവയവങ്ങാംക്കെല്ലാം ചൈതന്യലാഭവും ഉശിരും ഉണ്ടാവും. ക്ഷീണംകൊണ്ടും മനോബലഹാനികൊണ്ടും ഉണ്ടാവുന്ന കേടുകളെ തീക്കും.

ഫലിതമേറിയ ഈ ഔഷധത്തിന്റെ കർത്താവു സർവ്വേശ്വരനായ ശിവനാണ്. അതിന്റെ സഹായംകൊണ്ടു അനേകായിരം ജനങ്ങാം സുഖപ്പെട്ടിട്ടുണ്ട്.

മേല്പറഞ്ഞ എല്ലാ മരുന്നുകളും താഴെ എഴുതിയ മേൽവിലാസത്തിൽ എഴുതി ചോദിക്കേണ്ടതാണ്. എഴുത്തുകുത്തുകാം മലയാളത്തിലോ, തമിഴിലോ, ഇംഗ്ലീഷിലോ ആയിരിക്കണം.

ടി. എസ്സ്. സുബ്രഹ്മണ്യ ആൻറ് കമ്പനിക്കാർ.

33, അർമ്മേനിയൻ തെരുവു,

മദ്രാശി,

Messrs. T. S. SUBRAMANIA & Co.,

Armenian Street,

Madras.

കമ്മിഷൻ

രസികരഞ്ജിനിക്ക് പുതിയ വരിക്കാരെ ഉണ്ടാക്കി അവരു വരിപ്പണം മുഴുവൻ മുൻകൂറായി പിരിച്ച് പേരുവിവരപ്പട്ടികയോടുകൂടി ആ സംഖ്യ ആപ്പീസ്സിൽ അടക്കുന്നവക്ക് ഫ൫-കയിൽ കുറയാതെയുള്ള സംഖ്യകൾക്ക് ഫാക്ക് ഫാക വീതം കമ്മിഷനും ൨൦കയിൽ കുറയാതെ പിരിച്ചടക്കുന്നവക്ക് മേല്പറഞ്ഞ കമ്മീഷനും പുറമെ മുപ്പുരീതെ ഉറുപ്പികക്ക് രഞ്ജിനിയുടെ ഓരേ പ്രതിവിതം സൌജന്യവും കൊടുക്കപ്പെടും.

ര. ര. മാനേജർ.

൯൯- കുംഭത്തിൽ പണം അടച്ചവരുടെ പേര് വിവരം

		ക.	ണ.	സ.
മ. രാ. രാ. എസ്സ്. ബി. നാരായണയ്യൻ	അവർകൾ	2	4	0
,, നടുവിലെ പറമ്പിൽ പി. ഗോവിന്ദകമ്മത്തി	,,	3	0	0
,, മാരംകണ്ണാട്ടത്ത്. പി. ജനാർദ്ദനപ്പൈ	,,	3	0	0
,, ചെങ്ങല്ലൂര പരമേശ്വരൻനമ്പൂരി	,,	3	0	0
,, സി. രാമുണ്ണി മേനോൻ	,,	3	0	0
,, അവണപ്പറമ്പനാസ്സൽ അനുജൻനമ്പൂരിപ്പാട്	,,	1	8	0
,, മണ്ണത്താഴത്ത് ഗോവിന്ദമേനോൻ	,,	3	0	0

നൊട്ടീസ

പലതരം സാമാനങ്ങൾ! **വില വളരെ സഹായം!!**

ബൊമ്പായി മുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽനിന്ന നോട്ടിട്ടു വരുത്തുന്നതും താഴെ വിവരം പറയുന്നതും വെറെയും അനേകം സാമാനങ്ങൾ തൊകപ്പടിയായും ചില്ലറയായും വളരെ സഹായ വിലയ്ക്കു വില്ക്കുന്നതാണ്.

പലതരത്തിലുള്ള പ്ലാനൽ ശീലകൾ, ടവീഡുകൾ, ചെക്കേണികൾ, വളരെ ഭംഗിയുള്ള ചീട്ടികൾ, പട്ടകൾ, ബ്ലാങ്കെറുകൾ, തൊപ്പികൾ, സർജ്ജകൾ, മല്ല്, ജഗന്നാഥൻ മുതലായ തുണിച്ചരക്കുകൾ. എനാമൽപാത്രങ്ങൾ, പലതരത്തിലുള്ള ഗ്ലാസുകൾ, നാഴികമണികൾ, വാച്ചുകൾ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഗ്ലോബ്പുകൾ, രവിവമ്മപ്പടങ്ങൾ, കൊടകൾ, ഇരിമ്പുപെട്ടികൾ, ഇരിമ്പ അലമാരികൾ, ഇരിമ്പ അട്ടപ്പുകൾ, അനേകവിധം സോപ്പുകൾ, ബ്രാണ്ടി, വിസ്കി മുതലായ ലഹരിസാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനേകവിധ പാത്രങ്ങൾ, ഇവകളും മെലിൻസ് ഫുഡ്, കൊക്കൊ, കാപ്പിപ്പൊടി, ടീ, ബിസ്കാത്ത് മുതലായ വേറെയും അനേകവിധ സാമാനങ്ങൾ വളരെ സഹായവിലക്ക് വില്ക്കുന്നു.

ആവശ്യപ്പെടുന്നവക്ക് സാമാനങ്ങൾ വി-പി- ആയി അയച്ചുകൊടുക്കുന്നതാണ്.

എ. ടി. എസ്സ്. മേനോൻ.
ജനറൽ മർച്ചണ്ട്,
ചിറ്റൂർ.

സംഗതിവിവരം

ക. ജപ്പാൻ—എ. ശങ്കരപ്പണിക്കർ, ബി.എ.ബി.എൽ. ൪൯
ഖ. സമസൃഷ്ടികൾ— സൃഷ്ടിപ്രിയൻ ൫൩
ഗ. അശ്ലീലം ൫൩
ഘ. തെക്കുംകൂറും വടക്കുംകൂറും രാജാക്കന്മാർ— കൊട്ടാരത്തിൽ ശങ്കുണ്ണി ൫൭
ങ. കോമപ്പൻ—കുണ്ടൂരി നാരായണമേനോൻ. ബി. എ. ൬൨
ച. വിക്രമോർവ്വശീയം ഭാഷാ— കൊട്ടങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ ൬൨
ഛ. അരയുകാരം—എ. ആർ. രാജരാജവർമ്മ, എം. എ. എ. ആർ. എ. എസ്സ്.... ... ... ൬൯
ജ. കരുതുമ്മരണം ൭൦
ഝ. പലവക ൭൫

വിദ്യാവിനോദിനി അച്ചുകൂടം.

നോട്ടിസ

മേത്തരം സാമാനങ്ങൾ! വില വളരെ സഹായം!?

ബൊമ്പായി മുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽനിന്ന് നേരിട്ടു വരുത്തുന്നതും താഴെ വിവരം പറയുന്നതും വേറെയും അനേകം സാമാനങ്ങൾ തൊകപ്പടിയായും ചില്ലറയായും വളരെ സഹായ വിലക്കു വില്ക്കുന്നതാണ്.

പലതരത്തിലുള്ള പ്ലാനൽ ശീലകൾ, ടീഡുകൾ, ചൊക്കേണികൾ, വളരെ ഭംഗിയുള്ള ചിറ്റികൾ, പുടവകൾ, ബ്ലാങ്കൊറകൾ, തൊപ്പികൾ, സർജ്ജുകൾ, മല്ല്, ജഗന്നാഥൻ മുതലായ തുണിച്ചരക്കുകൾ, ഏനാമൽപാത്രങ്ങൾ, പലതരത്തിലുള്ള ഗ്ലാസുകൾ, നാഴികമണികൾ, വാച്ചുകൾ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഗ്ലോപ്പുകൾ, രവിവമ്മപ്പടങ്ങൾ, കൊടകൾ, ഇരിമ്പുപെട്ടികൾ, ഇരിമ്പു അലമാരികൾ, ഇരിമ്പ അട്ടപ്പുകൾ, അനേകവിധം സേപ്പുകൾ, ബ്രഞ്ചി, വിസ്കി, മുതലായ ലഹരിസാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനേകവിധ പാത്രങ്ങൾ, ഇവകളും മെലിൻ സാഫുഡ്, കൊക്കൊ, കാപ്പിപ്പൊടി, ടീ, ബിസ്കോത്ത മുതലായ വേറെയും അനേകവിധ സാമാനങ്ങൾ വളരെ സഹായവിലക്കു വില്ക്കുന്നു.

ആവശ്യപ്പെടുന്നവക്കു സാമാനങ്ങൾ വി പി ആയി അയച്ചു കൊടുക്കുന്നതാണ്

എ. ടി. എസ്സ്. മേനോൻ,
ജനറൽ മർച്ചണ്ട്,
ചിറക്കൽ.

T. S. SUBRAMANIA & Co.

കവിരാജനഗേന്ദ്രനാഥസെൻ എന്നവരുടെ

ആയുർവേദ വൈദ്യശാല,

33, അർമ്മേനിയൻ തെരുവ, മദ്രാശി.

Panchatikta Batika പഞ്ചതിക്ത ഗുളിക. മലമ്പനികൾക്കുള്ള ഉത്തമ സിദ്ധൌഷധം. മുപ്പത്തു ഗുളികയുള്ള ഒരു പെട്ടിക്കു ഫ കാ. വ ളരെക്കാലം നിലനിന്നിട്ടുള്ള പനികളെ കളവാൻ ഈ ഗുളികകൾ രാജാവാണ്. സ്ഥിരമായ ശാന്തിയുണ്ടാവും. മലമ്പനികൾ എ ല്ലാ ജാതികളും സ്ഥിരജ്വരങ്ങളും ചൂട്ട കട്ടപ്പായ ജ്വരവും ചൂടുകുറ ഞ്ഞ ജ്വരവും വയററിൽ പ്ലീഹ വീർത്തും കരൾ വീർത്തുമുള്ള ജ്വ രം, കരയോടുകൂടിയ ജ്വരം, നാലാംവാടൻജ്വരം ഇത്യാദി നാനാ ജ്വരങ്ങളിലും പഞ്ചതിക്ത ഗുളികകൾ ഫലിക്കും. കാലജ്വരങ്ങ ളിലും മലമ്പനികളിലും ഈ ഗുളികകൾ ഉത്തമഫലിതമുള്ളവയാ ണ്. കൈപനാവു എന്നു പേർ പറയുന്ന ഇംഗ്ലിഷു മരുന്നിനു ജ യിപ്പാൻ കഴിയാത്ത പനികളിലും കൈപനാ തോററ ഓടീട്ടുള്ള സ്ഥാനങ്ങളിലും പഞ്ചതിക്ത ഗുളികകൾ ഫലിക്കും. പനികളെ തല്ക്കാലം ശമിപ്പിക്കുമെന്നു മാത്രമല്ല ആ പനികൾ പിന്നീടു മടങ്ങി വരാതിരിപ്പാൻ തക്കവണ്ണം വേരോടുകൂടി പനിയെ അവസ്ഥകളയും. ഇതു ഒരു വിശേഷ ഗുണമാണ്.

Prameha Bindu പ്രമേഹവിന്ദു സകല അവിവേകജന്യ രോ ഗപ്രത്യൌഷധം. ഒരു കുപ്പി മരുന്നും ഒരു പെട്ടി ഗുളികയുംകൂടി ഫ കാ. വ ണ. ആശ്ചര്യകരമായ ഈ മജ്ജാബലവർദ്ധനരസം ദുഷിച്ച ര ക്തത്തിനും പോഷണസാമർത്ഥ്യം കുറഞ്ഞ ചോരക്കും മജ്ജാക്ഷീണ ത്തിനും അകാലനരിക്കും അവിചാരം കൊണ്ടുണ്ടായ മഹാസങ്ക ട വ്യാധികൾക്കും ഇതു ഉത്തമ ഔഷധമാണു. ക്ഷീണിച്ച ദേഹ ത്തിനു മിടുക്കും ബലവും വരുത്തി തേഞ്ഞുമാഞ്ഞു മയങ്ങി മങ്ങിയ അംഗപ്രസാദത്തിനു രണ്ടുമേലും ജീവസ്സും പുഷ്ടിയും പരപ്പും വരു ത്തുന്നതോടുകൂടി നാൾതോറും ക്ഷയിക്കുന്ന മനോല്ലാസത്തെ പുനരു ജ്ജീവിപ്പിച്ചു നിരാശ ബാധിച്ചിട്ടുള്ള ജനങ്ങളെ ജീവനിൽ കൊതി യുള്ളവരാക്കി ഗൃഹസ്ഥ ധർമ്മങ്ങളിൽ സുഖവാസനയുള്ളവരാക്കി

ചെയ്യും. തലച്ചോറിന്നു ഉശിരും ജാഗ്രതയും വരുത്തി ബുദ്ധിക്കും ആലോചനാശക്തിക്കും ഓർമ്മശക്തിക്കും അനുമാനസാമർത്ഥ്യത്തിന്നും മുമ്പില്ലാത്ത ഒരു ചൈതന്യത്തെ വരുത്തി ബുദ്ധികൊണ്ടുള്ള അദ്ധ്വാനങ്ങൾക്കു സാമർത്ഥ്യത്തെ വരുത്തി മനസ്സുകൊണ്ടുള്ള വേലകൾക്കു എല്ലാവരേയും സമർത്ഥന്മാരാക്കും. അസ്ഥിസ്രാവു പിടിപെട്ടു വൈദ്യന്മാരെല്ലാം കൈവിട്ടു പോയിട്ടുള്ളദുസ്സാദ്ധ്യരോഗത്തിൽ ഒരാഴ്ച ഈ പ്രമേഹബിന്ദു സേവിച്ചാൽ ആശ്ചര്യമായ ഗുണം കാണും. മൂത്രം അകത്തു നില്ക്കാതേയൊ മൂത്രസഞ്ചിക്കു ചൊറിച്ചിലും പൂണ്ണും മൂത്രം നിൎത്തുവാൻ കഴിയാതേയും മൂത്രപിണ്ഡങ്ങൾക്കു ഈ ജാതിരോഗങ്ങൾ ഉണ്ടാവുന്നതും മൂത്രസഞ്ചിയിൽനിന്നു കഫപ്രായത്തിൽ പാലുപോലെ വെളുത്തു തടിച്ചു കുഴമ്പുപോലെ ഒരു വസ്തു ചൂടുനീറിക്കൊണ്ടു ഒലിച്ചുപോകുന്നതിൽ ഈ ഔഷധം ഗുണം വരുത്തും. സ്ത്രീയോ പുരുഷനോ ആലോചനകൂടാതെ അമിതസുഖങ്ങളെ അനുഭവിച്ചാലുണ്ടാകുന്ന പരമദ്രോഹികളായ രോഗങ്ങളെ ഈ പ്രമേഹബിന്ദു അകറ്റിക്കളയും.

Ratibilas രതിവിലാസം. മജ്ജാക്ഷീണമനോരോഗാദികൾക്കു ആശ്ചര്യഫലിതമുള്ള പ്രത്യേകൌഷധം. പതിനഞ്ചു ദിവസത്തേക്കു രണ്ടു പെട്ടി ഗുളികകളും ഒരു കുപ്പി എണ്ണയുംകൂടി ൨ ക. ശരീരത്തിലുള്ള അവയവങ്ങളിൽ മജ്ജാതന്തുസമൂഹമാണ് ഏറ്റവും വിശേഷമായി സ്ഥിതി വരുത്തപ്പെട്ടിട്ടുള്ളതു. അതിന്റെ സ്ഥിതി നോക്കിയറിഞ്ഞാൽ ദേഹത്തിലുള്ള സകല രോഗങ്ങളുടേയും സ്വഭാവം തിരിച്ചറിയാം. മജ്ജാകാരം ബലഹീനങ്ങളായാൽ പുരുഷൻ അതിവേഗത്തിൽ രോഗിയായിവരും. മജ്ജാകാരം കേടു തട്ടുമ്പോൾ സകല അവയവങ്ങളും അവയവ പ്രവൃത്തികളും ക്രമക്കേടുകാരംകൊണ്ടു ക്ഷീണിച്ചു രോഗമുണ്ടാകും. അതിയായിട്ടുള്ള മദ്യപാനവും ആ തരത്തിലുള്ള അതിരോഗങ്ങളും വലയുള്ള പ്രവൃത്തികളും ഇന്ദ്രിയങ്ങൾക്കു ക്ഷീണം വരുവാൻ തക്കവേലകളും ഒരുപോലെ മജ്ജകളെ ക്ഷീണിപ്പിക്കും അതുതന്നെ രോഗമാവും. മജ്ജാകാരം വന്നിട്ടുള്ള ബലഹീനത കൊണ്ടു രോഗം ഭവിച്ചിട്ടുള്ള ജനങ്ങൾ സുഖഹാനിയെ മൌനമായി അനുഭവിച്ചു ദുഃഖിക്കുന്നു. അവൎക്കു ജീവൻ ഒരു ഭാരമായിവരുന്നു അവൎക്കു മരണം സൌഖ്യമെന്നു തോന്നും. ജീവകാലത്തിങ്കൽ

ഈ രോഗികൾക്ക കെൽപ്പും ഒട്ടും ഉണ്ടാവില്ല. ജീവസ്സുമാത്രം അവരിൽ കാണില്ല. ഇഹലോകസുഖങ്ങളെ യഥേഷ്ടം അനുഭവിപ്പാൻ അവക്കു ആശയുണ്ടാവാതെ വരുമ്പോൾ ഇഹലോകത്തിങ്കലുള്ള കാരോ കഷ്ടപ്പാടുകളെ തട്ടത്തു ജയിപ്പാനും അവർ ആളാവുന്നതല്ല. ഈ മഹാരോഗത്തിനു പറയുന്ന ഔഷധങ്ങൾ അനേകം വില്ലാനുണ്ടെന്നു പലരും പലേടങ്ങളിലും പ്രസിദ്ധം ചെയ്യുന്നു. അവയിൽ ഫലിതം എറിയവയേ ഉള്ളുവെന്നും കാണുകയും ചെയ്യും. ഈ വക ഔഷധങ്ങളെ ഞങ്ങൾ വാങ്ങി ശാസ്ത്രവിധികൾക്കനുസരിച്ചു പരിശോധിച്ചു പരീക്ഷിച്ചു നോക്കിട്ടുള്ളതിൽ ആ വക മരുന്നുകൾ ഒന്നെങ്കിലും പറയുന്ന ഗുണങ്ങളെ ചെയ്യുകൊടുപ്പാൻ സാമർത്ഥ്യമുള്ളതായി കണ്ടിട്ടില്ല. ഒന്നെങ്കിലും നല്ലതില്ല. ഇതു അനേകം വൈദ്യന്മാരുടെ അനുഭവമാണ. അതുകൊണ്ട് ഈ മഹാദുഃഖകാരിയായ രോഗത്തിനു ഔഷധങ്ങളില്ലെന്നു ജനങ്ങൾ വിശ്വസിക്കുന്നു. ഇതു തെറ്റാണ. കരുണാനിധികളായ സർവ്വജനങ്ങളുടേയും നന്ദിക്കു പാത്രങ്ങളായ ഋഷികൾ ഈ രോഗനിദാനം വരുത്തി അതിനു തക്ക മരുന്നുകൾ നിശ്ചയിച്ചിരിക്കുന്നു. ഈ അതിദുസ്സഹമായ രോഗത്തിന്റെ വേരറുത്തു അതിനെ ശാന്തിവരുത്തുന്നതിനു ഒരൌഷധമുള്ളതു മേല്പറഞ്ഞ രതിവിലാസമാണ. അതുകൊണ്ടു ജനങ്ങൾക്കു കെൽപ്പും ഉശിരും വർദ്ധിക്കും. വളരെ ശ്രദ്ധാന്തിയോടുകൂടി പണിപ്പെട്ട ജാഗ്രതയായി ഞങ്ങൾ ഇതിനെ ഉണ്ടാക്കിയിരിക്കുന്നു. ഇന്ത്യാരാജ്യത്തിൽ അനേകായിരം ജനങ്ങൾക്കു ഈ മരുന്നു ഞങ്ങൾ കൊടുത്തു പരീക്ഷിച്ചിരിക്കുന്നു. ഒരു ഒറ്റ സാഗതിയെങ്കിലും ഫലിതമില്ലാതെ കണ്ടിട്ടില്ല, 'ഈ രോഗം ശമിക്കില്ല, വിടുത്തു ചെയ്യട്ടെ'— എന്നു നിരാശപ്പെട്ടിട്ടുള്ള ജനങ്ങൾ ഈ രതിവിലാസത്തെ വാങ്ങി ഒന്നു പരീക്ഷിച്ചു നോക്കട്ടെ.

അല്പകാലത്തിനുള്ളിൽ ദേഹക്ഷീണത്തെ കളയും, മജ്ജകൾക്കു ശവപ്രായമായ ക്ഷീണമുണ്ടെങ്കിൽ അതിനെ തീർക്കും. ബാല്യത്തിൽ ബുദ്ധിമോശംകൊണ്ടു ആലോചനയില്ലാതെ ഓരോ ദുർവ്യാപാരങ്ങളെക്കൊണ്ടും അതിഭോഗങ്ങളെക്കൊണ്ടും കെല്പറ്റ ജീവശവങ്ങളായവരുടെ ജീവസ്സും മിടുക്കും മടങ്ങിവരുവാൻ ഇത്ര നല്ല ഔഷധമില്ല. മജ്ജാകേന്ദ്രങ്ങളായ സ്ഥാനങ്ങളെ പ്രത്യേകം ഈ ഔഷധം ബലപ്പെടുത്തും. വൈദ്യശാസ്ത്രപാണ്ഡിത്യമുള്ള ചികിത്സാര

സഭകൾ നിശ്ചയിച്ചുവരുന്ന ടോണിക് (ബലദായകങ്ങൾ) എന്ന ഔഷധങ്ങളെല്ലാം പരമ്പരെ ദേഹചൈതന്യത്തേയും മെയ് മിടുക്കിനേയും ഓജ്ജശക്തിയേയും ഇന്ദ്രിയബലത്തിനേയുംഉണ്ടാക്കും. കൽപ്പ മങ്ങിമറഞ്ഞും തേഞ്ഞുമാഞ്ഞും കിടക്കുമ്പോൾ ചൈതന്യത്തെ രണ്ടാമത ഉണ്ടാക്കാൻ ഈ മരുന്നുകൾ ഉപകരിക്കും. മടിയും ഉറക്കവും തുങ്ങലും മൌഢ്യവും തീരാൻ ഈ മരുന്നുകൾ ഏറ്റവും ഉതകും. കഠിനമായ അദ്ധ്വാനംകൊണ്ടോ അതി പ്രയത്നംകൊണ്ടോ അതി ജാഗ്രതയായി പുസ്തകകാലക്ഷേപം ചെയ്ത് പഠിച്ചതുകൊണ്ടോ ബാലബുദ്ധികൊണ്ടു വരുന്ന അതിരോഗങ്ങളെക്കൊണ്ടോ പാനസാഹസംകൊണ്ടോ ശീതോഷ്ണാധിക്യംകൊണ്ടോ ആഹാരമൈഥുനാദിസാഹസങ്ങൾകൊണ്ടോ വല്ല ദീനങ്ങളും ഉണ്ടവിച്ചിട്ടുണ്ടെങ്കിൽ അതു നശിപ്പാൻ ഉപായം രത്നവിലാസമെന്ന ഞങ്ങളുടെ മരുന്നു സേവിക്കുന്നതുതന്നെ. മജ്ജകളുടെ ക്ഷീണത്തെ തീർക്കും. ദേഹാവയവങ്ങൾക്കെല്ലാം ചൈതന്യലാഭവും ഉശിരും ഉണ്ടാവും. ക്ഷീണംകൊണ്ടും മനോബലഹാനികൊണ്ടും ഉണ്ടാവുന്ന കേടുകളെ തീർക്കും.

ഫലിതമേറിയ ഈ ഔഷധത്തിന്റെ കർത്താവു സർവ്വേശ്വരനായ ശിവനാണ്. അതിന്റെ സഹായംകൊണ്ടു അനേകായിരം ജനങ്ങൾ സുഖപ്പെട്ടിട്ടുണ്ട്.

മേല്പറഞ്ഞ എല്ലാ മരുന്നുകളും താഴെ എഴുതിയ മേൽവിലാസത്തിൽ എഴുതി ചോദിക്കേണ്ടതാണ്. എഴുത്തുകുത്തുകൾ മലയാളത്തിലോ, തമിഴിലോ, ഇംഗ്ലീഷിലോ ആയിരിക്കണം.

ടി. എസ്സ്. സുബ്രഹ്മണ്യ ആൻഡ് കമ്പനിക്കാർ.

33, അർമ്മേനിയൻ സ്ട്രീറ്റു,

മദ്രാശി.

Messrs. T. S. SUBRAMANIA & Co.

33, Armenian Street,

MADRAS.

കമ്മീഷൻ

രസികരഞ്ജിനിക്ക് പുതിയ വരിക്കാരെ ഉണ്ടാക്കി അവർ വരിപ്പണം മുഴുവൻ മുൻകൂറായി പിരിച്ച് പേരുവിവരപ്പട്ടികയോടുകൂടി ആ സംഖ്യ ആപ്പീസ്സിൽ അടക്കുന്നവർക്ക് ക്ഷ-കയിൽ കുറയാതെയുള്ള സംഖ്യകൾക്ക ക്ഠ ക്ക ക്ഠ ക. വീതം കമ്മീഷനും ഠക. യിൽ കുറയാതെ പിരിച്ചടക്കുന്നവർക്ക മേല്പറഞ്ഞ കമ്മീഷനും പുറമെ മുപ്പതീതെ ഉറപ്പിക്കുന്ന രഞ്ജിനിയുടെ ഓരോ പ്രതിവീതം സൌജന്യവും കൊടുക്കപ്പെടും. രാ. രാ. മാനേജർ.

ന്റെ—മീനത്തിൽ പണം അടച്ചവരുടെ പേരുവിവരം.

			ക. ണ. സം
കെ.	കേരളവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്		ന— ൦ —●
കെ.	ചതയംതിരുനാൾ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്		ന— ൦ —൦
മ. രാ. രാ.	മരനാട്ടമനക്കൽ വാസുദേവൻ നമ്പൂരിപ്പാട്	അവർകൾ	ക്ഷ—ക്ഷ—൦
,,	പള്ളിയിൽ ഗോപാലമേനോൻ	,,	ന— ൦ —൦
,,	പി. കെ- വർഗ്ഗീസ്സ	,,	ന— ൦ —൦
,,	എൻ. നാരായണക്കമ്മത്തി	,,	ന— ൦ —൦
,,	വി. കെ. കൊച്ചുണ്ണിമേനോൻ	,,	ന— ൦ —൦
,,	അവണപ്പറമ്പമനക്കൽ അനുജൻനമ്പൂരിപ്പാട്	,,	ക്ഷ— വ —൦
,,	പെരുന്തടിമധുസൂദനൻ നമ്പൂരി	,,	ഫ—ക്ഷ—൦
,,	അടുമുക്കത്തെ ദാമോദരശേണായി	,,	ന— ൦ —൦
,,	കളരിക്കൽ മഠത്തിൽ വി. ശ്രീനിവാസശേയണായി	,,	ന— ൦ —൦
,,	കുണ്ടറ കൃഷ്ണവാരിയർ	,,	ന— ൦ —൦
,,	തളിയിൽ നമ്പൂരിപ്പാട	,,	ന— ൦ —൦

പണം അടച്ചവരുടെ പേരു വിവരം

		ക	ണ	പ
മ. രാ. രാ. മന്നാർ വായനശാലമാനേജർ ആയ നാരായണപിള്ള	അവർകൾ	നൂ	൦	൦
,, പി.എൻ അനന്തഭട്ടർ	,,	നൂ	൦	൦
,, കരിങ്ങംപിള്ളി നമ്പൂരിപ്പാട	,,	ഫ	ഫവ	൦
,, മഞ്ഞളാവിൽ കൊച്ചുപ്പൻ നായർ	,,	നൂ	൦	൦
,, പടിഞ്ഞാറക്കര കണ്ടുണ്ണിമേനോൻ	,,	നൂ	൦	൦
,, മണക്കുളത്ത് രാജ അവർകൾ	,,	നൂ	൦	൦
,, ഇട്ടിയാണത്ത മാത്തിൽ ഗോവിന്ദമേനോൻ	,,	നൂ	൦	൦
,, കോന്തിമേനോൻ	,,	നൂ	൦	൦
,, ജെ. [illegible]സിംഗക്കമ്മത്തി	,,	നൂ	൦	൦
,, വി. കേശവമേനോൻ	,,	നൂ	൦	൦
,, ഇ. കൃഷ്ണരാജ	,,	നൂ	൦	൦
,, മുല്ലശ്ശേരിവായനശാല സെക്രട്ടറി	,,	നൂ	൦	൦

പരസ്യം.

മേത്തരം രോരോചനം തോല ക ക്കു വില ര് ക. മേത്തരം കുങ്കുമകേസരം തോല ക ക്കു വില ക ക. മേത്തരം പച്ചകർപ്പൂരം, തോല ക ക്കു വില വ ക. മേത്തരം രോജാ അത്തർ. മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പൂ, മരിക്കൊളുന്തു, ജാതിമല്ലി, സുഹാഗ്, ഹീന, ഗന്ധകം, അത്തർ മുതലായതുകൾ എപ്പോഴും തയ്യാറുണ്ട് ഇവ ഒക്ക തോല സൂക്ഷിക്കുന്ന ക. ഫ—വ. തപാൽകൂലി പ്രാക്കെ.

പി. സുബ്ബരായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട് ജില്ല.

ജപ്പാൻചക്രവർത്തി

Printed by

റഷ്യാചക്രവർത്തി

G. A. Natesan & Co.

പുസ്തകം ൨ മേടമാസം ലക്കം ൯

മംഗളം

ലോകക്ക ഇല്ലനന നാരീ
തുപ്പുണ്ടിരുന്നു

ലോകംമുഴുവനുമുള്ള പലതരം പാപങ്ങൾ നടത്തുന്നതോ
ത്താകപ്പാടെമനസ്സലിഞ്ഞൊടുവിലാനിർവ്വാണമേകീടുവാൻ
ആകുംവണ്ണമഹിംസയായപരമധർമ്മംപ്രതിഷ്ഠിച്ചൊരാ
വൈകുണ്ഠപ്രഥിതാവതാരപുരുഷൻബുദ്ധൻപ്രസാദിക്കണം

ജപ്പാൻ

ലോകക്ക ഇല്ലനന നാരീ
തുപ്പുണ്ടിരുന്നു

ജപ്പാൻ രാജ്യക്കാരും റഷ്യാരാജ്യക്കാരും തമ്മിൽ ഇപ്പോൾ യുദ്ധം ആരംഭിച്ചിരിക്കുന്ന കഥ നമ്മുടെ നാട്ടുകാരിൽ മിക്ക ജനങ്ങളും അറിഞ്ഞിരിക്കുമല്ലൊ. ഈ സന്ദർഭത്തിൽ ആ രണ്ടു വകക്കാരുടേയും രാജ്യത്തിന്റെ സ്വഭാവത്തെ കുറിച്ചും രാജ്യഭരണസമ്പ്രദായത്തെ കുറിച്ചും തദ്ദേശീയന്മാർ എന്തൊരു സ്വഭാവത്തോടുകൂടിയവരാണെന്നും, അവർ എത്രത്തോളം പരിഷ്കാരത്തെ പ്രാപിച്ചിട്ടുള്ളവരാണെന്നും, അവക്ക് വിദ്യാഭ്യാസം എത്രമാത്രം സിദ്ധിച്ചിട്ടുണ്ടെന്നും അവരുടെ ദേശാചാരധർമ്മങ്ങൾ എപ്രകാരമാണെന്നും, അവരുടെ മതഭേദങ്ങൾ എന്തെല്ലാമാണെന്നും മറ്റും സംക്ഷേപമായി ഒന്നാ

രണ്ടാ ലേഖനങ്ങൾ എഴുന്നതു ഉചിതമായിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. സകല പരിഷ്കൃത രാജ്യങ്ങൾക്കും അത്ഭുതഹേതുവായി തീർന്നിരിക്കുന്നതും, ഇന്ത്യാരാജ്യക്കാർക്കു പരിഷ്കാരപനഛാവിനെ വെട്ടി തെളിയിച്ചു കൊടുത്തിട്ടുള്ളതുമായ ജപ്പാൻ സാമ്രാജ്യത്തെയും തദ്ദേശനിവാസികളേയുംപറ്റി ഒന്നാമത എഴുതാം.

ചീനാരാജ്യത്തിനു വടക്കു കിഴക്കായി ശാന്ത'സമുദ്രത്തിൽ അർദ്ധചന്ദ്രാകൃതിയിൽ കൂടിക്കിടക്കുന്ന അസംഖ്യം ദ്വീപുകളുടെ സമൂഹത്തെയാണ 'ജപ്പാൻ സാമ്രാജ്യം' എന്ന പറഞ്ഞുവരുന്നതു. ഇതുവളിൽവെച്ചു പ്രധാനമായിട്ടുള്ളവ 'ഹോണ്ടൊ,' 'എസ്സൊ,' 'കിഷ്യു,' 'ഷിക്കൊക്കു' എന്ന നാലു ദ്വീപുകളാണ. ജപ്പാൻ സാമ്രാജ്യത്തിനു ഏകദേശം ൪൦൦൦ ചതുരശ്രനാഴികവിസ്താരമുണ്ടു. മദിരാശി സംസ്ഥാനവും അതിനോടു തൊട്ടുകിടക്കുന്ന നാട്ടുരാജ്യങ്ങളുംകൂടിയാൽ സുമാർ ഈ രാജ്യത്തോളം വലിപ്പമുണ്ടായിരിക്കും. ജപ്പാനിലെ തലസ്ഥാനപട്ടണമായ 'ടൊക്കിയൊ,' നഗരത്തിനു കൽക്കത്താപട്ടണത്തെക്കാൾ കുറച്ചധികം വലിപ്പമുണ്ടു.

ജപ്പാൻ രാജ്യത്തെ 'നിഹൺ' അല്ലെങ്കിൽ 'നിപ്പൺ' എന്നാണ സ്വദേശീയന്മാർ പറയുന്നതു. ഈ ശബ്ദം ചീനഭാഷയിലുള്ള 'ജീപെൻ' എന്ന ശബ്ദത്തിൽനിന്ന ഉണ്ടാവിച്ചിട്ടുള്ളതാകുന്നു. ജപ്പാൻ എന്ന പേര വെള്ളക്കാരിട്ടിട്ടുള്ളതാണ. ഈ ഓരോ വാക്കുകളുടേയും താല്പര്യം 'സൂര്യോദയരാജ്യം' എന്നാകുന്നു. ചീനന്മാർ ഈ രാജ്യത്തെ ജീപ്പെൻ എന്നു വിളിച്ചതു ജപ്പാൻ ചീനരാജ്യത്തിനു കിഴക്കായി കിടക്കുന്നതുകൊണ്ടായിരിക്കാം.

ജപ്പാൻ പ്രകൃത്യാതന്നെ കാഴ്ചക്കു അതി മനോഹരമായിട്ടുള്ള രാജ്യമാകുന്നു. അവിടെ അധികഭാഗങ്ങളും കുന്നും മലയുമാണ. ഇന്ത്യയിലെ ഹിമാലയാപർവ്വതംപോലെ 'ഹോണ്ടൊ' ദ്വീപിൽ നാനാഭികയിൽ അധികം ഉയരമുള്ളതായി 'ഫ്യൂജി' എന്നൊരു പർവ്വതമുണ്ടു. ഈ പർവ്വതത്തെ ജപ്പാനിസ്സുകാർ പുണ്യസ്ഥലമായി വിചാരിച്ചുവരുന്നു. അത്യുന്നതങ്ങളായ കൊടുമുടികളും ഹിമശിഖരങ്ങളുമുള്ള ഗാംഭീരപർവ്വതങ്ങളെക്കൊണ്ടും, നാടെല്ലാം ചിന്നിച്ചിതറിക്കിടക്കുന്ന ചെറിയ നദികളെക്കൊണ്ടും, നയനാഭിരാമങ്ങളായ അഗ്നിപർവ്വതങ്ങളെക്കൊണ്ടും, രമ്യങ്ങളായ തടാകങ്ങളെക്കൊണ്ടും,

വൃക്ഷങ്ങൾ ഇടതിങ്ങിവിങ്ങി നില്ക്കുന്ന വനപ്രദേശങ്ങളെക്കൊണ്ടും, ഈ മനോഹരദ്വീപു അലങ്കരിക്കപ്പെട്ടിരിക്കുന്നു.

കൂടെക്കൂടെ പൊട്ടിത്തെറിക്കുന്നതായ ഇരുപതു അഗ്നിപർവ്വതങ്ങൾ ഇന്നും ജപ്പാനിലുണ്ട്. ഇത്ര വളരെ അഗ്നിപർവ്വതങ്ങൾ ഉള്ള രാജ്യം വേറെ വല്ലതുമുണ്ടോയെന്നു സംശയമാണു. ജപ്പാനിൽ വർഷത്തിൽ ശരാശരി മൂന്നു ഭൂകമ്പങ്ങൾ ഉണ്ടാവാറുണ്ടത്രെ. ഉറങ്ങിക്കിടക്കുന്ന ഒരു മത്സ്യമാണു ഭൂമി മുഴുവനും താങ്ങിക്കൊണ്ടു നില്ക്കുന്നതു എന്നും, ആ മത്സ്യം ഉണർന്നു പിടയുമ്പോഴാണു ഭൂകമ്പമുണ്ടാകുന്നതു എന്നും ജപ്പാനീസ്സുകാർ വിശ്വസിച്ചുവന്നിരുന്നു. ജപ്പാനിലെ പല ദിക്കുകളും ആവർത്തിച്ചുണ്ടായിട്ടുള്ള ഭൂകമ്പം നിമിത്തം സമുദ്രത്തിൽ പൊങ്ങിവന്നിട്ടുള്ളവയാകുന്നു. ജപ്പാൻ സാമ്രാജ്യത്തിൽ നാലു കോടി നാല്പതുലക്ഷം ജനങ്ങളുണ്ട്. ഇവരിൽ അധികം പേർ 'മംഗോളിയർ' എന്ന വർഗ്ഗക്കാരാണു. ആയ്നുമാരെപ്പോലെതന്നെ മംഗോളിയരും വളരെ കാലം മുമ്പു പരിഷ്കാരനിലയിൽ എത്തിട്ടുള്ളവരാകുന്നു. ഇതു കൂടാതെ ആ രാജ്യത്തു പുരാതനനിവാസികളായി 'ഏയിനോസ്സു' എന്ന ഒരു ജാതി അപരിഷ്കൃത ജനങ്ങളുമുണ്ട്. പണ്ടു ആയ്നുമാർ ഭാരതഖണ്ഡത്തിൽ പ്രവേശിച്ച അവിടെ താമസിച്ചിരുന്ന 'ദസ്യുക്കൾ' മുതലായ മ്ലേച്ഛജാതിക്കാരെ യുദ്ധത്തിൽ തോല്പിച്ചു കാട്ടുകളിലേക്കു ഓടിച്ചു കളഞ്ഞതുപോലെ മംഗോളിയർ ജപ്പാനിൽ ചെന്നു കായബലവും ബുദ്ധിശക്തിയും കുറഞ്ഞ ഏയിനോസ്സുകാരെ മലപ്രദേശങ്ങളിലേക്കും സമുദ്രതീരത്തേക്കും ഓടിച്ചുകളഞ്ഞു. ഏയിനോസ്സുകാർ വൃത്തിഹീനന്മാരും മദ്യപാനികളുമാണെങ്കിലും മനുഷ്യരെയും ദയയും ധാരാളമുള്ള കൂട്ടരാണു. ഈ ജാതിക്കാർ തമ്മിൽ കാണുമ്പോൾ ചെയ്യുന്ന അഭിവാദനം, കയ്യുകൾ മലർത്തിപ്പിടിച്ചു മെല്ലെപ്പൊക്കി ഉയർത്തി താടി തലോടുകയാണു. ജപ്പാനിലുള്ള ഏയിനോസ്സുകാരുടെ സംഖ്യ ഫ,൦൦൦-ത്തിൽ അധികമില്ല.

പടത്തിൽ കാണുന്ന ജപ്പാൻ ചക്രവർത്തിയെ മംഗോളിയ ജാതിയുടെ ഒരു മാതൃകയായി എടുക്കാം. വെളുത്തു അല്പം മഞ്ഞച്ചായയിലുള്ള വർണ്ണവും, കറുത്ത നീണ്ട സുഭിക്ഷമായ തലമുടിയും, പൊങ്ങിയ കവിൾത്തടങ്ങളും, ഘനംകുറഞ്ഞ താടിമീശയും, വിശാലമായ നെറ്റിയും, അല്പം പരന്ന മൂക്കും, അസാരം വക്രിച്ച ചെറിയ കണ്ണുകളും ഉള്ള ഒരാളെക്കണ്ടാൽ അയാൾ മംഗോളിയനാണെന്നു

ആക്കും മനസ്സിലാക്കാം, മങ്കോളിയക്കു ഹിന്തുക്കളുടെ ഉയരം സാമാന്യമുണ്ടെങ്കിലും യൂറോപ്പ്യന്മാരേക്കാൾ അവർ പൊക്കം കുറഞ്ഞവരാണു. ജപ്പാനീസ്സ സ്ത്രീകൾ ജനനാൽ തന്നെ വളരെ സൌന്ദര്യമുള്ളവരാണു. "തങ്കത്തെപ്പൂവ്" പോലെയുള്ള വർണ്ണവും, പനിനീർപുഷ്പ നിറത്തിലുള്ള മോഹനഹനുപ്രദേശങ്ങളും, കോമളമായ മൂക്കും, ബിംബാധരങ്ങളും, ചെതോഹരമായ മുഖപ്രസാദവും ഇല്ലാത്ത സ്ത്രീകൾ അവിടെ അതിദുർല്ലഭമാണത്രെ. അവരുടെ വിശേഷമായ തലകെട്ടും ഉദാരശീലവും മുദ്രാഭൂഷണവും, പ്രകൃത്യാ ഉള്ള രൂപലാവണ്യത്തെ എത്രയോ വർദ്ധിപ്പിക്കുന്നുണ്ടു.

ജപ്പാനീസ്സുകാർ കാലഭേദത്തെ അനുസരിച്ചു ഉടുപ്പും ഭേദപ്പെടുത്തുന്നുണ്ടു. വേനല്ക്കാലത്തു നാട്ടുപുറങ്ങളിലുള്ള സാധുക്കൾ നാം ധരിക്കുന്നമാതിരിയിലുള്ള ഒരു വസ്ത്രം മാത്രമെ ഉടുക്കുകയുള്ളൂ. പക്ഷെ പട്ടണങ്ങളിൽ ദേഹം മുഴുവൻ മറക്കാതെ പുറത്തിറങ്ങി സഞ്ചരിപ്പാൻ പാടില്ലെന്നു ഒരു നിയമം ഏർപ്പെട്ടിട്ടുണ്ടു. കൃഷിക്കാർ സാധാരണയായി കാലിന്റെ വണ്ണവരെ എത്തുന്നതായ നീളമുള്ള ഒരു കുപ്പായമാണ ധരിക്കുന്നത. അവർ വയ്ക്കോൽകൊണ്ട മെടഞ്ഞ ഒരു മാതിരിജോട്ടാ ഇടാറുണ്ടു. തലയിൽ സാധാരണയായി കുന്നും ധരിക്ക പതിവില്ല. എങ്കിലും വഷ്ക്കാലത്തു സാധുക്കൾ വയ്ക്കോൽകൊണ്ടുള്ള വലിയ തൊപ്പി വെക്കുക പതിവുണ്ടു. സ്വത്തിന്റെ അവസ്ഥപോലെ ഓരോരുത്തർ ധരിക്കുന്ന ഉടുപ്പുകളുടെ ഗുണവും കൂടിയിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ. ഇപ്പോൾ കുറച്ചു കാലമായിട്ടു, ഉദ്യോഗസ്ഥന്മാർ ജോലിക്കു പോകുമ്പോൾ യൂറോപ്യന്മാരുടെ സമ്പ്രദായത്തിൽ ഉടുപ്പിട്ടിരിക്കണമെന്നു നിയമിച്ചിട്ടുണ്ടു. ചക്രവർത്തിയും റാണിയും സാധാരണ പുറത്തിറങ്ങുന്നതു യൂറോപ്യവേഷത്തിലാണു. ജപ്പാനിലെ സ്ത്രീകളുടെ പേർ വിശേഷമായ വല്ല പുഷ്പത്തിന്റെയോ ഭംഗിയുള്ള വല്ല സാധനത്തിന്റെയൊ പേരായിരിക്കും. അവർ തലകെട്ടിവെക്കുന്നതിൽ വളരെ നിഷ്കർഷയുള്ളവരാണു. തേയിലയിൽനിന്നു എടുക്കുന്ന ഒരു വിശേഷമായ തൈലം പൂശി തലമുടി ഭംഗിയിൽ കെട്ടി വലിയ തൂശികൾ കോത്തു നിത്തി പുഷ്പങ്ങൾകൊണ്ടും ആഭരണങ്ങൾകൊണ്ടും അലങ്കരിച്ചു വെക്കാത്ത സ്ത്രീകൾ അവിടങ്ങളിൽ വളരെ ദുർല്ലഭമായിരിക്കും. തങ്ങൾക്കെന്നാൽ ദുശ്ശകുനം ഇടകൊടുക്കാതിരിപ്പാൻ വേണ്ടി പണ്ടത്തെ

കാലങ്ങളിൽ ഭാര്യമാർ പല്ലുകറപ്പിക്കുകയും പുരികം വടിപ്പിക്കുക യും മറവു ചെയ്യുമുഖം അഭംഗിയാക്കി തീർത്തിരുന്നുപോൽ. അവി ടെ സ്ത്രീകൾ സാധാരണയായി വിശറികൊണ്ടു നടക്കാറുണ്ട്.

ജപ്പാനിസ്സുകാർ വളരെ വൃത്തിയുള്ളവരാണ. ദിവസേന ചൂട വെള്ളത്തിൽ കുളിക്കുലെങ്കിലും കുളിക്കാത്തവർ അവരുടെ ഇടയിൽ അപൂർവ്വമാകുന്നു. പച്ചവെള്ളത്തിൽ സാധാരണയായി ആരും കുളി ക്കാറില്ല. ടോക്കിയൊ നഗരത്തിൽതന്നെ പൊതുജനങ്ങൾക്കു കുളി പ്പാനായി എണ്ണൂറ സ്ഥലങ്ങളുണ്ട. ഇവയിലെല്ലാംകൂടി ശരാശരി മൂന്നുലക്ഷം ജനങ്ങൾ ദിവസേന കുളിക്കുന്നുണ്ടത്രെ.

ജപ്പാനിലുള്ള മിക്കവീടുകൾക്കും ഒരു തട്ടുമാത്രമെയുള്ളു. കെ ട്ടിടങ്ങൾ ഏകദ്ധി പണിചെയ്യാത്തത കൂടക്കൂടെ ഭൂകമ്പം ഉണ്ടാവാ റുള്ളതുകൊണ്ട രണ്ടുനിലയിൽ പണിയിച്ചാൽ അപായം വരുവാൻ എളുപ്പമുണ്ടെന്നു വിചാരിച്ചിട്ടായിരിക്കാം. വീടുകൾക്കു ചുമരുവെ ക്കുക പതിവില്ല. ചുമരിന്റെ സ്ഥാനത്ത നീക്കിവെക്കാവുന്ന മരം കൊണ്ടുള്ള നെരകളാണ. വേനല്ക്കാലത്ത വീട്ടിലെല്ലാം കാറവുകട ക്കുവാൻവേണ്ടി പകൽ സമയത്ത നെരകൾ മുഴുവനും സാധാരണ യായി ഊരിവെക്കാറുണ്ട. വിശാലമായ തളത്തിൽ ഇടക്കിടെ കട ലാസ്സുതട്ടികകൾ വെച്ചാണ മുറികൾ മുറിക്കുന്നത. ഇങ്ങിനെ ചെയ്യു ന്നതുകൊണ്ട ആവശ്യം വരുമ്പോൾ തട്ടികകൾഎല്ലാം മടക്കിവെ ച്ചാൽ സ്ഥലമുഴുവനും പിന്നേയും തളമായി ഉപയോഗിപ്പാൻ അ വക്കു സാധിക്കുന്നുണ്ട. മുറികളിൽ കസാലകളൊ മേശകളോ ഇട്ടു ന്ന പതിവില്ല. പായയിലാണ എല്ലാവരും ഇരിക്കുന്നത. എല്ലാവീ ടുകളിലും കുലദൈവത്തെ പ്രതിഷ്ഠിച്ചിട്ടുണ്ടായിരിക്കും. പൂന്തോട്ടങ്ങ ളില്ലാത്ത വീടുകൾ അവിടങ്ങളിൽ നന്നെ കുറയും. എത്ര ദരി ദ്രനായാലും വീടുപണിയുന്നുണ്ടെങ്കിൽ അതോടു ചേർന്ന ഒരു ചെറി യ പൂന്തോട്ടവും ഉണ്ടാക്കാതിരിക്കയില്ല. അതിഭംഗിയിലുള്ള പൂക്കാ വുകൾ ഉണ്ടാക്കുന്നതിനു ഇവർക്ക പ്രത്യേക വാസനയുണ്ട.

ജപ്പാനിസ്സുകാർ മിത ഭക്ഷണക്കാരാകുന്നു. കാലത്തും ഉച്ചക്കും രാത്രിയിലും ഇങ്ങിനെ ന. നേരമായിട്ടാണ ഭക്ഷണം. കായ്മയിട്ട ഉണ്ണുന്നതു ചോറുതന്നേയാണ. ഉൾനാടുകളിൽ കോതമ്പു, യവം, കിഴങ്ങു, പയറ മുതലായ സാധനങ്ങളും ഭക്ഷിക്കാറുണ്ട. മിക്കജന ങ്ങളും ദിവസേന മത്സ്യവും മാംസവും കഴിക്കും. മറവർകൊല്ലിയ

രപ്പോലെതന്നെ ജപ്പാൻകാരും പശുവിൻപാൽ കുടിക്കയില്ലത്രെ. പാലുമുഴുവൻ പശുക്കുട്ടിക്കു കൊടുക്കയാണത്രെ പതിവു. ഭക്ഷണം കഴിക്കുന്നതിന്ന അവരവക്ക പ്രത്യേകം പ്രത്യേകം പിഞ്ഞാണങ്ങളും തവികളുമുണ്ടത്രെ. ഭക്ഷണപദാർത്ഥങ്ങൾ തവികൊണ്ടെടുത്തു ഭക്ഷിക്കുന്നതല്ലാതെ കൈകൊണ്ടു യാതൊരു സാധനവും ആരും തൊടുകയില്ല. ഊണിന്റെ ഒടുവിൽ എല്ലാവരും ചായകുടിക്കാറുണ്ട.

ജപ്പാൻ രാജ്യക്കാർ വളരെ മര്യാദയുള്ളവരാകുന്നു. അന്യരാജ്യക്കാരെ യഥായോഗ്യം സല്ക്കരിക്കുവാനും ബഹുമാനിക്കുവാനും അവക്കു നല്ല വശതയുണ്ട. സല്ക്കാരത്തിന്നുള്ള പുകലത്തട്ടം ഏതാണ്ടെല്ലാവീട്ടിലും ഉണ്ടായിരിക്കും. ഒരു വിരുന്നു വന്നാൽ ആദ്യം ചെയ്യേണ്ട പ്രവൃത്തി അയാളുടെ പുകലക്കുറ്റി നറച്ചു കൊടുക്കയാണ. പിന്നെയാണ ഒരു കോപ്പ ചായ കൊണ്ടുപോയി സല്ക്കരിക്കേണ്ടത.

ഇന്ത്യയിൽ ഉള്ളതുപോലെ പച്ചകുത്തിക്കുന്ന സമ്പ്രദായം ജപ്പാനിലും നടപ്പുണ്ട. ഹിന്തുക്കളെപ്പോലെ തന്നെ അവരും ദേഹത്തിൽ എന്തുങ്ങളും രക്ഷകളും കെട്ടാറുണ്ടത്രെ.

പുരുഷനു പന്ത്രണ്ടു സ്ത്രീക്കു പന്ത്രണ്ടു വയസ്സു പ്രായമാകുന്നതിന്നു മുമ്പ വിവാഹം പാടില്ലെന്നാണ നിയമം. വിവാഹം നിശ്ചയിക്കുന്നതു പുരുഷന്റെയും സ്ത്രീയുടെയും പൂർണ്ണസമ്മതത്തോടു കൂടിയാകുന്നു. വിവാഹാടിയന്തരം പുരുഷന്റെ ഗൃഹത്തിൽ വെച്ചാണ കഴിച്ചുവരുന്നത.

"നസ്ത്രീസ്വാതന്ത്ര്യമർഹതി" എന്ന പ്രമാണം ജപ്പാനിലും നിഷ്കർഷയോടെ ആചരിച്ചു വരുന്നുണ്ട. ബാല്യ കാലത്ത അച്ഛനും വിവാഹാനന്തരം ഭർത്താവിനും വൈധവ്യാവസ്ഥയിൽ മകനും കീഴടങ്ങി നടക്കുന്നതാകുന്നു സ്ത്രീധർമ്മം എന്നത്രെ അവരുടെ ശാസ്ത്രവിധി.

മരണാനന്തരം കാര്യങ്ങൾ ചെയ്യുന്നതിന്ന ഒരു പുത്രനില്ലെങ്കിൽ നരകമനുഭവിക്കേണ്ടിവരുമെന്നുള്ള വിശ്വാസം ഹിന്തുക്കൾക്കുള്ളതുപോലെ ഇവക്കുമുണ്ട. അതിനാൽ വിവാഹം ചെയ്യാത്ത പുരുഷന്മാർ അവിടെ വളരെ ചുരുക്കമായിരിക്കും. സാധാരണയായി ശവം കഴിച്ചിടുകയാണ പതിവ. എങ്കിലും ദഹിപ്പിക്കുന്ന സമ്പ്ര

ായവും ഇല്ലെന്നില്ല. ഇംഗ്ലീഷുകാർ ദുഃഖസൂചകമായി ധരിക്കുന്ന തു കറുത്ത ഉടുപ്പാണെന്ന നമുക്കെല്ലാവക്കും അറിയാമല്ലൊ. എ ന്നാൽ ജപ്പാനീസ്സുകാർ ദുഃഖകാലങ്ങളിൽ ധരിക്കുന്നതു വെളുത്തവ സ്ത്രങ്ങളാകുന്നു.

ബാലപരിചരണത്തിൽ ജപ്പാൻകാരേക്കാൾ ദൃഷ്ടിവെക്കുന്ന ജാതിക്കാർ വളരെ ഉണ്ടെന്നു തോന്നുന്നില്ല. കുട്ടികളെ പഠിപ്പിക്കു ന്നതിലും, കളിപ്പിക്കുന്നതിലും, രക്ഷിക്കുന്നതിലും അവർ ഒരുപോ ലെ മനസ്സുവെക്കുന്നുണ്ട. ഇവക്ക ഒന്നാമതായി കൊടുക്കുന്ന ഉപദേ ശം മാതാപിതാക്കന്മാരെ സ്നേഹിക്കുകയും കീഴ്പണങ്ങുകയും ചെയ്യ ണ്ടതു അവരുടെ ചുമതലയാണെന്നാകുന്നു. ആ രാജ്യത്തുള്ള കുട്ടികൾ മുഖപ്രസാദമുള്ളവരും ദുഃശാഠ്യമില്ലാത്തവരും ചൊടിയുള്ളവരും ആണ ത്രെ.

ജപ്പാനീസ്സു ഭാഷയിലെ അക്ഷരങ്ങൾ ചൈനീസ്സു ഭാഷയിലു ള്ള സംജ്ഞകളുടെ ഛായ പിടിച്ചു നിർമ്മിക്കപ്പെട്ടവയാകുന്നു. ജപ്പാ നീസ്സിലുള്ള ഏറ്റവും പഴയ ഗ്രന്ഥത്തിന്റെ പേർ "കൊജികി" എന്നാകുന്നു. ജപ്പാൻ രാജ്യത്തിന്റെ പ്രാചീന ചരിത്രത്തെ ഈ പുരാണഗ്രന്ഥം വെളിപ്പെടുത്തുന്നുണ്ട. മറ്റു വിഷയങ്ങളിൽ അഭി വൃദ്ധിയുണ്ടായതോടുകൂടി സ്വദേശഭാഷക്കും പുഷ്ടി ഉണ്ടാവാതിരു ന്നിട്ടില്ല. കുസുംബ്ദോ ക്വുരിലാണ ജപ്പാനിൽ ഒന്നാമതായി ഒരു വർത്തമാനപത്രം പുറത്തുവന്നത. ഇപ്പോൾ നാനാ വിഷയങ്ങളേയും കുറിച്ചു പ്രതിവാദിക്കുന്ന വർത്തമാനക്കടലാസ്സുകളുടേയും മാസികക ളുടേയും സംഖ്യ ന്യൂഠം-ൽ കുറയുന്നതല്ല. പത്രാധിപന്മാക്ക ഇംഗ്ലാ ണ്ടെ രാജ്യത്തുള്ളതുപോലെ സ്വാതന്ത്ര്യമില്ല. ടോക്കിയോവിലെ വ ബ്ലിക്ക പുസ്തകശാലയിലും സർക്കലാശാല വക പുസ്തകശാല യിലും യൂറോപ്യ ഭാഷകളിലുള്ള അസംഖ്യം പുസ്തകങ്ങൾക്കു പുറമെ ജ പ്പാനീസ്സിലും ചൈനീസ്സിലും അച്ചടിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ ഓരോ ലക്ഷത്തോളമുണ്ടെന്നും കാണുന്നു.

ഒരു കുട്ടിക്കു രണ്ടു കൊല്ലവും രണ്ടു മാസവും രണ്ടു ദിവസവും പ്രാ യം ചെല്ലുമ്പോഴേക്കു അവനെ വിദ്യ അഭ്യസിപ്പിച്ചു തുടങ്ങുന്നത. ജ പ്പാനീസ്സു ഭാഷ പഠിക്കുവാൻ വളരെ പ്രയാസമുണ്ട. ക്രിസ്തുബ്ദം പ്രാ പിച്ചതിന്നുശേഷം കുട്ടികളെ വിദ്യ അഭ്യസിപ്പിച്ചിരുന്നതു ബു ദ്ധമത പാതിരികളായിരുന്നു. ക്രിസ്തുബ്ദം പ്രവർത്തിച്ചതല്ല അന്യരാ

ജപ്പാക്കാരെ ജപ്പാൻ രാജ്യത്തുവന്നു താമസിപ്പാൻ അനുവദിച്ചു തുടങ്ങി യതോടുകൂടി വിദ്യാഭ്യാസത്തിന്റെ സമ്പ്രദായവും മാറിതുടങ്ങി. ച ക്രവർത്തിക്കു പൂർണ്ണാധികാരം സിദ്ധിച്ചതിനു ശേഷം അദ്ദേഹം പ്രജ കളുടെ വിദ്യാഭ്യാസ വിഷയത്തിൽ വളരെ മനസ്സുവെച്ചിട്ടുണ്ട്. നാട്ടി ലെല്ലാം പള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയും ജർമ്മനി, ഇംഗ്ലാണ്ട്, അ മേരിക്കാ മുതലായ രാജ്യങ്ങളിൽനിന്നു നിപുണന്മാരായ വിദ്വാ ന്മാരെ വരുത്തി അദ്ധ്യാപകന്മാരായി നിയമിക്കുകയും സമർത്ഥന്മാ രായ ജപ്പാനിസ്സുവിദ്യാർത്ഥികളെ വിദ്യാഭ്യാസത്തിന്നായി അന്യരാജ്യ ങ്ങളിലേക്കു അയക്കുകയും മറവും ചെയ്തു ജനങ്ങളുടെ അറിവിനെ വർദ്ധിപ്പിച്ചിരിക്കുന്നു. യൂറോപ്പ രാജ്യത്തു പഠിപ്പിക്കുന്ന സകല ശാ സ്ത്രങ്ങളും കൈ വേലകളും ഇപ്പോൾ ജപ്പാനിലും പഠിപ്പിക്കുന്നുണ്ട്. സ്ത്രീ വിദ്യാഭ്യാസത്തിലും ഗവർമ്മേണ്ടിൽനിന്നു പ്രത്യേകിച്ചു ദൃഷ്ടിവെ ച്ചുവരുന്നുണ്ട്.

തൊഴിലനുസരിച്ചു ജപ്പാനീസ്സുകാരെ നാലഞ്ചു തരക്കാരായി തിരിച്ചിട്ടുണ്ടെങ്കിലും അവർ ഇന്ത്യയിൽ ഉള്ളതുപോലെ ജാതി വ്യ ത്യാസം ദീക്ഷിക്കുന്നില്ല. ജനങ്ങളുടെ പ്രധാനമായ തൊഴിൽ കൃ ഷിയാണ. ധാന്യങ്ങളിൽ നെല്ലും, യവവും, കോതമ്പും അവർ സാ ധാരണയായി കൃഷി ചെയ്യുവരുന്നുണ്ട. നിലം പണിയുന്നതു പരി ഷ്കൃത സമ്പ്രദായത്തിലാണെങ്കിലും ഇന്ത്യയിൽ നടപ്പുള്ളതിൽ വള രെ ഭേദമാണെന്നു പറവാൻ പാടില്ല. പട്ടണങ്ങൾ പുഴുവിനെ ആ രാജ്യത്തു വളരെ വളർത്തുന്നുണ്ട. അവിടെ ഉണ്ടാക്കുന്ന പട്ടുനൂൽ തുണിയായിട്ടും ചരടായിട്ടും ഉറുമാലായിട്ടും അന്യരാജ്യങ്ങളിലേക്കു കയറ്റിഅയക്കുന്നു. ഇവരുടെ ലാഭം മുക്കാലും ജപ്പാൻ വാണ്ണീസ്സു ഇട്ടുവരുന്ന ചില്ലറ സാമാനങ്ങളിൽ നിന്നാണ. തീപ്പെട്ടി, വിള ക്കു, ചിമ്മിനി, കുട, കുടലാസ്സു, മണ്ണെണ്ണ മുതലായ സാമാനങ്ങ ളിൽനിന്നു അവക്കു നല്ല ആദായം കിട്ടുന്നുണ്ട. കളിമണ്ണുകൊ ണ്ടും ലോഹങ്ങൾകൊണ്ടും അവർ ഉണ്ടാക്കി അയക്കുന്ന പല മാതി രിയിലുള്ള പാത്രങ്ങൾക്കും നല്ല ചിലവുണ്ട. ജപ്പാൻ രാജ്യത്തേ ക്കു ആവശ്യമുള്ള മിക്ക സാമാനങ്ങളും ഇപ്പോൾ അവിടെതന്നെ ഉ ണ്ടാക്കി തുടങ്ങിയിരിക്കുന്നു. കച്ചവടത്തിലുള്ള ലാഭംകൊണ്ടാണ ജപ്പാൻ രാജ്യക്കാർ ഇത്ര വേഗത്തിൽ പ്രമാണികളായി തീർന്നത. പൗണ്ട-ാമാണ്ടിൽ അഞ്ചുകോടി ഇരുപതുലക്ഷം പവൻ വിലക്കു

ള്ള സാമാനങ്ങൾ ജപ്പാൻ രാജ്യത്തുനിന്നു അന്യരാജ്യങ്ങളിലേക്കു കയറ്റി അയച്ചിട്ടുണ്ടത്രെ.

ആ രാജ്യക്കാർ ചിത്രമെഴുത്തിൽ വളരെ വാസനയുള്ളവരാകുന്നു. അവിടെ ഉണ്ടാക്കുന്ന സാമാനങ്ങളിന്മേൽ മനോഹരങ്ങളായ ചിത്രങ്ങളെഴുതി വളരെ ആളുകൾ സുഖമായി കാലക്ഷേപം ചെയ്യുവരുന്നുണ്ട.

ജപ്പാനിൽ അധികം ജനങ്ങളും ഗതാഗതം ചെയ്യുന്നതു 'ജിൻറിക്ഷാ' എന്ന വണ്ടിയിലാണ. ഇരുഭാഗത്തും ഘനം കുറഞ്ഞ ഓരോ ചക്രവും മദ്ധ്യത്തിൽ ഒന്നോ രണ്ടോ പേർക്കു ഇരിക്കത്തക്ക വിസ്താരമുള്ള ആസനവും പിന്നിലേക്കു മടക്കി വെക്കാവുന്ന മൂടിയുമായി മുൻഭാഗത്തേക്കുള്ള തണ്ടുകളിന്മേൽ പിടിച്ചു വലിച്ചുകൊണ്ടു പോകുന്ന 'റിക്ഷാ' വണ്ടികളെ നാം എല്ലാവരും കണ്ടിട്ടുണ്ടല്ലൊ. ഈ തരം വണ്ടി ആദ്യം പണി ചെയ്തു ജപ്പാൻ കാരാണ്. ആ രാജ്യത്തു എല്ലാംകൂടി നൂറ്റാറു നാഴിക ദൂരം തീവണ്ടി ഓടുന്നുണ്ട.

ഇവക്കു നേരം പോക്കിനു ശീട്ടുകളിയും ചതുരംഗവുമാണ. മുഷ്ടിയുദ്ധം, ഗുസ്തി, നാടകം മുതലായ വിനോദങ്ങൾ കാണ്മാൻ ജനങ്ങൾ പോകാറുണ്ട. ഇന്ത്യയിലെ മോഹിനിയാട്ടംപോലെതന്നെ ജപ്പാനിലും 'ഗീഷാ' എന്ന സ്ത്രീകളുടെ ആട്ടം ഉണ്ട.

ജപ്പാൻ ചക്രവർത്തിയെ 'മിക്കാഡൊ' എന്നാണ വിളിക്കുന്നത. ഈ വാക്കിനു പൂജ്യൻ എന്നാണ അർത്ഥം. മിക്കാഡൊവിൻറെ ജനനം സൂര്യനിൽനിന്നാണെന്നാകുന്നു ജനങ്ങളുടെ വിശ്വാസം. ജപ്പാനിലെ രാജ്യഭരണസമ്പ്രദായം ഇംഗ്ലണ്ടിലെപ്പോലെതന്നെയാണ. മിക്കാഡൊ ചക്രവർത്തിയെ സഹായിക്കുന്നതിനും ഉപദേശിക്കുന്നതിനും അവിടേയും ഒരു പാർലിമേണ്ടു സഭയുണ്ട. പാർലിമേണ്ടിൻറെ സമ്മതം കൂടാതെ രാജ്യത്തു യാതൊരു നിയമവും ഉണ്ടാവുന്നതല്ല. രാജ്യകാര്യങ്ങളെല്ലാം ഈ സഭയുടെ ഉപദേശത്തോടുകൂടി ചക്രവർത്തിതന്നെ നടത്തണമെന്നാണ നിശ്ചയമെങ്കിലും യഥാർത്ഥത്തിൽ അധികാരം മുഴുവനും പാർലിമേണ്ടുസഭയുടെ കയ്യിലാകുന്നു.

ജപ്പാനീസ്സുകാർ അംഗീകരിച്ചിരുന്ന പുരാതനമതത്തെ 'ഷിൻറോയിസം' എന്നു വിളിച്ചുവരുന്നു. 'ദേവന്മാരുടെ സമ്പ്രദായം' എന്നത്രെ ഈ വാക്കിൻറെ താല്പര്യം. ഷിൻറൊ മതക്കാർ പ്രകൃ

തിയിൽ കാണുന്ന സകല ശക്തികളേയും തേജസ്സുകളേയും 'മൂത്തി കളായി' സങ്കല്പിച്ച അവരെ സേവിക്കുന്നതിനു പുറമെ മരിച്ചുപോ യ തങ്ങളുടെ പൂർവീകന്മാരേയും ഉപാസന ചെയ്യുന്നുണ്ട്. ജന്മഭൂമി വാത്സല്യമാകുന്ന ഉൽകൃഷ്ടധർമ്മമെന്നും പ്രകൃതിയിൽനിന്നും പുരാണ പുരുഷന്മാരുടെ പ്രവൃത്തികളിൽ നിന്നും പഠിക്കാവുന്ന തത്വങ്ങളാ ണസദാചാരസംഹിത എന്നും മിക്കവാറും ദിവ്യ പുരുഷനാണെന്നും ഉപദേവതകളോടുള്ള സായുജ്യമാണു മുക്തി എന്നുമാണ ഷിൻറൊ മതത്തിന്റെ പ്രധാന സിദ്ധാന്തങ്ങൾ. ഈ മതക്കാർ ചക്രവർത്തിയു ടെ ശാസനകളെ കണ്ണടച്ചനുഷ്ഠിക്കുന്നതിനു എപ്പോഴും സന്നദ്ധരാ കുന്നു.

'കല്പിച്ചെകിലിറാനെന്നല്ലാ
തപ്പരിഷകരിയാടിക്കൂടാ'

ക്രിസ്താബ്ദം ഒൻപതാണ്ടിൽ ചൈനയിൽനിന്നു ബുദ്ധമതപ്രസം ഗികന്മാർ ജപ്പാൻ രാജ്യത്തേക്കു കടന്നു. ബുദ്ധമതം ജപ്പാനിൽ അ തി വേഗത്തിൽ വ്യാപിച്ചു എന്നുമാത്രമല്ല ആ മതത്തിനു ഇപ്പോൾ ഷിൻറൊ മതത്തെക്കാൾ അധികം പ്രചാരംസിദ്ധിക്കുകയുംചെയ്തു. ജപ്പാൻകാരിൽ അധികജനങ്ങൾക്കും ഈരണ്ടുമതങ്ങളിലും ഇപ്പോൾ ഒരുപോലെ വിശ്വാസം ഉണ്ട്. ആ രാജ്യത്തു പലേടങ്ങളിലും വി ശേഷിച്ച 'നരാ,' 'കാമകുരാ' എന്ന രണ്ടിക്കുകളിലും അതി വിശേഷ മായിപണി ചെയ്തിട്ടുള്ള ബുദ്ധവിഗ്രഹങ്ങളും ക്ഷേത്രങ്ങളും ഉണ്ടത്രെ.

ഇന്ത്യയിലെ ക്ഷത്രിയന്മാരെപ്പോലെതന്നെ പ്രാചീനകാലങ്ങ ളിൽ യുദ്ധം മാത്രം തൊഴിലായി 'ശമുരായി' എന്ന ഒരു ജാതിക്കാർ ജപ്പാനിലും ഉണ്ടായിരുന്നു. അവരുടെ യുദ്ധസാമഗ്രികൾ വാളും, വില്ലും, കുന്തവുമായിരുന്നു. ക്രിസ്താബ്ദം പതിനാറ-ന്നേ ശേഷം യൂ റോപ്പു രാജ്യങ്ങളിൽനിന്നു നിപുണന്മാരായ സേനാധിപന്മാരെ വരു ത്തി ജപ്പാൻ പട്ടാളക്കാരെ യൂറോപ്യസമ്പ്രദായത്തിൽ കവാത്തും യുദ്ധവും അഭ്യസിപ്പിച്ചു തുടങ്ങി. അംഗവൈകല്യമില്ലാത്ത പുരു ഷന്മാർ എല്ലാവരും സൈന്യത്തിൽ ചേർന്നു മൂന്നു കൊല്ലം യുദ്ധം അഭ്യസിക്കണമെന്നു നിബ്ബന്ധമുണ്ട്. ജനനാൽ തന്നെ ദുർധർഷ ന്മാരും രണനിപുണന്മാരുമായ ഈ കൂട്ടർ പരിഷ്കൃത സമ്പ്രദാ യത്തിലുള്ള അഭ്യാസം നിമിത്തം ഇപ്പോൾ അതി വിദഗ്ധന്മാരാ യി തീർന്നിരിക്കുന്നു. ജപ്പാനിൽ സ്വരക്ഷക്കു മാത്രമായി രണ്ടു ല

ക്ഷം പട്ടാളക്കാരുണ്ട്. യുദ്ധം വേണ്ടിവരുമ്പോൾ പത്തുലക്ഷം യോദ്ധാക്കളെക്കൂടി ഒന്നാംശ്രേണിയിൽ ശേഖരിക്കുവാൻ ഗവൺമേണ്ടിനു സാധിക്കുന്നതാണത്രെ.

ജപ്പാനിലെ കപ്പൽ സൈന്യം മുഴുവനും ഈ കഴിഞ്ഞ നാലു വർഷങ്ങൾക്കകത്തുണ്ടായിട്ടുള്ളതാകുന്നു. ഇംഗ്ലീഷുകാരെപ്പോലെതന്നെ ദ്വീപുകളിൽ വസിക്കുന്ന ഇവരും കടലിൽ കളിച്ചു വളർന്നവരും കടൽ യുദ്ധത്തിനു ജാത്യാ വാസനയുള്ളവരും ആണെങ്കിലും ഈ വാസനയെ വർദ്ധിപ്പിക്കുവാൻ യാതൊരു ശ്രമവും അവർ ചെയ്തിരുന്നില്ല. കടൽ സൈന്യത്തിൽ ചേർന്നിരുന്നവരെ പരിഷ്കൃത രീതിയിൽ യുദ്ധം ചെയ്യാൻ പഠിപ്പിക്കുന്നതിനായി പ്ലവ്നെ-ൽ ചക്രവർത്തി ഒരു 'കോളേജ്' ഏർപ്പെടുത്തുകയും ബ്രിട്ടീഷു ഗവൺമേണ്ടിൽനിന്നും നാവിക സേനാധിപന്മാരെ വായ്പവാങ്ങി അദ്ധ്യാപകന്മാരായി നിയമിക്കുകയും ചെയ്തു. ജപ്പാനിൽ ഇപ്പോൾ നാല് വലിയ പടക്കപ്പലുകളും പന്ത്രണ്ട് 'ടോർപ്പിഡോ' ബോട്ടുകളുമുണ്ട്. മുപ്പതു കൊല്ലംകൊണ്ടു കടൽ യുദ്ധത്തിൽ ഇവർ സമ്പാദിച്ചിട്ടുള്ള പാണ്ഡിത്യം ആലോചിച്ചു നോക്കിയാൽ ഏവരും വിസ്മയം തോന്നിപ്പോകും. ധൈര്യമായി യുദ്ധം ചെയ്യാനും യുദ്ധതന്ത്രങ്ങളും കൌശലങ്ങളും കണ്ടു മനസ്സിലാക്കുവാനും അവരവരുടെ ജോലി ശരിയായി നടത്തുവാനും ഇവർ കാണിക്കുന്ന താല്പര്യവും പ്രാപ്തിയും ഇംഗ്ലീഷുകാർക്കുള്ളതിൽ ഒട്ടും കുറവല്ലത്രെ. പ്ലവ്ൻ-ൽ ചൈനയും ജപ്പാനുമായി ഉണ്ടായ യുദ്ധത്തിലാണ ജപ്പാനീസ്സുകാർ യുദ്ധത്തിൽ സമർത്ഥന്മാരാണെന്ന പരമ്പരാഗ്യം വന്നത.

ജപ്പാനും റഷ്യയുമായി ചെയ്തിട്ടുള്ള ഉടമ്പടിക്കു വിരോധമായി മഞ്ചൂരിയാരാജ്യം അപഹരിക്കുവാൻ ഇടയിൽ റഷ്യക്കാർ നാനാപ്രകാരേണ ചെയ്തുവന്നിരുന്ന അക്രമപ്രവൃത്തികളെ ജപ്പാൻക്കാർ വിരോധിച്ചിട്ടും നിർത്താത്ത നിമിത്തം സ്വയരക്ഷക്കു വേണ്ടി ജപ്പാൻ റഷ്യയോടു യുദ്ധത്തിനു പുറപ്പെട്ടതും യുദ്ധം ആരംഭിച്ച ദിവസമായ ഫിബ്രുവരി വ-ാം ന- അർദ്ധരാത്രി 'ആർതർ' തുറമുഖത്തുവെച്ചു റഷ്യക്കാരുടെ മൂന്നു വലിയ പടക്കപ്പലുകളെ നശിപ്പിച്ചതും മുതല്ക്കു കടലിലും കരയിലും ജപ്പാൻ ഇന്നോവരെ ഇടവിടാതെ ജയം നേടിവന്നിട്ടുള്ള വിവരവും വായനക്കാർക്കു അറിവുള്ള സംഗതികളാകയാൽ അവയെപ്പറ്റി ഇവിടെ വിസ്തരിച്ചു പറയുന്നില്ല. 'ആർ

തർ' 'വീ ളാഡിവോസ്റ്റോക്ക' എന്നു തുറമുഖങ്ങളിലാണ റഷ്യക്കാർ പടക്കപ്പലുകൾ ശേഖരിച്ചിട്ടുള്ളത. ഈ സ്ഥലങ്ങളെ പടത്തിൽ കാണിച്ചിട്ടുണ്ട. ജപ്പാനിലെ മുഖ്യമായ തുറമുഖങ്ങൾ 'യോക്കഹമ' 'ഹാക്കൊഡേറ,' 'നാഗസാകി' എന്ന സ്ഥലങ്ങളാകുന്നു.

ജപ്പാൻ സമ്രാജ്യത്തെ കുറിച്ചു രസകരമായ പല സംഗതികൾ ഇനിയും പ്രസ്താവിക്കുവാൻ ഉണ്ടെങ്കിലും സ്ഥലചുരുക്കത്താൽ നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. അന്യ ജാതിക്കാക്കില്ലാത്തതായ ചില അപൂർവ്വഗുണങ്ങൾ ജപ്പാനീസ്സുകാർക്കുള്ളതായി കാണുന്നുണ്ട. നാമത്തേതു കീഴ്വണക്കമാണ. മേലധികാരികളേയും വയസ്സു മൂത്തവരേയും ഈ കൂട്ടരെപ്പോലെ മറ്റാരും ബഹുമാനിക്കുകയൊ കീഴ്വണങ്ങുകയൊ ചെയ്യുന്നില്ല. ആത്മാഭിമാനത്തിന്നു കുറവു വരാത്ത വിധത്തിൽ ബഹുമതി ചെയ്യേണ്ടതു നമ്മുടെ എല്ലാവരുടേയും ചുമതലയാകുന്നു. ബുദ്ധിവെക്കുമ്പോൾതന്നെ ജപ്പാൻ കുട്ടികൾക്കു കൊടുക്കുന്ന ഉപദേശവും ഷിൻറൊ മതത്തിന്റെ പ്രഥമ സിദ്ധാന്തവും ഇതുതന്നെയാണല്ലൊ. എല്ലാവരും പ്രമാണിത്തം നടിച്ചു പുറപ്പെട്ടാൽ യാതൊരു കാര്യവും ശരിയായി നടക്കുന്നതല്ലെന്നു ഇവർ നല്ലവണ്ണം മനസ്സിലാക്കീട്ടുണ്ട.

അറിവു സമ്പാദിക്കുന്നതിന്നുള്ള അതിതാല്പര്യമാകുന്നു പിന്നത്തെ പ്രത്യേക ഗുണം. എന്തു വിദ്യയായാലും കൈത്തൊഴിലായാലും ശാസ്ത്രമായാലും കണ്ടാൽ അതു പഠിച്ചു തീരുന്നവരെ ഇവക്കു സമാധാനമില്ല. ഈ കാര്യത്തിൽ അവക്കു അലംഭാവവും അഹംഭാവവുമില്ല.

ഇനി ഒരു ഗുണമുള്ളതു അവരവരുടെ പ്രവൃത്തി എടുക്കുന്നതിൽ എല്ലാവക്കുമുള്ള സന്തോഷമാണ. ഈ സ്വഭാവം എല്ലാ ജാതിക്കാക്കും തൊഴിലുകാക്കും ഒരു പോലെ യുള്ളതാകുന്നു. പ്രധാന മന്ത്രി ഗൌരവമായ ഒരു രാജ്യ കാര്യത്തെ പറ്റി പ്രതിവാദിക്കുന്ന സമയത്തു അദ്ദേഹത്തിന്റെ മുഖത്തു നോക്കിയാൽ മന്ദഹാസം കിടന്നു കളിക്കുന്നതു കാണാം. മുൻകൂട്ടി കരുതാത്തതായ ഒരു ചിലവിന്നു കുറെ അധികം പണം വേണ്ടി വരികയും ഖജാന ഒഴിഞ്ഞുകിടക്കയും ചെയ്യുമ്പോൾ സചിവൻ നിവൃത്തി മാർഗ്ഗം ആലോചിക്കുന്നതു ചാരുകസേലയിൽക്കിടന്നു അലക്ഷ്യമായി പുഞ്ചിരിയിട്ടുകൊണ്ടായിരിക്കും. ചിരിച്ചുകൊണ്ടാണ പാതിരിമാർ പ്രസംഗംചെയ്യുന്നത. ഈ

മഹാൻ മേശയിൽമേൽ കൈ വെച്ചും ബാക്കി തീരുവാൻ വേണ്ടി ധൃതിപ്പെട്ട എഴുത്തുമ്പോഴും, ഇഞ്ചിനീർ വെയിലത്തു നിന്നു പ്ലാൻ വരക്കുമ്പോഴും, മൂട്ടിനൊപ്പം ചളിയുള്ള നെൽക്കണ്ടങ്ങളിൽ നിന്നു കൃഷിക്കാരൻ കൊന്ന പൂട്ടുമ്പോഴും, കൂലിക്കാർ ഘനമുള്ള ചുമട്ട് ഏറ്റി കൊണ്ടുപോകുമ്പോഴും എന്നു വേണ്ട കഠിന ശിക്ഷ അനുഭവിക്കുന്ന തടവുകാരൻ വഴിപ്പണി ചെയ്യുമ്പോൾ കൂടി അവരവരുടെ ജോലി എടുക്കുന്ന സമയം എല്ലാവക്കും മുഖപ്രസാദം സുലഭമായിട്ടുണ്ടായിരിക്കും. ഇത്ര വലിയ ഗുണം മറെറന്തെങ്കിലുമുണ്ടോ?

ഈ ഉപന്യാസത്തിൽനിന്നു ജപ്പാനീസ്സുകാർ വളരെ താണ നിലയിൽ കിടന്നിരുന്നവരാണെന്നും അവരുടെ സമ്പത്സമൃദ്ധിയും പരിഷ്കാരവും അടുത്ത കാലത്തിന്നുള്ളിൽ ഉണ്ടായിട്ടുള്ളതാണെന്നും കാണുന്നുണ്ടു. ഏഷ്യാ രാജ്യ നിവാസികൾക്കു യൂറോപ്പിലും അമെരിക്കയിലും ഉള്ളവരെപ്പോലെ ബുദ്ധിസാമർത്ഥ്യവും മിടുക്കുമില്ലെന്നു പാശ്ചാത്യന്മാക്കുണ്ടായിരുന്ന അബദ്ധധാരണയെ ജപ്പാൻകാർ ഇല്ലായ്മ ചെയ്തിട്ടുണ്ടെന്നു നിസ്സംശയം പറയാം ബുദ്ധിമാനും രാജ്യപരിഷ്കാര പ്രിയനുമായ ഒരു ചക്രവർത്തിയും, അദ്ദേഹത്തിന്നു ചേർന്ന 'ഐറൊ' എന്ന ഗംഭീരാശയനായ മന്ത്രിയും, ജന്മഭൂമി സ്നേഹവും കീഴ്വണക്കവും ഒരുമയും അശ്രാന്ത പരിശ്രമ ശീലവും. ഉള്ള പ്രജകളും, ആ രാജ്യത്ത ഒന്നിച്ചുണ്ടായതിനാലാണ ജപ്പാൻ സാമ്രാജ്യത്തിന്നു അഭൂതപൂർവ്വമായ അഭിവൃദ്ധിക്കും യശസ്സിന്നും ഇപ്പോൾസംഗതിവന്നത.

എ. ശങ്കരപ്പുതുവാൾ, ബി. എ. ബി. എൽ.

സമസൃഷ്ടികൾ

ജനങ്ങളുടെ ബുദ്ധിയുടെ അപകടത്തെ നോക്കുക. ലോകത്തിൽ എത്രയോ ജാതി സൃഷ്ടികളുണ്ടു; പക്ഷി മൃഗം, വൃക്ഷം ലതാ, നദി നീരുറവ, നാട്ടു കാടു, മല മരുഭൂമി, കായൽ കടൽ, എന്നു വേണ്ട, 'സൃഷ്ടിക്കുട്ടങ്ങളിച്ചൊന്നവയുമിതിലണയാത്തുള്ളതും' വേണ്ടുവോളം വാരിവിതറീട്ടുള്ളപ്പോൾ അസ്മദാദികളായ മനുഷ്യക്കു മാത്രം എന്തോ



ഏഷ്യാ രാജ്യത്തിൻറെയും യൂറോപ്പാ രാജ്യത്തിൻറെയും പടം

* റഷ്യക്കാരുടെ തിരുവെഴുത്തുപാത

V. S. & Sons.

ണാവൊ വിശേഷം? ബ്രഹ്മാവ് പടച്ചു വിട്ടന്നതൊക്കെ ആക്കു വേണ്ടിയാണെന്ന് മാനുഷ കീടങ്ങൾ സംശയിച്ചിട്ടെ ഇല്ല. മനുഷ്യക്കു വേണ്ടി അവരുടെ സുഖത്തിനു മാത്രം, എന്താണിതിൽ ശങ്കിക്കാനുള്ളത്? ദുഷ്ക്കൃഷിക്കു മോഹമുള്ളവർ കാടുവെട്ടിത്തെളിച്ചോളു. പൊഴനികത്തിക്കോളു. പാൽ വേണൊ? പശുവിനെ കറക്കുവാൻ വിരോധമില്ല. പക്ഷെ കുട്ടിയെ തോല്പിച്ചിട്ട വേണം. നടക്കാൻ വയ്യെങ്കിൽ കഴുതവേണൊ കഴുത, കുതിരവേണൊ കുതിര, കരിവലിക്കാൻ കഷ്ണിക്കണ്ട കന്നാലിയുണ്ട്. തീറ്റകൊടുക്കണമെന്നുമില്ല. എല്ലു പുറത്തേക്കു പൊട്ടിപ്പുറപ്പെടാതെ തോലു സൂക്ഷിച്ചുകൊള്ളും. പ്രാണനെ മാത്രം അടച്ചു പിടിച്ചാൽ മതി. വെറുതെയാണൊ വായ അടച്ചു. കെട്ടുന്നതു? ഏഴുനിലാമാളികക്കു മരത്തിനുവേണ്ടി ബുദ്ധിമുട്ടരുത്. കാടുവെട്ടിത്തെളിക്കാമല്ലൊ. പക്ഷികളൊ മൃഗങ്ങളൊ വല്ലതുമുണ്ടെങ്കിൽ എവിടെയെങ്കിലും പോയി ചാവട്ടെ. ആരുമറിയാതെ കാട്ടിൽ ഒളിച്ചിരിക്കാനന്താ? മാംസത്തിനു രുചിയുള്ളവരൊക്കെ കാട്ടിലേക്കു കടക്കാം. സകലതും അവിടെ തെയ്യാറുണ്ട്. ചെന്ന വിവരം വെടി പൊട്ടിച്ചറിവു കൊടുത്താൽ വേണ്ടതൊക്കെ ചാടിയോടി വന്ന കാക്കൽ വീണുകൊള്ളും. മാൻപേടയുണ്ടെങ്കിൽ വിട്ടയക്കരുതെ. കണ്ടാലും നന്നു, തിന്നാനും കൊള്ളാം. ഉപദ്രവമൊട്ടില്ലതാനും. ആനയാണെങ്കിൽ ചേനയുടെ മാതിരി വേണം കഴിക്കുത്തി മൂടണം. കൊള്ളരുതെ പണി. കാട്ടമനുഷ്യരുടെ തോട്ടമൊ കലമറയൊ എന്ന മനസ്സിലാവുന്നില്ല. കാടു കേറാൻ പേടിയുള്ളവരൊ തോക്കെടുത്ത ശീലമില്ലാത്തവരൊ ഉണ്ടെങ്കിൽ അത്യാവശ്യമൊക്കെ നാട്ടിലും ശേഖരിച്ചിട്ടുണ്ട്. പുവ്വൻ കോഴിയുടെ പുവ്വു പൂജക്കു കൊള്ളില്ലെങ്കിൽ മഠാമ്മമാരുടെ തൊപ്പിക്കായിക്കൊട്ടെ. വെളുപ്പിനെഴുനേറ്റു 'കൊക്കരെക്കോൽ' എന്നു പ്രാത്ഥിച്ചുകൊണ്ടായില്ല. അരക്കോൽ നിളമെങ്കിലും കൊക്കിനുണ്ടെങ്കിൽ കന്നപൊന്തിക്കളയാമെന്നായിരിക്കാം. അതൊന്നും പറഞ്ഞില്ല. താറാവിന്റെ കൊക്കിനു നീളം പോരാഞ്ഞിട്ടാണൊ? ചിറകു ഭംഗിക്കു മാത്രം ആയാൽ പോര, പറക്കാൻ ശീലം വേണം. ആടുകൾ തൊണ്ട എടറിക്കൊണ്ട 'ഇമ്പെ' എന്ന നിലവിളിക്കുന്നതിന്റെ അത്ഥം ആരെങ്കിലും കാക്കുന്നുണ്ടൊ? സമസൃഷ്ടികളിൽ 'ഇഷ്ടം' വേണെ എന്ന പറകയാണ്, അല്ല 'ഇമ്പെ എ എ' 'ഇമ്പെ' എന്നു പേടിച്ചു

വിറച്ചുകൊണ്ടു പഴെ ഭാഷ സംസാരിക്കാതെ ധൈര്യത്തോടുകൂടി 'ഇഷ്ടെ' എന്നു പറഞ്ഞാൽ ഭേദമുണ്ടായിരുന്നു. പക്ഷെ ഇഷ്ടം ഭക്ഷിക്കാനാകുമോ എന്നെ സംശയമുള്ളു. ചെമ്മിരിയാടിനു പുറത്തു കമ്പിളിരോമംകൊണ്ടു പുതപ്പുണ്ടല്ലൊ എന്നൊരു ധൈര്യമാണു. ആ അഭിമാനം വേണ്ടു. മേൽക്ഷൌരം കഴിച്ചല്ലാതെ കഴുത്തിൽ കത്തിവെക്കില്ല പ്ലേഗ് ദീനത്തിനു പ്രത്യേകിച്ചൊരു പ്രത്യൌഷധം കണ്ടു പിടിച്ചിരിക്കുന്നു. എലിവധം പല വട്ടമായിട്ടു കഴിച്ചാൽ മതി. ഇതുകൊണ്ടായിരിക്കാം കൊളങ്കോരികൾക്കു എലിച്ചാറിനു പത്ഥ്യമായതു. 'അഹിംസാപരമൊധർമ്മഃ' എന്നതു മൂക്കറ്റം ചിലത്തിക്കഴിഞ്ഞാൽ കൂടാതെ നിവൃത്തിയില്ലെങ്കിൽ കുറച്ചു നേരം ജീപിക്കാം. അമ്പ! മനുഷ്യരുടെ സ്വാർത്ഥം! അവക്കുള്ളൊരഹംഭാവം, അല്ലയൊ മൊളഞ്ഞാസനകുസൃഷ്ടികളെ ഈ വർത്തമാനമെങ്ങാനും ബ്രഹ്മാവു കേട്ടാൽ അന്നു കഴിഞ്ഞു നിങ്ങളുടെ കഥ. കുറെ കൂത്ത മുഖവും വാലും ബ്രഹ്മലോകത്തിൽനിന്നു വരുന്നതു കാണാം. മുഖം മാറി വാലുംവെച്ചു നാലുകാലിന്മേൽ നടക്കുകയെ പിന്നെത്തരമുള്ളു. കൊരങ്ങന്മാരിൽനിന്നാണു മനുഷ്യരുണ്ടായതെന്നു പറയുന്നവക്കു മനുഷ്യർ കുരങ്ങന്മാരാവുന്നതു കാണാറാവും. കുറെമാണൊ മനുഷ്യർ ശ്വാസം വലിക്കുമ്പോൾകൂടി കാലങ്കോഴി വന്നിരുന്നു കുത്തിച്ചുട്ടു കുത്തിച്ചുട്ടു എന്നരുവിടുന്നതു. എങ്ങിനെയാണു ഇങ്ങിനെയുള്ളവരുടെ നേരെ വെറുക്കാതിരിക്കുക.

മനുഷ്യരെപ്പോലെ സുഖവും ദുഃഖവും കോപവും സ്നേഹവും മറവുള്ള ജീവികൾക്കുമുണ്ടു. ഇവിടെക്കു പഠിപ്പുമുണ്ടൊ? ഓ, അതുമുണ്ടു. ആന ഭാഷപഠിക്കുന്നതും തൃപ്തിക്കാളു സമ്മാനം തൃപ്തിയായാൽ തലകുണുക്കുന്നതും കാക്കാലന്മാർ പാമ്പിനെ ആടിക്കുന്നതും തല്ലിപ്പടിപ്പിച്ചിട്ടായിരിക്കാം. കാക്ക പിണ്ഡംകൊത്താൻ വരുന്നതു തല്ലി ശീലിപ്പിച്ചിട്ടൊ കൈ കൊട്ടുന്ന രീതി കേട്ടു പഠിച്ചിട്ടൊ?

എട്ടുകാലൻ വല വിശി ഭക്ഷണം സമ്പാദിക്കുന്നതു ആരെങ്കിലും മനസ്സിരുത്തി നോക്കീട്ടുണ്ടൊ? ആദ്യംതന്നെ ഈച്ച കൊതുമുതലായ ചെറുപ്രാണികൾ ധാരാളം സഞ്ചാരമുള്ള ദിക്കു നോക്കിതിരഞ്ഞെടുക്കും. അവിടെ വട്ടത്തിലൊ നാളത്തിലൊ ഏറുകോണിച്ചൊ സൌകര്യംപോലെ വല തൂപ്പി വീശിത്തുടങ്ങും. ആളുകൾ വല്ലവരും നോക്കി നില്ക്കുന്നുണ്ടെന്നു സംശയം തോന്നിയാൽ മതി പണി

നിവത്തി ഒളിച്ചു കഴിഞ്ഞു. അവകാശം നിസ്സൂർ ചെയ്യുവാൻ നിവൃത്തിയില്ലാഞ്ഞിട്ടായിരിക്കണം ഇത്ര സൂക്ഷിക്കുന്നത്. പക്ഷെ സൂക്ഷ്മദൃഷ്ടിക്കാരനായതുകൊണ്ട് എല്ലാപ്പോഴും കണ്ടുവെന്നു വരില്ല. ആ തരം നോക്കിയാണ മനുഷ്യർ നൈത്തിന്റെ സൂത്രം കൈക്കലാക്കിയത. എന്നാൽ അവക്കു നല്ലബുദ്ധി തോന്നി പറന്നു നടക്കുന്ന കൂട്ടരിൽ ഈച്ച തൊട്ടുള്ള കീഴ്ജാതികളെ മനുഷ്യർ ഭക്ഷിക്കയില്ലെന്നു ഖറാറു ചെയ്യു. കൊതുക്കളെ ഈ ഖറാറിൽനിന്നു ഒഴിവാക്കാമായിരുന്നുവെന്ന ഇപ്പോൾ തോന്നിത്തുടങ്ങീട്ടുണ്ട്. ഇനി വിചാരിച്ചിട്ടു ഫലമില്ലല്ലൊ.

ഓഃ! പറഞ്ഞു പറഞ്ഞു വഴിതെറ്റിപ്പോയി. ഒരു ദിവസം ഞാൻ തോട്ടത്തിൽ ഇറങ്ങി നടക്കുമ്പോൾ എന്തോ ഒന്നു മുക്കിന്മേൽ തടഞ്ഞു. നോക്കിയപ്പോൾ എട്ടുകാലന്റെ വലയാണ. അവന്റെ പണി മുഴുവനായിട്ടില്ല. രണ്ടാമതു ഒരു വലയുംകൂടി അടുത്ത മുകളിൽതന്നെ വീശുകയാണ. പണിയുടെ തിരക്കുകൊണ്ടു എന്നെക്കണ്ടതേ ഇല്ല. തുപ്പിത്തുപ്പി എറങ്ങിവന്ന നൂല ഒരു കൊമ്പിന്മേൽ ഉറപ്പിക്കും. എതുമാസ്ത്തിൽ കൂടിയാണ തുപ്പുന്നതെന്നു ഞാൻ കണ്ടിട്ടില്ലേ. അതിന്മേൽ കൂടിത്തന്നെ മേലോട്ടുകയറും, എന്നിട്ടു ഓവർസിയമ്മാരെപ്പോലെ അങ്ങോട്ടോട്ടും ഇങ്ങോട്ടോട്ടും, നൂലുകെട്ടും അളവെടുക്കും ഒന്നു വട്ടത്തിലോടും, എന്തിനു പറയുന്നു, പറഞ്ഞ നിമിഷംകൊണ്ടു പണി തീത്തു. ഈ അംശംകൊണ്ടു ഓവർസിയർമാരെപ്പോലെയല്ല. ഇങ്ങിനെ വേല വേഗത്തിൽ ഒതുക്കി വട്ടംവീശിട്ടുള്ള വലയുടെ നടുക്കു വന്നിരിപ്പായി. അവിടെമാത്രം എടതുത്തു നെയ്യിട്ടുണ്ട. അങ്ങിനെ ഇരിക്കുമ്പോൾ ഒരു പൊന്നീച്ച- സാമാന്യം വലുതാണ- 'എന്നപ്പോലെ അരമണിയുള്ളതു' എന്ന നാട്ടുഭാഷയിൽ 'ഹും' എന്നു മൂളികൊണ്ടു ഒരു ചില്ലുക്കൊമ്പിന്മേൽ വന്നിരുന്നു. മുഖം മിനുക്കി ചൊറുകുകളിലെ പൊടിതട്ടി ഹുംകാരത്തോടുകൂടി അവിടെനിന്നുയന്നപ്പോൾ രോമം പോലെയുള്ള കാലുകൾ വലയിൽ ഒട്ടിപ്പിടിച്ചു. കിടന്നു പിടച്ചു തുടങ്ങി. ഹുംകാരമൊന്നു നിലച്ചു. അപ്പോൾ നടുവിലിരിക്കുന്നവൻ വീണമീട്ടുന്നതുപോലെ എട്ടുകാലുകളെക്കൊണ്ടും നാലുപുറവും മീട്ടിത്തുടങ്ങി. അന്നാണ അവനു സൂക്ഷ്മദൃഷ്ടിയുണ്ടെന്നു ഞാൻ തീച്ചയാക്കിയതു. അങ്ങിനെ നോക്കി നോക്കി ഒരു നൂലിന്മേൽ അധികം

കനംതുങ്ങുന്നുണ്ടെന്നു തോന്നി. ആ നേരെ വച്ചടിച്ചു. അടുത്തു ചെന്നപ്പോൾ കുറെ അധികം വലുതാണെന്നുകണ്ടു പിന്നാക്കം മാറി. എങ്കിലും ഉപേക്ഷിച്ചില്ല. കിടന്നു പിടയുന്ന പൊന്നീച്ചയെ വളരെ അടുത്തു ചെല്ലാതെതന്നെ നൂലുകൊണ്ടു വരിഞ്ഞുകെട്ടി അനങ്ങുവാൻവയ്യാതെയാക്കി. 'പൊന്നായാലും വെള്ളിയായാലും ഞാൻ കൂസുമോ'? എന്നു കണ്ണുരുട്ടി മിഴിച്ചുകൊണ്ടു പണ്ടത്തെ സ്ഥാനത്തുതന്നെ വന്നിരുന്നു. ഇതു വാസനയൊ വിശേഷബുദ്ധിയൊ എന്തെങ്കിലുമാവട്ടെ. മനുഷ്യരുടെ വാസനയേക്കാൾ ഭേദമാണ നിശ്ചയംതന്നെ.

ഈ കൂട്ടരിൽ 'മണ്ണാൻ' തുടങ്ങി ഏഴു ജാതിക്കാരുണ്ട. ഇതിൽ ഒരുജാതി ക്ഷേത്രഗണിതത്തിൽ വിരുതന്മാരാണ. ശാസ്ത്രപ്രകാരം കോണും കള്ളിയുമൊപ്പിച്ചല്ലാതെ വല വീശില്ല. പിന്നെയൊന്നിനു അയഞ്ഞു ക്രമമില്ലാത്ത വല വീശുവാനെ വശമുള്ളു. മൂന്നാമതൊന്നു പട്ടണത്തോടിച്ചിട്ടുള്ള പഴുതുകളിലേ താമസിക്കുള്ളു. അവനൊരു സുഖിയനാണ. നാലാം പരിഷക്കു കിളിവാതലുകളിലേ വല വീശിക്കൂട്ടു. പഞ്ചമൻ ചുമരുകളിൽ പറ്റിയിരുന്നു പാറ്റകളെ ഞെക്കിക്കൊന്നു കാലക്ഷേപം കഴിക്കണം. അവനു വല വീശുവാൻ അധികാരമില്ല. ആറാമൻ നായാട്ടുകാരനാണ. പുല്ലിലും ചുള്ളിക്കാടുകളിലും നടന്നു ഉപജീവനം കഴിച്ചുകൂട്ടും. ഏഴാമന്റെ ചാട്ടം വിശേഷമാണ. കണ്ണുതെറ്റിയാൽ കാണില്ല. ഇവനാണ മണ്ണാൻ.

സപ്ത വർണ്ണങ്ങളിൽ ത്രിവർണ്ണങ്ങളുടെ സങ്കരമാണ ഊറാമ്പിലി എന്നു പ്രസിദ്ധമായിട്ടുള്ളവൻ. പിതൃപിതാമഹപ്രപിതാമഹന്മാരുടെ നടപ്പുദോഷം കൊണ്ടു വരുന്ന 'ജാതിസങ്കര'മല്ലേ. ചുമപ്പുതൊട്ടേഴുനിറങ്ങളുള്ളതിൽ മൂന്നു നിറങ്ങളുടെ കലർച്ച 'മാത്രമാണ. (ചെകറു കൂടാതെ രണ്ടു കാലിന്മേൽ നടക്കുന്ന വകയേപ്പറ്റിപ്പറയുമ്പോൾ വർണ്ണസങ്കരത്തിനു മാന്യത്വം ധരിച്ചുപോയി വിരോധമില്ല). ചുകന്നു പച്ചച്ചുമുള്ള രോമ [illegible]യത്തിൽ ഇറങ്ങിട്ടില്ലാതെ ഞാൻ ഇവനെ കണ്ടിട്ടില്ല. ഹൈക്കോടതി വിധി കൂടാതെ തന്നെ ഇവനു സപ്തജാതികളെ തൂക്കിക്കൊല്ലുവാൻ അധികാരമുണ്ടത്രെ. വലിയ പപ്പടത്തോളം വലിപ്പത്തിലുള്ളതിനെ ഞാൻ കണ്ടിട്ടുണ്ട. കൊടയോ

ളാ പോന്നതു കൂടിയുണ്ടെന്നാണ' അഫൻ നമ്പൂരിയുടെ പക്ഷാ. വിഷത്തിന്റെ കായ്യം തീച്ച് തന്നെ. ആളെ കൊല്ലുവാൻ ഒക്കെ മതി.

ഊഷ്മതകൊണ്ടുവരട്ടിച്ചമച്ചങ്ങു
ഗ്രീഷ്മമായുള്ളോരുകാലംവന്നു
താപംകൊണ്ടെല്ലാരുമാവേവുറവുകാവിലും
വാപികഠംതീരത്തുമായ്ത്തുടങ്ങി

ആളുകളുടെ ബഹളത്തിൽ നിന്നൊഴിഞ്ഞ ഒരു പേരാലിന്റെ തണലിൽ ചെന്നു ഞാനും കാലുനീട്ടി. ആ സ്ഥലാ ഒന്നുവണ്ണ്ണിക്കാൻ നോക്കട്ടെ. രണ്ടുമൂന്നു പഴേ ആല'. ചോട്ടിലൊക്കെ ആനയുടെ മുതുവെല്ലുപോലെ പൊന്തിനില്ക്കുന്ന വേര'. വേരുകൊണ്ടുതന്നെ കൊമ്പുകഠംക്കൊക്കെ തുണ. പ്രായംചെന്ന കൊമ്പുകളിലൊക്കെ മീശ. വൈലടച്ചു തണല'. അടുത്തൊരു പൊട്ടക്കുളാ. അല്പാ ദൂരെ ഇടിഞ്ഞുപൊളിഞ്ഞ മതിൽ. അതിന്റെ ഉള്ളിൽ ജീർണ്ണാവസ്ഥപോയൊരമ്പലാ. കുറമാണൊ തപസ്വികഠം ആലിൻ ചുവട്ടിൽ ചെന്നിരിക്കുന്നത. അരയാലിനേക്കാഠം പേരാലിനു പ്രാധാന്യം കിട്ടുവാൻ കാരണാ എന്താണാവൊ? ഞാൻ അന്നു വടപത്രശയനൻ മാത്രമല്ല ആയുള്ളു. വേരുകൊണ്ടൊരു തലോണ്ണയാ സമ്പാദിച്ചു. ഞാൻ അവിടെ ചെന്നുകൂടിയത് ഒരു വിഭ്രാന്തു പിടിച്ചില്ല. അടുത്തുവന്നു എഴുത്താണിവാൽ വളച്ചു തലപൊന്തിച്ചുനോക്കി. എന്നെ കണ്ടപ്പോഠം മുഖമൊക്കെത്തുടുത്തു. അതൊരു പച്ചപ്പുലയോന്തായിരുന്നു. ഇനിക്കു കല്ലുവലിച്ചെറിയുവാനല്ല അപ്പോഠം തോന്നിയത, അനങ്ങാതെ കിടക്കുവാനാണ. അവനതാ രസിച്ചില്ല. മുഖാ വീർപ്പിച്ചുകൊണ്ടുപോയി. മുഖാ വീർപ്പിക്കുത്തെ സമയാ ചുരുങ്ങാ വല്ലതിക്കിലും ഒളിച്ചുനിന്നു ശകാരിക്കുന്നുണ്ടായിരിക്കാ. ആയിക്കോട്ടെ. ഞാൻ കാണേണ്ടതുകണ്ടു. അങ്ങിനെയിരിക്കുമ്പോഠം ഒരുണ്ണാറക്കണ്ണൻ കൂട്ടുകാരനെ പറിച്ചു എതാണ്ടു തട്ടിക്കൊണ്ടുപോന്നു. വ്യവഹാരമായി. രണ്ടുപേരുകൂടി മരത്തടിയുടെ ചുറാ ഓടിത്തുടങ്ങി. കള്ളൻ ഉപായത്തിൽ ഒളിച്ചുമാറി ഒരു വേരിന്റെ മറവിലിരുന്നു എന്തൊ രണ്ടുംമൂന്നുകൊണ്ടും മുറുകെ പിടിച്ചു തെരുതെരെ തിന്നുന്നതു ഞാൻകണ്ടു. പാവാൻ ഇളിഭ്യനായിട്ടിരുന്നു ചേര, ചേര' എന്നു പറഞ്ഞു വാലിട്ടു തല്ലിത്തുടങ്ങി. അതുകൊണ്ടു കായ്യമായൊ? കള്ളൻ കിട്ടിയതു വയറിലാക്കിക്കഴിഞ്ഞു.

ചില അത്യാത്തികഥ ആലിന്റെ ഏല കൊണ്ടു പിടിച്ചു നക്കുന്നതു കാണാറുണ്ട. ഇപ്പഴല്ലെ കായ്യം മനസ്സിലായുള്ളു. ഏലയുടെ നടുഞരമ്പിന്നടുത്ത ഒരുമാതിരി പാലുകിട്ടും. അതു അവക്കു മതാണ. അവക്കു പശുവിൻ പാലാവശ്യമേയില്ല. മഞ്ഞക്കിളി, തത്ത, കാക്ക, കുയിൽമുതലായ പല കൂട്ടരും എന്റെ തലയ്ക്കുമീതെ തന്നേയിരുന്നു തമ്മിൽ തല്ലുന്നുണ്ട, തിന്നുന്നുണ്ട, പാട്ടുന്നുണ്ട, പരമാനന്ദാ തന്നെ. ചിലരുടെ പ്രണയകലഹം കാണ്മാനാണ ബഹുരസം. കാക്കയും കുയിലും തമ്മിൽ കണ്ടാൽ കുണ്ടാമണ്ടിയായി. കാക്കക്കു കുറച്ചുനേരം തണലത്തിരുന്നാൽ കൊള്ളാമെന്നുണ്ട. കുയിലിന്റെ ഞേട്ടുകൊണ്ടിട്ടു ഒരു സൈപ്പ്യവുമില്ല. ഇതു കണ്ട മറെറല്ലാവരും കൂടി ആഞ്ഞു തുടങ്ങി. കാക്ക മുഷിഞ്ഞു 'കാ കാ' എന്നു കാപ്പിച്ചു തുപ്പിക്കൊണ്ടു പറന്നുപോയി. ഓട്ടകണ്ണിട്ടു ചെരിഞ്ഞു ചാടിച്ചാടി വന്ന എന്റെ പപ്പടം കബളിച്ചു കൊണ്ടുപോകുമ്പോൾ ഇനിക്കു ശ്രുണിവരാറുണ്ട. എങ്കിലും ആ സാധുവിന്റെ പേരിൽ അന്നിനിക്കു ദയയാണ തോന്നിയത.

അന്തിനേരത്തു 'മന്ദസമീരണൻ ഉന്മേഷംപൂണ്ടൊരുനെമ്മെനിപ്പുവിലെ നന്മണമെങ്ങും പരത്തി' മന്ദിരംതോറും സഞ്ചരിച്ചു തുടങ്ങിയപ്പോൾ ആലിന്റെ കൊമ്പുകളിൽ ഒക്കെ വാവലുകൾ വന്നു തൂങ്ങിക്കിടന്നു വൃദ്ധന്മാരെപ്പോലെകല പല എന്നു പറഞ്ഞു ചവച്ചു തുപ്പുവാൻ തുടങ്ങി. എന്റെ തലയും വായയും അവരുടെ കോളാമ്പിയാക്കുവാൻ മടിച്ചിട്ടു ഞാനും പോന്നു.

'ജീവനദാതാനിയിതി
ഭാവാലോകത്തിലുള്ളവക്കാകും
ജീവനഹന്താവായി
ട്ടെവം ചമയുന്നതെന്തിനയ്യോ'നീ?'

മനുഷ്യക്കു മാത്രമേ ഈ വിചാരമുള്ളു. എത്ര ജീവികൾ ഒത്തു കൂടി മേഘത്തിനോടു നന്ദി പറയുന്നുണ്ട?

കേതകപ്പൂവിലെനന്മണംകൊണ്ടെങ്ങും
കേഴിച്ചുപാന ഠരെവെല്ലുംകാലം
കാർമുകിലായൊരു നീല പ്പടം കൊണ്ടു
തുമകലന്നുവിതാനിച്ചങ്ങും

ആക്കമിയന്ന വലാകകളാകിന
പൂക്കുലമേളത്തിൽ തുക്കി ച്ചെമ്മെ
ശോഭ കലർന്നോരു തുമിന്നലായുള്ള
ദീപങ്ങളെങ്ങും കൊളുത്തി മേന്മേൽ
പാഴിടിയായൊരു ഭേരിയുമെങ്ങുമേ
പാരം മുഴങ്ങിച്ച വനം പിന്നെ.

ഇങ്ങനെവാറാ, ഞാഞ്ഞൂൾ, തവള മുതലായ ജന്തുക്കളെ എളക്കിപ്പറപ്പിടിവിക്കുന്ന വഷാ കാലത്തെ ആരാണ ആദരിക്കാത്തത? എന്തെല്ലാം നേരമ്പോക്കുകൾക്കു അപ്പോൾ വകയുണ്ട. ഇതൊന്നും കണ്ടു രസിക്കാതെ മനുഷ്യർ അഹംഭാവം കൊണ്ടും സ്വാർത്ഥം കൊണ്ടും കാലം കഴിക്കുന്നവല്ലോ? കഷ്ടം തന്നെ.

സൃഷ്ടിപ്രിയൻ

അശ്ലീലം

കവിത വായിക്കുമ്പോഴും മറവും രസജ്ഞന്മാരുടെ മനസ്സിലുണ്ടാവുന്ന രസപ്രവാഹത്തിനു പെട്ടനു തടസ്ഥം തട്ടുന്നോടത്ത ചില പ്രതിബന്ധങ്ങളുണ്ടെന്നു കണ്ടറിഞ്ഞ് അവയെത്തരത്തു പിടിച്ച 'കാവ്യദോഷങ്ങൾ' എന്നു പേരും കൊടുത്ത സാഹിത്യശാസ്ത്രകാരന്മാർ മറവുള്ളവക്കും അറിയത്തക്ക വിധത്തിൽ വിവരിച്ചുവച്ചിട്ടുണ്ട. ഇങ്ങിനെയുള്ള കാവ്യദോഷങ്ങളിൽ പ്രധാനപ്പെട്ട ഒന്നാകുന്നു ഇവിടെ പ്പറയുവാൻ ഭാവിക്കുന്ന അശ്ലീലം. ഈ ഒരുദോഷം പദത്തിലായിട്ടും വാക്യത്തിലായിട്ടും (അതായത, പദങ്ങളുടെ സന്ധികൊണ്ടു തോന്നാവുന്ന മറെറാരു വിധമുള്ള പദച്ഛേദം വഴിക്കാകുന്നു) ഇങ്ങിനെ രണ്ടുവിധത്തിൽ വരാവുന്നതാണ. സ്ഥാനഭേദംകൊണ്ടു രണ്ടുവിധത്തിലുള്ള ഈ അശ്ലീലം അമംഗളത്തിൽ (ആപത്തിൽ) ഭയം ജനിപ്പിക്കുന്നതെന്നും അറപ്പു തോന്നിക്കുന്നതെന്നും ലജ്ജയുണ്ടാക്കുന്നതെന്നും മൂന്നുതരത്തിൽ വേർതിരിച്ചിരിക്കുന്നു.

ഇവയിൽ ആദ്യത്തെത അനിഷ്ടഫലം കൊടുക്കുന്ന നിലയിൽ എത്തിക്കാണുമ്പോൾ അതിനെത്തന്നെയാണ 'അരം' എ

ന്നു റഞ്ഞു വരുന്നത. 'കോടെ നമുക്കുഗതി, എന്നു കവിതയിൽ പ്രയോഗിച്ച ഒരു മഹാകവിക്കു കാട്ടിൽ കിടന്നുഴലേണ്ടിവന്നു എന്നു പ്രസിദ്ധമാണല്ലൊ. അതുപോലെ ഒരു വസൂരികൊള്ളയിൽ ഭയ വണ്ണ്ണനയായിട്ട 'ചാക്കിപ്പോഠമമവന്നുകൂട്ടം, എന്നുതട്ടിമിന്നിപ്പിച്ച മറൊരു കവിക്കും പറഞ്ഞുപോലെ പററീട്ടുണ്ട.

വേറെ ഒരു വകുക്കാരുണ്ട. അവക്കു ഏതെങ്കിലും കൌതുകം തോന്നുന്ന ഒരു സാധനം കണ്ടാൽ അതിനെ പുകഴ്ത്തിക്കൊണ്ടെന്തെങ്കിലും വല്ലതും കുറച്ചൊന്നു പറയാതിരുന്നുകൂടാ. പറഞ്ഞു പോയാൽ ആ സാധനത്തിന്നു തൽക്ഷണം കേടുതട്ടാതിരിയ്യുമില്ല. ഈ തരക്കാരെയാണ കരിങ്കണ്ണന്മാരെന്നാ കുറിനാവുകാരെന്നൊ പറഞ്ഞുവരുന്നത. ഇവരുടെ നോട്ടത്തിൽദൃഷ്ടിവിഷമൊ വാക്കിൽ ജിഹ്വാവിഷമൊ ഉണ്ടെന്നാണ സാധാരണ ജനവിശ്വാസം ഈ മാതിരിക്കാരുടെ വാക്കു കാവ്യരീതിയിൽ ഏതെങ്കിലും ചില അലങ്കാരങ്ങളെക്കൊണ്ടു ഭംഗിയായിരിയ്ക്കുയും ചെയ്യും. അനുഭവസ്ഥന്മാക്ക് ആപൽഭയ മുണ്ടാക്കിത്തീർക്കുമെന്നുള്ളതും തീച്ചതന്നെ. ഈ വിധം ജിഹ്വാവിഷം (നാവാറം) ഉള്ളവണ്ണ്ണനകഠംക്കു അശ്ലീലമെന്ന ദോഷമുണ്ടൊ എന്നാണിവിടെ ആലോചിപ്പാനുള്ളത. 'ശ്രവണമാത്രത്തിൽ ആപൽഭയമുണ്ടാക്കിത്തീർക്കുന്ന പദബന്ധമില്ലാത്തതുകൊണ്ട അശ്ലീലമുണ്ടെന്നു പറഞ്ഞുകൂടാ എന്നാണ' ചിലരുടെ അഭിപ്രായം. ''വാസുവത്തിൽ വാച്യനിഷ്ടമായഅശ്ലീലമില്ലെന്നിരിയ്ക്കിലും വ്യാഗ്യപദ്ധതിയിൽ ചാടുമ്പോൾ വിപരീത ലക്ഷണയായി ആപൽഭയം ജനിപ്പിയ്ക്കുന്നതിനാലും അനിഷ്ടഫലം ഉടനെ കൊടുക്കുന്നതിനാലും പണ്ടെതന്നെ 'നാവാറം' എന്നു പേരുകല്പിച്ചിട്ടുള്ളതിനാലും ഇതും ഒരു മാതിരി അശ്ലീലത്തിന്റെ വക ഭേദമാണെന്നു വെയ്ക്കുന്നതാണുനല്ലത'' എന്നു മറു ചിലർ സിദ്ധാന്തിയ്ക്കുന്നു. എന്നാൽ 'നാവാറ' എന്നുമ്മറവും പറയുന്നതു ശുദ്ധമെ 'അന്ധവിശ്വാസ' മാണെന്നുവേറേചിലു നവീനന്മാർ വാദിയ്ക്കുന്നില്ലെന്നുമില്ല. ഇതിൽ ഏതാണശരിയായിട്ടുള്ളതെന്നു ലോകതന്ത്രജ്ഞന്മാർ തീച്ചയാക്കട്ടെ.

ആദ്യത്തെ അശ്ലീലത്തിന്റെ മാതിരി ഒരുവിധം അറിയാറായല്ലൊ.

അറപ്പു തോന്നിയ്ക്കുന്ന പദാർത്ഥങ്ങളുടെ പേരൊ അല്ലെങ്കിൽ സ്ത്രീപുരുഷന്മാരുടെ ഗുഹ്യാവയവങ്ങളുടെയൊ ഉള്ളകവിതയിലാണ് രണ്ടാമത്തെ അശ്ലീലം. കൊടുങ്ങല്ലൂർഭരണി 'ചേർത്തലെപ്പൂരം' എന്നീവക അശ്ലീലോഷ്ണങ്ങളിൽപ്പാടുന്ന ചില പാട്ടുകളും മൂന്നാമത്തെ അശ്ലീലത്തിന്റെ വിളയാട്ട സ്ഥലങ്ങളാകുന്നു.

ഇനി മേൽപറഞ്ഞ അശ്ലീലങ്ങളെ വാക്യത്തിലായിട്ടും പദത്തിലായിട്ടും യഥാക്രമം ഉദാഹരിക്കുന്നു.

അമംഗളഭയമുണ്ടാക്കുന്നത:-

ക. പലതുഞ്ചത്തെഴുത്തച്ചൻനിലതെറ്റിച്ചുഷയിൽ
ചിലർതീക്കുംകവിതയാൽഫലമേറനമത്മാം

ഈ ശ്ലോകത്തിൽ ആദ്യത്തെപ്പദങ്ങളുടെ യോഗത്തെമറ്റൊരുവിധം പലതും +ചത്ത +എഴുത്തച്ചൻ എന്നു പദച്ഛേദം ചെയ്യാവുന്നതാകയാൽ അമംഗളഭയം ജനിപ്പിയ്ക്കുന്ന അശ്ലീലം സ്ഫുരിക്കുന്നു.

ഖ. എത്തുയോരരിനിരപ്പപാടെവൻ
വിത്തുപോലെവിശിഖാവിതച്ചവൻ
ഒത്തുപോരിലരിവീരരെല്ലയാൽ
ചത്തുപോയ്വിജയവിരനന്ദനൻ

ഇതിൽ 'ചത്തുപോയ്' എന്ന പദത്തിൽതന്നെയാണ് മുൻപറഞ്ഞദോഷം.

അറപ്പുതോന്നിയ്ക്കുന്നത.:-

ഗ. "പറിച്ചോരചലത്തിന്റെപാറച്ചുവടതിൽപുരാ
നിറത്തിഗ്ഗ്രോക്കളേക്കാത്തനീരിൽതാർനയനൻതുണ"

ഇതിൽ പറിച്ചോര, ചലം എന്നിങ്ങിനെ പദാ മുറിയ്ക്കാവുന്നതാകയാൽ അശ്ലീലം പ്രകാശിക്കുന്നുണ്ട്.

ഘ. മലമൂത്രവിസർജ്ജനാദിയാം
പലകൃത്യങ്ങളുമുണ്ടെനിയ്ക്കെടൊ
അലസംവെടിയായിനൊമ്മളീ
നിലയിൽകൂട്ടുകിലുണ്ടുഘട്ടം

ഇതിൽ അറപ്പുതോന്നിയ്ക്കും അശ്ലീലപദങ്ങളെ ചൂണ്ടിക്കാണിയ്ക്കേണമെന്നില്ലല്ലൊ.

ലജ്ജയുണ്ടാക്കുന്നത:-

ഉ. മുൻപ്,ഊറി,ലാക്കിൽ,ഇളകും,കരുണാവിലാസ
വൻപേറിടുന്നൊരുകടാക്ഷനിരീക്ഷണത്താൽ
എൻപേരിൽനീമമതവെച്ചയിരാജമൌലി
പ്പെൺപയ്യലെ!തരികകാമമണച്ചുസൌഖ്യം

ഈ പദത്തിൽ ആദ്യത്തെ അഷ്ടാക്ഷരമായ വാക്യം കൂട്ടിച്ചേർത്തു മറെറാരു വിധം പദം മുറിയ്ക്കുന്നതായാൽ ലജ്ജാവഹമായ അശ്ലീലം പ്രത്യക്ഷമാവുന്നതാണ.

ന്യ. ആത്മയോനികുലപ്രൌഢൻമഹാലിംഗംമഹീസുരൻ
ഭോഗശായിപദാസക്തനാനന്ദിയ്ക്കുന്നനിത്യവും

ഇങ്ങിനെ ഒററപ്പദത്തിലും ഈ ദോഷം വരാവുന്നതാണ. ഈ മാതിരിയ്ക്കാണ ഭരണിപ്പാട്ടെടുത്തുദാഹരിയ്ക്കാവുന്നത.

ഈ മൂന്നു ജാതി അശ്ലീലങ്ങളുടേയും പ്രഥമോദാഹരണപ്രകരം നോക്കുന്നതായാൽ ഒരു ഭാഷയിലുള്ള കൃതികൾക്കു മറെറാരു ഭാഷയിൽ അശ്ലീലം തോന്നുവാനും വഴിയുണ്ട. ക്രമത്തിൽ ഉദാഹരണം.

ഒ. 'ശിവശങ്കരമാരാരെ!നീചാവു'ന്നതിമാപ്പവഃ
ആവാംകൈലാസവാസിംസുചിൽസേവയാദാസദമ്പതീ

വ. 'ദുശാംവളീ'ഇവാഭാതഃകുശ്ല'രാനനപങ്കജെ
'അപ്പി'ത്തനെത്രഭക്തഃതപാമപി'ചേട്ടേജനാധിപ'

ൻ. ജാനാമിസുന്ദരീംതാംമേഭാഷ്യാമന്യാനുരാഗിണീ'
ഏകേന്തുകുടി'ലംചിത്തംനമേതസ്യാനിവർത്തതേ

അലങ്കാരപ്രയോഗത്തിന്റെ വൈഷമ്യം നിമിത്തവും ചിലപ്പോൾ കവിതകളിൽ ഈ ദോഷം അപരിഹാര്യമായിട്ടു പററിപ്പോകാറുണ്ട. ഓരോ അലങ്കാരങ്ങളെ എടുത്തു പ്രത്യേകം അശ്ലീലപ്പെടുത്തിക്കാണിയ്ക്കുന്നതായാൽ ഈ ഉപന്യാസം വളരെപ്പരന്നു പോകാനിടയുള്ളതുകൊണ്ടും അങ്ങിനെ കൂട്ടിപ്പെരുക്കുന്നതുകൊണ്ടു വലിയ പ്രയോജനമൊന്നുമില്ലാത്തതുകൊണ്ടും മാതിരി കാട്ടുവാൻ മാത്രം ഓരോ ഉദാഹരണം കൊടുപ്പാനെ ഇവിടെ വിചാരിയ്ക്കുന്നുള്ളു.

ക്ഷ. തുടരുംകാര്യന്തോറുംതുടച്ചയായ്വന്നവിഷ്ണുവൈരാഗ്യാൽ
ഒടുവിൽനെടുവീർപ്പിട്ടുന്നുപടുവായിട്ടുംമനുഷ്യനുംകഷ്ടം

ഇതിൽ മൂന്നാം പാദം സഭാവോക്തിയാണെങ്കിലും പയ്യോയോക്തി

യായിട്ട മരണത്തെ അസ്ഥാനത്തു സൂചിപ്പിക്കുന്നതിനാൽ ഒന്നാന്തരം അശ്ലീലമുണ്ടാക്കുന്നു.

൧൧. കുവക്കിക്കൊഴുക്കെച്ചലമ്പോലെയാക്കും
നവമ്പാൽനിറമ്പാത്തൊരുത്തിയോടേ
പരക്കുമ്പടിയ്ക്കുപഞ്ചാരപാറീ
ട്ടൊരുക്കിൽക്കുടിയ്ക്കേണമാകണ്ണനാളം

ഇതിൽ ഉപമിക്കുവാൻവേണ്ടിമാത്രം ചലത്തിന്റെ പ്രസ്രാവം വരുത്തിയതു എത്രയോ അറപ്പു തോന്നിക്കുന്നതിനാൽ രണ്ടാമതിരി അശ്ലീലം മുന്തിനില്ക്കുന്നു.

൧൨. നെഞ്ചലച്ചലയുവൊരുലക്ഷ്മിയാം
ചഞ്ചലാക്ഷിയുടെതുള്ളൽകാരണം
വഞ്ചലിപ്പിയലുമിന്ദ്രിയാർദ്രനാം
പഞ്ചബാണജനകൻതുണയ്ക്കണം

ഇതിൽ സമാസോക്തി വഴിയായി ഏറ്റവും ലജ്ജാകരമായ ഒരു കൃത്യം സ്മരിക്കുന്നതുകൊണ്ടു മൂന്നാമത്തെ അശ്ലീലംപ്രകൃതാർത്ഥത്തെ കൂടി മൂടിക്കൊണ്ടു പ്രകാശിച്ചു നില്ക്കുന്നു.

൧൩. ‘മോദ്ഗ്രീവന്നങ്ങടുക്കുംവിരവൊടുവിലചേ
ന്നീട്ടുകിൽപായനീത്തും
മെല്ലേകേറിക്കിടത്തീട്ടടനുടനെകഴ
ക്കോലെടുത്തിട്ടുകുത്തും
അന്തിക്കെന്നില്ലകാറാമഴയുമണയുകിൽ
ച്ചേത്തുകെട്ടിക്കിടക്കും
പിന്നെക്കാണുന്നനേരംസ്മരണതരുണിമാ
ക്കില്ലുകേവഞ്ചിപോലെ’

ഇതിലും ഉപമിക്കുന്നതിന്നുവേണ്ടി സാധാരണധർമ്മങ്ങൾ നേടിയ കൂട്ടത്തിൽ രണ്ടാം പാദത്തിന്റെ അവസാന ഭാഗത്തിൽ പറഞ്ഞിട്ടുള്ളതു കുറച്ചു കടന്ന കയ്യായിപ്പോയി. ലജ്ജാവഹമായ അശ്ലീലത്തെ ജനിപ്പിക്കുന്നുണ്ടു.

ഈ വക അശ്ലീലങ്ങൾക്കു കാരണമാകുന്ന പദം ഉപയോഗിച്ചാലും ചിലേടത്ത അശ്ലീലദോഷമുണ്ടാവുന്നതല്ല. രസപ്രവാഹത്തെ പ്രതിബന്ധിച്ചു നിറുത്തുകയാണല്ലൊ കാവ്യദോഷങ്ങൾ

കൊക്കേയും മൂലം.അതു ചെയ്യാതിരുന്നാൽമതി. അവിടെ അശ്ലീലവുമില്ല. ഈപ്രതിബന്ധിയ്ക്കായ മൂന്നുവഴിയ്ക്കു വരാവുന്നതാകുന്നു. ക. രസപ്രതിബന്ധകമായ ദുരർത്ഥം സ്ഫുരിക്കുന്നതിനു മുമ്പിട്ടതന്നെ പ്രകൃതാർത്ഥം പ്രകാശിച്ചു കായ്യം നിർവ്വഹിക്കുക. ഖ. ആ അർത്ഥം സ്ഫുരിക്കുന്നതും സന്ദർഭഭേദത്താൽ രസഭംഗം വരുത്താൻ മതിയാകാതെ ഉദാസീന നിലയിൽ നില്ക്കുക. ന. ആ അർത്ഥംതന്നെ പ്രകൃതരസപുഷ്ടിക്കു ഉപയോഗപ്പെട്ടിരിക്കുക.

ഈ മൂന്നിനും പ്രത്യേകം മൂന്നുവക അശ്ലീല വിഷയങ്ങളേയും ക്രമത്തിൽ ഉദാഹരിച്ചു കാണിക്കാം.

തിരസ്കൃതം:

ക്ര. മരണഭയംകൂടാതുടനെ
രമരിനിരയിൽചരിച്ചുഹരിനായൻ
ശരവർഷാകൊണ്ടേറാ
പരവശരാക്കിച്ചമച്ചുഗുരുവരരെ

ഇതിൽ 'മരണഭയംകൂടാതെ' എന്നതിനു 'ധൈര്യത്തോടുകൂടിട്ട്' എന്നർത്ഥം മുമ്പിട്ടു നില്ക്കുന്നതിനാൽ അശ്ലീലമുണ്ടാവുന്നില്ല.

ക്ഖ. ചോരത്തിളപ്പുള്ളനല്ലതാരിൽതേൻമൊഴിയാളിതാ
മാറത്തുമുലയുള്ളിച്ചുചാരത്തെത്തുന്നുകാണ്കെടാ

ഇവിടെ 'ചോരത്തിളപ്പ്' എന്നതിന് പൂർണ്ണയൌവനം എന്നർത്ഥമാണ് മുമ്പിട്ടു നില്ക്കുന്നത്. അതുകൊണ്ട് അശ്ലീലബാധയില്ല.

ക്ന. ശിവലിംഗപൂജചെയ്യു
ന്നവനിൽഭഗവാൻകനിഞ്ഞിടുമേശൻ
ഭവഭയലവമവനെന്തിനു
ഭവനേകുംഭക്തവത്സലൻഭവ്യം

ഈ ശ്ലോകത്തിൽ ലിംഗം, ഭഗം, എന്നീപദങ്ങൾക്കു ദുരർത്ഥം സ്ഫുരിക്കുന്നതിനു മുമ്പിട്ട് പ്രകൃതാർത്ഥംകൊണ്ടു കായ്യം നടന്നുകഴിയുന്നതിനാൽ അശ്ലീല ശങ്കപോലുമുണ്ടാവുന്നില്ല.

ഉദാസീനം:

ക്ഗ. സത്താഗംഗാജലമുങ്ങിച്ചതാലുംദോഷമായ്വരാ
അത്യാനന്ദമൊഴിഞ്ഞാത്മഹത്യാനരകമില്ലതിൽ

ഛവ്യ. ചോരയുംചലവുംകയ്യിൽപാരംപുരളുമെങ്കിലും
കരുവൈദ്യൻവൻപ്രമേഹക്കരുകീറാതിരിയ്ക്കുമൊ?

ഛൻ. ധർമ്മാതെറാൻലിംഗയോനിസംബന്ധംമാത്രമല്ലെടൊ
കണ്ടുനാത്തെല്ലുമന്യന്റെറപെണുഛത്തെല്ലുപാപമാ

ഉദ്ദിപകം:—

ഛറ. ഇച്ചതിയ്ക്കുപകരംപടയ്ക്കിട
യ്ക്കുച്ചരോഷമൊട്ടുഭീമനായഞാൻ
കയ്ച്ചുണക്കളിയിൽന്നുറവുപേരെയും
തച്ചുകൊന്നുജയഭേരികൊട്ടുവൻ

ഇവിടെ 'തച്ചുകൊന്നു' എന്നപ്രയോഗം അശ്ലീലമുണ്ടാക്കുന്നില്ലെന്നു മാത്രമല്ല ഭീമസേനന്റെറ യുദ്ധവീരത്വത്തിന്നും രൌദ്ര രസത്തിന്നും പരിപോഷകമായുമിരിക്കുന്നു.

ഛഛ. ഖരഘോരതീക്ഷ്ണനഖരങ്ങൾകൊണ്ടരി
പ്പെരുമാറുകീറിരുധിരംകുടിച്ചുടൻ
സുരവൈരിവക്ഷമുഗമാട്ടിയാത്തിട്ടും
നരസിംഹമൂർത്തികുശലാതരേണമേ

ഇവിടെ 'രുധിരംകുടിച്ചുടൻ' എന്നത് അശ്ലീലമാവുന്നില്ലെന്നതിന്നുംപുറമെ രൌദ്രബീഭത്സസമ്മേളനത്തിന്ന് അത്യുപയുക്തമായിരിക്കുന്നു.

ഛഛ. കൊന്നുമലർത്തിയമാക്കാൻ
തന്നുടെവയർകീറിവെച്ചൊരാകൃതിയിൽ
പെണ്ണിൻകാൽകൂട്ടുപഴ
മുണ്ണിൽപ്രിയമാക്കുവാൻകൃമിക്കെന്നേ

ഇവിടെ യോനിസത്രുപവർണ്ണനാ പ്രകൃത്യാ ലജ്ജാകരമാണെങ്കിലും ഏറ്റവും ജുഗുപ്സാവഹമാക്കിത്തീർത്ത് നിർവ്വേദം വരുത്തുവാൻ തക്കവണ്ണം വർണ്ണിക്കയാൽ ശാന്തരസത്തിന്ന് അത്യുപയുക്തമായിരിക്കുന്നു.

ഇങ്ങിനെ മൂന്നുക്കത്തിൽ അശ്ലീലത്തിന്റെറ ഉദാഹരണങ്ങളേ

യും പ്രത്യുത്തരണങ്ങളേയും കാണിച്ചതിൽനിന്ന് ഇതിന്റെ സ്വ
രൂപം, സ്ഥാനം, വിസ്തരം, വൈരസ്യകരത്വം മുതലായതുസഹൃദയ
ന്മാർ ഊഹിച്ചു കണ്ടുകൊള്ളേണ്ടതാകുന്നു.

തെക്കുംകൂറും വടക്കുംകൂറും

രാജാക്കന്മാർ

തെക്കുംകൂറെന്നും വടക്കുംകൂറെന്നും പറയപ്പെടുന്ന രാജാക്കന്മാ
രുടെ പൂർവ്വചരിത്രങ്ങളെ യഥാക്രമം വിവരിക്കുന്നതിന് ഇപ്പോൾ
വിശ്വാസയോഗ്യങ്ങളായ രേഖാപ്രമാണങ്ങൾ അധികമൊന്നും ഇ
ല്ലാതെയാണിരിക്കുന്നത്. എന്നാൽ ചില രേഖകൾ ഇല്ലെന്നുമില്ല.
എന്റെ അന്വേഷണത്തിൽ കണ്ടുകിട്ടീട്ടുള്ള രേഖകളേയും ആ ത
മ്പുരാക്കന്മാരിൽനിന്നു വാങ്ങിമൂലാകിട്ടീട്ടുള്ള അറിവുകളേയും കേട്ടകേ
ൾവികളേയും അടിസ്ഥാനമാക്കിയാണ് ഞാൻ ഈവിവരണം എ
ഴുതുന്നത്. ഇതിൽ വല്ല അസംഗതങ്ങളോ അവാസ്തവങ്ങളോ ഉ
ണ്ടായിരുന്നാൽ സജ്ജനങ്ങൾ ക്ഷമിക്കുകയും ഞാൻ പറയുന്നതിൽ
കൂടുതലായും സൂക്ഷ്മമായും വാസ്തവമായുമുള്ള വല്ലകാര്യങ്ങളും ഇതി
നേസംബന്ധിച്ചു ആർക്കെങ്കിലുമറിവുണ്ടായിരുന്നാൽ അവർ അവ
യെ അറിയിച്ചുതരികയും ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി പ്ര
കൃതത്തിൽ പ്രവേശിക്കുന്നു.

തെക്കുംകൂർ വടക്കുംകൂർ രാജാക്കന്മാർ ഒരു കാലത്തു കേരളരാ
ജ്യം മുഴുവനുമടക്കിവാണിരുന്ന ഒരു ചേരമാൻപെരുമാളുടെ സേവ
ന്മാരായിരുന്നു എന്നു ചിലർപറയുന്നു. മറ്റുചിലർ ഒരുകാലത്തു കേ
രളം അടക്കിവാണിരുന്ന ഒരു ചേരമാൻ പെരുമാൾക്ക് പലജാതി
യിൽനിന്നുമായി എട്ടു ഭാര്യമാരുണ്ടായിരുന്നു എന്നും അവരിൽ രണ്ടു
ഭാര്യമാരിൽനിന്നുണ്ടായ പുത്രന്മാരാണ തെക്കുംകൂർ വടക്കുംകൂർ രാ
ജാക്കന്മാരായിത്തീർന്നത് എന്നുമാണ പറയുന്നത്. ഈ രണ്ടഭിപ്രായ
ങ്ങളേയും വിശ്വസിക്കാനും വിശ്വസിക്കാതെയിരിക്കാനും തക്കതാ
യ ലക്ഷ്യങ്ങളൊന്നും ഇപ്പോൾ കാണുന്നില്ല. എങ്കിലും മേൽപ്പറ
ഞ്ഞ രാജ്യങ്ങൾരണ്ടും ഓരോ രണ്ടുരാജാക്കന്മാർക്കും ഒരു ചേരമാൻപെ

രുമാൻ സന്തോഷപൂർവ്വം കൊടുത്തിട്ടുള്ളവയാണെന്നുള്ളതിനു ചില രേഖാപ്രമാണങ്ങൾ കാണുന്നുണ്ട്. അതുകൊണ്ട് ഓരോ തമ്പുരാക്കന്മാർ ഒരു ചേരമാൻപെരുമാളുടെ സേവന്മാരായിട്ടോ പുത്രന്മാരായിട്ടോ ഏതുവിധമെങ്കിലും അദ്ദേഹത്തിന്റെ പ്രീതിക്കു പാത്രീഭവിച്ചിരുന്നു എന്നുള്ള സംഗതിയെ തീച്ചയായി വിശ്വസിക്കാവുന്നതാണ്. ചേരമാൻ പെരുമാൾ ക്ഷത്രിയവംശജനായിരുന്നസ്ഥിതിക്കു സാമന്തവംശജന്മാരായഇവർ അദ്ദേഹത്തിന്റെ പുത്രന്മാരായിരുന്നു എന്നുള്ളതും വരാൻപാടില്ലാത്തതല്ല.

തെക്കുംകൂർ വടക്കുംകൂർ രാജ്യങ്ങൾ ഇപ്പോൾ തിരുവിതാംകൂറിൽ ഉൾപ്പെട്ടിരിക്കുകയാണെന്ന് എല്ലാവർക്കും അറിയാവുന്നതാണല്ലൊ. തെക്കുംകൂർ രാജ്യത്തിന്റെ അതൃത്തികൾ കിഴക്ക് ഇല്ലിക്കൽ കൊടുമുടിയും, പടിഞ്ഞാറെമ്പനാട്ടുകായലും, വടക്ക കാണക്കാലിക്കുന്നും (ഏറ്റുമാനൂർ ക്ഷേത്രത്തിൽനിന്നു ഒരു നാഴികവടക്കുള്ള ഒരു കുന്ന) തെക്ക് കയ്പുട്ടൂർകടവും (തിരുവല്ലായിലുള്ള ഒരുപുഴ) ആകുന്നു. വടക്കുംകൂറിന്റെയും കിഴക്കും പടിഞ്ഞാറുമുള്ള അതൃത്തികൾ മേൽപ്പറഞ്ഞവതന്നെയാണ്. തെക്കു തെക്കുംകൂറും വടക്കു ഏകദേശം ആലങ്ങാട്ടുവരെയുമായിരുന്നു. തെക്കുംകൂർരാജ്യമായിരുന്നസ്ഥലം ഇപ്പോഴത്തെക്കിടപ്പിനു പറയുകയാണെങ്കിൽ, കോട്ടയം, ചങ്ങനാശേരി എന്നരണ്ടുതാലൂക്കുകളും മുഴുവനും തിരുവല്ല, ഏറ്റുമാനൂർ, മീനച്ചിൽ എന്നീതാലൂക്കുകളുടെ ഏതാനുംഭാഗങ്ങളും ചേർന്നാണ് കിടക്കുന്നത്. വടക്കുംകൂറിൽ വൈക്കം, മൂവാറ്റുപുഴ, കുന്നത്തുനാട്, എന്നീ മൂന്നുതാലൂക്കുകളും മുഴുവനും ഏറ്റുമാനൂർ, മീനച്ചിൽ എന്നീതാലൂക്കുകളുടെ ഏതാനുംഭാഗങ്ങളും ഉൾപ്പെട്ടതാണ്. തെക്കുംകൂറിന്റെയും വടക്കുംകൂറിന്റെയും അതൃത്തിതിരിച്ച് ഒരു മൺകോട്ട ഉണ്ടായിരുന്നതു ചിലസ്ഥലങ്ങളിൽ ഇപ്പോഴും കാണുന്നുണ്ട്. ഇപ്രകാരം അതൃത്തിതിരിച്ച ചേരമാൻപെരുമാൾ കൊടുത്തവയായ സ്വരാജ്യങ്ങളെ യഥായോഗ്യം ഭരിച്ചും രാജഭോഗങ്ങളെ അനുഭവിച്ചും ആരണ്ടുരാജാക്കന്മാരും വളരെക്കാലം വാണിരുന്നു. ഇതിനിടയ്ക്ക് അവർ ഇപ്പോഴത്തെ സ്ഥിതിയേ പ്രാപിക്കാനുണ്ടായ കാരണങ്ങളേയാണ് ഇനിപറയാൻഭാവിക്കുന്നത്. ഓരോ രാജാക്കന്മാരുടെ അവസ്ഥാന്തരപ്രാപ്തിക്കുള്ള കാരണങ്ങൾഓരോന്നും രണ്ടു പ്രകാരമിരിക്കുന്നതിനാൽ അ

വയെ വെവ്വേറെ പറയേണ്ടിയിരിക്കുന്നു. അതിനാൽ ഒന്നാമതായി തെക്കുംകൂറിനെക്കുറിച്ചുതന്നെ പറഞ്ഞുകൊള്ളുന്നു.

തെക്കുംകൂർരാജ്യത്തിന്റെ തലസ്ഥാനവും രാജാക്കന്മാരുടെ അധിവാസസ്ഥലവും കോട്ടയമായിരുന്നു. കോട്ടയത്തു തളിയിൽ എന്ന സ്ഥലത്തായിരുന്നു രാജമന്ദിരം. അവിടെ വെട്ടുകല്ലുകൊണ്ടു പണിയപ്പെട്ടിരുന്ന കോട്ടയുടേയും കൊത്തളങ്ങളുടെയും ചിലഭാഗങ്ങൾ നാലഞ്ചുകൊല്ലങ്ങൾക്കുമുൻപുവരെ കാണാനുണ്ടായിരുന്നു. ആ കോട്ടക്കകത്തുണ്ടായിരുന്ന രാജഭവനത്തിന്റെ തറയുടെ ചിലഭാഗങ്ങളുംമറ്റും ഇപ്പോഴും കാണ്മാനുണ്ട്. കോട്ടക്കകത്തുതന്നെ ഒരു ശിവക്ഷേത്രവും ഒരു ഭദ്രകാളീക്ഷേത്രവും മറ്റുചില ചില്ലറകളായ ദേവാലയങ്ങളും ഉണ്ടായിരുന്നവ കേടുവന്നു കിടന്നിരുന്നതിനാൽ ഇയ്യിടെ അവയെല്ലാം തിരുവിതാംകൂർ സർക്കാരിൽനിന്നു പണികഴിപ്പിച്ചകൂട്ടത്തിൽ മേൽപറഞ്ഞ കോട്ട കൊത്തളം മുതലായവയുടെ ചിലഭാഗങ്ങൾ ഉണ്ടായിരുന്നതുകൂടി പൊളിപ്പിച്ചു സാധാരണമാതിരിയിൽ ഒരു മതിലായിട്ടു കെട്ടിച്ചിരിക്കുന്നു. കിടങ്ങു മിക്കവാറും നികന്നുപോയി എങ്കിലും അതിന്റെ ചിലഅംശങ്ങൾ ഇപ്പോഴും കാണുന്നുണ്ട്. തെക്കുംകൂർ രാജാവിന് ആ രാജ്യത്തിന്റെ സ്ഥിതിക്കു തക്കവണ്ണമുള്ള സൈന്യങ്ങളും യുദ്ധസാമഗ്രികളും എല്ലാമുണ്ടായിരുന്നു. സൈനികന്മാരെല്ലാം നായന്മാരായിരുന്നു എന്നുള്ളത് പറയേണമെന്നില്ലല്ലൊ. അന്നു സേനാനായകന്മാരും രാജാവിങ്കൽനിന്നു ബഹുമാനസൂചകമായി ചിലസ്ഥാനമാനങ്ങളും മറ്റും ലഭിച്ചിട്ടുള്ളവരുമായ ചില നായർ കുടുംബക്കാർ ഇപ്പോഴുമുണ്ട്. തെക്കുംകൂർ രാജാവിന്റെ പ്രധാനമന്ത്രിസ്ഥാനം വഹിച്ചിരുന്നത് പുതിയയിടത്തിൽ ഉണ്ണിത്തിരിയായിരുന്നു. ആ ഉണ്ണിത്തിരിയുടെ തറവാട്ടും ഇപ്പോഴുമുണ്ട്.

ഇങ്ങിനെ വളരെക്കാലം കഴിഞ്ഞതിന്റെശേഷം കൊല്ലം൯൨൦-ാം മാണ്ടിടയ്ക്കു തെക്കുംകൂർ രാജവംശത്തിൽ പ്രായംതികഞ്ഞ പുരുഷന്മാരാരും ഇല്ലാതെയായി. അനന്തരം അന്നു പെൺവഴിയിൽ മൂപ്പായിരുന്ന ഒരു രാജ്ഞി രാജ്യഭാരം വഹിച്ചു മന്ത്രിമാർ മുഖാന്തരം രാജ്യകാര്യങ്ങൾ ശരിയായി നടത്തിക്കൊണ്ടിരുന്നു. അങ്ങിനെ ഇരിക്കുന്ന കാലത്തു തിരുവിതാംകൂർ മാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ട് ഈ തെക്കുംകൂർ രാജ്ഞിയുടെ ഒരു തിരുവെഴുത്തയച്ചു,

താൻ കായംകുളത്തു രാജാവുമായി ഒരു യുദ്ധം നടത്തുന്നതിനു നിശ്ചയിച്ചിക്കുന്നുവെന്നും ഈ യുദ്ധത്തിൽ വേണ്ടിവന്നാൽ അവിടെ നിന്നു സൈന്യങ്ങളെ അയച്ചുതന്നും മറ്റും വേണ്ടുന്ന സഹായങ്ങളും ചെയ്യുതരണമെന്നും, അഥവാ, അങ്ങിനെ ചെയ്യുന്നതിനു തരമില്ലാത്തപക്ഷം കായംകുളത്തു രാജാവിനു യാതൊരു സഹായവും അവിടെനിന്നു ചെയ്യുകൊടുക്കാതെയിരിക്കുകയെങ്കിലും വേണമെന്നും മറ്റും ആയിരുന്നു അതിലെ സാരം. ഇതിനു രാജ്ഞി രാജാക്കന്മാരും പരസ്പരം ശണ്ഠയും തക്കുവുമൊന്നും കൂടാതെ എല്ലാവരും സ്നേഹത്തോടും ഐകമത്യത്തോടും കൂടിയിരുന്നാൽ കൊള്ളാമെന്നാണ് തന്റെ ആഗ്രഹമെന്നും അതിനു വിപരീതമായി പ്രവൃത്തിക്കുന്നവക്കു ആക്കും താൻ യാതൊരു സഹായവും ചെയ്യുന്നതല്ലെന്നും മറ്റും ഒരുമറുപടിയും അയച്ചുകൊടുത്തു. അതിന്റെശേഷം കായംകുളത്തു രാജാവു സ്വയമേവ തെക്കുംകൂർ രാജ്ഞിയുടെ അടുക്കൽ വന്നു സഹായം അപേക്ഷിച്ചു. എന്നാൽ രാജ്ഞി ഈ യുദ്ധത്തിൽ സഹായിക്കുന്നതിനുതന്നെ ആദ്യം ക്ഷണിച്ചത്. തിരുവിതാംകൂർ മഹാരാജാവാണെന്നും അതിനാൽ ന്യായപ്രകാരം താൻ വല്ല സഹായവും ചെയ്യുന്നുവെങ്കിൽ അത് തിരുവിതാംകൂർ മഹാരാജാവിനു തന്നെ വേണ്ടിയിരിക്കുന്നുവെന്നും എന്നാൽ തന്റെ സ്വന്ത അഭിപ്രായം, രാജാക്കന്മാർ രണ്ടുകൂട്ടരും യുദ്ധവും ശണ്ഠയുമൊന്നും കൂടാതെ യോജിപ്പോട കൂടിയിരുന്നാൽ കൊള്ളാമെന്നാണെന്നും, അതല്ല, യുദ്ധം വേണമെന്നുതന്നെയാണ് ഇനിയും വിചാരമെങ്കിൽ താൻ രണ്ടു ഭാഗക്കാർക്കും യാതൊരു സഹായവും ചെയ്യുന്നതല്ലയെന്നും അദ്ദേഹത്തോട് മറുപടി പറഞ്ഞു. അപ്പോൾ രാജാവ്—യുദ്ധം വേണമെന്നു നമുക്കു ലേശംപോലും ആഗ്രഹമില്ല. യാതൊരു കാരണവുംകൂടാതെ തിരുവിതാംകൂർ മഹാരാജാവു നമ്മെ മനഃപൂർവ്വമായി ഉപദ്രവിക്കാൻ വരികയാണ്. അങ്ങിനെ വരുന്നപക്ഷം സ്വരക്ഷക്കു വേണ്ടുന്നത് ഇവിടെയും നോക്കാതെ കഴിയുന്നതല്ല. യോജിച്ചിരിക്കേണമെന്നുള്ള വിചാരം ഇരുഭാഗക്കാർക്കും ഉണ്ടെങ്കിലല്ലാതെ അതു നടക്കുന്നതല്ലല്ലൊ. അതിനാൽന്യായപ്രകാരംചെയ്യുകയാണെങ്കിൽ ഇവിടുന്നു നമുക്കാണ് സഹായിക്കേണ്ടത്. സൈന്യങ്ങളുടെ സംഖ്യകൊണ്ടും അഭ്യാസബലംകൊണ്ടും യുദ്ധവൈദഗ്ധ്യംകൊണ്ടും എന്നുവേണ്ട, സകലതുകൊണ്ടും തിരുവിതാംകൂർ മഹാരാജാവു നമ്മേ

ക്കാൾ വളരെയധികം പ്രാബല്യമുള്ള ആളാണ്. ഇവിടത്തെ സഹായമില്ലെങ്കിലും തിരുവിതാംകൂർ മഹാരാജാവിനു യാതൊരു ഹാനിയും വരുവാനില്ല. നമ്മുടെ സ്ഥിതി നേരേമറിച്ചുമാണിരിക്കുന്നത്. ന്യായപ്രകാരം സഹായിക്കുന്നു എങ്കിൽ അതു ബലഹീനന്മാരേയല്ലയോ വേണ്ടത്? അതിനാൽ അവിടന്ന് എന്റെ ഈ അപേക്ഷയേ ഉപേക്ഷിക്കരുതെന്ന് ഞാൻ വീണ്ടും അപേക്ഷിക്കുന്നു. അല്ലാത്തപക്ഷം 'കൊമ്പൻ പോയതുതന്നെയാണ് മോഴക്കും വഴി' എന്ന് വിചാരിച്ചുകൊള്ളേണം. കായംകുളം കൈവശപ്പെടുന്നപക്ഷം പിന്നെ തിരുവിതാംകൂർ മഹാരാജാവിന്റെ പുറപ്പാട് എങ്ങോട്ടായിരിക്കുമെന്ന് ഞാൻ പറയേണമെന്നില്ലല്ലൊ

രാജ്ഞി— അവിടന്ന് പറയുന്നതെല്ലാം ന്യായവും പരമാർത്ഥവുമാണ്. എങ്കിലും നാം രണ്ടുഭാഗക്കാർക്കും സഹായിക്കുന്നതല്ലെന്നു തിരുവിതാംകൂർ മഹാരാജാവിന്ന് മറുപടി കൊടുത്തുപോയി. ഇനി അതിനു വിപരീതമായി പ്രവൃത്തിക്കുന്നതു സത്യവിരോധവും നീതിവിരുദ്ധവുമാണല്ലൊ. അതിനാൽഅവിടന്ന് ഈ കായ്മത്തിൽ നമ്മേ അധികം നിർബ്ബന്ധിക്കരുത. നാം ഈ യുദ്ധത്തിൽആർക്കും സഹായിക്കുന്നതല്ല."

ഇപ്രകാരം രാജ്ഞി തീർച്ചയായിട്ടു പറഞ്ഞതിനാൽ ഇച്ഛാഭംഗത്തോടും മനസ്താപത്തോടും കോപത്തോടുംകൂടി കായംകുളത്തു രാജാവ് മടങ്ങിപ്പോയി എന്നും, അതല്ല, വീണ്ടും കായംകുളത്തു രാജാവ് രാജ്ഞിയുടെ കാൽപിടിച്ച് കരഞ്ഞ് നിർബ്ബന്ധപൂർവ്വം അപേക്ഷിക്കുകയാൽ ആർദ്രമാനസയായി ഭവിച്ച രാജ്ഞി എത്രയും സൈന്യങ്ങളേ ശ്രദ്ധമായി അയച്ചു കൊടുക്കാമെന്ന് ഒടുക്കം സമ്മതിക്കുകയുംഅപ്രകാരംഅയച്ചുകൊടുക്കുകയുംചെയ്തുഎന്നും, ഇങ്ങിനെ രണ്ടുപ്രകാരവുംകേൾവിയുണ്ട അതിന്റെ വാസ്തവമറിയുന്നതിനു തക്ക രേഖകളൊന്നും കാണുന്നില്ല. ഏതെങ്കിലും ഇതുകഴിഞ്ഞിട്ട് അധികം താമസിയാതെതന്നെ കായംകുളത്തു യുദ്ധം ആരംഭിക്കുകയും ആ രാജ്യം തിരുവിതാംകൂർ മഹാരാജാവ് പിടിച്ചടക്കുകയും ചെയ്തു.

(തുടരും)

കൊട്ടാരത്തിൽ ശങ്കുണ്ണി.

കോമപ്പൻ

ക. ഊണുകഴിഞ്ഞിരവിലൊന്നുമുറങ്ങിമിന്നൽ
നാണിച്ചിടുന്നമടവാരൊടുമൊത്തുമച്ചിൽ
വാണീടുമപ്പൊഴവളുള്ളിൽനിനപ്പതിന്ന
താണെന്നറിഞ്ഞവളൊടിങ്ങിനെഞാൻപറഞ്ഞു

ഖ. നാമംതോറുമിങ്ങിനെപറഞ്ഞതുതന്നെവീണ്ടു
മോതുന്നൊരിപ്പണിയിനിക്കഴിയില്ലിനിയ്ക്ക്
നീതാനുറങ്ങുവതിനുള്ളിലൊരുറമെത്തീ
ടാതുള്ളതൊന്നുമിനിഞാനുരചേയ്കയില്ല

ന. തെറ്റില്ലിനിയ്ക്കുപറയുന്നതുനല്ലതായാൽ
പറ്റില്ലുറക്കമൊരുനാളിലുമെന്നിവണ്ണം
കുറുംപറഞ്ഞുവെറുതേകളയേണ്ടനേരം
കുറുക്കരിംകുഴലിതെറ്റിവനേറുപോരെ

ര. കേട്ടാലുമോവെടിമരുന്നുവരുന്നതിനു
മ്പൊട്ടല്ലുപോരിൽവിരുതാന്നിടുവാൻതെരുക്കം
കെട്ടിത്തമേറുമുടൽപോരമുറയ്ക്കുകച്ച
കെട്ടുംപയറുമെവനുംപതിവായിരുന്നു

ല. മന്നികൽമറെറവിടെയുംതിരിയാത്തമട്ടാ
ണന്നാളിലീവകപയറുകെട്ടുത്തനാട്ട്
ഒന്നുറതാമരിയവീടൊടെതുത്തപാലാ
ട്ടെന്നുള്ളനല്ലതറവാടവിടത്തിലല്ലോ

വ. മുമ്പോതിയോരവിടെനല്ലകുപ്പുമറേറാർ
തേമ്പെതിടുന്നമൊഴി! നായരുമായിരുന്നു
മുമ്പേതിനുംകരുതിനിയ്ക്കുതിനിയ്ക്കിവണ്ണ
മമ്പോതിരക്കുമവർതമ്മിൽമുഴുത്തിരുന്നു

൬. കോമപ്പനെന്നൊരുവനന്നുളവായിപ്രാലാ
ട്ടാമൂപ്പരോടമരിടുന്നവർതോറുമണ്ടാ
നാമിപ്പൊഴുകുടയതോക്കുകഠംകൊണ്ടെടുക്കും
ശീമപ്പയറുമുറയന്നറിവില്ലയല്ലോ

൭. പണ്ടുള്ളനല്ലപതിനെട്ടടവുംതിരിഞ്ഞു
കൊണ്ടുള്ളകൂട്ടരിലവനേറകിടയ്ക്കുംരാളെ
കണ്ടില്ലയെന്നവിടെയുള്ളവരോക്കിലെന്നു
രണ്ടല്ലകോമനെയറിഞ്ഞവരൊക്കെയോതും

൮. കാളയ്ക്കുകാണുമൊരുതോള,കരിമ്പനയ്ക്കു
കാളംകുറുമ്പുകളയുന്നുടൽ,മാർവിരിഞ്ഞ്
നീളത്തിലൂക്കുടയകൈകളുമായ്പുടയ്ക്കു
കേളിപ്പെട്ടംപടിവിളഞ്ഞുവിളങ്ങികോമൻ

൯. വണ്ടാരണിക്കുഴലിമാരൊരുകണ്ണുനോക്കി
ക്കണ്ടാൽമയങ്ങുമഴകുണ്ടവനെന്നുമല്ല
തിണ്ടാടിനോക്കുമെതിരാളികളെത്രകൂടി
ക്കൊണ്ടാലുമാമിടുമിടക്കനുപുല്ലുപോലെ

൧൦. അങ്ങോക്കെത്തുതറവാട്ടിലൊരേഴുപേരു
ണ്ടിങ്ങോക്കിലീയെഴുവനേപടയാളിയുള്ള
മങ്ങാതെയുള്ളശിരിയന്നൊരവന്നുചേന്ന
ചങ്ങാതിചാപ്പനരികിൽപിരിയാതെയുണ്ടാം

൧൧. നാട്ടിൽകിടന്നുകഴിയേണ്ടുമൊരേതുനായർ
വാട്ടികലുംമുറപിടിച്ചടിയന്തരങ്ങാം
പാട്ടിൽക്കഴിപ്പതിനുമേൽവടിയുള്ളരണ്ടു
വീട്ടികലുപോറയണംപതിവാണിതത്രേ

൧൨. എന്നാലുമീയൊരെതുവീട്ടുടയോർകഠംതമ്മിൽ
വന്നാലൊരേടവുമിണങ്ങുകയില്ലതാനും
കുന്നാണിടയ്ക്കിവരിടഞ്ഞുകലമ്പൽകൂട്ടി
യെന്നാൽകുഴങ്ങുമതിനാൽകരുതിപ്പിടിക്കും

൫൪. വേഴ്ചപ്പടിക്കൊരുവനെത്തുകിൽമറവുകൂട്ടർ
കാഴ്ചക്കുപോലുമണകില്ലൊഴിവായിരിക്കും
ഇച്ചട്ടമോത്തൊരിടമുള്ളൊരുതാലികെട്ടി
നന്നായ് ചെന്നുകോമനിണയാകിയചാപ്പനൊട്ടാ

൫൫. തിണ്ണന്നുകോമനുമുറയ്ക്കൊരുനാട്ടുവാഴി
യ്ക്കെണ്ണംകുറിക്കുമൊരുകുട്ടിംകൊടുത്തിരുന്നു
പെണ്ണങ്ങിംമോടിയൊടുപണ്ടമണിഞ്ഞുവേണ്ടാ
വണ്ണംതിരക്കൊടുമിടെയ്ക്കിടെവന്നിരുന്നു.

൫൬. ആവന്നുചേന്മരിമാൻമിഴിമാർകിംതോറവു
പോവുന്നനല്ലചിലതോഴികളോടുകൂടെ
പൂവമ്പനുള്ളപുതുകൈത്തൊഴിലെന്നുതോന്നീ
ടാവുമ്പടിക്കൊരുവളന്നവിടെക്കുചെന്നു

൫൭. അപ്പെണ്ണുകോമനുടെകണ്മണികട്ടുകൊണ്ടാ
ണപ്പന്തൽകേറിയതതാരുമറിഞ്ഞതില്ല
മൂപ്പുക്കുപിന്നുറമടങ്ങിയൊതുങ്ങിനിൽക്കും
ചാപ്പൻചതിപ്പണികിംകണ്ടുപിടിച്ചുതാനും

൫൮. കോമന്റെകണ്ണുവളെയൊന്നെതിരേല്ക്കുവാനാ
ക്കേമത്തിമുമ്പിലൊരുകൗമുനനീട്ടയച്ചു
രംമട്ടകത്തവിംകടന്നൊരുകട്ടിളിന്മൽ
പൂമെത്തപുക്കുപുതുപുഞ്ചിരിപൂണ്ടിരുന്നാിം

൫൯. രുവാഴ്ചകണ്ടളവുമാറലർമങ്കയാളിൽ
കൈവീഴ്ചകൺവഴികരിംക്കുപിണഞ്ഞതിങ്കൽ
തീവെച്ചപോലുയിർചുട്ടാനെടുവീർപ്പിനാൽക
ണ്ണീർവാച്ചുകോമനുമുള്ളിലൊതുക്കിതാനും

൬൦. പാലാഴിമാതിനെതിരായൊരവിംക്കുമുള്ളിൽ
പാലാട്ടനായരിവനെന്നതറിഞ്ഞനേരാ
ചേലാകുമോനിനവിതെന്നുകുറച്ചുതോന്നി
പോലായതായവിംചൊടിച്ചുണകാണ്ടടക്കി

൨൫. ഏറപ്പറഞ്ഞിട്ടവതെന്തിനുതാലികെട്ടു
നേരംകഴിഞ്ഞുപിരിയേണ്ടവർവേർപിരിഞ്ഞു
താരമ്പനീയിരുവരിൽകരംമാറിവെച്ചു
വേറിട്ടുപോയുടൽമറഞ്ഞിതുരണ്ടുപേക്ഷം

൨൬. പോകുംവഴിയ്ക്കൊരുചതിച്ചിരിയോടുചാപ്പൻ
പൈകുന്നുനേരമിനിയെങ്ങുനിന്നപ്പതെന്നാൻ
നീകണ്ടതെന്തതുപറഞ്ഞിടുകെന്നുകോമൻ
ആകെണ്ടതായിവഴിനോക്കണമെന്നുചാപ്പൻ

൨൭. ആയുണ്ണിയമ്മയൊരുമാറലർവീട്ടുകാരി
യായുള്ളതൊക്കെയറിവുള്ളകരിമ്പുചില്ലൻ
ഈയുള്ളവന്നഴലിതെന്തിനുചേപ്പ്തെന്നു
കായുന്നൊരുള്ളൊടുതുറന്നുപറഞ്ഞുകോമൻ

൨൮. ആമോടിക്കൂട്ടമവളിൽകൊതികൈവിടാന്നി
ങ്ങാമോഞതരുക്കമിവനിന്നുകൂട്ടുപറ്റി
നാമോക്കിലെന്തിവിടെവേണ്ടതൊഴിച്ചുമാറി
പ്പോമോപിണക്കമിതുവിട്ടലരമ്പനാവോ

൨൯. പോരുള്ളപൂമകനിവൻതലമണ്ടതന്നിൽ
പോരുമ്പൊഴൊന്നെഴുതിവിട്ടുതടുത്തിനിക്കാൻ
പോരുന്നതരുവരുമിങ്ങുവരേണ്ടതല്ലൽ
പോരുമ്പുറപ്പെടുകയെന്നുപറഞ്ഞുപിന്നെ

൩൦. പോവുന്നതല്ലഴലുവിത്തലരമ്പനെങ്ങു
പാവുന്നതുംപഴുതെ,യെന്നതറിഞ്ഞിടാതെ
ആവുന്നമട്ടിലൊതുക്കിനടന്നുകോമൻ
മേവുന്നവീട്ടിലവരങ്ങിനെചെന്നിരുന്നു

൩൧. തെല്ലുന്നമുഖരിയല്ലിതുവേണ്ടയെന്നായ്
ചൊല്ലുന്നചാപ്പനൊടെതുക്കുകയില്ലകോമൻ
ചെല്ലുംകടന്നുകരുംപിന്നെയുമൊട്ടകാവു
മല്ലന്തൊഴുംകുഴലിയിൽകൊതിയേറിയേറി

൨൨. കോളല്ലുകൊല്ലുമലരമ്പനെതുക്കുവാൻഞാ
നാളല്ലയെന്നുപറവാൻമടിയാകയാലെ
കേളല്ലുലേറിയവനങ്ങുകഴിച്ചുനാല്വ
നാളല്ലുണിക്കുഴലി! നീണ്ടെഴുമാണ്ടുപോലെ

൨൩. ചേണാന്നൊരായവളെവല്ലുവഴിഞ്ഞുമൊന്നു
കാണാതകണ്ടുകഴിയില്ലുഴലാന്നിവണ്ണം
വാണാലൊരറുമിതിനെങ്ങലരമ്പനോടു
താണാലുമെന്തുകുറവെന്നുനിനച്ചുപിന്നെ

൨൪. കൂടെപ്പിറന്നെഴുണിച്ചിരിയമ്മയോടു
കൂടെക്കുളിഞ്ഞുവതിനായവൾപോയിടുമ്പോൾ
കൂടേറിടുംകിളികളുള്ളമരംമറഞ്ഞു
കേടെന്നിയേയവിടെനിന്നുതുടങ്ങിപിന്നെ

൨൫. അത്തൽതൊഴുന്നൊരുടലാൾപതിവായനേര
ത്തെത്തായുയാലവൾകുളിച്ചുകുളിച്ചുനീരിൽ
പൊൽത്തൽപെറുംമണമണിഞ്ഞൊരുകാറുമേറു
പോയുൻകുളിപ്പതിനൊരിക്കലിറങ്ങികോമൻ

൨൬. കോമൻകുളത്തിലഴലാന്നലരമ്പനായ
കേമങ്കലഞ്ഞുവിടുമമ്പുകൾകൊണ്ടുവാടി
താർമങ്കയൊത്തൊരവൾതന്നെയുമൊത്തുഴുമോ
ഴാമങ്കയെത്തിയവിടെക്കടവിൽകുളിപ്പാൻ

൨൭. ചേട്ടത്തമൊട്ടെഴുണിച്ചിരിയമ്മയെൻറെ
കൂട്ടത്തിലിന്നിവിടെവന്നുചിതയായി
വട്ടത്തിലാക്കുമിവനെത്തടവില്ലയെന്നോ
ത്തൊട്ടത്തലാന്നിതുടനപ്പൊഴുണ്ണിയമ്മ

൨൮. ചേലായിതെന്തൊരുകുമ്പിവിടത്തിലായോ
പാലാട്ടുകാക്കുകുളിയാങ്ങളമൊരോതി
മേലാൽവരാതെയിതുനിത്തണമെന്നടക്കാൻ
മേലാതമാലൊടുമുണിച്ചിരിയുംനിനച്ചു

൩൪. എന്തോമറന്നതിനുപോവുകയെന്നമട്ടിൽ
പന്തോടിടഞ്ഞമൂലയാളവിടംപോയിപിന്നെ
വെന്തോരകത്തളിരിലെന്തിനിവേണ്ടതെന്നാ
മാന്തോററകണ്ണടയൊരുണ്ണിയുമോത്തുനിന്നു

൩൫. ചുറ്റില്ലയോചൊടിയരാങ്ങളമാക്കാരയ്മ്പു
ചെറ്റില്ലകൊല്ലുമിവനെപ്പലരൊത്തുകൂടി
തെറ്റില്ലതെല്ലിവനൊടോതുകിലിന്നുനാണം
പറ്റില്ലയെന്നവളുടൻകടവിൽകടന്നു

൩൬. താനേറിടുംകൊതിയൊടെപ്പൊഴുമോക്കുമുണ്ണി
താനേതെളിഞ്ഞരികിലേക്കുവരുന്നനേരം
മാനേലുമോമൽമിഴിയാളെയടുത്തുടൻകാ
ണ്മാനേറെവെമ്പലൊടുകോമനുമങ്ങണഞ്ഞു

൩൭. പൂവമ്പഴത്തിനെതുമെയ്യെഴുമുണ്ണിയോട്ട
പോയ്പുമ്പുകൂടിയൊരുകോമനടുത്തിടുമ്പോഠം
പൂവമ്പനുംപെരുകുമുൾക്കൊടടുത്തുപുത്തൻ
പൂവമ്പെടുത്തുപുരുവില്ലിലുടൻതൊടുത്തു

൩൮. മറാരുമില്ലിവിടെയിങ്ങിനെവന്നതൊട്ട
തെറാകുമെന്നിടയിളക്കമൊടുണ്ണിയമ്മ
തെറാതെചെല്ലുമലരമ്പുകളേറുവാടി
ചെറാടലോടുമവിടെത്തലതാഴ്ത്തിനിന്നു

൩൯. കോമകുലത്തിടുമൊരുള്ളൊടുകോഠമയിക്കും
ണ്ടാമകുമണ്ണിലൊരുകാൽവിരലാൽവരച്ച്
പൂമകുയൊത്തൊരവളാമലരമ്പനാകെ
കേമകുയത്തതിൽവിയത്തുവിറച്ചുനിന്നു

൪൦. പറ്റില്ലപറാലർപുലത്തിയപെണ്ണിനുമാത്താർ
പറ്റില്ലിവകുലവളിൽകരാചെന്നതെയ്യാ
മാറ്റിത്തമെന്നനിനവുള്ളതുകോമനൊട്ട
മാറ്റിത്തെളിഞ്ഞിതുടനാനിലകണ്ടനേരം

൪൨. നില്ലെന്നുപേടി,മലരമ്പനടുത്തുചെല്ല
ചെല്ലെന്നു,നാണമതുവയ്യവരട്ടെയെന്ന്
ചൊല്ലെന്നുടൻകൊതിയും, കനുമുറയ്ക്കുവാനാ
ളല്ലെന്നുപിന്നെയവനൊന്നുപരുങ്ങിനിന്നു

൪൩. രണ്ടാൾക്കുമുണ്ടണയുവാൻകൊതിയെന്നുകണ്ടു
രണ്ടാളുമിതരകൊണ്ടവർതമ്മിൽവേട്ട
കണ്ടാലുമെങ്കിലുമണഞ്ഞിടുവാൻമടിച്ചു
രണ്ടാളുമമ്പമലരമ്പനുനേരവൻതാൻ

൪൪. കണ്ണിൻവഴിക്കുകരുകോമനുടൻകൊടുത്താ
പ്പെണ്ണിന്നുതൻറെകരളാമലർകാഴ്ചവെച്ച്
ഉണ്ണിയ്ക്കുടയ്ക്കുടയനന്മകളൊക്കയുള്ളാ
ലെണ്ണിക്കുറച്ചവിടെനിന്നുതെളിഞ്ഞുകോമൻ

൪൫. കൊന്നീടുമിയ്യിവനെയങ്ങളമാരറിഞ്ഞു
വന്നീടിലെന്നുവലുതായൊരുപേടികൊണ്ടു.
നിന്നീടുമാനിലയതിൻതകരാറുകണ്ടു
പിന്നീടിവണ്ണമുടനുണ്ണികടന്നുരച്ചു

കുണ്ടൂർ നാരായണമേനോൻ, ബി. എ.

വിക്രമോർവ്വശീയസാരം

ആദ്യത്തെപത്രമഭിനലെക്യത്തെകണ്ടതിൻറെശേഷം ഉണ്ടാവുന്ന രാജാവിൻറെ അനുരാഗവൃത്തിയെ പ്രകാശിപ്പിക്കുന്ന വാക്കു കേൾക്കുവാൻ ചെവിടോർത്തു നില്ക്കുന്ന ഉർവ്വശിയോട് ചിത്രലേഖ ഇദ്ദേഹത്തിന്നിതിലധികം അനുരാഗം വർദ്ധിപ്പാൻ വയ്യ, അതിനാൽ അങ്ങയുടെ ഈ ഉത്സാഹം മതി മതി എന്ന അഭിപ്രായത്തെ തോമ

ര' എന്നമുതൽ 'കേഴിഞ്ഞുവല്ലൊ' എന്നവരേയുള്ള ഗദ്യഭാകൊണ്ടു പറയുന്നു. അനന്തരം, രാജാവിന്നും ഉർവ്വശിക്കും അന്യോന്യം രാഗജ്ഞാനംകൊണ്ടുണ്ടായ സന്തോഷാവസ്ഥയെ വിദൂഷകനും രാജാവും ഉർവ്വശിയും വർണ്ണിക്കുന്നു എന്നതിനെ 'ആവു' എന്ന മുതൽ 'സന്തോഷം' എന്നവരേയുള്ള ഗദ്യഭകൊണ്ട് പറയുന്നു. ബഹുവിധങ്ങളായ ഉല്ലടമനോവികാരങ്ങൾമൂലം വിയക്കുന്ന തന്റെ കയ്യിലിരുന്നാൽ പ്രിയയായ ഉർവ്വശിയുടെ സഹസൂലിഖിതങ്ങളായ ദിവ്യാക്ഷരങ്ങൾ മാഞ്ഞുപോകുമെന്നുള്ള ആലോചനയോടുകൂടി രാജാവുംകൊടുത്ത ഭൂർജ്ജപത്രത്തെ വിദൂഷകൻവാങ്ങിച്ചിട്ട് ഇനിയുംഉർവ്വശി തന്റെ ആകൃതിയെ കാണിക്കാതിരിക്കുന്നതിനു ചിതമാണെന്നഭിപ്രായത്തെ പറഞ്ഞതു കേട്ടിട്ടും തനിക്കുള്ള സാദ്ധ്വസം തീരാത്തതിനാൽ ഉർവ്വശി അനൌചിത്യനിവാരണത്തിന്നായി സഖിയായ ചിത്രലേഖയെ ദൂതിയാക്കി രാജാവിന്റെ സമീപത്തിലേക്കയക്കുന്നു എന്ന കഥയെ 'തോഴരെ' എന്നമുതൽ 'പറയു' എന്നവരേയുള്ള ഗദ്യഭകൊണ്ടു പറയുന്നു. അനന്തരം തിരസ്കരണിയെ കളഞ്ഞേടത്തുചെന്നു ചിത്രലേഖയും രാജാവും തമ്മിൽ ഉപചാരങ്ങൾ ചെയ്തുവെന്നും ചിത്രലേഖ ഉർവ്വശിയുടെ കാമതാപത്തെ തീർപ്പാൻ രാജാവിനോടുപായാചിച്ചുവെന്നും പിന്നെ രാജാവിന്റെ മദനവേദനാവിലാപത്തെ കേട്ടിട്ട് രാജദൂതിയായി ഉർവ്വശിയെ രാജാവിന്റെ അടുക്കലേക്ക് 'പ്രത്യക്ഷത്തിൽ' കൊണ്ടുപോവാൻ ശ്രമിച്ചുവെന്നുമുള്ള കഥകളെ അങ്ങിനെതന്നെ എന്നമുതൽ 'പോക' എന്നവരേയുള്ള ഗദ്യഭകൊണ്ടു പറയുന്നു. ഇവിടെ ഉർവ്വശിയോടുകൂടാതിരിക്കുന്ന അങ്ങക്ക് അത്ര ഭംഗിയില്ലെന്നർത്ഥമായ രാജാവിന്റെ വാക്ക് ഉർവ്വശീപ്രിയ സഖിയായ ചിത്രലേഖക്ക് അതിസന്തോകരമാകയാൽ ഉപചാരമാണെന്നും എന്നിൽതന്നെ ലയിച്ചുകിടക്കുന്ന ഉർവ്വശിയെ ഉടനെതന്നെ കാണാമെന്നർത്ഥമായ ചിത്രലേഖയുടെ വാക്ക് ഉർവ്വശീദർശനോത്സുകനായ രാജാവിന്നുപചാരമണെന്നും നിശ്ചയിക്കുമ്പോൾ സ്പഷ്ടമാണല്ലൊ. അല്ലാ ഇതുവാശിയല്ലെ? എന്നുവിദൂഷകന്റെ വിചാരംകൊണ്ടു സൂചിക്കുന്നതും ചിത്രലേഖാദിവ്യരൂപലാവണ്യാദിദർശനംകൊണ്ടുണ്ടായതും ആയ അത്യാശ്ചര്യം ഹേതുവായിട്ടുണ്ടാവിച്ച മുഖവികാരാദികളും ചിത്രലേഖയുടെ ഉപചാരം

തന്നെയാവുമല്ലൊ. അനന്തരം ഉർവ്വശീസാദ്ധ്വസശക്തിമൂലം ഉടനെ പ്രത്യക്ഷമാവാൻ വയ്യാഞ്ഞിട്ട് താമസിപ്പാനായി രാജാവിന്റെ ദൂതുപറഞ്ഞതിന്മേൽ പരിഭവംനടിച്ച ചിത്രലേഖയോടും അപ്പോൾ ചിത്രലേഖ നിന്റെ ഈ സൂത്രമെല്ലാമിനിക്കുമനസ്സിലായിയെന്ന ഭാവത്തിൽ ഞാൻനിന്നോട്ട പരിഭവിക്കേണ്ട സംഗതിയാണ് അടുത്തിരിക്കുന്നതെന്നുമാത്രം സമാധാനം ഉർവ്വശിയോടുംപറഞ്ഞ് പ്രകൃതകാര്യമായ ആകൃതിയെ കാണിക്കുന്നതിന്ന് ഉർവ്വശിയോട നിർബ്ബന്ധിച്ചുവെന്നകഥയെ; 'സംഭ്രമപരിതോടും' എന്നമുതൽ 'കാണിക്കുകതന്നെ' എന്നവരെയുള്ള ഗദ്യംകൊണ്ടുപറയുന്നു. പിന്നെതിരസ്കരണിയെക്കളഞ്ഞ് രാജാവിന്റെ അടുക്കൽചെന്ന ഉർവ്വശിയും, രാജാവും, വിദൂഷകനും തങ്ങളിൽ ഉപചാരംചെയ്കുകഥയെ 'തിരസ്കരണികളഞ്ഞ' എന്നമുതൽ 'മംഗളം ഭവിക്കട്ടെ' എന്നവരെ ഗദ്യംകൊണ്ട പറയുന്നു. അസ്സമയത്തിൽ എല്ലാലോകപാലന്മാരോടുകൂടി ദേവേന്ദ്രൻ നിങ്ങളുടെനാടകമാട്ടംകാണ്മാൻ കാത്തിരിക്കുന്നുവെന്നും അതിനാൽ ഉർവ്വശിയെ കൂട്ടിക്കൊണ്ട വെഗത്തിൽ സ്വർഗ്ഗത്തിലെക്കു പുറപ്പെടണമെന്നു ചിത്രലേഖയോട ദേവദൂതൻവന്നുപറഞ്ഞ വാക്കുകേട്ടിട്ട വിഷാദത്തോടുകൂടിയ ഉർവ്വശിയും ചിത്രലേഖയും ഏറെറവും ഉർവ്വശീവിരഹമോർത്തു ദുഃഖിക്കുന്ന ഇന്ദ്രന്റെ അതിപക്ഷപാതിയായ രാജാവിനോട യാത്രപറഞ്ഞ് ഞെരുങ്ങി അനുവാദംവാങ്ങി സ്വർഗ്ഗത്തിലേക്കു പോയിയെന്നകഥയെ 'അണിയറയിൽ' എന്നമുതൽ 'പോയി' എന്നവരെയുള്ള ഗദ്യംകൊണ്ടുപറയുന്നു.

ഉർവ്വശിയെക്കാണാഞ്ഞിട്ട് അസഹ്യമായ സന്താപമുള്ള രാജാവിനൊ മുഖ്യവിനോദസാധനമായ അക്ഷപത്രം തന്റെകയ്യിൽ അപ്പോൾ ഇല്ലാഞ്ഞതിനാൽ വിദൂഷകൻനന്നെവ്യസനിച്ച് ഭയപ്പെട്ടുവെന്നും ഉർവ്വശിയെകണ്ടപ്പോളുണ്ടായ അത്ഭുതംകൊണ്ട് തനിക്കുപറ്റിയ ഈ കൈമോശത്തെ രാജാവിനെ അറിയിക്കാതെകഴിപ്പാൻ പലഉപായവും പ്രയോഗിച്ചുവെന്നും ഒടുവിലതൊന്നും ഫലിക്കാഞ്ഞിട്ട് ഓരോരോദിക്കുകളിൽ അതന്വേഷിച്ചുവെന്നും ഉള്ളകഥയെ 'ദീർഘശ്വാസത്തോടുകൂടി' എന്നമുതൽ 'തിരയുന്നു' എന്നവരെയുള്ളഗദ്യംകൊണ്ട് പറയുന്നു.

പ്രവേശകത്തിൽ വിദൂഷകനെക്കൊണ്ടു ശ്രുതമായ രാജകാര്യ
മെല്ലാം പറയിച്ചു മനസ്സിലാക്കിയ നിപുണിക പിന്നെ അല്പമാറി
ഒളിച്ചുനിന്ന്. രാജാവും വിദൂഷകനും ലതാഗൃഹത്തിലെക്കു കടക്കു
ന്നതുവരെ കണ്ടറിഞ്ഞ് ഉടനെപോയി കാശിരാജപുത്രിയായ രാ
ജപ്രധാനഭാര്യയോടു ഈ വൃത്തമാനം മുഴുവനും പറകയും പതിവ്ര
താശിരോമണിയായ ആ ദേവിവിശ്വാസയോഗ്യത്വാദി ബഹുഗുണ
പരിപൂർണ്ണനായ തന്റെ ഭർത്താവ് തന്നെ വഞ്ചിക്കുന്നുവെന്നും മറ്റു
മായ അപ്രിയകഥയെ ഏറ്റവും വിശ്വസ്യയായ നിപുണിക പറ
ഞ്ഞതുകേട്ട ശങ്കയോടുകൂടി, ശ്രുതമായി അവർ മന്ത്രിക്കുന്ന ഈ സമ
യത്തിൽ അവിടെചെന്ന് ലതകൾകൊണ്ടു മറഞ്ഞ് അടുത്തു നി
ന്നാൽ കാര്യത്തിന്റെ സൂക്ഷ്മം മുഴുവനും കേട്ടറിയാനുള്ള തരം കിട്ടു
മെന്ന് നിശ്ചയിച്ച് അതിന്ന് ഉദ്യാനത്തിലേക്ക് പോകുംവഴിയിൽ
വിദൂഷകന്റെ കയ്യിൽനിന്നു വീണുപോയ ആ ഭോജ്യപത്രം തെ
ക്കൻ കാറ്റുകൊണ്ടു പറന്നുപോയി ദേവിയുടെ ചിലമ്പിന്മേൽ
വൈവശാത്താ ചെന്നുപറ്റിയസമയം അതിനെ നിപുണികയെകൊ
ണ്ടെടുപ്പിച്ച് വായിച്ചുകേട്ട കാര്യമെല്ലാം സൂക്ഷ്മമായി അറികയും
ചെയ്യുവെന്നകഥയെ 'അനന്തരം'മെന്നമുതൽ 'വായിക്കുന്നു' എന്ന
വരെയുള്ളഗ്രന്ഥംകൊണ്ടുപറയുന്നു.('കൌലീനം-നാട്ടുവർത്തമാനം')
കാര്യമെല്ലാം സൂക്ഷ്മമായി അറിഞ്ഞുവെങ്കിലും ദേവി അപ്രിയം
കൊണ്ടുണ്ടായ കോപനിമിത്താ ഇതെല്ലാം തന്നെ വഞ്ചിക്കുന്ന
ഭർത്താവിന്റെ അടുക്കൽചെന്നു പ്രത്യക്ഷമാക്കേണമെന്നുറച്ച് അ
വിടെക്കു ചെല്ലുമ്പോൾ രാജാവും വിദൂഷകനും ആ ഭോജ്യപത്രത്തെ
അന്വേഷിക്കുന്നതുകാണുകയും അത് കിട്ടാഞ്ഞിട്ട് സങ്കടപ്പെട്ടു പറ
യുന്നവാക്കുകൾ കേൾക്കുകയും ചെയ്തിട്ട് തനിക്കു സഹിക്കവയ്യാ
ത്ത ക്ഷോഭത്തോടുകൂടി ഉചിതമായി ആ ഭോജ്യപത്രത്തെ രാജാവി
നെ കാണിച്ചുവെന്നകഥയെ 'ഇതു' എന്നമുതൽ 'ഇതാ' എന്ന
വരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. തങ്ങളുടെശ്രുതകാര്യമെല്ലാം
ഇങ്ങിനെ പ്രത്യക്ഷമായപ്പോൾ പെട്ടന്നുണ്ടായ സംഭ്രമംകൊണ്ട്
രാജാവ് പരവശനായിത്തീർന്നുവെന്നും വിദൂഷകൻ തൽക്കാലനി
ലക്കുവേണ്ടി രാജാവിന്റെപക്ഷംവിട്ട ദേവിയുടെപക്ഷത്തിലെക്കു
ചാടിയെന്നും ദേവി കോപാധിക്യംകൊണ്ട് രാജാവിനെ ഉപേ
ക്ഷിച്ചുപോയിയെന്നും ദേവിയെ പ്രസാദിപ്പിപ്പാൻ രാജാവു പ്രയോ

ന്യ *

ഗിച്ച സാന്ത്വവാക്കുകളും നമസ്കാരവും തൽക്കാലം വേണ്ടവിധം ഫലിച്ചില്ല എന്നും ഉള്ളകഥയെ 'സംഭ്രമത്തോടെ' എന്നമുതൽ 'പോയി' എന്നവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. ദേവി പ്രസാദിക്കാതെപോയകഥയെ നമസ്കരിച്ചുകിടക്കുന്ന രാജാവ് വിദൂഷകൻറെവാക്കു കേട്ടറിഞ്ഞ് എഴുന്നീറ്റ് ന്യായമായ ദേവീകോപമോർത്തു സങ്കടപ്പെട്ടുമ്പോൾ ഉർവ്വശീകഥ ഇനി ധാരാളമായി ഇപ്പോൾ പ്രയോഗിപ്പാൻ തരമായതുകൊണ്ട് ഇത് അങ്ങുക്കു വളരെ അനുകൂലമാണെന്ന വിദൂഷകൻപറഞ്ഞതിനെ നിഷേധിച്ച് ഇത്ര വലിയ ഉർവ്വശീവിരഹതാപവും ഇനിക്കു മുമ്പിലുള്ള ദേവീബഹുമാനത്തെ ഒട്ടും കുറയ്ക്കുന്നില്ലെന്ന് രാജാവുപറഞ്ഞ് വ്യസനിച്ച കഥയെ 'തോഴരെ' എന്നമുതൽ തന്നെയാണ് എന്നവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. പിന്നെ രാജാവ് താൻ പ്രവൃത്തിക്കേണ്ടതായ നമസ്കാരാദികളെയൊക്കെ പ്രവൃത്തിച്ചിട്ടും സ്വീകരിക്കാതെപോയത് ദേവിയുടെ ജന്മസിദ്ധമായ ശക്തിയുള്ള ശീലഗുണത്തിന്നു വിരുദ്ധമാകയാൽ ഉടനെ ദേവിക്കു പശ്ചാത്താപം പ്രബലപ്പെട്ടുമെന്ന് ഊഹിച്ച് ധൈര്യപ്പെടുന്ന എന്ന കഥയെ 'എന്നാൽ' എന്നമുതൽ 'ധൈര്യംതോന്നുന്നുണ്ട്' എന്നവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. പിന്നെ വിശപ്പുകൊണ്ടുവലഞ്ഞ് അഷ്ടിപ്രിയനായ വിദൂഷകൻറെ നിർബ്ബന്ധംകൊണ്ടും രാജാവ് ഏ! നേരമുച്ചയായി എന്നപറഞ്ഞ് അതിനെപ്പറ്റി വർണ്ണിച്ച് സ്നാനഭോജനങ്ങൾക്കു പോയി എന്നകഥയെ 'ധൈര്യം' എന്നമുതൽ അങ്കാവസാനാവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു.

ദേവേന്ദ്രൻറെ കല്പനപ്രകാരം ദേവസഭയിൽവെച്ച് അപ്സരസ്ത്രീകളും ലക്ഷ്മീസ്വയംബരമെന്ന നാടകം അഭിനയിക്കുമ്പോൾ അനുരാഗമാരിലാണൊയെന്ന ചോദിച്ചതിനുത്തരമായി പുരുഷോത്തമനിൽ എന്നു പറയേണ്ട ദിക്കിൽ ലക്ഷ്മീവേഷംകെട്ടിയ ഉർവ്വശി പുരൂരവസ്സിൽ എന്ന തെറ്റിപ്പറഞ്ഞുപോയിയെന്നും അപ്പോൾ ഗുരുവായ ഭരതമഹർഷി നിനക്കു സ്വർഗ്ഗസ്ഥാനഭ്രംശം ഭവിക്കട്ടെ എന്ന ഉർവ്വശിയെ കോപിച്ചു ശപിച്ചുവെന്നും അസ്സമയത്തിൽ ദേവേന്ദ്രൻ തനിക്ക് പലയുദ്ധങ്ങളിലും സഹായംചെയ്തിട്ടുള്ള പുരൂരവസ്സിൻറെ പക്ഷപാതംകൊണ്ട് ഉർവ്വശിയുടെ അനുരാഗത്തേയും ഭരതമഹർഷിയുടെ ശാപത്തേയും അനുസരിച്ച് പുരൂരവസ്സു രാജമഹർഷിയുടെ

അടുക്കൽ ചെന്നു ഇഷ്ടംപോലെ താമസിപ്പാൻ ഉർവ്വശിക്ക് അനുവാദം കൊടുത്തുവെന്നും ആ അനുവാദത്തിന്നു രാജാവ് പുത്രനെക്കാണ്മാനുവരെ എന്നൊരവധിയുണ്ടെന്നും ഉള്ള സൂച്യകഥയെ ഭരതമഹർഷിയുടെ രണ്ടു ശിഷ്യന്മാർ മിശ്രവിഷ്കംഭത്തിൽ സൂചിപ്പിച്ചുപോയതിന്റെ ശേഷം ദൃശ്യകഥാഭാഗത്തെ അംകംകൊണ്ടു കാണിക്കുവാനാരംഭിക്കുന്നു.

കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ.

ചാരേചമ്മന്തിചക്രപ്രഥമരസികനു
പ്പേരിപാല്പായസേസാ-
ന്വാരേചൂടുള്ളചോറേകറികളുംപലവകേ
പപ്പടേനൽപരിപ്പേ
ചോരുംനെയ്യേപഴേതേൻദധിനിഖിലപദാ-
ർത്ഥങ്ങളേനിങ്ങളെല്ലാ-
പേരുംകൂടിസ്സഹായിക്കണമിവനുവിശ
ക്കുമ്പോഴീക്കുമ്പവീർക്കാൻ.

എസ്സ്. നാരായണൻനമ്പൂതിരി.

അരയുകാരം

പണ്ഡിതർ. ആർ വി. കൃഷ്ണമാചാര്യരവർകൾ ഭാഷാപോഷിണിയിൽ വിസൂരിച്ചും ധനുവിലെ രഞ്ജിനിയിൽ സംഗ്രഹിച്ചും ഏഴുതിയിരുന്ന ഉപന്യാസങ്ങളും അതിനുപരി രഞ്ജിനിയുടെ അഭിപ്രായവും മനസ്സിരുത്തി വായിച്ച് താല്പര്യം ഗ്രഹിക്കാവുന്നിടത്തോളം ഗ്രഹിച്ചു.

ആ ലേഖനം വായിച്ചാൽ ഉടൻതന്നെ കേരളപാണിനീയകാരൻ രഞ്ജിനി മുഖേന ഒരു അനുമോദനം പ്രസിദ്ധപ്പെട്ടത്താതിരിക്കയില്ലെന്നും ആ അനുമോദന ലേഖനത്തിൽ തന്നെ വിവൃതോകാരമെന്നു സാധിച്ചിട്ടുണ്ടെങ്കിലും ഈ അന്ത്യസ്വരത്തിനു ഉകാരചിഹ്നവും വീണ്ടും അരയുകാര ചിഹ്നമെന്നു വച്ചിട്ടുള്ള ചന്ദ്രക്കലയും കൂട്ടിപ്പിണച്ചു ചേർക്കാതെ കേവലം ചന്ദ്രക്കല മാത്രം ചേർത്തുതരുകയെന്നും ഞങ്ങൾ വിശ്വസിക്കുന്നു.'

എന്നുള്ള രഞ്ജിനീ പംക്തികളുടെ ഭാവം ഗഹനമായിരിക്കുന്നു. എതായാലും 'ക്ഷോഭിച്ചിട്ടെങ്കിലും 'പ്രവര പൃഥുകുവിനെക്കൊണ്ടു' പത്തിപൊക്കിക്കണം എന്നാണു ഉദ്ദേശ്യമെന്നു രഞ്ജിനി വിളിച്ചു പറയുന്നതിനാൽ ചാടിപ്പുറപ്പെടാതിരിക്കാൻ നിവ്വാഹമില്ലല്ലൊ.

രഞ്ജിനി സ്ഥാപിക്കുന്ന ഫലന്തങ്ങളുടെ അജന്തികരണം മുതലായ ഭാഷാശാസ്ത്രസിദ്ധാന്തങ്ങളെപ്പറ്റിയുള്ള വിചാരണ പ്രകൃതോപയോഗി അല്ലാത്തതിനാൽ ഇവിടെ ചെയ്യുന്നില്ല. കാട്ട്, വീട്, ചോവ്, ചാവ് മുതലായ ശബ്ദങ്ങളിലെ അന്ത്യസ്വരത്തെ ഉച്ചരിക്കുന്ന വിഷയത്തിൽ തമിഴും മലയാളവും യോജിക്കുന്നില്ലാ; തമിഴർ ഉകാരത്തോട് അധികം യോജിച്ചും മദ്ധ്യമ മലയാളികൾ അകാരത്തോടു ചേർന്നുമാണു പോലു മുച്ചരിക്കുന്നതു; എന്നാൽ ഉച്ചാരണത്തിലുള്ളഭേദം അതി സൂക്ഷ്മവുമാണത്രെ; ഇതാണു രഞ്ജിനിയുടെ വാദം. കേരളപാണിനീയ കർത്താവു ദക്ഷിണ കേരളവാസി ആയതിനാലും അമ്മായ്യർ പരദേശി ആയതിനാലും മറ്റവരിലർ ഉത്തര കേരള വാസ്തവ്യന്മാരായതിനാലും അവക്കു ഈ സൂക്ഷ്മഭേദം അറിയാൻ മാർഗ്ഗമില്ലാതെ പോയതിൽ രഞ്ജിനി ആശ്ചര്യപ്പെടുന്നില്ലാ.

പിന്നയൊ; ഞങ്ങൾക്കു പറഞ്ഞിയ തെറ്റിനെ പ്രാചീനന്മാരും ഋഷികല്പന്മാരും മറവുമായ നമ്മുടെ പൂവ് പുരുഷന്മാരുടെ തലയ്ക്കു വയ്ക്കുന്നതിലാണ രഞ്ജിനിക്കു സങ്കടം.

ഇനി ഇതുയും അനുവദിച്ചിടത്തോളം ഭാഗത്തിനു ഉത്തരം ആരംഭിക്കുകതന്നെ. മദ്ധ്യകേരളത്തിന്റെ മദ്ധ്യാ ശേഷംപേർ സമ്മതിച്ചിട്ടുള്ളതുപോലെ തൃശ്ശിവപേരുരാണെന്നു് രഞ്ജിനിയും സമ്മതിക്കുമെന്നു് വിശ്വസിക്കുന്നു. ആ സ്ഥലത്തു് ജനിച്ചു വളർന്നു് പ്രായമായിട്ടുള്ള നാലുപേരെക്കൊണ്ടു ഈ സന്ദിശ്ധസ്ഥലത്തെ ഉച്ചരിപ്പിച്ചു് നോക്കിയതിന്റെ ശേഷമാണു് കേരളപാണിനീയത്തിൽ ഈ സംഗതിയെ സ്ഥാപിച്ചിട്ടുള്ളതു്. പിന്നീടു ഈ ലേഖനം എഴുതുന്നതിന്റെ പൂർവ്വക്ഷണത്തിലും ഒരു പരീക്ഷകൂടി നടത്തുകയുമുണ്ടായി. എന്നിട്ടും മുന്നഭിപ്രായത്തെ ഉപേക്ഷിക്കുന്നതിനു് മാർഗ്ഗം കാണായ്കയാൽ വ്യസനിക്കുന്നു. കാടു്, വീടു് മുതലായ ശബ്ദങ്ങളെ ഞാൻ ഉച്ചരിച്ചു് കേൾപ്പിച്ചതിലും തൃശ്ശിവപേരുക്കാർ ഉച്ചരിച്ചതിലും യാതൊരു ഭേദവുമില്ലെന്നു് അവരും (തൃശ്ശിവപേരുക്കാരും) സമ്മതിക്കയാൽ എന്റെ കർണ്ണേന്ദ്രിയ വൈകല്യമാണെന്നും കല്പിക്കാൻ തരമാകുന്നില്ലാ. അതുകൊണ്ടു് എഴുതി അറിയിക്കാൻ നിവ്വാഹമില്ലാത്ത ഈ ഭാഗം രഞ്ജിനി തന്നെ ഒരിക്കൽ ഉച്ചരിച്ചു് ഉപദേശിച്ച തരുന്നതുവരെ എന്റെ മതത്തിൽ സംവൃതസ്വരം ഉകാരമായിത്തന്നെ ഇരിക്കുകയെ ഒള്ളു. 'പൂവീകന്മാരുടെ തലയ്ക്കു കെട്ടിവച്ചതിനും മറവും' പ്രായശ്ചിത്തം തെറ്റുബോധപ്പെട്ടാൽ ചെയ്വാൻ തയ്യാറാണു്.

'നില്ക്കു, ഇരിക്കൂ, പോരൂ,' എന്നുള്ള വിധ്യുത്ഥക ക്രിയാപദങ്ങളുടെ അന്ത്യമായ ഉകാരം ശാസനാദ്യുത്ഥങ്ങളിൽ ലോപിക്കുമെന്നും പിന്നീടു് സ്വരാന്തമാക്കാൻ അകാരം ചേർത്തീട്ടാണു് 'നില്ല, ഇരിക്ക, പോര(?) എന്ന രൂപങ്ങൾ ഉണ്ടാകുന്നതു്' എന്നുമാണു് രഞ്ജിനിയുടെ വ്യാകരണം. ഇതിൽ യോജിക്കുന്നതു് പ്രയാസംതന്നെ. വിധ്യുത്ഥക ക്രിയാപദങ്ങളുടെ നില്ലു, ഇരിക്കു, പോരു അന്ത്യമായ ഉകാരം ലോപിച്ചിട്ടാണു് നില്ല, ഇരിക്ക, മുതലായ രൂപങ്ങൾ സിദ്ധിക്കുന്നതെങ്കിൽ ഉണ്മു, കാണ്മു തിന്മു, ഇരിപ്പു ചെയ്മു, മുതലായ രൂപങ്ങൾക്കും ഉകാരം ലോപിച്ചു് ഉണ്മ, കാണ്മ, തിന്മ, ഇരിപ്പ, ചെയ്മ എന്ന രൂപങ്ങൾ വരുമല്ലൊ? താൻ അംഗീകരിച്ച

പ്രക്രിയക്കു ഈ വക ദോഷങ്ങൾ ഉണ്ടെന്നു് 'പോര' എന്ന രൂപം യോജിക്കാഞ്ഞാൽ 'പോരിക' എന്നു് വലയത്തിനുള്ളിൽ ന്യായമായ രൂപത്തെ എഴുതേണ്ടിവന്നപ്പോഴെങ്കിലും രഞ്ജിനി ഓർക്കേണ്ടതു് കഷ്ടംതന്നെ. വാസ്തവത്തിൽ നില്ല, ഇരിക്ക, പോരിക മുതലായ രൂപങ്ങൾ ഇംഗ്ലീഷിൽ Infinitive എന്നു പറയുന്നതിനോടും സംസ്കൃതത്തിൽ ഭാവേ ല്യുട്തം എന്നു പറയുന്നതിനോടും സമകക്ഷ്യമായ ഭാവാർത്ഥക പ്രത്യയാന്തങ്ങളാകുന്നു.

കാലപ്രകാരാദിപരിച്ഛേദം ഒന്നും ഇല്ലാഞ്ഞാൽ കേവലധാതവർത്ഥത്തെ അനുവദിക്കുന്ന ഈ പ്രത്യയത്തെ ആദ്യാതിശയത്തിൽ വിധ്യർത്ഥത്തിലുപയോഗിക്കുന്നു. ഈ രൂപങ്ങൾക്കു ഇങ്ങിനെ പ്രയോഗം വരാനുള്ള കാരണം കേരളപാണിനീയം ഉന്നൽ-ാ പേജിൽ നിരൂപിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ഈ വിധം പ്രക്രിയ സ്വീകരിക്കുമ്പോൾ ഉണ്മ, കാണ്മ, ചെയ്ക, മുതലായ അനിഷ്ടരൂപാപത്തിന്നു് അവകാശവും വരുന്നില്ല.

ഇനി ഉണ്മ, കാണ്മ മുതലായ അനിഷ്ടരൂപങ്ങളെ ചില നിഷേധ വിധികളെക്കൊണ്ടു് നിവാരണം ചെയ്യാമെന്നു് മർക്കടമുഷ്ടി പിടിക്കുകയാണെങ്കിൽ സർവ്വസമ്മതിപന്നങ്ങളായ സിദ്ധാന്തങ്ങളെ അധരോത്തരീകരിക്കുന്ന ആ ദുസ്വാതന്ത്ര്യത്തിന്നു് ഉത്തരമില്ല. നില്ക്കു്, ഇരിക്കു് ഇത്യാദി സംവൃതരൂപങ്ങളാകട്ടെ കേവല ധാതുരൂപങ്ങൾ എന്നേ ഉള്ളൂ. നിയോഗാർത്ഥത്തിൽ കേവല ധാതുരൂപത്തെ ഉപയോഗിക്കുക എന്നുള്ളതു് പല ദോഷകർക്കുമുള്ള ഒരു നിയമമാണു്. സംസ്കൃതത്തിൽ ലൊട്ടിന്റെ മദ്ധ്യമപുരുഷ ഏകവചനത്തിനു് അധിക ധാതുക്കളേയും പരാമർശിക്കുന്ന 'അതൊഹൈ' എന്നുള്ള പ്രത്യയ ലോപവും ഇംഗ്ലീഷിൽ ഈ സ്ഥാനം വഹിക്കുന്ന Imperative Mocd എന്നതിന്റെ രൂപവും മറ്റും ഇതിലേക്കു ദൃഷ്ടാന്തങ്ങളാണു്.

'പിച്ച പുക്കു പോരു' എന്നുള്ള മലയാള മന്ത്രത്തിൽ അന്ത്യസ്വരം അകാരമാണെന്നും ഉകാരമായിഉച്ചരിച്ചു പോയാൽ പിഴയായിത്തീരുമെന്നും രഞ്ജിനി ശപഥം ചെയ്യുന്നു. എന്നാൽ നിത്യമെന്നപോലെ ഉപനയനാദി ക്രിയകളെ നടത്തിപ്പോരുന്ന രണ്ടു മൂന്നു ഓതിക്കൊന്മാരോടു് ഈ സംഗതിയെപ്പറ്റി ഞാൻ ചോദിച്ചതിൽ 'പിച്ച പുക്കു പൊരു' എന്നുള്ളതിനെ മന്ത്രങ്ങളുടെ കൂട്ട

ത്തിൽ ഗണിച്ചിട്ടില്ലെന്നും ശ്ലോപദികാം മാത്രം ഇതിനെ ചില പ്പോാം ഉപയോഗിക്കാറുണ്ടെന്നും അകരണത്തിൽ പ്രത്യവായമി ല്ലെന്നും അവർ ഇതിനെ ഉച്ചരിക്കുന്നതു് 'പിച്ച പുക്ക പൊരു' എന്നാണെന്നും മറുപടി പറഞ്ഞിരിക്കുന്നു. ഉച്ചാരണവിഷയ ത്തിൽ രസികരഞ്ജിനിയിലുള്ള വിശ്വാസം നിമിത്തം തൃപ്തിപ്പെടാ തെ പിന്നീടും സംശയിച്ചുമോദിച്ചപ്പോാം അവർ ചടങ്ങു ഗ്രന്ഥം എടുത്തു കാണിച്ചു് സംശയച്ഛേദം ചെയ്കയുമുണ്ടായി. ഈ മന്ത്ര ത്തക്കത്തിന്റെ തീച്ച വിധി പറഞ്ഞതു് പേരുമനാ ഗ്രാമത്തിൽ ചേന്ന ഒരു സ്മാത്തനാകയാൽ മദ്ധ്യകേരളീയനുമാകുന്നു. രിഞ്ജിനി ആവശ്യപ്പെട്ടന്ന പക്ഷാപേർ പറയുന്നതിനും ഗ്രന്ഥം ഹാജരാക്കി ന്നതിനും തയാറുമാണു്. ഈ വിധായകന്റെ പ്രാമാണ്യം ഓക്കു മ്പോാം 'രു' എന്നതിന്റെ ഉകാരചിഹ്നത്തെ വിസ്മൃമെന്നു ഭ്രമി ക്കുന്നതിനു് മാത്രമുള്ളതിനാൽ ഈ സംഗതിയിൽ ഭ്രമം രഞ്ജിനിക്കു തന്നെ ആകാനാണു് എളുപ്പം. രഞ്ജിനിയുടെ വാദത്തിന്റെ അടി സ്ഥാനക്കല്ലുതന്നെ ഈ വിധം തകർന്നു പോയതിനാൽ അതിനുപ രി ചമച്ചിട്ടുള്ള കെട്ടുമാനമെല്ലാം ഒന്നോടേ പൊടിയുന്നു.

കാട്ടു്, വീടു് മുതലായ ശബ്ദങ്ങളിലെ അന്ത്യവർണ്ണം ഒരു സം വൃതസ്വരമാണെന്നും അതിനെ ഉച്ചരിക്കുന്നതു് അകാരത്തിനും ഉ കാരത്തിനും മദ്ധ്യേ ഉള്ള ഒരു ശബ്ദംകൊണ്ടാണെന്നും എന്നാൽ അതിനു് ഉകാരത്തോടാണു് ചേച്ച അധികമെന്നു് കാട്ടുകാം, വീടു കാം മുതലായ ബഹുവചന രൂപങ്ങാം തെളിയിക്കുന്നു; എന്നുമാ ണു് കേരളപാണിനീയത്തിൽ പറഞ്ഞിരിക്കുന്നതു്. ഈ ഭാഗത്തെ എതുക്കുന്നതിനു് രഞ്ജിനി ഗൌരവലാഘവങ്ങാം ഒക്കയും വളരെ ആലോചിച്ചു് ചില ഭാഷാശാസ്ത്രസിദ്ധാന്തങ്ങളേയും പുരസ്കരിച്ചു് ഒടുവിൽ തനിക്കുലാഘവം സാധിക്കുന്നു. എന്നാൽ വ്യാകരണം കേവലാ ന്യായശാസ്ത്രത്തേക്കാാം ചരിത്രശാസ്ത്രത്തെ അനുസരിക്കു ന്ന ഒരു ശാസ്ത്രമാണെന്നാണു് ഞാൻ അറിഞ്ഞിടത്തോളവും ഭാഷാ ശാസ്ത്രം ഘോഷിക്കുന്നതു്, അതുകൊണ്ടു് ആ മാതിരി വാദവും എ നിക്കു അപ്രതികൂലമല്ലെങ്കിലും ഗൌരവലാഘവ വാദത്തിൽ പ്രവേ ശിക്കാൻ മനസ്സു വരുന്നില്ല.

'കാട്ടുകാം' 'വീട്ടുകാം' മുതലായ ബഹുവചനരൂപങ്ങളിൽ അ ന്ത്യസ്വരം വികല്പേന എങ്കിലും ഉകാരമാകാമെന്നു് രഞ്ജിനിയും

സമ്മതിച്ചല്ലൊ. ഇനി പാക്ഷികമല്ലാത്ത വേറെ ഒരു സ്ഥലവുംകൂടി തെളിവിനായിട്ടെടുത്തു കാണിക്കാം. 'വന്നു' 'ഇരുന്നു' ഇത്യാദികളിൽ ഭൂതകാലത്തിലേ പൂർണ്ണക്രിയകളാണല്ലൊ. ഇവയെ പൂർവ്വകാലക്രിയകളാക്കി മറെറാരു ക്രിയയ്ക്കു കീഴ്പ്പെടുത്തുമ്പോൾ ഉണ്ടാകുന്ന രൂപങ്ങൾ 'വന്നു' 'ഇരുന്നു' എന്നല്ലയൊ? ഉദാഹരണം. 'രാമൻ ഇവിടെ വന്നു കുറച്ചു നേരം ഇരുന്നു സംസാരിക്ക ഉണ്ടായി' ഇവിടെ 'വന്നു' 'ഇരുന്നു' എന്ന പൂർവ്വകാലക്രിയാരൂപങ്ങളുടെ അന്ത്യസ്വരം 'കൊട്ട' 'വിട്ട' ഇത്യാദികളിലെപോലെ സംവൃതമല്ലയൊ? അപ്പോൾ സ്വതന്ത്രമായി നില്ക്കുന്ന പൂർണ്ണക്രിയയുടെ അന്ത്യമായ ഉകാരത്തെ സംവൃതമാക്കിയാൽ ആ ക്രിയ മറെറാരു ക്രിയയിൽ അന്വയിക്കുന്ന അപൂർണ്ണക്രിയയാകും എന്നാണ് മലയാളത്തിലേ വ്യാകരണരീതി. മറിച്ചു പൂർണ്ണക്രിയക്കുതന്നെ അധികം ബലം കൊടുക്കണമെന്നു വിവക്ഷിക്കയൊണെങ്കിൽ അന്ത്യസ്വരത്തേ നീട്ടുക— എങ്ങനെ എന്നാൽ- 'വന്നുശരത്സമയ മംബുദമൊന്നുകണ്ടു' ഇതു വളരെ യുക്തിയുക്തമായ ഒരു എഴുപ്പാടാണെന്നു സ്പഷ്ടമാകുന്നു. ഈ രൂപസിദ്ധിസമ്പ്രദായംകൊണ്ടും സന്ദിശ്ധമായ സംവൃതസ്വരം ഉകാരത്തിന്റെ വികാരമാണെന്നു സ്പഷ്ടമാകുന്നില്ലയൊ? ഇതെല്ലാം നോക്കുമ്പോൾ സംവൃതസ്വരം അകാരമാണെന്നു എങ്ങനെ സമ്മതിക്കുന്നു.

രഞ്ജിനിയുടെ വാദങ്ങളിൽ ഒരുഭാഗംമാത്രം എനിക്കും സമ്മതിച്ചേതീരു. പണ്ടുള്ളവർസംവൃതത്തെ പ്രത്യേകചിഹ്നമൊന്നുകൂടാതെ അകാരംപോലെതന്നെ ആണ് എഴുതിവന്നതു. ഇതിനുള്ള കാരണം താഴെവിവരിക്കുന്നതായിരിക്കാമെന്നു ഞാൻ ഊഹിക്കുന്നു. മലയാളത്തിലെ കുട്ടികളെ പഴയ ആശാന്മാർ പഠിപ്പിക്കുന്ന നിലത്തെഴുത്തു മന്ത്രശാസ്ത്രപ്രകാരമുള്ള സംസ്കൃതാക്ഷരമാലയാകുന്നു. സംസ്കൃതത്തിൽഇല്ലാതെ മലയാളത്തിനുള്ള ഴ' ഒ' എന്നുള്ള വ്യത്യാസാക്ഷരങ്ങളെമാത്രം നിലത്തെഴുത്തിന്റെ ഒടുവിൽ അവർ ചേർത്തിട്ടുണ്ട്. ഹ്രസ്വങ്ങളായ എകാര ഒകാരങ്ങളെ ആകുട്ടികളുടെ ഭേദത്തെ ആകുട്ടി അവർ ഗണിച്ചിട്ടില്ല. ആ കൂട്ടത്തിൽ ഈ സംവൃതസ്വരത്തേയും വകവെയ്ക്കാഞ്ഞതായിരിക്കാം. തമിഴ അക്ഷരമാല ഉപേക്ഷിച്ച സംസ്കൃതാക്ഷരമാലയെ സ്വീകരിച്ച അവസരത്തിലുണ്ടായ വ്യാകുലതകളും ഈ ന്യൂനതയ്ക്കു സഹായിച്ചിരിക്കും.

'പറയെണം' എന്നുവേണ്ടതിനേ 'പറയണം' എന്നഏകാരത്തെ അ കാരമാക്കിയതും, 'ഏതിച്ചു' എന്നിരുന്നതിനെ 'ഏതുത്തു' എന്നാ ക്കുന്നതും മറവും അക്കാലത്തുണ്ടായിച്ചിട്ടുള്ള ലിപിസ്സ്വലിതങ്ങളുടെ ല ക്ഷ്യങ്ങളാണ്. അവ്വാചീനവൈയാകരണന്മാരായ കൊവുണ്ണിനെട്ടാടി പാച്ചുമൂത്തതുമുതലായ മഹാന്മാർകൂടി മലയാളത്തിന്റെ പ്രകൃതി സംസ്കൃതമാണെന്നു് തെറ്റിധരിച്ചുപോയസ്ഥിതിയ്ക്കു് പ്രാ ചീനന്മാക്കു ഈ ഭ്രമം ധാരാളംസംഭവിച്ചിരിക്കാവുന്നതും, അതിനെ കുറിക്കാൻ സംസ്കൃതത്തിൽ പ്രത്യേകചിഹ്നമില്ലാത്തതുകൊണ്ടു് ഭാ ഷയിലും അതാവശ്യമില്ലെന്നു ഉദാസീനപ്പെട്ടിരിക്കാവുന്നതും ആകു ന്നു. എന്നാൽ ഒരു സംവൃതസ്വരം ഭാഷയിലും സംസ്കൃതത്തിലും ഉണ്ടെങ്കിലും രണ്ടിനുംതമ്മിൽ വളരെവ്യത്യാസമുണ്ടു്. സംസ്കൃത ത്തിൽ സംവൃതാകാരം വ്യാകരണത്തെ സ്പർശിക്കുന്നതേയില്ലാ. പാ ണിനി അതിനെ സവ്ർണ്ണാസിദ്ധമായിട്ടു 'പൂർവ്വാസിദ്ധ'ത്തിന്റെ ഒടുവിലാണു് ചേർക്കുന്നതു്. മലയാളത്തിൽ ഈ ഭേദമൊന്നുതന്നെയാ ണു് പൂർണ്ണഭേദത്തെ പൂർവകാലക്രിയ എന്നുപറയുന്ന അപൂ ർണ്ണക്രിയയെ നിർമ്മിക്കുന്നതിനുള്ള വ്യാകരണ പ്രക്രിയഎന്നു് മുമ്പു തന്നെ വ്യക്തമായി കാണിച്ചല്ലൊ. സംവൃത ഉകാരം ഭാഷയിൽ ഇത്രത്തോളം പ്രധാനപ്പെട്ട ഒരെണ്ണമാകയാലാണു് ഒരു വ്യാകര ണഗ്രന്ഥം എഴുതാൻ പുറപ്പെട്ടനാവന്നു അതിന്റെ സ്വഭാവം നി ർണ്ണയിക്കുന്നതിൽ ഇത്ര വളരെ പ്രയാസവും ക്ലേശവും നേരിട്ടന്നതു. സംസ്കൃതത്തിലെപ്പോലെ കേവലം ഉച്ചാരണത്തെ മാത്രമേസ്പർശി ച്ചിരുന്നുള്ളുവെങ്കിൽ രഞ്ജിനി പറയുംപോലെ അകാരത്തിന്റെ വ കഭേദമെന്നൊ, അല്ല ഇനിവല്ലവരും പറഞ്ഞേക്കാവുന്നതുപോലെ ഒരു പ്രത്യേകം അക്ഷരമേ അല്ലെന്നൊ തള്ളാമായിരുന്നു.

ഇത്രയും പറയേണ്ടിവന്ന സ്ഥിതിയ്ക്കു കൃഷ്ണമാചാര്യർ അവർ കളുടെ ഉപന്യാസത്തെപ്പറ്റിയും രണ്ടുവാക്കു പറയാതെ ഉപസംഹ രിക്കുന്നതു വിഹിതമല്ലാ. ആ സംഗതിയിലും രഞ്ജിനിക്കുള്ള ഇച്ഛാ ഭംഗം വരുത്തിക്കൂടല്ലൊ. എന്നാൽ അതു അനുമോദനത്രപം ത ന്നയൊ എന്നു് തിട്ടപ്പെടുത്തുന്നില്ല. ആചാര്യരുടെ ലേഖനം സ രസരമണീയവും സവ്ർങ്കഷവുമായിരിക്കുന്നു. ആ ലേഖനത്തിൽ ഒരു വാചകത്തിൽ മാത്രമെ എനിയ്ക്കു സ്വല്പം വിപ്രതിപത്തിയുള്ളു. അ

തായതു—എന്നാൽ പാണിനീയത്തിൽ പറഞ്ഞിരിക്കുന്നതുപോ ലെ മുറുകാരമെഴുതിട്ട മാത്രമെ മീത്തൽ വയ്ക്കാൻ പാടൊള്ള എന്നു ള്ള നിയമം സ്വീകരിക്കാൻ യാതൊരു കാരണവും ഞാൻ കാണു ന്നില്ല.' ഭാഷയിൽ ഒരു സംവൃതസ്വരമുണ്ടെന്നും അതു അകാരമല്ല, ഉകാരമാണെന്നുമല്ലാതെ അതിനെ കുറിക്കുന്നുള്ള ചിഹ്ന വിഷയ ത്തിൽ യാതൊരു നിബ്ബന്ധവും പാണിനീയത്തിൽ ചെയ്തിട്ടില്ല. ഉകാരത്രുപമെഴുതി ചന്ദ്രക്കലാചിഹ്നമിടുക എന്നുള്ള സങ്കേതമാണ് ഇപ്പുസ്തകത്തിൽ സ്വീകരിച്ചിരിക്കുന്നതു എന്നുമാത്രമെ ലിപിന്യാ സത്തെപ്പററി പറഞ്ഞിട്ടുള്ളു. പക്ഷെ ആചാര്യർ അനുഷ്ഠാനാതന്നെ വിധി എന്നഅർത്ഥം കല്പിച്ചിരിക്കാം; ഇരിക്കട്ടെ. ഇനി ഈ മാതി രി ഒരു സങ്കേതം സ്വീകരിച്ചതിനുള്ളകാരണം വ്യാകരണത്തിൽ വി വരിച്ചിട്ടില്ലാത്തതിനാൽ ഇവിടെ വിവരിക്കാം. കേരളപാണിനീ യം എഴുതുന്നകാലത്തു സ്വരസ്പർശം ഇല്ലാത്ത വെറും വ്യഞ്ജനങ്ങ ളെ എഴുതിക്കാണിക്കുന്നതിനു് തമിഴിലുള്ള ഉപരി അനുസ്വാരചി ഹ്നമിടുന്ന സമ്പ്രദായം നടപ്പില്ലായിരുന്നു. ആ രീതി കേരളപാണി നീയ ജനനാനന്തരം മലയാളമനോരമ ആദ്യമായി പുറപ്പെടുവി ച്ചതാണു്. അതു മിക്കമലയാളികൾക്കും രസിക്കാത്തതിനാൽ മ നോരമയ്ക്കുതന്നെ അചിരേണ ഉപേക്ഷിക്കേണ്ടതായും വന്നു. മീത്ത ൽ തൊട്ടുകുറിയ്ക്കുക എന്ന ചന്ദ്രക്കലചിഹ്നം ആദ്യമായി ഗാത്തു വേറെ സാധുവർകൾ സംവൃതചിഹ്നമായി ഉപയോഗിച്ചുതുടങ്ങി എങ്കിലും പ്രായേണ ആ ചിഹ്നാന്വയവിയോഗസൂചകമായിട്ടാണു് ഗണിച്ചുവന്നിട്ടുള്ളതു്. ഭാഷയിൽ 'ആയ്' 'പോയ്' എന്നു് സ്വര ഹീനമായ യകാരത്തെ കുറിക്കുന്നതിനും; സംസ്കൃതത്തിൽ 'ലങ്', 'നഞ്' ഇത്യാദികളിൽ താദൃശ നകാര ഞകാരാദികളെ കുറിക്കു ന്നതിനും ഈ ചന്ദ്രക്കലയെ ഉപയോഗിച്ചിരുന്നു. അതിനാൽ പ്രചാരബലത്താൽ ചന്ദ്രക്കലാചിഹ്നത്തിന്റെ മുഖ്യോപയോ ഗം സ്വരപൂർണ്ണകരണമെന്നോ എനിക്കു കല്പിക്കാൻ ന്യായമുണ്ടാ യിരുന്നുള്ളു. അപ്പോൾ മുറുകാരമെഴുതി മീത്തൽ ഇട്ടാൽ ഉകാര ചിഹ്നാകാണുന്നതുകൊണ്ടു ഉകാരമുണ്ടെന്നും എന്നാൽ മീത്തൽ കൂടി ചേർത്തിരിക്കുന്നതുകൊണ്ടു സ്വരാംശത്തെ ത്യജിക്കണമെന്നും, രണ്ടുംകൂടിനടക്കാത്തതിനാൽ ചിഹ്നദ്വയത്തിനും സാഫല്യംവരു ന്നവിധം ഉകാരത്തെ സ്വരാംശത്തിൽ കുറവുചെയ്തു (അതായതു

സംവൃതമാക്കി) ഉച്ചരിക്കണമെന്നു അത്ഥവുംവന്നുകൊള്ളും എന്നാ യിരുന്നു എന്റെ യുക്തി. അതുമാത്രമല്ല, മുൻകാണിച്ചപ്രകാരം പൂ വ്വകാലക്രിയകളെ നിർമ്മിക്കുന്നു, ഉ, പ്രത്യയാന്തഭൂതങ്ങളിൽ ഉകാര ത്തെ സംവൃതമാക്കീട്ടാകയാൽ മുറുകാര ലിപിയെത്തന്നെ എഴുതീ ട്ടു അരയുകാരമാക്കാൻ മാത്രമുണ്ടായിരുന്നാൽ ശിഷ്യരെ ഗ്രഹിപ്പിക്കു ന്നതിൽ അധികം സൌകര്യംകാണും. ഇതിനുംപുറമേ സംവൃത സ്വരം വിസർഗ്ഗാദിയെപ്പോലെ ഒരിക്കലും സ്വതന്ത്രമായ് നിൽക്കു ന്നതാണെങ്കിലും വൈയാകരണന്മാർ അതിനേറ്റവും പലസ്ഥലങ്ങ ളിലും വ്യവഹരിക്കേണ്ടിവരുന്നതിനാൽ സംവൃതമെന്നതന്നെ ആ വശ്യമില്ലാതെ ഉകാരമെന്നും വേണ്ടിവന്നാൽ എഴുതിക്കൊള്ളാൻ മാ ത്രമുണ്ടാക്കുമല്ലൊ. ഇപ്പോഴാകട്ടെ മനോരമയേ അനുസരിച്ചു സ്വ രാസ്പൃഷ്ടവ്യഞ്ജനങ്ങളേ കുറിക്കുന്നതിന്നു തമിഴിലെ തലക്കുത്തിനെ സ്വീകരിച്ചു ചന്ദ്രക്കലാചിഹ്നത്തെ സംവൃത ഉകാരത്തെ കുറിക്കുന്ന തിനുമാത്രമായി ഉപയോഗിക്കയെന്നൊരേർപ്പാടു ചെയ്യുന്നതായാൽ അതിൽ ഞാനും ചേരുന്നതിനു തെയ്യാർതന്നെ. എന്നാൽ രഞ്ജിനി മുതലായ മേൽത്തരം മാസികകൾക്കുകൂടി സംവൃതാകാരഭ്രമം നില നിൽക്കുന്നിടത്തോളംകാലം കേരളപാണിനീയത്തിൽ ചെയ്തിട്ടുള്ള ലിപിവിന്യാസംതന്നെ അല്പമൊ കൊള്ളാവുന്നതുപോലും തോന്നി പ്പോകുന്നു. ചന്ദ്രക്കലയേ കേവലവ്യഞ്ജനത്തെക്കുറിക്കുന്നതിനും സംവൃത ഉകാരത്തെക്കുറിക്കുന്നതിനും ഒന്നുപോലെ രഞ്ജിനി ഒരേപോ ലെത്തന്നേ ഉപയോഗിക്കുന്നതിനു ൻ ധനു ലക്ഷ്മി-യാ വശ്യം നോക്കുക. അതിൽ 'ഇത് കേട്ട് എഴുത്തച്ഛൻ കൊണ്ട് ഞാൻപോന്നു.' എന്നിടത്തും മറുകു ചിഹ്നം സംവൃതത്തെക്കുറിക്കു ന്നു. 'മാഡാഫ് ഡ്രസ്സിങ്ങ്', ഇത്യാദികളിൽ ശുദ്ധവ്യഞ്ജനത്തേയും ആചിഹ്നംതന്നെക്കുറിക്കുന്നു. പ്രകൃതവശാൽ ലിപിവിന്യാസത്തിൽ മറെറാരവ്യവസ്ഥയേക്കൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഇവിടെഎടുത്ത ഉദാഹരണങ്ങളിൽ ആദ്യത്തേതിൽ 'ഇത്' 'കേട്ട്' എന്ന രണ്ടുപദങ്ങളിലും സംവൃതത്തിനു ചന്ദ്രക്കലാചിഹ്നമാണു. 'എഴുത്ത്' എന്നുള്ളിടത്തു മുറുകാരംതന്നെ ആണു ഉപയോഗിപ്പാൻപോവു. ഈ വക അവ്യവസ്ഥകൾ ഇരിക്കുന്നിടത്തോളം കാലം ലിപിവി ന്യാസത്തിനു ഐകരൂപ്യം എളുപ്പകാലത്തു നടക്കുമെന്നു ഈശ്വരനു മാത്രം അറിയാം.

ഈ ലേഖനത്തിൽനിന്നും എനിക്കു രസികരഞ്ജിനിയുടെ നേരേയുള്ള നിലയെ വായനക്കാർ അന്യഥാ ഗ്രഹിക്കരുതെന്നു ഞാൻ പ്രത്യേകം പ്രാർത്ഥിച്ചുകൊള്ളുന്നു. ഇപ്പോൾ മലയാളത്തിൽ നടത്തിവരുന്ന മാസികകളിൽ എല്ലാറ്റിനുംവെച്ചു ഉത്തമസ്ഥാനം രഞ്ജിനിക്കാണെന്നാണ് എന്റെ അന്തഃകരണസാക്ഷികമായ വിശ്വാസം. ഈ മാസികയ്ക്കു ഉപയുക്തമായ അഭിവൃദ്ധിയേയും ഞാൻ ഹൃദയപൂർവ്വം ആശംസിക്കുന്നു. പ്രകൃതലേഖനത്തിൽ ദോഷങ്ങളേമാത്രം ചൂണ്ടിക്കാണിക്കേണ്ടിവന്നതു വിഷയസ്വഭാവഭേദമെന്നമാത്രമെ ഉള്ളൂ. സുഹൃത്തുക്കളായ രണ്ടു വക്കീലന്മാർ വാദിഭാഗവും പ്രതിഭാഗവും വക്കാലത്തുപിടിച്ചു കോട്ടിൽ ചെന്നു തമ്മിൽ തല്ലിയാലും കോടതി പിരിഞ്ഞാൽ പണ്ടേപ്പോലെ അവർ സുഹൃത്തുക്കൾതന്നെ.

എ. ആർ. രാജരാജവർമ്മ, എം. എ., എം. ആർ. എ. എസ്സ്.

ഒരു ദുർമ്മരണം.

പന്ത്രണ്ടാമദ്ധ്യായം.

ഉപസംഹാരം.

ഇൻസ്പെക്ടർ പിറേറദിവസം കാലത്തെഴുനേറ്റ് റിക്കാട്ടുകെട്ടിൽനിന്നൊരു കടലാസ്സുചുരുളെടുത്ത് നീർത്തിയപ്പോൾ കനകിൽ മുട്ടെടുത്ത കനകച്ചെങ്ങിലപോലെ വിളങ്ങുന്ന സൂര്യബിംബത്തിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന രശ്മിക്കൂട്ടം ജനാലകളിൽകൂടിക്കടന്ന് സ്റ്റേഷൻമുറിക്കകത്തു കുടികൊണ്ടിരുന്ന അന്ധകാരനികരത്തെ നിർമ്മൂലനം ചെയ്യുവാൻ തുടങ്ങിയത് കണ്ടാൽ പതിമ്മൂന്നാന്തിയുതി പുലർന്നത് കണ്ടുണ്ണിനായർ ഇൻസ്പെക്ടരുടെ പ്രത്യേകാവശ്യത്തെ ഉദ്ദേശിച്ചുതന്നെയാണോ എന്നുതോന്നും. ഇൻസ്പെക്ടർക്കു ഉപകാരസ്മരണയുണ്ടാകാതിരുന്നില്ല. ബാലാക്കിരണങ്ങളെ ആദര

പൂവ്വും സ്വീകരിച്ചുകൊണ്ട് അദ്ദേഹം ജനാലയുടെ അടുക്കലേക്കു നീങ്ങി. അവിടെനിന്നുകൊണ്ട് അന്നേദിവസം കോടതിമുമ്പാകെ ചാർജുചെയ്യാൻ നിശ്ചയിച്ചിരിക്കുന്ന കൊലപാതകക്കേസ്സുകളുടെ വികടമാർഗ്ഗങ്ങളിൽ അകപ്പെട്ട ചേരയെ മിഴുങ്ങുവാൻ ഉത്സാഹിച്ച നീർക്കോലിയെപ്പോലെ യാതൊരവസാനവും കണ്ടുകിട്ടാതെകിടന്നു കുഴങ്ങുമ്പോൾ വഴിയിലൊരു കോലാഹലംകേട്ട തിരിഞ്ഞുനോക്കിയ നിമിഷത്തിൽ കേസ്സാലോചനമൂലം കണ്ടുണ്ടായിരുന്ന കഷ്ടപ്പാട സകലതും കലാശിച്ചു. നെറ്റിത്തടത്തിലെ ചുളിവുകളൊക്കെ നിവന്നു. തല ചൊറിഞ്ഞിരുന്ന കയ്യിന്റെ ജോലിയും ഒഴിഞ്ഞു. എതിരായിവരുന്ന സപ്തരൂപത്തിൽ പതിഞ്ഞിരിക്കുന്ന ദൃഷ്ടികൾക്കുമാത്രം ഏകാഗ്രമിഴി കുറഞ്ഞുപോയതിനാൽ വേല കുറെകൂടിവർദ്ധിച്ചു. വളരെത്താമസംകൂടാതെ പ്രത്യക്ഷമായിട്ടുകാണുന്ന സപ്തരൂപത്തെക്കുറിച്ചുണ്ടായിരുന്ന സംശയംതീർന്ന് വിശ്വാസം ജനിച്ചതോടുകൂടി വായിച്ചിരുന്ന കടലാസ്സും വലിച്ചെറിഞ്ഞ് ആനന്ദപുരം ഇൻസ്പെക്ടർനിലവിട്ട പകച്ചുനിന്നുപോയി. ഇൻസ്പെക്ടർ കേട്ട കോലാഹലം പടിക്കൽകൂടിയിരുന്ന ജനസംഘത്തിന്റെയായിരുന്നു. അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന കടലാസ്സ് സ്റ്റേഷനാസ്സരുടെ മരണത്തെപ്പറ്റിയായിരുന്നു. സ്റ്റേഷനിലേക്കു കടന്നുവന്ന സപ്തരൂപം നമ്മുടെ പണ്ടത്തെ സ്റ്റേഷനാസ്സരുടേതുമായിരുന്നു.

ചത്തുജീവിച്ച ഭാസ്കരമേനവനെ കണ്ടിട്ടുണ്ടായ ഭയത്താലും ആശ്ചര്യത്തതാലും സുബ്രഹ്മണ്യരായ തന്റെ കീഴ്ദ്യോഗസ്ഥന്മാരെയും മറവപലരേയും തൽക്കാലം ഗണ്യമാക്കാതെ സ്റ്റേഷനാസ്സർ നേരിട്ട ഇൻസ്പെക്ടരുടെ സന്നിധാനത്തിൽചെന്ന് സലാംവച്ചുനിൽക്കുകയാണുണ്ടായത്. ഇൻസ്പെക്ടർ ഒന്നുകൂടി കണ്ണുമിഴിച്ചതല്ലാതെ ഏതൊരുവിധത്തിലാണ് സ്റ്റേഷനാസ്സുക്ക് സ്വാഗതംപറയേണ്ടതെന്ന് തീരുമാനിക്കുവാൻ ശക്തനായില്ല. സ്റ്റേഷനാസ്സർ തന്റെ അജ്ഞാതവാസകഥപറഞ്ഞ് ഇൻസ്പെക്ടരെ സമാധാനപ്പെടുത്തുകയും ഉണ്ടായില്ല. അതിനുള്ള സമയം വന്നിട്ടില്ലെന്ന് കണ്ടിട്ടെന്നപോലെ,

കേസ്സെല്ലാം തെളിഞ്ഞു. സ്റ്റേഷനിൽകിടക്കുന്ന പുള്ളികളെ എന്റെകൂടെ ഇപ്പോൾതന്നെ അമ്പലക്കാട്ടുക്കു പുറപ്പെടുവാൻ ഉത്തരവുണ്ടാവണം. ഇവിടുന്നും സഹായത്തിന് വരുന്നതായാൽ

ഉപകാരമായിരുന്നു' എന്ന് ഭാസ്കരമേനോൻ ബോധിപ്പിച്ചതിനു് അനുസ്വാരശൂന്യമായ പ്രണവംകൊണ്ടൊരു അനുസരണവും അതിനു യോജിച്ച നടവടിയും ആയിരുന്നു ഇൻസ്പെക്ടരുടെ മറുവടി.

ഇൻസ്പെക്ടരും ആളുകളും അമ്പലക്കോട്ടചെന്ന കയറിയപ്പോൾ സ്റ്റേഷനാപ്പീസരുടെ ശിഷ്യനും പോല്ലിസ്സുകാരനും നാലുകെട്ടിൽനിന്നു് കോലായിലേക്കു് കടക്കുന്ന വാതലിന്റെ ഇരുഭാഗത്തും കൂടിയിരിക്കുന്നു. അപ്പാത്തിക്കരി നടുമിറ്റത്തിന്റെ വക്കത്തു് വല്ലിയിന്മേൽ കയ്യുകൊടുത്തു് കയ്യിന്മേൽ തലയുംചാച്ചു് ചിന്താക്രാന്തനായിട്ട കാലുപിണച്ചു നിൽക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ ഭാര്യ അടുത്തുള്ള തൂണിന്മേൽ ചാരിയിരുന്നു് കണ്ണീരിൽ കുളിക്കുന്നതുമുണ്ടു്. സ്റ്റേഷനാപ്പീസർ വാതുക്കൽനിന്നിരുന്നവരോടു സംസാരിച്ചതും ശങ്കരമേനോൻ മരിച്ചുകിടക്കുന്ന അകം തുറന്നുനോക്കിയതും അപ്പാത്തിക്കരിയാകട്ടെ ഭാര്യയാകട്ടെ അറിയാഞ്ഞതെന്തുകൊണ്ടാണെന്നു് പുത്രഭാഗ്യമനുഭവിച്ചിട്ടുള്ള മാതാപിതാക്കന്മാരെപ്പോലെ മറന്നാക്കുന്ന പൂർണ്ണമായി അറിവാൻ കഴിയുന്നതു്? നാലുകെട്ടിലേക്കു് കടക്കുന്ന ഇൻസ്പെക്ടരുടെ ബൂട്ടീസ്സിന്റെ ശബ്ദം കേട്ടിട്ടാണു് അപ്പാത്തിക്കരി തിരിഞ്ഞുനോക്കിയതു്. ആ മാത്രയിൽ അദ്ദേഹത്തിന്റെ നയനങ്ങളിൽനിന്നു് പൊട്ടുന്നനെ പുറപ്പെട്ട അശ്രുധാരയെ ഒതുക്കിനിത്തുവാൻ മനസ്സിൽ കത്തിക്കാളുന്ന വ്യസനം അദ്ദേഹത്തിനെ സമ്മതിച്ചില്ലെന്നേ പറയേണ്ടതുള്ളൂ. സ്റ്റേഷനാപ്പീസരെ കണ്ടമുതൽ ഇൻസ്പെക്ടരുടെകാഴ്ചയും കേൾവിയും മറവും കേവലം സ്വപ്നപ്രായങ്ങളായിത്തീർന്നു. അമ്പലക്കോട്ടക്കുള്ള വരവുതന്നെ വാസുവത്തിൽ സ്വപ്നാടനമെന്നോ പറഞ്ഞുകൂടാ, അവിടെവന്നതിന്റെശേഷം നടന്നതുമുഴുവനും നടന്നിരുന്നതും കണ്ടുണ്ണിനായരെച്ചൊല്ലിയേടത്തോളം സ്വപ്നത്തിൽ സ്വപ്നമെന്നല്ലാതെ മറെറാന്നും പറവാൻകാണുന്നില്ല. ഈ സ്ഥിതിയിൽ ഇൻസ്പെക്ടരുണ്ടോ അപ്പാത്തിക്കരിയെ സമാധാനപ്പെടുത്തുവാൻ പുറപ്പെട്ടാൽ പ്രാപ്തനായിത്തീരുന്നു. മുഖത്തോടുമുഖം നോക്കിക്കൊണ്ടു് മൂകന്മാരെപ്പോലെ നിന്നിരുന്ന ഇവരെ ഈ ദുഷ്ടസ്ഥിതിയിൽനിന്നു് രക്ഷപ്പെടുത്തുവാൻ സ്റ്റേഷനാപ്പീസർതന്നെ സഹായിക്കേണ്ടിവന്നു. അദ്ദേഹം ഇവരുടെ അടുത്തുവന്നു്.'

'ഇനി നിങ്ങൾ ഈ കാര്യത്തെപ്പറ്റി വിചാരിച്ചു് വ്യസനി

ച്ചിട്ട് ഫലമുണ്ടെന്നു തോന്നുന്നില്ല. സംഗതികളെല്ലാം ഞാൻ അ നേപക്ഷിച്ചറിഞ്ഞിരിക്കുന്നു. പക്ഷെ കുറച്ചധികം വിസ്തരിപ്പാനുള്ള തുകൊണ്ട് സൌകര്യമായിട്ടൊരു ദിക്കിൽ പോയിരുന്നിട്ടാണെങ്കിൽ നന്നായിരുന്നു' എന്ന് സാവധാനത്തിൽ പറഞ്ഞതുകേട്ട് അപ്പാ ത്തിക്കരി അദ്ദേഹത്തിന്റെ ആപ്പീസ്സുമുറിയിലേക്കു വഴികാണി ച്ചു. ഇൻസ്പെക്ടരും അപ്പാത്തിക്കരിയും അകത്തുകടന്ന് ഓരോചാ രുകസാലയിൽ ഇരുന്നതിന്റെശേഷം ഇൻസ്പെക്ടരുടെ അനുവാ ദത്തോടുകൂടി സ്റ്റേഷനാപ്സരും ഒരു ചൂരൽക്കസാലയിൽ ഇരുന്നു. എ ന്നിട്ട് അടുത്തുകിടക്കുന്ന മേശയുടെ വക്ക് തലോടിക്കൊണ്ട് ഇപ്ര കാരം ആരംഭിച്ചു.

'ഈ മരണവും കിട്ടണ്ണിമേനവന്റെ കേസ്സിനോട് സംബ ന്ധിച്ചതുതന്നെയാണ്' എന്നുപറഞ്ഞ് കുറച്ചുനേരം മിണ്ടാതിരുന്നു. കേട്ടിരിക്കുന്നവരും മൌനത്തെ ഉപേക്ഷിച്ചില്ല.

'ഇക്കഴിഞ്ഞ അഞ്ചാന്തിയ്യതി രാത്രി എട്ടുമണി പത്തുമിന്നിട്ടി ന് ഒരാൾ കമ്പൌണ്ടരുടെ അറിവുകൂടാതെ ആസ്പത്രിയിൽനിന്ന് ഫ്രൂസിക്ക് ആസിഡ്' എന്ന വിഷമരുന്നു കട്ടകൊണ്ടോടി. ഇ യാൾ രോഗികൾ കിടക്കുന്ന മുറിയിൽക്കൂടിയാണ് അകത്തേക്ക് ക ടന്നതും തിരിയേ പോന്നതും. പരിഭ്രമത്തിന്റെ ശക്തികൊണ്ട് മ രുന്നുകുപ്പി തുടച്ചുവക്കാനാവട്ടെ രോഗികളെ ഉപദ്രവിക്കാതെ നട ക്കാനാവട്ടെ ക്ഷമയുണ്ടായില്ല. ഇയാൾ ശല്യപ്പെടുത്തിയ രോഗിയു ടെ നിലവിളി കമ്പൌണ്ടർ പുറത്തുപോയി വരുമ്പോൾ കേട്ടുവെങ്കി ലും സാധാരണയായിട്ട് വിചാരിച്ചതിനാൽ അത്ര ശ്രദ്ധവച്ചില്ല'.

'കുമാരൻനായരല്ലെ കമ്പൌണ്ടരെ മാറിനിന്നിയത് എന്ന ചോദ്യം മൂലമാണ് ഇൻസ്പെക്ടരുടെ മൌനത്തിന് ഭംഗംവന്നത്.

'കുമാരൻ നായരും കമ്പൌണ്ടരുംകൂടി ആസ്പത്രിക്ക് പുറത്ത സംസാരിച്ചു നിൽക്കുമ്പോഴാണ് ആൾ കമ്പൌണ്ടരുടെ അകത്തു കടന്നത്. പക്ഷെ കുമാരൻ നായർ ഇതൊന്നും അറിഞ്ഞിട്ടേ ഇല്ല. ഉടപ്പിറന്നവളുടെ നിബ്ബന്ധംകൊണ്ടാണ് പണയപ്പണ്ടം അന്നു രാ ത്രിതന്നെ കുമാരൻ നായക്കുട്ടിക്കേണ്ടിവന്നത്.'

'ഇതിൽ ശങ്കരനെന്താണ് പിഴച്ചത്?' എന്ന് അപ്പാത്തിക്ക രിയും സംവാദത്തിൽ പങ്ക് കൊള്ളുവാൻ തുടങ്ങി.

ശങ്കരമേനവന്റെ മരണം ഒടുക്കത്തെ സംഗതിയാണ്. അ

ത് ഞാൻ അവിടെ വരുമ്പോൾ പറയാം. പണയം വച്ചാളും അ മുവിനെക്കൊണ്ട് കുമാരൻ നായരോട് പറയിപ്പിച്ചാളും വേറെയാ ണ്. ഈ രഹസ്യമെന്നയാണ് വിഷമരുന്നുപഹരിക്കുന്നതിൽ സ ഹായിച്ചിട്ടുള്ളതും. കുമാരൻ നായരുടെ സഹായമുണ്ടായിരുന്നുവെ കിൽ ഇത്ര പരിഭ്രമിച്ച് മരുന്നെടുക്കേണ്ടി വരില്ലായിരുന്നു'.

'ആരാത്, കായ്മസ്ഥനൊ കുഞ്ഞിരാമൻ നായരേ?'

'ഊരും പേരും ഞാൻ വഴിയെ പറഞ്ഞൊളാം. കുമാരൻ നാ യർ പത്തുമിന്നിട്ടേ കമ്പൌണ്ടറായിട്ട് സംസാരിച്ചു നിന്നിട്ടുള്ളു. കായ്യം കഴിഞ്ഞപ്പോൾ അദ്ദേഹം പിരിഞ്ഞു. അപ്പോൾ എട്ടുമണി പത്തുമിന്നിട്ടായി. ഇതിനു സാക്ഷി കുമാരൻ നായരുടെ വാച്ച് ത ന്നെ. കരാൾ മരുന്നുകൊണ്ടുപോയല്ലോ. അയാൾ വീട്ടിൽചെന്ന് ഉണ്ടുവെന്നു വരുത്തി അകത്തുപോയിക്കിടന്നു. മറെറല്ലാവരും ഉറ ങ്ങേണ്ട സമയമായപ്പോൾ അടുക്കളയിൽ ചെന്ന് കിണറിൻകരയുള്ള തുടിയിന്മേൽ പിടിച്ച പുറത്തെക്കു കടന്നു. ഇതിന് വീ ട്ടിൽ താമസിക്കുന്ന ഒരു ശിഷ്യൻതന്നെയാണ് സാക്ഷി.'

'ശിഷ്യനെങ്ങിനെയാണ് അതു കണ്ടെത്തിയത്?' എന്നു ചോ ദിക്കേണ്ട ആവശ്യം അപ്പാത്തിക്കരിയുടേതായിരുന്നു.

'രുചിക്ഷയം കണ്ടാൽ പുറത്തെക്കു ചാടുന്ന ദിവസമാണെ ന്ന് കുറെ ദിവസം മുമ്പുതന്നെ ശിഷ്യൻ തീച്ചപ്പെടുത്തിട്ടുണ്ടത്രെ. വീട്ടിലെ 'വല്യേജമാനനും' ഇതിനെപ്പററി കുറച്ചേതാണ്ടൊക്കെ ത്രുപ മുണ്ടെന്നുകൂടി കേട്ടു.'

'ശങ്കരൻ കുറെ സ്നേഹനായിരുന്നു. കട്ടാ വികൃതിയല്ല. ഈ കേസ്സിൽ അവനെന്താണ് പിഴച്ചത്? 'എന്നുവീണ്ടും ചോദിക്കുന്നതി രിപ്പാൻ അപ്പാത്തിക്കരിക്ക് മനസ്സുവന്നില്ല.

'ശങ്കരമേനവന്റെ മരണം ഒട്ടുക്കത്തെ സംഗതിയല്ലെ. അ ത് ഞാൻ പിന്നെപ്പറയാം. വിഷമരുന്നെടുത്തില്ലെ അയാളും കൂട്ട കാരനുകൂടി അർദ്ധരാത്രി പന്ത്രണ്ടുമണിക്കല്പം മുമ്പ് പുളിങ്ങോട്ടചെ ന്നു. ഇതിൽ ആദ്യത്തെ ആൾക്ക് എം. കെ. ഗോവിന്ദപണിക്ക രെന്നും, രണ്ടാമന് കെ. അയ്യപ്പൻ നായരെന്നും പേരെന്നിരിക്കട്ടെ. അടുക്കളയും മതില്പെട്ടംകൂടി ചേരുന്ന മുക്കിൽ കൂടിയാണ് അവർ അകത്തേക്ക് കേറിക്കടന്നത്. അയ്യപ്പൻ നായരുടെ കയ്യിൽ ഒരു വലിയ വടിയുണ്ടായിരുന്നു. അതിനെ ജനാലയുടെ അഴികളുടെ

ഇടയിൽകൂടിക്കടത്തി ഓവറയിലേക്ക കടക്കുന്ന വാതലിൻെറ സാ
ക്ഷ കുതിച്ചുയർന്നു. പിന്നത്തെ പ്രവൃത്തി നടത്തിയത് ഗോവിന്ദപ്പ
ണിക്കരാണ്. അപ്പോൾ അയ്യപ്പൻ നായർ വടി എറക്കാലിൽ കു
ത്തിനിന്ന് ഓവറയുടെ പുറഞ്ചുമരിനോട് ചേർന്ന നിന്നതേയുള്ളൂ.
പണിക്കർ കിട്ടുണ്ണി മേനവൻെറ അകത്തു കടന്ന് ചുക്കുവെള്ളക്കി
ണ്ടിയിൽ വിഷമരുന്ന് ധാരാളം കൊണ്ടിട്ടു. അതിൻെറ ശേഷം
മേശപ്പുറത്തിരുന്നിരുന്ന ലക്കോട്ടിൽനിന്ന എഴുത്തെടുത്ത് ലക്കോട്ട
വിടെത്തന്നെ വച്ചു. എന്നിട്ട് പുറത്തേക്കു കടന്ന് ഇറയത്ത് കാ
ത്തുനിന്നു. ഏകദേശം പന്ത്രണ്ട് മണികഴിഞ്ഞപ്പോൾ കിട്ടുണ്ണി മേ
നവൻ ഉണർന്ന് വെള്ളമെടുത്ത കുറച്ചു കുടിച്ചപ്പോൾ ഉസ്സാട തോ
ന്നിട്ടോ കയ്പുകൊണ്ടിട്ടോ കിണ്ടി മേശപ്പുറത്തിട്ടു. അത്രമാത്രമേ ഏ
ടയുണ്ടായുള്ളൂ. അപ്പോൾക്കും ബോധക്ഷയത്തോടുകൂടി അദ്ദേഹം കിട
ക്കയിൽവീണു. കിണ്ടിയുടെ ശബ്ദം കേട്ട് അയ്യപ്പൻ നായർ ഓവറ
യിൽ കടന്ന് ചെരിച്ചുനോക്കിയപ്പോൾ കിട്ടുണ്ണി മേനവൻെറ പ്രാ
ണപരാക്രമമായിരുന്നു. വേഗം അകത്തു കടന്നു വിളക്കുതി. ല
ക്കോട്ട കയ്യിലെടുത്തു. എന്നിട്ട് കിണ്ടിയിലെ വെള്ളവും കളഞ്ഞു
വച്ചിട്ടാണ് ഓവറയിലേക്കു കടന്നത്. അപ്പോൾ അവിടെ ഒഴിച്ചി
ട്ടുള്ള മരുന്നു വെള്ളത്തിൽ കാലടികൾ പതിയുന്നതുകൊണ്ടുള്ള വൈ
ഷമ്യം ആലോചിച്ചില്ല. ഇരുട്ടുകുടിയിൽകൂടി ചുമരിന്മേൽ പിടിച്ച്
പുറത്തേക്കു കടക്കുന്ന സമയം തോർത്തുമുണ്ട തുക്കുന്ന കോല് തട്ടി
ക്കളഞ്ഞതും വക വച്ചില്ല. ഇരുട്ടത്ത് ചുമരുതടയുമ്പോൾ കൈ
കൾ സാധാരണ തോളിനുമീതെ പൊങ്ങാറില്ലെന്ന് ഞാൻ ധരിച്ചി
ട്ടുള്ളതുകൊണ്ട് അയ്യപ്പൻ നായരുടെ പൊക്കം ഞാൻ കണക്കാക്കി'
'ഏകദേശം അഞ്ചടി മൂന്നങ്ങുലം ആയിരിക്കണമെന്ന ഇൻസ്പെ
ക്ടർ അഭിപ്രായപ്പെട്ടു. ഈ 'ഏടനാരി' കായ്സ്ഥൻെറ ശിഷ്യനെ
ഉദ്ദേശിച്ചായിരുന്നു. ഇതിനുത്തരമായി.

'അല്ല, ശരിയായിട്ട് ബാലകൃഷ്ണമേനവൻെറ ഉയരമുണ്ട്' എന്ന്
പറഞ്ഞപ്പോൾ ഇൻസ്പെക്ടർ ഒന്നുംമിണ്ടിയില്ല. സ്റ്റേഷനാസ്സർ പി
ന്നെയും തുടരാൻ ആരംഭിച്ചു.

'അയ്യപ്പൻനായർ പുറത്തുവന്നപ്പോൾ പണിക്കരെ കണ്ടില്ലാ.
അകത്തുനിന്നപുറപ്പെട്ട ശബ്ദങ്ങൾകേട്ടു ഭയപ്പെട്ടിട്ടോ എന്തോ അ
യാൾ പോയിക്കഴിഞ്ഞു. ഈ വക ശബ്ദങ്ങൾ കേട്ടിട്ടുതന്നെയാണ്

കുഞ്ഞിരാമൻനായരും ഉണ്ടായിരുന്നത്. അയ്യപ്പൻനായരുതന്നെയാണ് പുളിങ്ങോട്ട് സ്വത്ത് കുനൻറവീട്ടിൽ എന്നു പറഞ്ഞ് ബീറകാൺസ്റ്റബളെ ചതിച്ചതും അവിടക്കാട്ടുവച്ച ഗോവിന്ദനെപ്പൊളിപറഞ്ഞ പഠിപ്പിച്ചതും.

'കാഡ്സ്ഥൻറെ ശിഷ്യന് അയ്യപ്പൻ എന്നല്ലപേര്?' എന്നായിരുന്നു ഇൻസ്പെക്ടരുടെ ക്ഷമ വിട്ടുള്ള പിന്നത്തെ ചോദ്യം.

'അതെ, പക്ഷെ ആ അയ്യപ്പനല്ല ഇത്. കാഡ്സ്ഥൻറെശിഷ്യന് വാതൽ തുറന്നുകൊടുത്തത് കിട്ടണ്ണിമേനവൻറെ ശിഷ്യനാണ്. അയാൾ വെളുപ്പിനു വന്നുകൊള്ളുമെന്നു ഗോവിന്ദനായിട്ടു പറഞ്ഞുകീട്ടു രാത്രി തെണ്ടാൻ പോവുകയാണ് ചെയ്തത്.

'ഗോവിന്ദൻ എന്തുകൊണ്ടാണ് അത് പറയാതിരുന്നത്?' എന്നു കണ്ടുണ്ണിനായർ എതുചോദ്യം തുടങ്ങി.

'അപകടം വല്ലതും വരുന്നുകിലോ എന്ന ഭയംകൊണ്ടും പണമിടപെട്ട ഒരു സല്ലസംഗതിയിൽ കാഡ്സ്ഥൻറെ നേരെയുണ്ടായിരുന്ന ദ്വേഷംകൊണ്ടും കാഡ്സ്ഥൻറെ ശിഷ്യനെ ഞാൻ തേടിക്കണ്ടുപിടിച്ച് കൂട്ടിവച്ചു ചോദിച്ചപ്പോഴേ കാര്യമൊക്കെത്തെളിഞ്ഞു.'

'പുളിങ്ങോട്ട ബങ്കളാവിൽ ശ്രദ്ധമായിട്ട് നടന്നതൊക്കെ ഇത്ര സൂക്ഷ്മമായിട്ടെങ്ങിനെയാണ് നിങ്ങൾക്ക് മനസ്സിലായത്? നിങ്ങൾ പറയുന്ന ആളുകളെ ഈ കേസ്സിൽ പെടുത്തീട്ടുള്ളതായി അറിയുന്നില്ലല്ലൊ'. എന്നത് അപ്പാത്തിക്കിരിയുടേയാണ്.

'സൂക്ഷ്മം അറിഞ്ഞിട്ടു വേണം പെടുത്തുവാൻ എന്നുവെച്ച് കാത്തിരിക്കുകയായിരുന്നു. പുളിങ്ങോട്ട് കണ്ട കാലടികളുടെ ആകൃതിയും പോക്കും ആദ്യം മനസ്സിലാക്കി. പിന്നെ അവിടെക്കണ്ട പല അടയാളങ്ങളും പരിശോധിച്ചു. ഇനിക്ക് സംശയം തോന്നിയ ആളുകളുടെ നടവടികളൊക്കെ ഞാൻതന്നെ കാത്തുകൊണ്ടിരുന്നു. പലരേയും വിസ്തരിച്ചു. യുക്തിക്കൊത്തവണ്ണം ചിലതൊക്കെ ഊഹിച്ചു. ഊഹത്തിനെ പിന്താങ്ങുന്നവയായ ലക്ഷ്യങ്ങൾ കാണുന്നതുവരെ ക്ഷമിച്ചു. ഇങ്ങിനെയൊക്കെയാണ് ഞാൻ സൂക്ഷ്മം മനസ്സിലാക്കിയത്. ആരെന്തു പറഞ്ഞാലും അതിനൊക്കെ ചെവികൊടുക്കും പ്രത്യക്ഷമായിട്ടു അനുഭവം വരുന്നതുവരെ ഒന്നും വിശ്വസിക്കയുമില്ല. ഇതാണ് എൻറെ നിയമം.'

'ഇവനെന്തിനായിട്ടാണ് ഈ ദുഷ്പ്രവൃത്തി ചെയ്യുന്നത്?' എന്നായിരുന്നു ഇൻസ്പെക്ടരുടെ ചോദ്യം.

'അതാണിനിപ്പറയാൻ പോകുന്നത്. ഗോവിന്ദപ്പണിക്കർക്ക് ഈ സ്ത്രീയിൽ എന്തെന്നില്ലാത്ത അനുരാഗം ജനിച്ചു. അവിഹിതമാണെങ്കിൽ അയാളെ കണ്ടുകൂടാ. അവളുടെ സ്നേഹം അന്യനിലാണ് വേരുറച്ചിട്ടുള്ളത്. ആ സ്ത്രീ സ്വാധീനയാവുമെങ്കിൽ പണിക്കർ എന്തുതന്നെ ചെയ്യാനും സന്നദ്ധനാണെന്നു കണ്ട് അയ്യപ്പൻനായർ ഒരു പോംവഴി ആലോചിച്ചു. കിട്ടുണ്ണിമേനവൻ മരിച്ചാൽ തനിക്ക് കുറെ ലഭ്യത്തിന്ന് വകയുണ്ട്. പണിക്കർക്ക് അനുരാഗമുള്ള സ്ത്രീ നായരുടെ ഉടപ്പിറന്നവളാണ്. തന്റെ അഭിഷ്ടം നടത്തിത്തന്നാൽ പണിക്കരെക്കൊണ്ടു ഉടപ്പിറന്നവൾക്കു സംബന്ധം തുടങ്ങിക്കാമെന്നു അയ്യപ്പൻനായർ ഖണ്ഡിച്ചു ചെയ്തു. അങ്ങിനെയിരിക്കുമ്പോഴാണ് തനിക്കു കിട്ടുവാൻ വഴിയുള്ള സ്വത്ത് അന്യനു ഏഴുതിക്കൊടുക്കുവാൻ പോകുന്നുവെന്ന സൂക്ഷ്മവിവരം കേട്ടത്. പുളിങ്ങോട്ട് നടക്കുന്ന വർത്തമാനങ്ങളെല്ലാം സസൂക്ഷ്മം ശ്രദ്ധിച്ചിരുന്നത് അവിടെത്താമസിച്ചിരുന്ന കരാളന്റെ വീട്ടിലെ ചെറുപ്പക്കാരിയായ ഒരു സ്ത്രീ മുഖേനയാണ്. ആ സ്ത്രീക്കു അയ്യപ്പൻനായർ എന്നു പറഞ്ഞാൽ പ്രാണനാണ്. നായക്കുതന്നിൽ നിഷ്കളങ്കമായസ്നേഹമുണ്ടെന്നാണ് അവൾ വിശ്വസിച്ചിരുന്നത്. എന്നാൽ ഈ സ്ത്രീയെ അയാൾ പാട്ടിൽ പിടിച്ചിരുന്നത് പുളിങ്ങോട്ടെ വർത്തമാനം അറിയാൻ വേണ്ടിയും തന്റെ ഉടപ്പിറന്നവളെ ഗോവിന്ദപ്പണിക്കർക്കു സ്വാധീനപ്പെടുത്തി കൊടുക്കുന്നതിൽ സഹായത്തിനു വേണ്ടിയും മാത്രമാണ്. മരണപത്രത്തിന്റെ സംഗതി ഈ സ്ത്രീ പറഞ്ഞു കേട്ട നിമിഷത്തിൽ കാര്യം വേഗം തീർക്കുവാൻ ഉത്സാഹിച്ചു തുടങ്ങിയെങ്കിലും കാര്യത്ത് കിട്ടുണ്ണിമേനോൻ മരിച്ചിട്ടു മൂന്നാം ദിവസം രാത്രിയിലെ എല്ലാം കഴുകുവാൻ സാധിച്ചുള്ളു. പിന്നത്തെക്കഥ ഞാൻ മുമ്പു പറഞ്ഞുവല്ലൊ. ഇത്രയോളമായപ്പോൾ ഇൻസ്പെക്ടർ,

'ഹോസ്പിറ്റലിൽനിന്നു നിങ്ങൾക്കു പിടിച്ചുകൊണ്ടുപോയവനെവിടെ?' എന്ന ശങ്കിച്ചുകൊണ്ടുതുടങ്ങി. ഡ്രൈവറുടെ ചരിത്രത്തെപ്പറ്റി ഒന്നും പറഞ്ഞില്ല. മുൻവിവരിച്ചിരുന്ന പ്രസംഗത്തിലേക്കുതന്നെ വീണ്ടും പ്രവേശിച്ചു.

'അയ്യപ്പൻനായർ പുളിങ്ങോട്ടുനിന്നുപോകുംവഴി ലക്കോട്ടിന്റെ

ഉള്ളിൽ തപ്പിനോക്കിയപ്പോൾ ഒസ്യത്ത് കണ്ടില്ല. പണിക്കരുടെ കയ്യിലാണെന്ന് മനസ്സിലായപ്പോൾ പിന്നെയും അയാളെ ആശ്രയിക്കേണ്ടിവന്നു. കിണ്ടിയിൽ മരുന്നിട്ടുവാൻ പോകുന്ന സമയം കിട്ടുണ്ണിമേനവൻ ഉണർന്നാൽ ദുഷ്കരമാവുമല്ലൊ എന്ന മുൻകരുതലോടുകൂടിയാണ് ആ പണി പണിക്കരെക്കൊണ്ടു കഴിപ്പിച്ചത്. പക്ഷെ മരുന്നിട്ടു കഴിഞ്ഞാൽ ഉടനെ ഒസ്യത്തും കൈക്കലാക്കുമെന്നു വിചാരിച്ചില്ല. ഏഴാന്തിയുതി ഇവർ തമ്മിൽ ശിവൻകാട്ടിൽവെച്ചു നടത്തിയ സംവാദം അയ്യപ്പൻ നായരുടെ ഇഷ്ടംപോലെയല്ല കലാശിച്ചത. പണിക്കർ ഒസ്യത്തുകൊടുത്തില്ല. അയാളുടെ കയ്യും സാധിച്ചാലെ കൊടുക്കുള്ളു എന്ന് ശാഠ്യം പിടിച്ചു. സംവാദത്തിന്റെ ഇടക്ക് ഒസ്യത്ത് തട്ടിപ്പറിക്കുവാൻ അയ്യപ്പൻനായർ ഉത്സാഹിച്ചിരുന്നില്ലെ എന്നുകൂടി ഞാൻ സംശയിക്കുന്നു. സങ്കേതസ്ഥലത്തുള്ള കൈതോലയിന്മേൽകണ്ട ചോരയും മറവമാണ് ഈ ഊഹത്തിന്നടിസ്ഥാനം; എങ്ങിനെയെങ്കിലും ഏഴുദിവസത്തിനകം പണിക്കരുടെ അഭീഷ്ടം സാധിപ്പിച്ചേക്കാമെന്നു പറഞ്ഞ് സമാധാനപ്പെടുത്തീട്ടാണ് പണിക്കരെ അയച്ചത്അതു. റിക്കോട്ടുകൾ പരിശോധിക്കുമ്പോൾ അറിയാറാവും.

'ഒസ്യത്തിനെപ്പറ്റി കായ്സ്ഥൻപറഞ്ഞതും വാരാണോ?' എന്ന് ഇൻസ്പെക്ടരുടെ നിരാശ പ്രകാശിച്ചുതുടങ്ങി.

"അതെ, എട്ടാന്തിയുതി കോടതിപിരിഞ്ഞ് വരുംവഴിയാണ് കുഞ്ഞിരാമൻനായർ ഈ കഥ എന്നോടു പറഞ്ഞതു. അതുകേട്ടപ്പോൾ ഞാൻ പോയവഴി തെറ്റെല്ലെന്നു വന്നതുകൊണ്ടു സമാധാനമായി. മേലേവീട്ടിൽ കയ്യളുടെ ശീട്ടും കുഞ്ഞിരാമൻനായർ പറഞ്ഞപോലെയാണെന്ന കണ്ടറിഞ്ഞപ്പോൾ ഒസ്യത്തിന്റെ കായ്മത്തിൽ ഒട്ടുമക്കാലും വിശ്വാസവുമായി. ഈ ദിവസംതന്നെയാണ് എന്നെക്കൊല്ലുവാൻ മൊയ്യുവിനെ ശട്ടംകെട്ടിയിരുന്നത്. ശൂദ്രവേഷം ധരിച്ചനടക്കുന്ന ഈ മൊയ്യുതന്നെയാണ് എൻറെവീട്ടിൽവന്ന് പെരണ്ടുവീണതും ആസ്പത്രിയിലെക്കു പോകുംവഴി എന്നെപിന്തുടർന്നതും. പിടികൊണ്ട് താൻ പാട്ടിൽപിടിച്ചിട്ടുള്ള സാധുസ്ത്രീയേയുംകൂടി പരിവട്ടത്തുകടവിൽ സംസാരിച്ചുകൊണ്ടു നിന്നിരുന്ന അയ്യപ്പൻ നായർ പെട്ടെന്നു പിരിഞ്ഞോടിപ്പോയതിന്നു പലകാരണങ്ങളും തോന്നുന്നുണ്ട്. പക്ഷെ അതൊന്നും ഇവിടെ വിസ്തരിച്ചിട്ടു പ്രയോജ

നമില്ല. മൊയ്യുവിനെ പാലത്തിന്മേൽ കണ്ടിട്ടായിരിക്കണം പരിഭ്ര മിച്ചോടിപ്പോയത്. മൊയ്യു പാലത്തിന്റെ കിഴക്കെ കരക്കൽ വ ന്നിട്ട് ഫലമില്ലെന്നു അയ്യപ്പൻനായർ ഓർത്തിരിക്കും. എങ്ങിനെ യെങ്കിലും മൊയ്യുവായിട്ടുണ്ടായ മല്ലയുദ്ധത്തിൽ ഇനിക്കൊരു ല ക്കോട്ട് ലാഭംകിട്ടി. ഈ ലക്കോട്ടാണ് മേല്പോട്ടുള്ള തെളിവമുഴുവനും എടുക്കുവാൻ എന്നെ സഹായിച്ചത്.

'നിങ്ങൾ എങ്ങിനെയാണ രക്ഷപ്പെട്ടത. അവനെവിടെപ്പോ യി?' എന്ന അപ്പാത്തിക്കിരി ചോദിച്ചു.

'ചെറുപ്പകാലത്ത് ഞങ്ങൾരണ്ടുപേരും ഒരുമിക്കിൽ അഭ്യാസം പഠിച്ചുകൊണ്ടിരുന്നവരാണ് എങ്കിലും ആദ്യം ഞങ്ങൾക്ക അന്യോ ന്യം മനസ്സിലായില്ല. അഭ്യാസരീതി അനുഭവിച്ചറിവാൻ ഇടവന്ന പ്പോഴെ മനസ്സിലായുള്ളു. മൊയ്യുവിനു വാസ്തവം മനസ്സിലായതി ന്റെശേഷം പൊരുതുവാൻ നിന്നതുമില്ല. വെള്ളത്തിൽചാടി മുങ്ങു ന്നതുവരെ ഞാനുംകൂടെയുണ്ടായിരുന്നു. പിന്നത്തെകഥ എന്തോ!

'കുമാരൻനായർ ഈ സമയത്തെവിടെയായിരുന്നു' എന്ന ഇൻസ്പെക്ടരും 'നിങ്ങൾപിന്നെ എന്തുചെയ്യു' വെന്ന അപ്പാത്തി ക്കരിയും ഒപ്പം ചോദ്യം ചെയ്യു.

'കുമാരൻനായർ അയ്യപ്പൻനായരുടെ ഉടപ്പിറന്നവളുമായി ശിവൻകാട്ടിൽ സംസാരിച്ചിരിക്കുകയായിരുന്നു. ഞാൻ ഉപായത്തി ൽ ചില അന്വേഷണം നടത്തുവാനുള്ള സൌകര്യത്തിനും അയ്യ പ്പൻനായരെ കബളിക്കുവാനുംവേണ്ടി ശ്രദ്ധമായിട്ട സഞ്ചരിക്കുവാ നും തീച്ചയാക്കി. മൊയ്യുവിന്റെകയ്യിൽനിന്നു കിട്ടിയ ലക്കോട്ട് പ രിശോധിച്ചപ്പോൾ ആനന്ദപുരം അതൃത്തിയിലുള്ള വരിയൂർ എ ന്ന തപാലാപ്പീസ്സിലെ കൂട്ടുത്തരമുദ്രയാണ് കണ്ടത്. അവിടത്തെ തപാൽമാസ്റ്റർ ഇനിക്ക് വേണ്ടീട്ടുള്ള ഒരാളാണ. അയ്യപ്പൻനായ രുടെ ആകൃതി ഞാൻ തപാൽമാസ്റ്ററെ മനസ്സിലാക്കിയപ്പോൾ ആ ഛായയിൽ ഒരാൾ അവിടെ ചിലപ്പോൾ വരാറുണ്ടെന്ന് അദ്ദേ ഹം പറഞ്ഞു. എന്നിട്ട് അദ്ദേഹത്തിന്റെയും എന്റെ ശിഷ്യന്റെ യും സഹായത്തോടുകൂടി ആ ആപ്പീസ്സിൽ വരുംചിലവുള്ള ലക്കോ ട്ടുകൾ കൈ പതിവായിട്ട പരിശോധിച്ചുകൊണ്ടുവന്നു. ആ കാലങ്ങ ളിൽ എന്റെ ശിഷ്യൻ തപാൽമാസ്റ്ററുടെ ശിഷ്യനായിട്ടാണ് നടി

ച്ചുവന്നിരുന്നത്. പന്ത്രണ്ടാംതിയ്യതി എളവല്ലൂക്കുള്ള തപാൽ പരിശോധിക്കുമ്പോൾ ഒരെഴുത്തുകണ്ടെത്തി. ലക്കോട്ടിന്റെ സമ്പ്രായവും കയ്യക്ഷരവും എന്റെ കുട്ടിലുണ്ടായിരുന്നതിനോട് ഒത്തിരുന്നു. പക്ഷെ, മേൽവിലാസത്തിൽ ഞാൻവിചാരിച്ചിരുന്ന പേരല്ല കണ്ടത്. എം. കെ. ഗോവിന്ദപ്പണിക്കരെന്നായിരുന്നു വെള്ളംതൊടുന്നതാച്ചു ലക്കോട്ടു കേടുവരാതെ വീണ്ടിയപ്പോൾ.

'എല്ലാംതെയ്യാറായി, ഇന്നുതന്നെ ഒന്നുത്തുകൊണ്ട പതിവുള്ള സ്ഥലത്തെത്തുമല്ലൊ' എന്നവാചകമായിരുന്നു ഉള്ളിൽകണ്ടത്. ഇതിന്റെ പകർപ്പെടുത്തിട്ട് എഴുത്ത് പണ്ടത്തെപ്പോലെ പശവെച്ച തപാലിലേക്കയച്ചു. അന്നു വൈകുന്നേരംതന്നെ വേഷമന്നനായിട്ട് എളവല്ലൂർ സ്റ്റേഷനിൽ ഹാജർകൊടുത്തു. ഗോവിന്ദപ്പണിക്കുള്ള എഴുത്തുവാങ്ങുവാൻ ആൾ വന്നപ്പോൾ എന്റെ ഒറവകാരനായ തപാൽശിവായി ഇനിക്കറിവുതന്നു. പണിക്കർ അറിയാതെ ഞാൻ അയാളെപിന്തുടർന്നു. ഒടുവിൽ അയാൾ ശിവൻകാട്ടിലുള്ള ഒരു അടവിയിലാണ് ചെന്നുനിന്നത്. ഞാനും ഒരുമരത്തിൽ ഒളിച്ചുനിന്നു കുറെക്കഴിഞ്ഞപ്പോൾ അയ്യപ്പൻനായരും അവിടെവന്നു. ഉടപ്പിറന്നവളെ വഴിപ്പെടുത്തുവാൻ ഒരുകാലത്തും സാധിക്കയില്ലെന്ന് അയ്യപ്പൻനായക്ക് തീച്ചുവന്നിട്ടുണ്ടായിരുന്നു. കാട്ടിലേക്ക് പുറപ്പെട്ടാ മൂപ്പ് ഉടപ്പിറന്നവളെ അന്വേഷിപ്പിച്ചുനോക്കി. എന്നിട്ടും ഫലിച്ചില്ല. ഇതെന്നോട് ആസ്ത്രീതന്നെയാണ് പറഞ്ഞത്. അയ്യപ്പൻനായർ കാട്ടിൽവന്ന് പിടികൊണ്ട് പണിക്കരുടെ പക്കൽനിന്ന് മരണപത്രം കൈവശപ്പെടുത്തുവാൻ നോക്കി. പറ്റിയില്ല. ബലാൽക്കാരേണ തട്ടിപ്പറിക്കുവാൻ ഉത്സാഹിച്ച് വടിയോങ്ങിയപ്പോൾ തിരിഞ്ഞോടുവാൻ ഭാവിച്ച പണിക്കർവേരുതട്ടി മാറടിച്ചുവീണു. അപ്പോഴേക്കും നായരുടെവടി വിറകുകൊള്ളികൊണ്ടെറിഞ്ഞ് കയ്യിൽനിന്ന് ഞാൻതെറിച്ചു. ഒളിച്ചുനിന്നിരുന്നസ്ഥലത്തുനിന്ന ഞാൻ അവർനിന്നിരുന്ന സ്ഥലത്തുചെന്നപ്പോഴേക്കും അവർ രണ്ടുപേരും ഓടിക്കഴിഞ്ഞു. അയ്യപ്പൻ നായരുടെ വടി പണിക്കരുടെ കഴുത്തിൽ കൊണ്ടിരിക്കണമെന്നാണ തോന്നുന്നത്. അയ്യപ്പൻനായരെന്നും ഗോവിന്ദപ്പണിക്കരെന്നും ഉള്ള പേരുകൾ വ്യാജനാമങ്ങളാണ്. ഈ പേരുവെച്ചാണ് ഇവർ തമ്മിൽ എഴുത്തുകുത്തുനടത്താറ്. ശേഷംഎന്റെ സഹായത്തിന്വന്നിരുന്ന ശിഷ്യനും കോൺസ്റ്റബളും പറ

യും എന്നുപറഞ്ഞ് സ്റ്റേഷനാപ്സർ എഴുനേറ്റപ്പോൾ അപ്പുത്തിക്കരിയും എഴുനേറ്റ് കയ്യുകടന്നുപിടിച്ച്,

'അവരാണല്ലൊ ശങ്കരനെ ഇവിടെ എട്ടുത്തുകൊണ്ടുവന്നത്. ദ്രോഹപ്രവൃത്തികൊണ്ടാണ് ശങ്കരൻ മരിച്ചതെന്നും തോന്നുന്നുണ്ടല്ലൊ. ഭാസ്കരമേനോനെ, എന്നോട്സ്നേഹമുണ്ടെങ്കിൽ സത്യംപറയണം, ഗോവിന്ദപ്പണിക്കരെന്നുപറഞ്ഞത് ശങ്കരൻതന്നെയാണൊ?' എന്ന് മുഖത്തുനോക്കികൊണ്ട് ചോദിച്ചപ്പോൾ സ്റ്റേഷനാപ്സർ തലതാഴ്ത്തികൊണ്ട്, 'അതെ' എന്നുമാത്രം മറുപടിപറഞ്ഞു. ഇത് ഇൻസ്പെക്ടരുടെ ചെവികളിൽ ക്രൂരനാരാചംപോലെ ചെന്നുതറച്ചു തോട്ടകൂടി 'അയ്യൊ ചതിച്ചുവല്ലൊ ബാലകൃഷ്ണ' എന്ന് നിലവിളിച്ചുകൊണ്ട് തൽക്ഷണമില്ലാതെവീണു. ദേവകിക്കുട്ടിക്ക് അനുരാഗം കുമാരൻനായരിലാണെന്നും ശങ്കരമേനവന് ദേവകിക്കുട്ടിയിൽ അനുരാഗമുണ്ടായിരുന്നുവെന്നും ബാലകൃഷ്ണമേനോൻ ശങ്കരമേനവനേക്കൊണ്ട് സംബന്ധംതുടങ്ങിക്കുവാൻ ഉത്സാഹിച്ചിരുന്നുവെന്നും ഇൻസ്പെക്ടർ ആലോചിക്കുവാൻ തുടങ്ങീട്ടു കുറേനേരമായതുകൊണ്ട് ഇൻസ്പെക്ടരുടെ ആശാഭംഗംമൂഴുവനും അറിച്ച് അദ്ദേഹത്തിനെ ഈ ദയനീയസ്ഥിതിയിൽ അകപ്പെടുത്തുവാൻ ശങ്കരമേനവന്റെ പേരുവിളിച്ച പറയേണ്ടതാമസംമാത്രമേ ഉണ്ടായിരുന്നുള്ളു. അപ്പുത്തിക്കരി കുറച്ചുനേരം അന്ധനായിട്ട് നിന്നുവെങ്കിലും ഒടുവിൽ 'അവനിതുപറയണം' എന്ന് പറഞ്ഞ് കസാലയിൽതന്നെ വീണു.

ഇനി ഈ കഥ ഉപസംഹരിക്കുന്നതിനു മുമ്പ് വളരെയൊന്നും വിസ്തരിപ്പാനില്ല. ഇൻസ്പെക്ടർക്ക് തൽക്ഷണമുണ്ടായതിന്റെ ശേഷം ബാലകൃഷ്ണമേനവന്റെ ബങ്കളാവിലും ശങ്കരമേനവന്റെ അകത്തും ഉണ്ടായിരുന്ന എഴുത്തുകളും കിട്ടുണ്ണിമേനവന്റെ സ്വത്തും പരിശോധിച്ചതിൽ സ്റ്റേഷനാപ്സർ എടുത്ത തെളിവിൽ കടമാകാണിക്ക് നിക്കത്തുക്കമില്ലെന്ന എല്ലാവക്കും ബോദ്ധ്യംവന്നു. കായ്സ്ഥന്റെ ശിഷ്യനേയും ഗോവിന്ദനേയും വരുത്തിച്ചോദിച്ചതിൽ അവർ സത്യമൊക്കെ സമ്മതിച്ചു. ഒസ്യത്തിരുന്നിരുന്ന ലക്കോട്ടിൽ വിഷമരുന്നാക്കി ഇൻസ്പെക്ടരുടെ പക്കൽ കൊടുപ്പിച്ചത് ബാലകൃഷ്ണമേനവനാണ്. വഴിയിൽ കിടന്നു കിട്ടിയതാണെന്ന് വ്യാജം പറഞ്ഞു ലക്കോട്ട് ഇൻസ്പെക്ടരുടെ കയ്യിൽ കൊടുത്തത് അദ്ദേഹത്തിനോട് ആദ്യം പൊളി പറഞ്ഞ കോൺസ്റ്റബിൾ തന്നെ

യാണ്. അയാളും അവസാനം വാസുവമെല്ലാം തുറന്നു സമ്മതിച്ചു. കായ്മസ്ഥനും കുഞ്ഞിരാമൻ നായരും കുമാരൻ നായരും നിരപരാധികളായിട്ടു കേസ്സിൽ നിന്നൊഴിഞ്ഞു. ബാലകൃഷ്ണമേനോൻ ചാടിപ്പോയതുകൊണ്ട് കേസ്സ് നശിക്കുവാനും സാഗതിയായി.

ഇൻസ്പെക്ടർ പണി രാജിവെച്ചു. ആ സ്ഥാനത്തേയ്ക്ക് രാമുമേനവനാണ് കയറാം കിട്ടിയത്. ബുദ്ധികൊണ്ടും പഠിപ്പുകൊണ്ടും ഐശ്വര്യംകൊണ്ടും ഇത്ര യോഗ്യനായ ഒരു സേറേഷനാസ്സർ ഉണ്ടാകുന്നത് അസാധാരണമായല്ലെ എന്ന് വായനക്കാർ ശങ്കിക്കുന്നുവെങ്കിൽ ഇദ്ദേഹം ഒരു നാടുവാഴി പ്രഭുവാണെന്നും പോലീസ് വേലയിലുള്ള ആസക്തികൊണ്ടുമാത്രം ഈ പണിയിൽ പ്രവേശിച്ചതാണെന്നും വെളിവായി പറഞ്ഞുകൊള്ളുന്നു. കിട്ടുണ്ണിമേനവന്റെ സ്വത്തിൽ കായ്മസ്ഥനും മറവള്ളവക്കും കൊടുത്തതു കഴിച്ച് ബാക്കിയുള്ളത് പരിവട്ടത്തുകാരും ചേരിപ്പറമ്പുകാരും നേർ പകുതിവിഭജിച്ചു. വളരെ കാലതാമസംകൂടാതെ അമ്മുവിന് കൃഷ്ണൻകുട്ടിമേനവനും, ദേവകികുട്ടിക്ക് കുമാരൻ നായരും, വീട്ടുകാരുടെ അന്യോന്യമുള്ള പൂർണ്ണസമ്മതത്തോടുകൂടി സംബന്ധവും തുടങ്ങി.

പലവക

മകരത്തിലെ രഞ്ജിനിയിൽ ഞങ്ങൾ പരസ്യം ചെയ്തതിനെ അനുസരിച്ച് ഏതാനും ചിലർ അയച്ചുതന്നിട്ടുള്ള ദുഃഖരസപ്രധാനവും സ്വയാകൃതവുമായ കെട്ടുകഥകൾ ഞങ്ങൾ സന്തോഷപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. എന്നാൽ ഞങ്ങൾ വിചാരിച്ചപോലെ ലേഖനങ്ങൾ കിട്ടീട്ടില്ലാത്തതിനാലും വേറെചിലർ ഒരു മാസത്തെ അവധികൂടി അപേക്ഷിച്ചിട്ടുള്ളതിനാലും അവയുംകൂടി വന്നുചേർന്നതിൻറശേഷം എല്ലാറ്റിനേയും പരിശോധിച്ച് ഉത്തമമായിട്ടുള്ളതിനെ ഏടവത്തിലെ രഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

ര. ര. പ.

തിരുവനന്തപുരത്തുനിന്നു പുറപ്പെട്ടിരിക്കുന്ന 'കാവ്യമഞ്ജരി' എന്ന മാസികയുടെ ക-ാ ബുക്ക് കയ്യറ്റിയിരിക്കുന്നു.

കടിലിൽനിന്ന് കൊട്ടാരത്തിലേക്ക്.

ഗാഫ്ഫിൽഡ് ചരിത്രം.

കണ്ണമ്പ്ര രാമനുണ്ണി വലിയ നായർ അവർകൾ ഉണ്ടാക്കിയതും 'വെസ്റ്റ് കോസ്റ്റ്' അച്ചുകൂട്ടത്തിൽ അച്ചടിച്ചതുമായ മേല്പറഞ്ഞ പുസ്തകം ഇവിടെ അഭിപ്രായത്തിന്നായച്ചുതന്ന വിവരം ഞങ്ങൾ കഴിഞ്ഞ ലക്കത്തിൽ പ്രസ്താപിച്ചിരുന്നുവല്ലൊ. നല്ലവണ്ണം പരിശോധിച്ചിട്ടുവേണം ഈ വക പുസ്തകങ്ങളുടെ അഭിപ്രായം പറയാൻ എന്നുവെച്ചിട്ടാണ് ഞങ്ങൾ അത് ഈ ലക്കത്തിലേക്ക് നീട്ടിവെച്ചതു്. ഇപ്പോൾ ഈ തൃപ്തികരമായവിധം പരിശോധിച്ച് ഞങ്ങൾക്കുണ്ടായ അഭിപ്രായം താഴെ ചേർക്കുന്നു.

പ്രസ്തുത പുസ്തകത്തിലെ കഥാനായകനായ ജെയിംസ്സ്. എ. ഗാഫ്ഫിൽഡ് എന്ന മഹാൻ അമേരിക്കയിലെ ഐക്യരാജ്യങ്ങളിൽ

ചേന്നും, കുറച്ചു മുമ്പ് ഒരു നിഴ്ജന വനപ്രദേശമായിരുന്നതുമായ 'ഓഹിയോ' എന്ന ദിക്കിലാണ് ജനിച്ചു വളന്നത്. അവിടെ ഇദ്ദേഹം കേവലം മലയന്മാരേപ്പോലെ ഒരു മരക്കുടിലിൽ പാക്കുകയും, അത്യല്പമാനം ചെയ്തിട്ടുമാത്രം നിത്യവൃത്തി കഴിക്കുകയും ചെയ്തേണ്ടിവന്നു. ഇങ്ങിനെ ആദ്യത്തിൽ ഇയാൾക്കു ക്രമമായ യാതൊരു വിദ്യാഭ്യാസത്തിന്നും തരം വന്നില്ലെങ്കിലും തന്റെ അസാമാന്യമായ ബുദ്ധി ശക്തികൊണ്ടും, വ്യവസായ ശീലംകൊണ്ടും അതിപ്രയത്നംചെയ്തു വിദ്യ സമ്പാദിച്ചും ക്രമേണ ഓരോ പദനാ കയറി ഒടുവിൽ, ഇക്കാലത്ത് ഒരുവന്ന് എത്രത്തോളം വലിയ നിലയിലെത്താമോ അത്രയും ഉയന്ന സ്ഥാനമായ ഐക്യരാജ്യങ്ങളിലെ പ്രസിഡണ്ട് എന്ന പദവിയിൽ എത്തുകയും, അങ്ങിനെ ഇരിക്കുമ്പോൾ ഒരു ദുഷ്ടന്റെ കൈകൊണ്ട് മരിക്കുവാനിട വരികയും ചെയ്തു. ഇതാണ് ഈ പുസ്തകത്തിലെ കഥാ സംക്ഷേപം.

ഈ കഥ ഒരു പ്രസിദ്ധമായ ഇംഗ്ലീഷ് ബുക്കിൽനിന്ന തർജ്ജമ ചെയ്തതാണ്. എന്നാൽ ഇത് ഒരു അനുപദ തർജ്ജമയല്ലതാനും. അതുകൊണ്ട് ഈ പുസ്തകത്തിൽ മലയാള വായനക്കാരുടെ രുചിക്കനുസരിച്ചതായ പലസാരങ്ങളും ചേർക്കാൻ ഗ്രന്ഥകർത്താവിന്ന സാധിച്ചിട്ടുണ്ട്. ഈ പുസ്തകത്തിന്റെ ഓരോ ഭാഗത്തെന്ന വേണ്ട ഓരോ പത്തി കഴിയുമ്പോഴേക്കുടി അതാതു സന്ദർഭത്തിന്ന യോജിച്ചതായ ഓരോ ഉപദേശമൊ സദാചാര വാക്യങ്ങളൊ ഗ്രന്ഥകാരൻ ഭംഗിയായി സംഘടിപ്പിച്ചിരിക്കുന്നു. അങ്ങിനെയുള്ള അസംഖ്യം സാരോപദേശങ്ങളടങ്ങിയ ഈ പുസ്തകത്തിൽനിന്ന ഒന്നോ രണ്ടോ ഭാഗംമാത്രം ഇവിടെ എടുത്തു കാണിക്കാം.

ജിമ്മി തന്നെ നഗരം കാണ്മാൻ കൂട്ടിക്കൊണ്ടു പോകേണ്ടതിന്ന വന്ന ഒരു സ്നേഹിതനോട് തന്റെ അമ്മയ്ക്കു സുഖവിരോധം വരുത്തുന്നതാണെന്നുള്ള ഏകസംഗതികൊണ്ടുമാത്രം ഞായറാഴ്ച ദിവസം ദൈവവന്ദനം മാത്രമല്ലാതെ മറ്റു യാതൊരു പ്രവൃത്തിയും താൻ ചെയ്യുന്നതല്ലെന്ന പറയുന്ന ഘട്ടത്തിൽ ഇങ്ങിനെ ഉപദേശിച്ചിരിക്കുന്നു —

'അമ്മയ്ക്കു സുഖവിരോധം വന്നാലൊ എന്ന ഏക സംഗതികൊണ്ടുമാത്രം തന്റെ സുഖങ്ങൾക്ക് വിഘ്നം വരുത്തുന്ന കുട്ടികൾ ഇപ്പോൾ എവിടെയുണ്ട്? എന്തെല്ലാം അനാവശ്യമായ ആചാര

ഭേദങ്ങളെയാണ് ഇപ്പോഴുള്ള യുവാക്കൾ ചെയ്യുന്നത്? ആ വക നടപ്പുകളെക്കൊണ്ടു വേറെ യാതൊരു ദോഷവുമില്ലെങ്കിലും തങ്ങളുടെ മാതാപിതാക്കന്മാർക്കും പ്രിയബന്ധുക്കൾക്കും മനോഭംഗം വരുന്നു എന്ന വിചാരിച്ചിട്ടെങ്കിലും ദോഷമില്ലാത്ത പൂർവ്വാചാരങ്ങളെ കൂട്ടികൾ ആചരിച്ചാൽ നന്ന്'

പിന്നെ മറൊരു സന്ദർഭത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു. തെറവാട്ടുകാർ വീട്ടുകൂടി പണയമെഴുതി കടം വാങ്ങി അയക്കുന്ന പണം ദുർത്തടിച്ചു പഠിപ്പിനു ശ്രദ്ധവെക്കാത്തവർ ഈ മഹാനായ കുട്ടിയെയാണ് അനുകരിക്കേണ്ടത്.

ഈ വക ഉപദേശങ്ങളല്ലെ ബാലന്മാരായ വിദ്യാർത്ഥികൾക്കു കൊടുക്കേണ്ടത്? എന്തിനധികം പറയുന്നു! ഈ പുസ്തകത്തിൽ വിദ്യാർത്ഥികളും വിദ്വാന്മാരും, സ്ത്രീകളും പുരുഷന്മാരും എന്നു വേണ്ട, സകല മനുഷ്യരും ഗ്രഹിച്ചിരിക്കേണ്ടതായ പലേ സാരങ്ങളും അടങ്ങിയിരിക്കുന്നു. കുട്ടികളായവിദ്യാർത്ഥികളുടെ സ്വഭാവം നന്നായിതീരേണ്ടതിന്ന് അവരിൽ ചെറുപ്പംമുതൽക്കെ ഉണ്ടാകേണ്ടതായ വ്യവസായശീലം, വിനയം, കൃത്യനിഷ്ഠ, അനുസരണം എന്നീ വക ഗുണങ്ങൾ ഈ ജെയിംസിനെ പോലെയുള്ള മഹാന്മാരുടെ ചരിത്രപാഠമായണം കൊണ്ടതന്നെ സിദ്ധിക്കുകയുള്ളു.

മട്രിക്കുലേഷൻ മുതലായ പരീക്ഷകൾക്ക് കണ്ട സിസ്വാദിന്റെ കപ്പലോട്ടമോ,' ദുർഗ്ഗനായമൂഢന്റെ കഥയൊ' മറെറാ പാഠപുസ്തകങ്ങളാകുന്നതിനു പകരം ഈ തരം പുസ്തകങ്ങളെയാണ് നിയമിക്കേണ്ടതെന്നു ഞങ്ങൾ ബലമായി സിദ്ധാന്തിക്കുന്നു. ഇതിനു മട്രിക്കുലേഷന്നൊ ലൊവർസെക്കൻറി പരീക്ഷയ്ക്കുള്ള കുറെ ബുക്കാക്കാൻ തക്ക ഗൌരവമാപോരെന്നും, മറെറാ ചിലർ അഭിപ്രായപ്പെട്ടതായി ഞങ്ങൾ ഓർക്കുന്നുണ്ട്. ഈ അഭിപ്രായത്തോടു ഞങ്ങൾ അശേഷം യോജിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഇതിലെ വാചകരീതി കുറെ ലളിതമായതാണ് അവർപറയുന്ന ഗൌരവക്കുറവെങ്കിൽ അത് പ്രസ്തുതപുസ്തകത്തിന്ന് ഒരു ഗുണമാണെന്നും പദാർത്ഥജ്ഞാനത്തിന്നൊ പാഠപുസ്തകമാക്കുവാൻ വേണ്ടുന്ന മറെറാസംഗതികൾക്കൊ ഇതിലുള്ള ലളിതങ്ങളായ സംസ്കൃത ശ്ലോകങ്ങളും മറെറപ്രയോഗങ്ങളും ധാരാളം മതിയാകുമെന്നും ഞങ്ങൾക്കുതോന്നുന്നുണ്ട്.

എന്നാൽ ഈ ഗ്രന്ഥം സകലഗുണസമ്പൂർണ്ണമാണെന്നു ഞങ്ങളും പറയുന്നില്ല. വടന്നാൽ എടുത്തുപറയത്തക്ക സാധാരണയുണ്ടെല്ലാ ആ കൂട്ടത്തിൽ ഒല്പമെങ്കിലും ചിലടിക്കിൽ വായകത്തിനു ഭംഗിപോരായ്കയോ അനവയത്തിലുള്ള തകരാറോ അച്ചടിതെറ്റുകളോ ഇല്ലെന്നില്ല, പക്ഷെ അതൊന്നും ഗുണദോഷിക്കുമായ ഈ പുസ്തകത്തിൽ ഗണിക്കത്തക്കതാണെന്നു തോന്നുന്നില്ല. എത്രയും ഇങ്ങിനെയുള്ള പുസ്തകങ്ങളാണ് മലയാളഭാഷയുടെ പുഷ്ടിക്കാവശ്യം. ഉണ്ടായിരിക്കേണ്ടതെന്നും സഹൃദയന്മാർക്കെല്ലാം ഇതു വാങ്ങിവയിക്കേണ്ടതാണെന്നും ഞങ്ങൾ ബലമായി അഭിപ്രായപ്പെടുന്നു.

ഭാഷാനുഗ്രഹത്തിനായും അവർകൾ ഇത്തരത്തിലുള്ള പുസ്തകങ്ങൾ ഇനിയും ധാരാളം ഉണ്ടാക്കി പുറപ്പെടുവിക്കുവാൻ ശ്രമിച്ചാൽ നന്നായിരിക്കുമെന്നും മറ്റു ഭാഷാപോഷണതല്പരന്മാരും ഇദ്ദേഹത്തെയാണ് അനുകരിച്ചു നടക്കേണ്ടതെന്നും പറഞ്ഞാൽ തൽക്കാലം ഞങ്ങൾക്കു പറയുവാനുള്ളതെല്ലാം കഴിഞ്ഞു.

☞ പ്രിയ വിലാപവും ചില ഖണ്ഡകൃതികളും, ശ്ലോകീന്ദു തെത സ്ഥലപുരാണവും കയ്യൂറിയിരിക്കുന്നു. അഭിപ്രായം സ്ഥലപരിമിതിമൂലം നീട്ടി വെക്കേണ്ടിവന്നിരിക്കുന്നു.

ര. ര. പ.

P. SUBBAROY'S

World-renowned and most efficacious Ayurvedic Medicines.

പി. സുബ്ബറായിയുടെ ലോകപ്രസിദ്ധ
ങ്ങളും ഏറ്റവും ഫലവത്തുക്കളും
ആയ ആയുർവ്വേദ ഔഷധശാലയം

ക. ലോകപ്രസിദ്ധമായധാതുപുഷ്ടികാരി
ധാതു നഷ്ടം, ബലഹീനത, ലക്ഷണമി
ല്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാ
ൽ മുതലായവയുടെ നീറൽ, നീരൊഴി
വു, മധുമേഹം, കല്ലടപ്പ (മൂത്രാഘാതം)
മുതലായ പലവിധ വസ്തിരോഗങ്ങളെ
ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും.

ഡപ്പി ഒന്നുക്ക് വില രൂപാ ൨ തപാൽ ചിലവു വകയ്ക്കു അ
ണാ ൧ വേറെ.

൨. പ്രമേഹ നിവാരണി— സിരാമേഹം, ഇടപ്പുവലി, മൂത്രമ
ധികമായും തടഞ്ഞും പോകുക, മേഡ്റ്റം, പുകച്ചൽ രക്തമേഹം
മുതലായ വ്യാധികളിൽനിന്നു സ്ത്രീ പുരുഷന്മാരെ നിവർത്തിപ്പിക്കും.
ഭുജകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമി
പ്പിക്കും. കുപ്പി ൧ക്ക വില രൂപ ൧. മൂന്നു കുപ്പികൊണ്ടുവരെയുള്ള ബ
ങ്കിക്കു തപാൽ ചിലവു അണ ൪.

൩. സർവ്വവേദനാസംഹാരി— ഈ തൈലം അല്പം പിരട്ടി
യാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക വീക്കം
മുടക്കുവാതം നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന
ശൂല, ഇടപ്പുവേദന, പാർശ്വവായു, മേഹവായു, തിമിരവായു മുത
ലായ പല വ്യാധികളും ഭേദപ്പെടും. കുപ്പി ഒന്നിക്ക വില രൂപാ
൧. തപാൽ ചിലവു അണ ൪.

൪. മണ്ഡലകുഷ്ഠസംഹാരി— മണ്ഡലകുഷ്ഠം, പൂപ്പുകടി, തഴ
തണം, നവങ്ങാണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌ

പി. സുബ്ബറായി, പറക്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

ഷധം. തപ്തഗ്രാഗങ്ങൾ പലതും മാറ്റും തേമൽ മേഹകൃമി മുതലായവയെ നശിപ്പിക്കും. വില കുപ്പി ഒന്നിന്ന് ര ണ. തപാൽ ചിലവു മൂന്നു കുപ്പി വരെ ഒ ണ വേറെ.

ഒ. ലക്ഷ്മീകരകസ്തൂരി ഗുളികകൾ— താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സശ്രദ്ധം ഉപയോഗിക്കേണ്ട വിലയേറിയ സാധനം - ദന്തവേദന, വായ്നാറ്റം, അജീർണ്ണം, പിത്തവായു, ഇവയെ ശമിപ്പിക്കും.

തനിച്ചും താമ്പൂലത്തോടുകൂടിയും ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തെയും ജീർണ്ണപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസംധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തു നിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സംധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ചളി, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങളും വയസ്സിന്റെ ഏറക്കുറച്ചിൽപോലെ ഒന്നു മുതൽ ര വരെ ഗുളികകളും ചെറിയചാറിൽ കൊടുത്താൽ മതി. ഓം ഗുളികകളുള്ള കുപ്പി ക്ക വില അണ ര. ക മുതൽ കഢ വരെ കുപ്പികളും അടങ്ങിയ ബങ്കി ക്ക. തപാൽ കൂലി ഇ ണ.

ന. ദന്തമൂണ്ണം —സുഗന്ധമായുള്ളതും എല്ലാമാതിരി ദന്തരോഗങ്ങളേയും മാറ്റുന്നതും. വില കുപ്പി ഒന്നിന്ന നാ- ണ. തപാൽ ചിലവു ഒ കുപ്പിവരെ ഒ ണ വേറെ.

ഒ. ജ്വരസംഹാരി— കഫപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം, മുതായവയ്ക്ക് നന്നു. വില ഡപ്പി ഒന്നിന്ന ക്ക. തപാൽ ചിലവു ണ വേറെ.

വ. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം—ഈതൈലം പിരട്ടിയാൽ തലമുടി മീശ ഇമ ഇവ ബഹുപുഷ്ടിയും ഞെരുക്കമായും കറുപ്പായും വളരും. കണ്ണിന്ന കുളുമ്മയുണ്ടാക്കും. സകല കൺനോവുകളും തലവേദനകളും നീങ്ങും. ചൊമ്പിച്ചരോമം കറു

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട് ജില്ല.

ക്കും. രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാക്കും. വില കുപ്പി ഒന്നിനു വ ണ, തപാൽ ചിലവു ൫ ണ വേറെ.

൯. രോമസംഹാരി— രോമം എവിടെ വേണ്ടെന്നാക്കണമെ അവിടെ ഈ മരുന്നു പിടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ മാറ്റും. വില കുപ്പി ഒന്നിനു ര ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൫ ണ വേറെ.

൧൦. അഗ്നിമാന്ദ്യസംഹാരി— ദഹനമില്ലായ്മ, പുളിച്ചുതികട്ടൽ, കൈ, നെഞ്ചുകലിക്കുക, മൂലബന്ധം, വയറുനോവു, വയറുചാറൽ, അജീർണ്ണം, വയറുവീർത്തുകയറുക നിദ്രാഭംഗം മുതലായ പിത്താപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നിനു അണ വ്യ. തപാൽ കൂലി അണ ൫ വേറെ.

൧൧. കണ്ണുബിന്ദു—ചീക്കാതു, ചെവികുത്തു, ചെവിയടപ്പു, ഇരുട്ടിൽ മുതലായ കണ്ണുരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി ൧൧ വ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൫ ണ വേറെ.

൧൨. സുഖഭേദിഗുളികകൾ— ഭേദി ശരിപ്പെടുത്തും. അജീർണ്ണം, പിത്താപദ്രവങ്ങൾ, വായു, മലംപിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ഒന്നിനു വ ണ. തപാൽ ചിലവു ൧ മുതൽ ര വരെ ഡപ്പികൾക്കു ൫ ണ വേറെ.

൧൩. നേത്രബിന്ദു—കൺനോവു, കൺകുത്തു, കൂച്ചം, നീരൊട്ടൽ, മിന്നൽ, മാലക്കണ്ണു, പീളക്കെട്ടു, ദ്രവളച്ചു, പൂവു, ചെരട്ടു, എരിച്ചിൽ, ഇമ, പുരികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില കുപ്പി ഒന്നിനു വ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൫ ണ വേറെ.

൧൪. സ്വഭാവരക്ഷണി— ബലഹീനതയാലും അതൃപ്തിയാലും മറവും ഉണ്ടാകുന്ന ഇന്ദ്രിയ സ്വഭാവത്തെ നീക്കും. വില ഡപ്പി ഒന്നിനു വ ണ. തപാൽ ചിലവു ൫ വരെ ഡപ്പികൾക്കു ൫ ണ വേറെ.

പി. സുബ്ബറായി, പറങ്കിപ്പട്ട, തെക്കെ ആർക്കാട്ട് ജില്ല

൧൩. മൃഗകസ്തൂരി— കാഷ്മീരിൽനിന്നും വരുത്തിയിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ട്. ത്രുപാതുക്കത്തിന്ന രൂപ്യ ക വില. ഒരു ത്രുപാമുതൽക്കുള്ള ഏതു സംഖ്യയ്ക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽമൂലവു പുറമെ, എഴുത്തു കുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം.

൧൪— തേൾവിഷത്തിന്ന സിദ്ധൌഷധം— തേൾകടിച്ച സ്ഥലത്ത രണ്ടുതുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി ൧-ക്ക ൧ രൂ ണ. ൨൫ കുപ്പിയിൽ കുറയാതെ കന്നിച്ച വാങ്ങുന്നവക്ക ഡസൻ ൧ രൂ ൨ ക. വ ണ. ഉള്ളവിലയിൽ കുറച്ച മാത്രമെ വില ചുമത്തുന്നുള്ളു. വി. പി. കമ്മീഷൻ ൪ ണ പുറമേ. ഇൻഡ്യയിലും ബമ്മയിലും ൨൫ കുപ്പി വരെ വി. പി. കമ്മീഷൻ ൪ ണ. സിലോൺ ടി ണ്

൧൫. വ്രണവിരോപണ തൈലം— ഈ കുഴമ്പ പിന്തപുണ്ണ മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഈ സകല കൃമികളേയും നശിപ്പിച്ച എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ച വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില വ ണ. മൂന്നു കുപ്പിവരെ വി- പി. കമ്മീഷൻ ൪ ണ മാത്രം.

൧൬. കണ്ണശുദ്ധി ഗുളിക—ഈ കണ്ണം തെളിഞ്ഞ് ശരീരം തന്നാവുന്നതിന്ന അതി വിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ച സംഗീതക്കാർക്കും, പ്രസംഗക്കാർക്കും, പാതിരിമാർക്കും, ശബ്ദാവയവംകൊണ്ട അത്യധികം അദ്ധ്വാനം ചെയ്യേണ്ടവരായ മറെറല്ലാവർക്കും വളരെ ഉപയോഗമുള്ളതുമാകുന്നു. വില വ ണ. വി. പി. കമ്മീഷൻ ൯ കുപ്പിവരെ ൯ ണ.

൧൭. സ്നാനമൂണ്ണം—ഈ പൊടി തേച്ചുകുളിക്കുന്നതിന്ന വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുർഗ്ഗന്ധവും കളഞ്ഞ, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിനും പുറമെ ദേഹത്തിന്ന ശൈത്യവും

പി. സുബ്ബറായി പറകിപ്പേട്ട, തെക്ക ആർക്കാട്ട് ജില്ല.

സുഖവും എല്ലായ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവ
ക്കും വേണ്ടതാകുന്നു. വില വ ണ. വി. പി. കമ്മീഷൻ ന ണ.

൨൦. സഞ്ജീവഗുളിക— കുട്ടികൾക്കുണ്ടാകുന്ന പനി, ജല
ദോഷം, തലവേദന, ചുമ, അതിസാരം, അരിശസ്സ, ഉറക്കമില്ലാ
യ്ക ഇവയ്ക്കും ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ
ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയ
സ്സന്മാക്കും ഒരുപോലെ ഉപകരിക്കുവുന്നതാകുന്നു. വില ൫൦ ണ.
വി. പി. കമ്മീഷൻ ന്യ കൂപ്പിവരെ ൫ ണ.

൨൧. ഒന്നാംതരം ഗോരോചനഗുളിക— എല്ലാവിധ പനി
കൾക്കും അതു സംബന്ധമായി പ്ലീഹ, കരൾ ഇതുകളിൽ ഉണ്ടാ
വുന്ന ഉപരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതി
സാരം, അരിയസ്സ്, ഉറക്കമില്ലായ്ക, ആന്ത്രവായു മുതലായ എല്ലാ
ഉദര രോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില
൫ ണ. വി- പി- കമ്മീഷൻ ന്യ കൂപ്പിവരെ ൫ ണ.

൨൨. തപ്രോഗപരിഹാരി— ഈ ഔഷധം കരപ്പൻ, ചുണ
ങ്ങ്, ചൊറി, ഒട്ടവട്ട, പോളൻ, ചൂട്, പുഴുക്കടി, താരണം, മുത
ലായ കടിയും ചൊറിയും ഉള്ള എല്ലാ തപ്രോഗങ്ങൾക്കും ഏറ
വും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്മേറ പുറമെ മാത്രം ഉ
പയോഗിച്ചാൽ മതി. വി. പി. കമ്മീഷൻ ൫ ണ.

					ക.	ണം	സ.
ഒന്നാംതരം ഗോരോചനം ത്രുപാത്തുക്കം				ഫ-ക്ക	൪	൦	൫
ടി	മഞ്ഞൾ	ടി		ഫ-ക്ക	ഫ	൦	൦
ടി	പച്ചക്കർപ്പൂരം	ടി		ഫ-ക്ക	ഫ	൦	൦

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴു
തണം.

പി. സുബ്ബരായി, പറകിപ്പട്ട,
തെക്കെ ആക്കാട്ട് ജില്ല.

വ്യവഹാരചിന്താമണി.

എല്ലാ ഇംഗ്ലീഷ് മാസവും 30-ാം നു- പ്രസിദ്ധപ്പെടുന്ന
ഒരു വിശേഷനിയമമാസിക.

പത്രാധിപർ

ചെങ്കളത്ത് കരുണാകരമേനോൻ ബി. എ.

———:o:———

മലബാർ, കൊച്ചി, തിരുവിതാങ്കുറ് ഒരുപോലെ പ്രചാരം.

വരിസംഖ്യ—എപ്പോഴും മുൻകുറ്.

ഒരു കൊല്ലത്തേക്കു 4-0-0 വി. പി. ഒരു കൊല്ലത്തേക്കു 4-1-0
ആറുമാസത്തേക്കു 2-0-0 ആറുമാസത്തേക്കു 2-1-0

മദിരാശി, കൽക്കത്താ, അലഹബാദ, ബൊമ്പെ, കൊച്ചി, തിരുവിതാങ്കുറ് വിധികളും

ഹൈക്കോട്ടു് ലേഖനം, കന്നാംതരം കടലാസ്സു, മേത്തരം അച്ചടി, യോഗ്യരുടെ മരായപടം, യോഗ്യലഘുകന്മാർ, വിശേഷ പത്രാധിപ കുറിപ്പുകളും മാസം തോറും

പത്രാധിപാഭിപ്രായങ്ങളും.

കേരളസഞ്ചാരി— നിയമകാര്യത്തിൽ ഉപാദ്ധ്യായൻ.

മ. മനോരമാ— മേനോന്റെ പുതിയ സ്വമനസ്കത്തെപ്പോലെ വേറെ ഒരു പത്രത്തിനു ചിലവില്ല.

മനോരമ— സകല മുതൽക്കാരും വാങ്ങേണ്ടതാണു.

കേരളപത്രിക— കക്ഷികൾക്കു അത്യുപകാരം.

കൊച്ചിവിധികളുടെ പോക്കറ്റിവാൻ "ചിന്താമണി" ഏകമാശ്രയം.

കൊച്ചി വിധികൾ 7-ാം നമ്പ്ര മുതൽക്കും, തിരുവിതാങ്കുർ വിധികൾ 9-ംനമ്പ്ര മുതൽക്കും പ്രസിദ്ധപ്പെടുത്തി തുടങ്ങിയിരിക്കുന്നു, നിങ്ങൾ ചിന്താമണി കണ്ടിട്ടില്ലെങ്കിൽ തരം നോക്കുവാൻ ഒരു ബ്രിട്ടീഷ് പോസ്റ്റുകാർഡ അയച്ചാൽ മടക്കത്തപാലിൽ സൌജന്യമായി നിങ്ങൾക്കു ഒരു പ്രതി അയച്ചുതരും. ലോകവ്യുല്പത്തിയുണ്ടാവാൻ ക്രമമായി "ചിന്താമണി" പാരായണംചെയ്യുന്നതു കഴിച്ചു അന്യമാർഗ്ഗം ഇല്ല.

എന്ന വ്യവഹാരചിന്താമണി മാനേജർ,
വള്ളുവനാടു്, മലബാർ.

ഭാഷാവിക്രമാവ്യശീയം.

1905-06ത വർഷത്തെ എഫ്. എ. പരീക്ഷയ്ക്ക് സംസ്കൃതകലാശാലയിൽനിന്നു തിരഞ്ഞെടുത്തിട്ടുള്ളതും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ട് തർജ്ജമ ചെയ്തിട്ടുള്ളതും ആയ വിക്രമവ്യശീയം ഭാഷാനാടകത്തിന്റെ പുതിയ പതിപ്പ് സംസ്കൃതപണ്ഡിതൻ രാമപ്പിഷാരോടി അവർകളുടെ ടിപ്പണിയോടുകൂടി അച്ചടിച്ചു തയ്യാറായിരിക്കുന്നു. പുസ്തകത്തിന്റെ വില പ്രതി 1 ക്കു തപാൽ ക്കൂലി അടക്കം 14 അണ രസികരഞ്ജിനി ആപ്പീസിലേക്ക് മുൻകൂറായി അയച്ചാൽ പുസ്തകം കിട്ടുന്നതാണ്. നാഗരാക്ഷരത്തിൽ രാമയമ്മ എന്ന "രസികരഞ്ജിനി" പത്രാധിപരുടെ മുദ്രയില്ലാത്ത ബുക്കുകൾ വ്യാജമാകുന്നു.

മേൽപറഞ്ഞ നാടകത്തെ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് പരിശോധിച്ച് അതിലുള്ള കഥാസാരം, ഗുണദോഷം, രൂപം, രസം ഇവകളെ ഭംഗിയായും സയുക്തികമായും എഴുതിട്ടുള്ള ഗ്രന്ഥം, ഈ മാസികയിൽ മാത്രം പ്രസിദ്ധം ചെയ്വാൻ അദ്ദേഹം അനുവദിച്ചിട്ടുള്ളപ്രകാരം തുടച്ചയായി പ്രസിദ്ധം ചെയ്തു തുടങ്ങീട്ടുള്ളത്. സാഹിത്യവിഷയത്തിൽ താല്പര്യമുള്ളവരും വിശേഷിച്ച് വിദ്യാർത്ഥികളും വായിച്ചറിയേണ്ടതാകുന്നു. മലയാളത്തിൽ ഇങ്ങിനെ ഒരു ഗ്രന്ഥം ഇതിനു മുമ്പ് ഉണ്ടായിട്ടില്ലെന്നു ഞങ്ങൾ ധൈര്യത്തോടുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. രസികരഞ്ജിനി കുറച്ചു പ്രതിമാത്രമെ വിശേഷാൽ അടിക്കുന്നുള്ളു. അതുകൊണ്ട് ആവശ്യമുള്ളവർ ഉടനെ വാങ്ങിയില്ലെങ്കിൽ പിന്നെ ഇച്ഛാഭംഗത്തിന്ന് ഇടയാവുന്നതാണ്.

ര. ര. മാനേജർ.

രസികരഞ്ജിനി ആപ്പീസിൽ വില്പാൻ തയ്യാർ.

സാക്രട്ടീസ്. കെ. രാമകൃഷ്ണപിള്ള	0	2	0
വെണ്മണി അച്ചൻ നമ്പൂരിപ്പാട്ടിലെ നളചരിതം കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കൊറത്തിപ്പാട്ടും	0	0	8
നാഗാനന്ദം(ഭാഷാനാടകം)പറയാട്ട അമൃതമേനോൻ	0	10	0

തപാൽകൂലി പുറമെ, മേൽപറഞ്ഞ പുസ്തകങ്ങൾക്ക രസികരഞ്ജിനി മാനേജരോട് ആവശ്യപ്പെടുക.

ര. ര. മാ.

കവനോദയം.

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട്, തുള്ളൽ, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകം കൃതികൾ ഇതിൽ ചേർത്തുവരുന്നു. കൊല്ലത്തിൻ 6 പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോ കുറി 64 ഭാഗങ്ങളിൽകൂടി 5 കൃതികളിൽ കുറയാതെ ഉണ്ടായിരിക്കും. കൊല്ലത്തിൽ 4 ഉറുപ്പിക വരി അടച്ചാൽ മതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാർത്ഥികൾക്കാണെങ്കിൽ മുൻകൂറ് ഒന്നര ഉറുപ്പിക തന്നാൽ മതിയെന്ന് ഒരു പുതിയ നിശ്ചയം ചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേക പുസ്തകങ്ങൾ ഇവിടെ വില്പാനുണ്ട്. ചിലതിന്റെ വിവരം താഴെ ചേർക്കുന്നു.

ജ്യോത്സികവിഷവൈദ്യം— ഈ പുസ്തകം കൈവശം ഉണ്ടായിരുന്നാൽ പാമ്പുകടിച്ച ഉടനെ വൈദ്യന്റെ അടുക്കെ ഓടേണ്ടിവരികയില്ല. വില 12 അണ.

സദ്വൃത്തമാലിക— മലയാളത്തിലുള്ള വൃത്തങ്ങളുടെ എല്ലാ സ്വഭാവങ്ങളും അറിവാൻ ഈ പുസ്തകം മാത്രമെയുള്ളു. വില 8 ണ.

ജാതകീചരിതനയം — കൊട്ടാരത്തിൽ ശങ്കുണ്ണി ഉണ്ടാക്കിയ ഒരു രസികനാടകമാണിത്. മന്നാടിയാരുടേതല്ല. വായിപ്പാൻ ബഹുരസമുണ്ട്. വില 1 ക. മാത്രം,

* ഹസ്തലക്ഷണദീപിക— ഈ പുസ്തകം കൈവശമുണ്ടെങ്കിൽ കഥകളിയെ ഊമക്കളിയെന്നു പറവാനിടവരികയില്ല. വില 4 ണ.

*കുചശതകം ഇതൊന്നു വായിച്ചുനോക്കുവിൻ വില 2 ണ.

*ചക്കിചങ്കരനാടകം ചിരിക്കാതെ ഇതു വായിപ്പാൻ പ്രയാസം. വില 6 ണ.

ഇവകൾക്ക് തപാൽകൂലി പുറമെ *ഈ അടയാളം വെച്ചവകഴികെ ശേഷമെല്ലാം അച്ചടി അതിമനോഹരം. കടലാസ്സ് എല്ലാം ഒരുപോലെ വെളുവിശേഷം. താഴെ കാണുന്ന മേൽവിലാസത്തിൽ അവശ്യപ്പെട്ടാൽ എല്ലാ പുസ്തകങ്ങളും വി. പി. ആയി. അയച്ചുകൊടുക്കും.

കെ. കണ്ണൻ നമ്പ്യാർ,
കവനോദയം മാനേജർ,
നാടുപുരം.

(Nadapuram)

T. S. SUBRAMANIA & Co.

കവിരാജനഗേന്ദ്രനാഥസെൻ എന്നവരുടെ

ആയുർവ്വേദ വൈദ്യശാല,
33, അർമ്മേനിയൻ തെരുവ്, മദ്രാശി.

Panchatikta Batika പഞ്ചതിക്ത ഗുളിക. മലമ്പനികൾക്കുള്ള ഒരു സിദ്ധൌഷധം. മുപ്പത്തു ഗുളികയുള്ള ഒരു പെട്ടിക്കു ൧ ക. വളരെക്കാലം നിലനിന്നിട്ടുള്ള പനികളെ കളവാൻ ഈ ഗുളികകൾ രാജാവാണ്. സ്ഥിരമായ ശാന്തിയുണ്ടാവും. മലമ്പനികൾ പിള്ളാ ജാതികളും സ്ഥിരജ്വരങ്ങളും പൂട്ടു കട്ടപ്പനായ ജ്വരവും പൂട്ടുകുഞ്ഞ ജ്വരവും വയറ്റിൽ പ്ലീഹ വീർത്തു കരൾ വീർത്തുമുള്ള ജ്വരം, കരയോടുകൂടിയ ജ്വരം, നാലവാടൻജ്വരം ഇത്യാദി നാനാജ്വരങ്ങളിലും പഞ്ചതിക്ത ഗുളികകൾ ഫലിക്കും. കാലജ്വരങ്ങളിലും മലമ്പനികളിലും ഈ ഗുളികകൾ ഉത്തമഫലിതമുള്ളവയാണ്. കൈപനാവു എന്നു പേർ പറയുന്ന ഇംഗ്ലീഷു മരുന്നിനു ജയിപ്പാൻ കഴിയാത്ത പനികളിലും കൈപനാ തോറും ഓടീട്ടുള്ള സ്ഥാനങ്ങളിലും പഞ്ചതിക്ത ഗുളികകൾ ഫലിക്കും. പനികളെ തല്ക്കാലം ശമിപ്പിക്കുമെന്നു മാത്രമല്ല ആ പനികൾ പിന്നീടു മടങ്ങിവരാതിരിപ്പാൻ തക്കവണ്ണം വേരോടുകൂടി പനിയെ അവസ്ഥകളയും. ഇതു ഒരു വിശേഷ ഗുണമാണ്.

Prameha Bindu പ്രമേഹവിന്ദു സകല അവിവേകജന്യ രോഗപ്രത്യൌഷധം. ഒരു കുപ്പി മരുന്നും ഒരുപെട്ടി ഗുളികയുംകൂടി ൧ ക. വ ണ. ആശ്ചര്യകരമായ ഈ മജ്ജബലവർദ്ധനരസം ദുഷിച്ച രക്തത്തിനും പോഷണസാമർത്ഥ്യം കുറഞ്ഞ ചോരക്കും മജ്ജാക്ഷീണത്തിനും അകത്തുകൾ ഭവിക്കുന്ന ബലക്ഷയം മുതലായ മഹാസങ്കട വ്യാധികൾക്കും ഇതു ഉത്തമ ഔഷധംതന്നെ. ക്ഷീണിച്ച ദേഹത്തിനു മിടുക്കും ബലവും വരുത്തി തേഞ്ഞുമാഞ്ഞു മയങ്ങി മങ്ങിയ അംഗപ്രസാദത്തിനു രണ്ടാമതും ജീവസ്സും പുഷ്ടിയും പരപ്പും വരുത്തുന്നതോടുകൂടി നാൾതോറും ക്ഷയിക്കുന്ന മനോല്ലാസത്തെ പുനരുജ്ജീവിപ്പിച്ചു നിരാശ ബാധിച്ചിട്ടുള്ള ജനങ്ങളെ ജീവനിൽ കൊതിയുള്ളവരാക്കി ഗൃഹസ്ഥ ധർമ്മങ്ങളിൽ സുഖവാസനയുള്ളവരാക്കി

ചെയ്യും. തലച്ചോറിന്റെ ഉശിരും ജാഗ്രതയും വരുത്തി ബുദ്ധിക്കും ആലോചനാശക്തിക്കും കാമ്മശക്തിക്കും അനുമാനസാമർത്ഥ്യത്തിനും മുമ്പില്ലാത്ത ഒരു ചൈതന്യത്തെ വരുത്തി ബുദ്ധികൊണ്ടുള്ള അദ്ധ്വാനങ്ങൾക്കു സാമർത്ഥ്യത്തെ വരുത്തി മനസ്സുകൊണ്ടുള്ള വേലകൾക്കു എല്ലാവരേയും സമർത്ഥന്മാരാക്കും. അസ്ഥിസ്രാവു പിടിപെട്ടു വൈദ്യന്മാരെല്ലാം കൈവിട്ടു പോയിട്ടുള്ള ദുസ്സാദ്ധ്യരോഗത്തിൽ കരാഴ്ച ഈ പ്രമേഹബിന്ദു സേവിച്ചാൽ ആശ്ചര്യമായ ഗുണം കാണും. മൂത്രം അകത്തു നില്ക്കാതേയൊ മൂത്രസഞ്ചിക്കു ചൊറിച്ചിലും പുണ്ണും മൂത്രം നിർത്തുവാൻ കഴിയാഴ്കയും മൂത്രപിണ്ഡങ്ങൾക്കു ഈ ജാതിരോഗങ്ങൾ ഉണ്ടാവുന്നതും മൂത്രസഞ്ചിയിൽനിന്നു കഫപ്രായത്തിൽ പാലുപോലെ വെളുത്തു തടിച്ചു കുഴമ്പുപോലെ ഒരു വസ്തു മൂട്ടനീറിക്കൊണ്ടു ഒലിച്ചുപോകുന്നതിൽ ഈ ഔഷധം ഗുണംവരുത്തും. സ്ത്രീയോ പുരുഷനൊ ആലോചനകൂടാതെ അമിതസുഖങ്ങളെ അനുഭവിച്ചാലുണ്ടാകുന്ന പരമദ്രോഹികളായ രോഗങ്ങളെ ഈ പ്രമേഹബിന്ദു അകറ്റിക്കളയും.

Ratibilas രതിവിലാസം. മജ്ജാക്ഷീണമനോരോഗാദികൾക്കു ആശ്ചര്യഫലിതമുള്ള പ്രത്യേകൌഷധം. പതിനഞ്ചു ദിവസത്തേക്കു രണ്ടു പെട്ടി ഗുളികകളും ഒരു കുപ്പി എണ്ണയുംകൂടി രൂ. ശരീരത്തിലുള്ള അവയവങ്ങളിൽ മജ്ജാതന്തുസമൂഹമാണ് ഏറ്റവും വിശേഷമായി സ്ഥിതി വരുത്തപ്പെട്ടിട്ടുള്ളതു. അതിന്റെ സ്ഥിതി നോക്കിയറിഞ്ഞാൽ ദേഹത്തിലുള്ള സകല രോഗങ്ങളുടേയും സ്വഭാവം തിരിച്ചറിയാം. മജ്ജകൾ ബലഹീനങ്ങളായാൽ പുരുഷൻ അതിവേഗത്തിൽ രോഗിയായിവരും. മജ്ജകൾക്കു കേട്ടു തട്ടുമ്പോൾ സകല അവയവങ്ങളും അവയവ പ്രവൃത്തികളും ക്രമക്കേടുകൾകൊണ്ടു ക്ഷീണിച്ച രോഗമുണ്ടാകും. അതിയായിട്ടുള്ള മദ്യപാനവും ആ തരത്തിലുള്ള അതിഭോഗങ്ങളും തലയുള്ളിപ്പാൻ തക്കവണ്ണമുള്ള പ്രവൃത്തികളും ഇന്ദ്രിയങ്ങൾക്കു ക്ഷീണം വരുവാൻ തക്കവേലകളും ഒരുപോലെ മജ്ജകളെ ക്ഷീണിപ്പിക്കും. അതുതന്നെ രോഗമാവും. മജ്ജകൾക്കു വന്നിട്ടുള്ള ബലഹീനത കൊണ്ടു രോഗം ഭവിച്ചിട്ടുള്ള ജനങ്ങൾ സുഖഹാനിയെ മൌനമായി അനുഭവിച്ചു ദുഃഖിക്കുന്നു. അവർക്കു ജീവൻ ഒരു ഭാരമായി വരുന്നു. അവർക്കു മരണം സൌഖ്യമെന്നും തോന്നും. ജീവകാലത്തിങ്കൽ

ഈ രോഗികൾക്ക കെൽപ്പും ഒട്ടും ഉണ്ടാവില്ല. ജീവസ്സുമാത്രം അവരിൽ കാണില്ല. ഇഹലോകസുഖങ്ങളെ യഥേഷ്ടം അനുഭവിപ്പാൻ അവക്ക ആശയുണ്ടാവാതെ വരുമ്പോൾ ഇഹലോകത്തിങ്കലുള്ള ഓരോ കഷ്ടപ്പാടുകളെ തട്ടത്തു ജയിപ്പാനും അവർ ആളാവുന്നതല്ല. ഈ മഹാരോഗത്തിനു പറയുന്ന ഔഷധങ്ങൾ അനേകം വില്ലാനുണ്ടെന്നു പലരും പലേടങ്ങളിലും പ്രസിദ്ധം ചെയ്യുന്നു. അവയിൽ ഫലിതം എറിയവയേ ഉള്ളുവെന്നും കാണുകയും ചെയ്യും. ഈ വക ഔഷധങ്ങളെ ഞങ്ങൾ വാങ്ങി ശാസ്ത്രവിധികൾക്കനുസരിച്ചു പരിശോധിച്ചു പരീക്ഷിച്ചു നോക്കീട്ടുള്ളതിൽ ആ വക മരുന്നുകൾ ഒന്നെങ്കിലും പറയുന്ന ഗുണങ്ങളെ ചെയ്തുകൊടുപ്പാൻ സാമർത്ഥ്യമുള്ളതായി കണ്ടിട്ടില്ല. ഒന്നെങ്കിലും നല്ലതില്ല. ഇതു അനേകം വൈദ്യന്മാരുടെ അനുഭവമാണ. അതുകൊണ്ട് ഈ മഹാദുഃഖകാരിയായ രോഗത്തിനു ഔഷധങ്ങളില്ലെന്നു ജനങ്ങൾ വിശ്വസിക്കുന്നു. ഇതു തെറ്റാണ. കരുണാനിധികളായി സർവ്വജനങ്ങളുടേയും നന്ദിക്കു പാത്രങ്ങളായ ഋഷികൾ ഈ രോഗനിദാനം വരുത്തി അതിനു തക്ക മരുന്നുകൾ നിശ്ചയിച്ചിരിക്കുന്നു. ഈ അതിദുസ്സഹമായ രോഗത്തിന്റെ വേരറുത്തു അതിനെ ശാന്തിവരുത്തുന്നതിനു ഒരൌഷധമുള്ളതു മേല്പറഞ്ഞ രതിവിലാസമാണ. അതുകൊണ്ടു ജനങ്ങൾക്കു കെൽപ്പും ഉശിരും വർദ്ധിക്കും. വളരെ ശുഷ്കാന്തിയോടുകൂടി പണിപ്പെട്ട ജാഗ്രതയായി ഞങ്ങൾ ഇതിനെ ഉണ്ടാക്കിയിരിക്കുന്നു. ഇന്ത്യാരാജ്യത്തിൽ അനേകായിരം ജനങ്ങൾക്കു ഈ മരുന്നു ഞങ്ങൾ കൊടുത്തു പരീക്ഷിച്ചിരിക്കുന്നു. ഒരു ഒറ്റ സംഗതിയെങ്കിലും ഫലിതമില്ലാതെ കണ്ടിട്ടില്ല, 'ഈ രോഗം ശമിക്കില്ല' എന്തു ചെയ്യട്ടെ'— എന്നു നിരാശപ്പെട്ടിട്ടുള്ള ജനങ്ങൾ ഈ രതിവിലാസത്തെ വാങ്ങി ഒന്നു പരീക്ഷിച്ചു നോക്കട്ടെ.

അല്പകാലത്തിനുള്ളിൽ ദേഹക്ഷീണത്തെ കളയും, മജ്ജകൾക്കു ശവപ്രായമായ ക്ഷീണമുണ്ടെങ്കിൽ അതിനെ തീർക്കും. ബാല്യത്തിൽ ബുദ്ധിമോശംകൊണ്ടു ആലോചനയില്ലാതെ ഓരോ ദുർവ്യാപാരങ്ങളെക്കൊണ്ടും അതിഭോഗങ്ങളെക്കൊണ്ടും കെല്പറ്റ ജീവശവങ്ങളായവരുടെ ജീവസ്സും മിടുക്കും മടങ്ങിവരുവാൻ ഇത്ര നല്ല ഔഷധമില്ല. മജ്ജാകേന്ദ്രങ്ങളായ സ്ഥാനങ്ങളെ പ്രത്യേകം ഈ ഔഷധം ബലപ്പെടുത്തും. വൈദ്യശാസ്ത്രപാണ്ഡിത്യമുള്ള ചികിത്സാരി

സഭകൾ നിശ്ചയിച്ചുവരുന്ന ടോണിക് (ബലദായകങ്ങൾ) എന്ന ഔഷധങ്ങളെല്ലാം പരക്കെ ദേഹചൈതന്യത്തേയും മെയ് മിടുക്കിനേയും കാമ്മശക്തിയേയും ഇന്ദ്രിയബലത്തിനേയുംഉണ്ടാക്കും. കെൽപ്പു മങ്ങിമറഞ്ഞു തേഞ്ഞുമാഞ്ഞു കിടക്കുമ്പോൾ; ചൈതന്യത്തെ രണ്ടാമത ഉണ്ടാക്കാൻ ഈ മരുന്നുകൾ ഉപകരിക്കും. മടിയും ഉറക്കവും തുങ്ങലും മൌഢ്യവും തീരാൻ ഈ മരുന്നുകൾ ഏറ്റവും ഉതകും. കഠിനമായ അദ്ധ്വാനംകൊണ്ടോ അതി പ്രയത്നംകൊണ്ടോ അതി ജാഗ്രതയായി പുസ്തകകാലക്ഷേപം ചെയ്തു പഠിച്ചതുകൊണ്ടോ ബാലബുദ്ധികൊണ്ടു വരുന്ന അതിഭോഗങ്ങളെക്കൊണ്ടോ പാനസാഹസംകൊണ്ടോ ശീതോഷ്ണാധിക്യംകൊണ്ടോ ആഹാരമൈഥുനാദിസാഹസങ്ങൾകൊണ്ടോ വല്ല ദീനങ്ങളും ഉത്ഭവിച്ചിട്ടുണ്ടെങ്കിൽ അതു നശിപ്പാൻ ഉപായം രതിവിലാസമെന്ന ഞങ്ങളുടെ മരുന്നു സേവിക്കുന്നതുതന്നെ. മജ്ജകളുടെ ക്ഷീണത്തെ തീർക്കും. ദേഹാവയവങ്ങൾക്കെല്ലാം ചൈതന്യലാഭവും ഉശിരും ഉണ്ടാവും. ക്ഷീണംകൊണ്ടും മനോബലഹാനികൊണ്ടും ഉണ്ടാവുന്ന കേടുകളെ തീർക്കും.

ഫലിതമേറിയ ഈ ഔഷധത്തിന്റെ കർത്താവു സർവ്വേശ്വരനായ ശിവനാണ്. അതിന്റെ സഹായംകൊണ്ടു അനേകായിരം ജനങ്ങൾ സുഖപ്പെട്ടിട്ടുണ്ട്.

മേല്പറഞ്ഞ എല്ലാ മരുന്നുകളും താഴെ എഴുതിയ മേൽവിലാസത്തിൽ എഴുതി ചോദിക്കേണ്ടതാണ്. എഴുത്തുകുത്തുകൾ മലയാളത്തിലോ, തമിഴിലോ, ഇംഗ്ലീഷിലോ ആയിരിക്കണം.

ടി. എസ്സ്. സുബ്രഹ്മണ്യ ആൻറ് കമ്പനിക്കാർ,
33, അർമ്മേനിയൻ തെരുവു,
മദ്രാശി.

Messrs T. S. SUBRAMANIA & Co.
33, Armenian Street,
MADRAS

കമ്മീഷൻ

രസികരഞ്ജിനിക്ക പുതിയ വരിക്കാരെ ഉണ്ടാക്കി അവർ വരിപ്പണം മുഴുവൻ മുൻകൂറായി പിരിച്ച പേരുവിവരപ്പട്ടികയോടുകൂടി ആ സാധ്യ ആപ്പീസ്സിൽ അടക്കുന്നവക്ക 15-കയിൽ കുറയാതെയുള്ള സംഖ്യകൾക്ക 100-ക്ക-10 ക. വീതം കമ്മീഷനും 20 കയിൽ കുറയാതെ പിരിച്ചടക്കുന്നവക്ക മേല്പറഞ്ഞ കമ്മീഷനും പുറമെ മുപ്പതുതെ ഉറപ്പികക്ക രഞ്ജിനിയുടെ ഓരോ പ്രതിവീതം സൌജന്യവും കൊടുക്കപ്പെട്ടും.

ര. ര. മാനേജർ.

ൻെ മേടത്തിൽ പണം അടച്ചവരുടെ പേരു വിവരം.

		ക.	ണ.	സ.
കെ. രാജരാജവമ്മ കോയിത്തമ്പുരാൻ തിരുമനസ്സു കൊണ്ട്		3	0	0
മ. രാ. രാ. വിദ്യാർത്ഥി സംഘം സെക്രട്ടറി	അവർകൾ	2	0	0
,, വൈരമനമംത്തിൽ വാസുദേവൻപോററി	,,	1	12	0
,, ചാലിശ്ശേരി പത്മനാഭമേനോൻ	,,	3	0	0
,, അ. അനന്തപ്പൈ	,,	3	0	0
,, ആർ. നാരായണമേനോൻ	,,	3	12	0
,, വി. കെ. കിഴക്കെ ശ്രീകൃഷ്ണമേനോൻ	,,	3	0	0
,, ചാത്തനാത്ത കുഞ്ഞിരാമമേനോൻ	,,	3	0	0
,, പി. കോലപ്പനായരു	,,	3	0	0
,, ഡാകടർ ടി. എം. നായർ	,,	3	8	0
,, തൊമ്മൻകുട്ടി	,,	3	0	0
,, സി. ററി. രാമപ്പൈ	,,	3	0	0
,, പി. നാരായണമേനോൻ	,,	3	0	0

മ. ര൹. രാ. എ. എസ്സ്. വെങ്കടേശ്വരശേണായിഅവർകൾ		3	0	0
,, ബപ്പയ്യപ്പ നാരായണയ്യപ്പ	,,	3	0	0
,, പുത്തൻവീട്ടിൽ വി. നരസിംഗയ്യപ്പ	,,	3	0	0
,, വി. കെ. രാമൻമേനോൻ	,,	3	0	0
,, എൻ. പരമേശ്വരൻ ഉണ്ണിത്താൻ	,,	2	0	0
,, ടി. നാരായണൻനമ്പി	,,	0	8	0

രസികരഞ്ജിനിയുടെ വരിസംഖ്യ ഇതുവരേയും അടച്ചിട്ടില്ലാത്ത വരിക്കാർ ദയവുചെയ്ത്, അവരവരുടെ പക്കൽനിന്നും വരേണ്ടതായ സംഖ്യ ഉടനെ അയച്ചുതരുവാൻ അപേക്ഷ

സംഗതിവിവരം

1. മിസ്സസ് ബെസന്റ്—പി. ഗോവിന്ദമേനോൻ, ബി. എ. 619
2. തെക്കുക്കൂർ വടക്കുക്കൂർ രാജാക്കന്മാർ— കൊട്ടാരത്തിൽ ശങ്കുണ്ണി 626
3. ഭാഗ്യം— തെലപ്പുറത്ത നാരായണനമ്പി 632
4. കോങ്കണബ്രാഹ്മണർ— എം. ശേഷഗിരിപ്രഭു, എം. എ. 633
5. കടംവീട്ടിയത— എസ്സ്. വി. ആർ 637
6. അന്ധവിശ്വാസം— എം. രാജരാജവർമ്മ രാജ, എം. എ. 652
7. കോമപ്പൻ— കുണ്ടൂർ നാരായണമേനോൻ, ബി. എ.
8. വിക്രമോർവ്വശീയസാരം— കൊട്ടങ്ങല്ലൂർ കൊച്ചുണ്ണിത്ത മ്പുരാൻ... 660
9. ഒരു പാട്ട്— കൊട്ടങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ... 6[illegible]
10. ഒരു ഇതിഹാസവനിതാ—എ. നാരായണപ്പൂതുവാൾ ... [illegible]
11. സമ്മാനം 672
12. പലവക 677



പുസ്തകം ൨ എടവമാസം ലക്കം ൫

മംഗളം.

കട്ടുംപാൽവെണ്ണയുണ്ടുനിവകമധുമൊഴിമാർചൊല്ലിടുംചീത്തപാരം
കേട്ടുംകൈകൊട്ടിയാർത്തുംനിജസഖരൊടുകൂടീടുപാത്രംതകത്തും
വിട്ടുംഗോബാലരേതഞ്ജനനികളരികിൽഗോപിവൃന്ദേകടക്കൺ
വിട്ടുംമട്ടിൽകളിക്കുംസുകൃതികുലസുഖാഭോഗിസൌഖ്യംതരട്ടേ.

പുനങ്ങാട്ട് കല്യാണിക്കുട്ടിയമ്മ.

മിസ്സസ് ബെസന്റ

ഇംഗ്ലീഷിൽ ഉള്ള തിയോസഫി എന്ന പദത്തെ പരിഭാഷപ്പെടുത്താൻവേണ്ടി സംസ്കൃതഭാഷയിൽനിന്ന് തിരഞ്ഞ പിടിച്ചുകൊണ്ടുവന്ന പദമാണ് ബ്രഹ്മവിദ്യ എന്ന വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ അത് തെറ്റാണെന്ന് നിസ്സംശയം പറയാം. ബ്രഹ്മവിദ്യ എന്ന പദം ഭഗവൽഗീതയുടെ ഓരൊ അദ്ധ്യായത്തിന്റെ അവസാനത്തിലും കാണുന്നുണ്ട്. പുരാണേതിഹാസങ്ങളിൽവെച്ച് ഭാരതവും, ഭാരതത്തിൽവെച്ച് ഭഗവൽഗീതയും, പ്രസിദ്ധങ്ങളാണല്ലൊ.

ബ്രഹ്മവിദ്യ എന്നുവെച്ചാൽ എന്ത്?— സംസ്കൃതത്തിലെ 'വിദ്' (അറിവ്) എന്ന ധാതുവും ലാറ്റിനിലെ 'വിഡീറി' (കാണുന്നു) എന്ന ധാതുവും ഒന്നാണ്. 'അറിയുന്നു' 'കണ്ടറിയുന്നു' എന്നുള്ള വ്യത്യാസമെയുള്ളു. ബ്രഹ്മവിദ്യ എന്നു വെച്ചാൽ ബ്രഹ്മജ്ഞാനം എന്നാണ് താല്പര്യം. 'തിയോസോഫിക്കൽ സൊസൈറ്റി' എന്നുവെച്ചാൽ ബ്രഹ്മവിദ്യാസംഘം എന്നോ ബ്രഹ്മജ്ഞാനമാർഗ്ഗമെന്നോ ധരിക്കേണ്ടതാകുന്നു. ക്രി. വ. ൧൮൭൫-ൽ അമേരിക്കയിൽ ന്യൂയോർക്ക് എന്ന നഗരത്തിൽ സ്ഥാപിതമായ ഒരു സംഘത്തിന്റെ ഉദ്ദേശങ്ങൾ:—

൧. അവരവരുടെ വർണ്ണാശ്രമാചാരങ്ങൾക്കുപുറമേ സകല മനുഷ്യരിലും ഭ്രാതൃസ്നേഹത്തോടുകൂടി പ്രവർത്തിക്കുക,

൨. വിവിധമതങ്ങളിലുള്ള തത്വങ്ങളുടേയും ശാസ്ത്രങ്ങളുടേയും താരതമ്യങ്ങളെ അറിയുക,

൩. ഇതുവരെയും വിശദമാവാത്ത പ്രകൃതിവ്യവസ്ഥകളേയും മനുഷ്യരിൽ ലയിച്ചുകിടക്കുന്ന ശക്തികളേയും തിരഞ്ഞു പിടിച്ചു വെളിപ്പെടുത്തുക ഇവകളാകുന്നു. ഇവയിൽ ഒന്നാമത്തേതു മാത്രമെ സാമാജികന്മാർക്ക് ബാധകമാകുന്നുള്ളു. ൨-ാ ൩-ാ ഉദ്ദേശങ്ങൾ നിറവേറണമെന്നില്ല. അവയ്ക്കുവേണ്ടി പരിശ്രമിച്ചാൽ അധികാ നന്ന്. മനുഷ്യവർഗ്ഗത്തിന്റെ പരസ്പര ഭ്രാതൃഭാവം സിദ്ധമായാൽ ജാതിമതഭേദങ്ങൾ നിസ്സാരങ്ങളായിത്തീരുമല്ലൊ. അപ്രകാരം സമഭാവത്തെ ശീലിച്ചിരിക്കുന്നവൻ ക്ഷുപ്പിപാസകളാൽ ക്ലാന്തനായ ചണ്ഡാലനും താനും സഹോദരന്മാരാണെന്ന് കാണുന്നു. സർവ്വഭൂതങ്ങളുടേയും സുഖദുഃഖങ്ങളിൽ അവൻ പങ്കുകൊള്ളുകയും ചെയ്യുന്നു. എന്തെന്നാൽ വിവിധങ്ങളായി കാണപ്പെടുന്ന ദേഹങ്ങൾ എല്ലാം വെറും രൂപാന്തരങ്ങളാണെന്നും ഒരു കാണാത്ത പ്രപഞ്ചമാസകലത്തിന്റെയും കാരണഭൂതൻ പരമാത്മാവാണെന്നും അവൻ അറിയുന്നു. ചുരുക്കി പറയുന്നതായാൽ,

'യച്ചാപി സർവ്വ ഭൂതാനാം ബീജം തദഹമർജ്ജുന
ന തദസ്തി വിനായത്സ്യാ മയാ ഭൂതം ചരാചരം.

ഭ. ഗീ. ൧൦-ാ അ. ൩൯-ാം ശ്ലോകം.

എന്ന ഭഗവാന്റെ ഉപദേശത്തെ സാനുഭവപ്പെടുത്തുകയാണ് ബ്രഹ്മവിദ്യയുടെ പരമോദ്ദേശ്യം.

ലോകത്തിൽ നാം എവിടെ തിരിഞ്ഞാലും രണ്ടു തത്വങ്ങൾ, രണ്ടോരണ്ടുമാത്രം, സർവ്വത്ര കാണുന്നുണ്ട്. അദ്ധ്യാത്മശാസ്ത്രജ്ഞന്മാർ അവയെ പുരുഷൻ എന്നും പ്രകൃതിയെന്നും വിളിച്ചുവരുന്നു. 'ഞാൻ' എന്ന് ആരെ ഉദ്ദേശിച്ചു പറയുന്നുവൊ അയാൾതന്നെയാണ് പുരുഷൻ. അയാൾ തന്നെയാണ് ദേഹി. 'ഞാൻ ദേഹത്തോടുകൂടിയവൻ', 'ഞാൻ ഭോക്താവ്', 'ഞാൻ കർത്താവ്', 'ഞാൻ ജ്ഞാതാവ്', എന്നീ വിഷയങ്ങളിൽ എല്ലാം 'ഞാൻ' എന്നത് ദേഹത്തിൽനിന്നും ഇന്ദ്രിയവാജരാദികളിൽനിന്നും, പാണി, പാദം, മുതലായവയിൽനിന്നും മനശ്ചക്ഷുരാദികളിൽനിന്നും ഭിന്നമാണെന്ന് സ്പഷ്ടമാവുന്നുണ്ട്. ഒരാൾ ദേഹിയാകുന്ന ഞാൻ ആകുന്നു പുരുഷൻ, അതായത് ജീവാത്മാവ്. ദേഹാദ്യുപാധികളുമാകുന്നു പ്രകൃതി. ജീവാത്മാവ് പരമാത്മാവിന്റെ ഒരു രശ്മിയും ശരീരം ഒരുപാധിയും ആകുന്നു. പല നിറങ്ങളിലുള്ള കണ്ണാടികളിൽകൂടി സൂര്യരശ്മി കടന്നു പോകുമ്പോൾ അവയിൽ ഓരൊ കണ്ണാടിക്കും തേജസ്സും പ്രഭയും കൊടുക്കുന്നതുപോലെയും അതിന്റെ നിറത്തിന്നനുസരിച്ചുള്ള വ്യത്യാസങ്ങൾ കാണുന്നതുപോലെയും പരമാത്മാവിൽ നിന്ന് കിരണരൂപേണ സർവ്വത്ര വ്യാപിക്കുന്ന ജീവാത്മാവ് വിവിധങ്ങളായ ശരീരങ്ങൾക്കെല്ലാം ചൈതന്യത്തെ കൊടുക്കുകയും ശരീരങ്ങളുടെ ഗുണങ്ങളെ അനുസരിച്ച് പല വ്യത്യാസങ്ങളെ പ്രകടിപ്പിക്കുകയും ചെയ്യുന്നു.

ഉപാധൌയഥാഭേദാന്നാസന്മണീനാം
തഥാഭേദേബുദ്ധിഭേദേഷുതേപി
യഥാചന്ദ്രകാണാംജലേചഞ്ചലത്വാ
തഥാചഞ്ചലത്വാതവാപീഹവിഷ്ണോ.

ഹനുമൽകം ക്ര-ാ ശ്ലോകം.

എന്നുണ്ടല്ലൊ.

നിർഗ്ഗുണമായ ആത്മാവിന്റെ ഉപാധിയായ ശരീരം ഗുണമയിഷ്ടമായതുകൊണ്ടും ഗുണങ്ങളിൽവെച്ച് താമസഗുണം പ്രായേണ മുൻതൂക്കം നില്ക്കുന്നതുകൊണ്ടും ആത്മജ്ഞാനം ദുഷ്പ്രാപ്യമായിതീർന്നിരിക്കുന്നു എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല. ഉപാധികളാൽ തിരസ്കൃതമായ ജീവാത്മാവ് അവയുടെ മാലിന്യങ്ങളെ പരിഹരിച്ച് തന്റെ ആദിമൂലമായ പരമാത്മാവിൽ ലയിക്കേണ്ടത്

ഒരാ പ്രപഞ്ചത്തിന്റെ ഉദ്ദേശമായതുകൊണ്ടും, ആ ഉദ്ദേശസിദ്ധിക്കായി ഓരാ ലോകാ മുഴുവൻ അറിയാതെയും അശ്രാന്തമായും പ്രവൃത്തിക്കുന്നതുകൊണ്ടും, അതിനുവേണ്ടി മന്വന്തരങ്ങളും കല്പങ്ങളും ജനനമരണാദ്യവസ്ഥകളും നിയമിച്ചിരിക്കകൊണ്ടും, ആ ഉദ്ദേശത്തെ പാടുള്ളേടത്തോളാ വേഗത്തിലും എളുപ്പത്തിലും സാധിപ്പാനുള്ള ഒരു ഉപായമാകുന്നു ബ്രഹ്മജ്ഞാനമാഗ്ഗാ. കർമ്മയോഗം ഭക്തിയോഗാ ജ്ഞാനയോഗാ ഇവകളാ ആകുന്നു ഓരാ മാഗ്ഗത്തിലെ വാഹനങ്ങളാ.

ബ്രഹ്മജ്ഞാനമാഗ്ഗത്തിന്റെ തന്ത്രങ്ങളും മറ്റാ ഗ്രന്ഥങ്ങളായതുകൊണ്ട് അവയെപ്പറ്റി പ്രതിപാദിക്കാൻ തരമില്ല. ഓരാ മാഗ്ഗത്തിന്റെ സ്ഥാപകൻ അമേരിക്കാക്കാരനായ കർണ്ണൽ ഓൾക്കാട്ടാണ്. മാഡാബ്ലവാസ്കി എന്ന യോഗിനിയും ഓൾക്കാട്ടുംകൂടി ചേന്നാണ് ഇപ്രകാരാ ഒരു സമാജത്തെ സ്ഥാപിച്ചത്. മാഡാബ്ലവാസ്കിക്ക് പല സിദ്ധികളും ഉണ്ടായിരുന്നുവെന്ന് പ്രസിദ്ധമാണല്ലൊ. ഇൻഡ്യയിലെക്ക് വരണമെന്നും ഏഷ്യാ ഖണ്ഡത്തിലെ ജനങ്ങളായി പരിചയമാകണമെന്നും ആയിരുന്നു ഇവരുടെ രണ്ടു പേരുടെയും അഭിലാഷാ. അങ്ങിനെ ഇരിക്കുമ്പോൾ ഒരു ദിവസം വൈകുന്നേരം മൂൾജി താക്കർസി എന്നാളുടെ മേൽവിലാസം സമാജത്തിന്റെ അദ്ധ്യക്ഷനും സ്ഥാപകനും ആയ കർണ്ണൽ ഓൾക്കാട്ടിന് കാണ്മാനിടവന്നു. സാമാജികനാവാൻ ആയാളോട് ഉടനെതന്നെ അദ്ധ്യക്ഷസ്ഥാപകൻ എഴുതി അയക്കുകയും അതിനെ ആയാൾ കയ്ക്കൊള്ളുകയുചെയ്തു. ബ്രഹ്മജ്ഞാനമാഗ്ഗത്തിൽ ചേന്ന ആദ്യത്തെ ഹിന്ദു മിസ്റ്റർ മൂൾജി ആയിരുന്നു. അയാളുടെ വഴിക്കാണ് ക. ഓൾക്കാട്ടാ ആര്യസമാജുക്കാരും തമ്മിൽ പരിചയമായത്. ആ വഴിക്കുതന്നെ ബൊമ്പായിലുള്ള പലരും സാമാജികന്മാരായി. ആര്യസമാജത്തിന്റെ സ്ഥാപകനായ ദയാനന്ദസ്വാമിയും ക. ഓൾക്കാട്ടും തമ്മിൽ പല എഴുത്തുകുത്തുകളും നടന്നിട്ടുണ്ട്. ആര്യസമാജത്തിന്റെയും ബ്രഹ്മജ്ഞാന മാഗ്ഗത്തിന്റെയും സിദ്ധാന്തങ്ങളാ മിക്കതും ഒന്നുതന്നെയെന്ന് ക. ഓൾക്കാട്ടിന് തോന്നി. 1875 മെയ് മാസത്തിൽ ബ്രഹ്മവിദ്യാസംഘത്തിന്റെ കാര്യദർശനയോഗക്കാർ വെറാ ബ്രഹ്മജ്ഞാനമാഗ്ഗാ എന്ന പേരിനെ ത്യജിച്ച് ആര്യ

സമാജത്തിന്റെ ബ്രഹ്മജ്ഞാനമാർഗ്ഗം എന്ന പേരിനെ അവലംബിച്ചു. ആറുമാസത്തിനുള്ളിൽ രണ്ട് സമാജങ്ങളുടെയും ഐക്യത അസാദ്ധ്യമെന്നുകണ്ട് ബ്രഹ്മവിദ്യാസംഘം അതിന്റെ വഴിക്കും ആര്യസമാജം അതിന്റെ വഴിക്കും തിരിഞ്ഞു. ഇതുണ്ടായത് ഫ്രഞ്ചു സപ്തംബറിൽ ആണ്. ഫ്രഞ്ചിന്റെ ഫെബ്രുവരി ഫന്റ-ാനു-യാണ് മാഡം ബ്ലവാസ്കിയും കേ. ഓൾക്കോട്ടും ആദ്യമായി ഇൻഡ്യയിൽ കാലെടുത്തുകുത്തിയത്. അതിൽപിന്നെ ബ്രഹ്മവിദ്യാസംഘത്തിന്ന് ഒരു നൂതന പ്രാബല്യവും ഹിന്ദുമതത്തിന്ന് ഒരു പുനരുദ്ധരണവും ഉണ്ടായി. സഹൃദയന്മാരായ അസാമ്യം ആളുകൾ ഇവരെ രണ്ടാളെയും സൽക്കരിച്ചു. ഇംഗ്ലീഷിന്റെ വക്ക് കടിച്ചിട്ടുള്ളവരെല്ലാം ആ കാലത്ത് നാസ്തികന്മാരും ഹിന്ദുമതദ്രോഹികളും ആയിരുന്നു. എന്നു തന്നെയല്ല, അവരുടെ അഭിപ്രായത്തിൽ ഹിന്ദുമതം ആകപ്പാടെ അജ്ഞാനങ്ങളുടെ ഉല്പത്തിസ്ഥാനമായിട്ടും നിഷിദ്ധങ്ങളായ അനവധി ദുരാചാരങ്ങളുടെ ആദിമൂലമായിട്ടും ആയിരുന്നു കിടന്നിരുന്നത്. പോരാത്തത് ക്രൈസ്തവ പാതിരിമാർ മുഴുവനാക്കി. ഒരു ദുഷ്ടശയിലാണ് മാഡവും കേ. ഓൾക്കോട്ടും വന്ന് പ്രാചീന ഹിന്ദുക്കളുടെ യോഗ്യതകളെയും, ഹിന്ദുമതത്തിലുള്ള തത്വങ്ങളുടെ ഉൽക്കൃഷ്ടങ്ങളെയും പ്രസംഗമൂലം പ്രദർശിപ്പിക്കാൻ തുടങ്ങിയത്. ആദ്യത്തെ പ്രസംഗം കേ. ഓൾക്കോട്ടാണ് ഫ്രഞ്ചിന്റെ മാച്ച് ഫന-ാനു- ബൊംബായിൽവച്ച് നടത്തിയത്. ബ്രഹ്മവിദ്യാസംഘത്തിന്റെ ഇൻഡ്യയിലെ ഒന്നാമത്തെ ശാഖാസമാജം ഫ്രഞ്ചം ഏപ്രീൽ ഫദ്ധ-ാനു-യാണ് സ്ഥാപിച്ചത. ഇപ്പോൾ ആകപ്പാടെ ഇരുന്നൂറ് ശാഖകളും ഇൻഡ്യയിൽ ഉണ്ട്. ഫ്രഞ്ചഫ, ഫന ഒരു രണ്ടു കൊല്ലങ്ങളിൽ ബ്രഹ്മവിദ്യാസംഘത്തിന്റെ അഭിവൃദ്ധിക്ക് യാതൊരു കുറവും ഉണ്ടായില്ല. ഫന മാച്ച് ൻ-ാനു- ബങ്കാളത്തുവെച്ച് മഹാപണ്ഡിതനായ താരാനാഥ തർക്കവാചസ്പതി കേ. ഓൾക്കോട്ടിനെ ഉപനയനാകഴിപ്പിച്ചു പൂണൂൽ ഇടുവിച്ചു. ല്ലാത്തിയിൽ പോയി മടങ്ങി വരുന്നവരെ ജാതിഭ്രഷ്ടന്മാരാക്കാൻ സദാ ജാഗരൂകന്മാരായിരുന്ന ബ്രാഹ്മണർ ജനനത്താൽതന്നെ മ്ലേച്ഛനായിരുന്ന കേ. ഓൾക്കോട്ടിനെ ഹിന്ദുമതത്തിലെക്ക്, എന്നുതന്നെയല്ല, ബ്രാഹ്മണകുലത്തിലെക്ക് അംഗീകരിച്ചു എന്നു കാണുന്നതിൽനിന്ന് ആ കാലത്ത ബ്രഹ്മവിദ്യാസംഘ

ത്തിനോട് ഹിന്ദുക്കൾക്കുണ്ടായിരുന്ന പ്രതിപത്തി ഇത്രയെന്ന് തെറ്റുകൂടാതെ അനുമാനിക്കാവുന്നതാണ്.

ഈ സ്ഥിതി അധികം കാലം നിലനിന്നില്ല. നിലനിൽക്കുവാൻ തരവുമില്ല. കൊളംബിൽവെച്ചുണ്ടായ ചില അന്തഃഛിദ്രങ്ങൾ നിമിത്തം ബ്രഹ്മവിദ്യാസംഘത്തിന് ചില ഊനങ്ങൾ ഉണ്ടായി. മാഡാമ്പ്ലവാസ്കിയും കൂ. ഓൾക്കോട്ടും ബുദ്ധമതത്തിലേക്ക് അല്പം ചാഞ്ഞുനിന്നിരുന്നതുകൊണ്ടും, ബുദ്ധമതത്തിലെ പേരുകളും മറ്റും സംഘത്തിൽ ധാരാളമായി ഉപയോഗിച്ചു വന്നിരുന്നതുകൊണ്ടും, ഭക്തന്മാർക്ക് ഉപാസ്യനായും സഗുണനായും ഉള്ള ബ്രഹ്മത്തിനെ അവർ നിരാകരിച്ചതുകൊണ്ടും, ഇതെല്ലാം മറ്റു ഹിന്ദുക്കൾക്ക് അത്ര രുചിക്കാത്തതുകൊണ്ടും ആണ് മേൽപ്രകാരം ഒരു ഛിദ്രം ഉണ്ടാവാനിടയായത്. ഈ ദുഷ്ടങ്ങൾ എല്ലാം ഹ്യൂൻ-ൽ മിസ്സസ ബെസൻറ് അരങ്ങത്ത് വന്നപ്പോൾ നീങ്ങി. ജ്ഞാനമാർഗ്ഗത്തിന്റെ അസ്ഥിവാരമായ ഹിന്ദുമതത്തിൽ അന്തർവിച്ഛിദ്രങ്ങളിലും മറ്റും അവക്കുണ്ടായിരുന്ന ജ്ഞാനത്താലും ഹിന്ദുമതാചാരങ്ങളിലും, പുരാണങ്ങളിലും, ശാസ്ത്രാദികളിലും എന്തെല്ലാം അജ്ഞാനതിമിരത്താൽ ആവൃതമായി ജനസാമാന്യത്തിന് ദുർഗ്രഹമായി കിടന്നിരുന്നുവൊ അവയെല്ലാം ദക്ഷിണായനത്തിലെ പ്രചണ്ഡമാർത്താണ്ഡനേക്കാൾ പ്രതാപമുള്ള അവരുടെ ബുദ്ധിയുടെ കിരണങ്ങൾ നിഷ്പ്രയാസമാനങ്ങളാക്കി ചെയ്തതിനാലും ബ്രഹ്മവിദ്യാസംഘത്തിന് ഒരു പുനരുദ്ധാരണം ഉടനെ ഉണ്ടായി. ശ്രീകാശിയിലുള്ള സെൻറ്റൽ ഹിന്ദുകോളേജ് ഇതിന്റെ ഒരു ഫലമാണ്. ക്രൈസ്തവ പാഠശാലകളിൽ ക്രൈസ്തവ വേദത്തെ പഠിപ്പിക്കുന്നതിനേക്കാൾ അധികം ശ്രദ്ധയോടും താല്പര്യത്തോടും കൂടിയാണ് ഈ കോളേജിൽ ഹിന്ദുമതത്തെപ്പറ്റി വിദ്യാർത്ഥികളെ പഠിപ്പിക്കുന്നത്; എന്നു തന്നെയല്ല, ഹിന്ദുമതത്തെപ്പറ്റി സനാതനധർമ്മപുസ്തകാവലിയെന്നും മറ്റും അനേക പാഠപുസ്തകങ്ങൾ ഈ കോളേജിൽ നിന്ന് പുറപ്പെട്ടിട്ടുള്ളവ ഇതര പാഠശാലകളിലും ഉപയോഗിക്കപ്പെടേണ്ടവയാണ് എന്ന നിസ്സംശയം പറയാം.

ബ്രഹ്മവിദ്യാസംഘത്തിന്റെ ഇപ്പോഴത്തെ അഭിവൃദ്ധിയിൽ മുക്കാൽ ഭാഗവും മിസ്സസ് ബെസൻറ് മൂലമാണെന്ന് പറഞ്ഞാൽ തീർന്നുവല്ലൊ. ബ്രഹ്മജ്ഞാനമാർഗ്ഗത്തിൽ ഇവർ ചെന്ന് ചേർന്നത്

മാഡംബ്ലവാസ്കിയുടെ Secret Doctrine (ഗ്രുഢസിദ്ധാന്തം) എന്ന പുസ്തകം മൂലമാണ്. പെൽ മെൽ ഗസറ്റ് എന്നപത്രത്തിന് പരിശോധിക്കാനായി ഈ പുസ്തകം അയച്ചുകൊടുത്തപ്പോൾ ആ പത്രത്തിന്റെ പത്രാധിപനായിരുന്ന മിസ്റ്റർ സ്റ്റെഡ് അതിനെ നിരീശ്വരമാക്കുന്നതിൽ വിഖ്യാതിസമ്പാദിച്ചിട്ടുള്ള മിസ്സസ് ബെസന്റിനാണ് പരിശോധിക്കാൻ കൊടുത്തത്. മിസ്സസ് ബെസന്റിന് നിരീശ്വരമാക്കുന്നതിൽ പൂർണ്ണമായ തൃപ്തി ഉണ്ടായിരുന്നില്ലെങ്കിലും ഇതരമാക്കുങ്ങളേക്കാൾ നിരീശ്വരമാക്കും തന്നെ ആണ് ആകപ്പാടെ ഭേദം എന്നൊരു ബോധം ഉണ്ടായിരുന്നു. ഗ്രുഢസിദ്ധാന്തം വായിച്ചതോടുകൂടി മിസ്സസ് ബെസന്റിന്റെ അഭിപ്രായങ്ങളും തീരെ ഭേദപ്പെട്ടു. സംശയങ്ങൾ എല്ലാം തീർന്നു. പരമാത്മാവിലുള്ള വിജ്ഞാനത്താൽ മാത്രമെ ജ്ഞാനം മുഴുവനാവാൻ തരമുള്ളു. പരമാത്മാവിനെ അറിവാൻ ഗ്രുഢസിദ്ധാന്തം നല്ലൊരുപകരണമായിഭവിച്ചു. സ്വാർത്ഥം, ദ്വേഷം, അഹങ്കാരം, ക്രോധം എന്നിങ്ങനെയുള്ള കാട്ടാനകൾ നിറഞ്ഞതായ കൊടുങ്കാട്ടിനു തുല്യമായ ഈ ഭവനത്തിന്റെ ഭാവിയായ അവസ്ഥയെപ്പറ്റി ഖിന്നയായി ഇരുന്നിരുന്ന മിസ്സസ് ബെസന്റിന് ബ്രഹ്മജ്ഞാനമാക്കുന്നതിന്റെ സിദ്ധാന്തങ്ങൾ വളരെ ഹൃദയംഗമങ്ങൾ ആയിത്തീർന്നു. മനുഷ്യവർഗ്ഗത്തിൽ അന്തർഭവിച്ചു കിടക്കുന്ന ഉൽകൃഷ്ടങ്ങളെ വെളിപ്പെടുത്താമെന്നും വർദ്ധിപ്പിക്കാമെന്നും മറ്റും ബ്രഹ്മജ്ഞാനമാക്കും കാണിച്ചുകൊടുത്തപ്പോൾ തന്നെ മിസ്സസ് ബെസന്റിന്റെ മനസ്സ് തണുത്തു. സ്വാർത്ഥത്തെ കയ്യൊടിഞ്ഞും പരോപകാരം ചെയ്യണമെന്ന തത്വം അവർക്ക് വളരെ ബോദ്ധ്യമായി. ഈ അവസരത്തിൽ തന്നെ ഒരു മഹാത്മാവിന്റെ ഒരു എഴുത്തും യദൃച്ഛയാ ആകാശത്തിൽ നിന്നുവീണു. സൂചകത്തെ ധരിച്ചു. നിരീശ്വരമതത്തോടു യാത്രപറഞ്ഞു. ബ്രഹ്മജ്ഞാനമാക്കുന്നതിലേക്കു തിരിഞ്ഞു.

ഇവർ ഈ മാക്കുന്നതിൽ ചേർന്നതിൽ പിന്നെ വളരെ ആളുകൾ ഇവരെ അനുഗമിക്കുകയും ജ്ഞാനം അഭ്യസിക്കുകയും ചെയ്തിട്ടുണ്ട്, സെൻട്രൽ ഹിന്ദുകോളേജ് സ്ഥാപിച്ചതും ഇവർ തന്നെ ആണ്. പൂജ്യപാദനായ വിവേകാനന്ദസ്വാമിയെ വിട്ടാൽ അടുത്ത കാലങ്ങളിൽ നമ്മുടെ വേദങ്ങളേയും ഉപനിഷത്തുകളേയും ശാസ്ത്ര

ങ്ങളേയും പററി ലോകോപ്കാരകമായി ജ്ഞാനാ ഇവരോളാ വേറെ വല്ലവക്കും ഉണ്ടായിട്ടുണ്ടൊ എന്ന സംശയമാണ്. ഇങ്ങിനെയെല്ലാമിരിക്കുന്ന മിസ്സസ് ബെസൻറിന് ദീർഘായുസ്സ ഭവിക്കട്ടെ എന്ന പ്രാത്ഥിക്കുന്നു.

പി. ഗോവിന്ദമേനോൻ, ബി. എ.

തെക്കുള്ളാ വടക്കുള്ളാ

രാജാക്കന്മാർ

തദനന്തരം. അന്നു തിരുവിതാംകോട്ടെ പ്രധാന മന്ത്രിയായിരുന്ന രാമയ്യൻദളവ മാത്താണ്ഡവർമ്മമഹാരാജാവിൻെറ അടുക്കൽ ഇനി നമുക്ക് ഒന്നാമതായി പിടിച്ചടക്കേണ്ടുന്നത് തെക്കുംകൂർ രാജ്യമാണ്. അതിന് അത്ര പ്രയാസമൊന്നും ഇല്ലാതെയുമാണിരിക്കുന്നത്. അതിനാൽ അചിരേണ സൈന്യസമേതം എഴുന്നള്ളത്തു പുറപ്പെടണം' എന്നറിയിച്ചു. അപ്പോൾ മഹാരാജാവ് 'നമ്മുടെ രാജ്യത്തെ വർദ്ധിപ്പിക്കണമെന്നുള്ള ആഗ്രഹം നമുക്കും ഇല്ലെന്നില്ല, എങ്കിലും ഇപ്പോൾ തെക്കുംകൂറിൽ പ്രായാതിക്യത്തെ പുരുഷന്മാരും ഇല്ലാതെയിരിക്കുന്ന സ്ഥിതിക്കു നാം ആ രാജ്യം പിടിച്ചടക്കുവാനായി പുറപ്പെട്ടുന്നത് ഭീരുത്തിക്കു കാരണമായിത്തീരുകയില്ലയൊ എന്നു നാം സംശയിക്കുന്നു' എന്നു കല്പിച്ചു.

രാമയ്യൻ— ഇങ്ങനെയുള്ള ശുദ്ധഗതികളൊക്കെ തിരുമനസ്സിലുണ്ടായിത്തുടങ്ങിയാൽ ഒരു കാര്യവും നടക്കുകയില്ല. കായംകുളത്തെ യുദ്ധത്തിൽ ഇരുഭാഗക്കാരും യാതൊരു സഹായവും ചെയ്യുകയില്ലെന്നായിരുന്നുവല്ലൊ തെക്കുംകൂർ രാജ്ഞി വാഗ്ദാനം ചെയ്തിരുന്നത്. ഒടുക്കം ശ്രദ്ധമായി തൻെറ സൈന്യങ്ങളെ അയച്ചു കായംകുളത്തു രാജാവിനെ സഹായിക്കുകയല്ലയോ ചെയ്തത്. ഈ സ്ഥിതിക്ക് ഇവിടെ ഈ ദാക്ഷിണ്യം ആവശ്യമുള്ളതാണെന്നു തോന്നുന്നില്ല.

മഹാരാജാവ്— തെക്കുംകൂർ രാജ്ഞി കായംകുളത്തു രാജാവിനു

സൈന്യങ്ങളെ അയച്ചുകൊടുത്തു എന്നൊരു കേമംവിയുള്ളതല്ലാതെ നമുക്ക് അതിനു തക്കതായ തെളിവൊന്നും കിട്ടീട്ടില്ല. അഥവാ അയച്ചുകൊടുത്തു എന്നുള്ളത് വാസ്തവം തന്നെയായിരുന്നാലും നമുക്ക് അതുകൊണ്ട് വിശേഷിച്ചു യാതൊരു തരക്കേടും പറ്റിയില്ലല്ലൊ. ആ സ്ഥിതിക്ക് കേവലം കേട്ടകേൾവിയെ മാത്രം അടിസ്ഥാനമാക്കി നാം ഒരു രാജ്ഞിയോട് അതിന്റെ പക വീട്ടാനായി പുറപ്പെട്ടുന്നതു കഷ്ടമല്ലയോ?.

രാമയ്യൻ—നമുക്ക് തരക്കേടൊന്നും പറ്റാഞ്ഞത് ശ്രീപത്മനാഭന്റെ കൃപകൊണ്ടും തിരുമനസ്സിലെ ഭാഗ്യംകൊണ്ടുമാണ്. അല്ലാതെ ദുഷ്ടയായ ആ രാജ്ഞിയുടെ മനോഹ്ലാദംകൊണ്ടല്ല. അവർ നമുക്കു കഴിയുന്ന ദ്രോഹം ചെയ്തു. എങ്കിലും ഇപ്പോൾ യുദ്ധം വിഹിതമല്ലെന്നാണ് തിരുമനസ്സിലെ അഭിപ്രായമെങ്കിൽ അതു വേണമെന്നില്ല. എന്നാൽ ഇങ്ങോട്ടു ചതി ചെയ്തിരിക്കുന്ന സ്ഥിതിക്ക് അങ്ങോട്ടും ഒരു ചതി ചെയ്യാതെയിരിക്കുന്നതു ശരിയല്ല. അതിനാൽ ഇപ്പോൾ രാജ്ഞിയോട് സ്നേഹഭാവത്തിൽ, അവിടെ രാജ്യഭരണം ചെയ്യുന്നതിന് പ്രായം തികഞ്ഞ പുരുഷന്മാരുണ്ടാകുന്നതുവരെ രാജ്യഭാരം ഇങ്ങോട്ടൊഴിഞ്ഞു തന്നാൽ അവിടത്തെ ഒരു കാര്യസ്ഥന്റെ നിലയിൽ രാജ്യകാര്യങ്ങളൊക്കെ ഇവിടെ അന്വേഷിച്ചു കൊള്ളാമെന്നും, അവിടെ പുരുഷന്മാരുണ്ടായാലുടൻ തിരിയെ വിട്ടുകൊടുത്തു കൊള്ളാമെന്നും, പറഞ്ഞ് രാജ്യാധികാരം കൈക്കലാക്കാം. പിന്നെ അവിടെ പുരുഷന്മാരുണ്ടാകുന്ന കാലത്ത് രാജ്യം വേണമെങ്കിൽ യുദ്ധംചെയ്തു ജയിച്ചു വീണ്ടെടുത്തു കൊള്ളുന്നതിനും പറയാം. അങ്ങനെയാകുന്നതിനെന്താണ് വിരോധം?

രാമയ്യന്റെ ഈ അഭിപ്രായവും തിരുമനസ്സിലേയ്ക്ക് അത്ര രുചിച്ചില്ല. എങ്കിലും രാമയ്യന്റെ നിബ്ബന്ധത്താൽ ഒടുക്കം അങ്ങനെ ചെയ്തുകൊള്ളുന്നതിനു കല്പിച്ചനുവദിച്ചു. ഉടനെ രാമയ്യൻ തെക്കുംകൂർ രാജ്ഞിയുടെ അടുക്കലെത്തി. രാജ്ഞി രാമയ്യനെ യഥായോഗ്യം സൽകരിച്ച് വന്ന കാര്യം എന്താണെന്നു ചോദിച്ചു.

രാമയ്യൻ—ഇവിടെയുള്ളപ്പോൾ പ്രായാധിക്യംകൊണ്ടും മറ്റും രാജ്യകാര്യങ്ങൾ അന്വേഷിച്ചു ശരിയായി നടത്തുന്നതിനു വളരെ ബുദ്ധിമുട്ടായിരിക്കുമല്ലൊ. എന്നാൽ ഭാരം തൽകാലം ഒഴിഞ്ഞുകൊടുക്കുന്ന പക്ഷം ഇവിടത്തെ ഒരു കാര്യസ്ഥന്റെ നില

യിൽ ഒരാ രാജ്യത്തെ കായ്ക്കുംകൂടി അനേപക്ഷിച്ചു നടത്തിക്കൊ ള്ളാമെന്നു തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേയ്ക്കു സമ്മ തമുണ്ട്. ഇവിടെ രാജ്യഭരിക്കുന്നതിനു പ്രായമില്ലാതെ പുരുഷന്മാ രുണ്ടാകുന്നകാലത്ത് യാതൊരു തക്കവും പറയാതെ രാജ്യാധികാരം ഒഴിഞ്ഞുതന്നുകൊള്ളാമെന്ന് ഒരുടമ്പടി തരുന്നതിനും തിരുമനസ്സി ലേയ്ക്കു സമ്മതമാണ്. ഇവിടെയ്ക്കും ഒരാ കുടുംബത്തെയ്ക്കും ഒരാ രാ ജ്യവാസികൾക്കും യാതൊരു ബുദ്ധിമുട്ടിനും കഷ്ടപ്പാടിനും ഇടയാ കാതെ അവിടുന്നു രക്ഷിച്ചുകൊള്ളും. ഇതിലേയ്ക്ക് ഇവിടെയും സ മ്മതമുണ്ടോ എന്നറിയുന്നതിനായിട്ടാണ് ഞാനിപ്പോൾ വന്നത്.

രാജ്ഞി— നമ്മുടെ പുത്രന് ഇപ്പോൾ പന്ത്രണ്ടു വയസ്സ് കഴി ഞ്ഞിരിക്കുന്നു. നാലഞ്ചു കൊല്ലംകൂടിക്കഴിഞ്ഞാൽ അയാൾക്കു പു രുഷപ്രായമാകും. പിന്നെ അയാൾതന്നെ രാജ്യഭാരം വഹിച്ചുകൊ ള്ളുകയും ചെയ്യും. അതിനിടയ്ക്കു മറെറാരാളെ രാജ്യഭാരം ഏല്പിച്ചു നടത്തിക്കുന്നതിന് എനിക്കു മനസ്സില്ല. ഇതുവരെ ഒരു വിധം കഴിഞ്ഞുകൂടിയല്ലൊ. അതുപോലെ കുറച്ചു കാലംകൂടി വല്ല വിധവും കഴിച്ചു കൂട്ടാമെന്നാണ് തോന്നുന്നത്. അതിനാൽ തിരുവിതാംകൂർ മഹാരാജാവ ഇങ്ങോട്ട ഉപദ്രവമൊന്നും ചെയ്യാതെയിരിക്കണമെ ന്നല്ലാതെ ഉപകാരമൊന്നും ചെയ്യുന്നതരണമെന്നു നമുക്കപേക്ഷയില്ല.

രാമയ്യൻ— ഞാൻ പറഞ്ഞതുപോലെ സമ്മതിക്കുന്നതാണ് ഇവിടേയ്ക്കു നല്ലത്. അല്ലെങ്കിൽ പല വിധത്തിലുള്ള കഷ്ടപ്പാടുകൾ ക്ക് ഇടവരുന്നതാണ്.

രാജ്ഞി— ഈശ്വരൻ വരുത്തുന്നതെല്ലാം അനുഭവിക്കുകയല്ലാ തെ നിവൃത്തിയില്ലല്ലൊ. എന്തെല്ലാം കഷ്ടപ്പാടുകൾ വന്നാലും ഞാനെന്റെ മനസ്സാലെ ഈ രാജ്യാധികാരം അന്യന്മാക്കു ഒഴിഞ്ഞു കൊടുക്കുകയില്ലെന്നുള്ളത് തീച്ചയാണ്. ഇനി ആ കായ്യത്തെക്കുറി ച്ച് രാമയ്യൻ എന്നോടധികം നിബ്ബന്ധിക്കണമെന്നില്ല.

ഇപ്രകാരം രാജ്ഞി തീച്ചയായി പറഞ്ഞതിന്റെ ശേഷം രാമ യ്യൻ കോപത്തോടുകൂടി 'ഈ ധിക്കാരത്തിന്റെ ഫലം താമസിയാ തെ അനുഭവിക്കേണ്ടിവരും. ഇതു രാമയ്യനാണെന്ന് ഓർമ്മയുണ്ടാ യിരിക്കണം' എന്നു പറഞ്ഞിട്ട് അവിടെനിന്നു പോവുകയും ചെയ്തു.

ഉടനെ രാമയ്യൻ തിരുവനന്തപുരത്തെത്തി, ഈ ഉണ്ടായ വി

വരങ്ങളെല്ലാം തിരുമനസ്സറിയിക്കുകയും ക്ഷണത്തിൽ സൈന്യസമേതം യുദ്ധത്തിനു പുറപ്പെടണമെന്നു തിരുമനസ്സിലെ അടുക്കൽ നിബ്ബന്ധിക്കുകയും ചെയ്തു. രാജ്ഞിയോടു യുദ്ധത്തിനു പുറപ്പെടുന്നതിനു തിരുമനസ്സിലേക്ക് ഒട്ടുംതന്നെ സമ്മതമില്ലായിരുന്നു. എങ്കിലും രാമയ്യന്റെ നിബ്ബന്ധം കലശലായപ്പോൾ, 'ഈ കാര്യത്തിൽ നമ്മുടെ അഭിപ്രായമൊന്നും ചോദിക്കാനാവശ്യമില്ല. രാമയ്യന്റെ ഇഷ്ടംപോലെ ചെയ്തുകൊള്ളുന്നതിനു നാം അനുവദിച്ചിരിക്കുന്നു' എന്നു കല്പിച്ചു. ഉടനെ രാമയ്യൻ സൈന്യസമേതം അവിടെനിന്നു പുറപ്പെട്ടു. മഹാരാജാവുകൂടെ എഴുന്നള്ളിയിരുന്നു എന്നും ചിലർ പറയുന്നുണ്ട്.

രാമയ്യൻ സൈന്യങ്ങളോടുകൂടി യുദ്ധത്തിനു പുറപ്പെട്ടിരിക്കുന്നതായി ചാരന്മാർ മുഖാന്തരം മുൻകൂട്ടി അറിവു കിട്ടുകയാൽ തെക്കുംകൂർ രാജകുടുംബത്തിലുണ്ടായിരുന്നവരാസകലവും മന്ത്രിമാരും സേനാനായകന്മാരും സൈന്യങ്ങളും എല്ലാം പ്രാണഭീതിയോടുകൂടി ഓടി ഓരോ വനാന്തരങ്ങളിൽക്കേറിയൊളിച്ചു. രാമയ്യൻ മുതലായവർ തെക്കുംകൂറിലെത്തിയപ്പോൾ ഏതുക്കാനാരെയും കാണായ്കയാൽ കോട്ട, കൊത്തളം മുതലായവ മിക്കവാറും നിരത്തുകയും കിടങ്ങു നികത്തുകയും രാജഭണ്ഡാരമെല്ലാം കുത്തിവാരുകയും ഒടുക്കം രാജഭവനം തീവെച്ചു ചുട്ടു ഭസ്മമാക്കുകയും ചെയ്തു. ഇപ്രകാരം ആ രാജ്യവും കൈവശപ്പെടുത്തിയതിന്റെ ശേഷം കൊള്ളയിട്ടു കിട്ടിയവയായ മുതലുകളുംകൊണ്ട് എല്ലാവരും തിരുവനന്തപുരത്തേയ്ക്കു മടങ്ങിപ്പോയി.

ഓടിയൊളിച്ചിരിക്കുന്ന രാജ്ഞിയേയും മറ്റും അന്വേഷിച്ചു പിടിക്കുന്നതിനും തെക്കുംകൂർ രാജ്യവും തിരുവിതാംകൂറും ഒന്നാക്കിച്ചേർത്തു ശരിപ്പെടുത്തി മുതലൊട്ടുകായ്ങ്ങളിലും മറ്റും വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുന്നതിനും മറ്റുമായി രാമയ്യൻ പിന്നാലെ സൈന്യങ്ങളോടുകൂടി വീണ്ടും തെക്കുംകൂർ രാജ്യത്തുതന്നെ വന്നു. പല വനാന്തരങ്ങളിലും മറ്റും വളരെക്കാലം അന്വേഷിച്ചു ഒരുവിധം രാജ്ഞിയേയും മറ്റും കണ്ടുകിട്ടി. ഉടനെ രാമയ്യനും സൈന്യങ്ങളുംകൂടി അവരേ എല്ലാം ബന്ധിച്ചു കാരാഗൃഹത്തിലാക്കി. പിന്നെയും കുറച്ചുകാലംകൂടി രാമയ്യനും മറ്റും തെക്കുംകൂർ രാജ്യത്തുതന്നെ താ

മസിച്ചു. അതിനിടക്ക് രാജ്യകാര്യങ്ങളെല്ലാം ശരിപ്പെട്ടുത്തി, തെക്കുർ
ക്കൂർ തിരുവിതാംകൂറിനോടു ചേർത്തു നികുതി പിരിക്കുന്നതിനും മറ്റും
വേണ്ടുന്ന സകല ഏർപ്പാടുകളും ചെയ്തു. അതിൻറെശേഷം രാമ
യ്യൻ ഒരു ദിവസം കാരാഗൃഹത്തിൽച്ചെന്നു തെക്കുംകൂർ രാജ്ഞിയോ
ടു 'ഞാൻ മുൻപു പറഞ്ഞിട്ടുള്ളപ്രകാരം രാജ്യാധികാരം തിരുവിതാം
കൂർ മഹാരാജാവു തിരുമനസ്സിലേ ഏല്പിച്ചു കൊടുക്കുന്നതിന് ഇ
പ്പോൾ മനസ്സുണ്ടോ?' എന്നു ചോദിച്ചു. അതിനു രാജ്ഞി 'ഇപ്പോ
ഴും എനിക്കു മനസ്സില്ല. ഞാൻ മരിക്കുന്നതുവരേ എനിക്കു മനസ്സു
ണ്ടാവുകയുമില്ല' എന്നുത്തരം പറഞ്ഞു. ഉടനെ രാമയ്യൻ കോപ
ത്തോടുകൂടി 'എന്നാൽ നിങ്ങളെ എല്ലാവരേയും വെമ്പനാട്ടു കായ
ലിൽ ഞാൻ ഇന്നുതന്നെ കെട്ടിത്താഴ്ത്തിക്കൊല്ലും. തെക്കുംകൂർ രാ
ജവംശം ഇന്നു ഞാൻ നാമാവശേഷമാക്കിത്തീർക്കും' എന്നു പറ
ഞ്ഞ് രാജ്ഞിയേയും മറ്റും തോണിയിൽ കയറിക്കൊണ്ടു പോകാ
നായിപ്പുറപ്പെട്ടു. ഉടനെ പല വന്മാന്തരങ്ങളിലായി ഒളിച്ചു കിടന്നി
രുന്ന തെക്കുംകൂർ സൈന്യങ്ങളെല്ലാം ആയുധപാണികളായിട്ട് അ
വിടെയെത്തി. പിന്നെ രാമയ്യൻ മുതലായ തിരുവിതാംകൂർ സൈന്യ
ങ്ങളും തെക്കുംകൂർ സൈന്യങ്ങളുംകൂടി അവിടെവെച്ചു ചുരുക്കത്തിൽ
ഒരു യുദ്ധമുണ്ടായി. ആ യുദ്ധത്തിൽ തെക്കുംകൂർ സൈന്യങ്ങളാണ് ജ
യിച്ചത്. ഇവിടെ എന്തുകൊണ്ടതിന് ആരുമില്ലല്ലൊ എന്നുവിചാരിച്ചു
രാമയ്യൻ സൈന്യങ്ങളെ അധികം കൊണ്ടുപോന്നിരുന്നില്ല. അതി
നാൽ തെക്കുംകൂർ സൈന്യങ്ങൾ തിരുവിതാംകൂർ സൈന്യങ്ങളെ തോ
ല്പിച്ച് ഓടിക്കുകയും രാമയ്യനെ പിടിച്ചു ബന്ധിച്ചു കാരാഗൃഹത്തി
ലാക്കുകയും രാജകുടുംബത്തെ വീണ്ടും ഒളിപ്പിക്കയും ചെയ്തു. ഈ വി
വരം കേട്ടമാത്രയിൽ മാർത്താണ്ഡവർമ്മ മഹാരാജാവു സൈന്യസമേ
തം പുറപ്പെട്ടു തെക്കുംകൂറിലെത്തി. ഉടനെ തെക്കുംകൂർ സൈന്യങ്ങളെ
ല്ലാം ആയുധങ്ങൾ താഴ്ത്തിവെച്ചു മഹാരാജാവിനെ ശരണം പ്രാപിച്ച
തല്ലാതെ പിന്നെ യുദ്ധമൊന്നും ഉണ്ടായില്ല. മഹാരാജാവു രാമയ്യനേ
യുംകൊണ്ടു സൈന്യങ്ങളോടുംകൂടി മടങ്ങിപ്പോവുകയുംചെയ്തു. അ
തോടുകൂടി തെക്കുംകൂർ രാജ്യവാസികളെല്ലാം തിരുവിതാംകൂർ മഹാ
രാജാവിൻറെ കീഴടങ്ങുകയാൽ ആ രാജ്യവും തിരുവിതാംകോട്ടെയ്ക്കു
പൂർണ്ണമായി കൈവശപ്പെടുകയുംചെയ്തു. ഒളിച്ചുപോയ രാജ്ഞിയേ
യും മറ്റും പിന്നെ ആരും അന്വേഷിക്കാനും പിടിക്കാനും പോയി

യുമില്ല. അവർ ഒരുവിധം പ്രാണധാരണം ചെയ്യാകൊണ്ടു പല സ്ഥലങ്ങളിലും അലഞ്ഞു നടന്നുകൊണ്ടിരുന്നു.

അങ്ങനെ കുറഞ്ഞൊരുകാലം കഴിഞ്ഞതിന്റെശേഷം—നാം പിടിച്ചടക്കിട്ടുള്ള രാജ്യങ്ങളിൽ വാണിരുന്ന രാജാക്കന്മാരിലൊ അവരുടെ വംശക്കാരിലൊ ആരെങ്കിലും നമ്മോട് അടുത്തുണപറഞ്ഞു താമസിക്കുന്നതിനു മനസ്സുണ്ടെങ്കിൽ വിവരം നമ്മുടെ അടുക്കൽ അപേക്ഷിച്ചാൽ അവരെ നാം യഥായോഗ്യം അടുത്തുണ കൊടുത്തു താമസിപ്പിച്ചു രക്ഷിക്കുന്നതാണ്—എന്നൊരു തിരുവെഴുത്തു വിളംബരം തിരുവിതാംകൂർ മഹാരാജാവ് പ്രസിദ്ധപ്പെടുത്തി. അതിൻ പ്രകാരം അന്ന് തെക്കുംകൂർ രാജവംശത്തിൽ മൂപ്പുസിദ്ധിക്കുകയും പുരുഷപ്രായം തികയുകയും ചെയ്തിരുന്ന ഒരു തമ്പുരാൻ അപേക്ഷിക്കുകയും ആ അപേക്ഷപ്രകാരം തിരുവിതാംകൂർ മഹാരാജാവ് അവർക്ക് (തെക്കുംകൂർ രാജവംശക്കാർക്ക്) നെട്ടാശ്ശേരി എന്ന ദേശത്ത് ഒരു ഭവനം പണിയിച്ചുകൊടുത്തു പാർപ്പിക്കുകയും അന്ന് ആ കുടുംബത്തിലുണ്ടായിരുന്നവർക്കെല്ലാം സുഖമായിവണ്ണം നിത്യവൃത്തി കഴിക്കുന്നതിനും അവരുടെ ഈശ്വരസേവാദികളായ വിശേഷാൽ ചിലവുകൾക്കും ധാരാളം മതിയാകത്തക്കവണ്ണമുള്ള നെല്ലും പണവും അടുത്തുണയായി പതിച്ചുകൊടുക്കുകയും ചെയ്തു.

അതിന്റെശേഷം തെക്കുംകൂർ രാജവംശം ഒരിടയ്ക്കു തീരെ ക്ഷയിച്ച് ആ വംശത്തിൽ ഒന്നുരണ്ടു പുരുഷന്മാർ മാത്രം ശേഷിച്ചു. അപ്പോൾ വടക്കുംകൂർ രാജവംശത്തിൽനിന്നും രണ്ടു രാജകുമാരികളെ തെക്കുംകൂറിലേയ്ക്കു ദത്തെടുത്തു. ഇപ്പോൾ തെക്കുംകൂർ രാജവംശക്കാരായിട്ടു കാണപ്പെടുന്നവരെല്ലാം ആ ദത്തിൽനിന്നുണ്ടായി വർദ്ധിച്ചിട്ടുള്ളവരാണ് അല്ലാതെ ഇപ്പോൾ സാക്ഷാൽ തെക്കുംകൂർ രാജവംശത്തിലുള്ളവരാരുതന്നെയില്ല. ദത്തെടുത്തു കഴിഞ്ഞതിന്റെശേഷം തെക്കുംകൂർ രാജവംശം ക്രമേണ വർദ്ധിച്ചിട്ടുള്ളതല്ലാതെ ഇതുവരെ ക്ഷയിച്ചിട്ടില്ല. ആ വംശത്തിൽ ആളുകൾ വർദ്ധിച്ചു തുടങ്ങിയപ്പോൾ മുമ്പിനാലെയുള്ള അടുത്തുണവക നെല്ലും പണവും ചിലവിനു മതിയാകാതെ വരികയാൽ തിരുവിതാംകൂർ മഹാരാജാക്കന്മാർ പല തവണ അടുത്തുണ കൂട്ടിക്കൊടുത്തിട്ടുണ്ട് എങ്കിലും ഇവരുടെ ദാരിദ്ര്യം തീരത്തക്കവണ്ണം കൂട്ടിക്കൊടുത്തത് ഇപ്പോൾ നാടുവാഴുന്ന ശ്രീമൂലംതിരുനാൾ വലിയതമ്പുരാൻ തിരു

മനസ്സുകൊണ്ടാണ്. ഇപ്പോൾ തെക്കുംകൂർ രാജവംശക്കാർക്ക് ചിലവിനു ധാരാളമായി നെല്ലും പണവും കല്പിച്ചനുവദിച്ചിട്ടുള്ളതിനാൽ അവക്കു യാതൊരു ബുദ്ധിമുട്ടുമില്ല. അവർ അവരുടെ നിത്യവൃത്തികളും ദൈവശ്വരസേവാദികളും യാതൊരു ബുദ്ധിമുട്ടുംകൂടാതെ നിർവ്വഹിച്ചു സുഖമായി താമസിച്ചുവരുന്നു.

(തുടരും)

കൊട്ടാരത്തിൽ ശങ്കുണ്ണി.

ഭാഗ്യം

---

൧. ഇന്നാട്ടിലിന്ദ്രപദമേറിവസിക്കുവാനു-
മന്നാമഹേന്ദ്രപുരിമാന്യതവന്നിടാനും
നന്നായകാരണമഹോനലമാണ്ഭാഗ്യ-
മെന്നാണുലോകരറിയേണ്ടതുവേണ്ടവണ്ണം.

൨. ഉണ്ടായശസ്സുനിനയാതെപറിപ്പുതെല്ല-
മുണ്ടാകവേണ്ടബഹുപണ്ഡിതനെന്നുലോകം
കൊണ്ടാട്ടമേതൊരുവനേയുമുദിച്ചഭാഗ്യം
കൊണ്ടാണുസർവ്വസുഖവുംപെരുകുന്നുപാരിൽ.

൩. കണ്ണാലലക്ഷ്യതരമാകിലുമുണ്ടുഭൂത-
ക്കണ്ണാടിയൊന്നുബതഭാഗ്യവതാംഗ്രഹണൗഘം
എണ്ണാൻജനത്തിനിഹയോഗ്യതഭാഗ്യമൂലം"
പെണ്ണാകിലുംപുരുഷനാകിലുമില്ലഭേദം.

൪. ശ്രീവന്നുകേവമവനിൽസകലജ്ഞനെന്നു
പേർവന്നിടുംസപദിവാകുപതിയായ്ഭവിക്കും
ദൈവംതെളിഞ്ഞുവിലസുന്നവനീത്രിമൂർത്തി
ഭാവംജഗത്തിലെളുതായിലഭിച്ചിടുന്നു.

ഇ. ഇന്നീവിധംനിയതിയുള്ളവനന്യനെത്താൻ
കൊന്നീടിലുംപരധനങ്ങളടക്കിയാലും
വന്നീടുകില്ലപജയംനിജകേസ്സുവിട്ടു
പോന്നീടുമെത്രകുറികോടതികേറിയാലും.

ന. ഭാനത്തിലാസ്ഥകരുതേണ്ടമഹാപദാന്യ
സ്ഥാനത്തിനഹതപെടുന്നിതുഭാഗ്യമുള്ളോൻ
മൌനംനടിച്ചുകപടവ്രതമാചരിച്ചാൽ
നൂനംമഹാമുനിയവൻബഹുമാന്യനെത്രെ.

ഒ. വൈദ്യാതഥാഗണിതവുംപടുമന്ത്രവാദം
വാദ്യങ്ങളായകവനങ്ങളിവയ്ക്കുപാത്താൽ
ആദ്യത്തിലില്ലചെറുവാസനയെങ്കിലുംപി-
ന്നാദ്യസ്ഥനാംപുരുഷനിന്നിഹഭാഗ്യശക്ത്യാ.

വ. എല്ലാഗുണാതികയിലുംചെറുതായഭാഗ്യ
മില്ലാതകണ്ടുനിലനിന്നിടുകെന്നകായ്കം
വല്ലായ്മയായിവരുമീശപരസേവചെയ്ക-
യല്ലാതതിന്നൊരുനിവൃത്തിജഗത്തിലില്ലാ.

തെലപ്പുറത്ത് നാരായണനമ്പി.

കോങ്കണബ്രാഹ്മണർ

സാരസ്വതന്മാർ.

ആര്യന്മാർ വടക്കുപടിഞ്ഞാറുനിന്ന് ഇന്ത്യയിൽ വന്ന സിന്ധുനദിയുടെയും അതിന്റെ പോഷകനദികളുടെയും തടപ്രദേശങ്ങളിൽ ആദ്യം നിവസിച്ചു. അവിടന്നു കിഴക്കോട്ടുമാറി ഉത്തരഹിന്ദുസ്ഥാനത്തിൽ എല്ലാടത്തും പരന്നുവെന്നാകുന്നു പാശ്ചാത്യചരിത്രക്കാരുടെ അഭിപ്രായം. ഋഗ്വേദത്തിലെ പല ഋക്കുകളെക്കൊണ്ട് ഈ അഭിപ്രായമവർ പ്രതിപാദിക്കുന്നു. ഋഗ്വേദത്തിൽ (i. 32. 12,

ii. 12. 12) * ആര്യന്മാരുടെ അധിഷ്ഠാനദേശത്തിനു സാമാന്യമായ പേർ സപ്തസിന്ധുക്കൾ (‘സപ്തസിന്ധവഃ’) എന്നായിരുന്നുവെന്നു സൂചിപ്പിച്ചിരിക്കുന്നു. സിന്ധുനദിയും സിന്ധുവിന്റെ പോഷകനദികളായ പഞ്ചാബിലെ അഞ്ചു നദികളും അഫ്ഘാനിസ്ഥാനിലെ കുഭാ, എന്ന കാബൂൽനദിയും കൂടിട്ടാകുന്നു ഈ ഏഴുനദികൾ ഉണ്ടായിരിക്കുന്നത്. ഋഗ്വേദം (i. 126. 7) ഗന്ധാരദേശത്തെക്കുറിച്ചു പറഞ്ഞിരിക്കയാൽ ആര്യന്മാരുടെ നിവാസസ്ഥലം പടിഞ്ഞാറു കന്ധഹാർ വരെ ഉണ്ടായിരുന്നു എന്നു നിർണ്ണയിക്കാം. സിന്ധുവിന്റെ പടിഞ്ഞാറു കുഭയുടെ തെക്കുമായിരുന്ന ഈ ഗന്ധാരദേശം എന്ന് പാശ്ചാത്യർ അഭിപ്രായപ്പെടുന്നു. പുരാണങ്ങളിലും ഇതിഹാസങ്ങളിലും പറഞ്ഞിട്ടുള്ള ഗാന്ധാരദേശവും ഇതുതന്നെ ധൃതരാഷ്ട്രമഹാരാജാവിന്റെ ഭാര്യയായ ഗാന്ധാരി ഈ ദേശത്തിലെ ഒരു രാജാവിന്റെ പുത്രിയായിരുന്നു. ഋഗ്വേദത്തിൽ പറഞ്ഞിട്ടുള്ള നദികളുടെയും പർവതങ്ങളുടെയും പേരുകളിൽനിന്നു ആര്യന്മാർ കിഴക്കോട്ടു എതു രാജ്യത്തോളം എത്തിയിരുന്നുവെന്നും നിശ്ചയിച്ചിരിക്കുന്നു.

ഋഗ്വേദത്തിൽ (x. 75. 5) ഗാംഗ, യമുന, സരസ്വതി, ശുതുദ്രി, പരുഷ്ണീ, അസിക്നീ, മരുദ്വൃധാ, വിതസ്താ, ആർജ്ജീകീയാ, സുഷോമാ, എന്നീനദികളേയും ആറാം ഋക്കിൽ തൃഷ്ടാമാ, സുസർത്തു, രസാ, ശ്വേതീ, കുഭാ, ഗോമതീ, ക്രുമു, മേഹത്നു (മേഹൽന്വത്നു) എന്നിവയേയും പറഞ്ഞിരിക്കുന്നു. ഇവയെ ആധുനികനദികളിൽ നിന്നു തിരിഞ്ഞറിവാൻ പ്രയാസമാകുന്നു. ഗാംഗയും യമുനയും വിപ്രസിദ്ധനദികളാകയാൽ ആര്യർ ഈ നദികളുടെ തടപ്രദേശങ്ങളിൽ എത്തിയിരുന്നു എന്നതിൽ സംശയമില്ല. ഋഗ്വേദപരിശിഷ്ടത്തിൽ ‘സിതാസിതകളായ സരിത്തുകൾ എവിടെ ഒന്നിച്ചു കൂടുന്നുവോ ആ സംഗമസ്ഥലത്തിൽ അഭിപ്ലവനം ചെയ്യുന്നവൻ ദ്യോവിനെ ഉൽപതിക്കുന്നു’ എന്നു പറഞ്ഞിരിക്കുന്നു. ഈ രണ്ടു നദികൾ ശ്വേതോദകയായ ഗാംഗയും കൃഷ്ണോദകയായ യമുനയും ആകയാൽ ഇവരുടെ സംഗമയായ പ്രയാഗമെന്ന അല്ലഹാബാദ്വരെ ആര്യരെത്തിയിരുന്നു എന്നുപറയാം. എന്നാൽ സംഹിതകളും പരിശിഷ്ടത്തി

* ആദ്യത്തെ അക്കം മണ്ഡലത്തേയും രണ്ടാമക്കം സൂക്തത്തേയും മൂന്നാമക്കം ഋക്കിനേയും കാണിക്കുന്നു.

ന്നാതമ്മിൽ മഹത്തായ കാലകൃതഭേദമുണ്ടെന്നു പാശ്ചാത്യർ അഭി പ്രായപ്പെടുന്നതുകൊണ്ട് പരിശിഷ്ടത്തിലെ ഈ മന്ത്രം അത്യന്തം അർവ്വാചീനമായ അവസ്ഥയെകാണിക്കുന്നുപോൽ. ഋഗ്വേദം iii 53. 14-ാം മന്ത്രത്തിൽ പ്രസ്താവിച്ച കീകടദേശം നിരുക്തകാരനായ യാസ്കരുടേയും ഭാഷ്യകാരനായ സായണാചാര്യരുടേയും അഭിപ്രായത്തിൽ കരനായ്മദേശം മാത്രമാകുന്നു. ഭാഗവത (i. 3.24, vii.10. 18) ത്തിൽ പ്രയോഗിച്ച കീകടശബ്ദത്തിനു മഗധദേശമെന്നാകുന്നു അത്ഥമെന്നു വ്യാഖ്യാതാവായ ശ്രീധരസ്വാമിയും മറ്റു ചിലരും പറയുന്നത് വിഷയസന്ദർഭവശാൽ യഥാർത്ഥമെന്നു തോന്നുന്നു. അഥർവണ വേദത്തിൽ (v. 5)അംഗദേശത്തേയും മഗധദേശത്തേയും കുറിച്ചു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ക്രിസ്താബ്ദത്തിനു എത്രയൊ മുമ്പു തന്നെ ആര്യന്മാർ ബങ്കാളത്തിനു സമീപം എത്തിട്ടുണ്ടായിരുന്നു എന്നു നിശ്ചയിക്കാം. സേനരാജാക്കന്മാരുടെ കാലത്തായിരുന്നു ബങ്കാളത്തു ബ്രാഹ്മണർ വന്നു കൂടിയേറിപ്പാർത്തത്. ഏകദേശം എ ണ്ണൂറു കൊല്ലങ്ങൾക്കു മുമ്പെ ബങ്കാളത്ത് ബ്രാഹ്മണരുണ്ടായിരുന്നില്ല. ഇപ്പോൾ ബങ്കാളത്തുള്ള ബ്രാഹ്മണരെല്ലാം കാനകുബ്ജബ്രാഹ്മ ണർ (കനോജ്) ആകുന്നു.

പാശികളുടെ മതഗ്രന്ഥമായ 'ഛന്ദഅവെസ്താ' എന്ന ഗ്ര ന്ഥത്തിൽ ആര്യരുടെ ആവാസസ്ഥാനത്തിനു 'ഹപ്തഹിന്ദു' എ ന്നു പേർ പറഞ്ഞിരിക്കുന്നു. സംസ്കൃതത്തിലെ സകാരം പ്രാചീന പാശിയിൽ ഹകാരമായ്മാറുന്നതുകൊണ്ട് ഹപ്തഹിന്ദു എന്ന രൂപം സിദ്ധിക്കുന്നു. യവനഭാഷയിൽ ഹകാരമില്ലത്തതുകൊണ്ട് ഹിന്ദു എന്ന പദം ഇന്ദു (Indoi) എന്ന ശബ്ദമാക്കിയുച്ചരിച്ചു. ഈ ഇന്ദു ശബ്ദത്തിൽനിന്നു നമ്മുടെ ഭാരതവർഷത്തിന്റെ അഭിധാന മായ ഇന്ത്യ എന്ന പദമുണ്ടായി. സിന്ധുദേശത്തിൽ വസിച്ചതു കൊണ്ട് ഭാരതീയർക്കു ഹിന്ദുക്കൾ എന്ന നാമധേയവും ഉണ്ട്. ഇ ന്ത്യപ്പു എന്നതിലും സിന്ധുശബ്ദം ഒളിഞ്ഞു കിടക്കുന്നു.

ഋഗ്വേദത്തിൽ (x.121.4) ഹിമവൽ പർവ്വതത്തെക്കുറിച്ചു പറ ഞ്ഞിട്ടുണ്ടെങ്കിലും വിന്ധ്യാദ്രിയെക്കുറിച്ചു ഒന്നും പ്രസ്താവിച്ചിട്ടില്ലായ്ക യാൽ ആര്യർ വിന്ധ്യാദ്രിവരെ എത്തിരുന്നില്ലെന്നു ഊഹിപ്പാൻ സംഗതിയുണ്ട്. എന്നിട്ടും ഈ നാമാഭാവത്താൽ ഉണ്ടാകുന്ന അ നുമാനം അത്ര ബലവത്തല്ല. നർമ്മദ, തപ്തി, ഗോദാവരി, കൃഷ്ണാ,

കാവേരി മുതലായ ദക്ഷിണാത്യനദികളുടെ അഭിധേയങ്ങൾ ഋഗ്വേദത്തിൽ ഇല്ല. ഋക് പരിശിഷ്ടത്തിൽ നമ്മദയെ സംബന്ധിച്ച് ഒരു മന്ത്രമുണ്ട്.

നമ്മദായൈനമഃപ്രാതർന്നമ്മദായൈനമോനിശി
നമോസ്തുനമ്മദേഭ്യോത്രാഹിമാംവിഷസർപ്പതഃ

ദ്വിതീയാഷ്ടകത്തിന്റെ പ്രഥമ പരിശിഷ്ടത്തിൽ അടങ്ങിയ ഇതരമന്ത്രങ്ങളിൽ ജനമേജയന്റെ സർപ്പസത്രത്തേയും ആസ്തികനേയും ജരൽകാരുവിനേയും കുറിച്ചു പ്രസ്താവിച്ചിരിക്കയാൽ പാശ്ചാത്യദൃഷ്ട്യാ ഈ പരിശിഷ്ടം വളരെ അർവ്വാചീനമാകുന്നു. അതുകൊണ്ട് സംഹിതയിലെ മന്ത്രദൃഷ്ടാക്കന്മാരായ ഋഷികൾ വിന്ധ്യപർവ്വതം കടന്നു തെക്കോട്ടു വന്നിരുന്നില്ലെന്നതു സിദ്ധമായി.

രാമായണത്തിൽ അഗസ്ത്യർ വിന്ധ്യനെ കടന്നു ദണ്ഡകാരണ്യത്തിൽ പഞ്ചവടിക്കു സമീപത്തിൽ ഒരാശ്രമം ഉണ്ടാക്കിപ്പാർത്തതായി വർണ്ണിച്ചിരിക്കുന്നു. ഈ അഗസ്ത്യരുടെ ഭാര്യ ലോപാമുദ്രയായിട്ടു ഋഗ്വേദത്തിൽ പറഞ്ഞിരിക്കുന്നു. മഹാഭാരതത്തിൽ തന്റെ തപശ്ശക്തികൊണ്ടു ലോപാമുദ്രയെ സൃഷ്ടിച്ചു വിദർഭരാജാവിന്റെ വശത്തു കൊടുത്തു വളർത്തിച്ച്, പ്രായമായപ്പോൾ ലോപാമുദ്രയെ ഭാര്യാത്വേന അഗസ്ത്യർ സ്വീകരിച്ചു എന്നു പറഞ്ഞിരിക്കുന്നു. തുലാകാവേരിമാഹാത്മ്യം മുതലായ പുരാണകഥകളിൽ ലോപാമുദ്രാശബ്ദം കാവേരിയുടെ പര്യായപദമാക്കി പ്രയോഗിച്ചു അഗസ്ത്യർ കാവേരിയെ ഭാര്യയാക്കി പരിഗ്രഹിച്ച്, ദമ്പതിമാർ തമ്മിലുള്ള സമയധർമ്മത്തെ അഗസ്ത്യർ ഉല്ലംഘിച്ചതുകൊണ്ടു കാവേരി ജഗദ്ധിതാർത്ഥമായി നദിയായി പ്രവഹിച്ചു ദക്ഷിണദേശത്തെ ധനധാന്യ സമൃദ്ധികൊണ്ടു നിവാസയോഗ്യമാക്കിത്തീർത്തു എന്ന് ആഘോഷിക്കുന്നു. എന്നാൽ ഈ കാവേരിക്കും വേദത്തിലേ ലോപാമുദ്രക്കും യാതൊരു വിഷയത്തിലും ഒരു സംബന്ധവും ഇല്ല.

ഋഗ്വേദത്തിൽ പറഞ്ഞിട്ടുള്ള നദികളിൽവെച്ചു മഹിമയും പൂജ്യതാവും ഉള്ളതു സരസ്വതിയാകുന്നു. സരസ്വതിപരമായി മൂന്നു സൂക്തങ്ങൾ ഉണ്ട്. പല ഒറ്റ ഋക്കുകളിലും സരസ്വതിയെ കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട്. യാസ്കനിരുക്തത്തിൽ (ii. 23) സരസ്വതീശബ്ദം നദീവാചകമായും ദേവതാവാചകമായും ഉപയോഗിച്ചിട്ടുണ്ടെന്നു പറഞ്ഞിരിക്കുന്നു. പുരാണേതിഹാസങ്ങളിൽ ഈ ഭേദം

വകവെക്കാതെ സരസ്വതീനദിതന്നേ വാഗ്ദേവിയുടെ പരിണത രൂപമെന്നും പറഞ്ഞിരിക്കുന്നു.

പശുയാഗത്തിൽ പ്രയാജങ്ങളായി ഉപയോഗിക്കുന്ന ആപ്രീ സൂക്തങ്ങളിൽ (ഋഗ്വേദം i. 13. 9, i. 142, i. 188. 8, ii. 1. 11, iii. 4. 8, v. 5. 8), സരസ്വതി, ഇളാ, മഹീ, എന്ന മൂന്നു ദേവതകളെയും ചിലേടത്തു (ii. 1. 11, ii. 3. 8, iv. 4. 8, iii. 55. 5, vii. 2. 8, ix. 5. 8, x. 110. 8), സരസ്വതീ ഇളാ, ഭാരതി, എന്നീ മൂന്നു ദേവതകളെയും മറേ ചിലേടത്ത് (ii. 1. 11) ഹോത്രാ, ഭാരതീ, സരസ്വതീ എന്ന ദേവതകളെയും ഓരോ ഋക്കിൽ സ്തുതിച്ചിരിക്കുന്നു. വൈശ്വദേവ സൂക്തങ്ങളിൽ സരസ്വതിയെ മറേ ദേവതകളോടുകൂടി സ്തുതിച്ചിരിക്കുന്നു. (v.47.2,vi.50. 12,vi. 52. 6, vii. 9. 5, vii. 39. 5, vii. 40. 3, ix. 81, x. 65. 1, x. 141. 5, x. 184. 2) ഈ ദേവതകളിൽ അഗ്നി, അശ്വികൾ, അജഏകപാദ്, അദിതി, അര്യ്യമാവു, ആദിത്യന്മാർ, ഇന്ദ്രൻ, ഋഭുക്ഷാവു, ത്വഷ്ടാവു് പഞ്ജന്യൻ, പവമാനൻ, പൂഷാവ്, പുരന്ധി, ബൃഹസ്പതി, ഭഗൻ, മരുത്തുകൾ, മരുദ്ഗണം, മിത്രൻ, വരുണൻ, വാജൻ, വാതൻ, വായു, വിധാതാവു, വിഷ്ണു, സവിതാവു, സോമൻ എന്നിവർ മുഖ്യർ. ഈ ദേവതകളോടുള്ള സാഹചര്യത്താൽ സരസ്വതീദേവിയായിട്ടു ഋഷികൾ ഭാവിച്ചിരുന്നുവെന്നത് തെളിയുന്നു.

തുടരും.

എം. ശേഷഗിരിപ്രഭു, എം. എ.

കടംവീട്ടിയത്

നേരം അർദ്ധരാത്രിയിൽ പുറപ്പെട്ടു കഴിഞ്ഞു. എന്നിട്ടും ഇദ്ദേഹം എഴുത്ത് മതിയാക്കീട്ടില്ല. പൊളിഞ്ഞ ഒരു മേശപ്പുറത്തു വെച്ച്, അരികത്തുള്ള മണ്ണെണ്ണ വിളക്കിന്റെ സഹായത്താലാണ് ഈ വിദ്വാൻ എഴുതുന്നത്. അസമയമായതിനാൽ ലോകമെങ്ങും നിശ്ശബ്ദതയാൽ നിബിഡമായിരുന്നു. എങ്കിലും പേനയുടെ 'കുര' 'കുര' ശബ്ദം മാത്രം കേൾക്കുന്നുണ്ട്.

'ഇന്നെങ്കിലും ഇത് അവസാനിപ്പിക്കണം. . ഠരംശപരാ, ഇനിക്കിതിന്ന് ശക്തിയുണ്ടാക്കിത്തരണെ' എന്ന് അത്യന്താ വ്യസനത്തോടെ അയാൾ പിറുപിറുക്കുന്നുണ്ട്.

ഇരിക്കുന്നതിന്നു ചുറവാ അയാൾ ഒന്നു നോക്കി. നോക്കിയ മാത്രയിൽ ശരീരമാസകലം വിറച്ചു. എന്തെന്നാൽ ആ അകം അത്ര മോശസ്ഥിതിയെ പ്രാപിച്ചിരുന്നു. ദാരിദ്ര്യത്തിന്റെ കേളിസങ്കേതസ്ഥലം അതു തന്നയൊ എന്നു തോന്നും. മേശക്കും, താൻ ഇരുന്നിരുന്ന സ്ഥലിന്നും പുറമെ, ആ മുറിയിൽ സാമാനം എന്നു പറവാൻ ഒരു 'കേയർകട്ടിൽ' മാത്രമെ ഉണ്ടായിരുന്നുള്ളു. നിരന്തരമായി എഴുതിക്കൊണ്ടുതന്നെയാണ് ഇരുന്നിരുന്നത് എങ്കിലും, അദ്ദേഹം കൂടക്കൂടെ ആ കട്ടിളിൽ കിടന്നിരുന്ന വനിതാരത്നത്തിന്റെ മുഖത്തേക്ക് നോക്കിയിരുന്നു. സൌന്ദര്യ്യസാരസപ്രപിണിയായ അവളുടെ വിളറി ക്ഷീണിച്ച മുഖം എപ്പോളെല്ലാം ഇയ്യാൾ കാണുന്നുവൊ അപ്പോളെല്ലാം 'ഠരംശപരാ, ഇത് ഇന്നത്തതോടുകൂടി അവസാനിപ്പിച്ചില്ലെങ്കിൽ ഇവളുടെ കഥ ഇനിയും പരുങ്ങലാവുമല്ലൊ—ദൈവമെ—ഇതിന്നിട വരുത്തരുതെ' എന്നും മറവും അസ്പഷ്ടമായി ഉച്ചരിച്ചുകൊണ്ടുതന്നെയിരുന്നു.

ഇതിനിടയ്ക്ക് അനവധി കടലാസ്സുകളും എഴുതി തീർന്നു. അരുണോദയം കണ്ടു തുടങ്ങി. പേനയുടെ 'കര' 'കര' ശബ്ദവും കുറഞ്ഞു തുടങ്ങി. ഒടുവിൽ ഒരു ദീഘ്നിശ്വാസത്തോടുകൂടി ആ വിദ്വാൻ

'സമാപ്തം.

കല്പത്ത രാമൻമേനോൻ.'

എന്ന എഴുതി അവസാനിപ്പിക്കയും ചെയ്തു.

ആ യുവതി അസ്വാസ്ഥ്യത്തോടുകൂടി കട്ടിളിൽ കിടന്ന് ഉരുണ്ടിരുന്നു. അവൾ സ്വപ്നത്തിൽ എന്തൊ ചില അസംബന്ധങ്ങൾ പറയുന്നതു കേട്ടു. അപ്പോൾ രാമൻമേനോൻ എഴുനീറ്റ് അവളുടെ സമീപത്തു ചെന്ന്, ആ ക്ഷീണിച്ച മുഖത്തെ ചുംബനം ചെയ്തു ഇപ്രകാരം പറഞ്ഞു. 'ആവു—പ്രിയതമെ, ലേഖനം എഴുതി കഴിഞ്ഞു. നാളെ (സാധു നേരം പുലർന്ന കഥ അറിഞ്ഞിട്ടില്ല) നാളെ നിശ്ചയമായും ഞാൻ ഇത് അയക്കും' ഗൽഗദത്തോടു

കൂടി ഇത്രയും പറഞ്ഞപ്പോഴെക്കും അയാളുടെ കണ്ണിൽ വെള്ളം നിറഞ്ഞു.

'ഏ— പ്രിയതമനൊ!'

രാമൻമേനോൻ— അല്ലാ- ഉണ്ണൻകഴിഞ്ഞുവൊ!

'ഉവ്വ, അവിടന്ന് പിന്നെയും എഴുതുവാൻതന്നെ ഇരുന്നുവൊ! അയ്യൊ—ദേഹം സൂക്ഷിക്കണെ. നോക്കു, ഇപ്പോൾതന്നെ ശരീരം എത്ര ക്ഷീണിച്ചിരിക്കുന്നു.'

രാമൻമേനോൻ— (ചിരിച്ചുംകൊണ്ട്)

'കഴിഞ്ഞു എന്റെ പണി കഴിഞ്ഞു. ഞാൻ ഇതാ അയക്കാൻ പോകുന്നു. നാളെ അത് പത്രാധിപരുടെ കയ്യിൽ കിട്ടും. അദ്ദേഹം വായിച്ചു നോക്കും എന്നതന്നെയല്ല, നമുക്ക് ഒരു മറുപടിയും കിട്ടും. അതോടുകൂടി നമ്മുടെ കഷ്ടപ്പാടും തീരും. ഹാ—ആ എഴുത്ത് നിന്റെ മുഖകമലത്തെ വികസിപ്പിക്കുമല്ലൊ—കടല്ലൂരെ വാസവും സാധിപ്പിക്കും, നിശ്ചയം' എന്നു പറഞ്ഞ് ആനന്ദാശ്രുക്കൾ നിറഞ്ഞ തന്റെ കണ്ണുകളെ കൈകൊണ്ട് തുടച്ചു.

നേരം പ്രകാശമായപ്പോഴെക്കും രാമൻമേനോൻ ലേഖനം മടക്കി കെട്ടി 'നിരുപമമാസിക' പത്രാധിപർ അവർകൾക്ക്' എന്ന് മേൽവിലാസവും എഴുതി കയ്യിൽ എടുത്ത് തപാൽ ആപ്പീസ്സിലേക്ക് പുറപ്പെട്ടു.

തപാൽ ആപ്പീസ്സിൽനിന്നും മടങ്ങി വന്നപ്പോൾ ഭാര്യ കഞ്ഞി തയ്യാറാക്കി ഒരു കിണ്ണത്തിൽ പകർന്നുവെച്ച്, കാത്തിരുന്നിരുന്നു. കഞ്ഞിക്ക് വട്ടം വിശേഷിച്ച് ഒന്നും ഉണ്ടായിരുന്നില്ല. കുറച്ച് ഉപ്പ് മാത്രം ഒരു ഇലക്കീറിൽ വിളമ്പിട്ടുണ്ട്. എങ്കിലും ആ ശാതോദരിയുടെ 'ചടുലചാരുകടാക്ഷപാതങ്ങൾ'തന്നെ രാമമേന്ന് വേണ്ട ഉപദംശങ്ങളായി തീർന്നു.

ഭാര്യ— (മൃദുസ്മിതത്തോടുകൂടി)

'ആവു—ഇവിടത്തെ ബുദ്ധിമുട്ട് തീർന്നുവല്ലൊ—ഒരംശമരാ'

രാമൻമേനോൻ—'ഉവ്വ് തീർന്നു. ഇന്ന് ഇരുപത്തിരണ്ടല്ലെ തിയ്യതി. നാളെയാണ് ഒടുക്കത്തെ ദിവസം. ശരിക്ക് നമ്മുടെ ലേഖനവും നാളെ അവിടെ കിട്ടും. ഇതാണ്

പരസ്യം

ഫാഠാ കു. യുടെ സമ്മാനം, ഉത്തമ ലേഖനത്തിന്ന് കൊടുക്കേ

ന്നതാണ്. ലേഖനം കഥ ഭാഗത്തിൽ കുറയരുത്. സ്വയാകൃത വും, ശോകപര്യവസായിയുമായ ഒരു കെട്ട കഥയായിരിക്കണം. മേടം ഒന്നാം തീയ്യതിക്ക മുമ്പ് ഈ ആപ്പീസ്സിൽ എത്തിക്കണം.

നി. മ. പ.

* * * *

സോമപുരത്ത് 'വിശാല' വീഥി. ഇതാ, ഒരു വീട്ടിൽ ഏകദേശം 24 വയസ്സ് തോന്നുന്ന ഒരു യുവതി അത്യന്തം ദുഃഖാക്രാന്തയായി അവളുടെ മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും ലാത്തുന്നു. അവളുടെ ഏകബന്ധുവായ അച്ഛൻ മരിച്ചിട്ട് ഇന്നേക്ക് നാലുദിവസമെ ആയുള്ളൂ. അതിതീവ്രമായ മനോവ്യഥയെ ഇവളുടെ മുഖം പ്രദർശിപ്പിക്കുന്നു. കുറെ ദിവസമായി ഉറക്കമില്ലാത്തതിനാൽ കണ്ണുകളം ക്ഷീണിച്ച് കുണ്ടിൽപോയും, മുഖാംബുജം വാടിയും ഇരിക്കുന്നു. അശ്രുക്കൾ ധാരധാരയായി ഒഴുകുന്നു. കവിൾത്തടങ്ങളം ഒട്ടിയും ദേഹമാസകലം ശോഷിച്ചും കാണുന്നു. 'അച്ഛൻ എന്താണ് എന്നോട പറഞ്ഞത്. എന്തിനാണ പറഞ്ഞത്, എന്നിങ്ങിനെ അവൾ ഇടയ്ക്ക് പിറുപിറുക്കുന്നുണ്ട്. അഹോ- കഷ്ടം- എന്തു സങ്കടമാണ് ഇവൾ അനുഭവിക്കുന്നത്! അച്ഛന്റെ മരണകാലത്തെ സംഭവങ്ങളെ തന്നെ ഓർത്ത് ഓർത്താണ് ഈ സ്ത്രീ നടുങ്ങുന്നത്.

അച്ഛൻ മരിക്കാറായി കിടക്കുമ്പോൾ അവളെ അടുക്കലേക്ക് വിളിച്ച് ഇപ്രകാരം പറകയുണ്ടായി.

'മകളെ! ഞാൻ മരിക്കാറായി. അധികം താമസമില്ല. കുറെ കാലമായി ഞാൻ നിന്നെ വേണ്ടപോലെ വത്സല്യിക്കാറില്ലല്ലൊ എന്നു വിചാരിച്ച് ഇനിക്ക് ഇപ്പോൾ വളരെ കുണ്ഠിതം തോന്നുന്നുണ്ട്.'

'ഏയ്— അതിനെ കുറിച്ച് പശ്ചാത്തപിക്കരുതെ. അച്ഛൻ എന്നെ വളരെ സ്നേഹത്തോടുകൂടിയാണല്ലൊ നോക്കിവന്നിട്ടുള്ളത്.'

'സ്നേഹിച്ചിട്ടില്ലെന്നല്ല. പക്ഷെ സ്നേഹം വേണ്ടപോലെ ആയിട്ടില്ല. അതുകൊണ്ടാണ് ഇനിക്ക് വ്യസനം. ഇനി പറഞ്ഞിട്ട് ഫലമില്ലല്ലൊ. കുറച്ചുകൂടി അടുത്തു വരു.' (അച്ഛന്റെ സ്വരം കുറഞ്ഞുതുടങ്ങി. പറയുന്ന വാക്കുകൾ അവ്യക്തങ്ങളായി).

'മറ്റാരും ശങ്കിച്ചിട്ടുകൂടിയില്ലാത്ത ഒരു സംഗതിയാണ് ഞാൻ പറയുവാൻ പോകുന്നത്. ഇത് ആരോടും പറയാതെ മരിക്കാൻ

ഇനിക്ക് സമാധാനമില്ല. അതുകൊണ്ട് ഞാൻ നിന്നോട് പറയുന്നതാണ്. രണ്ടുകൊല്ലങ്ങൾക്ക് മുമ്പെ ഞാൻ ഒരു അകൃത്യം ചെയ്തിട്ടുണ്ട്. രണ്ടുകൊല്ലം എന്നുപറഞ്ഞാൽ പോരാ. രണ്ടു യുഗമായി എന്നു തോന്നുന്നു. അതിൽപിന്നെ മനസ്സമാധാനം എന്താണെന്ന് ഞാൻ അറികയുണ്ടായിട്ടില്ല.

ശ്വാസംമുട്ടുകൊണ്ട് അച്ഛൻ അല്പനേരം മിണ്ടാതിരുന്നു. പിന്നേയും 'മൂന്ന് കൊല്ലംമുമ്പ് നിന്റെ അമ്മ മരിച്ച കാലത്ത് നമ്മുടെ കായ്മ വളരെ മോശസ്ഥിതിയിലായി എന്നു കണ്ട് ഞാൻ— ഞാൻ എന്റെ ഒരു കക്ഷിയുടെ പണം മുഴുവനും അപഹരിച്ചു— മോഷ്ടിച്ചു.'

ഈ വാക്ക് കേട്ടപ്പോൾ ജാനകി അമ്മ സംഭ്രമംകൊണ്ട് ഒന്നു വിറച്ചു.

'അതെ— കക്കുകയാണ് ഞാൻ ചെയ്തത്. മറച്ചു വെച്ചിട്ട് എന്താണ് കായ്മ. ഞാൻ കുമ്പേരി ശേഖരമെന്ന് എഴുതികൊടുത്തിരുന്ന ഹുണ്ഡിക കടശ്ശീട്ട് കാലഹരണപ്പെടാറായി. അദ്ദേഹം സംഖ്യക്ക് എന്നെ ബുദ്ധിമുട്ടിച്ചു തുടങ്ങി. അന്ന്യായപ്പെട്ട് എന്നെ അപമാനിക്കുമെന്നുള്ള ഭയം കലശലായി. ഇരിമ്പു കമ്പിനിയിൽ പലിശക്കു കൊടുപ്പാൻ ഒരു കക്ഷി ഹുണ്ഡിക തന്നിരുന്നു. പണം കമ്പിനിയിൽ അടച്ചു എന്ന് പൊളി പറഞ്ഞു. ആ സംഖ്യ എടുത്ത കടം വീട്ടി. രണ്ടുദിവസത്തിനകത്ത് കമ്പിനി പൊളിഞ്ഞു. അടച്ച പണം തിരിയെ കിട്ടുവാൻ മാർഗ്ഗമില്ലെന്ന് കക്ഷിയെ അറിയിച്ചു. ഞാൻ അത് അപഹരിച്ചു. കഷ്ടം പൊളിയും പറഞ്ഞു. ഹാ— എന്ത് അകൃത്യമാണ്! ജാനകി, ഞാൻ ഇതായാത്രയായി.

ജാനകിഅമ്മ—(പരിഭ്രമത്തോടുകൂടി) 'അച്ഛാ, ആ കക്ഷിയുടെ പേരെന്താണ്— പറയൂ— അതുംകൂടി പറയൂ.' അദ്ദേഹത്തിന്ന് മഹാന്റെ ആരംഭമായി കഴിഞ്ഞു. പണിപ്പെട്ട് തല അല്പം ഉയർത്തി 'കല്ല— കല്ലത്ത് —രാമ —മേനോൻ' എന്ന വാക്കുകൾ ശ്വാസത്തിനിടയിൽ പുറപ്പെടുവിച്ചു.

'പച്ചിലക്കാട്ട്' പരമേശ്വരമേനോൻ ചരമഗതിയെ പ്രാപിക്കയും ചെയ്തു.

* *

ഈ സംഭവങ്ങളാണ് മേൽ പ്രസ്താവിച്ച മനശ്ശല്യത്തിനും മറ്റും ജാനകിഅമ്മക്ക് ഇടയാക്കിതീർത്തത്. 'കല്ലത്ത് രാമൻ മേനോൻ, കല്ലത്തരാമൻമേനോൻ അദ്ദേഹത്തിന്റെ കടം വീട്ടണം- നിശ്ചയമായും വീട്ടണം' എന്ന് അവർ ഉരുവിട്ടുപോന്നു. അഹോവൃത്തിക്കു തന്നെ കഷ്ടിയായ ഇവർക്ക് ഇതിനെന്താണ് മാർഗ്ഗം. 'അച്ഛൻ ചെയ്ത പാപം മകൾ അനുഭവിക്കാതിരിക്കയില്ല. അല്ലെങ്കിൽ അതിനുള്ള പരിഹാരം അവർ ചെയ്യണം' പിതാവിന്റെ മരണ ശേഷം അവർക്ക് ഈ ഒരു വിചാരം മാത്രമായി തീർന്നു.

ഇപ്രകാരമുള്ള ചിന്തകളാൽ സന്താപാന്തയായിട്ടാണ് മുറിയിൽ അവർ ലാത്തിയിരുന്നത്. ലാത്തുന്ന സമയം പെട്ടെന്നു നിന്ന്

'ആ സമ്മാനം — ശരിതന്നെ ആ സമ്മാനം — എന്റെ ലേഖനത്തിനാണ് ആ സമ്മാനം കിട്ടുന്നതെങ്കിൽ ഹാ— ഉവ്വോ, അതു കിട്ടുമോ?— എന്റെ മോശകഥക്ക്—എത്ര യോഗ്യർ മത്സരത്തിനുണ്ടാകും. ഫാഠകയുടെ സമ്മാനം കൂടക്കൂടെ ഉണ്ടാകുന്നതല്ല. എങ്കിലും—ഈശ്വരാ— അത് ഇനിക്ക് കിട്ടണെ' എന്ന അവർ മാറത്തു കയ്യുവെച്ച് പ്രാർത്ഥിച്ചു.

* * * * * *

'നിരുപമമാസിക' പത്രാധിപർ ആപ്പീസ്സു മുറിയിൽ ഇരുന്ന് ഒരു ലേഖനം വായിച്ചുനോക്കുന്നു. മുമ്പിൽ ഇട്ടിരുന്ന മേശപ്പുറത്ത് അനവധി ലേഖനങ്ങളും കടലാസ്സുകളും കിടപ്പുണ്ട്. അദ്ദേഹത്തിന്റെ ഇടത്തെകയ്യിലുള്ള ചുരുട്ടിൽ പകുതിയിൽ അധികം വലിപ്പാൻ ബാക്കിയുണ്ട്. വായനയുടെ രസംകൊണ്ട് ചുരുട്ടു കെട്ടകാര്യം മൂപ്പർ അറിഞ്ഞിട്ടില്ല. 'ഹാ—വളരെ നന്ന്—ഭേഷ്' എന്നിങ്ങിനെ അദ്ദേഹം വായിക്കുന്നതിന്നിടയിൽ കൂടക്കൂടെ പറയുന്നുണ്ട്. ഇപ്രകാരം പ്രശംസാവഹങ്ങളായ ഓരൊ അഭിപ്രായങ്ങളും പറഞ്ഞുംകൊണ്ട് പത്രാധിപർ ആ ലേഖനംമുഴുവനുംവായിച്ചുതീർത്തു. 'വിശേഷമായിട്ടുണ്ട്. ഇത് അതി വിശേഷം തന്നെ. ഏതാണ് സമ്മാനാർഹമെന്ന് തിച്ചയാക്കുവാൻ പ്രയാസം. രണ്ടു ലേഖനങ്ങളും ഒരുപോലെ നന്നായിട്ടുണ്ട്. ഞാൻ വലിയ വിഷമത്തിലായി. എന്താണ് ചെയ്യേണ്ടത്? വരട്ടെ, ഈ ലേഖകൻ ആരാണെന്ന് നോക്കുകതന്നെ' എന്നു പറഞ്ഞ് അദ്ദേഹം കടലാസ്സുകൾ മറിച്ചുനോക്കി. പുതുക്കളത്തിൽ ജാനകിഅമ്മ് എന്ന് പേരെഴുതി ഒപ്പിട്ടിരിക്കുന്നതു കണ്ടു.

'ജാനകിഅമ്മ— ഏ— ഒരുസ്ത്രീയോ. കൊള്ളാം — എല്ലാം ററിലും വെച്ച് നന്നായിട്ടുള്ളത് ഏതെന്ന് തീച്ചയാക്കുന്നകാര്യം കുറെ ദുഷ്കരംതന്നെ. പക്ഷെ നിവൃത്തിയില്ലല്ലൊ. സമ്മാനം ഒന്നല്ലെയുള്ളു. അതുകൊണ്ടു തീച്ചയാക്കാതിരിപ്പാൻ തരമില്ല.'

കസാലയിന്മേൽ മലർന്നു കിടന്ന് അദ്ദേഹം അല്പനേരം ആലോചിച്ചു.

'ആട്ടെ, ഒന്നു ചെയ്യാം. ഇവർ രണ്ടു പേരും നാളെ എന്നെ വന്ന് കാണണമെന്ന് എഴുതി അയക്കാം. അതിന്നിടയിൽ സമ്മാനം ഏതിനാണ് കൊടുക്കേണ്ടത് എന്നാം, മറേറത് വിലകുറവാണു വാൻ വഴിയുണ്ടൊ എന്നും ആലോചിച്ചു തീച്ചയാക്കാം' എന്ന് മനസ്സുകൊണ്ട് ഉറച്ചു.

അന്നുരാത്രിതന്നെ പത്രാധിപർ രണ്ടെഴുത്തുകളും അയപ്പിച്ചു. ഒന്നാമത്തെ കത്ത് 'നാളെ (വ്യാഴാഴ്ച) 12 മണിക്ക് 'നിരുപമമാസികാ' ആപ്പീസ്സിൽ വെച്ച നിങ്ങളെകണ്ട് സംസാരിച്ചാൽ കൊള്ളാമെന്ന് പത്രാധിപർ ആഗ്രഹിക്കുന്നു' എന്നായിരുന്നു. രണ്ടാമത്തെത് 'നിരുപമമാസികാ' ആപ്പീസ്സിൽ വെച്ച് നാളെ(വ്യാഴാഴ്ച)12½ മണിക്ക് നിങ്ങളെകണ്ടു സംസാരിച്ചാൽ കൊള്ളാമെന്ന് പത്രാധിപർ ആഗ്രഹിക്കുന്നു.' എന്നുമാണ്. ആദ്യത്തെ എഴുത്തിന്റെ മേൽ വിലാസം 'ര. രാ. കല്ലത്ത രാമന്മേനോൻ അവർകൾക്ക്' എന്നും രണ്ടാമത്തേതിന്റെ 'സൌഭാഗ്യവതി പുതുക്കുളങ്ങര ജാനകി അമ്മ അവർകൾക്ക്' എന്നുമായിരുന്നു.

* * * *

'ലേഖനത്തിന്റെ കായ്മത്തെപ്പറ്റി പറവാനാണ്. സംശയമില്ല. അല്ലെങ്കിൽ പത്രാധിപക്ക് എന്നെ കണ്ടിട്ടുള്ള കായ്മം ഒന്നും ഇല്ലല്ലൊ. എന്നാൽ ഞാൻ ഒരു സ്ത്രീ അല്ലെ- തനിച്ച് ഒരു ദിക്കിൽപോയി എന്നു കേട്ടാൽ ജനങ്ങൾ എന്തു പറയും? കഷ്ടം- എന്തു ചെയ്യാം. നിവ്വാഹമില്ലല്ലൊ. പൂവ്വാവസ്ഥപോലെ നടപ്പാൻ ഇനി സാധിക്കുമൊ? പിന്നെ കടം വീട്ടെണ്ട ചുമതല ഇല്ലെ. കടം വീട്ടാതെ മരിച്ചാൽ അച്ഛനും ഇനിക്കും ഇഹലോകത്തെന്നല്ല പരലോകത്തുകൂടി നരകമല്ലാതെ എന്താണ് ഗതി? അവനവന്റെ നിലമാത്രം സൂക്ഷിക്കണം. എന്നാൽ അപവാദത്തെ ഭയപ്പെടുവാനില്ല.'

എന്നിങ്ങിനെയുള്ള വിചാരങ്ങളാണ പത്രാപധിപരുടെ എഴുത്തു വായിച്ചു നോക്കിയപ്പോൾ ജാനകി അമ്മക്ക് ഉണ്ടായത്. എങ്കിലും 'പോകുകതന്നെ' എന്നുറച്ച് അവൾ അല്പം ആഹാരവും കഴിച്ചു പുറപ്പെട്ടു.

* * * *

പത്രാധിപരുടെ സംസാരമാണ് ഈ കേൾക്കുന്നത്. 'അതു കൊണ്ട്, മിസ്റ്റർ രാമന്മേനോനെ, നിങ്ങളുടെ ലേഖനത്തിന്ന് സമ്മാനം കൊടുപ്പാൻ നിവൃത്തിയില്ലെങ്കിലും ആ കഥ വിലക്കു വാങ്ങിയാൽ കൊള്ളാമെന്ന് ഇനിക്ക് താല്പര്യമുണ്ട്. ലേഖനം ഇവിടെതന്നെ ഇരിക്കട്ടെ. അതിന്ന് എന്തു വില തരുമെന്ന് ഞാൻ ജോലിത്തിരക്ക് അല്പം കുറഞ്ഞാൽ ഉടനെ നിങ്ങളെ അറിയിക്കാം.'

രാമന്മേനോന് പത്രാധിപരുടെ വാക്കുകൾ അതി ദുസ്സഹമായി തോന്നി. 'ജോലിത്തിരക്ക് അല്പം കുറഞ്ഞ ഉടനെ' എന്നൊ? ശിവ, ശിവ, പത്രാധിപന്മാർക്ക് ജോലിത്തിരക്ക് കുറഞ്ഞിട്ടുള്ള കാലമുണ്ടൊ! ഇനിക്കാണെങ്കിൽ ഒരു മണിക്കൂർ കൂടി ഇട്ടിക്കിൽ താമസിക്കുവാൻ തരമില്ലാത്ത സ്ഥിതിയുമാണ്. ഭാര്യയുടെ ദീനം സുഖപ്പെടണമെങ്കിൽ ഈ സ്ഥലം വിട്ട് ഉടനെ പോകണമെന്നും, അവിടുക്കു കടൽക്കാറ്റു കൊണ്ടല്ലാതെ ശാന്തി കിട്ടുന്നതല്ലെന്നുമാണല്ലൊ വൈദ്യൻ കാലത്ത് പറഞ്ഞിട്ടുള്ളത്. 'എങ്ങിനെയാണ് ഞാൻ മടങ്ങിപ്പോയി ഇനിയും അറിയിക്കുവാനാണ് നമുക്ക് യോഗം' എന്നു ഭാഗ്യഹീനനായ ഭാര്യയെ അറിയിക്കേണ്ടത്? ദാരിദ്ര്യം പരമസങ്കടം തന്നെ' ഈ വിചാരങ്ങളിൽ വീണ് സന്തപ്തചിത്തനായ ഇയ്യാൾ പത്രാധിപരോട് ഒന്നും മറുപടി പറയാതെ മൌനം അവലംബിച്ചതെയുള്ളു. വലുതായ മോഹങ്ങൾക്ക് അവകാശം കൊടുത്ത പത്രാധിപരുടെ വിലയേറിയ എഴുത്തു പൊളിച്ച് പ്രിയ പത്നിയെ താൻ കാലത്ത വായിച്ചു കേൾപ്പിച്ചത് ഹർഷാശ്രുക്കൾ പൊഴിഞ്ഞുകൊണ്ടായിരുന്നു. തങ്ങളുടെ ഭാഗ്യോദയത്തെ ഓർത്ത് ഈ ദമ്പതിമാർ എത്ര മാത്രം സന്തോഷിച്ചിരുന്നു! എന്നാൽ ഇപ്പോഴത്തെ കഥയൊ—അത് വർണ്ണിക്കേണ്ടതുണ്ടൊ?

രാമന്മേനോൻ ഭഗ്നാശയനായി തീർന്ന് തന്റെ പരമ സങ്കടത്തെ പ്രത്യക്ഷപ്പെടുത്തിയിരുന്ന വിളറിയ മുഖം ഉയർത്തി നിർജ്ജീവനയനങ്ങളെകൊണ്ടു പത്രാധിപരെ വീക്ഷിച്ച് ആപ്പീസ്സു മുറിയിൽ

നിന്ന് പെട്ടന്നു പുറത്തേക്ക് ഇറങ്ങിപോന്നു. പോകുന്ന വഴിക്കു പത്രാധിപരെ കാണ്മാനായിതന്നെ ആപ്പീസ്സിൽ ഒരു സ്ത്രീ നിന്നിരുന്നു. പക്ഷെ, 'ഇദ്ദേഹം എന്തിനാണ ഇങ്ങിനെ ഭയപ്പെടുത്തുന്നത്? ഭൂമിയിൽ അധിക ജനങ്ങളും സങ്കടം അനുഭവിക്കുന്നവരാണല്ലൊ കഷ്ടം' എന്ന് അവർ മന്ത്രിച്ചതിനെ ചിന്താമഗ്നനായ ഇയ്യാൾ കേൾക്കുകയൊ, ആ യുവതി എന്തെന്നന്വേഷിക്കുകയൊ ഉണ്ടായില്ല. പത്രാധിപരുടെ സമയം നോക്കി നിന്നിരുന്ന ഈ സ്ത്രീയെ ആപ്പീസ്സിൽനിന്ന് ഒരു ഭൃത്യൻ വന്ന് അദ്ദേഹത്തിന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോയി.

'ഇരിക്കു- കണ്ടത് നന്നായി' എന്ന് പത്രാധിപർ പുഞ്ചിരിയിട്ടുകൊണ്ട് പറഞ്ഞു. 'സമ്മാന ലേഖനങ്ങൾ വന്നിട്ടുള്ളവയിൽ എല്ലാറ്റിലും നല്ലതു നിങ്ങളുടെ ലേഖനമാണെന്നും, അതിനാണ് സമ്മാനം കൊടുപ്പാൻ നിശ്ചയിച്ചിട്ടുള്ളത് എന്നും നിങ്ങളെ അറിയിക്കുന്നതിൽ ഇനിക്കു വളരെ സന്തോഷമുണ്ട്. അതുകൊണ്ടു നിങ്ങൾക്കു താമസിയാതെ ഒരായിരം ഉറുപ്പിക ആപ്പീസ്സിൽനിന്ന് അയച്ചുതരുന്നതാണ്.'

പത്രാധിപരുടെ മുഖത്തുനിന്ന് കേട്ടതാണെങ്കിലും തനിക്ക് സമ്മാനം കിട്ടി എന്നുള്ള സംഗതി അവൾക്കുതന്നെ എളുപ്പത്തിൽ വിശ്വാസം വന്നില്ല. എന്തെന്നാൽ ഈ അവസ്ഥ അത്ര വേഗത്തിൽ വന്നുകൂടിയതാണ്.

ഇങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ ജാനകിഅമ്മ മേശപ്പുറത്ത് പരിഭ്രമിച്ചു നോക്കുന്നതു കണ്ട്,

'ഏ,—ഇതെന്തൊരു അത്ഭുതമാണ്. എന്തു കഥയാണ്? നിങ്ങൾ ജീവശവംപോലെ നില്ക്കുന്നതെന്താണ്' എന്ന പത്രാധിപർ ആ യുവതിയോട് ഭയാത്ഭുതത്തോടുകൂടി ചോദിച്ചു.

'സാരമില്ല—ഇനിക്ക് തല്ക്കാലികമായ ഒരു ആലസ്യം ഉണ്ടായി. അതുയെപ്പോഴുള്ളു. ക്ഷണത്തിൽ സുഖമാവും.'

സമ്പ്രദായം മാറിക്കണ്ടപ്പോൾ പത്രാധിപർ ഇവളുടെ ചേഷ്ടകളെ സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. മേശപ്പുറത്തു കിടന്നിരുന്ന ഒരു സന്ദർശനപത്രത്തെ (Visiting card) ആ സ്ത്രീ കണ്ണെടുക്കാതെ നോക്കുന്നതു കണ്ടു.

'പത്രാധിപർ അവർകളെ, നിങ്ങൾ അന്യഥാ ശങ്കിക്കരുതെ,

അല്ലാ മൂപ്പു ഇവിടെനിന്ന് പുറത്തേക്ക് പോയ ആ—ആ—അ ദ്ദേഹത്തിന്റെ പേര കല്ലത്ത് രാമൻമേനോൻ എന്നതന്നെയല്ലെ?'

'അതെ, അദ്ദേഹം നിങ്ങളുടെ ഒരു സ്നേഹിതനാണെന്നുണ്ടോ?'

'ഉം—ഏ, അല്ല. ഒരു സ്നേഹിതൻ എന്നു പറഞ്ഞുകൂടാ.'

സ്നേഹിതനെന്ന് പറഞ്ഞുകൂടാ അത്രെ! എന്നാൽ അവൾ അദ്ദേഹത്തിന്റെ ഐഹിക സുഖവിഛേദനം ചെയ്ത ദുഷ്ടന്റെ മകളായിരുന്ന എന്നെയുള്ള!

പത്രാധിപർ—'അദ്ദേഹത്തിന്റെ ലേഖനം നിങ്ങളുടേതിനോട് ഏകദേശം കിട പിടിച്ചിരുന്നു. സൂക്ഷ്മം പറയുന്നതായാൽ നിങ്ങളോട് മത്സരിപ്പാൻ ആ കൂട്ടത്തിൽ അദ്ദേഹം മാത്രമെ ഉണ്ടായിരുന്നുള്ളു.'

ജാനകി അമ്മക്ക ഈ നടന്ന സംഭവങ്ങളെല്ലാം ഒരു സ്വപ്നം പോലെയാണ് തോന്നിയത്. അവളുടെ മനസ്സ് ദുസ്സഹമായ വികാരങ്ങളുടെ പോക്കളമായി തീർന്നു. അവൾക്ക് ഇരിക്കപ്പൊറുതിയില്ലാതായി. പൊട്ടി നിലവിളിച്ചാൽ ആശ്വാസം കിട്ടുമൊ എന്ന് അവൾക്ക് തോന്നിപ്പോയി. ഹാ, ഹാ, ദുർദ്ദശയുടെ മൂർദ്ധന്യകാലം!

'രാമൻമേനോന്റെ മുഖത്ത് സ്ഫുരിച്ചിരുന്ന അളവറ്റകനേഭാരത്തിന്ന കാരണം ഇതുതന്നെ ആയിരിക്കണം. ഭഗ്നകാമനായ അദ്ദേഹത്തിന്റെ അപാരമായ സങ്കടവും ഇതു നിമിത്തം ഉണ്ടായിട്ടുള്ളതാവാനെ വഴിയുള്ളു. അദ്ദേഹത്തിന് കിട്ടേണ്ടതായ സമ്മാനം പൂജ്യമാക്കിയത് ഞാനാണ്. ഇച്ഛാഭംഗത്തിന്നിടയാക്കിയതും ഞാൻ തന്നെയാണല്ലൊ' ഇങ്ങിനെ ഓരോന്ന് വിചാരിച്ച് അവസാനമില്ലാതെ ഉജ്ജ്വലിച്ചിരുന്ന മനോവികാരങ്ങളെ അവൾ അതി പ്രയത്നം ചെയ്ത് ശാന്തമാക്കി. എങ്കിലും ഒരു നിമിഷംപോലും ആ സ്ഥലത്തു താമസിക്കുന്നതിന്ന് അവൾക്ക് സമാധാനമുണ്ടായില്ല. 'കോറന്റ് കൊള്ളണം. വിശാലമായ ഒരു സ്ഥലത്തുപോയി ആലോചിപ്പാൻ സൌകര്യം കിട്ടണം. അല്ലെങ്കിൽ ഇനിക്ക് ഭ്രാന്തായിപ്പോകും ഇനിക്ക് അശേഷം സുഖം തോന്നുന്നില്ല. എന്റെ നിർമ്മയ്യാദക്ക് മാപ്പ് തരണെ' എന്ന അവൾ ദയനീയമായ സ്വരത്തിൽ പത്രാധിപരോട് അപേക്ഷിച്ചു.

'ഓ, ഹൊ, അതിനെന്താ. സമ്മാനകാര്യത്തെപറ്റി ഇനി

ക്ക് കുറെ കൂടി സംസാരിപ്പാനുണ്ട്. അത് നാളെയാവാം. നിങ്ങളുടെ സുഖക്കേട് വല്ലനീരിളക്കമോ മറെറാ ആയിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു' എന്നു പറഞ്ഞ് പത്രാധിപർ ജാനകി അമ്മയെ യാത്രയാക്കി.

വീഥിയിൽ എത്തിയപ്പോൾ അവൾക്ക് കുറെ ആശ്വാസം തോന്നി. സന്ദർശനപത്രത്തിൽ കണ്ട മേൽവിലാസം കയ്യിലുണ്ടായിരുന്ന നോട്ടു ബുക്കിൽ എഴുതിയിട്ടു.

'കല്ലുത്ത് രാമൻമേനോൻ അവർകൾ ശ്രീപുരം' അതെ, ഇദ്ദേഹംതന്നെയായിരുന്നു ഇരുമ്പ് കമ്പിനിയിൽ പലിശക്ക് കൊട്ടപ്പാനായി 5000 ക. അച്ഛനെ ഏല്പിച്ചു കൊടുത്തിരുന്നത്'. എന്നിങ്ങിനെ കഴിഞ്ഞുപോയ കായ്ങ്ങളെ ഓർത്ത്, ഓർത്ത്, അവളുടെ തലച്ചോറ് തീപ്പിടിച്ചപോലെയായി. അംഗങ്ങളൊന്നും സ്വാധീനമല്ലാതെയായി തീർന്നു. താൻ നടന്നിരുന്നത് എവിടക്കെന്നൊ, എങ്ങിനെയെന്നൊ, അവൾക്ക അറിവില്ലാതെയായി. ജനസമുദായത്തിൽനിന്നും വേറ്റിട്ട വിജനവാസം ചെയ്യൽ കൊള്ളാമെന്ന് അവൾക്ക മോഹം തുടങ്ങി. കല്ലുത്ത് രാമൻമേനോൻ, രാമൻമേനോൻ ശ്രീപുരം—ശ്രീപുരം രാമൻമേനോൻ—' എന്നീ മന്ത്രപാരായണം തുടങ്ങി.'

അപ്പോഴെക്കും ആ സാധുവായ രാമൻമേനോൻ. അതി വിഷണ്ണനായി അയാളുടെ ദരിദ്രാലയത്തിലേക്ക് മടങ്ങിപ്പോകുന്നത് അവൾ കണ്ടു. ഇച്ഛാഭംഗംകൊണ്ട് നിരാശപ്പെട്ട അയാൾ തന്റെ ദുർവ്വിധിയെ ഓർത്ത് അതി കഠിനമായി വിലാപിക്കുന്നതും കേട്ടു. പെട്ടന്ന് ഒരു സ്ത്രീയുടെ ആർത്ത സ്വരം ഉച്ചത്തിൽ കേൾക്കാറായി. ഉടനെതന്നെ ഒരു സ്ത്രീരൂപം ഭൂമിയിൽ പതിക്കയും ചെയ്തു. അതു കണ്ട് വഴിയെ പോയിരുന്നവർ ആ സ്ത്രീയെ രക്ഷിപ്പാനായി ഓടിച്ചെന്നു. യാതൊരു അനക്കവും കൂടാതെ കിടപ്പുള്ള ആ ശരീരത്തെ എഴുനീല്പിപ്പാൻ ഉത്സാഹിച്ചു തുടങ്ങി. ഇതിനിടയ്ക്ക് ചിലർ പോയി ഒരു ഡാക്ടരെ വിളിച്ചുകൊണ്ടുവന്നു. അദ്ദേഹം ദേഹം പരിശോധിച്ചു നോക്കിയതിൽ 'വൈഷമ്യമില്ല—പരിഭ്രമിപ്പാനൊന്നുമില്ല—ജീവിക്കും' എന്നു പറഞ്ഞ് അവിടെ നിന്നിരുന്ന തന്റെ വണ്ടിക്കാരനോട് അവളെ വണ്ടി കയറ്റി ആസ്പത്രിയിലേക്കു കൊണ്ടുചെല്ലുവാനായി പറഞ്ഞു പോകയും ചെയ്തു. വണ്ടിക്കാരനും എജമാന

പ്രീതിക്കായി തൽക്ഷണംതന്നെ അവളെ വണ്ടികയറ്റി ആസ്പത്രിയിൽ കൊണ്ടുപോയി ആക്കി. അവിടെ ദിനക്കാരിയെ ശുശ്രൂഷിപ്പാനായി ഡാക്ടർ രണ്ടു സ്ത്രീകളെ (Nurses) നിയമിച്ചു. അവർ അവളെ മാതൃവാത്സല്യത്തോടുകൂടി ശുശ്രൂഷിച്ചു. ഏകദേശം 6 മണിക്കൂറ് കഴിഞ്ഞപ്പോഴെക്കും സ്ത്രീക്ക് ബോധം ഉണ്ടായി. 'ഞാൻ ഇപ്പോൾ എവിടെയാണ്? ഈ സ്ഥലം ഏതാണ്' എന്നു മാത്രം അവൾ അടുത്തിരുന്നവരോടു ചോദിച്ചു.

'ഭയപ്പെടേണ്ട, നിങ്ങൾക്ക് വേണ്ടിയുള്ളവർതന്നെയാണ് ഞങ്ങൾ എല്ലാവരും. ഈ ക്ഷീണത്തോടുകൂടി സംസാരിച്ച് ആയാസപ്പെടരുതെ. കുറെ നേരംകൂടി ക്ഷമിക്കു. ഞങ്ങൾ അറിക്കുന്നതന്നെ എല്ലായ്പോഴും ഉണ്ട.' ഇപ്രകാരം സമാശ്വസിപ്പിച്ചതിന്നു ശേഷം അവൾ വീഥിയിൽ പെട്ടന്നു വീണതും, അതിൽപിന്നെ കഴിഞ്ഞ വൃത്തമാനങ്ങളും ചുരുക്കത്തിൽ പറഞ്ഞ് അവർ അവളെ മനസ്സിലാക്കി. പൂർവ്വകഥ സ്മരണയുണ്ടായപ്പോഴെക്കും അവൾ

'ആവു—എന്റെ അമ്മെ. ക്ഷീണംകൊണ്ടു വയ്യ, ഇനിക്ക് വല്ലാത്ത ക്ഷീണം' എന്നു പറഞ്ഞ് മൂർച്ഛിച്ചു. ഉടനെ പരിചാരികമാർ (Nurses) കുറച്ചു വെള്ളം കൊണ്ടുവന്ന് മുഖത്തു തളിക്കയും, ഒരു മരുന്നുകൊണ്ട് നസ്യം ചെയ്കയും ചെയ്തു. അല്പം നേരം കഴിഞ്ഞതും അവൾപെട്ടന്നു കണ്ണുകൾ തുറന്ന് 'ഡാക്ടരെ കാണണം, ഡാക്ടരെ കാണണം' എന്ന് ആവശ്യപ്പെട്ടു തുടങ്ങി. ഡാക്ടർ, ഈ വിവരം അറിഞ്ഞ് സമീപത്തു ചെന്നപ്പോൾ അവൾ

'ഡാക്ടരെ, ഇനിക്ക് ദിനം സാമാന്യത്തിലധികം ഉണ്ട്. ഇല്ലെ? സൂക്ഷ്മം പറയു.'

ഡാക്ടർ— ഏയ്— ഇല്ല. സാരമില്ല. അതു വെറുതെ നിങ്ങളുടെ പേടിയാണ്. ക്ഷണത്തിൽ ഭേദമാക്കിത്തരാം.

ജാനകിഅമ്മ—'ഇനിക്ക് യാതൊരു ഭയവും ഇല്ല, ഡാക്ടരെ. ലവലേശം ഇല്ല. മരിക്കുന്നതിൽ എന്താ ഭയം. എങ്കിലും ഞാൻ ഇതിൽനിന്നു ജീവിക്കയില്ലെന്ന് ഇനിക്കു തോന്നിത്തുടങ്ങിയിരിക്കുന്നു.'

ഇപ്പോൾ അവൾക്ക് മനസ്സിന് സംഭ്രമം ഒട്ടുംതന്നെ കണ്ടില്ല. എന്നുതന്നെയല്ല, വളരെ സമാധാനവും ഉള്ളതായി തോന്നി.

പിന്നേയും ഡാക്ടരോടായിട്ട് 'ഇവിടുന്ന ഇനിക്ക് ഒരു സഹായം ചെയ്യുതരുമൊ?'

ഡാക്ടർ—എന്താണ് വണ്ടത്? പറയു. ഉടനെ ചെയ്യാമല്ലോ.

ജാനകിഅമ്മ— ഇനിക്കുവേണ്ടി നിങ്ങൾ രണ്ടു എഴുത്തുകൾ എഴുതി അയക്കണം. രണ്ടേരണ്ട് എഴുത്ത്.

ഡാക്ടർ ഉടനെ കടലാസ്സും പേനയും വരുത്തി അടുത്തുണ്ടായിരുന്ന മഷിക്കുപ്പി എടുത്തു വെച്ച് എഴുതുവാൻ ഒരുങ്ങി. അവർ എന്തൊ ആലോചിച്ചുകൊണ്ടിരിക്കുന്നതു കണ്ട് കുറച്ചു നേരം താമസിച്ചു. പിന്നെ 'ഞാൻ തയ്യാറായി' എന്നുപറഞ്ഞു.

ജാനകിഅമ്മ—ഓ—ശരിതന്നെ. എഴുത്തിന്റെ കാര്യം. ഞാൻ കുറച്ചൊന്നു അന്ധാളിച്ചുപോയി. ക്ഷമിക്കണെ. ഒരു എഴുത്ത് 'നിരുപമമാസികാ' പത്രാധിപർ അവർകൾക്കാണ്. കുറച്ചെ ഉള്ളു. എഴുതിക്കോളു.

'എന്റെ ലേഖനം ദയ്യ് ചെയ്തു മടക്കി അയച്ചു തരണെ. ഇങ്ങിനെ ഒരു ലേഖനം കിട്ടിയതായി വിചാരിക്കേണ്ട— കാരണം വഴിയെ.'

ഡാക്ടർ— എഴുതികഴിഞ്ഞു. രണ്ടാമത്തേതൊ?

ജാനകിഅമ്മ— അത ശ്രീപുരം കല്ലത്ത രാമൻമേനോൻ അവർകൾക്കാണ്. ഇപ്രകാരം ആയാൽമതി.

'ഒരു കാര്യം അടിയന്തരമായി കണ്ട് പറഞ്ഞാൽ കൊള്ളാമെന്നുണ്ട്. ഉടനെ തന്നെ ഇത്രത്തോളം വരുവാൻ അപേക്ഷ.'

'പുതുക്കളത്തിൽ ജാനകിഅമ്മ'

ഡാക്ടറെ, ഈ എഴുത്ത് ഇപ്പോൾതന്നെ ഒരാളുടെ കയ്യശം കൊടുത്തയച്ചാൽ അധികാനന്ന്.

ഡാക്ടർ— അങ്ങിനെ തന്നെ— ഇതു ഇപ്പോൾതന്നെ കൊടുത്തയച്ചുകളയാം' എന്നു പറഞ്ഞ് ഡാക്ടർ എഴുത്തുകൊണ്ട പുറത്തേക്കു പോയി. ശ്രീ പുരത്തുള്ള ഒരാളെ ഇവിടെക്കു കണ്ടിട്ടുള്ള കാര്യമെന്തായിരിക്കും എന്നായിരുന്നു അയാളുടെ വിചാരം.

* * * *

സമയം പോകുന്നില്ല. ഒരു നിമിഷം കഴിച്ചുകൂട്ടുന്നത് ഒരു യുഗമായി ജാനകി അമ്മക്കു തോന്നിത്തുടങ്ങി. ദീനക്കാരിയുടെ മുറിയിൽ ഒരു ഘടികാരത്തിന്റെ 'ടിക്ക് ടിക്ക്' എന്ന ശബ്ദമല്ലാതെ വേറെ

ഒന്നും കേൾപ്പാനില്ല. തന്നെ കാണ്മാനായി ആരെങ്കിലും വന്നിട്ടുണ്ടോ എന്ന ഭാവത്തിൽ അവൾ കൂടക്കൂടെ പുറമേ നോക്കുകയും 'ഈശ്വരാ— ഒരു സമയം അയാൾ വരാൻ ഇടയുണ്ടോ, നേരം തെറ്റിപ്പോകുമോ' എന്നിങ്ങിനെ പിറുപിറുക്കയും ചെയ്തിരുന്നു.

കുറെ കഴിഞ്ഞപ്പോൾ പുറത്ത് ഒരാൾ കല്പന ചോദിക്കയും, വാതുക്കൽ മുട്ടുന്നതും കേട്ട് ജാനകി അമ്മ പിടഞ്ഞ് എഴുന്നീല്പാൻ ഉത്സാഹിച്ചു. പരിചാരികമാരിൽ ഒരുവൾ അരുതെ-എഴുന്നീല്ക്കരുതെ ഞാൻ പോയി തുറക്കാം' എന്നു പറഞ്ഞു പോയി. വാതൽ തുറന്നു നോക്കിയപ്പോൾ മുഷിഞ്ഞ മുഷിഞ്ഞ ഒരു വസ്ത്രം ധരിച്ചിരിക്കുന്ന ഒരാൾ നില്ക്കുന്നതുകണ്ടു. മലിനവസ്ത്രധാരിയാണെങ്കിലും മുഖഭാവം കൊണ്ട് അയാൾ ഒരു യോഗ്യപുരുഷനെന്ന് ഊഹിക്കാമായിരുന്നു.

'എന്നോട് ഇവിടെ വരാനായിട്ട് ആളെ പറഞ്ഞയച്ചിരുന്നു. ഇല്ലെ' എന്ന് അയാൾ പരിചാരികയൊടായിട്ടു ചോദിച്ചു.

ഇത് കേട്ടതും ജാനകി അമ്മ 'ഉവ്വ്, ഉവ്വ്, ശരിതന്നെയാണ്. ഞാനാണ് ആളെ അയച്ചിരുന്നതും'

ഉടനെ തന്നെ ജാനകി അമ്മ പരിചാരികമാരോട് ആ അകത്തുനിന്ന് തല്ക്കാലം കുറച്ചു നേരത്തേക്കു പുറത്തു പോയിരിപ്പാൻ ആവശ്യപ്പെട്ടപ്രകാരം അവർ മൂവരും വിട്ടുപോയി. ഈ ദിനകരത്തിൽ 'നിരുപമമാസികാ' പത്രാധിപരുടെ ആപ്പീസ്സിൽ വെച്ചു കണ്ട സ്ത്രീയാണെന്ന് രാമൻമേനോൻ അറിഞ്ഞപ്പോൾ ഒന്ന് ആശ്ചര്യപ്പെട്ടു. ജാനകി അമ്മ ദീനാകൊണ്ടു കഠിനമായി വ്യാകുലപ്പെടുന്നുണ്ടെങ്കിലും, രാമന്മേനോനെ കണ്ടതിൽ സന്തോഷം നടിച്ച് വളരെ ദീനസ്വരത്തിൽ 'ഇരിക്കു നിങ്ങൾ ആണല്ലെ കല്പിത രാമൻ മേനോൻ' എന്നു ചോദിച്ചു.

രാമൻമേനോൻ—അതെ- അയാൾ ഞാൻ തന്നെയാണ.

ജാനകി അമ്മ—ഇന്നലെ കാലത്ത് നിങ്ങൾ 'നിരുപമമാസികാ' പത്രാധിപരുടെ അടുക്കൽ പോയിരുന്നു. ഇല്ലെ? നിങ്ങളുടെ ലേഖനത്തിനല്ലെ സമ്മാനം കിട്ടേണ്ടതായിരുന്നത്? പക്ഷെ—

രാമൻമേനോൻ— പക്ഷെ, അതിലും നല്ലതായി വേറെ ഒരു ലേഖനം അദ്ദേഹത്തിന് കിട്ടിപ്പോയി,

ജാനകി അമ്മ— അതെ, അതിലും വല്ലതായി. വേറെ ഒന്നുണ്ടായിരുന്നു. ഇനിക്കറിയാം അത എന്റേതുമായിരുന്നു.

രാമൻമേനോൻ—നിങ്ങളുടേതൊ!

ജാനകി അമ്മ—അതെ, എന്റേയായിരുന്നു. നില്ക്കു. പോകുവാൻവരട്ടെ. ഇനിക്ക് നിങ്ങളോട് ഒരു സംഗതി പറവാനുണ്ട്. വേഗത്തിൽ പറഞ്ഞു കളയാം. എന്തന്നാൽ എന്റെ കഥ ഇപ്പോഴം അവസാനിക്കും. ഞാൻ മരിക്കാറായി' എന്നു പറഞ്ഞ് അയാളുടെ മുഖത്തേക്ക് ഒന്നു നോക്കി. ജാനകി അമ്മക്ക് ക്ഷീണം അധികമായി ബാധിച്ചുകഴിഞ്ഞു. എങ്കിലും അവൾ ധൈര്യം പിടിച്ചു പറഞ്ഞു തുടങ്ങി.

'പച്ചിലക്കാട്ട് പരമേശ്വരമേനോനെ നിങ്ങൾ കേട്ടിട്ടില്ലെ?'

രാമൻമേനോന്റെ മുഖസ്വാഭാവം തൽക്ഷണം മാറി. കവിൾത്തടങ്ങൾ ചുമന്നു വശായി, എങ്കിലും താണസ്വരത്തിൽതന്നെ മറുപടി പറഞ്ഞു.

'പരമേശ്വരമേനോനെ കേട്ടിട്ടില്ലെ എന്നൊ? അദ്ദേഹമല്ലെ ഞങ്ങളെ ഇങ്ങിനെ അരിഷ്ടസ്ഥിതിയിലാക്കിയത്. മനുഷ്യസൃഷ്ടിയിൽ അദ്ദേഹത്തെപോലെ ഇത്ര—

ജാനകി അമ്മ—മതി, നിറുത്തു. അദ്ദേഹം ഇപ്പോൾ ഇല്ല്. മരിച്ചുപോയി. എന്റെ പിതാവായിരുന്നു—'

രാമൻമേനോൻ ഇതു കേട്ടു ഒന്നു ഞെട്ടി പിന്നാക്കം നീങ്ങി. 'നിങ്ങളുടെ അച്ഛനൊ?' എന്നു ചോദിച്ചു.

ജാനകി അമ്മ—അതെ, എന്റെ അച്ഛൻതന്നെ. അദ്ദേഹം നിങ്ങൾക്ക് അതി കഠിനമായ ദോഷം ചെയ്തു. 'അതെല്ലാം പൊറുക്കണെ, ക്ഷമിക്കണെ' എന്ന് അദ്ദേഹം മരണത്തിനു മുമ്പു ദൈവത്തെ പ്രാർത്ഥിച്ചിരുന്നു.

ഇത്രയും പറഞ്ഞപ്പോഴെക്കും ജാനകി അമ്മയുടെ ദേഹം ആസകലം തളർന്നു, മുഖം വിവർണ്ണമായി തീർന്നു. കഥ തീരാറായി, കാലം എത്തി, എന്നറിഞ്ഞു പരിഭ്രമത്തോടും മരണവേദനയോടുംകൂടി

'എന്റെ അച്ഛൻ നിങ്ങളെ ചതിച്ചു—ദോഷപ്പെടുത്തി. ശരിതന്നെ. എന്നാൽ അദ്ദേഹത്തിന്റെ പുത്രി—ഞാൻ—നിങ്ങളോട് അപരാധം പറയുന്നു. ക്ഷമിക്കണെ—മാപ്പു തരണെ—ദൈവമേ—

—കൃപതോന്നണെ—കടം ഞാൻ തീർത്തു തരാം. കേസിപ്പോ പത്രാധിപക്ക് ഞാൻ കുറച്ചു മുമ്പെ എഴുതി അയച്ചിട്ടുണ്ട്. എന്റെ കഥ മടക്കി അയക്കും—പിന്നെ നിങ്ങൾക്കാണ് സമ്മാനം—അയ്യോ, അതിനും വിരോധം പറയല്ലെ. സമ്മാനം നിങ്ങൾക്ക്—നിങ്ങൾക്കുതന്നെ—'

ഈ സമയംകൊണ്ട് അവളുടെ ദേഹത്തിൽ തണുപ്പു വല്ലാതെ കയറിക്കഴിഞ്ഞു. മോഷ്ടാവിനെ എല്ലാം നിന്നു. കൃഷ്ണമണികളും നിശ്ചലമായി. ശബ്ദം അസ്പഷ്ടമായി. 'അത്—അച്ഛന്റെ കടത്തിനു—ഞാൻ—തന്നതാണ്—കാക്കണെ. ആ—കടം—വീട്ടിയത്—' എന്നു മാത്രം കഷ്ടിച്ചു കേട്ടു. ജാനകി അമ്മ ശപ്തഗതിയെ പ്രാപിച്ചു.

എസ്സ്. വി. ആർ.

അന്ധവിശ്വാസം

പകലങ്ങുനിനച്ചിട്ടുന്നതിൽപടമോമ്മച്ചുവരിൽകിനാവുകൾ
പരിമോഹമെടുത്തുന്നരാത്രിയിൽ,പരമിച്ഛാനുഗ്രഹംവരുംഗ്രഹം.

സ്വപ്നങ്ങൾ, ശകുനങ്ങൾ, ഭാഗ്യം, ഭാഗ്യക്കുറി, മന്ത്രവാദം മുതലായ അയുക്തികങ്ങളായ അനുഭവങ്ങൾ അന്ധവിശ്വാസമെന്ന പദത്തിലുൾപ്പെടുന്നു. ജീവിതത്തിൽ അവയിൽ ഏതാനും നമ്മുടെ മനസ്സിൽ പതിയാതെ വരികില്ലെന്നുള്ളതുകൊണ്ടുമാത്രമല്ല അവ വിചാരണാർഹങ്ങളാകുന്നത്. അവ നമ്മുടെ മനഃപ്രവൃത്തികളെ വിശദീകരിക്കയും ചെയ്യുന്നു.

പ്രബോധവും നിദ്രയും നമ്മുടെ ജീവിത സാമ്രാജ്യത്തെ പകുത്തനുഭവിക്കുന്നു. തമ്മിൽ കെട്ടിപ്പിണഞ്ഞു സുഖമായി കിടക്കുന്ന രണ്ടു ബാലകന്മാരെ നിദ്രാഭിചാരിണി നിശ്ശബ്ദമായി അനായാസേന ദൂരത്തുകൊണ്ടുപോകുന്നു.

കാടുംമേടുംസമുദ്രംമലകളരുവിയുംപാറയുംകാവുമേഘാ
നാടുനാനാജനാനാജാതിയുമുടനുടൻവന്നിടുംമാറിമാറി

വീട്ടാക്കുട്ടാവെടിഞ്ഞിട്ടടനടിമറയുംനാടകത്തിശ്രേഷ്ഠ-
ലാട്ടാരാവിൽകിനാവാംനഗരമതിലഹോ! തിക്കുമില്ലേതിരക്കും

പലരും സ്വപ്നംകാണുന്നതല്ല, എങ്ങനെ സ്വപ്നം കാണുന്നു എന്നതാണ്, ആശ്ചര്യം. ഒരു ശരാശരിജീവിയെ ബുദ്ധിയെ പണയംവെച്ച്, ദേശവും കാലവും, നാട്ടും, നഗരവും, ജനങ്ങളും ജന്തുക്കളുമെല്ലാം പ്രകൃതിസിദ്ധങ്ങളായ നിയന്ത്രങ്ങളെ അതിലംഘിച്ച് അനന്തരാനന്തരാഹാസ്യമായും ഭീഷണമായും കൂത്താടുന്നതിനു നാം രംഗഭൂമിയായി തീരുന്നതാണ് ആശ്ചര്യം.

മുന്നമങ്ങൈശവത്തിൽനമ്മുടേസഖാക്കളായ്
നിന്നിരുന്നപേരനേകമിന്നമോടുസാന്ത്വനം
ഇന്നലെപിരിഞ്ഞപോലെവന്നിടുന്നുപിന്നെയും
മന്നിൽനിന്നുവിട്ടുപോയഭീഷ്ടരുംവിശിഷ്ടരും

ചിലപ്പോൾ കരകാണാത്ത സമുദ്രങ്ങളിലും അവസാനിക്കാത്ത വഴികളിലും ഒരു വിശ്രമം കൂടാതെ അനന്തമായി നാം സഞ്ചരിക്കുംപോലെ തോന്നുന്നു; ചിലപ്പോൾ കഠിനമായ വാഗ്വാദങ്ങൾ നടത്തുന്നു; കായ്മ്മില്ലാത്ത കായ്മ്മത്തിനു വളരെ പ്രയത്നിക്കുന്നു. നേരം പോക്കുകൾ കണ്ടു ചിരിക്കുന്നു. ചിരി കേട്ട് ഉണർന്നു നോക്കുമ്പോൾ നിശ്ശബ്ദമായും ഭയങ്കരമായുമുള്ള നിശീഥത്താൽ ശിക്ഷിതന്മാരായിട്ട ഈ ഏഭ്യച്ചിരിയുടെ കാരണത്തെ മനസ്സിലാക്കാൻ പഠിച്ച പണിയെല്ലാം നോക്കുന്നു. സ്വപ്നങ്ങളെ ഓർമ്മിക്കുന്നതു വളരെ പ്രയാസമാണ്. ഓർക്കാൻ ശ്രമിക്കുന്തോറും അവ മറവിൽ ഒളിക്കും. നല്ല രസകരങ്ങളായ സ്വപ്നങ്ങൾ കണ്ട് ഉന്മന്ഥയുടനെ അവയെ നമുക്ക് നല്ല ഓർമ്മയുണ്ടെന്നു തോന്നും. അതിന്റെ വികാരത്തിൽ നിന്നു നാം വിട്ടുമാറീട്ടില്ലായിരിക്കാം. അതിന്റെ ഒരംശം കിട്ടിയാൽ മുഴുക്കെ ഓർമ്മിക്കാം. എങ്കിലും അതിന്റെ ഒരറ്റത്തും പിടികിട്ടുന്നില്ല. മുഴുവനും കൈവിട്ടിൽ പുകപോലെ പോകയും ചെയ്യുന്നു. ഇതു വേഗത്തിൽ നശിച്ചുപോകുന്നതും പിടികിട്ടാത്തതുമായി സ്വപ്നംപോലെ മറെറാന്നുമില്ല.

സ്വപ്നങ്ങൾക്കെല്ലാം എന്തോ ഒരു സ്വരച്ചേർച്ചയില്ലായ്മ ഉണ്ടായിരിക്കും. അസഹനീയയായ ഒരു ന്യൂനത അവയെ ബാധിച്ചിരിക്കും. നല്ല മനോഹരങ്ങളായ ദൃശ്യങ്ങൾക്ക് എന്തെങ്കിലും ഒരു അ

ഭോഗികാണും. എന്നുതന്നെയല്ല, പാകമല്ലാത്ത മറെറാരുത്തന്റെ ചട്ടയെടുത്തിട്ടാലെന്നപോലെ, സ്വപ്നത്തിലെ ആളുകളും ദിക്കുകളുമെല്ലാം നമുക്കു ചേരാത്തതായി തോന്നുന്നു. ഇതുകൊണ്ടു തന്നെ അറിയണം പ്രകൃത്യാനുസാരിണിയായ മനുഷ്യസ്ഥിതി ഉണർന്നിരിക്കുമ്പോഴാണ് എന്ന്.

ഉണർന്നിരിക്കുമ്പോഴുള്ള ഓർമ്മയൊന്നു വേറെ, ഉറക്കത്തിലൊന്നു വേറെ, വളരെ കാലം മുൻപിൽ സ്വപ്നം കണ്ടിട്ടുള്ള സ്ഥലങ്ങളേയും ആളുകളേയും മറവും ഉറക്കത്തിൽ പിന്നേയും നമുക്ക് ഓർമ്മ വരുന്നുണ്ട്- ഈ വണ്ടിയിൽ സവാരി ചെയ്തിട്ടുള്ളതായി ഞാൻ മുൻപിൽ പലപ്പോഴും സ്വപ്നം കണ്ടിട്ടുണ്ടെന്നു സ്വപ്നത്തിൽ നാം ഓർക്കുന്നു. 'ഈ വർത്തമാനം ഇയാളോടു ഇവിടെ വച്ചു തന്നെ പറഞ്ഞിട്ടുണ്ട്,' അല്ലെങ്കിൽ കേട്ടിട്ടുണ്ട്, എപ്പോഴെന്ന് ഓർമ്മിക്കുന്നില്ല' എന്ന് നമുക്കു ഉണർന്നിരിക്കുമ്പോഴും തോന്നാറുള്ളതുപോലെ ഉറക്കത്തിലും തോന്നാറുണ്ട്. സ്വപ്നത്തിലുള്ള ഈ അനുഭവം പ്രത്യേകം സൂക്ഷിച്ചറിയേണ്ടതാണ്.

ജന്തുക്കൾ പ്രകൃതിയുടെ സ്വപ്നങ്ങളെന്ന് പറയപ്പെട്ടിരിക്കുന്നു. നമ്മുടെ സ്വപ്നാവസ്ഥയിലുള്ള ജ്ഞാനം അവയുടേതിനു തുല്യമായി വിചാരിക്കാം. അപ്പോൾ വിശേഷബുദ്ധി പ്രസുപ്തയായി നാം വാസനാമാത്രാനുസൃതമായി ജാഗ്രദവസ്ഥയിൽ അസംഖ്യം വ്യങ്ങളായി ഗണിക്കുന്നവയെ തമ്മിൽകൂടാതെ അനുഭവിക്കുന്നു. ഒരു പഞ്ജരബദ്ധയായ ശുകിയുടെ നിലയിലാണ് അപ്പോഴുള്ള നമ്മുടെ ബുദ്ധിയുടെ അവസ്ഥ. കഷ്ടം! അതിന്റെ അവസ്ഥ എത്ര ശോചനീയമാണ്! സ്വതന്ത്രചാരികളായ മൃഗങ്ങളുടെ അവസ്ഥ കാണുമ്പോൾ 'എന്ത്! നമ്മേപ്പോലെ സ്വാതന്ത്ര്യം അതിനുമുണ്ടോ?' എന്ന് നമുക്കു തോന്നുന്നു. ഒരു ജ്ഞാനം അതിനുണ്ടോ? നമ്മേപ്പോലെ അതിനും തന്നെത്താൻ അറിയാനുള്ള ശക്തിയുണ്ടോ? നമ്മുടെ കഥകളിൽ മൃഗങ്ങളും പക്ഷികളും മനുഷ്യരെപ്പോലെ പ്രവൃത്തിച്ചതായും മറവും പറയുന്നതിന്റെ താല്പര്യം മറെറാന്നുമല്ല, നമ്മുടെ ശക്തിയെ അവയിൽ അധ്യാസിക്കുന്നതത്രേ. എന്തുകൊണ്ടാണ് ഒരു മാതിരി പഴങ്കഥകൾക്ക് ഒരു നിലനില്പ് കാണുന്നത്? തത്വത്തിനോട് അവയ്ക്ക് എന്തോണ്ടു ചേച്ചയുള്ളതുകൊണ്ടുതന്നെ. ജന്തുക്കളോടുമാത്രമല്ല അപരിഷ്കൃതന്മാരായ പുലയർ

മുതലായ മനുഷ്യവർഗ്ഗത്തോടും നമുക്ക് ദയനീയത തോന്നിപ്പോകുന്നു. അവരിലും ചിലർ ജ്ഞാനമുള്ളവരായി കാണപ്പെടുന്നുണ്ട്. മിക്കവരും അപ്രകാരമല്ല. തങ്ങളുടെ സ്ഥിതി തനിക്ക് അറിയാൻ അവക്ക് ശക്തിയുണ്ടായിരുന്നെങ്കിൽ അവർ നിസ്സംശയമായി ആത്മഹത്യ ചെയ്യുമെന്ന് നമുക്കു തോന്നിപ്പോകുന്നു.

സ്വപ്നങ്ങൾക്കും ഒരുവക സത്യമുണ്ട്. യുക്തിയുടെ കണ്ണിൽ മണ്ണുവാരിയിടുന്നവയാണെങ്കിലും അവയ്ക്കും ഒരു ന്യായമില്ലാതില്ല. അവ നമ്മുടെ ബുദ്ധിയെ ഒന്നു കവിഞ്ഞു നില്ക്കുന്നു. ജാഗ്രദവസ്ഥയിൽ അനുഭവത്തിൽ വരാത്തതായ അനേക വിചാരപരമ്പരയെ അവ സൂചിപ്പിക്കുന്നു. അവയ്ക്കും നമുക്കും യാതൊരു സംബന്ധവുമില്ലെന്ന് തോന്നുന്നു, എങ്കിലും നമ്മുടെ ആത്മജ്ഞാനം അപ്പോൾ തീരെ ഇല്ലാതില്ല. ഒരു വിധം നോക്കുമ്പോൾ സ്വപ്നങ്ങൾ നമുക്ക് അതീന്ദ്രിയജ്ഞാനത്തെ തരുന്നു എന്നു പറയാം. എങ്കിലും സ്വപ്നങ്ങൾ ആത്മീയമല്ല. പരകീയമാണോ? അതുമല്ല, രണ്ടുമാണ്. സ്വപ്നങ്ങളെല്ലാം മനഃകല്പിതങ്ങളാണെന്ന് നാം പറയാറുണ്ട്. എന്നാൽ അവ കൂട്ടത്തിൽനിന്നും പിണങ്ങിനില്ക്കുന്ന പട്ടാളക്കാരെപ്പോലെ സ്വാമിയെ ആക്രമിക്കുന്നു. എല്ലാപ്രവൃത്തിയും, വിചാരവും, കാരണവും ഇരുതല മൂരികളാണെന്ന് ഇതുകൊണ്ടറിയണം. പ്രവൃത്തി നിവൃത്തിശക്തികളും ഒന്നിൽതന്നെ അടങ്ങിയിരിക്കുന്നു.

ജ്ഞാനാതീതമായ ഏതോ ഒരു ശക്തിയിൽ നിന്നും നമുക്കു ചിലപ്പോൾ സ്വപ്നത്തിൽ മുന്നറിവുകളും സിദ്ധിക്കുന്നു. നമ്മുടെ ജീവിതകാലത്തിൽ ഇങ്ങനെ ഒന്നുരണ്ട് അനുഭവങ്ങളെങ്കിലും ഉണ്ടാകാതെയിരിക്കുകയില്ല. അപ്പോൾ ഈ പ്രാപഞ്ചിക ബന്ധനത്തെ വിട്ട് ഒന്നുയർന്നപോലെ നമുക്കു തോന്നുന്നു. സ്വപ്നങ്ങൾ ഇങ്ങിനെ വരാൻ പോകുന്നതിനെ കുറിക്കുന്നതായി പലർക്കും അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ശക്തി പലപ്പോഴും മറ്റൊന്നുമല്ല. നമ്മുടെ മനസ്സിൽ പിരിഞ്ഞു കിടന്നിരുന്ന വിചാരങ്ങളുടെ അനൈച്ഛികമായ പരിപാകംകൊണ്ടും സമ്മേളനംകൊണ്ടും ഘുണാക്ഷരന്യായേന ഉണ്ടായതാകുന്നു. ഇന്നയാൾ ഇന്നവിധം പ്രവൃത്തിക്കുമെന്ന് ഉണർന്നിരിക്കുമ്പോൾ നാം ഊഹിക്കുന്നു. സ്വപ്നത്തിൽ അയാൾ മറ്റൊരുവിധം പ്രവൃത്തിക്കുന്നതായി കാണുന്നു. അതിനു യുക്തിയൊന്നുമില്ല. എങ്കിലും അചിരേണ അതു സത്യമായി വരുന്നു. ഇതിൽ

സ്വപ്നംമാത്രമല്ല കാഴ്ചകൾ മുൻപിൽ മങ്ങികിടന്നിരുന്ന വിചാര ശകലങ്ങളെ ആ പ്രാപ്തികൻ കൂട്ടിച്ചേർത്തു സത്യമാക്കുന്നതാണ്. അതുകൊണ്ട് സ്വപ്നങ്ങൾ, ശകുനങ്ങൾ മുതലായവ ആത്മാവിന്റെ രോദനങ്ങളാണെന്നു ചിലർ പറയുന്നതു വാസ്തവം തന്നെ.

(തുടരും)

എം. രാജ രാജവർമ്മ രാജ, എം. എ.

കോമപ്പൻ

൪൯. നേരുംമറച്ചുചിലതെന്നൊട്ടുരച്ചുതഞ്ച
മേവുന്നുണിച്ചിരിതിരിച്ചുചതിച്ചുകൊൾവാൻ
ചേരുംചൊടിച്ചുടനെയാങ്ങളമാർകളേഴു-
പേരുംപിടിച്ചുപൊടികാച്ചുണമെന്നുവെച്ചു്

൫൦. തേടിത്തരത്തിൽവരുമങ്ങളമാരുമിത്തെ-
മ്മാടിത്തരത്തിനുടെകൂലികിടയ്ക്കുമെന്നാൽ
കൊടിത്തിരിയ്ക്കുകവർനിങ്ങടെവീട്ടിലുള്ളോ-
രോടിത്തിരിയ്ക്കുകനിവുള്ളവരല്ലയല്ലോ

൫൧. പേയായിതിത്രപകയുള്ളവരോടടുത്തു
പോയാലതെത്രതകരാറിയാവതല്ലെ
പോയാലുമിത്തിരിയുമിങ്ങുമടിച്ചുനിന്നു
പോയാലിനിത്തരയുമാങ്ങളമാരുകൊല്ലും

൫൨. എന്നോതിനാണ,മഴ,ലുൾക്കൊതി,പേടി,മുമ്പാ-
യൊന്നോതിരക്കുമിവയൊക്കയുമുള്ളിലാന്ന്
നിന്നോരിളങ്കയിൽമൊഴിയ്ക്കുകതാർകൊടുത്തി-
ട്ടന്നോതിനാനവളൊടൊന്നുചിരിച്ചുകോമൻ

൪൦. തേടിക്കയത്തുപടയിൽപലർകൂടിവന്നാൽ
കൂടിക്കരുത്തുടയകയ്യിലുള്ളൂസുകില്ല
മോടിയ്ക്കുവേണ്ടിയരവാളിതെടുത്തതല്ല
പേടിയ്ക്കുവേണ്ടപിടമാൻമിഴിതെല്ലുപോലും

൪൧. കയ്യുള്ളനാളിലതിലിങ്ങൊരുവാളിരിക്കെ
മെയ്യുള്ളമാറലരിലാരുമെതുത്തടുത്താൽ
ഇയ്യുള്ളവന്നൊരുകുലുക്കവുമില്ലയെന്നു
നിയ്യുള്ളിലോക്കുകലരമ്പനെഴുന്നവമ്പേ!

൪൨. കയ്യുംകണക്കുമണയാതെകനത്തതാരി
പെയ്യുംകണക്കടലുവിട്ടകരിമ്പുവില്ലൻ
എയ്യുംകണയ്ക്കുമവകയ്യറിവില്ലൊരാൾക്കും
നിയ്യുംകണയ്ക്കുമവനോടിവനോറുതോറും

൪൩. പുല്ലാണിനിയ്ക്കുപടയാളികൾനിരക്കണ്ടൻ
തല്ലാണതേൻമൊഴിതടുത്തിടുവാൻതരുക്കൾ
തെല്ലാകയാൽതെളിവിയന്നതുണയ്ക്കുണംനീ
യല്ലായ്കിലാങ്ങളകൾതൻപണിപെങ്ങൾചെയ്യും

൪൪. എന്നോതിനില്ക്കുമൊരുകോമനൊടയ്യുതുക്കെ
ക്കുന്നോടിടഞ്ഞമുലയാളവളൊന്നുരച്ചു
നന്നോനമുക്കിതിതിനാലെവരുംതരക്കേ
ടൊന്നോനിനയ്ക്കിലതുതാൻപറയേണ്ടതുണ്ടോ?

൪൫. തീരാതെയുള്ളൊരുപിണക്കമെഴുന്നവീട്ടു
കാരായനാമൊരുലരമ്പനെയോത്തിവണ്ണം
ചേരാവതോപറകിതാങ്ങളമാരറിഞ്ഞാൽ
പോരായിനിങ്ങളൊരുകൂട്ടരൊടുങ്ങുവോളം

൪൬. തോലിന്നുവേർപിരികിലുംമതി,യെങ്കിലുംചെ-
ത്താലിന്നിയേവമഴലോത്തിരുപ്പതാണേ
ചേലിന്നിതെന്നിനിയുമങ്ങുനിനച്ചുറച്ചെ-
ന്നാലിനുതൊട്ടമലമങ്കകനിഞ്ഞിതെന്നിൽ

൪൬. ചേരുന്നതാമരുവടിയ്ക്കുതുനിഞ്ഞുകോമൻ
ചേരുന്നനേരമവഠംപുഞ്ചിരിപൂണ്ടു,നാണാ
ചോരുന്നതൻതലതിരിച്ചുടനേനടുങ്ങി-
ച്ചേരുന്നൊല്ലലൊടുകോമനൊടോതിപിന്നെ

൪൭. വേട്ടന്നുതന്നെയിവളെക്കനിവേതുമെന്നോ
മൊട്ടച്ചിയാകുവതിനാങ്ങളമാരൊരുങ്ങി
ചേട്ടത്തമേറിയൊരുണിച്ചിരിചൊന്നതെല്ലാം
കേട്ടെത്തിനോക്കിടുകനാമിനിയെന്തുവേണ്ടു

൪൮. രണ്ടാകിലുംവരുമിനിയ്ക്കുഴലങ്ങുചെന്തു
കൊണ്ടാലുമാങ്ങളകഠംചാകിലുമല്ലലല്ലേ?
വേണ്ടാതെപോരിനണവോരിവരെച്ചതിപ്പാ-
നുണ്ടാതരംവരികനീരിലിറങ്ങിനില്ലു

൪൯. എന്നോതിയാമുടിയഴിച്ചതുകൊണ്ടുപിന്നിൽ
നിന്നോരുകോമനെമുറുക്കുമറച്ചുടക്കി
കുന്നോടിടഞ്ഞമുലയാളവഠംമീൻകടിച്ചി
ട്ടെന്നോക്കുമാറുടലുലച്ചുടവായിനിന്നു

൫൦. എങ്ങോതുകിന്നിവിടെവന്നൊരുനായരെന്നൊ
ട്ടങ്ങോട്ടടുത്തൊരുകുറപ്പരിയാടിയപ്പോൾ
ഇങ്ങോട്ടടുത്തുവരുമെന്നരടെമടുകണ്ടി
ട്ടങ്ങോരുമാറിയുടനെന്നുപറഞ്ഞിതുണ്ണി

൫൧. പൊല്ലെങ്ങുപോയിരുവനെന്നുകുറപ്പുതിച്ച്-
യില്ലെൻറപിന്നിലവനങ്ങിനെപോയ്മറഞ്ഞു
മെല്ലെത്തിരിച്ചുപറയാമവനിന്നകന്നി-
ട്ടില്ലേറെയെന്നുമതിനുണ്ണിപറഞ്ഞുപിന്നെ

൫൨. പോയീകുറപ്പുമതുകേട്ടവനെപ്പിടിപ്പാ-
നായിട്ടുമറവരൊടൊത്തുകിഴക്കുനോക്കി
ആയീതൊടായ്കുരുതിതെറ്റിനെയാണിവണ്ണ
മായീടിലെന്നുടനെയുണ്ണിയുമെന്നകന്നു

ന്യര്. കാണിച്ചൊരിപ്പണികണക്കിനുപറിയിന്നി-
ക്കാണിയ്ക്കുമിങ്ങരുതമാന്തമുടൻനടക്കു
കാണിയ്ക്കൊലാവെറുമയിങ്ങിനെയിന്നിയെന്നും
കാണിച്ചുകണ്ടുനയയച്ചുപറഞ്ഞുമെല്ലെ

ന്യര. ഊണുകഴിഞ്ഞിരവിലാങ്ങളമാരുപോയി
ക്കാണുപൊഥാവാതലുറന്നെഴമെൻറമച്ചിൽ
കാണുംവിളക്കവിടെയപ്പൊഴണഞ്ഞിടാഞ്ഞാ-
ലാണുള്ളിനല്ലലിനിയെന്നുമുരച്ചിരുണ്ണി

ന്യന്യ. ചാവാതകണ്ടുമഴലന്നുപൊറുക്കവയ്യാ-
താവാതകണ്ടുമൊരുമട്ടകഴിച്ചുകൂട്ടാൻ
ആവാതലുണ്ടുണയെന്നുപറഞ്ഞകത്താർ
പോവാതകണ്ടടലുകൊണ്ടുനടന്നുകോമൻ

ന്യെ. രാവായനേരമടലിൽപലകയ്യുകണ്ട
കൈവാളൊടുംപരിശകയ്യിലെടുത്തിറങ്ങി
പൂവാണ്ടവില്ലുനരുളാലുടനുണ്ണിചൊന്നോ-
രാവാതൽകാണുമെരിടത്തിലെളിച്ചിരുന്നു.

ന്യവ്. അത്താഴമുണ്ടരിയാരാങ്ങളമാരുപോയ-
തോത്താടൽവിട്ടുകതകൊട്ടുറന്നൊരുണ്ണി
ഉമ്മത്താരിലെപ്പൊഴുമിരിപ്പൊരുകോമനെത്തൻ
പൊൽത്താരൊടൊത്തപുതുമെയ്യൊടണഞ്ഞുകണ്ടു

ന്യൻ. മറവുള്ളതപ്പുദിമറന്നലരമ്പനാറ
മറവുള്ളപൂങ്കണപൊഴിപ്പുതുതന്നെയോത്ത്
മുറുനാലത്തൊടവർകാട്ടിയതൊക്കെയെന്നാൽ
പറയുന്നതല്ലപറവാനറിയാംനിനക്കും

ന്യ. മോടിപ്പുകിട്ടുടയൊരായവധുകോമനോട്ട
കൂടിപ്പുരുങ്ങൽകലരാതുടനന്നുരാവിൽ
തേടിപ്പുടയ്ക്കുണയുമാമലരമ്പനായ്പോ-
രാടിപ്പുതൊക്കെയവനുള്ളമിടുകടുക്കി

ഫ. നേരമ്പുലർന്നിട്ടുവർത്തമാനപ്പെരുത്തടുത്ത—
നേരമ്പെരുത്തെളിവിയന്നതളർന്നൊട്ടക്കാ,
ആരമ്പിൽമുമ്പിതിലിനിയ്ക്കുതറിഞ്ഞുകൂട
താരമ്പനാർകളികഴിഞ്ഞുകിടന്നുറങ്ങീ

ഭ. വല്ലാതെകാക്കകരയുന്നതുകേട്ടുണർന്നി-
ട്ടല്ലാപിണഞ്ഞുചതിയെന്നുപറഞ്ഞുകോമൻ
നല്ലാരണിയ്ക്കുണിയലായെഴുമുണ്ണിയമ്മ
നില്ലാതെനല്ലവഴികണ്ടുചിരിച്ചുരച്ചു

മ. ഉണ്ടാക്കിടാംപണി,യുടുത്തിടുവാൻമുഷിഞ്ഞ
മുണ്ടാക്കിടേണമുടലിൽചളിചേത്തിടേണം
കണ്ടാൽക്കണക്കിലൊരുപാണനിതെന്നുതോന്നി-
ക്കൊണ്ടാൽമുഴുക്കുവരികില്ലവഴിയ്ക്കുതെല്ലും

കുണ്ടൂർ നാരായണമേനോൻ, ബി. എ).

(തുടരും)

വിക്രമോർവ്വശീയസാരം

രാജാവുമുഹിച്ചതുപോലെതന്നെ ദേവി മാനമുപേക്ഷിച്ച് പശ്ചാത്താപത്തോടുകൂടി പ്രിയാനുപ്രസാദനമെന്നൊരു വ്യാജത്താലെ രാജാവിന്റെ അഭിപ്രായത്തെ സമ്മതിക്കേണമെന്നു തിച്ചപ്പെടുത്തി. പ്രതാ കാലാകൂട്ടുന്നതിനു രാജാവുംകൂടെയുണ്ടായാൽക്കൊള്ളാമെന്നു തൽക്കാലവും അറിയിച്ച് സമയം വാങ്ങുവാൻ കല്പിച്ചയച്ച് അതിവൃദ്ധനായ ഒരു ഹരിക്കാരൻ പ്രവേശിച്ചിട്ട് തന്റെ അതി ക്ഷീണാവസ്ഥയേയും തൽക്കാലം താൻ ദേവീകല്പനയെ അനുസരിച്ച് ചെയ്യേണ്ടും പ്രവൃത്തിയേയും രാജധാനിക്ക് ആ സന്ധ്യാസമയത്തിലുണ്ടായ ശോഭാവിശേഷത്തേയും അപ്പോൾ വളരെ വിളക്കുകൾ പിടിക്കുന്ന പരിജനങ്ങളോടുകൂടി രാജാവ് നേരിട്ടു വരുന്ന ഭംഗിയേയും വർണ്ണിച്ച് രാജാവിനെക്കാണ്മാനുചിതമായ സ്ഥലത്തിൽ ചെന്നു കാ

ത്തുനിൽക്കുന്ന എന്ന കഥയെ 'തൊണ്ണൂത്തിൽ' എന്ന മുതൽ 'നിൽക്കുന്ന' എന്നവരെയുള്ള ഗദ്യഭാഗംകൊണ്ടു പറയുന്നു. രാജാവും വിദൂഷകനും മറവും പ്രവേശിച്ചതിന്റെ ശേഷം രാജാവ് ഉർവ്വശിവിരഹദുഃഖംകൊണ്ട് തനിക്ക രാത്രി കഴിച്ചു കൂട്ടുവാനുള്ള അതി പ്രയാസത്തെപ്പറ്റി ആവലാതി പറകയും, ഹരിക്കാരൻ രാജാവിന്റെ തിരുമുമ്പിൽ ചെന്നുപചാരം ചെയ്യ്, ദേവിക്ക മഹാരാജാവിനോട്ടു കൂടി മണിഹർമ്മ്യത്തിലിരുന്നുകൊണ്ട് രോഹിണീചന്ദ്രയോഗത്തെകണ്ടാൽക്കൊള്ളാമെന്ന തിരുമനസ്സറിവിക്കുകയും, രാജാവ് അനുവദിച്ച് കല്പിക്കുകയും, ഹരിക്കാരൻ അതു കേട്ട് പോകയും ചെയ്യുന്നു എന്ന കഥയെ 'കൃത്യങ്ങളെ'ന്ന മുതൽ 'പോയി' എന്നവരെയുള്ള ഗദ്യഭാഗംകൊണ്ടു പറയുന്നു. ഇപ്പോൾ ദേവി തനിക്ക് ജനിച്ച പശ്ചാത്താപത്തെ പ്രത്യക്ഷമായിട്ടു പുറത്തു കാണിക്കുവാൻ ഭാവിക്കുന്നുവെന്ന് വിദൂഷകനും രാജാവും ഊഹിച്ച കഥയെ 'തോഴരെ!' എന്ന മുതൽ 'മനസ്വിനികൾ' എന്നവരെയുള്ള ഗദ്യഭാഗംകൊണ്ടു പറയുന്നു. പിന്നെ വിദൂഷകനും രാജാവും ആ മണിഹർമ്മ്യത്തിൽ കയറി തന്റെ തന്റെ മനോധർമ്മംപോലെ ചന്ദ്രോദയത്തേയും ചന്ദ്രനേയും വർണ്ണിച്ച് യഥോചിതം ഇരുന്നുവെന്നും ഉർവ്വശീകഥയെ ചർച്ചിക്കാറായിട്ടു മനം മറിഞ്ഞു തുടങ്ങിയ രാജാവിന്റെ ഉചിതകല്പനപ്രകാരം പരിജനങ്ങളെല്ലാം പോയി എന്നുമുള്ള കഥയെ 'എന്നാൽ' എന്ന മുതൽ 'പോയി' എന്നവരെയുള്ള ഗദ്യഭാഗംകൊണ്ടു പറയുന്നു. മരണമായ ദശമാവസ്ഥയെ കൂടി ചെയ്വാൻ മാത്രം വർദ്ധിച്ചിരിക്കുന്ന അപ്പോഴത്തെ രാജാവിന്റെ മദനബാധ എന്ന് രാജാവും വിദൂഷകനും വിചാരിച്ച് വ്യസനിക്കുകയും ഉടനെ രാജാവിന്റെ ശോഭാവിശേഷമായ ചായാഗുണലക്ഷണത്തെക്കണ്ടിട്ട് വിദൂഷകനും തന്റെ വലകയ്യിളകുകയെന്ന ശുഭനിമിത്തത്തെ അറിഞ്ഞിട്ട് രാജാവും ഉർവ്വശീസംഗം ഇപ്പോൾതന്നെ ഉണ്ടാകുമെന്ന് ഊഹിച്ച് ആശ്വസിക്കുകയും ചെയ്യുന്നു എന്ന കഥയെ 'ചന്ദ്രനെ നോക്കിട്ട്' എന്ന മുതൽ 'ഇരിക്കുന്നു' എന്നവരെയുള്ള ഗദ്യഭാഗംകൊണ്ടു പറയുന്നു.

പിന്നെ ദേവേന്ദ്രന്റെ അനുവാദത്തോടുകൂടി പ്രതിഷ്ഠാനഗരിയിലേക്കു പുറപ്പെട്ട ഉർവ്വശി തന്റെ അഭിസാരികാവേഷഭംഗിയെ സഖി ചിത്രലേഖ സമ്മതിച്ചതിന്റെശേഷം ചിത്രലേഖാസഹായ

ത്താൽ അതിവേഗത്തിലുദ്ദേശിച്ച സ്ഥലത്തെത്തിയെന്ന കഥയെ 'അനന്തര'മെന്നു മുതൽ 'കഴിഞ്ഞുവെല്ലൊ' എന്നുവരേയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. രാജാവിനു തന്റെ നേരെയുള്ള അനുരാഗം ഇപ്പോളേതു സ്ഥിതിയിലിരിക്കുന്നുവെന്നും മറ്റും ആലോചിച്ചു പരിഭ്രമിക്കുന്ന ഉർവ്വശിയെ ചിത്രലേഖ നേരംപോക്കിനു വേണ്ടി രണ്ടു വഴിയായി അർത്ഥം ഊഹിക്കാവുന്ന തന്റെ വാക്കുകൊണ്ട് കുറെക്കൂടി പരിഭ്രമിപ്പിച്ചുവെന്നും ഉടനെ സ്പഷ്ടമായി പറഞ്ഞു സമാധാനപ്പെടുത്തിയെന്നുമുള്ള കഥയെ 'എന്നാൽ' എന്നുമുതൽ 'എന്നേയുള്ളൂ' എന്നുവരേയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. പിന്നെ ഉർവ്വശിയും ചിത്രലേഖയും മണിഹർമ്മ്യത്തിൽ വിദൂഷകമാത്രസഹായനായിരിക്കുന്ന രാജാവിന്റെ അടുക്കൽ ചെന്നിറങ്ങിട്ട് അനവസരത്തിൽ പ്രത്യക്ഷമാവുന്നത് അനുചിതമാണെന്നു കരുതി തക്കതായ അവസരം കിട്ടുന്നതുവരെ മറഞ്ഞുനിന്നു എന്നകഥയെ 'അർത്ഥം വെളിപ്പെടാത്ത' എന്നുമുതൽ 'സാധിപ്പിക്കട്ടെ' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. അതിനിടയിൽ രാജാവും വിദൂഷകനും തമ്മിലുള്ള സല്ലാപം കേട്ടിട്ട് ഉർവ്വശിയിലുള്ള അനുരാഗം രാജാവിനു വളരെ വർദ്ധിച്ചിരിക്കുകൊണ്ട് ഇതു നല്ലവസരമാണെന്നു നിശ്ചയിച്ച് ചിത്രലേഖ പറകയാൽ ഉർവ്വശി, താൻ പ്രത്യക്ഷമായിയെന്നു വിചാരിച്ചുവെങ്കിലും പരിഭ്രമംകൊണ്ട് തിരസ്കാരിണിയെക്കളവാൻ മറന്നു പോകയാൽ പ്രത്യക്ഷമാവാതിരിക്കുമ്പോൾ തന്നെ ദേവി വരുന്നുണ്ടെന്നറികയാൽ അവർ മുമ്പിലേപ്പോലെ നല്ലവസരം കാത്തുനിന്നു. പിന്നെ ദേവി പ്രവേശിച്ചിട്ട് ചന്ദ്രകിരണാച്ചനാദികളായ വ്രതകർമ്മങ്ങളെയെല്ലാം യഥാവിധി ചെയ്യും ദേവതാമിഥുനമായ രോഹണീചന്ദ്രന്മാരെ സാക്ഷിയാക്കികൊണ്ട് ആര്യപുത്രൻ യാതൊരു സ്ത്രീയേ പ്രാർത്ഥിക്കുന്നുവൊ യാതൊരു സ്ത്രീ ആര്യപുത്രന്റെ സമാഗമത്തെ പ്രാർത്ഥിക്കുന്നുവൊ അവളിലും എന്നിലും സമപ്രീതിയോടുകൂടിയിരിക്കേണമെന്ന് പ്രാർത്ഥിച്ച് തന്റേതന്റെ പതിയായ മഹാരാജാവിനെ പ്രസാദിപ്പിച്ചും, തന്റേതന്റെ വാക്കുകളും പ്രവൃത്തികളും ദേഹമാഹാത്മ്യവുംകൊണ്ട് പാതിവ്രത്യപ്രഭാവഭാക്കിന്യ സൌശീല്യാദി സ്ത്രീഗുണങ്ങളെ നല്ലവണ്ണം പ്രകാശിപ്പിച്ചും, രാജാവിനു തന്റെ നേരെയുള്ള ഉല്ലടബഹുമാനസ്നേഹാദികളും വർദ്ധിക്കുന്തോറും വിനയംകൊണ്ട് ഒതുങ്ങിയും തിരിച്ചുപോയതിന്റെ ശേഷം

ദേവിയുടെനേരെ രാജാവിനുള്ള വലുതായ സ്ഥിരബഹുമാനത്തെ സ്പഷ്ടമായി കണ്ടപ്പോൾ ഉർവ്വശിക്കുണ്ടായ അല്പമായ വൈമുഖ്യത്തെ 'എന്താണ നീ നിരാശയായി തീന്നിരിക്കുന്നത്' എന്ന ചിത്രലേഖയുടേയും 'ഉർവ്വശിയൊ' എന്ന രാജാവിന്റേയും ചോദ്യങ്ങളും 'പൊന്നിൻതുപുരം' എന്നു തുടങ്ങി 'ചേക്കുമൊ' എന്നവസാനിപ്പിച്ച രാജാവിന്റെ വാക്കും തീരെ കളയുന്നു. പിന്നെ ഇതു നല്ലവസരമെന്നുറച്ച് രാജാവിന്റെ ഇഛയെ അനുസരിച്ച് ഉർവ്വശി പിന്നിൽച്ചെന്ന് കണ്ണുപൊത്തിയെന്നും അപ്പോൾ ചിത്രലേഖ വിദൂഷകനോട് മിണ്ടരുതെന്ന് കൈകൊണ്ടു കാണിച്ചുവെന്നും രാജാവ് സ്പർശസുഖമൊന്നുകൊണ്ടുതന്നെ ഉർവ്വശിയാണ് കണ്ണുപൊത്തിയത് എന്നറിഞ്ഞ് എഴുനേൽക്കുന്നു എന്ന കഥയെ 'എന്നു' എന്നുമുതൽ 'എണീക്കുന്നു' എന്ന ഗദ്യംകൊണ്ടു പറയുന്നു. 'വിദൂഷകനെ കാമ്മപ്പെടുത്തുന്നു'(=മിണ്ടരുതെന്നു കൈകൊണ്ടു കാണിച്ച് വിദൂഷകനെ ധരിപ്പിക്കുന്നു) 'ഇവളേതാണ്' (=അങ്ങുന്നെങ്ങിനെ അറിഞ്ഞു) അല്ലെങ്കിൽ (ഇതാരാണ്) പിന്നെ രാജാവ് ഉർവ്വശിയെ പ്രത്യക്ഷമായി കണ്ടും അറിഞ്ഞതിന്റെ ശേഷം അവരെല്ലാവരും ഇഷ്ടസിദ്ധികൊണ്ട് പരമാനന്ദഭാഗ്യന്മാരായി തമ്മിൽ കുറച്ചുനേരമ്പോക്കു പറഞ്ഞുവെന്നും സഖിയായ ചിത്രലേഖ അതിസ്നേഹത്തോടുകൂടി ഉർവ്വശിയുടെ സകല ഭാരവും രാജാവികൽ ഏൽപ്പിച്ചിട്ട തവണപ്രകാരം തനിക്കു വന്ന ആദിത്യസേവയ്ക്കായി പോയി എന്നും ഉള്ള കഥയെ 'മഹാരാജാവ്', എന്നുമുതൽ 'പോയി' എന്നവരെയുള്ള ഗദ്യംകൊണ്ടു പറയുന്നു. വിദൂഷകനും രാജാവും ഉർവ്വശിയും ഈ വലുതായ മനോരഥലാഭംകൊണ്ടുള്ള ഗുണങ്ങളെ പ്രശംസിച്ചുകൊണ്ട് ശയ്യാഗൃഹത്തിലേക്കു പോയി എന്ന കഥയെ 'ഭാഗ്യംതന്നെ' എന്നതു മുതൽ അങ്കാവസാനാവരെയുള്ള ഗദ്യംകൊണ്ടു പറയുന്നു.

പിന്നെ ഉർവ്വശി അതിസുഖമായി ക്രീഡിപ്പാനായി രാജാവിനേയുംകൊണ്ട് ഗന്ധമാദനപർവ്വതത്തിങ്കലേക്കു പോയി എന്നും അവിടെ ഇഷ്ടംപോലെ ക്രീഡിച്ചു താമസിക്കുമ്പോൾ ഒരുദിവസം മന്ദാകിനീതീരത്തിൽ കളിക്കുന്ന ഉദയവതീയെന്ന വിദ്യാധരകന്യകയെ രാജാവ് കണ്ടുനിന്നുവെന്ന് ഉർവ്വശി അറിഞ്ഞ് കോപിച്ച് രാജാവിന്റെ അനുനയത്തെ ധിക്കരിച്ച് സ്ത്രീകൾക്കു വജ്ര്യമായ കുമാരവനത്തിൽ കടന്നുവെന്നും അപ്പോൾതന്നെ ഉർവ്വശിയുടെ ശരീ

രം ലതാകാരമായിത്തീർന്നുവെന്നും ഭരതമഹർഷിയുടെ ശാപംകൊണ്ട് ഉർവ്വശിയുടെ മനസ്സുമാറിപ്പോയിരിക്കുന്നതാണിയ്യുപത്തിന്നു മൂലമെന്നും ഇനിഈ ആപത്തു തീരേണമെങ്കിൽശ്രീ പാർവ്വതീദേവിയുടെ ശ്രീമൽപാദാരവിന്ദശോണശോഭയിൽനിന്നുണ്ടായതും സംഗമനീയമെന്ന പ്രസിദ്ധനാമത്തോടുകൂടിയതുമായ മണിയല്ലാതെ മറെറാരുപായവുമില്ലെന്നും ഇപ്പോൾതന്നെ രാജാവ് ഉർവ്വശിയെക്കാണാഞ്ഞിട്ട് അന്വേഷിച്ചുകൊണ്ട് ആ വനത്തിൽ തന്നെ നടക്കുന്നുവെന്നു വിരഹികൾക്ക് ഏറെറവും അസഹ്യമായ ഈ വസന്താരംഭകാലത്തിൽ ഈ രാജാവിന്നു വലുതായ അനർത്ഥം വരുവാനാണെളുപ്പമെന്നും ഉള്ള സൂച്യകഥാഭാഗത്തെ ചിത്രലേഖയും സഹജന്യയും തമ്മിൽ ചെയ്യു സംഭാഷണംകൊണ്ട് പ്രവേശത്തിൽ സൂചിപ്പിച്ചിട്ട് ദൃശ്യമായ കഥാഭാഗത്തെ നാലാമങ്കംകൊണ്ടു കാണിക്കുന്നു.

(തുടരും.)

കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ.

ഒരു പാട്ട്

തേത്താവൽഭോതിസംക്ഷാൽഗുരുപവനപുരേഹന്തഭാഗ്യംജനാനാം

ശ്രീഗുരുപവനാധീശ- കൈതൊഴാമെൻറെ-
ശ്രീഗുരുവേജഗദീശ-

ലോകരേക്കാത്തിടുന്നോനേ- ലോകപാലക്കുടയോനേ-
ലോകമാതൃപ്രിയജാനേ_ലോകനാഥഭഗവാനേ.
നിന്തിരുവടിയുടെതിരുവുടലോക്കുന്നേൻ— സങ്കടാഭോധ്രേ-

നീന്തിവലഞ്ഞിഹ നിജനിലനോക്കുന്നേൻ-
വെന്തിടുമകമലർ നിന്മയമായീന്നേ—സൌഖ്യമുണ്ടാവൂ-
എന്തിനുപലവഴിയുഴലുവതന്നേ.

കാർമുകിൽമുടിക്കെട്ടുംമയിൽപ്പീലിയും-
കീർമതിമതിമട്ടുംനിടിലാഭയും-
ഓമനച്ചില്ലിയാട്ടുംമിഴിക്കുളിയും-
ശ്രീമൽക്കുണ്ഡലംമുട്ടുംകവിൾച്ചിരിയും.
ചിന്നിനതിരുമുഖമിന്നിഹമമഹൃദി
മിന്നിവിളങ്ങണമെന്നിവനാശ—ശ്രീഗുരുപവനാധീശ.

മാറിടത്തിൽവിളങ്ങീടും-മാറിണങ്ങുംരമയോടും-
മാറിടാത്തപ്രഭയോടും-മാറിടുംകൌസ്തുഭത്തോടും-
തൃക്കരതളിർനാലിലുമഴകോടേ—ശംഖചക്രങ്ങൾ-
ഉൾക്കടഗദപങ്കജമിവയോടേ-
തൃക്കൊടിടചേന്നൊരുനിലപാടേ—ദൈത്യന്മാക്കുള്ളിൽ-
ദുഷ്ടരുടയമേകിടുമൊരുപാടേ.
ചാരുവാതിരുവയർഭവനംമൂന്നും-
ചേരുവോന്നെന്നാകിലുംചെറുതായ്യോന്നും-
ഭൈരവമായ്നാഭിക്കുഴിച്ചുഴിയിൽമിന്നും-
സാരസത്തികൽസ്വമാവിരിപ്പുണ്ടെന്നും.
പട്ടടയാടപകിട്ടൊട്ടിന്നലി-
നൊട്ടുസമാനതകാട്ടുമിതനിശം—ശ്രീഗുരുപവനാധീശ.

തുത്തുടകൾക്കുപമാനം- ഒത്തുചൊൽവാൻനഹിനൂനം-
ഹസ്തിഹസ്തതിനുമാനം- സ്വസ്തിയാകുംപെരുത്തൂനം.
മന്മഥനുടെതൂണികളിണപോലേ—നിൻകണങ്കാലായ്-
നന്മയൊടെതുപൊരുതുകിലുതുകാലേ-
നന്മയിലുടെനിണ്ടഗളംചാലേ—തോറുമണ്ടീടും-
തന്മയനിറമാകിലുമഴകാലേ.
ദേവകിവണങ്ങീടുംതിരുവടിയും-
കേവലമതിനഞ്ചുനഖമുടിയും-
സേവകക്കിഹഭവഭയംമുടിയും-
ചേവടിത്തളിരടിപെടുംപൊടിയും.
ഇങ്ങിനെഭംഗിയിൽമംഗളരൂപ-
മിണങ്ങിവിളങ്ങുകഞ്ഞങ്ങൾമനസ്സിൽ-ശ്രീഗുരുപവനാധീശ

വാതഗേഹാധിപദ്വാരം- വാതരോഗാത്തരെപ്പാരം-
നീതരത്തിൽകൃപാസാരം- പെയ്യുഹോകാക്കുമേസൈ്വരം.

ഇയ്യൊരുതൊഴിൽതവകൈശലവഴിയല്ലേ_സംസാരക്കുണ്ടിൽ
കയ്യൊട്ടുമാണ്ടിട്ടമവർകളെനീമെല്ലേ-
മെയ്യിനൊരുടവുകൊടുത്തുതീർത്തല്ലേ—ഭക്തിയുണ്ടാക്കി
പയ്യവെയൊരുതുണചെയ്യുകപതിവല്ലേ-

സൽഗതിസകലക്കുംകൊടുക്കുവോനേ-
സൽഗുണഗണമൊക്കെത്തികഞ്ഞുള്ളോനേ_
ഭക്തിയുള്ളവക്കെല്ലാംവശപ്പെട്ടോനേ-
മുക്തിനൽകുവാനെന്നുമൊരുമ്പെട്ടോനേ-
നിന്തിരുവടിതുണസന്തതമടിയനു
സന്തതകുശലമനന്തവരുത്തുക—

ശ്രീഗുരുപവനാധിശ—ജഗദീശ.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

ഒരു ഇതിഹാസകഥ

ദക്ഷിണ കേരളത്തിന്റെ പശ്ചിമ ഭാഗത്തുള്ള ഒരു മഹാക്ഷേത്രത്തെ സംബന്ധിച്ചു പല ഇതിഹാസങ്ങളും കേട്ടിട്ടുണ്ട്. തൃശ്ശിവപേരൂർ മഹാക്ഷേത്രത്തിൽ ബിംബം മാറി പ്രതിഷ്ഠ കഴിച്ചു് സമുദ്രത്തിൽ സ്ഥാപിച്ചിരുന്ന പഴയ ബിംബം ഒഴുകി വല്ലാർപാടത്തു് വന്നടിഞ്ഞു കിടന്നിരുന്നു. പുല്ലരിയാൻ പോയിരുന്ന പറക്കുള്ളികളിൽ ഒരുത്തി അതിന്മേൽ അരിവാൾ തേച്ചു സമയം കലികൊണ്ടു തുള്ളി നില്ക്കുന്നതു കണ്ടു് കൂട്ടുകാർ പരിഭ്രമിച്ചു് പുറകം വന്നുകൂടി. വിൽപ്രയോഗം പറയരുടെയിടയിൽ അക്കാലത്തു നടപ്പുണ്ടായിരുന്നു എങ്കിലും തുള്ളി നില്ക്കുന്ന പറച്ചിക്കു് അരിവാൾകൊണ്ടുള്ള വിദ്യ മാത്രമെ അറിവുണ്ടായിരുന്നുള്ളു. അവൾ അമപറിച്ചെട്ടതു് വിൽവളച്ചു് ഉടുത്ത വസ്ത്രം കീറിജ്യാരോപം ചെയ്തു് അരിവാൾ

അമ്പാക്കി തൊട്ടുത്തു വിട്ടു. അസ്ത്രം ചെന്നു വീണതു് പങ്ങായി മേനവന്റെ നടുമിറ്റത്തായിരുന്നു. പറക്കള്ളി ശരം വീണ സ്ഥലത്തെത്തി അവിടെ ക്ഷേത്രം പണിയിച്ചു് വല്ലാർപാടത്തെ കിടക്കുന്ന ബിംബംകൊണ്ടു വന്നു് പ്രതിഷ്ഠ കഴിക്കേണമെന്നു് കല്പിച്ചപ്രകാരം ചെയ്തിട്ടുള്ള ആ മഹാക്ഷേത്രമാണു് ഏളങ്കുന്നപ്പുഴെ സുപ്രഭമണ്യക്ഷേത്രം. പറയരുടെ വാദ്യമായ പറത്തുടി കൊട്ടാതെ ദേവനെ പുറത്തേക്കു് എഴുന്നള്ളിക്കുവാൻ പാടില്ലെന്നുള്ള നിശ്ചയം ഇന്നും നടന്നു പോരുന്നതു് ഇതിഹാസത്തെ ബലപ്പെടുത്തുകയും ചെയ്യുന്നു. ഈ ക്ഷേത്രത്തിലെ ഉടമയേയും ഊരായ്മയേയുംപറ്റി പല തർക്കങ്ങളും ഏടക്കാലങ്ങളിൽ ഉണ്ടായിരുന്നു. പറയർ രാജാവിന്നുണ്ടായിരുന്ന അകക്കോയ്മസ്ഥാനം തിരുവിതാംകൂറിലേക്കു മാറ്റി. രാജസേവനായ നാങ്കോളത്തു് നമ്പൂരിയെ ഈ സ്ഥാനത്തിൽ അകക്കോയ്മയായി കല്പിച്ചയക്കുകയും അദ്ദേഹം കീഴനടപ്പിനു വിരോധമായി സ്ഥാനം ഭരിപ്പാൻ ശ്രമിക്കുകയും തന്നിമിത്തം ഒരു വലിയ കലാപമുണ്ടാവുകയും ചെയ്തു. ബലാബലം പരീക്ഷിച്ചതിൽ നമ്പൂരി ദേവസ്വത്തിലെ കോയ്മമാത്രമല്ല ദേവസ്വം സങ്കേതമായ അഞ്ചരദേശത്തിലെ ദേശാധിപതിയായിത്തീർന്നു. ഇദ്ദേഹത്തിന്റെ ആശ്രിതവാത്സല്യംകൊണ്ടു് തന്റെ ശിഷ്യനായിരുന്നഇക്കോരൻനായക്കു് വേണ്ടുവോളം വർധികാരം സിദ്ധിച്ചു. നമ്പൂരി കല്പിച്ചതുപോലെ പ്രവൃത്തിച്ചിരുന്ന ഇക്കോരൻനായർ അല്പകാലംകൊണ്ടു് താൻ പ്രവൃത്തിച്ചതുപോലെ അദ്ദേഹം കല്പിക്കുമെന്നുള്ള നിലയിലെത്തി. ആശക്കുപോലും അവകാശമില്ലാത്ത അനവധി സ്വത്തിന്റെ അധിപനായിത്തീർന്ന ഇക്കോരൻനായർ വാശിക്കു ലേശം കുറക്കുന്നവനല്ലായിരുന്നു. നായർ, വിചാരിച്ചതു സാധിക്കുന്നതിനു വേണ്ടി, ചെയ്യുന്ന പ്രവൃത്തികളുടെ ഗുണദോഷം നോക്കുന്ന സമ്പ്രദായക്കാരനല്ല. ആരെ കൊണ്ടുപറ്റി കുറഞ്ഞവനും കാഴ്ചക്കു് വിരുതനും ആണെങ്കിലും രസികത്വം ദീക്ഷിക്കുന്നവരിൽ പ്രമാണിയുമായിരുന്നു. ജനബാഹുല്യം അധികം കൂടുന്ന ദിവസങ്ങളിലായിരുന്നു നായരുടെ പ്രതാപപ്രൌഢി അമ്പലത്തിൽ പ്രത്യക്ഷപ്പെടുന്നതിയിരുന്നതു്. നായർ ഉടുത്തിരുന്ന ശുഭ്രവസ്ത്രത്തിന്റെ പടപടശബ്ദം അബലകളോടു് അടുത്തുവരുമ്പോൾ ഇരട്ടിപ്പായി കേൾക്കാം. വൃശ്ചികമാസത്തിൽ വെളുത്ത ഷർട്ടിനാൽ നായർ ക്ഷേത്രത്തിൽ പ്രദക്ഷി

ണ്ം വെക്കുന്നതിന്നിടക്ക് തിരക്കിന്നിടയിൽനിന്നു സൌന്ദര്യ്യ സാരസ്വസ്വമായ ഒരു കാന്തി വിശേഷാ അദ്ദേഹത്തിന്റെ കണ്ണിൽ പ്രതിഫലിച്ചു. ഇല്ലത്ത് ശൂദ്രനാണെന്ന് അഭിമാനമുള്ള നായർ ജാത്യാദി ഗുണങ്ങളെ പരിശോധിച്ചില്ലാതെ താൻ ഒരുത്തിയെ കാംക്ഷിക്കുകയില്ലെന്നുള്ള അദ്ദേഹത്തിന്റെ വ്രതാ തത്സമയാ തന്നെ കാലാക്കൂടി. നായർ ആ സൌഭാഗ്യപുഞ്ജത്തെ പിന്തുടർന്നു പ്രദക്ഷിണംവെച്ചു തുടങ്ങി. എങ്കിലും വഴിയരികിൽകൂടി ഒതുങ്ങി നടന്നിരുന്നതുകൊണ്ട് നായർക്ക് അധികാ പ്രാവശ്യാ ആ യുവതിയെ മാറിനിന്നുത്തുവാൻ സാധിച്ചില്ല. മാറി നില്ക്കേണ്ടതായി വന്ന സമയങ്ങളിലൊക്കെയും അവൾ അദ്ദേഹത്തെ തിരിഞ്ഞ് നോക്കിയതും ഇല്ല. നായരുടെ ഉള്ളിൽ പല വിചാരങ്ങളും കടന്നു കൂടുകയും അതുവരെ അനുഭവിച്ച വിഷയസുഖങ്ങളെല്ലാം വൃഥാവിലാണെന്ന് അദ്ദേഹത്തിന്നു തോന്നുകയും ചെയ്തു. തല്ക്കാലാ നടത്തിയ അന്വേഷണംകൊണ്ട് ആ സ്ത്രീ സങ്കേതത്തിൽപ്പെട്ടവളാണെന്നും സനാഥയാണെന്നും അറിഞ്ഞ് സന്തോഷത്തോടുകൂടി ക്ഷേത്രം വിട്ട പോകയും ചെയ്തു.

ദേവസ്വം കായ്മാദികൾ നോക്കിയിരുന്ന മന്നത്ത് മൂത്തതും പുല്ലംപിള്ളയായി അനുജൻ കയ്മളും വാഴുകയിൽപ്പെട്ട മരിച്ചു. മൂത്തതിന്റെ വംശം അതോടുകൂടി അന്യം വരികയും ചെയ്തു. മൂത്തതിന്റെ ഇല്ലം പരിശോധിച്ച സാധനങ്ങളുടെ കൂട്ടത്തിൽ അദ്ദേഹത്തിന്റെ കൈവശത്തിലുണ്ടായിരുന്ന മയിൽവാഹനമുദ്ര കണ്ടുകിട്ടിയില്ല. മൂത്തകയ്മളും കായ്മും ഒഴിഞ്ഞു കൊടുക്കുന്നതല്ലെന്നു പറഞ്ഞതുകൊണ്ട് കയ്മളുടെ വക സങ്കേതത്തിൽപ്പെട്ട സകല മുതലുകളും ദേവസ്വത്തിലോട്ട ഒതുക്കി. അതിൽപിന്നെ ആ കയ്മൾ സങ്കേതത്തിന്നു പുറത്തുള്ള കടമക്കുടികളത്തിലാണ് താമസം. അനുജൻ കയ്മളുടെ ഭാര്യയായിരുന്ന പച്ചിലക്കാട്ട ഇച്ചോണമ്മ കയ്മൾ മരിച്ചിട്ട് അധികം നാൾ കഴിയുന്നതിന്നു മുമ്പ് ഒരു മൂത്തതിനെ ദത്താവാക്കി സ്വീകരിച്ചു. അന്യം വന്ന മന്നത്തു മൂത്തതിന്റെ അവകാശങ്ങൾക്കു വേണ്ടി ഇക്കോരൻ നായരുടെ അടുക്കൽ പാട്ടുകിടക്കുന്നവരിൽ ഒരാളാണ് ഈ മൂത്തത്. മയിൽവാഹനമുദ്ര മൂത്ത കയ്മളുടെ കൈവശമാണെന്നു കേട്ട് അതിനെ കരസ്ഥമാക്കുവാൻ വേണ്ടി ഇക്കോരൻ നായരുടെ ഉപദേശവഴിക്കാണ് മൂത്തത് ഈ സം

ബന്ധം ചെയ്യിട്ടുള്ളത്. ഇച്ചോണമ്മക്ക് കയ്യളുടെ സ്വത്തെല്ലാം കൈവശം കൊടുക്കുകയും മുദ്ര എടുത്തു കൊടുക്കുന്ന കാലത്ത് ആ സ്വത്തുക്കളെല്ലാം ചാത്തിക്കൊടുക്കാമെന്നു ഇക്കോരൻ നായർ വാഗ്ദത്തം ചെയ്കയും ചെയ്യിട്ടുണ്ട്. ഇച്ചോണമ്മക്ക് അനുജൻ കയ്യളിൽ പത്മാവതി എന്നു പേരായ ഒരു പുത്രി മാത്രമെ ഉള്ളു. മൂത്ത കയ്യാൾക്ക് ഇവളെ വളരെ പ്രത്യേകമായിരുന്നതുകൊണ്ട് അച്ഛൻ മരിക്കുന്നതിനു മുമ്പും പത്മാവതി അധികം താമസിച്ചിരുന്നാൽ മൂത്ത കയ്യാൾ ഒന്നിച്ചായിരുന്നു. അനുജൻ കയ്യാൾ മരിച്ചതിന്റെ ശേഷം ഇച്ചോണമ്മ പ്രവൃത്തിച്ചതിൽ പത്മാവതിക്ക് അശേഷം രസിക്കാഞ്ഞതിനാൽ കുറെ കാലമായി അമ്മയെ കാണുവാൻ കൂടി പോകാറില്ല. പത്മാവതി മൂത്തകയ്യളൊന്നിച്ച് താമസിക്കുന്നതിനു വേറെയും കാരണങ്ങൾ ഉണ്ട്. മൂത്തകയ്യളുടെ മകൻ പത്മനാഭമേനോൻ ഒന്നിച്ചുള്ള സഹവാസത്തിൽപരം സന്തോഷമുള്ളതായിട്ട് ആ യുവതിക്ക് മറെറാന്നുമുണ്ടായിരുന്നില്ല. സൌന്ദര്യലാവണ്യതാരുണ്യസമ്പൂർണ്ണയായ പത്മാവതിയുടെ യൌവനാരംഭം തന്റെ സ്വാഭിഷ്ടപ്രദമായി വിചാരിച്ചിരിക്കുന്ന ഇച്ചോണമ്മക്ക് ഈ വധൂവരന്മാരുടെ സമ്മേളനം അശേഷം തൃപ്തികരമാവാനിടയില്ലല്ലൊ. 'കാരുള്ളവനീശൻ' 'പണമില്ലാത്തവൻ പിണം' 'പണത്തിനു മീതെ പരുന്തും പറക്കില്ല' എന്നും മറും പണത്തെപറ്റിയ പഴഞ്ചൊല്ല് ഇച്ചോണമ്മ സംഭാഷണം ചെയ്യുന്നതിന്നിടയിൽ സഹസ്രാവർത്തി കഴിയാതിരിക്കാറില്ല. സൌന്ദര്യം മാത്രം വിചാരിക്കുന്ന പക്ഷം പത്മാവതിക്ക് 'പത്മനാഭൻ അനുരൂപനാണെന്നും പറഞ്ഞു കൂടാ. ഇവരുടെ സൌശീല്യം ഔദാര്യം ഇവകിടമത്സരികളും പത്മനാഭൻ അല്പം ഭീരുവും ആണെന്നു പറയാം. സംസ്കൃതത്തിൽ വ്യുൽപത്തി മാത്രം തിരിച്ചുകൊടുക്കുന്നതുവരെ വിദ്യാഭ്യാസം ചെയ്യിട്ടുള്ളതും മൂത്തകയ്യാൾതന്നെയായിരുന്നു. സങ്കേതത്തിൽപ്പെട്ട സ്വത്തുക്കൾ ദേവസ്വക്കാർ തകൈവശപ്പെടുത്തിയതിന്റെ ശേഷം മൂത്തകയ്യാൾക്ക് നിത്യത അരിഷ്ടിക്കാതെ കഴിഞ്ഞു കൂടുവാനുള്ള മാത്രം മാത്രമെ ഉണ്ടായിരുന്നുള്ളു. പത്മനാഭമേനോൻ സ്വന്തം മുതലായി വേറെ വിശേഷിച്ച് ഒന്നും ഇല്ല. എന്നാൽ മയിൽവാഹനമുദ്രയെപ്പറ്റി അന്വേഷണം പൂർത്തിയാവുന്നതുവരെ ഇവരുടെ പ്രവൃത്തികളിൽ ഇച്ചോണമ്മ കണ്ണടച്ചുകൊണ്ടിരുന്നു.

പത്മാവതി അമ്പലത്തിൽ വന്നിട്ടുള്ളതും ഇക്കോരൻ നായർ അവളെപ്പറ്റി ചിലതെല്ലാം തന്നോടു ചോദിച്ചതും മൂത്തത് ഇച്ചോണമ്മയോടു പറഞ്ഞിട്ടുണ്ടായിരുന്നു. പത്മാവതി അമ്പലത്തിൽ നിന്നു വരുംവഴി വീട്ടിലേക്ക് കൊണ്ടുപോവാനായി ഇച്ചോണമ്മ വഴിമദ്ധ്യത്തിൽ കാത്തുനിന്നിരുന്നു. മുള്ളുവാക്കും പരിഭവവും പറഞ്ഞു കരയുന്ന അമ്മയെ സമാധാനപ്പെടുത്തി, ഭക്ഷണം കഴിച്ചതിന്റെ ശേഷം വഴി നടന്നു ക്ഷീണംകൊണ്ട് നമ്മുടെ നായിക കുറച്ചൊന്നു മയങ്ങി.

പത്മാവതി ഉണർന്നുനോക്കിയപ്പോൾ പലഹാരവും കയ്യിൽ വെച്ചുകൊണ്ട് അമ്മ അടുക്കൽ ഇരിക്കുന്നതുകണ്ടു.

പത്മാ— ക്ഷീണംകൊണ്ട് കുറെ അധികം ഉറങ്ങിപ്പോയി.

ഇച്ചോ— പകൽ ഉറങ്ങിയാൽതന്നെ വിശപ്പധികമാകും. ഇതാ ദേവന്റെ പ്രസാദം. അമ്പലത്തിൽനിന്നു കൊണ്ടുവന്നപ്പോൾ നീ ഉറങ്ങുകയായിരുന്നു.

പത്മാ—ദേവദോഷകളാക്കി തള്ളിക്കളഞ്ഞിട്ടുള്ള നമുക്ക് ദേവന്റെ പ്രസാദം കിട്ടിത്തുടങ്ങിയൊ?

ഇച്ചോ—മകളെ! നമ്മുടെ കാലദോഷം നീങ്ങിത്തുടങ്ങി. അല്ലെങ്കിൽ എന്റെ മകൾക്ക് ഇന്നമ്പലത്തിലേക്ക് വരുവാൻ തോന്നുകയില്ല.

പത്മാ— കുറെക്കാലം കഴിഞ്ഞതിനു ശേഷമല്ലാതെ അമ്പലത്തിലേക്കുപോയാൽ അപമാനം വരാനെളുപ്പമുണ്ടെന്ന് വലിയച്ഛനുമമ്മയും പറഞ്ഞതുകൊണ്ടാണ് ഞാൻ വരാഞ്ഞത്. ഇന്ന് തമ്പുരാൻ വലിയച്ഛനു ആളെ അയച്ചിരുന്നതുകൊണ്ട് വലിയച്ഛൻ ഇങ്ങോട്ടു പുറപ്പെട്ടപ്പോൾ ഞാനും ഒന്നിച്ചുപോന്നു.

ഇച്ചോ— വലിയച്ഛൻ വന്നിട്ടുണ്ടൊ? അദ്ദേഹം എവിടെ?

പത്മാ— തമ്പുരാനെ കാണാൻപോയി. മടക്കത്തിൽ ഇനിക്ക് ആളെ അയക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്.

ഈ വർത്തമാനം കേട്ടപ്പോൾ ഇച്ചോണമ്മ മൂത്തതിന്റെ മുഖത്തേക്ക് കണ്ണുനോക്കി. അദ്ദേഹം എണീറ്റ് പുറത്തേക്കുപോയി.

ഇച്ചോ— ഇന്ന് തൊഴുതതുകൊണ്ട് മാനമൊ അപമാനമൊ ഉണ്ടായത് എന്ന് മകൾക്കറിയാമൊ?

പത്മാ— കുറിയിടുവാൻ പ്രസാദവുംകൂടി കിട്ടിയില്ല.

ഇച്ചോ— അമ്പലത്തിൽവെച്ച് കിട്ടിയില്ലെങ്കിലും മകളുടെ ഭാഗ്യം പ്രസാദം വീട്ടിലെത്തിച്ചുതന്നില്ലെ? നീ പ്രദക്ഷിണം വെയ്ക്കുമ്പോൾ എന്താ വിശേഷമുണ്ടായത്?

പത്മാ— ഒരു വിശേഷവും ഉണ്ടായിട്ടില്ല. ആരാണ് പ്രസാദം കൊടുത്തയച്ചത്?

ഇച്ചോ—ഭാഗ്യം വരുമ്പോൾ എല്ലാവരും അടുത്തുകൂടും. അപ്പോൾ ദ്വേഷവുമില്ല, മുഷിച്ചിലുമില്ല.

പത്മാ— ഇനിക്ക് അമ്മ പറയുന്നതിന്റെ താല്പര്യം മനസ്സിലാകുന്നില്ല. എന്ത് ഭാഗ്യമാണ്? ആരാണ് അടുത്തുകൂടിയത്.

ഇച്ചോ—എന്റെ മകളുടെ സന്തോഷത്തെ ഞാൻ ഇല്ലാതാക്കുമോ. ഞാൻ സ്പഷ്ടമായിതന്നെ പറഞ്ഞു കേൾപ്പിക്കാം. ആകൃതിയും പ്രകൃതിയും നന്നായിവന്നത് ഭാഗ്യം. അതിനുതക്ക യോഗ്യനായൊ അദ്ദേഹമാണ് അടുത്തുകൂടിയത്. എത്രവേശ്യകളാണ് അദ്ദേഹത്തെ മോഹിപ്പിക്കാൻ കെട്ടിച്ചമഞ്ഞു ചെല്ലുന്നത്. എന്നിട്ടെന്താ ഫലം. മകൾക്കല്ലെ യോഗം വന്നത്. നിന്റെ പിന്നാലെ നടന്ന് പ്രദക്ഷിണം വെച്ചതിന്റെ ഫലമെല്ലാം നിനക്കാണത്രെ. കായ്ക്കാര എജമാനന്ന് കായ്യും ഇന്നതന്നെ നടത്തേണമെന്നുണ്ട്. വലിയച്ഛനോടു ചോദിച്ച് സമ്മതം വാങ്ങിക്കുന്നതിന്നാണ് മൂത്തത് പോയിട്ടുള്ളത്.

കൊടുങ്കാറ്റിൽപ്പെട്ട കാർമേഘം ചന്ദ്രപ്രകാശത്തെ മറെക്കുന്നതുപോലെ ഇച്ചോണമ്മയുടെ ദുസ്സഹമായ വാക്കുകൾകേട്ട് പത്മാവതിയുടെ മുഖകാന്തി മങ്ങി. ഇടിത്തീവീണ വൃക്ഷങ്ങൾ ദഹിക്കുമ്പോലെ ഭയാക്രാന്തയായ ആ യുവതിയുടെ ദേഹം വെന്തുടങ്ങി. മേഘങ്ങളിൽനിന്നുള്ള വർഷധാരയും അധോമുഖിയായി കചഭാരംകൊണ്ട് മുഖം മറച്ചു കരയുന്ന പത്മാവതിയുടെ അശ്രുധാരയും തമ്മിൽ ശീതോഷ്ണസ്ഥിതിയിൽമാത്രമെ വ്യത്യാസമുണ്ടായിരുന്നുള്ളു. വിഷജ്വാല തട്ടുന്ന സമയത്തുണ്ടാകുന്ന അസ്വാസ്ഥ്യംപോലെ ഇക്കോരൻ നായർ അയച്ച പലഹാരത്തിൽനിന്നു പൊങ്ങുന്ന ഗന്ധം അവൾക്ക് ദുസ്സഹമായി തോന്നി.

(തുടരും) എ. നാരായണപുരുഷൻ.

സമ്മാനം

കഴിഞ്ഞ മകരത്തിലെ രഞ്ജിനിയിൽ ഞങ്ങൾ ഒരു സമ്മാനത്തെപ്പറ്റി പരസ്യം ചെയ്തതിനെ അനുസരിച്ച് അനേകം സ്വയംകൃതകെട്ടുകഥകളെ പലരും അയച്ചുതന്നു. അവയെ എല്ലാം പരിശോധിച്ചതിൽ ഒന്നെങ്കിലും ഞങ്ങളുടെ പരസ്യത്തിൽ പറഞ്ഞിരിക്കുന്നപ്രകാരമുള്ള ലക്ഷണങ്ങൾ തികച്ചുമുള്ളതായി കാണുന്നില്ല എന്ന് വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു. കഥകൾ പലതും കൈപ്പറ്റീട്ടുണ്ടെങ്കിലും അവയിൽ മൂന്നു കഥകളെപ്പറ്റി മാത്രമെ ഇവിടെ പ്രസ്താവിക്കുന്നുള്ളൂ. മറ്റുള്ളവ പ്രസ്താവയോഗ്യങ്ങളൊന്നായി ഭവിക്കുന്നില്ല.

൧. നമ്മുടെ നായിക.

ഈ കഥ ശോകരസപ്രധാനമായിട്ടുതന്നെയാണ് എഴുതപ്പെട്ടിട്ടുള്ളത്. പക്ഷെ കഥക്കെട്ടിൽ യാതൊരു സാമർത്ഥ്യവും പ്രയോഗിച്ചു കാണുന്നില്ല. എന്നുതന്നെയല്ല വളരെ അസംഭാവ്യങ്ങളായ സംഗതികളും ഇതിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതിലെ നായികയായ ലക്ഷ്മിക്കുട്ടിയുടെ ഭവനത്തിൽനിന്നു വളരെ ദൂരെയല്ലാതെ ഒരു വീട്ടിൽ വാസം ചെയ്തിരുന്ന ഞാന്റെ പ്രിയതമനായ ശങ്കരമേനോൻ (ശങ്കരമേനോൻ ഈ തുല്യ ശബ്ദത്തിൽ ഒരു സർക്കാരുദ്യോഗസ്ഥനാണ്) ഒരു ബലവാനായ ശത്രുവിന്റെ കുറുട്ടു പ്രയോഗംകൊണ്ട് അന്യായമായി ഏറെ കൊല്ലത്തെ കഠിന തടവ് അനുഭവിക്കേണ്ടിവന്നുവെന്ന സംഗതി ശങ്കരമേനോന്റെ ഒരെഴുത്തു മൂലം മാത്രമെ ലക്ഷ്മിക്കുട്ടി ധരിച്ചുള്ളുവെന്ന സംഗതി തീരെ അസംബന്ധംതന്നെ. പിന്നെ ശങ്കരമേനോൻ തടവിൽ കിടക്കുമ്പോൾ ഒരു ദിവസം രാത്രി വളരെ സുശീലയും സദാചാരയുമായ ലക്ഷ്മിക്കുട്ടി ജേലിനകത്തു ചാടിവീണ് ശങ്കരമേനോന്റെ മുറിയുടെ ഉമ്മറത്തു വന്നുവെന്നതും തീരെ യോജിക്കാത്ത സംഗതിയാകുന്നു.

ഒരു കഥയിലെ കഥാപുരുഷന്മാർ ഇന്നിന്ന സ്വഭാവഗുണങ്ങളോടുകൂടിയവരായിരിക്കണമെന്ന് ഗ്രന്ഥകർത്താവ് ഉദ്ദേശിക്കുന്നുണ്ടെ

കിൽ അവരുടെ സ്വഭാവങ്ങളെ താൻതന്നെ വിസ്താരമായി വർണ്ണിക്കുന്നതിനേക്കാൾ അതാതു പാത്രങ്ങളെക്കൊണ്ട് തത്തൽസ്വഭാവഗുണങ്ങളെ അനുസരിച്ച് പ്രവൃത്തിപ്പിക്കുന്നതാണ് അധികം സാമർത്ഥ്യം. പിന്നെ ഒരു കഥവായിക്കുമ്പോൾ അതിൽനിന്ന് എന്തെങ്കിലും ഒരു തത്വം വായനക്കാർക്ക് ഗ്രഹിക്കുവാനുണ്ടായിരിക്കണം. മാതാപിതാക്കന്മാരുടെ സമ്മതത്തോടുകൂടിയും കൂടാതെയും വിവാഹാദികർമം നടക്കുന്നതും, അവയിൽ അനേക വിഘ്നങ്ങൾ ഉണ്ടാകുന്നതും, ജനങ്ങളുടെ നിത്യകാലക്ഷേപത്തിൽ അനേക ജയാപജയങ്ങളുണ്ടാകുന്നതും, തന്നിമിത്തം അവർ സുഖദുഃഖങ്ങളെ അനുഭവിക്കുന്നതും, മറവും നമുക്കു ചുറവും നിത്യം സംഭവിക്കുന്ന കാര്യങ്ങളാണല്ലൊ. അവയിൽനിന്ന് അനേക തത്വങ്ങൾ നമുക്ക് ഗ്രഹിപ്പാനുമുണ്ടായിരിക്കാം. പക്ഷെ അവ അങ്ങുമിങ്ങും കിടക്കുകയാൽ മന്ദബുദ്ധികളായ നമുക്ക് ആ വക സൂക്ഷ്മതത്വങ്ങളെ ഗ്രഹിക്കത്തക്ക സാമർത്ഥ്യമുണ്ടായില്ല എന്നു വന്നേക്കാം. എന്നാൽ ആ വക സൂക്ഷ്മതത്വങ്ങൾ എല്ലാം സംഗ്രഹിച്ച് ഒരു കഥാരൂപേണ അവയെ നമുക്ക് പ്രകാശിപ്പിച്ചുതരുന്നതാണ് കൃത്രിമമായ ഒരു കെട്ടുകഥക്കാരന്റെ ചുമതല. ഈ കഥയിൽ ഈ കൃത്യത്തെ നിറവേറ്റിട്ടുണ്ടോയെന്ന് ഞങ്ങൾ വളരെ സംശയിക്കുന്നു. ഇതിലെ വാചകഭംഗി പദശുദ്ധി മുതലായ സംഗതികളെപ്പറ്റി വളരെ ആക്ഷേപമൊന്നും പറവാനില്ല. എങ്കിലും മുമ്പു പറഞ്ഞ പ്രധാനമായ ചില ന്യൂനതകളെക്കൊണ്ട് ഈ കഥ സമ്മാനാർഹമല്ലെന്ന് ഖേദപൂർവം പറയേണ്ടിയിരിക്കുന്നു.

൨. ദുഃഖരസപ്രധാനാഖ്യായിക.

ഇങ്ങിനെയാണ് ഒരു കഥയുടെ പേര്. ഇത് ഒരു സാമാന്യശബ്ദമാണ്. ലോകത്തിൽ എഴുതപ്പെട്ടിട്ടുള്ള ദുഃഖരസപ്രധാനമായിട്ടുള്ള സകല ആഖ്യായികകളും ഈ നാമധേയത്തിൽ ഉൾപ്പെടുന്നതാകുന്നു. അങ്ങിനെയിരിക്കെ മറവുള്ളവയിൽനിന്നു വിശേഷിപ്പിക്കത്തക്ക ഒരു പ്രത്യേക നാമം ഈ കഥക്ക് ഗ്രന്ഥകർത്താവു കൊടുക്കാഞ്ഞതെന്തെന്നറിയുന്നില്ല. ഈ കഥ വായിക്കുമ്പോൾ എന്തു രസമാണ് ഉണ്ടാകുന്നതെന്ന് ഞങ്ങൾ വളരെ മനസ്സിരുത്തി വായിച്ചിട്ടും ഞങ്ങൾക്ക് തോന്നുക കഴിഞ്ഞില്ല. പിന്നെ ആകപ്പാടെയുള്ള കഥകെട്ടിന്റെ കഥ ആലോചിച്ചാലും പരഞ്ഞൽതന്നെ. കു

ഥയുടെ ആദിയിൽതന്നെ ഗ്രന്ഥകർത്താവ് കഥയിലുള്ള കഥാപുരുഷന്മാരുടെ മഹാദുഷ്ടങ്ങളായ ചില നാമധേയങ്ങളും ആ വക പേരുകളുടെ അർത്ഥം മനസ്സിലാക്കുന്നതിനു ചില ടിപ്പണികളും മറവും കൊടുത്തിട്ടുണ്ടെങ്കിലും ആകപ്പാടെ ആ കഥ വായിക്കുമ്പോൾ ഒരാൾ ഒരു നിമിഷത്തിങ്കൽ ഒരു സ്ഥലത്തുവെച്ച് ചിലതൊക്കെ പറയുകയാണെന്നാണ് ഒന്നാമതായി ഒന്നു തോന്നുന്നത്. വാചകഭംഗി മുതലായ സംഗതികളിലും തൃപ്തി അശേഷമില്ല. അതിനാൽ ഈ ഉപന്യാസത്തെപ്പറ്റി ഇനി ഒന്നും പറയേണ്ടതില്ലല്ലൊ.

൨. 'അപ്പുണ്ണിമൂപ്പിൽനായർ'

ഈ കഥ ആകപ്പാടെ നന്നായിട്ടുണ്ട്. കഥക്കെട്ടിലും സാമർത്ഥ്യം പ്രയോഗിച്ചിട്ടില്ലെന്നില്ല. എങ്കിലും ഒരു ഘട്ടത്തിൽ കുറച്ചൊന്നു ഭേദപ്പെട്ടുത്തിയാൽ അധികം നന്നായിരിക്കുമെന്നു തോന്നുന്നുണ്ട്. അപ്പുണ്ണിമൂപ്പിൽനായർ ബാലനായിരുന്നപ്പോൾ അദ്ദേഹത്തിന്റെ അമ്മാമനൊരുമിച്ച് ഒരു ദിക്കിൽനിന്നു വരുമ്പോൾ അവരുടെ ജന്മവൈരിയായ കണാരൻനമ്പ്യാരും ഭടന്മാരും തമ്മിൽ കൂട്ടിമുട്ടി അതി കേമമായിട്ട് യുദ്ധം നടന്നു. ആ യുദ്ധത്തിൽ അപ്പുണ്ണിമൂപ്പിൽനായരുടെ കാരണവൻ ഹതനായി. ബാലനായ അപ്പുണ്ണിഭയപ്പെട്ട് ഓടിപ്പോയി. കണാരൻനമ്പ്യാരുടെ ഭടന്മാർ പിന്നാലെ ഓടി. പിന്നെ ആ ഭടന്മാർ ആ ബാലനെ കൊന്നുവൊ ഇല്ലയൊ എന്ന ഒരു ശങ്ക ജനിപ്പിച്ചിട്ട് കൊന്നിരിക്കണം എന്നു ഗ്രന്ഥകർത്താവുതന്നെ പറയുന്നുണ്ട്. ആ ഭാഗംതന്നെ തീരെ അനാവശ്യമാണ്. അതെടുത്തുകളഞ്ഞുവെങ്കിൽ കഥക്കു വളരെ അധികം ചമൽകാർമുണ്ടാകുമായിരുന്നു. കഥക്കെട്ടിൽ വേറെ വിശേഷിച്ചൊന്നുപറവാനായിട്ടില്ല. വാചകഭംഗി പദശുദ്ധി മുതലായവ നല്ലവണ്ണം വരുത്തിട്ടുണ്ട്. അതിൽ കണാരൻനമ്പ്യാർ എന്ന കഥാപുരുഷന്റെ ശൌര്യം, ജളപ്രകൃതി, ശൃംഗാരം എന്നീ രസങ്ങളെല്ലാം വളരെ ഭംഗിയായും ഫലിതമായും വർണ്ണിച്ചിട്ടുണ്ട്. കഥയിൽ ചില ഘട്ടങ്ങളെ വർണ്ണിക്കുന്നതിൽ അലങ്കാരപ്രയോഗങ്ങളും ധാരാളമുണ്ട്. അവയെല്ലാം ഭംഗിയായിട്ടുമുണ്ട്. പക്ഷെ ഇതിൽ ഒരു ന്യൂനതയാണുള്ളത്. അതു പ്രധാനമായിട്ടുള്ളതാണ് താനും.

ഈ കഥയിലെ ആകപ്പാടെയുള്ള രസം ദുഃഖം പ്രധാനമാക്കിട്ടാണോയെന്നു ഞങ്ങൾ വളരെ സംശയിക്കുന്നു. ശോകരസത്തെ

ജനിപ്പിക്കുന്ന ഘട്ടങ്ങളെ ഗ്രന്ഥകർത്താവ് പല ദിക്കിലും ഇതിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ഒരു കഥയിൽ എങ്ങിനെയായാലാണ് ദുഃഖരസം പ്രധാനമായി ഭവിക്കുക എന്ന സംഗതി ഗ്രന്ഥകാരൻ നല്ലവണ്ണം മനസ്സിലാക്കിട്ടില്ലെന്നാണ് ഈ കഥ വായിച്ചപ്പോൾ ഞങ്ങൾക്കു തോന്നിയത്. ഞങ്ങളുടെ ഈ അഭിപ്രായത്തെ ഗ്രന്ഥകാരനെ ബോദ്ധ്യപ്പെടുത്താം. അതിനു മുമ്പായി രണ്ടു സംഗതികൾ അദ്ദേഹം ഓർമ്മവെക്കേണ്ടതാകുന്നു. ൧. ഒരു കഥയിലെ നായകീനായകന്മാരെ സംബന്ധിച്ച് ഏതു രസത്തെയാണ് മുഖ്യമാക്കി വർണ്ണിക്കുന്നത് ആ രസമേ ആ കഥയിൽ പ്രധാനമായി ഭവിക്കുകയുള്ളൂ. മറവുള്ള കഥാപുരുഷന്മാരെല്ലാം കേവലം അംഗങ്ങളാകയാൽ അവരെ സംബന്ധിച്ച രസങ്ങളെല്ലാം അപ്രധാനങ്ങളായി ഇരിക്കുന്നതേയുള്ളൂ. ൨. സകല പ്രാണികളുടേയും ജീവിതകാലം സുഖദുഃഖമിശ്രമായിട്ടാണ് ഇരിക്കുന്നതെന്ന സംഗതി സർവ്വസമ്മതമാണല്ലൊ. കേവലം സുഖമന്നെയായിട്ട്, അല്ലെങ്കിൽ കേവലം ദുഃഖമന്നെയായിട്ട്, ആരുടെയും ജീവകാലം അവസാനിക്കുന്നതല്ല. ഒരു കഥയിലെ നായകീനായകന്മാർ കുറെ കാലം ദുഃഖമനുഭവിച്ചു പിന്നെ സുഖമായിരുന്നുവെന്നു പറയുമ്പോൾ ആ കഥയിലെ പ്രധാനമായ രസം ദുഃഖമാണെന്ന് ഒരിക്കലും പറവാൻ പാടില്ല. ഇനി മുൻപ്രകൃതത്തിലേക്കുതന്നെ കടക്കുക.

'നാടുരാജാക്കന്മാരുടെ സ്വാതന്ത്ര്യ ശക്തികൾ അസ്തമിതമായും ബ്രിട്ടീഷ് രാജ്യഭരണം അവ്യവസ്ഥിതമായും ഇരിക്കുന്ന കാലത്ത്, 'കയ്യിൽ കരുള്ളവൻ കായ്ക്കാരൻ' എന്നായിരുന്നു-..... 'അക്കാലത്ത് കല്ലേക്കാട്ട് എന്നും കാമഞ്ചേരി എന്നും പ്രസിദ്ധമായ രണ്ടു നാടുവാഴിത്തറവാടുകളുണ്ടായിരുന്നു. സ്വത്തുകൊണ്ടും, സ്ഥാനമാനങ്ങൾകൊണ്ടും കല്ലേക്കാട്ടുകാരായിരുന്നു അധിക പ്രാബല്യം.' കല്ലേക്കാട്ട് തറവാട്ടിൽ, അന്ന് കല്യാണി നേശ്യാർ എന്ന സ്ത്രീയും അവൾക്ക് അപ്പുണ്ണി എന്ന ഒരു മകനും, യൌവനയുക്തയായ ഒരു മകളും, അവരുടെ ഉടപ്പിറന്നവനും കാരണവനുമായ കുഞ്ഞുണ്ണി മൂപ്പിൽ നായർ എന്നാളും മാത്രമെ ഉണ്ടായിരുന്നുള്ളൂ- 'ആയുധാഭ്യാസംകൊണ്ട് വിശ്രുതനായ കല്ലേക്കാട്ട് കുഞ്ഞുണ്ണിമൂപ്പിൽ നായർ ഒരു ദിവസം തന്റെ മരുമകനെന്നാലോചിച്ച് എവിടെയ്ക്കോ പോയിരുന്നു. മടങ്ങുമ്പോൾ രാത്രിയായി, പണ്ടെയ്ക്കുപണ്ടെ വൈരികളായ കാമഞ്ചേരി

വീട്ടകാരിൽ കയ്മുക്കുകൊണ്ടു പ്രധാനിയായ കണാരൻ നമ്പ്യാർ പത്തുപന്ത്രണ്ടുഭടന്മാരോടുകൂടി വഴിയിൽവെച്ചു അദ്ദേഹത്തെത്തടുത്തു.' നിസ്സഹായനായിരുന്നാലും മഹാശൂരനായ മൂപ്പിൽനായർ മരുമകനെ പിന്നിൽ നിറുത്തി വാളരി യുദ്ധംതുടങ്ങി. അനേകം പേരെ നിഗ്രഹിച്ചതിന്റെ ശേഷം താനും വീണു. അമ്മാമൻ മരിച്ചതുകണ്ട് ഭയപ്പെട്ട് ബാലനായ അപ്പുണ്ണി ഓടിപ്പോയി. കണാരൻനമ്പ്യാരുടെ രണ്ടുമൂന്നു ഭടന്മാർ ആ ബാലനെ പിന്തുടർന്നു. പിന്നെ അവരെ കണ്ടില്ല. ബാലനും ഹതനായിയെന്നു വിചാരിച്ചു നമ്പ്യാർ വീട്ടിലേക്കുമടങ്ങി. ഉടനെ കല്ലേക്കാട്ട് തറവാട്ടിലെ സ്വത്തുക്കളെല്ലാം കൈകേറുകയും ചെയ്തു. നേരത്തും അവരുടെ മകളും വളരെ കഷ്ടസ്ഥിതിയിലായി- ദാരിദ്ര്യദുഃഖം, പുത്രദുഃഖം, മകൾക്കുരോഗപീഡ, അപമാനം, ഇവയെല്ലാം ഒരേ സമയത്ത് വന്നുകൂടി. ഇങ്ങിനെ നാലുകൊല്ലം കഴിഞ്ഞു. അപ്പോൾ ഭാഗ്യത്താൽ അവിടെ ഒരു സന്ന്യാസി വന്ന് മകളുടെ രോഗം മാറി. പിന്നെ ഹതനായി എന്നു വിചാരിച്ചിരുന്ന അപ്പുണ്ണി മൂപ്പിൽനായർ മടങ്ങിവന്ന് കണാരൻ നമ്പ്യാരെ കൊന്ന് അയാൾ കൈകേറിയ തന്റെ സ്വത്തെല്ലാം വീണ്ടെടുത്ത് സുഖമായിരുന്നു. ഇതാണ് കഥയുടെ ചുരുക്കം. ഈ കഥയിലെ നായകനായ അപ്പുണ്ണി മൂപ്പിൽ നായരും അയാളെ സംബന്ധിച്ച് ഇതിൽ കൊണ്ടുവരപ്പെട്ട കഥാപുരുഷന്മാരും അവരുടെ ജീവകാലത്തിൽ നാലു സംവത്സരം ദുഃഖമനുഭവിച്ചുവെന്നും ശേഷമുള്ള കാലമെല്ലാം സുഖമായിരുന്നുവെന്നുമാണ് ഈ കഥകൊണ്ട് വരുന്നത്. ഇങ്ങിനെയിരിക്കെ ഈ കഥ ദുഃഖപ്രധാനമായിട്ടാണ് എഴുതപ്പെട്ടിട്ടുള്ളതെന്ന് ഞങ്ങൾക്കു വിചാരിപ്പാൻ യാതൊരു മാർഗ്ഗവും കാണുന്നില്ല. താഴെ കാണിക്കുന്ന മാതിരിയാണ് കഥ അവസാനിപ്പിച്ചതെങ്കിൽ ഈ ഗ്രന്ഥകാരൻ നിശ്ചയമായ് നമ്മുടെ നന്ദിവാങ്ങുമായിരുന്നു. ബാലനായ അപ്പുണ്ണി അന്യ രാജ്യത്തുപോയി ആയുധാഭ്യാസമെല്ലാം പൂർത്തിയാക്കി, അതിനിടക്കു വൈദ്യത്തിൽ ചില കരുട്ടുപ്രയോഗങ്ങളെല്ലാം ധരിച്ചു നാട്ടിലേക്കു മടങ്ങിവരുക. വീട്ടിലെ വർത്തമാനമറിയുന്നതിന്നു ഒരു സന്ന്യാസിയുടെ വേഷം ധരിച്ച് കൂടെയുള്ള തന്റെ ഭൃത്യനെ ശിഷ്യനാക്കി വീട്ടിൽ പോവുക. അപ്പോൾ ഉടപ്പിറന്നവളുടെ രോഗത്തിന്റെ സ്വഭാവം മനസ്സിലാക്കി ചിലപ്രയോഗങ്ങളെകൊണ്ട് ദിനം ഭേദമാക്കുക, പി

ന്നെ അവിടെ നിന്നു പോയി നാട്ടിൽ പലേടത്തും വേഷച്ചൂന്നനാ
യി സഞ്ചരിക്കുമ്പോൾ കണാരൻനമ്പ്യാരെ അയാളുടെ സംബന്ധം
തുടങ്ങുവാനുള്ള യാത്രയിൽവെച്ച് കൂട്ടിമുട്ടുക. അവിടെവെച്ച് അതി
ശൌര്യത്തോടുകൂടി യുദ്ധം ചെയ്ത് അയാളെ കൊല്ലുക. തനിക്കും
മരിക്കത്തക്ക സ്ഥിതിയിൽ മുറിയേല്ക്കുക. മൂപ്പിൽനായരെ തന്റെ
ഭൃത്യന്മാർ താങ്ങിയെടുത്തുകൊണ്ട തന്റെ അമ്മയായ കല്യാണിനേ
ര്യാരുടെ അടുക്കൽ കൊണ്ടുപോവുക. അവിടെ ചെന്ന് അമ്മയോ
ട് വളരെ പ്രാണവേദനയനുഭവിച്ചുകൊണ്ട് തന്റെ ഭൃത്യന്മാരുടെ
സഹായത്തോടുകൂടി അന്ന് അമ്മാമൻ മരിച്ച് താൻ ഓടിപ്പോയതു
മുതൽ ഇതേവരെയുള്ള കഥയെല്ലാം പറയുക. തന്റെ ഉടപ്പിറന്ന
വളുടെ വേഷം മാറിയ സന്ന്യാസിയും താൻതന്നെയായിരുന്നുവെ
ന്നു പറക. പിന്നെ ഉടനെ മരിക്കുക. കല്യാണിനേര്യാർ മാറത്തടി
ച്ചു ശോകം സഹിക്കുകവയ്യാതെ ആത്മഹത്തി ചെയ്യുക. ഇങ്ങി
നെയാണ് കലാശിക്കേണ്ടിയിരുന്നത്. ര. രാ. പ.

പ ല വ ക

മേടത്തിലെ ലക്കത്തിൽ രസികരഞ്ജിനിയുടെ ഉദ്ദേശത്തിനും
അവസ്ഥക്കും വിരോധമായിട്ടുള്ള ചില വീഴ്ചകൾ പറ്റിപ്പോയിട്ടുള്ള
ത് മനഃപൂർവം വരുത്തിക്കൂട്ടീട്ടുള്ളതല്ലെങ്കിലും നോട്ടക്കുറവുകൊണ്ടും ആ
ലോചനക്കുറവുകൊണ്ടും വരുന്ന തെറ്റുകൾക്ക് ഞങ്ങൾ തന്നെ ഉ
ത്തരവാദിയാകയാൽ സംഗതിവശാൽ ഞങ്ങളുടെ ദൃഷ്ടിയിപ്പെടാ
തെ പോയ വീഴ്ചകൾ വായനക്കാർ സദയം ക്ഷമിച്ചാൽകൊള്ളാമെ
ന്ന് ഞങ്ങൾ അപേക്ഷിച്ചുകൊള്ളുന്നു. ഇമ്മാതിരി തെറ്റുകൾ മേ
ലാൽ വരാതെ പ്രത്യേകം സൂക്ഷിക്കുന്നതുമാണ്.

പ്രിയവിലാപവും ചില ഖണ്ഡകൃതികളും.

എല്ലാമലയാളികൾക്കും നോക്കി രസിപ്പിക്കത്തക്ക വിധത്തിൽ
അന്യഭാഷയിലുള്ള സരസ പുസ്തകങ്ങളെ കേരളത്തിലേയ്ക്ക് ഭാഷ
മാറി പ്രവേശിപ്പിക്കുന്ന സമ്പ്രദായം ഈയിടെ അത്ര ദുർല്ലഭമല്ലല്ലോ.
ആ കൂട്ടത്തിലൊന്നാണ് പ്രിയവിലാപം. ഇത് ഇംഗ്ലീഷിലുള്ള (ടെ
നിസൻ എന്ന മഹാകവിയുടെ) 'ഇൻ മെമ്മോറിയം' എന്ന കൃതിയു
ടെ ഭാഷാന്തരമാണ് എങ്കിലും നേരുതർജ്ജമയെന്നു പറഞ്ഞുകൂടാ
എന്നു ഗ്രന്ഥകർത്താവുതന്നെ മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ട്.

ഈ ഒരു സരസകൃതിയ്ക്ക് ഏറ്റവും ആസ്വാദ്യതയുണ്ടെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. പക്ഷെ അത് അന്യഭാഷയ്ക്കനുരൂപമായിരിക്കുന്ന കവി കല്പനാരീതിയെ നമ്മുടെ ഭാഷയിലേക്കു കൊണ്ടുവരുമ്പോൾ വരാവുന്ന ചിലന്യൂനതകളെക്കൊണ്ട് കുറഞ്ഞുപോയിട്ടുണ്ടായിരിക്കാം. ഈവൈഷമ്യം ഭാഷാന്തരഗ്രന്ഥങ്ങൾക്കൊക്കെത്തട്ടുന്നതാണെങ്കിലും അതിനു ചില താരതമ്യങ്ങളുണ്ട്. ഭാഷാരീതിക്കനുരൂപമായ വാക്യാചനയാണ് ഈ താരതമ്യത്തിനു മൂലമായിട്ടുള്ളത. പദ്യകൃതികളിൽ വിശേഷിച്ചും ഈ വൈഷമ്യം പറയാതിരിപ്പാൻ പ്രയാസമാകുന്നു. ഈ കോട്ടം പ്രിയവിലാപത്തിൽ ചിലഘട്ടങ്ങളിൽ തട്ടിയിട്ടില്ലെന്നു പറഞ്ഞുകൂടുന്നതല്ല. പിന്നെ വടക്കുള്ള മലയാളികൾക്കു രുചിക്കത്തക്കതും അവർ കുസന്ധിയെന്നു പറഞ്ഞു വരുന്നതുമായ സന്ധിദോഷം ഈ പുസ്തകത്തിൽ ഒട്ടും അപൂർവ്വമല്ല. പ്രതിശ്ലോകം കണ്ണാമെന്നുപറഞ്ഞാൽ അതിശയോക്തിയാവില്ലയൊ എന്നു സംശയിക്കുന്നു. 'കേള്ളസ്സന്ന്യാസി' എന്ന പേരിട്ട ഗോൾഡ്സ്മിത്ത് എന്ന പേരായ പ്രസിദ്ധ ഇംഗ്ലീഷ് കവിയുടെ 'ഹെമ്മിറ്റ്' എന്ന കൃതിയുടെ ഭാഷാന്തരവും ഈ പുസ്തകത്തിൽ കൊടുത്തിട്ടുണ്ട്. അത് സി. എസ്സ്. സുബ്രഹ്മണ്യൻ പോറ്റി അവർകളുടെ ഭാഷാന്തരത്തേക്കാൾ മെച്ചമായി വന്നു ഞങ്ങൾക്കു തോന്നുന്നില്ല. പിന്നേയും ചില വർണ്ണനകളും സൂതികളും മറവമായി അഞ്ചുപത്തു പദ്യങ്ങളായിട്ടൊരോഖണ്ഡകൃതികളും ഉണ്ട്. അവയിൽ കവിയുടെ കല്പനാശക്തി വിശദമായി പ്രത്യക്ഷമാവുന്നുണ്ട്. എല്ലാംകൂടി നോക്കുന്നതായാൽ പ്രകൃതകവിയായ എം. രാജരാജവർമ്മതമ്പുരാൻ എം. എ. തിരുമനസ്സിലേക്കുള്ള കവിതാസാമർത്ഥ്യത്തിനും ഭാഷപോഷണോത്സാഹത്തിനും അശ്രാന്ത പരിശ്രമത്തിനും ഈ പുസ്തകം ഒരു ദൃഷ്ടാന്തമാണെന്നു പറഞ്ഞാൽ തീർന്നുവല്ലൊ.

ശുചീന്ദ്രത്തെ സ്ഥലപുരാണം(നൂറമണിപ്രവാളപദ്യങ്ങൾ)— ഇത് പ്രാസഭ്രമത്തിന്റെ മൂർദ്ധന്യയോടും സംക്ഷേപസാഹസത്തോടുംകൂടി ഇങ്ങിനെ ക്ലിഷ്ടപദ്യങ്ങളാക്കിത്തീർക്കാതെ വല്ല കിളിപ്പാട്ടു രീതിയിലൊ മറ്റൊ കുറച്ചുംകൂടി വിസ്താരമായിട്ടുണ്ടാക്കിയിരുന്നാൽ അധികാലോകോപകാരമായി തീരുമായിരുന്നു. ആശ്രാമം അനന്തസുബ്രഹ്മണ്യ ശാസ്ത്രികൾ അവർകൾ ഇത് ഓർക്കാതിരുന്നത് വീട്ടതോറും പുരാണകഥകളായ കിളിപ്പാട്ടുകൾ വായിച്ചു പുണ്യം സമ്പാദിക്കുന്ന മലയാളികളുടെ സുകൃതം പോരായ്മയായിരിക്കാം.

P. SUBBAROY'S

World-Renowned and Most Efficacious Ayurvedic Medicines.

പി. സുബ്ബറായിയുടെ ലോകപ്രസിദ്ധങ്ങളും ഏറ്റവും ഫലവത്തുക്കളും ആയ ആയുർവ്വേദ ഔഷധശാലയം

ക. ലോകപ്രസിദ്ധമായ ധാതുപുഷ്ടികാരിഡത്തു നഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നീറൽ, നീരൊഴിവു, മധുമേഹം, കുഴുട്ടപ്പ (മൂത്രാഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണനേന പരിഹരിച്ചു രക്ഷപ്പെടുത്തും. ഡപ്പി ഒന്നുക്കു വില രൂപ ൨ തപാൽ ചിലവു വകയ്ക്കു അണ ൧ വേറെ.

൨. പ്രമേഹ നിവാരണി — സിരാമേഹം, ഇടുപ്പുവലി, മൂത്രമധികമായും തടഞ്ഞും പോകുക, മേഢ്രം, പുകച്ചൽ രക്തമോഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവർത്തിപ്പിക്കും- ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും. കുപ്പി ൧ക്കു വില രൂപ ൧. മൂന്നു കുപ്പികൾവരെയുള്ള ബാക്കിക്കു തപാൽ ചിലവു അണ ൧.

൩. സർവ്വരോഗനാശസംഹാരി— ഈ തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക വീക്കം മുടക്കുവാതം നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന ശൂല, ഇടുപ്പുവേദന, പാർശ്വവായു, മേഹവായു, തിമിരവായു മുതലായ പല വ്യാധികളും ഭേദപ്പെടും. കുപ്പി ഒന്നുക്കു വില രൂപ ൧. തപാൽ ചിലവു അണ ൧.

൪. മണ്ഡലകുഷ്ഠസംഹാരി— മണ്ഡലകുഷ്ഠം, പുഴുക്കടി, തഴതണാം, നവങ്ങാണി എന്നീ പേരുകളുള്ള രോഗത്തിനു സ്പെഷ്യൽ ഔഷധം. തത്രോഗങ്ങൾ പലതും മാറും. തേമൽ മേഹകുഷ്ഠം മു

പി. സുബ്ബറായി, പാക്കിപ്പേട്ട, തെക്കെ ആർക്കാട്ടജില്ല

ലായവയെ നശിപ്പിക്കും. വില കുപ്പി ഒന്നിന രു-ണ തപാൽ ചി
ലവു മൂന്നു കുപ്പിവരെ ൫ ണ വേറെ.

൪. ലക്ഷ്മികുകസ്തൂരിഗുളികകൾ—താംബൂലാ ഉപയോഗി
ക്കുന്നവർ എപ്പോഴും സശ്രദ്ധാ ഉപയോഗിക്കേണ്ട വിലയേറിയ
സാധനം. ദന്തവേദനാ, വായ്നാറ്റം, അജീർണ്ണം, പിത്തവായു,
ഇവയെ ശമിപ്പിക്കും.

തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം
ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗി
ച്ചാൽ ഏതു ഗുരുദ്രവ്യത്തേയും ജീർണ്ണപ്പെടുത്തും. പ്ര
സവകാലത്ത താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ
സന്നി അടുക്കയില്ല. അപായകരമായ യാതൊരു ല
ഹരിസാധനങ്ങളും ഇതിൽ ചേത്തിട്ടില്ല. കാശ്മീരത്തു
നിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ
അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേ
ത്തിട്ടുണ്ട്. ചളി, കാസശ്വാസം, ജ്വരം മുതലായ രോ
ഗങ്ങൾ വയസ്സിന്റെ ഏറ്റക്കുറച്ചിൽപോലെ ഒന്നു
മുതൽ ൫ വരെ ഗുളികകൾ വെറ്റിലച്ചാറിൽ കൊടുത്താൽ മതി.
൨൦ ഗുളികകൾ ഉള്ള കുപ്പി ൧ ക്ക വില ണ രൂ. ൧ മുതൽ ൫൨ വ
രെ കുപ്പികൾ അടങ്ങിയ ബക്കി ൫-ക്ക തപാൽകൂലി ൫ ണ.

൯. ദന്തചൂർണ്ണം— സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്ത
രോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിന നാ- ണ. തപാൽ ചി
ലവു ൨ കുപ്പിവരെ ൫ ണ വേറെ.

൧൦. ജ്വരസംഹാരി— കുളിപ്പനി, മുറപ്പനി, വാതപ്പനി, പി
ത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം, മുതലായവയ്ക്കു നന്നു. വില
ഡപ്പി ഒന്നിന ൧ ക. തപാൽ ചിലവു ൫ ണ വേറെ.

൧൧. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം—ഈ തൈ
ലം പിരട്ടിയാൽ തലമുടി മീശ ഇമ ഇവ ബലം പുഷ്ടിയും ഞെരുക്ക
മായും കറുപ്പായും വളരും. കണ്ണിന കുളുമ്മയുണ്ടാക്കും. സകല ക
ൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറു
ക്കും. രോമംപൊഴിയാതിരിക്കും. കണ്ണിന നല്ല തെളിച്ചമുണ്ടാക്കും.
വില കുപ്പി ഒന്നിന വു ണ, തപാൽ ചിലവു ൫ ണ വേറെ.

പി. സുബ്ബറായി, പറക്കിപ്പേട്ട, തെക്കെ ആർക്കാട് ജില്ല.

൯. രോമസംഹാരി— രോമം എവിടെ വേണ്ടാതാക്കണമൊ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ മാറ്റും. വില കുപ്പി ഒന്നിനു ര് ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൪ ണ വേറെ.

൧൦. അഗ്നിമാന്ദ്യസംഹാരി— ദാഹമില്ലായ്മ, പുളിച്ചുതികട്ടൽ, നെഞ്ചുകലിക്കുക, മൂലബന്ധം, വയറുനോവു, വായനാറ്റം അജീർണ്ണം, വയറുവീർത്തുകയറുക നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നാക്ക അണ വ്യ. തപാൽ കൂലി അണ ൪ വേറെ.

൧൧. കണ്ണ്ടബിന്തു— ചീക്കുതു, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കണ്ണ്ടരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും, വില കുപ്പി ൧൧ വ്യ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൪ ണ വേറെ.

൧൨. സുഖഭേദിഗുളികകൾ— ഭേദി ശരിപ്പെടുത്തും. അജീർണ്ണം, പിത്തോപദ്രവങ്ങൾ, വയു, മലാപിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ഒന്നിനു വ്യ ണ. തപാൽ ചിലവു ൧ മുതൽ ര് വരെ ഡപ്പികൾക്കു ൪ ണ. വേറെ.

൧൩. നേത്രബിന്തു— കൺനോവു, കൺകുത്തു, കൂച്ചം, നീരെടുപ്പു, മിന്നൽ, മാലക്കണ്ണു, പീളക്കെട്ടു, ദശവളച്ചു, പൂവു, ചെരപ്പു, എരിച്ചിൽ, ഇമ, പുരികം ഇവയുടെ വലിവു മുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില കുപ്പി ഒന്നിനു വ്യ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൪ ണ വേറെ.

൧൪. സ്ഖലിതരക്ഷണി— ബലഹീനതയാലും അത്യുഷ്ണത്താലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നിൎത്തും. വിലഡപ്പിഒന്നിനു വ്യ ണ. തപാൽ ചിലവു ൪ വരെ ഡപ്പികൾക്കു ൪ ണ വേറെ.

൧൫. മൃഗകസ്തൂരി— കാശ്മീരിൽനിന്നും വരുത്തിയിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ട. രൂപാത്തൂക്കത്തിനു ര്വ്വ കവില. ഒരു രൂപാമുതൽക്കുള്ള ഏതു സംഖ്യയ്ക്കും ചില്ലറയാ

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കേ ആൎക്കാട്ട ജില്ല.

യിട്ടും കൊടുക്കപ്പെട്ടും. തപാൽച്ചിലവു പുറമെ, എഴുത്തുകുത്തുകളും എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം.

൧൯. തേൾവിഷത്തിന്ന സിദ്ധൌഷധം— തേൾകടിച്ച സ്ഥലത്ത രണ്ടുതുള്ളി ഒഴിച്ചാൽ പൊട്ടന്നാനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി ൧-൰ ൧ ക ര് ണ. ൧൨ കുപ്പിയിൽ കുറയാതെ മെനിച്ച വാങ്ങുന്നവൎക്ക ഡസൻ ൧ ൰ ൨ ക. വ്യ ണ. ഉള്ളവിലയിൽ കുറച്ച മാത്രമെ വില ചുമത്തുന്നുള്ളു- വി. പി. കമ്മീഷൻ ൫ ണ പുറമേ. ഇൻഡ്യയിലും ബൎമ്മയിലും ൧൨ കുപ്പിവരെ വി. പി. കമ്മീഷൻ ൫ ണ. സിലോൺ ടി ൫ ണ.

൧൦. വ്രണവിരോപണ തൈലം— ഈ കുഴമ്പു പിത്തപ്പുണ്ണ മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇത സകല കൃമികളേയും നശിപ്പിച്ച എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ച വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില വ്യ ണ. മൂന്നു കുപ്പിവരെ വി. പി. കമ്മീഷൻ ൫ ണ മാത്രം.

൧൧. കണ്ണൊളി ഗുളിക — ഇതു കണ്ണും തെളിഞ്ഞ് ശരീരം നന്നാവുന്നതിന്ന അതി വിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ച സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും, ശബ്ദാവയവംകൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറൊല്ലാവൎക്കും വളരെ ഉപയോഗമുള്ളതുമാകുന്നു. വില വ്യ ണ. വി. പി. കമ്മീഷൻ ന്യ കുപ്പിവരെ ന്യ ണ.

൧൨. സ്നാനമൂണ്ണം— ഈ പൊടി തേച്ചുകുളിക്കുന്നതിന്ന വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാകുന്നു. ഇതിന്നും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു. വില വ്യ ണ. വി. പി. കമ്മീഷൻ ന൨ ണ.

൧൩. സഞ്ജീവഗുളിക— കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം, അൎശ്ശസ്സ, ഉറക്കമില്ലായ്മ ഇ

പി. സുബ്ബറായി പറക്കിപ്പേട്ട, തെക്കേ ആൎക്കാട്ട് ജില്ല.

വയ്ക്കും ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഇഷ്ട ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയസ്സന്മാർക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു. വില ൧൦ ണ. വി. പി. കമ്മീഷൻ ന്യ കൂപ്പിവരെ ൫ ണ.

൨൯. ഒന്നാന്തരം ഗോരോചനഗുളിക— എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരൾ ഇതുകളിൽ ഉണ്ടാവുന്ന ഉപരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അരുചി, ഉറക്കമില്ലായ്മ, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൫ ണ. വി-പി- കമ്മീഷൻ ന്യ കൂപ്പിവരെ ൫ ണ.

൩൦. തപ്രോഗപരിഹാരി— ഈ ഔഷധം കുരപ്പൻ, ചുണങ്ങ്, ചൊറി, ഒടുവട്ടു, പോളൻ, ചൂട്, പുഴുക്കടി, താരണം, മുതലായ കടിയും ചൊറിയും ഉള്ള എല്ലാ തപ്രോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി–പി–കമ്മീഷൻ ൫ ണ.

മേത്തരം ഗോരോചനം തോല ൧-ക്ക വില ൪ ക. മേത്തരം കുങ്കുമകേസരം തോല ൧-ക്ക വില ൧ ക. മേത്തരം പച്ചകർപ്പൂരം, തോല ൧-ക്ക വില ൨ ക. മേത്തരം രോജാ അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, തഴമ്പു, മരിക്കൊളുന്തു, ജാതിമല്ലി, സുഹാഗ, ഹീന, മഗിഡമ്പു, അത്തർ മുതലായതുകളും എപ്പോഴും തയ്യാറുണ്ട്. ഇവ ഒരു ടോല തൂക്കത്തിന്ന ക. ൧—൮൦. തപാൽക്കൂലി പുറമെ.

				ക.	ണ.	സ
ഒന്നാന്തരം	ഗോരോചനം	ത്രുപാത്തുക്കം	൧-ക്ക	൪	൦	൦
ടി	മഞ്ഞൾ	ടി	൧-ക്ക	൧	൦	൦
ടി	പച്ചക്കർപ്പൂരം	ടി	൧-ക്ക	൧	൦	൦

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബായി, പറങ്കിപ്പേട്ട,
തെക്കേ ആർക്കാട്ട് ജില്ല.

വ്യവഹാരചിന്താമണി.

എല്ലാ ഇംഗ്ലീഷ് മാസവും 30-ാം നു- പ്രസിദ്ധപ്പെടുത്തുന്ന
ഒരു വിശേഷനിയമമാസിക.

പത്രാധിപർ
ചെങ്കളത്ത് കരുണാകരമേനോൻ ബി. എ.

മലബാർ, കൊച്ചി, തിരുവിതാങ്കൂറ് ഒരുപോലെ പ്രചാരം.
വരിസംഖ്യ—എപ്പോഴും മുൻകൂറ്.

ഒരു കൊല്ലത്തേക്കു 4-0-0 വി. പി. ഒരു കൊല്ലത്തേക്കു 4-1-0
ആറുമാസത്തേക്കു 2-0-0 ആറുമാസത്തേക്കു 2-1-0

വിധികൾ	മദിരാശി	ഹൈക്കോട്ട് ലേഖനം	മാസം 3 വരെ
	കൽക്കത്താ	ഒന്നാന്തരം കടലാസ്സു	
	അലഹബാദ	മേത്തരം അച്ചടി	
	ബൊമ്പെ	യോഗ്യരുടെ ഛായപടം	
	കൊച്ചി	യോഗ്യലേഖകന്മാർ	
	തിരുവിതാങ്കൂർ	വിശേഷപത്രാധിപകുറിപ്പുകൾ	

പത്രാധിപാഭിപ്രായങ്ങൾ.

കേരളസഞ്ചാരി— നിയമകാര്യത്തിൽ ഉപാദ്ധ്യായൻ.

മ. മനോരമാ— മേനോന്റെ പുതിയ സ്യമന്തകത്തെപ്പോലെ വേറെ ഒരു പത്രത്തിനും ചിലവില്ല.

മനോരമ— സകല മുതൽക്കാരും വാങ്ങേണ്ടതാണ്.

കേരളപത്രിക— കക്ഷികൾക്കു അത്യുപകാരം.

കൊച്ചിവിധികളുടെ പോക്കറിവാൻ "ചിന്താമണി" ഏകമാർഗ്ഗം.

കൊച്ചി വിധികൾ 7-ാം നമ്പ്ര മുതൽക്കും, തിരുവിതാങ്കൂർ വിധികൾ 9-ാം നമ്പ്രമുതൽക്കും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. നിങ്ങൾ ചിന്താമണി കണ്ടിട്ടില്ലെങ്കിൽ തരംനോക്കുവാൻ ഒരു ബ്രിട്ടീഷ പോസ്റ്റകാർഡ് അയച്ചാൽ മടക്കത്തപാലിൽ സൌജന്യമായി നിങ്ങൾക്കു ഒരുപ്രതി അയച്ചുതരും. ലോകവ്യുല്പത്തിയുണ്ടാവാൻക്രമമായി "ചിന്താമണി" പാരായണം ചെയ്യുന്നത ഒഴിച്ച അന്യമാർഗ്ഗം ഇല്ല.

എന്ന വ്യവഹാരചിന്താമണി മാനേജർ,
വള്ളുവനാട, മലബാർ.

കവനോദയം

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട്, തുള്ളൽ, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകം കൃതികൾ ഇതിൽ ചേർത്തു വരുന്നു. കൊല്ലത്തിൽ 6 പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോ കുറി 64 ഭാഗങ്ങളിൽകൂടി 5 കൃതികളിൽ കുറയാതെ ഉണ്ടായിരിക്കും. കൊല്ലത്തിൽ 4 ഉറുപ്പിക വരി അടച്ചാൽ മതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാർത്ഥികൾക്കാണെങ്കിൽ മുൻകൂറ് ഒന്നര ഉറുപ്പിക തന്നാൽ മതിയെന്ന് ഒരു പുതിയ നിശ്ചയം ചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേക പുസ്തകങ്ങൾ ഇവിടെ വില്പാനുണ്ട്. ചിലതിന്റെ വിവരം താഴെ ചേർക്കുന്നു.

ജ്യോത്സികവിഷവൈദ്യം— ഈ പുസ്തകം കൈവശം ഉണ്ടായിരുന്നാൽ പാമ്പുകടിച്ച ഉടനെ വൈദ്യന്റെ അടുക്കെ ഓടേണ്ടി വരികയില്ല. വില 12 അണ.

സദൃത്തമാലിക— മലയാളത്തിലുള്ള വൃത്തങ്ങളുടെ എല്ലാ സ്വഭാവങ്ങളും അറിവാൻ ഈ പുസ്തകം മാത്രമെയുള്ളൂ. വില 8 ണ.

ജാനകീപരിണയം— കൊട്ടാരത്തിൽ ശങ്കുണ്ണി ഉണ്ടാക്കിയ ഒരു രസികനാടകമാണിത്. മന്നാടിയാരുടേതല്ല. വായിപ്പാൻ ബഹുരസമുണ്ട്. വില 1 ക. മാത്രം.

* ഹസ്യലക്ഷണദീപിക— ഈ പുസ്തകം കൈവശമുണ്ടെങ്കിൽ കഥകളിയെ ഊമക്കളിയെന്നു പറവാനിടവരികയില്ല. വില 4 ണ.

* കുചശതകം ഇതൊന്നു വായിച്ചുനോക്കുവിൻ വില 2 ണ.

* ചക്കീചങ്കരനാടകം ചിരിക്കാതെ ഇതു വായിപ്പാൻ പ്രയാസം. വില 6 ണ.

ഇവകൾക്കു തപാൽകൂലി പുറമെ *ഈ അടയാളം വെച്ചവ ഒഴികെ ശേഷമെല്ലാം അച്ചടി അതിമനോഹരം. കടലാസ്സ് എല്ലാം ഒരുപോലെ ബഹുവിശേഷം. താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ എല്ലാ പുസ്തകങ്ങളും വി. പി. ആയി അയച്ചു കൊടുക്കും.

കെ. കണ്ണൻനമ്പ്യാർ,
കവനോദയം മാനേജർ,
നാദാപുരം.

നൊട്ടീസ

മേത്തരം സാമാനങ്ങൾ! വില വളരെ സഹായം! !

ബൊമ്പായി മുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽനിന്ന നേരിട്ടു വരുത്തുന്നതും താഴെ വിവരം പറയുന്നതും വേറെയും അനേകം സാമാനങ്ങൾ തൊകപ്പടിയായും ചില്ലറയായും വളരെ സഹായ വിലക്കു വില്ക്കുന്നതാണ്.

പലതരത്തിലുള്ള പ്ലാനൽ ശീലകൾ, ടീഡുകൾ, ചെക്കുതുണികൾ, വളരെ ഭംഗിയുള്ള ചീട്ടികൾ, പട്ടുകൾ, ബ്ലാങ്കെറ്റുകൾ, തൊപ്പികൾ, സർജ്ജുകൾ, മല്ല്, ജഗന്നാഥൻ മുതലായ തുണിച്ചരക്കുകൾ, എനാമൽപാത്രങ്ങൾ, പലതരത്തിലുള്ള ഗ്ലാസുകൾ, നാഴികമണികൾ, വാച്ചുകൾ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഗ്ലോപ്പുകൾ, രവിവമ്മപ്പടങ്ങൾ, കൊടകൾ, ഇരിമ്പുപെട്ടികൾ, ഇരിമ്പു അലമാരികൾ, ഇരിമ്പ അടുപ്പുകൾ, അനേകവിധം സോപ്പുകൾ, ബ്രാണ്ടി, വിസ്കി, മുതലായ ലഹരിസാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനേകവിധ പാത്രങ്ങൾ, ഇവകളും മെലിൻസ് ഫുഡ്, കൊക്കൊ, കാപ്പിപ്പൊടി, ടീ, ബിസ്കോത്ത മുതലായ വേറെയും അനേകവിധ സാമാനങ്ങൾ വളരെ സഹായവിലക്കു വില്ക്കുന്നു.

ആവശ്യപ്പെടുന്നവർക്കു സാമാനങ്ങൾ വി. പി. ആയി അയച്ചുകൊടുക്കുന്നതാണ്.

എ. ടി. എസ്സ്. മേനോൻ,
ജനറൽ മർച്ചണ്ട്,
ചിറയിൻകീഴ്.

കമ്മീഷൻ

രസികരഞ്ജിനിക്ക പുതിയ വരിക്കാരെ ഉണ്ടാക്കി അവരുടെ വരിപ്പണം മുഴുവൻ മുൻകൂറായി പിരിച്ച പേരുവിവരപ്പട്ടികയോടുകൂടെ ആ സംഖ്യ ആപ്പീസ്സിൽ അടക്കുന്നവക്ക 15-കയിൽ കുറയാതെയുള്ള സംഖ്യകാക്ക 100-ക്ക 10 ക. വീതം കമ്മീഷനും 20 കയിൽ കുറയാതെ പിരിച്ചടക്കുവന്നക്ക മേല്പറഞ്ഞ കമ്മീഷനും പുറമെ മുപ്പതീതെ ഉറപ്പികക്ക രഞ്ജിനിയുടെ ഒരേ പ്രതിവീതം സൌജന്യവും കൊടുക്കപ്പെടും.

ര. ര. മാനേജർ.

1079 എടവത്തിൽ പണംഅടച്ചവരുടെ പേരു വിവരം

			ക. ണ്. സ.
എൻ. എ. രവിവമ്മകോയി തമ്പുരാൻ തിരുമനസ്സുകൊണ്ട്			3 0 0
മഞ്ചേരി പുതിയകോവിലകത്ത ഉണ്ണിതമ്പുരാൻ തിരുമനസ്സുകൊണ്ട്			3 0 0
മ. രാ. രാ. സി. വി. സഹസ്രനാമവാദ്ധ്യാർ	അവർകൾ		6 0 0
,, സി. ചാപ്പുണ്ണിനായർ	,,		2 7 0
,, പി. ശിവരാമയ്യൻ	,,		3 0 0
,, പുത്തൻ മഠത്തിൽ അമ്മുണ്ണി തിരുപ്പാട	,,		3 0 0
,, ഉണ്ണിപ്പറമ്പത്ത കണിച്ചുകുളത്ത ഗോപാലൻ നായർ	,,		3 0 0
,, നെല്ലിപ്പറമ്പത്ത മാമൻ കുഞ്ഞിരാമൻ	,,		3 0 0
,, നാലുമാക്കൽ ആണ്ടിവൈദ്യൻ	,,		0 12 0
,, പുത്തൻ വീട്ടിൽ കാത്ത്യായിനി അമ്മ	,,		0 6 0
,, ചാത്തേടത്ത കുട്ടൻഎളേത	,,		3 0 0
,, ഈച്ചരമംഗലത്ത കണ്ടുശങ്കരൻ	,,		3 0 0

മ. രാ. രാ.	അരയൻ പറമ്പിൽ കൃഷ്ണൻ	ആവർകൾ	1	10	0
,,	വടശ്ശേരി ഇക്കണ്ടമേനോൻ	,,	3	0	0
,,	കെ. കെ. ജോസഫ	,,	2	7	0
,,	ചെറുളത്തി രാമപ്പണിക്കർ	,,	3	0	0
,,	ജെ. എബ്രാഹം സിലോൺ	,,	2	4	0
,,	ജെ. ജോൺ	,,	2	12	0
,,	നാഗത്തുകോവിൽ അമ്മവീട	,,	2	0	0
ബ്രഹ്മശ്രീ	മാമ്പറ്റ നാരായണൻനമ്പൂരി	,,	3	0	0
,,	ചൊടിയത്ത മാധവൻനമ്പൂരി	,,	3	0	0
,,	പെരിങ്ങരനാരായണൻനമ്പൂരി	,,	3	0	0
മ. രാ. രാ.	സി. അച്യുതമേനോൻ	,,	3	0	0
,,	മാങ്കായിൽ രാമപ്പണിക്കർ	,,	3	0	0
,,	കെ. രാമത്തിരുപ്പാട	,,	3	0	0
,,	കെ. കരുണാകരപ്പിഷാരൊടി	,,	0	8	0
,,	വി. കെ. കൊച്ചുണ്ണിത്തമ്പാൻ	,,	1	0	0
,,	പരമേശ്വരൻപിള്ള	,,	3	0	0
,,	എം. ശങ്കുണ്ണിമേനോൻ	,,	3	0	0
,,	കെ. മാണിക്കത്തനാർ	,,	1	0	0
,,	കെ. അഹമേഡ്	,,	1	10	0
,,	കെ. ടി. നാരായണൻനമ്പ്യാർ ഇടപ്പള്ളി	,,	1	8	0
,,	കെ. നാരായയ്യൻ ആങ്ങക്കുററി	,,	1	0	0

സംഗതിവിവരം

1. ഗൃഹഭരണം— വള്ളത്തോൾ നാരായണമേനോൻ ... 679
2. ആശ്ലേയാചാരവിധി— കോരപ്പപ്രഭു 689
3. അന്ധവിശ്വാസം—എം. രാജരാജവർമ്മരാജാ, എം. എ. 696
4. ദാരിദ്ര്യം— കുറിപ്പുറത്ത കിട്ടണ്ണിനായർ 702
5. കോങ്കണബ്രാഹ്മണർ—എം. ശേഷഗിരിപ്രഭു എം. എ. 703
6. കോമപ്പൻ— കുണ്ടൂർ നാരായണമേനോൻ, ബി. എ. 707
7. തെക്കുങ്കൂറും വടക്കുങ്കൂറും രാജാക്കന്മാർ— കൊട്ടാരത്തിൽ ശങ്കുണ്ണി 711
8. വിക്രമോർവ്വശീയസാരം— കൊട്ടങ്ങല്ലൂർ കൊച്ചുണ്ണിത്ത മ്പുരാൻ 715
9. വല്ലയേശ്വരിപഞ്ചകം— കുണ്ടൂർ നാരായണമേനോൻ 719
10. കേരളക്ഷിതിരത്നമാല 720
11. സൌന്ദര്യം— കെ. എം. 724
12. ഒരു ഇതിഹാസവനിതാ— എ. നാരായണപ്പൂതുവാൾ 727
13. പലവക 732

വിദ്യാവിനോദിനി അച്ചുകൂടം.

രസികരഞ്ജിനി വരിക്കാക്ക് പ്രത്യേകം

പരസ്യം.

—o—

രസികരഞ്ജിനി വരിസംഖ്യ അടച്ചിട്ടില്ലാത്ത വരിക്കാർ എല്ലാവരും അവരവരുടെ പക്കൽനിന്നും വരുവാനുള്ളസംഖ്യ ഉടനെ അയച്ചു തരേണ്ടതും അങ്ങിനെ ചെയ്യാതിരുന്നാൽ അവസാനത്തെ ലക്കമായ കുംഭമാസത്തിലെ രസികരഞ്ജിനി വാല്യൂപേബിൾ ആയി അയക്കുന്നതുമാണ്.

ര. ര. മാനേജർ.

പുസ്തകം ൨ ധനുമാസം ലക്കം ൪൪

ഡടക്കൊ ഇല്ലാതെ ഫോട്ടോ
ഇപ്പണ്ടാക്കുക

മംഗളം.

വലങ്കയ്യാൽപോമശ്രവണപുമിടങ്കൈവിരലിനാൽ
വലങ്കാതുംതൊട്ടാകുഴലിണപിണച്ചുള്ളനിലയിൽ
നിലംകൈമുട്ടാലെപലകുറിതൊട്ടന്നേനടിയനി-
ന്നലംകാരുണ്യാപ്പൈകളകമമവിഘ്നംഗണപതേ

൹റവങ്കര നീലകണ്ഠൻനമ്പൂരി.

ഗൃഹഭരണം.

'കുടുംബം രക്ഷിച്ചവൻ കാശിയ്ക്കുപോകേണ്ടാ' എന്നിങ്ങിനെ നമ്മുടെ ഇടയിൽ ധാരാളമായി ഇന്നും നടപ്പുള്ള പഴഞ്ചൊല്ലിന്റെ അർത്ഥം, കാശിയിൽപോയി അതിപാവനമായ ഗംഗാജലത്തിൽ സ്നാനം ചെയ്യുമ്പോൾഉണ്ടാകുന്ന ഫലം ഒരു ഗൃഹഭരണകർത്താവിനും ലഭിക്കുമെന്നാണല്ലൊ. ഫലത്തെ സംബന്ധിച്ചേടത്തോളം ഗൃഹഭരണവും ഗംഗാസ്നാനവും ഒരേ പടിയിൽതന്നെയാണെങ്കിലും ഇവക്കു തമ്മിൽ ഒരു മഹത്തായ വ്യത്യാസം ഉണ്ട്. അതായത്, ഗംഗാസ്നാനം ആചരിച്ചാൽ പുണ്യം കിട്ടുമെന്നല്ലാതെ ആചരിയ്ക്കാതിരുന്നാൽ പാപം കയ്യേൽക്കേണ്ടിവരുമെന്നില്ല; നേരെ മ

റിച്ച്, ഗൃഹഭരണം അനുഷ്ഠിക്കാതിരിക്കുന്നത് മഹാപാതകത്തിനു കാരണമാകുമെന്നുള്ളതിനെ താഴെ പകർത്തുന്ന പൌരാണികശ്ലോകം വെളിവാക്കുന്നു.

പിതരംമാതരംചൈവഗുരുംഭാര്യാംസുതംസുതാം
യൊനപുഷ്ണാത്യനാഥാംചഗർഹകുണ്ഡംപ്രയാതിസഃ'

വിശേഷബുദ്ധിയില്ലാത്ത മൂഗപക്ഷ്യാദികൾപോലും ഈ പരിശുദ്ധമായ വിഷയത്തിൽ യഥാശക്തി പ്രവൃത്തിച്ചുവരുന്നത് നമുക്കെല്ലാം പ്രത്യക്ഷമാണല്ലൊ. ഈ സ്ഥിതിക്ക്, സ്വന്തം കുടുംബത്തെ വേണ്ടുംവിധം രക്ഷിക്കാതെ കേവലാ സ്വാർത്ഥപരന്മാരായി നടക്കുന്ന മനുഷ്യരെപ്പററി മറവുള്ളവർ അപഹസിക്കുകയൊ ആവലാധി പറകയൊ ചെയ്യുന്നതായാൽ അതിലെന്താണ് അത്ഭുതപ്പെടുവാനുള്ളത്?

മേൽവിവരിച്ച സംഗതികളാൽ ഗൃഹഭരണം ഒരു ഗൌരവമുള്ള കൃത്യമാണെന്നു സാധിക്കുന്നുണ്ടല്ലൊ. കൃത്യത്തിൻെറ വലിപ്പം അനുസരിച്ച് ചുമതലയും കൂടുതലായിരിക്കുമെന്നുള്ളത് സുവ്യക്തമാകയാൽ, ഒരു ഗൃഹഭരണകർത്താവിന്ന് പല സംഗതികളിലും ശ്രദ്ധവെക്കേണ്ടതായിട്ടുണ്ട്. ചുരുക്കിപ്പറയുന്നതായാൽ, ഒരു കുടുംബം ഭരിക്കുന്ന ആൾക്ക് ഒരു രാജ്യംഭരിക്കുന്ന ആളോട് വളരെ സാദൃശ്യമുണ്ട്. രാജാവിൻെറ മന്ത്രിമാരും പ്രജകളും, ഒരു ഗൃഹസ്ഥൻെറ കായ്മസ്ഥന്മാരും ശേഷക്കാരും, യഥാക്രമം ഒരേ നിലയിൽ ഗണിക്കപ്പെടാവുന്നതാണ്. ഒരു രാജ്യത്തിൻെറ നന്മതിന്മകൾ രാജാവിൻെറ ഗുണാഗുണങ്ങളെ ആശ്രയിച്ചിരിക്കുന്നതുപോലെ, ഒരു കുടുംബത്തിൻെറ നന്മതിന്മകളും, അതിനെ ഭരിക്കുന്ന ആളുടെ ഗുണാഗുണങ്ങളെ അവലംബിച്ചാണിരിക്കുന്നത്. ഒരു രാജാവിന്ന് അത്യാവശ്യകങ്ങളായ നിഷ്പക്ഷപാതിത്വം, കൃത്യനിഷ്ഠ, ദാക്ഷിണ്യം, ക്ഷമ മുതലായ സൽഗുണങ്ങൾ എല്ലാം ഒരു ഗൃഹസ്ഥനും ഉണ്ടായിരിക്കേണ്ടതാകുന്നു. അടുത്തും അകന്നും ഉള്ള അനേകം താവഴിക്കാരോടുകൂടിയ ഒരു കുടുംബത്തിൻെറ ഭരണകർത്താവ് പക്ഷപാതിയായിരുന്നാൽ അതുകൊണ്ടുണ്ടാകാവുന്ന കലക്കങ്ങൾ സീമാതീതങ്ങളായിരിക്കുമെന്നുള്ളത് ചില തറവാടുകളുടെ താൽകാലികസ്ഥിതികൊണ്ട് അനുമാനിക്കാവുന്നതാണല്ലൊ. മലയാളത്തിൽ ഇപ്പോൾ എത്രെ എത്ര വലിയ തറവാടുകളാണ് അധോഗതിയെ പ്രാപിച്ചി

ട്ടുള്ളത്. ഇതിനുള്ള മുഖ്യകാരണം, സ്വതന്ത്രമായി വഴിവിട്ടുകിട്ടുമ്പോഴും മറ്റുള്ളവരുമായി ഇടപഴകുമ്പോഴും തന്നെക്കാൾ താഴ്ന്നവരായി കരുതുന്നവരോട് അഹങ്കാരത്തോടെ പെരുമാറുന്നതിനുള്ള വാസനയാണ്. ഭരണകർത്താക്കന്മാർ തീരെ മനസ്സിലാക്കാത്തതാകുന്നു. ഇക്കാലത്ത് കേരളത്തിൽ പെട്ടിട്ടുള്ള ഗൃഹചരിത്രസംബന്ധമായ മിക്കദുർവ്യവഹാരങ്ങളും, കാരണവന്മാർ അവരുടെ അടുത്ത താവഴിക്കാരിൽ പ്രദർശിപ്പിക്കുന്ന പ്രത്യേക സ്നേഹത്തിനേറെയും മറ്റുള്ളവരിൽ കാണിക്കുന്ന ഔദാസീന്യത്തിനേറെയും ഫലങ്ങളാണ്. ഇതുകളുടെ ആവിർഭാവത്തോടുകൂടിതന്നെ തറവാടിന്റെ അസ്തിവാരം തകർന്നു പോകുന്നു. ഈ ദുരവസ്ഥ കാണുമ്പോൾ നവീനന്മാരുടെ അഭിപ്രായപ്രകാരം മുതൽ വിഭാഗം ചെയ്യുകതന്നെയായിരിക്കുമോ വലിയ തറവാടുകളുടെ നിലനില്പിനു നന്നായിരിക്കുക എന്നു പലപ്പോഴും തോന്നുന്നുണ്ട്.

തറവാട്ടിലുള്ള എല്ലാ താവഴിക്കാരേയും സമഭാവനയോടെ ഭരിക്കുന്നതിൽ എന്നപോലെ, സകല കൃത്യങ്ങളിലും തുല്യ സഹായികളുന്ന കാര്യസ്ഥന്മാരെ തിരഞ്ഞെടുക്കുന്ന കാര്യത്തിലും, ഒരു ഗൃഹസ്ഥൻ പ്രത്യേകം ദൃഷ്ടിവെക്കേണ്ടതാണ്. ശുദ്ധാത്മാക്കളായ കാരണവന്മാരെ 'സേവാ'സാമർത്ഥ്യംകൊണ്ട് സ്വാധീനപ്പെടുത്തി, അനന്തരവന്മാരുമായി ഭേദിപ്പിക്കുന്ന ഒരു തരം 'ദമനക'ന്മാരെ കാര്യസ്ഥന്മാരാക്കുന്നതുകൊണ്ടുള്ള ഫലം ഇന്നതായിരിക്കുമെന്ന് ആർക്കും ആലോചിച്ചാലറിയാവുന്നതാണല്ലൊ. പുറമെക്കു മാത്രം 'ഹരിശ്ചന്ദ്ര'ന്മാരായി നില്ക്കുന്ന ഈ വിദ്വാന്മാരാണ് ഒടുവിൽ തറവാട്ടുമഹിമയുടെ അന്തകന്മാരായി തീരുന്നത്. ആകയാൽ, സ്വാമിഭക്തി, അനുസരണം, കാര്യശേഷി, നിഷ്കർഷ മുതലായ ഗുണങ്ങളുടെ ഗന്ധംപോലുമില്ലാത്ത വല്ലവരേയും മന്ത്രിസ്ഥാനത്തിൽ ഏർപ്പെടുത്തുന്നത് അപായകരമാണെന്നു സവിശേഷം ഓർമ്മിപ്പാനുള്ളതാണ്. ഒരു ഗൃഹസ്ഥൻ കാര്യനടത്തിപ്പിൽ നിത്യതന്നെ സാമർത്ഥ്യമുള്ളവനായിരുന്നാലും, കാര്യാലോചനയിൽ കാര്യസ്ഥന്മാരെപോലെ അനന്തരവന്മാരെക്കൂടി പങ്കുകാരാക്കുന്നത് നിത്യവും വിഹിതമാകുന്നു. ഈ സമ്പ്രദായം നമ്മുടെ ഇടയിൽ അത്ര സാധാരണമല്ലാത്തതിനാലാണ്, കാര്യസ്ഥന്മാരുടേയും മറ്റും 'നാരദപ്രയോഗ'വും തന്നിമിത്തം കുടുംബകലഹവും നാൾക്കുനാൾ വർദ്ധിച്ചുവരുന്നത്. ഇങ്ങിനെ ഒരു കാരണവന്റെ ഗൃഹകാര്യാലോചനസ

ഭയിൽ അനന്തരവന്മാരെകൂടി സാമാജികന്മാരാക്കി എടുക്കുന്നതു കൊണ്ട് കുടുംബത്തിന്റെ ഏകയോഗക്ഷേമത്തിനു അത്യാവശ്യകമായ ഐകമത്യം വർദ്ധിക്കുകയും, ഗൃഹചരിത്രം നേരിടാതിരിക്കുകയും ചെയ്യുന്നതാണ്. വിശേഷിച്ച്, വല്ല കാര്യങ്ങളിലും മനുഷ്യസാധാരണമായ പ്രമാദം സംഭവിക്കുന്നതായാൽ അതിൽ കാരണവൻ മാത്രം തെറ്റുകാരനായി തീരുന്നതുമല്ലല്ലൊ. യാതൊരു ദുഷ്കൃശസ്സിനും ആവലാധിപ്പെടാതെ സംഗതിവശാതെ കുടുംബഭരണം നിർവ്വഹിക്കുന്നതിന് ഏറ്റവും ഉപയുക്തമായ മേൽപ്പറഞ്ഞ സമ്പ്രദായത്തെ എല്ലാ കാരണവന്മാരും അംഗീകരിക്കുന്നതുകൊണ്ടു നമ്മുടെ തറവാട്ടു ഭരണത്തിന്ന് പരിഷ്കാരം സിദ്ധിച്ചതായി വിചാരിപ്പാൻ പാടുള്ളതല്ല.

ആയത്തിന്നടുത്ത വ്യയം'ചെയ്കുക എന്നുള്ളതാണ് ഗൃഹഭരണത്തിന്റെ മറ്റൊരു രഹസ്യം. ചില കാരണവന്മാർ ചിലവുചെയ്യുന്നതുകണ്ടാൽ, അവർ തങ്ങളുടെ തറവാട്ടുസ്വത്തിനെ കാണുന്നത് ഭൂതഗ്ലെന്നാടിയിൽ'കൂടെയായിരിക്കുമോ എന്നേവനും തോന്നിപ്പോകും. ഇവർ പിണ്ഡം, മാസം, കല്യാണം മുതലായ അടിയന്തരങ്ങൾക്ക് അനാവശ്യമായി വരിച്ചൊരിയുന്ന ദ്രവ്യത്തെക്കുറിച്ചല്ല ഞങ്ങൾ അധികമായി സങ്കടപ്പെടുന്നത്. ശീട്ടുകളി, പാശികളി, മദ്യപാനം മുതലായ ദുർവ്യാപാരങ്ങളിൽ ഏർപ്പെട്ട് അനേകകാലം ഒരു കുടുംബത്തിന്റെ സുഖവൃത്തിക്കു ഹേതുവായിരുന്ന മുതൽ മുച്ചൂടും നശിപ്പിക്കുന്നതു വിചാരിച്ചാണ്. പൂർവ്വന്മാർ പണിപ്പെട്ടു സമ്പാദിച്ചിട്ടുള്ള സ്വത്തു മുഴുവനും ഭാര്യയും മക്കളും അടിപ്പേറെ'ഴുതിക്കൊടുത്ത് സ്വന്തം കുടുംബങ്ങളെ കഷ്ടപ്പെടുത്തുന്ന ഒരു തരം കാരണവന്മാരുടെ നിർദ്ദയത്വവും പ്രസ്താവയോഗ്യമാകുന്നു. തങ്ങൾക്കുള്ളതിലധികം 'അവസ്ഥ' വേണമെന്നു വിചാരിക്കുന്നവർ അത്യല്പകരമായ ഡംഭിന്റെ ആകർഷണത്തിൽ പെട്ടുപോകുന്നത് ഒട്ടും അപൂർവ്വമല്ല. ഈ ദുർവ്വാസനയുടെ ആവേശത്താൽ മതിമറന്ന് ദാരിദ്ര്യസമുദ്രത്തിൽ മുങ്ങിപ്പൊങ്ങിക്കളിക്കുന്ന കാരണവന്മാരെ പ്രത്യേകങ്ങളിലും കാണുന്നതാണ്. പലർക്കും ഉപകരിക്കേണ്ടതായ ഒരു സമുദായ സ്വത്തുകൊണ്ട് തന്നെത്താൻ ഡംഭിനെ ആരാധിച്ചാലുണ്ടാകുന്ന പാപം പ്രായശ്ചിത്തമില്ലാത്തതാണെന്നതു വിചാരിക്കേണ്ടതു .ഒരുതറവാട്ടിൽ സ്വത്തു തീരെ ഇല്ലെങ്കിൽതന്നെ അ

വിടെയുള്ളവരെ പ്രയത്നംചെയ്യു പുലർത്തേണ്ടത് കാരണവന്റെ ചുമതലയായിരിക്കെ, മുമ്പുള്ള മുതലും 'ചുക്കിട്ടുകാച്ചുന്നത്' എത്രത്തോളം അന്യായമാണെന്നു പറയേണ്ടതില്ലല്ലൊ. തന്റെ ജീവിതകാലം മുഴുവനും തറവാട്ടിന്റെ അഭ്യുദയത്തിനുവേണ്ടി ഹൃദയപൂർവം ഉപയോഗപ്പെടുത്തുന്നതാണ് ഒരു ഉത്തമനായ കാരണവന്റെ ലക്ഷണം. 'സജാതോയേനജാതേന യാതിവംശസ്സുമുന്നതിം' എന്നാണല്ലൊ ആപ്തവാക്യം.

ഡിക്കിനെപ്പോലെയോ, അതിലധികമോ ഭയങ്കരമായ മറ്റൊന്ന് പിശുക്കാകുന്നു. വേണ്ടതിലുവട്ടെ വേണ്ടാത്തതിലുവട്ടെ അരക്കാശുപോലും ചിലവുചെയ്യുന്നതു പ്രാണസങ്കടമായിത്തോന്നുന്നതാണല്ലൊ ഒരു പിശുക്കന്റെ സ്വഭാവം. ധനം എത്രതന്നെ ഉണ്ടായിരുന്നാലും അതിന്റെ അവസ്ഥയ്ക്കൊത്ത സുഖാനുഭവമില്ലെങ്കിൽ അങ്ങിനെയുള്ള ഒരു പണക്കാരനും ഇരന്നു നടക്കുന്നവനും തമ്മിൽ വലിയ വ്യത്യാസമൊന്നുമുണ്ടെന്നു തോന്നുന്നില്ല.

'ഉപഭോഗേന രഹിതോ ഭോഗവാനിതി നിന്ദ്യതേ
നിർമ്മിതോതികദര്യോയം വിധിനാ നിധിപാലകഃ'

എന്നാണ് വാഗ്ഭടാചാര്യർ സരസമായ വിധം അഭിപ്രായപ്പെട്ടുന്നത്. ഒരു ഗൃഹഭരണകർത്താവിന്റെ പിശുക്ക്, ഒരു സാധാരണ മനുഷ്യനേക്കാളും ഉപദ്രവകരമാണെന്നു പറയേണ്ടിയിരിക്കുന്നു. കാരണം, അതിന്റെ ഫലം അനേകം ആളുകൾ അനുഭവിക്കേണ്ടിവരുന്നതാണ് എന്നുള്ളത് സ്പഷ്ടമാണല്ലൊ. കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുക, വഴിപോക്കർക്കു ചോറുകൊടുക്കുക, അഗതികളെ രക്ഷിക്കുക മുതലായി ഒരു ഗൃഹസ്ഥന്റെ ചുമതലയിലുൾപ്പെട്ട പല സല്കർമ്മങ്ങൾക്കും ന്യായമായി ചിലവു ചെയ്യേണ്ടതായ തറവാട്ടു സ്വത്തിനെ നിരുപയോഗമാക്കി വെക്കുന്നതിലധികം കഷ്ടമായിട്ടുള്ളതെന്താണ്. ധാരാളം സ്വത്തുള്ള ചില തറവാട്ടിലെ കുട്ടികൾ യാതൊരു വിദ്യാഭ്യാസത്തിലും ഏർപ്പെടാതെ 'കോളക്കുട്ടി'കളെപ്പോലെ കളിച്ചു നടക്കുന്നതു കണ്ടാൽ ഏതു വജ്രഹൃദയനും ദയതോന്നാതിരിക്കുന്നതല്ല. തല്കാലം വേണ്ടിവരുന്ന ഒരു മിതമായ പണച്ചിലവിനെ ഭയപ്പെട്ട് കുട്ടികളെ പഠിപ്പിക്കായ്കയുംനിമിത്തം നമ്മുടെ പട്ടവുമ്പുമാരായ കാരണവന്മാർ പിന്നീടു എത്രയോ മഹത്തരങ്ങളായ സങ്കടങ്ങളെയാണ് അനുഭവിക്കേണ്ടിവരുന്നത്.

ഒരു കുട്ടിയെ സാമാന്യം വിദ്യാസമ്പന്നനാക്കി തീക്കുവാൻ എത്ര ധനം ആവശ്യമായിവരുന്നുവോ, അതിലും എത്രയൊ അധികരിച്ചതായ ദ്രവ്യം ഒടുവിൽ വിദ്യാവിഹീനനായ ആയാളുടെ പ്രവൃത്തികാരണമൂലം നേരിട്ടന്ന അപകടങ്ങളിൽനിന്നു രക്ഷപ്പെട്ടുവാൻ വ്യയം ചെയ്യേണ്ടിവരുന്നത് നമുക്ക് അനുഭവസിദ്ധമാണല്ലൊ. 'തേയ്ക്കാത്ത എണ്ണ ധാര' എന്നീ പഴമൊഴിയുടെ സാരം ആലോചിക്കാത്തപട്ട ലുബ്ധന്മാരെപ്പറ്റി 'കേടുകൂ ചോരുന്നതുകാണാം, ആന ചോരുന്നതുകാണില്ല' എന്നിങ്ങിനെ നടപ്പുള്ള പരിഹാസഗർഭമായ ലോകവാദം എത്ര വാസ്തവമായിരിക്കുന്നു. ബാല്യത്തിൽ വേണ്ടവിധം വിദ്യാഭ്യാസം ചെയ്യിക്കാത്ത അനന്തരവന്മാർ, പ്രായം പൂത്തിയാകുമ്പോൾ തന്നിഷ്ടക്കാരും താന്തോന്നികളുമായി തീർന്ന് കാരണവന്മാരോട മല്ലിടുവാൻ കച്ചകെട്ടി പുറപ്പെടുന്നതായാൽ, അവരെ ഏതൊരു ന്യായംകൊണ്ടാണ് കുറ്റക്കാരാക്കുക? അവർ കേവലം ഭക്തിയും സ്നേഹവും അനുസരണവും ഇല്ലാത്തവരായി കലാശിച്ചതിനുശേഷം അവരെക്കുറിച്ച് ആവലാധി പറകയോ, അധിക്ഷേപിക്കുകയോ ചെയ്യിട്ടു യാതൊരു പ്രയോജനവുമില്ല. ഇങ്ങിനെ ഒരു പിശുക്കനായ കാരണവന്റെ വാഴ്ചക്കാലത്ത് ജനിച്ചു വളർന്നിട്ടുള്ള ഈ വക അനന്തരവന്മാക്കു കാരണവസ്ഥാനം കിട്ടുമ്പോഴും, വിദ്യാഭ്യാസത്തെ സംബന്ധിച്ചേടത്തോളം പഴയ ചട്ടം തന്നെയാണ് നിലനില്പാനെളുപ്പമുള്ളത്. അന്നന്നു ബാലന്മാരായിട്ടുള്ളവർക്കു വിദ്യാഭ്യാസത്തിൽ ഏർപ്പെടുത്തുക എന്നത് ഗൃഹഭരണവിഷയത്തിലെ ഒരു പ്രധാനവകുപ്പാണെന്നു ധരിച്ചിട്ടില്ലാത്ത എത്രയാനും കാരണവന്മാരുടെ 'തലമുറ' കഴിയുമ്പോഴെയ്ക്കും മൂഢ പാരമ്പര്യത്തിന്റെ പരമകാഷ്ഠയിലെത്തുന്ന ഒരു തറവാടിന്റെ സ്ഥിതി എന്തായിരിക്കുമെന്നു പറഞ്ഞറിയിക്കേണ്ടതില്ലല്ലൊ.

ആൺകുട്ടികളെപ്പോലെ തന്നെ പെൺകുട്ടികളേയും വിദ്യാഭ്യാസം ചെയ്യിക്കുന്നത് അത്യാവശ്യമാണ്. പക്ഷേ, അങ്ങിനെ ചെയ്യിക്കുന്നതിൽ ചില ഉത്സാഹികളിലുള്ള പഴയ ഗൃഹസ്ഥന്മാക്ക് ഒട്ടും രസമുള്ളതായി കാണുന്നില്ല. പെൺകുട്ടികളെ പഠിപ്പിക്കുന്നതുകൊണ്ട് അവർ ധൂർത്തുകാരികളായി തീരുമെന്നതെ ഇവരുടെ ദൃഢമായ വിശ്വാസം. നമ്മുടെ ഇടയിൽ നവീനവിദ്യാഭ്യാസം സിദ്ധിപ്പാൻ ഭാഗ്യമുണ്ടായിട്ടുള്ള ചില സ്ത്രീകളുടെ നടവടിദോഷമാണ്

ഇവക്കീവിധം തെറ്റായ ധാരണയെ ജനിപ്പിച്ചിട്ടുള്ളതെന്നു പറയേണ്ടിവന്നതിൽ ഞങ്ങൾക്ക് നിവ്യാജമായ വ്യസനമുണ്ട്. ശരിയായ വിധത്തിൽ ചെയ്യപ്പെട്ടിട്ടുള്ള വിദ്യാഭ്യാസംകൊണ്ട് മനുഷ്യർ ഉവ്വത്തികളായി തീരുമെന്നുള്ളത് തീരെ അസംഭാവ്യമാകുന്നു. നിർഭാഗ്യവശാൽ ഉല്ലഭം ചിലരെ മറിച്ചു കാണുന്നുണ്ടെങ്കിൽ അതിൽ അവരുടെ വാസനാശക്തിയേയൊ, പരിചയ ഭേദത്തേയൊ മാത്രമേ കുറ്റപ്പെടുത്തുവാൻ പാടുള്ളൂ. കാരണവർ എത്രതന്നെ സമർത്ഥനായിരുന്നാലും, തറവാട്ടിലെ സ്ത്രീകൾ കേവലം വകതിരിവില്ലാത്തവരായിരുന്നാൽ, അയാളുടെ ഗൃഹഭരണം ഒരുത്തമരീതിയിൽ നടത്തപ്പെടുവാൻ പലപ്പോഴും കുഴപ്പങ്ങൾ നേരിടുമെന്നുള്ളത് നിരാക്ഷേപമാകുന്നു. സ്ത്രീകൾക്ക് പുരുഷന്മാരെ അപേക്ഷിച്ചു ഭക്ഷണം രണ്ടിരട്ടിയും, ബുദ്ധിനാലിരട്ടിയും, സാഹസം ആറിരട്ടിയും, കാമം എട്ടിരട്ടിയും, (സ്ത്രീണാം ദ്വിഗുണമാഹാരം ബുദ്ധിശ്ചാപി ചതുർഗുണാ സാഹസം ഷഡ്ഗുണം പ്രോക്തം കാമശ്ചാഷ്ടഗുണഃസ്മൃതഃ) ആണെന്നു പറയപ്പെട്ടിരിക്കുന്നു. ഈ സ്മൃതിവാക്യത്തിൽനിന്നും നാം മനസ്സിലാക്കേണ്ടത്, പുരുഷന്മാരേക്കാൾ എളുപ്പത്തിൽ സ്ത്രീകളെ വിദ്വാംസികളാക്കിതീർക്കുവാൻ കഴിയുമെന്നും, അങ്ങിനെ ചെയ്യാതിരുന്നാൽ അവരുടെ അജ്ഞതാജന്യങ്ങളായ സാഹസ പ്രവൃത്തികൾ അത്യധികം ആപല്ക്കരങ്ങളായിതീരുമെന്നുമാണല്ലൊ. ശിശുപരിപാലനം, പാചക പ്രവൃത്തിമുതലായി സ്ത്രീകൾതന്നെ നിവ്വഹിക്കേണ്ടവയായ പല ഉൽകൃഷ്ടകൃത്യങ്ങളിലും അവക്ക് പരിപൂർണ്ണമായ നൈപുണ്യം സിദ്ധിപ്പാൻ വിദ്യാഭ്യാസം ചെയ്യേ കഴിയൂ എന്നുള്ളതാണ്. സൂക്ഷ്മത്തിൽ, ഒരു കാരണവന്നു, തന്റെ ഗൃഹഭരണായോധനത്തിൽ ജയം നേടുവാനുള്ള ഒരു പ്രധാനമായ ആയുധം 'സ്ത്രീവിദ്യാഭ്യാസ'മാണെന്നുള്ളത് ലോകതന്ത്രജ്ഞന്മാർ തീച്ചപ്പെടുത്തിട്ടുള്ള ഒരു സംഗതിയാകുന്നു. ഈ വിലയേറിയ വിഷയത്തിൽ ഇപ്പോൾ ചില നാഗരികന്മാരായ ഗൃഹസ്ഥന്മാരെങ്കിലും ശ്രദ്ധവെച്ചു കാണുന്നത് ഒരു മഹത്തായ ഭാഗ്യവിശേഷമെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.

വഴിപോക്കക്ക് ചോറുകൊടുക്കുക എന്നത് ഒരു ഗൃഹഭരണകർത്താവിനാൽ അവശ്യം അനുഷ്ഠിക്കപ്പെടേണ്ടതായ ഒരു വിശിഷ്ടകൃത്യമാണെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലൊ. ഇതിൽ ചില പഴയ ഗൃ

ഹസ്ഥന്മാക്ക് കലശലായ വൈമുഖ്യം പ്രായേണ കണ്ടുതുടങ്ങിയിട്ടില്ലാത്തത് ഒരുവിധം അഭിനന്ദിക്കത്തക്കതുതന്നെ. എന്നാൽ ഈ വിഷയത്തിൽ ഇവരുടെ ശ്രദ്ധ വേണ്ടേടത്തോളവും വേണ്ടവിധവും പതിയുന്നില്ലെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. ചിലർ തങ്ങളുടെ കാരണവന്മാർ നിയമിച്ച ചട്ടമാണല്ലൊ എന്നു വിചാരിച്ചും, മറ്റുചിലർ കേവലം അഭിമാനത്തെ ആഗ്രഹിച്ചുമാണ് പ്രസൂതകൃത്യം നടത്തിപ്പോരുന്നത്. മനഃപൂർവമായ ആദരവും സൌമുഖ്യവും പ്രദർശിപ്പിക്കാതെ ചെയ്യുന്ന ഒരു സല്ക്കാരം ഉദ്ദിഷ്ടഫലത്തെ നിറവേറുന്നതിൽ അപര്യാപ്തമായിരിക്കുമെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലൊ. വല്ല വഴിപോക്കരും വന്നുകേറിയെങ്കിലോ എന്നുള്ള ഭയത്താൽ നട്ടുച്ചക്കുപോലും, പടിവാതിൽ തുറന്നിടാതെ സൂക്ഷിക്കുന്ന ചില വമ്പിച്ച തറവാടുകളും ഇല്ലെന്നില്ല. ഇങ്ങിനെയുള്ള ഒരു വീട്ടിൽ വല്ല പാവപ്പെട്ട മനുഷ്യരും വിശന്നു വലഞ്ഞു കേറിച്ചെല്ലുമ്പോൾ, അവർക്കുണ്ടാകുന്ന അനുഭവം ഗൃഹസ്ഥന്റെ ആക്ഷേപത്രുക്ഷമായ ദുഃഖപരിഷ്കാരം മാത്രമായിരുന്നാൽ അതിലധികം സങ്കടം മറ്റെന്തുണ്ട്?'

'അതിഥിർയ്യസ്യഭഗ്നാശോ ഗൃഹാൽ പ്രതിനിവർത്തതേ
തസ്മൈ സ്വപാപം തസ്യൈ തൽപുണ്യമാദായ ഗച്ഛതി'

എന്നുള്ള ധർമ്മശാസ്ത്രകാരന്മാരുടെ ഉപദേശം മേൽപറഞ്ഞ ഗൃഹസ്ഥന്മാർ ആലോചനാവിഷയമാക്കിയാൽ കൊള്ളാമെന്നിവിടെ ഒരുപേക്ഷയുണ്ട്.

അഗതികളെ രക്ഷിക്കുന്നതിലും ഗൃഹസ്ഥന്മാർ ഒട്ടും ഉദാസീനന്മാരായിരിക്കരുത്. പഠിപ്പോ, കായ്മയോ, വീര്യമോ ഒന്നുമില്ലാത്ത ചില 'വെറുംനാട'ന്മാരായ ഗൃഹസ്ഥന്മാർ ഈ മാതിരി സൽകൃത്യങ്ങളിൽ ശ്രദ്ധവെക്കാത്തതിൽ അത്രആശ്ചര്യപ്പെടാനില്ല. ഉൽകൃഷ്ടവിദ്യാഭ്യാസംകൊണ്ടു ബുദ്ധിവികാസം സിദ്ധിച്ചിട്ടുള്ള ചില 'നവീനന്മാർ'പോലും മേൽപറഞ്ഞ കൂട്ടരെ അനുകരിക്കുന്നതാണ് ശോചനീയമായിരിക്കുന്നത്. അഗതികളെ രക്ഷിക്കുക എന്നത് ഒരു മഹാപാപമാണെന്നുകൂടി ചുരുക്കം ചില 'പരിഷ്കാരി'കൾ പ്രസ്താവിച്ചതായി ഞങ്ങൾ കേൾക്കുന്നുണ്ട്. മനുഷ്യർ അഗതികളായിതീരുന്നത് അവരുടെ ദുഷ്കർമ്മംനിമിത്തമുള്ള ദൈവശിക്ഷയാണ്; അങ്ങിനെ ശിക്ഷിക്കപ്പെട്ടവരെ സഹായിക്കുന്നതുമൂലം, നാമും

ദൈവവിരോധികളായി തീരും' എന്നതത്രെ ഇവരുടെ സിദ്ധാന്തം. ഇങ്ങിനെ പറയുന്ന കൂട്ടർതന്നെ, തങ്ങളുടെ സ്നേഹത്തിനു പാത്രീഭവിച്ചിട്ടുള്ള വല്ലവരും ഏതെങ്കിലും ഒരാപത്തിൽ പെടുമ്പോൾ അവരെ ഉടൻതന്നെ അതിൽനിന്നും രക്ഷപ്പെടുത്തുവാൻ ധൃതിപ്പെടുന്നതെന്തുകൊണ്ടാണാവോ! ദാരിദ്ര്യം, മഹാരോഗം, എന്നീ ശക്തികളുടെ വിപരീതാകർഷണത്തിൽ പുററിത്തിരിയുന്ന വെറും പാവങ്ങളിൽപോലും അല്പമെങ്കിലും അലിവുതോന്നാത്ത ഈവക ഗൃഹഭരണകർത്താക്കന്മാരുടെ ഹൃദയകാഠിന്യം എത്രമാത്രം ഭയങ്കരമായിരിക്കുന്നു!

കാലക്ഷേപത്തിനു തറവാട്ടിൽ ധാരാളം സ്വത്തുണ്ടായിരിക്കുമ്പോഴും തങ്ങളുടെ ഭായ്ദിക്കളെത്തന്നെ കണക്കിലധികം കഷണിപ്പിക്കുന്ന ഒരു തരം ഗൃഹസ്ഥന്മാർ ദുർല്ലഭമല്ലാതിരിക്കെ, വഴിപോക്കർക്കു ചോറുകൊടുക്കുകയൊ, അഗതികളെ സഹായിക്കയൊ ചെയ്യാത്തവരെ കുറിച്ച് ആദ്യമായി ആവലാധി പറവാൻ പുറപ്പെട്ട ഞങ്ങളുടെ പ്രമാദത്തെ വായനക്കാർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. താൻ തറവാട്ടിലുള്ള മറ്റംഗങ്ങളാൽ കായ്മനേക്ഷണത്തിനു നിയമിക്കപ്പെട്ട ഒരാൾ ആണെന്നു മാത്രമെ ഒരു കാരണവനു ശരിയായി വിചാരിപ്പാൻ പാടുള്ളു. ഈ സ്ഥിതിക്ക് തറവാട്ടു മുതലെല്ലാം തന്റെ ഇഷ്ടത്തിനും സുഖവൃത്തിക്കും മാത്രമായി വിനിയോഗിക്കുകയും, ശേഷക്കാരെ കേവലം പട്ടിണിക്കിട്ടു ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന കാരണവന്റെ ആ പ്രവൃത്തി എത്രത്തോളം ന്യായമുള്ളതാണ്.

ഏകാകീ മിഷ്ടമശ്നാതി ശ്ലേഷ്മകുണ്ഡം പ്രയാതി സഃ
പൂർണ്ണമബ്ദശതം ചൈവ തൽഭോജീ തത്ര തിഷ്ഠതി'

എന്നുള്ളത് ഈ വകക്കാരുടെ ഉള്ളിൽ ശിലാരേഖപോലെ പതിഞ്ഞു കിടക്കേണ്ടതായ ഒരു പ്രമാണവചനമാകുന്നു. പണ്ടൊരു കാരണവൻ 'ഉപ്പില്ല, മുളകില്ല എന്നൊക്കെ കേൾപ്പാനല്ല ഞാനിരിക്കുന്നത്; ഗൃഹഭരണം ചെയ്യാനാണ്' എന്നു പറഞ്ഞതായി കേട്ടിട്ടുണ്ട്. മൂപ്പർ ഗൃഹഭരണം എന്നുവെച്ചാൽ എന്താണെന്നാണാവൊ ധരിച്ചിട്ടുള്ളത്. ഈ മാതിരി കാരണവന്മാരുടെ ഭരണത്തിൻ കീഴിൽ വെറും 'അടിമ'കളെപ്പോലെ കാലക്ഷേപം ചെയ്യേണ്ടിവരുന്ന അനന്തരവന്മാരുടെ നിർഭാഗ്യമല്ലെ നിർഭാഗ്യം? ഇവക്ക് അ

ന്യന്മാരെ ആശ്രയിച്ചോ മറ്റൊ സുഖമായി കാലക്ഷേപം ചെയ്യാമെന്നുവെച്ചാൽ അതിന്നു തറവാട്ടിന്റെ 'ആസ്ഥ'യും, 'അവസ്ഥ'യും അനുവദിക്കുന്നതുമല്ല.

ഇത്രത്തോളം പറഞ്ഞതിൽവെച്ച് ഇപ്പോൾ നമ്മുടെ ഇടയിൽ വേണ്ടവിധം ഗൃഹഭരണം ചെയ്യുന്ന കാരണവന്മാർ തീരെ ഇല്ലെന്നൊ, അനന്തരവന്മാരെല്ലാം നിർദ്ദോഷികളാണെന്നൊ ആണ് ഇവിടെ വിശ്വാസമെന്നാരും ധരിച്ചുപോകരുത്. യാതൊരഴിമതിയും കൂടാതെ തറവാട്ടു ഭരിച്ചുപോരുന്ന ശ്രദ്ധാലുക്കളായ കാരണവന്മാരെക്കൂടി വഴക്കടിച്ചു കഠിനഹൃദയന്മാരാക്കിത്തീർക്കുന്ന അനന്തരവന്മാരെ ഞങ്ങൾ വിസ്മരിക്കുന്നില്ല. തറവാട്ടുകാര്യമായ യാതൊരു കാര്യത്തിലും ഏർപ്പെടാതെ സുഖമായി ഭക്ഷണവും കഴിച്ചിരുന്ന് കാരണവന്റെ വീഴ്ചകൾ കണ്ടുപിടിച്ച് ആക്ഷേപിക്കുകയല്ല ഒർനന്തരവന്റെ കർത്തവ്യകർമ്മം. ഒരുകാലത്തു താൻ കാരണവനാകുമ്പോൾ തന്നെ അനന്തരവന്മാർ സഹായിക്കണമെങ്കിൽ താൻ തന്റെ കാരണവനെ സാഹായിച്ചുംകൊണ്ടിരിക്കണമെന്നത്രേ എല്ലാ അനന്തരവന്മാരും മനസ്സിലാക്കേണ്ടത്. ഈ വക തത്വങ്ങളെപ്പറ്റി പയ്യാലോചിക്കാത്ത ചില അവിവേകികളായ അനന്തരവന്മാർ നിമിത്തം പല ഉൽകൃഷ്ട തറവാട്ടുകാര്യങ്ങളും ഉടവു തട്ടിട്ടുള്ളതും തട്ടാവുന്നതുമാണെന്നു സമ്മതിച്ചേ തീരൂ.

ഒരു ഗൃഹഭരണകർത്താവായ കാരണവൻ തന്റെ അയൽവാസികളോടു രഞ്ജിപ്പില്ലാതിരിക്കുന്നത് മഹാ അബദ്ധമാകുന്നു. എത്ര ദ്രവ്യപുഷ്ടിയും, കായ്ശേഷിയും ഉണ്ടായിരുന്നാലും, ആക്കൂട്ടർ അന്യജനങ്ങളുടെ സാഹായ്യം എപ്പോഴും ആവശ്യമായിരിക്കും. ആകയാൽ സമീപസ്ഥന്മാർക്കു തന്റെ പേരിൽ സ്നേഹവും ബഹുമാനവും ഉണ്ടാകത്തക്കവിധം പ്രവൃത്തിക്കേണ്ടത് ഒരു ഗൃഹസ്ഥന്റെ മുമതലയാകുന്നു. ഒരു വലിയ 'ജന്മി'യായ ഗൃഹസ്ഥന്ന് അദ്ദേഹത്തിന്റെ അയൽവാസികൾ മിക്കപേരും കുടിയാന്മാരായിരിപ്പാനിടയുള്ളതുകൊണ്ട് അവരുടെ പ്രീതിസമ്പാദിക്കുക എന്നത് ഒട്ടും ദുഷ്കരമല്ല. പക്ഷെ നമ്മുടെ ചില ജന്മിമാർ ധനലോഭത്തിന്റെ മൂഢന്യത്തായും മറ്റും ചുറ്റുമുള്ളവരെ പരമ ശത്രുക്കളാക്കുകയാണ് ചെയ്യുന്നത്. ഇവരുടെ മാതിരി കണ്ടാൽ പരദ്രോഹം 'ജന്മിതം'ത്തിന്റെ ഒരംശമായിരിക്കുമോ എന്നേവനും തോന്നിപ്പോ

കും. ഒരു കുടിയാനവൻ പാട്ടം തീർത്താൽ അപ്പോൾ 'മുറി'കൊടുക്കാതെ 'ഉരുട്ട്'പറഞ്ഞയയ്ക്കുകയും ആ തീർത്ത പാട്ടംതന്നെ രണ്ടാമതും അവനോടു വസൂലാക്കുകയും ചെയ്യുന്ന ജന്മികൾകൂടി നമ്മുടെ ഇടയിൽ ഉണ്ടെന്നു പറഞ്ഞാൽ പക്ഷേ വായനക്കാർ വിശ്വസിക്കയില്ലായിരിക്കാം. യഥാകാലം പാട്ടവും മറവും പിരിക്കാതെ കുടിശ്ശികയാക്കിനിർത്തി മുതലും പലിശയും എല്ലാംകൂടെ കൊടുത്തു തീർപ്പാൻ കഴിവില്ലാതെ വരുന്ന കുടിയാനവന്മാരെ ഒടുവിൽ വ്യവഹാരംകൊണ്ടുംമറവും അളവില്ലാതെ നഷ്ടപ്പെടുത്തി കുഴക്കിലാക്കുന്ന മറ്റൊരുതരം ജന്മികളും ചുരുക്കമല്ല. വല്ല ഇച്ഛമായ സംഗതിയാലും മുൻകുടിയാനവനോടു മുഷിഞ്ഞ് വസൂ 'മേൽചാർത്തു കൊടുക്കുക', 'കുടിയിറക്കി അയയ്ക്കുക' മുതലായ അനീതികൾ പ്രവൃത്തിക്കുന്നത് തറവാട്ടിനു എല്ലാവിധത്തിലും അനർത്ഥകാരണമായി പരിണമിക്കുമെന്നുള്ളത് അനുഭവസിദ്ധമായ ഒരു വാസ്തവമാകുന്നു. ഗൃഹഭരണത്തെ നാം ഒരു തീക്കപ്പലിനെപ്പോലെയൊ തീവണ്ടിയെപ്പോലേയൊ കരുതുകയാണെങ്കിൽ അതിലെ അഗ്നിയും ജലവും ഗൃഹസ്ഥന്റെ സത്യവും നീതിയുമാണെന്നുള്ളതിൽ സംശയമില്ല. ആകയാൽ ഇതുകൊണ്ടു യാതൊരു ഹാനിയും സംഭവിക്കാതെ സൂക്ഷിച്ചിരുന്നാൽ മാത്രമേ ഒരു ഗൃഹഭരണകർത്താവിന്റെ പരിശ്രമം ശ്രേയസ്കരമായി തീരുകയുള്ളുയെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ.

വള്ളത്തോൾ നാരായണമേനോൻ.

ആംഗ്ലേയാചാരവിധി

മനുഷ്യർ സ്വതേ സ്വാർത്ഥബുദ്ധികളാണെന്ന് ചില ഇംഗ്ലീഷ് ധർമ്മശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ജനസമുദായത്തിന്റെ ഉല്പത്തിയെപ്പറ്റി സൂക്ഷ്മാന്വേഷണം ചെയ്തിട്ടുള്ള ഹോബ്സ് മുതലായ ആംഗ്ലേയ പണ്ഡിതന്മാർ അയ്യ മനുഷ്യർക്ക് സാമൂഹ്യമായിട്ടുള്ള സ്വാർത്ഥൈകതല്പരതയുടെ സന്താനമാണെന്നു കണ്ടിരിക്കുന്നു. കേവലം പരാർത്ഥത്തെ മാത്രം ഉദ്ദേശിച്ചു പ്രവൃത്തിപ്പാൻ തോന്നിക്കുന്നതായ യാതൊരു മനോഗുണവും നമുക്കില്ലെന്നാണ് ഈ മഹാന്മാരുടെ അഭിപ്രായം. ലോകത്തിൽ സൽക്കർമ്മങ്ങൾ ചെയ്യുന്നത്

ഐഹികമായോ പാരത്രികമായോ ഉള്ള സുഖത്തെ കാംക്ഷിച്ചു മാത്രമാണെന്ന് ഇവർ സിദ്ധാന്തിക്കുന്നു. എന്നാൽ സ്വരാജ്യത്തിനേറയും സ്വജനങ്ങളുടേയും ഗുണോൽക്കർഷത്തെ മാത്രം ഉദ്ദേശിച്ച് പ്രാണത്യാഗംകൂടി ചെയ്യിട്ടുള്ള വളരെ ആളുകൾ എല്ലാ ജാതിക്കാരിലും, വിശേഷിച്ചും, മരണശേഷം എനി ഒരു ലോകത്തിൽ അധിവസിക്കാൻ സംഗതിവരുമെന്നുള്ളതിനെപ്പറ്റി സംശയസ്ഥന്മാരായിട്ടുള്ള ചിലരുടെ ഇടയിലും ഉണ്ടായിട്ടുണ്ടെന്നുള്ളത് പല വിധത്തിലും തെളിവായിരിക്കുന്ന സ്ഥിതിക്ക് മേൽപറഞ്ഞ സിദ്ധാന്തത്തെ കയ്യൊള്ളുവാൻ വളരെ ആലോചിച്ചിട്ട വേണ്ടിയിരിക്കുന്നു. ഭഗവൽഗീതയിൽ ശ്രീകൃഷ്ണൻ

'ആത്മൌപമ്യേന സർവ്വത്ര
സമം പശ്യതി യോർജ്ജുന
സുഖം വാ യദി വാ ദുഃഖം
സ യോഗിപരമോ മതഃ'

എന്നുപറഞ്ഞിട്ടുള്ളതിലും, അതേ അർത്ഥത്തിൽതന്നെ ക്രിസ്തു തന്റെ ശിഷ്യന്മാരോടു പറഞ്ഞിട്ടുള്ള വാക്യത്തിലും, മനുഷ്യർ സാധാരണയായി തങ്ങളേക്കാൾ അധികമായി മറ്റാരേയും സ്നേഹിക്കുന്നില്ലെന്നുള്ള സംഗതി അന്തർഭവിച്ചിട്ടുണ്ടെങ്കിലും, ഈ മഹാന്മാരുടെ വാക്കുകൾ 'സ്വാർത്ഥ'സിദ്ധാന്തത്തെ പ്രബലപ്പെടുത്തുന്നുണ്ടെന്നു ഒരിക്കലും പറഞ്ഞുകൂടാ.

ഏതുവിധമെങ്കിലുമായിക്കോട്ടെ. ഈ സംഗതിയെപ്പറ്റി ആലോചിച്ചാലോചിച്ച് തലക്കാച്ചിൽ പിടിപ്പിപ്പാൻ തൽക്കാലം വിചാരിക്കുന്നില്ല. എന്നാൽ, സ്വാർത്ഥതല്പരതയിൽനിന്നൊ, ജനങ്ങൾ സ്വാർത്ഥനിഷ്ഠയോടുകൂടിയവരാണെന്നുള്ള ബോധത്തിൽനിന്നൊ, ഉൽഭൂതമായിട്ടുള്ളതാണ് ഇംഗ്ലീഷിൽ 'ഏററിക്കേറ്റ്' എന്ന പദംകൊണ്ടു സൂചിക്കുന്നതായ ആചാരവിശേഷം എന്നുള്ളതിനെപ്പറ്റി പക്ഷാന്തരമുണ്ടാവാൻ തരമില്ല. ഇഹലോകത്തിൽ സുഖമായി ജീവിച്ചിരിക്കേണ്ടതിനു വേണ്ട സൌകര്യങ്ങൾ മറ്റുള്ളവരിൽനിന്ന് നമുക്ക് ലഭിക്കേണമെങ്കിൽ ആ വക സൌകര്യങ്ങൾ മറ്റുള്ളവർക്കും ഉണ്ടാക്കിക്കൊടുക്കേണ്ടത് ആവശ്യമാണെന്നുള്ള സത്തായ ധാരണയാണ് ഇതിന്റെ അടിസ്ഥാനം. സ്വാർത്ഥസിദ്ധിക്ക് തങ്ങൾ അപരന്മാരുടെ ഗുണോൽക്കർഷത്തെ മാത്രമെ ഇച്ഛിക്കുന്നു

ള്ള എന്ന രണ്ടർത്ഥം ധരിപ്പിക്കേണ്ടതാണെന്നുള്ള ശ്രദ്ധതപം ആംഗ്ലേയന്മാർ വഴിപോലെ ധരിച്ചിട്ടുണ്ട്. സ്നേഹിതന്മാരായിട്ടുള്ള സംഭാഷണങ്ങൾക്കിടക്ക് ചിലപ്പോൾ ഉള്ളിൽ ലേശം സന്തോഷമില്ലെങ്കിലും ചിലർ ഒരു ഭാഗത്തേക്കു മാത്രം ചിരി ഒന്നു കോടിച്ച് പുഞ്ചിരികൊള്ളുകയും മറ്റു ചില സമയങ്ങളിൽ കണ്ണുരണ്ടും തുറിച്ച് വായ പകുതി തുറന്ന് ഒന്നു പിന്നോക്കം മാറുകയും മറ്റും ചെയ്യുന്നത് ഈ തത്പം ഗ്രഹിച്ചിട്ടുണ്ടെന്നുള്ളതുകൊണ്ടല്ലാതെ വെറും ഗോഷ്ടികളാണെന്നു വിചാരിച്ചുകൂടാ. ഈ ധാരണയുടെ ഫലമായി ഓരോരുത്തരുടേയും സൌകര്യത്തിനു വേണ്ടി ആംഗ്ലേയജനസാമാന്യം എടുപ്പെട്ടുത്തിട്ടുള്ള ചില നിശ്ചയങ്ങളാണ് ഇപ്പോൾ ആലോചനക്കു വിഷയമായി തീർന്നിരിക്കുന്നത്. ഈ നിശ്ചയങ്ങളെ തെറ്റി നടക്കുന്നത് പഞ്ച മഹാപാപങ്ങളിൽ ഉൾപ്പെടാത്തതും, എന്നാൽ അതുകളേക്കാൾ ഘോരമായിട്ടുള്ളതും ആയ വേറെ ഒരു മഹാപാപമാണെന്നാണ് വിചാരിച്ചുവരുന്നത്. മറ്റുള്ള പാപകർമ്മങ്ങൾ പരലോക സൌഖ്യത്തിന് തടസ്ഥമായി ഭവിക്കുമെന്നു മാത്രമെ ഉള്ളൂ. എന്നാൽ ഈ ആറാമത്തെ പാപം പരലോക സൌഖ്യത്തേക്കാൾ എത്രയൊ പ്രാധാന്യമേറിയതാണെന്ന് ചിലർ വിചാരിച്ചുവരുന്ന ഐഹിക സൌഖ്യത്തെകൂടി ഇല്ലാതാക്കുന്നതാണ്. ഇങ്ങിനെയുള്ള നിശ്ചയങ്ങളെ സംബന്ധിച്ച് വല്ലതും ചിലത് അറിഞ്ഞിരിക്കേണ്ടതല്ലെ.

വീട്ടിലുള്ള സമയത്ത ഇല്ലെന്നു പറയുകയും, എലിയിൽ ചോറു വിളമ്പി കൈകൊണ്ട ഭക്ഷിക്കുന്നത് പാപകർമമാണെന്ന് കരുതുകയും മറ്റും (മേറ്റ്' എന്നു പറഞ്ഞതുകൊണ്ട് അവ്യാപ്തി ദോഷം തീർന്നിരിക്കുമല്ലൊ) ചെയ്യേണ്ടതാണെന്ന് നമ്മെ പഠിപ്പിക്കുന്ന ഒരു ശാസ്ത്രമാണ് 'ആംഗ്ലേയാചാരവിധി' എന്ന് ഓരോ മഹാന്മാർ സവിശേഷം വിവരിച്ചിരിക്കുന്നു. ഇതിനെ സംബന്ധിച്ചുള്ള സകല വിവരങ്ങളും ഗ്രഹിക്കേണമെങ്കിൽ അച്ചടിച്ചു നല്ലവണ്ണം ബൈണ്ടുചെയ്തിട്ടുള്ള വല്ല ഇംഗ്ലീഷു പുസ്തകങ്ങളും വായിക്കാതെ കേവലം വിശേഷബുദ്ധികൊണ്ടു മാത്രം സാധിക്കുമൊ എന്നു സംശയമാണ്. ദൃഷ്ടാന്തത്തിന്ന്, മറ്റുള്ളവരെന്നിച്ച് വെടിപറയുന്നതിനിടക്ക്, അനാവശ്യമായി കൂടക്കൂടെ 'ക്ഷ്' 'ക്ഷ്' (?) എന്നു ഉച്ചരിക്കുന്നത് തെറ്റായിട്ടുള്ളതാണെന്ന് എത്ര പേർ ധരിച്ചിട്ടുണ്ട്?

എന്നാൽ നഖണയും മുഖസ്തുതിയും കൂടാതെ സൌഖ്യമായി കാലക്ഷേപം ചെയ്യാമെന്നു വിചാരിക്കുന്നത്, കാപ്പിക്കും, ചായക്കു സേലക്കും, എരട്ടക്കുതിരവണ്ടിക്കും, വേറെ ചില സാധനങ്ങൾക്കും വിലയില്ലാതെകണ്ടു വരുന്ന കാലത്തെ സാധിക്കയുള്ളു എന്നുള്ള സൂക്ഷ്മം മനസ്സിലാക്കിട്ടുള്ളവർ നഖണയും മുഖസ്തുതിയും തട്ടിവിടേണ്ടതു് ഇന്നിന്ന ദിക്കുകളിലാണെന്നു് നമുക്കറിഞ്ഞുകൂടെ. അതിനാൽ ഈ വക പുസ്തകങ്ങൾ വായിച്ചു ബുദ്ധിമുട്ടുന്നതെന്തിനായിട്ടാണ' എന്നു് പക്ഷേ ചോദിക്കുമായിരിക്കാം. ഈ വിചാരം തീരെ തെറ്റായിട്ടുള്ളതാണു്. ചില സംഗതികൾ മറ്റുപ്രകാരത്തിൽ അറിവാൻ സാധിക്കുമെങ്കിലും, മറ്റു ചില സംഗതികൾ പുസ്തകാപേക്ഷകൂടാതെ മനസ്സിലാക്കുവാൻ ഒരിക്കലും സാധിക്കയില്ല.

ഒരാൾക്കു് പോകുവാൻ മാത്രം വിസ്താരമുള്ള ഒരു ഇടവഴിയിൽ കൂടി നാമാരെങ്കിലും പോകുമ്പോൾ അപരിചിതനായ ഒരുവനെ കണ്ടുമുട്ടിയാൽ കയ്യിലുള്ള കുടകൊണ്ടു് അയാളുടെ മാറത്തു കുത്തി അയാളെ ചാലിലേക്കൊ വല്ല പൊട്ടക്കിണറിലേക്കൊ തട്ടിയിട്ടുന്നതു് ഇംഗ്ലീഷാചാരങ്ങൾക്കു് വിരുദ്ധമായിട്ടുള്ളതാകുന്നു. അങ്ങിനേയുള്ള അവസരങ്ങളിൽ കൈരണ്ടും കൂപ്പായക്കീശയിൽ നിന്നൊട്ടുക്കാതെ കടന്നുപോകുന്നതക്കവണ്ണം വഴിവിട്ടുതരുവാൻ അയാളോടു താഴ്മയൊടും പക്ഷെ ഗൌരവംവിടാതെയും അപേക്ഷിക്കണം. നമ്മുടെ വല്ല സ്നേഹിതന്മാരുടേയും ക്ഷണനപ്രകാരം അവരുടെ വീട്ടിൽ ചെന്നാൽ കാപ്പിയ്ക്കൊ ; പലഹാരത്തിന്നൊ സ്വാദു പോരെന്നുവെച്ചു് അവിടെയുള്ള പാത്രങ്ങൾ തട്ടിയുടയ്ക്കുകയൊ, ചൂട കാപ്പിയെടുത്തു് അടുത്തുള്ള സ്നേഹിതന്റെ തലയിൽ ഒഴിക്കുകയൊ ചെയ്യുന്നതും തെറ്റായിട്ടുള്ളതാകുന്നു. ബ്രഹ്മസൃഷ്ടിയുടെ വല്ല തകരാറുനിമിത്തം മൂക്കത്തു് വല്ല മുഴയൊമറ്റൊ ഉള്ള സ്ത്രീകളോടു പണമിടപെട്ട കാര്യത്തെപ്പറ്റി വളരെ നേരം സംസാരിച്ചതിന്റെ ശേഷം ഒടുവിൽ 'ഞാൻ ഈ പറഞ്ഞ സംഗതികളെല്ലാം നിങ്ങളുടെ മൂക്കത്തു് മുഴയുണ്ടെന്നുള്ളേടത്തോളം സൂക്ഷ്മമാണ്' എന്നു ഒരിക്കലും പറഞ്ഞുപോകരുതു്. അതുപോലെതന്നെ, ഒരു വിരലിൽ അധികം നിളമുള്ള രണ്ടു പല്ലുകളും, സാധാരണ ജനങ്ങൾക്കില്ലാത്ത ദേഹപുഷ്ടിയുമുള്ള വല്ല സ്ത്രീകളും ആ ഭവനത്തിലുണ്ടെങ്കിൽ 'വമ്പേഴം കൊമ്പനാനെ' എന്നു് അവസാനിക്കുന്ന വല്ല ശ്ലോകവും അന്യാപദേശത്തിൽ

ചൊല്ലിപ്പോകാതിരിപ്പാൻ മനസ്സുവെക്കേണ്ടതാണ്. പുസുകാപേക്ഷകൂടാതെ ഈവക സംഗതികളെ മനസ്സിലാക്കുന്നത് ഏതു വിധമാണെന്നറിഞ്ഞാൽ കൊള്ളാം.

ഈ വിഷയത്തെ പ്രതിപാദിക്കുന്നതിനു യാതൊരു പുസുകവും മലയാളത്തിലില്ലാത്തത് ഒരു ന്യൂനത തന്നെ. ഇതു നിമിത്തം ഇംഗ്ലീഷു പഠിക്കാത്ത മലയാളികൾക്ക് ഇതിനെ സംബന്ധിച്ചുള്ള അറിവ് വളരെ തുച്ഛമായിരിക്കുന്നു. എന്നാൽ അവർ ചില കാര്യങ്ങൾ ധരിച്ചിരുന്നാൽ നന്ന്. ഒന്നാമത്, നമ്മ ആരോടെങ്കിലും, എപ്പോഴെങ്കിലും ഉചിതം പോലെ പറയുന്നത് വിധിക്കപ്പെട്ടിട്ടുള്ളതാണെങ്കിലും 'പച്ചപ്പച്ചമാത്രം' ഒരിക്കലും പറഞ്ഞുപോകരുത്. എന്തെന്നാൽ സാധാരണയായി മനുഷ്യക്ക് ഗുണങ്ങളേക്കാൾ അധികം ദോഷങ്ങളാണ് ഉണ്ടായിരിക്കുക. അതിനാൽ ഈ സംഗതി മനസ്സിലാക്കാത്തവൻ സംസാരത്തിന്നിടയ്ക്ക് ചിലപ്പോൾ തന്റേയും ചിലപ്പോൾ മറവുള്ളവരുടേയും ദോഷങ്ങൾ വെളിപ്പെടുത്തുവാൻ ഇടയുള്ളതിനാൽ മറവുള്ളവരുടെ മുഷിച്ചിലിന്നും തനിക്ക് ദോഷത്തിന്നും സംഗതിയാകുന്നതാണ്. സന്മാർഗ്ഗവിഷയത്തെപ്പറ്റി പ്രസംഗിക്കുന്ന കൂട്ടർ 'എല്ലായ്പോഴും സത്യം പറയണം, മനസ്സാക്ഷിക്കു വിരോധമായ കർമ്മം ചെയ്കരുതെ' എന്നെല്ലാം ഉപദേശിച്ചാലും ഈ വകയൊന്നും നമ്മുടെ ലോകത്തിൽ പ്രവർത്തിയില്ലെന്നു വെച്ച് ആ ഉപദേശങ്ങളിൽ അത്ര വകവെയ്ക്കാതിരിക്കുന്നതാണ് നല്ലത്.

അപരിചിതന്മാരോടു പരിചയമാകുവാൻ മൂന്നാമതൊരാളില്ലാതെ ഒരിക്കലും സംസാരിച്ചുപോകരുതെന്നുള്ള നിശ്ചയം വെള്ളക്കാരുടെ ഇടയിൽ വളരെ കാലത്തോളം പ്രബലപ്പെട്ടിരുന്നു. എന്നാൽ മുങ്ങിച്ചാകുവാൻ ഭാവിക്കുന്ന ഒരു സായ്പിനെ കണ്ടുംകൊണ്ടുനിന്നിരുന്ന മറ്റൊരു സായ്പ് ആദ്യത്തെ ആളായി പരിചയമാകുന്നതിന്ന് മൂന്നാമതൊരുവനെ കൂട്ടികൊണ്ടുവരുന്നതിന്നു മുമ്പിൽ സാധു സായ്പ് ചത്തുപോയതിനാൽ ഈ നിയമത്തിന്ന് അല്പം ഭേദംവരുത്തിയതായി കേൾക്കുന്നുണ്ട്.

വേറെ ഒരു സംഗതി ധരിക്കാനുള്ളത്, 'കൈയ്യുത്തിന്ന് കഴുക്കോലും പിടിക്കണം' എന്നുള്ള പ്രമാണം സ്ഥായിയായി വെച്ചുകൊള്ളാതെ നീവൃത്തിയില്ലെങ്കിലും, തങ്ങളേക്കാൾ ബുദ്ധികൊണ്ടും,

അറിവുകൊണ്ടും സ്ഥാനമാനങ്ങൾകൊണ്ടും യോഗ്യതയേറിയവരെ, അവരെക്കൊണ്ട് തങ്ങൾക്ക് യാതൊരു ഗുണവും ഉണ്ടാവാൻ ഇടയില്ലെന്ന സൂക്ഷ്മത്തോളം അറിഞ്ഞുവശായാൽ, തുണത്തോളം ബഹുമാനിക്കാതിരിക്കുന്നത് നല്ല നടത്തയായിട്ടാണ് വിചാരിച്ചുവരുന്നത്. ദരങ്കികനായുള്ളവർ സ്വാഭിമാനത്തോടുകൂടിയവരാണെന്ന് പറയപ്പെടുന്നു.

മേൽകാണിച്ച സംഗതികളേക്കാൾ ഒട്ടും അപ്രധാനമല്ലാത്ത വേറെ ഒരു സംഗതികൂടി ധരിക്കേണ്ടതായിട്ടുണ്ട്. നമുക്കു പരിചയമുള്ള ഒരാൾക്ക് വല്ല ആപത്തും സംഭവിച്ചെങ്കിൽ ആ സംഭവം കഴിഞ്ഞ് ഒരാഴ്ച കഴിയുന്നതിനു മുമ്പ് ഒരു ദിവസം അവിടെ പരിഭ്രമിച്ച് ഓടിച്ചെന്ന് 'നിങ്ങളുടെ ഈ ദുരവസ്ഥയിൽ ഞാൻ മനപ്പൂർവ്വം പങ്കുകൊള്ളുന്നു' എന്നു പറഞ്ഞേച്ചു പോരണം. അതുപോലെത്തന്നെ അയാൾക്ക് ഗുണകരമായ വല്ല കാര്യവും സംഭവിച്ചെങ്കിൽ ഒരു അനുമോദനകത്ത് അയക്കേണ്ടതും ആവശ്യമാണ്. പക്ഷെ അങ്ങിനെയുള്ള എഴുത്തിൽ തനിക്ക് കടം കിട്ടുവാനുള്ള സംഗതിയെപ്പറ്റി ഒന്നും പ്രസ്താവിച്ചുപോകരുത്. വളരെ വിസ്തരിച്ചും വാചക ഭംഗിക്കു കുറവു കൂടാതേയും എഴുതേണ്ടിവരുന്ന കത്തുകൾ പെട്ടെന്നു തയ്യാറാക്കുവാൻ ശീലം കുറഞ്ഞ ആളുകൾ ഓരോരുത്തരെ ഉദ്ദേശിച്ച്, ചില അനുശോചനകത്തുകളും, അനുമോദനകത്തുകളും കാലേകൂട്ടി തയ്യാറാക്കിവെക്കുന്നത് നന്നായിരിക്കും.

നമ്മുടെ പണ്ടത്തെ ആളുകൾക്ക് ഈവക കാര്യങ്ങൾ ഒന്നും തന്നെ നിശ്ചയമുണ്ടായിരുന്നില്ലെന്നു വിചാരിച്ചുകൂട. ഏതോ ഒരു കന്യകയെ കിട്ടേണമെന്നുള്ള അത്യാഗ്രഹം നിമിത്തം വില്ലൊടിക്കാൻ ചെന്ന ജരാസന്ധൻ 'പല്ലുപോയ വില്ലായനമേ' എന്നുള്ള പരിഹാസ്യ വാക്യം ശിഷ്ടമുള്ളവർക്ക് പറവാൻ ഇടയാക്കി തീർത്തതുപോലെ ഭൂമീദേവിയുമായി ഒരു കൂടിക്കാഴ്ച കഴിച്ചുവെച്ചെങ്കിലും, തൽക്ഷണം കൊഴിഞ്ഞുപോയ പല്ലുകൾ പെറുക്കി വായിലിട്ടുകൊണ്ട് യാതൊരു ഭാവഭേദവുംകൂടാതെ അവിടെന്നു എഴുന്നീറ്റു നടന്ന സംഗതി വിചാരിക്കുമ്പോൾ, അങ്ങിനെയുള്ള വൈഷമ്യാവസ്ഥകളിലും 'ഡിഗ്നിറ്റി' വിടരുതെന്നുള്ള താത്പര്യം അദ്ദേഹം മനസ്സിലാക്കീട്ടുണ്ടെന്നു ഊഹിപ്പാൻ ധാരാളം വഴിയുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ ചായം പുറത്താക്കുന്നതിന്ന് പുറപ്പെട്ട് ഏഷണി

പ്രിയന്മാരായ രണ്ടു ബ്രാഹ്മണർ വളരെ പണിപ്പെട്ട അദ്ദേഹത്തിന്റെ വായ തുറപ്പിച്ച് പല്ലുകൾ താഴെ വീഴിച്ചത് ഇപ്പോഴത്തെ വല്ല ദൊരമാരും കണ്ടെങ്കിൽ ഉടനെ 'എബ്സ്ലൂഡ്' എന്നു പറഞ്ഞേനെ.

സാധുവായ ധർമ്മപുത്രക്ക് ഇതിന്റെ ഗ്രഹിതം നന്നേ കുറവാണെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. ഉത്തരൻ ജയിച്ചു എന്നുള്ള സന്തോഷവർത്തമാനം കേട്ട് കൃതാർത്ഥതയോടു കൂടിയിരുന്ന വിരാടരാജാവിന്റെ മുമ്പിൽ ചെന്ന് "ഉത്തരനല്ല ജയിച്ചത്" എന്നുള്ള പച്ചപ്പരമാർത്ഥം ധർമ്മപുത്രർ എഴുന്നെള്ളിച്ചതു നിമിത്തം അദ്ദേഹത്തിനു തക്കതായ ശിക്ഷ കിട്ടിയ കഥ വായനക്കാർക്കു നിശ്ചയമുണ്ടായിരിക്കാം. പരമശുദ്ധനായ ധർമ്മപുത്രരുടെ അറിവില്ലായ്മയെ കാട്ടി വ്യസനിക്കുകയെ നിവൃത്തിയുള്ളൂ.

കുഞ്ചൻനമ്പ്യാരുടെ തുള്ളലുകളിൽ നിന്നെടുത്തു താഴെ കാണിച്ചിട്ടുള്ള വരികളിലെ ചില അക്ഷരങ്ങൾ ഒരു ക്രമം അനുസരിച്ചു വായിച്ചു നോക്കിയാൽ 'എററിക്കേറെ' എന്ന പദം ആയിതീരുന്നത് അദ്ദേഹം കരുതി പ്രയോഗിച്ചതൊ അല്ലയൊ എന്നുള്ള സംഗതി വായനക്കാർ തീർച്ചയാക്കട്ടെ.

[1]എന്നാലിനിയൊരു കഥയുരചെയ്യാം—കൃഷ്ണാർജ്ജുനവിജയം.

[2]മാറിതപത്തൊഴിലിന്നേറമഹതപം— പാത്രചരിതം.

[3]മാനക്കേടുവരുത്തീടരുതേ— സീതാസ്വയംബരം.

[4]കുറവേറനിനക്കുണ്ടെന്നാലും— ടി.

എന്നാൽ നമ്മുടെ ഇടയിൽ പൊട്ടശ്ലോകങ്ങൾ ഉണ്ടാക്കിയും മേനിപറഞ്ഞും മറവു പല ശോഷ്ഠികൾ കാണിച്ചും പരോപദ്രവം ചെയ്തു കാലക്ഷേപം കഴിച്ചുവരുന്ന 'ധീരോദാത്തന്മാർ' തങ്ങളുടെ സൌഖ്യം മാത്രമെ നോക്കുന്നുള്ളു എന്നു വിചാരിപ്പാൻ ഇടയുള്ളതിനാൽ ഇങ്ങിനെയുള്ള ചില ആചാരങ്ങൾ നമ്മുടെ ഇടയിലും നടപ്പാക്കേണ്ടതു് ആവശ്യമാണെന്ന് ഞാൻ അറിയാതിരിക്കുന്നില്ലെങ്കിലും 'മനുഷ്യരുടെ ആയുഷ്കാലം പരിമിതവും ദുഃഖഭൂയിഷ്ഠവുമാണെ'ന്ന് പണ്ടൊരു മഹാൻ പറഞ്ഞിട്ടുള്ള അവസ്ഥക്ക് എന്ത്. ഭരസൌകര്യങ്ങൾ നേരിട്ടാലും ഇതേവരെ കഴിഞ്ഞ മാതിരി മേലാലും കഴിയട്ടെ എന്നു മാത്രമെ ഞാനും എന്റെ കൂട്ടക്കാരും വിചാരിക്കുന്നുള്ളൂ.

കോരപ്പപ്രഭൃ.

അന്ധവിശ്വാസം

കാര്യകാരണങ്ങളുടെ ഈ വൈജാത്യത്തെ നിവ്വചിക്കുമ്പോൾ ജഗൽക്കാരണത്തെപ്പറ്റിയുള്ള അറിവ് നമുക്ക് ചിന്തിക്കേണ്ടിവരുന്നു. ഒരേ മൂലത്തിൽനിന്ന് വിപരീതഗുണങ്ങളോടുകൂടിയ പ്രവൃത്തികൾ പുറപ്പെടുന്നു. ഉറക്കം നമ്മുടെ വിചാരധാരയുടെ സങ്കേതങ്ങളെ മാറിക്കളയുമ്പോൾ ഇച്ഛകളെല്ലാം ഉടനെ പ്രവൃത്തികളായി ഫലിക്കുന്നു. ബുദ്ധിമാൻ ആത്മജ്ഞാനത്തിനായി സ്വപ്നങ്ങളെ സൂക്ഷിച്ചു മനസ്സിലാക്കുന്നു. സ്വപ്നത്തിലെ സംഗതികളെ എപ്പോഴും ഓർമ്മിക്കുന്നത് പ്രയാസം; പോക്കു മനസ്സിലാക്കാം. അതു നമുക്ക് ഉത്സാഹമൊ വൈമനസ്യമൊ ഉണ്ടാക്കുന്നത് എന്നു നിർണ്ണയിക്കാം. സ്വപ്നത്തിൽ കാണുന്ന സംഗതികൾ എത്ര അസംഗതങ്ങളായിരുന്നാലും അവയ്ക്ക് ഒരു തത്വമുണ്ട്. ശകുനങ്ങളിലും മറ്റു അന്ധവിശ്വാസങ്ങളിലും അപ്രകാരംതന്നെ. അവയുടെ നിദാനം മനുഷ്യന്റെ മനസ്സിൽ പ്രസുപ്തമായി ഉണ്ടായിരുന്നു. 'ഈ സ്വപ്നങ്ങൾ എത്രതന്നെ അസംഗതങ്ങളാണെന്ന് നമ്മുടെ മനസ്സിൽനിന്നു ജനിച്ചവയാകകൊണ്ട് നമ്മുടെ ജീവചരിത്രത്തിനോടും ശിരോലിഖിതത്തിനോടും എതാനും സാമ്യമില്ലാതെ വരികയില്ല' എന്ന് ഗീഥി പറഞ്ഞിരിക്കുന്നു.

വരാൻപോകുന്നതിന്റെ പൂർവ രംഗങ്ങൾ നമ്മുടെ ആത്മാവിൽ മുമ്പിൽതന്നെ ഉണ്ടായിരിക്കും. എന്തെന്നാൽ നമ്മുടെ വിചാരങ്ങളുടെ പരിപൂർത്തിയാണല്ലൊ ക്രിയയിൽ പര്യവസാനിക്കുന്നത്. അതുകൊണ്ട് ചില സ്വപ്നങ്ങൾ ഫലിച്ചു കാണുന്നതിൽ ആശ്ചര്യമില്ല. തെറ്റിപ്പോകുന്നതിനു കാരണം, നിസ്സാരങ്ങളായ സംഗതികളെ മാത്രം ഗണിക്കുന്നതിനാലാണ്. ഒരുത്തന്റെ തള്ളവിരലിന്റെ നഖം കണ്ട് അവന്റെ ഛായയെ നിർണ്ണയിച്ചാൽ എത്ര ശരിയായിരിക്കും? നമുക്കു വരാൻപോകുന്ന സംഗതികളെ അറിയുന്നതിനുള്ള പലേ ചിഹ്നങ്ങളും എല്ലാപ്പോഴും സന്നിഹിതങ്ങളായിട്ടുണ്ട്. അവയെ വേർതിരിച്ചറിയുന്നതിൽ നാം ജാഗ്രൂകന്മാരായിരിക്കുന്നില്ലെന്നെയുള്ളൂ. നാം സൂക്ഷിച്ചറിയാൻ തയ്യാറ

ള്ളവരാണെങ്കിൽ ഈ വക ചിഹ്നങ്ങൾ ധാരാളമുണ്ട്. എന്തുപോലെയെന്നാൽ, നാം ഒരു വൃക്ഷച്ഛായയിൽ ഇരിക്കുമ്പോൾ കണ്ണായങ്ങളിൽകൂടി പതിക്കുന്ന രശ്മികൾക്ക് കാരോന്നിനും സൂര്യബിംബത്തിന്റെ ആകൃതിയുണ്ടെന്ന് ഗണിക്കുന്നില്ല. വാസ്തവം അങ്ങനെയാണെന്നുള്ളത് ഉപരാഗ കാലത്തിൽ ഈ കാരെ സൂക്ഷിരങ്ങളിലും കൂടി വരുന്ന വെയിൽ കലാകൃതിയായി കാണുമ്പോൾ മാത്രമെ മനസ്സിലാകുന്നുള്ളൂ. സർവ്വത്തിനും ഈശ്വരൻ ഒരർത്ഥം കല്പിച്ചിട്ടുണ്ട്. അതറിയാൻ കഴിയുന്ന ബുദ്ധിമാനാരുള്ളൂ? കൈനോട്ടംകൊണ്ടും മറവും മനുഷ്യന്റെ ശുഭാശുഭങ്ങളെ നിർണ്ണയിക്കാമെന്നുള്ളതിനു തർക്കമില്ല. പക്ഷെ അതറിയാവുന്ന വിദ്വാനെവിടെ? വളരെ നീളമുള്ള അലകൾ കണ്ടാൽ അവ വരുന്ന വാക്കിന് സമീപത്തെങ്ങും കരയില്ലെന്ന് ഒരു നല്ല നാവികൻ ഊഹിക്കും. മണ്ണിന്റെ തരംകണ്ട് ലോഹങ്ങൾ കിടക്കുന്ന സ്ഥാനങ്ങളെ ഭൂഗർഭശാസ്ത്രജ്ഞൻ നിർദ്ദേശിക്കുന്നു. എത്ര പേർ അതിനുമുമ്പിൽ അവിടം കുഴിച്ചിരിക്കും? അവർ അതറിഞ്ഞിട്ടുണ്ടൊ?

അതിസൂക്ഷ്മങ്ങളായ എത്ര ചിലന്തിവലകൾ പ്രഭാതത്തിൽ വെളിയിൽ പലതിനേയും തമ്മിൽ കൂട്ടി ബന്ധിച്ചിരിക്കും. സൂര്യൻ ഉദിച്ച് വെയിൽതട്ടുമ്പോഴല്ലാതെ നാം അവയെ കാണുന്നുണ്ടൊ? എന്നതുപോലെ

'പരിഷജ്ജതി പദാർത്ഥാനാന്തരഃ കോപി ഹേതു-
ന്ന ഖലു ബഹിരുപാധീൻ പ്രീതയ സ്സംശ്രയന്തേ
വികസതി ഹി പതംഗസ്യോദയേ പുണ്ഡരീകം
ദ്രവതി ച ഹിമരശ്മാവുദ്ഗതേ ചന്ദ്രകാന്തഃ'

ഈ സംഗതി വളരെ സാരവത്താണ്. ബുദ്ധിമാന് എത്ര നേരമ്പോക്കും അർത്ഥവത്താകുന്നു. മനുഷ്യസൃഷ്ടത്തിനെല്ലാം മനുഷ്യഗന്ധമില്ലാതെ വരില്ല. അതുപോലെ എത്ര കള്ളക്കഥയിലും ഒരു സാരമില്ലാതെ വരികില്ല. പുരാണങ്ങളിലുള്ള കഥകളിൽനിന്ന് തത്വജ്ഞാനികൾ എത്ര ധർമ്മതത്വങ്ങളെ പ്രതിപാദിക്കുന്നു! മഹർഷിമാർ ഒരു പുല്ല് എടുത്ത് മന്ത്രം ജപിച്ചുവിട്ടപ്പോൾ അതു ഭൃത്യപ്രവൃത്തിയെല്ലാം ചെയ്തു എന്ന കഥകൾ പറയാറുണ്ട്. ഇതു ശുദ്ധമെ കള്ളക്കഥയെന്നല്ലാതെ ആരെങ്കിലും തോന്നുമൊ? എന്നാൽ മന്ത്രത്തിന്റെ സ്ഥാനത്ത് ആവിയും പുല്ലിന്റെ സ്ഥാനത്ത് കരി

ചക്രങ്ങളും ആക്കുക. ആവിയന്ത്രംകൊണ്ട് നാം എന്തെല്ലാം ഭൃത്യപ്രവൃത്തികളും ആണ് ചെയ്യിക്കാത്തത്.

"അത്ഭുതസംഗതികൾക്കുള്ള മാഹാത്മ്യത്തിലൊട്ടും കുറവല്ല പ്രകൃതിമാഹാത്മ്യം" എന്ന് ഒരു പണ്ഡിതൻ പറയുന്നു. നിത്യനിദാനം ഉണ്ടാകുന്ന അനുഭവങ്ങൾക്കാണ് അധികം മാഹാത്മ്യമെന്നാണ് എന്റെ അഭിപ്രായം. മനുഷ്യന് ഒരു ക്ഷണത്തിൽ ഉണ്ടാകുന്ന അനുഭവത്തിനു കോടിപുരാണങ്ങളേക്കാൾ വില കൂടും. മന്ത്രവാദികളും പ്രശ്നവാദികളും മറ്റും നമ്മെ അവിശ്വാസികളെന്ന് അധിക്ഷേപിക്കുമാറുണ്ട്. എന്നാൽ അവരുടെ വാദങ്ങളെ നാം സ്വീകരിക്കാൻ മടിക്കുന്നത് അവരുടെ പ്രവൃത്തികൾക്കും ഫലങ്ങൾക്കും ഒരു സ്ഥിരത കാണായ്കയാലത്രെ. അവരുടെ വിദ്യ കൊണ്ടു നമുക്ക് ആശ്ചര്യത്തെ ജനിപ്പിക്കുന്നില്ല. എന്തെന്നാൽ അതിലധികം അത്ഭുതങ്ങളെയാണ് നാം സർവദാ കണ്ടുമുട്ടുന്നത്. പ്രകൃതിയിൽ ഒന്നും പെട്ടെന്നു നടക്കുന്നില്ല. ഒന്നിൽനിന്നു മറ്റൊന്നിലേയ്ക്കുള്ള പ്രവേശം ക്രമേണയാകുന്നു. അന്തരാളസ്ഥങ്ങളായ ഭേദഗതികൾ അതിസൂക്ഷ്മങ്ങളാകകൊണ്ട് ഗോചരങ്ങളാകുന്നില്ല. എത്രയോ ശബ്ദങ്ങൾ അനന്തമായി ശ്രോത്രത്തിൽ തട്ടുന്നുണ്ടെങ്കിലും നാം കേൾക്കുന്നില്ല; എത്രയോ കാഴ്ചകൾ കണ്ണിനു മുൻപിൽ ഇരുന്നിട്ടും നാം കാണുന്നില്ല; അവയെ ചൂണ്ടിക്കാണിക്കുമ്പോൾ മാത്രമെ നാം മനസ്സിലാക്കുന്നുള്ളൂ.

പ്രശ്നം മുതലായവയ്ക്ക് നമ്മുടെ ജീവിതത്തോടുള്ള സംബന്ധത്തെ ഈ വിധം ഒരുത്തനും ചൂണ്ടിക്കാണിക്കാൻ കഴിയുന്നതല്ല. എന്നാൽ അവ കേവലം പരമ്പരാപ്രവചനംകൊണ്ട് വിശ്വസിക്കാവുന്ന ഒരു ചില്ലറ സംഗതിയുമല്ല. അതുകൊണ്ട് എന്നും കാണുന്ന അത്ഭുതങ്ങളെക്കൊണ്ട് നാം തൃപ്തിപ്പെടേണ്ടതാണ്. മറവുള്ളവ നമുക്കു ജ്ഞാനാഹ്ലങ്ങളാണെങ്കിൽ അവ നിസ്സംശയമായി പ്രത്യക്ഷീഭവിക്കും.

ഈ അന്ധവിശ്വാസങ്ങൾ മുഴുത്തിരുന്ന പണ്ടുള്ള കാലത്തും ബുദ്ധിമാന്മാർ അവയെ പ്രതിവദിക്കാതെയിരുന്നില്ല. പണ്ട് ഹെക്ടർ എന്ന വീരൻ യുദ്ധത്തിനായി പുറപ്പെട്ടപ്പോൾ ദുശ്ശകുനങ്ങൾ കാണുന്നു എന്ന് ആരോ പറഞ്ഞതിനു 'തന്നുടെ രാജ്യരക്ഷയ്ക്കുവേണ്ടി യുദ്ധം ചെയ്യുന്നത് തന്നെയാണ് ഉത്തമശകുനം' എന്ന് ഉ

ത്തരം പറഞ്ഞു. 'പ്രശ്നം പറഞ്ഞു ഫലിപ്പിക്കുന്നവനല്ല, സാധകബാധകങ്ങളെ ചിന്തിച്ച് ഊഹിക്കുന്നവനാണ് പ്രാശ്നികൻ' എന്ന് യൂറിപ്പിഡീസ് എന്ന പണ്ഡിതൻ അഭിപ്രായപ്പെടുന്നു. 'അന്നം, ഗരുഡൻ, പശു മുതലായ ജന്തുക്കളെ ഭാഗ്യകാരികളായി നാം ഗണിക്കുന്നു; എങ്കിലും മനുഷ്യൻ ഉത്തമജന്തുവാണെന്നു നമുക്ക് വിശ്വസിക്കാൻ കഴിയുന്നില്ലല്ലൊ' എന്ന് പ്ലൂട്ടാക്ക് എന്ന പൌരണികൻ ശോചിക്കുന്നു. ഒരു വലിയ കൊടുങ്കാറ്റിൽ അകപ്പെട്ട കപ്പലിലെ കപ്പിത്താൻ ഇങ്ങിനെ ഒരാശ്വരനെ പ്രാർത്ഥിച്ചു—'ഒരാശ്വര! അങ്ങേക്ക് എന്നെ രക്ഷിക്കണമെങ്കിൽ രക്ഷിക്കാം; നശിപ്പിക്കണമെങ്കിൽ നശിപ്പിക്കാം; എങ്കിലും ഞാൻ ചുക്കാൻ ശരിയായി പിടിക്കുന്നുണ്ട്.' ഹെക്കാറ്റിയൂസ് പറഞ്ഞിട്ടുള്ള ഒരു കഥയെകൂടി ഉദാഹരിക്കാം.

ഒരിക്കൽ ചെങ്കടലിന്റെ തീരത്തുകൂടി സഞ്ചരിക്കുമ്പോൾ കൂടെ പല അശ്വാത്രുഢന്മാരുമുണ്ടായിരുന്നവരുടെ കൂട്ടത്തിൽ മസ്സുലാം എന്നു പേരായ ഒരു ജൂതനും കൂടിയുണ്ടായിരുന്നു. ആൾ ബലിഷ്ഠകായനും ധീരനും ധനുർവിദ്യയിൽ ബഹുസമർത്ഥനും ആയിരുന്നു. എല്ലാവരും കൂട്ടമായി യാത്ര ചെയ്യുമ്പോൾ വഴിയിൽ ഒരു ശകുനവാദി 'നില്ലണെ! നില്ലണെ!' എന്നു വിളിച്ചു പറഞ്ഞു. എന്താണ് കാര്യമെന്ന് മസ്സുലാം ചോദിച്ചു. ഉടനെ ഒരു പക്ഷിയെ ചൂണ്ടിക്കാണിച്ചുംകൊണ്ട് ആ ശകുനവാദി പറഞ്ഞു—'ആ പക്ഷി അവിടെതന്നെയിരിക്കയാണെങ്കിൽ നിങ്ങളും അവിടെ വിശ്രമിക്കുന്നതു കൊള്ളാം; പറന്നു പോകുന്ന പക്ഷം നിങ്ങൾക്കും യാത്രയെ തുടരാം; അതല്ല അതു തിരിയെ പറക്കുന്ന പക്ഷം നിങ്ങളും പിൻവാങ്ങേണ്ടതാണ്' ആ ജൂതൻ ഒന്നും മിണ്ടീല്ല; വില്ലു കുലച്ച് കെട്ടി ആ പക്ഷിയെ എയ്യുകൊന്നു. ഇതു കണ്ടയുടനെ ആ ശകുനവാദിക്കും പിന്നെ ചിലർക്കും തീരെ രസിച്ചില്ലെന്നല്ല, അവർ അവനെ ശകാരിക്കാൻ തുടങ്ങി. ഉടനെ അവൻ ചോദിച്ചു; 'എന്തിനാണ് നിങ്ങൾ എന്നെ ദൂഷിക്കുന്നത്? ഈ തുച്ഛമായ പക്ഷിയെ രക്ഷിക്കുന്നതിൽ നിങ്ങൾക്ക് ഇത്ര ഉൽക്കണ്ഠ എന്തുകൊണ്ടാണ്? തന്റെ ജീവനെ സംരക്ഷിക്കാൻ കഴിയാത്തതായ ജന്തുവിന് ഞങ്ങളുടെ യാത്രയുടെ ഗുണദോഷങ്ങളെ സൂചിപ്പിക്കാൻ ബുദ്ധി എങ്ങിനെ സിദ്ധിക്കും? വരാൻ പോകുന്നതിനെ അറിയാൻ അതിനു ശക്തിയുണ്ടായിരുന്നെ

ങ്കിൽ മസ്സിലാമിന്റെ കൈകൊണ്ട് കുലയേപിക്കാനായി അത് ഇവിടെ വരികയില്ലായിരുന്നല്ലൊ.'

ഇക്കാലത്തിൽ ശകുനങ്ങളിലും സ്വപ്നങ്ങളിലും മറവുള്ള വിശ്വാസം വളരെ കുറഞ്ഞിട്ടുണ്ട്. എന്നാൽ ഈ പരിഷ്കാരികളിൽ അത് നഷ്ടമായിട്ടില്ല. വേഷം പകർന്നിരിക്കുന്നതേയുള്ളു. മുമ്പുള്ള കാലങ്ങളിൽ ഓരോരുത്തക്കും ഓരോ ഭരദേവതകളുണ്ടെന്ന് വിശ്വസിച്ചുവരുന്നതുപോലെ ഇപ്പോഴും ചിലർ ഭാഗ്യവാന്മാരെന്നും അവർ ചെയ്യുന്ന സകല കായ്യങ്ങളും ശുഭമായി പരിണമിക്കുമെന്നുമൊരു ബോധം പരക്കെ കാണുന്നുണ്ട്. ചില ഉദ്യമങ്ങളെപ്പറ്റി സംശയിച്ചപ്പോൾ നെപ്പോളിയൻ പറഞ്ഞു—'എന്റെ കൈ ഭാഗ്യമുള്ളതാണ്; അതുകൊണ്ട് ആരെ ഞാൻ തോടുന്നൊ അയാൾ എന്തിനും മിടുക്കനായിരിക്കും.' അധികം കരുതലും ആലോചനയും കൂടാതെ പ്രവൃത്തിക്കുന്നത് ഫലസിദ്ധിക്കു പലപ്പോഴും കാരണമായി കാണുന്നുണ്ട്. പ്രായമായവക്ക് അപകടം സംഭവിക്കുന്ന ദുഷ്ടങ്ങളിൽ കുട്ടികൾക്ക് ഒരബദ്ധവും പിണയുന്നില്ല. ഒരു ബാലൻ കണ്ണും മൂക്കും നോക്കാതെ ചാടുന്നു; അവനു ഒരു അപകടവും പറ്റുന്നില്ല. പ്രായമായ ഒരുവനാകട്ടെ അങ്ങിനെ ചെയ്യുന്നതിൽ വരാവുന്ന ദുഷ്ടങ്ങളെ ചിന്തിക്കുന്നു; ബാല്യത്തിൽ തനിക്ക്; ബലമായിരുന്ന ദൈവാധീനത്തിന്റെ കുറവിനെ ആലോചിച്ച് അവൻ ശോചിക്കുന്നു.

യക്ഷികൾക്കും ദുർദ്ദേവതകൾക്കും വളരെ ആളുകളെ കണ്ടുകൂടാ. ചിലരോട് പ്രത്യേകമായിട്ടേ ഇണങ്ങു. ചിലക്കേ അത്ഭുതവിദ്യകൾക്കും മന്ത്രവാദങ്ങൾക്കും മറവുള്ള ശക്തി കിട്ടുന്നുള്ളു. ഇന്നവർ ഭാഗ്യകാരികളാണ് ഇന്ന ദിവസം സുമുഹൂർത്തമാണ് എന്നുള്ള വിശ്വാസം ഇന്നും ഇന്നലെയുമുള്ളതല്ല. എന്നാൽ ഈ മുഹൂർത്തങ്ങളും മന്ത്രവാദങ്ങളുമല്ല ലോകത്തിലുള്ള മഹാകായ്യങ്ങൾ നടത്തിട്ടുള്ളത്.

പ്രകൃതിയുടെ പക്കൽനിന്നും പ്രതിഫലം കൂടാതെ ഗുണങ്ങളെ സമ്പാദിക്കുന്നതിനാണ് മനുഷ്യൻ സദാ രന്ധ്രപ്രതീക്ഷിയായിരിക്കുന്നത്. പ്രകൃതിയിൽ അസാമാന്യകളായ ശക്തികൾ ഉണ്ടെന്നുള്ളതിന് ലക്ഷ്യം വളരെയുണ്ട്; അവയെ കയ്യിലാക്കിയാൽ കൊള്ളാമെന്നുള്ള ദുരാഗ്രഹവും മനുഷ്യന് അല്പമല്ല; പക്ഷെ നല്ലവണ്ണം പരീക്ഷിച്ചതിനു മേലല്ലാതെ ഒരംശപരൻ അവയെ മനസ്സിലാക്കിക്കൊ

ടുക്കയില്ല. എന്തെന്നാൽ ഒരു അധികാരം കൊടുക്കുന്നതിനു മുൻപിൽ അതിനെ ശരിയായി ഉപയോഗിക്കുന്നതിനുള്ള ജ്ഞാനം ഉണ്ടോ എന്നു നിർണ്ണയിക്കണം. മന്ത്രവാദം മുതലായ ഗുഹ്യകൃത്യങ്ങൾ ഒരു വക അസൽപഥ സഞ്ചാരമാകുന്നു. സജ്ജനങ്ങൾ അവയെ വർജ്ജിക്കുന്നു. ഉത്തമപുരുഷന്മാർ ഒരിക്കലും ചാത്തനേയും ഭദ്രകാളിയേയും യശമാക്കിയവരല്ല. സത്യാഭിമാനം വിട്ട് മഹാമനസ്കന്മാരായിരുന്നവരെയാണ് നാം മഹാന്മാർ എന്ന് ഗണിക്കുന്നത്. പലരേയും അക്രമത്താൽ കീഴടക്കി വാഴുന്ന അപരിഷ്കൃതന്മാരായ കാട്ടരാജാക്കന്മാരെ എല്ലാവരും പൂജിക്കും. അവരുടെ വംശമഹിമയെ പുകഴ്ത്തും എങ്കിലും ഉള്ളിൽ അവർ നശിക്കണെ എന്നായിരിക്കും പ്രാർത്ഥന. മന്ത്രവാദംകൊണ്ടും പ്രശ്നംകൊണ്ടും കിട്ടുന്ന യോഗ്യത അതുപോലെ വ്യാജമാണ്.

ഇത്രയും പറഞ്ഞതുകൊണ്ട് ജ്ഞാനാതീതമായുള്ളവയെ ഞാൻ അവിശ്വസിക്കുന്നുവെന്നോ, പുച്ഛിക്കുന്നുവെന്നോ, വായനക്കാർ ധരിക്കരുത്. അവയുടെ തത്വത്തെ ഗവേഷണം ചെയ്യുന്നത് ഏറ്റവും രസകരംതന്നെ. അവ നമ്മുടെ ശ്രദ്ധക്കു വിഷയങ്ങളാണെന്നുള്ളതിനും തർക്കമില്ല. എന്നാൽ അവയിൽ അതിരുകവിഞ്ഞുള്ള പ്രതിപത്തി പാടില്ലെന്നേയുള്ളൂ. മന്ത്രവാദം, അഭിചാരം മുതലായ ഗ്രന്ഥകൃത്യങ്ങളിൽ വ്യാവൃതന്മാരായുള്ളവർ മനോരാജ്യത്തിൽ അഭ്രരാജ്യം പിടിച്ച് കാലം കഴിച്ചുകൂട്ടുന്നു. തന്നിമിത്തമുണ്ടാകുന്ന ദുരന്തങ്ങൾ ചില്ലറയാണോ?

നമ്മുടെ പരിമിതജ്ഞാനത്തിന് അഗോചരമായും അതിവിചിത്രമായും പ്രകൃതിയിൽ അനേക ശക്തികളുണ്ടെന്ന് ഏതു പണ്ഡിതനും സമ്മതിക്കാതിരിക്കയില്ല. സൃഷ്ടിവൈചിത്ര്യത്തിന്റെ മാഹാത്മ്യം ഒരു ബ്രഹ്മാണ്ഡപുരാണത്തിനുകൂടിയും പറഞ്ഞൊടുക്കാൻ കഴിയുന്നതല്ല. അഗാധമായ ഈ വിഷയത്തെ പരാമർശിക്കുന്ന തത്വങ്ങളുടെ കരിനിഴലത്രെ അന്ധവിശ്വാസങ്ങൾ. ഈ ലോകമാസകലം ഒരു ശകുനംതന്നെയല്ലെ? പിന്നെ നാം അതിന്റെ ഒരു കോണിൽ മാത്രം നോക്കുന്നതെന്തിന്? പരംപരാംശഭൂതനായ മനുഷ്യന് ദിവ്യതത്വം സ്വതസ്സിദ്ധമായിരിക്കെ, അതിനെ നിഷേധിക്കുന്നതിനു പിശാചുകളേയും യക്ഷികളേയും ആരാധിക്കുന്നു?

എം. രാജരാജവർമ്മ രാജാ, എം. എ.

ദാരിദ്ര്യം.

ക. പാരിൽപിറക്കുകിലനേകവിധംകഴിക്കു
നേരിട്ടിടാതകഴിയില്ലജനത്തിനെന്നാൽ
പാരിച്ചദുസ്സഹതകൊണ്ടുനിനച്ചുകണ്ടാൽ
ദാരിദ്ര്യമാണതിലൊന്നതിനേടിനില്പൂ

ഖ. ഒന്നിച്ചതൻചെറുകിടാങ്ങൾവിശന്നാട്ടക്കെ
വന്നിട്ടഹന്തവയർതൊട്ടുകരഞ്ഞിടുമ്പോൾ
മന്നിൽകിടപ്പൊരുദരിദ്രനുമാനസത്തിൽ
കുന്നിയ്ക്കുവോരവശതസ്സ്വവസാനമുണ്ടോ?

ഗ. തമ്പതിയോടുമൊരകിഞ്ചനനുരുതെറ്റി
സ്സമ്പന്നവീടുകളിലെത്തിയിരന്നിടുമ്പോൾ
അമ്പമ്പനിഷ്ഠുരവചസ്സുകൾകേട്ടുകേട്ടും
കമ്പത്തൊടെത്രയപമാനമവൻപൊറുക്കും

ഘ. ചാരിത്രശുദ്ധിയഥനീതിവിവേകബുദ്ധി
പാരിൽപ്രസിദ്ധിമുതലായഗുണത്തെയെല്ലാം
പോരിട്ടുനിന്നിഹജനങ്ങളിൽനിന്നുമന്ത
ദാരിദ്ര്യമെന്നപടയാളിപിടിച്ചടക്കും

ങ. ഭൂരിശ്രമേണബഹുസാഹസകർമ്മയോഗ-
ത്തേരിൽകരേറിനിഖിലാശകളെകടപ്പാൻ
പൂരിച്ചുധൈര്യമലസാതുളവാക്കിവെയ്ക്കും
ദാരിദ്ര്യമീശ്വരനൊരാൾക്കുമണച്ചിടാല്ലേ

കുറിപ്പുറത്ത് കിട്ടുണ്ണിനായർ.

കോങ്കണബ്രാഹ്മണർ

ആറാം മണ്ഡലത്തിലെ 14 ഋക്കുള്ള 61-ാം സൂക്തം സരസ്വതീ പരമാകുന്നു. ഇതിൽ ഒന്നാം ഋക്കിൽ ദേവതയായി വർണ്ണിച്ചിരിക്കുന്നു. രണ്ടിൽ ശോഷിപ്പിക്കുന്ന തന്റെ ബലങ്ങളെകൊണ്ടും ഏഴാ തരംഗങ്ങളെകൊണ്ടും തടപ്രദേശത്തുള്ള പർവ്വതങ്ങളെ പൊട്ടിക്കുന്ന എന്നു പറഞ്ഞിരിക്കയാൽ സരസ്വതി ഒരു മഹാനദിയായിരിക്കണം. 10-ാം ഋക്കിൽ സരസ്വതിയെ 'സപ്തസ്വസാ'—ഏഴു സോദരിമാരോടുകൂടിയവൾ—എന്നു പറഞ്ഞിരിക്കുന്നു. ദേവതാർത്ഥത്തിൽ ഈ സപ്തസ്വസ്സുകൾ ഗായത്രാദി ഏഴു ഛന്ദസ്സുകളെന്നും നദ്യർത്ഥത്തിൽ ഗംഗാദി ഏഴു നദികൾ എന്നും സായണാചാര്യർ വ്യാഖ്യാനിക്കുന്നു. 12-ാം ഋക്കിൽ 'തൃഷ്ടധസ്ഥാ' എന്നതിന്നു മൂന്നു ലോകങ്ങളിലും സ്ഥാനങ്ങളോടുകൂടിയവൾ എന്നു സായണാചാര്യർ അർത്ഥം പറയുന്നതുകൊണ്ട് ത്രിപഥഗയായ ഗംഗയെപ്പോലെയുള്ള മഹിമ സരസ്വതിക്കു മുണ്ടായിരുന്നു എന്നും തെളിയുന്നു. 'പഞ്ച ജാതാവർദ്ധയന്തീ' എന്നതിന്നു നിഷാദന്മാരോടുകൂടിയ ചതുർവ്വർണ്ണങ്ങളെ വർദ്ധിപ്പിക്കുന്നവൾ എന്ന് അർത്ഥമാകയാൽ ആര്യകുടുംബങ്ങൾ സരസ്വതീതീരത്തു കുടിയേറിപ്പാർത്തിരുന്നു എന്നതു സ്പഷ്ടം. 14-ാം ഋക്കിൽ 'മാതർമ്മൽക്ഷേത്രാന്യുരണാനി ഗന്മ' ഹെ സരസ്വതി, നിങ്കൽനിന്ന് (നിന്റെ മനോഹരതടപ്രദേശങ്ങളിൽനിന്ന്) അരമണീയങ്ങളായ അന്യ ദേശങ്ങളിൽ ഞങ്ങൾ പോകാതിരിപ്പൂതാക' എന്നു പ്രാർത്ഥിക്കുന്നതുകൊണ്ട് ജലസ്ഥലസൌഖ്യത്തോടും ധാന്യസമൃദ്ധിയോടുംകൂടിയ സ്ഥലമായിരുന്നു സരസ്വതീ തീരമെന്നതു വ്യക്തമാകുന്നു. ഋഗ്വേദം iii 23. 4-ൽ 'ദൃഷദ്വത്യാം മാനുഷ ആപയായാം സരസ്വത്യാം രേവദഗ്നേ ദിദീഹി'—ഹെ അഗ്നിഭഗവാനെ, മനുഷ്യസഞ്ചാരവിഷയമായ ദൃഷദ്വതീതീരത്തിലും ആപയയുടെ തീരത്തിലും സരസ്വതിയുടെ തീരത്തിലും ധനസംപത്തി വർദ്ധിക്കുമാറ് അങ്ങുന്നു ശോഭിച്ചാലും' എന്നതു പ്രാർത്ഥിക്കുന്നതുകൊണ്ട് ഈ മൂന്നു നദീതീരങ്ങളിൽ ആര്യന്മാർ യാഗാദി കർമ്മങ്ങൾ അനുഷ്ഠിച്ചിരുന്നുവെന്നു നിർണ്ണയിക്കാം. ഐതരേയ ബ്രാഹ്മണത്തിൽ (iii. 19) സരസ്വതീതീരത്തിൽ ഋഷികൾ സത്രം ചെയ്തതായി വർണ്ണിച്ചിരിക്കുന്നു.

കവഷനായ ഐലൂഷൻ എന്ന ഋഷിക്കു ബ്രാഹ്മണ്യമില്ലെന്നു മറ്റു ചില ഋഷികൾ ആക്ഷേപിച്ചപ്പോൾ ഐലൂഷമഹർഷിയുടെ മാഹാത്മ്യത്തെ സ്ഥിരീകരിച്ചു സത്രം ചെയ്യുകൊണ്ടിരുന്ന ഋഷിമാർക്കു സരസ്വതിതന്നെ പ്രത്യക്ഷമാകി കാണിച്ചുകൊടുത്തുവെന്ന ഐതരേയ ബ്രാഹ്മണം ദ്വിതീയ പഞ്ചിക 3-ാം അദ്ധ്യായം 19 ഖണ്ഡികയിൽ വിവരിച്ച കഥയെ കൌഷിതകി ബ്രാഹ്മണത്തിലും (12. 3) പറഞ്ഞിട്ടുണ്ട്. യജുർവേദം, സാമവേദം, അഥർവ്വണവേദം എന്നി മൂന്നു വേദങ്ങളുടേയും സംഹിതകളിലും സരസ്വതിയെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. ഈ വേദങ്ങളുടെ ബ്രാഹ്മണങ്ങളിലും സരസ്വതിയെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട്. ഇതിഹാസ പുരാണങ്ങളിലും ഈ നദിയുടെ മഹിമയെ പല സന്ദർഭങ്ങളിലും ആഘോഷിച്ചിട്ടുണ്ട്. ചില പാശ്ചാത്യ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ സരസ്വതി എന്നതു സിന്ധുനദിയുടെ പര്യായമായിരിക്കേണമെന്നാകുന്നു. ഋഗ്വേദം (vi. 6) സൂക്തത്തിൽ സരസ്വതീ പർവ്വതങ്ങളെ പൊട്ടിക്കുന്നതായും സരസ്വതിയുടെ ബലം അപരിമിതമായും തിരമാലകളോടുകൂടിയ പ്രവാഹം ഊക്കോടേ ഗർജ്ജിക്കുന്നതായും വർണ്ണിച്ചിരിക്കുന്നു. vii. 95-ാം സൂക്തത്തിലെ രണ്ടാം ശ്ലോകത്തിൽ നദികളിൽവെച്ച് അതിശ്രേഷ്ഠയും ഗിരികളിൽനിന്നു സമുദ്രാവധി പ്രവഹിക്കുന്നേയും ആയ സരസ്വതി മാത്രം (നഹുഷ രാജാവിന്റെ പ്രാർത്ഥനയെ) അറിഞ്ഞു. ഭവനത്തിലേ ഭൂരിലോകർക്കു ധനം നല്കുന്ന ദേവീ നഹുഷനു (യാഗം ചെയ്യാനായിട്ടു) ഘൃതവും പയസ്സും കൊടുത്തു' എന്നു പറഞ്ഞതിൽനിന്നു സരസ്വതി സമുദ്രത്തിൽ ചെന്നു ചേർന്നിരുന്നു എന്നു നിശ്ചയിക്കാം. ഇപ്പോൾ സരസ്വതി എന്ന നദി സമുദ്രത്തിൽ ചെന്നു ചേരുന്നില്ല. അതുകൊണ്ടു ഇവിടെ പറഞ്ഞ നദി സിന്ധുവായിരിക്കേണം എന്നു പാശ്ചാത്യർ വാദിക്കുന്നു.

ഇപ്പോൾ സരസ്വതി എന്നു പറയപ്പെടുന്ന നദി സിമ്മൂർ പർവ്വതങ്ങളിൽനിന്നുദ്ഭവിച്ചു ആദിബദരി എന്ന പുണ്യക്ഷേത്രത്തിൽ ആവിർഭവിക്കുന്നു. ചലൌർ എന്ന ഗ്രാമത്തിനു സമീപം അത് അദൃശ്യമായിത്തീർന്നു ഭവാനിപുരത്തിൽ പിന്നേയും പ്രകടീഭവിക്കുന്നു. പിന്നെ ബൽഛപ്പാർ എന്ന സ്ഥലത്തു പിന്നേയും അഗോചരമായി ബരഘേര എന്ന സ്ഥലത്തു പിന്നെയും ദൃശ്യമായ്തീരുന്നു. ഉണ്ഡള എന്ന സ്ഥലത്തു സരസ്വതി മാർക്കണ്ഡ എന്ന നദിയോടു ചേർന്നു

ഈ സംയുക്തനദികൾ സരസ്വതി എന്ന പേരോടുകൂടി ഒഴുകി ഘഗ്ഗർ എന്ന നദിയിൽ ചെന്നു കൂടുന്നുവെന്നു പഞ്ചാബ്ഗസെറ്റിയർ എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. ഇംഗ്ലീഷു പടങ്ങളിൽ (മാപ്പിൽ) ഇപ്പോൾ ഈ നദിക്കു 'സർസൂട്ടി' (Sarsuti) എന്നാകുന്നു പേർ.

സരസ്വതിയുടേയും ദൃഷദ്വതിയുടേയും മദ്ധ്യത്തിലുള്ള പുണ്യസ്ഥലത്തിനു ബ്രഹ്മാവർത്തമെന്നും കുരുക്ഷേത്രം, മത്സരാജ്യം, പഞ്ചാലദേശം, സൂരസേനവിഷയം ഈ രാജ്യങ്ങൾ അടങ്ങിയ പ്രദേശത്തിനു ബ്രഹ്മർഷിദേശമെന്നും' ഹിമവദ്വിന്ധ്യ പർവ്വതങ്ങളുടെ മദ്ധ്യത്തിലും ബ്രഹ്മർഷിദേശത്തിന്റെകിഴക്കും പ്രയാഗയുടെപടിഞ്ഞാറുള്ള ഭൂഭാഗം മദ്ധ്യദേശമെന്നും മനുസ്മൃതിയിൽ പറഞ്ഞിരിക്കുന്നു (ii. 17, 21). ബ്രഹ്മാവർത്തമെന്ന ഈ പുണ്യസ്ഥലത്തുനിന്നാകുന്നു ആര്യന്മാരുടെ നീതിന്യായ ധർമ്മങ്ങളുടേയും ആചാരനിബന്ധനകളുടേയും നിർണ്ണയവും സനാതന ധർമ്മത്തിന്റേയും മതത്തിന്റേയും വ്യവസ്ഥയും ഉണ്ടായത്.

ഋഗ്വേദത്തിൽ(vii. 96. 4, 5, 6)സരസ്വാൻ എന്ന ഒരു നദീദേവനെ സ്തുതിച്ചിരിക്കുന്നു. സരസ്വദിഷ്ടി എന്ന ഒരു വൈദികകർമ്മവും ഉണ്ട്. സരസ്വാൻ സരസ്വതിയുടെ ഭർത്താവാണെന്നു വ്യാഖ്യാതന്മാർ അഭിപ്രായപ്പെടുന്നു. ശതപഥബ്രാഹ്മണത്തിൽ സരസ്വതിയെ വാക്കായും സരസ്വാനെ മനസ്സായും വർണ്ണിച്ചിരിക്കുന്നു. ഋഗ്വേദം iii. 4. 8. സരസ്വതീംസരസ്വതേഭിരവാക്ക
തിസ്രോദേവീർബ്ബർഹിരേദംസദന്തു

സാരസ്വതരോടുകൂടി സരസ്വതിയും വാക്ക്, ഇളാ, ഭാരതീ എന്ന മൂന്നു ദേവിമാരും ഈ ദർഭാസനത്തിൽ വന്നിരിക്കട്ടെ. ഇവിടെ സാരസ്വതശബ്ദം ഒന്നാമതായി പ്രയോഗിച്ചു കാണുന്നു. ഇതിനു സരസ്വതിയെ സംബന്ധിച്ചു എന്നും മദ്ധ്യമസ്ഥാനങ്ങളെന്നും സായണാചാര്യർ അർത്ഥം പറയുന്നു. സരസ്വതിയെ സംബന്ധിച്ച നദികൾ എന്നു പാശ്ചാത്യ വിദ്വാന്മാർ വ്യാഖ്യാനിക്കുന്നു. സാരസ്വതേദിഃ എന്നതു പുല്ലിംഗമായതുകൊണ്ടും പൂർവ്വാർദ്ധത്തിൽ 'ഭാരതീ ഭാരതീദിഃ' എന്നതിൽ ഭാരതീദിഃ എന്നതിൽ സ്ത്രീലിംഗം ഉപയോഗിച്ചതുകൊണ്ടും സാരസ്വതേദിഃ എന്ന ജനപദപരമായിട്ടു ഉപയോഗിച്ചതായിരിക്കണം. പുരാണങ്ങളിലും മഹാഭാരതത്തിലും

സാരസ്വതാഃ എന്ന ബഹുവചനം ജനപദപരമായിട്ട പ്രയോഗിച്ചിട്ടുണ്ട്.

ഈ സരസ്വതീതീരത്തു വേദവ്യാസരുടെ ആശ്രമമുണ്ടായിരുന്നുവെന്നു ഭാഗവതത്തിൽ പറഞ്ഞിട്ടുണ്ട്. വസിഷ്ഠരുടേയും വിശ്വാമിത്രരുടേയും ആശ്രമം ഈ നദീതീരത്തായിരുന്നുവെന്ന് മഹാഭാരതത്തിൽ അനുശാസനപർവ്വത്തിൽനിന്നറിയാം. അഗസ്ത്യരുടെ ആശ്രമവും ഇവിടെ ഉണ്ടായിരുന്നുവെന്നു മത്സ്യപുരാണത്തിൽ പറഞ്ഞിട്ടുണ്ട്. ശല്യപർവ്വത്തിൽ സരസ്വതീതീരത്തുള്ള തീർത്ഥങ്ങളെ വർണ്ണിച്ചിരിക്കുന്നു. ഇങ്ങിനെ പുണ്യപാവനതീർത്ഥത്തോടുകൂടിയ സരസ്വതിയുടെ തീരത്ത് ആദ്യം മുതല്ക്കു തന്നേ നിവസിച്ചുപോന്നിരുന്ന ബ്രാഹ്മണക്ക് എല്ലാം സാമാന്യമായ പേർ സാരസ്വതരെന്നായിരുന്നു. അതുകൊണ്ട് ഇപ്പോൾ പഞ്ചാബ്, കാശ്മീരം, അഗ്ര, അയോദ്ധ്യ മുതലായ രാജ്യങ്ങളിൽ പാർത്തുവരുന്ന ബ്രാഹ്മണരിൽ ഭൂരിപക്ഷവും സാരസ്വതന്മാരാകുന്നു.

ലോകോപകാരാർത്ഥം സ്വദേഹത്തേയും കൂടി ഉപേക്ഷിച്ച തന്റെ അസ്ഥികളെകൊണ്ട് ഇന്ദ്രനു വജ്രായുധമുണ്ടാക്കുവാൻ അനുവദിച്ച ദധീചിമഹർഷിയുടേയും സരസ്വതീദേവിയുടേയും പുത്രനായ സാരസ്വതമഹർഷി സരസ്വതീതീരത്തു സകല വേദശാസ്ത്രസംപന്നനായി നിവസിച്ചിരുന്ന കാലത്ത് ഉത്തരഹിന്ദുസ്ഥാനത്തിൽ അതിഭയങ്കരമായ ക്ഷാമവും അനാവൃഷ്ടിയും ഉണ്ടായി. ജീവസന്ധാരണാർത്ഥം ബ്രാഹ്മണരെല്ലാം ദേശഭ്രഷ്ടരായി ഓടിക്കളഞ്ഞു. സരസ്വതിയുടെ ആജ്ഞാനുസാരം സാരസ്വതൻ തത്തീരത്തു തന്നെ നിവസിച്ചുകൊണ്ടിരുന്നു. പന്ത്രണ്ടു കൊല്ലത്തോളം ഈ മഹാക്ഷാമം നിലനിന്നതുകൊണ്ട് നാനാദിഗ്ദേശങ്ങളിൽ ചെന്നു ശരണം പ്രാപിച്ച ബ്രാഹ്മണക്കെല്ലാം വേദവിസ്മൃതിവന്നു, വേദബാഹ്യരായപ്പോൾ ബ്രാഹ്മണ്യം പുനഃ സംപാദിപ്പാനായിട്ട് അവർ സരസ്വതീതീരത്തിങ്കൽ ചെന്നു സാരസ്വതനെ ഗുരുവായി വരിച്ചു. ആ മഹർഷിയിൽനിന്നു വേദം പഠിച്ചു. അതുകൊണ്ടു സാരസ്വതൻ സകല ബ്രാഹ്മണരുടേയും ഗുരുവായതുകൊണ്ടും സാരസ്വതന്മാർ സകല ബ്രാഹ്മണരിൽവെച്ച് അതി പൂജ്യന്മാരായതുകൊണ്ടും ഗൌഡന്മാരിൽ സാരസ്വതർ പ്രഥമ ഗണനീയരാകുന്നു. മഹാഭാരതത്തിലെ

ശല്യപർവ്വത്തിൽ സാരസ്വതോപാഖ്യാനം എന്ന കഥ പല പുരാണങ്ങളിലും പറഞ്ഞിട്ടുണ്ട്.

തൈത്തിരീയശാഖയിലെ സംഹിതയിൽ ബ്രാഹ്മണത്തിൽ സംഹിതാഭാഗവുംകൂടിക്കലർന്ന മറ്റു വേദങ്ങളിൽനിന്നു വളരെ വിലക്ഷണമായിരിക്കുന്നു. ഇതിനു കാരണം സാരസ്വതപാഠമെന്നും സംഹിതാബ്രാഹ്മണങ്ങളുടെ അസമ്മിശ്രമായ പാഠം സത്യാഷാഢഗൃഹ്യസൂത്രത്തിൽ പറഞ്ഞ കാണ്ഡാനുക്രമണികയെ അവലംബിച്ചിരിക്കുന്നതെന്നും സംസ്കാരരത്നമാല എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു. ഹർഷചരിത്രത്തിന്റെ പ്രഥമോച്ഛ്വാസത്തിൽ ബാണഭട്ടർ സാരസ്വതോപാഖ്യാനം വളരെ സരസമായും ചമൽകാരമായും വിശദീകരിച്ചിട്ടുമുണ്ട്.

സരസ്വതീതീരത്തുണ്ടായിരുന്നതുകൊണ്ടോ, സാരസ്വതമഹർഷിയെ ഗുരുവാക്കി സ്വീകരിച്ചതുകൊണ്ടോ, സാരസ്വതർ എന്ന സംജ്ഞ ഉണ്ടായി എന്നു തോന്നുന്നു.

വിന്ധ്യാദ്രിയുടെതെക്ക് ഇപ്പോൾ താമസിക്കുന്നതുകൊണ്ടും സമീപസ്ഥരായ ദ്രാവിഡരിൽനിന്നു തങ്ങൾ വിഭിന്നരെന്നു കാണിപ്പാനായിക്കൊണ്ടും തങ്ങൾ ഗൌഡന്മാരിൽ ചേർന്നവരാകുന്നു എന്നതിനെ സൂചിപ്പിപ്പാൻ വേണ്ടി കോങ്കണബ്രാഹ്മണർ 'ഗൌഡസാരസ്വതബ്രാഹ്മണർ' എന്നു പറയുന്നു.

(തുടരും)

എം. ശേഷഗിരിപ്രഭു, എം. എ.

കോമപ്പൻ

ഒരു. വന്നീടുമങ്ങളകൾകാണുകിലൊട്ടുകനു
നിന്നീടുകൊന്നതൊഴുതേയ്ക്കുകൂട്ടരെന്നാൽ
പോന്നീടുമെന്നുമുരചെയ്യുരുപാണനാക്കി
പ്പിന്നീടുകോമനെയുമന്നുപറഞ്ഞയച്ചു

൫. വണ്ടാരണിക്കുഴലിപെട്ടിയിൽവെച്ചുപൂട്ടി
ക്കൊണ്ടാളടൻപരിശവാളിവയന്നുപിന്നെ
തീണ്ടാരിയായിട്ടുകയാലൊരുമുണ്ടെടുപ്പാൻ
തണ്ടാർതൊഴുംമിഴിയുണിച്ചിരിവേണ്ടിവന്നു

൬. കേമത്തിയാകുമവൾമുണ്ടുകൊടുത്തുപിന്നെ
കോമൻറവാൾപരിശയെന്നിവകണ്ടെടുത്തു
ംരംമട്ടുപററിടുകയില്ലിവിടത്തിലെന്നോ
ത്താമങ്കയാളതുടനാങ്ങളമാക്കുനൽകി

൭. കോട്ടയ്ക്കുള്ളവനുമിങ്ങുനമുക്കുമപ്പാ–
ലാട്ടയ്ക്കുമുള്ളവയിലൊന്നിതുതീച്ചതന്നെ
ചേട്ടയ്ക്കിതെങ്ങിനെകിടച്ചിതുകോമനോഇ
ങ്ങോട്ടയ്ക്കുകേറിവരികെന്നുവരുന്നതല്ല

൮. കോട്ടെയ്ക്കുൽവാഴുമൊരുകുഞ്ഞനതാംമരയ്ക്കാ
രോടെയ്ക്കുചുററമിനിയെന്തിനുനാമിരിപ്പൂ
കേട്ടേയ്ക്കുമേചിലരിതെന്നുമുരച്ചുടൻമേ–
പ്പോട്ടേയ്ക്കുനോക്കിയവർകൈവിരൽമൂക്കിൽവെച്ചു

൯. വിട്ടേയ്ക്കുവയ്യിവളെവെട്ടിനുറുക്കിനോക്കി
ങ്ങിട്ടേയ്ക്കുണംകനിവുകാട്ടരുതെന്നൊരുത്തൻ
മൊട്ടെയ്ക്കുനമ്മുടെചൊടിപ്പുറിയിക്കുവാന
ങ്ങോട്ടെയ്ക്കുപോണമിനിയെന്നതിൽമറെറാരുത്തൻ

൰. മാടോടിടഞ്ഞമുലയാളുടെമട്ടപാത്തുടം
ച്ചൂടോടിവണ്ണമവരോതിയിരുന്നിടുമ്പോൾ
വീടോടടുത്തുമരുവുംചതിയൻവെളിച്ച
പ്പാടോടിയെത്തിയിതുകേട്ടുകടന്നുരച്ചു

൱. വല്ലാത്തതായൊരുനടപ്പിതുകൊണ്ടൊരററ
മില്ലാത്തമാൽവരുമിവൾക്കുവരുംപിറപ്പിൽ
കൊല്ലാതെവിട്ടിടുകിലോപലനോൽമ്പിനാല
തില്ലാതെയാക്കുവതിനിങ്ങുനമുക്കുനോക്കാം

വ്യ. ചൊല്ലാന്നൊരമ്പലമതിന്നരികത്തൊരാളും
ചെല്ലാത്തമട്ടിലൊരുവീട്ടിലിരുത്തിടാംഞാൻ
എല്ലായ്പ്പൊഴുംമലമകൾക്കുടയോരുകോലീ
നല്ലാർനിനച്ചുപലനോൽമുകമോറിടട്ടെ

വ്യന. ഊടൊട്ടുകിട്ടിയതിനാൽചതിയൻവെളിച്ച
പ്പാടൊട്ടുതഞ്ചമൊട്ടുമിങ്ങിനെചൊല്ലിയപ്പോൾ
കേടൊട്ടുമേകരുതിടാതതുനല്ലതെന്നായ്
പ്പോടോത്തുകൊണ്ടുതവരങ്ങിനെതീച്ചയാക്കി

വ്യര. ഉഗ്രപ്പിച്ചിയന്നവരുമുണ്ണിയെനേരെയാക്കാ
നേല്പിച്ചകള്ളനെ,യവൻകരളുംകുളുത്ത്
പാപ്പിച്ചചൊന്നപടി,പിന്നെനടന്നതെല്ലാം
കേൾപ്പിച്ച,കേഴമിഴികേട്ടമിഴിച്ചുപോയി

വ്യഭ. അപ്പോൾപിണഞ്ഞചതിയാൽനെടുവീർപ്പിയന്നൊ
ട്ടപ്പോർമുലക്കുടമുലഞ്ഞുവലഞ്ഞൊരുണ്ണി
ഇപ്പോഴയച്ചിടുകകോമനൊരാളെയെന്നാ-
യുൾപ്പൊരുകൂട്ടമവനോടഴലോടരച്ചു

വ്യന്യ. ഒന്നോതിനാനവനു,മെന്തൊരുപിച്ചുകോമൻ
നിന്നോടുചേരുവതിനാരുമയയ്ക്കയില്ല
എന്നോടുകൂടെമരുവീടുകതന്നെനല്ല
തെന്നോതുമായവനൊടുണ്ണിയുറച്ചുരച്ചു

വ്യെ. ചത്താലുമെങ്കണവനാകിയകോമനല്ലാ
തുൾത്താരുമറൊരുവനേകുകയില്ലെടോഞാൻ
എത്താൻമടിയ്ക്കുകയുമില്ലവനാളുചെന്നാൽ
പോയ്ത്താന്തിതാങ്ങളകളോടറിയിച്ചിടേണം

വ്യവ. എന്നോതുമായവളിലുൾക്കൊതിപറകില്ല
യെന്നോത്തകത്തിനുടെവാതലടച്ചുപൂട്ടി
നിന്നോടിണക്കിമുതൽവേണ്ടതുഞാൻമരയ്ക്കാർ
തന്നോടുവാങ്ങിടുവനെന്നുപറഞ്ഞുപോയി

൬൯. വിറരീടമെന്നെയിവനിന്നുചതിച്ചുമാലു
മാറരീടവാനിവിടെയിപ്പൊഴൊരുത്തനില്ല
പറരീടമോപണിയിതെന്നവഠംകോമനിൽപോ
യ്പറരീടമുള്ളൊടുനിനച്ചുകുറച്ചുനിന്നു

൬൰. മാലൊന്നുനില്ക്കുമവളഞ്ജനപൂടെകണ്ടു
പോലാവളപ്പിലൊരുവേലനിരിപ്പതുപ്പോഠം
ആലാക്കുവെച്ചവനെയുണ്ണിയുടൻവിളിച്ചാ
പ്പാലാട്ടകോമനൊരെഴുത്തുകൊടുത്തയച്ചു

൬൱. രാവായനേരമവഠംമേവുമകത്തിനുള്ളോ
രാവാതലിന്നുടയപൂട്ടൊരുവൻതുറന്നു
കൈവാളെടുത്തരികിൽവെച്ചവഠംവേണ്ടിവന്നാൽ
ചാവാനുറച്ചകരഠംകോമനിലാക്കിവാണു

൬൲. നില്ലെന്നുകൂടെവരുവോരെവളപ്പിൽനിന്നി
മെല്ലന്നുവാതലുതുറന്നുടനേമരയ്ക്കാർ
കില്ലെന്നിയേകണയുമായണയുന്നൊരപ്പൂ
വില്ലന്നുനല്ലടിമയായ്മുറിയിൽകടന്നു

൬൳. മാലാമലർക്കണകളാലുളവായതാറാൻ
മേലാതെമാപ്പുളയുമുണ്ണിയൊടൊട്ടടുത്തു
പാലാട്ടകോമനുടെപെണ്ണിവളെന്നുപുത്തൻ
പാലായിടഞ്ഞമൊഴിയാളുമുരച്ചുണീറാ

൬൴. പാരില്ലൊരുത്തുപുകഴാന്നൊരുകോമനെന്റെ
പേരില്ലൊടുന്നകനിവേതുമറിഞ്ഞിടാതെ
ആരിപ്പൊഴിങ്ങണവതിങ്ങിനെകോമനോടു
കേറിപ്പിടിയ്ക്കുകിലവൻതലകൊയ്യുടക്കും

൬൵. നില്ലായ്കപോകപുറകോട്ടിനിമാപ്പളേനീ
വെയ്ക്കായ്കകാലൊരടിപോലുമടുത്തിടേണ്ട
ഇക്കാണുമെന്നുടയവാളിനുതീനുനൽകാൻ
നോക്കായ്കയെന്നുമവഠംവാളുമുലച്ചുരച്ചു

ൻന്യ. വെട്ടംപറഞ്ഞപടിയിന്നിവളെന്നുതോന്നും
മട്ടള്ളൊരാമൊഴികൾകേട്ടടനേമരയ്ക്കാർ
തട്ടന്നൊരല്ലലൊടകന്നുകുറച്ചുകോമൻ
പൊട്ടുന്നപുഞ്ചിരിയൊടപ്പൊഴണഞ്ഞുരച്ചു

ൻ൭. നന്നുണ്ണിനിന്നുടയൊരുപ്പിടികണ്ടുപേടി
യുണ്ടെന്നുപോരിനുമിടുക്കെഴുമീമരയ്ക്കാർ
ഇന്നുള്ളപേരിവനൊടേല്ക്കുകിലൊട്ടുമങ്ങു
മെന്നുണ്ടുപേടിയിവനല്ലണികുന്തലാളെ

ൻവ്യ. എന്നാകുമെന്നിലൊരുപേടിപെടാതെയിങ്ങു
വന്നാൻപെരുത്തുവഷളത്തവുമോത്തിവൻതാൻ
കൊന്നാലൊഴിഞ്ഞിനിയതിൻപകപോകയില്ല
തന്നാകുമെന്നുടയവാളിതിനിയ്ക്കുതന്നെ

(തുടരും)

കുണ്ടൂർ നാരായണമേനോൻ, ബി. എ.

തെക്കുംകൂർ വടക്കുംകൂർ

രാജാക്കന്മാർ

(തുടർച്ച)

തെക്കുംകൂറിനേക്കുറിച്ചു മുമ്പു പറഞ്ഞിട്ടുള്ളതു കൂടാതെ അധികമൊന്നും പറയാനില്ല. ഇനി വടക്കുംകൂറിനേക്കുറിച്ചാണ് ചില സംഗതികൾ പറയുന്നത്. വടക്കുംകൂർ തമ്പുരാക്കന്മാർ തെക്കുംകൂറിനോളം പ്രതാപവും പ്രാബല്യവുമുള്ളവരല്ലായിരുന്നു. എന്നാലും ചില സൈന്യങ്ങളും മറ്റും വടക്കുംകൂറിലേയ്ക്കും ഉണ്ടായിരുന്നുവെങ്കിലും അവരുടെ സ്ഥിതി കുറച്ച് ഒതുങ്ങിയ നിലയിലായിരുന്നു. വടക്കുംകൂർ രാജാക്കന്മാരുടെ പ്രധാന രാജധാനി എറ്റുമാനൂർ താലൂക്കിലുൾപ്പെട്ട 'കയ്യൂഴ' എന്ന സ്ഥലത്തായിരുന്നു. അതിനാൽ ഇവരെ 'കയ്യൂഴത്തമ്പുരാക്കന്മാർ' എന്നും മുൻകാലങ്ങളിൽ പറഞ്ഞു

വന്നിരുന്നു. ഇവക്കു 'മഹാപ്രഭു' എന്നൊരു സ്ഥാനപ്പേരും ഒരു വാളും ഒരു വിശ്വപാദവും എതാനും നായർ പടയാളികളേയും കൊടുത്ത് ഇവരെ ചേരമാൻ പെരുമാൾ വടക്കുംകൂർ രാജാവായിട്ടു വാഴിച്ചതാണെന്നുള്ളതിന് ഇപ്പോഴും ചില ലക്ഷ്യങ്ങൾ കാണുന്നുണ്ട്.

ചെമ്പകശ്ശേരി (അമ്പലപ്പുഴ) രാജാവു വടക്കുംകൂർ രാജാവിന്റെ ബന്ധുവായിരുന്നു. ചെമ്പകശ്ശേരി രാജാവു ബ്രാഹ്മണനാണല്ലൊ. ബ്രാഹ്മണകുടുംബത്തിൽ മൂത്തയാൾ മാത്രം വിവാഹം കഴിക്കുകയും ഇളമുറക്കാർ സംബന്ധം (ബാന്ധവം) ചെയ്കയുമാണല്ലൊ മലയാളനടപ്പ്. ഒരു കാലത്ത് ചെമ്പകശ്ശേരി രാജകുടുംബത്തിൽ ഇളമുറയായിരുന്ന ഒരാൾക്കു മൂപ്പും രാജ്യാധിപത്യവും സിദ്ധിച്ചു. അദ്ദേഹം വടക്കുംകൂർ രാജകുടുംബത്തിൽനിന്ന് ഒരു സ്ത്രീയെ സംബന്ധം ചെയ്കൊണ്ടുപോയി. അമ്പലപ്പുഴത്താലൂക്കിൽ 'പുളിങ്കുന്ന്' എന്ന ദേശം ഈ തമ്പുരാൻ തന്റെ ഭാര്യയ്ക്കായി വിട്ടുകൊടുക്കുകയും അവിടെ ഒരു ഭവനമുണ്ടാക്കി ആ സ്ത്രീയെപ്പാർപ്പിക്കുകയും ചെയ്തു. അങ്ങനെ പുളിങ്കുന്നും വടക്കുംകൂർ രാജാവിന്റെ അധീനത്തിൽ ഉൾപ്പെട്ടതായിത്തീർന്നു. ചെമ്പകശ്ശേരി രാജാവിന്റെ ഭാര്യയായ ആ സ്ത്രീയും അവരുടെ സന്താനങ്ങളും ആ രാജാവിന്റെ കാലം കഴിഞ്ഞിട്ടും അവിടെത്തന്നെ താമസിച്ചിരുന്നു. ആ ദേശത്തെ നികുതി പിരിച്ചെടുത്തും ദേശാധിപത്യം വഹിച്ചും ആ കുടുംബക്കാർ അവിടെ താമസിച്ചിരുന്ന കാലത്താണ് തിരുവിതാംകൂർ മഹാരാജാവ് അമ്പലപ്പുഴ പിടിച്ചടക്കിയത്. അപ്പോൾ വയോവൃദ്ധയായിരുന്ന ആ സ്ത്രീയും സന്താനങ്ങൾക്കും വളരെ ഭയമായിത്തീർന്നു. തിരുവിതാംകൂർ മഹാരാജാവ് വല്ലതും ഉപദ്രവം ചെയ്യുമെങ്കിലൊ എന്നു ഭയപ്പെട്ട് അവർ അവിടം വിട്ട് പൂഴ്കുടുംബമായ കപ്പുഴയ്ക്കുതന്നെ പൊയ്ക്കളയാമെന്നു നിശ്ചയിച്ചു. പണമായിട്ടും പണ്ടങ്ങളായിട്ടും മറ്റും കൈവശമുണ്ടായിരുന്നതെല്ലാം പെറുക്കിപ്പെറുക്കിയെടുത്തു യാത്രയായി. പുളിങ്കുന്നിൽത്താമസിച്ചിരുന്ന ഈ വടക്കുംകൂർ ശാഖക്കാർക്കു പ്രത്യേകം സൈന്യങ്ങളും മറ്റും ഉണ്ടായിരുന്നില്ല. എങ്കിലും ചെമ്പകശ്ശേരി രാജാവിന്റെ ഭാര്യയും മക്കളുമെന്നുള്ള അവസ്ഥയ്ക്കു തക്കവണ്ണം ചില ഭടന്മാരും ഭൃത്യന്മാരും ഉദ്യോഗസ്ഥന്മാരുമൊക്കെ അവിടേയും ഉണ്ടായിരുന്നു. അവരെല്ലാം ആ ദേശക്കാരായ നായന്മാർതന്നെയായിരുന്നു. അക്കാലത്തു

പുളിങ്കുന്നിൽ മുന്നൂറിച്ചിലപാനം ശ്രുദ്രവീടുകളും നാലഞ്ചു നസ്രാണിമാപ്പിള വീടുകളുമുണ്ടായിരുന്നു. നായന്മാരെല്ലാം വലിയ ധനവാന്മാരും പ്രബലന്മാരുമായിരുന്നു. മാപ്പിളമാർ കേവലം ദരിദ്രന്മാരും അന്നന്നു കൂലിവേല ചെയ്തു കാലക്ഷേപം കഴിക്കുന്നവരുമായിരുന്നു. ദേശാധിപത്യമുള്ളതുകൊണ്ട് ഈ നായന്മാരും മാപ്പിളമാരുമെല്ലാം ഈ രാജകുടുംബത്തിന്റെ അധികാരത്തിലുംപ്പെട്ടവരായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. ഈ സ്ഥിതിക്ക് ആ രാജ്ഞിക്കും സന്താനങ്ങൾക്കും പൂവ്കുടുംബത്തിലേയ്ക്കു പോകുന്നതിനു വേണ്ടുന്ന സഹായങ്ങൾ ചെയ്യുന്നതിനു ധാരളമാളുകൾ ഉണ്ടായിരിക്കുമല്ലൊ.

രാജ്ഞിയും സന്താനങ്ങളും യാത്ര നിശ്ചയിച്ച സാമാനങ്ങളെല്ലാം ഭൃത്യന്മാരേക്കൊണ്ടെടുപ്പിച്ച തോണികളിലാക്കി. രാജ്ഞിയും സന്താനങ്ങളും വന്നു തോണിയിൽക്കേറുകയും ചെയ്തു. തോണിക്കാരേയും ഭൃത്യന്മാരേയുമെല്ലാം മുൻകൂട്ടി ചട്ടം കെട്ടുകയും ചെയ്തിരുന്നു. എങ്കിലും തത്സമയമായപ്പോൾ ഒരുത്തരേയും കണ്ടില്ല. രാജ്ഞിയേയും സന്താനങ്ങളേയും തോണിയിലാക്കിയതിന്റെ ശേഷം തോണിക്കാരും ഭൃത്യന്മാരും ഭടന്മാരും ഉദ്യോഗസ്ഥന്മാരും, എന്നു വേണ്ട, സകല ജനങ്ങളും പൊയ്കളഞ്ഞു. തങ്ങൾക്കു സഹായത്തിന്ന് ആരുമില്ലെന്നായപ്പോൾ രാജ്ഞിക്കും സന്താനങ്ങൾക്കും ഭയവും സങ്കടവും സഹിക്കവഹിയാതെയായി. ശ്രീരംശ്വര! ഇനി ഇപ്പോൾ എന്തൊരു നിവൃത്തിയാണുള്ളത്? എന്തെല്ലാമാപത്തുകളും അനർത്ഥങ്ങളും അവമാനങ്ങളുമാണ് സംഭവിക്കാൻ പോകുന്നതാവൊ' എന്നിങ്ങനെ വിചാരിച്ചുവയോധികയായ ആ രാജ്ഞി പൊട്ടിക്കരഞ്ഞു തുടങ്ങി. അതു കണ്ട് സന്താനങ്ങളുമെല്ലാം വാവിട്ടു നിലവിളിച്ചു പോയി. എട്ടും പത്തും വയസ്സുപ്രായമുള്ള ചില രാജകുമാരന്മാരുണ്ടായിരുന്നവരെ രാജ്ഞി പറഞ്ഞയച്ച് അവിടെ അടുത്തുണ്ടായിരുന്ന വീടുകളിലെ നായന്മാരെ ഒക്കെ വിളിപ്പിച്ചു. ഒരുത്തരും വന്നില്ല. അപ്പോൾ വയോധികയും നിർമ്മലഹൃദയയും ശ്രീരംശ്വരഭക്തയുമായ ആ രാജ്ഞി സഹിക്കവയ്യാതെകണ്ടുള്ള വ്യസനത്തോടുകൂടി ശ്രീരംശ്വര! ഈ നായന്മാരൊക്കെ നശിച്ചുപോണൊ' എന്നു ശപിച്ചു. പിന്നെയും നിവൃത്തിയൊന്നും കാണാതെ വ്യസനിച്ചുംകൊണ്ട് തോണിയിൽത്തന്നെ ഇരിക്കുമ്പോൾ കുറച്ചു ദൂരെക്കൂടി ഒ

ക്ക നസ്രാണിമാപ്പിള പോകുന്നതു കണ്ടു. ഒരു രാജകുമാരനേപ്പറ ഞ്ഞയച്ച് ആ മാപ്പിളയെ രാജ്ഞി വിളിപ്പിച്ചു. മാപ്പിള വേഗത്തിൽ ഓടി തോണിക്കടവിൽ വന്നു. അപ്പോൾ രാജ്ഞി വാസുവസ്ഥിതിയെല്ലാം ആ മാപ്പിളയോടു പറഞ്ഞു. ഉടനെ മാപ്പിള 'ഇതു കൊണ്ട് തമ്പുരാട്ടി ഒട്ടും വ്യസനിക്കേണ്ട. അടിയൻ കൂടെ വിടകൊള്ളാം. പോരാത്ത ആളുകളേക്കൂടെ അടിയൻ ഇപ്പോൾ വിളിച്ചുംകൊണ്ട് വിടകൊള്ളാം. പക്ഷെ എല്ലാം മാപ്പിളമാരായിരിക്കും എന്നെ ഉള്ളൂ' എന്നു പറഞ്ഞു. 'അതിനു വിരോധമില്ല. ഇപ്പോൾ ഇങ്ങനെയൊരുപകാരം ചെയ്യുൽ ഒരുശ്വരൻ നിങ്ങൾക്ക് അതിന്റെ പ്രതിഫലം തരും. നിങ്ങളുടെ അദ്ധ്വാനക്കൂലി എന്തു വേണമെങ്കിലും ഞാൻ തരികയും ചെയ്യാം' എന്നു രാജ്ഞിയും പറഞ്ഞു. ഉടനെ ആ മാപ്പിളപോയി വേറെ ചില മാപ്പിളമാരെക്കൂടെ വിളിച്ചുംകൊണ്ടുവന്നു തോണിയിൽക്കേറി. യാതൊരാപത്തിനും ഇടയാകാതെ അവൻ രാജ്ഞിയേയും സന്താനങ്ങളേയും കയ്യുഴകൊണ്ടു ചെന്നാക്കി. രാജ്ഞി ആ മാപ്പിളമാക്കു പതിവുള്ള കൂലി കൂടാതെ വളരെസ്സമ്മാനങ്ങളും മറവും കൊടുത്ത് അവരെ വളരെ സന്തോഷിപ്പിച്ച് മടക്കി അയച്ചു. അമ്പലപ്പുഴയോടു ചേർന്ന പുളിങ്കുന്നും തിരുവിതാംകൂർ മഹാരാജാവിനു കൈവശപ്പെടുകയും ചെയ്തു.

(തുടരും)

കൊട്ടാരത്തിൽ ശങ്കുണ്ണി.

രാഗദ്വേഷവിമോഹലോഭമദമാത്സര്യങ്ങളേനിങ്ങളെ
പ്രാഗത്യന്തനജയിക്കുവാനതിവിവേകത്താലുമെത്താവുണാം
യോഗാകൃത്യമുഖങ്ങളാകുമുചിതസ്ഥാനങ്ങളിൽചേർക്കുവിൻ
വേഗാലെൻറമനസ്സിനെക്കനമെഴുംകാരുണ്യപൂരത്തിനാൽ

ഒറവങ്കര നീലകണ്ഠൻനമ്പൂരി.

വിക്രമോർവ്വശീയസാരം.

വർഷകാലാരംഭത്തിൽ വളരെ വർദ്ധിച്ച ഉർവ്വശീവിരഹസന്താപംകൊണ്ട് രാജാവു ഭ്രാന്തുപിടിച്ച് അവിടെക്കാണുന്ന മേഘം മുതൽ കൃഷ്ണസാരമൃഗംവരെയുള്ള പലവസ്തുക്കളോടും ഉർവ്വശിയെക്കണ്ടുവോ എന്നും മറ്റും ചോദിച്ചുകൊണ്ട് ആ കാട്ടിൽ സഞ്ചരിച്ചുവെന്ന കഥയെ 'അനന്തര' മെന്ന മുതൽ 'പോകതന്നെ' എന്നുവരേയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു.

മേഘാ, മയിൽ, കുയി, ലന്നാ,
കോകം, വണ്ടാ, നപ്പവ്വതം, പുഴമാൻ,
പാകമ്പോലിങ്ങിനെപ-
ത്താകുംവസ്തുക്കളോടുമുപചോദ്യം

ഇങ്ങിനെ ഭ്രാന്തുപിടിച്ച് ഉർവ്വശിയെ അന്വേഷിച്ചുകൊണ്ടു രാജാവ് നടക്കുമ്പോൾ ആ ദിവ്യമായ സംഗമനീയമണിയെ ഒരു പാറ പൊളിഞ്ഞതിന്റെ ഇടയിൽ ദൈവഗത്യാ കണ്ടുവെന്നും ഉർവ്വശിയുടെ തലയിൽ അണിയിപ്പാനിതു കൊള്ളാമെന്നുറച്ച് ആ മണി എടുത്തുവെന്നും ഉർവ്വശി അപ്പോളില്ലായ്കയാൽ തന്റെ ചൂടുള്ള കണ്ണുനീരുകൊണ്ട് ഇതു ചീത്തയാക്കുന്നതുചിതമല്ലെന്നു വിചാരിച്ചുടനെ ഉപേക്ഷിച്ചുവെന്നും അപ്പോൾ ഇത് പാവ്തീപാദസംഭവമായ സംഗമനീയ മണിയാണെന്നും അങ്ങുന്നിതിനെ ധരിച്ചാൽ ഇഷ്ടജനസംയോഗം ലഭിക്കുമെന്നുമർത്ഥമായ ഒരു അശരീരവാക്കുകേട്ടിട്ട് ആ മണിയെ അത്യാദരവോടുകൂടി സ്വീകരിച്ചുവെന്നും ഉള്ള കഥയെ 'മുമ്പിൽ' എന്ന മുതൽ 'വിധം' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു.(ബ്രഹ്മാദികൾക്കുകൂടി ഇഷ്ടാനിഷ്ട സിദ്ധികളെ മുൻകൂട്ടി അറിവുകൊടുത്തുകൊണ്ട് അവരെ ഓരോ കർമ്മങ്ങളിൽ നിയോഗിക്കുന്നതും ജനങ്ങൾക്ക് അവരവരുടെ കർമ്മങ്ങളെ അനുസരിച്ച് ചിലപ്പോൾ ചിലകാലങ്ങളിൽ കേടുകാണുന്നതും ഒരിക്കലും ശരീരത്തിന് സംബന്ധമില്ലാത്ത സാക്ഷാൽ പരമേശ്വരങ്കൽനിന്നുത്ഭവിക്കുന്നതും അനേക പുരാണാദിപ്രമാണ പ്രസിദ്ധവുമായ വാക്കാകുന്ന അശരീരവാക്ക്). പിന്നെ രാജാവ് അവിടത്തന്നെ സഞ്ചരിക്കു

മ്പോൾ, സുബ്രഹ്മണ്യ സ്വാമിയുടെ ആജ്ഞാ അലംഘ്യമായ നിശ്ച യത്താൽ ലതയായി ഭവിച്ച ഉർവ്വശിയുടെ സമീപത്തിൽ ചെന്നിട്ട് ഈ ലത എന്നോടിടഞ്ഞ് ഉർവ്വശിയെപ്പോലെയിരിക്കുന്നു, അതി നാൽ ആലിംഗനംചെയ്കതന്നെ എന്നു പറഞ്ഞ് മുമ്പിലത്തെപ്പോ ലെ ഭ്രാന്തസ്വഭാവത്തിൽ ആലിംഗനംചെയ്ക കഥയെ 'ചുറ്റിനട ന്ന്' എന്ന മുതൽ 'ചെയ്കുന്നു' എന്നുവരെയുള്ള ഗ്രന്ഥകൊണ്ടു പ റയുന്നു. അപ്പോൾ രാജാവിന്റെ കയ്യിൽ സംഗമനീയ മണിയു ണ്ടാകയാൽ സുബ്രഹ്മണ്യസ്വാമിയുടെ നിശ്ചയത്തെ അനുസരിച്ച് ഉർവ്വശി ലതാരൂപം വിട്ട് സ്വരൂപം പ്രാപിച്ചതിനാൽ രാജാവിന്ന് താൻ മുമ്പിൽ അനുഭവിച്ചിട്ടുള്ള ഉർവ്വശീസ്പർശസുഖമുണ്ടായതോടുകൂടി കണ്ണടഞ്ഞു പോയിയെന്നും മുമ്പിൽ ഇതുപോലെ ഊഹിച്ച് ഉർവ്വ ശിയാണെന്നു വിശ്വസിച്ചതെല്ലാം ഒടുവിൽ തെറ്റിക്കാണുകയാൽ കാഞ്ഞവെള്ളത്തിൽ ചാടിയ പൂച്ച പച്ചവെള്ളം കണ്ടുപേടിക്കുന്ന വണ്ണം ഇതും തെറ്റാകുമോ എന്നു ശങ്കിച്ച് കുറച്ചുനേരം കണ്ണടച്ച തന്നെ തനിക്കിഷ്ടമായ ആ സ്പർശസുഖത്തെ അനുഭവിക്കയും പി ന്നെ പതുക്കെ കണ്ണു മിഴിച്ചപ്പോൾ സത്യമായ ഉർവ്വശിയെക്കണ്ട് സന്തോഷിക്കുകയും ചെയ്യുവെന്നുള്ള കഥയെ 'അനന്തരം' എന്ന മുതൽ 'തന്നെ' എന്നുവരെയുള്ള ഗ്രന്ഥകൊണ്ട് പറയുന്നു. രാജാ വും ഉർവ്വശിയും തമ്മിൽ ഉപചാരങ്ങളെ ചെയ്ത് കൂടിച്ചേർന്നതുകൊ ണ്ട് സന്തോഷിക്കയും രാജാവ് മുമ്പിൽചെയ്ത അനുനയത്തെ താൻ ധിക്കരിച്ചതിനേയും മറവും പറഞ്ഞ് ഉർവ്വശി പശ്ചാത്തപിക്കുകയും ഉ ർവ്വശിയെ ഇതുവരെ കാണാതിരിപ്പാനും ഇപ്പോൾ കാണ്മാനുമുള്ള കാരണമെന്തെന്നറിവാൻ ആഗ്രഹിക്കുന്ന രാജാവിനോട് സുബ്ര ഹ്മണ്യഭഗവാൻ പണ്ട് ബ്രഹ്മചര്യവ്രതം അനുഷ്ഠിച്ചുകൊണ്ട് വള രെക്കാലം ഇരുന്നരുളിയ ഈ അകളുഷമെന്ന ഗന്ധമാദന സ്ഥല ഭാഗത്തിൽ സ്ത്രീകൾ കടന്നാൽ ലതകളായിത്തീരുമെന്നും സംഗമ നീയമണിയല്ലാതെ അതിനു മറ്റൊരു മോചനവുമില്ലെന്നും ഗുരു ശാപംകൊണ്ടു ബുദ്ധി ഭ്രമിച്ച ഞാൻ ഇതിലകടന്നു ഇതുവരെ ലതയാ യി നില്ക്കുകയായിരുന്നു എന്നും ഉള്ള പൂർവ്വ വൃത്താന്തത്തെ ഉർവ്വശി പ റഞ്ഞു ധരിപ്പിക്കുകയും ചെയ്യുവെന്നുള്ള കഥയെ 'കണ്ണിതൊലി പ്പിച്ചിട്ട്' എന്ന മുതൽ 'തീരുകയുംചെയ്തു' എന്നു വരെയുള്ള ഗ്ര ന്ഥകൊണ്ടു പറയുന്നു. കാര്യമെല്ലാം മനസ്സിലായതിന്റെശേഷം

രാജാവ് സംഗമനീയമണി ഉർവ്വശിയെക്കാണിക്കുകയും ഉർവ്വശി അതു വാങ്ങി തലയിൽ വെച്ചു വന്ദിക്കുകയും ചെയ്യുവെന്ന കഥയെ 'ഇപ്പോളെ'ന്ന മുതൽ 'കാന്തിയേന്തുന്നു' എന്നുവരെയുള്ള ഗദ്യംകൊണ്ടു പറയുന്നു. പിന്നെ താൻ ഹേതുവായിട്ട് രാജാവിന്ന് പ്രജാരഞ്ജനമെന്ന സദ്ധർമ്മത്തിന്റെ ലോപം വരാതിരിപ്പാൻവേണ്ടി ഉർവ്വശി രാജാവിനോടുകൂടി പ്രതിഷ്ഠാനഗരത്തി'ലേക്കു മേഘവിമാനമാർഗ്ഗേണ പോയിഎന്ന കഥയെ 'പ്രതിഷ്ഠാനഗരത്തി'ലെന്നമുതൽ അങ്കാവസാനംവരെയുള്ള ഗദ്യംകൊണ്ടു പറയുന്നു.

നാലാമങ്കാവസാനത്തിൽ രാജാവും ഉർവ്വശിയും പ്രതിഷ്ഠാനഗരത്തിലേക്കു പുറപ്പെട്ട എന്നു പറഞ്ഞതിന്റെ ശേഷമായിതന്നെ അഞ്ചാമങ്കത്തിൽ അവിടെ എത്തിയ കഥ മുതൽക്കു തുടങ്ങുന്നതിനാൽ ഇടയിൽ സൂച്യ കഥാഭാഗമില്ല. രാജാവ് പ്രതിഷ്ഠാനഗരത്തിൽ തിരിയെവന്ന് വേണ്ടവിധം പ്രജാരക്ഷണംതുടങ്ങിയപ്പോൾ പ്രജകൾക്കുണ്ടായ പരമാനന്ദത്തേയും രാജാവിന്നു സന്തതിയില്ലെന്നല്ലാതെ മറ്റു യാതൊരു ദോഷവുമില്ല സകലഗുണപരിപൂർണ്ണനാണ്, എന്നതിനേയും പററി വിദൂഷകൻ പ്രശംസിച്ചിട്ട് ഇന്നൊരു വിശേഷദിവസമാകയാൽ രാജാവും ദേവിമാരും മംഗളസ്നാനം കഴിച്ച് സവിസ്തരമണിവാൻ ഭാവിക്കുന്നതുകൊണ്ട് ഞാൻ അവിടെ തിരുമുമ്പിൽ ചെല്ലട്ടെ എന്നു നിശ്ചയിച്ച് പുറപ്പെട്ടുവെന്നകഥയെ 'ഭാഗ്യം' എന്നമുതൽ 'ചുറ്റിനടക്കുന്നു' എന്നുവരെയുള്ള ഗദ്യംകൊണ്ടു പറയുന്നു. അപ്പോൾ ഉർവ്വശിക്കണിവാനായി പട്ടിൽ വെച്ചു വിശറികൊണ്ടു മൂടിക്കൊണ്ടു പോകുന്ന സംഗമനിയമണിയെ വഴിമദ്ധ്യത്തിൽ വച്ച് മാംസമാണെന്നു ശങ്കിച്ച് ഒരു കഴുവാറകൊത്തിക്കൊണ്ടു പോയിയെന്ന് പരിഭ്രമത്തോടുകൂടി വിളിച്ചുപറയുന്ന വാക്കുകേട്ട് വിദൂഷകൻ വ്യസനിച്ചു പരിഭ്രമിക്കുകയും രാജാവ് പരിഭ്രമിച്ച് അണിയുന്ന മദ്ധ്യത്തിൽ തന്നെ എഴുന്നേറ്റ് വരിജനങ്ങളോടുകൂടി പ്രവേശിക്കുകയും ചെയ്യുന്നുവെന്ന കഥയെ 'അണിയറയിൽ' എന്ന മുതൽ 'പ്രവേശിക്കുന്നു' എന്നുവരേയുള്ള ഗദ്യംകൊണ്ടു പറയുന്നു. രാജാവും മറ്റും ആ കഴുവാറയെ നോക്കികണ്ടുപിടിച്ച് വില്ലുമമ്പും വരുത്തിയപ്പോഴെക്കും അതിവേഗത്തിൽ പറക്കുവാൻ സാമർത്ഥ്യമുള്ള ആ പക്ഷി ബാണമാർഗ്ഗം അതിക്രമിച്ച് ദൂരത്തിൽ പോയതിനാൽ തല്ക്കാലം മണി കൈവശം വരുത്തു

വാൻ സാധിച്ചില്ലെങ്കിലും രാത്രി കൂട്ടിൽ വെച്ചു ഈ പക്ഷിയെ പിടിക്കേണമെന്നു രാജാവ് നഗരാധിപതിക്കു കല്പന കൊടുത്തു് കഞ്ചുകിയെഅയച്ചതിനാൽഎല്ലാവരും ഒരുവിധംസമാധാനപ്പെട്ടുവെന്ന കഥയെ'എങ്ങവൻ'എന്നമുതൽ'മനസ്സിലാക്കിട്ടുണ്ടല്ലൊ'എന്നു വരെയുള്ളഗ്രന്ഥംകൊണ്ടു് പറയുന്നു. നഗരാധികാരിയോടു രാജകല്പന പറവാൻപോവുന്ന കഞ്ചുകി വഴിമദ്ധ്യത്തിലമ്പുകൊണ്ടു ദേഹംവിളറിച്ചത്തു മണിയോടുകൂടിവീണുകിടക്കുന്ന ആ പക്ഷിയെ കണ്ടു് മണിയുംഅമ്പുമെടുത്തു് രാജാവിന്റെ മുമ്പിൽകൊണ്ടുചെന്നുകാണിച്ചു് വിവരം പറയുന്നുവെന്ന കഥയെ 'അനന്തര'മെന്ന മുതൽ 'പക്ഷി'യെന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. പിന്നെ രാജാവ് മണി കഴുകി ശുദ്ധി വരുത്തി ഭണ്ഡാരത്തിൽ കൊണ്ടേല്പിക്കുവാൻ കിരാതിയെ കല്പിച്ചയച്ചിട്ടു് ആ അമ്പു് ആരുടെയെന്നറിവാനായി അതിലെഴുതീട്ടുള്ള അക്ഷരങ്ങൾ വായിച്ചു് തനിക്കു പുത്രനുണ്ടെന്നറിഞ്ഞു് സന്തോഷിച്ചു് കഞ്ചുകിയെ വിട്ടയച്ചു് തനിക്കു പുത്രനുണ്ടെന്നുള്ളതിനെ വിദൂഷകനോടു പറഞ്ഞു് രണ്ടാളുംകൂടി ഇതെങ്ങിനെയാണു് സംഭവിച്ചതെന്നതിനെ പലവിധവും ആലോചിച്ചു് സംശയിച്ചുവെന്ന കഥയെ 'വെള്ളികൊണ്ടെ'ന്നമുതൽ 'ആശ്ചര്യമിക്കുന്നു'വെന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. അപ്പോൾ ച്യവനമഹർഷിയുടെ കല്പനപ്രകാരം ഉർവ്വശിയുടെയും പുത്രവത്സലന്റെയും പുത്രനായ ആയുസ്സെന്ന കുമാരനോടുകൂടി ഒരു താപസി അവിടെ വരികയും അവർ എല്ലാവരും തമ്മിൽ വേണ്ടവിധം ഉപചാരങ്ങൾ ചെയ്തു് സന്തോഷിക്കുകയും ചെയ്തു എന്ന കഥയെ 'കഞ്ചുകി പ്രവേശിച്ചിട്ടു്' എന്ന മുതൽ 'സ്നേഹം' എന്നുവരേയുള്ള ഗ്രന്ഥംകൊണ്ടു് പറയുന്നു.

(തുടരും)

കൊട്ടങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ.

വലയേശപരീപഞ്ചകം

ക. വരാത്ഭുതവപുസ്സതിൽപകൃതിവാങ്ങിവാഴുന്നൊരു
പ്രാവരവലാന്തകാദ്യമരവന്ദ്യവന്ദ്യേ! ശിവേ!
വരാംഗിവലയാലയേവിലസിടുന്നവാമാക്ഷി! മാൽ
വരാതെവരുവാൻവരംവിരവിൽനല്കുവിശേപശരി!

ഖ. തരംഗതരളാക്ഷി! നിൻതിരുമിഴിത്തലത്തല്ലിനാൽ
തരാകെട്ടുകയാൽതപഃഫലംത്തളിർതെളിഞ്ഞുതാപംകെടാൻ
തരാ,തളിർതെഴുംതനോ! തരമൊടോത്തുതാരമ്പജി-
ത്തരംതവതദ്ധൈതരുമേ! തുണയ്ക്കുണമേ

ന. ഭവാനുഭവയോഗ്യമാംഭവനഭോഗ്യമേ! പങ്കജോൽ-
ഭവാബ്ജിഭവനാദിഭക്തജനഭക്തിമുക്തിപ്രദേ!
ഭവാതിഭയമാറണേ,ഭവദനുഗ്രഹംതൊറിയാൽ
ഭവാനി! ഭവനംഭവേത്തവഭയംഭവിയ്ക്കുംഭശം

ര. കുലാദ്യഖിലസൽഗുണക്കിളികളൊത്തുകൂത്താടിടും
കുലായമരമേ! കരിങ്കുഴലിമാർകുലോത്തംസമേ!
കുലാദ്രികുലകുഞ്ഞരപ്രിയകുമാരി! തേപാപസം-
കുലാദ്രികുലിശാമലക്കഴലിണയ്ക്കുകുപ്പുന്നുഞാൻ

ങ. കടത്തിഹഭവോല്ലടക്കടൽകടക്കുവാനൊന്നുതാൻ
കടത്തിടുവതിന്നുനിൻകരുണതാനതിൽകുപ്പലും
കടത്തിരുമിഴിക്കളിക്കളരിയാക്കിമാംകാമസാ-
ക്കടത്തിലുഴലാതുമേ! കനിവിയന്നുകാക്കേണമേ.

കുണ്ടൂര് നാരായണമേനോൻ.

കേരളക്ഷിതിരത്നമാല

കാലഃകരണസംജ്ഞാച കൃഷ്കാഖ്യാധനോന്മിതിഃ
ഭൂപാഖ്യാകാണസംഖ്യാച നാമധേയമഥക്ഷിതേഃ ൻവ

അവകാശാഭിധാനശ്ച കരോഭോഗമതഃപരം
ഭോഗശിഷ്ടകരോന്മാനം ആദാനസമയോസ്യച ൻൻ

ലേഖ്യപ്രദാനവാത്താച പുനർന്നാമമഹീപതെഃ
ക്ഷിതേർന്നാമാവകാശസ്യ കരോഭോഗസ്തഥൈവച ൧൦

ഭോഗശിഷ്ടകരോന്മാനം തദ്ദാനസമയഃപുനഃ
ലേഖ്യസ്യാദാനവാത്താച കൃഷ്കാഹ്വയമേവച ൧൨

സാക്ഷിലേഖകസംജ്ഞാച ത്യേവംകരണലക്ഷണം ൧൩

ആധാരലക്ഷണത്തെ പറയുന്നു. കാലം, കരണത്തിന്റെ പേര. കൃഷിക്കാരന്റെ പേര, പണത്തിന്റെ കണക്ക, രാജാവിന്റെ (ജന്മിയുടെ) പേര, കാണസംഖ്യ, ഭൂമിയുടെ പേര, അവകാശത്തിന്റെ പേര, കരം, ഭോഗം, ഭോഗശിഷ്ടകരത്തിന്റെ കണക്ക, ഇതിനെ വാങ്ങുന്ന കാലം, ആധാരം കൊടുക്കുന്ന വൃത്താന്തം, പിന്നെയും രാജാവിന്റെം പേര, ഭൂമിയുടെ പേര, അവകാശത്തിന്റെ പേര, കരം, ഭോഗം, ഭോഗശിഷ്ടകരത്തിന്റെ കണക്ക, അതിന്റെ ദാനസമയം, ആധാരത്തിന്റെ വാങ്ങുന്ന സമയം, കൃഷിക്കാരന്റെ പേര, സാക്ഷിക്കാരുടെ പേര, എഴുത്തകാരന്റെപേര, ഇങ്ങിനെ ആധാരലക്ഷണം.

കോലംബസൌരമാസാഭ്യാം കാലസ്സാധാരണോമതഃ
താഭ്യാംതഥാവ്യായ്മചാരേണമന്ദചാരേണതെകേപചിൽ ൧൫

ലവവാരയുതംയദ്വാ ഏകൈകായുതയോജിതം
ഏവംദ്വാദശധാകാലഃ കരണേഷ്വവിലിഖ്യതേ ൧൬

കൊല്ലവഷ്വും മലയാമാസവും സാധാരണ കാലമെന്ന സമ്മതിക്കപ്പെട്ടിരിക്കുന്നു. ഇതുകളോട് ഗുരുചാരമോ മന്ദചാരമോ ചേത്തിട്ടും എല്ലാംകൂടി ചേത്തിട്ടും ചിലേടത്തു നടപ്പുണ്ട്. ഇവയോട് ലവവാരങ്ങളിൽ ഓരോന്ന ചേത്തും ചേർക്കാതെയും ആവാം.

ഇങ്ങിനെ ആധാരങ്ങളിൽ പന്ത്രണ്ടു വിധത്തിൽ കാലം എഴുതപ്പെടുന്നു.

കലിദിനസംഖ്യാമാത്രഃ കരണേഷ്വവിലിഖ്യതേകാലഃ

കാലത്തിന്റെ സ്ഥാനത്ത കലിദിനത്തിന്റെ സംഖ്യമാത്രം ആധാരങ്ങളിൽ എഴുതപ്പെടുന്നു.

പ്രാക്കോലംബോൽപ്പത്തേഃ പശ്ചാദപിദൃശ്യതെഹ്യേവം
അസ്മദ്വ്യുഷ്ടബ്ദ പേന്ദവം കരണേഷ്വവിവഞ്ജയേദ്ധീമാൻ ഫാ

കൊല്ലവർഷത്തിന്റെ ഉല്പത്തിക്ക് മുമ്പും പിന്നെയും ഇപ്രകാരം ആധാരത്തിൽ കാണപ്പെടുന്നു. ഞാൻ, നീ, എന്ന വാക്കുകൾ രണ്ടും ബുദ്ധിമാന്മാരായിരിക്കുന്നവർ ആധാരങ്ങളിൽ വഴ്ങ്ങിക്കെണ്ടാം.

സ്വനാമാഖ്യാംലോകോഭിഷ്ടാം
നിജനിജപൂർവ്വഖ്യയാഹീനാം
ഇദമേകവിധദ്വിധാനലേഖ്യം
പുനരുക്തിന്നഹിഗണ്യതെദ്വയോഃ

ലോകത്തിങ്കൽ തങ്ങൾ തങ്ങളുടെ പൂർവ്വനാമധേയം ഇല്ലാത്തവർ ജനങ്ങളാൽ വിളിക്കപ്പെടുന്ന മനുഷ്യ നാമധേയത്തെ ത്യജിക്കേണം. ഇത ഒരുവിധമായിട്ടല്ലാതെ രണ്ടുവിധമായി എഴുതുവാൻ പാടില്ലാ. രണ്ടു നാമധേയങ്ങൾക്കു പുനരുക്തി ദോഷം ഗണിക്കപ്പെടുന്നില്ലാ.

പൂർവ്വാഖ്യാലേഖനേസ്വസുജനകാഖ്യാവിലിഖ്യതേ
ശ്രേഷ്ഠാനാന്മാതുലാഖ്യാചപ്രായേയമുദിതോവിധിഃ ഫാ

പൂർവ്വന്മാരുടെ നാമധേയങ്ങൾ എഴുതുന്നതിൽ അവരവരുടെ അച്ഛന്റെ പേര് എഴുതപ്പെടുന്നു. പ്രഭുക്കൾക്ക് അമ്മാമന്റെ നാമധേയവും എഴുതപ്പെടുന്നു. ഈ വിധിയാണ് സാധാരണ പറയപ്പെട്ടത.

ദ്വയോശ്ചൈവാത്മനഃപൂർവ്വംയോഭവേദ്ധരണീശ്വരഃ
പൂർവ്വാഖ്യാതസ്യനാമസ്യാൽപ്രാഗ്രേഖാസുൽകൃതാഃഖലു ഫാവ

രണ്ടാളുടേയും (എഴുതികൊടുക്കുന്നവനും എഴുതിവാങ്ങുന്നവനും) തങ്ങളുടെ പൂർവ്വം ഈ ഭൂമിക്കധിപതിയായി ആരിരുന്നുവൊ അവന്റെ പേരാണ് പൂർവ്വനാമധേയം. എന്തുകൊണ്ടെന്നാൽ പൂർവ്വാധാരങ്ങൾ അദ്ദേഹത്തിനാൽ ചെയ്യപ്പെട്ടവയാണല്ലൊ.

ജാതസ്യയന്നാമധേയംരുദ്രാക്ഷാഹനിവാശനേഃ
ശുഭേമുഹൂർത്തേകുരുതേലേഖയേൽകരണേഷുതൽ ൫൦൯

* ജനിച്ചവന തിങ്കൾ, ഞായർ, ശനി ഈ ആഴ്ചകളിൽ ശുഭ മുഹൂർത്തങ്ങളിൽ യാതൊരു നാമധയം ചെയ്യപ്പെടുന്ന ആ നാമധ യത്തെ ആധാരങ്ങളിൽ എഴുതിക്കേണം.

ബ്രഹ്മോപദേശയജനാഗ്നിവിധാനശസ്ത്രൈ
ബന്ധാവരോധമുഖകർമ്മഭിരത്രലബ്ധാ
സ്ഥാനാന്തവിപ്രനൃപവംശകൃതഞ്ചനാമ
ഭൈലേഖ്യഷട്കപരിവർജ്ജിതമാമനന്തി ൫൧൦

ബ്രഹ്മോപദേശംകൊണ്ടും യാഗംകൊണ്ടും അഗ്ന്യാധാനംകൊ ണ്ടും ശസ്ത്രബന്ധംകൊണ്ടും ഓരോകായ്യങ്ങളിൽ നിയമിക്കുന്നതുകൊ ണ്ടും മറവു ക്രിയകൾകൊണ്ടും കിട്ടിയ നാമധേയങ്ങളും സ്ഥാനാവസാ നത്തിങ്കൽ ബ്രാഹ്മണകുലത്തിൽനിന്നും നൃപകുലത്തിൽനിന്നും കൊടുക്കുന്ന നാമധേയവും ആറുവക ഭൈഷ്യാധാരങ്ങളിലും വർജ്ജിക്കപ്പെട്ടതാകുന്നു.

പട്ടാഭിഷിക്തനൃപതേരപിനാമധേയം
ഷഷ്ഠപത്രികാസുവിലിഖേൽപ്രഥമൊപദിഷ്ടം
പട്ടാഭിഷിക്തനൃപതിർന്നഹികേരളേഷു
തത്രാക്ഷതാർപ്പണമുദീരിതമേവസന്ദ്ഭിഃ ൫൧൧

പട്ടാഭിഷേകം ചെയ്ത രാജാവിന്റേയും നാമകരണത്തിങ്കൽ വിളിക്കപ്പെട്ട നാമധേയത്തെ മുൻപറഞ്ഞ ന്ന വക ആധാരങ്ങളി ലും എഴുതണം. പട്ടാഭിഷേകം ചെയ്യപ്പെട്ട രാജാവ് മലയാളത്തിൽ ഇല്ലാ. എന്നാൽ ആ പട്ടാഭിഷേകത്തിനു പകരം അക്ഷതാർപ്പണം എന്നു അരിട്ടവാഴ്ച പറയപ്പെട്ടിരിക്കുന്നു.

കൃതവീര്യജൈരിഭൃതഭൈദിജപാദൊന്മിതഭൂമിപാലകഃ
ഇതരക്ഷിതിരാജ്യപാലകാദധികോവൈഖലുഭൂമിഗൌരവൈഃ ()

---

* ശനി, ഞായർ ഈ ആഴ്ചകൾ ജ്യോതിശ്ശാസ്ത്രപ്രകാരം നാമകരണ ത്തിന് നിഷിദ്ധങ്ങളാകയാൽ 'രുദ്രാക്ഷാഹനിവാശനേഃ' എന്ന പാ ഠം 'രുദ്രാക്ഷാഹനിവാശനേ' എന്നാക്കി ജനിച്ചിട്ട് ൧൨-ം ൧൩-ം ദിവസങ്ങളും അന്നപ്രാശന ദിവസവും എന്നു വ്യാഖ്യാനിച്ചാൽ അധികം നന്നായിരിക്കും.

പരശുരാമ രാജ്യത്തിങ്കൽ ബ്രാഹ്മണശ്രേഷ്ഠന്മാരാൽ നിയമിക്കപ്പെടുന്ന രാജാവ് മറവള്ള രാജാക്കളേക്കാൾ ഭൂമിഗൌരവങ്ങൾ കൊണ്ട് അധികനായി തീരുന്നു.

* കൃതവീര്യാൽ ജായതഇതികൃതവീര്യേജഃ കാർത്തവീര്യഃ തസ്യ വൈരീപരശുരാമഃ

രാമോന്മിതാനാന്ദേശാനാംഗോപ്ത്രാരാമമഹീതലെ
സാവ്വഭൌമസമഃപ്രോക്തൈനാനാഗൌരവസഞ്ചയൈഃ ൧൮൩

പരശുരാമനിർമ്മിത ഭൂമിയിൽ പരശുരാമനിർമ്മിത ദേശങ്ങളെ രക്ഷിക്കുന്ന രാജാവ് അനേകവിധമായ ഗൌരവ സമൂഹങ്ങൾകൊണ്ട് ചക്രവർത്തി തുല്യനായി തീരുന്നു.

തസ്മാൻകേരളഭൂപാനാംബ്രാഹ്മണത്രാണസംഭവം
ഗൌരവംകഥ്യതേകേനഭാർഗ്ഗവായനമോനമഃ ൧൮൪

അതുകൊണ്ട് കേരളഭൂപതികൾക്ക് ബ്രാഹ്മണസംരക്ഷണം കൊണ്ടുണ്ടാകുന്ന ഗൌരവം ആരാൽ പറയപ്പെടുന്നു. ഇങ്ങിനെ വിചിത്രതര ഭൂസൃഷ്ടാവായ പരശുരാമനായി നമസ്കരിക്കുന്നു.

കേചിച്ഛസ്ത്രഭൃതാംവര്യാസ്സർവ്വശസ്ത്രഭൃതാംപരാഃ
തേഷാംവൈശസ്ത്രശാലാസുവർത്തന്തേഖിലദേവതാഃ ൧൮൫

ചിലർ സകല ശസ്ത്രപാണികളിൽവെച്ച് ശ്രേഷ്ഠരായ ശസ്ത്രപാണികൾ ആകുന്നു. അവരുടെ ശസ്ത്രശാലകളിൽ അഖില ദേവതകളും വർത്തിക്കുന്നു.

വിപ്രൈരുചിതമേതന്യാഃ പാണിപാദഭവാഅപി
അക്ഷത്രംനൈധതേബ്രഹ്മ ക്ഷാത്രന്തേഷുഹികേരളെ ൧൮൬

ശസ്ത്രപാണികൾ ക്ഷത്രിയ ശൂദ്രന്മാരെങ്കിലും ബ്രാഹ്മണന്മാരാൽ കൂടി വന്ദ്യന്മാരായി തീരുന്നു. ക്ഷത്രിയതേജസ്സില്ലാത്ത ബ്രാഹ്മണ തേജസ്സിന്ന ശോഭയില്ലാ. ആ ക്ഷത്രിയ തേജസ്സ കേരളത്തിങ്കൽ ക്ഷത്രിയ ശൂദ്രരികൾ ആകുന്നു.

ഉത്ഥാനമാചരേത്തത്ര സ്സാവ്വഭൌമോപ്യസംശയഃ
ശസ്ത്രിണാംഗുരവസ്സേസ്യുഃ പ്രാണശ്ശ്രേഷ്ഠാദ്ധിജാഃ ൧൮൭

സാവ്വഭൌമൻകൂടി അവരെ കണ്ടാൽ എഴുന്നില്ക്കണം. ഭൂപാലന്മാരെചെയ്യുന്നവരുടെ പ്രാണൻ ശസ്ത്രത്തിങ്കലും അങ്ങിനെയുള്ള ശസ്ത്രമുള്ളവർക്ക അവർ ഗുരുനാഥന്മാരായിയും ഭവിക്കുന്നു.

സൌന്ദര്യം

പരമാർത്ഥത്തിൽ സൌന്ദര്യം എന്നത് കേവലം സ്ഥൂലപദാർത്ഥങ്ങളെ ആശ്രയിച്ചിരിക്കുന്ന ഒരു ഗുണമല്ല. അത് ആത്മാവിന്റെ ഒരു ഗുണമാകുന്നു. 'ഭംഗിയുള്ള' എന്ന സാധാരണ പറയപ്പെടുന്ന ചേതനമായും അചേതനമായുമുള്ള സകല വസ്തുക്കൾക്കുമാന്തരമായിട്ട് ആത്മാവിനെ സംബന്ധിച്ച് അതി സൂക്ഷ്മമായ ഒരു സൌന്ദര്യമിരിക്കുന്നുണ്ട്. ഈ സംഗതിയെ ഒന്നു വിവരിക്കാം. ആദ്യംതന്നെ ഒരുവന്റെ സ്വഭാവം പരിപൂർണ്ണതയെ പ്രാപിച്ചിരിക്കണം. അതാണ് അവന്റെ ആന്തരമായിട്ടുള്ള സൂക്ഷ്മസൌന്ദര്യം. നിറം, ആകൃതി, ചേഷ്ടകൾ, ശബ്ദവിശേഷം, ഇവയെ സംബന്ധിച്ച് യാതൊരംശത്തെയാണ് നാം ഭംഗിയുള്ള എന്നു പറയുന്നത് അതെല്ലാം മുമ്പറഞ്ഞ സൂക്ഷ്മസൌന്ദര്യത്തിന്റെ സ്ഥൂലമായ പ്രകാശമാകുന്നു.

ഒരു സൌന്ദര്യമുള്ള മുഖം എന്നു നാം പറയുമ്പോൾ ആ മുഖത്തെ സംബന്ധിച്ച സൌന്ദര്യം ഒരു സൌന്ദര്യമുള്ള അന്തഃകരണത്തിൽനിന്ന്, ഒരു സൌന്ദര്യമുള്ള ഹൃദയത്തിൽനിന്ന്, സൌന്ദര്യമുള്ള ഒരു ഉൽകൃഷ്ടസ്വഭാവവിശേഷത്തിൽനിന്ന്, ഉത്ഭവിച്ചതാണെന്ന് ധരിക്കേണ്ടതാകുന്നു. എങ്ങിനെയെന്നാൽ, ജന്മാന്തരസുകൃതവിശേഷംകൊണ്ട് യാതൊരന്തഃകരണമാണ് നിർമ്മലമായി ഭവിച്ചിരിക്കുന്നത് ആ അന്തഃകരണം സൌന്ദര്യമുള്ളതാകുന്നുവെന്നു പറയാം. അപ്രകാരംതന്നെ, ഹൃദയം എപ്പോൾ വിശുദ്ധമായി തീരുന്നുവോ അപ്പോൾ അതും സുന്ദരമായി ഭവിക്കുന്നു. സ്വഭാവവും പരിപൂർണ്ണതയെ പ്രാപിക്കുമ്പോഴാണ് സൌന്ദര്യമുള്ളതായി തീരുന്നത്. ഇങ്ങിനെ ജന്മാന്തരസംസ്കാരവിശേഷംകൊണ്ട് നിർമ്മലതയെ പ്രാപിച്ചിരിക്കുന്ന അന്തഃകരണത്തേയും വിശുദ്ധമായ ഹൃദയത്തേയും ഉൽകൃഷ്ടമായ സ്വഭാവത്തേയും ആശ്രയിച്ച് യഥാർത്ഥമായ യാതൊരു സൂക്ഷ്മസൌന്ദര്യമാണിരിക്കുന്നത് അതുതന്നെയാണ് മുഖത്ത് പ്രത്യക്ഷമായി പ്രകാശിക്കുന്നതെന്നാണ് മുമ്പറഞ്ഞതിന്റെ താല്പര്യം. പ്രകൃതിയിൽ നമുക്കു പുറമേ കാണപ്പെടുന്ന ഭംഗിയുള്ളതായ സകല പദാർത്ഥങ്ങളും—ലോകത്തിലുള്ള സകല

ജാതിരത്നങ്ങളേയും കൂട്ടി ചേർത്തുവെച്ചാലുണ്ടാകുന്ന ശോഭയെ അതിശയിക്കുന്ന ശോഭയോടുകൂടിയ മഴവില്ല്, ദർശനമാത്രയിൽ ഉൽകൃഷ്ടമനോവികാരങ്ങളെ ജനിപ്പിക്കുന്നതായും അതിപ്രകാശത്തോടുകൂടിയ വിവിധ വർണ്ണങ്ങളെ കൂട്ടിചേർത്ത് മനോഹരമാകുംവണ്ണം ലയിപ്പിച്ചിരിക്കുന്നതായുമിരിക്കുന്നസൂര്യാസ്തമനം, അതിമനോജ്ഞമായും കാഴ്ചയിൽ നമുക്ക് അത്യാദരത്തെ ജനിപ്പിക്കുന്നതായുമുള്ള ഓരോ പ്രദേശങ്ങളും, ഉത്തരധ്രുവ പ്രദേശങ്ങളിൽ കാണപ്പെടുന്ന അതിശോഭയോടുകൂടിയിരിക്കുന്ന 'അറോറാബൊറിയാലിസ്' എന്ന പ്രഭാവിശേഷം, നമ്മുടെ മനസ്സിൽ കൌതുകം തോന്നിക്കുന്നതായ പുഷ്പങ്ങൾക്കും പത്രങ്ങൾക്കുമുള്ള രമണീയത, കാറ്റുവീശുമ്പോൾ ഉണ്ടാകുന്ന മധുരസ്വരങ്ങൾ, സമുദ്രത്തിലെ തിരമാലകളിൽനിന്നുണ്ടാകുന്ന കണ്ണാനന്ദജനകമായ ധ്വനിവിശേഷം;—ഇങ്ങിനെ നമ്മുടെ ബുദ്ധിക്കു സാരസ്യത്തെ ഉണ്ടാക്കുന്നതായ ലോകത്തിൽ കാണപ്പെടുന്ന സകല സുന്ദരപദാർത്ഥങ്ങളും, സർവ്വവ്യാപിയായും സൃഷ്ടിസ്ഥിതിസംഹാരകർത്താവായും ഇരിക്കുന്ന സാക്ഷാൽ ജഗദീശ്വരന്റെ അപരിമിതമായ സൌന്ദര്യത്തിന്റെ ; പലപ്രകാരത്തിലുള്ള സ്മൃത്തിമാത്രമാകുന്നു. അതു ഹേതുവായിട്ട് സകല ജാതിസൌന്ദര്യവിശേഷത്തിന്റേയും ഉല്പത്തിസ്ഥാനം ഭഗവാൻതന്നെയാകുന്നുവെന്നു പറയണം. അതിനാൽ സുന്ദരപദാർത്ഥങ്ങളിൽ നമുക്കഭിലാഷമുണ്ടാവുക എന്നുവെച്ചാൽ പരമാർത്ഥത്തിൽ അതിപ്രേമത്തോടുകൂടി നാം ഭഗവാനെ ഭജനം ചെയ്യുക എന്നാണ് അർത്ഥം ധരിക്കേണ്ടത്. സൌന്ദര്യമെന്നത് സകല ഭൂതങ്ങളുടേയും ഉള്ളിൽ പ്രത്യഗാത്മാവായിസ്ഥിതിചെയ്യുന്ന വാസുദേവനെന്നുപറയപ്പെടുന്ന ആ പരമതത്വത്തിന്റെ പ്രത്യക്ഷീഭാവം മാത്രമാകുന്നു. അതിനാൽ യഥാർത്ഥത്തിൽ സൌന്ദര്യമുള്ളത് യഥാർത്ഥത്തിൽ വിശിഷ്ടമായിരിക്കണം. അപ്രകാരംതന്നെ യഥാർത്ഥത്തിൽ വിശിഷ്ടമായത് യഥാർത്ഥത്തിൽ സൌന്ദര്യമുള്ളതുമായിരിക്കണം. പാപം സുന്ദരമായിരിപ്പാൻ പാടില്ല; എന്തെന്നാൽ സൌന്ദര്യം [illegible] പാപത്തോടുകൂടിയിരിപ്പാൻ പാടുള്ളതല്ല. ചെളിയിൽ രത്നങ്ങൾ കിടക്കുന്നത് നാം ചിലപ്പോൾ കാണുന്നുണ്ട്, അതുപോലെ സുന്ദരമല്ലാത്ത പദാർത്ഥങ്ങളുടെ മദ്ധ്യത്തിൽ സൌന്ദര്യം മൂടി കിടക്കുന്നതും നാം കാണുന്നു. 'വിശിഷ്ടത'യുടെ സൌന്ദര്യം, അസംസ്കൃതമായ രത്നങ്ങളെപോലെ,

സംസ്കരിക്കപ്പെടുന്നതുവരെ നമുക്ക് ദുഃഖിക്കാനുള്ള കാരണമായി ഭവിക്കുന്നതല്ല.

കോമളതാ (സൌഭാഗ്യം) എന്നതിനും സൌന്ദര്യം എന്നതിനും ഒരേ അർത്ഥം ധരിപ്പാൻ പാടില്ല. രണ്ടിനും അർത്ഥം വേറെയാകുന്നു. ഒരു സൌഭാഗ്യമുള്ള മുഖം, ചിലപ്പോൾ സുന്ദരങ്ങളല്ലാത്ത ചില ചിഹ്നങ്ങളാൽ ബാധിക്കപ്പെടുന്നതിനാൽ, നമുക്ക് ജുഗുപ്സാവഹമായി തോന്നുന്നു. നേരെ മറിച്ച്, അത്രതന്നെ കോമളമല്ലാത്ത മറ്റൊരു മുഖം പ്രസന്നമായിരിക്കുകയും നമുക്ക് സന്തോഷത്തെ ജനിപ്പിക്കുകയും ചെയ്യുന്നു. അതിനുള്ള കാരണം ആ മുഖത്തിന്റെ പിൻഭാഗത്തായി സ്ഥിതി ചെയ്യുന്ന ഉൽകൃഷ്ട സ്വഭാവവിശേഷത്തിന്റെ സൌന്ദര്യം സദാ വിളങ്ങികൊണ്ടിരിക്കുന്നതിനാൽ ആ മുഖവും പ്രകാശത്തോടുകൂടിയതായി ഭവിക്കുന്നു എന്നതാകുന്നു. വിശിഷ്ടത (ധാർമ്മികതാ), ആരോഗ്യം, സൌഷ്ഠവം, സൌന്ദര്യം ഇവയെല്ലാം ഒന്നുതന്നെയാകുന്നു. ധാർമ്മികതാ എന്നത് സ്വഭാവത്തിന്റെ പരിപൂർണ്ണത, അല്ലെങ്കിൽ സൌന്ദര്യം, ആകുന്നു. ആരോഗ്യം എന്നത് ദേഹത്തിന്റെ പരിപൂർണ്ണത, അല്ലെങ്കിൽ സൌന്ദര്യം, ആകുന്നു. സൌഷ്ഠവം എന്നത് ഒരുവന്റെ പ്രവൃത്തികളുടെ സൌന്ദര്യമാകുന്നു. 'സുസ്ഥമായിരിക്കുന്ന ഒരു ദേഹത്തിൽ നിശ്ചലമായിരിക്കുന്ന ഒരു മനസ്സ്' എന്നുള്ള ഒരു സാരവാക്യത്തെ പണ്ടുള്ള യവനന്മാർ പ്രബലമായി അനുവർത്തിച്ചിരുന്നു. എന്നാൽ ദേഹം പൂർണ്ണപുഷ്ടിയേയും അന്തഃകരണം പൂർണ്ണവികാസത്തേയും പ്രാപിക്കണമെങ്കിൽ പരിപൂർണ്ണതയെ പ്രാപിച്ചിരിക്കുന്ന സ്വഭാവഗുണം അത്യാവശ്യമാണെന്നു തത്വം അവർ അത്ര ധരിച്ചിരുന്നുവൊ എന്നു സംശയമാണ്; എന്തെന്നാൽ, ദേഹപുഷ്ടി, അന്തഃകരണശുദ്ധി, ആത്മപ്രകാശം, ഇവയെല്ലാം ഏവനിൽ അതി രഞ്ജനയോടുകൂടി ഉന്നതിയെ പ്രാപിച്ചിരിക്കുന്നുവൊ അവനു മാത്രമെ സൌന്ദര്യത്തിന്റെ പരമകാഷ്ഠയെ പ്രാപിപ്പാൻ സാധിക്കുകയുള്ളു.

ആത്മാവിന്റെ സൌന്ദര്യം ആന്തരമായിട്ടെ കാണപ്പെടുന്നുള്ളു. ബാഹ്യമായി കാണപ്പെടുന്നതല്ല. യഥാർത്ഥമായ സൌന്ദര്യം തൊലിപ്പുറമേയുള്ളതല്ല. അത് ബാഹ്യമായിട്ടുള്ള യാതൊരു കർമ്മം കൊണ്ടും സിദ്ധിക്കപ്പെടുന്നതല്ല. കായികമായ സൌന്ദര്യവുമപ്രകാ

കാരംതന്നെയാകുന്നു. കായികമായ സൌന്ദര്യത്തേയും ധാർമ്മികമായ സൌന്ദര്യത്തേയും വേർതിരിച്ച് താരതമ്യപ്പെടുത്തുവാൻ പാടുള്ളതല്ല. എന്തെന്നാൽ രണ്ടിനേറെയും ഉല്പത്തിസ്ഥാനം ഒന്നാകുന്നു — ഉൽകൃഷ്ടസദ്ഭാവഗുണത്തിന്റെ സൌന്ദര്യത്തിൽനിന്നും, നിർമ്മലതയിൽനിന്നും, നിർവ്യാജതത്തിൽനിന്നുമാണ് അവ രണ്ടുമുത്ഭവിച്ചിരിക്കുന്നത്.

കെ. എം.

ഒരു ഇതിഹാസവനിതാ

'എനിക്ക് ഈ ഭാഗ്യം വേണ്ട..ഞാൻ ഇതിന്നിരിക്കുന്നവളല്ല' എന്നുപറഞ്ഞു എണീറ്റു നടന്നു. 'ഗുണദോഷം പറഞ്ഞാൽ കേൾക്കുന്നവളാണെന്ന് ഇനിക്ക് മുമ്പുതന്നെ ബോദ്ധ്യമില്ല. എന്റെ ചുമതല തീർത്തു എന്നേയുള്ളൂ. ആ കുളനൊന്നിച്ച് കേമദ്രുമം അനുഭവിപ്പാനാണ് നിണക്കു യോഗം' എന്നു പറഞ്ഞ് പിന്നാലെ ചെന്നു. അപ്പോൾ ഒരു വില്ലക്കാരൻ അകത്തേക്കു കടന്നു വരുന്നതു കണ്ട് പത്മാവതി ഒഴിഞ്ഞുനിന്നു. 'മൂർത്തഎജമാനൻ അത്താഴപൂജേരി കഴിഞ്ഞ് ഇവിടെ എത്തും. അതിന്നുശേഷം വേണ്ടവിധം ശുശ്രൂഷിക്കാമെന്നു കല്പിച്ചു'. 'ഏതു മൂർത്തെജമാനൻ' എന്നു ചോദിക്കാതിരിപ്പാൻ പത്മാവതിക്ക് ക്ഷമയുണ്ടായില്ല. 'തെമ്പുരാന്റെ കോട്ടക്കൽ ഇരിക്കുന്ന പുല്ലമ്പിലായി മൂർത്ത എജമാനൻ' എന്നവൾ പറഞ്ഞു ശിപായി പോയി. ഈ വാക്കു കേട്ടപ്പോൾ പത്മാവതിക്ക് കുറെ സമാധാനമായി.

ഇച്ചോ—നിനക്കും നിന്റെ വലിയച്ഛനും വല്ല സാമർത്ഥ്യമുണ്ടെങ്കിൽ താനെ മതി. ഇനിക്ക് ഇതിൽ ഒരു പങ്കും കിട്ടുവാനില്ല.

പത്മാ—അമ്മ ഈ ഒരു കാര്യത്തിന്നു മാത്രം എന്നെ നിർബ്ബന്ധിക്കരുത്. കാര്യക്കാരല്ല, ചക്രവർത്തിയുടെ പട്ടാഭിഷിക്തസ്ഥാനം കിട്ടു

ന്നതായാൽകൂടി മറൊരാളിൽ എന്റെ മനസ്സ് പ്രവേശിക്കയില്ല'.

ഇച്ചോ—ഞാൻ ഇനി പ്രവേശിപ്പിക്കാൻ വിചാരിക്കുന്നതും ഇല്ല. വളരെ കാലംകൂടി വന്നിട്ട് രസക്കേടായി പോകാതിരുന്നാൽ മതി' എന്നു പറഞ്ഞ് അവർ അകത്തേക്കുതന്നെ പോയി നാട്ടുവർത്തമാനങ്ങളെ പററി സംസാരിച്ചുകൊണ്ടിരുന്നു.

സന്ധ്യക്കുമുമ്പു തിരിച്ചു വരാമെന്നു പറഞ്ഞുപോയ മൂത്ത കയ്മളേയും പത്മാവതിയേയും കാണാഞ്ഞിട്ട് പത്മനാഭമേനോൻ കടമക്കുടിക്കളത്തിന്റെ പടിക്കൽ കാത്തു നില്ക്കുമ്പോൾ മൂത്തതും ഒരു വില്ലുക്കാരനും ഓടിവരുന്നതുകണ്ടു. അവർ പടിക്കൽ വന്ന് പത്മനാഭമേനോനെ അകത്തേക്കു വിളിച്ച് ഇങ്ങിനെ പറഞ്ഞു.

മൂത്തത്—ദേവസ്വക്കാരും കയ്മളും തമ്മിലുണ്ടായിരുന്ന മുഷിച്ചിലെല്ലാം തീർന്നു. കയ്മളുടെ വസ്തുക്കളെല്ലാം വിട്ടുകൊടുപ്പാനും തീച്ചപ്പെടുത്തി. തിരുവെഴുത്ത് നിങ്ങളുടെ പേക്ക് എഴുതിട്ടുള്ളത് കൈമാറുന്നതിന്ന് ഇപ്പോൾതന്നെ പുറപ്പെടണം. നാളെ ഉദ്ദിവസമാകകൊണ്ട് പുലച്ചുക്കു മുമ്പു തമ്പുരാൻ തെക്കോട്ട് എഴുന്നെള്ളും. ഈ ശിവായിയേയും പിന്നെ വേറെ ആരെങ്കിലും കാവൽ നിത്തി പുര പൂട്ടിപോരേണമെന്നാണ് പറഞ്ഞിട്ടുള്ളത്'.

പത്മനാഭന് ഈ വാക്കുകൊണ്ട് വിശ്വാസം വരായ്കയാൽ എങ്ങിനെ എല്ലാമാണ് മുഷിച്ചൽ തീർന്നത് എന്നു വീണ്ടും ചോദിച്ചപ്പോൾ 'അതെല്ലാം വഴിക്കാവാം നിങ്ങൾക്കു വിശ്വാസത്തിന്നായി കയ്മളുടെകയ്യക്ഷരത്തിലുള്ള പകപ്പ് തന്നയച്ചിട്ടുണ്ട്' എന്നു പറഞ്ഞ് പകപ്പ് കാണിച്ചുകൊടുത്തു. കയ്യക്ഷരം അച്ഛന്റേതാണെന്ന് ബോദ്ധ്യമായി. പിന്നെയും പത്മനാഭൻ സംശയിച്ചുനില്ക്കുന്നതുകണ്ട് 'ആലോചിച്ചു താമസിക്കേണ്ട താക്കോല പതിവായി വെക്കുന്ന സ്ഥലത്തു തന്നെ ഇരിപ്പുണ്ടെന്നു പറഞ്ഞയച്ചിട്ടുണ്ട്'. കയ്യെഴുത്തിലുള്ള ആധാരപകപ്പും പറഞ്ഞ സ്ഥലത്ത് തന്നെ താക്കോലും കണ്ടപ്പോൾ വിശ്വാസം വന്നു. ഉടനെ മാളിക പൂട്ടി മൂത്തതൊന്നിച്ചു പുറപ്പെട്ടു. അവൻ തമ്പുരാന്റെ കൊട്ടാര വാതില്ക്കൽ ചെന്നു നിന്ന് വിവരം അറിയിക്കാനായി തവണക്കാരനെ അയച്ചു. മൂത്തത് വേഗത്തിൽ ഊഞ്ഞാലിച്ചു വരാമെന്ന് പറഞ്ഞു പിരി

ഞ്ഞു. അല്പം താമസിച്ചതിന്റെശേഷം തവണക്കാരൻ തിരിച്ചു വന്ന് 'കേയ്യളേമാനാൻ കായ്ക്കാരേമാന്റെ മഠത്തിലേക്കു പോയി നിങ്ങളോടും അങ്ങോട്ട് പൊയ്ക്കൊള്ളാൻ കല്പിച്ചു' എന്നു പറഞ്ഞതുകേട്ട് പത്മനാഭൻ ഇക്കോരൻനായരുടെ മഠത്തിലേക്കു പോയി. അവിടെ ചെല്ലുമ്പോൾ നായർ പടിക്കലേക്കു നോക്കിക്കൊണ്ട് ഒരു കട്ടിലിന്മേൽ കിടക്കുകയായിരുന്നു.

ഇക്കോ—'കേയ്യൾ ഉണ്ണുവാൻ പോയിരിക്കയാണ് തന്റെ ഊണുകഴിഞ്ഞില്ലെങ്കിൽ അതു പോയി കഴിച്ചു വരൂ'.

പത്മ—'അച്ഛനെ കണ്ടതിനു ശേഷം ഞാൻ പൊയ്ക്കൊള്ളാം'.

ഇക്കോ— 'വേണ്ട ഊണു കഴിച്ചു വന്നിട്ടാവാം. ആരടാ അവിടെ ഈ ആളെകൊണ്ടുപോയി ഭക്ഷണം കഴിപ്പിച്ചുകൊണ്ടുവാ' എന്നു പറയുന്നതു കേട്ട് ഒരു ശിപായി പത്മനാഭനെ കൂട്ടിക്കൊണ്ടു പുറത്തേക്കു പോയി.

പച്ചിലക്കാട്ട് തളത്തിൽ ഉച്ചേഴണമ്മയും പത്മാവതിയും മുത്ത കയ്യളുടെ വരവും നോക്കിയിരിക്കുന്നു. നേരം പത്തു നാഴികരാച്ചെന്നിട്ടും കയ്യളെ കാണാഞ്ഞതുകൊണ്ട്,

പത്മാ— 'എന്താ വലിയച്ഛൻ വരാനിത്ര താമസിക്കുന്നത്'.

ഇച്ചോ—'പക്ഷെ കായ്ക്കാരെ കാണുവാൻ പോയിട്ടുണ്ടായിരിക്കും. അദ്ദേഹം നിന്റെ മാതിരി തന്റേടമില്ലാത്താളല്ല. ഒരു സമയം കായ്ക്കാരുടെ ആവലാതി കേട്ട് വലിയച്ഛൻ സമ്മതിച്ചാൽ നീയെന്തു ചെയ്യും'.

പത്മാ—'ഒന്നാമത് കായ്ക്കാര് അച്ഛനോട് ആവലാതി പറകയില്ല, പറവാൻ കാരണവുമില്ല. രണ്ടാമതു പറഞ്ഞാൽതന്നെ എന്റെഹിതാ അറിയാതെ അദ്ദേഹംസമ്മതിക്കുമെന്നു തോന്നുന്നില്ല. സമ്മതിച്ചാൽ ഞാൻ കരഞ്ഞു പറഞ്ഞ് വേണ്ടെന്നു വയ്പിക്കും'.

ഇച്ചോ— 'കഷ്ടം മകളെ, അടുത്തുകൂടിയ ഭാഗ്യം നീ അനുഭവിക്കില്ലെന്ന് ഉപേക്ഷിക്കയൊന്നൊ വേണ്ടത്'.

പത്മാ—'ഇനിക്കു യോഗമുള്ളതെല്ലാം ഞാൻ അനുഭവിക്കും, അതു വേണ്ടെന്നുവെച്ചാൽ പോകുമൊ'.

ഇച്ചോ— ഒരിക്കലുമില്ല. അതുകൊണ്ടല്ലെ നീ പറഞ്ഞ മറുവടി അറിയിച്ചിട്ട് പിന്നെയും അദ്ദേഹത്തിന്റെ ആവേശം നിന്നോട്

പറവാൻ ഞാൻ തുനിഞ്ഞത്. മകളെ ഒന്നാലോചിച്ചു നോക്കു. അദ്ദേഹം ഇപ്പോഴത്തെ സ്ഥിതിക്ക് ഒരു രാജാവല്ലെ. ഇങ്ങിനെ കഷ്ടപ്പെടുത്തുന്നത് മകൾക്ക് ഭംഗിയാണൊ'.

പത്മാ— 'അദ്ദേഹത്തെ ഞാൻ കഷ്ടപ്പെടുത്തുന്നില്ല. അതിനു ഇനിക്ക് ശക്തിയും ഇല്ല. ഉണ്ടെന്നു വിചാരിക്കുന്നത് എന്റെ ദുഷ്കാലം.' ഇങ്ങിനെ അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഇക്കോരൻനായർ വരുന്നതുകണ്ടു.

നായരെക്കണ്ടക്ഷണത്തിൽ ഇച്ചോണമ്മ ഒരു പുത്തൻ പുല്പായും നീത്തി അതി ൽതിണ്ടുതലേണയുംവെച്ച് ഒതുങ്ങിനിന്നു. പത്മാവതി അടുത്ത മുറിയിലേക്കുപോയി. കായ്ക്കാരൻ തലേണയിൽ ചാരി ഇരുന്നുകൊണ്ട് 'മൂത്ത കയ്യാം എത്തി കഴിഞ്ഞില്ലെന്നുണ്ടോ?'

ഇച്ചോ—'പത്മാവതി വരവു കാത്തിരിക്കയാണ്'. (തന്റെ വരവിനെ കാത്തിരിക്കയാണെന്നു ധരിച്ച്)

ഇക്കോ— 'പത്മാവതി എന്താ ഒളിച്ചു നില്ക്കുന്നത് പുറത്തുവരു. വർത്തമാനം ചോദിക്കട്ടെ.'

ഇതു കേട്ട് പത്മാവതി ഒരക്ഷരം മിണ്ടാതെ നില്ക്കുമ്പോൾ,

ഇച്ചോ— 'അപ്പൊ! പെണ്ണിന്റെ ഒരു നാണം. ഒന്നു സംസാരിച്ചു കൂടെന്നൊ പുറത്തേക്കു വന്നില്ലെങ്കിൽ അദ്ദേഹം അകത്തേക്കു വരും.'

ഇക്കോ— 'ഞാൻ അകത്തേക്കുതന്നെവരാം. കയ്യാം ഉറക്കമായിരിക്കും. ഇന്നു വരുന്ന കായ്യം അമാന്തംതന്നെ. പത്മാവതി തൊഴുതിട്ട് എത്ര മാസമായി.'

പത്മാ— (അകത്തുനിന്നുകൊണ്ട്) 'ഞാൻ ഇന്നു കാലത്ത് തൊഴുതു.

ഇക്കോ— ശരി. അത് ഞാൻ കണ്ടില്ലെ എന്നുതന്നെയല്ല, ഈ ദിവസം ഞാൻ മരണംവരെ മറക്കില്ല. പത്മാവതി അധികം തോഴാൻ വരാതിരിക്കുന്നതാണ് നല്ലത്. എന്നാൽ പുരുഷന്മാരുടെ മനസ്സ് പുണ്ണാക്കാതെ കഴിക്കാം.

ഇച്ചോ—ഇവിടുന്ന് പറയുന്നതുകേട്ടാൽ ഉവ്വശിയൊ ദേവയാനിയൊ മറെറാ ആണെന്നു തോന്നും.

പത്മാ—അബദ്ധത്തിൽ പററിയതാണ്. ഇനി സൂക്ഷിച്ചുകൊള്ളാം.

ഇക്കോ—ഇപ്പോൾ അനുഭവിക്കുന്നതിന്നൊ.

പത്മാവതി ഉത്തരം പറയാതെ നില്ക്കുന്നതുകണ്ട് 'ശരി ഔഷധം കയ്യിലുണ്ട് അല്ലെ എന്നാൽ തരൂ' എന്നു പറഞ്ഞ് നായർ എണീറ്റ് പത്മാവതി നില്ക്കുന്ന അകത്തെക്കു കടന്നു.

പത്മാ—ഞാൻ വൈദ്യക്കാരത്തിയല്ല. എന്റെ കയ്യിൽ ഔഷധമുണ്ടെന്നും പറഞ്ഞില്ല. അവിടത്തെ അവസ്ഥക്ക് ഇങ്ങിനെ ചാപല്യം കാണിക്കുന്നതും ശരിയല്ല.

ഇക്കോ—മനസ്സിനു ചാപല്യം സഹജമാണ്. അത് മറെറാരു ചപലെക്കധീനമായാലത്തെ കഥ പറയാനുണ്ടൊ? അതുകൊണ്ട് എന്റെ കുറമല്ല എന്നു പറഞ്ഞ് കുറെക്കൂടി അടുത്തു ചെന്ന് പത്മാവതിയുടെ കൈക്കു പിടിച്ചു.

പത്മാ—മര്യ്യാദക്കേടു പ്രവൃത്തിക്കുമെന്നു വിചാരിച്ചില്ല. തൊടരുതെന്നെ. മാറിനില്ക്ക. ഞാൻ തോന്നിവാസത്തിന്നിരിക്കുന്നവളല്ല. എന്നു കൈ കൊതറി വിടുവിച്ച് ദേഷ്യപ്പെട്ടു പറഞ്ഞപ്പോഠം ഇക്കോരൻനായർ കൈവിട്ടു പിന്നാക്കംമാറി. പത്മാവതി ക്ഷണത്തിൽ വാതൽ അടച്ച് സാക്ഷയിടുകയുംചെയ്തു. പത്മാവതി തന്നെ അവമാനിച്ചതുകൊണ്ട് ഇക്കോരൻനായക്ക് അതിയായ ശുണ്ഠിയും വ്യസനവുമുണ്ടായി. 'എടി ധൂർത്തെ! ദുരഭിമാനക്ഷയക്ഷി! ഇതിന് നിന്നോട് ഞാൻ പകരം പോക്കാതിരിക്കുന്നവനല്ല. നിന്റെ കാമുകനോടുകൂടിയുള്ള സുഖം കഴിഞ്ഞു. അവന്റെ കിടപ്പു നാളെ കഴുവിന്മേലാണ്. നോക്കിക്കോ' എന്നു നായർ ക്രോധാന്ധനായി പറയുന്നതു കേട്ട് ഇച്ചോണമ്മ വാതില്ക്കൽ തള്ളി വിളിച്ചു. 'വലിയച്ഛൻ വന്നു വിളിക്കുമ്പോഠം വാതൽ തുറക്കാം' എന്നു അകത്തുനിന്നുപറഞ്ഞു. വലിയച്ഛൻ അന്തകരാജധാനിയിൽനിന്നാണ് എനി വിളിക്കുക. എന്നു പറഞ്ഞ് നായർ ഇച്ചോണമ്മയുടെ സമാധാനവും കേഠംക്കാതെ പോയി.

(തുടരും)

എ. നാരായണപ്പുതുവാൾ.

പലവക

കൃഷിശാസ്ത്രം കെ. രാമകൃഷ്ണപിള്ളയും, എൻ. ശങ്കരപ്പിള്ളയും കൂടി ഉണ്ടാക്കിയത്)—ശ്രീമൂലപാഠമഞ്ജരി ഗ്രന്ഥമാലയിൽ 4-ാം പുസ്തകമായി പ്രസിദ്ധംചെയ്യപ്പെട്ടിട്ടുള്ള ഈ പുസ്തകത്തിന്റെ രണ്ടാംപതിപ്പിന്റെ ഒരു പ്രതി അഭിപ്രായത്തിന്നായി ഞങ്ങൾക്കയച്ചുതന്നിട്ടുള്ളതിനെ സന്തോഷപൂർവം കയ്യേറ്റിയിരിക്കുന്നു. അഭിപ്രായം വഴിയെ.

'സാവിത്രി' എന്നൊരു പുതിയ കഥാപുസ്തകവും അഭിപ്രായത്തിന്നായി വന്നിട്ടുണ്ട്. അതും വഴിയെ കാണുന്നതാണ്.

ആരോഗ്യരക്ഷാമാർഗ്ഗത്തെ പ്രതിപാദിക്കുന്ന ഒരു ഇംഗ്ലീഷുമാസികയിൽ പ്രഭാത സ്നാനത്തിന്റെ മാഹാത്മ്യത്തെപ്പറ്റി ഇങ്ങിനെ പറയുന്നു.—

"രുചിയെ തെളിയിക്കുന്നതിന്നും ബലത്തെ വർദ്ധിപ്പിക്കുന്നതിന്നും പ്രാതഃസ്നാനത്തിനോളം നന്നായിട്ട് വേറെ യാതൊന്നുമില്ല.

കാലത്ത് ഉണർന്നെഴുനീല്ക്കുമ്പോൾ നിങ്ങൾക്ക് ദേഷ്യംതോന്നിയെങ്കിൽ കുളി കഴിയുന്നതുവരെ ആരോടും സംസാരിക്കരുത്. ഉണർന്നെഴുനീല്ക്കുമ്പോൾ ക്ഷീണവും ബുദ്ധിക്ഷയവുമാണ് തോന്നുന്നതെങ്കിൽ അവയെപ്പറ്റി വിചാരിച്ച് പിന്നേയും കിടക്കയിൽ കിടക്കരുത്. ഉടനെ എണീറ്റ് കുളി കഴിക്കണം.

കാലത്ത് കുളിപ്പാനായി കടവിൽ ചെന്നിറങ്ങിയാൽ പിന്നെ വെള്ളത്തിലേക്കു നോക്കിക്കൊണ്ട് എന്തൊരു തണുപ്പാണ് ഇതിലെങ്ങിനെയാണിറങ്ങിക്കുളിക്കുക എന്നു വിചാരിച്ച് വിറച്ചുകൊണ്ട് നില്ക്കരുത്.

തണുത്ത വെള്ളത്തിൽ ആദ്യംതന്നെ തല പെടുന്നനെ നനക്കുന്നത് ചീത്തയാകുന്നു. എന്നാൽ വളരെ സാവധാനത്തിലായി ദേഹമാസകലം നനക്കുന്നതും നന്നല്ല. വെള്ളത്തിൽ ക്ഷണത്തിലിറങ്ങി മുങ്ങി ദേഹമാസകലം കൈകൊണ്ടമർത്തി തേക്കണം. അ

മത്തി തേക്കുന്നത് ദേഹത്തിനു നല്ല വ്യായാമമായി ഭവിക്കുന്നു. ഇങ്ങിനെ പ്രകൃതിയാൽതന്നെ നല്കപ്പെട്ട ബലവർദ്ധകമായ ഈ സിദ്ധൌഷധത്തെ ദിവസംതോറും ശീലിക്കുന്നതുകൊണ്ട് നാം ദുർഗാത്രന്മാരും സന്തുഷ്ടമാനസന്മാരുമായി തീരുന്നതാണ്".

അമേരിക്കയിൽ 'സണ്ടെസ്സുലം ടൈംസ്' എന്നൊരു പത്രത്തിന്റെ പത്രാധിപർ ഫിലഡൽഫിയ എന്ന നഗരത്തിൽ ഒരു തെരുവിൽകൂടി പോകുമ്പോൾ പത്തു കുട്ടികൾ സിഗറെറ് വലിച്ചും കൊണ്ട് പോകുന്നതുകണ്ടു. അയാൾ അവരെ വിളിച്ച് സിഗറെറ വലികൊണ്ട് ഇന്നന്ന ദോഷങ്ങൾ സംഭവിക്കുമെന്നും, അതിനാൽ ഇനിമേലിൽ സിഗറെറ വലിക്കരുതെന്നും ഗുണദോഷം പറഞ്ഞു കൊടുത്തു. ഈ സംഗതിയെപറ്റി അയാൾ പിന്നേയും അവരായി സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ അതിൽ ഒരു കുട്ടി വളരെ ഗൌരവത്തോടുകൂടി ഇപ്രകാരം പറഞ്ഞു. 'ഞാനിത് ശീലിക്കേണ്ടിയിരുന്നില്ല. എന്താ ചെയ്യ, ഇനി വിചാരിച്ചാൽ നിവൃത്തിയുമില്ല'. 'കുട്ടി നിനക്കു വയസ്സെത്രയായി' എന്നു പത്രാധിപർ ചോദിച്ചു. 'ഏഴ് കഴിഞ്ഞെട്ട് നടപ്പ്" എന്നായിരുന്നു ആ ധൂമപത്രാടിമക്കിടാവിന്റെ മറുപടി.

ലോകത്തിൽ നമുക്ക് രസിപ്പാനുള്ള പദാർത്ഥങ്ങൾ അസംഖ്യങ്ങളാകുന്നു. ബന്ധുജനങ്ങൾ, സുഹൃത്തുക്കൾ, അവരായിട്ടുള്ള സംഭാഷണം, പുസ്തകങ്ങൾ, സംഗീതം, കവിത, ചിത്രത്തഴത്ത് മുതലായ കലാവിദ്യകൾ, വ്യായാമം, വിശ്രമം, വേനല്ക്കാലം, മഞ്ഞുകാലം, രാവ്, പകൽ, സൂര്യോദയം, സൂര്യാസ്തമനം, അതിയായ സൂര്യപ്രകാശം, മഴക്കാറ്, കൊടുങ്കാറ്റ്, കാടുകൾ, വയലുകൾ, നദികൾ, തടാകങ്ങൾ, സമുദ്രം, ജന്തുക്കൾ, സസ്യങ്ങൾ, വൃക്ഷങ്ങൾ, പുഷ്പങ്ങൾ, ഇലകൾ, കായകൾ, എന്നിവ അവയിൽ ചിലതു മാത്രമാകുന്നു.

ഇങ്ങിനെ നമുക്കു രസിപ്പാനായി അനേകം പദാർത്ഥങ്ങളുണ്ടായിട്ടും നാം സന്തോഷമായി കാലക്ഷേപം ചെയ്യുന്നില്ല എങ്കിൽ അത്

നമ്മുടെ തെറ്റ് എന്നല്ലാതെ മറ്റൊരുത്തൻ ഇതിൽ ഭാരവാഹിയായി തീരുന്നതല്ല.

എന്നു തന്നെയുമല്ല,

ഭൂമി, ആകാശം, കാട്ടുകൾ, വയലുകൾ, തടാകങ്ങൾ, നദികൾ, പർവ്വതങ്ങൾ, സമുദ്രം, ഇവയെല്ലാം നല്ല ഉപാദ്ധ്യായന്മാരുമാകുന്നു. പുസ്തകങ്ങളിൽനിന്നു സിദ്ധിക്കപ്പെടുന്നവയെക്കാൾ സാരമായ പാഠങ്ങളെ അവ നമുക്കുപദേശിക്കുന്നു. അവ കൊല്ലാറായിന്നും പുറമെ, നാം നാട്ടുപുറങ്ങളിൽകൂടി സഞ്ചരിക്കുകയൊ, നദിയിൽകൂടി വഞ്ചികളിച്ചു പോവുകയൊ, അല്ലെങ്കിൽ, കുറുങ്കാട്ടുകളിൽകൂടി സഞ്ചരിച്ച് പുഷ്പങ്ങളെ പറിച്ചു ശേഖരിക്കുകയൊ, സമുദ്രതീരത്തു ചെന്ന് കക്കകളെ പെറുക്കി എടുക്കുകയൊ, അല്ലെങ്കിൽ, ശുദ്ധവായുവിനെ ധാരാളംഅനുഭവിപ്പാൻ തരംവരുന്തായും ദേഹത്തിന്നു ആയാസത്തെ ഉണ്ടാക്കുന്നതായുമുള്ള മറ്റു വല്ല ക്രീഡകളിൽ പ്രവേശിക്കുകയൊ, ചെയ്യുന്നുവെങ്കിൽ അതുകൊണ്ടു നമ്മുടെ ആരോഗ്യം വർദ്ധിക്കുന്നുവെന്നു മാത്രമല്ല നമുക്കുണ്ടാകുന്ന ഇച്ഛാഭംഗം, ബുദ്ധിക്ഷയം, മനസ്താപം എന്നിങ്ങിനെ മനസ്സിന്നു ഭാരമായി തോന്നപ്പെടുന്ന സകല അസഹ്യതകളും വളരെ ലഘുപ്പെടുന്നതുമാകുന്നു. പ്രകൃതി നമ്മെ സമാശ്വസിപ്പിക്കുകയും, ഉത്സാഹിപ്പിക്കുകയും ചെയ്യുന്നു. പ്രകൃതി നമ്മുടെ മനസ്സിനെ പ്രസന്നമാക്കി ചെയ്യുന്നു. നമ്മുടെ മനസ്സിൽ സന്തോഷത്തെ ജനിപ്പിക്കുകയും ചെയ്യുന്നു.

വൈദ്യൻ–(ഏഴുവയസ്സായകുട്ടിയോട്) കുട്ടി, പനിയായിരുന്നപ്പോൾ നിനക്ക് ഉള്ളതിൽ അധികം ഉപദ്രവമായി തോന്നിയതെന്തായിരുന്നു'.

കുട്ടി—മരുന്ന്.

P. SUBBAROY'S

World-Renowned and Most Efficacious Ayurvedic Medicines.

പി. സുബ്ബറായിയുടെ ലോകപ്രസിദ്ധ
ങ്ങളും ഏറ്റവും ഫലവത്തുക്കളും
ആയ ആയുർവ്വേദ ഔഷധാലയം
ക.ലോകപ്രസിദ്ധമായധാതുപുഷ്ടികാരി
ധാതു നഷ്ടം, ബലഹീനത, ലക്ഷണമി
ല്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാ
ൽ മുതലായവയുടെ നീറൽ, നിരൊഴി
വു, മധുമേഹം, കല്ലടപ്പു (മൂത്രാഘാതം)
മുതലായ പലവിധ വസ്തിരോഗങ്ങളെ
ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും.

ഡപ്പി ഒന്നുക്ക വില രൂപ ൨ തപാൽ ചിലവു വകയ്ക്കു അ
ണ ൧ വേറെ.

൨. പ്രമേഹ നിവാരണി— സിരാമേഹം, ഇടുപ്പുവലി, മൂത്ര
മധികമായും തടഞ്ഞും പോകുക, മേഢ്രം, പുകച്ചൽ രക്തമോ
ഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവർത്തിപ്പി
ക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും
ശമിപ്പിക്കും. കുപ്പി ക ക്ക വില രൂപ ക. മൂന്നു കുപ്പികൊവരേയുള്ള
ബങ്കിക്കു തപാൽ ചിലവു അണ ൪.

൩. സർവ്വവേദനാസംഹാരി— ഈ തൈലം അല്പം പുരട്ടി
യാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വീക്കം,
മുടക്കുവാതം, നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന
ശൂല, ഇടുപ്പുവേദന, പാശ്ചവായു, മേഹവായു, തിമിരവായു മുത
ലായ പല വ്യാധികളും ഭേദപ്പെടും. കുപ്പി ക ക്ക് വില രൂപ ക.
തപാൽ ചിലവു അണ ൪.

൪. മണ്ഡലകുഷ്ഠസംഹാരി— മണ്ഡലകുഷ്ഠം, പൂഴക്കടി, തഴ
തണം, നവങ്ങാണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌ

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട ജില്ല

ഷധം. തപ്രയോഗങ്ങൾ പലതും മാറും. തേമൽ മേഹകുഷ്ഠം മുത
ലായവയെ നശിപ്പിക്കും. വില കുപ്പി ക നു ര-ണ തപാൽ ചി
ലവു മൂന്നു കുപ്പിവരെ ഒ ണ വേറെ.

ഒ. ലക്ഷ്മീകരകസ്തൂരിഗുളികകൾ— താംബൂലം ഉപയോഗി
ക്കുന്നവർ എപ്പോഴും സശ്രദ്ധം ഉപയോഗിക്കേണ്ട വിലയേറിയ
സാധനം. ദന്തവേദന, വായ്നാറ്റം, അജീർണ്ണം, പിത്തവായു, ഇ
വയെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടുകൂടിയൊ ഉപയോഗിക്കാം
ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗി
ച്ചാൽ ഏതു ഗുരുദ്രവ്യത്തേയും ജീർണ്ണപ്പെടുത്തും. പ്ര
സവകാലത്ത താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ
സന്നി അടുക്കയില്ല. അപായകരമായ യാതൊരു ല
ഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തു
നിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ
അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേ
ർത്തിട്ടുണ്ട്. ചളി, കാസശ്വാസം, ജ്വരം മുതലായ രോ
ഗങ്ങളും വയസ്സിന്റെ ഏറക്കുറച്ചിൽപോലെ ഒന്നു
മുതൽ ര വരെ ഗുളികകളും വൊറിലച്ചാറിൽ കൊടുത്താൽ മതി.
൨൦൦ ഗുളികകളും ഉള്ള കുപ്പി ക ക വില ണ ര. ക മുതൽ ക൨ വ
രെ കുപ്പികളും അടങ്ങിയ ബങ്കി ക-കെ തപാൽക്കൂലി ഒ ണ.

ന. ദന്തച്ചൂർണ്ണം— സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്ത
രോഗങ്ങളേയും നീക്കും. വില കുപ്പി ക നു ന-ണ. തപാൽ ചില
വു ൨ കുപ്പിവരെ ഒ ണ വേറെ.

൦. ജ്വരസംഹാരി—കുളിപ്പനി, മുറപ്പനി, വാതപ്പനി, പിത്ത
ജ്വരം, കഫജ്വരം, അസ്ഥിജ്വരം, മുതലായവയ്ക്ക് നന്നു. വില ഡ
പ്പി ക നു ക ക. തപാൽ ചിലവു ൫ ണ വേറെ.

വ. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം— ഈ തൈ
ലം പുരട്ടിയാൽ തലമുടി മീശ ഇമ ഇവ ബഹുപുഷ്ടിയും ഞെരുക്ക
മായും കറുപ്പായും വളരും. കണ്ണിനു കുളിർമ്മയുണ്ടാക്കും. സകല ക
ൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പിച്ചരോമം കറു
ക്കും. രോമം പൊടിയാതെ ഇരിക്കും. കണ്ണിനു നല്ല തെളിച്ച മു
ണ്ടാക്കും. വില കുപ്പി ക- നു വ-ണ. തപാൽ ചിലവ് ഒ ണ വേറെ.

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

൯. രോമസംഹാരി— രോമം എവിടെ വേണ്ടാതാകണമൊ അവിടെ ഈ മരുന്നു പുരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ മാറ്റും. വില കുപ്പി ക-ന്നു ര് ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൫ ണ വേറെ.

൧൦. അഗ്നിമാന്ദ്യസംഹാരി— ദഹനമില്ലായ്മ, പുളിച്ചുതികട്ടൽ, നെഞ്ചുകലിക്കുക, മൂലബന്ധം, വയറുനോവു, വായനാറ്റം അജീർണ്ണം, വയറുവീർത്തുകയറുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ക-ക്കു അണ വ്യ. തപാൽ കൂലി അണ ൫ വേറെ.

൧൧. കണ്ണ്ബിന്ദു— ചീക്കാതു, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കണ്ണ്രോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി ക-ക്കു വ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൫ ണ വേറെ.

൧൨. സുഖഭേദിഗുളികകൾ— ഭേദി ശരിപ്പെടുത്തും. അജീർണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലാപിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ക-ന്നു വ ണ. തപാൽ ചിലവു ക മുതൽ ര് വരെ ഡപ്പികൾക്കു ൫ ണ. വേറെ.

൧൩. നേത്രബിന്ദു— കൺനോവു, കൺകുത്തു, കൂച്ചം, നീരെടുപ്പു, മിന്നൽ, മാലക്കണ്ണു, പീളകെട്ടു, ദശവളച്ചു, പൂവു, ചെരപ്പു, ഏരിച്ചിൽ, ഇമ പുരികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില കുപ്പി ക-ന്നു വ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൫ ണ വേറെ.

൧൪. സ്ഖലിതരക്ഷണി—ബലഹീനതയാലും അത്യുഷ്ണത്താലും മറവും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും. വില ഡപ്പി ക-ന്നു വ ണ. തപാൽ ചിലവു ൫ വരെ ഡപ്പികൾക്കു ൫ ണ വേറെ.

൧൫. മൃഗകസ്തൂരി—കാഷ്മീരിൽനിന്നും വരുത്തിയിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ട. തൂപാതുക്കത്തിന്നു ര്വ്വ ക വില. ഒരു തൂപാമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയാ

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട ജില്ല.

യിട്ടും കൊടുക്കപ്പെട്ടും. തപാൽച്ചിലവു പുറമെ, എഴുത്തുകുത്തുകളും എല്ലും ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം.

ക്ന. തേൾവിഷത്തിന്ന സിദ്ധൌഷധം—തേൾകടിച്ച സ്ഥലത്ത രണ്ടു തുള്ളി കഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി ക്ഷ-ക്ക ക്ഷ ക. ര് ണ. ക്ഷ കുപ്പിയിൽ കുറയാതെ ഒന്നിച്ച വാങ്ങുന്നവക്ക് ഡസൻ ക്ഷ-ക്ക ഒ ക. വ ണ. ഉള്ള വിലയിൽ കുറച്ച മാത്രമെ വില ചുമത്തുന്നുള്ളു. വി. പി. കമ്മീഷൻ ൫ ണ പുറമെ. ഇൻഡ്യയിലും ബമ്മയിലും ക്ഷ കുപ്പിവരെ വി. പി. കമ്മീഷൻ ൫ ണ. സിലോൺ ടി. ൭ ണ.

ക്ഷ. വ്രണവിരോപണതൈലം—ഈ കുഴമ്പു പിത്തപ്പുണ്ണ മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇത സകല കൃമികളേയും നശിപ്പിച്ച എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ച വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില വ ണ. മൂന്ന കുപ്പിവരെ വി. പി. കമ്മിഷൻ ൫ ണ മാത്രം.

ക്വ. കണ്ണുശുദ്ധി ഗുളിക— ഇതു കണ്ണും തെളിഞ്ഞ് ശരീരം നന്നാവുന്നതിന്നു അതി വിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ച സംഗീതക്കാക്കും, പ്രസംഗക്കാക്കും, പാതിരിമാക്കും, ശബ്ദാവയവംകൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറെറല്ലാവക്കും വളരെ ഉപയോഗമുള്ളതുമാകുന്നു. വില വ ണ. വി. പി. കമ്മീഷൻ ന കുപ്പിവരെ ന്ന ണ.

ക്ൻ. സ്നാനചൂർണ്ണം— ഈ പൊടി തേച്ചുകുളിക്കുന്നതിന്നു വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുർഗ്ഗന്ധവും കളഞ്ഞു, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവക്കും വേണ്ടതാകുന്നു. വില വ ണ. വി. പി. കമ്മീഷൻ ന ണ.

ക്ഠ. സഞ്ജീവഗുളിക—കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം, അശ്മസ്സ, ഉറക്കമില്ലായ്മ ഇ

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട ജില്ല.

വയ്ക്കും ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയസ്സുന്മാക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു. വില ഫം ണ. വി. പി. കമ്മീഷൻ ന്യ കൂപ്പിവരെ ൫ ണ.

൨൭. ഒന്നാംതരം ഗോരോചന ഗുളിക—എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരൾ ഇതുകളിൽ ഉണ്ടാവുന്ന ഉപരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അശ്മസ്സ, ഉറക്കമില്ലായ്മ, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൫ ണ. വി. പി. കമ്മീഷൻ ന്യ കൂപ്പിവരെ ൫ ണ.

൨൮. തപ്രോഗപരിഹാരി—ഈ ഔഷധം കരപ്പൻ, ചുണങ്ങ്, ചൊറി, ഒടുവട്ടു, പോളൻ, ചൂട്, പുഴുക്കടി, താരണം, മുതലായ കടിയും ചൊറിയും ഉള്ള എല്ലാ തപ്രോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽമതി. വി. പി. കമ്മീഷൻ ൫ ണ.

മേത്തരം ഗോരോചനം തോല ഫ-ക്ക വില ര' ക. മേത്തരം കുങ്കുമകേസരം തോല ഫ-ക്ക വില ഫ ക. മേത്തരം പച്ചക്കർപ്പൂരം, തോല ഫ-ക്ക വില ൨ ക. മേത്തരം രോജാ അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പൂ, മരിക്കൊളുന്തു, ജാതിമല്ലി, സുഹാഗ, ഹീന, മഗിഡമ്പൂ, അത്തർ മുതലായതുകൾ എപ്പോഴും തയ്യാറുണ്ട്. ഇവ ഒരു തോല തൂക്കത്തിന്ന ക. ഫ - വ്യ. തപാൽകൂലി പുറമെ.

			ക.	ണ.	സ.
ഒന്നാംതരം ഗോരോചനം ത്രുപാത്തുക്കം		ഫ-ക്ക	ര'	൦	൦
ടി മഞ്ഞൾ	ടി	ഫ-ക്ക	ഫ	൦	൦
ടി പച്ചക്കർപ്പൂരം	ടി	ഫ-ക്ക	ഫ	൦	൦

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബറായി, പറങ്കിപ്പേട്ട,
തെക്കേ അർക്കാട്ട് ജില്ല.

വ്യവഹാര ചിന്താമണി

എല്ലാ ഇംഗ്ലീഷ് മാസവും 30-ാംനു- പ്രസിദ്ധപ്പെടുത്തുന്ന
ഒരു വിശേഷനിയമമാസിക.

പത്രാധിപർ

ചെങ്കളത്ത് കരുണാകരമേനോൻ ബി. എ.

മലബാർ, കൊച്ചി, തിരുവിതാങ്കൂറ് ഒരുപോലെ പ്രചാരം.

വരിസംഖ്യ—എപ്പോഴും മുൻകൂറ്.

ഒരു കൊല്ലത്തേക്കു 4-0-0 വി. പി. ഒരു കൊല്ലത്തേക്കു 4-1-0

ആറു മാസത്തേക്കു 2-0-0 ആറു മാസത്തേക്കു 2-1-0

വിധികൾ	മദിരാശി	ഹൈക്കോട്ട് ലേഖനം	ലേഖനം 35
	കൽക്കത്താ	ഒന്നാംതരം കടലാസ്സു	
	അലഹബാദ	മേത്തരം അച്ചടി	
	ബൊമ്പെ	യോഗ്യരുടെ ഛായപടം	
	കൊച്ചി	യോഗ്യ ലേഖകന്മാർ	
	തിരുവിതാങ്കൂർ	വിശേഷപത്രാധിപക്കുറിപ്പുകൾ	

പത്രാധിപാഭിപ്രായങ്ങൾ.

കേരളസഞ്ചാരി—നിയമകായ്മത്തിൽ ഉപാദ്ധ്യായൻ.

മ. മനോരമ—മേനോന്റെ പുതിയ സ്വമന്തകത്തെപ്പോലേ വേറെ ഒരു പത്രത്തിന്നു ചിലവില്ല.

മനോരമ—സകല മുതൽക്കാരും വാങ്ങേണ്ടതാണ്.

കേരളപത്രിക—കക്ഷികൾക്കു അത്യുപകാരം.

കൊച്ചിവിധികളുടെ പോക്കറിവാൻ "ചിന്താമണി" ഏകമാർഗ്ഗം.

കൊച്ചി വിധികൾ 7-ാംനമ്പ്ര മുതല്ലും, തിരുവിതാങ്കൂർ വിധികൾ 9-ാംനമ്പ്ര മുതല്ലും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. നിങ്ങൾ ചിന്താമണി കണ്ടിട്ടില്ലെങ്കിൽ തരംനോക്കുവാൻ ഒരു ബ്രിട്ടീഷ് പോസ്റ്റകാർഡ അയച്ചാൽ മടക്കത്തപാലിൽ നൈജന്യമായി നിങ്ങൾക്കു ഒരുപ്രതി അയച്ചുതരും. ലോകവ്യുല്പത്തിയുണ്ടാവാൻ ക്രമമായി "ചിന്താമണി" പാരായണംചെയ്യുന്നതു ഒഴിച്ചു അന്യമാർഗ്ഗം ഇല്ല.

എന്ന വ്യവഹാരചിന്താമണി മാനേജർ,
വള്ളുവനാടു, മലബാർ.

കവനോദയം

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട്, തുള്ളൽ, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകം കൃതികൾ ഇതിൽ ചേർത്തുവരുന്നു. കൊല്ലത്തിൽ 6 പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോ കുറി 64 ഭാഗങ്ങളിൽകൂടി 5 കൃതികളിൽ കുറയാതെ ഉണ്ടായിരിക്കും. കൊല്ലത്തിൽ 4 ഉറുപ്പിക വരി അടച്ചാൽ മതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാർത്ഥികൾക്കാണെങ്കിൽ മുൻകൂറ് ഒന്നര ഉറുപ്പിക തന്നാൽ മതിയെന്ന് ഒരു പുതിയ നിശ്ചയം ചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേക പുസ്തകങ്ങൾ ഇവിടെ വില്പാനുണ്ട്. ചിലതിന്റെ വിവരം താഴെ ചേർക്കുന്നു.

ജ്യോത്സികവിഷവൈദ്യം— ഈ പുസ്തകം കൈവശം ഉണ്ടായിരുന്നാൽ പാമ്പുകടിച്ച ഉടനെ വൈദ്യന്റെ അടുക്കെ ഓടേണ്ടിവരികയില്ല. വില 12 അണ.

സദ്വൃത്തമാലിക— മലയാളത്തിലുള്ള വൃത്തങ്ങളുടെ എല്ലാ സ്വഭാവങ്ങളും അറിവാൻ ഈ പുസ്തകം മാത്രമെയുള്ളു. വില 8 ണ.

ജാനകീപരിണയം— കൊട്ടാരത്തിൽ ശങ്കുണ്ണി ഉണ്ടാക്കിയ ഒരു രസികനാടകമാണിത്. മന്നാടിയാരുടേതല്ല. വായിപ്പാൻ ബഹുരസമുണ്ട്. വില 1 ക. മാത്രം.

* ഹസ്തലക്ഷണദീപിക — ഈ പുസ്തകം കൈവശമുണ്ടെങ്കിൽ കഥകളിയെ ഊമക്കളിയെന്നു പറവാനിടവരികയില്ല. വില 4 ണ.

*കുചശതകം ഇതൊന്നു വായിച്ചുനോക്കുവിൻ വില 2 ണ.

*ചക്കീചങ്കരനാടകം ചിരിക്കാതെ ഇതു വായിപ്പാൻ പ്രയാസം വില 6 ണ.

ഇവകൾക്ക് തപാൽകൂലി പുറമെ *ഈ അടയാളം വെച്ചവ ഒഴികെ ശേഷമെല്ലാം അച്ചടി അതിമനോഹരം. കടലാസ്സ് എല്ലാം ഒരുപോലെ ബഹുവിശേഷം. താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ എല്ലാ പുസ്തകങ്ങളും വി. പി. ആയി അയച്ചു കൊടുക്കും.

കെ. കണ്ണൻനമ്പ്യാർ,

കവനോദയം മാനേജർ,

നാദാപുരം.

നൊട്ടീസ

മേത്തരം സാമാനങ്ങൾ! വില വളരെ സഹായം!!

കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ സൽഹിഡർബാർ പടം വലിയ സൈസ്സു വില ക. 7 ആവശ്യമുള്ളവർ ഉടനെ എഴുതി അയക്കണം.

ബൊമ്പായി മുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽനിന്ന് നേരിട്ടു വരുത്തുന്നതും താഴെ വിവരം പറയുന്നതും വേറെയും അനേകം സാമാനങ്ങൾ തൊകപ്പടിയായും ചില്ലറയായും വളരെ സഹായവിലക്കു വില്ക്കുന്നതാണ്.

പലതരത്തിലുള്ള പ്ലാനൽ ശീലകൾ, ടവീഡുകൾ, ചെക്കുതുണികൾ, വളരെ ഭംഗിയുള്ള ചീട്ടികൾ, പട്ടകൾ, ബ്ലാങ്കെറകൾ, തൊപ്പികൾ, സർജ്ജകൾ, മല്ല്, ജഗന്നാഥൻ, മുതലായ തുണിച്ചരക്കുകൾ, എനാമൽപാത്രങ്ങൾ, പലതരത്തിലുള്ള ഗ്ലാസുകൾ, നാഴികമണികൾ, വാച്ചുകൾ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഗ്ലോപ്പുകൾ, രവിവമ്മപ്പടങ്ങൾ, കൊടകൾ, ഇരിമ്പുപെട്ടികൾ, ഇരിമ്പു അലമാരികൾ, ഇരിമ്പു അടപ്പുകൾ, അനേകവിധം സോപ്പുകൾ, ബ്രാണ്ടി, വിസ്കി, മുതലായ ലഹരിസാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനേകവിധ പാത്രങ്ങൾ, ഇവകളും മെലിൻസ് ഫുഡ്, കൊക്കൊ, കാപ്പിപ്പൊടി, ടീ, ബിസ്കോത്ത മുതലായ വേറെയും അനേകവിധ സാമാനങ്ങൾ വളരെ സഹായവിലക്ക വില്ക്കുന്നു.

ആവശ്യപ്പെടുന്നവക്കു സാമാനങ്ങൾ വി. പി. ആയി അയച്ചു കൊടുക്കുന്നതാണ.

എ. ടി. എസ്സ. മേനോൻ,
ജനറൽ മച്ചുണ്ട,
ചിറമ്മര.

കമ്മീഷൻ

രസികരഞ്ജിനിക്ക് പുതിയ വരിക്കാരെ ഉണ്ടാക്കി അവർ വരിപ്പണം മുഴുവൻ മുൻകൂറായി പിരിച്ച് പേരുവിവരപ്പട്ടികയോടുകൂടി ആ സംഖ്യ ആപ്പീസ്സിൽ അടക്കുന്നവർക്ക് 15-കയിൽ കുറയാതെയുള്ള സംഖ്യകൾക്ക 100 ക്ക 10 ക. വീതം കമ്മീഷനും 20കയിൽ കുറയാതെ പിരിച്ചടക്കുന്നവർക്ക് മേല്പറഞ്ഞ കമ്മീഷനും പുറമെ മുപ്പതീതെ ലവപ്പിക്കുക രഞ്ജിനിയുടെ ഓരോ പ്രതിവീതം സൌജന്യവും കൊടുക്കുന്നതാണ്.

ര. രാ. മാനേജർ.

1079 മിഥുനമാസത്തിൽ പണം അടച്ചവരുടെ പേരുവിവരം.

			ക.	ണ.	സ.
മ. രാ. രാ.	കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്		3	0	0
,,	കെ. പി. ശങ്കരമേനോൻ	അവർകൾ	3	0	0
,,	നെടിയൻ വീട്ടിൽ കൃഷ്ണൻകുട്ടിമേനോൻ	,,	3	0	0
,,	ഉളനാട്ട് കൃഷ്ണപ്പണിക്കർ	,,	3	0	0
,,	മുക്കാപ്പുഴ അച്യുതമേനോൻ	,,	3	0	0
,,	കെ. കുഞ്ഞിക്കൃഷ്ണൻ നമ്പ്യാർ	,,	3	0	0
,,	രാമൻകണ്ടത്ത രാമപ്പൊതുവാൾ	,,	3	0	0
,,	കൂട്ടാലപ്പട്ടത്ത കൃഷ്ണൻനമ്പ്യാർ	,,	3	0	0
,,	കുത്താമ്പിള്ളി രാമൻനമ്പ്യാർ	,,	3	0	0
,,	വള്ളിയത്ത നാരായണൻനായർ	,,	3	0	0
,,	തണ്ടാശ്ശേരി കുഞ്ഞയ്യപ്പൻ	,,	1	0	0
,,	കെ. പി. ഇട്ടിക്കുമാരൻ വൈദ്യൻ	,,	3	0	0

മ. രാ. രാ.	കെ. ജനാർദ്ദനൻപിള്ള	അവർകൾ	,,	3	0 0
,,	പി. എസ്സ്. അച്യുതൻപിള്ള		,,	1	8 0
,,	എം. യോഗിയാപ്പ		,,	3	0 0
,,	കൊടക്കാട്ട കണ്ടണ്ണിമോനാൻ		,,	3	0 0
,,	കെ. വേലുപ്പിള്ള		,,	1	8 0
,,	യിലെ കുറിയ കാളെജ് പ്രിൻസിപ്പൽ		,,	3	0 0
,,	എഴുത്തച്ഛൻ കളത്തിൽ കോമുണ്ണിനെടുങ്ങാടി		,,	3	0 0
,,	പടിഞ്ഞാറ്റപ്പാറയിൽ നാരായണൻനായർ		,,	3	0 0
,,	കെ. എൻ. കൃഷ്ണൻവൈദ്യർ		,,	3	0 0
,,	കെ. കേളുരുതിരുപ്പാട		,,	3	0 0
,,	ഈ. കെ. അയ്മാക്കുട്ടി		,,	3	0 0
,,	വെഞ്ചെമ്പിൽ വടക്കേതിൽ ഗോപ്പിള്ള		,,	3	0 0
,,	ആർ. ഗോവിന്ദമേനോൻ		,,	3	0 0
ബ്ലൂമശ്രീ	തെക്കേടത്ത പെരുമ്പടപ്പിൽ ശങ്കരൻനമ്പൂരി		,,	3	0 0
മ. രാ. രാ.	ഉള്ളനാട്ട രാമറ്റുണ്ണിക്കർ		,,	3	0 0
,,	കെ. ചെറി. ചാക്കൊ		,,	3	0 0
,,	ടി. കെ. കുഞ്ഞികൃഷ്ണൻനമ്പ്യാർ		,,	3	0 0
,,	ടി. കൃഷ്ണമേനോൻ		,,	1	10 0
,,	കെ. വി. നരസിംഗപ്പ		,,	3	0 0
,,	കെ. നന്നുമിയാ സാഹിബ്ബ്		,,	0	12 0

സംഗതിവിവരം.

1. നായാട്ടുവിധി— ആർ. വി. 735
2. വ്യായാമം— കുഴിത്തുറ സി. എം. അയ്യപ്പൻപിള്ള ... 746
3. മലയാളത്തിപ്പെ കടങ്കഥ—കെ. രാമകൃഷ്ണപിള്ള (മലയാളി പത്രാധിപർ) 749
4. ദേവീസ്തവം—തേലക്കാട്ടെ പത്മനാഭമേനോൻ 754
5. വിക്രമോർവ്വശീയസാരം— കൊട്ടങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ 755
6. കോമപ്പൻ— കുണ്ടൂർ നാരായണമേനോൻ, ബി. എ. 760
7. കേരളക്ഷിതിരത്നമാല 764
8. അമ്പാടി കുഞ്ഞിക്കൃഷ്ണപുതുവാളുടെ കവിതകൾ 774
9. മാനുഷജന്മം— കെ. പരമുപിള്ള. എം. എ. 776
10. ഒരു ഇതിഹാസവനിതാ— എ. നാരായണപുതുവാൾ ... 781
11. പല്ലവകം 789

വിദ്യാവിനോദിനി അച്ചുകൂടം.

പരസ്യം

വിക്രമോർവ്വശീയം നാടകം— എഫ്. എ. ടെക്സ്റ്റ്

വില 0—14—0

തപാൽകൂലി പുറമെ.

രസികരഞ്ജിനി മാനേജരോട് ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ.

തിരുവനന്തപുരം മുതലായ തെക്കൻ ദിക്കുകളിൽനിന്നും രസികരഞ്ജിനി വക പണം പിരിക്കുന്നതിന്നായി രശീതി സഹിതം ടി. രാമറാവു അവർകളെ അയക്കുന്നതാകകൊണ്ട അദ്ദേഹത്തിന്നു അനാവശ്യതാമസത്തിന്നും നഷ്ടത്തിന്നും ഇടവരുത്താതെ രശീതി വാങ്ങി പണം കൊടുപ്പാൻ അപേക്ഷ.

ര. ര. മാനേജർ.

പുസ്തകം ൨ കർക്കിടകം ലക്കം ൧൨

മംഗളം

നന്നോമെയ്യണിവാനുമേ! ഫണി,രമേ! മെത്തയ്ക്കുകൊള്ളാംകണ-
ക്കെന്നോകാളയിതേവാനനുദിനംമേച്ചിടുവാനുത്തമം
എന്നാലെന്നുമിരന്നിടുന്നതുകൊ,കകുന്നതിൽഭേദമാ-
ണെന്നറുന്നലമങ്കമാരുടെകളിച്ചൊല്ലല്ലൽ തീർക്കേണമേ

കാത്തൊള്ളിൽ അച്യുതമേനോൻ.

നായാട്ടുവിധി.

ഏറിയ ഭോഗവും ഉന്നതങ്ങളായ പർവ്വതങ്ങളാലും വിസ്തൃതകളായ നദികളാലും പരിപൂർണ്ണമായി ഹിമവൽസേതുപർയ്യന്തം വ്യാപിച്ചു കിടക്കുന്ന ഭൂഖണ്ഡത്തിലെ പുരാതനനിവാസികൾക്കും ഇദാനീന്തനന്മാരായ അവരുടെ സന്താനങ്ങൾക്കും സാമാന്യമായൊരു സ്വഭാവവിശേഷം പാശ്ചാത്യശാസ്ത്രജ്ഞന്മാർ അല്പകാലമായിട്ട് കണ്ടുപിടിച്ചു സമർത്ഥിച്ചിട്ടുണ്ട്. ഈയൊരു സ്വഭാവവിശേഷം ആധുനികന്മാരിൽ അവസ്ഥാന്തരങ്ങളെക്കൊണ്ട് വളരെ വളരെ വ്യ

ത്യാസപ്പെട്ടുപോയിട്ടുണ്ടെങ്കിലും നിർമ്മലമായ നഭോമണ്ഡലത്തിൽ പ്രകാശിച്ചുകൊണ്ടിരുന്ന ചന്ദ്രബിംബം മേഘപടലത്തിൽ മറഞ്ഞാൽ എങ്ങിനെയോ അപ്രകാരംതന്നെ പൂർവ്വികന്മാരുടെ നിഷ്കളങ്കമായ ഹൃദയമണ്ഡലത്തിൽ പ്രത്യക്ഷമായി വിളങ്ങിക്കൊണ്ടിരുന്ന വാസനാവിശേഷം—അതായത് ഐഹികസുഖാനുഭവവൃത്തികളിൽ പ്രകൃതിസിദ്ധയായ അനാസ്ഥ, പരമാത്മജ്ഞാനത്തിങ്കൽ അന്തരാത്മാവിനുള്ള അഭിനിവേശം— അന്യജാതികളുടെ സംസർഗ്ഗംകൊണ്ടു ജനിച്ചിട്ടുള്ള മോഹപരമ്പരയിൽ മറഞ്ഞ് ഭാരതീയന്മാരുടെ മനോമണ്ഡലത്തിൽ ഇന്നും ലയിച്ചു കിടക്കുന്നുണ്ട്. സ്വഭാവവശാൽ ഹിന്ദുക്കൾക്ക് പ്രവൃത്തിമാർഗ്ഗം വെടിഞ്ഞ് നിവൃത്തിമാർഗ്ഗമണവാനാണ് മോഹമെന്നത് സാധിക്കുവാൻ പ്രത്യേകിച്ചു ലക്ഷ്യങ്ങളം വേണമെന്നു തോന്നുന്നില്ല. ആവശ്യമുള്ള പക്ഷം ആയവയ്ക്കു ക്ഷാമവുമില്ല.

ഇതിനുള്ള കാരണം ഹിമവാന്റെ ഗാംഭീര്യമെന്നും വിന്ധ്യന്റെ സാന്നിദ്ധ്യമെന്നും മറവു ആര്യേയപണ്ഡിതന്മാർ പറയുന്നത് ഗിരിശിഖരങ്ങൾ പിതൃക്കൾക്കുവെച്ചു പോരുന്ന പിണ്ഡങ്ങളെന്നും നദീജലം പിണ്ഡോദകമെന്നും ഹിന്ദുക്കൾ വിചാരിച്ചിട്ടാണെന്നു പറയുന്നതിനോടു തുല്യമാണെന്നു ചിലർ സിദ്ധാന്തിച്ചേക്കാമെങ്കിലും കാര്യത്തെക്കുറിച്ച് വിതർക്കമുണ്ടാവുമെന്നു തോന്നുന്നില്ല. ഇന്ത്യാസാമ്രാജ്യത്തിന്റെ നാലതിരിനുള്ളിൽ ബ്രാഹ്മണൻ മുതൽ പറയൻ വരെ സാമാന്യേന ഏതൊരു ജാതിയാണ് സകലതും ഒരു ശരാധീനമെന്നു വിശ്വസിച്ചു പോരാത്തത്? ഏതൊരു ഹിന്ദുവാണ് ഐഹികവിഷയങ്ങളിൽ പ്രവേശിക്കുമ്പോൾ, ഭാഗ്യം, ഒരു ശരേച്ഛ, ദൈവഗതി എന്നെല്ലാം പറയുന്ന 'ബ്രഹ്മവിധിക്ക്' 'താൻ പാതികൂടി' അടിയറവെച്ച് കീഴടങ്ങാത്തത്? ഹിന്ദുക്കളുടെ ഒരാചാരമെങ്കിലും മതത്തോടുകൂടി ബന്ധിപ്പിക്കാത്തതുണ്ടോ? ഒരു പ്രവൃത്തിയെങ്കിലും ഒരു ദേവനോടുകൂടി ഘടിപ്പിക്കാത്തതുണ്ടോ? വെള്ളപ്പിനെഴുനേറ്റ് ദേശഭേദംപോലെ കാലും മുഖവും കഴുകിയോ കുളിച്ചോ വന്ന് രാമായണം പുസ്തകമെടുത്ത് കിഴക്കോട്ട തിരിഞ്ഞി

രുന്ന് സർവ്വേശ്വരനെ ധ്യാനിച്ചുകൊണ്ട് മലത്തിനോക്കുമ്പോൾ വലത്തുപുറത്ത് ആദ്യത്തെ ശ്ലോകം ശുഭസൂചകമാണെങ്കിൽ ആ ദിവസം സുദിനമെന്നതിന്നുവാദമില്ല. വിഷുദിവസം നാളികേരമുടച്ചു സംവത്സരഫലം അറിയുന്നതിന്നുള്ള ക്രമവും അതിന്റെ ഫലങ്ങളും സുപ്രസിദ്ധങ്ങളാണല്ലൊ. മലയാളത്തിലും പരദേശത്തും വ്യത്യാസം കൂടാതെ 'വീണാവേണുമൃദംഗശംഖപടഹധ്വാനാ'ദികളും 'മേദ്യംപച്ചഇറച്ചിമണ്ണശവം' മുതലായവയും യാത്രാമുഖത്തിങ്കിൽ ശോഭനങ്ങളും 'വെണ്ണീരുംവിറകെണ്ണയുംചൂലുംമുറവും' മറവും നിന്ദിതങ്ങളും ആകുന്നുവെന്നു മാത്രമല്ല, മൊട്ടച്ചികളുടെ ദർശനംകൂടി മലയാളത്തിലെപ്പോലെതന്നെ പരദേശത്തും അശുഭമെന്നു വിചാരിക്കപ്പെട്ടുവരുന്നു. ഇങ്ങിനെ ഭാഗ്യപ്പരീക്ഷകളെ പരിശോധിക്കുന്നതായാൽ ആദിയുമവസാനവുമില്ലാതെ പരന്നു കിടക്കുന്നുവെന്നേ പറഞ്ഞുകൂടൂ. ആചാരങ്ങളുടേയും മതത്തിന്റേയും ബന്ധത്തെക്കുറിച്ച് പയ്യാലോചിക്കുന്നതും അപാരമായ സംഗതിതന്നെ.

ഇനി സാധാരണയായുള്ള ഓരോരോ പ്രവൃത്തികളെക്കുറിച്ച് ആലോചിച്ചു നോക്കുക. അവിടെയും ഈശ്വരാധിനതപം പ്രത്യക്ഷപ്പെട്ടുന്നതാണ്. ഒട്ടു മുക്കാലും കായ്മ്പങ്ങൾക്ക് ഓരോ അധിഷ്ഠാനദേവതകളുണ്ട്. ആചാരനിഷ്ഠയുള്ളവർ അതാത് കായ്മ്പത്തിൽ പ്രവേശിക്കുമ്പോൾ അതാതു പരദേവതകളെ ധ്യാനിക്കുകയോ സ്തുതിക്കുകയോ ചെയ്യാതിരിക്കയില്ലെന്നു നമ്മൾക്ക് കണ്ടും കേട്ടും അനുഭവിച്ചും പരിചയമല്ലെ? കിടക്കുന്ന സമയം 'ശ്രീമാധവായനമഃ'. എഴുനേൽക്കുമ്പോൾ 'ഹരെകേശവായനമഃ'. തേച്ചുകുളിക്കുന്ന സമയം രണ്ടു തുള്ളി എണ്ണയെങ്കിലും ഭൂമിദേവിക്കു കൊടുക്കാതിരിക്കയില്ല. പതിവായിട്ട് ഉണ്ണുന്ന സമയം ഗണപതിക്കു വെയ്ക്കേണ്ടതാണ്. അതില്ലാത്തപക്ഷം വിശേഷദിവസം കൂടാതെ കഴികയില്ല. വായിക്കുവാൻ തുടങ്ങുന്നത് വാണിയേയും ഗണനായകനേയും ധ്യാനിച്ച് ഗ്രന്ഥമോ പുസ്തകമോ തൊട്ടു തലയിൽ വെച്ചിട്ടുവേണം. ഈ ജാതി വിശ്വാസങ്ങളും നിഷ്ഠകളും ഹിന്തുക്കളുടെ എന്നപോലെ മറ്റൊരു ജാതികളുടേയും ഇടയിൽ അത്രസ്ഥിരമാ

യി നിന്നിട്ടുമില്ല നിൽക്കുന്നതുമില്ല. പ്രത്യേകിച്ചു കേരളീയ സാമാന്യത്തിന്റെയിടയിൽ അതിനു വിശേഷമുണ്ട്. സകലതും ദൈവപരമായി സങ്കല്പിച്ചിട്ടുള്ളതുകൊണ്ട് വേദാന്തത്തോട് വടക്കൻപാട്ടുവരെ മുഖത്തിൽ നിന്നു മുഖത്തേക്കു പകരുന്നതല്ലാതെ ഓലയിലോ കടലാസ്സിലോ പകർത്തിപ്പോയാൽ ആയതിന്ന് അശ്രദ്ധിബാധിക്കുമെന്നതെ സത്തന്മാരുടെ സദുപദേശം. അഥവാ ഗ്രന്ഥത്തിൽ പെട്ടത്തോന്നിതായി വന്നുപോയാൽ പിന്നത്തെ ഉപദേശം 'ബുധജനമിതുബഹുജനത്തിനു കാട്ടിപ്പോകയുമരുത്' എന്നായിരിക്കും. ഈ ഒടുവിലുള്ള വാചകം ഏകദേശം ഒരു ഇരുന്നൂറു കൊല്ലത്തിൽ പരം പഴക്കമുള്ള ഒരു ഗ്രന്ഥത്തിന്റെ അവസാനത്തിൽ ഞാൻ കണ്ടതാണ്. ഗ്രന്ഥത്തിന്റെ ആദ്യം എടുത്തുനോക്കിയപ്പോൾ 'ഒന്നു കാട്ടിൽ ചാടി, ഒന്നു നീറ്റിൽ ചാടി' എന്നും മറ്റും ചില പൊട്ടും പൊടികളും കണ്ട് യാതൊന്നും മനസ്സിലാവാതെ ഗ്രന്ഥത്തിന്റെ പേര് ഒടുവിൽ പറഞ്ഞിട്ടുണ്ടായിരിക്കുമെന്നു കരുതി അവിടം മറിച്ചു നോക്കിയ സമയമാണ് മേൽപറഞ്ഞ ഉപദേശവാചകം കണ്ടെത്തിയത്. അതുതന്നെ ആ ഗ്രന്ഥം മുഴുവനും എന്നെക്കൊണ്ട് വായിപ്പിക്കുവാൻ ഒരു ഉദ്ദീപകമായിട്ടു കലാശിച്ചു. വായനയുടെ ഫലമായിട്ട് പണ്ടത്തെ നായാട്ടു നടവടിയെക്കുറിച്ചു ചിലതൊക്കെ അറിവാൻ ഇനിയും സംഗതി ആയെങ്കിലും ഗ്രന്ഥകർത്തൃകാരന്റെ ഉപദേശം തെറ്റി നടക്കുവാൻ ഒരു വാസനയുള്ളതുകൊണ്ട് ഒരധികപ്രസംഗം പ്രയോഗിക്കുവാനാണ് ഇപ്പോൾ ആരംഭിക്കുന്നത്. പഴയ നായാട്ടുവിധി ബഹുജനത്തിന് കാട്ടിപ്പോയതുകൊണ്ട് ഉപദേഷ്ടാവ് കോപിക്കുവാൻ ഭാവമുണ്ടെങ്കിൽ ഒരു സമാധാനം ഞാൻ കരുതീട്ടുണ്ട്. ബുധജനത്തിനല്ലെ ഉപദേശം ബാധകമാവുള്ളു!

തോക്കെടുത്ത് കാടുകേറീട്ടുള്ളവരൊക്കെ നായാട്ടെന്നു കേട്ടാൽ ചൊവി വട്ടംപിടിക്കാതിരിക്കയില്ല. അപകടത്തിനു വഴിയുണ്ടെങ്കിലെ ഉത്സാഹത്തിനും രസത്തിനും തള്ളിച്ച മതിയാവുള്ളു. പോത്തിനെ വെടി വെച്ചതും, ആനയായിട്ട് മുട്ടി എത്തിയതും, പുലി

യായിട്ട് നേരിട്ടതും, രാത്രിമുഴുവനും ഒരു മരത്തിന്റെ മുകളിൽ കഴിച്ചുകൂട്ടിയതും, മറവും നായാട്ട ഭ്രാന്തന്മാർ വണ്ണിച്ചു പറയുമ്പോൾ കേൾക്കുന്നവക്കുകൂടി ഉത്സാഹം തോന്നിപ്പോകും. ഒരു തവണ നായാടീട്ടുള്ളവക്കു പിന്നെ നായാട്ടിലുണ്ടാവുന്ന ആവേശം ഇന്നപ്രകാരമെന്നു പറഞ്ഞുകൂടാ. നായാട്ടിങ്കൽ ഭ്രമം കുറഞ്ഞിട്ടുള്ള കാലം ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. എന്നാൽ മലയാളത്തിൽ നായന്മാർ പോക്കളത്തിൽനിന്നു പിരിഞ്ഞ് ആയുധങ്ങൾ ഈടുവെപ്പിൽ കെട്ടിവച്ചതോടുകൂടി നായാട്ടിനുള്ള മോഹവും മുക്കാലേ മുണ്ടാണിയും കെട്ടിവെച്ചുയെന്നാണ് വിചാരിക്കേണ്ടത്. ചോത്തുപ്പണിക്കരും നാലു ശിഷ്യരുമായി വാളും പരിചയുമെടുത്തു പുലിയുടെ മടയിൽ ചെന്ന് അങ്കം വെട്ടിയ കാലമെവിടെ കിടക്കുന്നു. എരുട്ടുകുഴൽത്തോക്കുംകൊണ്ട് പന്നിയുടെ മുമ്പിൽ മലന്നു വീണ കാലമെവിടെക്കിടക്കുന്നു! പാണ്ടൻ നായുടെ പല്ലിനു ശൌര്യം പണ്ടേപ്പോലെ ഫലിക്കുന്നില്ല' എന്ന് നമ്പ്യാർ നിലവിളിക്കുന്നതിലെന്താണ് അത്ഭുതം. കാട്ടുപോത്തും കാഞ്ഞിപ്പോത്തും തമ്മിലുള്ള വ്യത്യാസം അറിയുന്ന വീരന്മാർ ഇപ്പോൾ എത്ര പേരുണ്ടാവും? ആവോ. ഇനി നമ്മുടെ നല്ല കാലത്തെ നായാട്ടെന്നു പരിശോധിക്കുക തന്നെ. നായാട്ട് നാലുപ്രകാരമെന്നും ആറുപ്രകാരമെന്നും രണ്ടുപക്ഷം. ക. 'അയ്യൻപടി കുറിച്ചു നായാട്ട്', ഖ. 'അഴിഞ്ഞുനൻ പടിവിളിച്ചു നായാട്ട്', ന. 'വേടൻ വഴികൂരൻ നോക്കുക', ര. 'കോട്ടാളൻ വഴി കൂട്ടിൽ (?) പന്നി കൊല്ലുക', ഇങ്ങിനെ നാലെന്നും, ക. 'കുറിനായാട്ട്', ഖ. 'വിളിനായാട്ട്', ന. 'പള്ളിവേട്ട നായാട്ട്', ര. 'കൂട്ടിയതും വെറുമ്പുറം', ങ. 'കണ്ടതും ഓമ്മിക്ക', ന്യ. 'ഇളകിയതും', ഇങ്ങിങ്ങനെ ആറെന്നും രണ്ടു വിധം പറയുന്നു. ഇതിൽ ആദ്യത്തെ നാലുവിധം നായാട്ടുകൾ ഉണ്ടാകുവാനുള്ള കാരണത്തെ പറഞ്ഞു ഇപ്രകാരം പറഞ്ഞിരിക്കുന്നു.

ക. അയ്യൻ പടികുറിച്ച നായാട്ട്— നാഗസ്ത്രീകൾനാഗലോകത്തുനിന്ന് 'അമൃതുവാങ്ങി വെള്ളിക്കിണ്ണത്തിൽ വെച്ചുപൊന്നുംകിണ്ണംകൊണ്ടു മൂടി വിഷ്ണുഭഗവാന് തിരുമുൽക്കാഴ്ച വെപ്പാനായി' ദേ

വലോകത്തേക്കു പോകുംവഴി മഹാമേരുപർവ്വതത്തിന്റെ താഴ്വരയിൽ നാലുബ്രാഹ്മണർ കണ്ടു. അവർ അവയെ എടുത്തുകൊണ്ട് വീണ്ടും പുറപ്പെട്ടപ്പോൾ ഒന്നു കാട്ടിൽ ചാടി ഒന്നു നീറ്റിൽ ചാടി ഒന്നു ഊരിൽ ചാടിപ്പോയി ഒന്നു താഴെവീണുപോയി'. നാഗസ്ത്രീകൾ അമൃതുംകിണ്ണവും വിഷ്ണുഭഗവാന്റെ തൃക്കഴലിൽ വെച്ചു വന്ദനമാനങ്ങളും ഉണർത്തിച്ചാറെ വിഷ്ണുഭഗവാൻ അവ നാലിനും നാലു പേരുമിട്ടു. കാട്ടിൽചാടിയത് ചെന്നായ, നീറ്റിൽചാടിയത് നീർനായ, ഊരിൽചാടിയത് 'ഊപ്പട്ടി' താഴെവീണതു കുറുക്കൻ. പേരിട്ടതിന്റെ ശേഷം ശ്രീനാരായണൻ അവയെ അയ്യപ്പനുദാനവുംചെയ്തു. 'ആയതുകൊണ്ടത്രെ അയ്യപ്പൻ നായാട്ടുപരദേവതയായത് എന്നറിക'. 'അയ്യപ്പൻ മലയാളത്തിൽ ചക്രവട്ടത്തും പല കാവുകളിലും അധിവസിച്ചു'. അതിന്നുശേഷം നാലു നായ്ക്കളേയും തന്റെ 'ചേകവക്ക്' (സേവകക്ക്) സമ്മാനം കൊടുത്തു. 'അതുകൊണ്ടത്രെ നായാട്ടു നടത്തുന്നത്' അയ്യപ്പങ്കൽനിന്ന നായ്ക്കളെ സ്വീകരിക്കുകകൊണ്ടത്രെ 'നായന്മാരെ'ന്നു വിളിച്ചു വരുന്നതും.

൫. അർജ്ജുനൻപടി വിളിച്ച നായാട്ട്— അർജ്ജുനൻ 'ഇളിനായയെ നായാട്ടിന്നു കൊണ്ടുനടന്നാമതലത്രെ' ഇങ്ങിനെയൊരു നായാട്ടുണ്ടായത്. വില്ലാളിവീരനായ അർജ്ജുനന് ഇങ്ങിനെയൊരു നായയെ കിട്ടിയത് എന്നാണെന്നും എങ്ങിനെയാണെന്നും ഇനിക്കറിഞ്ഞുകൂടാ. പണ്ട് അയ്മൻപടികുറിച്ച നായാട്ടാണ് അധികം നടപ്പുണ്ടായിരുന്നതെന്നതോന്നുന്നു. 'അർജ്ജുനൻ പടിവിളിച്ച നായാട്ട്' അപൂർവ്വമായിരുന്നു.

൬. വേടൻ വഴി കുരൻ നോക്കുക— 'അർജ്ജുനൻ പാശുപതാസ്ത്രം വാങ്ങുവാൻ ശ്രീപരമേശ്വരനെ തപസ്സുചെയ്കുകാലം പരമേശ്വരൻ തന്തിരുവടി അർജ്ജുനന്റെ മാതൃത്തെ പോക്കി അസ്ത്രം കൊടുക്കേണമെന്നു കല്പിച്ചു നിശ്ചയിച്ച് വേടരൂപം ധരിച്ചു യുദ്ധംചെയ്തു. അർജ്ജുനന്റെ മാതൃത്തെ പോക്കി അസ്ത്രവും കൊടുത്തു. അന്നു വേടനു കുടി പതിനൊന്നാക്കി കൊൾക എന്നു വരംകൊടുത്തതു മൂ

ലം പതിനൊന്നുജാതി വേടരുണ്ടായി. അന്നുമുതൽക്കത്രെ വേടനായാട്ട തുടങ്ങിയത്".

ര. കാട്ടാളൻ വഴികൂട്ടിൽ പന്നികൊല്ലുക— "രാവണൻ വന്ന് ശ്രീകൈലാസം പിടിച്ച് ഇളക്കിയ നേരം പാർവ്വതിക്ക് ഏറ്റവും ഭയമുണ്ടായി". ശ്രീപരമേശ്വരൻ അത് ആരാണെന്നറിവാൻ തന്റെ തേജസ്സിനു പിടിച്ച കാട്ടിൽ എറിഞ്ഞു. അതു ചെന്നു വീണനേരത്ത് ഒരു വാനരനായി, ഇങ്ങു വന്നതുമില്ല". അപ്പോൾ രണ്ടാമതുമെറിഞ്ഞു. "അത് കാട്ടിലെ ആളായി ഇങ്ങുവന്ന് "രാവണരാക്ഷസൻ" എന്ന ഉണർത്തക്കേട്ട് ഭഗവാൻ അരുളിച്ചെയ്യു. "നീ കാട്ടിലെ ആളായിരുന്ന് ദുഷ്ടമൃഗങ്ങളെ നിഗ്രഹിച്ചു ഭക്ഷിച്ചുകൊൾക" എന്ന". അന്നു തുടങ്ങി കാട്ടാളനായാട്ടുണ്ടായി.

പതിനെട്ടു നായാട്ടാചാരങ്ങളുള്ളതിൽ പ്രധാനങ്ങളായ "കുന്നാചാരം", "വല്യാചാരം" (അതായത് ഗുരുക്കന്മാരുടെ ആചാരം) ഇങ്ങിനെ രണ്ടാചാരങ്ങളുടെ പേരുകൾ മാത്രമെ പറഞ്ഞു കാണുന്നുള്ളു. നായാട്ടുകുന്നിനു കിഴക്കു വാതിലെന്നും കിഴക്കോലയെന്നും നിയമിച്ചിരിക്കുന്നു. കിഴക്കു വാതിൽ ഒന്ന്, തെക്കു വാതിൽ ആറ്, പടിഞ്ഞാറെ വാതിൽ അഞ്ച്, വടക്കു വാതിൽ ആറ് ഇങ്ങിനെ പതിനെട്ടു വാതിലുകൾ ഉള്ളതിൽ ഓരോന്നിന്ന് ഓരോ ചോലയും. നായാട്ടുനായകൻ പതിനെട്ടാചാരങ്ങളും പത്തവസ്ഥകളും അറിഞ്ഞിരിക്കണം. പത്തവസ്ഥകൾ എതെല്ലാമെന്നാൽ ക. "ആണയും പുരയും നായക്കാരനുചങ്ങാതി" എന്നും, ഖ. "നാല് അമ്പൊടിക്കാരൻ, ഒരു വില്ലൊടിക്കാരൻ, രണ്ടു പരിഷയിൽ നായാടികൾ" ഇവർ നായകന്റെ "കയ്യരികെ" നില്ക്കും ചങ്ങാതികൾ എന്നും അറിക; ന. "നായയെ കുന്നിന്റെ കിഴക്കുവാതുക്കൽകൂടി കയറണമെന്നറിക". ര. നായയെ കയറുന്ന സമയം അയ്യപ്പനേയും പരദേവതമാരേയും ധ്യാനിക്കുക; ങ. തനിക്കും തന്റെ നായയ്ക്കും ചങ്ങാതികൾക്കും ദോഷമരുതെന്ന് അറിക"; ന. "നായ ഓക്കുന്നേരം (മനസ്സിരുത്തി തുടങ്ങുമ്പോൾ) കയററി, വാതിക്കൽ ആക്കി

കൊൾക'; ഒ. 'അറിഞ്ഞ് അറിയിക്ക'; വ്യ. 'ചെന്നു ചെല്ലിക്ക'; ൻ. 'കൊന്നു കൊല്ലിക്ക'; ക്രാ. 'കൊടുത്തുകൊടുപ്പിക്ക'.

കുന്നാചാരപ്രകാരം 'വിളി, തെളി, തെട്ടാ, തെക' ഇങ്ങിനെ നാലുസമ്പ്രദായങ്ങളുണ്ട്. ഈ വാക്കുകൾ തെളിക്കുന്നതിന്റേയും വിളിക്കുന്നതിന്റേയും ഏറ്റവും വിളിക്കുന്നതിന്റേയും മൃഗങ്ങളെ ഹിംസിക്കുന്നതിന്റേയും സങ്കേതശബ്ദങ്ങളാണ്. സാധാരണ എമ്പത്തിരണ്ടു വിളിക്ക് മുപ്പത്താറു തെകയെന്നാണ് ശട്ടം. അതിനുള്ള തെളിയും തെട്ടവും എന്നു പറയേണ്ടതില്ലല്ലൊ.

'അയ്യറിയോ, അറിയോ, എത്തോ, എത്തോ, എത്തോ, തിരോ, തിരോ, തിരോ. അരിയത്തെത്തോ, വായോ, എത്തോ, അയ്യെത്തയെത്തോ, ഗതോ, എത്തോ'. ഇതുയും ആരംഭത്തിലെ ഗണപതിക്കയ്യാണ്. ഇതിന്റെ അർത്ഥം ശാസ്ത്രാങ്കക്കാരുടെ 'മാച്ചാനെ, മാച്ചാനെ, മറ്റാരുവേഷം മാച്ചാനേ' എന്നതിന്റേതിൽ പതിൻമടങ്ങുദുരൂഹമാണ്. 'മാച്ചാനെ' എന്നത് 'മോജാനേ' എന്നതിന്റെ പ്രാകൃതമെന്നും, ആ വാക്യം 'സർവ്വം വിഷ്ണുമയം ജഗൽ' എന്നതിന്റെ ഛായയെന്നുമാണ് പഠയുന്നത്. പ്രകൃതത്തിലെ 'പൊടിവാചകങ്ങളെ ഗ്രന്ഥത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നത് താഴെ പറയുംപ്രകാരമാകുന്നു.

'അയ്യറിയോ' എന്ന് അയ്യപ്പനേയും, 'അറിയോ' എന്ന് വനദേവതമാരേയും അറിയിക്കുന്നു. 'എത്തോ' (എത്തുക) എന്നുമുമ്പു അയ്യപ്പനോട്, പിന്നെ നായയോട, പിന്നെ നായരോട്. 'തിരോ' (തിരിയുക) എന്ന് മൃഗത്തോട്ടും, (തിരയുക) എന്ന് നായയോട്ടും നായരോട്ടും പറയുന്നു. 'അരിയെത്തെത്തോ' എന്ന് നായയോട് 'വായോ' എന്നു മൃഗത്തോട്. പിന്നെയും 'എത്തൊ' എന്ന് നായരോട്. 'അയ്യെത്തയെത്തോ' എന്ന് 'മൂവ്വരോട്'(അയ്യപ്പൻ, നായ, നായർ). ഗതോ (ഗമിക്കുക) എന്ന് ഗ്രഹികനോട്. 'എത്തോ' എന്ന് പിന്നെയും അയ്യപ്പനോട് പ്രാർത്ഥിച്ചിട്ട് ഗണപതിക്കയ്യ് കലാശിക്കുക. ഈ കോലാഹലം 'നായട്ടിനു മുമ്പു കുന്നറിയിക്കേണ്ടും മയ്യാദയാകുന്നു.'

കാട് 'തെളി'ക്കുവാൻ തുടങ്ങുമ്പോൾ ഒരു കൂട്ടക്കാർ 'വിളി' ക്കേണ്ടുന്നത്, 'എത്തോ, എത്തോ, അരിയത്തത്തോ, വാ, എത്തോ, എത്തിപ്പോയ്' എന്നാകുന്നു. ഇതിന്റെ 'തെട്ടം', അതായത് മറ്റേകൂട്ടർ പകരം വിളിക്കേണ്ടത്, 'ഉള്ളത്, ഉള്ളത്, ഉള്ളത്, എത്തിപ്പോയ്, ഉള്ളത്'' എന്നും, 'ഇളകിയാൽ' അയ്യം തെക്കു തെക്ക് എത്ത എത്ത, എത്തോ എത്തോ, വടിയടടട്ടെ, അടോ, അടടടോ, അടോ, അയ്യ കൂകൂയി കൂകൂയി.....കുളിയൻ വായിത്തോ, വായ്പിടിയൻ അയ്യൻനാട്ടിൽ കൊണ്ടേ കൊല്ലുയ്യോ' എന്ന എരട്ടികൂട്ടി വിളിക്കണ''മെന്നും 'വേട്ടക്രമത്തിൽ' വിധിച്ചിരിക്കുന്നു.

പന്നി, പന്നിക്കുട്ടി, പന്നിച്ചോര, ഇവയുടെ വിവരണത്തിലുള്ള നിഷ്കൃഷ്ടം കണ്ടാൽ പന്നിനായാട്ടായിരുന്നു പ്രധാനമെന്നു തോന്നും. പന്നികും പന്നിക്കുട്ടങ്ങൾക്കും ഉള്ളപോലെ തന്നെ മറ്റുമൃഗങ്ങൾക്കും വിശേഷാൽ പേരുകളുണ്ട്.

ഒറ്റപ്പന്നിക്ക് 'വായ്പിടിയൻ' എന്നും തള്ളക്കും തന്തക്കുംകൂടി 'വായ്പിടിയൻ തോണിപ്പെരിയവൻ' എന്നും പേരുകൾ കൊടുത്തിരിക്കുന്നു. രണ്ടോ മൂന്നോ ഒറ്റകൾ ഒരുമിച്ചു കൂടിയാലും 'വായ്പിടിയര' എന്നു മാത്രമേ പറയാവുള്ളു. അതിൽ കൂടിയാൽ കൂട്ടപ്പേരുകളായി. ക. 'തോണിപ്പെരിയക്കുട്ടം' ഖ. 'നെലമ്പെരിയകൂട്ടം' ന. 'അനമ്പെരിയകൂട്ടം' ര. 'വെലമ്പെരിയകൂട്ടം' ഉ. 'വെലമ്പെരിയതിൽ ഇളമ്പെരിയക്കുട്ടം' ന്യ. 'ഇളമ്പെരിയതിൽ വെലമ്പെരിയക്കുട്ടം' ഒ. 'തേർക്കുട്ടം'. പന്നിക്ക് 'മുറിയച്ചോര, വഴിയച്ചോര, പടിയച്ചോര' ഇങ്ങിനെ മൂന്നു തരം ചോരയാണത്രെ. വീഴ്ത്തിന്നു വിരളച്ചോരയെന്നും പറയുന്നു.

മറ്റുചില ജന്തുക്കളുടെ വിശേഷാൽ പേരുകൾ

മൊയിൽ=ഓലച്ചെവിയൻ	തേര=ഓമനക്കൊടിയൻ
കീരി=പെരുവാലൻ	പാമ്പ=കൊമ്പുകളമ്പൻ
കുരൻ=ചെറുകുളമ്പൻ	പാമ്പ്=ഉത്തിനു വായ്പിടിയൻ
കുറുക്കൻ=ആട്ടിക്കടിയൻ	ചേര=എഴുത്താണിവാലൻ
മാൻ=വല്ലപ്പോത്ത്	ആന=കൊടച്ചെവിയൻ
മുള്ളൻ=കല്ലെടുക്കൊറൻ	കല=ചേറുകൊമ്പൻ
ഉടുമ്പ=മങ്കുഴിമാൻ	കരടി=വല്ലാനപോത്ത

പുലി എളകിയാൽ പുള്ളിപ്പുലിയെന്നും അല്ലാത്തപക്ഷം വള്ളിപ്പുലിയെന്നും ഊഹിക്കേണമെന്നു പോൽ. 'വൻവരിയൻ' (വരിയൻപുലി) ഇളകിയാൽ 'നാലുപുറമുറച്ചോ, തെക്കുറച്ചോ വടക്കുറച്ചോ, വില്ലും കടവു മുറച്ചോ', എന്നും മറ്റും വിളിച്ചു നിലവിളിക്കണം. തമ്മിൽ ചതിപ്പെട്ടുപോയാലും ഇപ്രകാരം തന്നെയാണ് വിളിച്ചു പറയേണ്ടത്. 'ചതിപ്പെട്ടേപ്പൂവ്വെ' എന്നുകൂടി കൂട്ടിവിട്ടേക്കണം. ഇനിയും അനേകവിധം വിളികളുണ്ട്. മൃഗത്തിന് ഒരു കുത്തുകൊണ്ടാൽ ചോരക്കുവിളി, രണ്ടു കുത്തുകൊണ്ടാൽ മറ്റൊരുവിധം വിളി, വില്ലൊടിക്കാരന്റെ അമ്പുനട്ടാൽ അമ്പുകാരൻ വിളിക്കേണ്ടുന്നമാതിരി, മരം കുന്നിനു കടന്നാൽ നായ്ക്കാരൻ വിളിക്കേണ്ടുന്നത്. ഇവയെല്ലാം എടുത്തുവിലക്കുന്നതായാൽ വായനക്കാർ ക്ഷമിക്കുമെന്നു തോന്നുന്നില്ല. അവസാനത്തെ 'വിളിച്ചുകൂട്ടോ, വിളിച്ചുകൂട്ടോ, വിളിച്ചുകൂട്ടോ, എന്നറിയക്കേളോ' എന്നതിനോടുകൂടി വിളിയുടെ ഭാരം കലാശിച്ചു. ഈ വിളികളൊക്കെ അയ്യൻപടി കുറിച്ച നായാട്ടിനെ സംബന്ധിച്ചതാണ്. അജ്ജൂനൻപടിവിളിച്ചുനായാട്ടിൽ കുന്നറിയിക്കുന്നത് 'വിളി ഉറച്ചുനില്ലൊ, വില്ലുറച്ചുനില്ലൊ, കടവുറച്ചുനില്ലോ' എന്നാണ് അതിന്റെ തെട്ടം 'അത് ഉള്ളത്, അത് ഉള്ളത്, എത്തോ, എത്തൊ, പൂവ്വേ' എന്നും ആകുന്നു. എളകിക്കുടിയാൽ എല്ലാം പണ്ടത്തെപ്പോലെ തന്നെ.

വെട്ടോ, കുത്തോ, വെടിയോ, എയ്ത്തോ എന്നു ചോദിക്കുന്നതിനു പകരം 'തേപ്പോ, തുളിപ്പോ, കാലോ, തലയോ' എന്നാണ് ചോദിക്കുക. വെട്ടേറാൽ 'തേപ്പ്' 'ചോട്ട' (?) കൊണ്ടാൽ 'തുളിപ്പ്' വെടികൊണ്ടാൽ 'കാല്' അമ്പുവീണാൽ 'തല'. പ്രയോഗിച്ച ആയുധത്തിന്റെ വിവരം പറഞ്ഞുകഴിഞ്ഞാൽ 'കൊമ്പിൽനിന്നോ' കൊളമ്പിൽനിന്നോ, കണ്ണിൽനിന്നോ, തോലിൽനിന്നോ ചേകവം ചെയ്യുവെന്നും' കൊല ഒഴിഞ്ഞുവെന്നും പറയണം. 'കൊമ്പെ'ന്നു പറയുന്നത് 'മരുകുന്ന്', 'കൊളമ്പെന്നാൽ ഇളകിയപിണ', 'കണ്ണ' കുന്നിന്റെ 'മുഖാന്തരം', 'തോല' നായാട്ടു കുന്നുതന്നെ. 'ചേകവം ചെയ്യുക' എന്നാൽ ആയുധം വിളയാടുകതന്നെ. പ്രാ

ഞാൻ പോയാൽ 'കൊല ഒഴിഞ്ഞു'. 'വിളിച്ചു നായാട്ടിനു വിളിച്ചു നായാടിയാൽ വീഴ്ച്ചം കുത്തിയാൽ കുന്തംകാട്ടി തീകക്കണം'* എന്നൊരുവിധി കാണുന്നുണ്ട്. ഇതിന്റെ അർത്ഥം മനസ്സിലായില്ല. അതു വായനക്കാരുടെ മനോധർമ്മത്തിന്ന് ഉഴിഞ്ഞിട്ടിരിക്കുന്നു.

നായാട്ടുകഴിഞ്ഞാൽ 'അരികെയിരിക്കും ചെങ്ങാതി, വില്ലൊടിക്കാരൻ, അയലൊ (അമ്പൊ?) ടിക്കാരൻ, പിന്നെ വെകുമ്പുറം നിൽക്കുന്നവർ, നായ്ക്കാരൻ, ചാകുംതലക്കൽ എത്തിയവർ, സ്ഥലത്തെട്ടത്തു മണ്ടുന്നവർ (ചുമട്ടുകാർ), വിൽപ്പിൽകാരർ, ഇവർ കൂടിയ സഭയിൽ വെവ്വേറെ അറിയിച്ചാൽ ഊപ്പും ഊരയും വഴിപോലെകിട്ടും'. കൂട്ടരിൽ ചിലർ 'അലഞ്ഞു പോയാൽ തികഞ്ഞതട്ടത്തെ കൊടുത്തുകൂടു'. അല്ലെങ്കിൽ ഭാഗിക്കുവാൻ പരിഷയിൽ ചങ്ങാതികഥം വേണം.

വേട്ടയാടുന്നതു കാട്ടാളരുടെ തൊഴിലാകുന്നു. അത് 'പീട്ടാളരുടെ' തൊഴിലെന്നു പറഞ്ഞുകൂടാ. ചില ദിക്കിൽ കാടർ വലകെട്ടി നായാട്ടും. 'കരിമ്പാലന്മാരും' 'മൂത്തോറന്മാരും' നായാടുന്നതുകൊണ്ട് അവരെ നായാടികഥം എന്നു പറയുന്നു. ശൂദ്രരുടെ നായാട്ടു മയ്യാദ 'കൂലിച്ചേവകമയ്യാദ'യാകുന്നു, അന്യനു വേണ്ടി കൂലിവാങ്ങി നായാടുന്നവെന്നു താല്പര്യം. 'കൂലിച്ചേകവത്തിന്നുള്ള പടയും നായാട്ടും ഒക്കുമെന്നു പറയുന്നു. രണ്ടിക്കൊണ്ട വാളും വെട്ടിക്കൊണ്ട വാളും കോയിമ്മയിൽ പിടിപ്പിക്കുന്നു. കുത്തിക്കൊണ്ട കയ്യും ചോറുകുത്താവിനു തന്നെ'.

ആർ. വി.

---

* *Mackenzie MS. Restored.*

വ്യായാമം.

മനുഷ്യക്ക് ആരോഗ്യവന്മാരായി വർത്തിയ്ക്കുന്നതിൽപരം ഉൽകൃഷ്ടമായ ഭാഗ്യം ഉണ്ടാകേണ്ടതില്ലെന്നുള്ളത് നിർവിവാദമായിട്ടുള്ള സംഗതിയാണല്ലൊ. ലോകത്തിലെങ്ങും അധിവസിക്കുന്ന എല്ലാ ജനങ്ങളും വിവിധരോഗബാധിതന്മാരായി നാനാ പ്രകാരേണ വലയുന്നതിനിട വരുന്നത്, അവർ ദിനചര്യാനുഷ്ഠാനത്തിൽ സശ്രദ്ധന്മാരായി സ്ഥിതിചെയ്യാഞ്ഞുകൊണ്ടാകുന്നുയെന്നാണ്, ചികിത്സാനൈപുണ്യമേറിയ സകല ഭിഷഗ്വരന്മാരുടേയുമഭിപ്രായമെന്ന്, പ്രത്യേകിച്ചൊരവതാരിക കൂടാതെ തന്നെ അതു സുഗ്രഹമാണല്ലൊ. യൂറോപ്യന്മാരെ അപേക്ഷിച്ച് ഹിന്ദുക്കൾ ബലഹീനന്മാരായും, അലസന്മാരായും, രോഗപീഡിതന്മാരായും സ്ഥിതിചെയ്യുന്നതിനും, ഹിന്ദുക്കൾക്ക് വെള്ളക്കാരേക്കാൾ വൈദ്യന്മാരുടേയും, ഔഷധങ്ങളുടേയും സഹായം കഴിച്ചുകൂടാത്തതായിരിയ്ക്കുന്നതിനും, സൂക്ഷ്മമായ കാരണം മറൊന്നുമല്ല. ആരോഗ്യത്തിന്, ശ്വാസോച്ഛ്വാസാർത്ഥം ശുദ്ധവായുവും, വേണ്ടേടത്തോളം മാത്രം ലഘുവായ അന്നവും, ദേഹോഷ്മാവിനെ സമസ്ഥിതിയിലാക്കി വച്ചുകൊള്ളുന്നതിനു വേണ്ട വസ്ത്രവും, വെയിലും മഴയുംകൊണ്ടുള്ള ഉപദ്രവാദികളില്ലാതിരിപ്പാനൊരു ഗൃഹവും, മനോവ്യാപാരത്തിനു വിഷയങ്ങളും, അലൗകികങ്ങളായ സന്തോഷഹേതുക്കളുമുണ്ടായിരിക്കണമെന്നൊരു മഹാൻ അഭിപ്രായപ്പെട്ടിരിക്കുന്നു. കേവലം നിർവ്യാപാരിയായിരിക്കുന്നു യാതൊരുത്തനും സുഖിയായിരിക്കുന്നതിനു കഴിയുന്നതല്ലെന്നു മാത്രമല്ല, ദുഷ്ടനിഗ്രഹങ്ങളായ അനവധി രോഗങ്ങളാൽ പീഡിതന്മാരായുമിരിക്കും. രോഗഗ്രസ്തന്മാക്ക്, ശരീരസൌഖ്യം പൊട്ടുന്നനവെ അസ്തമിക്കയും, ആരോഗ്യം ക്ഷയിക്കയും ചെയ്യുന്നതാണ്. രോഗബാധയിൽനിന്നും വിമുക്തന്മാരായിരിക്കുന്നതിനും, ശരീരദാർഢ്യത്തെ പോഷിപ്പിക്കുന്നതിനും പ്രത്യേകമായ ഒരു ദിവ്യൌഷധം വ്യായാമമാകുന്നുവെന്ന് പ്രാചീനന്മാരും അർവാചീനന്മാരുമായ ശരീര

ശാസ്ത്രജ്ഞന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിരിക്കുന്നു. വ്യായാമത്താൽ രക്തത്തിന്റെ ഓട്ടം വർദ്ധിക്കയും, ശ്വാസകോശങ്ങളിൽകൂടി ശുദ്ധവായു ഉള്ളിൽ പ്രവേശിക്കയും, രക്തം ത്വക്കിലെ നിർമ്മലമാകയും ആകപ്പാടെ ശരീരത്തിന് ബലമുണ്ടാകയും ചെയ്യുന്നു. രാപ്പകൽ അദ്ധ്വാനിച്ച് ഒരുവിധം കുക്ഷിപൂരണം ചെയ്യുകൊണ്ട് ഒരു ഏകാന്തവസതിയിൽ സ്ഥിതിചെയ്യുന്നവൻ അത്യന്തം ബലവാനായും ഉല്ലാഘവാനായും, ഉത്സാഹഭരിതനായും ഇരിക്കുന്നതിനും മൃഷ്ടാന്നം സാപ്പാടും കഴിച്ചുകൊണ്ട് നിർവ്യാപാരന്മാരായി ചാരുകസാലയെ അലങ്കരിക്കുന്നവർ, പ്രതിദിനം രോഗഗ്രസ്തന്മാരായി വർത്തിക്കുന്നതിനും കാരണം മറെറാന്നുമല്ല. മിതമായി വ്യായാമം ചെയ്യുന്ന പുരുഷന്, അന്യന്മാരെ ബുദ്ധിമുട്ടിക്കുന്നതിനൊ, വിനോദങ്ങളെ ത്യജിക്കുന്നതിനൊ, വൈദ്യന്മാരെ അന്വേഷിക്കുന്നതിനൊ, 'രോഗി'യെന്നുള്ള നാമം ധരിക്കുന്നതിനൊ, സംഗതിയാകയില്ലെന്നുള്ളത് നിസ്സംശയമാണ്. വ്യായാമം കായികമാനസികശക്തികളെ വർദ്ധിപ്പിക്കുന്നതുകൂടാതെ, ലൌകിക കാര്യങ്ങളിൽ പ്രവേശിച്ചു പേരെടുക്കുന്നതിനുകൂടി സംഗതിയാകുന്നതാണ്. ഒരു കാലത്ത് യൂറോപ്പിലെ ഗംഭീരാശയന്മാരായ രാജാക്കന്മാർക്ക്, അസാധാരണമായ ഉൽക്കമ്പം ജനിപ്പിച്ചുംകൊണ്ട് ദിഗന്തവിശ്രാന്തകീർത്തിയായി വർത്തിച്ചിരുന്ന 'നെപ്പോളിയൻ ബോണപ്പാർട്ടി'ന്റെ വിജയധ്വജനം ചെയ്യുവനായ 'ഡ്യൂക്ക് ആഫ് വെല്ലിംഗ്ടൺ' എന്ന വീരപുരുഷൻ താൻ ഏറിയകാലം താമസിച്ചു പഠിച്ചിരുന്ന 'ഈറ്റൺ' പാഠശാലയിലെ ഖേലരി സ്ഥലത്തിൽ കളിച്ചുംകൊണ്ടിരുന്ന ബാലന്മാരെ നോക്കി താൻ അവിടെ വച്ചാണ് 'വാട്ടർലൂ'വിലെ യുദ്ധത്തിൽ നെപ്പോളിയനെ ജയിച്ചത് എന്നു പറഞ്ഞിരിക്കുന്നു. ഇതിനാൽ വ്യായാമംകൊണ്ട് ആ മഹാനുഭാവന്ന് ശരീരലാഘവത്തിനു പുറമെ എന്തെല്ലാം ഗുണങ്ങളാണ് സിദ്ധിച്ചതെന്ന് ഊഹിക്കുന്നതുപോലും കൃച്ഛ്രസാദ്ധ്യമല്ലെ?

ലാഘവം, കർമ്മസാമർത്ഥ്യം, ദീപ്താഗ്നിർമ്മേദസക്ഷയഃ
വിഭക്തഘനഗാത്രത്വം, വ്യായാമാദുപജായതേ.

എന്ന് അഷ്ടാംഗഹൃദയക്കാരൻ സംക്ഷേപമായി പറഞ്ഞിരിക്കുന്നു. 'അറബി നിശീഥിനിനമ്മകഥാവലി'യിൽ ശരീരോപദ്രവം നിമിത്തം വളരെക്കാലം കഷ്ടപ്പെട്ടുകയും, അനേകം ചികിത്സകൾ ചെയ്തിട്ടും, ഭേദമാവാതിരിക്കയും, ചെയ്ത ഒരു രാജാവിന്റെ കഥയുണ്ട്. ഒടുവിൽ ഒരു വൈദ്യൻ താഴെ പറയുന്ന മാതിരിയിൽ ചികിത്സ ചെയ്ത് രോഗശാന്തി വരുത്തിയതായി കഥയിൽ പറയുന്നു— ആ വൈദ്യൻ മരംകൊണ്ട് അകം പൊള്ളയായി ഒരു പന്തുണ്ടാക്കി അതിനകത്ത് അനവധി മരുന്നുകളിട്ടു നിറച്ച് കാണികൾക്കു ദൃശ്യമാകാത്ത വിധത്തിൽ അതിന്റെ ദ്വാരമടച്ചു. അതുപോലെ തന്നെ ഒരു കിട്ടിക്കോലുമുണ്ടാക്കി അതിന്റെ പിടിയിലും, പന്തടിപ്പെടുന്ന ഭാഗത്തിലും ദ്വാരം മരുന്നുകളിട്ടു നിറച്ച് മുൻപറഞ്ഞതുപോലെ ചെയ്തു. പിന്നിട് ഈ കിട്ടിക്കോലും പന്തും രാജാവിനു കൊടുത്ത് ദിനംപ്രതി പ്രഭാതത്തിൽ ശരീരം വിയക്കുന്നതുവരെ അവയെക്കൊണ്ടു കളിക്കുന്നതിനു പറഞ്ഞു. അപ്രകാരം രാജാവ് ചെയ്തയാൽ ആ ഔഷധങ്ങളുടെ ഗുണം മരത്തിന്റെ ഉള്ളിൽനിന്നും സ്വേദത്തിൽ വ്യാപിച്ചതുകൊണ്ട് ഏറിയകാലം മരുന്നുകൾ സേവിച്ചിട്ടും ഭേദമാകാതിരുന്ന രോഗം മാറി അദ്ദേഹത്തിനു ശരീരസൌഖ്യമുണ്ടായി. ഈ കഥകൊണ്ട് ശരീരശ്രമം ആരോഗ്യത്തിന് എത്രമാത്രം പ്രയോജനകരമാകുന്നുവെന്നും, അരോഗതക്കു വ്യായാമമാകുന്ന സർവ്വോത്തമമായ ഔഷധമെന്നും, സ്പഷ്ടമാകുന്നുണ്ടല്ലൊ. രോഗകാരണങ്ങളറിയാതെ തന്നിവാരണത്തിനായുദ്യമിക്കുന്നതിൽ പരം മൌഢ്യം മറെറാന്നും ഉണ്ടാകാനില്ലല്ലൊ. ആധുനികകാലങ്ങളിലെ 'ചില രസികന്മാർ' വ്യായാമത്തെ നിസ്സാരമായി ഗണിച്ചു വരുന്നതു നോക്കുമ്പോളത് അവരുടെ അവിമൃശ്യകാരിതത്തെ തന്നെത്താൻ പൊതുജനങ്ങളോട് വിളിച്ചു പറകയാണോയെന്നു തോന്നും. അരോഗതയും, ശരീരദാർഢ്യവും, ദീർഘായുസ്സും, സ്ഥിരോത്സാഹവും, കൂടി തികഞ്ഞു കാണപ്പെടുന്ന മിക്കയാളുകളും, വ്യായാമതല്പരന്മാരാണെന്ന് ആർക്കും വേഗത്തിൽ അനുമാനിയ്ക്കാവുന്നതാകുന്നു. പ്രസിദ്ധന്മാരായ സേനാനായകന്മാരും, വിശ്രുതന്മാരായ

രാജ്യതന്ത്രജ്ഞന്മാരും, അത്ഭുതപരാക്രമികളായ രാജാക്കന്മാരും വ്യായാമത്തെ എത്രമാത്രം മഹത്തായിട്ടാണ് ഗണിച്ചുവന്നിരുന്നതെന്നും അതുകൊണ്ടവക്കെന്തെല്ലാം ഫലങ്ങളാണ് പ്രാപ്തമായിട്ടുള്ളതെന്നും മറ്റും ദേശചരിത്രങ്ങളിൽനിന്നും ബോദ്ധ്യമാകുന്നതാണ്. ചുരുക്കിപ്പറകയാണെങ്കിൽ വ്യായാമത്തിന്റെ മഹത്വത്തെ വേണ്ടപോലെ കൊണ്ടാടാൻ കഴിയുന്നതല്ലെങ്കിലും 'വ്യായാമമില്ലാജീവിതത്തിന്മേലാഗ്രഹമുള്ളവന്നനുദിനം കഞ്ഞിവ്യമത്രേ ദുഷ്കരം' എന്നു സംക്ഷേപമായി പ്രസ്താവിയ്ക്കാം.

കുഴിത്തുറ സി. എം. അയ്യപ്പൻപിള്ള.

മലയാളത്തിലെ കടങ്കഥ

(കടങ്കഥകൾ)

ഇംഗ്ലീഷിൽ 'റിഡിൽ' (Riddle) എന്നും, സംസ്കൃതത്തിൽ 'പ്രഹേളിക' എന്നും പറയപ്പെടുന്ന മാതിരിയിലുള്ള ചിത്രപ്രശ്നത്തെ മലയാളത്തിൽ 'കടം' (കടങ്കഥകൾ) എന്നു പറഞ്ഞുവരുന്നു. ഈ അർത്ഥത്തെയാണ് മേലെഴുതിയ തലവാചകത്തിൽ ഞാൻ വിവക്ഷിച്ചിട്ടുള്ളത്. മലയാളത്തിലെ 'കടം' എന്ന പദം, സംസ്കൃതശബ്ദമായ 'കൂട'ത്തിന്റെ തദ്ഭവമാണെന്നു ചിലർ വിചാരിക്കുന്നുണ്ടെങ്കിലും, അതിന്റെ ഉൽപത്തി മലയാളഭാഷയിൽതന്നെ എന്നു സ്ഥാപിക്കുവാനാണ് അധികം സംഭാവ്യത ഉള്ളത്. നാം പകരം വീട്ടേണ്ടതായ ഒരു പ്രശ്നം നമുക്കു ഒരു കടംതന്നെയാണല്ലൊ. അതിനാൽ, 'കടം' എന്ന പദത്തെ ഇങ്ങിനെ വ്യുൽപാദിപ്പിച്ചാൽ മതിയാകുമെന്നു തല്ക്കാലം സമാധാനപ്പെടാം.

ഒരു ഭാഷയിലെ കടങ്കഥകൾ, ആ ഭാഷയെ ഉപയോഗിക്കുന്ന ജനങ്ങളുടെ ചുറ്റുമുള്ള പ്രകൃതിവിലാസത്തിന്റേയും, അതു നിമി

ത്തും ഉണ്ടാകുന്ന മനോഗതങ്ങളുടേയും, അവരുടെ നടവടികളുടേയും മുദ്രപതിക്കപ്പെട്ടവയാണെന്ന് എളുപ്പം ഗ്രഹിക്കാവുന്നതാകുന്നു. ഇന്ത്യാരാജ്യം, വിശേഷിച്ച്, കേരളരാജ്യം, യക്ഷദേശീയമായ ഭൂവിലാസംകൊണ്ടും കൃഷിയുടെ പ്രാധാന്യംകൊണ്ടും പ്രസിദ്ധമാകയാൽ, ഏതദ്ദേശീയരുടെ ആശയങ്ങൾ ഇപ്പറഞ്ഞ വിശേഷങ്ങളെ കുറിക്കുമെന്നുള്ളതിൽ അത്ഭുതപ്പെട്ടുവാനില്ലല്ലൊ. മലയാളത്തിലെ കടങ്ങളിൽ മിക്കവയും, കൃഷി പ്രധാനമായ ഒരു രാജ്യത്തിലെ ആളുകളുടെ ഇടയിൽ ഉദിച്ചിട്ടുള്ളവയാണെന്നു തന്നത്താൻ വിളിച്ചു പറയുന്നുണ്ട്. 'നാഴിപ്പാൽകൊണ്ട് നാടെല്ലാം കല്യാണം', എന്നും മറവുമുള്ള മൊഴികളെ കേൾക്കുമ്പോൾതന്നെ, പശുപാലനം ചെയ്ത് കൃഷി ജീവിതത്തിൽ കാലക്ഷേപം കഴിക്കുന്ന ഒരു ജനസമുദായത്തെപ്പറ്റിയാണ് ഒരു ഉൽബോധം ഉണ്ടാകുന്നത്. ചന്ദ്രബിംബത്തിൽനിന്നു പുറപ്പെടുന്ന ധവളശീതരശ്മിജാലത്തെ നാഴിപ്പാലിനോട് ഉപമിച്ച ഹൃദയത്തിന്റെ രസികത്വം അവർണ്ണനീയമാകുന്നു. ഒരു കല്യാണ അടിയന്തരം ഉണ്ടാകുന്ന കാലത്ത്, നാട്ടിലെങ്ങും എങ്ങിനെ സംതൃപ്തിയെ അനുഭവിക്കുന്നുവൊ, അതിനുമണ്ണുമുള്ള ഒരു ആഹ്ലാദമാണ് നിലാവുനിമിത്തം ലോകത്തിൽവ്യാപിക്കുന്നതെന്നു വർണ്ണിക്കുന്നതിൽ നിന്ന്, കല്യാണ അടിയന്തരങ്ങളെ കേമമായി നടത്തി, ദേശവാസികൾക്കു മിഷ്ടാന്നം നൽകി തൃപ്തിവരുത്തുന്ന ഒരു ജനസമുദായത്തെക്കുറിച്ച് ആർക്കാണ് ഒരു ഉൽബോധം ഉണ്ടാകാത്തത്? ഇങ്ങിനെ നോക്കിയാൽ, മലയാളമാതൃഭാഷയായുള്ള ആളുകളുടെ പ്രകൃതിക്കും നടത്തയ്ക്കും കൈമുണ്ടിപ്പുലകകളായി പല കടങ്ങളും മലയാളത്തിൽ ഉള്ളതായി കാണാം.

'ചേരയ്ക്കുംചേറിനുംകൂടി ച്ചേരുംപോരൊന്നരയ്ക്കുവിൻ' എന്നും മറവും ഓരോരോ വിരസങ്ങളായ ചിത്രപ്രശ്നങ്ങളെക്കൊണ്ട് മലയാള പത്രങ്ങൾ ദുഷിച്ചുവന്ന തിരക്ക് ഈയിട അല്പകാലമായി കണികാണ്മാൻ പോലും ഇല്ലെന്നായത് കുറെ ആശ്വാസജനകം തന്നെ. ഈ വിധത്തിലുള്ള ചിത്രപ്രശ്നങ്ങളിൽ നിന്ന് മനസ്സിനെ വ്യവ

ത്തിച്ച്, നമ്മുടെ പഴയ കടങ്കളിലേക്കു നയിക്കുമ്പോൾ, അന്നിവ് ചനീയമായ ആസ്വാദ്യതകൊണ്ട് ഇവ നമ്മുടെ സമാഗമത്തെ തപരിപ്പിക്കുന്നു. ഈ കടങ്കഥ നമ്മുടെ ആലോചനാശക്തിയെ പരിശോധിക്കുന്നതിനുള്ള ഉരക്കല്ലുകളായി കാണപ്പെടുന്നു. ഇക്കാലത്തെ ചിത്രപ്രശ്നങ്ങളേയും, ഈ പഴയ കടങ്കളേയും തുലായന്ത്രത്തിലിട്ടു നോക്കിയാൽ, പഴയ കടങ്കഥ അധികം തൂങ്ങുന്നുവെന്നു കാണാം. അവയുടെ കഥനത്തിനുള്ള സംഭാഷ്യവും, ആശയങ്ങളുടെ കാമനീയകവും ഇക്കാലത്തെ പ്രശ്നങ്കഥകൾക്കു തൊട്ടുതെറിച്ചിട്ടുപോലുമില്ല. എന്നാൽ, കടത്തെ വർദ്ധിപ്പിക്കുന്നതു സാധാരണമായി ക്ലേശകാരണമാണെങ്കിലും, മലയാള ഭാഷയിലെ ഈ കടങ്കഥ വർദ്ധിച്ചു വരുന്നില്ലല്ലൊ എന്നു വ്യസനിക്കുക തന്നെ ചെയ്യണം. കുട്ടികൾക്ക് ഈ മാതിരി കടങ്കളിൽ അഭിരുചി ജനിപ്പിച്ചു വളർത്തുന്നത് അവരുടെ ആലോചനാശക്തിയെ പോഷിപ്പിക്കുവാൻ പ്രയോജകമായിരിക്കും.

ഈ കടങ്കഥ ഏതു കാലത്താണ് മലയാളത്തിൽ പിറന്നതെന്നു നിർണ്ണയിക്കുവാൻ പ്രയാസമാണ്. ഭാഷാഗതി നോക്കിയതിൽ, അവയിൽ പലതും വളരെ പഴക്കം കൂടിയവയാണെന്ന് ഊഹിക്കേണ്ടി വരുന്നു. പല കടങ്കളിലേയും ഭാഷ ശുദ്ധമലയാള പദങ്കളാൽ രചിതമാണ്. അവയിലെ ആശയങ്കഥ മിക്കവയും കൃഷിക്കാരുടെ ഇടയിൽ ഉണ്ടാകുന്നവയുമാണ്. ചില കടങ്കളുടെ ഭാഷയിൽ സംസ്കൃത പദങ്കഥ കൂടെ ചേർന്നിരിക്കയാൽ, മറവുള്ളവ, മലയാളത്തിൽ സംസ്കൃതത്തിന്റെ പ്രബലത ഉറയ്ക്കുന്നതിനു മുമ്പു ഉണ്ടായവയാണെന്ന് അനുമിക്കാം, 'ഇരുട്ടുപുരയിൽ കുരുട്ടാന', 'രണ്ടു കിണറിന്നൊരു പാലം', 'എണ്ണക്കുപ്പിയിൽ ഞാറപ്പഴം', 'ഒരമ്മ മുറം വീശിപ്പോകുന്നു'— ഇത്യാദി കടങ്കളിൽ മലയാള വാക്കുകളുടെ വിളയാട്ടവും, 'നിത്യം കുളിക്കുംപോത്തക്കിടാവ്', 'കണ്ടാൽ മുണ്ടൻ കായ്ക്കുന്നതിനു വമ്പൻ', മുതലായവയിൽ സംസ്കൃതപദപ്രവേശവും കണ്ടറിയേണ്ടവയാണ്.

ഒരു സംഗതി മുന്നിട്ടു നില്ക്കുന്നുണ്ട്; അതായിത് ഈ കടങ്കള

ടെ ഉത്തരങ്ങൾ മിക്കവയും നാട്ടുപുറങ്ങളിലുള്ള കൃഷിക്കാരുടെ എന്നു വേണ്ടാ, കേരളവാസികളുടെ, നിത്യോപയോഗത്തിലോ, നിത്യപരിചയത്തിലോ ഉള്ള വസ്തുക്കളെ കുറിക്കുന്നവയാകുന്നു. ഉരൽ, നെല്ല്, നാഴി, അടയ്ക്കാനുറുക്കി (പാക്കുവെട്ടി), കിണറ്, ചുരവ, പത്തായം, ചൂൽ, നല്ലമുളക്, മൊട്ട, വിളക്ക്, കുട മുതലായ പല വസ്തുക്കളെമാണ് ഈ കടമിട്ടുന്നവക്ക് അതിപരിചിതങ്ങളായിട്ടുള്ളവ എന്ന് എളുപ്പം മനസ്സിലാക്കാം. കേരളത്തിൽ പലേടത്തും ഈ മാതിരി കടങ്ങൾ പലതും നടക്കുന്നുണ്ടായിരിക്കണം. അവയെ, വനകുസുമങ്ങളെപ്പോലെ, ആർക്കും അനുഭവിക്കുവാൻ ഇടയാക്കാതെ കളയുന്നത് ശോചനീയമാകുന്നു. തെക്കൻ തിരുവിതാങ്കൂറിൽ പറഞ്ഞു കേട്ടിട്ടുള്ളവയായി എന്റെ അറിവിൽ പെട്ട ഏതാനും കടങ്ങളെ താഴെ കുറിക്കുന്നു. ഇവ മിക്കവയും ഞാൻ ബാല്യകാലത്ത് മാതാപിതാക്കന്മാരുടേയോ മറ്റു ബന്ധുക്കളുടേയോ മുഖങ്ങളിൽനിന്നു കേട്ടറിഞ്ഞിട്ടുള്ളവയാകയാൽ, ചിലതുകൾക്കു ശരിയായ ഉത്തരം തല്ക്കാലം ഓർക്കുന്നില്ല. ഇത്തരത്തിലുള്ള കടങ്ങളെ 'രസികരഞ്ജിനി' വായനക്കാർ ശേഖരിച്ചയയ്ക്കുയും, 'അവയെ രസികരഞ്ജിനി'യിൽ ചേർക്കുവാൻ പത്രാധിപർ ശ്രദ്ധിക്കയും ചെയ്യുമെങ്കിൽ, അവയെ, 'കളഞ്ഞുകിട്ടിയ നിധി'യായി സ്വീകരിക്കുവാൻ മലയാളഭാഷാഭിമാനികൾ മടിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.*

കടങ്ങൾ.

൧. അങ്ങാപ്പെന്നു കിരുകിരുക്കും,
ഇങ്ങാവന്നു കിരുകിരുക്കും,
അനങ്ങാതെയൊരു മൂലയിലുമിരിക്കും.
[ഇതു ചൂലിനെ ഉദ്ദേശിച്ചാകുന്നു.]

---

* ഈ ലേഖകൻ അയച്ചു തന്നിട്ടുള്ള കടങ്കഥകളെല്ലാം വളരെ രസമുള്ളവയാകുന്നു. പക്ഷെ സ്ഥലപരിമിതത്താൽ അവയെ എല്ലാം ഇതിൽ പ്രസിദ്ധം ചെയ്യുന്നതിനു സാധിച്ചില്ല എന്ന് വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു. ര. ര. പ.

൬. ആയിരവള്ളി സഹസ്രവള്ളി,
വെള്ളത്തിൽ താഴ്ത്തുമ്പോൾ ഒരു വള്ളി.
[തലമുടിയെ സൂചിപ്പിക്കുന്നു.]

൭. ഇത്തിരി മുറ്റത്തിത്തിരി കാഷ്ടം.
[ഇവിടെ, ഇത്തിരിമുറ്റം= നഖം; ഇത്തിരികാഷ്ടം= നഖത്തിങ്കലുള്ള അഴുക്ക്.]

൮. ഇത്തിരി അച്ഛൻ വിത്തിനുപോണു.
[ഇവിടെ, 'ഇത്തിരി അച്ഛൻ' എന്നത്, തിരുവിതാങ്കൂറിൽ വളരെ കാലമായി നടപ്പിലിരുന്നതും ഈയിട നിറുത്തപ്പെട്ടതുമായ ഒറ്റച്ചക്രനാണയത്തെ സൂചിപ്പിക്കുന്നു.]

൯. ഇരുട്ടു പുരയിൽ കുരുട്ടാന. [= പത്തായം.]

൧൦. എണ്ണക്കുപ്പിയിൽ ഞാറപ്പഴം.
[ഇവിടെ, എണ്ണക്കുപ്പി= കണ്ണിലെ വെള്ളമിഴി; ഞാറപ്പഴം= കൃഷ്ണമണി. കൃഷ്ണമണിയെ ഞാറപ്പഴത്തോടു ഉപമിച്ച ഹൃദയത്തിന്റെ രസികത അനിർവ്വചനീയമത്രേ!]

൧൧. ഒരമ്മ മുറം വീശിവീശിപ്പോകുന്നു. [=ആന.]

൧൨. കണ്ടാൽ മുണ്ടൻ കായ്ക്കുന്നതിനു വമ്പൻ [=നല്ലമുളകു.]

൧൩. കായ്ക്കും, പൂക്കും, കലകലാ നില്ക്കും,
കാക്കയ്ക്കിരിപ്പാനിടമില്ലാ. [=നെല്ല്.]

൧൪. കായ്ക്കുകയില്ലാ, പൂക്കുകയില്ലാ,
മൂട്ടിൽ ചെന്നാൽ, പെറുക്കിത്തിന്നാം. [=ഉരല്.]

൧൫. കാലിൽ പിടിച്ചാൽ തോളിൽ കേറും. [= കുട.]

൧൬. തത്തക്കും പത്തക്കും നാലേ കാല്,
താനേ നടക്കുമ്പോൾ രണ്ടേ കാല്
ചുക്കിച്ചുളുങ്ങുമ്പോൾ മൂന്നേ കാല്
ഊരിന്നു പോകുമ്പോൾ ആറേ കാല്.

[ഇത്, മനുഷ്യാവസ്ഥയെ കുറിക്കുന്നു. ശൈശവത്തിൽ, രണ്ടു കാലും രണ്ടു കയ്യുംകൂടി നാലുകാലിൽ ഇഴയുന്നു; ബാല്യയൌവന പുരുഷകാലങ്ങളിൽ സ്വതേ ഉള്ള രണ്ടു കാലിൽ നടക്കുന്നു; വാർദ്ധ

കൃത്തിൽ, ഒരു വടിയുടെ സഹായം വേണ്ടിവരുകയാൽ മൂന്നുകാലിൽ നടക്കുന്നതുപോലെയാകുന്നു. മരിച്ചാൽ പിന്നെ, പ്രേതവാഹികളായ രണ്ടാളുകളുടെ കാലുകളുംകൂടി, ആറുകാലാകുന്നു. ഇപ്പറഞ്ഞവയിൽ, ആദ്യത്തെ മൂന്നുപാദങ്ങളിലേയും അഭിപ്രായം, തത്തുല്യമായി, ഗ്രീസിലെ പ്രാചീന വിദ്വാന്മാരിൽ ഒരാൾ പുറപ്പെടുവിച്ചിട്ടുള്ളതായി ഞാൻ ഒരു പുസ്തകത്തിൽ വായിച്ചിട്ടുള്ളത് ഇപ്പോൾ ഓർക്കുന്നു.]

ഫ്ന. നാഴിപ്പാൽകൊണ്ടു നാടെല്ലാം കല്യാണം. [=നിലാവ്]

ഫര. എന്റെ കാളയ്ക്കു വയററിൽ ഒരു കൊമ്പ്
വെള്ളക്കാളയ്ക്കു പള്ളക്കൽ കൊമ്പ് } =കിണ്ടി.

കെ. രാമകൃഷ്ണപിള്ള.
(മലയാളിപത്രാധിപർ)

ദേവിസ്തവം

അമരവന്ദിതപാദയുഗംഭവ
ശ്രമമകന്നിടുവാൻപണിയുന്നുഞാൻ;
ഹിമകരാദ്ധ്യരാദ്ധ്യശരീരമാം
കമലകോമലകോരകസൽക്കുചേ.

ക്ഷിതിധരപ്രവരപ്രജയായനിൻ
പദസുദാസനതായ്മരുവീടുകിൽ;
തദനു ദേവവരപ്രപദം ലഭി
പ്പതിനുമേതിനുമേവനുമഹ്നാം

നരനുകമ്മജമാകിയജന്മവും
മരണവുംമഹിയിങ്കൽനിരന്തരം;
നിരുപമേ! നിഖിലേശപരി! ഗൌരി! ഹാ
വരുവതോരുവതോബഹുസങ്കടം

നിഖിലമദ്രികുമാരി! ഭവൽസ്പൃഹാ
ശകലശക്തിവശാല്പദിതംശിവേ!
അഖിലലോകസവിത്രി! കനിഞ്ഞിടെ-
ന്നഘമഹോഘമഹോപൊടിയായ്പ്പരൻ

ഭവഭയപ്രസവപ്രബലാത്തിസം
ഭവമഹാവിവശത്വമൊഴിഞ്ഞിടാൻ
ഭവകുഡുംബിനി! നീകൃപചെയ്കിൽമേ
ഭവനവും വനവും സുഖവാസദം

പരമനിവൃതിതൻസ്മൃതിവിട്ടു-
സുരഭവാബ്ധിയിലാണ്ടലഞ്ഞിടും;
നരനിൽനീകൃപചെയ്കിലവന്നുടൻ
വിരതിയും രതിയും രസദായികേ.

മദനമാനധനാദിയിൽനിന്നെഴും
കദനമാശുകളഞ്ഞുഭരിക്കമാം;
മദനജീവഹരപ്രിയയായചി-
ത്സദനമോദനമോഹനവിഗ്രഹേ!

തേലക്കാട്ടെ പദ്മനാഭമേനോൻ.

വിക്രമോർവ്വശീയസാരം

എന്തിപ്പോകുന്നു എഴുന്നെള്ളിയ്ക്ക് എന്ന് രാജാവിന്റെ ചോദ്യം കേട്ടിട്ട് താപസി, പെറ്റ ഉടനെ ഉർവ്വശി ഈ കുമാരനെ എന്റെ കയ്യിലേല്പിച്ചുവെന്നും ഈ കുമാരന്ന് യഥാവിധി സർവ്വക്രിയകളും വിദ്യാഭ്യാസാദിയും കഴിഞ്ഞിട്ടുണ്ടെന്നും ഇപ്പോൾ ആശ്രമവാസവിരുദ്ധമായിട്ട് അമ്പെയ്ക്ക് ഒരു പക്ഷിയെ കൊല്ലുകയാൽ ഇവനെ തിരിയെ എല്പിച്ചുകൊടുപ്പാൻ ച്യവനമഹർഷി കല്പിക്കയാൽ ഉർവ്വശി

യെ കാണ്മാനായിട്ടാണ് ഞാൻ വന്നതെന്നും മറ്റും പറഞ്ഞു വെ
ന്ന കഥയെ 'ഭഗവതി' എന്ന മുതൽ 'വിചാരിക്കുന്നു' എന്നുവരേ
യുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. ഉർവ്വശിയെ കൂട്ടിക്കൊണ്ടുവരുവാൻ
കഞ്ചുകിയെ പറഞ്ഞയച്ചിട്ട് രാജാവ് പുത്രാലിംഗനാദിസുഖത്തെ
അനുഭവിക്കുന്നു എന്ന കഥയെ 'ലാതവ്യ' എന്ന മുതൽ 'വരട്ടെ'
എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. പിന്നെ ഉർവ്വശി വന്നി
ട്ട് തന്റെ പുത്രനെക്കണ്ടു മനസ്സിലാക്കി സന്തോഷിക്കുകയും അവ
രെല്ലാവരും തമ്മിൽ ഉപചാരങ്ങൾ ചെയ്ത് യഥോചിതമിരിക്കുക
യും ചെയ്യുവെന്ന കഥയെ 'നോക്കിട്ട്' എന്ന മുതൽ 'ഇരിക്കുന്നു'
എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. വിദ്യാഭ്യാസാദി വിവ
രങ്ങളെല്ലാം പറഞ്ഞ ആ കുമാരനെ പിന്നെ താപസി ഉർവ്വശിയെ
ഏല്പിച്ചു കൊടുക്കുകയും എല്ലാവരോടും ഉചിതമ്പോലെ യാത്ര
പറഞ്ഞ് സമ്മതിപ്പിച്ചു പോകയും ചെയ്യു എന്ന കഥയെ 'വിദ്യാ
ഭ്യാസ'മെന്ന മുതൽ 'പോയി' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറ
യുന്നു. പിന്നെ രാജാവ് ഇപ്പോൾ ഞാൻ അങ്ങയുടെ പുത്രനായ
ആയുസ്സിനെക്കണ്ട സന്തോഷത്താൽ ദേവേന്ദ്രൻ ഇന്ദ്രാണിപുത്രനാ
യ ജയന്തനെക്കൊണ്ടെന്നപോലെ സർവ്വപുത്രവാന്മാരിൽ വെച്ച് മാ
ന്യനായിത്തീർന്നിരിക്കുന്നുവെന്നു പറയുന്നു എന്ന കഥയെ 'സുന്ദരി'
എന്നുമുതൽ 'കേണക്കിനെ' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ട് പറയു
ന്നു. ഉർവ്വശി പുത്രദർശനസുഖാധിക്യത്താൽ മറന്നതും ഇന്ദ്രശബ്ദംകേ
ട്ടപ്പോൾ ഓർത്തതും ആയ 'എന്നാണെന്റെ വിജയസഹായിയായി
രിക്കുന്ന മഹാരാജാവ് നിങ്കൽനിന്നുണ്ടാകുന്ന പുത്രന്റെ മുഖം കാ
ണുന്നത് അന്നു നീ തിരിച്ച് എന്റെ അടുക്കൽ വരണം' എന്ന മ
ഹേന്ദ്രന്റെ കല്പനകൊണ്ടു വളരെ വിഷാദിച്ചുവെന്നും ആ വിഷാദ
കാരണത്തെ ചോദിക്കുന്ന രാജാവിനോട് സത്യമെല്ലാം പറഞ്ഞു
വെന്നുമുള്ള കഥയെ 'വിചാരിച്ച' എന്ന മുതൽ 'ഇരിപ്പുള്ള' എന്നു
വരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. അപ്പോൾ എല്ലാവരും വി
ഷാദിക്കുകയും വിശേഷിച്ച് രാജാവ് യാതൊരു എന്റെ വിഷാദദുഃ
ഖത്തെ ഇല്ലായ്മ ചെയ്യാനായിട്ടാണൊ ഉർവ്വശി, ജനിച്ചപ്പോൾതന്നെ

പുത്രനെ ശ്രദ്ധമായി വിദ്യാഭ്യാസംചെയ്ക വിരോധം കൂടാതെ ച്യവനാശ്രമത്തിൽ താപസിയെ എല്പിക്കുകയെന്ന പുരുഷപ്രയത്നത്തെ നിഷ്ഫലയോടുകൂടി ചെയ്തത് ആ വിരഹദുഃഖംതന്നെ ഇപ്പോൾ ദൈവഗത്യാ വന്നു ഭവിച്ചുവല്ലൊ കഷ്ടം! കഷ്ടം! എന്നുംമറവും വിചാരിച്ചു വ്യസനിക്കുകയും പിന്നെ കുമാരനെ രാജ്യഭാരമേല്പിച്ച് അഭിഷേകംചെയ്ത അപ്പോൾതന്നെ കാട്ടിൽപോയി തപസ്സുചെയ്വാനുറക്കുകയും അഭിഷേകത്തിനു വട്ടംകൂട്ടുവാൻ മന്ത്രിമാരുടെ അടുക്കലേക്ക് കഞ്ചുകിയെ കല്പിച്ചയക്കുകയും ചെയ്ത എന്ന കഥയെ 'എല്ലാവരും' എന്നമുതൽ 'പോയി' എന്നവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. (ഈ ഗ്രന്ഥത്തിൽ ഞാൻ പലടിക്കുകളിലും ഉപയോഗിച്ച 'ദൈവഗത്യാ' എന്ന ശബ്ദത്തിലുള്ള 'ദൈവ' ശബ്ദത്തിന്റെ അർത്ഥമാകട്ടെ പൂർവ്വജന്മശുഭാശുഭകർമ്മങ്ങൾകൊണ്ടുണ്ടാവുന്നതും ഇജ്ജന്മത്തിൽ തക്കതായ പുരുഷപ്രയത്നമൊന്നും കൂടാതെ വിചിത്രങ്ങളായ സുഖദുഃഖങ്ങളെ ഉണ്ടാക്കുന്നതും അനുഭവകാര്യവും സ്മൃതികാരണവുമായ സംസ്കാരം പോലെ ആത്മാവിങ്കൽ ഇരിക്കുന്നതുമായ ഒരു വസ്തു വിശേഷമെന്നാകുന്നു. ഇതിനു ഭാഗ്യം, ദുർഭാഗ്യം, വിധി, ദുർവ്വിധി, ദൈവം, ദുർദ്ദൈവം, ഈശ്വരാനുഗ്രഹം, ഈശ്വരകോപം, അദൃഷ്ടം ഇത്യാദി പലനാമങ്ങളും ലോകത്തിൽ നടപ്പുണ്ട്. ഒരിക്കലും നമ്മൾക്കു ചക്ഷുരാദി ഇന്ദ്രിയങ്ങൾകൊണ്ട് പ്രത്യക്ഷമായി അറിവാൻ കഴിയാത്തതായ ഈ ഭാഗ്യമെന്ന വസ്തുവുണ്ടെന്നുള്ളതിനു പ്രമാണം ഫലോദ്ദേശത്തോടുകൂടിയ പുരുഷപ്രയത്നമൊന്നും കൂടാതെ ജനങ്ങൾക്കു പലമാതിരി വന്നുകൂടുന്നതായി കാണുന്ന സുഖദുഃഖങ്ങൾ മൂലം അനുമാനവും ശ്രുതിയും ശ്രുതിയുടെ അർത്ഥത്തെ പ്രകാശിപ്പിച്ചുകൊണ്ടു പൂർവ്വന്മാർ പറഞ്ഞിട്ടുള്ള വാക്കുകളുമാകുന്നു. (ദൈവത്തെപ്പറ്റി ഭർത്തൃഹരി നീതിശതകത്തിൽ 'ഭഗ്നാശസ്യ' എന്നമുതൽ 'ഭീമം വനം' എന്നവരേയുള്ള പതിനെട്ടു ശ്ലോകങ്ങൾകൊണ്ടു വിസ്തരിച്ചിട്ടുണ്ട്).

ഇനി പ്രകൃതനാടകത്തിലെ കഥയാവട്ടെ ത്രൈലോക്യത്തിൽ നടക്കുന്ന എല്ലാ കഥകളേയും സ്വർഗ്ഗത്തിലിരുന്നുകൊണ്ടുതന്നെ അ

റിവാൻ ദിവ്യ പ്രഭാവശക്തിയുള്ള ദേവേന്ദ്രൻ ഏററവും അടുത്തുവ രുവാൻ പോകുന്ന അതിഭയങ്കരമായ ദേവാസുരയുദ്ധത്തിൽ പുരൂര വസ്സു മഹാരാജാവിന്റെ സഹായമില്ലെങ്കിൽ ദേവകൾക്കു ജയം വ രില്ലെന്നുള്ള നിശ്ചയത്തെക്കൊണ്ട് ഈ രാജാവിന്റെ വ്യാപാരങ്ങളെത്ത ന്നെ ഉള്ളാലെ അനേഷിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ ഉർവ്വശീവി രഹം നിമിത്തം രാജാവ് ആയുധംവച്ച് കാട്ടിലേക്കു തപസ്സിനു പോവാൻ നിശ്ചയിച്ച കഥയെ ഉടനെ അറിഞ്ഞ് രാജാവ് അ പ്പോൾ ആയുധംവയ്ക്കാതിരിപ്പാൻ വേണ്ടി ഉർവ്വശിയെ രാജാവിന്റെ കാലംവരെ അടുക്കൽതന്നെ താമസിപ്പിപ്പാനും ആയുസ്സിന്റെ യൌവ്വരാജ്യാഭിഷേകത്തിനുള്ള സംഭാരങ്ങളെല്ലാം സജ്ജീകരിച്ചി നു കൊടുത്തയച്ച നടത്തിപ്പാനും ശ്രീനാരദമഹർഷിയെ അയച്ച് അപ്രകാരം നടത്തിച്ചുവെന്ന കഥയെ 'എല്ലാവരുമെന്ന മുതൽ 'എങ്ങിനെ അയോഗ്യനായിട്ട ഭവിക്കും' എന്നുവരേയുള്ള ഗ്രന്ഥ ങ്കൊണ്ട് പറയുന്നു. താൻ ജീവിച്ചിരിക്കുന്ന കാലം മുഴുവനും ഇനി ഉർവ്വശീ വിരഹകാരണം വല്ലതായിട്ടൊന്നുമില്ലെന്ന് നിശ്ചയം വന്ന തിന്റെ ശേഷം ഇനിയും ദേവേന്ദ്രനങ്ങയ്ക്കു ചെയ്യേണ്ടതെന്താണെ ന്നു ശ്രീനാരദമഹർഷി ചോദിച്ചപ്പോൾ രാജാവിന്ന് അനുരാഗാസ്പദ മായ ഉർവ്വശിയ്ക്കും ബഹുമാനാസ്പദമായ ദേവിയ്ക്കും തമ്മിൽ ചിരസ ഹവാസംകൊണ്ട് സാവത്ന്യകലഹം ഉണ്ടാകുമോ എന്ന ശങ്കമാത്ര മേ സംഭവിപ്പാൻ ന്യായമുള്ളു. അതു സ്പഷ്ടമായി പറയുന്നത് യോ ഗ്യമല്ലതാനും. ആ സ്ഥിതിക്ക് ഈ കഥ സൂചിക്കത്തക്കവണ്ണം ഒ ന്നു പ്രാർത്ഥിക്കേണമെന്നു നിശ്ചയിച്ച് തന്റെ രാജ്യപരിപാലന ത്തിന്റേയും മറും പ്രധാനാംഗമായ ഉർവ്വശി ദേവിമാരുടെ സാദ്ധ്യമുള്ള ശ്രീഭഗവതി സരസ്വതി ദേവിമാരുടെ അവിരോധമെന്ന കാര്യത്തെ ഭരതവാക്യമായി പ്രാർത്ഥിച്ചുകൊണ്ട് എല്ലാവരും പോ യി എന്ന കഥയെ 'ഇനിയും' എന്നു മുതൽ 'പോയി' എന്നവരെ യുള്ള ഗ്രന്ഥംകൊണ്ടു പറഞ്ഞ് ഈ നാടകം അവസാനിപ്പിക്കുന്നു.

പുരൂരവസ്സു മഹാരാജാവ് ഉർവ്വശിയോടുകൂടി തന്റെ ജീവിത കാലംവരെ സുഖമായി ക്രീഡിച്ചുവെന്നാകുന്നു ഈ നാടകത്തിൽ

വന്നുകൂടിയ കഥ. ഈ ക്രീഡയ്ക്ക് അഞ്ചു വിഘ്നങ്ങളാകുന്നു ഉണ്ടായിരുന്നത്. അതിൽ ഉർവ്വശീദർശനാഭാവമെന്ന ഒന്നാമത്തെ വിഘ്നത്തെ രാജാവ് തന്റെ ഭുമിയിലെന്നപോലെ ആകാശത്തും ഗമിപ്പാനുള്ള ശക്തിയെന്ന ഗുണംകൊണ്ടും ഉർവ്വശി സ്വാമിയായ ദേവേന്ദ്രനെന്ന രണ്ടാമത്തേതും അഞ്ചാമത്തേതും വിഘ്നങ്ങളെ ദേവകൾക്കുകൂടി ജയിക്കാൻ വയ്യാത്ത അസുരന്മാരേയും ജയിക്കുന്നതുകൊണ്ട് തന്നിൽ സ്പഷ്ടമായ രൗദ്രരസപ്രധാനഗുണംകൊണ്ടും അതിൽ താൻതന്നെ എല്ലായ്പോഴും ദേവകർമ്മം ഉള്ളാലെതന്നെ കുറിച്ച് അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നുവെന്ന ഗുണംകൊണ്ടും, തന്നിൽ അതി ഭക്തിയുള്ള ദേവിയായ മൂന്നാമത്തെ വിഘ്നം ഭക്താധീനത്വമെന്ന ഗുണംകൊണ്ടും, സുബ്രഹ്മണ്യഭഗവാന്റെ നിയമത്താൽ ഉർവ്വശി ലതയായിത്തീർന്നുവെന്ന നാലാമത്തെ വിഘ്നത്തെ തനിക്കു സംഗമനീയമണി കിട്ടിയതുകൊണ്ട് ഊഹിക്കാവുന്ന രൗദ്രരസാനുഗ്രഹമെന്ന ഗുണംകൊണ്ടും രാജാവു ജയിച്ചു എന്നതിനെയാണല്ലൊ വിസ്തരിച്ചു പറഞ്ഞിട്ടുള്ളത്. രാജാവിന്റെ ഈ ഗുണങ്ങളെ അല്പമായിട്ട് 'ലോകവ്യാപി' എന്ന നാന്ദിശ്ലോകത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. സംസ്കൃതമൂലത്തിലെ 'രോദ' ശബ്ദത്തിന്റെ തജ്ജന്മമായ 'ലോക' ശബ്ദത്തിന്ന് ഭൂമിയും ആകാശവുമെന്നാകുന്നു. ഇവിടെ താല്പര്യാർത്ഥം. കേശി എന്ന അസുരനെ ജയിക്കുവാനും ഇന്ദ്രനെ സ്വാധീനമാക്കുവാനും രാജാവിന്നുള്ള മുഖ്യഗുണം വിക്രമമാകകൊണ്ട് വിക്രമോർവ്വശികളെ അധികരിച്ചുണ്ടാക്കിയ ഗ്രന്ഥം 'വിക്രമോർവ്വശീയം' എന്ന് ഈ നാടകത്തിന്നു കഥയെ അനുസരിച്ചൊരു പേരും 'ശിശുക്രന്ദ' എന്ന സൂത്രംകൊണ്ട് ദ്വന്ദ്വത്തിങ്കൽനിന്ന ചപ്രത്യയവും, 'ആയനേയി' എന്ന സൂത്രംകൊണ്ട് ഈയാദേശവും വന്നപ്പോൾ 'വിക്രമോർവ്വശീയം' എന്ന രൂപം സിദ്ധിച്ചു. അതി വിസ്താരമുള്ളായ്കയാൽ കഥാസാരവർണ്ണനഭാഗത്തെ അവസാനിപ്പിച്ചിട്ട് ഇനി നായകാദിഗുണദോഷനിരൂപണ ഭാഗത്തെ ആരാഭിക്കുന്നു.

ഗ്രന്ഥമെഴുന്നാതമരൻസുഹൃന്നിബ്ബന്ധംനിമിത്തമുമശക്തിയില്ല
ഗ്രന്ഥമെടുപ്പാൻപലതോഴുകൂടുന്നന്ധതമൂലമുമശക്തിയില്ല

എന്തേതുമാതിരിയിലോതുകിലാകെലോകാ
സന്തുഷ്ടമായ്ത്തെളിയുമെന്നറിയാതെകഷ്ടാ
ഗ്രന്ഥത്തെഞാനൊഴുതിടുന്നുകനിഞ്ഞിതെല്ലാം
ചന്തത്തിലാക്കുകുലദൈവതമേ! കുരുംബേ!

കൊട്ടങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ.

കോമപ്പൻ

൧൯. എന്നോതിവാളുടനെവാങ്ങിയവൻമരയ്ക്കാർ
തന്നോടിറങ്ങിടുകൊരുങ്ങിടുകെന്നുചൊല്ലി
തന്നോടുകൂടെവരുവോരെവിലക്കി,നേരത്തു
വന്നോരുമാപ്പിളകൾമൂപ്പനൊടാത്തരത്തു

൨൦. പാരിൽപ്പുകൾപ്പൊലിമപൊങ്ങിയമാപ്പിളയ്ക്കു
പോരില്പെടുന്നൊരുമിടുക്കുമുറയ്ക്കുകാണ്മാൻ
നേരിട്ടിടുന്നകൊതിയാലൊരുതെല്ലുനേരം
നേരിട്ടുനിന്നുകളിയായമർചെയ്കുകോമൻ

൨൧. ഊക്കൊട്ടൊടുക്കിയമർചെയ്കുളവാമരയ്ക്കാ
ക്കുടുക്കൊണ്ടുതള്ളലൊരുതെല്ലുകണ്ടനേരം
ചൊല്ലൊണ്ടകോമനുടെകണ്ണിണയോടുകൂടെ
യക്കൊണ്ടൽനേർനിറമെഴുന്നൊരുവാൾചുവന്നു

൨൨. കണ്ണില്ലുവിഞ്ഞിടമടുപ്പമെഴുന്നുകോമ
നുണ്ണിയ്ക്കെഴുംചൊടിയിലിന്നതുപോലെയായാൽ
എന്നില്ലുളിയ്കുമിവനുള്ളിനിയെന്നുചോര
തന്നില്ലുളിപ്പതിനുവാളുടനേതുടങ്ങീ

ഛംസ. ഈമട്ടിലായൊരരനാഴികയാമരയ്ക്കാർ
കോമൻെറവാൾകൂടുചോരകൊട്ടുത്തുപിന്നെ
കാർമങ്ങിടാകുഴലിയായെഴുമുണ്ണികാണ്കെ
ക്കേമമേമറവുതലയറവുനിലത്തുവീണ

ഛംര. മോടിയ്ക്കുചേരുമുടലിന്നുകുറച്ചകോറൽ
കൂടിക്കരുത്തുടയകോമനുപറ്റിയില്ല
പേടിച്ചുമാപ്പുളകളോടുകിലുംവെളിച്ച
പ്പാടിൻചതിത്തലയറുത്തിതുപോയപോക്കിൽ

ഛംഋ. പറ്റീലിനിയ്ക്കൊരുപരിക്കുപയറ്റിലൊന്നും
തെറ്റീലചോരയിതുകാണുവതെൻെറയല്ല
തോറ്റീടുകില്ലിവനൊരയ്മ്പതുപേർമരയ്ക്കാ
രേറ്റീടിലെന്നടവിലുണ്ണിയെനോക്കികോമൻ

ഛംന്യ. ഇന്നിപ്പറപ്പെട്ടുകയെന്നുപറഞ്ഞുവാള
തന്നില്പൊരുക്കുമൊരുചോരതുടച്ചുകൊണ്ട്
നിന്നീടുമപ്പൊഴതിലാത്തുവിളിച്ചുകൂക്കി
വന്നീടുമാളുകളെയപ്പടയാളികണ്ടു

ഛംട. വാളേ!തെളിഞ്ഞിടുകനിമ്പണിതീർന്നതില്ല
നാളേയ്ക്കുനീട്ടിടുകനിൻെറയുറക്കമെല്ലാം
ആളേറെയുണ്ടിതപടയ്ക്കുവരുന്നുതേഞ്ചൊ
ല്ലാളേ!നിനക്കിനിയുമിന്നൊരുകാഴ്ചകാണാം

ഛംവ്യ. എന്നോതിയാളുകളെവേണ്ടപടിയ്ക്കുനിത്തി
മുന്നോട്ടുതെല്ലിടനടന്നുകുലുക്കമെന്യെ
നിന്നോരുകോമനുടനേക്കുകലത്തുനിന്നു
വന്നോരുകൂട്ടരുമടുത്തിതുകൂസിടാതെ

ഛംൻ. വന്നൊട്ടടുത്തളവിലാങ്ങളമാരിതെന്നു
കുന്നൊത്തിടുന്നമുലയാളവഠംകണ്ടറിഞ്ഞു
വന്നോരുമാലൊടവളപ്പൊഴതൊട്ടടുത്തു
ചെന്നോതിനാളലിവൊടായവരോടിവണ്ണം

൧൧൦. പോരുംപിണക്കമിതിനിക്കുളവായചീത്ത
പ്പേരുംപെരുക്കുമൊരുപേടിയുമൊക്കനീക്കി
ചേരുന്നകോമനൊടുപോരിനുപോവതൊട്ടും
ചേരുന്നതല്ലവനിലുള്ളുതെളിഞ്ഞിടേണം

൧൧൧. എന്നുംപറഞ്ഞവൾകിഴിഞ്ഞവിടെക്കഴിഞ്ഞ
തൊന്നുംവിടാതെവഴിപോലറിയിച്ചുപിന്നെ
കൊന്നുള്ളമാപ്പുള്ളയെനോക്കുകയെന്നുമോതി
ത്തന്നുള്ളിലൊട്ടിടയിളക്കമിയന്നുനിന്നു

൧൧൨. തങ്ങൾക്കുപറ്റിയൊരുതെറ്റതിനാലെഴുംമാൽ
പെങ്ങൾക്കുമാറ്റിയൊരുകോമനെനോക്കിയപ്പോൾ
ഞെങ്ങൾക്കുനന്മയിതുചെയ്യുതിനെത്തുകോമ!
നിങ്ങൾക്കുചെയ്യതിനി'യെന്നവരൊക്കയോതി

൧൧൩. പേണ്ടേപെടുന്നൊരുപിണക്കമിതൊക്കനീക്കി
ക്കൊണ്ടേറിടുംതെളിവിയന്നിനിനമ്മൾതമ്മിൽ
രണ്ടെന്നുതന്നെകരുതാത്തൊരുമട്ടുപ്പ
മുണ്ടെന്നുതാൻവരണം'എന്നുപറഞ്ഞുകോമൻ

൧൧൪. ഇപ്പെണ്ണിലേറെവഷളത്തമണച്ചുവെന്നോ-
ത്തിപ്പെട്ടമാപ്പുളയിലേറിയൊരീറയോടെ
ഇപ്പാടിവൻറെതറവാട്ടടനേകുളംകോ-
രിപ്പാനൊരുങ്ങലൊടിറങ്ങിയതാണ് ഞങ്ങൾ

൧൧൫. ഇങ്ങായവാവലുതായിടുമൊച്ചകേട്ടി-
തെങ്ങാരുചേയ്യുതകരാറതറിഞ്ഞുകൊൾവാൻ
മങ്ങാതെയീവഴിതിരിഞ്ഞുതിരഞ്ഞുവന്നോൻ
ചങ്ങാതിചെയ്യുണകൊണ്ടുതെളിഞ്ഞുഞങ്ങൾ

൧൧൬. തീച്ചയ്യിതൊന്നുപറയാംപുതുതായിടുന്നീ
വേഴ്ചയ്ക്കുമേലിലയവേതുമണഞ്ഞിടായ്വാൻ
ചാച്ചുക്കുഞങ്ങളുടെപെങ്ങളെയേൾക്കുകെ'ന്നായ്
ചേച്ചയ്യുമൊത്തപടിമുത്തകുറപ്പുചൊന്നാൻ

൧൫൬. ഇപ്പോർപുകഴ്ന്നതറവാടികളന്നുതൊട്ട
കെല്പേറിടംപടിയിണങ്ങിയമട്ടിലായീ
ഉൾപ്പിച്ചുതീത്തിതൊരുമാതിരിനല്ലഭാഷ-
യ്ക്കൊപ്പിച്ചുവേളിയിരുകൂവമിണങ്ങിനാട്ടിൽ

൧൫൭. ചൊല്ലാന്നനല്ലമലയാളമതിങ്കലെന്തെ
ന്നില്ലാതകൂറൊടവിടത്തെവിടാത്തമട്ടിൽ
നല്ലാരണിഞ്ഞൊരുനിനക്കറിവാനിതോതി
യല്ലാതെമറ്റിതിനുനന്മചുരുങ്ങുമല്ലോ

൧൫൮. കാളുന്നിതുൾത്തെളിവുതേന്മൊഴിയിത്രനാളേ-
ക്കാളുന്നിനക്കുമിഴിതെല്ലുമടച്ചിടാതെ
മൂളുന്നിതിന്നിനിയുമിങ്ങിനെയാകിലെല്ലാ
നാളുന്നിനക്കുതെളിവാൻവഴിനോക്കിടാഞ്ഞാൻ

൧൫൯. നെന്മേനിവാകമലർമേനിവെടിഞ്ഞുവാഴ്ക
നന്മേനികണ്ടുമലർവില്ലനെവെന്നവമ്പൻ
തന്മേനിനേർപകുതിതന്നൊഴുമൂരകത്തു
ള്ളമ്മേ! നിനക്കുടയകാലിണകൈതൊഴുന്നേൻ

സമാപ്തം.

കുണ്ടൂർ നാരായണമേനോൻ, ബി. എ.

കേരളക്ഷിതിരത്നമാല.

ക്ഷത്രിയാണാഞ്ചശൂദ്രാണാംശസ്ത്രാചാര്യത്വമുത്തമം
വധംവിനാദ്വിജാനാഞ്ചതദുത്തമമിതിസ്മൃതം. ൧൮൫

ക്ഷത്രിയന്മാക്കും ശൂദ്രന്മാക്കും ആയുധാഭ്യാസം ചെയ്തിക്കുന്നത് ഉത്തമമാകുന്നു. അന്യനെ സംഹാരം ചെയ്യാതെകണ്ടുള്ള ശസ്ത്രാചാര്യത്വം ബ്രാഹ്മണക്കും ഉത്തമംതന്നെ.

മദ്ധ്യംമദ്ധ്യമവർണ്ണാനാംനീചാനാമധമംസ്മൃതം
സമ്പൂർണ്ണപൂർണ്ണമധമംക്രമാത്തേഷുഹിഗൌരവം ൧൮൬

മദ്ധ്യമവർണ്ണങ്ങൾക്കു മേല്പറഞ്ഞ ശസ്ത്രാചാര്യത്വം മദ്ധ്യമവും നീചന്മാക്ക് അധമവും ആകുന്നു. എന്നാൽ ഈ ശസ്ത്രാചാര്യന്മാരികൽ ജനങ്ങൾക്കു ഗൌരവം ക്രമമായി സംപൂർണ്ണം, പൂർണ്ണം, അധമം ഇങ്ങിനെ മൂന്നുവിധമാകുന്നു.

ഉത്തമഞ്ചോത്തമന്നിന്ദ്യംതേഭ്യശ്ശസ്ത്രപരിഗ്രഹം
കേചിന്നിന്ദ്യഞ്ചകുർവന്തിമത്ത്യാശ്ശസ്ത്രപരിഗ്രഹം ൧൮൭

ഈ ശസ്ത്രപരിഗ്രഹം ചിലരിങ്കൽനിന്നു ഉത്തമോത്തമവും ചിലരിങ്കൽനിന്ന് നിന്ദ്യവും ആകുന്നു. എന്നാൽ ചിലർ ആ നിന്ദ്യമായ ശസ്ത്രപരിഗ്രഹത്തേയും ചെയ്യുന്നു.

അനേകനിയമോപേതംനാനാമുഖ്യജനാവൃതം
ശൂദ്രമണ്ഡലസംക്രാന്തംകേരളംവിപ്രപാലിതം ൧൮൮

ബ്രാഹ്മണരാൽ രക്ഷിക്കപ്പെട്ട കേരളദേശം അനേകവിധമായ നിയമങ്ങൾ (ആചാരങ്ങൾ)ളോടുകൂടിയതും പല മുഖ്യജനങ്ങൾ ഉള്ളതും ശൂദ്രസമൂഹത്താൽ നിറഞ്ഞതും ആകുന്നു.

ഏവംബഹുവിധമാഹാ
ത്മ്യമ്യുക്തനാമപിലിഖ്യതേ
കരണഗണേപ്രഥമകൃതം
ലിഖിതുമ്യേനനഗുണഗൌരവാദികംനസ്യാൽ ൧൮൯

ഇങ്ങിനെ പലമാതിരി മാഹാത്മ്യത്തോടുകൂടിയവരുടേയും നാ
മകരണത്തിങ്കലെ പേര് കരണഗണത്തിങ്കൽ എഴുതപ്പെട്ടുന്നു. പ്ര
ഥമകൃതമായ നാമത്തെ എഴുതുന്നതുകൊണ്ട് അവന്റെ ഗൌരവ
ങ്ങാൽ വരുന്നില്ലെന്നില്ലാ.

സകലേയംപ്രാഗാസീൽപുരുഷഹരിസ്സമസുഗുണശാലീ
ലോകേഷുസുവിഖ്യാതഃപൂവ്വംകേചില്ലിഖന്തിതസ്യാഖ്യാം ൧൨൯

ചിലർ തന്റെ വംശത്തിങ്കൽ സകലഗുണപരിപൂർണ്ണനായി
ലോകപ്രസിദ്ധനായിരിക്കുന്ന പുരുഷശ്രേഷ്ഠന്റെ നാമധേയത്തെ
മുമ്പിൽ എഴുതുന്നു.

കരണേഷുപരേമത്സ്യസ്സ്വദേശഗേഹവംശസംയുക്തം
വിലിഖന്തിനാമയുഗളംസ്ഥിരതപംസതോപിതത്തേഷാം ൧൩൦

മറ്റും ചിലർ ആധാരങ്ങളിൽ തന്റെ ദേശം ഗൃഹം വംശം
ഇതോടുകൂടി രണ്ടുപേരുകളും എഴുതുന്നു. അതു നിലനിന്നും വരുന്നു.

യദ്യൽപൂവ്വാചരിതംതത്തദേവതദ്വാശേഷമാചരിതം
സംപ്രോക്തംപുരാതനൈന്ന്യായശാസ്ത്രനിഷ്ണാതൈഃ ൧൩൧

യാതൊന്നു യാതൊരു വംശത്തിങ്കൽ പൂവ്വികന്മാരാൽ
അനുഷ്ഠിക്കപ്പെട്ടിരിക്കുന്നുവൊ അതാതുതന്നെ ആ വംശത്തി
ങ്കൽ ആചാരം എന്ന പ്രാചീനന്മാരായ ന്യായശാസ്ത്രജ്ഞന്മാരാൽ
പറയപ്പെട്ടിരിക്കുന്നു.

രാഷ്ട്രന്തുദേശഃശ്രോത്രംഗൃഹഞ്ചനാമലേഖനാൽ
പൂവ്വംകരണേഷുവിലിഖ്യന്തേഗേഹംദ്വിത്ര്യാദികംയദ്വാ ൧൩൨

ആധാരത്തിൽ നാമം എഴുതുന്നതിന്റെ മുമ്പിൽ രാജ്യം ദേ
ശം ശ്രോത്രം, ഗൃഹം ഇവ എഴുതപ്പെടുന്നു. അല്ലെങ്കിൽ രണ്ടോ മൂ
ന്നോ [illegible] ആധാരങ്ങളിൽ എഴുതപ്പെടുന്നു

ഭൂമിപരിവാഷ്ട്രന്തുദേശംവൈപുല്യാഖണ്ഡപട്ടിസംഖ്യാച
കരണേഷുവിലിഖ്യന്തേചതുർഭിഗന്ധാംബുകുദ്ഭൂമ്യാഖ്യാഃ ൧൩൩

ഭൂമിയുടേയും രാജ്യവും ദേശവും വിസ്താരവും കണ്ടങ്ങളുടെ എ
ണ്ണവും ആ ഭൂമിയുടെ നാലുഭാഗത്തിങ്കലും ഉള്ള തോട് മുതലായതി

നേറയും മലയുടേയും ഭൂമിയുടേയും പേരുകളും ആധാരങ്ങളിൽ എഴുതപ്പെടുന്നു.

കഷ്കഭൂമിപഭൂമീനാംലിഖിതുരഥാപിരാഷ്ട്രഭേദശ്രുന്യതപാൽ
രാഷ്ട്രവിഭാഗവിഹീനംകരണഗണഞ്ചാപിസജ്ജനൈന്ഗ്രാഹ്യം ()

കൃഷിക്കാരൻ ഭൂമിയുടെ അധിപതി എഴുത്തുകാരൻ ഇവക്കു ദേശഭേദമില്ലെങ്കിലും കൂടി ആധാരത്തിങ്കൽ ദേശവിഭാഗമില്ലെങ്കിൽ ആധാരങ്ങൾ സജ്ജനങ്ങളാൽ ഗ്രാഹ്യമല്ലാ.

ക്ഷിതിതലദേശവിഹിനംകരണന്നവംവിശിഷ്ടസാക്ഷിയുതം
സമ്മതമപിഭൂമിപതേസ്സംശയഹീനംമഹാജനൈസ്ത്യാജ്യം ()

രാജ്യദേശവിഭാഗമില്ലാത്ത ആധാരം പുതിയതും നല്ല സാക്ഷികളോടുകൂടിയതും ഭൂമിയുടെ അധിപതിക്കു സംശയമില്ലാത്തതും സമ്മതവും ആണെങ്കിലും മഹാജനങ്ങളാൽ ഉപേക്ഷിക്കപ്പെടേണ്ടതാകുന്നു.

താമ്രവിനിർമ്മിതപത്രേവേണാവപി
ലേഖ്യമേകഭാഗേസ്യാൽ
തൽഭാഗതതിർദ്വിധാവിഭജ്യതേ
ലേഖ്യകോവിദൈഃപുരുഷൈഃ ഫ്നം

ചെമ്പപലകയിലൊ അല്ലെങ്കിൽ മുളയിലൊ ഒരു ഭാഗത്തിൽ എഴുതേണം. എഴുത്തിൽ സമർത്ഥന്മാരായ പുരുഷന്മാരാൽ ആ ഭാഗത്തിന്റെ വിസ്താരം രണ്ടായി വിഭാഗിക്കപ്പെടുന്നു.

അധസ്ഥാദ്ധോലിഖേൽപൂർവ്വംഊർദ്ധ്വാദ്ധോതുതതഃപരം
വർണ്ണാവാമാദയസ്സർവ്വേലിഖ്യന്തേദക്ഷിണാന്തിമാഃ ഫ്നഫ

ആ രണ്ടു ഭാഗങ്ങളിൽ ചുവട്ടു ഭാഗത്തിൽ മുമ്പിൽ എഴുതേണം. മുകൾ ഭാഗത്തിൽ പിന്നെ എഴുതണം. എല്ലാ അക്ഷരങ്ങളും ഇടത്തുഭാഗത്തുനിന്നു തുടങ്ങി വലത്തുഭാഗത്തിൽ കൊണ്ടുവന്ന് അവസാനിപ്പിക്കണം.

ഉർദ്ധ്വതരഭാഗാർണ്ണവപംക്തേയ്ത്രാവധിർയ്യാൽ
തത്രസമാരംഭംകുര്യാദൂർദ്ധ്വാദ്ധ്വർണ്ണപംക്തീനാം ഫ്നവ

അധോഭാഗത്തിങ്കലുള്ള വരിയുടെ അവസാനം എവിടെ വിക്കുമോ അവിടുന്ന മുകളിൽ ഭാഗത്ത് വരി ആരംഭിക്കേണം.

തത്രപ്രാരമ്ഭപംക്തീനാം ഹ്രസ്വതാമൃഷിചോദിതം
ദൈഘ്ര്യാസമാപ്തപംക്തീനാംഅത്രപംക്തിസ്സമാസ്മൃതാ ഫണം

ഉത്തരഭാഗത്തിങ്കൽ ആരംഭിച്ച വരികൾക്ക് ഹ്രസ്വതവും അവസാനിച്ച വരികൾക്ക ദീഘ്വും മുനികളാൽ പറയപ്പെട്ടിരിക്കുന്നു. ഈ വരികൾ സമമായിരിക്കണമെന്നു പറയപ്പെട്ടിരിക്കുന്നു.

ഏവംസുശോധിതംപത്രംഗ്രഹീത്വാലേഖകാൻപുനഃ
സന്തോഷ്യ വാസുഭി സുഞ്ച ഭൂമീശായ പ്രദീയതാം ഫണ൯

ഇങ്ങിനെ പരിശോധന ചെയ്യപ്പെട്ട ആധാരത്തെ എഴുത്തുകാരനിൽനിന്നു വാങ്ങി പണം കൊടുത്ത് അവനെ സന്തോഷിപ്പിച്ച് ഭൂമി ഉടമസ്ഥനായി കൊണ്ടു കൊടുക്കേണം.

ഗൃഹീത്വാസചിവഃപത്രംശ്രാവയേൽക്ഷിതിപംവചഃ
രേഖാഗതംസമാദായപശ്യേദ്രേഖാംധരാധിപഃ ഫണ൰

കാര്യസ്ഥൻ ആധാരത്തെ എടുത്ത് ആധാരത്തിൽ എഴുതിയ വാക്കിനെ ഭൂമിപതിയെ കേൾപ്പിക്കേണം. ഭൂമിപതി ആധാരത്തെ വാങ്ങി നോക്കേണം.

വൃത്താന്താനിനിശമ്യപത്രലിഖിതാന്യാത്മോചിതാന്യപ്യസൌ
നിത്യംസത്യപരായണേനഗദിതാനീഷ്ടാനിനോവിക്ഷിപേൽ
മുദ്രാംപത്രതലേസ്വകീയനയനൈരാലോകനംവജ്ജയൻ
ദേവാചാര്യമതന്ത്വിദംഹിബൃഹദ്ധാസവ്വൈജ്ജനൈരാദൃതം

ആധാരത്തിങ്കൽ എഴുതപ്പെട്ടതും സത്യവാന്മാരാൽ പറയപ്പെട്ടതും ആത്മോചിതങ്ങളായും നമുക്ക് ഇഷ്ടങ്ങളായും ഉള്ള വൃത്താന്തങ്ങളെ കേട്ടതിന്റെ ശേഷം തന്റെ നേത്രങ്ങൾകൊണ്ടു നോക്കാതെകണ്ടു ആധാരത്തിങ്കൽ മുദ്രയെ വക്കണം. ഇത് എല്ലാജനങ്ങളാലും ആദരിക്കപ്പെട്ട ദേവാചാര്യ (ബൃഹസ്പതി) മതം ആകുന്നു.

തതസ്മരൻഗണാധീശംഭക്ത്യാഹരഹരിഗ്രുത്രൻ
നിജാഞ്ചദൈവതാമുദ്രാംകൃത്വാൽപത്രവിനീതധീഃ ഫണ൱

അതിന്റെശേഷം ഗണപതിയേയും വിഷ്ണുവിനേയും ശിവനേ

യും ഗുരുനാഥന്മാരേയും ഭക്തിയോടുകൂടി സ്മരിച്ചുംകൊണ്ടു വണക്കത്തോടുകൂടി ആധാരത്തിൽ ഒപ്പിടുകയും വേണം.

ഭൂമീശായപ്രദാതവ്യാധനംസുഫലകാതലേ
ന്യസേച്ചകഷ്കോഭക്ത്യാചിന്തയൻജ്ജമദഗ്നിജം ൧൯൫

ഭൂപതിക്കായികൊണ്ടു കൊടുക്കേണ്ടിയ പണം നല്ല പലകയിങ്കൽ കൃഷിക്കാരൻ പരശുരാമനെ വിചാരിച്ച് വെക്കുകയും വേണം.

പൃഥ്വീശാഭിമുഖേനൈവപ്രദ്യാച്ചധനാദികം
മുദ്രാവലോകനംനൈവകുര്യാദിച്ഛൻശ്രിയംസുധീഃ ൧൯൬

ഭൂപതിക്ക് നേരിട്ടുതന്നെ ധനാദികളായതിനെ കൊടുക്കേണം. ശ്രീയെ ആഗ്രഹിക്കുന്ന ബുദ്ധിമാൻ മുദ്രയെ നോക്കരുത്.

സംഗൃഹ്യചധനംദദ്യാൽഭൂമീശോഹലമുത്തമം
ദ്വിതീയായാധരിത്ര്യാസ്യനാളികേരഫലാദികം ൧൯൭

ഭൂമിപതി ധനം വാങ്ങിയതിന്റെശേഷം ശ്ലാഘ്യമായ ഒരു കരിയെ കൊടുക്കേണം. രണ്ടാമത്തെ ഭൂമിയായ പറമ്പിന്ന് ഒരു നാളികേരം മുതലായതിനെ കൊടുക്കേണം.

(‘ദ്വിധാധിക്രീ’ എന്ന ആരംഭിക്കുന്ന ശ്ലോകം നോക്കുക)

വിത്താനാമിഹഗണനംഫലകായാഗമകല്പിതാമുനിഭിഃ
നഹികായ്യംതജ്ജന്യാവ
യോഗേസവ്യനിന്ദിതാന്യബാഹുശാഖായാഃ ൧൯൮

ഇവിടെ പണം എണ്ണുന്നത് പലകയിൽതന്നെ വേണമെന്ന് മുനികളാൽ കല്പിക്കപ്പെട്ടിരിക്കുന്നു. ഇടത്തേതും നിന്ദ്യവും ആയ കൈവിരലോടുകൂടി വലത്തെ കയ്യിന്റെ തർജ്ജനീ എന്ന ചൂണ്ടാണിവിരൽകൊണ്ട് എണ്ണരുത്.

സ്ഥണ്ഡിലഗണനംകുർവ്വൻധനാഢ്യഃകേളധൌതയോഃ
ഉപയ്യംച യുഗ്മേന നഷ്ടദ്രവ്യോ ഭവിഷ്യതി ൧൯൯

ഭൂമിയിൽ. പണം ഉറപ്പിക ഇവയെ എണ്ണുന്ന ധനികൻ പിന്നെ ഈ രണ്ടുകൂട്ടവും ഇല്ലാത്തവനായിതീരും.

പ്രദദ്യാൽകരണംദാതാദാതാചസ്ഥിതിതാവുഭൌ
ഭവതാന്തത്രസന്തുഷ്ടചിത്തൌനിമ്നോന്നതാവപി ഫര്ന

ആധാരം കൊടുത്തതിന്റെശേഷം കൊടുക്കുന്നവനും വാങ്ങുന്നവനും താഴ്മയും ശ്രേഷ്ഠതയും ഉള്ളവരെങ്കിലും സന്തുഷ്ടചിത്തന്മാരായി അവിടെ ഇരിക്കുകയും വേണ്ടതാകുന്നു.

അഥകഷ്കമുഖ്യോമുദ്രായാശ്ചാപിദക്ഷിണംകുര്യ്യാത്
സമാദായധരണീപതിഃസന്തുഷ്ടാത്മാതതോഭൂയാൽ ഫര്ര

എന്നതിന്റെ ശേഷം കുടിയാൻ കപ്പിന്റേയും ദക്ഷിണ കൊടുക്കണം. അതിനെ വാങ്ങി ഭൂപതി സന്തുഷ്ടാത്മാവായി ഭവിക്കുകയും വേണം.

തത്രസ്ഥാൻധരണിസുരാനന്യാന്മുഖ്യാംശ്ചപൂജയേദ്ധന്യാ
പൃഥ്വീലാഭാന്മുദിതോമത്ത്യാഭൂക്ഷ്ണ ഹ്യസൌപൃഥ്വീം ഫര്ര

അവിടെ ഇരിക്കുന്ന ബ്രാഹ്മണരേയും വേറെ ആളുകളേയും ഭൂമി കിട്ടിയതുകൊണ്ട് സന്തോഷിച്ച് സ്വർണ്ണം കൊടുത്ത സന്തോഷിപ്പിക്കേണം. ഇവൻ ഭൂമിയെ അനുഭവിക്കുകയും ചെയ്യുന്നു.

കാലേയകാലേതരുണതപമാപ്തേ
രേഖാദ്വേയഞ്ചാപിഭവിഷ്യതീഹ
കരംപ്രദാസ്യാമിഭവദ്ധരിത്ര്യാഃ
പ്രത്യബ്ദമിത്യാദിഗിരാസമേതം ഫര്ന്ന

കലികാലം മൂക്കുമ്പോൾ ഈ കായ്ങ്ങളിൽ രണ്ട് ആധാരങ്ങൾ ഉണ്ടാകും. അതു കൊല്ലന്തോറും നിങ്ങളുടെ ഭൂമിക്കു കപ്പം തന്നേക്കാമെന്നുള്ള വാചകം മുതലായതോടുകൂടിയായിരിക്കും.

പത്രഞ്ചതൽകഷ്കമുദ്രയാഢ്യം
പൃഥ്വീശവേദീതിലകംമനോജ്ഞം
യൌവന്യമാപ്തേക്ഷിതിഖണ്ഡദീഘ്ഃ
വിസ്യാരയുക്തഞ്ചതതോലിഖേത്തൽ ഫര്ഭ

കുടിയാന്റെ മുദ്രയോടുകൂടിയും ഭൂപതിയുടെ ഗൃഹാലങ്കാരമായും മനോഹരമായും ഇരിക്കുന്ന ആധാരത്തെ കലികാലം വർദ്ധിച്ചാൽ ആ ഭൂമിയുടെ ദീഘ്ഃവിസ്യാരത്തോടുകൂടിയതായി എഴുതേണം.

ഏതല്ലേഖ്യദ്വയന്നാദ്യഭൂതലെപ്രഥിതംഏവംവിധം
ലേഖ്യംകഷ്കംപുത്ഥചിശായപ്രദദ്യാദിതത്ഥം ൫൪൭

ഇപ്പോഠം ഭൂമിയിൽ പ്രസിദ്ധമല്ലാത്ത ഈ ആധാരം കൂടിയാൻ ജന്മിക്ക എഴുതിക്കൊടുക്കേണ്ടതാകുന്നു.

കലിയുഗതാരുണ്യൈകാപടുശാലിനാംപുംസാംബാഹുല്യാൽ കഷ്കംഇയംഭൂമിമ്മദിയാതപംനാസ്യ നാഥ'ഇത്യാദിവചനമസംശയംപൃത്ഥിശംവക്ഷ്യന്തി. സഭാസദസ്സംശയിനോഭവന്തി ൫൪൯

കലികാലത്തിങ്കൽ ദുഷ്ക്കർമ്മികളം അധികമാകയാൽ ഈ ഭൂമി എന്റേതാണെന്നും നീ ഇതിന്റെ നാഥനല്ലെന്നും സംശയം കൂടാതെ പറയുമ്പോൾ ന്യായാധിപതികൾക്കു സംശയം വന്നുകൂടും.

തത്ര സംശയപരിഹാരാർത്ഥം നിജഭൂമേന്നാമധേയകരകഷ്ക ധനതൽഭോഗതൽഭോഗപരിശിഷ്ടാത്മലഭ്യകരാദി സംഖ്യാസഹിതംലേഖ്യം കഷ്കമുദ്രിതമാദായ ക്ഷേത്രാധിപേന നിജവേദിതലേ രക്ഷണീയംഭവിഷ്യതി ൫൫൦

ആ വിഷയത്തിങ്കൽ സംശയനിവൃത്തിക്കായി തന്റെ ഭൂമിയുടെ നാമധേയത്തോടുകൂടിയതും, കരം, കൂടിയാന്റെപണം, അവന്റെ അനുഭവം, അവന്റെ ഭോഗംകഴിച്ചു തനിക്കു കിട്ടേണ്ടുന്ന കരം, ഇവയുടെ സംഖ്യയോടു കൂടിയതും കൂടിയാന്റെ കയ്യൊപ്പുള്ളതുമായ ഒരു ആധാരത്തെ വാങ്ങി ജന്മി തന്റെ ഗൃഹത്തിൽ സൂക്ഷിച്ചു വെക്കേണം.

ഏവം കിഞ്ചിൽകാലേതീതേ കഷ്കാ അജ്ഞാനാത്മ ഭൂമിതലസ്യ ഭൂമിപതേ ഭൂഖണ്ഡാദ്ധാദികമപഹൃത്യ കാപട്യേന തസ്യനാമധേയാദികം സ്വയമേവ കൃത്വാ തൽഭൂതലമന്യസ്യേതിവാ നിജമിതിവാ വക്ഷ്യന്തി തത്സംശയപരിഹാരാർത്ഥം ഭൂമേർദ്ദീഘ്വിസ്തരലിംഗാദികമപി പത്രേ ലേഖനീയമുപരിഷ്ടാൽ ഭവിഷ്യതീതിവിജ്ഞേയം ൫൫൧

ഇങ്ങിനെ കലികാലം കുറച്ചു കഴിയുമ്പോൾ കൂടിയാന്മാർ ത

ന്റെ ഭൂമിയെ അറിയാത്ത ജന്മികളുടെ പകൃതിയും മറവും ഭൂമിയെ അപഹരിച്ച് അതിനു മാറി പേർവെച്ച സ്വന്തമെന്നോ അന്യ ന്റെ എന്നോ പറയും. ആ സംശയനിവൃത്തിക്കായി ആ ഭൂമിയു ടെ ദീഘ്വിസ്താര അടയാളങ്ങളോടുകൂടി എഴുതി വാങ്ങേണ്ടിവരും പിന്നെ എന്ന് അറിയണം

കരാപത്രമിദംപ്രോക്തംനാമാസ്യമുനിസത്തമൈഃ
ലൌകികന്തത്സമാഖ്യാതംകരണാസ്യാദലൌകികം ൧൫൬

ഈ ആധാരത്തിനു കരപത്രമെന്ന് മുനികളാൽ പേരിടപ്പെ ട്ടിരിക്കുന്നതു കൂടാതെ ഇത് ലൌകികമാകുന്നു. ആധാരമാകട്ടെ അ ലൌകികമാകുന്നു.

കരണസ്യാലൌകികത്വാൽകരണേഷുശ്രൈഷ്ഠ്യനൈച്യഭേദാദ്യ
നഹിതേലൌകികൃാദന്യാസുസമസൂപത്രികാസുസ്യുഃ ൧൫൭

കരണം എന്ന ആധാരം അലൌകികമാകയാൽ അവകൾ ക്ക് ശ്രൈഷ്ഠ്യനൈച്യാദികൾ ഒന്നും ഇല്ല. ആ വക അലൌകിക ത്തിൽ നിന്നു വേർപ്പെട്ടതായ പത്രികകളിൽ അനുഭവിക്കും.

പോവേവപ്രഥിതൌരാമഭൂമൌബ്രാഹ്മണപാദജൌ
നക്ഷത്രിയോനോരുജന്മാആദൌനസ്ഥാപനംതയോഃ ൧൫൮

കേരളത്തിൽബ്രാഹ്മണരും ശൂദ്രരും മാത്രം പ്രസിദ്ധന്മാരാകു ന്നു. ക്ഷത്രിയനൊ വൈശ്യനൊ പ്രസിദ്ധനല്ലാ. ആദിയിൽ അ വരുടെ സ്ഥാപനവും ഇവിടെ ഉണ്ടായിട്ടില്ലാ.

പുനഃകാരണതഃപ്രാപ്താഃകരോൽഭവാവിശങ്കതേ
തഥൈവപാരദേശീയാഇതരേചജനാസ്മൃതാ
തസ്മാത്തൽപത്രമസ്മാദാകഥ്യതേനമയാധുനാ ൧൫൯

ക്ഷത്രിയവൈശ്യരും മറവുള്ള പരദേശികളും പിന്നെ ഓരോ കാരണവശാൽ വന്നവരാകയാൽ അവരുടെ പത്രമസ്മാദയെ ഞാൻ ഇവിടെ പറയുന്നില്ല.

കാത്തവീര്യരിപുഭൂസുരോത്തമാഃ
പത്രികാസുനിജനാമധേയകം

നോല്ലിഖന്തിനിജപത്തനാഭിധാം
തേലിഖന്തിസമയോദിതോവിധിഃ ൫൭൨

കേരളബ്രാഹ്മണർ പത്രികകളിൽ നിജ നാമധേയങ്ങളെ എഴുതാതെ തങ്ങളുടെ ഇല്ലപേരുകളെ എഴുതുന്നു. ഇതു സങ്കേതസിദ്ധി ആകുന്നു.

ബ്രഹ്മോപദേശയജനാദിഭവാമഥാഖ്യാം
ലിഖന്തിചാന്യേബഹുമാനപൂർവ്വം
ക്ഷോണീസുരേഭ്യഃഅവനീസുരസത്തമേന്ദ്രാ
ത്യജന്തിപത്രേഷുസമുന്നതീംസ്വാം ൫൭൩

ചിലർ ബഹുമാനപൂർവ്വമായി എഴുത്തുകളിൽ ബ്രഹ്മോപദേശം യാഗം മുതലായതുകൊണ്ടുണ്ടായ നാമധേയങ്ങളെ എഴുതുന്നു. ചില ബ്രാഹ്മണക്ക് ചില ബ്രാഹ്മണർ എഴുതുന്ന എഴുത്തുകളിൽ തങ്ങളുടെ വലിപ്പത്തെ ഉപേക്ഷിക്കുന്നു.

പത്രേഷ്വയുഷ്മച്ഛബ്ദേഷ്വയഥാഗൌരവമാലിഖേൽ
വചനംബഹുശബ്ദാദിസാമാന്യോയംവിധിസ്മൃതഃ ൫൭൪

എഴുത്തുകളിൽ ഗൌരവംപോലെ യുഷ്മച്ഛബ്ദത്തിന്റെ ബഹുവചനത്തെ ഉപയോഗിക്കേണം. ഇത് സാമാന്യമായ വിധിയാകുന്നു.

പത്രീകാവന്ദനംവിപ്രരാജപ്രേഷ്യകല്പിതം
ഗ്രഹണംധാരണഞ്ചേതിപത്രികാവന്ദനംദ്വിധാ ൫൭൫

രാജാക്കൾക്കും പ്രേഷ്യക്കൾക്കും ബ്രാഹ്മണക്കും എഴുതുന്ന എഴുത്തുകൾ പത്രീകാവന്ദനത്തോടുകൂടയിരിക്കേണം. ആ പത്രീകാവന്ദനം ഗ്രഹണമെന്നും ധാരണമെന്നും രണ്ടു വിധമാകുന്നു.

വാനപ്രസ്ഥാശ്രമസ്ഥേഷുകൃതാധാനമഖാഗ്നിഷു
രാജ്ഞിശസ്ത്രഭൃദാചാര്യേവിപ്രേസ്ത്രോധാരണംലിഖേൽ ൫൭൬

വാനപ്രസ്ഥാശ്രമിക്കും ആധാനം, അഗ്നി, യാഗം, മുതലായ കർമ്മങ്ങൾ ചെയ്യുവക്കും, രാജാവിനും, ശസ്ത്രാചാര്യനും, ബ്രാഹ്മണൻ ധാരണം എന്ന് എഴുതേണം.

ശസ്ത്രാചാര്യ്യസ്യദാസോപിവിപ്രോന്യോധാരണംലിഖേൽ
പംക്തിഭോജനയുക്തേഷുവിപ്രേഷുഗ്രഹണംസ്മൃതം ഫന്നാ

ശസ്ത്രാചാര്യ്യൻ ദാസനെങ്കിലും ബ്രാഹ്മണൻ ധാരണം എന്ന് എഴുതണം. ബ്രാഹ്മണൻ പംക്തിഭോജനമുള്ള ബ്രാഹ്മണക്ക് ഗ്രഹണം എന്ന് എഴുതണം.

രാജാപിവിലിഖേദേവംധാരണഗ്രഹണാദികം
ബ്രഹ്മോപദേശാദിഭവാവിപ്രേഭ്യശ്ചാഖ്യയായുതം ഫന്നാ

രാജാവുകൂടി ബ്രാഹ്മണക്ക ബ്രഹ്മോപദേശാദികൾകൊണ്ടുണ്ടായ ആഖ്യയോടുകൂടിയ ധാരണഗ്രഹണാദികൾ എഴുതണം.

ബ്രഹ്മോപദേശജാമാഖ്യാംനലിഖന്തിധരാസുരാഃ
സംജ്ഞാവിശേഷംവിലിഖേൽകൃതപാധാനമഖാഗ്നിഷു ഫന്നാ

ബ്രാഹ്മണർ ആധാനം അഗ്നിയാഗം മുതലായ കർമ്മങ്ങൾ ചെയ്യുവാൻ ബ്രഹ്മോപദേശത്തിങ്കൽ സിദ്ധിച്ച നാമധേയത്തെ എഴുതുന്നില്ലാ. എന്നാൽ അവിടെ ഒരു സംജ്ഞാവിശേഷം എഴുതണം.

ശ്രീകണ്ണമണ്ഡലലസച്ഛശിഖണ്ഡചൂഡ
പാദാരവിന്ദഭജനോത്സുകതാപസേന്ദ്രൈഃ
സംപ്രാർത്ഥിതോംബുധിസമുദ്ധൃതകേരളോയ
സൃഷ്ടൈനമോഭഗവതേപുരുഷോത്തമായ ഫന്നാ

വേങ്കട്ടേശേനലിഖിതംശേഖരീപുരവാസിനാ
പ്രീത്യൈഭൂയാൽഭഗവതോഭവാനീവീശനാഥയോഃ

ശുഭമസ്തു.

കരകൃതമപരാധംക്ഷന്തുമർഹന്തിസന്തഃ

യാദൃശംപുസ്തകേദൃഷ്ടംതാദൃശംലിഖിതമ്മയാ
ക്ഷന്തുമർഹന്തിവിദ്വാംസഃമമദോഷോനവിദ്യതേ

സമാപ്തം

അമ്പാടി കുഞ്ഞിക്കൃഷ്ണപുലവാളുടെ

കവിതകൾ

മൂഴിക്കുളത്തപ്പനെ കുറിച്ച് ഒരു പാട്ട്

('എന്തവേട്ടകോന്തുരാഘവാ' എന്ന ത്യാഗയ്യർ കീർത്തനംപൊലെ)

സരസ്വതീമനോഹരി—ചെമ്പട

ചിന്തയേഭവന്തംലക്ഷ്മണാ
ബന്ധുരാകൃതേഹേലക്ഷ്മണാബന്ധുരാകൃതേ
നിന്തിരുവടിക്കെന്തുചേതമയ്യോ
ബന്ധമോചനംഹന്തമേതരിക— ചിന്തയെ
കുറവറവുഭവിപരിശുദ്ധയായ്
ഊറമായൊഴുകുംഉദാരനദീ
തീരശോഭിതേതിരുമൂഴിക്കുളേ
സൈരമാന്നെഴുംവീരരാമാനുജാ— ചിന്തയെ

ചെങ്ങണംകുന്നത്തു ഭഗവതിയെ കുറിച്ച് ഒരു പാട്ട്.

('പ്രീതിപൂണ്ടരുളുകയെ' എന്നപോലെ)

ശങ്കരാഭരണം—ചെമ്പട

ചെങ്ങണഗിരിനിലയേലോകതായേ
ചേവടിയുഗംകലയേ—ഭംഗിനിറഞ്ഞിടതിങ്ങിയെഴും
ഭുവനങ്ങളിലിഹപുകഴൊപൊങ്ങിവിളങ്ങും— ചെങ്ങണ
നിന്തിരുമുടിയിലണിഞ്ഞൊരുപൊൻമകുടം—ശോഭ
ബന്ധുരമതിനുപമാനവുമില്ലുദ്ധം
ചന്തമിയന്നമനോജ്ഞലലാടതടം—കണ്ടാൽ
ഹന്തതൊഴുംമുവണ്മതികലനിഷ്കപടം
നൽപുരികുഴലഴകതിമഹിതം
കല്പകസുമഗണപരിലസിതം
സല്പരിമളഗുണഗണസഹിതം

ഷഡംപദപരിവൃതമപിസതതം
ശില്പതയോടളകാഞ്ഞുതശോഭയു
മെപ്പൊഴുമെന്നുമംപ്പൂവിൽവിലസണം— ചെങ്ങണ
മല്ലീശരകുലവില്ലിനൊരുപമാനം-നൽകും
ചില്ലീയുഗതനുവല്ലിയുമസമാനം
സുല്ലാംബുജളേരുചിതന്നഭിമാനം–പോക്കും
സല്ലോചനയുഗമാർദ്രദയാധീനം
ചലകിസലയമൃദുതിരുവധരം
തിലസുമനാസികയതിരുചിരം
സലളിതകുണ്ഡലയുഗമതുലം
സുമധുരമേതിരുവുടലഖിലം
ധൂർത്തജനത്തെയമഞ്ഞുവിപത്തുകളാ
തീർത്തഭയംഭവനത്തിനുനൽകും— ചെങ്ങണ
സുംഭനിസുംഭമഹാസുരസംഹതിയും–സൂക്ഷി
ച്ചുന്മുകുലങ്ങടെനല്ലനഭസ്ഥിതിയും
ശുംഭിതമോദമമർത്ത്യഗണസ്തുതിയും–മോദാ
ലമ്പൊടുകേട്ടരുളീടിനസുസ്ഥിതിയും
വില്ലുംശരവുമേന്തുംകരകമലം
ഉല്ലസിച്ചീടുംതിരുമുഖകമലം
കല്മഷവനീസുരനതികുശലം
എല്ലാനാളുമരുളുംമധുരശീലം
ഉള്ളമധീശപരികുള്ളമൊഴിഞ്ഞെ
ന്നുള്ളമതിൽകുടികൊള്ളുണമനിശം— ചെങ്ങണ
അനവരതംഭവനേശപരിയാമയിതേ-ഭക്തേ
ഷപനഭിരതിക്കൊരുഭാജനമാക്കരുതെ
പനിമതിനേർമുഖിപാഴിലവസ്ഥരുതെ-എന്നെ
ജനിമൃതിയാലിനിമേലിൽവലയ്ക്കരുതെ
വിശ്രുതമയിതവസൽചരിതാ

ശാശ്വതമതിരമയോച്ചരിതം
രാശ്വരിഭജനവുമാചരിതം
വാശ്രുതമപഹരമേദുരിതം
നന്ദികുലന്നടനെന്നാചെങ്ങണ
കുന്നിലഴാജഗദാംബേശരണം

മനുഷ്യജന്മം

സാധാരണ മനുഷ്യർ ജന്മത്തിനു കല്പിച്ചിരിക്കുന്ന അർത്ഥമല്ലാ ഹിന്ദു ഋഷിമാർ ഈ പദത്തിനു നൽകിയിട്ടുള്ളത്. കേവലം സാംസാരികമായ ജീവിതത്തിന്റെ വിധികളേയും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടെങ്കിലും, അവരുടെ ശ്രദ്ധയ്ക്കും ആദരവിനും അധികമായി പാത്രീഭൂതമായിട്ടുള്ളത് ഉത്തമമായ പാരമാർത്ഥികമായ ജീവിതം ആകുന്നു. ഈ പ്രപഞ്ചം ക്ഷണനശ്വരവും മാനുഷ ജീവിതം മൃത്യുവിനു അധീനവും ആണെന്നുള്ളതിനാൽ ജീവനെക്കുറിച്ച് മനുഷ്യർക്കുള്ള പ്രതിപത്തി ആദരണീയമായിട്ടുള്ളതല്ല. ഈ ലോകത്തിൽ ഇരിക്കുമ്പോൾതന്നെ ഉത്തമമായ ജീവിതത്തിന്റെ പരമാനന്ദത്തെ അനുഭവിക്കണമെന്ന് ഇച്ഛിക്കുന്നവർ, സാധാരണ ജീവിതത്തിന്റെ സുഖത്തെ അനുഭവിച്ചിരിക്കുന്ന ദുരിന്ദ്രിയവ്യാപാരങ്ങളെ നിശ്ശേഷം കീഴടക്കേണ്ടിയിരിക്കുന്നു.

ഇഹലോകത്തിൽ മനുഷ്യനു രണ്ടുവിധം ജീവിതമുണ്ട്. ഒന്ന് താണനിലയിലുള്ളത്; മറേറത് ഉയർന്ന നിലയിലുള്ളത്. നാം കാണുന്ന മർത്ത്യന്മാരിൽ മിക്കവരും താണനിലയിലുള്ള ജീവിതത്തെ നയിച്ചുകൊണ്ടു പോകുന്നവരാകുന്നു. അവർക്കും മൃഗങ്ങൾക്കും സാധാരണയുള്ള സുഖത്തിൽ വാഞ്ഛയും ദുഃഖത്തിൽ വൈമുഖ്യവും ഉണ്ടാകുന്നു. ആഹാരാദിസുഖങ്ങളെക്കൊണ്ട് അവർ കൃതാർത്ഥന്മാരായി ഭവിക്കുന്നു. രോഗാദിപീഡകളെക്കൊണ്ട് അവർ ദുഃഖിതരാ

യി തീരുന്നു. യാതൊരുവൻ ഐഹികസുഖാനുഭോഗങ്ങളെ മാത്രം ഇച്ഛിക്കുന്നുവോ, യാതൊരുവൻ കാമാദികളെ മാത്രം പോറ്റുന്നുവോ, അവൻ മനുഷ്യനാകാത്തവനോ, മനുഷ്യവൃത്തിയെ വെടിഞ്ഞവനോ, ആകുന്നു. അവൻ കേവലം മൃഗപ്രായനത്രെ.

ആധുനികന്മാരായിരിക്കുന്ന അസംഖ്യം സ്ത്രീപുരുഷന്മാർ കേവലം മൃഗപ്രായമായ ജീവിതത്തെ നയിച്ചു വരുന്നവരാകുന്നു. ആഹാരം മാത്രമാണ് മനുഷ്യനു ജീവിതത്തിന് അത്യന്താപേക്ഷിതമായിരിക്കുന്നത്. ആരോഗ്യവും ഗാത്രദാർഢ്യവും ഉത്സാഹവും, ഉന്മേഷവും ഉണ്ടെങ്കിൽ ഒരുത്തനു വേണ്ടതൊക്കെ ഉണ്ടായിക്കഴിഞ്ഞു. ഇതെല്ലാം സുലഭമായി കിട്ടിയാൽ പിന്നത്തെക്കാര്യം എങ്ങിനേയും ആയിക്കൊള്ളട്ടെ. ഇപ്രകാരമാണ് ജനസാമാന്യം വിചാരിച്ചു പോരുന്നത്. മാതാപിതാക്കന്മാർ സാധാരണ ബാലികാബാലന്മാരെ അഭ്യസിപ്പിക്കുന്നതും ഏറെക്കുറെ ഇങ്ങിനെതന്നെ. ക്ഷണനശ്വരമായതു തന്നെ എന്നിരിക്കിലും ഭക്ഷണത്തിനുള്ള സാധനം സമ്പാദിക്കപ്പെട്ടേ തീരണം. ഭൂമിയിൽ സുഖപ്രദങ്ങളായി ഉളവായിരിക്കുന്ന ദ്രവ്യങ്ങളെ കൈവശമാക്കണം, സ്വാർത്ഥപ്രതിപത്തി മൂലം സ്വാനുഭോഗത്തിന്നായി ആവശ്യമുള്ളതിനെ എങ്ങിനെയെങ്കിലും നേടണം. മഴ്സരവും അഭിമാനവും സ്വകർമ്മസിദ്ധിക്കു പ്രതിബന്ധം ആയിവന്നാൽ, അവയെ വിസ്മരിക്കേണ്ടതുതന്നെ. ഇങ്ങിനെ ഒക്കെയാണ് നമ്മുടെ സോദരീസോദരന്മാർ താന്താങ്ങളുടെ ഐഹിക വൃത്തിയെ പരിപാലിച്ചു വരുന്നതെന്നു പറയുമ്പോൾ, ഇത് മാനുഷ സമുദായത്തിന് ഒട്ടുക്കു ദോഷാരോപണമല്ലെ എന്നു തോന്നുമായിരിക്കാം. എന്നാൽ പരമാർത്ഥത്തിൽ ലോകഗതി അങ്ങിനെ ആണല്ലൊ. സത്യം രുചികരമായിട്ടുള്ളതല്ല, പണം സമ്പാദിക്കുന്നതു ജീവിതത്തിന്റെ ഒരു മുഖ്യഉദ്ദേശ്യമായിട്ടാണ ഗണിച്ചുപോരുന്നത്. അദ്ധ്വാനംചെയ്തു ദ്രവ്യത്തെ സമ്പാദിക്കുന്നതിൽ ഏറെ നന്ന്. നേരായ മാർഗ്ഗത്തെ വെടിയാതെ മടിശ്ശീല നിറയ്ക്കുമെങ്കിൽ അതു ഉത്തമം തന്നെ. പക്ഷേ മടിശ്ശീല നിറയണം. എങ്ങിനെയായാലും തരക്കേടില്ല, യാചിച്ചോ, കടംവാങ്ങിയോ, അഥവാ, മോഷ്ടിച്ചുതന്നു

യൊ, ആയാലും ശരി, പണം ഉണ്ടാക്കണം. ഇങ്ങിനെ ആണല്ലൊ കായ്മ്മം കിടക്കുന്നത്. വാചകത്തിന് അലങ്കാരത്തിനായി വളരെ ഒക്കെ കൂട്ടിക്കൊള്ളാം; പക്ഷേ പ്രമാണത്തിനു രൂപഭേദം ഉണ്ടാകുന്നില്ല. കണക്കു പിണക്കൊ, വിശ്വാസഭംഗമൊ, സത്യലംഘനമൊ, തരംനോക്കലൊ, ഇല്ലാതെ എത്രയാളുകൾ ധനികന്മാരാകുന്നുവെന്നു വായനക്കാർ തന്നേ ആലോചിച്ചു നോക്കട്ടെ.

ലൌകികരീതി, ഒട്ടുമുക്കാലും, മേല്പറഞ്ഞവിധമാണെങ്കിലും ഹിന്ദുദേശത്ത് ഒരു കൂട്ടക്കാർ ഇതിനെ അനുസരിക്കാതെ ഇരുന്നിട്ടുള്ളതായി നമുക്ക് അറിയാം. പ്രമാണംകൊണ്ടും പ്രവൃത്തികൊണ്ടും പുരാതന ഋഷീശ്വരന്മാർ മനുഷ്യർക്ക് ഒരു ഉത്തമരീതിയെ ഉപദേശിച്ചിട്ടുണ്ട്. 'മിതഭോഗവും ഉൽകൃഷ്ടവിചാരവും' ആയിരുന്ന ആ മഹാത്മാക്കളുടെ ജീവിതാന്തര്യാപ്തമായിരുന്നു തത്പരം. അവർ കേവലം വൈഷയികമായ ആഗ്രഹാദികളെ കീഴടക്കി, ദൈവികമായ പരമാനന്ദത്തെ ഹസ്തഗതമാക്കിയ മഹാപുരുഷന്മാരാണെന്ന് ആർക്കുതന്നേ അറിവാൻ പാടില്ല.

പ്രകൃതിയുടെ ത്രിഗുണങ്ങൾ* മനുഷ്യനിൽ പ്രവേശിച്ചാണ്, അവനു സ്വഭാവഭേദം ഉണ്ടാകുന്നത്. സത്വഗുണപ്രധാനനായ പുരുഷനിൽ ദൈവികമായ ജ്ഞാനോദയവും, ഉൽകൃഷ്ടമായ മനശ്ശുദ്ധിയും, ഉളവാകുന്നു. രജോഗുണപ്രധാനനായ മനുഷ്യനിൽ അസാമാന്യമായ സ്വേച്ഛാപൂരണപ്രതിപത്തി ഉണ്ടായിരിക്കുന്നു. ഈ എനത്തിലുള്ള ജനങ്ങൾ ധാരാളം ഉണ്ട്. തമോഗുണപ്രധാനനിൽ മൃഗസാധാരണമായ സ്വഭാവം സദാ കാണപ്പെടുന്നു.

ഇടവിടാതേയുള്ള ആത്മസംയമനം, അദ്ധ്യാത്മശാസ്ത്രങ്ങളു

---

*പ്രപഞ്ചമാസകലം ത്രിഗുണാത്മികയായ പ്രകൃതിയുടെ നാനാപ്രകാരേണയുള്ള പരിണാമവിശേഷങ്ങളാകയാൽ 'പ്രകൃതിയുടെ ത്രിഗുണങ്ങൾ മനുഷ്യനിൽ പ്രവേശിക്കുക' എന്ന പ്രയോഗം ശാസ്ത്രവിരുദ്ധമായിരിക്കുന്നു. ര. ര. പ.

ടെ നിരന്തരാഭ്യാസം, എന്നിവയെക്കൊണ്ട് ഒരുത്തനു നീചമായ തന്റെ സ്വഭാവത്തെ നിരാകരിക്കുന്നതിനും ഉൽകൃഷ്ട ഗുണങ്ങളെ സമ്പാദിക്കുന്നതിനും കഴിയാത്തതല്ല. **ഒരു ഉത്തമപുരുഷൻ**—മാതൃകാമനുഷ്യൻ— ഉൽകൃഷ്ട ജീവിതത്തെയാണ് പരിപാലിക്കേണ്ടത്.

ഇങ്ങിനെയുള്ള ഉത്തമരീതിയിൽ **ജീവകാലത്തെ നയിക്കുന്നതിന്** ഈശ്വരവിശ്വാസം ഇല്ലാത്തവനു സാധിക്കുന്നില്ല. **കുക്ഷീപൂരണത്തിലും** ആഗ്രഹസിദ്ധിയിലും **ഉള്ള** അത്യാശയെ ക്രമേണ കുറച്ചും, മനസ്സാക്ഷിയുടെ ശാന്തമായ **സദുപദേശത്തെ** സദാകാലം അനുസരിച്ചും, സത്യത്തെ അന്വേഷിച്ചറിഞ്ഞും, സദ്വൃത്തിയെ പരിപാലിച്ചും ധാർമ്മികമായും **സദാചാരസംബന്ധമായും** ഉള്ള **സർവ്വ** പൂജ്യസമ്മതമായ പ്രമാണത്തെ **അനുകരിച്ചും**, ആണ് മനുഷ്യർ ഉത്തമരീതിയിലുള്ള **ജീവിതത്തെ യഥാർത്ഥമാക്കിത്തീർക്കേണ്ടത്**. സാത്വിക ജന്മംതന്നേ **സർവ്വോത്തമമായ ജന്മം.** ഈശ്വരചിന്ത ആജന്മം ആക്ക് വേണ്ടവിധത്തിൽ ഉണ്ടായിരിക്കുന്നുവൊ, ഈശ്വരനെ സാക്ഷിയാക്കിവെച്ച് ആർ സകല പ്രവർത്തികളേയും ചെയ്യുന്നുവൊ, അവന്ന് സാത്വികജന്മം സുലഭമായി സാധിക്കുന്നുവെന്ന് ഋഷിമാർ വാങ്മനഃകോശങ്ങളെക്കൊണ്ട് മുമ്പിനാലെതന്നേ മനുഷ്യക്കു മാർഗ്ഗപ്രദർശനം ചെയ്തിട്ടുണ്ട്.

പ്രപഞ്ചത്തിൽ സർവ്വാത്മനാ മഗ്നനായിട്ട് തന്റെ ജന്മമഹിമയെ മറന്ന് ഐഹികസുഖമത്രെ പരമാനന്ദമെന്നു കരുതി, മൃഗപ്രായനായി, ലോകത്തിൽ ഉഴലുന്നവനത്രെ മാനുഷകീടമെന്നു മേല്പറഞ്ഞ സംഗതി സ്പഷ്ടമാക്കുന്നു. ഈ പ്രാപഞ്ചികാസക്തി ആത്മാവിനെ ആവരണം ചെയ്യുന്നതിനാൽ മനുഷ്യൻ തന്റെ യഥാർത്ഥമായ ഉൽകൃഷ്ടാവസ്ഥയെ സ്വാനുഭവപ്പെടുത്തുവാൻ ശക്തനാകുന്നില്ല. സാംസാരികമായ ജീവിതത്തിൽ പക്ഷപാതം ഉണ്ടാകുമ്പോൾ, **മാനുഷജന്മത്തിന്റെ** ശ്രൈഷ്ഠ്യം, മനുഷ്യനാൽ അജ്ഞാതമായും അപ്രതീക്ഷിതമായും ഭവിക്കുന്നു. ഇത് അവന്റെ **നിർഭാഗ്യത്തിന്റെ** ഉച്ചം തന്നെ. കഷ്ടം! ഈശ്വരസ്മരണയില്ലാത്ത ഒരു മർത്ത്യ

ന്റെ അവസ്ഥ എത്ര ശോചനീയമായിരിക്കുന്നു. അവന് പൂർവ്വാപരമായ വിചാരം ഇല്ല. ഉദരംഭരിയായി, സുഖാനുഭോഗിയായി, വിഷയലമ്പടനായി, സജ്ജനസഹവാസശൂന്യനായി, ഗാത്രസുഖൈകദൃക്കായി, ദുരാചാരരക്തനായി, ആത്മജ്ഞാനഹീനനായി, അവൻ, തന്റെ കുത്സിതമായ ജീവദശയെ കഴിച്ചുകൂട്ടിവരുന്നു.

ഋഷിപുംഗവന്മാരാൽ പ്രദർശിതമാക്കപ്പെട്ടിരിക്കുന്ന ജീവിതം സത്തായും സാരമായും മഹത്തായും ഉള്ളതാകുന്നു. ഋഷികാമക്രോധാദിദോഷങ്ങളെ ജയിച്ചു ജിതേന്ദ്രിയനായിട്ടുള്ള മഹാപുരുഷൻ ആകുന്നു. തനിക്കായി അദ്ദേഹം ഒരു പ്രവർത്തിയും ചെയ്യുന്നില്ല. ലോകത്തിൽ സമാധാനവും രമ്യയായ ശാന്തിയും ഉണ്ടാക്കുന്നതിനാണ് അദ്ദേഹം നിരന്തരം യത്നിക്കുന്നത്. സ്വാർത്ഥസുഖത്തെ പരിത്യജിച്ച് ദിവ്യജ്ഞാനദീപത്താൽ അദ്ദേഹം പ്രശോഭിതനായിരിക്കുന്നു. ഐഹികാനന്ദത്തിൽ അദ്ദേഹത്തിനു വാഞ്ഛാലേശംപോലുംഇല്ല. ആത്മജ്ഞാനനിഷ്ഠ ഹേതുവായിട്ട്, അദ്ദേഹം ജീവാത്മാവിനെ പരമാത്മാവിൽ ലയിപ്പിക്കുന്നു. തന്നിൽ ഗൂഢമായിരിക്കുന്ന ഈശ്വരതത്വം അപ്പോൾ താനേ പ്രകാശിക്കുന്നു. അദ്ദേഹം നിത്യാനന്ദത്തെ അടയുന്നു.

ത്വയാഹൃഷീകേശഹൃദിസ്ഥിതേന
യഥാനിയുംക്തോസ്മിതഥാകരോമി

സകലത്തിനും നിയന്താവായിട്ട് ഈശ്വരനാണെന്ന് അദ്ദേഹം സർവ്വകാലം ഓർമ്മിക്കുകയും ചെയ്യുന്നു.

കെ. പരമുപിള്ള, എം. എ.

ഒരു ഇതിഹാസവനിതാ

ഇക്കോമൻനായർ പറഞ്ഞതുപോലെ വല്ല ഉപദ്രവവും കയ്മൾക്കു നേരിട്ടിരിക്കുമൊ എന്നു വിചാരിച്ച് വ്യസനിച്ചു കിടക്കുന്ന പത്മാവതി പ്രഭാതത്തിങ്കൽ കുറച്ചുറങ്ങി. ദുസ്വപ്നം കണ്ട് ഞെട്ടി ഉണന്ന് സമയം നാലു കെട്ടിൽ ചില തല്ലും നിലവിളിയും ശാസനയും കേട്ടു പരിഭ്രമിച്ച് ചെവിടോർക്കുമ്പോൾ 'അയ്യൊ എൻെറ കുട്ടിക്കു പെരു വഴിയാകുമല്ലൊ, പത്മനാഭനെ അറിയിക്കുന്നതെങ്ങിനെയാണെൻെറ ദൈവമേ' എന്ന് ഇച്ചോണമ്മ നിലവിളിക്കുന്നതു കേട്ട് പെട്ടന്നു വാതൽ തുറന്നു നോക്കിയപ്പോൾ കണ്ട കാഴ്ച ഭയങ്കരമാണ്. മൂത്ത കയ്മൾ കിടന്നുരുളുന്നു. ഇച്ചോണമ്മ മാറത്തു തല്ലി നിലവിളിക്കുന്നു. രണ്ടു മൂന്നു പേർ കയ്മളുടെ കയ്യും കാലും തിരുമ്പുന്നു. മൂത്തത് തലയ്ക്കൽ ഇരുന്ന് നോക്കുന്നു. ഇതെല്ലാം കണ്ടപ്പോൾ പത്മാവതി 'അയ്യൊ എന്താ വലിയച്ഛനു' എന്ന് ചോദിച്ച് ഓടി ചെന്നു. 'വലിയച്ഛ, വലിയച്ഛ' എന്നു വിളിച്ചു. കയ്മൾ മിണ്ടുന്നില്ല. അമ്മയോട് 'എന്താണിത്' എന്നു ചോദിച്ചു. ഇച്ചോണമ്മ 'അദ്ദേഹം രാത്രി രണ്ടു നാലു പ്രാവശ്യം ഛർദ്ദിച്ചു. പിന്നെ ഈ മട്ടായി എന്നാണ് കേട്ടത്. ദീനം പന്തിയല്ലെന്നു കണ്ടു. അപ്പോൾ ഇവിടെ കൊണ്ടു വന്നു കിടത്തി' എന്നു പറഞ്ഞു.

പത്മാ—'വലിയച്ഛാ വലിയച്ഛാ' എന്നു പിന്നെയും വിളിച്ചു. 'അയ്യൊ ഞങ്ങളെ ചതിക്കല്ലെ എന്നോടൊന്നും പറയുന്നില്ലല്ലൊ. കളത്തിലേക്ക് ഒരാളെ അയക്കണെ' എന്നു പറഞ്ഞപ്പോൾ മൂത്തത് എണീറ്റു പുറത്തേക്കുപോയി. പത്മാവതി പിന്നെയും ഓരോന്നു പറഞ്ഞ് കരഞ്ഞും എടക്കിടെ കയ്മളെ വിളിച്ചും മാറത്തടിച്ചും കുറച്ചു നേരം കഴിച്ചു. കയ്മളുടെ പരാക്രമത്തിനു ശക്തി കുറഞ്ഞു തുടങ്ങി. അവയവങ്ങൾ ചേഷ്ടിക്കാതെയായി. ഇ

ടക്കിടെ കയ്യളുടെ മുഖത്തും, പത്മനാഭൻ വരുന്നുണ്ടോ എന്ന പടിക്കലേക്കും, നോക്കുന്ന പത്മാവതി വാളരി പിടിച്ച് നാല ശിപായിമാർ വരുന്നതു കണ്ടു.

'കയ്യളുടെ ദിനം പകരുന്ന വ്യാധിയാണെന്നും വൈഷമ്മിക്കു വാൻ എളുപ്പമുണ്ടെന്നും കായ്യക്കാര് എജമാന്ന അറിവായിരിക്കു ന്നു. അതുകൊണ്ട് ദിനക്കാരനെ ഉടനെ ധർമ്മശാലയിലേക്കു കൊ ണ്ടുപോകുവാൻ കല്പിച്ചു' എന്ന് ശിപായിമാർ പറഞ്ഞതു കേട്ട് പത്മാവതി 'അയ്യൊ ഈ സമയത്തൊ' എന്നു ചോദിച്ചു. ശിപാ യിമാർ 'ഞങ്ങൾക്ക് സമയം നോക്കുവാൻ തരമില്ല. കല്പനയാ ണ്' എന്നു പറഞ്ഞ് പടിക്കൽ നില്ക്കുന്ന ചിലരെ വിളിച്ച് കയ്യ ളെ ഒരു ചാക്കുമഞ്ചലിൽ എടുത്തു കിടത്തികൊണ്ടു പോയി. പത്മാവതി, 'ഒരംശവരാ മരണസമയത്ത് ഒരു തുള്ളി വെള്ളംകൂടി കൊടുപ്പാൻ ഞങ്ങളെ അവകാശികളാക്കി തരണെ' എന്നു പറ ഞ്ഞ് കരഞ്ഞുകൊണ്ട് പിന്നാലെ ചെന്നു. ഇച്ചോണമ്മ കുറെ ദൂ രം ഒന്നിച്ചു ചെന്നിട്ട് 'മകളെ ഞാൻ പുരപൂട്ടി വരാമെ'ന്നു പറ ഞ്ഞ് തിരിച്ചു പോരികയും ചെയ്തു. ഇവർ പോകുംവഴി ധർമ്മശാ ലക്കടുത്തുള്ള ജേലിന്റെ പുരോഭാഗത്ത് എത്തിയപ്പോൾ തടവുകാ രെ പുറത്തിറക്കുന്ന സമയമായിരുന്നു. അവരുടെ ഇടയിൽ കൈ കളും കാൽകളും വിലങ്ങുവെച്ചും രണ്ടു കൈകൊണ്ടും ഒരു പുതുക്കൊട്ട തൂക്കി പിടിച്ചും പത്മനാഭൻ അധോമുഖനായി പുറത്തേക്കു വ രുന്നതു കണ്ടു.

പത്മാ— 'അയ്യൊ! വലിയച്ഛന് ദിനം അത്യാസന്നമായി. ആ ദ്ദേഹത്തിന്റെ അന്ത്യ കാലത്ത് രണ്ടു ദുഃഖവും മകൻ അനുഭ വിക്കേണമെന്നൊ, ദൈവമെ, വിധി. തേവരെ! ഇതെല്ലാംകൂടി സഹിക്കുവാനിനിക്കു വയ്യെ' എന്നു പറഞ്ഞ് മറിഞ്ഞുവീണു. പ ത്മനാഭൻ താൻ വിലങ്ങിലാണെന്ന കഥ മറന്നു. 'അയ്യൊ ഞാ നൊരു കണ്ണു കാണട്ടെ' എന്നു പറഞ്ഞ് ഓടുവാൻ ഭാവിച്ച പ്പോൾ വെലങ്ങു തടഞ്ഞു കമന്നടിച്ചു വീണു. 'ദയവിചാരിച്ച്

ഞാൻ എണീറ്റു വരുന്നതുവരെ മഞ്ചൽ നിറുത്തണെ' എന്നു വിളിച്ചു പറഞ്ഞത് മഞ്ചക്കാർ കേട്ട ഭാവംവെക്കാതെ പോയി. അവരുടെ അപേക്ഷ പിന്നെ ശിപായിയോടായി. ശിപായിക്ക് അവരുടെ വ്യസനംകണ്ടു കരുണതോന്നി ഇങ്ങിനെ പറഞ്ഞു: 'എജമാനൻ അറിഞ്ഞാൽ എന്റെ പണിപോകും. അതു പൊയ്ക്കോട്ടെ. സ്ത്രീകൾക്ക് ആ സ്ഥലത്തു ചെല്ലുവാൻ പാടില്ല. അതുകൊണ്ട് പത്മാവതി ചെന്ന് എജമാനനെ കണ്ട് കയ്യളെ വീട്ടിലേക്കു കൊണ്ടുപോകുവാൻ അനുവാദം വാങ്ങിക്കട്ടെ. എന്നാൽ നിങ്ങളുടെ കായ്മത്തിന്ന് വല്ല നിവൃത്തിയും കിട്ടും. ആ സ്ത്രീയുടെ വ്യസനം കണ്ടാൽ അനുകമ്പ തോന്നാത്തവർ മനുഷ്യരല്ല'. ഈ സന്ദർഭത്തിൽ കായ്മക്കാര് അഭിമുഖമായി വരുന്നതു കണ്ട് 'അയ്യോ എജമാനൻ' എന്നു പറഞ്ഞ ശിപായി പരിഭ്രമിച്ചു പത്മനാഭനെക്കൊണ്ടു ജെയിലിലേക്കുപോയി.

അനാഥയായ പത്മാവതി കരഞ്ഞുകൊണ്ട് കായ്മക്കാരുടെ മഠത്തിന്റെ പടിവരെ പിന്നാലെ നടന്നു സങ്കടം പറഞ്ഞു. ഒന്നിനും ഒരു ഉത്തരവും പറഞ്ഞില്ല. മഠത്തിൽ എത്തിയസമയം 'എന്തുസങ്കടം കേൾക്കട്ടെ' എന്നുപറഞ്ഞ് അകത്തേക്കു കടന്നു. പത്മാവതിയെക്കൊണ്ടു സങ്കടം ഒരു പുനരാവൃത്തികൂടി കഴിപ്പിച്ചതിന്റെ ശേഷം

ഇക്കോരൻ—ഭയപ്പെടേണ്ട; കയ്മളുടെ ദീനം ഞാൻകണ്ടു. അപകടമില്ലെന്നാണ വൈദ്യൻ പറഞ്ഞത്. ദീനം മാറുന്നതുവരെ പത്മനാഭൻ അടുക്കൽ ഇരിക്കട്ടെ. അല്ലാതെ സ്ത്രീകൾക്ക അവിടെ പോയിക്കൂടാ. ദീനത്തിന്റെ സ്വഭാവം ഉടനടൻ ഇവിടെ അറിവുതരുവാൻ ഏർപ്പാടു ചെയ്യിട്ടുണ്ട്. ഒരു കള്ളക്കേസ്സ് ആ സാധുപത്മനാഭന്റെ മേൽ വന്നിട്ടുള്ളതിനെപ്പറ്റി അമ്മയുടേയും മകളുടേയും ഓരെ കൂട്ടിത്ത് എടുത്തിട്ടുവേണം പത്മനാഭനെ വിട്ടുകളയുവാൻ. അതാണ് നീതിയും ന്യായവും എന്നുപറഞ്ഞ് പത്മനാഭന്റെ ചങ്ങലവെട്ടി കയ്മളുടെ അടുക്കലേക്കു രണ്ടു ശിപായിമാരോടുകൂടി അയക്കുന്നതിനു ആജ്ഞാപിച്ചു.

ഇച്ചോണമ്മയെ വരുത്തുവാനും ആളെ അയച്ചു. നായർ കയ്മ ളുടെ ദീനത്തെപ്പറ്റി ചിലത പത്മാവതിയോട പറഞ്ഞു സമാധാ നപ്പെടുത്തുന്നതിന്നിടക്ക നായരുടെ കാക്കൽ ചെന്നുവീണ് പത്മ നാഭൻ ഇതൊന്നും അറിഞ്ഞിട്ടില്ലെ ദയതോന്നണെ ഞങ്ങൾ സാ ധുക്കളാണെ' എന്ന തുടങ്ങി ആവലാധി പ്രബന്ധം മുഴുവൻ ചൊ ല്ലി. ഇക്കോരൻ വ്യസനിക്കാതിരിക്ക. ഞാൻ നിവൃത്തിയുണ്ടാക്കാം. നേരം ഉച്ചതിരിഞ്ഞു. ഒന്നും കഴിക്കാതിരിക്കുന്നതു കഷ്ടമാണ് എന്നു പറഞ്ഞ നിബ്ബന്ധിച്ചു കുളികഴിഞ്ഞ ഭക്ഷണത്തിന്നിരിക്കുവാൻ ഭാ വിക്കുമ്പോൾ ഒരു ശിപായി വന്ന് കയ്മളുടെ ദീനത്തിന്നാശ്വാസമു ണ്ട്. കണ്ണ മിഴിച്ചു. ക്ഷീണം മാറിയാൽ ദീനംമാറി എന്ന വൈദ്യൻ പറഞ്ഞു. പത്മനാഭൻ അടുക്കലുണ്ട്' എന്നു പറഞ്ഞതുകെട്ട് അ ല്പം സമാധാനത്തോടുകൂടി ഊണകഴിച്ചു ഓരൊ സാധനങ്ങൾ കൊ ടുത്തയച്ചും ദീനസ്ഥിതിയെപ്പറ്റി അനേഷിച്ചും ആശ്വാസമാണെ ന്നു കേട്ട സമാധാനപ്പെട്ടും സന്ധ്യവരെ കഴിച്ചുകൂട്ടി. പത്മനാഭൻ കുറക്കാരനല്ലെന്ന് തിരുമനസ്സറിയിച്ച് തീരുമാനപ്പെടുത്തിയെന്നു നായർ സന്ധ്യക്ക് കച്ചേരിയിൽനിന്നു വന്നസമയം പറഞ്ഞു. പു ലച്ചക്ക് എല്ലാവക്കുംകൂടി ഒന്നിച്ചു പോകാനും നിശ്ചയിച്ചു.

പിന്നീട് അവർ തമ്മിലുണ്ടായ സംഭാഷണം പത്മാവതിക്കു വീണ്ടും കുണ്ഠിതത്തെ ജനിപ്പിച്ചുതുടങ്ങി. സഹിക്കുവാൻ കഴിയാ ത്ത അലട്ടും ആകമാനം കായ്ത്തിന്റെ പ്രകൃതവും വിചാരിച്ച് പ ത്മാവതി കായ്ക്കാരുടെ മോഹം സാധിപ്പിക്കാമെന്നു സമ്മതിച്ചു. ഇ ച്ചോണമ്മയും പത്മാവതിയും വീട്ടിലേക്കു മടങ്ങിപ്പോകുകയും ചെ യ്തു. ഇനി തന്റെ സങ്കടം ഈശ്വരനോടല്ലാതെ മറ്റാരോടും പറവാ നില്ലെന്നു നിശ്ചയിച്ച് പത്മാവതി ക്ഷേത്രത്തിൽ പോയി നടക്കൽ തൊഴുതുകൊണ്ടുനിന്നു.

പുഷ്പാഞ്ജലി കഴിഞ്ഞ് പുറത്തേക്കു എഴുന്നള്ളുന്ന തമ്പുരാൻ (കോയിമ്മ) നടക്കൽനിന്നു പത്മാവതി മാറിനിൽക്കുവാനായി നാ ലഞ്ചു ഞൊടിച്ചു. വ്യസനാധിക്യംകൊണ്ട് ഭഗവൽപാദാരവി

ന്ദങ്ങളിൽ ലയിച്ചിരിക്കുന്ന അവളുടെ ജ്ഞാനേന്ദ്രിയങ്ങൾക്കു ഈ ശബ്ദം വിഷയമായില്ല. തന്നെ ധിക്കരിച്ചു നിൽക്കുന്ന യുവതി ഏതായിരിക്കേണമെന്നു നമ്പൂരി വീണ്ടും സൂക്ഷിച്ചപ്പോൾ ഊർദ്ധ്വദൃഷ്ടികളോടുകൂടി അർദ്ധനിമീലനങ്ങളായിരിക്കുന്ന നേത്രപക്ഷ്മങ്ങളിൽ നിന്ന് ധാരമുറിയാതെ ഒഴുകിക്കൊണ്ടിരിക്കുന്ന അശ്രുബിന്ദുക്കൾ അവളുടെ വാടിത്തളർന്ന വദനകപോലങ്ങളെ അതിക്രമിക്കുന്നതുകണ്ടു. നമ്പൂരി തന്നെത്താൻ മറന്നുപ്പോയി. കൊട്ടാരത്തിൽചെന്ന് പത്മാവതിയെ വരുത്തി വ്യസനകാരണം ചോദിച്ചു. ഇക്കോരൻ നായരുടെ ദുരാചാരത്തിനു അനുകൂലിക്കായ്കകൊണ്ട് അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകളും ഭവിഷ്യത്തും പെറമ്മയുടെ നിർബ്ബന്ധവും മൂത്തകയ്യുടെ ദീനസ്ഥിതിയും, ഗൽഗദവാണിയായിപ്പറയുന്നതിനിടയിൽ പത്മനാഭന്റെ ദൈന്യാവസ്ഥയെപ്പറ്റി ചിലതുകൂടി അറിയിച്ചു. മൂഴുവൻ പറയുന്നതിനു വാക്കു പുറപ്പെടുവിക്കുവാൻ ത്രാണിയില്ലാതെ ആ യുവതി തമ്പുരാന്റെ കാൽക്കൽ സാഷ്ടാംഗംവീണു കരഞ്ഞുതുടങ്ങി. ദയാലുവായ അദ്ദേഹം ഇതെല്ലാംകേട്ട് അന്ധനായി നിന്നു.

നമ്പൂരി— വ്യസനിക്കേണ്ട എണീയ്ക്കു. കാലത്ത് അവരോട് അവസ്ഥപോലെ ചോദിക്കാം. ഇന്ന ഇവിടെ താമസിച്ചാൽമതി. പത്മാവതിയെ സമാധാനപ്പെടുത്തി കൊട്ടാരത്തിൽ താമസിപ്പിച്ചതിന്റെശേഷം കാര്യത്തിന്റെ സൂക്ഷ്മം ഉപായത്തിൽ അറിയുന്നതിന്നായി നമ്പൂരി രാത്രി പച്ചിലക്കാട്ട് വീട്ടിന്റെ ചുറവും നടക്കുമ്പോൾ താഴേ പറയുന്ന സംഭാഷണം കേൾക്കുവാനിടയായി.

ഇച്ചോ—ആ പെണ്ണ് എവിടെപ്പോയി എന്നറിവാൻ കഴിഞ്ഞില്ലല്ലൊ. അവൾ കല്പിച്ചുകൂട്ടി ചതിച്ചതാണ്. എജമാനനു വലിയ കുണ്ഠിതമുണ്ട്. ആ പെണ്ണിനു വല്ല മരുന്നും ആ കാക്കക്കുറവൻ പത്മനാഭൻ കൊടുത്തിട്ടുണ്ടായിരിക്കണം. ആട്ടെ കുന്നിച്ചാണല്ലൊ പോയത്. നിങ്ങളോടെന്തു പറഞ്ഞു.

മൂത്തത്— പറയുകയല്ല പ്രവൃത്തിക്കയും കഴിച്ചു. ഞങ്ങൾ നേരേ ധർമ്മശാലയിലേക്കാണ് പോയത്. വഴിക്കു മൊയ്യുവിനേയും വിളിച്ചു. അവിടെ ചെന്നപ്പോൾ കമ്മവും വമ്മവും ഒത്തുവന്നു. മൂത്തകയ്യൻക്ക് ചിന്നനും മഹാനും കൊണ്ടുപിടുത്തം. അതിന്നിടയിൽ കരിക്ക് വേണമെന്നായി. ആ ചെക്കനു ശപ്പാസത്തിന്റെ വല്ലതും അറിയും. അവൻ കരിക്കിന്നായി പുറപ്പെട്ടു. ഞങ്ങളും പതുക്കെ പിന്തുടർന്നു. തെങ്ങിന്മേൽകേറി കരക്കിട്ടു ഇറങ്ങുന്നവഴി മൊയ്യു അവന്റെ ഇരിമ്പൊലക്കകൊണ്ട് ഒന്നേ ഒന്ന്. തലമണ്ട തകന്ന് ചോട്ടിൽവീണു. ഒച്ചയുമില്ല അനക്കവുമില്ല. തെങ്ങിന്മേൽ നിന്നുവീണ് തലപൊളിഞ്ഞ് ചത്തതിന്ന് നമുക്കെന്താകുറ്റം.

ഇച്ചോ— കണക്കിലായി. ഇന്നല്ലെങ്കിൽ രണ്ടു ദിവസംകഴിഞ്ഞാലും കായ്യം നടത്താമല്ലോ. എന്താ മൊയ്യേ?

മൂത്തത്— എന്ത? മുദ്രതട്ടികൊണ്ടുവരുവാൻ ശിപായിയാക്കി കൊണ്ടുപോയില്ലെ? അവൻ. ആ കിണ്ടൻ.

ഇച്ചോ— അവൻ ബുദ്ധിമുട്ടിയതിനു ഒരു ശിപായിപ്പണി കൊടുപ്പിക്കണം. മുദ്ര തരുമ്പോൾ പ്രത്യേകം പറഞ്ഞിട്ടുണ്ട്. മുദ്ര കൊടുത്ത് നമുക്കുള്ള തിരുവെഴുത്ത് നാളെത്തന്നെ വാങ്ങണം. ഓ. ശരിതന്നെ. നാളെ പത്മാവതിക്ക് ദുഃഖദിവസമല്ലെ. ഇനിക്കും മാളോരെ ഒപ്പിക്കണ്ടേ? പത്മാവതിയെ കിട്ടാത്തതുകൊണ്ട് മൂപ്പർ മുദ്ര കിട്ടിയാൽ നമ്മുടെ നേരെ തിരിഞ്ഞു കുത്തുമോ.

മൂത്തത്— എന്നാൽ കയ്യൻക്കു കൊടുപ്പാൻ തന്ന മരുന്ന് ഇനിയും ബാക്കിയുണ്ട്. അത് ചിലവാക്കാനുള്ള വഴിയും ഇനിക്കറിയാം. ഔഷധം ചില്ലറയല്ലതാനും.

ഇതുയും കേട്ടപ്പോൾ പരമശുദ്ധനായ നമ്പൂരി ഒന്നും പ്രവൃത്തിപ്പാൻ ശക്തനല്ലാതെ കുറെനേരം മരംപോലെ നിന്നു. ബുദ്ധിക്കുള്ള അമ്പരപ്പ് ശമിച്ചപ്പോൾ ക്ഷണത്തിൽ കൊട്ടാരത്തിൽ വന്ന് പാറാവുകാരിൽ ഒരുവനെ വിളിച്ചുണർത്തി വൈദ്യനെ വരുത്തുവാൻ അയച്ചു (കൂക്കംവലിയിൽ പ്രമാണപ്പെട്ട രണ്ടുപേരായിരുന്നു

അന്നത്തെ പാറാവ്') ഇക്കോരൻനായരുടെ നിദ്രയതപം എതെല്ലാം വിധത്തിൽ പര്യവസാനിക്കുമെന്നു വ്യസനിച്ച് നേരംവെളുക്കുവാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന പത്മാവതി 'വൈദ്യൻ' എന്ന ശബ്ദം കേട്ടപ്പോൾ 'അയ്യോ വലിയച്ഛനെ ഇനിക്ക് ഒരു കണ്ണുകാണിച്ചുതരണെ' എന്നുപറഞ്ഞു വാതുക്കൽ തള്ളി.

നമ്പൂരി— (വാതിൽ തുറന്ന്) വ്യസനിക്കേണ്ട. നമുക്ക് കുന്നിച്ചു പോകാം. വൈദ്യൻ വരട്ടെ. തേവര നമ്മേ ചതിക്കില്ല.

പത്മ— കായ്ക്കാര് എന്നെ ഉപദ്രവിക്കാതിരിപ്പാനായി ഒരാളെ കുന്നിച്ചയച്ചാൽ ഞാൻ മുമ്പിൽ പൊയ്ക്കൊള്ളാം. അയ്യോ! മകൻ അടുക്കലുണ്ടെന്നു പറഞ്ഞതും നുണയായിരിക്കുമൊ? ഭഗവാനെ!

'എന്നാൽ ഞാൻതന്നെ വരാം' എന്നുപറഞ്ഞ് നമ്പൂരിയും പത്മാവതിയും പുറപ്പെട്ടപ്പോൾ വൈദ്യനും എത്തി എല്ലാവരും ധർമ്മശാലയിലേക്ക് എളുപ്പമായ വഴിക്കു പോയി.

നാലഞ്ചു ദിനക്കാർ അയ്യൊ! അവ്വൊ! എന്ന നിലവിളിക്കുന്നു. രണ്ടു വേലക്കാർ കുരട്ടവലിച്ചുറങ്ങുന്നു. മുത്തകയ്യിൽ പകുതി വായ പൊളിച്ച് കിടന്നു ശ്വാസംവലിക്കുന്നു. സഹായത്തിനുള്ള ആൾ അടുക്കൽ ഇല്ലതാനും. ഈ കാഴ്ച കണ്ടപ്പോൾ 'വലിയച്ഛാ—' എന്ന ദീർഘപ്രലാപത്തോടുകൂടി പത്മാവതി കയ്യളുടെ മേൽ ചെന്നു വീഴുവാൻ ഭാവിച്ചപ്പോൾ നമ്പൂരി അവളെ പിടിച്ചിരുത്തി 'വെള്ളം കൊടുക്കു' എന്ന് പത്മാവതിയോടും 'വിഷത്തിനു മറുമരുന്നു നോക്കു' എന്ന് വൈദ്യനോടും, പറഞ്ഞ് നമ്പൂരി വിളക്കുമായി വളപ്പിൽ നടന്നു തുടങ്ങി. കയ്യളുടെ തല മടിയിൽവെച്ച് ശോകഭയാക്രാന്തയായി കുനിഞ്ഞിരുന്നു കരയുന്ന പത്മാവതിയുടെ ആശ്രുധാര നാവിറങ്ങിക്കിടക്കുന്ന കയ്യളുടെ അന്തർദ്ദാഹത്തിനു തല്ക്കാല ശമനം വരുത്തി. ശ്വാസത്തിന്നിടയിൽ കയ്യൾ 'വയ്യാ' എന്നൊരു ശബ്ദം പുറപ്പെടുവിച്ചതു കേട്ട്.

പത്മാവതി— അയ്യോ! എന്തോ പറയുന്നുണ്ടല്ലൊ. അടുക്കൽ ആരും ഉണ്ടായിരുന്നില്ലെന്നുണ്ടൊ?

ഒരു ദിനക്കാരി— മകനുണ്ടായിരുന്നു. അദ്ദേഹം കരിക്കിനു പോ

യിട്ട വളരെ നേരമായി. വെള്ളം ചോദിക്കുകയാണ്. അടുത്ത കിഴക്കുവശത്ത് കുളമുണ്ട്. മരിക്കുന്നതിനു മുമ്പ് കുറെ വെള്ളം കൊടുക്കു.

ഇതു കേട്ട്, പത്മാവതി പാത്രവും എടുത്ത് കുളത്തിലേക്കു പാഞ്ഞു. പോകുംവഴി കാലതടിവീണു വെള്ളംകൊടുപ്പാനുള്ള സമയം തരണെ എന്ന് ആരോ ദീനസ്വരത്തിൽ അപേക്ഷിക്കുന്നതും കേട്ടു തടഞ്ഞത് മനുഷ്യദേഹമാണെന്നറിഞ്ഞപ്പോൾ പത്മാവതി 'ആ വിളക്കൊന്നിങ്ങോട്ടു കൊണ്ടുവരണെ' എന്നുനിലവിളിച്ചു. 'ദൈവമെ! പത്മാവതിയാണെങ്കിൽ അച്ഛനു വെള്ളം കൊടുപ്പിക്കണെ' എന്നായിരുന്നു പിന്നത്തെ വാക്കുകൾ. പത്മനാഭൻ വീണുകിടന്നിരുന്ന തെങ്ങിൻ ചുവട്ടിൽ ആളെ കാണാതെ നോക്കിനിൽക്കുന്ന നമ്പൂരി വിളക്കുകൊണ്ട് പത്മാവതിയുടെ അടുക്കൽവന്നു. അടികൊണ്ട് നട്ട മുറിഞ്ഞ് നിണമണിഞ്ഞ് കരിക്കും ഉന്തിത്തള്ളി ഇഴഞ്ഞുപോകുന്ന ആ മനുഷ്യദേഹം പിതൃഭക്തി മൂത്തികരിച്ചിട്ടുള്ള തന്റെ പ്രാണപ്രിയനാണെന്നു അറിയുവാനുള്ള ശക്തി ദൈവം പത്മാവതിക്ക് ദത്തം ചെയ്യിരുന്നു. ഈ പ്രാണപാരവശ്യം കണ്ട മാത്രയിൽ പത്മാവതി 'ദേവരെ!' എന്നൊരു ആത്തസ്വരം പുറപ്പെടുവിച്ച് വെട്ടിമറിഞ്ഞുവീണു. കഥയും കലാശിക്കേണ്ട ദിക്കായി.

* * * * * *

കാലത്ത് കടപ്പുറത്ത് ആൾക്കൂട്ടം അസംഖ്യം. കത്തിക്കാളുന്ന മൂന്നു പട്ടകളിൽ കിടക്കുന്ന ശവങ്ങൾ പൊട്ടിത്തെറിച്ച് ദഹിച്ചുതുടങ്ങി. കുളിച്ച് കുലമാല ധരിച്ചു നിൽക്കുന്ന ഇക്കോരൻ, മൂത്തത്, ഇച്ചോണ, എന്നു തുടരാചാരമൂത്തിത്രയങ്ങളുടെ പാദചരണങ്ങളിൽ വീരബാണകുറിക്കൾ അലങ്കരിച്ച മയിൽവാഹനമുദ്ര അടിച്ചതിന്റെ ശേഷം അവരെ ശ്മശാനാനലന്റെ സഹായത്തോടുകൂടി വായുമാർഗ്ഗേണ അന്തക രാജധാനിയിലേക്കയച്ചു മൊയ്യുവിനെ പിടിക്കാൻ പോയവർ മടങ്ങിവന്ന് അയാൾ വിഷം തീണ്ടിമരിച്ചുകിടക്കുന്ന വിവരം അറിയിച്ചു.

അല്പന്മാക്ക പ്രത്തപം കല്പിച്ചതുകൊണ്ട് അനുഭവിക്കേണ്ടിവ ന്ന അപവാദത്തേയും ഈശ്വരകോപത്തേയും ഭയന്ന് സത്യസന്ധ നായ നമ്പൂരി തന്റെ സകല സ്ഥാനമാനങ്ങളും ഈ ദമ്പതിമാരു ടെ അവകാശികൾക്ക് ദത്തംചെയ്ത് പാപനിവൃത്തിക്കായി തീർത്ഥാ ടനം ചെയ്ത് ശേഷിച്ച ജീവകാലം നയിച്ചു.

എ. നാരായണപ്പൂതുവാൾ.

പലവക

കുറച്ചുകൊണ്ട് തൃപ്തിപ്പെടാത്തവൻ ഒന്നുകൊണ്ടും തൃപ്തിപ്പെടുന്നതല്ല.

എപ്പിക്യൂറസ്.

നമ്മുടെ ദുഃഖങ്ങൾക്കുള്ള നിവൃത്തി നമ്മളിൽതന്നെയാകുന്നു. എന്നാൽ സാധാരണയായി നാം അതിനെ ഈശ്വരങ്കൽ അരോപിക്കുന്നു.

ഷേക്സ്പിയർ.

അന്യനു ഹിതമായി സംസാരിക്കുന്നത് നല്ലതാകുന്നു. എന്നാൽ അപ്രകാരം തന്നെ പ്രവൃത്തിക്കുന്നത് അതിലും നല്ലതാകുന്നു. ഹിതമായ പ്രവൃത്തി ആന്തരമായിട്ടുള്ളതാകുന്നു. ഹിതഭാഷണം ശബ്ദം മാത്രമാകുന്നു. എന്നാൽ ഹിതഭാഷണവും, അതിനെ അനുസരിച്ച് പ്രവൃത്തിയും, ഒരുവനിൽതന്നെയിരിക്കുന്നുവെങ്കിൽ അവൻ കൃസ്തകർമ്മകൃത്തായി ഭവിക്കുന്നു, അവന് സകലവും ജയമായി ഭവിക്കുന്നു. സകലലാഭവും അവനു വന്നു ചേരുന്നു.

പുസ്തകങ്ങളും ഇല്ലാതെയുള്ള ഒരു മുറി ആത്മാവില്ലാത്ത ദേഹം പോലെയാകുന്നു.

സിസറൊ.

കവികളും ശബ്ദത്തുപേണ ചിത്രമെഴുതുന്നു. ചിത്രമെഴുത്തുകാർ അവരുടെ ബ്രഷ്ഷുകൊണ്ട് കവിതയുണ്ടാക്കുന്നു.

കാറക്ലി.

കവിതഎന്നത് സംസാരിക്കുന്ന ചിത്രമാകുന്നു. ചിത്രം മൌനമായ കവിതയാകുന്നു.

സൈമണൈസിസ്.

സംഗീതം എന്നത മനുഷ്യക്ക് ഈശ്വരങ്കൽനിന്നു പ്രത്യേകം സിദ്ധിക്കപ്പെട്ടിട്ടുള്ള വളരെ മാഹാത്മ്യത്തോടുകൂടിയ ഒരു ശക്തി വിശേഷമാകുന്നു. ലോകം മുഴുവൻ ഇനിക്ക് കിട്ടുന്നതായാലും ഞാൻ എന്റെ നിസ്സാരസംഗീതവാസനയെ വിട്ടുപിരിയുന്നതല്ല.

ലൂതർ.

സംഗീതം എന്നത് ശബ്ദത്തെ അതിക്രമിച്ചിരിക്കുന്നു നമ്മുടെ ചില ഉൽകൃഷ്ടമനോവികാരങ്ങളെ പ്രകാശിപ്പിക്കുന്നതിനുള്ള ഒരു ഭാഷയാകുന്നു. ഗാനം നമ്മെ ബ്രഹ്മാനന്ദത്തിന്റെ വക്കത്തു വരെ കൊണ്ടുപോകുന്നു. ചിലപ്പോൾ അതിലേക്ക് ഒന്നെത്തിച്ചു നോക്കുന്നതിനുമനുവദിക്കുന്നു.

കാല്ലൈൽ.

മനശ്ശുദ്ധിയുള്ളവർ അനുഗ്രഹീതന്മാരാകുന്നു. എന്തെന്നാൽ അവക്ക് ഈശ്വരസാക്ഷാൽക്കാരമുണ്ടാകുന്നു.

ബൈബിൾ.

P. SUBBAROY'S

World-renowned and most efficacious Ayurvedic medicines.

പി. സുബ്ബറായിയുടെ ലോകപ്രസിദ്ധ
ങ്ങളും ഏറ്റവും ഫലവത്തുക്കളും
ആയ ആയുർവ്വേദ ഔഷധാലയം

1. ലോകപ്രസിദ്ധമായധാതുപുഷ്ടികാരി
ധാതു നഷ്ടം, ബലഹീനത, ലക്ഷണമി
ല്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാ
ൽ മുതലായവയുടെ നീറൽ, നിരൊഴി
വു, മധുമേഹം, കല്ലടപ്പു (മൂത്രാഘാതം)
മുതലായ പലവിധ വസ്തിരോഗങ്ങളെ
അനേന പരിഹരിച്ചു രക്ഷപ്പെട്ടത്തും.

മരുന്നു സേവിച്ചതിനു മുൻപ്

മരുന്നു സേവിച്ചതിനു ശേഷം

ഡപ്പി ഒന്നുക്കു വില രൂപ 2 തപാൽ ചിലവു വകയ്ക്കു അ
ണ 7 വേറെ.

2. പ്രമേഹ സംഹാരി— സിരാമേഹം, ഇടുപ്പുവലി, മൂത്രമ
ധികമായും തടഞ്ഞു പോകുക, മേഡ്രം, വൃക്കച്ചൽ രക്തമോഹം
മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവർത്തിപ്പിക്കും.
ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമി
പ്പിക്കും. കുപ്പി 1 ക്കു വില രൂപ 1. മൂന്നുകുപ്പികൊണ്ടുവരേയുള്ള ബങ്കി
ക്കു തപാൽ ചിലവു അണ 5.

3. സർവ്വവേദനാസംഹാരി— ഈ തൈലം അല്പം പുരട്ടി
യാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വീക്കം,
മുടക്കുവാതം, നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന
ശൂല, ഇടുപ്പുവേദന, പാർശ്വവായു, മേഹവായു, തിമിരവായു മുത
ലായ പല വ്യാധികളും ഭേദപ്പെട്ടും. കുപ്പി 1 ക്കു വില രൂപ 1. ത
പാൽ ചിലവു അണ 5.

4. മണ്ഡലകുഷ്ഠസംഹാരി— മണ്ഡലകുഷ്ഠം, പുഴുക്കടി, തഴ
തണം, നറങ്ങാണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌ
ഷധം. തത്രോഗങ്ങൾ പലതും മാറും. തേമൽ മേഹകുഷ്ഠം മുത
ലായവയെ നശിപ്പിക്കും. വില കുപ്പി 1 നു 4-ണ തപാൽ ചിലവു
മൂന്നു കുപ്പിവരെ 5 ണ വേറെ.

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല

5. ലക്ഷ്മീകരകസ്തൂരിഗുളികകൾ— താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സശ്രദ്ധം ഉപയോഗിക്കേണ്ട വിലയേറിയ സാധനം. ദന്തവേദന, വായ്നാറ്റം, അജീർണ്ണം, പിത്തവായു, ഇവയെ ശമിപ്പിക്കും.

തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തേയും ജീർണ്ണപ്പെടുത്തും. പ്രസവകാലത്ത താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തു നിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട. ചളി, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏറ്റക്കുറച്ചിൽപോലെ ഒന്നു മുതൽ 4 വരെ ഗുളികകൾ വെറിലച്ചാറിൽ കൊടുത്താൽ മതി. 200 ഗുളികകൾ ഉള്ള കുപ്പി 1 ക്ക വില ണ 4. 1 മുതൽ 12 വരെ കുപ്പികൾ അടങ്ങിയ ബക്കി 1-ക്ക തപാൽകൂലി 5 ണ

6. ദന്തചൂർണ്ണം—സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി 1 നു 3-ണ. തപാൽ ചിലവു 2 കുപ്പിവരെ 5 ണവേറെ.

7. ജ്വരസംഹാരി— കുളിപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം, മുതലായവയ്ക്ക് നന്നു. വില ഡപ്പി 1-നു 1 ക. തപാൽ ചിലവു 7 ണ വേറെ.

8. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം—ഈ തൈലം പുരട്ടിയാൽ തലമുടി മീശ ഇമ ഇവ ബഹുപുഷ്ടിയും നൈരുക്കമായും കറുപ്പായും വളരും. കണ്ണിനു കുളിർമ്മയുണ്ടാക്കും. സകല കൺനോവുകളും, തലവേദനകളും നീങ്ങും. ചെമ്പിച്ചരോമം കറുക്കും. രോമം പൊഴിയാതെ ഇരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാക്കും. വില കുപ്പി 1-നു 8 ണ. തപാൽ ചിലവ് 5 ണ വേറെ.

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

൯. രോമസംഹാരി— രോമം എവിടെ വേണ്ടാതാക്കണമൊ അവിടെ ഈ മരുന്നു പുരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ മാറ്റും. വില കുപ്പി 1-ന് 4 ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ.

10. അഗ്നിമാന്ദ്യസംഹാരി— ഭക്ഷണമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകലിക്കുക, മൂലബന്ധം, വയറുനോവു, വായുക്ഷോഭം അജീർണ്ണം, വയറുവീർത്തുകയറുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി 1-ക്ക് അണ 8. തപാൽ കൂലി അണ 5 വേറെ.

11. കണ്ണ്ബിന്ദു— ചീക്കു, ചെമ്പിക്കുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കണ്ണ്രോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണശക്തിയുണ്ടാക്കും. വില കുപ്പി 1-ക്ക് 8 ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ.

12. സുഖഭേദിഗുളികകൾ—ഭേദി ശമിപ്പെടുത്തും. അജീർണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലംപിടിത്തം, അഗ്നിമാന്ദ്യം, ഛർദ്ദി മുതലായ പലരോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി 1-ന് 8 ണ. തപാൽ ചിലവു 1 മുതൽ 4 വരെ ഡപ്പികൾക്കു 5 ണ. വേറെ.

13. നേത്രബിന്ദു— കൺനോവു, കൺകുത്തു, കൂച്ചം, നിരെട്ടിപ്പു, മിന്നൽ, മാലക്കണ്ണു, നീലക്കെട്ടു, ശോവലച്ചു, മൂവു, ചെരപ്പു, എരിച്ചിൽ. ഈ പുരികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില കുപ്പി 1-ന് 8 ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ.

14. സ്വഖിലതരക്ഷണി—ബലഹീനതയാലും അത്യുഷ്ണത്താലും മറവും ഉണ്ടാകുന്ന ഇന്ദ്രിയ സ്വഖിലതയെ നീക്കും. വില ഡപ്പി 1-ന് 8 ണ. തപാൽ ചിലവു 5 വരെ ഡപ്പികൾക്കു 5 ണ വേറെ.

15. മൃഗകസ്തൂരി—കാശ്മീരിൽനിന്നും വരുത്തിയിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ട. തൂക്കത്തിന് 48 ക വില. ഒരു തൂക്കമാത്രമുൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽചിലവു പുറമെ, എഴുത്തുകുത്തുകളെല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം.

പി. സുബ്ബറായി, പറങ്കിപ്പെട്ട, തെക്കെ ആർക്കാട്ട ജില്ല.

16. തേൾവിഷത്തിന്ന സിദ്ധൌഷധം— തേൾകടിച്ച സ്ഥലത്ത രണ്ട തുള്ളി ഒഴിച്ചാൽ പൊട്ടന്നനെ ആശ്വാസം കാണും. ഒര കുടുംബത്തിലെങ്കിലും ഈ മരുന്ന ഒര കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി 1-ക്ക 1 ക. 4 ണ. 12 കുപ്പിയിൽ കുറയാതെ ഒന്നിച്ച വാങ്ങുന്നവക്ക ഡസൻ 1-ക്ക 2 ക. 8 ണ. ഉള്ള വിലയിൽ കുറച്ച മാത്രമെ വില ചുമത്തുന്നുള്ളു. വി. പി. കമ്മീഷൻ 5 ണ പുറമെ. ഇൻഡ്യയിലും ബമ്മയിലും 12 കുപ്പിവരെ വി. പി. കമ്മീഷൻ 5 ണ. സിലോൺ ടി. 7 ണ.

17. വ്രണവിരോപണതൈലം—ഈ കുഴമ്പു പിത്തപ്പുണ്ണ മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇത സകല കൃമികളേയും നശിപ്പിച്ച എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ച വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില 8 ണ. മൂന്ന കുപ്പിവരെ വി. പി. കമ്മീഷൻ 5 ണ മാത്രം.

18. കണ്ണശുദ്ധി ഗുളിക— ഇത കണ്ണും തെളിഞ്ഞ ശരീരം നന്നാവുന്നതിന്ന അതി വിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ച സംഗീതക്കാക്കും, പ്രസംഗക്കാക്കും, പാതിരിമാക്കും, ശബ്ദാവയവംകൊണ്ട അത്യായാസം ചെയ്യേണ്ടവരായ മറെറല്ലാവക്കും വളരെ ഉപയോഗമുള്ളതുമാകുന്നു. വില 8 ണ. വി. പി. കമ്മീഷൻ 6 കുപ്പിവരെ 6 ണ.

19. സ്നാനചൂർണ്ണം— ഈ പൊടി തേച്ചുകുളിക്കുന്നതിന്ന വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുർഗ്ഗന്ധവും കളഞ്ഞ, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവക്കും വേണ്ടതാകുന്നു. വില 8 ണ. വി. പി. കമ്മീഷൻ 3 ണ.

20. സഞ്ജീവഗുളിക—കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം, അശ്മസ്സ, ഉറക്കമില്ലായ്മ ഇവയ്ക്കും ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇത മദ്ധ്യവയസ്സന്മാക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു. വില 10 ണ. വി. പി. കമ്മീഷൻ 6 കുപ്പിവരെ 5 ണ.

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

21. ഒന്നാംതരം ഗോരോചന ഗുളിക— എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരള ഇതുകളിൽ ഉണ്ടാവുന്ന ഉപരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അശ്മസ്സു, ഉറക്കമില്ലായ്മ, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില 5 ണ. വി. പി. കമ്മീഷൻ 6 കുപ്പിവരെ 5 ണ.

22. തപ്രോഗപരിഹാരി—ഈ ഔഷധം കരപ്പൻ, ചുണങ്ങു, ചൊറി, ഒടുവട്ടു, പോളൻ, ചൂട, പുഴുക്കടി, താരണം, മുതലായ കടിയും ചൊറിയും ഉള്ള എല്ലാ തപ്രോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി. പി. കമ്മീഷൻ 5 ണ.

മേത്തരം ഗോരോചനം തോല 1-ക്ക വില 4 ക. മേത്തരം കുങ്കുമസേരം തോല 1-ക്ക വില 1 ക. മേത്തരം പച്ചക്കപ്പൂരം, തോല 1-ക്ക വില 2 ക. മേത്തരം രോജാ അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പു, മരിക്കുളന്തു, ജാതിമല്ലി, സുഹാഗ, ഹന, മഗിഡമ്പു, അത്തർ മുതലായതുകൾ എപ്പോഴും തയ്യാറുണ്ട. ഇവ ഒരു തോല തൂക്കത്തിന്ന ക. 1-8-ാ തപാൽകൂലി പുറമെ.

				ക.	ണ.	സ.
ഒന്നാംതരം ഗോരോചനം		ത്രുപാത്തുക്കം	1-ക്ക	4	0	0
ടി.	മഞ്ഞൾ	ടി.	1-ക്ക	1	0	0
ടി.	പച്ചക്കപ്പൂരം	ടി.	1-ക്ക	1	0	0

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

വ്യവഹാരചിന്താമണി

എല്ലാം ഇംഗ്ലീഷ മാസവും 30-ാം നു- പ്രസിദ്ധപ്പെടുത്തുന്ന
ഒരു വിശേഷനിയമമാസിക.

പത്രാധിപർ
ചെങ്കളത്ത കരുണാകരമേനോൻ ബി. എ.
മലബാർ, കൊച്ചി, തിരുവിതാങ്കുറ ഒരുപോലെ പ്രചാരം.
വരിസംഖ്യ—എപ്പോഴും മുൻകുറ.

ഒരു കൊല്ലത്തേക്ക	4-0-0	വി. പി. ഒരു കൊല്ലത്തേക്ക	4-1-0
ആറു മാസത്തേക്ക	2-0-0	ആറ മാസത്തേക്ക	2-1-0

വിധികൾ	മദിരാശി	ഹൈക്കോട്ട് ലേഖനം
	കൽക്കത്താ	ഒന്നാംതരം കടലാസ്സ
	അലഹബാദ	മേത്തരം അച്ചടി
	ബൊമ്പെ	യോഗ്യരുടെ ചരായപടം
	കൊച്ചി	യോഗ്യ ലേഖകന്മാർ
	തിരുവിതാങ്കുർ	വിശേഷപത്രാധിപക്കുറിപ്പുകൾ

പത്രാധിപാഭിപ്രായങ്ങൾ.

കേരളസഞ്ചാരി—നിയമകാര്യത്തിൽ ഉപാദ്ധ്യായൻ.

മ. മനോരമാ—മേനോന്റെ പുതിയ സ്യമന്തകത്തെപ്പോലെ വേറെ ഒരു പത്രത്തിനും ചിലവില്ല.

മനോരമ—സകല മുതൽക്കാരും വാങ്ങേണ്ടതാണ.

കേരളപത്രിക—കക്ഷികൾക്കു അത്യുപകാരം.

കൊച്ചിവിധികളുടെ പോക്കറിവാൻ "ചിന്താമണി" ഏകമാർഗ്ഗം.

കൊച്ചി വിധികൾ 7-ാം നമ്പ്ര മുതല്ലും, തിരുവിതാങ്കുർ വിധികൾ 9-ാം നമ്പ്ര മുതല്ലും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. നിങ്ങൾ ചിന്താമണി കണ്ടിട്ടില്ലെങ്കിൽ തരുനോക്കുവാൻ ഒരു ബ്രിട്ടീഷ പോസ്റ്റുകാർഡ അയച്ചാൽ മടക്കത്തപാലിൽ സൌജന്യമായി നിങ്ങൾക്കു ഒരു പ്രതി അയച്ചുതരും. ലോകവ്യുല്പത്തിയുണ്ടാവാൻ ക്രമമായി 'ചിന്താമണി' പാരായണം ചെയ്യുന്നതു ഒഴിച്ചു അന്യമാർഗ്ഗം ഇല്ല. എന്ന വ്യവഹാരചിന്താമണി മാനേജർ,

വള്ളുവനാടു, മലബാർ.

കവനോദയം

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട്, തുള്ളൽ, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകം കൃതികൾ ഇതിൽ ചേർത്തു വരുന്നു. കൊല്ലത്തിൽ 6 പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോ കുറി 64 ഭാഗങ്ങളിൽകൂടി 5 കൃതികളിൽ കുറയാതെ ഉണ്ടായിരിക്കും. കൊല്ലത്തിൽ 4 ഉറുപ്പിക വരി അടച്ചാൽ മതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാർത്ഥികൾക്കാണെങ്കിൽ മുൻകൂറ് ഒന്നര ഉറുപ്പിക തന്നാൽ മതിയെന്ന് ഒരു പുതിയ നിശ്ചയം ചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേക പുസ്തകങ്ങൾ ഇവിടെ വില്പാനുണ്ട്. ചിലതിന്റെ വിവരം താഴെ ചേർക്കുന്നു.

ജ്യോത്സികവിഷവൈദ്യം— ഈ പുസ്തകം കൈവശം ഉണ്ടായിരുന്നാൽ പാമ്പുകടിച്ച ഉടനെ വൈദ്യന്റെ അടുക്കെ ഓടേണ്ടി വരികയില്ല. വില 12 അണ.

സദ്വൃത്തമാലിക— മലയാളത്തിലുള്ള വൃത്തങ്ങളുടെ എല്ലാ സ്വഭാവങ്ങളും അറിവാൻ ഈ പുസ്തകം മാത്രമെയുള്ളു. വില 8 ണ.

ജാനകീപരിണയം—കൊട്ടാരത്തിൽ ശങ്കുണ്ണി ഉണ്ടാക്കിയ ഒരു രസികനാടകമാണിത്. മന്നാടിയാരുടേതല്ല. വായിപ്പാൻ ബഹുരസമുണ്ട്. വില 1 ക. മാത്രം.

*ഹസ്യലക്ഷണദീപിക—ഈ പുസ്തകം കൈവശമുണ്ടെങ്കിൽ കഥകളിയെ ഊമക്കളിയെന്നു പറവാനിടവരികയില്ല. വില 4 ണ.

*കുചേശതകം ഇതൊന്നു വായിച്ചുനോക്കുവിൻ വില 2 ണ.

*ചക്കീചങ്കരനാടകം ചിരിക്കാതെ ഇതു വായിപ്പാൻ പ്രയാസം വില 6 ണ.

ഇവകൾക്ക് തപാൽകൂലി പുറമെ *ഈ അടയാളം വെച്ചവ ഒഴികെ ശേഷമെല്ലാം അച്ചടി അതിമനോഹരം. കടലാസ്സു എല്ലാം ഒരുപോലെ ബഹുവിശേഷം. താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ എല്ലാ പുസ്തകങ്ങളും വി. പി. ആയി അയച്ചു കൊടുക്കും.

കെ. കണ്ണൻനമ്പ്യാർ,
കവനോദയം മാനേജർ,
നാദാപുരം.

നൊട്ടീസ

മേത്തരം സാമാനങ്ങൾ ! ! വില വളരെ സഹായം ! ! !

കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ ഡൽഹിഡർബാർ പടം വലിയ സൈസ്സു വില ക. 7 ആവശ്യമുള്ളവർ ഉടനെ എഴുതി അയക്കണം.

ബൊമ്പായി മുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽനിന്ന് നേരിട്ടു വരുത്തുന്നതും താഴെ വിവരം പറയുന്നതും വേറെയും അനേകം സാമാനങ്ങൾ തൊകപ്പടിയായും ചില്ലറയായും വളരെ സഹായവിലക്കു വില്ക്കുന്നതാണ്.

പലതരത്തിലുള്ള പ്ലാനൽ ശീലകൾ, ടീഡുകൾ, ചെക്കുതുണികൾ, വളരെ ഭംഗിയുള്ള ചട്ടികൾ, പട്ടകൾ, ബ്ലാങ്കെറ്റുകൾ, തൊപ്പികൾ, സർജ്ജകൾ, മല്ല്, ജഗന്നാഥൻ, മുതലായ തുണിച്ചരക്കുകൾ, എനാമൽ പാത്രങ്ങൾ, പലതരത്തിലുള്ള ഗ്ലാസുകൾ, നാഴികമണികൾ, വാച്ചുകൾ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഗ്ലോപ്പുകൾ, രവിവർമ്മപ്പടങ്ങൾ, കൊടകൾ, ഇരിമ്പുപെട്ടികൾ, ഇരിമ്പു അലമാരികൾ, ഇരിമ്പു അട്ടപ്പുകൾ, അനേകവിധം സോപ്പുകൾ, ബ്രാണ്ടി, വിസ്കി, മുതലായ ലഹരിസാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനേകവിധ പാത്രങ്ങൾ, ഇവകളും മെലിൻസ് ഫുഡ്, കൊക്കൊ, കാപ്പിപ്പൊടി, ടീ, ബിസ്കോത്ത മുതലായ വേറെയും അനേകവിധ സാമാനങ്ങൾ വളരെ സഹായ വിലക്ക വില്ക്കുന്നു.

ആവശ്യപ്പെടുന്നവക്കു സാമാനങ്ങൾ വി. പി. ആയി അയച്ചു കൊടുക്കുന്നതാണ്.

എ. ടി. എസ്സ്. മേനോൻ,
ജനറൽ മച്ചണ്ട,
ചിറയ്ക്കര.